മലങ്കര ഇടവക പത്രിക

വലിയ മാർ ദിവന്നാസ്യോസു

മലങ്കര ഇടവകയിൽ പകലോമറ്റം തറവാട്ടിൽ തുടർച്ചയായി ഉണ്ടായ എട്ടൊൻപതു മെത്രാന്മാരിൽവച്ചു പ്രസിദ്ധനും ശ്രേഷ്ഠിമാനും സഭയ്ക്കു ഏറ്റവും ഗുണം ചെയ്തവനും അവരിൽ ആറാമത്തെ മാർ തോമ്മാ മെത്രാൻ എന്നുകൂടി വിളിക്കപ്പെടുന്ന മാർ ദിവന്നാസ്യോസുമെത്രാപ്പോലീത്തായായിരുന്നു. ഇദ്ദേഹത്തിന്റെ അസാധാരണ വൈഭവങ്ങളും സഭയ്ക്കുവേണ്ടി സഹിച്ച ബുദ്ധിമുട്ടുകളും നിമിത്തം മഹാൻ എന്ന പേർ സമ്പാദിച്ചു.

മാർ തോമ്മാ ശ്ലീഹായാൽ കൈവയ്പപ്പെട്ട കുടുംബങ്ങളിൽഒന്നായ പകലോമറ്റം തറവാട്ടിന്റെ ഒരു ശാഖയിൽ ഇദ്ദേഹം ജനിച്ചു. ജന്മാനസ്ഥാനപ്പേർ യൌസേപ്പ എന്നായിരുന്നു. പിതാവു ഒരുനമ്പൂരിക്കു കരൈപ്പണം കൊടുപ്പാനുണ്ടായിരുന്നതിനാൽ കടംപിരിക്കുവാൻ നമ്പൂരി ക്കുടുക്കുടെ ഇരയ്യാളുടെ ഭവനത്തുചെന്നു ഉപദ്രവിക്കയും പണം ഇല്ലാഞ്ഞിട്ടു ഓരോ അവധിപറഞ്ഞുപിരിക്കയും പതിവായിരുന്നു. ഒരുദിവസം നമ്പൂരി കടം പിരിക്കുവാൻവന്നിരുന്നസമയമാണ കുട്ടിയുടെ ജനനം ഉണ്ടായതു. നമ്പൂരി നല്ല ജ്യോത്സ്യൻ ആയിരുന്നതിനാൽ കുട്ടിയുടെ ജനനനേരം കുറിച്ചുഗണിച്ചതിൽ ഈ ബാലൻ രാജാവായിതീരുമെന്നു കണ്ടതിനാൽ കടത്തെക്കുറിച്ചു ഒന്നും മിണ്ടാതെ പൊയ്കളഞ്ഞു ഈ കുട്ടി പ്രായമാകുമ്പോൾ ഹിന്ദുരാജ്യവംശം നശിച്ചു ഒരു ബൌദ്ധൻ രാജാവാകയും ബ്രാഹ്മണരുടെ പ്രാധാന്യത്തെ ക്ഷയം തട്ടുകയും ചെയ്യുമെന്നു നമ്പൂരിക്കു ഭ്രമം ജനിച്ചു. അയാൾ ഒരുദിവസം തിരുവനന്തപുരത്തു ചെന്നു മഹാരാജാവിനെകണ്ടു മുഖം കാണിച്ചപ്പോൾ മേൽപ്രകാരം രാജാസനം പ്രാപിക്കുന്നതുകയോഗബലത്താലുണ്ടായ ഒരു നസ്രാണിക്കുട്ടി ജനിച്ചിരിക്കുന്നു എന്നും കുട്ടിയുടെ തറവാട്ടിലുള്ളവരാരും വരുവാൻതക്ക ഏതെങ്കിലും പ്രവൃത്തി കല്പിച്ചു ചെയ്യിച്ചില്ലെങ്കിൽ രാജ്യനാശം സംഭവിച്ചുപോകുമെന്നും മറ്റും തിരുമനസ്സറിയിച്ചു. മഹാരാജാ

ന്റെ ബുദ്ധിശക്തിയും വിവേകിയും ആയിരുന്നതുകൊണ്ടു നമ്മുടെ ഇന്ത്യാദേശത്തെ മനസ്സിനെ കുട്ടി ശണ്ഠിക്കാക്കിയില്ലെന്നു മാത്രമല്ല കൂടിക്കു രാജയോഗം ഉണ്ടെങ്കിൽ അവന്റെ ജാതിഭേദം മാത്രമായിരിക്കെ ഉള്ളു ഏന്നും അതുകൊണ്ടു നമ്മുടെ കുടുംബത്തിനു ഒരു ദോഷവും തട്ടുകയില്ലെന്നും മറുപടി പറഞ്ഞു. എങ്കിലും അന്നെതന്നെ ഇവനെ കുട്ടിക്കുവേണ്ടി അന്വേഷണം തുടങ്ങിയിരുന്നു. ഇവൻ കുറച്ചു ഇളയതമ്പുരാനായിരുന്ന ആൾ വലിയ തമ്പുരാനായിരിക്കുമ്പോൾ ഇദ്ദേഹം മെത്രാസ്ഥാനം പ്രാപിച്ചു മുഖം കാണിക്കുവാൻ ചെന്ന സമയം ഈ ചരിത്രങ്ങൾ മഹാരാജാവു തന്നെ പറഞ്ഞുകേട്ടിരിക്കുന്നു.

ഇങ്ങനെ പുണ്ണ്യാത്മാവായി ജനിച്ചു യൌസേപ്പു കുട്ടി തന്റെ ഗുരുക്കന്മാരും മെത്രാന്മാരും ആയിരുന്ന രാമത്തെ മാർ തോമ്മാമെത്രാന്റെ വൈദികസ്ഥാനത്തിന്റെ അനുഭവിക്കുന്നതിനെ തടഞ്ഞുകൊണ്ടിട്ടു.

അനന്തരം മൂന്നാം മാർതോമ്മാമെത്രാന്റെ കാലത്തു തനിക്കുസ്ഥാനപൂർത്തി വരുത്തി കൊടുക്കുവാനെന്നു അന്ത്യോഖ്യാ സിംഹാസനത്തിലേക്കു വളരെ അപേക്ഷകൾ അയച്ചിരുന്നതു ക്രമത്തെ മേല്പട്ടക്കാരെ കൊണ്ടുവരുന്നതിനു അന്നു മലയാളത്തുവന്ന താമസിച്ചിരുന്ന ശെമ്മാശൂ അന്തോനൊസ് എന്ന ഒരു പരദേശിയെ പ്രത്യേകം അന്ത്യോഖ്യായ്ക്കു അയച്ചു. മൂന്നാമത്തെ ഗീവറുഗീസ് എന്ന പ്രഗാന്ത്യാസ പാത്രിയർക്കീസു ബാവായുടെ കല്പന പ്രകാരം മാർ ബസേലിയോസ മപ്രിയാനായും മാർ ഗ്രിഗോറിയോസ മെത്രാപ്പോലീത്തായും യോഹന്നാൻ കമ്പനം ഒരു കോരെപ്പിസ്കോപ്പായും ഒരുമിച്ചു ക്രി.ശ. ൧൭൫൩ മലയാളത്തുവന്നു. മൂന്നാം മാർ തോമ്മായെ മെത്രാപ്പോലീത്തായായി വാഴിക്കുവാൻ സ്ഥാനത്തിരുത്തുവാനും വടിമുടി സ്ലീബാ മുതലായ്യും കൊണ്ടുവന്നിരുന്നു.

ഇവർ വന്നതിനു മുമ്പ് ൦൦൦ രൂപാ ചിലവുചെയ്തു കൊടുക്കുന്നതിനു മൂന്നാം മാർതോമ്മാ അപ്രാപ്തനാകയും ചെയ്തുകൊണ്ടു തോമ്മാമെത്രാനും ബാവാമാത്രം തമ്മിൽ അത്ര രമ്യമില്ലാതെ വന്നതിനാൽ മൂന്നാം മാർ തോമ്മാ സ്ഥാനം ഏല്ക്കുന്നതിനു ഇടയായില്ല. അതിനാൽ മപ്രിയാനാ തന്റെ കൂടെവന്ന യോഹന്നാൻ കമ്പനെ മാർ ഈവാനിയോസ എന്ന നാമത്തിൽ മെത്രാനായി വാഴിച്ചശേഷം കൊച്ചിയിൽ മട്ടാഞ്ചേരി പള്ളി പണിയിച്ചു അവിടെതാമസിച്ചു മരിക്കയും കണ്ടനാട്ടു അടക്കപ്പെടുകയും ചെയ്തു.

ഇതിനിടയിൽ മൂന്നാം മാർതോമ്മാ നമ്മുടെ പ്രസംഗനായകനായ യൌസേപ്പു കത്തനാരെ ന്യൂനം മാർ തോമ്മായായി വാഴിച്ചശേഷം മരിച്ചുപോയി. എങ്കിലും ന്യൂനം മാർതോമ്മാ സഭയുടെ ക്ഷേമത്തിനു തല്പരനും ബുദ്ധിശക്തനും ആയിരുന്നതുകൊണ്ടു ബാവാമാത്രമായി ചെയ്തു. കാര്യാലോചിക്കാ മരിച്ചുപോയിരുന്നതുകൊണ്ടു മാർ ഗ്രിഗോറിയോസും ഈവാനിയോസും കൂടി ന്യൂനം മാർതോമ്മായെ മാറ്റിവന്നാദ്യാസ എന്നപേരിൽ മെത്രാപ്പോലീത്തായായി വാഴിച്ചു പാത്രിയർക്കീസിനാൽ അയക്കപ്പെട്ട സ്ഥാനത്തിരുത്തുവാൻ മുതലായ്യും കൊടുത്തു സഭാഭരണം ഭരമേല്പിച്ചു.

ഇദ്ദേഹത്തിന്റെ കാലത്തായിരുന്ന പ്രസിദ്ധനായ മാത്തു തരകന്റെ ഉയർച്ച ഉണ്ടായതു. തരകൻ റോമ്മാസുറിയാനികാരൻ ആയിരുന്ന. പുത്തൻക്രൂർ പഴയക്രൂർ രണ്ടു സഭകളും ഒന്നായി തീക്കണമെന്നു തരകൻ നിശ്ചയിച്ചു അയാൾക്കുണ്ടായിരുന്ന രാജസേവയുടെയും ദ്രവ്യശക്തിയുടെയും സ്വാധീനം കൊണ്ടു നമ്മുടെ മെത്രാപ്പോലീത്തായെ ഉപദ്രവിക്കുവാൻ തുടങ്ങി. പാണ്ടിയോടു പൊലൊ ഏന്നൊരാളെ തരകൻ മുഖാന്തിരം ബാബേലിൽനിന്നു മെത്രാനാക്കി വരുത്തുകയും യൂറോപ്പിൽ റോമ്മാ മെത്രാന്മാരുടെ അധികാരത്തെ വിടുത്തുകയും ചെയ്തിരുന്നതുകൊണ്ടു പുത്തൻക്രൂറുകാരെക്കൂടെ അടക്കിക്കൊണ്ടു തീക്കണമെന്ന തരകനു മോഹം ജനിച്ചു. അല്പമായി രണ്ടഭിപ്രായത്തുനിന്നും പ്രതിപുരുഷന്മാരെ നിയമിച്ചു മതവിഷയത്തെക്കുറിച്ചു വാദങ്ങൾ നടത്തി ജയിക്കുന്ന കക്ഷിയിലേക്കു ചേരണമെന്നാണ അഭിപ്രായം ഉണ്ടായതു. രണ്ടാമന്നു പ്രാവശ്യം ഈ ഉദ്ദേശ്യത്തോടുകൂടി മധ്യസ്ഥം കൂടി വാദം നടന്ന വരുമ്പോൾ തരകന്റെ സംബന്ധത്തിൽ ആരെങ്കിലും പെട്ടെന്നു മരിച്ചുപോയോ ഏതെങ്കിലും അപകടം നേരിട്ടോ ആ ഓരോ ശാതകങ്ങൾ കൊണ്ടു കൃത്യം ഉത്തരവിടുന്നതിനാൽ വാദം മുഴുവനാക്കുവാൻ കഴിഞ്ഞില്ല. കടശ്ശി രാജസേവകൊണ്ടു ബലം ചെയ്യുക എന്നതന്നെ തരകൻ നിശ്ചയിച്ചു മാർ ദീവന്നാസ്യോസ മെത്രാപ്പോലീത്താ റോമ്മാ മതത്തിലേക്കു ചേരണമെന്ന സങ്കല്പത്തിനെക്കൊണ്ടു നിർബ്ബന്ധിപ്പിച്ചു. സമ്മതിക്കാഞ്ഞതിനാൽ നിരണത്തു പള്ളിയിൽ വച്ചു മെത്രാപ്പോലീത്തായെ തടഞ്ഞു. മുറിയിൽനിന്നു വെളിക്കിറക്കാതെ മൂന്നാഴ്ചയിലധികം ഭക്ഷണംപോലും അനുവദിക്കാതെ ബുദ്ധിമുട്ടിച്ചു. മെത്രാപ്പോലീത്തായുടെ വകസകല സ്വത്തുക്കളും കണ്ടുകെട്ടി വിറ്റെടുത്തു കടശ്ശി മെത്രാപ്പോലീത്തായെ അതലപ്പുഴക്കു കൊണ്ടുപോയി തത്തൻപള്ളിയിലാക്കി റോമ്മാവിശ്വാസത്തിലെക്കു ബലമായി വഴക്കി പതീറാവച്ചു ഫ്രാൻസീസ് ഇടവം നൂറാനു- കുബ്ബാനചൊല്ലിച്ചു. പിന്നെ അതലപ്പുഴ പള്ളിയിലും കല്ലൂക്കുട്ട പള്ളിയിലും ക്രൂടെ ഓരോ കുബ്ബാന ചൊല്ലിക്കയുണ്ടായി. ഇത്രയുംനടന്നപ്പോൾ തരകനെ നാഞ്ഞാട്ടുകാർ ചെവിചെത്തി അപമാനിച്ചതിനാൽ തരകന്റെ ഉദ്ദേശ്യം പൊട്ടന്ന കക്ഷിചിലതൊക്കെ ക്രൂടി മെത്രാപ്പോലീത്താ തരകന്റെ ഇരിമ്പുനുകത്തെ തകർത്തുകളഞ്ഞു. ബലത്താൽ എങ്കിലും പതീറാ വച്ചു കുബ്ബാന ചൊല്ലിപ്പോയതിനു പ്രതിവിധിയായി മെത്രാപ്പോലീത്തായുടെ തിരുമ്മേൽ മലങ്കരെ ഉണ്ടായിരുന്ന എല്ലാ പള്ളികളിലും പാപപരിഹാര കുബ്ബാന ചൊല്ലിച്ചു.

ഇതിന്റെ ശേഷം ഈ മെത്രാപ്പോലീത്താ ബ്രിട്ടീഷുരാജ്യത്തിൽ അന്നത്തിനു നാറുക്കു ഏറ്റ പലിശയ്ക്കു ൩൦൦ പൗണ്ടരാഹൻ റസിഡെണ്ടു കണ്ണുൽ മകാളിസായ്പു മുഖാന്തിരം ഏല്പിച്ചുവിട്ടിരിക്കുന്നു. ഇന്നുമുതൽ ഇന്നുവരെയാനി സഭയ്ക്കു ഒരു ശാശ്വതധനമായി കിടക്കുന്നതിനാൽ വലിയ മാർ ദീവന്നാസ്യോസ മെത്രാപ്പോലീത്തായുടെ നാമം ലോകാവസാനത്തോളം നിലനില്ക്കുന്നതുതന്നെയായിരിക്കുന്നു.

അനന്തരം [illegible]

സുറിയാനിസഭയെ കാണ്മാൻ വന്നിരുന്നു. മെത്രാപ്പോലീത്തായുമായി പല പ്രാവശ്യം കാണുകയും തമ്മിൽ ഐക്യപ്പെടണമെന്നു ആഗ്രഹം പറകയും ചെയ്തു. എന്നാൽ മെത്രാപ്പോലീത്തായെ യോജിപ്പിനു വളരെ ഇഷ്ടൻ ആയിരുന്നു എങ്കിലും സുറിയാനി സഭയുടെ വിശ്വാസത്തിനും ശുദ്ധതയ്ക്കും കേടുവരുത്തുകയാതൊരു ഐക്യപ്പിനും സമ്മതിക്കാൻ ഇടയില്ലെന്നു മറുപടി പറഞ്ഞു. ഇതിലും പൂർവ്വന്മാരുടെ തൂകലിൽ എഴുതിയതുമായ ഒരു കയ്യെഴുത്തു വേദപുസ്തകം മെത്രാപ്പോലീത്തായ്ക്കു കാനോൻ സാക്ഷ്യം സമ്മാനമായി കൊടുത്തു. ഇതിൽ നിന്നാണ ഇപ്പോൾ നാം ഉപയോഗിച്ചു വരുന്ന സുറിയാനി വേദ പുസ്തകം ബിലാത്തിയിൽ അച്ചടിച്ചു കിട്ടിയതു.

ഇതുകൂടാതെ ഈ മെത്രാപ്പോലീത്തായുടെ പരിശ്രമത്താൽ കായംകുളത്തു പീലിപ്പോസു റമ്പാൻ നാലു സുവിശേഷങ്ങളെ മലയാളത്തിലേക്കു തർജ്ജമ ചെയ്കയും ബൈബിൾ സൊസൈറ്റിയിൽ അച്ചടിപ്പിച്ചു വരുത്തുകയും ചെയ്തു.

പുത്തൻകാവുപള്ളി ഈ മെത്രാപ്പോലീത്തായാൽ സ്വന്തമായ്തീർന്നു പണിയപ്പെട്ടു. ഇദ്ദേഹം മാർ ഈവാനിയോസു ബാവായുടെ കൂടി പ്രകലോമറ്റം തറവാട്ടിൽ നിന്നുള്ള മത്തായി കത്തനാരെ മാർ തോമ്മാ ഏലിയാസ്കോപ്പായായി വാഴിച്ച ശേഷം ക്രിസ്തുവർഷം ൧൮൦൭- മീനമാസം ൨൭-൦ംനു നിരണത്തുവച്ചു പരമസ്വസ്ഥതയെ പ്രാപിക്കയും തന്റെ അപേക്ഷപ്രകാരം പുത്തൻകാവുപള്ളിയിൽ അടക്കപ്പെടുകയും ചെയ്തു.

വലിയ മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്തായുടെ സ്വഭാവങ്ങളെക്കുറിച്ചു ഒരു പഴയഗ്രന്ഥത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു:- ഇദ്ദേഹം വളരെ ഭക്തനും സമാധാന പ്രിയനും സൌമ്യനും സഭയുടെ ഉയർച്ചക്കു അതി തല്പരനും എരിവുള്ളവനും പിറുപിറുപ്പു കൂടാതെ തെരുകും സഹിച്ചവനുമായിരുന്നു. ദീർഘായിസ്സും ദീർഘരണവും അനുഭവിച്ചു. കാഴ്ചക്കു സുന്ദരനും ദീർഘകായനും ആയിരുന്നു. താടി മടിവരെ എത്തുന്നതകവണ്ണം ദീർഘമുള്ളതായിരുന്നു.

മരണാനന്തരാവസ്ഥ.

(൮)

ഇതുവരെ മൂന്നു പ്രസംഗങ്ങളായി ഈവിഷയത്തെക്കുറിച്ചു പ്രസ്താവിച്ചു ഭാഗങ്ങൾകൊണ്ടു മരണശേഷം ആത്മാക്കൾ ഗുണദോഷങ്ങളെയും സുഖദുഃഖങ്ങളേയും പരിഗ്രഹിക്കുവാൻ തക്ക സ്ഥിതിയിൽ ഇരിക്കുന്നു എന്നും ആത്മാക്കൾക്കു ക്ഷയമൊ അഭിവൃദ്ധിയൊ വരുമെന്നും വിശ്വാസികളായ മരിച്ചവർ മരണശേഷം വിധിവരെ ശുദ്ധീകരണം പ്രാപിച്ചു വരുന്നു എന്നും കണ്ടുവല്ലൊ.

ആത്മാവും ശരീരവും തമ്മിൽ വേർപെട്ടാൽ ആത്മാവിനു പിന്നീടു സ്ഥിതിഭേദം വരുമെന്നു മുമ്പിൽ കാണിച്ചിരിക്കുന്ന തെളിവുകൾ

ശരിയായി സമ്മതിക്കപ്പെടുന്ന പക്ഷം ആ സ്ഥിതിഭേദം ജീവികളുടെ പ്രാർത്ഥനയാൽ വർദ്ധിപ്പിക്കപ്പെടാമോ, വർദ്ധിപ്പിക്കപ്പെടാമെങ്കിൽ എത്രത്തോളം എന്നൊരു പ്രധാന ചോദ്യം ഉണ്ടാകാവുന്നതിനാൽ ഇതു പ്രാവശ്യം പറവാൻപോകുന്നതു ഈ ചോദ്യത്തിന്റെ ഉത്തരമാകുന്നു.

ജീവികളായ മനുഷ്യരുടെ ഇടയിൽ ഒരു ആളിന്റെ ക്ഷണവും ദോഷവും തന്റെ സഖിമാരുടെ പ്രവൃത്തികൊണ്ടു ഏറക്കുറെ വരുത്തപ്പെടാമെന്നു വേദം സ്പഷ്ടമായി കാണിക്കുന്നുണ്ടു. പല ശുദ്ധിമാന്മാരുടെ ജീവചരിത്രം വായിച്ചാൽ ഇതിലേക്കു തെളിവു കാണാം. അബ്രാഹം സോദോമിനു വേണ്ടിയും മോശ ഇസ്രായെലിനു വേണ്ടിയും യോബുതന്റെ ചെങ്ങാതിമാക്കു വേണ്ടിയും പ്രാർത്ഥിച്ചതായും അതു ഏറക്കുറെ ഫലപ്പെട്ടതായും നാം വായിക്കുന്നു. അതിരില്ലാത്ത പ്രകാരം ദുഷ്ടത വർദ്ധിക്കുമ്പോൾ മാത്രമെ വിശ്വാസിയുടെ പ്രാർത്ഥന നിഷ്ഫലമാകു എന്നു എസക്കിയെൽ കാണിക്കുന്നു. (൧൪-൨൦) "ശീമോനെ ശീമോനെ കോതമ്പുപോലെ നിന്നെ അരിപ്പാൻ സാത്താൻ ചോദിച്ചു. എന്നാൽ നിന്റെ വിശ്വാസം ക്ഷയിക്കാതിരിപ്പാൻ ഞാൻ നിനക്കുവേണ്ടി പ്രാർത്ഥിച്ചു. നീ മനസ്സുതിരിയപ്പെട്ടശേഷം നിന്റെ സഹോദരന്മാരെ ഉറപ്പിക്കു" എന്നിപ്രകാരം ഒന്നികളും, തന്നെ കുരിശിൽ തൂക്കിയവരെക്കുറിച്ചു മരണ സമയത്തും കർത്താവു പ്രാർത്ഥിച്ചതു കൊണ്ടു ഈ പ്രമാണം വീണ്ടും സ്ഥിരമാക്കപ്പെട്ടിരിക്കുന്നു. ശുദ്ധപൌലൂസു തനിക്കുവേണ്ടിയും എല്ലാ ശുദ്ധിമാന്മാക്കു വേണ്ടിയും പ്രാർത്ഥിപ്പാൻ സഭയോടു അപേക്ഷിക്കയും സഭക്കു വേണ്ടി അവൻ തന്നെ പ്രാർത്ഥിക്കയും ചെയ്യുന്നു. (എഫെ. ൬. ൧൮ ഇത്യാദി) നീതിമാന്റെ താല്പര്യമുള്ള പ്രാർത്ഥന വളരെ സാധിക്കുന്നു എന്നു യാക്കോബും പഠിപ്പിക്കുന്നു. (൫. ൧൬, ൧൭)

ഇന്നാൽ ഈ തെളിവുകൾ എല്ലാം ജീവികളെ സംബന്ധിക്കുന്നവയാണെന്നു പറയും. നാം എല്ലാവരും സഹോദരന്മാരാകയാൽ മനുഷ്യസഹതാപവും ക്രിസ്തീയസഹോദരത്വവും പരസ്പരം പ്രാപിപ്പാൻ ആവശ്യപ്പെടുന്നു എന്നു ഇവ കാണിക്കുന്നു. മരിച്ചവരും ജീവികളുമായ ക്രിസ്ത്യാനിസമൂഹം ഒട്ടുക്കു ഒരു ശൊത്രകാരും പരസ്പരം സഹോദരന്മാരും ആയിരിക്കുന്ന സ്ഥിതിക്കു നമ്മുടെ പ്രാർത്ഥനകൾ മരണംകൊണ്ടു തടസ്സം ഉണ്ടാകാവുന്നതല്ല.

അതുകൊണ്ടു നാം പ്രാർത്ഥിക്കേണ്ട വിധം എങ്ങിനെയെന്നറിയേണമെങ്കിൽ ആദ്യ അപ്പൊസ്തോല സഭ പ്രാർത്ഥിച്ചതു ഏതുപ്രകാരമെന്നു അന്വേഷിച്ചു അതുപോലെ ചെയ്യയാണ വേണ്ടതു. എന്തെന്നാൽ വിശ്വാസത്തിന്റെ പൂർണ്ണതയിൽ ഇരുന്നകാലവും അപ്പൊസ്തോലന്മാരിൽനിന്നതന്നെ സകലവും കണ്ടുപഠിച്ച കാലവും ആയിരുന്നതുകൊണ്ടു ക്രിസ്തുവിന്റെ ഉപദേശത്തെ ശരിയായി ധരിച്ചു ചെയ്തുവർ അവർ ആയിരുന്നു.

ഭൂമിയിലുള്ള മനുഷ്യരുടെ പ്രാർത്ഥന മരിച്ചവരുടെ ആത്മാക്കളുടെ സ്ഥിതിയോടു എത്രത്തോളം സംബന്ധിക്കുന്നു എന്നു അന്നു വിശ്വസിച്ചിരുന്നു എന്നു അന്വേഷിക്കേണ്ടതു നമ്മുടെ ഭാഗമാകുന്നു.

എന്നാൽ ക്രിസ്തുതന്നെ ഈ കാര്യത്തെക്കുറിച്ചു ഒന്നും പഠിപ്പിച്ചിട്ടില്ലന്നു ജനം അക്ഷേപം പറയാറുണ്ട്. അതിനെ ഞങ്ങൾ സമ്മതിക്കുന്നില്ല. അഥവാ ക്രിസ്തു ഈ കാര്യത്തിൽ മൌനമായ് ഇരുന്നു എന്നിരിക്കട്ടെ. എന്നാൽ ആ മൌനത്തിനു കാരണമെന്തു?. താൻ ഈ ഉപദേശത്തെ ഒരിക്കലും അക്ഷേപിച്ചിട്ടുമില്ല. ആ സഭിക്കു താൻ മൌനമായിരുന്നതു ഒരുവെള്ള മരിച്ചുവക്കുവെണ്ടി പ്രാർത്ഥിക്കുന്നതു അന്നു നടപ്പില്ലാഞ്ഞതുകൊണ്ടു ഒന്നും പറവാൻ ആവശ്യപ്പെടാഞ്ഞതിനാലൊ അല്ലെങ്കിൽ അന്നു നടപ്പുണ്ടായിരുന്നാൽ അതിനു തനിക്കു അക്ഷേപം ഇല്ലാഞ്ഞതിനാലൊ ആയിരിക്കണം. യഹൂദസഭയിൽ ഈ നടപ്പുണ്ടായിരുന്നുഎന്നു മക്കബായ പുസ്തകം സാക്ഷിക്കുന്നു. ചരിത്രമായിട്ടെങ്കിലും ഇതിനെ എല്ലാ ക്രിസ്ത്യാനികളും സമ്മതിക്കുന്നു. അതുകൂടാതെ യഹൂദന്മാരുടെ പള്ളിക്രമത്തിലും മരിച്ചവക്കു വേണ്ടിയുള്ള അപേക്ഷകൾ ധാരാളം ഉണ്ടു. അവയിൽ ചിലതു ക്രിസ്തുവിനു മുമ്പുള്ളതാണെന്നു പൊതുവിൽ സമ്മതിക്കപ്പെട്ടിരിക്കുന്നു. ദൃഷ്ടാന്തമായി "കാദിശ്" എന്നും "ഹാസ്കൊറാത് നൂ ശാമ്മൊത്" എന്നും വിളിക്കപ്പെടുന്ന പ്രാർത്ഥനക്രമങ്ങളെ പരിശോധിച്ചാൽ മതി. ഇവയിൽ ചിലതു ക്രിസ്തുവിനു മുമ്പെ ഉള്ളവയാണെന്നു യെരുശലേമിന്റെ നാശത്തോടു കൂടി ഭൂമിയുടെ നാലു ഭാഗത്തും ചിതറിപ്പോയ യഹൂദന്മാർക്കു പരസ്പരം സഹവാസത്തിനു മാർഗ്ഗമില്ലാതിരുന്നിട്ടും എല്ലാ സ്ഥലങ്ങളിലും ഈ പ്രാർത്ഥനാക്രമങ്ങളെ ഉപയോഗപ്പെടുത്തി വരുന്നതു കൊണ്ടു അവ അവരുടെ വെർപിരിവിനു മുമ്പെയുള്ള ക്രമങ്ങൾ ആണെന്നു പൊതുവിൽ അനുമാനിച്ചിരിക്കുന്നു. അതിനു നിന്നു ഒരു പ്രാർത്ഥന താഴെ ചെർക്കുന്നു.

"ദൈവമെ എന്റെ പിതാവും കർത്താവുമായ ഇന്നാന്റെ മകൻ ഇന്നാൻ തന്റെ നിത്യഭവനത്തിലേക്കു പോയിരിക്കുന്നതിനാൽ അവനു വെണ്ടി ഞാൻ ഒരു ധർമ്മം ചെയ്യുന്നതു കൊണ്ടു അവന്റെ ആത്മാവു അബ്രാഹാം, ഇസഹാക, യാക്കോബു, സാറാ, റിബെക്കാ, റാഹെൽ, ലേയാ മുതലായി പുരുഷന്മാരും സ്ത്രീകളുമായ പരിശുദ്ധന്മാരുടെ ആത്മാക്കളോടുകൂടി ജീവന്റെ കെട്ടിൽ കെട്ടപ്പെടുമാറാകണമെ".

കർത്താവുക്കാനത്തിൽ ഈ പ്രാർത്ഥന ചൊല്ലുവാൻ സമയമാകുമ്പോൾ മാതാപിതാക്കന്മാർ ജീവനോടിരിപ്പുള്ളവർ സംഘത്തിലുനിന്നു വിട്ടുപോകണമെന്നുകൂടി ഒരു ചട്ടം യഹൂദന്മാർക്കുണ്ടു. അതിനാൽ ഈ പ്രാർത്ഥന സാക്ഷാൽ മരിച്ചുവക്കുവെണ്ടിയും അവ പ്രതിഫലമുണ്ടെന്നുള്ള വിശ്വാസത്തുമെലും ചെയ്യുന്നാണെന്നു തെളിയുന്നു. നിങ്ങൾ ധർമ്മം ചെയ്യുമ്പോൾ നിന്റെ ഇടത്തുകൈ ചെയ്യുന്നതു വലത്തുകൈ അറിയരുതെന്നു കർത്താവു കല്പിച്ചിട്ടുള്ള മെല്പറഞ്ഞ പ്രാർത്ഥനയിലെ പ്രസ്താവിച്ചപ്രകാരം മരിച്ചുവക്കു വെണ്ടി ചെയ്യുന്ന ധർമ്മത്തെ ഓർത്തുകൊണ്ടും പറഞ്ഞുതാകുന്നു എന്നു തോന്നിപ്പോയപ്പെടുന്നവർ ഉണ്ടു.

ഇതുപോലെ അനേകം പ്രാർത്ഥനകൾ യഹൂദന്മാരുടെ പുരാതന ക്രമങ്ങളിൽ നടത്തപ്പെടുന്നു. ഇതുകൂടാതെ ക്രിസ്താബ്ദത്തിനുമുമ്പുള്ള ചില യഹൂദ ശവകല്ലറകളിൽ മരിച്ച ആളിന്റെ പെരോടു കൂടി അ

വന്റെ ആത്മാവിനു വെണ്ടി ചില പ്രാർത്ഥനകൾ എഴുതപ്പെട്ടിരിക്കുന്നതായി കണ്ടുപിടിക്കപ്പെട്ടിരിക്കുന്നു. ഇങ്ങനെ എല്ലാം കൊണ്ടു നോക്കിയാലും നമ്മുടെ കർത്താവിന്റെ ഭൂവാസകാലത്തു യഹൂദ സഭ മരിച്ചവർക്കു വെണ്ടി പ്രാർത്ഥനകൾ നടത്തിവന്നു എന്നു വാദമറ്റു രെഖകൾ ഉണ്ടെന്നു പറയാം. എന്നിട്ടും യഹൂദ അനാചാരങ്ങളെ കർത്താവു അത്ര ക്ഷോഭിച്ചു ക്രൂശത്തിൽ ഈ കാര്യത്തെക്കുറിച്ചു മൌനമായിരിക്കുന്നതു തന്നിൽ അതിൽ വിരോധമില്ലാഞ്ഞിട്ടായിരുന്നു എന്നു അനുമാനിക്കേണ്ടിയിരിക്കുന്നു. (തുടരും)

"ഉർശ്ലേം യാത്രാ വിവരണം".

ഒരു സ്ഥലത്തെയൊ ഒരു വസ്തുവിനെയൊ ഒരാളിനെയൊ കണ്ടോ അതിനെ ശരിയായി ഗ്രഹിക്കുന്നതും മറുള്ളവർക്കു അതിന്റെ വാസ്തവമായ സ്വരൂപം മനസ്സിലാക്കി കൊടുക്കുന്നതും അസാധാരണമായ ബുദ്ധിവിശേഷത്താൽ മാത്രം സാധിക്കപ്പെടാവുന്നതാണെന്നു ഒരു വിജ്ഞാനി പറഞ്ഞിട്ടുണ്ടു. "ഉർശ്ലേം യാത്രാ വിവരണം" എന്ന പുസ്തകം വായിച്ചാൽ പുസ്തക കർത്താവിന്റെ സൂക്ഷ്മദൃഷ്ടിയും വാചകചാതുര്യവും മൂലം അതിൽ പ്രതിവാദിക്കപ്പെട്ടിട്ടുള്ള വിഷയങ്ങളെപ്പറ്റി അറിയേണ്ട എല്ലാ അംശങ്ങളും എത്രതന്നെ അവ്യുല്പന്നന്മാരായ വായനക്കാർക്കു ക്ലേശശ്രമംകൂടാതെ കൈവശമാകാവുന്നതാണു. യാതൊന്നിനെപ്പറ്റി അദ്ദേഹം എഴുതിയിരിക്കുന്നുവൊ അതിനെപ്പറ്റിഅല്പമെങ്കിലും ശ്രദ്ധയും, ശേഷമുള്ളതുകൂടി അറിയണമെന്ന ആഗ്രഹവും, തന്മൂലം വായനയിൽ ശ്രദ്ധയും ഉണ്ടായിരിക്കുന്നവർക്കു മാത്രം ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന ഈ പുസ്തകത്തിന്റെ വാചകരീതി മെല്ലെറഞ്ഞ കൂട്ടത്തിൽ ഉൾപ്പെടാത്തവർക്കു അത്ര രസിക്കാതെയിരുന്നെക്കാമെങ്കിലും അവരുടെ രസഹീനതക്കു കാരണഭൂതമായ ചടപ്രയൊഗങ്ങളും രീതിഭേദങ്ങളും അത്ര പ്രത്യക്ഷങ്ങളല്ലാത്ത ചില സൂചനകളുംതന്നെ ഒന്നാമതു പറഞ്ഞ അളുകളുടെ വിശേഷ വിധിയായി ഗണിക്കപ്പെടുന്നതാണു. ഓരൊ സ്ഥലങ്ങളിൽ സന്ദർഭോചിതങ്ങളായി ഇടിച്ചിട്ടുള്ള ഹിതൊപദെശങ്ങളും ധ്യാനങ്ങളും വളരെ നന്നായിട്ടുണ്ടു. നസ്രാണികളുടെ ഇടയിൽ എന്നല്ല, ഇൻഡ്യാ ഒട്ടുക്കുവിചാരിച്ചാലും തീരെ സാധാരണമെന്നു പറവാൻ പാടില്ലാത്ത ഈ യാത്രയെ ശ്രുതിശുഭമാക്കി നിവർത്തിച്ചു അതിൽ താൻ അനുഭവിച്ച സന്തൊഷത്തിൽ ഒരംശമെങ്കിലും നമുക്കുകൂടി അറിയുന്നതിനു സംഗതിയാകിയ നി. വ. ദി. ശ്രീ. മാർ ഗ്രീഗൊറിയൊസു മെത്രാപ്പൊലീത്താ തിരുമനസ്സുകൊണ്ടും അവിടത്തെ യഥാർത്ഥശിഷ്യനായ മലകര മല്പാൻ വ. ദിവ്യശ്രീ വട്ടശ്ശെരിൽ ഗീവറുഗീസു കത്തനാരവർകളും സുറിയാനിക്കാർക്കു പൊതുവെ ഒരു ഭൂഷണവും അവരുടെ ശാശ്വതമായ ക്ഷേമത്തിനു അർഹതയുള്ളവരുമാണെന്നു യാകൊബായ സുറിയാനിക്കാർ ഐകകണ്ഠ്യെന സമ്മതിക്കുന്നതാണു.

യുയൊമയമതവും അതിന്റെ ആചാരങ്ങളും.

'യുയൊമയം' എന്നൊരു മതം ഇപ്പോൾ ഉണ്ടെന്നും അതിന്റെ ഉത്ഭവം ഇന്നവിധമെന്നും അറിയാത്തവർ വായനക്കാരിൽ അധികം പേർ കാണുമെന്നു തോന്നുന്നില്ല. അതിനെക്കുറിച്ചു സവിസ്താരം എഴുതുന്നതിനു ഏനമില്ലാത്തതിനാൽ വായനക്കാരുടെ പ്രയോജനത്തിനായി അല്പം മാത്രം പറഞ്ഞുകൊള്ളട്ടെ.

'അഞ്ചര', 'ആറുവഷ്ം', 'ഉണ്ണീസഭ' ഈ പേരുകൾ ഇപ്പോഴത്തെ 'യുയൊമയ'ത്തിന്റെ അഭ്യന്നാമങ്ങളായിരുന്നു. പാപബോധം (ഉണവ്) പാപമോചനം, നീതീകരണം, ശുദ്ധീകരണം, ക്രിസ്തുവിന്റെ രണ്ടാമത്തെ വരവു, പുനരുത്ഥാനം, മഹത്വീകരണം, സഹസ്രാബ്ദവാഴ്ച, ഇത്യാദികളെല്ലാം കഴിഞ്ഞിട്ടു ഈ ക്രൂരൻ യൂസ്സൂസ യോസഫ്പിന്റെ മതത്തിലേക്കു ലയിച്ചിരിക്കയാൽ പഴയനാമങ്ങൾ നീക്കപ്പെട്ടിട്ടു പുതിയ നാമമാകുന്ന 'യുയൊമയം' എന്ന പേർ ഇതാധരിച്ചിരിക്കുന്നു. മുൻ പ്രസ്താവിച്ച മൂന്നുനാമങ്ങളാൽ വിളിക്കപ്പെട്ടിരുന്നപ്പോൾ ഈ സഭ ക്രിസ്ത്യാനിമാഗ്ഗത്തിന്റെ ഒരു ശാഖമാത്രമായിരുന്നു. 'യുയൊമയം' എന്ന നാമം ധരിച്ചതിനോടുകൂടെ ഒരു പ്രത്യേക മതമായിട്ടാണ പുറപ്പാടു. ഈ മതത്തിന്റെ ഓരോ അംഗവും 'യൊയൊമയ'നൊ 'യുയൊമയി'യൊ അത്രെ. "നിങ്ങൾ (മതകാർ) ഞങ്ങളുടെ മക്കളാകുന്നുയോഹന്നാൻ അത്രെ. ഇതുപൗലിന്റെ മക്കളായ കേഫാവല്ലൊ നിശ്ചയം." യോഹന്നാൻ എന്ന പേർ ഓരൊ മതകാരനും സ്ത്രീയിക്കും പുരുഷനും പൊതുവെയുള്ള പേരാണ. ഇവരുടെ ഉപദേശാചാരങ്ങൾ വേദവിപരീതമായിട്ടുള്ളവയെങ്കിലും കപടത്താലും, വഞ്ചനയാലും, തട്ടിപ്പിനാലും, ലോകജ്ഞാനത്താലും ഭൂയുക്തികളാലും സരളതയാലും ഒരുവിധം പറഞ്ഞു നിൽക്കാമെന്നു ഇവർ നടിക്കുന്നു.

ഈ മതസ്ഥരിൽ നിന്നും അവരുടെ ചില ചില ഗ്രന്ഥങ്ങളിൽ നിന്നും അറിയാവുന്നിടത്തോളം ഇവരുടെ മതസംഗതികളിൽ ചിലതിനെ പറയാം. (൧) ക്രിസ്തുസഭ ആകപ്പാടെ നോക്കിയിരിക്കുന്നതായതന്റെ രണ്ടാമത്തെ വരവു അല്ലെങ്കിൽ മതകാർ പറയും പ്രകാരം മഹത്പ്രത്യക്ഷത കഴിഞ്ഞിരിക്കുന്നു. തന്റെ മക്കളുടെ അല്ലെങ്കിൽ വിശ്വാസികളുടെ ഹൃദയത്തിൽ (സഭയാകുന്ന മേഘത്തിൽ) ആണ പ്രത്യക്ഷപ്പെട്ടതു. എന്നാൽ അഗോചരമായിട്ടല്ല ഗോചരമായിട്ടത്രെ, തന്റെ മക്കളായ വിശ്വാസികൾക്കു മാത്രമല്ല സകലർക്കും കണ്ടുബോധിക്കത്തക്ക വിധത്തിലത്രെ തന്റെ രണ്ടാമത്തെവരവു എന്നുള്ളതിനെ,ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിനെക്കുറിച്ചു പറയുന്ന വേദവാക്യങ്ങളെല്ലാം പ്രത്യക്ഷമായിട്ടു ത്തോ-വ-ന ം-ന്നു-ന്നു-യോഹ-ക്രി-നു ക്രവു- വു- നടപ്പു ക്ര- ക്രക്ര- ക്രതെസ്സ ര- ക്രന്നു- വെളിപ്പാടു ക്ര-ു- ഈ വാക്യങ്ങളും ഏതു വ്യക്തമായിട്ടു സാക്ഷിക്കുന്നു. ഈ ക്രൂരൻ ക്രിസ്തുവിന്റെ വരവിനെ സംബന്ധിച്ചു ഒരു തീയതി കുറിച്ചിട്ടു ആ തീയതിയിൽ കാണാഞ്ഞതിനാൽ വീണ്ടും വിദ്യയാക്കി ഇപ്പോഴത്തെ ഉപദേശത്തെ സാധിപ്പാൻ ശ്രമിക്കുന്നു. (൨) ഉയർത്തെഴുനേല്പു, മഹത്വീക

രണം, രണ്ടാംമരണം സഹസ്രാബ്ദവാഴ്ച ഇവകൾ കഴിഞ്ഞുപോയിരിക്കുന്നു. ഇവയെക്കുറിച്ചു ഈ ക്രൂട്ടരുടെ വ്യാഖ്യാനവും ശ്രദ്ധമൈശാഖികമാണു. പത്രസ്ഥലം അതിക്രമിക്കുമെന്നു ഭയന്നിട്ടു അവയെ ഇവിടെ ചേർക്കുന്നില്ല. നിത്യാക്ഷരങ്ങൾ (മയക്കാരുടെവേഷം) ഏഴാം പകച്ചു വ്യാഖ്യാനപുറം നോക്കുക. ക്രിസ്തുവിന്റെ രണ്ടാമത്തെ വരവു കഴിഞ്ഞിട്ടില്ലാത്തതിനാലും ഈ സംഭവങ്ങൾ അതിനെത്തുടർന്നു നടക്കേണ്ടവയാകയാലും ഇവയും നടന്നിട്ടില്ലാത്ത പ്രത്യക്ഷമാണല്ലൊ. (൩) ഒരു മനുഷ്യനിൽ രണ്ടുശരീരങ്ങളുണ്ടു. ദൈവശാ. പ്രശാഖിന്റെ അംശം. അല്ലെങ്കിൽ പുണ്യമനുഷ്യൻ, പാപമനുഷ്യൻ. പുണ്യമനുഷ്യൻ നന്മചെയ്യുന്നു. പാപമനുഷ്യൻ തിന്മചെയ്യുന്നു. പുണ്യമനുഷ്യൻ ഭാഗ്യമനുഭവിക്കുന്നു. പാപമനുഷ്യൻ ശിക്ഷ അനുഭവിക്കുന്നു. രണ്ടും ഒരുപോലെ ശക്തിയുള്ളതും പൂർണ്ണസ്വാതന്ത്ര്യമുള്ളതും ആണു. രണ്ടു ഒരുപോലെ എന്നുംപ്രവൃത്തിക്കുന്നു. ഹാ നോക്കുക. ഏത്ര പൈശാഖികമായ ഉപദേശം. പാപംചെയ്യുന്നതിനു മനുഷ്യരെ ഉത്സാഹിപ്പിക്കയല്ലയൊ ഇവർ ചെയ്യുന്നതു. പാപസ്വഭാവത്തെ കീഴാക്കി തന്നെ ഒട്ടുംതന്നെ ചെയ്യാതെ എപ്പൊഴും നന്മചെയ്യണമെന്നുണ്ടല്ലൊ വേദവാക്യം പലസ്ഥലങ്ങളിലും നമ്മെ ഉത്സാഹിപ്പിക്കുന്നതു. മനുഷ്യർ പാപസ്വഭാവമുള്ളവരാകയാലും സ്വഭാവികമായി പാപം ചെയ്യുന്നതിനു രസമുള്ളവരായി ഇരിക്കുന്നതിനാലും മേല്പറഞ്ഞപ്രകാരമുള്ള കള്ളസമാധാനങ്ങളെ ഉള്ളിൽകടത്തി അവരെ സ്വഭാവഭ്രഷ്ടരാക്കുന്നു അതിനു നിന്ന ആശയം കൈക്കലാക്കിതങ്ങളെ തന്നെ സമ്പന്നന്മാരാക്കികൊള്ളാമെന്നുള്ള പൈശാഖിക വിചാരത്താൽ ഉദ്യോഗിപ്പിക്കപ്പെട്ടിട്ടു അനേകംആത്മാക്കളെ ഇതാ ഈക്രൂട്ടർ നരകത്തിലെക്കു നേരെ ഓടിക്കുന്നു. (൪) ഉയർത്തെഴുനേറ്റു മഹതീകരിക്കപ്പെട്ടിരിക്കയാൽ ഇനി പാപമില്ല. ഇവർ ചെയ്യുന്നതൊന്നും പാപപ്രവൃത്തിയല്ല. എന്നാൽ ഇവരുടെ പ്രവൃത്തിയെ സൂക്ഷിച്ചുനോക്കിയാൽ അവ സകല പൈശാഖികങ്ങളാലും നിറയപ്പെട്ടവയെന്നുകാണാം. മറ്റുള്ള ദുഷ്ടമനുഷ്യരെ എന്ന പോലെ ഇവരെയും, ചതിവു, പൈശൂന്യം. മറുള്ളവരെ കുഴിയൽ പായിക്കുന്നതിനുള്ള ആലോചന, പരനിന്ദ, അസൂയ, അന്യർ സൌഭാഗ്യവാന്മാരായി തീരുന്നതിൽ സ്നേഹ, കള്ളംപറക, കള്ളസത്യം, കള്ളസ്സാക്ഷി, വേശ്യാദോഷം, ലൊകമ്പങ്ങളിലുള്ള ഉല്ലാസം, കിംബഹുനാ സർവ്വപാപവഴികളിലൂടെ പാഞ്ഞൊടുന്നവരായി കാണാം. ഇവയാണൊ മഹതീകരിക്കപ്പെട്ട ഒരുവന്റെ പ്രവൃത്തി. പാപമാകുന്ന ചേറിൽ കിടന്നുരുണ്ടിട്ടും പാപമില്ലെന്നു പറയുന്നതല്ലെ അതിശയം. "നമുക്കു പാപമില്ലെന്നു നാം പറയുന്നു എങ്കിൽ നമ്മെ നാം വഞ്ചിക്കുന്നു, നമ്മിൽ സത്യവുമില്ല". ക്രൈസ്തവ-ക്രിയാവൻ നരകവാസം കൊണ്ടു നരകവാസം മിശനരകവാസം അകാല നരകവാസം നരകാർഹരായവരും ശിശയില്ലാത്തവരും ഉള്ളവരും ഇങ്ങിനെ എല്ലാ തട്ടിലുള്ള ജനങ്ങൾ ഈ സഭയിലുണ്ടു. ലജ്ജയെന്നുള്ളതു തീണ്ടിയിട്ടപൊലുമില്ല. ഉണ്ടെങ്കിൽ ഇപ്രകാരം ജല്പിക്കുന്നതിനു തുനികയില്ല. മനൊസ്സാക്ഷി ചുട്ടു തഴമ്പിച്ചിട്ടു യാതൊരുവിധത്തി

ലുള്ള നമ്മെ പ്രത്യാശഞ്ചും ഇവരുടെ ഉള്ളിലെങ്കും കടക്കുന്നില്ല. (ഇ) യാതൊന്നു നെയും കുലമെയ്യുകൂടാ അതുകൊണ്ടും. അശുദ്ധമാകയാലും മനുഷ്യമാംസം മുതലായവയെ ഭക്ഷിച്ചുകൂടാ. വിശ്വാസിക്കു സ്വൊത്രത്തോടു സകലവും ഭക്ഷിക്കാമെന്നു പൌലൊസ് പറഞ്ഞിരിക്കുന്നു. "എന്തുകൊണ്ടെന്നാൽ ദൈവത്തിന്റെ സകല സൃഷ്ടിയും നല്ലതാകുന്നു. സ്വൊത്രത്തോടുകൂടെ അനുഭവിക്കപ്പെടുന്ന യാതൊന്നും തള്ളിക്കളയപ്പെടേണ്ടതുതന്നെ അതു ദൈവത്തിന്റെ വചനത്താലും പ്രാർത്ഥനയാലും ശുദ്ധമാക്കപ്പെടുന്നവല്ലൊ". (തീമൊ. ൧൰ ൪, ൩. (നു) "ഭൂഷണമായിരിക്കുന്നതു വെളിപ്പെടുമ്പൊൾ അംശമായുള്ളതു നീങ്ങിപ്പൊകും". എന്നു ഏതു പൂർണ്ണതയെക്കുറിച്ചു പറഞ്ഞിരിക്കുന്നുവൊ അതുപൂർണ്ണത അതായ്തു സകല പൂർണ്ണതയും ഈ ക്രുത്തുക്കളെന്നൊണു പൌലൊസ് ഉപദെശം. ഈ പൂർണ്ണന്മാരുടെ പ്രവൃത്തികളാണു ദൻപ്രന്മാവിലുള്ളതു. ഈ പ്രകാരമുള്ള പൂർണ്ണതയെ ലഭിച്ചിട്ടില്ലാത്ത സമ്മതിച്ചു പറയുന്ന പാപികളായ നമുക്കുണ്ടാകുന്ന പ്രകാരം തന്നെ ഇവർക്കും ദുഃഖവും ദൊഷങ്ങളും, കഷ്ടതകളും നിരാശയും പരാശ്രയവും ബുദ്ധിമുട്ടും അനുഭവത്തും പാപത്തിലുള്ള വീഴ്ചയും സകല ബലഹീനതകളും മരണവും ഈ പ്രകാരം അനുഭവിക്കുമായി അനുഗ്രഹിക്കപ്പെടുകതല്ലാതെ സകലവും സംഭവിക്കുന്നുണ്ടു. ഇവരുടെ പൂർണ്ണത എവിടെ, സകലവും വഞ്ചനയെന്നു സ്പഷ്ടമാണല്ലൊ. (൩) ക്രിസ്ത്യാനികൾ വിശ്വസിച്ചിരുന്നപ്രകാരമുള്ള സ്വർഗ്ഗമാകട്ടെ നരകമാകട്ടെ ഇല്ല. ഈ ഭാഗത്തെ സംബന്ധിച്ചു ഞാൻ ഒന്നുതന്നെ പറഞ്ഞു കഴിഞ്ഞു എന്നില്ല. (൪) യെശു, പുതുനായ ദൈവത്തിന്റെ അവതാരമായിരുന്നു എപ്പൊലെ യൂസൂസ യൊസെപ്പു (വിശ്വാൻകുട്ടി എന്ന നാമത്താൽ അറിയപ്പെട്ടിരുന്നു) യും കറെ കൊല്ലങ്ങൾക്കുമുമ്പു മരിച്ചു അടക്കപ്പെട്ടു, ഉയത്തെഴുനെറ്റിട്ടില്ലാത്തതുമായ മനുഷ്യൻ) പരിശുദ്ധാത്മാവായ ദൈവത്തിന്റെ അവതാരമായിരുന്നു. യെശു എന്നു പ്രകാരം പിതാവായ ദൈവത്തിന്റെ പുത്രനൊ അതെ പ്രകാരം യൂസൂസ യൊസെപ്പു യെശുക്രിസ്തുവിന്റെ പുത്രൻ. വെളി. ൧൨-ാ൰ പറയപ്പെട്ടിരിക്കുന്ന സ്ത്രീ പ്രസവിച്ചു ൫-ൽ പറയപ്പെട്ടിരിക്കുന്ന ആൺകുട്ടിയാണു യൂസൂസ യൊസെപ്പു.

യെശുവിന്റെ ജനനത്തെക്കുറിച്ചു പറയപ്പെട്ട ദിഷ്ടശ്നങ്ങളെല്ലാം അക്ഷരപ്രകാരം തന്നെ നിവൃത്തിച്ചുതായിട്ടു നാം വായിക്കുന്നുണ്ടല്ലൊ. യൂസൂസ യൊസെപ്പിന്റെ ജനനത്തെക്കുറിച്ചുള്ളതും അപ്രകാരം തന്നെ വെണ്ടുയൊ. എന്നാൽ യൂസൂസ യൊസെപ്പു ചെളിപ്പാട്ട ൧൨-ൽ പറയപ്പെട്ടിരിക്കുന്ന ആൺകുട്ടിയാണെങ്കിൽ തന്റെ ജനനത്തെ സംബന്ധിച്ചു പറയപ്പെട്ടിരിക്കുന്ന ദിഷ്ടശ്നങ്ങൾ അതുപൊലെ നിവൃത്തിച്ചിട്ടില്ലല്ലൊ. യൂസൂസ യൊസെപ്പിന്റെ അമ്മ (പാവം കിഴവി!) ഗർഭിണി ആയിരുന്നപ്പൊഴൊ പ്രസവവെദനപ്പെട്ടപ്പൊഴൊ യൂസൂസ യൊസെപ്പിനെ പ്രസവിച്ചപ്പൊഴൊ വെളിപ്പാടു ൧൨-ൽ പറഞ്ഞിരിക്കുന്ന പ്രകാരം സംഭവിച്ചുതായിട്ടു കെട്ടുകൾവി പൊലുമില്ല. സൂര്യനെയും ചന്ദ്രനെയും നക്ഷത്രങ്ങളെയും അവൾധരി

ചിരുന്ന ഏങ്കിൽ ഇതുവരെയും തുരും അറിയാതിരിക്കയോ. മഹാസ
ഭ്രം ഇവരെ ഉപദ്രവിച്ചതെങ്ങിനെ. അക്ഷരപ്രകാരമല്ല, ആത്മീക
മായിട്ടാ ചിരുന്ന അവയുടെ നിവൃത്തിയെങ്കിൽ ഏതു പ്രകാരം നിവൃ
ത്തിച്ചുഎന്നു പറഞ്ഞുതരുമോ. അതൊ സുന്നത്തു കഴിഞ്ഞു പോതിതറി
കയുണ്ടായോ. അക്ഷരപ്രകാരമായാലും ആത്മപ്രകാരമായാലും അങ്ങ
റിപ്പോകയില്ലല്ലൊ. പുന്നായിയപ്പുകൾ നിവൃത്തിച്ചു തീയാകുന്നതാണം.
പക്ഷെ അപ്പൻ മറൊരുവനാണെകിലും അതായ്യ യെശുവിനെ പകരം
വല്ല പട്ടരുമാണൊ. യൂസുസ യൊസെപ്പു ഫല്ലാ ജാതികളെയും ഇതി
നുകൊണ്ടു ഭരിക്കുന്നതെന്നാണ. ഇപ്പൊഴും അല്ലാണല്ലൊ. ഇല്ല
യെങ്കിൽ പിഴനൊറന്നു വരുമൊ. ഉയരെ പിഴനൊറെങ്കിൽ (കിസ്തുവി
നെ തൊറാ ശിഷ്യന്മാർ കണ്ടതുപൊലെ) വല്ലവരും കണ്ടിട്ടുണ്ടൊ. അ
പ്പന്മാർ പൊലും ശിഷ്യന്മാർ തന്നെ അവരുടെ. ബൊധകന്മാരായ സ
ഹൊദരന്മാരൊ തലവന്മാരൊ കടിച്ചു ചാകാൻ നടക്കുന്ന പരദൊഷ
പ്രിയരൊ അതുകെങ്കിലും കണ്ടിട്ടുണ്ടൊ. ഇപ്പൊൾ എവിടെ ഉരിക്കുന്നു. ജ്ഞാ
നി പുന്താണ ഭരിക്കുന്നൊ. യൂസുസ യൊസെപ്പു ദൈവമാ
ണൊ മനുഷ്യനാണൊ. അല്ലരണ്ടുക്കുടിയാണൊ. പിതൃപുത്രപരിശുദ്ധ
ത്മാവാത്രിയകദൈവത്തെഒരുസഥലത്തും, ആദാമിൻറെസന്തതിയാ
യ മനുഷ്യനിലത്തെ മറൊരു സഥലത്തും നിറുത്തിയാൽ യൂസുസ യൊ
സെപ്പു എവിടെനിക്കും. യെശുവിൻറെ പുത്രനായ യൂസുസ യൊസെ
പ്പിൻറെ ജനനത്തെക്കുറിച്ചു വെളിപ്പാടു പുസ്തകത്തിൽ പറഞ്ഞിട്ടുണ്ടെങ്കിൽ
യൂസുസ യൊസെപ്പിൻറെ മകളായ ഭാനിയെൽ, മനു, കുഞ്ഞു, കൂപ, ക
രുണ, ഇവരുടെ ജനനത്തെക്കുറിച്ചുള്ള ദീഘദശനങ്ങൾ ഏതു അദ്ധ്യാ
യത്തിലാണ. എന്തെന്നാൽ പുത്രനായദൈവമായ യെശുക്രിസ്തുവിൻറെ
മകനായ യൂസുസ യൊസെപ്പിൻറെ ജനനത്തെക്കുറിച്ചു വെദത്തിൽ
പറഞ്ഞിട്ടുണ്ടെങ്കിൽ, പരിശുദ്ധാത്മാവായ ദൈവമായ യൂസുസ യൊ
സെപ്പിൻറെ മകളുടെ ജനനത്തെക്കുറിച്ചും വെദത്തിൽ കാണെണ്ടതാ
ണെല്ലൊ.

ഇനിയും യൂസുസ യൊസെപ്പു പരിശുദ്ധാത്മാവിൻറെ അവതാ
രമല്ല യെശുക്രിസ്തുവിൻറെ പുത്രൻ മാത്രമെന്നു പറയുന്ന ഏങ്കിൽ സ
കല ക്രിസ്ത്യാനികളും ദൈവത്തിൻറെ മകളായിരിക്കുന്നപ്രകാരമല്ലാ
തിരു മുന്നിയ ഒരു സഥിതിയിലായിരിക്കണം യൂസുസ യൊസെപ്പു യെ
ശുവിൻറെ പുത്രനായിരിക്കുന്നതു. അതായ്യു യൂസുസുയൊസെപ്പിനു ദൈ
വത്വം ഉണ്ടായിരിക്കണം. ഇങ്ങിനെ ഏങ്കിൽ പിതാവായദൈവം ത്രി
മൂത്തിയിൽ ഒന്നാമത്തവൻ, പുത്രനായ ദൈവം അല്ലെങ്കിൽ യെശുക്രി
സ്തു രണ്ടാമത്തവൻ, പരിശുദ്ധാത്മാവായ ദൈവം മൂന്നാമത്തവൻ, യൂ
സുസ് യൊസെപ്പായദൈവം തിമൂത്തിയിൽ നാലാമത്തവൻ. എന്തെ
ന്നാൽ തിമൂത്തിയല്ലാതെ ചതുമ്മത്തിയില്ലല്ലൊ. അതിനാൽ തിമൂത്തി
യിൽ നാലാമത്തവനാണെ യൂസുസ യൊസെപ്പു. ഏൽ അയ്യാ ഇപ്പൂടി
താനാ ചൊല്ലും.

പ്രിയവായനക്കാരെ ഈ ചൊദ്യങ്ങളുടെ ഉത്തരങ്ങളെ [illegible]

ച്ചിച്ചു നൊക്കുവിൻ. എത്രയുപടം. എന്തുവഞ്ചന. ഒരു മനുഷ്യൻ തന്നത്താൻ ദൈവമാകിയിരിക്കുന്നു. തന്നെ ദൈവമായിട്ടു വന്ദിപ്പാനും കുറെ ആളുകളുണ്ട്. അയ്യോ കഷ്ടം.

ഇവയാണ ക്രിസ്ത്യാനികളിൽനിന്നു വിപരീതമായിയുയൊമയ മതത്തിന്റെ മുഖ്യ ഉപദേശങ്ങൾ. പൌലൂസ ശ്ലീഹാ തിമൊഥിയൊസിനു എഴുതിയ ഗുണദൊഷത്തെ ഈ അവസരത്തിൽ ഓൎക്കുന്നതു വളരെ പ്രയൊജനകരമായിരിക്കും. "എന്നാൽ ആത്മാവായവൻ സ്പഷ്ടമായിട്ടു പറയുന്നതു, അവസാന കാലങ്ങളിൽ ചിലർ വഞ്ചിക്കുന്ന ആത്മാക്കൾക്കും പിശാചുകളുടെ ഉപദെശങ്ങൾക്കും ശ്രദ്ധകൊടുത്തിട്ടു വിശ്വാസത്തിൽനിന്നു വീണുപൊകുമെന്നും തങ്ങളുടെ സ്വന്തമനസ്സാക്ഷി ചുട്ടതഴമ്പിച്ച കപടഭക്തിയാൽ വ്യാജം പറകയും സത്യത്തെ അറിയുന്ന വിശ്വാസികൾ സ്വൊത്രത്തൊടു അനുഭവിപ്പാൻ ദൈവംസൃഷ്ടിച്ചിട്ടുള്ള ആഹാരങ്ങളിൽ നിന്നു ഒഴിഞ്ഞിരിപ്പാൻ കല്പിക്കയും ചെയ്യുമെന്നും തന്നെ". ഫ്രതിമൊ. രൂ. ഫ—നു. (തുടരും)

പൈ. ഗീ.

• ഒരു സംവാദം.

നശീകരണ ദുരാത്മാവിന്റെ സക്തിയൊ?. അല്ലെങ്കിൽ അന്ത്യാവു സഭയാകുന്ന സ്വൎഗ്ഗത്തിൽനിന്നു മിന്നൽപോലെ ഭൂമിയിലേക്കുള്ള വീഴ്ചയൊ?.

പ്രിയപത്രാധിപരെ, ഈ ആണ്ടിലാവു ഡെവീഡ പെൻഡ്ലൂത്ത എന്നകണ്ടാടിന്റെ പ്രെഷത്തിൽ തന്റെ അവകാശമായ അനന്തസരണക്കേടിന്റെ മക്കളിലേക്കൊ സത്യത്തെ വിശ്വസിപ്പാൻ കഴിയാതെ ഭൊഷ്ക്കിനെ വിശ്വസിപ്പാൻ അയക്കപ്പെട്ട പലുതായുള്ള വഞ്ചനയിലേക്കു അകപ്പെട്ടവരിൽ വാഹനമെഴി നരകത്തിന്റെ വാതിലുകൾ ബലപ്പെട്ടകയില്ലാത്തവണ്ണം ഉറപ്പുള്ള അടിസ്ഥാനത്തുമേൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള ദൈനത്തിന്നുള്ളിൽ നഴഞ്ഞു കേറി വസിച്ചുകൊള്ളുമെന്നുള്ള അവന്റെ അസാദ്ധ്യവിചാരത്തൊടു കൂടെ നാട്ടുപുറമായ ചെങ്ങന്നൂർ തിരുവല്ലാ മുതലായ സ്ഥലങ്ങളിൽകൂടെ സഞ്ചരിച്ചു അവന്റെ നയവഞ്ചനങ്ങളെ പ്രയൊഗിച്ചാറെ സാദ്ധ്യമല്ലന്നു കരുതി അപ്പിടെനിന്നും കിഴക്കൊട്ടു പ്രയാണം ചെയ്തു. ഈ ഇടയിൽ കുമ്പഴ, മയിലപ്രാൽ മുതലായ സ്ഥലങ്ങളിലുള്ള അവന്റെ തല്ലുപ്പാഹനമായിചമഞ്ഞ പേലത്തൂരിൽ കത്തനാരെന്ന നാമധാരി എന്നമാത്രമല്ല ഉടമ്പടി ലംഘനകാരനും പുനൎവ്വിവാഹകാരനും സ്ഥാനഭ്രഷ്ടനുമായിരിക്കുന്ന ഒരു പടമലക്കാരൻ വഴിയായി പുത്തൻകാവിൽ ചകാലയെന്നും ഓതാറവേടനെന്നും കൊഴുവല്ലൂരിൽ തങ്ങിയിരിക്കുന്ന ആറും തൊട്ടും ചാടിയ കള്ളദീഷ്ടശ്ശി ഇത്താക്കു മരയ്യാനെന്നും ചിലഭടന്മാരുമായി മയിലപ്രാൽ വച്ചു കാണപ്പെട്ടു. ഇവൻ ഇപ്പോൾ കാണപ്പെട്ടതു മുമ്പെ കാണപ്പെട്ടതിനെക്കാൾ വ്യത്യാസത്തിലും അതിശയകത്തക വിധത്തിലുമാണ. അതായതു വേദപുസ്തകം വേദപുസ്തകം എന്നു പറഞ്ഞുംകൊണ്ടു ഇതുവരെയും നടന്നവൻ ഇപ്പോൾ കാനോനാ കാനോനായെന്നും തൽസ്ഥിതിയെന്നും പറഞ്ഞുംകൊണ്ടാണ വന്നിറങ്ങുന്നതു. ഇതും അവന്റെ പാരാളഭിദ്യകളിൽ ഒന്നെന്നല്ലാതെ എന്താണ പറയാനുള്ളതു. ഇങ്ങനെ ആ ദേശത്തിലുള്ള ചില സാധുക്കളെയും കൂട്ടികൊണ്ടു അവിടെയുള്ള നമ്മുടെ സമുദായത്തൊടു യുദ്ധത്തിനു ഒരുങ്ങിയതു നമ്മുടെ കൎത്താവിന്റെ തിരുമേനിയും ശുദ്ധകഞ്ചുകയുമായ ശരീരത്തെ വീണ്ടും കുരിശിൽതറച്ചു ലോകാപവാദം വരുത്തണമെന്നുള്ള താല്പൎയ്യത്തിലായിരുന്നു. ഈ സംഗതി ഇടപെട്ട മെത്രാനൊകട്ടെ പത്രാസാകട്ടെ പാത്രിയക്കീസാകട്ടെ അതുതന്നെ അയാലും രണ്ടു ചോദ്യം ഉത്തരത്തിനു മുമ്പായിവിശ്വാസം പൊടിച്ചുകളയണമെന്നുള്ള വീരവാദത്തൊട്ടും കൂടെ ചില പുകപടികൾ മുഴക്കിത്തുടങ്ങി. ഇതിനെസംബന്ധിച്ചു ഈ ദുരാലിയാഡിനൊടു എതുക്കു

ന്നാരിന്നു അവ ചെറുദാഹീദും ബ്രഹ്മണരും ഒഴികെ മറ്റുള്ളവരെല്ലാം ക്രിസ്തുമത സഭയുടെ കീഴുദ്യോഗക്കാർ മാത്രമല്ലാതെ പേരൊന്നുമില്ലായിരുന്നു. അതായതു നമ്മുടെ സമുദായമുപദേശി ചെങ്ങന്നൂർക്കാരൻ കുഴിവിൽ ചാണ്ടി യെന്നാളും സമുദായവും ക്രിസ്തു അക്ഷരാത്മസ്വരൂപത്തിൽ നാലഞ്ചു ഏഴുത്തുകൾ ടി-യാനെ കൊടുത്താറെ കൈപ്പറ്റിയും കൊണ്ടു പോംപടി തിരുന്ന കാഴ്ചയിൽ ഉപരി കാണിച്ചിട്ടില്ലേ ഭേദനകളും ചക്കും ചകാലയും ക്രിസ്തു കാണുന്ന കറുപ്പും ഇടകിടെ കാണിച്ച ചേഷ്ടകളും അപ്പഴപ്പോൾ ഉണ്ടാകുന്ന വക്കുവാതെ വായനക്കാരെ ഗ്രഹിപ്പിപ്പാൻ പര്യാപ്തമല്ലവും തിയാകുന്നില്ല. യേശുക്രിസ്തു ജഡത്തിൽ വന്നുയെന്ന സമ്മതിപ്പാൻ കഴിയാത്ത ഈ ഭൂതാത്മാവു എന്ന വച്ചാൽ ദേഹാശ്രയം തന്നെ വാദങ്ങളെ പുറപ്പെടുവിപ്പാൻ കഴിയാതെവൻ തന്നെ ധിഷ്ണാവും കൊണ്ടു പ്രസംഗസ്ഥലമായ കിണുവള്ളിൽ എന്നുവിട്ടു ഈ വാസം മുന്നൂറ്റെ-ഉദ്ദേശം മൂന്നമണിക്കു ടി- ചാണ്ടി ഉപദേശിയുടെ പ്രസംഗ മദ്ധ്യേ പന്ന സാല്ലനേരം കേട്ടതിൽ തന്നെ കുടികൾക്കു മുറിയേറ്റുമെന്ന കരുതി സഭയെ ഒരുവിട്ടിൽപോയിതാമസിച്ചു. പ്രസംഗം നിന്നിയപ്പോൾ വീണ്ടും പന്ന ചില വിധിവൈരുദ്ധങ്ങൾ എഴുന്നെള്ളിച്ചതിൽ നോക്കിയെയ്യു ചോദിച്ചപ്പോൾ എല്ലാം കേവു എന്നു പെരിപ്പെടുകയും തക്കതായ സമാധാനം പറയാതെയും രേഖാമൂലമായ ദുഷ്പേടികൾ ചോദിച്ചാറെ ഒന്നും പറയാതെയും അപ്പോൾ കൂടിയിരുന്ന സ്വജാതികളും പുറജാതികളുമാകുന്ന ബഹുജനത്തിൻ മുമ്പിൽ തന്നെ നന്നായ പെരിപ്പെടുപോകയാൽ മേല്പറഞ്ഞ ടേടൻ ഇന്നാണ്ടു കഴുമിൻ * എന്ന ഒരു ശബ്ദം പുറപ്പെടുവിക്കയും പടലകക്കാരൻ മുതൽ പേരു തോറ്റു തോറ്റു എന്നും സലാം സലാം എന്നും മൈനും മൈനും എന്നും ഈയാളോട് പറവാൻ തക്കവിധമില്ലെന്നും പറഞ്ഞു സത്യംചെയ്തു തള്ളി ഒഴിഞ്ഞു അത്തരുപള്ളിക്കു റോഡിൽ ഇറങ്ങി ഒരു മഹാ ശബ്ദത്തോടു അതിശീഘ്രമായ കിഴക്കുള്ള വൻകാട്ടിലേക്കുള്ള ചെയ്യുന്ന യാത്രയിൽ ഇടകിടയെയുള്ള ശോഷ്ടികളും ചേഷ്ടകളും എന്നാരുമെന്നു വിവരിപ്പാൻ എന്നെറ പ്രിയപത്രാധിപരെ വളരെ പ്രയാസം തന്നെ. ഈ യാത്ര അച്ചൻകോവിൽപാത വഴിയായി കുമ്പിലേക്കോ വല്ല അടുത്ത സ്ഥലങ്ങളിലേക്കോ യിഹൂദ സഭയുടെ നിയമലംഘനക്കാരായ മനുഷ്യരുടെ അന്തർഭാഗങ്ങളിലേക്കോ എന്നും അറിയുന്നില്ല. ഈ സന്ദർഭങ്ങളിൽ ഒക്കെയും ഈ വിധം അക്രമങ്ങളെ തന്നെറ മകളിൽ പ്രവൃത്തിക്കുന്ന ഈ നശീകരണദുരാത്മാവിനെറ മേൽ പ്രതികാരത്തിനായിട്ടു പെറമാതാപായ സുറിയാനിസഭ തന്നെറ കണ്ണുകളെ തന്നെറ ഉണവാളനായ യേശുക്രിസ്തുവിങ്കലേക്കു ഉയർത്തി മനോവേദനയോടും ക്രോധം കണ്ണീർ ഒഴുക്കുന്ന എന്നല്ലാതെ എന്തു പറവാനുള്ളു. തന്നത്താൻ മുറിപ്പെടുത്തിയുംകൊണ്ടു ഗദറായദേശത്തു ശവകല്ലറകളുടെ ഇടയിൽ ഓടിക്കൊണ്ടിരുന്ന പിശാചു ബാധിതനെക്കുറിച്ചു കാണികൾ ചിരികയും സന്തോഷികയും ചെയ്തിരിക്കുമെങ്കിലും അവനെറ പെറ തള്ളയുടെ മനസ്സാപം എന്മാത്രമായിരിക്കുമെന്നു മാന്യവായനക്കാരെ നിങ്ങൾ തന്നെ വിധിപ്പിൻ.

* ഈ പദത്തിൻെറ അർത്ഥം പിന്നീട് രിരികിയുൽ, തരമുള്ളപോലുകെ വേണ്ടു എന്നത്രെ. കണ്ടറിഞ്ഞവൻ.

"കപ്പൽ ചേതം" (തുടർച്ച)

കപ്പൽ ചിന്നഭിന്നമായി പോകുമെന്നും അതിനെ രക്ഷിക്കുന്ന കായ്മാനസാദ്ധ്യമാകയാൽ അവർ മുങ്ങി ചത്തുപോകാതിരിക്കയില്ലെന്നുള്ള വിശ്വാസം അവരിൽ സ്ഥിരീകരിക്കുകയും ചെയ്തു. അപ്പോൾ മുൻ പറഞ്ഞ തടവുകാരൻ അവരുടെ വിചാരങ്ങളെ അറിഞ്ഞിട്ടു തീരെയോടെ ഭയങ്കര കാഴ്ചകൾ കണ്ടു ഭീരുവും ഭ്രമിച്ചും ഇരിക്കുന്ന ശതാധിപനോടും കപ്പിത്താൻ മുതൽപേരോടും കടലലച്ചുകളുടെ ശബ്ദാരവങ്ങളിനിടയിൽ കേൾപ്പാൻ തക്കവിധത്തിൽ ഉറക്കെ ബഹുസാവധാനത്തോടു "നിങ്ങൾ എന്നെറ വാക്കിനെ വിശ്വസിച്ചു ക്രേത്തിൽനിന്നു പുറപ്പെടാതെ ഇരുന്നു എങ്കിൽ ഈ ആപത്തും നഷ്ടവും വരുന്നതല്ലായിരുന്നു. അതുപോകട്ടെ ഇനിഎങ്കിലും എന്നെനിങ്ങൾകേശപ്പിൻ. ഈ ഭയങ്കരമായ സമുദ്രകോപം നിമിത്തം നിങ്ങളിൽ ആരും അപ്പൈയ്പ്പെടേണ്ടാ. കപ്പലിനും ചരക്കുകൾക്കും മാത്രമല്ലാതെ നമ്മളിൽ ആർക്കും ഒരു രോമത്തിനും പോലും നഷ്ടംവരികയില്ല. എന്തുകൊണ്ടെന്നാൽ ഞാൻ സേവിക്കുന്നവനും കടലും കരയും സൃഷ്ടിച്ചവനുമായ ദൈവത്തിൻെറ ദൂതൻ ഈ രാത്രിയിൽ എൻെറ അടുക്കൽവ

ന്ന പൌലോസെ പൌലോസെ നീയെപ്പോഴേടോ. നീ കേസരിന്റെ മുമ്പാകെ നിന്നുണ്ടതുകൊണ്ട, അന്ത്യയുഷ്കാലത്തിനോട്ടുകൂടെ ക്രൂയാണം ചെയ്യുന്ന കൃപാവരത്തെയും നിനക്കു ദൈവം നൽകിയിരിക്കുന്നു എന്നു പറഞ്ഞു. അതിനാൽ പുരുഷന്മാരെ പെടുപ്പിച്ചുകൊൾവീൻ. ദൈവപുത്രന്റെ വചനം പൂർത്തിയാകുമെന്നു ഞാനുപൂർണ്ണമായി വിശ്വസിക്കുന്നപ്രകാരം നിങ്ങളും വിശ്വസിപ്പീൻ. എന്തെന്നാൽ അതു സത്യമായിട്ടുള്ളതാകുന്നു എന്നുപറഞ്ഞു. ഇതു കേട്ടപ്പോൾ പടയാളികളും തമ്മിലിടിച്ചു മുമ്പെ കൈ ഓങ്ങിയതിനുതുല്യം അവൻ പറഞ്ഞതുപോലെ സംഭവിക്കുന്നുണ്ടെന്നു വിചാരിച്ചും പേടിച്ചു വിറച്ചു അവനെക്കുറിച്ചുണ്ടായിരുന്ന അനാദരത്തെ ദൂരീകരിച്ചുകൊണ്ടായി അവനു ഒരു ദൈവത്തിന്റെ ആൾതന്നെയെന്നു വിചാരിച്ചവരുഞ്ഞു അപ്പനെ വിശ്വസിച്ചു അവനെ അത്യന്തം ബഹുമാനത്തോടെ അനുഗമിക്കുകയും ചെയ്തു. ഇപ്രകാരം കാപ്പിത്തവനാകുവാനുള്ള കാരണങ്ങളേയും തൊഴിലിനെയും കഴിച്ചു കപ്പിത്താനും ഉദ്യോഗസ്ഥന്മാരും അഭിപ്രായപ്പെട്ടതിൽ ശതാധിപൻ പൌലോസിന്റെ സകല വൃത്താന്തങ്ങളും സഹിസ്കാരമായി പറഞ്ഞുകേൾപ്പിക്കയും ചെയ്തപ്പോൾ അവർ അവനെ അതിരില്ലാതെ സ്നേഹിക്കയും ബഹുമാനിക്കയും അനുസരിക്കയും ചെയ്തു. തദനന്തരം പൌലോസ കപ്പലിലുള്ളവരോടു നിങ്ങൾ യാതൊന്നും ഭക്ഷിക്കാതെ ഇങ്ങനെ ഉപവസിച്ചിരിക്കാൻ ഇടയീടിന്നു പതിനാലു ദിവസങ്ങൾ ആയിരിക്കുന്നു. അതിനാൽ നമുക്കൊല്പവുംകൂടി കൈവല്ലതും ഭക്ഷിച്ചുകൊള്ളുകയാണു നല്ലതു. താല്ലുങ്കിൽ നീന്തി കരയണയുവാൻപോലും പ്രാപ്തിയില്ലാതെയായി കടലിൽതന്നെ കിടന്നു സിദ്ധി മുട്ടിപ്പോകുമെന്നപറഞ്ഞു. തങ്ങൾക്കു ഈ അവസരത്തിൽ യാതൊന്നും ഭക്ഷിക്കുന്നതിനും കൂടിക്കുന്നതിനും ആശയും ആഗ്രഹവും ഇല്ലാത്ത വ്യാകുലസമയമെങ്കിലും പൌലോസിനെ മഹാകായ്മയായി വിചാരിച്ചിരുന്നതിനാൽ അദ്ദേഹത്തിന്റെ നിർബ്ബന്ധപൂർവ്വകമായുള്ള വാക്കുകളെ സ്വീകരിച്ചു അവരാൽ കഴിയുംപ്രകാരം ഒല്പം ക്രമമായി ഭക്ഷണത്തെ ഉണ്ടാക്കി എല്ലാവരുടെയും മുമ്പാകെ ദൈവത്തിനു സ്തോത്രംചെയ്തു അനുഭക്ഷിച്ചുതുടങ്ങി. അപ്പോൾ എല്ലാവരും ധൈര്യപ്പെട്ടവരായി തങ്ങളും ഭക്ഷണം കഴിച്ചുതുടങ്ങി. അവരായതിന്റെ ശേഷം ശിഷ്ടമുണ്ടായിരുന്ന കോതമ്പിനെയും കടലിലേക്കുതന്നെ എറിഞ്ഞു കളഞ്ഞു കപ്പലിന്റെ ഭാരം കുറച്ചു. ഭക്ഷണാനന്തരം തങ്ങൾക്കെല്ലാവർക്കും വിശേഷാൽ ഒരുന്മേഷം തോന്നി. താമസമെന്യേ വരുവാൻ പോകുന്ന കഷ്ടനഷ്ടങ്ങളെക്കുറിച്ചു യാതൊരു ക്രമവും ക്രമമതെ പൌലോസിൽ തന്നെ ആശ്രയിച്ചും കൊണ്ടിരുന്നു. ഏകദേശം ഉച്ചയായപ്പോൾ അവർ കരയിലേക്കുള്ള ഒരു മാർഗ്ഗം കണ്ടുപിടിച്ചു. കഴിയുമെങ്കിൽ കപ്പൽ അതിലേക്കുടെ കടത്തണം എന്നു വിചാരിച്ചവർ നംഗ്രത്തെ മുറിച്ചു കടലിൽതന്നെ ഇട്ടു. പുങ്കന്റെ കെട്ടും അഴിച്ചുവിട്ടു. ഒരുവലിയ പായും കേറ്റി കരയ്ക്കു നേരെവിട്ടു. മാർഗ്ഗമദ്ധ്യേവച്ചു കപ്പൽ ഒരു ഭയങ്കരമായ മണൽക്കുമ്പലിന്മേൽ ഉറക്കയും ഓളങ്ങളുടെ ശക്തികൊണ്ടു കപ്പലിന്റെ പലകകൾ ഇളകി ചിന്നഭിന്നമായി പോകയും കപ്പൽ അഗാധത്തിലേക്കു താണുപോകയും ചെയ്തുപ്പോൾ കാവല്പെട്ടവർ ഒരുത്തരും നീന്തി ഓടി പോകാതിരിപ്പാൻ അവരെ വെടിക്കൊല്ലണമെന്നു ആയുധകാർ വിചാരിച്ചു എന്നാൽ സേനാധിപൻ അവരുടെ ആലോചനയെ വിരോധിച്ചു നീന്തുവാൻ കഴിയുന്നവർ മുമ്പെ കടലിൽചാടി കരകുടുവാനും നീന്തുവാൻ പാടില്ലാത്ത ചിലർ പലകകളുടെമേലും ചിലർ ചെറു ഞോളുകളുടെമേലും ചിലർ കപ്പലിന്റെ ശേഷിച്ചുള്ളതുടെമേലും പിടിച്ചു കരയിൽ എത്തുവാനും കല്പിച്ചു. പൌലോസും സേനാധിപനും കല്പിച്ചതനുസരിച്ചും ഉദ്യോഗസ്ഥന്മാരും കപ്പലിലുള്ള ഒരുനല്ല ചെറുവഞ്ചിയിൽ കേറി കരകടന്നു. പൌലോസിന്റെ വചനപ്രകാരം ആരുടെയും പ്രാണഹാനിക്കു സംഗതിയാകാതെ എല്ലാവരും കരകടത്തി സുരക്ഷിതത്തിൽ നിന്നു രക്ഷപ്പെടുകയും ചെയ്തു

ഹാ, മാന്യവായനകാരാ നാം ഓരോരുത്തരും ഇപ്പോഴും ഒരു മഹാസമുദ്രത്തിൽ കിടന്നുഴലുന്നുണ്ടു. അതെ പാപമെന്ന മഹാസമുദ്രത്തിൽതന്നെ. സാത്താൻ എന്ന കൊടുങ്കാറ്റു നമ്മുടെ ശരീരമാകുന്ന കപ്പലിനേയും അതിലുള്ള വിലമതിക്കാവുതല്ലാത്ത ചരക്കുകളെ ആത്മാവിനെയും നശിപ്പിപ്പാൻ വേണ്ടി തിരമാലകളായ ദുഷ്ചിന്ത, കള, വ്യഭിചാരം, വേശ്യാദോഷം, മോഷണം, കള്ളസ്സാക്ഷി, ദൈവദൂഷണം, നിഗളം, അന്യായ, ദുർമ്മോഹം മുതലായവയെ കൊണ്ടുവന്നു നമ്മുടെ കപ്പലിനെയും അതിലുള്ള ചരക്കിനെയും അഗാധത്തിലേക്കുതാഴ്ത്തുകയുവാൻപരിശ്രമിക്കുന്നു. എന്നാൽ ഈ കാറ്റിലും തിരമാലകളിലും അകപ്പെട്ടുതകർന്നുപോകാതിരിപ്പാൻ നാം പ്രത്യേകം സൂക്ഷിച്ചാൽ നിത്യാനന്ദകരമായ പരമാനന്ദത്തിന്റെ തീരത്തിലേക്കു സുരക്ഷിതമായിപരിണമിക്കുന്നതാകുന്നു.

കപ്പലിൽ ഉണ്ടായിരുന്നതെല്ലാം പോയിട്ടുണ്ടെന്നും കപ്പിത്താനും മുഖ്യന്മാരുമായ ഏതാനും ചിലരങ്ങളെ കാണുന്നില്ലെന്നും തിരമാലകളുടെയും ഉഗ്രതയാൽ കടലിലേക്കു എറിഞ്ഞു കളഞ്ഞതുപോലെ ദൈവം നമ്മെ സൃഷ്ടിച്ചു അനുഗ്രഹിക്കുന്ന വിലയേറിയ ചരക്കിനെയും കോടി ജീവിയാക്കുന്ന ഈ മായ എന്ന സമുദ്രത്തിലേക്കു അയച്ചിട്ട്, നമ്മിൽനിന്നു പോയതെല്ലാം തിരിച്ചുമെന്നാശിച്ചു അതിനെയും സ്നേഹിച്ചും, മോഹിച്ചും മുതലായവരെ ആശ്രയിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ മേൽപറഞ്ഞ തിരമാലകൾ വന്നു നമ്മെയും ആത്മാവിനെയും നശിപ്പിച്ചുകളയാൻ സംഗതിയായാൽ, കപ്പലിനെ പോലെയും കരപ്പറ്റുന്നായി ആ കപ്പിത്താൻ യഹൂദിയാകിലെ വിശേഷപ്പെട്ടകേതനും ഈ ഗിലെ മേൽത്തരമായ പീലാപ്പണ്ണ ചുമന്നുകൊണ്ടുകൂടെയും കടലിലേക്കു എറിഞ്ഞുകളഞ്ഞതുപോലെ ദൈവം തന്റെ കൃപയിൽ ഉണ്ടാകിയ കോതമ്പായ നമ്മുടെയും മേൽത്തരമായ ആത്മാവിനെയും അതിക്രമതയിയ നരകാഗ്നിയിലേക്കു ഇട്ടുകളഞ്ഞാൽ ആ നരകം നമ്മെ ഇട്ടുകളയുന്നുണ്ടോ എന്ന തന്റെ വലത്തുഭാഗത്തു മഹത്വത്തോടിരിക്കുന്ന ശുദ്ധാത്മാക്കൾ തോന്നുമ്പോൾ തക്കവണ്ണം നാം അയിരീരുതരുതെ.

കെ.

മാവേലിക്കര ന്യാകോബായ സുറിയാനി സുവിശേഷപ്രസംഗസംഘം

ഈ സംഘത്തിനു നിന്നും പ്രസംഗത്തിനായി പുറപ്പെട്ടവർ ഏഴു ശെല്ലാ സ്ഥലങ്ങളിൽ പ്രസംഗവേല നടത്തി എന്നു അറിവാൻ അനുഗ്രഹമുള്ളവരുടെ അറിവിനുവേണ്ടി പത്രാധിപരവർകളെ താഴെപറയുന്ന വാർത്ത താങ്കളുടെ അടുത്ത പത്രികയിൽ പ്രസിദ്ധപ്പെടുത്തണമെന്നു അപേക്ഷിക്കുന്നു.

പ്രസംഗത്തിനായി കഴിഞ്ഞ ധനു ൨൰ാം൰ പുറപ്പെട്ടു. ആദ്യമായി മാന്നാർ പള്ളിയിലും പിന്നീടു മേപ്രാടം, വീയപുരം, നീലംപേരൂർ, കുറിച്ചി, ചങ്ങനാശ്ശേരി, പുതുപ്പള്ളി, കോട്ടയം, ചെങ്ങന്നൂർ, പുത്തൻകാവു വലിയപള്ളി, ടി. ചെറിയപള്ളി, കല്ലുശ്ശേരി, ഉമയാറുകര ഈ സ്ഥലങ്ങളിലും സുവിശേഷവേല നടത്തി തിയ്യതി മാവേലിക്കരെ ചെന്നു ചേരുകയും ഈ മാസം ൩൰ാം൰ ടി. സംഘത്തിന്റെ അഞ്ചു വാർഷീകയോഗം നടത്തുകയും ചെയ്തു. ഈ സ്ഥലങ്ങളിലൊക്കയും കേൾവിക്കാരായി വളരെ ആളുകൾ കൂടുകയും ഈ പുറപ്പാടിനെക്കുറിച്ചു വളരെ സന്തോഷമായി പലർ പ്രസ്താവികയും ചെയ്തിട്ടുണ്ടു. എന്തെന്നാൽ മേൽപ്പറയപ്പെട്ട ഒരു വേല ഈ ബലഹീനന്മാരെകൊണ്ടു ഇത്ര ദൂരം നടത്തിപ്പാൻ ഇക്കുറി തോന്നിയ ദൈവത്തിനു ഞങ്ങൾ സ്തോത്രം ചെയ്യുന്നു. ക്രമേണ പുതുപ്പള്ളി, ചെങ്ങന്നൂർ ഈ സ്ഥലങ്ങളിൽ ഇതു പോലെ ഒരു സംഘം ഏർപ്പെടുത്തി നടത്തണമെന്നു ഞങ്ങൾ അപേക്ഷിച്ചപ്രകാരം സംഘം സ്ഥാപികയും ക്രിസ്തുവിനെക്കുറിച്ചുസ്നേഹവും ആത്മാക്കളുടെ രക്ഷയിൽ ആശയുമുള്ള പല സഹോദരന്മാർ സുവിശേഷവേലയ്ക്കായി എഴുനേല്ക്കുകയും പലർ തങ്ങളുടെ ധനം കൊണ്ടും മറും അവരെ സഹായിപ്പാൻ ഒരുങ്ങുകയും ചെയ്തിരിക്കുന്നതിൽ അത്യന്തം സന്തോഷികയും ടി. സംഘങ്ങൾ ബലപ്പെട്ടു ദൈവത്തിനു മഹത്വമുള്ള ഫലങ്ങൾ പുറപ്പെടുവിപ്പാൻ തക്കവണ്ണം ആകുകിതീക്കുന്നതിനു ദൈവത്തോടു പ്രാർത്ഥികയും ചെയ്യുന്നു. ടി. സംഘങ്ങളുടെ ഉത്സാഹികളും നടത്തിപ്പുകാരും തങ്ങൾ ഭരമേറിയിരിക്കുന്ന സംഗതിക്കുള്ള

വഞ്ചിനെറ മുമ്പാകെ കണക്ക കൊടുക്കേണ്ടവൻ തുകകൊണ്ടു തങ്ങളുടെ മുഴുകാലുകൾ തണുന്ന പോകാതെയും ഹൃദയം ക്ഷീണിച്ചുപോകാതെയും ഇരിക്കുന്നതിനു തങ്ങളിൽ ഒരു നല്ലപ്രവൃത്തിയെ ആരംഭിച്ചവൻ അതു അവസാനത്തോളം കാത്തു സൂക്ഷിക്കും എന്നു വിശ്വസിച്ചു ബലഹീനന്മാരിൽ തനെറ ബലത്തെ പൂർത്തിയാക്കുന്ന ദൈവത്തിൽ ശരണപ്പെടണമെന്നു അവരെ ഓർമ്മിപ്പിച്ചും കർത്താവിനെറ അത്യുകല്പനയെ അത്യല്പമായിട്ടെങ്കിലും നിറവേറുന്നതിനും തങ്ങളുടെ യജമാനൻ വരുമ്പോൾ തങ്ങളെ ഏൽപ്പിച്ചിട്ടുള്ള താലന്തു ലാഭത്തോടു കൂടെ തിരികെ ഏൽപ്പിക്കുന്നതിനും അന്ധകാരത്തിൽ ഇരിക്കുന്ന ആത്മാക്കളെ പ്രകാശത്തിലേക്കു കൊണ്ടുവരുന്നതിനും ആയി ഇതു പോലെ സുവിശേഷസംഘം ഏറ്റെടുത്തി നടത്തുന്നതിനുടി. സമുദായത്തിലുൾപ്പെട്ട എല്ലാ സ്ഥലങ്ങളിലുമുള്ള എല്ലാവരോടും ഞങ്ങൾ അപേക്ഷിക്കയും ചെയ്തുകൊള്ളുന്നു.

ഞങ്ങളുടെ യാത്രയിൽ തങ്ങളുടെ ആലോചനകളാലും മറു പലതരമായ സഹായങ്ങളാലും ഞങ്ങളെ സഹായിച്ച എല്ലാ ബഃപട്ടക്കാർക്കും സഹോദരന്മാർക്കും ഞങ്ങൾ നന്ദി പറകയും നല്ലതായുള്ള അവരുടെ പ്രയത്നങ്ങൾക്കു ഒന്നു മുപ്പതും അറുപതായും നൂറായും പ്രതിഫലം കൊടുക്കുന്നതിനു ബലഹീനമുള്ള ഞങ്ങളുടെ പ്രാർത്ഥനകൾ ദൈവസന്നിധിയിൽ ഞങ്ങൾ അണയുമ്പോഴും മേലാലും എല്ലാവരുടെയും നമസ്കാരങ്ങളും മറെറല്ലാ വിധ തുണകളും ഞങ്ങളുടെ സംഘത്തിനു ആയിയാചിക്കയും ചെയ്തുകൊള്ളുന്നു.

കർത്താവിനു വാസ്തു കൊടുക്കുന്നതു നഷ്ടമായിപോകുമെന്നു അരുതു വിചാരിക്കരുതെ. നിങ്ങളുടെ അനിത്യധനംകൊണ്ടു നിത്യധനം സമ്പാദിപ്പീൻ. എന്നു

അഭ്യുദയാപ്രകാരം.

വിശേഷവർത്തമാനങ്ങൾ.

മൈസൂർ— കരകൌശലശാലകൾക്കായി മൈസൂർ ഗവർമ്മെണ്ടു രൂപ്പിടെ ഒരു ലക്ഷം രൂപാ നീക്കിവച്ചിരിക്കുന്നു.

ഒരുനു ഫൈറ്റോണിൽ ഗവർമ്മെണ്ടു വക്കീലായിരുന്ന മോറിസ്ഠാർ പിച്ചിഗ്രാൻറ് എന്നാൾ മരിച്ചുപോയിരിക്കുന്നു-

മൈസൂരായി അവർകൾക്കു ഒരു ജ്വരം പിടിപെട്ടിട്ടു പൂർണ്ണ സുഖം പ്രാപിക്കാതിരിക്കുന്നതുകൊണ്ടു കടലയാത്ര ചൊല്ലണമെന്നു ഡാക്കോരന്മാർ അഭിപ്രായപ്പെട്ടതനുസരിച്ചു ചെയ്യുവാനുണ്ട്- ഉടനെ പുറപ്പെടുന്നതിനു ഭേദം ഇണ്ടെന്നു-

ചക്രവർത്തിനി നിക്കോളസ്സിലെ രാജകുമാരനായ ബാറൻബർഗ്ഗിലെ ഫ്രെൻറിക്കിനെ ഒരു സഹായകനായി നിയമിച്ചു കൂടുതൽ പട്ടണവാസികൾ ഒരു സഹായകനെ നിയമിക്കുന്നതിനു ഭാവിക്കയും ചെയ്തിരിക്കുന്നു.

പാലുവാഴയുടെ തൊലി കളഞ്ഞു അതിനുള്ളിലുണ്ടാകുന്ന പൊടിച്ചു നൂറെടത്തോൽ ക്രമപ്പെടുത്തി അപ്പോലെയും മാറും ഒരു നല്ല ഭക്ഷണപദാർത്ഥമായിരിക്കുമെന്നും പട്ടരെക്കാളും കേടുകൂടാതിരിക്കുമെന്നും ഒരുപന്നു പ്രസ്താവിക്കുന്നു.

മലയാളി വിവാഹബിൽ രണ്ടു വാരത്തിനുശേഷം ഉണ്ടാകുന്ന മദിരാശി നിയമ നിർമ്മാണ സഭയിൽ ആലോചനയ്ക്കു എടുക്കപ്പെടുന്നതാണ്

ശ്രീമതി പാർട്ടിമെന്റിൽ നൂറ കൊല്ലം തുടരെ ഒരു സഭാംഗികനായിരുന്ന ഒരാൾ രണ്ടുകൊല്ലത്തിനകം രണ്ടാമതും ജനനദിവസം കഴിച്ചിരിക്കുന്നു.

കഴിഞ്ഞ ഏപ്രിൽ-ൽ പാർലിമെന്റിലേക്കു നടന്ന കോട്ടേജിൽനിന്ന ഒരു പേർ ക്രൂട്ടിയിരുന്നതിൽ നാലുപേരെ ജയിച്ചിട്ടില്ല. കോട്ടയം ഡിസ്ട്രിക്ട് കോട്ടേജിൽ നിന്ന മറ്റൊരു എട്ടുപേർ ജയിച്ചതു ചരിത്രമായിരിക്കുന്നു.

അമ്മനിയായിൽ സാന്റൻ എന്ന സ്ഥലത്തു നടന്നതായി പ്രസ്താവിച്ചിട്ടുള്ള കലകളെപ്പറ്റി അന്വേഷണം ചെയ്യാൻ ഏർപ്പെടുത്തപ്പെട്ടിരുന്ന കമ്മീഷനെ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതിൽ നിന്നു ഇതുനെക്കുറിച്ചു നടന്നിട്ടുള്ള കേൾവി വളരെ അധികമായിരുന്നു എന്നും സാന്റൻ എന്ന സ്ഥലത്തു നാല്പതുകൊല്ലം മാത്രമെ കലപ്പെടിട്ടുള്ളു എന്നും ഡിസ്ട്രിക്ട് മുഴുവൻ നാല്പതു മുതൽ കടന്ന ഗ്രാമങ്ങളിലും നശിച്ചിട്ടുണ്ടെന്നും കാണുന്നു.

തിരുവിതാംകൂറിൽ അടുത്ത ഒഴിവിനു ദിവാനായി മദ്രാസ് നിയമനിർമ്മാണ സഭാ മെമ്പർ ആണറബിൾ ശങ്കരൻ നായരുടെ പേരുകളെ നിശ്ചയിക്കുവാൻ പോകുന്നു എന്നു സ്റ്റാൻഡേർഡ് പത്രം പ്രസ്താവിക്കുന്നു. ഇതു ആ പത്രകാരന്റെ അനുമാനം പറഞ്ഞു എന്നല്ലാതെ യഥാർത്ഥസംഭവമായി വരുമോ എന്നു സംശയമാണു.

തിരുവിതാംകൂറിൽ വജനാസ്ഥാപ്പു ദീനംമൂലം ഉദ്യോഗം ഒഴിവാൻ പോകുന്നതായി അറിയുന്നു. ഈ വേലയ്ക്കു 600 രൂപാ ശമ്പളം ഉണ്ടു. 10,000 രൂപായുടെ ജാമ്യവും വേണം. മാറുന്നസ്ഥിതിനെപ്പറ്റി ഒരുമനുഷ്യനും ആലപ്പുഴ കച്ചവടംചെയ്യുന്നും ഈ ഒഴിവിലേക്കു അപേക്ഷിച്ചിട്ടുള്ളതായി കേൾക്കുന്നു. ഒ.മ.

സിലോണിൽ സർക്കാർ ഉദ്യോഗമുള്ള ഒരു വെള്ളക്കാരൻ മഹമ്മദു സ്ത്രീയിൽ ചേർന്നിരിക്കുന്നു. സ്വന്തഭാര്യയെ ഉപേക്ഷിച്ചു വേറൊരുസ്ത്രീയെ വിവാഹം ചെയ്യാൻ വേണ്ടിയാണു ഇതു ചെയ്തതെന്നു ഉടനെ ഉണ്ടായ വിവാഹംകൊണ്ടു പ്രത്യക്ഷമായി. സ്വന്തഭാര്യയെ ഉപേക്ഷിച്ച കൌശലത്തിൽ പുനർവിവാഹം ചെയ്തിരിക്കുന്നതു നിയമത്താൽ ശിക്ഷിക്കുന്നതുകൊണ്ടുകൂടിയും സിലോൺ ഗവർമ്മെണ്ടു ജയാളെ പണിയിൽനിന്നു പിരിച്ചിരിക്കുന്നു.

വരാപ്പുഴ മിഷ്യനിൽനിന്ന ചില പാതിരിമാർ ചേർന്നു ഒരു അസിസ്റ്റാണ്ടു ബിഷോപ്പിനെ കിട്ടുവൻ കമ്പിമാർഗ്ഗം പാപ്പായോടു അപേക്ഷിച്ചിരിക്കുന്നു. അപേക്ഷയിൽ ഒരു വിശേഷം ഉണ്ടു. ഇതാല്യാ ജാതിക്കാരനല്ലാതെ മറ്റു ജാതിക്കാരൻ ആയിരിക്കരുതെന്നാണു. റോമാ സുറിയാനിക്കാർക്കു ബാധ്യൽ കൽദായക്കാരായിരിക്കണം മെത്രാന്മാരായി കിട്ടുന്നതു എന്ന അപേക്ഷയുണ്ടു. വരാപ്പുഴക്കാരുടെ അപേക്ഷ, അച്ചനു ഇച്ഛയായതും പാൽ, പൈതനു ചൊന്നതും പാൽ എന്നപറഞ്ഞതുപോലെയാകകൊണ്ടു സാധിക്കാതിരിക്കയില്ല. മറവരുടേതു പാഴപണിയാകയെ ഉള്ളു.

മരണം—നമ്മുടെ വിക്ടോറിയാ ചക്രവർത്തിനി തിരുമനസ്സിലെ ഇളയ മകളായ ബിയാട്രീസ് കുമാരിയുടെ ഭർത്താവായിരുന്ന ബാറൻബർഗിലെ ഹെൻറി രാജകുമാരി കൂപ്പൊയിരിക്കുന്നു. ആഫ്രിക്കായിൽ നടന്നപരുന്ന ഒരു ചൊറിയ യുദ്ധത്തിൽ ചില രോഗം പിടിച്ചു നടന്നുവാൻ സാധിക്കപോയിരുന്നപ്പോൾ മലമ്പനി പിടിച്ചു. മടക്കയാത്രയിൽ കപ്പലിൽവച്ചാണു നിര്യാണം പ്രാപിച്ചതു. ദേഹം സുഗന്ധവസ്തുക്കൾ പൂശി ഇലാന്തിയിൽ കൊണ്ടുപോയിരിക്കുന്നു. ഈ രാജകുടുംബത്തിനു മാതാപിതാക്കന്മാർക്കു സാധാരണയായി കാണുന്നതിൽ അധികം വാത്സല്യം ഉള്ളതാണെന്നു കാണുന്നു. ചക്രവർത്തിനിക്കു ഒരു ഖാദ്ധ്യത്തിൽ ഇതൊരു സഹിച്ചുകൂടാത്ത വ്യസനമായിരിക്കും.

ഒരു കണ്ടുപിടിത്തം—ഈറാത്തു പവ്വത്തിൽ നൊവയുടെ പെട്ടി ഇപ്പോൾ

ചരിത്രപ്രസിദ്ധനും ജോൺ സെയ്സ്ബറി എന്ന പേരായ ഒരു പുരോഹിതനായ അക്കദയാക്കൊൻ കണ്ടുപിടിച്ചു എന്നും പെട്ടി മിക്കവാറും ചിമന്റിൽ മൂടിയിരിക്കുന്നു എന്നും ഒരു പത്രം പറയുന്നു. ഇപ്പോൾ ൫൦൦ വാര നീളവും ഹൈന വാര ഉയരവും ഉണ്ടത്രെ. തടി മുഴുപ്പനിരമാണ്. ഇരുമ്പുപാലെ കട്ടി പിടിച്ചിരിക്കുന്നു. പാർശ്വത്തിൽ ഉണ്ടാക്കുവാൻപോകുന്ന വലിയ എഞ്ചിനുവിശ്വസിച്ചിൽ ഒരു പെട്ടി ഹാജരാക്കുകപ്പെട്ടും യന്ത്രംമായി അതിനെ ജാക്കി കൊണ്ടുപോകുന്നതിനു അക്കദയാക്കൊൻ ശ്രമം ചെയ്യുന്നുപോലും.

* * *

ഈജിപ്തിലെ—ഇപ്പോൾ ടർക്കിയുടെ കലക്ടർക്കുകീഴിൽ തുർക്കി ഗവർമ്മെന്റിനെ ക്രിസ്ത്യാനിരാജാക്കന്മാരെ എപ്പോഴും കൂടി പൊടിച്ചുകളയുമെന്നു വിചാരിച്ചിരുന്നു. ജർമ്മനിയും റഷ്യയും ഓസ്ട്രിയയും ഫ്രാൻസും എന്നുവേണ്ടാ പ്രധാന ക്രിസ്ത്യാനിരാജാക്കന്മാരെല്ലാം തന്നെ കാര്യത്തിൽ കുറെ നാളുകൾ ഗൗരവം ഭാവിച്ചു. തുർക്കിയുടെ ഭയം പൊട്ടിക്കുവാൻ തീരുമാനിച്ചു. കടലിൽ ഓസ്ട്രിയായിൽ പരിഷ്കാരം വരുത്തുവാൻ തുർക്കി സമ്മതിച്ചിട്ടിരുന്നപ്പോൾ ഇംഗ്ലണ്ട് അതിനെ എതിർത്തു. ശക്തിയുണ്ടെന്നും പറഞ്ഞു ക്രിസ്ത്യാനിരാജാക്കന്മാർ പിൻമാറിയിരുന്നു. ഇപ്രകാരം പിന്മാറുന്നതിനു കാരണം തുർക്കിയുമായി യുദ്ധം ചെയ്യുവാൻ രാജ്യം കൈവശപ്പെടുത്തിയിരുന്നതിനാൽ ഭാഗിച്ചു എടുക്കുന്ന കാര്യത്തിൽ തമ്മിൽ യോജിക്കുവാൻ വേണ്ട പ്രയാസമല്ലാതെ മറ്റൊന്നുമല്ല. ചരിത്രവർത്തമാനം. കൊണ്ടുവർ മിടുക്കനായ പറഞ്ഞാൽകഴിഞ്ഞു.

* * *

സംസ്കൃതത്തിൽനിന്നുണ്ടായ ഭാഷകൾ ഗ്രീക്കു, ലാറ്റിൻ മുതലായവയാണെന്നാണു പണ്ഡിതന്മാർ തീർച്ചയാക്കീട്ടുള്ളതു. ഇപ്പോൾ സ്പെയിൻ മുതലായ യൂറോപ്യൻ രാജ്യങ്ങളിലെ സ്പാനിഷ് ഭാഷകൾ ലാറ്റിനോടുള്ള അടുപ്പത്തെക്കാൾ അധികമായി ഒരു മദ്ധ്യസമയിൽപ്പെട്ടതാണെന്നു ഒരു ലേഖകൻ സാധിച്ചിരിക്കുന്നു. ഉദാ, ഇറ്റലി, ഫ്രഞ്ചി, ഓയ്, വരുന്നൻ എന്നിങ്ങനെ ഉപനാമത്തുകളിലുള്ള വലവത്യാസങ്ങൾ കിടക്കുവാൻ ഇതെ അർത്ഥത്തിൽ സ്പാനിഷ് ഭാഷകളിൽ ഉപയോഗിക്കുന്നു. ഒന്നുള്ളതാണു ഇതിനു ലക്ഷ്യം.

* * *

മലിരാശിയിൽ ഇപ്പോൾ ഗവർമ്മെന്റുകൾക്കു ഒരുവകയിൽ പരീക്ഷയ്ക്കു ഒരു തുകകളോടും നിശ്ചയിക്കപ്പെട്ട രീതിയിൽ ചെന്നാൽ ചിലർ എങ്കിലും പരീക്ഷകൂടാലാസുകളിൽ ഒന്നു തപാൽവഴി പോകയിൽ വെച്ചിട്ടുപോയിട്ടുണ്ടെന്നു സംശയം ജനിച്ചിട്ടുള്ളതിനാൽ പരീക്ഷമേൽ നിശ്ചയിക്കുന്ന അവധി വരെക്കു നീക്കിവെച്ചിരിക്കുന്നതായി പരീക്ഷകന്മാർ പ്രസ്താവിച്ചു. പരീക്ഷകൾ പഠിക്കാതെ ജയിക്കാനുള്ള ഭ്രമം നാട്ടുകാരിൽ കലശലായിരിക്കുന്നു. ഫെയ്ൽ- ഫെ- പരീക്ഷയുടെ ചോദ്യങ്ങളിൽ ചിലതു വെച്ചുപോയിരുന്നതു തീർച്ചയാണെങ്കിലും പുനഃപരീക്ഷ കൂടാതെയാണു പിജയികളെ സർവ്വകലാശാലകാർ പ്രസിദ്ധമാക്കിയിരിക്കുന്നതു. മ-ള-

---

സൂചനകൾ.

ഒരറിവുള്ള ഒരു സുഹൃത്തിൽ നിന്നും ഒരൊമാസത്തെ പഞ്ചാംഗം ക്രമത്തിൽ ഈ പത്രികയിൽ ചേർക്കുന്നുണ്ട്. പഞ്ചാംഗത്തിൽ പ്രധാനപ്പെട്ടുള്ള കർമ്മങ്ങൾ തോറുമുള്ള ദിവസം കണ്ടുപിടിക്കുവാൻ വേണ്ടിയുള്ള ഒരു ഉപകാരമായിരിക്കുമെന്നു വിചാരിച്ചിട്ടുണ്ട്. പെരുന്നാളുകളുടെ തീയ്യതി പഞ്ചാംഗത്തിൽ നോക്കിയിരിക്കുന്നതു സൂര്യനെ നീയ്യനാണെന്നു ഓർത്തിരിക്കേണ്ടതാകുന്നു.

* * *

ഒരു എതിരേല്പും പള്ളിക്രമവും — നിരുപദ്രവമായ കവിയുടെ ഒരു കാര്യമായ [illegible] ചെയ്തുകൊണ്ടിരിക്കുന്നു. [illegible] ഒരു പള്ളി [illegible] ഒരു പുരോഹിതൻ [illegible] ഒരു പുരോഹിതൻ [illegible] ഒരു പുരോഹിതൻ

ക്കിൽ അനേകായിരം ജനങ്ങൾ മുൻപോട്ടു നീങ്ങുന്നു. ചിലർ പാടിക്കൊണ്ടിരുന്ന ശ്ലോകങ്ങൾ ചൊല്ലുകൊണ്ടിരുന്നു. ചിലർ പ്രാർത്ഥനാഗീതങ്ങൾ ഉച്ചത്തിൽ പാടുന്നുണ്ടായിരുന്നു. ഇവരുടെ ഇടയിൽ നമ്മുടെ യാത്രക്കാരെ കൊണ്ടുപോകുന്ന വണ്ടിയും ഉണ്ടായിരുന്നു. ഈ ഘോഷയാത്രയിൽ നമ്മുടെ യാത്രക്കാരെ കൊണ്ടുപോകുന്നതു കണ്ടു. വിവരമായി അന്വേഷിച്ചതിനെപ്പറ്റി പിന്നീടു കാണുന്നതാകയാൽ തൽക്കാലം ചുരുക്കുന്നു. എന്നു മാത്രം കൊള്ളുക.

❖ ❖ ❖

ശാന്തലംഘനം — ഉച്ചയ്ക്ക് അംഗ്ലിയാ പള്ളിയിൽ കൂടിനടക്കുന്ന ഒരു പൂജയിൽ സംബന്ധിക്കുവാൻ ഞായറാഴ്ച രാവിലെ കരുതിക്കൂട്ടി എന്നെ ഒരു സായ്പ്പ് ക്ഷണിച്ചിരുന്നു. ആ പള്ളിയിൽ പോകുന്നതിനെ ഞാനേ കഠിനമായി വിരോധിച്ചിരുന്നു. അതുകൊണ്ട് ആ സായ്പ് എന്നോടു പറഞ്ഞു. "കഠിനമായ തൻപ്രാണനാണ്." എന്നു സൂചിപ്പിക്കുന്നതിനായി "കഠിനമായ ജനിക്കുന്നവൻ" എന്നു അംഗ്ലിയാക്കാരൻ മറുപടി പറഞ്ഞു. ഞായറാഴ്ച കല്യാണത്തിനു സദ്യകഴിക്കുന്നതിനു ക്ഷണിച്ചിരുന്ന അംഗ്ലിയാക്കാർ ഞായറാഴ്ച കഠിനപ്പെടുകയും ഞായറാഴ്ച ഉച്ചതിരിഞ്ഞു ശർക്കരയും കൊടുപ്പായും ഉപേക്ഷിക്കുകയും ചെയ്യുന്നതു ശാന്തലംഘനമല്ലയോ എന്നു കണ്ടനത്തിൽനിന്ന ഒരു ലേഖകൻ ചോദിക്കുന്നു.

❖ ❖ ❖

ഇതു ഒരു ദൈവദോഷമോ? — കുന്നംകുളത്തെനിന്നു ഒരു ലേഖകൻ ഇപ്രകാരം എഴുതിയിരിക്കുന്നു — ഇന്നുമുതൽ ഫറോനാ — ഞായറാഴ്ച സ്കൂൾപറമ്പു പള്ളിയിൽ നമ്മിൽ കരണകക്ഷിയുടെ ഉയർച്ച തുടങ്ങിയിരുന്നു. ഉയർച്ച നടത്തുവാൻ നമ്മിൽകരണകക്ഷിയുടെ പള്ളിയിൽ വന്ന സമയം പള്ളിമുറ്റത്തു നിന്നിരുന്ന രണ്ടു സുറിയാനിക്കുടിമയി ഒരു ചെറിയതർക്കം ഉണ്ടായി. തർക്കത്തിൽ കത്തനാർ ദൈവമോഹനെ അധികം ദുഷിച്ചു സംസാരിച്ചു. കന്യാസ്ത്രീ അന്നു പള്ളിയിൽ ഉണ്ടായിരുന്ന പകരം ചോദിക്കും എന്നുമാത്രം കുട്ടികൾ മറുപടി പറഞ്ഞു. കത്തനാർ കുർബ്ബാന തുടങ്ങിച്ചു ശ്ലൈഹികം കഴിഞ്ഞപ്പോൾ അയാൾ പെട്ടെന്നു പ്രാർത്ഥിച്ചു താഴെയും തലപൊട്ടി ചോരിച്ചിരുന്ന കാപ്പിയിലും ഉടുപ്പുകളിലും മാത്രമല്ല മദ്ബഹായിൽ അൾത്താരയിലും ഒഴിക്കയും ചെയ്തു. കുർബ്ബാന കണ്ടു നാലാൾ പേർ മാത്രമേ ഉണ്ടായിരുന്നുള്ളു എങ്കിലും അവർ ഉടനെ മദ്ബഹായിൽ പ്രവേശിച്ചു ഉടുപ്പുകൾ മാറിച്ചു കൊണ്ടുപോയി ചികിത്സിച്ചുവരുന്നു. പിറ്റേദിവസം വഴഞ്ഞിക്കാരൻ ഒരു നവീകരണക്കാരനെ കുർബ്ബാന മുഴുപ്പിക്കുകയുണ്ടായി.

❖ ❖ ❖

ഇരുശ്രീപുരനിവാസിയായ ഒരു ലേഖകൻ ഇപ്രകാരം എഴുതിയിരിക്കുന്നു- "ശ്രീയപന്ത്രാധിപരേ, അംഗ്ലിയാക്കാർ, നവീകരണക്കാർ മുതലായവർ ശുദ്ധമാന കുർബ്ബാനയിലെ ദിവ്യവസ്തുക്കൾ സാക്ഷാൽ ക്രിസ്തുവിന്റെ ശരീര രക്തങ്ങളല്ലെന്നും സാദൃശം മാത്രമാണെന്നും വിശ്വസിക്കയും പ്രസംഗിക്കയും ചെയ്യുന്നതിൽ നാം അവരെ കുറ്റപ്പെടുത്തുന്നതെന്തിനെന്നില്ല. എന്തെന്നാൽ അവരുടെ പരമാർത്ഥമാന അവർ പറയുന്നതു. "ഭൂമിയിൽ നീ കെട്ടുമെന്ന സകലവും സ്വർഗ്ഗത്തിലും കെട്ടപ്പെട്ടതായിരിക്കും, ഭൂമിയിൽ നീ അഴിയ്ക്കുമെന്ന സകലവും സ്വർഗ്ഗത്തിലും അഴിക്കപ്പെട്ടതായിരിക്കും" എന്ന ക്രിസ്തു അരോട് കല്പിച്ചുവൊ അവർക്കുള്ള അപ്പോസ്തോലന്റെ സാക്ഷാൽ പിന്തുടർച്ചയിലും കൈവെപ്പിനാലും നടപടിയാലും ഈ അപ്പോസ്തോലാധികാരം പ്രാപിച്ചവരിൽ മാത്രമെ ശുദ്ധ കുർബ്ബാനയിലെ അർപ്പണവും ദീക്ഷയും സാക്ഷാൽ ശരീരരക്തങ്ങളാക്കുവാൻ കഴികയുള്ളു. അപ്പോസ്തോലപിന്തുടർച്ചയിൽ നിന്നും നടപടിയിൽനിന്നും തെറ്റിയിരിക്കുന്നവരായ അംഗ്ലിയാക്കാർ മുതലായവർക്കു മേല്പറഞ്ഞ അധികാരം സിദ്ധിപ്പാൻ പാടുള്ളതല്ല, സിദ്ധിച്ചിട്ടില്ല. അതിനാൽ അവർ ഇപ്പോൾ ക്രിസ്തുവിന്റെ ശരീര രക്തങ്ങളുടെ സദൃശങ്ങൾ എന്നു പറയുന്നതിൽ ആശ്ചര്യപ്പെടുവാനില്ല. അങ്ങനെയെങ്കിൽ നാം അവരെ നിന്ദിക്കയുള്ളൂവോ".

❖ ❖ ❖

, പുതിയപ്രസംഗി — രക്ഷണീയ സംഘത്തിന്റെ സഹായകരും പ്രധാന സംരക്ഷകനുമായ ബഹുമാനപ്പെട്ട ഈന്തൻ കോരൻ ഇപ്പോൾ തിരുവല്ലായിൽ വന്നു കുറെദിവസത്തേക്കു പ്രസംഗം നടത്തിയിരിക്കുന്നു. കുറേനാൾ വരെ കീർത്തനവാദിയുടെ സ്ഥാനത്തിരുന്നു സ്ഥാപിച്ചുവന്നതിനുശേഷം അദ്ദേഹം കോട്ടയത്തു പ്രസംഗം കേൾപ്പാൻ അസംഖ്യം ജനങ്ങൾ കൂടിയിരുന്നു. പ്രസംഗം കുറെകൂടെ തെറ്റുപിടിക്കത്തിയിട്ടും ശ്രോ

വിധു മുതൽപേരെപ്പോലെ യശസ്സു സമ്പാദിപ്പാൻ ഇദ്ദേഹത്തിനു കഴിയാഞ്ഞതു ഒരു ആശ്ചര്യമുണ്ടോ? ഏതായാലും ഞങ്ങൾക്കു ഇതുകാലമുള്ള പരിചയം ഉണ്ടായിട്ടുള്ളതു വരുന്ന താമസത്തിനൊക്കെയും തുല്യപ്രാപ്തനായിരിക്കുന്ന സുറിയാനിക്കാർ ബ്രഹ്മണർ മാത്രമല്ലാ മേൽപ്പട്ടക്കാരായിട്ടും പേരുള്ള കപ്യാരുമാരും പേരുള്ള ഏതു പ്രിശ്വാസിപ്പാരുടെ പുറപ്പാടിൽ സത്യപ്രിശ്വാസത്തെ ധരിപ്പിക്കുവാൻതക്ക ഗ്രന്ഥവാദം ചെയ്യുവാൻ ഞങ്ങളിൽ ചുമതലയുണ്ടെന്നും, ഇതിന് പന്ന്യഴിയെപ്പോലെ- ഭയപ്പാടിനെ പ്രിശ്വാസമൊ ഉപദേശമൊ പേരുന്നീട്ടില്ലെന്നും- ഞങ്ങൾക്കു അറിയുകൊണ്ടു ഒരുശ്രമം ലാഭവുമായിട്ടു ദൈവത്തിനു സൂരി.

* * *

വ്യവഹാരപ്രിശാമു—ഈ ചെയിത്താൻ കുറെനാളായി റോമാസഭയിൽ പ്രവേശിച്ചിരിക്കുന്നു. പല റോമാ പള്ളികളിലും തങ്ങളിലും വഴക്കുകളും വ്യവഹാരങ്ങളും നടന്നവരുന്നുണ്ടു. വിശേഷാൽ റോമാ സഭയിൽ ചേന്ന തെക്കുംഭാഗരുടെ പള്ളികളിൽ ഒട്ടുക്കു യോഗം ഒരുഭാഗവും കത്തനാരും മെത്രാനും മറുഭാഗവുമായി കക്ഷിതിരിഞ്ഞിരിക്കുന്നു. മെത്രാന്റെ കല്പന എപ്പോൾ കേൾക്കണമെന്നില്ലാത്തതും കാരണം ക്രമംതെറ്റാതെ ഉണ്ടാകുന്ന മഹാറോമ ശക്തിയില്ലാത്തതും യാക്കോബായക്കാർ ഇതെവരെ വിചാരിച്ചിരുന്നതുപോലെ കുവ്വരച്ച, കൈവെപ്പു ക്രമങ്ങൾ ശരിയായും വാസ്തവമായും അനുഭവിച്ചുവരുന്ന ഒരു ക്രിസ്ത്യാനിസഭാശ്രേയസ്സെന്നും രക്ഷയാക്കോബായക്കാരിലും ഉണ്ടെന്നും ഇരുപ്പും മിക്കവരും മേല്പറഞ്ഞ റോമാ പള്ളിക്കാരും ഇപ്പോൾ മനസ്സിലായിട്ടുണ്ടു. രക്ഷയ്ക്കു കൊരുടെ ഏകീപ്പും സുറിയാനിസഭയിൽ ഇത്രനാൾ താമസിയാതെ ഇവർ മനസ്സിലാക്കികൊള്ളുമെന്നു വിശ്വസിക്കുന്നു- കോട്ടയത്തു റോമാപ്പള്ളിയിൽ യോഗവും മെത്രാനും തമ്മിൽ തക്കിപ്പോലീസുവ്യവഹാരത്തിൽ ഏർപ്പെട്ടിരിക്കുന്നു- കാരണം മറെറാന്നുമല്ല- യോഗത്തിന്റെ തിരഞ്ഞെടുപ്പും ഇഷ്ടവും അനുസരിക്കാതെ മെത്രാനു ബോധിച്ച ആളിനെ മെത്രാൻ കൈക്കാരനാക്കി- യോഗത്തിനു വിശ്വാസമുള്ളവരെ അവരും കൈക്കാരാക്കി- പള്ളിവക സ്വത്തുക്കളും നിക്ഷേപമുതിയും മറ്റും യോഗക്കൈക്കാരന്മാരുടെ അധീനത്തിൽ ആണു- ഈവിടെ മെത്രാന്റെ കല്പന ഉണ്ടെന്നു പറഞ്ഞു വിശ്വാസിയും മെത്രാന്റെ കൈക്കാരന്മാരും കൂടി നടയ്ക്കുവച്ചിരുന്ന ഭണ്ഡാരമുതിയുടെ താഴു തച്ചിപ്പൊളിച്ചു- പോലീസുകാർ തൽക്ഷണം പ്രതികളെ തൊണ്ടിയോടുകൂടി ബന്ധോവസ്തു ചെയ്തു- കേസുവിചാരണയിൽ ഇരിക്കുന്നു-

* * *

ഒരുനല്ലആരംഭം—വടക്കുള്ള സുറിയാനിക്കാർക്കു കൊച്ചിപട്ടണം പ്രധാനവ്യാപാരസ്ഥലമാകകൊണ്ടു ചരക്കുകൾ വാങ്ങുവാനും വിൽക്കുവാനും മറ്റു പല ആവശ്യങ്ങൾക്കും സദാ കൊച്ചിയിലേക്കു യാത്രചെയ്യുവാൻ ആവശ്യപ്പെടാത്തവർ ചുരുക്കമാണു- എന്നാൽ കൊച്ചിയിൽ കോട്ടയ്ക്കകത്തും പട്ടണത്തിലും ഓരോ സുറിയാനിപ്പള്ളി ഉണ്ടെങ്കിലും നമ്മുടെ ആളുകൾക്കു താമസിപ്പാൻ തക്കസ്ഥലം ഇല്ലാത്തതിനാൽ വളരെ ബുദ്ധിമുട്ടു നേരിട്ടുണ്ടു- ഈ ബുദ്ധിമുട്ടിനെ പരിഹരിക്കുവാൻവേണ്ടി ടി- പള്ളിവിശ്വാസിയുടെയും കൈക്കാരന്മാരുടെയും പ്രത്യേകിച്ചു കുന്നംകുളങ്ങരെ പനയ്ക്കൽ കുഞ്ഞന്മാത്തു മുതലാരുടെയും ഉത്സാഹംകൊണ്ടു പല മഹാന്മാരുടെ സഹായത്തുമേൽ മട്ടാഞ്ചേരി ഉരുപ്പീസു പള്ളിപ്പറമ്പിൽ വിശാലമായ ഒരു കെട്ടിടം പണിപ്പിക്കുന്നതിനു ആരംഭിച്ചിരിക്കുന്നു- പലരും ദ്രവ്യസഹായം വാഗ്ദത്തം ചെയ്തിട്ടുണ്ടു- കുന്നംകുളങ്ങരെ പനയ്ക്കൽ ജയിക്കു മാത്തു അപ്രകാരം ടി- സ്ഥലം വന്നകണ്ടു നൂറു ഉറുപ്പിക കൊടുക്കാമെന്നു വാഗ്ദത്തം ചെയ്തതും അതിൽ പല ഉറുപ്പിക ടി- മുമ്പാരുവശം കൊടുക്കയും ചെയ്തിരിക്കുന്നു- ഇതിലേക്കു നൂറിലധികം ഉറുപ്പിക കൊടുക്കാമെന്നു പാമ്പാക്കുടെ കോനാട്ടു ജോൺപിള്ള അപേക്ഷകളും കണ്ടനാട്ടു പാടത്തു പുരവത്തു അവർകളും സമ്മതിക്കയും പല ഉറുപ്പിക രൊക്കം കൊടുക്കയും ചെയ്തിരിക്കുന്നു- മൂന്നുരുപ്പികയിൽ ചാലിൽ കോരഅവർകളും ഏകദേശം ഉറുപ്പിക കൊടുക്കാമെന്നു സമ്മതിച്ചിട്ടുണ്ടു- പടക്കുള്ള സുറിയാനിക്കാർ ഈ കാര്യത്തിൽ യഥാശക്തി സഹായം ചെയ്യുമെന്നതിനാണു പാവാൻ ഞങ്ങൾക്കു ഒട്ടും സംശയമില്ല- പിരിഞ്ഞ പണത്തിനു കച്ചിവച്ചു വരുന്നു- ടി- പനയ്ക്കൽ ചുങ്കാരു മുമ്പേതന്നെ ഒരു പരോപകാരതല്പരനാണെന്നു കുന്നംകുളങ്ങരെ അഭിപ്രായിച്ചു സംക്ഷേപസ്തുതികളും പാലകാട്ടെ കൊടിവും അയച്ചുകൊടുത്തു നിലനിന്നു വരുന്നതു ഇപ്പോൾ തന്റെ ദിവ്യപിതൃത്വംകൊണ്ടുണ്ടെന്നും പറവാൻ ഞങ്ങൾക്കു ഒട്ടും മടിയില്ല- ഇപ്പോഴത്തെ ശ്രേഷ്ഠനും വളരെ ശുഷ്കാന്തിയുള്ള തന്നെ.

നോട്ടീസ്

നിങ്ങളുടെ പേരിലുള്ള കോടതി അനേകം അവശ്യങ്ങളെ പുരോഗതി ശരിയായി ഒടിയ്ക്കാതെ വിട്ടു പോരുന്നതിനാൽ ഇപ്പോൾ ഇരിക്കുന്നു. അതുപ്പോലെ സിവിൽ നടപടിയിലുള്ള ഒട്ടുപുരുഷന്മാരുടെ ശിപായി, പാട്ടുകാരൻ ഇന്നു പുലർച്ച കോണ്ടു, കല്ലുവീട്ടിൽ അതുപോലെയുള്ള ബിസ്സിനസ്സിനായി ഇപ്പോൾ ഇരിക്കുന്നു, ഇന്നുമുതൽ കുറച്ചുമാത്രം ഗിവേറ്റിനു മുൻപോലെ അയച്ചുകൊടുത്തിരിക്കുന്നതിനാൽ അറിയിപ്പിക്കുന്നതെന്നും അവരുടെ പോകുന്ന പോലെ കൊടുക്കണമെന്നും വിണ്ടും ഓർപ്പിക്കുന്നു. ഒല്ലൂരുള്ളവരുടെയും വീട്ടുകാരുടെയും സമ്മതിക്കുന്നതു പ്രയാസമായിരിക്കുമ്പോൾ ഒരുപോലെ വീട്ടിൽ പല പ്രാവശ്യം അധികം വരുന്നതു തീരെ അനാദ്ധ്യവും നഷ്ടവും ഉണ്ടാക്കുന്നതായിരിക്കുമെല്ലോ. കൂടെ വരുവാൻതന്നെ കാത്തിരിക്കുന്നതു അങ്ങനെ നാട്ടിലെ നടപടിയുള്ളതോ സ്റ്റാമ്പിലോ മണിയോർഡറായോ പോസ്റ്റാഫീസിൽ കൊടുത്തയയ്ക്കുന്നു. വിട്ടുകാരുടെ പേരിൽ പോസ്റ്റാഫീസിനു പ്രസിദ്ധപ്പെടുത്തുവാൻ ഇടവരുന്നതിനു മുൻപായി അവരെ അറിയിച്ചു എന്നു ബോധ്യമായി പോയാൽ പിടിച്ചുകൊണ്ടുപോകുന്നു.

ഏതു പ്രകാരത്തിൽ ചെയ്തിരിക്കുന്നു എന്നു.

പരസ്യം

കോട്ടയം തെക്കിലുള്ള കുളപ്പുറം കമ്പനി (ലിമിറ്റഡ്)

ഡബ്ലിൻപോലെ രൂപം നടപ്പായി ഓഹരിയൊന്നിനു സ്റ്റെർലിങ്ക് കമ്പനി നിയമം അനുസരിച്ചു രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്നു.

മൂലധനം ഫ,൦൦൦ ഉറുപ്പിക. ഓഹരി ഫ൦൦൯. ഓഹരി ഫ-ക്കു ൨൦ രൂപവീതം രണ്ടു തവണയായി അടയ്ക്കേണ്ടതു.

പകുതിയിൽ അധികം അപേക്ഷകൾ വന്നിട്ടുണ്ടു. നിലത്തിച്ചിൽ നിന്നും ആളുകൾ പോന്നതിൽ പല രൂപത്തിൽ മുട്ടിച്ചു ശിലയുരുണ്ടും മുണ്ടുകളെ നെയ്യുവരുന്നു. ഓഹരികൊണ്ടുള്ള പണ്ണ തികഞ്ഞാൽ കച്ചവടം തുടങ്ങുന്നതിനു കമ്പനിയുടെ ഉദ്ദേശ്യവും നിശ്ചയിക്കുന്നതാകുന്നു.

അപേക്ഷയോടും കൂടെ കുറഞ്ഞതു മൂന്നു രൂപയുടെ ഓഹരിക്കുള്ള പണം ഉടനെ അടയ്ക്കുമ്പോൾ അതായതു ഓഹരിക്കാരിൽ എല്ലാവകയ്ക്കിന്നുവരികയും ഓഹരികൾ ഉൾപ്പെടുത്തിയിരിക്കുന്നു. മലകരയുടെ നി. ക. ഭി. ശ്രീ. ദാക്ഷിണ്യവൈദ്യസൗഭാഗ്യചിന്താമണിയായ തിരുമനസ്സുകൊണ്ടും ടി. ശ്രീ. കോനാട്ടു മല്ലൻനമ്പൂതിരിപ്പാടു മുതലായ മാന്യപുരുഷന്മാരും കമ്പനിയുടെ ഡയരക്ടന്മാരായും കമ്പനിയിൽ ഓഹരി ചേർന്നിട്ടുള്ളവരും ആകുന്നു.

കമ്പനിയിൽ ഓഹരി ചേരുവാൻ താല്പര്യമുള്ളവർ അപേക്ഷാഫാറം വിലയ്ക്കുവാങ്ങി എത്തിച്ചുകൊടുക്കും. കമ്പനിയുടെ ഗുമസ്തന്മാരുടെ പുസ്തകം ഫ-ക്കു രൂപയ്ക്കും മാത്രമേ വിലയുള്ളൂ.

അപേക്ഷകൾ താഴെ പോരുന്നിടത്തിരിക്കുന്ന ആളിനു തുടയ്ക്കുണ്ടാകുന്നു.

൨൮. . . . . ൧൯൦൪. നാരായണൻ പോറ്റിയും.

പത്രിക വില വിവരം.

ബ്രിട്ടീഷ് ശ്രീലങ്ക	ചക്രം	
ഒന്ന് കോപ്പിയ്ക്ക്	ഫ	ഫ്രഞ്ച്
പതിനായിരത്തിന്	,,	ഡ

പരസ്യ ക്രമം

ഒന്നാം പ്രാവശ്യത്തേക്ക്	വരി ഒന്നിന	,,
പിന്നെ എല്ലാ പ്രാവശ്യങ്ങൾക്കും	ടി	,,

NOTICE

പത്രിക സംബന്ധമായ സകല എഴുത്തുകളും മലയാളത്തിൽ പേരെഴുതുന്നതും മാറ്റത്തിനു സുവിധമായി അച്ചടിപ്പിച്ച നോട്ടീസുകൾ വേണമെങ്കിൽ വിലാസം വച്ചു അയയ്ക്കേണ്ടതാകുന്നു.

പത്രിക കൈപ്പറ്റുന്നവർ മുൻകൂറായി വർഷാരംഭത്തിൽ പത്തുവരി അഞ്ചൽ സ്റ്റാമ്പായെങ്കിലോ സ്റ്റാമ്പായെങ്കിലോ അയച്ചാൽ മതിയാവും. എന്നാൽ ശ്രീലങ്കയ്ക്കു മുൻകൂർ ഡിസ്കൗണ്ടു വച്ചു തരേണ്ടതാകുന്നു.

വിഷചികിത്സയിൻ ഒരു ഉപകാരമുള്ള മുന്നറിയിപ്പ്.

വിഷപ്പാട്ടി കടിച്ചാൽ മുഴുദിവസത്തിനകം ഒരു ഗ്ലാസിക ഇഞ്ചിനീരിൽ സേവിച്ചു മൂന്നുദിവസത്തേക്കു പത്ഥ്യം എടുത്താൽ വിഷം നീങ്ങുന്നതാകുന്നു. ഗ്ലാസിക സേവിക്കേണ്ടതും ക്രമവും പത്ഥ്യത്തിൻറെ വിവരവും ഗ്ലാസികയോടു ചേർത്തു കിട്ടുന്നതാകുന്നു. ഈ ഗ്ലാസികകൾ ഇല്ലാതിരുന്നതിനെ ഇപ്പോൾ സ്മെനാറിയിൽ വരുത്തിയിട്ടുണ്ടു. ഗ്ലാസിക ഒന്നിനു വില ചക്രം ൦. ൫രാം. ആവശ്യമുള്ളവർ വാങ്ങിച്ചുകൊള്ളുവാൻ ഇതിനാൽ തിയ്യപ്പെടുത്തുന്നു.

MAR THOMAS PRESS.
KOTTAYAM.

വൃശ്ചികം ൪ ലക്കം ൨

മലയാള

ഇടവഴിക്കു

മാസം തോറും പ്രസിദ്ധപ്പെടുത്തുന്നതു.

ഗുരുക്കന്മാരായ മേയ്ക്കാട്ടിന്റെയും കണിശകലപ്പനെയും

പുകഴ്ത്തി ചന്ദ്രാനന്ദസംഗതി പാടുന്നു.

(മാർ ഫെ. ആസ്യ.)

സംഗതിവിഷയങ്ങൾ.

	പുറം
മേണ്ണാന്തരാഘോഷം (ഇടപ്പ)	൨
കോതമംഗലത്തു ബൈബിൾക്ലാസ്	൫
കരനെൽകൃഷിയെപ്പറ്റി ചില വിവരങ്ങൾ	൭
മലങ്കര ഓർത്തഡോക്സ് പത്രിക	൯
യൂറോപ്പിലെയും അമേരിക്കയിലെയും മലയാളികൾ (ചിത്രം)	൧൦
വിശേഷ വർത്തമാനങ്ങൾ	൧൨
സൂചനകൾ	൧൫

പതിനാറാം പാഠം

(മീനം) ഓടക്കാലി ഫ്രഞ്ചുകാരൻ.

വിശേഷിച്ചുള്ള വാക്കുകൾ.	അ ക്ഷ	മലയാ ളം	ഇംഗ്ലീ ഷ്	സുറിയാ നി
ഫ്രാൻസ്വാ- ഡിഫ്രെനോ ഞായറാഴ്ച- വായ നാ- ലൂക്കൊ- ഫ്രഞ്ചു കാ—ഫ്രെ	ഫ്രെ	ഫ്രാ	ഫ്രാ	ഫ
ഫ്രാ-ംങ്കൊ- സഭിയൊ ഞായറാഴ്ച- വായന- ദേയഹൊ- ൻ- ഇം ഫ്രെ—ഫ്രെ	ശ	ന	ഫ്രാ	ന
ഫ്രാ-ംങ്കൊ- നാല്പതാം വെള്ളിയാഴ്ച- വായ ന- മത്താ ഭഗ- ഫ്രെ—ഫ്രെ	ത	ര	ഫ്രാ	ര
ഫ്രാ-ംങ്കൊ- ഖാസാനിന്റെ ഓർമ്മ. (ഇതു ആകട്ടെ ഉണ്ടാക്കിയും ദാശാനയുടെ മുമ്പിലത്തെ ശനിയാഴ്ച ആചരിക്കപ്പെടുന്നു) വായന- ദേയാ ഫ്രെ ഭഗ ഫ്രാ—ഫ്രാ	ഫ	ി	ഫ്രാ	ി
ഫ്രാ-ംങ്കൊ- ദാശാന ഞായറാഴ്ച- വായനാ ദേയഹ ഫ്രാ ഭഗ- ഫ്രാ—ഫ്രെ	ച	ീ	ഫ്രാ	ീ
ഫ്രാ-ംങ്കൊ- പെസഹാ നാൾ- വായന- ലൂ ക്കൊ- ഫ്രാ ഭഗ- ഫ്രാ—ഫ്രാ	ശ	ു	ഫ്രാ	ു
ഫ്രാ-ംങ്കൊ- ദുഃഖവെള്ളിയാഴ്ച-	ത	ൂ	ഫ്രാ	ൂ
ഫ്രാ-ംങ്കൊ- ദുഃഖശനിയാഴ്ച- ഉച്ചകഴിഞ്ഞു രണ്ടുനേ- വായന മത്താ ഫ്രെ ഭഗ- ഫ്രെമിത്രാ—	ത	ൃ	ഫ്രാ	ൃ
ഫ്രാ-ംങ്കൊ- കൊന്തൊ (ഉയിർപ്പു) ഞായറാ- ഴ്ചകൊ- ഫ്രാ ഭഗ ഫ്രെ—ഫ്രാ	ഫ	െ	ഫ്രാ	െ
ഫ്രാ-ംങ്കൊ- സ്വർഗ്ഗാരോഹണം (അതായതു ഗാല്ലി ലേയർ കണ്ടു ശിഷ്യന്മാർക്കു കല്പന കൊടുത്തു- മാറോനായെ) വായന ലൂക്കാ- ഭഗ- ഫ്രാ—ഫ്രാ	ഫ	ാ	ഫ്രാ	ാ
ഫ്രാ-ംങ്കൊ- പുളിങ്ങായാഴ്ച- വായന-ദേയ ഫ്രാനാന്റെ ഫ ഭഗ- ഫ്രാ—ഫ്രെ	ഫ	ി	ഫ്രാ	ി

മലങ്കരഈടവകപത്രിക

പുസ്തകം ൪.] ഫവുൻന്യ ശ്ലീഹാത്ത് (കുംഭം) [ലക്കം ൨.

മംഗളം

പരമതനായകീശം മാന്യയുദ്ധാളഗ്രേശം
നരദുരിതനിനാശം നീതിസമ്പൂർണ്ണകാശം
നിരുപമപുണ്യകാശം താപപാമേതരേസം
സുനിതപുരുഷനിശംസം ഭാവയേമന്മഹീശം

ചാലിൽ ചെറിയൂ വറുഗീസു.

ഒരുണാനന്തരാവസ്ഥ.

൭

ഇനിപ്രാവശ്യം പറവാൻ പോകുന്നതു ചില ക്രിസ്തീയ സാക്ഷികളാകുന്നു.

"മനുഷ്യന്റെപുത്രനു വിരോധമായി ആരെങ്കിലും സംസാരിച്ചാൽ അവനോടു ക്ഷമിക്കപ്പെടും. എന്നാൽ പരിശുദ്ധാത്മാവിനു വിരോധമായി സംസാരിച്ചാൽ അതു അവനോടു ക്ഷമിക്കപ്പെടുകയില്ല. ഒരു ലോകത്തിലുമില്ല വരുവാനുള്ള ലോകത്തിലുമില്ല" (മത്താ ഫ൨-൩൨) ഇതുകൊണ്ടു മരണശേഷവും ചില പാപങ്ങൾ ക്ഷമിക്കപ്പെടുമെന്നുള്ള അർത്ഥം ജനിക്കുന്നു. അതുകയാൽ പാപമോചനത്തിനു മരണം തടസ്സമാകയില്ലെങ്കിൽ മരിച്ചുവരുവാൻവേണ്ടി പ്രാർത്ഥിക്കുന്നതു ആവശ്യമാകുന്നു.

എന്നാൽ ഈ വാക്യത്തിൽ ഈ ലോകവും വരുവാനിരിക്കുന്ന ലോകവും എന്നതിന്റെ അർത്ഥം മിശിഹായുടെ ജനനത്തിനു മുമ്പും പിമ്പും ഉള്ള കാലങ്ങളാണെന്നു ചിലരും, "ഒരിക്കലും ഇല്ല" എന്നുള്ള അർത്ഥത്തിൽ മാത്രമാണെന്നു വേറെ ചിലരും വ്യാഖ്യാനിക്കുന്നുണ്ടു. എപ്പോസി ഫ്രാ- ൨൦. ൨൫ വാക്യങ്ങൾ വായിച്ചാൽ വരുവാനിരിക്കുന്ന ലോകം സാധ്യമായും മരണശേഷവുമുള്ള സ്ഥലമോ കാലമോ അതെന്നു വ്യക്തപ്പെടും.

൨. കോറിന്തിയാസഭയിൽ മരിച്ചവക്കുവെണ്ടി ജ്ഞാനസ്നാനപ്പെടുക എന്നൊരു ആചാരം ഉണ്ടായിരുന്നു എന്നു കാണുന്നു. (ഫ്രാ. കൊറി. ൧൫- ൨൯) ഡാക്തർ ഡൊലിഞ്ജർ എന്ന മഹാൻ ഇതിനെ ഇപ്രകാരം വ്യാപ്യാനിക്കുന്നു. "ജ്ഞാനസ്നാനപ്പെടുവാൻ ആഗ്രഹിച്ചിട്ടുസാധിക്കാതെ മരിച്ചുപോയ ആൾക്കുവേണ്ടി ജീവനോടിരിക്കുന്ന ഒരുചാപ്പക്കാരൻ ജ്ഞാനസ്നാനം കൈക്കൊള്ളും. അങ്ങനെ കൈക്കൊണ്ടാൽ മരിച്ചുപോയ ആൾ മനസ്സിലും ആഗ്രഹത്തിലും സഭയുടെ ഒരംഗമായി മരിച്ചു എന്നു സഭയ്ക്കു ഒരു ലക്ഷ്യം കൊടുക്കുന്നു. ഇങ്ങനെ ചെയ്യുന്നതു ക്രിസ്ത്യാനികളല്ലാത്ത മരിച്ചവക്കുവെണ്ടി സഭയ്ക്കു പ്രാർത്ഥിച്ചു കൂടാത്തതുകൊണ്ടു ഈവിധം പ്രതിനിധിസ്ഥാനത്തു ജ്ഞാനസ്നാനം കൈക്കൊണ്ടാൽ മരിച്ചുവനു വെണ്ടി സഭക്കു പ്രാർത്ഥിക്കാമെന്നു ഒരുനടപ്പു അപ്പൊസ്തോല സഭയിൽ ഉണ്ടായിരുന്നു". ഡീൻസ്റ്റിൻലി എന്നൊരു അംഗ്ലിയാ പണ്ഡിതനും ൦രം അഭിപ്രായത്തെ പിൻതാങ്ങുന്നു. മരിച്ചവക്കു വെണ്ടി പ്രാർത്ഥിക്ക അപ്പൊസ്തോലകാലത്തു നടപ്പായിരുന്നു എന്നും അപ്പൊസ്തോലൻ അതിനെ ആക്ഷേപിക്കാതെ അതു ഒരുലക്ഷ്യമായി എടുത്തു പറഞ്ഞിരിക്കുന്നു എന്നും ൦രം വാക്യം കൊണ്ടു വരുന്നു. മറു വാചകത്തിൽ പറഞ്ഞാൽ സഭാംഗങ്ങൾ പരസ്പരം പ്രാർത്ഥിക്കേണ്ടതിനു മരണം തടസ്സമില്ല.

൩. ഒനെസിപ്പൊറൊസിന്റെ സംഗതി— "കർത്താവു ഒനെസിപ്പൊറൊസിന്റെ കുടുംബത്തോടു കരുണ ചെയ്യട്ടെ. എന്തെന്നാൽ അവൻ പലപ്പോഴും എന്നെ ആശ്വസിപ്പിച്ചു. എന്റെ ചങ്ങലകളെക്കുറിച്ചു ലജ്ജിച്ചുമില്ല. അവൻ റൊമായിൽ ആയിരുന്നപ്പോൾ താല്പര്യത്തോടെ എന്നെ അന്വേഷിച്ചു കണ്ടെത്തി. അന്ത്യവസരത്തിൽ അവനു കർത്താവിങ്കൽനിന്നു കരുണലഭിപ്പാൻ കർത്താവു അവനു കൃപനൽകുമാറാകട്ടെ. പ്രസ്കായെയും അകില്ലായെയും ഒനെസിപ്പൊറൊസിന്റെ ഭവനക്കാരെയും സല്ലൂതിക്ക" (൨തീമൊ. ൧൬- ൧൯; ൪൧൯- ൨൨)

അപ്പൊസ്തോലൻ ൦രം വാചകം എഴുതിയപ്പോൾ ഒനെസിപ്പൊറൊസ ജീവിച്ചിരുന്നുവൊ മരിച്ചു പൊയൊ. ൦രം വാക്യങ്ങൾ അവൻ മരിച്ചിരുന്നു എന്നു കാണിക്കുന്നു. അവൻ മരിച്ചു പൊയിരുന്നതുകൊണ്ടും അവനൊടുള്ള സ്നേഹം കൊണ്ടും അവന്റെ കുടുംബത്തിനു ൦രം ലൊകത്തിൽ വച്ചു വരാവുന്ന കരുണയും അവനു മറുലൊകത്തിൽ പ്രാപിക്കാവുന്ന കൃപയും ഉണ്ടാകുവാൻ ശ്ലീഹാ ഇവിടെ പ്രാർത്ഥിച്ചിരിക്കുന്നു. സല്ലൂതരുവാകിലും ജീവികളായ പ്രസ്കായെയും അകില്ലായെയും ഒനെസിപ്പൊറൊസിന്റെ കുടുംബക്കാരെയും ആണു സല്ലൂതിക്കുന്നതു. അവൻ ജീവനൊടിരുന്നെങ്കിൽ ൦രം സന്തൊഷം അവനുവെണ്ടതായിരുന്നു. ടെയിലർ എന്ന അംഗ്ലിയാ പണ്ഡിതൻ ൦രം അഭിപ്രായത്തെ പിൻതാങ്ങുന്നു.

ഇനി വെറൊരുതരം തെളിവുകൾ പറയാം. ക്രിസ്തീയശവസംസ്കാര സംഭങ്ങൾ മരിച്ചവക്കുവെണ്ടിയുള്ള പ്രാർത്ഥന അപ്പൊസ്തോലകാലത്തെ ക്രിസ്ത്യാനികളുടെ പ്രധാന ആചാരങ്ങളിൽ ഒന്നാണെന്നു

കാണിക്കുന്നു. ഓരോ സുംഭങ്ങളെ ദിപക്ഷകാർ പരിശോധിച്ചു അവയുടെ കാലങ്ങളെ വ്യവസ്ഥപ്പെടുത്തിയിട്ടുള്ളതിനാൽ അതെക്കുറിച്ചു അത്രക്കും തർക്കമില്ല. ഇതിൽ ഏറ്റവും പുരാതനമായതു ക്രിസ്താബ്ദം ൭൨൩ മാണ്ടു സംസ്കരിക്കപ്പെട്ട ഒരു കബറിന്മേൽ ഉള്ള സ്മാരകസുംഭമാകുന്നു. ഓരോ തീയ്യി മുതൽ ൹൨൦ാം നൂറ്റാണ്ടു വരെ ഓരോ കാലത്തു സ്ഥാപിക്കപ്പെട്ട സുംഭങ്ങളെ മാത്രമെ ഇവിടെ തെളിവിടുവാൻ ഏടുക്കുന്നുള്ളു. അവയിൽ ചില ദൃഷ്ടാന്തങ്ങൾ പറയുന്നു.

"ഹിലാറിയൂസ—നീ നിന്റെ സ്നേഹിതന്മാരോടുകൂടെ ഭാഗ്യത്തിൽ വസിക്കയും ദൈവ സമാധാനത്തിൽ പൂർത്തീകരപ്പെടുകയും ചെയ്യുമാറാകട്ടെ"

"ദൈവമെ വെന്തസിന്റെ ആത്മാവു മുടപ്പെടരുതെ"

"എന്റെ വാത്സല്യപുത്രിയായ ക്ലെസിമി ൩ വയസ്സും ൭ മാസവും ൫ ദിവസവും ചെന്നപ്പോൾ മരിച്ചു. ഇവൾ ദൈവത്തിൽ ജീവിക്കേണമെ"

ഇതുപോലെ വാചകങ്ങൾ ഉള്ള അനേക സുംഭങ്ങൾ ഉണ്ടു. അവയെല്ലാം ശേഖരിച്ചു അവയിലെ ആണ്ടുകളെ തിട്ടപ്പെടുത്തിയും യുറോപ്പിലെ പ്രധാന കാഴ്ചബംക്ലാവുകളിലുംമറ്റും സൂക്ഷിക്കപ്പെട്ടിരിക്കുന്നു. ഇതിൽനിന്നുള്ള അനുമാനം എന്തെന്നു വച്ചാൽ ആ പൂർവിക അപ്പോസ്തോല കാലത്തും അതോടടുത്ത കാലത്തും മരണം ജീവികളുടെ പ്രാർത്ഥനയ്ക്കു തടസ്സമെന്നു വിചാരിച്ചിരുന്നില്ല. നേരെമറിച്ചു മരിച്ചു പോയവരെ പ്രാർത്ഥനയിൽ ഓർത്തു അവരുടെ ആത്മാക്കളുടെ ഭാഗ്യത്തിനും ആശ്വാസത്തിനും വേണ്ടി ദൈവത്തോടു യാചിക്കുന്നതു ക്രിസ്ത്യാനികളുടെ മുറയായി വിചാരിച്ചിരുന്നു.

കോതമംഗലത്തു ബാവാന്മാർ.

പോർത്തുഗീസുകാരാൽ ബലത്താൽ അടിമപ്പെടുത്തിയ മലങ്കരസഭ റോമാനുകത്തെ പെടിഞ്ഞു പിന്തിരിഞ്ഞ ശേഷം അന്ത്യോ ഭൂമിയിൽനിന്നു അന്ത്രയോസ് മാർ യാക്കോബ് എന്ന മേല്പട്ടക്കാരൻ പറപ്പൂർ കൂലംചെയ്തു മർ ശ്രീമോർ ദിയസ് ബാവ യായിരുന്നു. അദ്ദേഹത്തിന്റെ കാലശേഷം പന്ത്രണ്ടു തലമുറകളിൽ ൭ പേർ പാത്രിയർക്കീസ് ബാവാന്മാർ. ഇവർ രണ്ടു പേരായിരുന്നു. ഷിമോൻ മാർ ഔസേലിയോസ് കാസെലിക്കാ അക്കൈക്കിൽ മുതിയാനാ- ൨. മാർ ഇഗ്നാനിയോസ് ഷുക്കിസ്കോല്ലാ- ഇവർ കാലത്തു പോർത്തുഗീസുഗവർമ്മെണ്ടിന്റെ അധികാരം ഇന്ത്യാ സമുദ്രത്തിലും അറബിക്കടലിലും ഏറ്റവേണ്ടാ പാർസി ഉൾക്കടൽ വരെ ഉണ്ടായിരുന്നതിനാൽ ബാവാന്മാരെന്ന സംശയപ്പെടുന്നതുപോലും പിടിയക്കാതെ ബന്ധിച്ചുകൊൾവാൻ പ്രത്യേക ശട്ടംകെട്ടുകൾ ചെയ്യിരുന്നതിനാൽ മലയാളത്തു പരദേശ മേല്പട്ടക്കാർക്കു വരുവാൻ പ്രയാസമായിരുന്നു. എന്നു മാത്രമല്ല മലയാളത്തേക്കു യാത്രതിരിച്ച മേല്പട്ടക്കാരിൽ ചിലർ ജപ്തിടെ എത്താതെ ഇടയ്ക്കു മരണത്തിലും ബന്ധനത്തിലും അകപ്പെട്ടുപോയിട്ടുമുണ്ടു.

ഇങ്ങനെയിരിക്കുന്ന ഒരു സന്ദർഭത്തിലായിരുന്നു മേല്പറഞ്ഞ മാർ ഔസേലിയോസിന്റെയും ഇഗ്നാനിയോസിന്റെയും പുറപ്പാടു- ഇവരെ അയച്ചതു അന്ത്യോഖ്യായുടെ പ്രാമത്തെ അബ്ബമശിഹാ എന്ന ഇഗ്നാത്യോസ് പാത്രിയർക്കീസുബാവാ ആയിരുന്നു. (ഇപ്പോൾ വാഴുന്ന ഭാഗ്യപരിയായ പാത്രിയർക്കീസു പ്രാമത്തെ അബ്ബമശിഹാ ആകുന്നു)

മാർ ഇഗ്നേഷ്യോസ് ഹ്നാനായി എന്ന പേരായ ഒരു മാന്യ സുറിയാനിക്കുംബക്കാരൻ ഇയ്യിരുന്നു. ഇദ്ദേഹം മൂസലിൽ മേല്പട്ടക്കാരനായിരിക്കുമ്പോൾ മലയാളത്തിലേക്കു പോകണമെന്നു പാത്രിയർക്കീസു് അവശ്യപ്പെട്ടു. പേടിയിരുന്നാൽ മലയാളത്തു മെത്രാന്മാരെ വാഴിക്കുന്നതിനു വേണ്ടി ഇദ്ദേഹത്തെ കാസോലിക്കായായി വാഴിച്ചു. മാർ ഇഗ്നേഷ്യോസിനോടു കൂടെ വേറെയുള്ളവരാരെ പുറപ്പെട്ടു. അറബിക്കപ്പൽ കയറി ഏദ്രൂരിൽ ഇറങ്ങി. അവിടെനിന്നു പശ്ചിമഘട്ടം എന്നുവിളിക്കുന്ന മലകളിൽ കരവഴിയായി നടന്നു അനേകമാസകാലം വ്യാഘ്രങ്ങളും പുലികളും വസിക്കുന്ന വൻകാടുകളിൽക്കൂടി സഞ്ചരിച്ചു. ചിലത്തിലെ കൊടികളും തിരിയുകളുംമാത്രം ഇവ കാലത്തു ഇവിടെ ഉപയോഗമായിരുന്നു. ക്രിസ്തുവർഷം പന്ത്രണ്ടാമാണ്ടു മീനമാസത്തിൽ കോതമംഗലത്തു പള്ളിക്കു കിഴക്കുള്ള മലയിൽ ഇവർ എത്തി. ക്രിസ്ത്യാനികളും ഉദ്യോഗസ്ഥന്മാരായി മാർ ഇഗ്നേഷ്യോസു കാട്ടിൽ നിന്നു ഇറങ്ങി വയൽപ്രദേശത്തുവന്നു. ഒരൊ സ്ഥലത്തുള്ളജനങ്ങൾ ശത്രുക്കളോ മിത്രങ്ങളോ എന്നു നിശ്ചയമില്ലാഞ്ഞതിനാലും മരണം നേരിട്ടേക്കാമെന്നു സംശയം ഉണ്ടായിരുന്നതിനാലും ഒരാൾ എങ്കിലും ജീവിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഒരോരുത്തനായി തിരിഞ്ഞു മാർ ഇഗ്നേഷ്യോസിനെ വെളിക്കിറക്കാതെ കാട്ടിൽ ഇരുത്തുകയും വൃദ്ധനായ മാർ ഇഗ്നേഷ്യോസു വെളിക്കു സഞ്ചരിക്കയും ചെയ്യണമെന്നു അവർ തമ്മിൽ പറഞ്ഞൊത്തിരുന്നതനുസരിച്ചാണു ഈ വൃദ്ധൻതന്നെ പുറപ്പെട്ടു വന്നതു. അപ്പോൾ വയലിൽ ഒരു മലയാളശൂദ്രൻ ഉഴവുചെയ്തുകൊണ്ടു നില്ക്കുന്നതു കണ്ടു അടുത്തു ചെന്നു ക്രിസ്ത്യാനികളോ പള്ളിക്കളോ സമീപമുണ്ടോ എന്നു കഠിശടയാളം വരച്ചു ഭാഗ്യം കൊണ്ടു ചോദിച്ചു. ഉടനെ ശൂദ്രൻ മറുപടി പറഞ്ഞശേഷം കാണിച്ചുകൊടുക്കണമെന്നു ആംഗ്യപ്പെട്ടപ്പോൾ തന്റെ കാളകളെ ഓടിച്ചു പോകുവാൻ പാടില്ലെന്നു സമാധാനം പറഞ്ഞു. ഇതിനകൽ കാളകൾ അവിടെ നില്പുവാൻ വേണ്ടി സ്നേഹം എടുത്തു വാഴ്ത്തി എന്നും ശൂദ്രൻ മടങ്ങിവരുന്നതുവരെ കാളകൾ ചുവടു പറികാതെ നിന്നിരുന്നു എന്നും പാരമ്പര്യം പറയുന്നു. ഇങ്ങിനെയും ഇദ്ദേഹം ഒരു വലിയ മുനിയാണെന്നു മലയാളികൾ തോന്നി കോതമംഗലത്തു ചെറിയ പള്ളിയിലേക്കു വഴി കാണിച്ചുകൊടുത്തു. മാർ ഇഗ്നേഷ്യോസു പള്ളിയിൽ പ്രവേശിച്ചു പ്രാർത്ഥന കഴിച്ചു ഉടൻ ക്ഷീണംകൊണ്ടു തന്റെ കൈപശമുണ്ടായിരുന്ന പുതപ്പു പള്ളിയുടെ അഴിക്കകത്തു വിരിച്ചു കിടന്നു.

പള്ളിക്കകത്തു ഒരു പുത്ത മേത്തൻ കയറികിടക്കുന്ന എന്നു ഒരു ധ്വനി പുറപ്പെട്ടു ആൾക്കൂട്ടി- ചിലർ ഇതാരെന്നു അറിവാൻ ആഗ്രഹിക്കുന്നു. മറ്റുചിലർ ഇതു പുത്ത അധികാരികൾ പള്ളിയിൽ പ്രവേശിച്ചു അശുദ്ധപ്പെടുത്തിയതുകൊണ്ടു ഇയാളെ പിടിച്ചു കെട്ടിക്കളയണമെന്നു പറഞ്ഞു ഗർജ്ജിക്കുന്നു- ഓഹോ അറിയാവുന്നവരൊ ആരും ഇല്ല- ഒടുവിൽ ഒരു വൃദ്ധൻ കത്തനാർവന്നു- ഒന്നരണ്ടു മുക്കുകയും മൂളുകയും ചെയ്തപ്പോൾ താൻ മേല്പട്ടക്കാരനാണെന്നുള്ളതിലേക്കു അടയാളങ്ങൾ ഖോവാ കാണിച്ചുകൊടുത്തു. അപ്പോൾ അപരാധം പറഞ്ഞുപോയതു നിലവിളി തുടങ്ങി. പരസ്പരം സന്തോഷമായി- തദ്ദേശികൾ ഖസ്സുകൾ ആണെന്നു മനസ്സിലായശേഷം ഇനി ഒരുപായം വേറെയുണ്ടെന്നും അടുത്ത കിഴക്കുള്ള മലയിൽ ഇരിക്കുന്നുണ്ടെന്നും ജനത്തെ മനസ്സിലാക്കി. അപ്പോൾ അവർക്കുണ്ടായ സന്തോഷം എന്തു പറയാവു- കൊച്ചുഖോവയെ കൊണ്ടുവരുവാൻ ആഘോഷങ്ങൾ വട്ടം കൂട്ടി- ഈ ആഘോഷങ്ങൾ സംശയസൂചകങ്ങളായിതീർന്നുകാണെന്നു ഗ്രഹിച്ചു വലിയഖോവയുടെ തുവാല ഒരടയാളമായി മുമ്പിൽഅയച്ചു- ഇങ്ങനെ ഇളയഖോവയും വന്നശേഷം ക്നാ-ാം ദിവസം മാർ ഇഗ്നേഷ്യോസു കാലംചെയ്തു ആ പള്ളിയിൽ തന്നെ അടക്കപ്പെട്ടു- മേല്പറഞ്ഞ ശൂദ്രൻഒഴിച്ചുകൂടാ ഇന്നും പള്ളിയിൽനിന്നു ഒരുപകാശം കൊടുത്തുവരുന്നുണ്ടത്രേ-

എന്നാൽ മാർ ഔഗേൻ ഗീവർഗീസ് മലങ്കര സഭയെ ഒരു വലിയ രക്ഷകർത്താവായിരുന്നു. ഉദ്ദേശം ൧൭൫൦-ാമാണ്ടിൽ വച്ചു സുറിയാനിക്കാരുടെ പുസ്തകങ്ങൾ എല്ലാം ദഹിപ്പിക്കയും വിശ്വാസവും പള്ളിക്രമങ്ങളും അശേഷം ഭേദപ്പെടുത്തുകയും ചെയ്തിരുന്ന. ഈ സമയത്തിൽ പത്തെഴുപതുവർഷം ജീവിച്ചുകൊണ്ടു സുറിയാനിവിശ്വാസം അശേഷം അതുകൾ അറിഞ്ഞുകൂടാഞ്ഞു. മാർ ഔഗേൻ ഗീവർഗീസ് വളരെകാലം ജീവിച്ചിരുന്ന വളരെ പള്ളികളെ റോമായിൽനിന്നു തിരിച്ചെടുത്തു. പള്ളികൾക്കു പുസ്തകങ്ങൾ സ്വന്തകയ്യാൽ എഴുതി ഉണ്ടാക്കി നടപ്പാക്കി. റോമാക്കാരുടെ ദുരുപദേശങ്ങളെ ഒന്നായി നീക്കുന്നതിനു എളുപ്പമല്ലാഞ്ഞതിനാൽ താഴെപ്പറയുന്ന അഞ്ചുകൂട്ടം സംഗതികൾ ഇദ്ദേഹം നമ്മുടെ ജനത്തിൽ ഉപദേശിച്ചു സ്ഥിരപ്പെടുത്തി.

൫. കാതോലിക്കാ പള്ളി എന്ന പദ്ധാൽ റോമ്മാപ്പള്ളിയല്ല, നിഖ്യാ, കൂസ്താന്തീനോ പ്പോലീസു, എഫ്രെസ്സൂസ ഒരം പിശുദ്ധ സൂനാദോസുകളുടെ നിശ്ചയങ്ങളാൽ ഉറപ്പിക്കപ്പെട്ടിരിക്കുന്ന തിരുസഭയാകുന്നു എന്നും,

൬. മിശിഹായിൽ പൂർണ്ണ ദൈവത്വവും പൂർണ്ണ മനുഷ്യത്വവും സങ്കിശ്രം കൂടാതെയും വേർതിരിക്കപ്പെടുകയാതെ പാടിച്ചേരാതെയും ഒരു ആൾവും ഒരു ക്രിസ്തുവായും അറിഞ്ഞെന്നും,

൭. പരിശുദ്ധാത്മാവു പിതാവിനോടും പുത്രനോടും സമമും പിതാവിൽ നിന്നു പുറപ്പെട്ടു പിതാവിനോടും പുത്രനോടുംകൂടെ ചേർക്കപ്പെട്ടു സ്തുതിക്കപ്പെടുന്നുഎന്നും

൮- കുബ്ബാനക്കു പഞ്ചീറായല്ല, ഗോതമ്പീറാ ഉപയോഗിക്കണമെന്നും,

൯. ജനനയിന്നാനോമുകൾ ജനനയിന്നവിധത്തിൽ ആചരിക്കണമെന്നും ആയിരുന്നു.

പറഞ്ഞല്ലോ എന്നൊരു റോമ്മാ പാതിയും മാർത്തോമ്മാ ശെമ്മാശ്ശും മാർത്തോമ്മാനിയോസിനോടു എതിരായി പലരെ തക്കങ്ങളിൽ കലഹങ്ങളിൽ പുറപ്പെടുവിക്കയും അദ്ദേഹത്തെ പീഡിപ്പിക്കയും ഉണ്ടായി- ഇവരെ ബാപാ മഹാനോൻ ചൊല്ലിയ ഒരു സുറിയാനി കവിത ഇന്നും കാണ്മാനുള്ളതു പലരെ രസകരമാകുന്നു- ഇദ്ദേഹം വേദപുസ്തകത്തിൽ പലരെ നിപുണൻ ആയിരുന്നുഎന്നു അദ്ദേഹത്തിന്റെ കൃതികളായി കാണ്മാനുള്ള അനേക മെമ്മറാകളിൽ ഉത്തമാകളിൽ കൊണ്ടറിയാം- ഈ പരിശുദ്ധൻ വരാതിരുന്നെങ്കിൽ നാം എല്ലാവരും ഇന്നും റോമ്മായുടെ നുകത്തിൻകീഴ് ശാപത്തിൽ ഇരുന്നു പോയേനെ- മലങ്കര സുറിയാനിക്കാരുടെ അളപറാ കൃതജ്ഞതയ്ക്കു പാത്രുപാന്മാരായി ആരെകിലും ഉണ്ടെങ്കിൽ അവരിൽ ഒന്നാമൻ ഒരം മാർത്തോമ്മാനിയോസു ബാപായാണെന്നു പറവാൻ സംശയം ഒട്ടില്ല- ഇദ്ദേഹം ജോലിയുടെ ആധിക്യം കൊണ്ടോ അറിവില്ലായ്മകൊണ്ടോ മലയാളത്തു സഞ്ചരിക്കാൻ ഇടയാകാഞ്ഞ സ്ഥലങ്ങളിൽ അല്ലാതെ പുത്തൻക്രൂർ യാക്കോബായ സുറിയാനി സഭ ഇല്ലാത്ത ദിക്കുകൾ ഇന്നു താൻ ഏതേതു സ്ഥലങ്ങളിൽ സഞ്ചരിച്ചിട്ടുണ്ടോ അവിടെ ഒക്കെയും പുറകുകൊ ഇന്നത്തെ റോമ്മായിൽ നിന്നു തിരിച്ചെടുത്തു. വിശ്വാസത്തിൽ അത്യുത്സാഹവും അദ്ധ്വാനം ചെയ്വാൻ അശേഷം മടിയില്ലാത്തവനും പ്രസംഗശക്തിയിൽ അസാമാന്യ വാഗ്വൈഭവനും അറിവിൽ നിപുണനും ആയിരുന്നു-

കടശി പരമായിസ്സിൽ സത്യ വിശ്വാസത്തിലും ഭക്തിയിലും ഹൃദയനിർമ്മലതയിലും ഇന്നും മാണ്ടിരിങ്ങും സ്നേഹത്തിൽ നിശ്ചയപ്രാപിച്ചു മുഴുനുരുത്തിപള്ളിയിൽ അടക്കപ്പെട്ടു- ഇദ്ദേഹം തന്റെ അദ്ധ്വാനത്താൽ അടിമത്വത്തിൽനിന്നു മോചിപ്പിക്കപ്പെട്ട ഒരം സഭയ്ക്കു പേണ്ടി ദൈവത്തിന്റെ മുമ്പാകെ മുട്ടിപ്പാലെ പ്രയ്ത്തിക്കുവരുന്നു- അവിടത്തെ പ്രാർത്ഥന നമുക്കു കോളയാകട്ടെ-

ഒരു എഴുത്തിന്റെ മറുപടി.

മലങ്കര ഇടവക പത്രിക പത്രാധിപരവർകൾക്കു.

റോമയിലെ ശുദ്ധ: പാപ്പാ എല്ലാവക ക്രിസ്ത്യാനികൾക്കും പുനരൈക്യതക്കായിട്ടു എഴുതിയ എഴുത്തിനു മറുപടിയായി അലക്സന്ത്യായിലെ ഒത്തൊട്ടിക്കാ കാതോലിക സഭയുടെ പാത്രിയക്കാ തന്റെമഹാ ഇടവകയുടെ ഇടവകകാക്കു എഴുതിയിരിക്കുന്ന എഴുത്തിന്റെ സാരാംശം അറിയുന്നതിൽ നിങ്ങളുടെ ബഹുകക്ഷായ വായനക്കാരിൽ പലക്കും ഇമ്പവും രസവും ഉണ്ടായിരിക്കുമെന്നു കരുതി ഞാൻ അതിനെ ഒരുചെറുലേഖനത്തിൽ അടക്കത്തക്കവണ്ണം ചുരുക്കി എഴുതി അയക്കുന്നു. നിങ്ങൾ അതിനെ സ്വീകരിച്ചു പ്രസിദ്ധം ചെയ്വാൻ ആഗ്രഹിക്കുന്നു.

"ആകയാൽ ഈ ശുദ്ധമുള്ള ആഗ്രഹപ്രകാരം മിശിഹായുടെ ഞങ്ങളുടെ ഒത്തൊട്ടിക്കപള്ളി പുനരൈക്യതക്കായിട്ടുള്ള ഏതുഎഴുപ്പുംസ്വീകരിപ്പാൻ എല്ലാപ്പോഴും ഒരുങ്ങിയിരിക്കുന്നു. എന്നാൽ റോമ്മാ ബി

ക്കോപ്പ പലതും വിവിധവുമായ സുവിശേഷ വിശ്വാസമുള്ള തന്റെ പുത്രമകളുടെ "രഹസ്യമായി കൊണ്ടുവന്നിരിക്കുന്നു" (൨പത്രോ.൨-൧) ചങ്ങലയെ ഒന്നോടും ആസകലവും കൊടഞ്ഞുകളകമാത്രം ചെയ്യണം. അതുകൊണ്ടാണല്ലൊ കിഴക്കെയും പടിഞ്ഞാറെയും പള്ളികളുടെതാപകരമായ ഭിന്നിപ്പിനു ഇടവരുത്തിക്കൂട്ടിയതു. ശുദ്ധമുള്ള ഏഴു ആകമാന സൂനാദോസുകളുടെ അടിസ്ഥാനത്തേക്കു വരികയും വേണം. അവ എടുത്തുട പക്കപ്പെടുന്നവക്കു വിരോധമായി വിശ്വാസത്തിന്റെ നേരുപദേശം തീരുമാനിക്കുന്നതിനാൽ ദൈവത്തിന്റെ സകല വിശുദ്ധ പള്ളികളുടെ പ്രതിനിധികളായി വിശുദ്ധാത്മാവിനു കൂടി ചേക്കപ്പെട്ട വരായിരുന്നല്ലൊ. അവയ്ക്ക മിശിഹായുടെ പള്ളിയിൽ ആസകലാലും നിത്യമായും ഉള്ള ഉറപ്പുണ്ടു.... എന്നാൽ പള്ളികളുടെ പുനരൈക്യതകായിട്ടുള്ള ഭക്തികരമായ വിചാരത്തിന്റെ സഫലതകായിട്ട ഇതു ഭവിക്കുമെന്നിരുന്നാലും സകലത്തിനും മുമ്പായി സാധാരണമായൊരു പ്രമാണവും അടിസ്ഥാനവും തെളിയിക്കപ്പെടുന്നതാവശ്യമാണ. അങ്ങനെ ഉറപ്പായ സാധാരണ പ്രമാണവും അടിസ്ഥാനവും ഏവൻഗേലിയിലെ ഉപദേശവും ഏഴു വിശുദ്ധ ആകമാന സൂനാദോസുകളുടെയും അല്ലാതെ മറെറാന്നമല്ലല്ലൊ. ഭിന്നിപ്പുവരെക്കും കിഴക്കെയും പടിഞ്ഞാറെയും പള്ളികൾക്കുപൊതുവായിരുന്ന ഈ ഉപദേശത്തെപ്പററി അപ്പൊൾ "ഏകശരീരമായിരുന്നു" (എഫെ. ൪-൪) കിഴക്കെയും പടിഞ്ഞാറെയും മിശിഹായുടെ ഏക വിശുദ്ധ കാതോലിക്കായ്ക്കുള്ളത്തെ ഒത്തൊരുക്കുന്നു അപ്പൊസ്തോലിയ പള്ളി എന്തു വിശ്വസിച്ചു വന്നു എന്നുള്ള സത്യത്തെ പരമാർത്ഥ ആഗ്രഹത്തോടെ അറിയുന്നതിനും ഇതിനെ മുഴുവനായും ഭേദം കൂടാതെയും മുറുകെ പിടിക്കുന്നതിനും നാം ഹേമിക്കപ്പെട്ടുന്നു.... ഇനിയും പുനരൈക്യതയുടെ വിശുദ്ധ ആന്തരത്തെ സംബന്ധിച്ചു മിശിഹായുടെ കിഴക്കെ ഒത്തൊരുക്കുന്നു കാതോലിക്കാ പള്ളി പൂർണ്ണ ഹൃദയത്തോടെ സ്വീകരിപ്പാൻ ഒരുങ്ങിയിരിക്കുന്നു എന്തെന്നാൽ, പക്ഷെ തങ്കൾ തന്നെ അതിനെ വഷളാക്കി മുറുകെ പിടിക്കുന്നില്ലെങ്കിൽ— ഒമ്പതാം നൂറാണ്ടിനുമുമ്പെ കിഴക്കെയും പടിഞ്ഞാറെയുംപള്ളി ഐകകണ്ഠ്യേന അനുസരിച്ചവയൊകയും ദിവ്യപിതാക്കളുടെയും ദിവ്യമായി കൂടപ്പെട്ട ആകമാന സൂനാദോസുകളുടെയും ഉപദേശത്തിൽ നിന്നു ഒമ്പതാം നൂറാണ്ടിനു മുമ്പെ അപ്പഴത്തെ പടിഞ്ഞാറുള്ള ഒത്തൊരുക്കുനാമാനസന്മാരായ റോമാപള്ളികാർ വിശ്വാസ പ്രമാണത്തെ കൂട്ടതലോടു കൂടെ ചൊല്ലിയൊ എന്നും പുളിപ്പിച്ചില്ലാ അപ്പം പെരുമാറിയൊ എന്നും അതു ബെസ്സുക്കനാതിയുടെ ഉപദേശത്തെ കൈക്കൊണ്ടൊ എന്നും കളിപ്പിക്കുന്നതിനു പകരം തളിപ്പായിരുന്നൊ എന്നും എപ്പൊഴും കന്യകയായവളുടെ അമലോത്ഭവത്തെയും റോമാബിഷോപ്പിന്റെ ലൌകീക ശക്തിയും തെററില്ലായ്മയും പൂർണ്ണാധികാരവും പശ്ചാത്യർക്കു തെളിയിക്കാമെങ്കിൽ ഞങ്ങൾക്കൊന്നും പറവാനില്ല എന്നാൽ നേരെമറിച്ചു ലത്തീൻകാരിൽ സത്യസ്നേഹികൾ തന്നെയും സമ്മതിക്കുന്ന പ്രകാരം മിശിഹായുടെ കിഴക്കെ ഒത്തൊരുക്കുന കാതോലിക്കാപള്ളി അന്നു കിഴ

ക്കും പടിഞ്ഞാറും ഒരുപോലെ അവസരിച്ചുവന്ന പുരാതനമായിഏൾ പ്പിക്കപ്പെട്ട നടപടികളെ മുറുകെ പിടിക്കുന്ന എന്നും പടിഞ്ഞാറുകാർ പല പുതുമകളാൽ അവയെ വഷളാക്കി എന്നും സൂക്ഷ്മമായി തെളിയി ക്കപ്പെട്ടാൽ പുനരൈക്യത്തക്കു ഏതുമേ സ്വാഭാവികമായ വഴി പടി ഞ്ഞാറെസഭ പുരാതനമായ ക്രമത്തിനും ശട്ടവട്ടത്തിനും തക്കവണ്ണം വരുന്നതാകുന്നു എന്ന കൂട്ടികൾ പോലും സമ്മതിക്കും. എന്തെന്നാൽ വിശ്വാ സം കാലപഴക്കംകൊണ്ടോ സംഗതിവശാലോ ഒരു പ്രകാരവും ഭേദ പ്പെടാതെ എല്ലായ്പ്പോഴും എല്ലാടവും ഒരുപോലെ ഇരിക്കുന്നു. എന്തെ ന്നാൽ "ഒരു ശരീരവും നിങ്ങളുടെ വിളിയുടെ ആശയിൽ നിങ്ങൾവി ളിക്കപ്പെട്ടിരിക്കുന്ന പ്രകാരം തന്നെ ഒരു ആത്മാവും ഉണ്ട്. ഒരു കർത്താ വും ഒരു വിശ്വാസവും ഒരു മാമോദീസായും എല്ലാവക്കും ഒരു ദൈവ വും പിതാവും താൻ സകലത്തിന്മേലയും സകലത്തിലൂടെയും നിങ്ങളി ൽ എല്ലാവരിലും ആകുന്നു" (എഫെ രൂ. രൂ. നു) എന്ന പറഞ്ഞിട്ടുണ്ട ല്ലൊ.... പിന്നെ പാപ്പാ മേലധികാരത്തെക്കുറിച്ചു പറയുന്നതു തി രുപ്പിതാകൾ റോമാ ബിഷോപ്പിനെ മഹാരാജ്യത്തിന്റെ തലസ്ഥാ ന നഗരത്തിലെ ബിഷോപ്പായിട്ടു മാത്രം ബഹുമാനിച്ചിട്ടു ശ്രേഷ്ഠതയു ടെ ബഹുമതി കൊടുത്തു സ്ഥാനത്തിനു ഒന്നാമത്തെ ബിഷോപ്പായിട്ടു മാത്രം കരുതി. എന്നുവെച്ചാൽ സമന്മാരിൽ ഒന്നാമൻ. ഈ പദവിക ൾ തന്നെ കൊൻസ്താന്തിനൊപ്പിൾ റോമാ മഹാരാജ്യത്തിന്റെ തല സ്ഥാനമായി ഭവിച്ചപ്പോൾ പിന്നത്തേതിൽ അതിനും അവർനൽകി. ഇതിനു ആധാരമായിട്ടു നാലാം സൂനാദോസിലെ 28-ാം കാനോൻ മറു സംഗതികളുടെ കൂട്ടത്തിൽ പറയുന്നതു എന്തെന്നാൽ. "നവറോ മായാകുന്ന ടി. കൊൻസ്താന്തിനൊപ്പിളിലെ വിശുദ്ധ സഭക്കു ഒരെ പദ വി ഞങ്ങൾ തെളിയിക്കയും ശട്ടപ്പെടുത്തുകയും ചെയ്യുന്നു. എന്തെന്നാൽ പഴയ റോമായുടെ സിംഹാസനത്തിനു ആയ്യു മഹാരാജ്യത്തിന്റെ തല സ്ഥാനമായിരുന്ന കാരണത്താൽ പിതാക്കന്മാർ യുക്തമാംവണ്ണം അതിനു സ്ഥാനമാനങ്ങൾ നല്കിയിരിക്കുന്നു. ആ അന്തരം പ്രമാണിച്ചു കൊ ൻസ്താന്തിനൊപ്പിൾ സൂനാദോസിലെ ദ്രിം ബിഷോപ്പന്മാർ പുതിയ റോമായിലെ എത്രയും വിശുദ്ധമായ സിംഹാസനത്തിനു സമമായ പ ദവികൾ കൊടുത്തു".

ഈ കാനോനിൽനിന്നു പ്രത്യക്ഷപ്പെടുന്നതു എന്തെന്നാൽ റോമാ ബിഷോപ്പു കൊൻസ്താന്തിനൊപ്പിൾ ബിഷോപ്പിനോടും മറു പള്ളിക ളുടെ ബിഷോപ്പന്മാരോടും ബഹുമാന തുല്യനാകുന്നു. എന്നാൽ ഒരു കാനോനിലും പിതാക്കന്മാരിൽ യാതൊരുത്തനിലും റോമായിലെ ആ ൾ വിസ്മീർണ്ണതയിൽ പള്ളികളുടെ പ്രഭു താൻ തനിച്ചാകുന്നു എന്നും മ റു സ്വയാധിനരും തലസ്ഥാന ഉടമസ്ഥരുമായ പള്ളികാരുടെ തെ റ്റില്ലാത്ത ന്യായാധിപതിയും പത്രോസ ശ്ലീഹായുടെ അനന്തിരവൻ ഭൂമിയിൽ ംരംശൊമിശിഹായുടെ കായ്യസ്ഥനെന്നും യാതൊരു സൂച നയും ഉത്ഭവിക്കുന്നില്ല... ആയതുകൊണ്ടു റോമാ ബിഷോപ്പു ഞങ്ങ ളോടു ഞങ്ങളുടെ പൂർവ പിതാക്കന്മാരുടെ മനസ്സൊയിരുന്നു എന്നും

ക്രിസ്ത്യാനികളുടെ അപ്പൂകാലങ്ങൾ ഞങ്ങൾക്കു ഏല്പിച്ചതു എന്തെന്നും തിരക്കു ചെല്ലുവാൻ ഞങ്ങൾക്കു പ്രമാണങ്ങൾ കാണിച്ചു തരുന്നതു കൊണ്ടു ഒരു ഫലവുമില്ല. ഈ പ്രമാണങ്ങളിൽ ഒത്തോദക്സ് കാരായ ഞങ്ങൾ പുരാതനത്തിൽ ദിവ്യമായി ഏൽപ്പിച്ചു തന്നിട്ടുള്ള ഉപദേശങ്ങളും നടപടികളും കാണുന്നു. ആയവ ഇന്നവരെയും ഞങ്ങൾ ഭദ്രമായി പിടിച്ചുകൊള്ളുന്നു. പടിഞ്ഞാറെ പാപ്പാ പള്ളിസ്ഥീകരിച്ചു ഇന്നോളം പിടിച്ചുകൊണ്ടിരിക്കുന്ന ഒട്ടുക്കാലം ജനിപ്പിച്ചിട്ടുള്ള നിസ്സാരമായ പുതുമകളെ ഞങ്ങൾ ഒരു പ്രകാരവും കാണുന്നില്ല. ഒത്തോദക്സാ കിഴക്കെ പള്ളി ക്രിസ്ത്യാനികളിൽ ഒമ്പതു ആറാണ്ടുകളിലെ ഏഴു ആകമാനസൂനാഹദോസുകളുടെ പള്ളിയാകകൊണ്ടും സത്യത്തിന്റെ തൂണും അടിസ്ഥാനവുമായ മിശിഹായുടെ ഏക വിശുദ്ധ കാതോലിക്കായും അപ്പൊസ്തോലീയവുമായ പള്ളിയാകകൊണ്ടും മിശിഹായിൽ സ്വായമായി പുകഴ്ന്നതിനും ഇടയാകുന്നു. ആകയാൽ ഇപ്പൊഴത്തെ റോമ്മാപ്പള്ളി പിതാക്കന്മാരുടെ ഏഴു ആകൾ ഭോഷ്കായ പുതുമയുടെ പള്ളിയാണെന്നും ശുദ്ധമുള്ള പുസ്തകം വികടമായി ഭാഷാന്തരപ്പെടുത്തിയും അങ്ങിനെ തന്നെ ശുദ്ധമുള്ള സൂനാദോസുകളുടെ വിധികളും ചെയ്തിരിക്കുന്നു. ആകയാൽ അതിനെ സ്വായമായും ശരിയായും ഉപേക്ഷിച്ചിരിക്കുന്നു. അബദ്ധത്തിൽ അതു നിലനിക്കുന്ന കാലമൊക്കെയും ഉപേക്ഷിക്കുന്നതുമാകുന്നു. "ദൈവത്തിൽ നിന്നു വേർതിരിക്കുന്നതായ ഒരു സമാധാനത്തെക്കാൾ സ്വീകാര്യയോഗ്യമായ ഒരു യുദ്ധം ഏറ്റം നന്നു" എന്നു ശ്രീഗോഥിയൂസ നസിയാൻസെന്തുസ പറയുന്നുണ്ടു". തല്പരൻ.

മലകര ഇടവകപത്രിക

ഇടവക പത്രിക ഇപ്പൊൾ നാലു കാലമായി ജീവിച്ചിരിക്കുന്നു. ഒരു ദീർഘകാലംകൊണ്ടു ഇടവകപത്രികയ്ക്കും സുറിയാനി സഭയ്ക്കും ഉണ്ടായിട്ടുള്ള ഉയർച്ചയെക്കുറിച്ചു ഒരു വത്സരാരംഭത്തിൽ അല്പം ചിന്തിക്കുന്നതു കാലോചിതമെന്നു തോന്നുന്നു.

ഒന്നാമതു പത്രികയെക്കുറിച്ചുതന്നെ ആലോചിക്കാം. പത്രികയുടെ ഒന്നാം ലക്കത്തിൽതന്നെ ഒരു ലേഖകൻ പ്രസ്താവിച്ചിരുന്നതു പത്രിക ക്രമേണനന്നായി മദ്രാസ് ക്രിസ്ത്യൻകൊളജു മഗസീൻപൊലെ ആയിതീരുന്നതിനു പ്രയത്നിക്കണമെന്നായിരുന്നു * പ്രയത്നത്തിന്റെ ഉണ്മയൊ ഇല്ലായ്മയൊകുറിച്ചു നിശ്ചയമില്ല. ഒരു പ്രതീക്ഷ അല്പമെങ്കിലും സാദ്ധ്യമായിട്ടില്ലെന്നുതിച്ചുതന്നെ. പത്രികയുടെ വലിപ്പവും, അതിന്റെ തിയും, അച്ചടിയുടെ രീതിയും, ലേഖനങ്ങളുടെ തരം തിരിവും എല്ലാം "ആദിമുതൽ ഏന്നും (ഏന്നന്നെക്കും എന്നുതൊന്നുന്നു) ആമ്മീൻ. ഈ മകരംമുതൽ ചില ഭേദങ്ങൾഒക്കെ വരുത്താൻ ഭാവിച്ചിരിക്കുന്നു

* മഗസീനിലേക്കു എഴുതി അയക്കുന്ന ലേഖകന്മാരെപ്പൊലെ എന്നു വേണ്ടാ ശതാംശമെങ്കിലും ഞങ്ങളെ സഹായിപ്പാൻ ആരും ഇല്ലാ. ഇ. പ. പ.

തായി ധന്യ ലങ്കത്തിൽ ഷൊഷിച്ചിരുന്നല്ലൊ. മകരത്തിലെ പത്രിക കണ്ടപ്പൊൾ ഷൊഷംഒന്നും സാരമായി നിറവെറികാണാഞ്ഞതിൽ ഇ ഗ്ലൗഭംഗം ഉണ്ടു. അപ്രകാരം തന്നെ മാനെജമെൻറു മാറികൊണ്ടിരു ന്നതിനാൽ എന്നതൊന്നുന്നു, യാതൊരു പ്രത്യെക സംഗതിയും അഭി പ്രായപ്പെടുക ആകട്ടെ, നടത്തുകയൊ നടത്തുവാൻ ചുമതലയായിശ്ര മിക്കയൊ ചെയ്യുതായി പത്രികയെ അഭിനന്ദിക്കുന്നതിനു ഉണ്ടൊ ഇല്ല യൊ ഓക്കുന്നില്ല. എന്നാൽ ഒരു വിധത്തിൽ പത്രികയാൽ ഉണ്ടായിട്ട ള്ള ഫലം ആലൊചിക്കുന്ന പക്ഷം ഈ ന്യൂനതകൾക്ക എല്ലാം പരി ഹാരമായിരിക്കുന്നു. പണ്ടു ബാവാകക്ഷി എന്നുപറഞ്ഞാൽതന്നെ കറെ ഹാസ്യയൊഗ്യമായിരുന്നു. അതുകൊണ്ടു ഒരു വിധകാൽ ഒക്കെ സ്ഥല കാലൊചിതം പത്രൊസു ശ്ലീഹായെപൊലെ ബാവാകക്ഷിയും മെത്രാ കക്ഷിയുമായി കഴിയാറുണ്ടായിരുന്നു. പാദ്രിമാക്കും പുറപ്പാടു പൂസ്തകം ൨൦.൨ അദ്ധ്യായംവരെ നൊക്കീട്ടുള്ള ഉപദെശിമാക്കും ബാവാകക്ഷി എന്ന കെട്ടാലുള്ള ഭയപ്പാടും മുഖത്തെഷ്യവും തിക്തകം കഷ്ടായം കൂടിച്ചു തിൽ പരമായിരുന്നു. ഇവരും ഇവരുടെ വാടയെറിട്ടുള്ള സുറിയാനി നവീകരണക്കാരും പരിശുദ്ധന്മാരൊടും നന്മനിറഞ്ഞമറിയത്തൊടും അ പെക്ഷിക്കുന്നതിന്നെറ തെറിനെക്കുറിച്ചും, ചാത്തംകെഴികയും മരിച്ചുവ ക്കുവെണ്ടി അപെക്ഷിക്കയും ചെയ്യുന്നതിന്നെറ ഭൊഷ്തത്വത്തെക്കുറിച്ചും സമയത്തും അസമയത്തും സുറിയാനിക്കാരൊടു തക്കിക്കുന്നതിനു ധൈര്യപ്പെടുന്നതും അവരെ പറഞ്ഞു മടുപ്പിക്കുന്നതും എത്രയൊ സാധാരണ യായിരുന്നു. ആൽക്രൂട്ടങ്ങളിൽ ഹിന്ദുകളൊടു പ്രസംഗത്തിനു കൊപ്പി ട്ട സുറിയാനിക്കാരെ അതിക്ഷെപിച്ച പിതിയുക ഇവക്ക പതിവായിരു ന്നു. അവരുടെ വർത്തമാന പത്രങ്ങൾക്കും മുഖ്യജൊലി ഇതുതന്നെയാ യിരുന്നു.

ഒരം കാലം ഒക്കയും മാറിപ്പൊയി. ബാവാകക്ഷി എന്ന സമ്മതിച്ചു പറയുന്നതിനു ആകക്ഷിക്കാക്കു ഇപ്പൊൾ ശങ്കയില്ല. (വല്ലുകിലും മൂല യിലും ഒന്നൊ രണ്ടൊ വിലാഞ്ഞിൽ കാണുമായിരിക്കാം. അതുപൊ കട്ടെ.) പാദ്രിമാക്കും പ്രസ്സാവ ഉപദെശിമാക്കും ബാവാകക്ഷി എന്ന വച്ചാൽ ശരിയായ ഒരു സംഘം തന്നെ എന്ന സമ്മതമാണു. തമ്മിൽ ബന്ധുതയ്ക്കു കറെ മോഹമാണത്രെ. ഒരുസുറിയാനിക്കാരനും ഒരു ഉപ ദെശിയും കൂടെ കൂടിയാൽ ക്രിസ്തീയ മതത്തിന്നെറ പൊതുതത്വങ്ങളെ ക്കുറിച്ചുമാത്രം സംസാരിക്കും. ഇരുകക്ഷിക്കുമുള്ള വ്യത്യസ്തകളെക്കുറിച്ചു സംഭാഷണം പരസ്പരം പൂജ്യമായി കഴിച്ചുകൊള്ളും. സംഘങ്ങളിൽ തെറ്റുപ്രസംഗങ്ങൾ ഇല്ല. വർത്തമാനപത്രവും ദീപംകെട്ടന്നതിനുമുമ്പു അളികത്തുന്നതുപൊലെ ഒരുഷൊഷരംഗം കഴിച്ചു മെന്നമായി. ഇ ങ്ങിനെ സ്വന്തമതതത്വങ്ങളുടെ അടിസ്ഥാന ന്യായങ്ങളെക്കുറിച്ചു നാട്ടു സൂത്രത്തുള്ള അപരിഷ്കൃത സുറിയാനികൾക്കുകൂടി ഏറക്കുറെ അറിവും, സുറിയാനി സമൂഹത്തിനു അന്യ സംഘങ്ങളുടെ ദൃഷ്ടിയിൽ ബഹുമതി യും പ്രാപിക്കുന്നതിനു ഒരം കാലങ്ങളിൽ ഇടവകപത്രിക ഏറവും പ്ര യൊജനകരമായ ഒരു ആയുധമായിരുന്നു. അന്യർ നമ്മെ ദൃഷ്ടിക്കുമ്പോ

ൽ നടക്കാ കുന്നതുണ്ടെന്നു അവരും നാമും ഇപ്പോൾ പത്രിക മുഖേന സ്പഷ്ടമായി ഗ്രഹിച്ചു. അവർ പിൻ വാങ്ങിയും നാം മൈത്രിത്തോടും ഇരിക്കുന്നു. ഒരു വിശേഷ ഫലങ്ങൾക്കായി പത്രിക പ്രത്യേകം അഭിനന്ദിക്കപ്പെടേണ്ടിയിരിക്കുന്നു.

ഇനി സുറിയാനി സമുദായത്തെക്കുറിച്ചു. വമ്പിച്ച ഒരു ഇംഗ്ലീഷ് സിമ്മനാരി സ്ഥാപിച്ചു ഉദ്ധീരതയേറിയ പ്രവൃത്തിയായിരുന്നു. ഇതും ഇതിന്റെ ശ്രുഭതയിൽ പ്രത്യേക ശ്രദ്ധയോടുകൂടിയിരിക്കുന്ന മനോരമയും സുറിയാനിസമുദായത്തിനും അന്യസമുദായങ്ങളുടെ കാഴ്ചയിൽ ബഹുമതി പ്രാപിക്കുന്നതിനും, ഇടവകപത്രികപോലെ അല്ല, വേറൊരുവിധത്തിൽ ഏറ്റവും പ്രയോജനകരങ്ങളായ സഹകരണങ്ങളാണു. സ്ത്രീവിദ്യാലയമായി സ്ഥാപിച്ചിരിക്കുന്ന പുതിയ ബൈസ്നേശെ * ഒട്ടും ധീരതകുറഞ്ഞ ഒരു കൈ അല്ല. ഇതിൽനിന്നു സുറിയാനി പ്രധാനന്മാർ സ്വസഹായം സഹ്പ്രധാനമായി ഗ്രഹിച്ചിരിക്കുന്ന പ്രകാരം തോന്നുന്നു. ഒരു പാഠം അവർ മുമ്പേതന്നെ ഗ്രഹിച്ചിരുന്നു എങ്കിൽ ഇപ്പോൾ ഏത്ര ബൈസ്നേശെ, ഏത്ര ജീവന്നാസ്സ്യാസു സിമ്മനാരി, ഏത്ര ഇടവകപത്രിക മുതലായ്യ നാടെങ്ങും ഉണ്ടാകുമായിരുന്നു.

൫. ഇടവകപത്രിക "പട്ടകൂരുടെ പഠിപ്പില്ലായ്മയാൽ ഉണ്ടാകുന്ന ദോഷങ്ങളെക്കുറിച്ചു", ഒരുവിധത്തു പ്രകരണം തുടച്ചയായി പ്രസിദ്ധപ്പെടുത്തിയിരുന്നെല്ലൊ. പത്രസ്ഥലം ഇതിനു വൃഥാ കളയുന്നതും പത്രാധിപക്കു കുറെ വേല ലാഭം ഉണ്ടായ്യും അല്ലാതെ ഇതിനാൽ ഫലം ഒന്നുമില്ല. ധന്യ ലക്കത്തിൽ തത്സംബന്ധമായ ലേഖനം ഏത്രയൊ ശരി. ആ ലേഖകന്റെ അഭിപ്രായത്തിൽ ഞാൻ പൂർണ്ണമായി യോജിച്ചിരിക്കുന്നു. വരവു കൂടുതൽ ഉണ്ടായാൽ പഠിപ്പുള്ള പട്ടകൂരും ഉണ്ടാകും. വരവു കുറവെങ്കിൽ പട്ടകൂക്കു പഠിപ്പും അങ്ങിനെതന്നെ. അതിനാൽ പഠിപ്പിന്റെ രഹസ്യം അതായത്തിൽ അണ. ഇതു വർദ്ധിപ്പിക്കുന്നതിനു ശ്രമിച്ചാൽ മറൊന്നു നിഷ്പ്രയാസെന സാധിക്കും. ഇംഗ്ലീഷ് പഠിച്ച പട്ടകൂർ സഭയിൽ ഉണ്ടാകണമെന്നു ഉദ്ദൊദ്ദേശമായി വച്ചിരിക്കുന്ന മെത്രാപോലീത്താ തിരുമനസ്സിലെക്കും മറൊല്ലാ ജ്ഞാദ്ധികാനികൾക്കും കലശലായി ഉള്ള ആഗ്രഹം ഇതിനാൽ സാധിക്കും. ഇംഗ്ലീഷ് പഠിച്ച പട്ടകൂരെ കിട്ടുന്നതിനു ഇപ്പോൾ പ്രയൊഗിച്ചുവരുന്ന വിദ്യ അത്ര ഫലിച്ചു കാണുന്നില്ല. പഠിച്ച യുവാക്കളെ പട്ടത്തിനു ക്ഷണിച്ചാൽ അവരുടെ ഒന്നാം ചോദ്യം ശമ്പളം എത്ര ഏന്നാണ. ഒരു ചോദ്യത്തിനു മറുപടി പറവാൻ തട്ടമുറമില്ലല്ലൊ. അതിനാൽ പഠിക്കുന്ന കുട്ടികൾക്കു പട്ടം കൊടുത്തെക്കാം ഏന്നൊരു വിദ്യയാണ പെരുമാറുന്നതു. പട്ടം ഇല്ലായിരുന്നെങ്കിൽ അവർ വല്ല വിധവും പഠിച്ചു പൊകുമായിരുന്നു. പട്ടം കിട്ടിയുകൊണ്ടു പഠിത്തം നിന്നു. ജ്ഞാദ്ധികാനികളുടെ ലാക്കും തെറ്റി.

---

* ബൈസ് നേശെ എന്നു പറയുന്നതെങ്ങനെയാണു, ഇ. വ. പ.

ഒരു പടപ്പോൽ തല്ലു ഒന്നും ക്രൂരതെ പ്രതിഫലനിഷ്ഠയും ഉണ്ടാ
യാൽ പഠിപ്പുള്ള യുവാക്കൾ പട്ടത്തിനു തയ്യാറാവിവരും. അതിനാൽ
പട്ടക്കാരുടെ പരിപ്പില്ലായ്മയെ കുറിച്ചു വൃഥാ പ്രസംഗിക്കാതെ അതി
ന്റെ കാരണമായ അജ്ഞാനമില്ലായ്മയെക്കുറിച്ചു പ്രസംഗിച്ചു അ ദോഷ
ത്തെ പരിഹരിക്കുന്നതിനു ശ്രമിക്കുന്നതു ഇടവകപത്രികയുടെ മുഖ്യ ല
ക്ഷ്യങ്ങളിൽ ഒന്നായിരിക്കണം.

൨. മലയാള അച്ചടി അഭിവൃദ്ധിയാക്കുകയും, സുറിയാനി ക്രമേ
ണെ നടത്തുകയും ചെയ്യുന്നതു ക്രൂരതെ, ഒരു ഇംഗ്ലീഷ അച്ചടി
യും അന്യ രാജ്യങ്ങളിൽ നമ്മുടെ സമുദായ കാര്യങ്ങളെ വ്യവഹരിക്കു
ന്നതിനു തല്ലാലം ഒരു ചെറിയ ഇംഗ്ലീഷ പത്രവും ഏതായും ആവശ്യ
മാണ. ഇതിനു അല്പമായ ഒരു ആരംഭം അല്പ കാലത്തു ഉണ്ടായിയാ
അറിഞ്ഞിട്ടുണ്ട. അതു സാധിച്ചില്ല. ഇനി എങ്കിലും ഒരു കുറവിനെ നി
വൃത്തിക്കുന്നതിനു പ്രയത്നിക്കുന്നതു പത്രികയുടെ ഒരുപ്രധാന ശ്രോ
ത്രമായിരിക്കണം.

൩. ഇംഗ്ലീഷ, മലയാളം, മുപ്പ്രമായി സുറിയാനി ഒരു ഭാഷകളി
ൽ പുസ്തകങ്ങൾ ശെഖരിച്ചു മാന്യമായ ഒരു പുസ്തകശാല സമുദായം
വകയായി ഇല്ലാതിരിക്കുന്നതിനാലുള്ള സങ്കടങ്ങൾ ദുസ്സഹമായിതീന്നി
രിക്കയാൽ അന്യൂനതയെ പരിഹരിക്കേണ്ടതു അത്യാവശ്യമായിരിക്കു
ന്നു. ഒരു വിഷയത്തിലും പത്രിക മുഖ്യമായി ഉത്സാഹിക്കേണ്ടതാണ.

൪. തൽവിഷയത്തിൽ പത്രിക വായനക്കാർക്കു പ്രയോജനകരമാ
യിതന്നെ ഇരുന്നു. ഇതുകൊണ്ടു തന്നെ മതിയായില്ല. വായനക്കാരെ
ഭക്തിയിൽ വളർത്തുന്നതിനുകൂടി ഉദ്ദേശമുള്ള ലേഖനങ്ങൾ മേലാൽപ്ര
സിദ്ധപ്പെടുത്തണം. നല്ലപ്രസംഗങ്ങളും ഗ്രന്ഥദോഷങ്ങളും പത്രികയി
ൽ സാധാരണ ഉണ്ടായിരിക്കണം.

൫. ദേശവർത്തമാനങ്ങളും പ്രത്യേകിച്ചു നമ്മുടെ സമുദായംഗങ്ങ
ളായി ഏല്പാ സംസ്ഥാനത്തുമുള്ള ഉദ്യോഗസ്ഥന്മാരുടെ സഹതാപം
പത്രത്തിൽ ഉണ്ടായിരിക്കത്തക്കവണ്ണം അവരുടെ വിവരങ്ങളും ധാരാ
ളമായി പത്രികയിൽ കാണണം.

൬. സമുദായത്തിൽ കാലംതോറും വിദ്യാഭ്യാസം എത്രമേൽ അഭി
വൃദ്ധിയായിവരുന്നുണ്ടെന്നു പൊതുജനത്തെ ഗ്രഹിപ്പിക്കുന്നതിലും, പ്ര
ധാന ഇടവകകളിൽ പ്രാഥമിക പള്ളിക്കൂടങ്ങൾ സ്ഥാപിച്ചു നടത്തു
ന്നതിനു അതതുസ്ഥലത്തെ ജനത്തെ ഉദ്യോഗിപ്പിക്ക മുതലായ സംഗ
തികളിലും പത്രിക പ്രത്യേക താല്പര്യത്തോടുകൂടിയിരിക്കണം.

ഒരു ഇഷ്ടൻ.

യുയൊമയ മതവും അതിന്റെ ആചാരങ്ങളും. (തുടർച്ച)

ഇനിയും ഇവരുടെ ആചാരങ്ങളിൽ ചിലതിനെക്കുടി പറയാം.
(൫) തിരുവത്താഴം ആചരിക്കുമ്പോൾ ക്രിസ്തീയ സഭകളെപ്പോലെ വി
ഞ്ഞല്ല വീഞ്ഞിനു പകരം വെള്ളമാണ ഉപയോഗിക്കുന്നതു. ഇതു ഇ

ന്നാക്കെ അനുഷ്ഠിക്കാവു എന്നില്ല, ഇന്നയിടത്തു വച്ചെ അതു ചെയ്യു എന്നുമി ല്ല. (൫) വിവാഹ സമയത്തു ഒരു കൊച്ചിനെ പിടിച്ചു ഒമ്പതിമാർ അ ങ്ങോട്ടും ഇങ്ങോട്ടും കഴുത്തിൽ പിടിപ്പിച്ചു കൊണ്ടോണ ഉടമ്പടി വാച കം ചൊല്ലുന്നതു. മിന്നുകെട്ടുന്ന സൂത്രവുമല്ല. "മത്സ്യമാംസം ഭക്ഷിക യൊ മദ്യവർഗ്ഗം കുടിക്കയൊ മൂന്തിരിയുടെ യാതൊന്നിൽ നിന്നു അന്നഭ വിക്കയൊ മൂന്തിരിരസത്തിനു ആരാധനയുള്ള പഴയ ഭവനമായ ഏ തു പള്ളിയിലും കാലെടുത്തു വെക്കയൊ" ചെയ്യുകയില്ലെന്നംക്രുടി ഈ സ മയത്തു പ്രത്യേക ഉടമ്പടി ചെയ്യണം. (൬) സ്ത്രീകളുടെ വസ്ത്രധാരണം- യുയൊമയമതക്കാർ ഇപ്പോൾ അംഗീകരിച്ചു നടത്തിവരുന്ന സ്ത്രീകളു ടെ വേഷം, വാണിയ സ്ത്രീകൾ, പട്ടാണിച്ചികൾ, ചെട്ടിച്ചികൾ ഈ വക സ്ത്രീകളുടെ വേഷമാണു. വാണിച്ചികൾ സാധാരണയായി നെ ക്ക ധരിക്കാറില്ലെന്നു തോന്നുന്നു. എന്നാൽ പട്ടാണിച്ചികൾക്കും യുയൊ മയികൾക്കും ചെട്ടിച്ചികൾക്കും റവുക്കയും മേലയുമാണു. ബ്രാഹ്മണ സ്ത്രീകളുടെ ഉടുപ്പിൽ നിന്നു താഴില്ലെന്നു ഒരു വ്യത്യാസമെ യുയൊമ യികളുടെ ഉടുപ്പിനുള്ളു. ഇപ്പോൾ യുയൊമയികളുടെ വേഷത്തെക്കുറി ച്ചു ഒരു ധാരണ വായനക്കാർക്കു കിട്ടിയിരിക്കുമെന്നു വിശ്വസിക്കുന്നു. എ ന്നാൽ ഈ വേഷത്തിന്റെ ഭംഗിയെയൊ പൂർണ്ണതയെയൊ കുറിച്ചു പറയുന്നതിനു മുമ്പായി സ്ത്രീകളെ ഒരു വേഷം ധരിപ്പിക്കുന്നതിനുള്ള കാരണം എന്തെന്നു ക്രുടി ആലോചിക്കാം. (൭) യുയൊമയസഭയിൽ ഒരു വിധത്തിലും രണ്ടാമതവനെന്നു പറഞ്ഞുകൂടാത്ത ഒരാൾ ആത നവേഷത്തെക്കുറിച്ചു പറഞ്ഞതാവിതു: "സ്ത്രീകളെ ഇപ്രകാരം മറ്റു ള്ള ക്രിസ്ത്യാനി സ്ത്രീകളുടേതിൽ നിന്നു വ്യത്യാസമായ ഒരു വേഷംധരി പ്പിച്ചാൽ (സഭയിൽനിന്നു) അതു എളുപ്പം മറിഞ്ഞു പോകയില്ല. പുരു ഷനും തഥൈവ". ഏതൊരു തോട്ടത്തിൽ വച്ചും ഈ ആത്മാവു തന്നെ സ്ത്രീമൂലമാണല്ലൊ പുരുഷനെയും ക്ഷതിച്ചതു. അതെസൂത്രം തന്നെയാ ണു" ഇവിടെയും പ്രയോഗിക്കുന്നതു. മറന്നിട്ടില്ല. (൮) യുയൊമയമത സ്ഥാപകനായ വിദ്വാൻകുട്ടി എന്ന മറുനാമമുള്ള യുസ്സ യോസേപ്പ എന്ന ആളിന്റെ മരണശേഷവും ഇപ്പൊഴത്തെ തലവൻ മൂപ്പോറു കുറെകാലം കഴിഞ്ഞതിന്റെ ശേഷവുമാണ ഒരു വേഷവ്യത്യാസം ആ രംഭിച്ചതു. മൂപ്പൻ ബോധകർ പട്ടരായിരുന്ന എങ്കിലും ഭാര്യ ചെട്ടി ച്ചിയായിരുന്നു. ആ കുട്ടരുടെ വേഷം ഇതാണെല്ലൊ. ഇതാണ രണ്ടാ മത്തെ കാരണം. ഏതുമന്ത്രമൊ. ഏതുമന്ത്രമൊ. (൯) മൂന്നാമത്തെ കാരണം തന്നിഷ്ടമത്രെ. ഒരു പാണ്ടി പെണ്ണുങ്ങളിൽ ഒന്നിനെ (അധി കാരമുള്ളവൻ) ആരൊ, സുറിയാനി സ്ത്രീകളുടെ വേഷം ധരിപ്പിച്ചതി ൽ ഇവക്കുണ്ടായ കോപവും വ്യസനവും ഇവരുടെ ശാപവും ഭള്ളും പറഞ്ഞു കേൾപ്പിക്കാവതല്ല. സുറിയാനി സ്ത്രീകൾ ഇവരുടെ വേഷം ധ രിക്കണമെന്നും ഇവക്കു സുറിയാനി സ്ത്രീകളുടെ വേഷം ധരിച്ചുകൂടാ എ ന്നുമുള്ള നിബ്ബന്ധം തന്നിഷ്ടമാണല്ലൊ. പ്രസ്തുത വേഷങ്ങൾ രണ്ടിൽ നിന്നും വ്യത്യാസമായി ഒരു വേഷം ഇവർ അംഗീകരിച്ചിരുന്നുവെങ്കി ൽ ഇവരെ കുറ്റംവിധിക്കാനില്ലായിരുന്നു. പൊട്ടൻതട്ടികാൻ സുറിയാ

നിക്കാർ കിടപ്പുള്ളപ്പോൾ അവക്ക് ബുദ്ധിഭ്രമം ഇല്ലല്ലൊ. ഏതും അനുസരിക്കാൻ തയ്യാറുണ്ടെ സുറിയാനിക്കാർ. മറവക്ക് പറയുന്നതിനു ലജ്ജയുമില്ല. വേഷത്തെ സംബന്ധിച്ചു നിബ്ബന്ധമില്ലന്നും മനസ്സു പോലെ ആവാമെന്നും ബോധകർ പ്രസംഗത്തിൽ പറയും. സ്വകായ്യ എഴുത്തുകളിൽ "ഈ വേഷത്തെ മാറുന്നവർ പിശാചിന്റെ മകളാകുന്നു" എന്നു ശപിക്കുന്നു. ചിലവാനത്തിന്റെയും മുറിബോധകന്മാരുടെയും നിബ്ബന്ധവും വാശിയും വണ്ണിക്കാവതല്ല. നല്ല ആലോചന. നല്ലസൂത്രം. ഇതും മഹത്വീകരിക്കപ്പെട്ടതിന്റെ ഫലമാണൊ.

രണ്ടാമതായിട്ടു ഈ വേഷത്തിന്റെ ഭംഗിയേയും പൂണ്ണതയേയും കുറിച്ചു ആലോചിക്കുമ്പോൾ രണ്ടുമില്ലെന്നു പ്രത്യക്ഷമാണു. സുറിയാനി സ്ത്രീകളുടെ വേഷം പോരായ്മകിൽ ഇവരുടെ വേഷത്തിനെക്കാൾ ഭംഗിയുള്ളതും പൂണ്ണതയുള്ളതും രണ്ടിനോടും സംബന്ധമില്ലാത്തതും വിലയിരുത്തപ്പെട്ടിരിക്കുന്നതിൽ കടന്നു പോകാത്തതുമായിട്ടു വേറെ വേഷങ്ങൾ ഉള്ളപ്പോൾ ഈ വേഷം മാത്രമെ ആവൂ എന്നുള്ള നിബ്ബന്ധം അനാവശ്യവും തന്നിഷ്ടവും പൈശാചികവുമാണെല്ലൊ.

ഇനിയും ഇവരുടെ വിശ്വാസാചാരങ്ങളെക്കുറിച്ചു പറകയെന്നു വച്ചാൽ കുറെ ചീത്തിച്ചു പോകുമെന്നു ശങ്കിച്ചിട്ടു ചുരുക്കുന്നു.

ബോധകർ അവർകൾ ഞങ്ങളുടെ അയൽവകത്തു ഒരു വീട്ടിൽ ഒരു ശുശ്രൂഷനടത്തി. കാണാനായിട്ടു ഞാനും പോയിരുന്നു. അന്നത്തെ പ്രസംഗം ടി. ഭവനത്തിൽ ഒരാം മതത്തോടു മറുത്തു നിന്നവരും ഇതിനെ പരത്തുന്നതിനു തടങ്ങലുകളായി നിന്നവരുമായ പ്രത്യേകം അഞ്ചാറു ആളുകളെ ഉന്നി മാത്രമായിരുന്നു എന്നു ഏതു പൊട്ടനും ചെട്ടിക്കും മനസ്സിലാകും. പ്രസംഗമദ്ധ്യേ ക്രിസ്ത്യാനി സഭ "വേശ്യാസ്ത്രീകളുടെയും ഭൂമിയിലുള്ള വെറുപ്പുകളുടെയും മാതാവായ മഹാബാബിലോൻ" ആണെന്നു മൂപ്പർ ഒരു വെറുംവാചകം പറകയുണ്ടായി ഇതു താനെന്നോ നിത്യവാഴ്ത്തപ്പെട്ടവനാണെന്നു പറഞ്ഞു കഴിയുകയില്ലല്ലൊ. തക്ക ന്യായങ്ങൾ ക്രൂടാതെ പറയുന്ന ആക്ഷേപങ്ങൾക്കു ആഭാസത്തരങ്ങൾ എന്നല്ലാതെ വേറെ ഏതു നാമമാണ കല്പിക്കേണ്ടതു. വേറൊരാക്ഷേപം, ക്രിസ്ത്യാനിസഭ "സകല പഴയ നിയമ വ്യവസ്ഥകളിലും ഇരിക്കുന്നു" എന്നും ലോകത്തിലുള്ള എല്ലാ ജാതികളുടെ ആചാരങ്ങളിൽനിന്നും കണ്ടെപിടിച്ചു അവയിൻപ്രകാരം നടക്കുന്നു എന്നും ആയിരുന്നു. ഇതിനു സാക്ഷിയായിട്ടു പറഞ്ഞ സംഗതികളിൽ സ്ത്രീകളുടെ കാതു കുത്തി വളർത്തുകമിന്നുകെട്ടുക മുതലായ ആചാരങ്ങൾ ഹിന്തുകളിൽ നിന്നു കണ്ടുപിടിച്ചിട്ടുള്ളവയാണെന്ന ഇനിക്കും സംശയമുള്ളതിനാൽ അവയെ സംബന്ധിച്ചു അദ്ദേഹത്തിന്റെ ആക്ഷേപം ശരിതന്നെ. വേറെ അനേകം സാക്ഷികൾ പറഞ്ഞിട്ടില്ല. പറഞ്ഞ സംഗതികളെ തെളിയിക്കുന്നതു പ്രയാസമായി ഭവിച്ചേക്കാം. എന്നാൽ 'യൂയൊമ' യമതത്തെക്കുറിച്ചു "എൻ പിള്ളയല്ലവാ" എന്ന പ്രമാണാനുസരണം, ലോകത്തിലുള്ള യാതൊ

ര സഭയുടെയൊ ജാതിയുടെയൊ മര്യ്യാദകളോടൊ നടപടികളോടൊ സംബന്ധമൊ ചേർച്ചയൊ ഇല്ലന്നമാണ സങ്കല്പിച്ചിരുന്നു. ഒരം വീരവാദം പോലും തെളിയിച്ചിട്ടില്ലെന്ന മാത്രമല്ല തെളിയിക്കുവാൻ കഴിയുന്നതുമല്ല. എന്തുകൊണ്ടെന്നാൽ ഒരം മതസ്ഥരുടെ സകല ആചാരങ്ങളും മതസ്ഥാപകന്റെയും സഹോദരന്മാരുടെയും അവരുടെ ഭാര്യ്യമാരുടെയും പൂർവ്വമതാചാരങ്ങളാണന്നുള്ള പ്രഥമദൃഷ്ടിയിൽതന്നെ ബോധപ്പെടും.

൫. മത്സ്യമാംസാദികൾ ഭക്ഷിച്ചുകൂടാ എന്നുള്ള നിബ്ബന്ധം.

൬. ഊണു കഴിഞ്ഞതിന്റെ ശേഷം അവിടെ ശുദ്ധം തളിക്ക.

൭. വസ്ത്രങ്ങൾ അടിച്ചു നനച്ചു നിത്യവും കളിക.

൮. ജനങ്ങളെ ഗോത്രങ്ങളായി ഭാഗിച്ചിട്ടുള്ള ഗോത്രകാരൻ ഉള്ള ഗോത്രത്തിൽ നിന്നു മാത്രമെ ഭാര്യ്യയെ പരിഗ്രഹിക്കാവു എന്നുള്ള നിബന്ധന- ഇത്യാദികൾ ബ്രാഹ്മണത്തിൽനിന്നു കണ്ടു പഠിച്ചുവയ്യാണല്ലൊ- ഇവയെയെല്ലാം ഞാൻങ്ങനെപോലെ കാടംവിധികയല്ലാ- ചിലതെല്ലാം നല്ലതു തന്നെ ഹിന്തുക്കളുടെ ആചാരങ്ങൾ എന്ന മാത്രം ചൊല്ലുകയുമാൻ-

൯. സ്ത്രീ വസ്ത്രധാരണം- ഇതു പട്ടാണി സ്ത്രീകളിൽ നിന്നൊ വാണിച്ചി, ചെട്ടിച്ചി, പട്ടത്തി, ഇപ്രകാരമുള്ളവരിൽ നിന്നൊ കണ്ടുപഠിച്ചതാണ. അപ്പൊൾ ഈ ജാതികളൊടും ചേർച്ചയുണ്ടു.

൧൦. ശുശ്രൂഷ സമയത്തു സ്ത്രീകൾ തലമൂടുക.

൧൧. എല്ലാവരും എഴുനേറ്റു നിന്നു ഒന്നിച്ചു പ്രസംഗികാതെ അല്ലുകിൽ ഓരൊരുത്തനായി എല്ലാവരും പ്രസംഗികാതെ ശുശ്രൂഷ പ്രസംഗം മുതലായവ ഒരാൾ തന്നെ നടത്തുന്ന പട്ടം.

൧൨. സ്ത്രീകൾ സഭയിൽ പറയുന്നതിനു അനുവദികാതിരിക.

൧൩. കർത്താവിന്റെ അത്താഴം ആചരിക.

൧൪. തല കീഴായിട്ടുള്ള മുട്ടുകുത്തിതന്നെ പ്രാർത്ഥിക.

൧൫. ഞായറാഴ്ച സഭ കൂടുക.

ഇവയെല്ലാം ക്രിസ്ത്യാനികളിൽ നിന്നു കണ്ടു പഠിച്ചുവയ്യാണല്ലൊ. അല്ല വേപുസുകത്തിനു നിന്നാണ എന്നു പറയുമായിരിക്കാം. സകലവും നിവൃത്തിച്ചിരിക്കുന്നു എന്നു പറയപ്പെടുന്ന ഈ കാലത്തു പഴയ കായ്യങ്ങളെല്ലാം നീങ്ങിപ്പോയി കണ്ടാലും സകലവും പുതിയതായി തീർന്നിരിക്കുന്നുപ്പോൾ പഴയതിൽ ചിലതുംകൂടി വേണമെന്നു പറയുന്നതു ഇവർ ഇരിക്കുന്ന സ്വാർത്ഥിലെ യുക്തി അയിരിക്കാം. ലോകത്തിലുള്ള ഏതൊരു സഭയോടാകട്ടെ ജാതിയോടാകട്ടെ ചേർച്ചയൊ സംബന്ധമൊ ഇല്ലന്നുള്ള മൂപ്പരുടെ ജല്പിതം വഞ്ചനയാണന്നു കുറഞ്ഞപക്ഷം വ

തിനൊന്ന സാക്ഷികളെകൊണ്ടു തെളിയിച്ചെല്ലൊ. യുയൊമയൊകാർ ഈവക നടപടികളിൽ തന്നിഷ്ടമായി നടത്തിവരുന്നവയൊഴികെ ഉള്ളവയെ ഏതുപ്രകാരം കൈകൊണ്ടിരിക്കുന്നവൊ അതെ പ്രകാരംതന്നെ ക്രിസ്ത്യാനികളും അവരുടെ ചില ചില ആചാരങ്ങളേയും ക്രമങ്ങളേയും കൈകൊണ്ടു നടത്തി വരുന്നു. ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തൊളം ആ വക ഒഴികഴിവുകൾ വഹിക്കുകയല്ലാ ഏന്നു വന്നുകൂടായെല്ലൊ.

മൊഹമ്മദീയർ ആലൊചിക്കുമ്പോൾ (ക) വേദവിപരീതം. (ഖ) കള്ളദീഷ്ടദർശനങ്ങൾ. (ന) പൈശാചികം. (ര) "വീണ്ടുവിചാരം" എന്ന പ്രമാണം. (ങ) വഞ്ചന. (ന) ദുഷ്ടബുദ്ധി. (ഠ) ദ്രവ്യാഗ്രഹം എന്നീവക ഏഴു കുറ്റങ്ങളിന്മേലാണ യുയൊമയമതത്തിന്റെ അടിസ്ഥാനം.

"കള്ളദീഷ്ടശിമാർ ജനങ്ങളുടെ ഇടയിൽ ഉണ്ടായിരുന്നപ്രകാരം തന്നെ കള്ള ഉപദെഷ്ടാക്കൾ നിങ്ങളുടെ ഇടയിൽ ഉണ്ടാകും. അവർ നാശമുള്ള മതഭെദങ്ങളെ ഉൾപ്രവെശിപ്പിക്കയും - - - ചെയ്യും. അവരുടെ നാശവഴികളെ പലരും പിന്തുടരും. അവരുടെ ഹെതുവായിട്ടു സത്യത്തിന്റെ വഴി ദുഷിക്കപ്പെടും. ദ്രവ്യാഗ്രഹത്താൽ അവർ കൊണശലവാക്കുകൾ കൊണ്ടു നിങ്ങളെ വ്യാപാരമാക്കി തീൎക്കും" (ക പത്രൊ- ഖ- ഫനു) ഹാ എത്ര കൃത്യമായിട്ടു ഈ വചനങ്ങൾ നിറവെറിയിരിക്കുന്നു. "അവൎക്കു പൂൎവ്വകാലം തുടങ്ങിയുള്ള ശിക്ഷാവിധി താമസിക്കുന്നില്ല അവരുടെ നാശം ഉറങ്ങുന്നതുമില്ല"

അതുകൊണ്ടു യുയൊമയത്തിൽ മയങ്ങി കിടക്കുന്ന സഹൊദരങ്ങളെ! കാലം സമീപമായിരിക്കയാൽ മാനസാന്തരപ്പെട്ടുവിൻ. സകല പൈശാചികങ്ങളും നിങ്ങളിൽ വെരുന്നി വളൎന്നു മനൊസ്സാക്ഷി ചുട്ടു തഴമ്പിച്ചിട്ടു ദൈവത്തിന്റെ കരുണയൊടിയ ശബ്ദത്തെ ചെവികൊള്ളാതെ മുയിട്ടു അങ്ങിനെ നിത്യശിക്ഷയ്ക്കു ഓഹരികാരായി തീൎന്നു നശിച്ചു പൊകാതെ ഇരിപ്പാനായിട്ടു ഈ വെദവിപരീതവും പൈശാചികവുമായ ഉപദെശങ്ങളെ തള്ളികളഞ്ഞു മനംതിരിഞ്ഞുകൊൾവിൻ.

സുറിയാനി സഹൊദരന്മാരെ ഈ മതവിപരീതികളൊടു സംസൎഗ്ഗം ഒട്ടും തന്നെ അരുതെ. "അടുത്താൽ കെടുത്തും" നിശ്ചയം. ദൈവജ്ഞാനത്തെ ലൊകജ്ഞാനം കൊണ്ടു ഇവർ മറിച്ചുകളയുന്നു. വരുന്നവൻ വരും മെനനമായിരിക്കയുമില്ല. ഓരൊരുത്തനു അവനവന്റെ പ്രവൃത്തികൾക്കു തക്കവണ്ണം പകരം നൽകുവാനായിട്ടു അവന്റെ പ്രതിഫലവും അവനൊടു കൂടെയുണ്ടു.

പൈ. ഇ.

വിശേഷ വർത്തമാനങ്ങൾ.

മാർ ദീവന്നാസ്യോസ മെത്രാപ്പോലീത്താതിരുമനസ്സുകൊണ്ടു ഈമാസം ൧൭-൹ തിരുവനന്തപുരത്തേക്കു എഴുന്നെള്ളിയിരിക്കുന്നു.

തിരുവിതാംകോട്ട തിപ്പെട്ടി ഉണ്ടാക്കുവാൻ ഒരു കമ്പനിക്കു ഗവർമ്മെണ്ടു വേണ്ട സ്വാതന്ത്ര്യം കൊടുത്തു എന്നു മുമ്പിനാൾ കേൾപ്പിയുണ്ടു. നടന്ന ഒന്നുമില്ല.

ആത്താറു പള്ളിക്കേസിലേക്കു നവീകരണത്തലവനെ സാക്ഷിയായി വിസ്തരിപ്പാൻ തുലപ്പുഴക്കോട്ടിൽനിന്നും ഒരു കമീഷ്യനെ നിശ്ചയിച്ചിരിക്കുന്നു.

കിഴക്കെ അഫ്രിക്കയിൽ ഒരു ചെറിയ യുദ്ധത്തിനു ബൊമ്പായിൽ നിന്നു ഇന്ത്യാപട്ടാളത്തിൽ ഒരു ഭാഗത്തെക്കൂടെ അയച്ചിരിക്കുന്നു.

മലബാറിൽ ഏറനാട്ടതാലൂക്കിൽ ജോനകമാപ്പിളമാരുടെ ഒരുലഹള ഈയ്യിടെ ഉണ്ടായി ഗവർമ്മെണ്ടു ചില മുൻകരുതൽ ചെയ്യുവരുന്നു.

സ്യൂയസ തോട്ടിൽ ഒരു കപ്പൽ ഈയ്യിടെ ഉറച്ചുകൊണ്ടു നാലാറു ദിവസത്തോളം മറ്റു കപ്പലുകൾക്കു സഞ്ചരിപ്പാൻ വിഷ്ടം നേരിട്ടു. ൪൦ കപ്പലുകൾ വരെ യാത്ര മുടക്കി നിറുത്തേണ്ടി വന്നു.

തിരുവിതാംക്കൂർ ചീഫ ജഞ്ചിനീർ ജെകൊബ സാഹിബു ഉദ്യോഗം കഴിഞ്ഞു. പകരം വരുന്നതു ജോപ്പ എന്നൊരു യൂറോപ്യനാണ. അദ്ദേഹം വരുന്നതുവരെ ഷെർവർക്കൾ ജോലി നോക്കുന്നതാണ്.

ഫോലാണ്ടു രാജ്യത്തു ൨൦ വയസ്സു പ്രായമുള്ള ഒരു യൌവനസ്ത്രീക്കു ക്ഷ അംഗുലം ദീർഘവും ൭ വാരൽ തൂക്കവും മാത്രം ഉണ്ടു. വളരെബുദ്ധിയുള്ള ക്ലൃത്തിലാണെത്രെ. നാലുശ്ലോ ധാരാളം സംസാരിക്കും.

വിക്ടോറിയാ ചക്രവർത്തിനിയുടെ ജ്യേഷ്ഠകുമാരിയുടെ ഭർത്താവിന്റെ ദേഹവിയോഗത്തെക്കുറിച്ചു അവിടത്തെ പ്രജകൾ പ്രദർശിപ്പിച്ച സഹതാപത്തെക്കുറിച്ചു ചക്രവർത്തിനി കൃതജ്ഞത അറിയിക്കുന്ന ഒരു പൊതു ഴുത്തു പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

ഫ്രൈകോട്ടിൽ ഫ്രാം ജസ്റ്റി ഉടനെ ദിവാൻജിയായി നിയമിക്കപ്പെടുമെന്നും ജഡ്ജി സീതാരാമയ്യർ പെൻഷ്യൻ വാങ്ങി ഒഴിയുമെന്നും മിക്കവാറും ഉറപ്പായി കേൾക്കുന്നു.

ലോകത്തിലുള്ള ആൾകളിൽ ഏറവും രാക്ഷസൻ പാരീസിൽ ഇപ്പോൾ താമസിച്ചു വരുന്ന മൊൻഷ്യർ കാനൻബെർഗ എന്ന ആൾ ആണെംത്രെ. ഈയ്യാൾക്കു നാടി മുകാലിലും ഉയരവും ഉയരത്തോളം നെഞ്ചു വീതിയും ഉണ്ടു.

കോറിയാ രാജ്യത്തു റഷ്യർ മേൽക്കോയ്മ വഹിപ്പാൻ തക്കവണ്ണം ചില പ്രവൃത്തികൾ നടത്തുന്നു. ജാപ്പാൻ മേൽക്കോയ്മയ്ക്കു വേണ്ടി ചീനത്തോടു യുദ്ധം ചെയ്തു ജയം പ്രാപിച്ചതിപ്പോൾ റഷ്യയുടെ പ്രദേശനം മൂലം ഒഴിയെണ്ടി വന്നതു കൊണ്ടു ജാപ്പാൻകാർ ഇതിൽ വളരെ മുഷിയുന്നു.

ജനറൽ ബ്ലത്ത് നിശ്ചനന്മാരെ സഹായിപ്പാൻ മരുഭൂമി വാഞ്ഛി കൃഷി നടത്തുകയൊ എന്തൊ ഒരു കൈ ചെയ്പാൻ ഭാവിച്ചിരിക്കുന്നു എന്നു തിരുവല്ലായിൽവച്ചു പ്രസംഗിച്ചു. ഈ അഭിപ്രായം ഇന്ത്യാ ഗവർമ്മെണ്ടിൽ അദ്ദേഹം അറിയിക്കയും ഗവർമ്മെണ്ടിന്റെ സഹായം ചോദിക്കയും ചെയ്തതിൽ അസാദ്ധ്യമെന്നാണ ഗവർമ്മെണ്ടു തീരുമാനിച്ചതു.

ഉദ്യോഗം ഒഴിഞ്ഞു പോകുന്ന മദ്രാസ ഗവർണർ ലേഡി വെൻലോക്ക് സായ്പിന്റെയും മദാമ്മയുടെയും ഓർമ്മസ്ഥാപനയ്ക്കു ഒരു മുതൽ ശേഖരം ചെയ്യുവരുന്നു. ഇതിൽ പിഴവീന അഭിപ്രായക്കാരും ധാരാളമുണ്ടു. നമ്മുടെ വലിയ തമ്പുരാൻ തിരുമനസ്സുകൊണ്ടു സായ്പിന്റെ ഓർമ്മയ്ക്കു രണ്ടായിരവും മദാമ്മയുടെ ഓർമ്മയ്ക്കു അയിരവും രൂപാ ദാനം ചെയ്തിരിക്കുന്നു.

ലോകമുടിവിനെപ്പറ്റി ഈയ്യിടെ വില്യം തോംസൻ എന്നപേരായ ഒരു യൂറോപ്യ വിദ്വാൻ അഭിപ്രായം പുറപ്പെടുവിച്ചിരിക്കുന്നു. ഈ സമസ്തന്റെകണക്കുംപ്രകാരം ഇനി ലോകാവസാനത്തിനു ഒരു കോടി കൊല്ലം കഴിയണം പോലും. അതു തന്നെയുമല്ല, ലോകത്തിന്റെ നാശം രണ്ടു മൂലം ശൈത്യാധിക്യം ഉണ്ടായിട്ടും

ആയിരിക്കുമെന്നും ജൂബ്ബാൾ രീതിപ്പെട്ടി ത്തിയിരിക്കുന്നു. ന. ഭീ.

* * *

മദിരാശിപ്പട്ടണത്തിൽ നാല്പതിനായിരം സ്കൂൾ കുട്ടികൾ ഉണ്ടെന്നു വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിന്റെ അദ്ധ്യക്ഷനായ ഡങ്കൻ സായ്പു അവർകളുടെ കണക്കുണ്ടെന്നു തിരുവെഴുത്തിൽ രേഖപ്പെടുത്തുക-ണ്ണുണ്ട-

* * *

മരിച്ചുപോയ ഗ്രീഗ് സായ്പവർകളുടെ സ്മാരകത്തിനായി അദ്ദേഹത്തിന്റെ ശവം അടക്കീട്ടുള്ള കൊച്ചിയിലെ സെന്റ പ്രാൻസിസിന്റെ ദേവാലയത്തിൽ സ്ഥാപിക്കുന്നതിനായി ശീമയിൽനിന്നു പിച്ചള കൊണ്ടുള്ള ഒരു പലക അയച്ചിരിക്കുന്നു. ഇതിന്മേൽ ഗ്രീഗ് സായ്പവർകളുടെ ജനനമരണങ്ങളുടെ തിയതികളും സ്ഥലങ്ങളും താൻ ജയിച്ചിട്ടുള്ള പരീക്ഷകളും വഹിച്ചിട്ടുള്ള ഉദ്യോഗങ്ങളും മറ്റും ഇംഗ്ലീഷിൽ എഴുതിയിട്ടുണ്ട- ഉ. ഭ.

* * *

ആദ്യമനുഷ്യനായ ആദാം സാക്ഷാൽ ഒരു ആംഗ്ലോസ്കാരനായിരുന്നു എന്നും ഏദൻ തോട്ടം സ്കോട്ലെങ്കിൽ മൈമൻസിങ്ങ പടുദീസാ എവുപ്രാത്തസ നദിയുടെ ശിഖരങ്ങളിൽ ചേർന്നുകാണുന്ന വിചിത്രസ്ഥാനമായ പ്രദേശങ്ങളായിരുന്നു എന്നും ഒരു പുരാവൃത്തമുണ്ട. ഇതു തീരെ അടിസ്ഥാനമില്ലാത്തതെന്നു വിചാരിച്ചു കൂടാ. അതൊരുത്തമലയും അമ്മെനിയയിൽ തന്നെയാണെന്നോ അതു സ്ഥിതിക്കുന്നോയും അമ്മെന്യയിലെ ഒരു പുരാതന നിവാസിയായിരുന്നു എന്നു തന്നെ വിചാരിക്കാം. ന. ഭീ.

* * *

വലിയകോയിത്തമ്പുരാൻ തിരുമനസ്സിലേക്കു സി. എസ്. ഐ. സ്ഥാനം കിട്ടിയിരിക്കുന്നതിന്റെ സ്മാരകമായും മലയാള ഭാഷയുടെ അഭിവൃദ്ധിക്കു അവിടെ നിന്നു ചെയ്യിട്ടുള്ളതും സദാപി ചെയ്തു വരുന്നതുമായ പരിശ്രമത്തെക്കുറിച്ചു പോയപ്പെയുള്ള കൃതജ്ഞതയുടെ സൂചകമായും മദ്രാസ സവ്കലാശാലയിൽ ഉയർന്ന തരം പരീക്ഷകളു മലയാളഭാഷയിൽ ഒന്നാമതായി ജയിക്കുന്നവർക്കു "കേരളവർമ്മ കീർത്തിമുദ്ര" എന്ന പേരോടുകൂടി കൊല്ലം തോറും ഓരൊ മുദ്ര കൊടുക്കുന്നതിനു മുതൽ ശേഖരം ചെയ്യുവാൻ ഈ മാസം ൨൬-ാംതീയതി ചൊവ്വാഴ്ച സിമ്മനാരിയിൽ കൂടിയ ഒരു യോഗത്തിൽ നിശ്ചയിച്ചിരിക്കുന്നു. ആകെ ഏതാണ്ടു രൂപായിൽ കവിയാതെ ഒരു സംഖ്യ ഉണ്ടാകണമെന്നാണു നിശ്ചയിച്ചിരിക്കുന്നതു. ഇതിനു ഒട്ടും പ്രയാസം ഉണ്ടാകുന്നതല്ല.

പാറനായിലെ സിറിയൻ പള്ളിയിൽ ഒരുത്തൻ ഒരു കഴുകി ബോധിപ്പിച്ചു. അന്യായത്തിൽ അതു പട്ടണത്തിലെ ഒരുകൊല്ലാവുന്ന വീട്ടിൽനിന്നു തന്നെ അടിയാധാരം പിടിപ്പിച്ചു എന്നും അപിടെ വെന്നപ്പോൾ ഒരു കുട്ടിയുടെ ശവം തന്റെ മടിയിൽ കൊണ്ടുവന്നു വെച്ചുംകൊണ്ടു അതിനെ ജീവിപ്പിക്കുന്നതിനു തന്നോടു അപേക്ഷിച്ചു എന്നും തന്നാൽ അസാദ്ധ്യമാണെന്നു പറഞ്ഞപ്പോൾ ദേഷ്യപ്പെട്ടു പള്ളിച്ചുവരുന്നു പോയിരിക്കുന്നു- ഈ വാർത്തയിൽനിന്നു കഥിനം ബോധിപ്പിച്ചിരിക്കുന്ന സമാധാനം എന്തു കീഴടി ഒരു ക്ഷുദ്രക്കാരി ആണെന്നും ഇവളുടെ ക്ഷുദ്ര പ്രയോഗംകൊണ്ടാണ മേല്പറഞ്ഞ കുട്ടിമരിച്ചതെന്നും മനസ്സുണ്ടായിരുന്നെങ്കിൽ ആ കുട്ടിയെ ജീവിപ്പിക്കാമായിരുന്നവെന്നും അതുകൊണ്ടു ഇവൾ കുറ്റക്കാരിയാണെന്നും ഇവളുടെ ക്ഷുദ്ര പ്രയോഗംകൊണ്ടാണ മേല്പറഞ്ഞ കുട്ടിമരിച്ചതെന്നും മനസ്സുണ്ടായിരുന്നെങ്കിൽ ആ കുട്ടിയെ ജീവിപ്പിക്കാമായിരുന്നവെന്നും അതുകൊണ്ടു ഇവൾ കുറ്റക്കാരിയാണെന്നും ഇവൾക്കു ശിക്ഷ കൊടുക്കണമെന്നും ആണ്. ഉ. ഭ.

* * *

ചങ്ങനാശ്ശേരിക്കാരൻ കെ. പരമുപിള്ള അവർകൾ ജൂനിയർ പ്രൊമോഷനായി കേരളത്തിൽ നിന്നു ലീവെടുത്തു എം. എ. പരീക്ഷ ജയിച്ചിരിക്കുന്നു എന്നു അറിയുന്നതിൽ വളരെ സന്തോഷിക്കുന്നു- ഈ പരമുപിള്ള അവർകൾ തിരുവനന്തപുരം കോളേജിൽ മാഥ്മറ്റിക്കൽ ക്ലാസിൽ ഒരു വാദ്ധ്യാരാകുന്നു- പ്രായം ഇരുപത്തഞ്ചു വയസ്സിൽ അധികം ഉണ്ടെന്നു തോന്നുന്നില്ല. ഉ. ഭ.

* * *

കഴിഞ്ഞ ഫിബ്രുവരിമാസം. ൨൭-ാംതീയതി ഉണ്ടായ മദിരാശി നിയമനിർമ്മാണസഭയുടെ ലീവിംഗിൽ ചെയ്ത മലയാളഭാഷയിൽ സംബന്ധമായുള്ള സകലതർക്കങ്ങളും രീന്തിരിക്കുന്നു- ഇനിയത്തെ ലീവിംഗിൽ ഒരു ബില്ലിൽ യാതൊരു തടസ്സവും കൂടാതെ പാസാക്കുന്നതാണ് ഉ. ഭ.

* * *

മദ്രാസ് ഹൈക്കോടതിയിലെ ആദ്യത്തെ ജഡ്ജിയായി ഫോണാബിൾ ഭാഷം അയ്യങ്കാർ അവർകളെ നിയമിക്കുണ്ടെന്നാണെന്നു മദ്രാസ് ഗവർമ്മെണ്ടുകാർ സിക്രട്ടറി ഓഫ് സ്റ്റേറ്റിന്റെ അവർകൾക്കു എഴുതി അയച്ചിട്ടുണ്ടത്രെ. ബോംബായി ഹൈക്കോടതിയിൽ നാട്ടു ജഡ്ജിമാർ രണ്ടുപേരുള്ളതിൽ ഒന്നു ഹിന്തുവും മറ്റേതു ഒരു മഹമ്മദുകാരനും ആകുന്നു. മദ്രാസ് ഹൈക്കോടതിയിൽ ഇപ്പോൾ ഉള്ള നാട്ടു ജഡ്ജി ഒരു ഹിന്തുവാകയാൽ ഈ ഒഴിവിനു ഒരു മഹമ്മദുകാരനെയൊ നാട്ടു ക്രിസ്ത്യാനിയെയൊ നിയമിക്കുന്നതു ന്യായമായിരിക്കുമെന്നുതോന്നുന്നു. ന. ഭീ.

സൂചനകൾ.

ഒരു സമാധാനം—൨൯-ാം ലക്കം പത്രികയിൽ കറാനത്തു ഒരു പള്ളിക്കാരൻ പീഞ്ഞിപ്പുഞ്ഞെ വെള്ളം മാത്രം വച്ചു കണ്ടാനാ ചൊല്ലി എന്നു ഒരു ലേഖകൻ എഴുതിയിരുന്നതു ശരിയല്ലെന്നും പീഞ്ഞിനു പകരം മുന്തിരിങ്ങാ രസം ഉപയോഗിക്കുവാൻ അനുവദിച്ചു നടത്തിപ്രന്ന കുമത്തിൽ ചെയ്യുകൊണ്ടു തൊറായിലേ ലേഖകൻ ധരിച്ചു എഴുതിയതാ അസ്സായ മൂലം ചില പിഴയാളികളുടെ കൃത്രിമമാണെന്നും കറാനത്തുനിന്നും വേറൊരു ലേഖകൻ എഴുതിയിരിക്കുന്നു-

❖ ❖ ❖

കോടയത്തു പുത്തൻപള്ളിവക ഒരു റിപ്പോർട്ടും തിരുവും പള്ളിക്കാരുടെ അപേക്ഷയും ചിലവിനേലും അച്ചടിച്ചു മറ്റു പള്ളിക്കൾക്കുള്ള പത്രികയിൽ ക്രടി അയച്ചിരിക്കുന്നു. ഒന്നരണ്ടു വർഷം മുമ്പു ഓമല്ലൂർ പള്ളിയിലെ ഒരു റിപ്പോർട്ടു ഇതുപോലെ അച്ചടിച്ചതു കണ്ടിട്ടുണ്ടു. മറ്റുള്ള പള്ളിക്കാക്കു ഇതൊരു ദൃഷ്ടാന്തമായിരിക്കുമെന്നു വിശ്വസിക്കുന്നു. പുത്തൻപള്ളിയെ സംബന്ധിച്ചുടത്തോളം കൈക്കാരന്മാരുടെ ശ്രമം വളരെ പ്രശംസനീയംതന്നെ. അതുപോലെ അച്ചടിച്ചതു ഇതുപോലെ ഇടുകണമെന്നു ഓർപ്പിക്കുന്നു-

❖ ❖ ❖

ഒരു പള്ളിവഴക്ക—ഒരു ലേഖകൻ ഇപ്രകാരം എഴുതിയിരിക്കുന്നു. "മലങ്കരയെമുള്ളിലെ പള്ളിക്കാരെയും ബാധിച്ചിരിക്കുന്ന ഈ പിശാചു എന്റെ വന്ദ്യാധിപരെ നമ്മുടെ കണ്ണടക്കോട്ടെ പള്ളിക്കാരെയും ബാധിച്ചിട്ടില്ലെന്നില്ല. ഇതിനുള്ള കാരണം ഇവരുടെ ഇടയിൽ ഇപ്പോൾ ഉണ്ടായ ഒരു ഉടമ്പടിയാണെന്നു. ഏതെങ്കിലും ഇതെ സംബന്ധിച്ചുള്ള തിരക്കുകൂട്ടിതികയറിയെ മാറുകയുള്ളു എന്നുള്ള സ്ഥിതിയിൽ ആയിരിക്കുന്നു. ഈ അവസരത്തെ നോക്കിപ്പാത്തും കൊണ്ടു നമ്മുടെ നശീകരണക്കുരങ്ങു ഇരിക്കുന്നു. എന്റെ സഹോദരന്മാരായ കണ്ടനാട്ടുകോട്ടെ പള്ളിക്കാരെ നമ്മുടെ കണ്ടനാട്ടുകോട്ടെ പാമ്പിന്റെ ക്രൂരതയിൽ തലയും വീഴിന്റെ ക്രൂരത്തിൽ വാലുമെന്നുള്ള സ്ഥിതിയിൽ നടക്കുന്ന നിങ്ങളുടെ ഇടയിലുള്ള എണ്ണിക്കാരായ കുലരെ നിങ്ങൾ കണ്ണുനിറുയോ. ഈ കാര്യത്തിൽ കലഹിച്ചു പാഞ്ഞലഞ്ഞി നടക്കുന്ന ഒന്നാംകിടക്കാർ ഇരയാക്കുന്നതിനുള്ളതെ ചിലുദ്ധ പിതാക്കന്മാരുടെ കല്പനയെമാത്രം കേട്ടനടക്കണമെന്നു ഈ അവസരത്തിൽ നിങ്ങളോടു ഞാൻ പ്രത്യേകം അപേക്ഷിച്ചുകൊള്ളുന്നു.

മാർ ദിവന്നാസ്യോസ സിമ്മനാരിംരും കഴിഞ്ഞമടിക്കുലേഷ്യൻ പരീക്ഷക്കുനമ്മുടെ സിമ്മനാരിയിൽ നിന്നു ഫസ്റ്റ് ക്ലാസിൽ ചേന്നതിൽ ൩൨ പേർ ജയിച്ചിരിക്കുന്നു. ഇവരിൽ നാലു ക്രിസ്ത്യാനികളും ഒരു മലയാള ശ്രദ്ധനും ഒരു പാർസിയും സ്ത്രീകളാണു. കഴിഞ്ഞ വർഷത്തെ പരീക്ഷാഫിയവും ഈ കൊല്ലത്തെ ജയവും തമ്മിൽ താരതമ്യപ്പെടുത്തിയാൽ സിമ്മനാരി ഉയർന്നു വരുന്നു എന്നു പറവാൻ സംശയമില്ല. പോയകൊല്ലം ഫാ-ക്കു രണ്ടു പേർ തമായിരുന്ന ജയത്തെ നേറെ പരിമാണം-രണ്ടുണ്ടു ൫൦-ക്കു മേൽ പ്രീതം ജയിച്ചിരിക്കുന്നതു ഉയർച്ചയാണെന്നു പറവാൻ സംശയമില്ലല്ലൊ.

❖ ❖ ❖

മുളന്തുരുത്തി സെന്തോമ്മാസ സ്കൂൾ-ഈ ഇംഗ്ലീഷുപള്ളിക്കൂടത്തിന്റെ ഫൗണ്ടേഷൻ മുതൽ ൫൦൦ വരെ കടിത്തു കൊടുത്തിട്ടുള്ള റിപ്പോർട്ടു സൊസൈറ്റിയിലെ പുസ്തകത്തിന്റെ ഒരുപ്രതി അയച്ചുതന്നതു കിട്ടിയിരിക്കുന്നു- കഴിഞ്ഞുപോയ പരിശുദ്ധ പാർലിയക്കിസുബാപാതിയോസിനിയാൽ മുളന്തുരുത്തി പള്ളിയിൽ ഒരു പള്ളിക്കൂടം ആരംഭിച്ചു എന്നും അതു പിന്നീടു നിന്നുപോയിപ്പോയ ശേഷം നമ്മൾ വീണ്ടും ആരംഭിച്ചു ഇപ്പോൾ ഒരു മിഡിൽസ്കൂൾ ആയിരിക്കുന്നു എന്നും കാണുന്നു- രണ്ടു കൊല്ലത്തോളം മാനേജർമാർ വാടും സ്വന്തം ചിലവുമേൽ നടത്തിയ ശേഷം കൊച്ചി ഗവർമ്മെന്റിൽനിന്നു ഗ്രാന്റുകിട്ടി- വടക്കെ ദേശത്തു ഇംഗ്ലീഷ് വിദ്യയിൽ പൊതുവിൽ ഭ്രമിച്ചു ഉണ്ടായിട്ടില്ലാത്തതു കൊണ്ടു പീസു സാധാരണയിൽ വളരെ കുറവാണു. അതു മൂലം പീസും ഗ്രാന്റും പള്ളിയിൽ നിന്നുള്ള ഫാ ശ്രുപാ ഗ്രാന്റും മതിയാകാതെ മാനേജർ സ്വന്തംകയ്യിൽനിന്നു ശരാശരി മാസം ൭൫ രൂപാ പ്രീതം ചിലവു ചെയ്യുന്നു നടത്തിപ്പോരുന്നതു- കഴിഞ്ഞ ൨ വർഷത്തേക്കണക്കു ചോദിച്ചിരിക്കുന്നതിൽ നിന്നു പറവു കഴിച്ചു ബാക്കി രൂപാ മാനേജരുടെകയ്യിൽനിന്നു ചിലവുചെയ്തിട്ടുണ്ടെന്നു കാണുന്നു. ഇതുമുതലായ്യവ പരോപകാരാർത്ഥം ചിലവു ചെയ്യുന്ന മാനേജർ ആരാണെന്നറിവാൻ വായനക്കാർക്കു മോഹമുണ്ടായിരിക്കും- മറ്റാരുമല്ല. ധർമ്മിഷ്ടനെന്നു പ്രസിദ്ധപ്പെട്ടിരിക്കുന്ന ര. ര. ചാലിൽ കൊച്ചുകോര അവർകളാണ മാനേജരെന്നു പെട്ടെന്നു പറഞ്ഞുപോൾ പണ്ടുപണ്ടെ വലിയധർമ്മികൾ എന്നു സർവ്വ സമ്മതമായിരിക്കുന്ന കുടുംബത്തിലേക്കു കൊണ്ടു വായനക്കാർ അത്ര അതിശയോക്തിയായിരിക്കയില്ലല്ലൊ.

പത്രപ്രവർത്തകർക്കു— പരി- പരി- എ നിങ്ങനെ കാരാ നോട്ടീസുകളുടെ പ്രാവശ്യവും പുകടലാസിൽ പ്രസിദ്ധപ്പെടുത്തുന്നതിനു- കടലാസ് സ്റ്റോറുകളിലും കടകളിലും കിട്ടാത്തതുകൊണ്ടു കാണുന്നില്ലെന്നുള്ള പ്രസ്താവിക്കുവാൻ ഞങ്ങൾക്കു- മാത്രമല്ല അധികാരപ്പെട്ടിരിക്കുന്നു. പരിചിതിപ്പാൻ രസീതുസഹിതം പിടിച്ചോടും അഞ്ചു കാലും അധികാരപ്പെടുത്തി പണം വാങ്ങുവാൻ കടയിലും- ഒന്നരരൂപയ്ക്കു എത്രപ്രാവശ്യം അയക്കണമെന്നു അറിഞ്ഞു കൂടാ- രണ്ടു രൂപാ ചിലവു വെയ്ക്കുകിൽ മാത്രമെ ഒന്നര കിട്ടത്തൊള്ളു എന്നൊക്കെന്നു കയില്ലെന്നോ പറഞ്ഞാൽ പിന്നത്തെ ലാഭം പറയണമെന്നില്ലല്ലൊ. ഞങ്ങളുടെ വായനക്കാർ ഇനി എങ്കിലും ശിപായിച്ചിലവു ഉടനടൻ പണം കൊടുത്തു രസീതുവാങ്ങിക്കണമെന്നു അപേക്ഷിക്കുന്നു.

* * *

ഒരു ഫുഴുന്നള്ളിപ്പു— മാവേലിക്കര പുതിയകാവു ഭഗവതിക്കയുടെ പള്ളിവേട്ടയുടെ ഫുഴുന്നള്ളിപ്പു മുതലായതു കാണ്മാൻ പോയിരുന്നുവല്ലൊ. ഭരതനെപ്പറ്റി കൊറേത്തു വിട്ടു കാണുന്നതു മുതലുള്ള പേരുടെമേൽ ടി. പള്ളിടിസ്ട്രിക്ടു പ്രാദികാരിയായി പൊലീസായും പിന്നീടു കൊല്ലം ജില്ലാസീപിൽ കോടതിയിൽ ഹാസ്യനായി പിന്നെ കൊടതിയിൽ ഹാസ്യനായും അവിടെ നിന്നും നമ്പരായി ജോലി ചെയ്തു വന്നിരുന്ന ഭരതൻ പിള്ളയായി ഇപ്പോൾ ചിലതടസ്സം കൊണ്ടു ജോലിയിൽ കയറിയിരിക്കുകയും ചെയ്തതായ ടി. കുറുമുതലായുടെ ഗൃഹത്തിലായിരുന്നു പള്ളിവേട്ടയുടെ കടന്നുകഴിഞ്ഞ മകരമാസം ഒന്നാം തീയതിയിൽ നിന്നും പങ്കെടുത്തിരുന്നു. അതിൽ ചിലകാര്യങ്ങൾ ഉൾപ്പെടുത്തിയതിനെ നന്നായിരുന്നു എന്നു ചിലർ പറയുന്നു. ടി. പള്ളിയിൽനിന്നു പുറപ്പെട്ടു കുരിപ്പുഴ എന്ന സ്ഥലത്തു ഇറങ്ങി ചെന്നപ്പോൾ അവിടെ നിന്നിരുന്ന ചിലർ കുരുപ്പുഴ ഭരതൻ പിള്ളയായി പുഴുന്നള്ളിയിൽ കൊണ്ടുവന്ന ദിവസമുതലായും കഴിഞ്ഞിരിക്കുന്നു. കുറുമുതലായുടെ ഭരണകാലത്തിൽ കണ്ടതിനുള്ള തിരുവിതാംകൂർ കിടിയിനെപ്പറ്റിയുള്ള സന്തോഷം വ്യക്തിയിൽ ഇതിനെ വ്യവഹരിച്ചു തീർക്കയെങ്കിലും എന്നുവിധിച്ചു വടമലക്കാരനും നവീകരണപ്രധാനികളുടെ കാരനും ആലോചനക്കാരനും. അന്യ കരു— ം ഒഴികെ രം സ്ഥലത്തുള്ളവരെല്ലാവരും അന്യസ്ഥ

യപ്പെണ പേർ വെളിപ്പെടുത്തുവാൻ ഇത്രയും മടിക്കുന്നു- റിപ്പോർട്ടിൽ ഒരുവിശേഷപ്രസ്താവനയുള്ളതു കേൾക്കേണ്ടതാണു. ഇത്ര വലിയ ചിലവുള്ള ഏർപ്പാടുകൾ കൊണ്ടു വച്ച ശ്രീസഭാധികാരികൾക്കും കിട്ടണമെന്ന ഉദ്ദേശമുണ്ടെങ്കിൽ അതു പറയാനുള്ള ധൈര്യം ഇവർക്കുണ്ടാകാത്തതു കഷ്ടമായിപ്പോയി. കഴിവുകൾ ഇരിപ്പാൻ സ്ഥലം അധികം ഒഴിവുള്ളതുകൊണ്ടു നിറഞ്ഞിരിപ്പാൻ തക്കവണ്ണം കുട്ടികളെ കിട്ടണമെന്നാഗ്രഹമെ മാനേജർക്കു ഉണ്ടായുള്ളു. വടക്കുള്ള സ്കൂളിയാനിക്കാർ ഈ അപേക്ഷയെ ശരിയായി സ്വീകരിക്കേണ്ടതാണു. ഹെഡ് മാസ്റ്റർ മിസ്റ്റർ റവി- എം. യ കോബൂരവർകളുടെ പരിശ്രമവും ഒട്ടും കാവല്ല. ഇരുപക്ഷം സമുദായത്തിന്റെ കുഞ്ഞുങ്ങൾക്കു പാത്രവാന്മാരാണു.

* * *

ഇന്നത്തെ പത്രികയിൻ ഇടവകപത്രികയുടെ കഴിഞ്ഞകാല ചരിത്രങ്ങളേയും മറ്റും കാണിച്ചു ഒരു ദീർഘലേഖനം നൂതനമായ വല ആലോചനകളോടു കൂടി എഴുതിയിരിക്കുന്നതു വേണ്ടിവന്നു. ഇതു പ്രായങ്ങൾ അറിഞ്ഞു കൂടാഞ്ഞിട്ടു ഒന്നും നടത്താതിരിക്കയല്ല. ഒന്നാമതു, പത്രികക്രിസ്ത്യൻ കോളേജ് മഗസീൻ പോലെ പരമാർത്ഥമാണു ലേഖകന്റെ തല്പര്യം- മഗസീൻ ലേഖകർക്കുള്ള ലേഖകന്മാരുടെ ശതാംശം പോലുള്ള ഒരു ലേഖകനെ കിട്ടുവാൻ നമുക്കു കഴിഞ്ഞിട്ടില്ല. യോഗ്യന്മാർ എന്നു വിചാരിക്കപ്പെട്ടിരുന്നവരോടു ഈ അപേക്ഷിച്ചാൽ, മൈമ്പു തെളിയുമെന്നുള്ള സംശയംകൊണ്ടോ എന്തോ നല്ല ലേഖനങ്ങൾ എഴുതുവാൻ അവർക്കു സമയമില്ലെന്നു ഒഴിവുകഴിവു പറഞ്ഞു കളയും. അതിപ്രായം പറയുന്ന ലേഖകൻ തന്നെ ഒരു വിധം പോലുള്ള ഒരാളാണു- എങ്കിലും ഏതു ലേഖനം എഴുതിയിട്ടുണ്ടെന്നു ആലോചിക്കലേ- രണ്ടാമതു- ഫുൾസ്കാപ്പു കടലാസിലും പത്രവും പുസ്തകശീലയിലും ഉണ്ടാകണമെന്നു പോരായ്മ- ഇതു ഒക്കത്തരമാകുവാൻ കടലാസിൽ കയറിപിടിപ്പിപ്പാൻ ഒട്ടും പ്രയാസമില്ല- പ്രവൃത്തിപ്പിപ്പാൻ മാത്രം അല്പം പ്രയാസമുണ്ടായിരിക്കും- മൂന്നാമതു, ലേഖനങ്ങൾ ഇതുവരെ നമ്മുടെ ലേഖകൻ തന്നെ ഒരു തടസ്സക്കാരനോടു സംശയകാരനോ ആയിരുന്നല്ലോ- ഇപ്പോൾ ശ്ലോഹിച്ചല്ലെ പറയുന്നതു- നീട്ടിനീട്ടി എഴുതുന്നതുപോലെയല്ല പ്രവൃത്തി എന്നു ഇദ്ദേഹത്തിനു വിശ്വാസമുണ്ടെന്നു തോന്നുന്നു- തോന്നുന്നു.

* * *

ലത്തുകാരും ആയി അനേകർ വന്നുകൂടിയിരുന്നു. പട്ടമേലക്കുകാരൻ പട്ടണപ്രവേശനം എന്നും മറ്റും ഘോഷിച്ചുകൊണ്ടു വെങ്കിലും പരാതെ ഒതുങ്ങിയിരുന്നു കൊണ്ടു കാര്യം പറഞ്ഞു എങ്കിലും അതിനടുത്ത തിങ്കളാഴ്ച പള്ളിക്കുസമീപമുള്ള ക്ഷേത്രത്തിൽ ഒരു നൂറൊന്നു കലം ഉണ്ടായിരുന്നതിനെ കാണുന്നതിനു അതിനു സമീപമുള്ള ഒരു പീടികയിൽ വന്നിരിക്കയും നോമ്പുകാരുടെ പരിചയസ്ഥരും ഇച്ചനമന്മാരുടെ പള്ളിയിൽ മണി അടിച്ചുകൊണ്ടും പൊകാതെ ഉച്ചതിരിയുന്നതുവരെ അവിടെയിരുന്നു ലജ്ജയും അറപ്പും ഇല്ലാതെ പണ്ടുകിടാമായി നൂറൊന്നു കലം കണ്ടേരിന്റെശേഷം പോയിട്ടുള്ളു. ഇതു സത്യമാണെന്നുള്ളതിനു പുതിയ സന്നിപ്പാ തന്നെ സാക്ഷി. കൈവെയ്പ്പു ഭോഷത്തിനു കൊടുത്താലും തിരുമനസ്സിനു കൊടുക്കരുതെന്നു പറഞ്ഞതും കൂപ്പുരയ്ക്കു. പട്ടമേലക്കുകാരാ തന്റെ വിധി ഇപ്പോൾ ഏതു സ്ഥലത്തിൽ ഇരിക്കുന്നു. ഇപ്പോൾ മൂന്നും തികഞ്ഞു മുഖിയായി. എന്നാരു സത്യവാൻ.

❖ ❖ ❖

ഒരു പിശക്—താരകയുടെ ജീവിതകാലത്തു ജ്ഞാനസ്നാനപ്പെടുത്തുന്ന കുട്ടികൾക്കു കാസായിൽനിന്നു മാത്രം കൊടുക്കുകപതിവു മലങ്കരയിലുള്ളതും മറ്റും ഘോഷിച്ചിട്ടുണ്ടായിരുന്നതായി ഞാൻ ഓർക്കുന്നുണ്ടു. ഒരുപ്പിടി മാപേലിക്കരെ നഷ്ടീകരണത്തിന്റെയും രക്ഷിക്കപ്പെട്ടവരുടെയും പ്രധാനിയായ ഒരുത്തന്റെയും മറ്റും കുട്ടികളെ ജ്ഞാനസ്നാനപ്പെടുത്തുന്നതിനു മാത്രം നഷ്ടീകരണതലവൻ ഇവിടെ വന്നിരുന്നു. കുറെ ദിവസം വെങ്കിയാക്കു പട്ടമേലക്കുകാരനെകൊണ്ടു കുർബ്ബാന ചൊല്ലിക്കയും ജ്ഞാനസ്നാനം നഷ്ടീകരണതലവൻ നടത്തുകയും ചെയ്തു. മൂന്നൊൻ പേണമെന്നും വേണ്ടായെന്നും പട്ടമേലക്കുകാരനും തമ്മിൽ തർക്കമുണ്ടായി എങ്കിലും പട്ടമേലക്കുകാരന്റെ തർക്കം ഫലിച്ചില്ല. എവിടെനിന്നൊ ഒരു കുപ്പി എടുത്തു അതിൽനിന്നും മൂന്നൊൻപുരട്ടുന്ന ചൊല്ലുചൊല്ലി കുട്ടികൾക്കു പുരട്ടി പിന്നീടു കുർബ്ബാന കൊടുക്കുന്നതിനും തർക്കമുണ്ടായി എങ്കിലും കാസായിൽനിന്നു മാത്രമേ കൊടുത്തുള്ളു. ഏതിലെ അപ്പടി. പൈത്തിലെ ഇപ്പടി. എന്ന പറയുന്നതു പൊലെയാണു ഇവരുടെ നടപടി. മേല്പറഞ്ഞ കാരണങ്ങളാലും എല്ലാം സൂനിയോനിയിൽ ചൊല്ലിയുകൊണ്ടും പട്ടമേലക്കുകാരൻ നഷ്ടീകരണതലവനും ആയി മുഷിഞ്ഞു. പോകുന്നതുവരെ അടുക്കൽവരാതെയും രസക്കേടായിട്ടും ഇരിക്കയാണു ഞാനിനി ഒന്നു പുറകോട്ടിയാൽകൊള്ളാമെന്നു ഒരാലോചനയുണ്ടു. ഇങ്ങിരിസുമണപ്പിച്ചിട്ടിട്ടുള്ളതിനാൽ അതിൽ ചേരുവാൻ പ്രയാസമായി വന്നേക്കാമെന്നും ഞങ്ങളെയെങ്കിൽ ഗോമായിക്കു തന്നെ എന്നും ഉറച്ചിരിക്കുന്നു. സത്യഅടിസ്ഥാനം പിമ്പിൽ പിന്നെ ഒരടെത്തും ഉറക്കുവാൻ പ്രയാസംതന്നെ.

എന്നു ക്രൂടെ നിന്നു കണ്ടറിഞ്ഞവൻ.

❖ ❖ ❖

ഒരു അഴകപിണക്കം—ഉത്തരിപുരം വാസിയായ നമ്മുടെ ലേഖകൻ ഇപ്രകാരം എഴുതിയിരിക്കുന്നു. "പ്രിയപത്രാധിപരെ താങ്കളുടെ കഴിഞ്ഞലക്കം പത്രികയിൽ, ഗോമ്മാസഭയിൽ പ്രത്യേകം, ഗോമ്മാസഭയിൽ ഉൾപ്പെട്ട തെക്കുംഭാഗത്തെ പള്ളികളിൽ മിക്കതിലും വ്യവഹാരമെന്നപിശാചു പ്രവേശിച്ചിരിക്കുന്നതായി പ്രസ്താപിച്ചിരുന്നുവല്ലൊ. ഗോമ്മാപ്പള്ളികളിൽ മാത്രമല്ല സുറിയാനിപ്പള്ളികളിലും ഈ ദുർദ്ദേവത കൊക്കുറെ പ്രവേശിച്ചിരിക്കുന്ന കുറെ നാളുകളായി ഞങ്ങളുടെ (കുറിച്ചി) പള്ളിയിലും ഈ ദുഷ്ടൻ കയറി ജനങ്ങളുടെ ഇടയിൽ പിരിശുത്തെ വിതച്ചുടഞ്ചിയിരിക്കുന്നു. ഈദുരാത്മാവിനെ ഇവിടെനിന്നു കുടിയൊഴിപ്പാൻ ഒരു കൊട്ടം പ്രയാസത്തിനും കഴിയുമെന്നുതോന്നുന്നില്ല. ചില പള്ളികളുടെ അധഃപതനത്തെയും ദുരിതാവസ്ഥയേയുംകുറിച്ചു മുൻചിലപത്രികകളിൽ കാണിക്കപ്പള്ളിലെ യാക്കോബായ കൊച്ചൻ ഇടവകപത്രികയുടെ സഹായിയിട്ടുള്ളതായിട്ടു പ്രസ്താവിച്ചിരുന്നതു വായിച്ചിട്ടുണ്ടു- ഈ പള്ളിയുടെ തൽകാല കഷ്ടാവസ്ഥയെയും അതിനുള്ള നിവാരണോപായങ്ങളേയും കുറിച്ചു പ്രസ്താവിപ്പാൻ ഒരു കൊച്ചനമില്ലാത്തതാണു അതിശയം. ഇവിടത്തെ വഴക്കു ക്രൂശം കത്തുകയാൽ കലയ്ക്കിടെ ചരുത്തിക്രൂടി വാട്ടം സ്വയം" എന്നു പറഞ്ഞതുപോലെയാണ്. ഇവിടെ കക്ഷിവഴക്കെ ഇല്ല. എല്ലാം ഏകകക്ഷി ഏക വിശ്വാസം- "സഹോദരന്മാർ ഒരുമിച്ചു വസിക്കുന്നതു എത്ര നന്മയും എത്ര സന്തോഷവും ആകുന്നു" എന്നു കല്പിച്ച ദാവീദു നിബ്ബായുടെയും, തനിക്കുതാൻ വിരോധമായി പിരിഞ്ഞിരിക്കുന്ന രാജ്യം എല്ലാം നശിച്ചുപൊകും. തനിക്കു താൻ വിരോധമായി പിരിഞ്ഞിരിക്കുന്ന യാതൊരു നഗരമൊ വേനമൊ നിലനിൽക്കുകില്ല" എന്നു കല്പിച്ച പരമരക്ഷകനെന്റെയും തിരുവചനങ്ങളെ പ്രിയ പത്രാധിപരവർകളെ ഈ അവസരത്തിൽ മേല്പറഞ്ഞ പള്ളിക്കാരൊടു ഒന്നു ഉപദേശിക്കണെ".

മകരം, കുംഭം രണ്ടു മാസങ്ങളിൽ പരുവരി അടച്ചുവരുടെ പേരു വിവരം.

കണ്ണംകുടം പണക്കൽ താലൂക്കുപ്പോക്	താലൂക്കുകൾ	൪	൨൪	൪
ഏറനാട്ടുതാലൂക്കിൽ ചാക്കോ	,,	൦	൦൨	൦
,, കാപ്പുറത്തിൽ തുകലശ	,,	൦൨	൦൨൫	൦
,, കോഴിക്കൽ മൂസ്സി	,,	൨	൨൪	൦
,, പിലാക്കാരിൽ മാക്കൊ	,,	൦	൦൨	൦
ബേ- രാക്കാടു പള്ളിയോഗത്തിൽ നിന്നും		൨	൨൩	൦൩
ബേ- മാകരക്കടവു പൊറിയപള്ളി യോഗത്തിൽ നിന്നും		൦൨	൦൨൫	൦
ബേ- ,, വലിയപള്ളി യോഗത്തിൽ നിന്നും		൦൩	൦	൦
പട്ടക്കൽ പറപ്പൂർ കരണവരെ ഇടിയച്ചുന്ന മാസ്സു അവകൾ		൨	൨൩	൦൫
,, ബേ- ദക്ഷതൊമസ്സു കരണവർ	,,	൨	൨൩	൦൫
,, ബി. മാസ്സു കരണവർ	,,	൨	൨൩	൦൫
പൊരുമ്പള്ളത്തു കാപ്പുമ്പുറത്തു കുറി	,,	൨	൨൪	൦
ബി. വടയപ്പുറത്തു പള്ളിയോഗം		൨	൨൩	൦൫
ബേ- പിറവത്തു പള്ളിയോഗം		൨	൨൩	൦൫
ബേ- ഉള്ളക്കടം പൊന്നുകിൽ മാപ്പിള	,,	൨	൨൪	൦
ബേ- ,, പള്ളിയോഗത്തിൽ നിന്നും	,,	൨	൨൪	൦
കോലത്തിരി ഉദിതവർമ്മ അയിച്ചു	,,	൦൨	൦൨൫	൦
ബേ- ,, ചെന്നക്കാട്ടു പൊക്കോസ്സ കരണവർ	,,	൦	൨൪	൦
ബേ- ,, പള്ളിയോഗത്തിൽ നിന്നും		൨	൨൩	൦൫
ബേ- ഓണക്കുറു പള്ളിയോഗത്തിൽനിന്നും		൨	൨൩	൦൫
ബേ- മാണ്ടുകുന്നത്തിൽ പള്ളിയോഗത്തിൽ നിന്നും		൦	൦൫	൦
ബേ- മാഞ്ഞലൂർശ്ശി പള്ളിയോഗത്തിൽ നിന്നും		൨	൨൩	൦൫
ബേ- കടമാറ്റത്തു പള്ളിയോഗത്തിൽനിന്നും		൨	൨൪	൦
,, കാരക്കുന്നത്തു പണ്ടാരക്കർ	,,	൦	൨൪	൦
ബേ- മഞ്ഞപ്ര പള്ളിയോഗത്തിൽ നിന്നും		൨	൨൩	൦൫
ആകപ്പറവു സത്യങ്കാനോപദേശസംഘം				
സിസ്റ്റർ തെരി വി- സി വടുവിനു ശെമ്മാശ്ശു	,,	൦൨	൦൨൫	൦
ബേ- കുന്നുകുഴി മാർത്തോമ്മ ഇടവകപ്പള്ളി കരണവർ		൨	൨൩	൦൫
ബേ- പുത്തിയിൽ പഞ്ഞിപ്പള്ളി കരണവർ	അവകൾ	൨	൨൪	൦൫
തൃപ്പൂണിത്ര കരിമ്പന സ്കൂളിയാ കരണവർ	,,	൨	൨൩	൦൫
ബി- പള്ളിക്കരെ പള്ളിയോഗം		൨	൨൪	൦
ബേ- തുരുത്തിപ്പള്ളി പള്ളിയിൽ കുഞ്ഞുപ്പിള്ളി കുട്ടി മത്തായി കരണവർ	,,	൨	൨൩	൦൫
കണ്ടനാട്ടു യൂദിയൻ കുന്നിപ്പെരുമാ	,,	൦൫	൦	൦
ടി തൂകലൻ കരണവിരാ	,,	൨	൨൪	൦
ടി കുരുമുളകിൽ കുഞ്ഞയിപ്പു കോര	,,	൨	൦	൦
കിയ്യത്തു എൻ- എം- ചെറിയാൻ	,,	൨	൦	൦൫
ബേ- പുതുശ്ശേരി പള്ളിയോഗം		൨	൨൩	൦൫
പാറേത്തനാം കോയിപ്പുത്തു പുന്നൻ	,,	൨	൨൩	൦൫
ബേ- നാലന്നാകൽ പള്ളിയോഗം		൨	൨൩	൦൫
പുതുപ്പള്ളി കുടുപ്പുരകൽ പീലി	,,	൦	൨൪	൦
പാരമ്പിൽ പാപ്പിലിൽ ഏലിയാസ	,,	൦൫	൦	൦
ബേ- കുപ്പിത്തുരി പള്ളിയോഗത്തിൽ നിന്നും		൨	൨൩	൦൫
,, താരപ്പുള്ളിൽ കൊച്ചുണ്ണാക്കൽ	,,	൨	൨൪	൦
പൊന്നേൽ പഴയടത്തു കൊച്ചിക്കാ	,,	൦	൦൨	൦
,, ജോൺ ഫെർണ്ണാണ്ടസ്	,,	൨	൨൩	൦൫
ബേ- കടമക്കുടി പള്ളിയോഗം		൨	൨൩	൦൫
പെരിപ്പുറയസ്സു ദേശമേനവൻ		൨	൭	൦

മലങ്കര സുറിയാനി പുസ്തകങ്ങൾ

പുത്തൻകാവു മാത്തൂസ് രമ്പാൻ				
,, പുത്തൻപുരക്കൽ മാത്തൻ				
പടിഞ്ഞാറെ പൈരംപള്ളിൽ കൊച്ചുകുഞ്ഞു				
പുത്തൻകാവു പള്ളിയോഗം				
കടനാട്ടു വായനസംഘത്തിൽനിന്നും				
തിരുവല്ലാ കാവുംഭാഗം കല്ലുക്കുത്തുകുഴിയിൽ				
കല്ലൂപ്പാറ അട്ടുകുന്നേൽ പൗലീസ്				
കപ്പിയൂർ ചിറമേലകത്തു കുട്ടൻ				
പെണ്ണുക്കര കുരുത്തുഴിയിൽ രമ്പാൻ				
,, മാത്തുതരകന്റെ ഗീവറുഗീസ്				
,, പൊയ്പ്രായിൽ പീവറുഗീസ്				
പുത്തൂർ ഇയ്യോഹന്നാൻ				
പാമ്പാക്കുഴിയിൽ ഗീവറുഗീസ്				
കുറിച്ചിത്താനം കൊച്ചുകുഞ്ഞു				
കുറുമുള്ളൂരിൽ പോത്തൻ				
തെ- പഴമ്പള്ളിൽ മാപ്പിള കത്തനാർ				
തെ- ഗ്രന്ഥപ്പുരക്കൽ പള്ളിയോഗം				
തെ- ,, പുത്തൻപള്ളിയോഗം				

പത്രിക വില വിവരം.

	ബ്രിട്ടീഷ് രൂപാ	
ഒരു കൊല്ലത്തേക്കു	൧	
ഒറ്റപ്രതിക്കു	൦	

പരസ്യ ശ്രേണി

ഒന്നാം പ്രാവശ്യത്തേക്കു	വരി ഒന്നിനു	൦
പിന്നെ എല്ലാ പ്രാവശ്യങ്ങൾക്കും	ടി	൦

NOTICE

പത്രിക സംബന്ധമായ സകല എഴുത്തുകളും അഭിപ്രായങ്ങളും പണവും അയക്കുന്നതും കോട്ടയത്തു സുറിയാനി അച്ചടിപ്പുര മാനേജർക്കു മേൽവിലാസം വച്ചു അയക്കേണ്ടതാകുന്നു.

പത്രിക കൈപ്പറ്റുന്നവർ ഓൺ ക്രമായി വരിസംഖ്യ അടയ്ക്കേണ്ടതാകുന്നു. പത്രവരി അഞ്ചര സ്റ്റാമ്പായൊ താമസി സ്റ്റാമ്പായൊ അയച്ചുകൊടുത്തിയാവും. എന്നാൽ രൂപാ ഒന്നുക്കു ഒരു അണ വീസ് കൊടുത്തു വച്ചു തരേണ്ടതാകുന്നു.

MAR THOMAS PRESS,
KOTTAYAM.

പുസ്തകം ൪ ലക്കം ൯

൧൯൧൯-ാം ആണ്ട് മീനം

മലങ്കര

ഇടവക പത്രിക

മാസം തോറും പ്രസിദ്ധപ്പെടുത്തുന്നു.

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കുരിശികലല്ലാതെ പുകഴ്ച ചെയ്യാൻ സംഗതി വരരുതു.

(മാർ പൌലൂസ്.)

സംഗതിവിവരങ്ങൾ.

	പുറം
ആത്മത്തിലുള്ള ഇട്ടിതൊമ്മൻ കത്തനാർ	൧൭൭
പാപത്തിൽനിന്നുള്ള സ്വാതന്ത്ര്യം	൧൭൯
കൊച്ചിപള്ളികളുടെ വിലാപം	൧൮൨
ഒരു പ്രസംഗം	൧൮൫
യൂറോമയമതശാഖകൾ	൧൮൮
വിശേഷ വർത്തമാനങ്ങൾ	൧൯൨
സൂചനകൾ	൧൯൫
നോട്ടീസു	൧൯൬

പഞ്ചാംഗം

ക്രിസ്തു. നീസോൻ (മേടം)

സുറിയാനി	ഗ്രീഷ്മം	മലയാളം	അക്ഷം	വിശേഷദിവസങ്ങൾ.
൧	൧	൧	തി	
൨	൨	൨	ചൊ	൧-ാംനു- ക്രൈാംന്തായുടെശേഷം ൨-ാം ഞായറാഴ്ച. വായന. യൊഹ. ൬ അ ൧—൭അ
൩	൩	൩	ബു	
൪	൪	൪	വ്യ	൪-ാം നു- ൩-ാം ഞായറാഴ്ച. വായന. യൊഹ. ൪ അ ൩൯—൪൨
൫	൫	൫	വെ	
൬	൬	൬	ശ	൬-ാം നു- ടി. ൪-ാം ഞായറാഴ്ച. വായന യൊഹ. ൯ അ ൪൧—൫൩
൭	൭	൭	ഞ	
൮	൮	൮	തി	൮-ാം നു- മാർ ഗീവറുഗീസിന്റെ ഓർമ്മ
൯	൯	൯	ചൊ	
൧൦	൧൦	൧൦	ബു	൧൨-ാം നു- ക്രൈാംന്തായുടെശേഷം ൩-ാം ഞായറാഴ്ച. വായന. ലൂകൊ. ൯ അ ൫൧—൫൬
൧൧	൧൧	൧൧	വ്യ	
൧൨	൧൨	൧൨	വെ	
൧൩	൧൩	൧൩	ശ	
൧൪	൧൪	൧൪	ഞ	
൧൫	൧൫	൧൫	തി	
൧൬	൧൬	൧൬	ചൊ	
൧൭	൧൭	൧൭	ബു	
൧൮	൧൮	൧൮	വ്യ	
൧൯	൧൯	൧൯	വെ	
൨൦	൨൦	൨൦	ശ	
൨൧	൨൧	൨൧	ഞ	
൨൨	൨൨	൨൨	തി	
൨൩	൨൩	൨൩	ചൊ	
൨൪	൨൪	൨൪	ബു	
൨൫	൨൫	൨൫	വ്യ	
൨൬	൨൬	൨൬	വെ	
൨൭	൨൭	൨൭	ശ	
൨൮	൨൮	൨൮	ഞ	
൨൯	൨൯	൨൯	തി	
൩൦	൩൦	൩൦	ചൊ	

നീസോൻ മേടം ഇടവം മിഥുനം കർക്കടകം

മലങ്കര ഇടവക പത്രിക

പുസ്തകം 8.] ഫ്രവുൻസ ഓദോർ (മീനം) [ലക്കം 2.

ആഞ്ഞിലി മൂട്ടിൽ ഇട്ടി തൊമ്മൻ കത്തനാർ.

മലങ്കര സുറിയാനി സഭയിൽ തൂണുകൾ എന്ന പോലെ ഓരോ കാലത്തു ഉണ്ടായിട്ടുള്ള മഹാന്മാരായ നാട്ടുകാരിൽ ഇദ്ദേഹം പ്രഥമ ഗണനീയൻ ആയിരുന്നു. സുറിയാനിക്കാരെ ഉതിയമ്പേത്രാർ സൂനാദോസിൽ വച്ചു ബലത്താൽ റോമാ വിശ്വാസത്തിലേക്കു ചേർത്ത കാലത്തോടു ഒട്ടു അടുത്തു ഇദ്ദേഹം കല്ലൂച്ചേരി പള്ളി ഇടവകയിൽ തലവടിയിൽ ആഞ്ഞിലിമൂട്ടിൽ എന്ന കുടുംബത്തിൽ ജനിച്ചു. കല്ലൂച്ചേരി പള്ളി ഇടവകയ്ക്കു പട്ടം ഏറ്റു. ആ കാലം പറങ്കികളായ പൊർത്തുഗീസു ഗവർമ്മെണ്ടിന്റെയും റോമാ വൈദീകന്മാരുടെയും അധികാരം ബലപ്പെട്ടിരുന്ന എങ്കിലും ഇദ്ദേഹം ബാല്യം മുതലെ അവരോടു അപ്രിയനായിരുന്നു. റോമാ നകം മലങ്കര നിന്നു തകർത്തുവാൻ സദാ തകം നോക്കിക്കൊണ്ടിരുന്നു. ഇദ്ദേഹം സന്മാർഗ്ഗശീലനും വാഗ്വൈഭവമുള്ളവനും ജനസമ്മതനും ആയിരുന്നു. സുറിയാനിക്കാരിൽ മാന്യന്മാരായിരുന്ന എല്ലാവരും ഇദ്ദേഹത്തിന്റെ സ്നേഹിതന്മാർ ആയിരുന്നു

ഇങ്ങനെയിരിക്കുമ്പോൾ ക്രന്യൂസു-ൽ അന്ത്യോഖ്യായുടെ അബ്ദുള്ളാ ഇഗ്നാത്യോസ പാത്രിയക്കീസുബാവാ തിരുമനസ്സുകൊണ്ടു മലങ്കര സഭയുടെ ഉദ്ധാരണത്തെ ഉദ്ദേശിച്ചു വന്നതും പറങ്കികൾ ബന്ധിച്ചു മൈലാപ്പൂർ തടവിൽ വച്ചതും അവിടെ നിന്നു കൊണ്ടുവരുന്ന വഴി കൊച്ചിയിൽ വച്ചു കെട്ടി താഴ്ത്തി കൊല്ലുകയോ ഗോവയിൽ ഉണ്ടന സ്ഥലത്തിൽ ഒഴിപ്പിക്കയോ ചെയ്തതും നമ്മുടെ പ്രസംഗനായകന്റെ മനസ്സിൽ സ്വഭാവികേന ഉണ്ടായിരുന്ന വൈരാഗ്യത്തെ പ്രകാശിപ്പിക്കുന്നതിനു ഇടയായി. പാത്രിയക്കീസിനെ കൊച്ചിയിൽ കൊണ്ടുവന്നിട്ടുണ്ടെന്നു കേട്ട ഉടനെ സുറിയാനിക്കാർ കൊച്ചിയിൽ ക്രൂടി പാത്രിയക്കീസിനെ വിടുവിച്ചു കൊടുക്കണമെന്നു കൊച്ചി രാജാവിനോടു അപേക്ഷിക്കയും രാജാവു സമ്മതിക്കയും ചെയ്തു. എങ്കിലും പറങ്കികൾ രാജാവിനെ സ്വാധീനപ്പെടുത്തുകയും പാത്രിയക്കീസിനെ നശിപ്പിക്കയും ചെയ്തു. പാത്രിയക്കീസിനെ കൊന്നതു മൂലം സുറിയാനിക്കാർ വി

ലാപിച്ചു കൊണ്ടിരിക്കുമ്പോൾ കോവണിമേൽ നിന്നു വീണു രാജാവും തീപ്പെട്ടു.

അനന്തരം ഈ ക്രൂരപാതകം ചെയ്തു പറങ്കികളോടും അവരുടെ മതത്തോടും യാതൊരു വേർപ്പും അരുതെന്നു സൂറിയാനിക്കാർ നിശ്ചയിച്ചു എല്ലാവരും കൂടി കൊച്ചിയിലെ ക്രനൻകുരിശേൽ കയറുകെട്ടിവലിച്ചു ഫ്രന്തിനു മകരം ൧൦-ാംതീ സത്യംചെയ്തും ഒരു പടിയോല എഴുതി ഒപ്പിട്ടുകയും ചെയ്തു. ആ പടിയോലയുടെ പകർപ്പു:

"മാറാനീശൊമിശിഹാ പിറന്നിട്ടു ഫ്രന്തിനു-ാമതു മകരമാസം ൧൦-ാംതീ വെള്ളിയാഴ്ചനാൾ അങ്കിയാകോൻ അച്ചനും മലങ്കര എടവകയിലുള്ള പള്ളികളിലെ വിചാരിമാരും ശേഞ്ഞുപട്ടകാരും എണങ്ങരും കൂടി മട്ടാഞ്ചേരിൽ പള്ളിയിൽ വച്ചു നിശ്ചയിച്ചു കല്പിച്ചു കായ്കയും, അതായതു. ശുദ്ധമാന കാതോലിക്കാപ്പള്ളി കല്പിച്ചു നമുകായിട്ടു മലങ്കരയ്ക്കു യാത്രയാക്കിയ പാത്രിയക്കീസിനെ ബലത്താലെ മെത്രാനും സംവാളു പാതിരിമാരും കൂടി പിടിച്ചു നമുക്കു അനുഭവികരുതെന്നു കല്പിച്ചതു കൊണ്ടും ആ പാത്രിയക്കീസു മലങ്കരയ്ക്കു വന്ന നമ്മുടെ കണ്ണുംമുന്നിൽ കാണാതാകും നേരം (പൊടിവു) ഇപ്പോൾ മലങ്കര വാഴുന്ന മാർ പ്രഞ്ചിക്കുസ മെത്രാനു നമുക്കു മെത്രാനല്ല നാം അയാളുടെ ഇടവകയിലെ ഉള്ള പ്രജകളുമല്ല എന്നു ഒന്നു. ശുദ്ധമാന പള്ളിയുടെ ക്രമത്തിനുതകുവണ്ണം നമ്മുടെ എടവക വാഴുവാൻ മേല്പട്ടകാരൻ വേണ്ടുന്നതിനു ഇപ്പോൾ തൊട്ടു തോമ്മാ അങ്കിയാകോനെ തന്നെ വാണു കൊള്ളുകയും വേണമെന്നു ഒന്നു. ഇതിനു വിചാരമായിട്ടു കല്ലിശ്ശേരി പള്ളിയിൽ ഇട്ടിതൊമ്മൻ കത്തനാരും കടുത്തുരുത്തി പള്ളിയിൽ കടവിൽ ചാണ്ടി കത്തനാരും അങ്കമാലി പള്ളിയിൽ വെണ്ടുരു ഗീവറുഗീസു കത്തനാരും കുറവലങ്ങാട്ടു പള്ളിയിൽ പള്ളിവീട്ടിൽ ചാണ്ടി കത്തനാരും ഇവർ നാലുപേരും വിചാരകാരരായിരുന്നു മൂവാണ്ടിൽ മൂവാണ്ടിൽ കൂടി വിചാരിച്ചു കല്പിച്ചുകൊൾകയും വേണമെന്നു ഒന്നു. ഈ കല്പിച്ചുമെയ്ക്ക കടവിൽ ചാണ്ടി കത്തനാർ കയ്യെഴുത്തു".

ഇപ്രകാരം ഒരു ഉടമ്പടി തീർത്തു ഒപ്പിട്ടപടി എല്ലാവരും ആലങ്ങാട്ടുകൂടി തോമ്മാ അങ്കിയാകോനെ പാത്രിയക്കീസിന്റെ കല്പന അനുസരിച്ചു മെത്രാനായി വാഴികയും ഇട്ടിതൊമ്മൻ കത്തനാർ മുതലായ നാലു കത്തങ്ങളെ ആലോചനകാരായി നിയമികയും ചെയ്തു. ഇവിടം മുതൽ ഇദ്ദേഹത്തിന്റെ മതവൈരാഗ്യവും സ്വേച്ഛാപ്രഭുത്വവും പ്രകാശിച്ചുതുടങ്ങി. വിശേഷാൽ ആലോചനകാരിൽ കടവിൽ ചാണ്ടി കത്തനാർ പിൻമാറി പറങ്കികളോടു ചേർന്നു ഉപദ്രവിയായി തീരുകയും മറുള്ളവർ പറങ്കികളെ ഭയന്നു ഒഴിഞ്ഞു നില്ക്കയും ചെയ്തതിനാൽ മെത്രാനു അസാമാന്യ വ്യസനം നേരിട്ടപ്പോൾ ഇട്ടിതൊമ്മൻകത്തനാർ മെത്രാന്റെ സഹായത്തിനും റോമ്മായിൽ നിന്നു ക്രിസ്ത്യാനികളെ പിൻവലിക്കുന്നതിനും മരണത്തോളം പരിശ്രമിക മാത്രമല്ല ജീവനെക്കൂടെ വൈഷമ്യത്തിൽ വച്ചുകൊടുത്തു.

മാർ തോമ്മാ മെത്രാന്റെ അധികാരം ദുർബലപ്പെടുത്തുവാൻ ചാ

ണ്ടി കത്തനാർ ശ്രമം ചെയ്യുന്നു കൊണ്ടു അദ്ദേഹത്തിനു ഇട്ടിതൊമ്മൻ കത്തനാർ താഴെ പറയുംപ്രകാരം ഒരു എഴുത്തയച്ചു.

"ഓവിയാകപ്പെട്ട അന്തുജൻ കടവിൽ ചാണ്ടി കത്തനാരച്ചൻ കണ്ടന്നാൽ: അന്ത്യോഖ്യായിലെ ബഹുമാനപ്പെട്ട പാത്രിയക്കീസച്ചൻ ഈ മലങ്കരയ്ക്ക അവകാശിയും അവിടെനിന്നും മേല്പട്ടക്കാരെ അയച്ചു നമുക്കു വേണ്ടുന്ന ക്രമാശകൾ തന്നും പണ്ടേതൊട്ടു നടന്നു വരുമ്പോൾ അയതു നമുക്കു വഹിയാ എന്നു സംവാഴ്മ പാദ്രിമാർ കല്പിച്ചുതാനുമെ ല്ലാ. അയതുകൊണ്ടു നോമെല്ലാവരും മട്ടാഞ്ചേരിൽക്കൂടി സത്യംചെയ്തു കഴിഞ്ഞയുടനെ ഇതിനൊകയും ഭേദം വരുമെന്നു ചിലആത്മനികൾ പറഞ്ഞപ്പോൾ ഒരു ഉണക്ക കനവു ഞാൻ ഒടിച്ചു ഇതു മുറി ക്രൂമ്പോൾ അല്ലാതെ പറുകികളും നൊമ്മളും കൂടി ഒരുമ്പെടുകയില്ലന്നും പറഞ്ഞ ശേഷം ഇട്ടിതൊമ്മനച്ചൻ പറഞ്ഞതു ഒരു നിബിയൂസായാകുന്നു എന്നും അയതിനു ഭേദം വരികയില്ലന്നും പറഞ്ഞ അന്തുജന്റെ നാക്കേൽ തൊട്ടാൽ കൊള്ളാമെന്നു എന്റെ കയ്യു തുശപ്പെടുന്നുതാനും. നോം എല്ലാവരും കൂടി മെത്രാനച്ചനു എഴുതികൊടുത്ത പടിയോല പൊയ്യായില്ല താനും. ഇപ്പടിക്കു ഇട്ടിതൊമ്മൻ കത്തനാർ എഴുതു. ചുങ്കത്തിൽ പള്ളിയിൽ നിന്നും."

ഈ എഴുത്തു കണ്ടപ്പോൾ താൻ കൂടെ ഒപ്പിട്ട പടിയോല തോമ്മാ മെത്രാൻ വശം ഇരിക്കുന്നതു കൈവശപ്പെടുത്തണമെന്നു ചാണ്ടി കത്തനാർ നിശ്ചയിച്ചു പൂകോട്ട പാർത്തിരുന്ന ബുദ്ധികാരൻ പാദ്രി എന്നു പറയപ്പെടുന്ന ഒരു പറുങ്കി പാദ്രിയെ വേഷച്ചുന്നനായി പറഞ്ഞയച്ചു. ഇയ്യാൾ മെത്രാന്റെ അടുക്കൽ വന്നു ഉപായത്തിൽ പടിയോല എടുപ്പിച്ചു നോക്കി കൈവശപ്പെടുത്തിക്കൊണ്ടു പോയി.

ഈ വിവരം ഇട്ടിതൊമ്മച്ചൻ കേട്ടയുടൻ മെത്രാനു ഒരുസ്വകാര്യം കത്തു അയച്ചും വച്ചു നേരെ പുറുങ്കികളുടെ അടുക്കൽഎത്തി താൻ തെറിച്ചുപ്പോയി എന്നും ദോഷം പോക്കി കൈകൊള്ളണമെന്നും പറഞ്ഞു ചേന്നു. അഞ്ചാറുമാസം പുറുങ്കികളുടെ കൂടെ താമസിക്കയും സാക്ഷാൽ മനസ്സുതിരിഞ്ഞു ചെന്ന എന്നു അവരെ ബോധപ്പെടുത്തുകയും ചെയ്തു.

ഇങ്ങനെ ഇരിക്കെ ഒരുരാത്രി പുറുങ്കികൾ ഒരു വിരുന്നു കഴിച്ചതിൽ സംബന്ധിച്ചു. പാദ്രിമാരെ അധികം ലഹരിപ്പിച്ചു ശേഷം ഏന്തൊ കാരണം പറഞ്ഞു പടിയോല എടുപ്പിച്ചു വായിച്ചു. പിന്നെയും തിന്നുകയും കുടിക്കയും ചെയ്തുകൊണ്ടു ഇരിക്കുമ്പോൾ ഇട്ടിതൊമ്മച്ചൻ മീനം നടിച്ചു ഭ്രമം കാണിക്കയും മലവിസർജ്ജനത്തിനു എന്നു ഭാവിച്ചു പടിയോല ഉടുപ്പിൽ ഒളിച്ചു വച്ചുംകൊണ്ടു പുറത്തിറങ്ങുകയും ചെയ്തു. ഉടുപ്പു ഉരി ഒരു കൂറികൊട്ടിന്മേൽ ഇട്ട ശേഷം ആൾ ഇരിപ്പുണ്ടെന്നു തോന്നിച്ചും കൊണ്ടു ഈ വിദ്വാൻ പടിയോല സഹിതം രാത്രിഗമിച്ചു പാലിയത്തച്ചൻ മഖാന്തിരം വഞ്ചിവഴി തിരിച്ചുപോന്നു.

ഇവിടം മുതൽ ഇട്ടി തൊമ്മൻ കത്തനാരെയും തോമ്മാ മെത്രാനെയും ബലമായി പിടിപ്പിച്ചു ദണ്ഡനസ്ഥലത്തു അയച്ചു ശിക്ഷിക്കണമെന്നു പറുങ്കികൾ നിശ്ചയിച്ചു കൊച്ചിയിൽ നാടുവാഴിയോടു [illegible]

വരെ പിടിപ്പിച്ചു തുപ്പുണിത്തെ ഒരു മാളികയിൽ തടവിൽ വച്ചിരുന്നു. കൊച്ചീക്കു കൂട്ടി അയക്കുവാൻ മൂന്നാലു ദിവസത്തെ താമസം ഉണ്ടായതിനാൽ ഇതിനിടയിൽ പല സുറിയാനിക്കാരും ഇവരെ ചെന്നു കാണുകയും ദുഃഖിച്ചു പോരികയും ചെയ്തിരുന്നു. ഇങ്ങനെ കാണ്മാൻ വന്നതിൽ മുളന്തുരുത്തിക്കാരായി താടി നീട്ടിയ രണ്ടു മൂപ്പന്മാരെ മെത്രാന്റെയും കത്തനാരുടെയും വേഷം ധരിപ്പിച്ചിരുത്തുകയും മൂപ്പന്മാരുടെ മുണ്ടും നേര്യതും മെത്രാനും ഇട്ടിത്തൊമ്മച്ചനും ധരിച്ചു പുറത്തു നിൽക്കുന്ന കാവൽക്കാർ അറിയാതെ വെളിക്കിറങ്ങി രക്ഷപ്പെടുകയും ചെയ്തു. കൊച്ചി സക്കാർ ഈ മൂപ്പന്മാരെ മെത്രാനെന്നും കത്തനാരെന്നും ഭാവിച്ചു പറങ്കികളുടെ അടുക്കലേക്കു കൂട്ടിയയച്ചു. പറങ്കികൾ ഇവരെ കണ്ടപ്പോൾ അൽമാറാട്ടം മനസ്സിലാകി ഇവരെ അടിച്ചു വിട്ടയക്കയും മെത്രാനെയും കത്തനാരെയും പിടിപ്പാൻ വീണ്ടും ശ്രമം ചെയ്കയും ചെയ്തു. പിന്നെ അകപ്പെടുന്നതിനു മുമ്പെ ലന്തക്കാർ പറങ്കിയുടെ രാജ്യാധികാരം എടുത്തതിനാൽ അവരുടെ കൈവശം അകപ്പെടുവാൻ ഇടയായില്ല. മേല്പറഞ്ഞ രണ്ടു വൃദ്ധന്മാരുടെ സഹായം ഇല്ലായിരുന്നു എങ്കിൽ ഒന്നാം മാർ തോമ്മാ മെത്രാനും ഇട്ടി തൊമ്മൻ കത്തനാരും ഗോവയിലെ ദണ്ഡനസ്ഥലത്തിനു ഇരയായി തീർന്നേനെ.

ഇവിടം മുതൽ സുറിയാനിപ്പള്ളികളെ തിരിച്ചെടുക്കുന്നതിനുമുള്ള കഥാനായകൻ വളരെ ശ്രമം ചെയ്തു. അദ്ദേഹത്തിന്റെ സ്വാധീനംതെക്കെകൂറിൽ അധികം ഉണ്ടായിരുന്നതിനാൽ പമ്പാനദിക്കുതെക്കോമ്മാ സഭ അശേഷം ക്ഷയിപ്പിച്ചുകളഞ്ഞു. വടക്കോ ദ്രോഹികളായ ചാണ്ടികത്തനാർ മുതലായവരുടെ ശ്രമംകൊണ്ടു അനേക പള്ളികൾ റോമ്മാ അടിമയിൽ പിന്നെയും ഉറച്ചുനിന്നു. ഇങ്ങനെ സ്വന്തകാര്യം ഒന്നും നോക്കാതെ സഭയ്ക്കു വേണ്ടി ആയിസ്സു മുഴുവൻ വ്യയം ചെയ്തു ശേഷം സൂതി ചാവുകപ്പെട്ട യാക്കോബായവിശ്വാസത്തിൽ ഭ്രമിച്ചു മെടമാസം ൨൭-ാംൽ ഇദ്ദേഹം കത്തുവിൽ നിദ്രയെ പ്രാപിച്ചു സ്വന്ത ഇടവകയായ കല്ലിശ്ശേരിൽ അടക്കപ്പെട്ടു.

ഉതിയമ്പേരൂർ സൂനഹദോസിൽ നമ്മുടെ സഭയെ ഒന്നായി അകപ്പെടുത്തിയ റൊമ്മാസഭയുടെ ചുവട്ടിൽ ആദ്യം കോടാലി വച്ചതും മുറിച്ചിട്ടതും ഇട്ടിത്തൊമ്മൻ കത്തനാർ ആയിരുന്നു. അദ്ദേഹത്തിന്റെ ശ്രമം ഇല്ലായിരുന്നുവെങ്കിൽ ആ വേലയെ പിന്നീടു മുഴുവനാക്കിയ പരദേശബാവാന്മാരുടെ ശ്രമം നിഷ്ഫലമായി ഭവിച്ചേനെ. ഇട്ടിത്തൊമ്മൻ കത്തനാർ എന്ന പേർ റൊമ്മാസഭക്കോക്കു മഹാവെറുപ്പാകുന്നു. വരാപ്പുഴക്കാരുടെ സഭാചരിത്രം വായിച്ചാൽ അവക്കു ഇദ്ദേഹത്തോടുള്ള വെറുപ്പു എത്രമാത്രമെന്നു കാണാം. അതെ ആ സഭയെ വെട്ടിമുറിച്ചു ആളിനെ അവർ വെറുക്കുന്നതിൽ ഒട്ടും അതിശയിപ്പാനില്ല. എന്നാൽ സുറിയാനിസഭയ്ക്കോ അദ്ദേഹം ഒരുവലിയതൂണും വീണ്ടെടുപ്പുകാരനും ആയിരുന്നു. ഇദ്ദേഹത്തിന്റെ സ്വഭാവത്തെയും സൌശീല്യജ്ഞാനയെയും കുറിച്ചു ഒരു പഴയ ഗ്രന്ഥത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു. "താൻ ധരിച്ചിരിക്കുന്ന കുപ്പായം അല്ലാതെ രണ്ടുവസ്ത്രം തനി

ക്ക ഇല്ലായിരുന്നു. ഉടുപ്പു മുഷിയുമ്പോൾ ഉരി കൊടുത്തും വച്ചു താൻ അപ്പോൾ താമസിക്കുന്ന സ്ഥലത്തെ ഒരു പട്ടക്കാരനെറ്റ വാങ്ങിച്ചു ധരിക്കും. പൊങ്കണവും മടിശ്ശീലയും ക്രൂടാതെ സഞ്ചരിച്ചുവന്നു. ഉടനുത്തരം പറവാൻ വളരെ സാമർത്ഥ്യം ഉണ്ടായിരുന്നു. ഒരിക്കൽ ഉറങ്ങികിടക്കുമ്പോൾ പരീക്ഷയായി ഒരാൾ ഇദ്ദേഹത്തെ വിളിച്ചിട്ടു "അച്ചാ വസ്തുരിവന്നമുഖം എന്തുപോലെയിരിക്കും" എന്നു ചോദിച്ചപ്പോൾ "ചക്ക വീണ പിലാവില പോലെ" എന്നു ഉറക്കത്തിൽ മറുപടി പറഞ്ഞു".

പാപത്തിൽ നിന്നുള്ള സ്വാതന്ത്ര്യം.

കുട്ടനു പ്രസംഗികളുടെ ഉപദേശത്തിൽ ചേർന്നു "രക്ഷിക്കപ്പെട്ടു" എന്നു പറയുന്നവരുടെ ഇപ്പോഴത്തെ സംസാരം അവർ പാപത്തെ വിട്ടൊഴിഞ്ഞിരിക്കുന്നു എന്നാണല്ലൊ. ഇതു തന്നത്താൻ വഞ്ചിക്കുന്ന ഒരു വിചാരം ആകുന്നു. പാപത്തെ അശേഷം വിട്ടൊഴിഞ്ഞിരിക്കുന്നു എന്നു പറയുമ്പോൾ ചെയ്യു പാപങ്ങൾക്കു മോചനം ലഭിച്ചുകൊണ്ടു മേലാൽ അശേഷം അവർ പാപം ചെയ്യാതെ ഇരിക്കുന്നു എന്നാണ അവർ തങ്ങളെക്കുറിച്ചു വിചാരിച്ചും പറഞ്ഞും വരുന്നതു. പാപം എന്നുവച്ചാൽ ഇന്നതാണെന്നുള്ള ശരിയായ അർത്ഥം ഇവർധരിച്ചിട്ടില്ല. ധരിച്ചിരുന്നുവെങ്കിൽ ഈ വിധം തങ്ങളെക്കുറിച്ചു പറവാൻ പ്രസംഗികൾക്കും അവരുടെ പിൻഗാമികൾക്കും ഇടവരികയില്ലായിരുന്നു.

പാപം എന്നു വച്ചാൽ കല്പനലംഘനം ആകുന്നു. ചെയ്യാൻ കല്പിച്ചിട്ടുള്ളതിനെ ചെയ്യാതിരിക്കയും വിരോധിച്ചിട്ടുള്ളതിനെ ചെയ്കയും ആകുന്നു. ജന്മപാപമെന്നും കർമ്മപാപമെന്നും രണ്ടുതരങ്ങൾ പാപത്തിൽ ഉണ്ടു. "ഒരുത്തന്റെ പിഴനിമിത്തം സകല മനുഷ്യർക്കും ശിക്ഷാവിധി ഉണ്ടായി" എന്നു റോമാ ൫- ൧൮വ-ൽ പറയുന്നതുകൊണ്ടു ആദാമിന്റെ ലംഘനം നിമിത്തം മനുഷ്യജാതി ഒട്ടുക്കു ജന്മ പാപം ഉണ്ടുവിച്ചു എന്നതെളിവാകുന്നു. അതിനാൽ ഇന്നു ജനിച്ച ശിശുവും പാപത്തിൽ ഇരിക്കുന്നു എന്നു അറിയണം. "നേരുകേടിൽ ഞാൻ ഉണ്ടുവിച്ചു പാപത്തിൽ എന്റെ മാതാവു എന്നെ ഗർഭം ധരിച്ചു" (സങ്കീ- ൫൧- ൫) ഇതുകൊണ്ടാണു ശിശുക്കൾക്കു മാമ്മോദീസാ ആവശ്യമെന്നു നിശ്ചയിച്ചിരിക്കുന്നതു. "ജ്ഞാനസ്നാനം ജഡത്തിന്റെ മലിനതയെ നീക്കുന്നതായിട്ടല്ല ദൈവത്തിന്റെ നേരെ നല്ല മനസ്സാക്ഷിയുടെ ഉത്തരമായി യേശു മിശിഹായുടെ ഉയർപ്പിനാൽ നമ്മെ രക്ഷിക്കുന്നതാകുന്നു". (൧പത്രൊ ൩- ൨൧) അതിനാൽ ജ്ഞാനസ്നാനത്താൽ ശിശുകൾ ജന്മ പാപത്തിൽനിന്നു യേശുമൂലം രക്ഷിക്കപ്പെടുന്നു. പിന്നെ അവക്കു അറിവുണ്ടാകുമ്പോൾ കർമ്മപാപം വരാവുന്നതാണല്ലൊ

കർമ്മപാപം എന്നാൽ കേവലം പ്രവൃത്തിയിൽ മാത്രംഅല്ല ഇരിക്കുന്നതു. വിചാരത്തിലും വചനത്തിലും പ്രവൃത്തിയിലും പാപം ഇരിക്കുന്നു. നീ വ്യഭിചാരം ചെയ്യരുതെന്നുള്ള കല്പന പ്രവൃത്തിയാൽ

നാം ലംഘിക്കുമ്പോൾ പാപമാകുന്നു എന്നു സംശയമില്ലല്ലൊ. എന്നാൽ ഒരുത്തൻ ഒരു സ്ത്രീയെ മോഹിച്ചു പൊയാൽ അവൻ വ്യഭിചാര പാപത്തിൽ അകപ്പെട്ടിരിക്കുന്നു എന്നു കർത്താവു പഠിപ്പിക്കുന്നു. (മത്താ ൫. ൨൮) കാരണം ക്രൂശാതെ സഹോദരനെ ഭോഷാ എന്നുവിളിച്ചാൽ ശിക്ഷാ വിധിയെ സമ്പാദിക്കുന്നു. (മത്താ ൫. ൨൨) അതുകൊണ്ടു പാപം പ്രവൃത്തിയിൽ മാത്രമല്ല വചനത്തിലും വിചാരത്തിലും ക്രൂടെ ഉണ്ടെന്നു സ്പഷ്ടമാകുന്നു.

ഒരുത്തൻ പത്തു കല്പനകളെയും ശരിയായി ആചരിച്ചിരിക്കുമ്പോൾ അതിൽ ഒരു കല്പനയെ മാത്രം ഒരിക്കൽ ലംഘിച്ചു പോയാൽ ശേഷം ഒമ്പതും ലംഘിച്ചതായി വിചാരിക്കപ്പെടുന്നു. "ആരെങ്കിലും സകല ന്യായപ്രമാണങ്ങളേയും കാത്തു ഒന്നിൽ തെറ്റിയാൽ അവൻ എല്ലാറ്റിലും കുറ്റക്കാരനാകുന്നു" (യാക്കോ ൨. ൧൦) രക്ഷിക്കപ്പെട്ട എന്നു നടിക്കുന്നവരെ ഈ വാക്യത്തെ നിങ്ങൾ നന്നായി ചിന്തിപ്പിൻ. ഒമ്പതു കല്പനയും കാത്തു പത്താമത്തേതു മാത്രം തെറ്റിച്ചാൽ പത്തും തെറ്റിച്ചതായി വരുന്നു എന്നു ഇതിനാൽ സ്പഷ്ടമാണല്ലൊ. പാപം പ്രവൃത്തിയിൽ മാത്രമല്ല വചനത്തിലും വിചാരത്തിലും ക്രൂടെ ഉണ്ടെന്നു മുമ്പെ കാണിച്ചിട്ടുണ്ടല്ലൊ. അപ്പോൾ രക്ഷിക്കപ്പെട്ട എന്നു വിചാരിക്കുന്ന സഹോദരാ നീ വചനത്തിലും വിചാരത്തിലും ക്രൂടി പാപം ചെയ്യുന്നില്ലന്നു നീ പറയുന്നുവൊ. നിന്റെ മനസ്സു ഏതെങ്കിലും ഒരു കാര്യത്തിൽ അല്പം തെറ്റിപ്പോയാൽ നീ ഏതിൽ തെറ്റിയൊ ആ പാപത്തിൽ മാത്രമല്ല സകല കല്പനകൾക്കും നീ കുറ്റക്കാരനായിവരുന്ന സ്ഥിതിക്കു നിന്നിൽ പാപം ഇല്ലന്നു എങ്ങനെ പറയാം. "നമ്മിൽ പാപമില്ലന്നു നാം പറയുന്നു എങ്കിൽ നമ്മെത്തന്നെ നാം വഞ്ചിക്കയാകുന്നു" (൧യൊഹ ൧. ൮) ഹാ നോക്കുക! നമ്മിൽ! ആരിൽ? ക്രിസ്തുവിന്റെ അപ്പൊസ്തോലനും ജീവനില്ലാത്ത വിശ്വാസത്തെപ്പറ്റി കേവലം പ്രശംസാവാക്കിൽ മാത്രമൊ അല്ല, പ്രത്യക്ഷമായി ആത്മാവിനെ പ്രാപിച്ചവനുമായ യോഹന്നാൻ ഏവൻഗേലിസ്റ്റാ ക്രൂടെ ഉൾപ്പെട്ട 'നമ്മിൽ' പാപം ഇല്ലന്നു പറയുന്നു എങ്കിൽ ആ മനുഷ്യൻ (അപ്പൊസ്തോലനു തന്നെയായാലും) തന്നെത്താൻ വഞ്ചിക്കുകയാകുന്നു. ഈ സ്ഥിതിക്കു "പതിനേഴു വയ്മായി എന്റെ ഹൃദയം വെണ്മയായിരിക്കുന്നു" എന്നു വമ്പുപറയുന്ന ഡേവിഡും അവനെ ദൈവമാക്കികൊണ്ടു പാപത്തിൽനിന്നു സ്വാതന്ത്ര്യപ്പെട്ടിരിക്കുന്നു എന്നു പ്രശംസിക്കുന്ന അവന്റെ പിൻഗാമികളും അപ്രകാരത്തന്നെ വഞ്ചിക്കുന്നു. അവരെ മാത്രമല്ല സാധുക്കളായ അനേകരെയും ക്രൂടെ തന്നെ.

ഹാ കപടഭക്തികാരനായ ഡേവിഡെ. ൧൦ പതിനേഴുവയ്മായി നടത്തു വിചാരത്തിൽ പോലും ഒരിക്കലും നീ തെറ്റിയിട്ടില്ലയൊ?. ഒരിക്കൽ വിചാരത്തിൽ എങ്കിലും ഒന്നു തെറ്റിയാൽ പ്രവൃത്തിയാൽ തെറ്റിയ ഫലം ഉണ്ടല്ലൊ. അപ്പോൾ എല്ലാ കല്പനകളെയും ലംഘിച്ചതായും വിചാരിക്കപ്പെട്ടുമെല്ലൊ. പിന്നെ പതിനേഴു വയ്മായി എന്റെ ഹൃദയം ഹിമം പോലെ വെണ്മയായിരിക്കുന്നു എന്നു നിനച്ച

എങ്ങിനെ പറയാം.

ശുദ്ധ പത്രോസിനാകട്ടെ ശുദ്ധ പൌലൂസിനാകട്ടെ ശുദ്ധ യൊഹന്നാനാകട്ടെ ഇങ്ങനെ പറവാൻ ധൈര്യമില്ലായിരുന്നു. പത്രോസ തെറിയതുകൊണ്ടു പൌലൂസ അവനെ ശാസിച്ചുതായി നാം വായിക്കുന്നു. (ഗലാ ൨- ൨൧) പൌലൂസു താൻ ഇച്ഛിക്കാത്ത ദൊഷത്തെ ചെയ്യുപോകുന്നു എന്നു ഏറ്റുപറയുന്നു. (റൊമ്മാ ൭- ൧൯) തന്നിൽ പാപം ഇല്ലന്നു പറയുന്നെങ്കിൽ തന്നത്താൻ വഞ്ചികയാണന്നു യൊഹന്നാനും പറയുന്നു. ഹാരം മൂന്നു അപ്പൊസ്തൊലന്മാരെക്കാൾ എത്ര കേമന്മാരാണ ഡേവീഡവെർസുപത്തന്മാരും അവരുടെ പിൻഗാമികളും. ഇവർ അപ്പൊസ്തൊലന്മാരെക്കാൾ കുറഞ്ഞിരിപ്പെട്ടവരും ക്രിസ്തുവിനൊട്ട സമന്മാരുമാണന്നു ഇതിനാൽ വരുത്തിയിരിക്കുന്നു. അയ്യൊ എത്ര പാപം. എത്ര മഹാപാപം.

അല്ലയൊ സഹൊദരന്മാരെ നാം എല്ലാവരും പാപികളാകുന്നു എന്നു ഏറ്റുപറവീൻ. പാപത്തെക്കുറിച്ചു പത്രൊസിനെയും ദാവീദിനെയും പൊലെ അനുതപിപ്പീൻ. നിങ്ങൾ വഞ്ചികപ്പെടരുതു. ഉടനെതന്നെ രക്ഷികപ്പെട്ടു എന്നൊ നിങ്ങൾക്കു നിത്യജീവൻ സ്ഥിരമായി എന്നൊ നിങ്ങളിൽ പാപം ഇല്ലന്നൊ പാപം ചെയ്യാൻ നിങ്ങൾക്കു ഇനി ഇടയില്ലന്നൊ വിചാരിക്കാതെ നിങ്ങളുടെ പാപങ്ങളെ ദൈവത്തൊടു ഏറ്റു പറഞ്ഞു അനുതപിപ്പീൻ. അവസാനത്തൊളം നിലനിലുവീൻ. മരണത്തൊളം വിശ്വസ്ഥനായിരിക്ക.

കൊച്ചി പള്ളികളുടെ വിലാപം.

മാന്യ സഹൊദരിമാരെ ലൊകത്തിൽ എങ്ങും കീർത്തിപെട്ടതും പല മണവാട്ടികൾ ഉടുത്തു ചമഞ്ഞു അലംകൃതത്തൊടിരിക്കുന്നതുമായൊരും മുഖ്യതറവാട്ടിൽ ഒരു ബന്ധുത വേണമെന്നു നമ്മുടെ പിതാക്കന്മാർ ആഗ്രഹിച്ചു ഞങ്ങളെ ഇവിടെ കല്യാണം കഴിച്ചുകൊടുത്തതല്ലാതെ സ്ത്രീധനമൊ വസ്ത്രാഭരണങ്ങളൊ തന്നിട്ടുണ്ടുള്ള വാസ്തവം നിങ്ങൾ അറിഞ്ഞിരിക്കുന്നുവല്ലൊ. ഒരു സന്ധു വേളനപ്പെടുമ്പൊൾ എല്ലാ സന്ധുവും വേളനപ്പെടുവാനും ഒന്നു സന്തൊഷിക്കുമ്പൊൾ എല്ലാ സന്ധുവും സന്തൊഷിപ്പാനുമായിട്ടു നാമെല്ലാവരും സ്വർഗ്ഗീയമണവാളന്റെ അവയവങ്ങൾ എന്നു നിണ്ണയിച്ചായിരിക്കാം പിതാക്കന്മാർ ഞങ്ങൾക്കു ഒന്നും തരാഞ്ഞതു. നിർഭാഗ്യകളായ ഞങ്ങൾ അന്നവസ്ത്രാഭരണങ്ങൾ യാതൊന്നും ഇല്ലാതെ സർവ്വാംഗം മുറിപ്പെട്ട പ്രധാന കുടുംബത്തിന്റെ പൂമുഖങ്ങളിൽ കിടന്നു ഇതാ ചവിട്ടുകൊള്ളുന്നു. ഞങ്ങളെ പുലർത്തുവാൻ മകളില്ലാതെ മക്കൾക്കു തുല്യമായും ഭവിച്ചു. നിങ്ങളുടെ അനേക പുത്രന്മാരും ഉദ്യൊഗസ്ഥന്മാരും ഞങ്ങളെ കണ്ടിട്ടും ഏശായ്യായുടെ ദീർഘദർശനം പോലെ കണ്ണടച്ചിരിക്കുന്നു. അയ്യൊ സഹൊദരിമാരെ ഞങ്ങളുടെ നഗ്നത മറപ്പാനും മുറിവുകൾ സൌഖ്യപ്പെടുത്തുവാനും

മുള്ള കാലം ഇനി എപ്പോൾ ആരാൽ ഉണ്ടാകുമെന്നോർത്തു കേണുകേണിരിക്കുമ്പോൾ നിങ്ങളുടെ മകളിൽ ചിലർ ഈ വഴി കടന്നു ഞങ്ങളെ കണ്ടു ശമ്മറിയാക്കാരനെപ്പോലെ കനിവുതോന്നി മൂത്തസഹോദരിയെ പനമ്പാവു ശാലയിൽ ആക്കി കുറെ പണവും കൊടുത്തു താല്പര്യമായി വിചാരിച്ചുകൊള്ളണമെന്നും അധികം ചിലവു വരുന്നതു പിന്നെ തന്നുകൊള്ളാമെന്നും പറഞ്ഞേല്പിച്ചതിനാൽ ശമ്മറിയാക്കാരന്റെ ദൃഷ്ടാന്തം പലരും ഓർമ്മവയ്ക്കുമെന്നു അഭിശിച്ചു പാർക്കുന്നു.

തുടരും.

ഒരു പ്രസംഗം.

(സിംഹാസനത്തിന്റെ മുമ്പാകെ നിൽക്കുന്ന മൂപ്പന്മാർ.)

"സിംഹാസനത്തിന്റെ ചുറ്റിലും ഇരുപത്തുനാലു പീഠങ്ങളും ഉണ്ടായിരുന്നു. ആ പീഠങ്ങളിന്മേൽ വെള്ളവസ്ത്രങ്ങൾ ധരിച്ച ഇരുപത്തുനാലു മൂപ്പന്മാർ ഇരിക്കുന്നതിനെ ഞാൻ കണ്ടു. അവർക്കു തങ്ങളുടെ ശിരസ്സുകളിൽ പൊൻകിരീടങ്ങളും ഉണ്ടായിരുന്നു." (വെളി. ൪. ൪)

ദൈവത്തിന്റെ ഒരു ഭവനം ഉണ്ടു. ആ ഭവനം ഒരുപൂസുകത്തിൽ പേരെഴുതപ്പെട്ടിരിക്കുന്നു. ആ ഭവനം ഒരു രക്തത്താൽ വിണ്ടെടുക്കപ്പെട്ടിരിക്കുന്നു. ആ ഭവനം ഒരു ആത്മാവിനാൽ ഉയർപ്പിക്കപ്പെട്ടിരിക്കുന്നു. ആ കുടുംബത്തിൽ ചേർന്നവരായി ശരീരത്തിൽ വസിക്കുന്നു നാം കീഴ്ഭൂമിയിലും മഹത്വത്തിൽ പ്രവേശിച്ചിട്ടുള്ള നമ്മുടെ സഹോദരന്മാർ മേല്ഭൂമിയിലും വസിക്കുന്നു. അവർ ഏതുപ്രകാരം ക്രിസ്തുവിനൊടുകൂടെ അവകാശികളായിരിക്കുന്നുവൊ നാമും അപ്രകാരംതന്നെ അവകാശികളായിരിക്കുന്നു. മീതെ കാണപ്പെടുന്ന സഭയെയും കീഴെ കാണപ്പെടുന്ന സഭയെയും വേർതിരിക്കുന്നതു മരണമത്രെ. നാം ഭൂമിയിൽ വസിക്കുമ്പോഴൊക്കയും മോക്ഷത്തിൽ പ്രവേശിക്കണമെന്നുള്ള ആശയോടുകൂടെ ജീവിച്ചു പോരുന്നു. ൬ കോറ. ൫. ൬- മേൽ ലോകത്തിലുള്ള ശുദ്ധിമാന്മാരുടെ ലക്ഷണങ്ങൾ പോലെ നമ്മുടെ ലക്ഷണങ്ങളും ഇരിക്കേണ്ടതാകുന്നു.

൨. മേൽ ലോകത്തിലുള്ളവരുടെ അവസ്ഥയെയും അവരുടെ മഹത്വത്തെയും പറഞ്ഞു ചിന്തിക്ക.

ശുദ്ധ: യോഹന്നാന്റെ ദർശനത്തിൽ ക്രിസ്തുവിന്റെ സഭ ഇരുപത്തുനാലു മൂപ്പന്മാരാൽ കുറിക്കപ്പെട്ടതായി കാണുന്നു. ഇവർ നിത്യ അശ്വാസത്തിൽ ഉൾപ്രവേശിച്ച അനേകായിരങ്ങൾക്കു പ്രതിനിധികളായിട്ടത്രെ കാണപ്പെടുന്നതു.

൩. മോക്ഷത്തിൽ ഇരിക്കുന്ന ശുദ്ധിമാന്മാർ മൂപ്പന്മാർ എന്നു ഇവിടെ വിളിച്ചിരിക്കുന്നു. മൂപ്പന്മാർ എന്നു പറയുന്നതിൽ അവരുടെ ഉദ്യോഗ വലിപ്പത്തെ മാത്രമല്ല അവർ ക്രിസ്തുവിലുള്ള വിശ്വാസത്തിൽ പൂർണ്ണതപ്പെട്ടിരിക്കുന്നവർ എന്നും അർത്ഥമുണ്ടു. ഇവർ ദൈവസ്നേഹത്തിന്റെ ആഴം, നീളം, ഉയരം എത്രത്തോളമെന്നു അറിഞ്ഞു ഉ

ണർവുള്ളവരായിരിക്കുന്നു. പരലോകത്തിലുള്ളവരിൽ ഏറ്റവും ചെറിയ ഒരു ശുദ്ധിമാൻ ഇഹലോകത്തിലുള്ള കീർത്തിപ്പെട്ടൊരു ശാസ്ത്രിയെക്കാൾ ഏറ്റവും അറിവുള്ളവനത്രേ. മരണം എന്ന തിരശ്ശീല കീഴിച്ചു അപ്പുറത്തു കടന്നാൽ ഉടൻ തന്നെ നമ്മുടെ അറിവില്ലായ്മ എല്ലാം നീങ്ങിപ്പോകും. ഇവിടെ അറുപത എഴുപതു വയസ്സോളം പഠിത്തത്തിൽ തന്നെ ജീവിച്ചിട്ടും ഇനിയും കിട്ടാതെയിരിക്കുന്ന വലിയതും വളരെയുമായ അറിവുകൾ അഞ്ചു നിമിഷത്തിനുള്ളിൽ ക്രിസ്തുവിൻ മുഖത്തെ ദർശിക്കുന്ന ഒരു വിശ്വാസിക്കു ലഭിക്കുന്നു. ഫ്രോ ഫ്രേ-ഫ്രേ അപ്പോൾ നാം അറിയേണ്ടും പ്രകാരം അറികയും ചെയ്യുന്ന കാലം സമീപിക്കാൻ പ്രാർത്ഥിപ്പീൻ. അവന്റെ കണ്ണുനീർകടങ്ങളെല്ലാം നീങ്ങിപ്പോകുന്നു. അവിശ്വാസമൊ മുറുകെ പറ്റുന്ന പാപമൊ അവനെ എത്തിപ്പിടിപ്പാൻ കഴികയുമില്ല. കുഞ്ഞാടിന്റെ കൈകളാൽ അവന്റെ കണ്ണിൽനിന്നു കണ്ണുനീരുകളെ തുടച്ചുകളയുന്നു. വെളി- ൭- ഫ്രു- ഇങ്ങനെ അവൻ വേലോപദേശത്തിൽ തെളിഞ്ഞു ഒരു വിശ്വാസിയായിത്തീരുന്നു. വിശേഷിച്ചും മൂപ്പന്മാർ എന്നു പറയുന്നതിൽ ദൈവീക സിംഹാസനത്തിൻ ചുറ്റും ഇരിക്കുന്നതിനാൽ ശുദ്ധിമാന്മാർക്കുള്ള മഹത്വത്തെ കാണിക്കുന്നു. അവർ മഹത്വം നിറഞ്ഞ രാജ്യത്തിൽ നിത്യാശ്വാസത്തിൽ പ്രവേശിച്ചു പരമ ഭാഗ്യത്തെ അനുഭവിക്കുന്നു. വെളി ൭- ഫ്രേ- ഫ്രൂം വഫ്രാ- വനു- വരു- ഹാ ക്രിസ്ത്യാനിസഹോദരാ നീ നിന്റെ കണ്ണുകളെ മേൽ ലോകത്തിനുനേരെ ഉയർത്തി നോക്കുക. നേബാ എന്ന പർവതത്തിൽനിന്നു മോശ തന്റെ കണ്ണുകളെ ഉയർത്തി കനാൻ ദേശത്തെയും അതിന്റെ ഫലപുഷ്ടിയെയും കണ്ടതു പോലെ ആവത്തു നൂ- ഫ്രു-൩- സ്വർഗ്ഗീയ കനാനിൻ ജീവനുള്ള പുൽമാലിയും അതിൽ വസിക്കുന്ന ഭാഗ്യമുള്ള കൂടിയിരിപ്പുകാരെയും നോക്കുക. നിനക്കും ഇനിക്കും പ്രതിനിധികളായിരിക്കുന്ന മൂപ്പന്മാരുടെ സംഘവും ഏകമാത്ര സന്തോഷ ആനന്ദത്തിൽ മുഴുകുന്നു എന്നും ചിന്തിക. നാമും അവരോടുകൂടെ ചെന്നു ചേരുവാൻ തക്കവണ്ണം മനസ്സോടെ നിപ്രയാസപ്പെടുന്നില്ലെങ്കിൽ ഞാൻ ജനിച്ച ഗർഭപാത്രം തന്നെ ഇനിക്കു ശവക്കുഴിയായി ഭവിച്ചെങ്കിൽ കൊള്ളായിരുന്നു എന്നു നീ പറഞ്ഞു പ്രലാപിക്കുന്ന നാഴികയും നിനക്കു അടുത്തിരിക്കുന്നു എന്നു ഓർത്തുകൊൾക. ചന്ത സ്ഥലങ്ങളിൽ ഇരുന്നു കുഴൽ വിളിച്ചു കളിക്കുന്ന കുട്ടികളെപ്പോലെ ചിറ്റിന്യ വിനോദങ്ങളിൽ ഉല്ലസിച്ചുകൊണ്ടു ജീവികാതെ പുതിയ യേറുശലേമിൽ സ്വാതന്ത്ര്യമക്കളായി ജീവിപ്പാൻ പ്രയാസപ്പെടുവീൻ.

൬. അവർ സിംഹാസനത്തിനു ചുറ്റും ഇരിക്കുന്നു യെഹൂദ മൂപ്പന്മാർ സനഹരീംസംഘത്തിൽ അഗ്രാസനങ്ങളുടെ ചുറ്റും ഇരുന്നാലും ബഹുമാനം എല്ലാവക്കും ഒരുപോലെതന്നെയിരിക്കുന്നതുപോലെ ശുദ്ധിമാന്മാർ യേശുവിന്റെ സമീപത്തിൽ അവനെപ്പോലെ തന്നെ സിംഹാസനങ്ങളിന്മേൽ അവന്റെ പ്രകാശത്താൽ ഇവരും പ്രകാശിച്ചുകൊണ്ടിരിക്കുന്നു. ദീക്ഷകൻമാർ, അപ്പൊസ്തോലന്മാർ, രക്തസാ

ക്കിക്കൾ, ഉപദേഷ്ടാക്കൾ മുതലായി സത്യമായി തന്നെ പിന്തുടരുന്ന ഏവരും മേൽലോകത്തിൽ ഏകകണ്ഠമായി യേശുവിന്റെ സ്നേഹത്തിൽ തൃപ്തിപ്പെടുകയും ചെയ്യുന്നു. വെളി. ൭. ഫ്രൗ.

൧൧. അവർ സിംഹാസനത്തിനു ചുറ്റും വെള്ളവസ്ത്രം ധരിച്ചുകൊണ്ടിരിക്കുന്നു. അവർ ദൈവത്തിന്റെ മുമ്പാകെ കുറവില്ലാത്തവരായിരിക്കുന്നു. വെളി ഫ്രൗ. ൭. അവർ തങ്ങളുടെ വസ്ത്രങ്ങളെ ആട്ടിൻകുട്ടിയുടെ രക്തത്തിൽ അലക്കി വെടുപ്പിച്ചിരിക്കുന്ന വെളി ൭. ഫ്രൗ. ഇങ്ങനെ കറയില്ലാതെ അവർ അതിനെ ധരിച്ചുകൊണ്ട് ദൈവ സന്നിധിയിൽ സന്തോഷ കീർത്തനങ്ങൾ പാടുന്നു. നാമും നമ്മെ കറപ്പെടുത്താതെ ഈ പാപലോകത്തിൽ ശുദ്ധിമാന്മാരുടെ നീതിയാകുന്ന വെളി. ഫ്രൻ. വ വെള്ളവസ്ത്രത്തെ ധരിച്ചുകൊണ്ട് ജീവിപ്പീൻ. നശിച്ചുപോകുന്ന നിക്ഷേപത്തിനു നിങ്ങളുടെ ഹൃദയത്തെവച്ചുകൊണ്ട് വെള്ളപൂശപ്പെട്ടിട്ടുള്ള ശവകല്ലറകളെപ്പോലുള്ള പരീശലക്ഷണത്തെ വിട്ട് ഓടുകയും ചെയ്യീൻ. വിലതീരാത്തതും നിങ്ങളുടെ രക്ഷയ്ക്കു വെള്ളിച്ചിന്തപ്പെട്ടതുമായ ദൈവപുത്രന്റെ രക്തത്തെ നിങ്ങൾ മറവിട്ടികളയാതിരിപ്പാൻ സൂക്ഷിപ്പീൻ. ഏബ്രാ ഫാ. ൨൯. പിശാചിന്റെ മക്കൾ തങ്ങളുടെ ഇഷ്ടപ്രകാരം നടന്നുകൊള്ളട്ടെ. നിങ്ങൾ കോട്ടവും വികടവുമുള്ള സന്തതികളുടെ നടുവിൽ ജ്വലിച്ചു പ്രകാശിക്കുന്ന നിഷ്കളങ്ക മക്കളായിരിപ്പാൻ പ്രയാസപ്പെടുവീൻ. ഫിലിപ്പി. ൨. ഫ്രൗ പിതാവെ നിന്റെ ജനത്തെ കുറവില്ലാത്ത ജീവിതത്തിൽ അവസാനത്തോളം കാത്തുകൊള്ളുന്നതുകൊണ്ടു തിരുമനസ്സാകേണമെ.

൨൪. മൂപ്പന്മാർ ആചാര്യവേല ചെയ്യുവരുന്നു. നീ ഞങ്ങളെ ഞങ്ങളുടെ ദൈവത്തിന്റെ ഭവനത്തിൽ ആചാര്യന്മാരും പ്രീതകന്മാരും രാജാക്കന്മാരും ആയിട്ടാക്കിയിരിക്കുന്നു എന്നു അവർ പാടിയതായി പറയപ്പെട്ടിരിക്കുന്നു. വെളി ൫. വ. ൯. ഫാ അവർ പ്രാർത്ഥനയാലും സ്തോത്രത്താലും ദൈവ ഉദ്യോഗത്തെ നിവൈറ്റിക്കൊണ്ടുവരുന്നു. അവർ തങ്ങളുടെ കൈകളിൽ സുഗന്ധവാസനയുള്ള ധൂപകലശങ്ങളെയും ഇമ്പസ്വരം പുറപ്പെടുവിക്കുന്ന വീണകളെയും പിടിച്ചുകൊണ്ട് ഏപ്പോഴും ശുശ്രൂഷ ചെയ്യുന്നു. യഹൂദപ്രധാനാചാര്യൻ വർഷത്തിൽ ഒരിക്കൽ മാത്രം മഹാപരിശുദ്ധസ്ഥലത്തിൽ പ്രവേശിച്ചു വന്നിരുന്നു. നാം ഓരോരുത്തരും പുതിയ യറുശ്ശലേമിൻ പ്രാകാരങ്ങളിൽ ജീവനുള്ള ദൈവത്തിൻ മുമ്പാകെ മഹാപരിശുദ്ധ സ്ഥലത്തെക്കു നോക്കിക്കൊണ്ടു ദിനംതോറും ആചാര്യവേലയെ ചെയ്യുന്നവരാകുന്നു. ശുദ്ധമനസ്സോടുംക്രടെ ഈ ലൊകത്തിൽ ജീവിക്കുമ്പോളൊക്കെയും നമ്മുടെ പരദേശവാസത്തിൻകാലത്തിൽ മഹാദൈവത്തിനു ശുശ്രൂഷ ചെയ്യുന്നതിനായിവിളിക്കപ്പെട്ടിട്ടുള്ള ഓരോരുത്തരുമെ ഇവിടെനിങ്ങളുടെപ്രവൃത്തി നല്ലതായാലും അകാരത്തതായാലും പരലൊകത്തിൽ നിങ്ങളെ പിന്തുടരുമെന്നു ഓർത്തു കൊൾവീൻ. മാന്യ വായനകാരെ ഇവിടെ നിങ്ങൾ ചെയ്യുന്നതായ നിങ്ങളുടെ കച്ചവടത്തിലും ഉദ്യോഗത്തിലും വിദ്യയിലും കൊയ്ത്തിലും നിങ്ങളുടെ ദൈവത്തെ മഹത്വപ്പെടുത്തുവിൻ.

൫. അവർ തങ്ങളുടെ ശിരസ്സുകളിൽ പൊൻകിരീടങ്ങൾ ധരിച്ചു കൊണ്ടിരിക്കുന്നു. അവരുടെ മൂത്ത സഹോദരൻ രാജാവായും ഇരിക്കുന്നു. അവൻ അവരെ തന്നോടുകൂടെ രാജ്യഭാരം ചെയ്യത്തക്കവണ്ണം തന്റെ പിതാവിന്റെ ഭവനത്തിലുള്ള അനേകവാസസ്ഥലങ്ങളിൽ ഭരണം ചെയ്യത്തക്കവണ്ണം അകിയിരിക്കുന്നു. യൊഹ. ക്രൂ. ൨. അവർ രാജാക്കളാകുന്ന ഏങ്കിൽ രാജ്യവുമുണ്ട്. അവിടെയുള്ള രാജ്യം നീങ്ങിപോകാത്തതും നിത്യ സുഖമുള്ളതും ശത്രുകൾക്കു ഏത്തി നോക്കുവാൻ പാടില്ലാത്തതും അവരുടെ അധികാരം ഏറുകയുംചെയ്താത്തതുമായ ഒരു മഹത്വമുള്ള രാജ്യത്തെ അനുഭവിക്കണമെന്നു ആശയുള്ളവരുമെ ഇവിടെയും നിങ്ങളുടെ പാപ ഇശ്ശകളെ അടക്കിയും കൊണ്ടു നിന്റെ രാജ്യം വരണമെന്നുള്ള പ്രാർത്ഥനയൊടും കൂടി ജീവിപ്പാൻ പ്രയാസപ്പെടുവീൻ.

൬. ഇനിയും മൂപ്പന്മാരുടെ തൊഴിലിനെക്കുറിച്ചു ചിന്തിക്കാം.

ക്രമത്തു അനുതാഴ്ചയുള്ളത. അവർ സിംഹാസനത്തിന മുമ്പാകെസാഷ്ടാംഗം വീഴുന്നു. അവർ രാജാക്കന്മാരായിരുന്നിട്ടും കുഞ്ഞാടിന്റെ മുമ്പാകെ സാഷ്ടാംഗം വീണു വന്ദിക്കുന്നതുപോലെ ബഹുമാനം മറൊന്നുമില്ലെന്നു അവർ വിചാരിക്കുന്നു. സ്വർഗ്ഗീപ്പിൻ വിഷയത്തിലും ഇവർ പ്രമുഖകന്മാരത്രെ. സങ്കീ വ്യ. ൪ ഹാ മാന്യവായനകാരാ ഇവർ ഇങ്ങനെ സാഷ്ടാംഗം വീഴുന്ന ഏങ്കിൽ നാം ഏത്ര അധികമായി വീഴേണ്ടവരെന്നു ചിന്തിക. അഴുക്കാകിനകഴുത്തുള്ളവരെ ദൈവത്തിന്റെ മുമ്പാകെ നിങ്ങൾ കുമ്പിട്ടു വന്ദിക്കുന്നതിനും നിങ്ങളെത്തന്നെ താഴ്ത്തുന്നതിനും നിങ്ങൾ മടികരുതെ. അവർ ഏത്രയും ശുദ്ധിമാന്മാരായിരിക്കുന്നുവൊ അത്രയും അവർ താഴ്മയുള്ളവരായിരിക്കുന്നതിനെ നോക്കുവീൻ. സഹോദരാ പാപ ജന്മികളായിരിക്കുന്ന നാം ഏന്തിനു നിഗളിക്കുന്നു. ഹാ നിഗളികളായുള്ളവരെ നിങ്ങളുടെ നിഗളം നിങ്ങളെ പാതാളത്തോളും താഴ്ത്തികൊണ്ടു പോകുമെന്നു അറിഞ്ഞുകൊൾവീൻ. ദൈവം അഹങ്കാരികളോടു എത്രത്തു നിഷ്കൃപ എന്നും വിനയമുള്ളവൎക്കു കൃപയെ നൽകുന്നു എന്നും നിങ്ങൾ അറിയുന്നില്ലയൊ. ഏന്റെകൂട്ടുപാപികളെ ഞാൻ നിങ്ങളോടു ഓരോരുത്തരോടു ചോദിക്കുന്നു. നിങ്ങൾക്കു നിഗളമില്ലയൊ. പ്രാർത്ഥിച്ചു തീരുന്ന ഉടനെ നിഗളം നിങ്ങളെ പിടികൂടുന്നില്ലയൊ. പ്രസംഗിച്ചു കഴിയുന്ന ഉടനെ ഈ പഴയസ്വപ്നം നിങ്ങളുടെ കൃതികാലിന്മേൽ കൊത്തുന്നില്ലയൊ. ഈ കാൎയ്യത്തിൽ ഏറെറവും ജാഗരണമുള്ളവർ നിങ്ങളായിരിക്കുന്നില്ലെങ്കിൽ നിങ്ങൾ നശിച്ചു പോകുമെന്നു ആകാശത്തെയും ഭൂമിയേയും സാക്ഷി വച്ചു കൊണ്ടു കൎത്താപ്പിൽ ഞാൻ നിങ്ങളോടു അപേക്ഷിക്കുന്നു. ഉമ്മോശ നം. ക്രൻ.

൬. അഥർ നന്ദിയുള്ള ഹൃദയത്തോടും കൂടെ ഈ തൊഴിലിനെ നിറവേറുന്നു. തങ്ങളുടെ കിരീടങ്ങളെ സിംഹാസനത്തിന്മേൽ ഇരിക്കുന്നവന്റെ പാദത്തുകൽ വച്ചു സാഷ്ടാംഗം വീണു അവനെ വന്ദിക്കുന്നു. കിരീടങ്ങൾ അവരുടേതായിരുന്നിട്ടും അതിനെ തങ്ങൾക്കു ദാനമായി കൊടുക്കപ്പെട്ടതാകുന്നു എന്നുള്ള നന്ദി നിറഞ്ഞ മനസ്സോടും കൂടെ

ഈ മഹത്വത്തെ ഏല്പാൻ ഭാനം ചെയ്യുന്നതിന്നു അപാത്രരായ തങ്ങളെ കൈക്കൊണ്ട ദൈവപുത്രന്റെ മുമ്പാകെ ഇതിൽ അധികമായി തങ്ങളെ താഴ്ത്തുവാനുണ്ടോ. ഇതിനെ വായിക്കുന്ന സഹോദരർ ഭൂമിയിൽനിന്നുണ്ടെന്നു വിചാരിക്കുന്നതായ ഉദ്യോഗമാകട്ടെ ധനസമ്പാദ്യങ്ങളാകട്ടെ പുത്രകളത്രങ്ങളാകട്ടെ അടുമാടികളാകട്ടെ നിലസ്വരയിടങ്ങളാകട്ടെ കീർത്തിബഹുമാനങ്ങളാകട്ടെ ബുദ്ധിവിദ്യകളാകട്ടെ സകലവും ദൈവത്തിന്റെ ഭാനമാകുന്ന എന്നു നിനക്കു ഓർമ്മയുണ്ടെങ്കിൽ സകല നല്ല പ്രവൃത്തികൾക്കുമായി തിരഞ്ഞെടുത്ത നിനക്കുവേണ്ടി തന്നതാൻ ഏല്പിച്ചുകൊടുത്ത ദൈവപുത്രനു വിരോധമായിട്ട തീർത്തു പ- ഫ്രു- ഒരു വചനമെങ്കിലും പറവാൻ നിനക്കു കഴിയുന്നതു എങ്ങനെ. ഇതിനുപകരം ഇപ്പോൾ നീ അവനെ അറിയുന്നു എന്നു സമ്മതിക്കുന്നു എങ്കിലും നിന്റെ നന്ദികെട്ട പ്രവൃത്തികളാൽ അവനെ നിഷേധികയല്ലയൊ ചെയ്യുന്നതു. തീർത്തു ഫ- ഫ്രു- നിത്യസംഗീതം പാടപ്പെടുന്ന പരലോകത്തിൽ സകലവും തങ്ങൾക്കു വൈരാജന്യമായി ലഭിച്ചു എന്നുള്ളതിൽ അവർ കാണിക്കുന്ന നന്ദിയും താഴ്മയും ഇത്രത്തോളമെങ്കിൽ ഏത്ര അധികമായി നീ നിന്റെ കഠിനകഴുത്തിനെ അവന്റെ മുമ്പാകെ താഴ്ത്തുന്നതിനു മുറയുള്ളവനെന്നു ചിന്തിക്ക.

൩. അവർ പാടിയതായ പാട്ടിന്റെ പൊരുളിനെ ചിന്തിക്ക. അവരുടെ പാട്ടിന്റെ രാഗം എത്ര ഇമ്പമുള്ളതു. കൊല്ലപ്പെട്ട കുഞ്ഞാടു മഹത്വത്തെയും ബഹുമാനത്തെയും ശക്തിയെയും കൈക്കൊൾവാൻ യോഗ്യനാകുന്നു. നീയെ സകലത്തെയും സൃഷ്ടിച്ചു നിന്റെ ഇഷ്ടത്താൽ അവ ഉണ്ടാക്കപ്പെട്ടിരിക്കുന്ന നിലനില്ക്കയും ചെയ്യുന്നു. വെളി- ൫- ഫ്ര- ൪- ഫ്ര, ഫ്ര- ഫ്രു- ഫ്രു അവരുടെ പാട്ടിന്റെശബ്ദം മോക്ഷലോകത്തിന്റെ പ്രാകാരങ്ങളെ എല്ലാം മുഴക്കുന്നു. ഇതിനെ കേൾക്കുന്ന ഉടനെ ദൈവദൂതന്മാരുടെ സംഘം സന്തോഷിച്ചാനന്ദിച്ചു അവരോടും കൂടെ ചേർന്നു മഹാശക്തിമാനായ ദൈവത്തിന്റെ മുമ്പാകെ സന്തോഷിച്ചു ആനന്ദിക്കുന്നു. നീ നിന്റെ പാപത്തെക്കുറിച്ചു സത്യമായി അനുതപിക്കുന്നു എങ്കിൽ സഹോദരരേ ദൈവദൂതന്മാർ നമ്മോടുകൂടെയും സന്തോഷികയില്ലയൊ. ലൂകൊസു ൧൫- ൭൦.

൪. അവർ പ്രാർത്ഥിക്കുന്നു. പരിശുദ്ധനും സത്യവാനുമായ ദൈവമെ ഭൂമിയിൽ പാർക്കുന്നവരോടു ഞങ്ങളുടെ രക്തത്തിന്നു പ്രതിക്രിയ ചെയ്യാതിരിക്കുന്നതു ഏതുവരയും എന്നു പ്രാർത്ഥിക്കുന്നു. വെളി- ൬- ൧൦. അവർ പ്രാർത്ഥിച്ചാൽ നാം എത്ര അധികം പ്രാർത്ഥികേണ്ടവരെന്നു ചിന്തിക്ക. രാവും പകലും ഇടവിടാതെ നമുക്കുവേണ്ട സകലനന്മകളും തരുവാനുള്ള അടുക്കൽ താഴ്മയോടും കൂടെ യാചിപ്പിൻ.

ഇനി നാം ഇതിൽ നിന്നു പഠിക്കേണ്ടതു എന്താണു: പരലോകസഭക്കാർ നമ്മെ നോക്കിക്കൊണ്ടു സഹോദരന്മാരെ പിന്തുടർന്നവരുവിൻ! നിങ്ങൾക്കുള്ളതു പോലെ പോരാട്ടം ഞങ്ങൾക്കും ഉണ്ടായിരുന്നു. ഞങ്ങൾ ഉപദ്രവങ്ങൾ അനുഭവിച്ചതുകൊണ്ടു നശിച്ചുപോയില്ല. ഞങ്ങൾ ഏതുയും കഷ്ടപ്പെട്ടതൊ അതിനെക്കാൾ വളരെ മടങ്ങു അധിക

മായി ഇപ്പോൾ ആശ്വസിക്കുന്നു. റോമ്മാ വ- ഫാ, ഫ്രാ- ആകയാൽ തളർന്നുപോയ മുഴങ്കാലുകളെ വീണ്ടും ഉയർത്തി ധൈര്യപ്പെടുവീൻ. മുന്നോട്ടു കയറി യുദ്ധം ചെയ്യുവിൻ. മോക്ഷം നിങ്ങൾക്കു ഒരുക്കി വച്ചിരിക്കുന്നു. സിംഹാസനങ്ങൾ അലങ്കരിക്കപ്പെട്ടിരിക്കുന്നു. അപ്രകാരം തന്നെ വീണകളും കിരീടങ്ങളും നീട്ടിപ്പിടിച്ചിരിക്കുന്നു. ആയതുകൊണ്ടു നിങ്ങളുടെ മനസ്സിന്റെ അടുക്കളെ മുറുകെ കെട്ടിക്കൊണ്ടു ഫാ പത്രൊ- ഫാ- ഫ്രൂ- യേശുവിൻനിമിത്തം പാപത്തിന്റെ നേരെ രക്തത്തോളം എതിർത്തു നില്പിൻ. നിങ്ങളിൽ ഒരു നല്ല പ്രവൃത്തിയെ ആരംഭിച്ചവൻ യേശുക്രിസ്തുവിന്റെ നാൾ പര്യന്തം നിവൃത്തികയും ചെയ്യുവിൻ. പീലിഹി ഫ- ന്യ- അവന്റെ നിമിത്തം നിങ്ങൾക്കു നൽകപ്പെട്ടിരിക്കുന്നത അവനിൽ വിശ്വസിപ്പാൻ മാത്രമല്ല അവന്റെ നിമിത്തം കഷ്ടമനുഭവിപ്പാനും ക്രൂടെ ആകുന്നു. പീലിഹി ഫ- ഫ- ൻ- ഇപ്രകാരം അവർ നമ്മെ ധൈര്യപ്പെടുത്തുകയും ഞങ്ങൾ അനുഭവിക്കുന്നതായ ഇതുപരമഭാഗ്യത്തെ അനുഭവിപ്പാൻ നിങ്ങൾ വരുന്നില്ലയോ ഇതു മഹത്വമുള്ള ശുശ്രൂഷയെ ചെയ്യുവാൻ നിങ്ങൾക്കാഗ്രഹമില്ലയോ എന്നിങ്ങനെ അനേക ആശ്വാസവചനങ്ങൾകൊണ്ടു നമ്മെ ഉറപ്പിക്കയും നമ്മോടു പ്രസംഗിക്കയും ചെയ്യുന്നു. ആകാശത്തിൽ നിന്നും ഭൂമിയിൽ നിന്നും പാതാളത്തിൽ നിന്നുമുള്ള പ്രസംഗങ്ങളാലും ല്യൂക്കോ ഫ്രൂ- ഫാ- ബുദ്ധി ഉപദേശിക്കപ്പെടുന്ന ഈ സമയത്തെ നിങ്ങൾ അലക്ഷ്യമായി വിചാരിച്ചുജീവിച്ചാൽ നിങ്ങൾനശിച്ചുപോകുമെന്നു ഓർത്തുകൊൾവീൻ.

തുടരും.

യൂയൊമയമത ശാഖകൾ.

പ്രിയ പത്രാധിപരവർകളേ. യൂയൊമയമതക്കാരെക്കുറിച്ചു ഞാൻ അയച്ചുതന്ന ലേഖനം കഴിഞ്ഞ രണ്ടു പത്രങ്ങളിൽ പ്രസിദ്ധം ചെയ്തതിനായികൊണ്ടു താങ്കൾക്കു വളരെ വന്ദനം, സത്യസകലനം, ദൈവ മഹിമ ഇത്യാദികളെ മാത്രം ലാക്കാക്കികൊണ്ടു പുറപ്പെട്ട എന്റെ ഈ നിസ്സാര ആയുധം മയത്തിൽ മയങ്ങി കിടക്കുന്ന മയക്കാരെ ഉണർത്തുന്നതിനു നാസികാദ്വാരങ്ങളിൽ പ്രയോഗികത്തക്ക ഒരു തുരുമ്പായിട്ടെങ്കിലും ഭവിച്ചില്ലെങ്കിലും (കുന്തം പ്രയോഗിച്ചാൽ മുറിയാത്ത തഴമ്പുള്ള മൂകിൽ തുരുമ്പിട്ടാലെവിടെ യാ അറിയുന്നതു) സത്യവിശ്വാസികളും പൂതമനസ്സുകളും മയത്താൽ മയക്കപ്പെട്ടിട്ടില്ലാത്തവരുമായ അനേകം ക്രിസ്ത്യാനികളെ, അവരുടെ മുമ്പാകെ വിശദമായിതുറക്കപ്പെട്ടിരിക്കുന്നതും വശീകരണശക്തിയുള്ളതും വഞ്ചന നിറഞ്ഞതും താന്തോന്നിത്തോന്നഭവപൂർണ്ണവുമായ ഒരു മഹാക്രൂപത്തിൽനിന്നു തടുക്കത്തക്ക ഒരു എഴിയായി തീരുന്നതിനു അല്പമെങ്കിലും ഉതകുമെങ്കിൽ അതാണ് എന്റെ ഉദ്ദേശം.

യൂയൊമയക്കാരെപ്പോലെ തന്നെ പൈശാചിക ഉപദേശങ്ങളുള്ളവരായി, ഉപദേശാചാരങ്ങളിൽ മിക്കവാറും യൊജിപ്പുള്ളവരായി

മയത്തിന്റെ ചുവട്ടിൽനിന്നു പൊട്ടികിളുത്തവരായി വേറെ രണ്ടു കൂട്ടക്കാരുണ്ടു. അവരെക്കുറിച്ചുകൂടി സ്വല്പമായിട്ടു പറഞ്ഞുകൊള്ളട്ടെ.

(൧) ഈസ്പ്പുവിന്റെ കൂട്ടർ—ഈ സഭക്കാർ ഇപ്പൊൾ ഇല്ലന്നു തന്നെ പറയാം. മംകഴി എന്ന സ്ഥലത്തു ഒരു കുടുംബക്കാരുണ്ടായിരുന്നവർ, ഇപ്പൊൾ ചില സമയങ്ങളിൽ സുറിയാനിപ്പള്ളിയിൽ വച്ചു കണ്ടുവരുന്നതിനാൽ ഈസ്പ്പുവുമായുള്ള സംബന്ധം ഒഴിഞ്ഞു എന്നു തന്നെ വിശ്വസിക്കാം. ഒരംപ്പൻ എന്നയാൾ ആറുവഷം അല്ലങ്കിൽ ഉണർവ്വു സഭയിലെ മുണ്ടിച്ചു ദീഷ്ഠശിമാരിൽ ഒരാളായിരുന്നു. ക്രിസ്തു ചെയ്തുപോലെ നാല്പതു ദിവസം ഉപോഷികണമെന്നു വെളിപ്പാടുണ്ടായി എന്നുള്ള ഭാവത്തൊടു കൂടി പുന്തല അറുമണിക്കു പത്തു പതിനഞ്ചു ദിവസങ്ങൾ പട്ടിണി കിടന്നതിന്റെ ശെഷം വളരെകഷ്ടപ്പെട്ടു മരിച്ചു. കഷ്ടം. പാവം. ശവം ഭക്തി പൂവ്വം മങ്കുഴിയിൽ പറമ്പിൽ എന്ന ഭാവനത്തിൽ കൊണ്ടുവന്നു അടക്കം ചെയ്തു.

യുയൊമയ മത സഥാപകനായ യൂസ്സ യൊസെപ്പിന്റെ എഴുത്തുകളെ പരിശൊധിച്ചാൽ അദ്ദ്യഭാഗങ്ങളിൽ ഈസ്പ്പനെ തങ്ങളിലൊരുവനെപ്പൊലെ പറഞ്ഞിരിക്കുന്നതായും പിന്നീടു മുട്ടിനു മുട്ടിനു ശപിക്കുന്നതായും കാണാം. തന്നിൽനിന്നു പിരിഞ്ഞപ്പോൾ കൊപാഗ്നിജ്വാലികയാൽ ശപിച്ചു പൊയതാണ. ടി. എഴുത്തുകളിൽ തന്നെ വിവരിച്ചിരിക്കുന്ന പ്രകാരം യൂസ്സ യൊസെപ്പിന്റെയും ഈസ്പ്പിന്റെയും വംശാവലി കേട്ടാൽ നിങ്ങൾ വിശ്വസിക്കുമൊ?. ഇല്ലെങ്കിലും അങ്ങു പറഞ്ഞെക്കാം. (൧) ദൈവത്തിന്റെ പുത്രൻ യെശുക്രിസ്തു. യെശുക്രിസ്തുവിന്റെ പുത്രൻ യൂസ്സ യൊസെപ്പ്, (പരിശുദ്ധാത്മാവിന്റെ അവതാരം) യൂസ്സ യൊസെപ്പിന്റെ പുത്രൻ യൊഹന്നാൻ. (യുയൊമയസഭ) (൨) സാത്താന്റെ പുത്രൻ അന്തിക്രിസ്തു. അന്തിക്രിസ്തുവിന്റെ പുത്രൻ ഒരംപ്പൻ. ഒരംപ്പന്റെ പുത്രൻ കേഫാ (സഭ) തന്നത്താൻ ദൈവമാക്കുന്നതു ദൈവദൂഷണമെങ്കിലും തന്റെ പിതാവുതൊന്നിച്ചുപ്രകാരം പറഞ്ഞുപൊയതെ ഉള്ളു. (യൊഹ വ൨. ൧൪) എന്നാൽ യൂസ്സ യൊസെപ്പും ഈസ്പ്പനും ഒരാളിന്റെ മകൾ തന്നെ എന്നും ഇവർ തമ്മിൽ പ്രത്യക്ഷവിരുദ്ധമെന്നു തൊന്നിയാലും ഇവരുടെ പ്രവൃത്തിയുടെ ലാക്കു ഒന്നുതന്നെ എന്നും, മുൻ പ്രസ്താവിച്ചിട്ടുള്ള സംഗതികൾകൊണ്ടു വായനകാക്കു തെളിവാണെല്ലൊ. യുള്ളൊ ഇസ്കറിയൊത്താ നാശത്തിന്റെ പുത്രനെന്നും, തന്നെ ഒറിക്കൊടുക്കുമെന്നും യേശുക്രിസ്തു മുമ്പുകൂട്ടി അറിഞ്ഞിരുന്നതു പൊലെ, തന്റെ പുത്രനായി പരിശുദ്ധാത്മാവാം ദൈവമായ യൂസ്സ യൊസെഫ, ഈസ്പ്പൻ പിശാചിന്റെ മകനെന്നും, തന്നൊടു മറുതലിക്കുമെന്നും മുമ്പു കൂട്ടി അറിയാഞ്ഞതു എന്തു?. തന്റെ പിതാവു അന്ന തനിക്കു വെളിപ്പെടുത്തി കൊടുകാഞ്ഞിട്ടെങ്കിൽ ഈസ്പ്പന്റെ സാക്ഷാൽ സഥിതിക്കു വിപരീതമായി അദ്ദ്യം പറഞ്ഞതു ദൈവവെളിപാടെന്നു വരുമൊ.

(൨) വെറൊരു കൂട്ടർ ഉണ്ടെന്നു പറഞ്ഞതു പഴമ്പള്ളി ചാണ്ടിയുടെ പിൻഗാമികളാണ. ഇവർ മയക്കാരെക്കാൾ കുറെ കടന്നവരാ

ണം. (എല്ലാത്തിലും) ഉപദേശാചാരങ്ങൾ മിക്കവാറും മയക്കാരുടെതു പോലെയാണെങ്കിലും ഇവക്കുള്ള ചില വ്യത്യാസങ്ങൾ കൂടി പറയാം. (ക) സ്ത്രീകൾ തലയും റവുക്കയും ധരിക്കുന്നതിവിടില്ല. (ഖ) സകലത്തിലും പത്തിലൊന്നു കൊടുക്കുന്നതു കൂടാതെ പത്തുദിവസങ്ങളിൽ ഒരുദിവസം തലവനു എന്തെങ്കിലും വെലചെയ്തു കൊടുക്കണം. (ഗ) ദ്വിഭാര്യത്വം തടുക്കപ്പെട്ടിട്ടില്ല. (ഘ) മയക്കാക്കില്ലാത്തതായ "സ്നേഹംനടത്തുക" എന്നൊരു സൂത്രംകൂടി ഇവക്കുണ്ടു. ഒരാൾ പട്ടത്താൽ വിവരിക്കപ്പെടുന്ന ആചാരത്തെ വെളിമ്പ്രാരുള്ളാകി പറയുന്നതിൽ അസാരം ലജ്ജകുവകയുള്ളതിനാൽ വായനകാരെ സംശതി മനസ്സിലാക്കുന്നതിനു വെണ്ടി, "ബൊധിച്ചവരുമായി തടസ്സം കൂടാതെ വ്യഭിചാരം ചെയ്യുന്നതിനു ഒരു മതസ്ഥരെ ഉത്സാഹിപ്പിക്കുന്ന ഒരു ആചാരം" എന്നൊരു വെറും സൂചകത്തിലപ്പുറമായി വല്ലതും പറയുന്നതു എന്നാൽ അസാദ്ധ്യമാണു. (ങ) വെള്ളിക്കുരെ അപ്പനാണു ഇവരുടെ ദൈവവും തലവനും.

ഒരു മതസ്ഥാപകനായ മേല്പറഞ്ഞ ദൈവത്തിനെക്കുറിച്ചു കുറഞ്ഞൊന്നു പ്രസ്താവിച്ചു ഈ ലേഖനത്തെ അവസാനിപ്പിക്കാം. മുൻകാണിച്ച പ്രകാരം ഈ മഹാന്റെ സാക്ഷാൽ പേരു പഴമ്പള്ളി ചാണ്ടി എന്നാണു. ഇപ്പോൾ സാധാരണയായി അറിയപ്പെട്ടിരിക്കുന്നതു "വെള്ളിക്കുരദൈവം" എന്നോ "വെള്ളിക്കുര അപ്പൻ" എന്നോ ഉള്ള നാമത്താലാണു. ഇദ്ദേഹത്തെ ദൈവമായിട്ടാണു തന്റെ വന്ദനവുകാരായസഭക്കാർ വിചാരിച്ചു വരുന്നതു. "വെള്ളിക്കുര അപ്പൻ" പറയുന്നതുതന്നെ പ്രമാണം. ഈ മൂപ്പൻ ദൈവത്തിനു രണ്ടു ഭാര്യമാരുണ്ടു. ഒന്നു മുമ്പിനാലെ ന്യായമായി ഉള്ളതും മറ്റേതിനെ എവിടെനിന്നോ തട്ടിക്കൊണ്ടു വന്നതുമാണു. ജഡ ഇച്ഛകളെ പൂരിപ്പിക്കുന്നതിനായിട്ടല്ല രണ്ടു ഭാര്യമാർ എന്നു മനസ്സിലായിട്ടില്ലെങ്കിൽ മനസ്സിലാക്കികൊള്ളണം. അത്രമുണ്ടു. ഒന്നു സാധാരണ എല്ലാവക്കും ഉള്ളതുപോലെ ഒരു വെറുംഭാര്യ എന്നെയുള്ളു. മറ്റേതോ അതു സഭയാകുന്ന മണവാട്ടിയാണു. ഇപ്പോൾ മനസ്സിലായോ. അന്യഥാ ധരിക്കരുതു. പ്രിയവായനകാരെ ചുരുക്കി പറയുമ്പോൾ ഈ കൂട്ടരുടെ മായം ചേരാത്തകളങ്കമറ്റ പൈശാചികം. മയക്കാരുടേതു ഇതു തെളിഞ്ഞിട്ടില്ല. ക്രിസ്ത്യാനി വേഷം ധരിച്ചു അദ്വൈതമാണു യുയൊമയമതം. മറ്റേതു സ്പഷ്ടമായ നിരീശ്വരത്വം.

ഒരു സംഗതിക്കൂടി പറഞ്ഞു അവസാനിപ്പിച്ചേക്കാം. വെള്ളിക്കുര ദൈവവും കൂട്ടരും ഈയ്യിടെ യുയൊമയത്തിലേക്കു തന്നെ തിരിയെ ചാടി എന്നും ജ്ഞാനസ്നാനം കഴിച്ചു ഇവരെ മയക്കാർ കൈക്കൊണ്ടു എന്നും "അപ്പനു" തന്റെ ഭാര്യമാരിൽ ഒന്നിനെ ഉപേക്ഷിക്കേണ്ടി വന്നു എന്നും ഈയ്യിടെക്കു ഒരു ധ്വനികേട്ടു. ഇതിന്റെ വാസ്തവത്തെപ്പറ്റി ഞാൻ ബാദ്ധ്യസ്ഥനല്ല. സാത്താൻ ഏകമായി പ്രവൃത്തിക്കേണ്ട സമയം അയിരിക്കയാൽ ഇതു അസംഭവ്യമെന്നു വിചാരിക്കേണ്ടാ.

അതുകൊണ്ടു ഇനിക്കു സുറിയാനി സഹോദരരുമാരോടു ഒന്നു പറ

വാനുള്ളതു: വഞ്ചികപ്പെടരുത്. അനേകം കള്ളപ്രവാചകന്മാർ ലോകത്തിലേക്കു പുറപ്പെട്ടിരിക്കയാൽ, ആത്മാക്കൾ ദൈവത്തിൽനിന്നുള്ളവയോ എന്നു ശോധന ചെയ്യുവിൻ. നീതിയെ പ്രവൃത്തികാത്തവനെല്ലാവനും ദൈവത്തിൽ നിന്നുള്ളവനല്ല. (൧ യോഹ ൩- ൧൦)

"ക്രിസ്തുവിന്റെ വചനം നിങ്ങളിൽ സകല ജ്ഞാനത്തോടും കൂടെ ശ്രീമത്തായി വസിക്കട്ടെ". പൈ. ദ്വി.

വിശേഷവർത്തമാനങ്ങൾ.

മദ്രാസ്.

ഫെബ്രുവരി ൨൫ നു—

മാന്യപത്രാധിപരവർകളെ താങ്കളുടെ മഹിമയെറിയ പത്രത്തിൽ താഴെവിവരിക്കുന്ന സംഗതികൾ ഉൾപ്പെടുത്തി പ്രസിദ്ധീകരണമെന്ന അപേക്ഷിച്ചുകൊള്ളുന്നു.

ജനുവരിമാസത്തെ കൊൺഫെറെൻസ്യൻ മാസികയിൽ ൧൭ നു— പെള്ളിയാഴ്ച ആയിരുന്നു. നമ്മുടെ പ്രവർത്തകർ ബി. എ, ബി. എൽ, റാവു. എൽ. എം. എസ് മുതലായ ഡിഗ്രീ എടുത്തവർ ഉദ്ദേശം പത്തുപെർ വരെ ഉണ്ടായിരുന്നു എന്നു അറിയുന്നതിൽ വളരെ സന്തോഷിക്കുന്നു. കൊൺഫെറെൻസ്യനു അഗ്രാസനാധിപത്യം വഹിച്ചിരുന്നതു പൂജ്യ ശവനൊ ലോർഡ് ഫവലൊക് എന്ന മഹാനായിരുന്നു.

നമ്മുടെ സുറിയാനിക്കാരായി ജീവിച്ചു പന്തതാമസിക്കുന്ന കുട്ടികൾ എല്ലാവരുണ്ടിലും പതിവുപൊലെ കഴിച്ചുവരുന്ന സോഷ്യൽ ഗാതറിങ്ങ് എന്ന കൂട്ടവും അന്നു രാത്രി തന്നെ ആയിരുന്നു. ഈ കൂട്ടത്തിന്റെ ഉദ്ദേശം സുറിയാനിക്കാരായി ജീവിച്ചു പന്തതാമസിക്കുന്ന കുട്ടികളുടെ ഇടയിൽ ഐകമത്യവും സ്നേഹവും വർദ്ധിച്ചുവരുവാനായിട്ടാകുന്നു. ഈവണ്ണത്തെ കൂട്ടം കൂടിയതു ചിന്താരാപ്പേട്ട എന്ന സ്ഥലത്തുള്ള ഒരു പള്ളിക്കൂടത്തിൽവച്ചായിരുന്നു. ഇടിയച്ചൻ അവർകൾ അദ്ധ്യക്ഷനായിരുന്നു അഗ്രാസനാധിപത്യം വഹിച്ചിരുന്നതു. മദ്യവും മാംസവും ഒഴികെ നാനാപ്രകാരത്തിലുള്ള ഭക്ഷണപാനീയങ്ങളും ശേഖരിച്ചിട്ടുണ്ടായിരുന്നു. ഒന്നാമതായി അഗ്രാസനർ അവർകൾ, ഈ സഭയുടെ തത്ത്വാലോചനയെയും ഉദ്ദേശത്തെയും പറഞ്ഞു ഒരുമുഖവുര പറഞ്ഞു. അതിന്റെശേഷം നമ്മുടെ സഹോദരന്മാരിൽ ചിലരുടെ ഒരു ഫാർസു ഉണ്ടായിരുന്നു. ഫാർസു കണ്ടു സഭാവാസികൾ എല്ലാം അത്യന്തം സന്തോഷിച്ചു ഒടുവിൽ, ജനിൽ ചില ആളുകൾ ഈ യോഗത്തെപറ്റിയും ജനിലെ നായകന്മാരെ പറ്റിയും ഡിഗ്രി എടുത്ത ആളുകളെ പറ്റിയും പുരാതനം ശ്ലോകങ്ങൾ ചമെച്ചു കൊണ്ടുവന്നതിനെ ഉരുവിട്ടു. അതും എല്ലാ ആളുകളെയും സന്തോഷസാഗരത്തിൽ മഗ്നന്മാരാക്കിതീർത്തു.

ജനിയും ജനിൽ എല്ലാറ്റിലും പ്രധാനമായി പറവാനുള്ള ഒരുസംഗതി കൂടി ഉണ്ട്. ആയ്യിനെകുടി താങ്കൾ ദയവുണ്ടായി പ്രസിദ്ധീകരണമെന്നു പിന്നെയും അപേക്ഷിച്ചുകൊള്ളുന്നു.

ബി. എൽ ഡിഗ്രി എടുക്കുവാൻവന്ന ഒരാൾ ജനുവരിൽഭാഗ്യമെതമായിരുന്നു വന്നിരുന്നതു. ഈ നമ്മുടെ ഇടയിൽ ഇദംപ്രഥമമായിട്ടുള്ള ഒരുസംഗതി ആകകൊണ്ടു അറിയിപ്പിക്കാത്ത ചില ആളുകൾ ആക്ഷേപിക്കുവാൻ ഇടയുണ്ടായെക്കാം. എന്നാൽ മാന്യന്മാരും ശ്രേഷ്ഠന്മാരും പരിഷ്കാരപ്രിയന്മാരും ആയിട്ടുള്ള ആളുകൾ ഇതുകേട്ടാൽ അത്യന്തം സന്തോഷിച്ചു അയാളുടെ ഈ ഉചിതപ്രവൃത്തിയിൽ അയാളെ പ്രോത്സാഹിപ്പിക്കയല്ലാതെ ജനിൽ ആക്ഷേപകരമായി യാതൊരഭിപ്രായവും അവർ പറയുകയില്ലെന്നുള്ളതു നിശ്ചിതമായിട്ടുള്ള ഒരു സംഗതിയാണല്ലൊ. ഉദ്ദേശം രണ്ടരയോഗ്യതയെ പെരിപ്പെടുത്തി കാണിച്ചതുകൊണ്ടു പരിഷ്കാരകർത്താക്കന്മാരിൽ ഒരുവനായിട്ടു ഉദ്ദേഹത്തെയും എണ്ണുവാൻ പാത്രമാനായിട്ടുള്ളവനാകുന്നു എന്നു നാം കണ്ടതുകൊണ്ടു വലുതും സന്തോഷിപ്പാൻ കണ്ടിയിരിക്കുന്നു. ഉദ്ദേഹത്തിന്റെ ഭാഗ്യവും ഉദ്ദേശവും ചഞ്ചുവും

ഭയവുംക്രൂടാതെ തന്റെ ഭർത്താവൊടു കൂടി ഇംഗ്ലീഷു മര്യാദയും ക്രമവഴിക്കു സഞ്ചരിക്കുവാനും പഠിച്ചു സ്വഭവങ്ങളിലൊക്കെയും ഇംഗ്ലീഷു മദാമ്മമാരെപോലെ തന്റെ ഭർത്താവോടുകൂടെ ഗാഡിയായിട്ടു സഞ്ചരിക്കുവാനും മറ്റെയും തോന്നിയതിൽ നാം അതുവിലും തെ സന്തോഷിക്കുന്നു. ഇദ്ദേഹത്തിന്റെ ഭാര്യ ശേഷമുള്ള പെണ്ണുങ്ങൾക്കു കണ്ടുപഠിപ്പാനായിട്ടു കാണിച്ചുകൊടുത്തമാ ഈ ഉചിത പ്രവൃത്തിയിൽ എല്ലാ ഭർത്താക്കന്മാരും ഈ സ്ത്രീക്കു അധികം നന്ദിപറയേണ്ടതാകുന്നു. ഭാര്യമാരായിട്ടുള്ള മറ്റുള്ള പെണ്ണുങ്ങളിൽ ചിലക്കൊക്കെയും പ്രാഴമേ ധനത്തുകൊണ്ടു അവരും അർത്ഥസന്തോഷികയും ഈ സ്ത്രീക്കു സന്തോഷവും അനുഭവിച്ചാതെ നന്ദിപറകയും ചെയ്യേണ്ടതാകുന്നു. ഇനിയും ഭർത്താക്കന്മാർ കയ്യിൽ കൈപിടിച്ചു പ്രമണിക്കു സ്വന്തനാട്ടിൽവച്ചു സവാരിക്കു ഇറങ്ങിയാൽ ഒന്നുകൂടി ഉചിതമായിരിന്നെന്നെ. പെണ്ണുങ്ങളെല്ലാം ഇനിയും തങ്ങളുടെ ഭർത്താക്കന്മാരെ ഇങ്ങനെയുള്ള യാത്രകൾ ചെയ്യണമെന്നും പറഞ്ഞു കുണുങ്കിലധികം ഉപദ്രവിക്കയില്ലെന്നും പ്രിശ്വസിക്കുന്നു.

❖ ❖ ❖

ഈ പ്രവൃത്തി അത്രയുചിതമാണന്നു എല്ലാവരും വിധിക്കുമെന്നുസംശയിക്കുന്നു. (ജ. പ. പ.)

❖ ❖ ❖

റോമാപ്പട്ടണം ഇത്താലിയാ ഗവർമ്മെണ്ടിനോടു പിലയ്ക്കുവാങ്ങിപ്പാൻ പാപ്പാ അതുലൊചിച്ചുവരുന്നുപോലും ൧൦൦ കോടി പത്തായ ലോകത്തിലുള്ള റോമാസഭകളിൽ നിന്നു പിരിച്ചു രീതിം കൊടുക്കാമെന്നാണ ഭാവം- എന്നു കൊടുത്താലും ഇത്താല്യർ വിട്ടുകൊടുക്കയില്ല.

❖ ❖ ❖

ഒരുകേൾവി—പാരായിത്തരക്കന്മാർ തമ്മിൽ ഭാഗം ചെയ്യുവാൻ നിശ്ചയിച്ചിരിക്കുന്നു എന്നും ഭാഗപത്രം എഴുതുന്ന വകയ്ക്കായി ഉ,൭൫൦൦ ക. വിലയുള്ള മുദ്രപത്രം അവശ്യപ്പെട്ടിരിക്കകൊണ്ടു ഭാഗത്തിന്നായി ഗവർമ്മെണ്ടിലേക്കു എഴുതി അറിയിപ്പാൻ പാവ്നുരെ ഭരമേല്പിച്ചിരിക്കുന്നുയെന്നും കേൾക്കുന്നു. സഭ്രുമിത്രം.

❖ ❖ ❖

ഇരുപത്തഞ്ചു വയസ്സുപ്രീതം പ്രായമുള്ളവരായി കൊല്ലത്തുകാരായ രണ്ടു മലയാളി യുവാക്കൾ ക്രിസ്തുമതത്തിൽ ചേരുവാൻ തയാറുണ്ടെന്നും ഇങ്ങനെ ചേരുന്ന പക്ഷം പുത്തൻക്രാറു നസ്രാണികളിൽ നിന്നു കാലക്ഷേപത്തിനു കുറവു കൂടാതെ സ്ത്രീധനംകിട്ടി കല്യാണം കഴിക്കുവാൻ സാധിക്കുമോ എന്നും മറ്റും എഴുതിയയച്ചിരിക്കുന്നു. മ. മ.

❖ ❖ ❖

തുർക്കിസുൽത്താന്റെ പകയ്ക്കുള്ള ഭക്ഷണസാധനങ്ങൾ അദ്ദേഹം പാകം ചെയ്യുവാൻ ഒരു പാചകനാണ ചുമതല. ഈ വിദ്വാന്റെ കീഴിൽ എത്രയും സഹായികളുണ്ടു. ഭക്ഷണസാധനങ്ങളെല്ലാം വെച്ചിപ്പാറുങ്ങളിലാണ വെച്ചുണ്ടാക്കുക പെട്ടു കഴിഞ്ഞാൽ ഓരോന്നും അടച്ചു മുദ്ര വെക്കും. പിന്നെ സുൽത്താന്റെ മുമ്പാകെ ചേർ പാത്രങ്ങൾ തുറക്കാറുള്ളു. തുറന്നാൽ ഒന്നാമതു ഓരോ പാത്രത്തിൽ നിന്നും കുറേശ്ശ പള്ളിയറ വിചാരിപ്പുകാരൻ കഴിക്കണം. ഇതിന ശേഷമെ സുൽത്താൻ ഭക്ഷിച്ചു തുടങ്ങു. വിഷയമാണ ഈ കരുതലുകൾക്കെല്ലാം കാരണമെന്നു സ്പഷ്ടമാണല്ലൊ-

❖ ❖ ❖

ഉറുമ്പിക കല്യായി തീർന്നത— ഇപ്പോൾ പൊന്നാനി താലൂക്കു വഞ്ചനാപ്പിൽ നിന്നു ഓരോ പെട്ടിയിൽ പതിനായിരം ഉറുമ്പിക വീതം ഉള്ള ഏഴു പെട്ടികൾ പൊളിണ്ടു ബോമ്പായ്ക്കു കൂടി കൊച്ചി ബൈക്കിലേക്കു അയക്കപ്പെട്ടായി. കൊച്ചിയിൽ എത്തിയ ശേഷം ബോക്കാർ പെട്ടികൾ പൊളിച്ചു നോക്കിയപ്പോൾ ഒരു പെട്ടിയിൽ പതിനായിരം ഉറുമ്പികയ്ക്കു പകരം ഒരു വലിയ കല്ലു മാത്രമെ ഉണ്ടായിരുന്നുള്ളു- ഈ കല്ലു പെച്ചിരുന്ന പെട്ടിയും ശേഷം പെട്ടികളുംതമ്മിൽ ഘനത്തിൽ വലുതരെ വ്യത്യാസമുള്ളതുകൊണ്ടു അക്കും സ്വാഭാവികമായി കണ്ടുപിടിക്കാവുന്നതായിരുന്നതിനാൽ ഈ ഉറുമ്പിക സൂക്ഷിക്കാനായി പോയിരുന്ന പോലീസിന്റെ മേലുവായ ഇൻസ്പക്ടരെ ഉടനെ സംശയിച്ചു സസ്പെണ്ടു ചെയ്തു. ഈ മീനമാസം ൧൦-നു- ഇൻസ്പക്ടരുടെ ഭാര്യയെ മദ്രാസ തീവണ്ടി അനുപ്പീസിൽ വച്ചു ഹൻട്ടർ ഉറുമ്പികയോടുകൂടി പിടിച്ചിരിക്കുന്നു. ഇതിന്റെ ശേഷം ഇവരുടെ ഭർത്താവിൽ നിന്നു വ്വ൦൦ ഉറുമ്പിക കൂടി കിട്ടിയതായും കേൾക്കുന്നു.

സൂചനകൾ.

മാർ ദീവന്നാസ്യോസ് സിമ്മനാരി ഈ മാസം ൧൭-ാംനു- മുതൽ ൩ ദിവസത്തേക്കു പൂട്ടപ്പെട്ടിരിക്കുന്നു.

എ- ഭ- പെ- ബെ- മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു ഈയ്യാണ്ടത്തെ കഷ്ടാനുഭവ ആഴ്ചയിലെ ശുശ്രൂഷകൾ നടത്തിയതു കെ-ട്ടത്തു പള്ളിയിൽ ആയിരുന്നു.

നി- ഖ. ദി. ശ്രീ. മാർ അൽവാറീസ് മെത്രാപ്പോലീത്താ രംഗ്ഗിടെ ഗോവയിൽ നിന്നു കളമ്പിലേക്കു പോയിരിക്കുന്നു. കൊളമ്പുകാർ വളരെ ആഘോഷമായി എതിരേല്ക്കുയുണ്ടായി.

അഞ്ജനിയാഹിലെ ക്രിസ്ത്യാനികളെ തുർക്കികൾ ഉപദ്രവിച്ചു കൂട്ടത്തിൽ സുറിയാനിക്രിസ്ത്യാനികൾക്കും ചില കേടുകൾ പറഞ്ഞിയിട്ടുന്നില്ല. ഓഞ്ജ്ദ്, കർപ്പൂത്ത്, നസ്സിബീൻ മുതലായ ഇടവകകളിൽ അനേകം സുറിയാനിക്കാരും പാളിന്റെ മൂപ്പുകാരായും പുസ്തകങ്ങൾ ഭവനങ്ങൾ മുതലായ്യ കവർച്ചക്കു പാത്രമാകയും ചെയ്തു എന്നു പുതിയ പാത്രിയക്കീസുബാവാ തിരുമനസ്സിലെ ഒരു കല്പനയിൽനിന്നു അറിയുന്നു.

രംഗ്ഗുണ്ടത്തെ കാളകുച്ചവടത്തിൽ ചില ഹിന്തുവിദ്യാർത്ഥികൾ ഹിന്തുമതത്തിൽ ചേർന്നാൽ മാത്രമെ രക്ഷയുള്ളു എന്നു തിരുനകരെ പ്രസംഗങ്ങൾ നടത്തിയിരിക്കുന്നു. ഇവർ മിഷ്യൻ സിമ്മനാരിയിൽ പഠിക്കുന്ന വിദ്യാർത്ഥികൾ ആയിരുന്നു. സിമ്മനാരി ക്രിസ്ത്യാനിമതത്തിനും ഹിന്തുമതത്തിനും പ്രസംഗിക്കുവാൻ അഭ്യസിപ്പിച്ചു വിടുന്നോ എന്നു തോന്നിപ്പോകുന്നു എന്നു ഒരു സ്നേഹിതൻ എഴുതിയിരിക്കുന്നു.

നഫീകരണക്കാർ ഒരു ഇംഗ്ലീഷു പള്ളിക്കൂടം സ്ഥാപിക്കുവാൻ കോടയത്തു ഒരു സ്ഥലം എഴുതി വാങ്ങിച്ചിരിക്കുന്നു. പള്ളിക്കൂടം ഉടനെ ഉണ്ടാക്കുമെന്നു കേൾക്കുന്നു. വളരെ സന്തോഷം തന്നെ. വസ്തു എഴുതിച്ചതിന്റെ ഉദ്ദേശം സാക്ഷാൽ പള്ളിക്കൂടം വയ്ക്കുവാൻ തന്നെയൊ അപ്പോ ഡിഫിഷ്യൻകളേരിക്കു സ്ഥലം എടുക്കാതിരിക്കുവാനൊ എന്നു ചിലർ സംശയിക്കുന്നുണ്ടു.

നി- വ- ദി- ശ്രീ- മാർ ദീവന്നാസ്യോസ മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു ഈ പ്രാവശ്യം തിരുവനന്തപുരത്തു ഏഴരയ്യെഴിയുടെശേഷം അവിടത്തെ പള്ളിപണി ആരംഭിച്ചിരിക്കുന്നു. പണി തക്കതിയായി നടന്നുവരുന്നുണ്ടു. വരി കൊടുപ്പാനുള്ളവർ ഈ സന്ദർഭത്തിൽ കൊടുത്തയക്കുന്നതായാൽ വളരെ പ്രയോജനമായിരിക്കും.

കുമ്പനിൽ ഉള്ള ലത്തീൻ സുറിയാനിക്കാർ പാപ്പായുടെ തെറ്റില്ലായ്മയേയും പത്രോസിന്റെ പിന്തുടർച്ചാവകാശത്തേയും നിഷേധിക്കുന്നവരാണല്ലൊ- ഈ വിഷയങ്ങളെക്കുറിച്ചു പരസ്യമായി വാദം നടത്തുവാൻ പത്രമുഖേനയും എഴുത്തുമൂലവും അവർ ആ സ്ഥലത്തെ റോമാ സാദ്ധ്യക്ഷന്മാരെ പോരുപിടിച്ചിട്ടു ആരും പോരിനു എതുക്കുവാൻ ധൈര്യപ്പെടുന്നില്ല-

ബ- ലഹീണ്ടു മെത്രാൻ അവർകൾ രംഗ്ഗിടെയുറോപ്പിൽ വച്ചു മലയാള റോമാ സുറിയാനിക്കാരെക്കുറിച്ചു പ്രസംഗിച്ച കൂട്ടത്തിൽ ഇവർ ബുധനാഴ്ച ഉപവാസം ആചരിക്കുന്നു എന്നു പ്രസ്താവിച്ചതായി കഴിഞ്ഞ നസ്രാണി ദീപികയിലെ പരദേശകത്തിൽ കാണുന്നു. റോമാക്കാർ ഇവിടങ്ങളിൽ ആചരിക്കുന്നതു ശനിയാഴ്ചയാണെപിന്നെ ഇങ്ങനെ പച്ചപെടി പൊട്ടിപ്പാനുള്ള കാരണം എന്താണെന്നറിയുന്നില്ല.

ശ്രായിത്തുണ്ടാൻ ഒരു ഹിന്തു ആയിരിക്കുന്ന സ്ഥിതിക്കു അയാളെക്കൊണ്ടു മതപരിഷ്കരണമായ കാര്യത്തിൽ ഇടവകപത്രികയിലേക്കു എഴുതിക്കുന്നതു ന്യായമല്ലെന്നു ഒരുലേഖകൻ എഴുതിയിരിക്കുന്നു. തണ്ടാനെക്കൊണ്ടു ആരും എഴുതിക്കുന്നതല്ല- സംശയനിവൃത്തിക്കു ആ മനുഷ്യൻ എഴുതുന്നതു പ്രസിദ്ധപ്പെടുത്തിക്കൂടാ എന്നു ഒരു ചട്ടവും ഉള്ളതായി ഞങ്ങൾക്കറിവില്ല.

ആത്താറുപള്ളി വ്യവഹാരത്തിലേക്കു നപീകരണതലവന്റെ മൊഴി ജൂമാസത്തിൽ കമ്മീഷ്യൻ മുഖാന്തിരം വാങ്ങിച്ചിരിക്കുന്നു. അടുത്ത മുമ്പിൽ കഴിഞ്ഞ കാരണവൻ ദേശസംബന്ധമായും ചരിത്രസംബന്ധമായും അറിവിൽ വളരെ കുറഞ്ഞതായുള്ളൂ എന്നാണു ഉദ്ദേശത്തിന്റെ അഭിപ്രായം- അദ്ദേഹം സിമ്മനാരി നസ്രാണികൾക്കു കൊടുത്തിട്ടുള്ള മൊഴിയിൽ പല സത്യങ്ങളും സമ്മതിച്ചിട്ടുള്ളതു അറിവുകുറവുകൊണ്ടാണെന്നാണ് ഉദ്ദേശത്തിന്റെ വാദം - ഇനി ഒരു അനന്തിരവനെ ഉണ്ടാക്കുമ്പോൾ ഇപ്പോഴത്തെ മൊഴിയിൽ എന്തെങ്കിലും അറിവുകേടു ഉണ്ടാകുമെന്നു അന്നറിയാം- ഏതായാലും ആത്താറ്റു കേസിലെ വിസ്താരങ്ങൾ എല്ലാം തീർന്നു- ഇനി ചീയറിങ്ങു മാത്രമെ വേണ്ടു-

* * *

താഴെ ഒപ്പുതിരിക്കുന്നതു യൂക്തസ്സെഷ്യാർഡ എന്നപേരായ റോമാസഭേക പത്രത്തിന്റെ പ്രൂഫുഷീറ്റിലെ ഒരു പ്രതിയിൽനിന്നു ഇണ്ടിപ്പെണ്ടൻസ്കാരുടെ കാലിക്കാ എന്ന കടലാസുപത്രം പകർത്തിയിരിക്കുന്നു-

"പറച്ചുവച്ചാമണ്ടമരെ യെസ്സുറെ പാദ്രിമാർ ഫങ്കരി ദേശത്തു പ്രോത്തസ്സാന്തു സഭയിൽനിന്നു റോമാ സഭയിലേക്കു മനസ്സുതിരിയുന്നവരെക്കൊണ്ടു താഴെ പറയും പ്രകാരം സത്യം ചെയ്യിച്ചു വന്നു- "(ക) റോമാ പാപ്പാ ക്രിസ്തുവിന്റെ വികാരിയും ഭൂമിയിലുള്ള പാപങ്ങളെ നിത്തുവാനും കഴുകിക്കുവാനും മനുഷ്യരെ നരകത്തിലേക്കു വിടുവാനും അധികാരമുള്ളവനും ആകുന്നു എന്നു ഞാൻ വിശ്വസിക്കുന്നു (ഖ) വേദപുസ്തകത്തിൽ ഉള്ളതൊ ഇല്ലാത്തതൊ ആയി എന്തെങ്കിലും ഉപദേശങ്ങളെ പാപ്പാ കൂട്ടിച്ചേർത്തിയാൽ അതു സത്യവും ദൈവീകവും രക്ഷയ്ക്കാവശ്യപ്പെട്ടതും ജീവനുള്ള ദൈവത്തിന്റെ കല്പനയേക്കാൾ വിലയായി അംഗീകരിക്കേണ്ടതും ആകുന്നു എന്നു ഞാൻ വിശ്വസിക്കുന്നു. (ന) ശുദ്ധമാന മാർപ്പാപ്പാ ദിവ്യ ബഹുമാനത്തോടും ക്രിസ്തുവിനുള്ളതിൽ അധികം ആദരവോടും കൂടി ബഹുമാനിക്കപ്പെടണമെന്നു ഞാൻ വിശ്വസിക്കുന്നു. (ഭ) വേദപുസ്തകത്തെ ഇഷ്ടം പോലെ ഭേദപ്പെടുത്തുന്നതിനും അതോടു കൂട്ടുകയൊ കുറയ്ക്കയൊ ചെയ്യുന്നതിനും പാപ്പായിക്കു അധികാരമുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു".

ഈ ശരിയായി നടത്തി വന്നതാണെങ്കിൽ ഇതിൽ പരം പാപം എന്തൊള്ളൂ. പാപ്പാ തന്നെ അല്ലയൊ അന്തിക്രിസ്തു.

നോട്ടീസു

കോട്ടയത്തു ചെറിയ പള്ളിയിൽ ചെന്ന ഇടവക ജനത്തിന്റെ വിചാരി കാരയ്യാട്ടു തോമ്മാ കത്തനാർ എഴുതുന്ന നൊട്ടീസു എന്തെന്നാൽ:—

കോട്ടയത്തു ചെറിയ പള്ളിയും അതോടു ചേർന്ന സഥാപരജംഗമ സ്വത്തുക്കളും കൈവശം വച്ചുകൊണ്ടിരിക്കുന്ന പുന്നത്തു ചാക്കൊ ചാണ്ടപ്പിള്ള കത്തനാർ എന്ന ആൾ അന്ത്യോഖ്യായുടെ വിശുദ്ധപാത്രിയർക്കീസു ബാവാ അവർകളെ ധിക്കരിച്ചും മതവിപരീതിയായും പ്രത്യക്ഷത്തിൽ കാണപ്പെട്ടിരിക്കുന്നതിനാലും മുതൽ അപഹരിക്കുന്നതിനാലും ചെറിയപള്ളിയും പള്ളിവക സഥാപരജംഗമസ്വത്തുക്കളും ടിയാനിൽനിന്നു സിവിൽ വ്യവഹാരത്താൽ ഒഴിപ്പിക്കേണ്ടതു ആവശ്യമായി കണ്ടു അതു വകയ്ക്കു കൈക്കാരന്മാരായി ചെറിയപള്ളി ഇടവക ജനത്തിൽനിന്നും തിരഞ്ഞെടുക്കുന്നതിനു ടി. പള്ളിയിൽ ചെന്നു യോഗ

കോട്ടയം ഫാസ്റ്റൻ. മേടമാസം ൨൨-൦൩- വ്യാഴാഴ്ച കോട്ടയത്തു പഴയ സിമ്മനാരിയിൽ കൂടണമെന്നു പള്ളിയിൽ വിളിച്ചുപറകയും കരതോറും അറിയിക്കയും ഇടവകപത്രിക, മലയാളമനോരമ എന്നി പത്രങ്ങളിൽ നൊട്ടീസു പ്രസിദ്ധപ്പെടുത്തുകയും ചെയ്തതനുസരിച്ചു മെടമാസം ൨൨-൦൩- സിമ്മനാരിയിൽ ടി. പള്ളിയൊഗകാർ കൂടി കുന്നംപുറത്തു ഉലഹന്നൻ കുര്യനെയും കൊച്ചെട്ടു പുത്തൻപുരയ്ക്കൽ വക്കി ഉലഹന്നനെയും ട്രസ്റ്റികളായി തിരഞ്ഞെടുത്തു നിശ്ചയപത്രം എഴുതി ഒപ്പിടുകയും ചെയ്തതിന്റെ ശെഷം ടി. വക്കി ഉലഹന്നൻ ഫാ൦ഫ്ര ധനുമാസം ൩-൦൩- മരിച്ചു പൊയതിനാൽ ചെറിയ പള്ളിയും പള്ളിവക സ്ഥാപരജംഗമസ്വത്തുകളും ഒഴിപ്പികെണ്ടതിനു പുതുതായിതന്നെ ട്രസ്റ്റികളെ തിരഞ്ഞെടുക്കുന്നതു വിഹിതമെന്നു കണ്ടു ടി. സംഗതിക്കു ടി. പള്ളിയിൽ ചെന്നയൊഗകാർ ഫാ൦ഫ്ര മകരമാസം ൧൦-൦൩- ബുധനാഴ്ച കൊട്ടയത്തു പുത്തനങ്ങാടി കുരിശുപള്ളിയിൽ കൂടണമെന്നു മെൽപ്രകാരം നൊട്ടീസു പ്രസിദ്ധപ്പെടുത്തി യൊഗം കൂടിയതിൽ കുന്നമ്പുറത്തു ഉലഹന്നൻ കുര്യനെയും കപ്പലുമ്മൽ തൊമ്മൻകോരയെയും തിരഞ്ഞെടുത്തു നിശ്ചയപത്രം എഴുതി ഒപ്പിട്ടു എങ്കിലും ടി. തൊമ്മൻ കോരയുടെ സമ്മതം അറിയാതെ തിരഞ്ഞെടുകയും ഇപ്പൊൾ ടി. തൊമ്മൻ കോരയ്ക്കു ട്രസ്റ്റിയായിരിപ്പാൻ മനസ്സില്ലെന്നു പറകയും ചെയ്തിരിക്കുന്നതിനാൽ ചെറിയ പള്ളിയും പള്ളിവക സ്ഥാപരജംഗമസ്വത്തുകളും ടി. ചാക്കൊ ചാണ്ടപ്പിള്ള കത്തനാരിൽനിന്നു ഒഴിപ്പികെണ്ടതിനു ഒരിക്കൽ കൂടെ പുതുതായിത്തന്നെ ട്രസ്റ്റികളെ തിരഞ്ഞെടുക്കുന്നതു യുക്തമെന്നു കാണുന്നതുകൊണ്ടു മേല്പറഞ്ഞ വകയ്ക്കു ട്രസ്റ്റികളെ ചെറിയപള്ളി ഇടവക ജനത്തിൽ നിന്നു വീണ്ടും തിരഞ്ഞെടുക്കുന്നതിലെക്കു ടി. പള്ളിയിൽ ചെന്ന യൊഗകാർ ഇവരുന്ന മേടമാസം ഫ്രാ൦ ൧൦-ബുധനാഴ്ച പുത്തനങ്ങാടി കുരിശുപള്ളിയിൽ കൂടണമെന്നു ടി. ഇടവക ജനം കൂടിവരുന്ന പള്ളികളിൽ വിളിച്ചു പറകയും കരതോറും അറിയിക്കയും ചെയ്തിട്ടുണ്ടെന്നു വരികിലും ആ പള്ളിയിൽചെന്ന പൊതുജനം൦രും വിവരം അറിഞ്ഞു ഹാജരാകുന്നതിനായി ൦രം നോട്ടീസും കൂടി മലങ്കര ഇടവക പത്രിക, മലയാളമനോരമ മുതലായ പത്രമുഖെന പ്രസിദ്ധപ്പെടുത്തുന്നതാകുന്നു.

മേൽവിവരിച്ചു ഹേതുകളിന്മെൽ ടി. ചാക്കൊ ചാണ്ടപ്പിള്ള കത്തനാരിൽനിന്നും ടി. ചെറിയപള്ളിയും ടി. പള്ളിവക സ്ഥാപരജംഗമസ്വത്തുകളും സിവിൽ വ്യവഹാരത്താൽ ഒഴിപ്പിച്ചു മേൽ നടത്തുന്നതിനു രണ്ടു ട്രസ്റ്റികളെ തിരഞ്ഞെടുക്കുന്നതിനു ടി. ചെറിയ പള്ളി ജനത്തിൽ ചെന്ന് ഏവരും ഫാ൦ഫ്ര. മെടമാസം ഫ്രാ-൨൦ ൧൦- പകൽ പത്തു മണിക്കു കൊട്ടയത്തു പുത്തനങ്ങാടി കുരിശുപള്ളിയിൽ കൂടെണ്ടതാകുന്നു.

വിഗാരി കാര്യാട്ടു തൊമ്മാ കത്തനാർ (ഒപ്പു)
ഫാ൦ഫ്ര. മീനമാസം ഫ്രാ൩-൨൦ ൧൦-

മീനമാസത്തിൽ പത്രുവരി അടച്ചുവരുടെ പേരു വിവരം.

	രൂ	ച	കാ
പാമ്പാടി കൊല്ലമ്പറമ്പിൽ അബ്രാഹം	൨	൦	൦
മേപ്പാട്ടു പടകേടത്തു ഗീവറുഗീസ	൨	൨൫	൦
ബ- മേപ്പാട്ടു പള്ളിയോഗത്തിൽ നിന്നും	൨	൯൫	൫
മുട്ടം കൊച്ചുകോശികൽ സഹൃദയോല്ലാസിനീ സഭാ മാനേജർ കൊച്ചിട്ടി മാപ്പിള	൦	൭	൦
ബ- പുരനാട്ടു പള്ളിയോഗത്തിൽ നിന്നും	൨	൯൫	൫
ബ- ചെങ്ങൊളം പള്ളിയോഗം	൨	൯൫	൫
തേവലക്കര തയ്യിൽ വൈദ്യൻ	൫	൦	൦
ഞവലപ്പുഴ സൌത്തിൽമെൻറു ക്ലാസിഫയർ ചാക്കോപിലിപ്പോസ	൫	൦	൦
തൂലപ്പുഴ പി- പി- തൊമ്മൻ വാദ്ധ്യാർ	൨	൦	൬
ബ- കല്ലട പള്ളിയോഗം	൪	൯൨	൬
ചാത്തന്നൂർ കോയിപ്രത്തു മുതലാളി	൨	൯൫	൫
,, കിഴക്കെപീട്ടിൽ മുതലാളി	൫	൦	൦
ബ- കണ്ടറ പുത്തൻപള്ളിയോഗം	൨	൨൭	൦
,, തിരുവിതാംകോട്ടു തോമ്മാസ	൨	൨൭	൦
,, കെ- ചെറിയാൻ റഥയിൻകീപ്പർ	൦	൭	൩
,, ബ- മേലെവിളയിൽ കൊച്ചുകുഞ്ഞനാർ	൨	൯൫	൫
,, പയറുവിളയിൽ മാത്തൻ പണിക്കർ	൨	൨൭	൦
കൊല്ലം എം- രാജു വക്കീൽ ബി- എ- ബി- എൽ	൨	൯൫	൫
ബ- കാഠാനത്തു പള്ളിയോഗം	൨	൯൫	൫
,, തകടിയേൽ ഗീവറുഗീസ മുതലാളി	൨	൦	൭
,, ഇത്തരകണ്ടത്തിൽ കൊച്ചിക്കാ	൨	൯൫	൫
കായംകുളം ജേഷ്യാപാരം ചങ്കരത്തിൽ ഗീവറുഗീസ	൨	൨൭	൫
,, ചങ്കാലയിൽ കൊച്ചുകുഞ്ഞൻ	൨	൯൫	൫
,, കൊട്ടയ്ക്കൽ ചെറിയ	൨	൯൫	൫
,, പി- ഐ- ഇടിച്ചാണ്ടി	൨	൯൫	൫
,, ബ- പള്ളിയോഗം	൨	൯൫	൫
ബ- പത്തിച്ചിറ പള്ളിയോഗം	൨	൯൫	൫
കൊട്ടാരക്കര കെ- ജനപ്പൻ വക്കീൽ	൫	൦	൦
,, പി- ഠി- ഇടിച്ചാണ്ടി വക്കീൽ	൦	൯൭	൫
,, പാറുപടിഞ്ഞാറേതിൽ ഗീവറുഗീസ ഗീവറുഗീസ	൫	൦	൦
,, കിഴക്കേടത്തു ഉമ്മൻ മുതലാളി	൨	൦	൦
,, മുൻസിപ്പുകോട്ട ഗ്രമസ്ഥാ തമ്പിപ്പിള്ള	൨	൨൭	൫
പത്തലട അരിക്കപുറത്തു മേടയിൽ കൊച്ചുകുഞ്ഞു	൨	൨൯	൦

പത്രിക വില വിവരം.

	ബ്രിട്ടീഷ് രൂപാ	ചക്രം
ഒരു കൊല്ലത്തേക്കു	൧	൧൫
ഒറ്റപ്രതിക്കു	൦	൨

പരസ്യ ശ്രേലി

ഒന്നാം പ്രാവശ്യത്തേക്കു	വരി ഒന്നിനു	൦	൪
പിന്നെ എല്ലാ പ്രാവശ്യങ്ങൾക്കും	ടി	൦	൩

NOTICE

പത്രിക സംബന്ധമായ സകല എഴുത്തുകളും ലേഖനങ്ങളും പണം അയക്കുന്നതും കോട്ടയത്തു സുറിയാനി അച്ചടിപ്പുര മാനേജർക്കു മേൽ വിലാസം വച്ചു അയക്കേണ്ടതാകുന്നു.

പത്രിക കൈപ്പറ്റുന്നവർ മുൻ ക്രമായി വരി അടയ്ക്കേണ്ടതാകുന്നു. പരുവരി അഞ്ചൽ സ്റ്റാമ്പായൊ തപാൽ സ്റ്റാമ്പായൊ അയച്ചാലും മതിയാവും. എന്നാൽ രൂപാ ഒന്നുക്കു ഒരു അണ ഡിസ്കൌൻറ വക വച്ചു തരേണ്ടതാകുന്നു.

വിഷപ്പുട്ടി വിഷത്തിനു ഒരു കൈകണ്ട ഔഷധം:

വിഷപ്പുട്ടി കടിച്ചാൽ ഏഴഴിവസത്തിനകം ഒരു ഗുളിക ഇഞ്ചിൻ റീൽ സേവിച്ചു മൂന്നു ദിവസത്തെ പത്ഥ്യം എടുത്താൽ വിഷം നീങ്ങുന്നതാകുന്നു. ഗുളിക സേവിക്കേണ്ടും ക്രമവും പത്ഥ്യത്തിൻറെ വിവരവും ഗുളികയോടു കൂടി കിട്ടുന്നതാകുന്നു. ഈ ഗുളികകൾ ഇല്ലാതിരുന്നതിനെ ഇപ്പോൾ സിമ്മനാരിയിൽ വരുത്തിയിട്ടുണ്ടു. ഗുളിക ഒന്നിനു വില ചക്രം ൧- മാത്രം. ആവശ്യമുള്ളവർ വാങ്ങിച്ചുകൊള്ളുവാൻ ഇതിനാൽ തിയ്യപ്പെടുത്തുന്നു.

നോട്ടീസ

ഇടവക പത്രികയുടെ പുറകടലാസിൽ മാസംതോറും പ്രസിദ്ധപ്പെടുത്തിവരുന്ന പട്ടികയിൽ പണം അടെക്കുന്നവരിൽ ആരുടെ എങ്കിലും പേർ കാണാതെയൊ സംഖ്യ വ്യത്യാസമായൊ പത്രിക ക്രമമായി കിട്ടാതെയൊ ഇരുന്നാൽ ആവിവരങ്ങൾ ഉടനെ അറിവിക്കേണ്ടതാകുന്നു.

൧൯൦൰ മാനേജർ.

MAR THOMAS PRESS.
KOTTAYAM.

പുസ്തകം ൪ ലക്കം ൪

ഫെബ്രുവരി-മാർച്ച് മാസം

മലങ്കര

ഇടവകപത്രിക

മാസം തോറും പ്രസിദ്ധപ്പെടുത്തുന്നത്.

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കുരിശിങ്കലല്ലാതെ പുകഴ്ച ചെല്ലുവാൻ സംഗതി വരരുതു.

(മാർ പൌലൂസ്.)

സംഗതിവിവരങ്ങൾ.

മാർ ദീവന്നാസ്യോസ് സിമ്മനാരി ൧൨൩
ഒരു ഓർമ്മസ്ഥാപന ൧൨൪
ഒരു ലക്ഷ്യന്റെ മുടി ൧൨൫
ദാവീദിന്റെ സിംഹാസനം ൧൨൬
മറഞ്ഞിരിക്കുന്ന സത്യം ൧൨൭
സൂചനകൾ ൧൨൮
വിശേഷവർത്തമാനങ്ങൾ ൧൨൯

മേടമാസത്തിൽ പത്തുവരി അടച്ചവരുടെ പേരു വിവരം

	ക്ര	ഫ	ക്വാ
ബ- ഇരിഞ്ഞിപ്പുഴ പള്ളിയോഗത്തിൽനിന്നും	൧	൧൫	൦
കോരുതോലിൽ ചാക്കോ	൧	൦	൦
ബ- തുരുത്തിക്കാട്ട പള്ളിയോഗത്തിൽ നിന്നും	൧	൧൫	൦
ഇരട്ടപ്പുടികൽ നൈനാ	൧	൧൫	൦
ബ- പ്രക്കാനം പള്ളിയോഗത്തിൽ നിന്നും	൧	൧൩	൨൫
കല്ലുപ്പാറ മരേട്ട അബ്രഹാം	൧	൧൫	൦
ചെങ്ങന്നൂർ കടുതോട്ടിൽ മാത്തൻ	൧	൧൩	൨൫
,, ബ- പൂപത്തൂർ യാക്കോബ കത്തനാർ	൦	൨൫	൦
ബ- വെണ്ണിക്കുളത്തു പള്ളിയോഗത്തിൽ നിന്നും	൧	൧൩	൨൫
ബ- കിഴക്കേത്തലയ്ക്കൽ തോമ്മാ കത്തനാർ	൧	൧൩	൨൫
ചിറപ്പുറം അമ്പാട്ട ചാക്കൊ	൧	൧൫	൦
കല്ലുക്കുന്നു മാടശ്ശേരിൽ ഇട്ടിയവിരാ	൧	൦	൦
,, തെക്കേക്കരിയിൽ ഇട്ടി	൧	൧൫	൦
,, പുല്ലുപിലാക്കിൽ മത്തായി	൧	൦	൦
,, കോട്ടപ്പുറത്തിൽ ഇട്ടി	൧	൧൫	൦
,, ബ- പള്ളിയോഗത്തിൽനിന്നും	൧	൧൩	൨൫
,, കോമടത്തുശ്ശേരിൽ ഫ്രാൻസീസ	൧	൧൩	൨൫
ഞാറയ്ക്കൽ കുഴിക്കാട്ട കുഞ്ഞൻ	൧	൨	൨൫
കൊച്ചുപള്ളി കൊച്ചീപ്പിലയിൽ പുത്തൻപുരക്കൽ ഏലിയാസു മാണി	൦	൨൧	൦
,, ചെമ്പകശ്ശേരിൽ ഈശൊ ദേത്താസ	൧	൧൫	൦
,, പുലമല മാണി	൧	൧൫	൦
ബ- വാഴത്താനത്തു പള്ളിയോഗത്തിൽ നിന്നും	൧	൧൩	൨൫
,, പെട്ടിപ്പുറത്തിൽ തൊമ്മൻ	൧	൨൧	൮
,, പാതെപ്പള്ളിൽ പക്കി	൧	൨൩	൯
,, പഴയാറുകൽ തൊമ്മൻ	൧	൧൩	൨൫
,, പുറുക്കേത്തു പുന്നൻ	൨	൦	൦
,, മടത്തേറമ്പിൽ കുഞ്ഞൻ	൧	൨൩	൨൫
,, പഴഞ്ഞിറ മാണി അബ്രഹാം	൧	൧൩	൨൫
,, ചൂളപ്പേലിൽ മത്തായി ചാക്കൊയും			
മാളികയിൽ പുന്നൻ ചാക്കോയും കൂടി	൦	൨൨	൦
ബ- വള്ളിക്കാട്ട കരിപ്പുരകൽ പൌലൊസ കത്തനാർ	൧	൦	൦
മേപ്രയിപ്രത്തു പുന്നൻ	൧	൧൫	൦
ബ- പുതുപ്പള്ളി പള്ളിയോഗത്തിൽനിന്നു	൧	൧൩	൨൫
,, ചാഴിവലത്തു കുഞ്ഞു	൧	൧൩	൨൫
,, തോണിപ്പുരകൽ ചെറിയാൻ	൧	൦	൦
,, കൊച്ചുകിഴക്കേതിൽ കൊച്ചുലഹന്നൻ	൧	൩	൦
,, പൊരുമ്പഴ മൂലയിൽ പുന്നൻ	൧	൧൫	൦
പെരുമ്പുഴയിൽ മുട്ടത്തുശ്ശേരിലായ ഉമ്പയിൽ പക്കി	൧	൧൩	൨൫
പുരമല്ലൂർ പാറയ്ക്കൽ മാണി കോരുത	൧	൧൫	൦
ബ- മണർകാട്ട പള്ളിയോഗത്തിൽ നിന്നും	൧	൧൩	൨൫
ബ- അങ്ങാടി പള്ളിയോഗത്തിൽ നിന്നും	൧	൦	൦
മുണ്ടമല ബ- പുളിക്കുന്നേൽ ഗീവറുഗീസ കത്തനാർ	൧	൧൩	൨൫
ബ- തീനടം കിഴക്കെ പള്ളിയോഗത്തിൽ നിന്നും	൧	൨൫	൨൫
,, കുരുവിപ്പുറത്തിൽ ചാക്കൊ	൦	൧൭	൦
,, മണ്ണിക്കാട്ട പൌലൊസ ചാണ്ടി	൧	൧൩	൨൫
,, പാറയ്ക്കൽ പുന്നൻ	൧	൦	൦
,, പുത്തൂരിൽ പൌലൊസ പൌലൊസ	൧	൧൩	൨൫
ബ- വാണിയാടി പള്ളിയോഗത്തിൽ നിന്നും	൫	൨൦	൦

മലങ്കരഇടവകപത്രിക

പുസ്തകം ൪.] ഫ്രവ്വൻന്നു നീസോൻ (മേടം) [ലക്കം ൨

മാർ ദീവന്നാസ്യോസ സിമ്മനാരി

൦൦൦ വിദ്യാലയത്തിന്റെ നടത്തിപ്പുകാരുടെ മേൽ കുറ്റം ആരൊപിച്ചും കൊണ്ടു ഒരു "മദ്ധ്യസ്ഥൻ?" മലയാള മനോരമയിലേക്കു എഴുതിയിരിക്കുന്ന ലേഖനവും അതിനു മനോരമ പത്രാധിപർ അവർകൾ പറഞ്ഞിരിക്കുന്ന സമാധാനവും പത്രിക വായനകാരുടെ അറിവിനു വേണ്ടി താഴെ ചേൎക്കുന്നു.

"ടി. സിമ്മനാരിയുടെ കാൎയ്യവിചാരകാരായകമ്മട്ടികാർ ഇതിന്റെ ആരംഭത്തിൽ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തീട്ടുള്ള പരസ്യത്തിൽ ഇതിൽ എല്ലാവക സുറിയാനി ക്രിസ്ത്യാനികൾക്കും ഒരുപോലെ സ്വാതന്ത്ര്യമുണ്ടായിരിക്കുമെന്നും മറും പറഞ്ഞിട്ടുണ്ടായിരുന്നതു കുട്ടികളെ കിട്ടുവാൻ മാത്രമായിരുന്നു എന്നു കമ്മട്ടികാർ ഇപ്പൎയ്യിടെ ചെയ്യു ഒരു പ്രവൃത്തിയാൽ തെളിവായിരിക്കുന്ന വിവരം പ്രസിദ്ധമാകിയാൽ കൊള്ളാമെന്നു ഇനിക്കു അത്യാഗ്രഹമുണ്ടു. പത്രാധിപൎക്കു മേല്പറഞ്ഞ കമ്മട്ടിയുമായിട്ടുള്ള സംബന്ധം നിമിത്തം മനോരമ വഴിയായി ഇതു പ്രയാസമായിരിക്കുമൊ എന്നു സംശയമുണ്ടു എങ്കിലും രാജ്യത്തിൽ വേറെ പത്രങ്ങളില്ലാത്ത കാലമല്ലായ്കയാൽ ഉപേക്ഷിക്കുന്ന പക്ഷം ആ വിവരംകൂടി കാണിച്ചു മറു പല പത്രങ്ങൾക്കും എഴുതി അയച്ചുകൊള്ളാമെന്നു കരുതികൊണ്ടാണു തൽകാലം നിങ്ങൾക്കു തന്നെ എഴുതുന്നതു.

ടി. സിമ്മനാരി എല്ലാവക ക്രിസ്ത്യാനികൾക്കും പൊതുവാണെങ്കിൽ മലയാള ദേശത്തുള്ള ക്രിസ്ത്യാനികളിൽ വെച്ചു പഴകവും വേപ്പുസ്വകത്തിനടുത്ത വിശ്വാസവും സ്വാതന്ത്ര്യവുമുള്ള മാർതോമ്മാ ക്രിസ്ത്യാനി സഭയിൽ ചേൎന്ന ഒരു വെറുപ്പുകാരനായ ബി. ഏ. സിമ്മനാരിയിൽ ഒരു വാദ്ധ്യാരു വേലയ്ക്കു ഒഴിവുണ്ടായതിനു തന്നെ നിയമികണമെന്നു അപേക്ഷിച്ചതിൽ അപേക്ഷകാരൻ യാക്കോബായ സുറിയാനി എന്നു പറയുന്ന ബാവാകക്ഷിയിലേക്കു തിരിഞ്ഞു വേഷം കെട്ടിയെങ്കി

ലെ നിയമിക്കാൻ പാടുള്ളൂ എന്നു ഇണ്ടാസു കൊടുത്തതായി അറിയുന്നു എത്ര പ്രത്യക്ഷമായ പക്ഷഭേദമാണെന്നു വായനകാർ തന്നെ വിധിക്കട്ടെ. കക്ഷിയിൽ ആളു ചേക്കാനാണൊ പള്ളിക്കൂടം? ശമ്പളം കിട്ടാനായി ഒരുത്തൻ കക്ഷിയിൽ ചേരാമെന്നു വെച്ചാൽ അതു കിട്ടാത്തകാലത്തു അതിൽ നിന്നു മാറി എന്നും വേറൊരെടത്തു ഇതിലും കൂട്ടി കിട്ടിയാൽ അങ്ങോട്ടു പോയി എന്നും വന്നുകൂടായൊ?. ഇങ്ങനെ വിലയ്ക്കു വിൽക്കാവുന്നതൊ വിൽക്കേണ്ടതൊ ആണൊ ഒരുവന്റെ മാർഗ്ഗം എന്നു പറയുന്നതു? ഏതു നീതികടായി രാജ്യഭാരം ചെയ്യുന്ന ഗവർമ്മെന്റുകൾക്കു പോലും ഒരുത്തനെ ഉദ്യോഗത്തിൽ ആക്കുന്നതിലേക്കു അവന്റെ മാർഗ്ഗം ബാധകമാണെന്നു പറയാൻ തോന്നാത്ത ഇക്കാലത്തു സന്മാർഗ്ഗം പഠിപ്പിക്കാനെന്നു പറഞ്ഞു നടത്തി വരുന്ന ഒരു പള്ളിക്കൂടത്തിന്റെ അധികാരികൾ ഇങ്ങനെ പ്രവൃത്തിച്ചതിൽ വളരെവളരെ ആശ്ചര്യപ്പെടേണ്ടിയിരിക്കുന്നു. പബ്ലിക്കിൽ പറയാൻ പാടില്ലാത്ത ഈ കൃത്യത്തിനു അവർ വല്ല ന്യായവും വിചാരിച്ചിട്ടുണ്ടെങ്കിൽ അതായിരിക്കും ഇതിലും ആശ്ചര്യം. ഒരു മദ്ധ്യസ്ഥൻ".

"ഈ ലേഖനത്തിലെ ആക്ഷേപത്തിനു വിഷയമായ കൃത്യത്തിനു ഉത്തരവാദികളായ മാ. ദീ. സി. കമ്മിട്ടിയും മ. മ. പത്രാധിപരും തമ്മിലുള്ള സംബന്ധം നിമിത്തം ലേഖനത്തിനു മനോരമയിൽ സ്ഥലം അനുവദിക്കുമൊ എന്നു ശങ്കിച്ചു ലേഖകന്റെ ശുദ്ധഗതി മയനീയമായിരിക്കുന്നു. ഇതുപോലെ തന്നെയുള്ള ഒരു ഗതിയിൽനിന്നുണ്ടായിട്ടുതാനെന്നു പക്ഷപാതം ഇല്ലാത്ത വായനകാർക്കു തോന്നാവുന്നതായ ലേഖനത്തിലെ ആക്ഷേപങ്ങൾക്കു "വല്ല ന്യായവും വിചാരിച്ചിട്ടുണ്ടെങ്കിൽ അതായിരിക്കും ആശ്ചര്യം" എന്നു അദ്ദേഹത്തിനു തോന്നിയിരിക്കൊണ്ടു കമ്മട്ടിയോടു സംബന്ധമുള്ള പത്രാധിപർ വല്ലതും ചിലതു പറയാഞ്ഞാൽ അതു വായനകാർക്കും ആശ്ചര്യത്തിനു ഹേതുവായി വരാവുന്നതാണല്ലൊ.

ഈ സിമ്മനാരിയുടെ ആരംഭകാലത്തു ഇതിന്റെ സ്ഥാപകനായ "മലങ്കര യാക്കൊബായ സുറിയാനി അസൊസ്യേഷൻ പ്രസിഡന്റു മാർ ദീവന്നാസ്യോസ മെത്രാപ്പോലീത്താ അവർകളുടെ കല്പന പ്രകാരം" ഉണ്ടായിട്ടുള്ള കമ്മട്ടി നിശ്ചയങ്ങളെ അടുത്തിടെ പ്രസിദ്ധപ്പെടുത്തിട്ടുള്ളതിൽ "ഈ പാഠശാലയിൽ വിദ്യാർത്ഥികളെ സ്വീകരിച്ചു പഠിപ്പിക്കുന്നതിൽ ജാതിമതങ്ങളെ അവലംബിച്ചുള്ള യാതൊരു പക്ഷപാതങ്ങളും ഉണ്ടായിക്കൂടാത്തതാകുന്നു" എന്നാണ ഒരു വാചകം കാണുന്നതു. ഇതു കമ്മിട്ടിക്കാരുടെ സമ്മതത്തെ കൊണ്ടല്ലെങ്കിൽ ലേഖകൻ പറയുന്നതു പോലെ "കുട്ടികളെ കിട്ടാൻ" ആയിരുന്നാലും തരക്കേടില്ല. ഇപ്പോഴും അവർ അതിനെ പാലിക്കുന്നുണ്ടൊ എന്നുള്ളതു നോക്കാനുള്ളു. ഇതിനെക്കുറിച്ചു സംശയം ഉണ്ടെങ്കിൽ പണ്ടേയുള്ളതും ഇതിനെക്കാൾ പലതരത്തിൽ ഉൽകൃഷ്ടമെന്നു വിചാരിക്കപ്പെട്ടു വരുന്നതുമായ വേറൊരു പാഠശാല ഇവിടെ ഉള്ള സ്ഥിതിക്കു ഇതിൽ ഹിന്നു

കൾ അധികമായിരിക്കുന്നതിനു പുറമെ എല്ലാവക ക്രിസ്ത്യാനികളും ധാരാളം ചേർന്നു പഠിച്ചു വരുന്നുണ്ടെന്നുള്ളതു തികച്ചും തെളിയുന്നതു കൊണ്ടു സമ്മതം വരേണ്ടതാണെല്ലൊ. പീസു നിരക്കിനെ സംബന്ധിച്ചു ഇതിന്റെ ശേഷം ഉണ്ടായിട്ടുള്ള ഒരു പരസ്യത്തിൽ എല്ലാവക ക്രിസ്ത്യാനികളിൽ ഉൾപ്പെട്ട ''ശെമ്മാശന്മാരെയും ഇതിൽ പീസു ക്രമത്തിൽ ചേർത്തു പഠിപ്പിക്കാമെന്നു പറഞ്ഞിട്ടുള്ളതായിരിക്കും ലേഖകൻ പറയുന്ന പരസ്യം. ഇങ്ങനെ കുറെ ഹിന്തുകളെ കൂടി ചേർത്തു പഠിപ്പിക്കാമെന്നു പറഞ്ഞതു കൊണ്ടൊ വിദ്യാർത്ഥികളെ സംബന്ധിച്ചു ജാതിമതഭേദം ഇല്ലെന്നു പറഞ്ഞതുകൊണ്ടൊ സിമ്മനാരി ഹിന്തുകൾക്കു കൂടിയുള്ളതാണെന്നു അവർ പറയുമൊ? ലേഖകനു എന്തുതോന്നുന്നു? വാദ്ധ്യാന്മാരെ നിയമിക്കുന്ന കാര്യത്തിൽ കമ്മിട്ടിക്കാരുടെ സ്വാതന്ത്ര്യം പ്രവൃത്തിക്കുന്നതിനു ഇതൊന്നും പ്രതിബന്ധം അല്ലാതെയിരുന്നിട്ടും ഈ വിഷയത്തിലും ''ജാതി മത ഭേദങ്ങൾ'' ആലോചിക്കാതെയാണു അവർ ഇതുവരെ ഇരുന്നിട്ടുള്ളതെന്നു ഇതിലെ വാദ്ധ്യാന്മാരെ അറിയുന്നവർക്കു അറിയാവുന്നതാണു. എന്നാൽ തൽക്കാലം ലേഖകൻ പറയുന്ന വക ക്രിസ്ത്യാനികളിൽ നിന്നു (ഇവരുടെ പഴക്കം മുതലായവയെക്കുറിച്ചുള്ള വാദത്തിനു ഇവിടെ ആവശ്യമില്ല) തൽക്കാലം കൂടുതൽ വാദ്ധ്യാന്മാരെ നിയമിക്കാൻ മനസ്സില്ലാത്തതു കൊണ്ടു പാടില്ലെന്നു പറഞ്ഞതായിരിക്കുമെങ്കിൽ അതിനു എന്താണിത്ര ആശ്ചര്യപ്പെടാനുള്ളതെന്നു മനസ്സിലാകുന്നില്ല. സിമ്മനാരിയിൽ ഹിന്തുക്കളായിട്ടും ചിലവാദ്ധ്യാന്മാർ ഉണ്ടെങ്കിലും ചിലപ്പൊൾ ഒരു ഹിന്തുവിന്റെ അപേക്ഷയെ നിരസിക്കാനും അയാളുടെ മതം മാത്രം മതിയായ കാരണമായി കമ്മട്ടിക്കാർ വിചാരിച്ചേക്കാം. അതിൽ ഹിന്തുക്കൾ ശഠിക്കുമെന്നും തൊന്നുന്നില്ല. അതും ആശ്ചര്യപ്പെടുകയുമില്ല. ശമ്പളമൊ മറ്റൊരാനുകൂല്യമൊ മോഹിച്ചു ഒരു മതത്തെ ഉപേക്ഷിക്കയും മറ്റൊന്നിൽ ചേരുകയും ചെയ്യുന്ന ഒരു നടപ്പു ഇവിടങ്ങളിലെ ഒരുവക ക്രിസ്ത്യാനികളിൽ ഉള്ളതിനെക്കുറിച്ചു ലേഖകനെപ്പോലെ അധികം ലജ്ജയും പ്രയാസവും പലർക്കും തോന്നിയിരിക്കാവുന്നതുമാണു. പത്രാധിപർ''

മനൊരമ പത്രാധിപർ അവർകളുടെ മേൽ ചേർത്ത മറുപടി ''മദ്ധ്യസ്ഥന്റെ'' ലേഖനത്തിനു മതിയായ സമാധാനമാകുന്നു. മാത്രമീ വന്നാസ്സ്യാസ സിമ്മനാരിയിൽ വിദ്യാർത്ഥികളെ സ്വീകരിച്ചു പഠിപ്പിക്കുന്നതിൽ ജാതിമതങ്ങളെ അവലംബിച്ചുള്ള യാതൊരു പക്ഷപാതങ്ങളും ഉണ്ടായിരിക്കയില്ലന്നു ആദ്യ കാലത്തെ സഭിരപ്പെടുത്തിയിട്ടുള്ളതുകൊണ്ടു ''സിമ്മനാരി എല്ലാവക ക്രിസ്ത്യാനികൾക്കും പൊതുവാണെന്നു'' ഒരു ലേഖകൻ മനസ്സിലാക്കിയതു ഒഴുശ്ചയ്യായ തന്നെ. ഈ വാചകം കൊണ്ടു സിമ്മനാരിയുടെ ഉടമസ്ഥതാവകാശം മുതൽ മുടക്കാത്തവർക്കു തീറു കൊടുത്തു പോയി എന്നു ഒരു ലേഖകൻ ധരിച്ചിരിക്കുന്നു എങ്കിൽ അതു അബദ്ധമാണെന്നു അറിഞ്ഞിരിക്കട്ടെ. സിമ്മനാരി അന്നും ഇന്നും എന്നും ഏന്നേക്കും അതിനെ സ്ഥാപിക്കയും അതിലെക്കു ചിലവു ചെ

യ്യും ചെയ്യു യാക്കോബായ സുറിയാനി സമുദായം വകയായിതന്നെ ഇരിക്കണമെന്നാണ സഥാപകന്മാരുടെ ഉദ്ദേശം. "ജാതിമതങ്ങളെ അവലംബിച്ചു പക്ഷപാതങ്ങൾ ഉണ്ടായിക്കൂടാ" എന്നു വച്ചാൽ "എല്ലാ വക ക്രിസ്ത്യാനികൾക്കും" മാത്രമെ അവകാശമണ്ടാകു എന്നു കൂടെ ലെഖകൻ വ്യാഖ്യാനിച്ചതു വെറൊരു അസംബന്ധമാകുന്നു. കുട്ടികളെ ചെർത്തു പഠിപ്പിക്കുന്നതിൽ പക്ഷപാതമുണ്ടാകയില്ലന്നു മാത്രം ചെയ്തിട്ടുള്ള ഉടമ്പടി ഇന്നും ലംഘനം കൂടാതെ പാലിച്ചു പൊരുമ്പോൾ ഉടമ്പടി ചെയ്യാത്ത കായ്യത്തിൽ സിമ്മനാരികമ്മട്ടിയുടെ മേൽ അസംബന്ധമായ കുറ്റം ആരൊപിക്കുവാൻ പുറപ്പെട്ടിരിക്കുന്നതു ലേഖകന്റെ ശുദ്ധഗതിയൊ മനഃപൂവ്വ ലേക്ഷമൊ എന്നു സംശയിക്കുന്നു.

അഥവാ ലെഖകൻ വിചാരിക്കുന്നതു പൊലെ ഒരു നിശ്ചയം ഉണ്ടെന്നു തന്നെ ഇരുന്നാലും കമ്മട്ടികാരുടെ പ്രവൃത്തി ആക്ഷെപയൊഗ്യമല്ല. സിമ്മനാരിയിലെ വാഭ്യാന്മാർ എല്ലാവക ക്രിസ്ത്യാനികളിൽ നിന്നും ഹിന്തുകളിൽ നിന്നും നിയമിക്കപ്പെടണമെന്നു ഒരു നിബ്ബന്ധം ഉണ്ടെന്നുതന്നെ വിചാരിച്ചാലും കമ്മട്ടികാർ ബാവാകക്ഷിയുടെ അവകാശത്തെ മറന്നു കളഞ്ഞിരിക്കുന്നു എന്നു ഉയർന്ന വാഭ്യാന്മാരുടെ മതവിശ്വാസങ്ങളെ ആലൊചിക്കുമ്പൊൾ ബാവാകക്ഷിയിലുള്ള ജനങ്ങൾക്കു തൊന്നിപ്പൊകാവുന്നതാണ. അതിനാൽ കേവലം താരതമ്യം മാത്രം ആലൊചിക്കുന്നതായാലും കമ്മട്ടികാരുടെ തീരുമാനം നിരാക്ഷെപമാകുന്നു.

മലയാള ദെശത്തുള്ള ക്രിസ്ത്യാനികളിൽ വച്ചു "മാർതൊമ്മാ ക്രിസ്ത്യാനികൾ" എന്നു തന്നത്താൻ നാമം ധരിച്ചിരിക്കുന്ന നവീകരണക്കാർ അധികം പഴകമുള്ളവരാണെന്നു ലെഖകൻ പറയുന്നതിന്റെ അത്ഥം മനസ്സിലാക്കാൻ അദ്ദെഹം കൂടെ വെണ്ടിയിരിക്കുന്നു. "മാർതൊമ്മാ ക്രിസ്ത്യാനികൾ" എന്നു തന്നത്താൻ പെർ എടുത്താൽ പഴക്കം ഉണ്ടാകയില്ലല്ലൊ. ഇവർ മലയാള ക്രിസ്ത്യാനികളിൽ വച്ചു പഴക്കം കുറഞ്ഞവരും അടുത്ത കാലത്തു ഉണ്ടായ ഒരു മതഭെദികളും മാത്രമാണെന്നു അറിയാത്തവർ ആരാണുള്ളതു? ഇന്നലെ പെയ്ത മഴക്കു ഇന്നു കിളിത്ത തകര പൊലെ നൂറ്റാണ്ടിന്റെ ശെഷം ഇങ്ങനെ ഒരു പെർ എടുത്തപ്പൊൾ പഴകിയ ആശ്ചയ്യം തന്നെ. ഫ്രാൻസിവ്വ-ാമാണ്ടും മാറും ഇവരുടെ പെർ യാക്കൊബായകാർ എന്നായിരുന്നു എന്നു അന്നത്തെ നവീകരണതലവൻ കൊടുത്ത മൊഴികളിലും മാറും സമ്മതിച്ചിട്ടുണ്ട്. യാക്കൊബായകാർ എങ്കിൽ മാറുള്ളവരെക്കാൾ പഴകം വതികയില്ലല്ലൊ. അതെ അരാനും പണം ചിലവിട്ടു പണിയിച്ച സിമ്മനാരി. ഒരു അവകാശവും കൂടാതെ തങ്ങളുടെതും കൂടെ ആണെന്നു മറിപ്പിന്ന അവകാശം പറവാൻ ലജ്ജയില്ലാത്ത ഈ ലെഖകൻ പഴക്കത്തെക്കുറിച്ചും പറയുന്നതിൽ ഒട്ടും ആശ്ചയ്യപ്പെടാനില്ല.

ഒരു ഓർമ്മസ്ഥാപന.

കഴിഞ്ഞുപോയ അയിരൂർ ചെറുകര പീലിപ്പൊസ മല്പാൻ അവർകളുടെ ഓർമ്മയെ സ്ഥാപിക്കുവാൻ ഒരു ദ്രവ്യശേഖരം ചെയ്യണമെന്നുള്ള അഭിപ്രായത്തോടുകൂടി അച്ചടിച്ചതായ ഒരു എഴുത്തിന്റെ പ്രതി ഒരു സ്നേഹിതന്റെ കൈവശംവച്ചു ഞാൻ വായിച്ചുകണ്ടു. ഞാനും മരിച്ചുപോയ ആളിനൊടു കൂടി പഠിച്ചു സുറിയാനി പട്ടക്കാരിൽ ഒരുവനാകകൊണ്ടു ഇനിക്കും ഒരു അപേക്ഷ വരാതിരിക്കയില്ലന്നു ഞാൻ കണ്ട പ്രതിയിലെ വാചകം കൊണ്ടു ഉറപ്പിക്കേണ്ടിയിരിക്കുന്നു.

അദ്ദേഹത്തിന്റെ കൂടെ പഠിച്ചു പട്ടക്കാരിൽ അനേകം എന്നല്ല മിക്കവാറും ആളുകൾ ഇപ്പൊൾ നവീകരണ ഉപദേശത്തെ വെറുത്തു നിൽക്കുന്നവരാകകൊണ്ടു സ്മാരക ദ്രവ്യശേഖരത്തിനു വേണ്ടിയുള്ള അപേക്ഷ പുറപ്പെട്ടുമ്പൊൾ പലരിലും പല സംശയങ്ങളും അഭിപ്രായഭേദങ്ങളും ഉണ്ടാകുവാൻ ഇടയുണ്ടു. ഓർമ്മസ്ഥാപനയ്ക്കു അപാത്രവാൻ എന്നു വിധിക്കുന്നവരും അനേകർ ഉണ്ടാകാതിരിക്കയില്ല. കഠത്തവശവും വെളുത്തവശവും ഇല്ലാതെയിരിക്കുവാൻ മനുഷ്യരാൽ അസാദ്ധ്യമാകകൊണ്ടു രണ്ടുഭാഗക്കാരിലും ഒട്ടൊട്ടപരമാർത്ഥം ഇല്ലന്നു പറഞ്ഞുകൂടാ.

എന്നാൽ സ്മാരകാരംഭകർ ആലോചിച്ചിട്ടില്ലാത്തതായിതോന്നുന്നു എങ്കിലും ഇതിലും ഏറ്റവും ഗൌരവമായി വിചാരിക്കപ്പെടെണ്ട ഒരു സംഗതി ഉണ്ടു. ആയ്യൂ എന്തന്നു വച്ചാൽ മരിച്ചുപോയ ആളിന്റെ ശിഷ്യന്മാർ എന്നൊ സ്നേഹിതന്മാർ എന്നൊ പറയപ്പെടുന്നവരിൽ ഭൂരിഭാഗം ബാഹ്യാകക്ഷിയിൽ ആകുന്നുവല്ലൊ. ഇവർ എല്ലാവരും സാക്ഷാൽ അദ്ദേഹത്തെ സ്നേഹിക്കുന്നുണ്ടെങ്കിൽ ആസ്നേഹം അയിരൂർ ചെകര പീലിപ്പൊസ അച്ചനെ മാത്രമാണ. അല്ലാതെ അദ്ദേഹം വിശ്വസിച്ചിരുന്ന നവീകരണഉപദേശത്തെ ഇവക്ക ഒട്ടുംസ്നേഹമില്ലന്നു തീർച്ചയാണല്ലൊ. ഇപ്പൊഴത്തെ നോട്ടീസിന്റെ താല്പര്യം സ്മാരകം ഉണ്ടാകണമെന്നും അതിലെക്ക ഇത്ര ത്രുപാ വേണമെന്നും ശിഷ്യന്മാരും സ്നേഹിതന്മാരും സഹായിക്കണമെന്നും മാത്രമാകുന്നു. നടത്തിപ്പുകാർ നവീകരണക്കാർ ആകുന്നു. ആസ്ഥിതിക്കു പണം കയിവശംവരുമ്പൊൾ പണം കൊടുത്തവക്കൊ അവരുടെ സമന്മാക്കൊ യാതൊരു വിധത്തിലും പ്രയൊജനപ്പെടുത്തുവാൻ പാടില്ലാത്തതും നവീകരണ ഉപദെശത്തെ പുലർത്തുന്നതുമായ വല്ലൊരുസ്വരൂപത്തിലും സ്മാരകംസ്ഥാപിക്കുവാൻ നടത്തുകാർ ശ്രമിക്കുന്നതു അസംഭവ്യമല്ല. ഇനിക്കും എന്നെപ്പൊലെയുള്ള അനെകക്കും ഇങ്ങനെ ഒരു അപെക്ഷ കിട്ടിയാൽ വല്ലതുംകൊടുക്കുമെന്ന ഭാവമുണ്ടെങ്കിലും അതുകൊണ്ടു വരാവുന്ന ദോഷങ്ങളൊ ഒരുപയൊഗങ്ങളൊ ആലൊചിക്കുമ്പൊൾ കാശ്ശു പോലും കൊടുപ്പാൻ തോന്നുകയില്ല. വിശ്വാസഭേദമൊ കക്ഷിഭേദമൊ കൂടാതെ ആർക്കും പരൊപകാരമായിരിക്കുതകുവിധത്തിൽ ഒരു സ്മാരകം ഏർപ്പെടുത്തുന്നപക്ഷം വല്ലതും പ്രാപ്തിപോലെ കൊടുക്കുന്നതിനു ആർക്കും അരുതു വിസമ്മതവും ഉണ്ടായിരിക്കയില്ല.

സ്മാരകസ്വരൂപം നിജപ്പെടുത്താതെയും നിജപ്പെടുത്തുന്നതിനു തരമില്ലെങ്കിൽ മേൽ പ്രകാരം വിശ്വാസഭേദമോ കക്ഷിഭേദമോ ക്ലേശമെതയിരിക്കുന്ന ഒരു ഏർപ്പാടു ചെയ്യുകൊള്ളാമെന്നുള്ള വാശ്വത്തം ക്ലേശമെതയും കയ്യാലപ്പുറത്തെ തേങ്ങാപോലെ ഏതിലെക്കും പ്രയോഗികമാമെന്നുള്ള ഭാവത്തിൽ ചില വാചകങ്ങൾ ഉണ്ടാക്കി പ്രസിദ്ധപ്പെടുത്തിയിരിക്കുന്നതിനാൽ ഈ സ്മാരകവും അടുത്ത മുമ്പിൽ ഒന്നു ആരംഭിച്ചിട്ടു ഉണ്ടായ അനുഭവത്തെ പിൻഗമിക്കയില്ലയോ എന്നു സംശയിക്കുന്നു. എന്നെയും ഞാൻ അറിയുന്ന പലരെയും സംബന്ധിച്ചിടത്തോളം അയിരുന്നാൽ അച്ചന്റെ ഓർമ്മയായാലും കൊള്ളാം അദ്ദേഹത്തെക്കാൾ കൊച്ചുടെ വലിയ ഒരാളിന്റെ ഓർമ്മയായാലും കൊള്ളാം. നശീകരണമാകുന്ന നവീകരണത്തിന്റെ ക്ഷേമത്തിനു ഉപയോഗപ്പെടുത്തുവാൻ തക്കവണ്ണം യാതൊരുസഹായവും ചെയ്യാൻ തയ്യാറില്ലന്നു അതുമായി തന്നെ അറിയിച്ചുകൊള്ളുന്നു. മരിച്ചുപോയ ആളിന്റെ യോഗ്യതായോഗ്യതകളെ കുറിച്ചു എന്തെല്ലാം വിപരീതാഭിപ്രായങ്ങൾ ഉണ്ടായിരുന്നാലും ഇരിക്കട്ടെ. ഇപ്പോഴത്തെ പുറപ്പാടു ഏതുവിധവും സാധ്യമാകണമെങ്കിൽ സ്മാരകസ്വരൂപം മേൽപ്രസ്താവിച്ചപ്രകാരം നിഷ്കർഷമായിരിക്കുമെന്നു ഉറപ്പായ വിധത്തിൽ ബഹുജനത്തെ ബോധ്യപ്പെടുത്തേണ്ടതു ഏറ്റവും ആവശ്യമാണെന്നു മാത്രം തല്ക്കാലം ഓർപ്പിക്കുന്നു.

എന്നു അദ്ദേഹത്തിന്റെ ഒരു ശിഷ്യൻ.

ഒരു ഇക്കുന്റെ മറുപടി.

ഇടവകപത്രിക പത്രാധിപരവർകൾക്കു.

കൂടാതെ ലക്കത്തിലേക്കു ഞാൻ അയച്ചിരുന്ന ലേഖനം മയേവായി പ്രസിദ്ധപ്പെടുത്തിയതിന്നായിട്ടു നിങ്ങൾക്കു സലാം. അതെസംബന്ധിച്ചു നിങ്ങളുടെ സ്വന്തം ഒരു സൂചന എഴുതി എന്റെ ലേഖനം വെറും പിത്തലാട്ടവും നിഷ്ഫലവും ആക്കി തീർത്തതിനായിട്ടു നിങ്ങൾക്കു സലാത്തിന്നു അവകാശം ഉണ്ടോ എന്നു സംശയിക്കയാൽ തല്ക്കാലം തരുന്നില്ല. ആ സൂചനയെപ്പറ്റി ഇനിക്കും ചില സമാധാനങ്ങൾ ഇല്ലാതെയില്ല. മീനം പത്രികയിലേക്കു അവയെ എഴുതി അയപ്പാൻ വഹിയാതെ സുഖക്കേടായി പോയിനാൽ, താമസിച്ചു എങ്കിലും, ഇപ്പോൾ അയയ്ക്കുന്ന ഈ സമാധാനങ്ങളെ മേടം പത്രികയിൽ പ്രസിദ്ധപ്പെടുത്തി കാണ്മാൻ അപേക്ഷിക്കുന്നു.

൧. എന്റെ ലേഖനത്തിലെ അഭിപ്രായങ്ങൾ കടലാസിൽ എഴുതി പിടിപ്പിക്കാൻ എളുപ്പവും, സാധിച്ചാൽ നല്ലതും, പക്ഷെ സാധിപ്പാൻ പ്രയാസവും എന്നാണ നിങ്ങളുടെ സൂചനയുടെ മൊത്തമായ താല്പര്യം. എന്നുവച്ചാൽ മികവാറും "കരത്തിൽ വേണം ശശി എന്നു ബാലൻ കരയുന്നതു" പോലെയൊ, കേവലം മത്തങ്ങയിൽ നിന്നു സൂര്യ രശ്മി സമ്പാദിപ്പാൻ ശ്രമിക്കുന്നതുപോലെയൊ മാത്രമാണു ഏ

ന്റെ അഭിപ്രായങ്ങളെക്കുറിച്ചു നിങ്ങൾക്കുള്ള മതിപ്പു. പിന്നാലെ നിങ്ങൾ പറയുന്നു ഞാൻ "ഒരുവിധം യോഗ്യനായ ഒരാളാണ്" എന്നു. എന്റെ അഭിപ്രായങ്ങളെ ഇപ്രകാരം ആക്ഷേപിച്ചുചെയ്തു ഞാൻയോഗ്യനാണെന്നു സാക്ഷിക്കുന്നതു ഒരുവന്റെ കണ്ണുതുടിച്ചുചെയ്തു അവനെ കൊഞ്ഞനം കാണിക്കുന്നതു പോലെ ഒരുവക പരിഹാസമായിട്ടല്ലാതെ എങ്ങിനെയാണ വക വെക്കേണ്ടതു. * വാസ്തവത്തിൽ എന്റെ ലേഖന വിഷയങ്ങളായ ആലോചനകൾ മേല്പറഞ്ഞ അസാദ്ധ്യ കാര്യങ്ങളുടെ ശേഖരത്തിൽ എണ്ണി നീക്കിവെപ്പാനുള്ളവ അല്ല. ക്ഷമാലോചനയും സഹിരോത്സാഹവും കൊണ്ടു കഷ്ടിച്ചു അഞ്ചു കൊല്ലത്തിനകം സുലഭമായി സാധിക്കുന്നവയല്ലാതെ വല്യ മഹാമേരു ഒന്നും എന്റെ അഭിപ്രായങ്ങളിൽ ഇല്ല. സുറിയാനി സമുദായത്തിൽ നടത്തപ്പെടേണ്ടതായ കാര്യങ്ങളെക്കുറിച്ചു രണ്ടോ നാലോ കൊല്ലങ്ങൾക്കുമുമ്പിൽ ഒരുവൻ ഇതുപോലെ ഒരു ലേഖനം എഴുതുകയായിരുന്നു എങ്കിൽ, ഒരുഇംഗ്ലീഷ പള്ളിക്കൂടം, സുറിയാനി പഠനം, പെൺപള്ളിക്കൂടം, അച്ചടിശാല, ഒരുപത്രിക മുതലായി ഏതാനും സംഗതികൾ ക്രടെ വേണ്ടിയതായി അയാൾ പറയുമായിരുന്നു. (ക്രിസ്ത്യൻ പേട്രിയോറ്റിൽ അന്നു ഒരു ലേഖകൻ ഇവയൊക്കയും പറഞ്ഞിട്ടുണ്ടെന്നും തോന്നുന്നു) ദൈവഗത്യാ ആ കാലത്തു നിങ്ങൾ തന്നെ പത്രാധിപർ ആയിരുന്നു എന്നുവരികിൽ ഇന്നേപ്പോലെയൊ, ശകാര രസം പണമിടയെങ്കിലും കുടുതലായൊ, നിങ്ങൾ ഒരു സൂചനയും കൊടുക്കുമായിരുന്നു. നാലഞ്ചുകൊല്ലങ്ങൾ കൊണ്ടു ഇംഗ്ലീഷാഭിയായ പള്ളിക്കൂടങ്ങളും, ഒരു മാസികപത്രവും, ചുരുങ്ങിയ മട്ടിൽ ഒരു അച്ചടിയും ഒക്കെ സാദ്ധ്യമായി കണ്ടപ്പോൾ നിങ്ങളുടെ സൂചന തെറ്റെന്നു നിങ്ങൾക്കു അനുഭവ ബോദ്ധ്യവും ഉണ്ടാകുമായിരുന്നു. അപ്രകാരം തന്നെ ഇനി രണ്ടോ നാലോ കൊല്ലങ്ങൾക്കകം എന്റെ ലേഖന വിഷയങ്ങളും ഏതാനും പ്രാപ്തമായ്തീരും. അപ്പോൾ നിങ്ങളുടെ സൂചനയിലെ അബദ്ധവും സിദ്ധമായ്തീരും എന്നല്ലാതെ സൂചന വെറും ഭോഷത്വമാണെന്നു ഞാൻ തന്നെ സമ്മതിയായി ഇപ്പോൾ വിധിക്കുന്നില്ല.

ഉ. മാർ ദീവന്നാസ്യോസ സിമ്മനാരിയുടെ സംഗതിയിൽ എന്റെ അഭിപ്രായം ഏതുപ്രകാരമായിരുന്നു എന്നു നിങ്ങൾക്കു നല്ലവണ്ണം അറിവില്ലാതെയാണ ഞാൻ അതിന്റെ തടസ്സക്കാരനായിരുന്നുഎന്നു ക്ഷണിച്ചിരിക്കുന്നതു. ഡാറാസാഹ്യു ശീമയ്ക്കു പോയശേഷം സ്ക്കൂൾപണിക്കുള്ള ദ്രവ്യം കിട്ടാതെ രണ്ടുകൊല്ലത്തോളം പണി വീഴ്ചയായി കിടന്നതിൽ പിന്നെ പണി വീണ്ടും ആരംഭിക്കുന്നതിനു മെത്രാപ്പോലീത്താതിരുമനസ്സിലേക്കു ഉദ്യമം നൽകിയതു ചാച്ചുമിശ്ശൻ സമൂഹക്കാരായിരുന്നു. കെട്ടിടം കുറെ തീർത്തു കൊടുത്താൽ മാസം ൫൦ രൂപാ ശ്രേലിക്കു എടുത്തുകൊള്ളാമെന്നു അവർ സമ്മതിച്ചു. സ്വന്തമായി പഠിപ്പും നടത്തു

* യോഗ്യന്മാക്കും തെറ്റിപ്പോകാമെന്നുള്ള വിശ്വാസത്തുമ്മേൽ ഞങ്ങനെ പറഞ്ഞതാണ. യോഗ്യന്മാർ എല്ലാം മാർപാപ്പാമാരല്ലല്ലൊ— പ-

ന്നതിനു അത്യാശയോടു ക്രുടിയിരുന്ന തിരുമേനി, അതിന്റെ ഭാരമേറിയ ചുമതലയും താൻ സഹായഹീനൻ ആയിരിക്കുന്നതും ഓർത്തു മനസ്സു മടുത്തിരിക്കെ വാടകകൊണ്ടു പലിശയ്ക്കു വഴി കണ്ടുംകൊണ്ടു കടമായിട്ടും മറ്റും കെട്ടിടം തീർത്തു വാടകയ്ക്കു കൊടുക്കുതന്നെ എന്നുറച്ചു. ഈ നിശ്ചയത്തിൽ നിന്നും സമൂഹ പ്രതിപുരുഷനായ പാദ്രി (മിസ്റ്റർ ആഡംസ) സായ്പിനോടുള്ള വാക്കുകരാറിൽനിന്നും പിൻ വാങ്ങുന്നതിനു സുറിയാനി പ്രധാനികളായി തല്ക്കാലം സിമ്മനാരിയിൽ ഉണ്ടായിരുന്ന ചാലി, തോലൻ മുതൽ പേരുടെ നിർബ്ബന്ധത്താൽ തിരുമനസ്സുകൊണ്ടു എത്രമാത്രം കഷണിച്ചു എന്നും, അതു സംഗതിയിൽ അത്യല്പമായിട്ടെങ്കിലും ഇനിക്കുള്ള ഓഹരി ഏതു പക്ഷത്തിലായിരുന്നു എന്നും സത്യാവസ്ഥ നല്ലവണ്ണം ഗ്രഹിക്കാതെയാണ നിങ്ങൾ എന്നെക്കുറിച്ചു ഇപ്രകാരം സൂചിപ്പിച്ചിരിക്കുന്നതു. നമ്മുടെ വകയായി പഠിത്വം തുടങ്ങുന്നതിനു ഞാൻ ഒരുനാളും തടസ്സക്കാരനല്ലായിരുന്നു. * പക്ഷെ ഇനിക്കു സംശങ്ങൾ ഉണ്ടായിരുന്നു. അവ നിങ്ങൾക്കും ഇല്ലായിരുന്നൊ. സംശങ്ങൾ ഇല്ലായിരുന്ന ഒരാളെ എങ്കിലും പറയാമൊ. സംശങ്ങൾ ഒന്നും ഇല്ലാതെ ആരംഭിക്കപ്പെട്ടുന്ന യാതൊരു സംഗതി എങ്കിലും പറയാമൊ. ഈ ഭാഗം ഇങ്ങിനെ ഇരിക്കട്ടെ.

ഇതു പരസ്യവും ഭാരമേറിയുമായ ഒരു പ്രധാന പാഠശാല നടത്തുന്നതിനു നമ്മുടെ സമുദായവും അതിന്റെ ഒരു ഭാരവാഹിയായി ഇരിക്കുന്നതിനു താങ്കളും ധാരാളം പോരുമെങ്കിൽ, ഇതിനെക്കാൾ എല്ലാംകൊണ്ടും ലഘുവായിരിക്കുന്ന ഒരു ഇംഗ്ലീഷ അച്ചടിയൊ പുസ്തകശാലയൊ ക്രുടെ സ്ഥാപിക്കുന്നതിനു സമുദായം കഴിവില്ലാത്തതും നിങ്ങൾ ആളല്ലാതെയും വരുമെന്നു പറയുന്നതു കായ്യമൊ?. ഇതിൽ നിങ്ങൾക്കു വിശേഷാൽ തടസ്സം ഒന്നും ഇല്ലായിരിക്കുമെന്നു വിശ്വസിക്കുന്നു. എല്ലാവക്കും ഉണ്ടാകാവുന്നതു പോലെ ചില ന്യായമായ സംശയങ്ങൾ ഉണ്ടായിരിക്കാം. അവയെ എല്ലാം ഒരുഭാഗത്തു സംഗ്രഹിച്ചുവെച്ചു ഒന്നു ശ്രമിക്കാം. പക്ഷെ മാർ ദീവന്നാസ്യോസു സിമ്മനാരി പോലെ നടപ്പായ്ചെങ്കിലൊ വല്ല്യ കായ്യമായല്ലൊ.

ഒരു ഭാഗം ക്രുടെ ആലോചിക്കാം. മാർ ദീവന്നാസ്യോസു സിമ്മനാരി സ്ഥാപിച്ചു നടപ്പാക്കുന്നതിനു മുമ്പിൽ ഇങ്ങിനെ ഒരു പാഠശാല വേണമെന്നു ഒരു അഭിമാനി പറഞ്ഞിരുന്നു എങ്കിൽ, ഉദാര ബുദ്ധിക്കു ഭഗ്നോത്സാഹമാക്കുന്ന എത്ര സൂചനകൾ എഴുതി നിങ്ങൾ അവനെ പേയനാക്കികളയുമായിരുന്നു. *

൨. എന്റെ ലേഖനത്തിൽ ഞാൻ പത്രികയെക്കുറിച്ചു പറഞ്ഞിരുന്നതു: "യാതൊരു പ്രത്യേക സംഗതിയും അഭിപ്രായപ്പെടുകയാക

* അല്ലായിരിക്കാം- പക്ഷേൽ അനിശ്ചിതമായിരുന്നതുകൊണ്ടു അതിൽ ഒരു പണി എടുക്കുവാൻ മനസ്സും ധൈര്യവും ഇല്ലായിരുന്നു- ഇപ്പോൾ നിശ്ചയം വന്നതുകൊണ്ടു ആകാമെന്നുണ്ടായിരിക്കും— പ-

* അങ്ങനെയെങ്കിൽ സിമ്മനാരിയുടെ ഭാരവാഹകനാകുവാൻ ഞങ്ങൾ ക്രുടെ സമ്മതിപ്പാൻ ഇടയില്ലല്ലൊ— പ.

ട്ടെ, നടത്തുകയൊ, നടത്തുവാൻ ചുമതലയായി ശ്രമികയൊ ചെയ്തായി പത്രികയെ അഭിനന്ദിക്കുന്നതിനു ഉണ്ടൊ ഇല്ലയൊ ഓക്കുന്നില്ല,, എന്നാണ. * ഞാൻ പറഞ്ഞിരിക്കുന്ന സംഗതികൾ ഒക്കെയും വേണ്ടിയവയാണെന്നു സമ്മതിക്കുന്ന പക്ഷം അവയെ സമ്പാദിക്കാൻ ശ്രമിച്ചു സാധിക്കാതെ വന്നു ശേഷം വേണ്ടിയിരുന്ന അവ പ്രയാസമെന്നൊ അസാദ്ധ്യമെന്നൊ വിധിച്ചു തള്ളിക്കളയേണ്ടിയിരുന്നതു. ലേഖനോദ്ദേശങ്ങളിൽ ഏതിനെ എങ്കിലും സാധിപ്പാൻ ഇടവകപത്രിക ശ്രമിച്ചുതായി തെളിവെടുക്കുന്ന പക്ഷം ആ വിഷയത്തിനു തിരെ മന്ദമായിരുന്ന ഏന്നു വിധി തീർപ്പായാണ. ഃ അതുകയാൽ ഇങ്ങനെ ശ്രമിക്കാതെ തള്ളിക്കളഞ്ഞതാണ സങ്കടമായിട്ടുള്ളതു. ലേഖനവിഷയങ്ങൾ അസാദ്ധ്യമെന്നു നിങ്ങൾക്കു അഭിപ്രായമില്ലന്നു ഞാൻ വിശ്വസിക്കുന്നു. പക്ഷെ സാധിപ്പാൻ കുറെ വിഷമമൊ പ്രയാസമൊ ഉണ്ടായിരിക്കുമെന്നാണ. ബുദ്ധിമുട്ടും പ്രയാസവും കൂടാതെ സാധിച്ചിട്ടുള്ളതൊ സാധിക്കാവുന്നതൊ ആയ വല്ല സംഗതിയും ഉണ്ടൊ?. അതിലും പ്രത്യേകിച്ചു സമുദായവക കാര്യങ്ങൾ, നിമ്മനാദിയും സ്വന്തുകളും കൈവശം കിട്ടുന്നതിനു, മറുള്ളവരുടെ ഇരിക്കട്ടെ, നിങ്ങളുടെ ഒറെ ഒരുവന്റെ പ്രയാസങ്ങൾ നിങ്ങൾ മറന്നിട്ടില്ലല്ലൊ. ** അതിൽ പ്രവേശിക്കുന്ന കാലത്തു സ്ഥാനയിലെ യുക്തികൾ നിങ്ങൾക്കു ഉദിക്കാതെ ഇരിക്കയൊ ഉദിച്ചിട്ടു അവയെ ശ്രാന്തമാക്കുകയൊ ചെയ്യുന്നു സഭയുടെ ഭാഗ്യമെന്നെ കണക്കിടുവാനുള്ളു.

സമുദായവകയായി വലിയ ഒരു ഇംഗ്ലീഷ പഠിത്വവും വലിയ ഒരു മുതലും ഉണ്ടാകുണമെന്നു മെത്രാപ്പോലീത്താ തിരുമനസ്സിലേക്കുള്ള ആഗ്രഹം പുതിയതൊ ചെറിയതൊ അല്ലന്നു പ്രസിദ്ധമാണല്ലൊ. ഇതിനു ഒന്നു സാദ്ധ്യമായി. മറെറ ഉദ്ദേശനിവൃത്തിക്കായി അദ്ദേഹത്തിന്റെ ശ്രമങ്ങളെ ഒന്നെണ്ണുക. എന്റെ ഓർമ്മ പറയാം. (ക) രാമയ്യങ്കാരുടെ കരി തെളിപ്പാൻ തുടങ്ങി. വില രൂപാ മുന്നൂറോം കനം പഠ രൂപയും ചിലവാണ. കരി തെളിഞ്ഞും ഇല്ല. (ഖ) തുടിയിനു കായൽ നികത്തുന്നതിനു ഭാവമായി. ൭൦൦ രൂപാ ചിലവുചെയ്യു. ,,പതിപ്പിച്ചു കൊടുത്തു കൂടാ,, എന്നു കിട്ടിയ ഉത്തരവും വാങ്ങിച്ചു പെട്ടിയിൽ വെച്ചുകൊണ്ടു ഉറങ്ങിക്കളഞ്ഞൊ?. (ന) പിറേറന്നാൾ തുടങ്ങി ചേലച്ചിറയിൽ പണി. ഫലമൊ മേപ്പടി വകപ്പടി. അതുകൊണ്ടും മട്ടുക്കുമൊ?. (ര) കുമരകത്തു ശരിയായിട്ടു നൂറോം പഠ കായൽ കുത്തിയെടുത്തു കൃഷിചെയ്യുകൊയിത്തും കഴിഞ്ഞു. നെല്ലും വള്ളം കേറി വരുന്നതിനു പുഴയിൽ വെള്ളമില്ലാഞ്ഞിട്ടു മഴയും നോക്കി കിടക്കുന്നു. ംരം സംഗതികളിൽ തിരുമേനിയെ നിരുത്സാഹിയാക്കി തീർക്കുന്നതിനു

---

* ഉണ്ടു- ന-ാംപുസ്തകം ന-ാം ഭ-ാം ലക്കങ്ങളിം ര-ാംപുസ്തകം ൧-ാം ലക്കവും നോക്കുക— പ.

ഃ മാർ ജ്ഞാനാത്യാസ സ്മാരകം നടപ്പായെല്ലൊ— പ.

** അതു പറഞ്ഞാൽ തട്ടിനുറം ഇല്ല— പ.

പ്രിയപത്രാധിപരവർകളേ നിങ്ങളും ഞാനും എത്ര കണ്ടു ശ്രമിച്ചിട്ടുണ്ടു. നമ്മുടെയൊ മറ്റു ആരുടെ എങ്കിലുമൊ വൈമുഖ്യത്തെ അതിശയം പ്രമാണിച്ചിരുന്ന എങ്കിൽ അതു എത്ര വലിയ കുത്തിക്കുലയായി പോകുമായിരുന്നു.

ഈ ഉദ്ദാന്തങ്ങളുടെ ലാക്കു, പ്രയാസം കൂടാതെ ഒരുവലിയ കായ്യവും സാധിക്കയില്ലന്നു സാധിപ്പാൻ മാത്രമാണു. അതുകയാൽ ബുദ്ധിമുട്ടുകളെ ഏറുക്കുറെ സഹിപ്പാൻ തയ്യാറായിക്കൊണ്ടു ലേഖന സാദ്ധ്യങ്ങളെ നിറവേറുവാൻ ഒന്നു ശ്രമിക്ക. വീണ്ടും പരിശ്രമിക്ക. മടുത്താൽ പിന്നെയും പരിശ്രമിക്ക, അങ്ങിനെ കായ്യം സിദ്ധമാവോളം കൈവിടുകയുമരുതു. എല്ലാ സമുദായകായ്യങ്ങളും ഇങ്ങിനെ ദീർഘകാലംകൊണ്ടും അക്ഷീണ പരിശ്രമംകൊണ്ടും മാത്രമെ സാധിച്ചു കാണാറുള്ളു.

ഇങ്ങിനെ ഒരു സംഗതിയിലും പത്രിക ശ്രമിച്ചിട്ടില്ലെന്നാണ ഞാൻ പറഞ്ഞിട്ടുള്ളതു. ലേഖനവിഷയങ്ങൾ എല്ലാമൊ ഓരോന്നൊ സാധിപ്പാൻ ഉത്സാഹിക്കുന്നതു യുക്തമായിട്ടുള്ളതെന്നാണ ഞാൻ ഗുണദോഷമായി അപേക്ഷിച്ചിട്ടുള്ളതും. അതുകയാൽ കേവലം പരീക്ഷയ്ക്കായിട്ടെങ്കിലും കുറെ കാലത്തേക്കു ഈ സംഗതികളിൽ ഓരോന്നിനെസാധിപ്പാൻ ശ്രമിക്കണം. സാധിക്കാതെ വന്നാൽ സൂചനയിലെ വിധിപറഞ്ഞു തള്ളിക്കളയുന്നതിനു വിരോധവുമില്ല.

൪. പത്രികയ്ക്കു ലേഖനങ്ങൾ അയച്ചു തരണമെന്നു നമ്മുടെ സമൂഹത്തിൽ പെട്ട "യോഗ്യന്മാരെന്നു വിചാരിക്കപ്പെടുന്നവരോടു അപേക്ഷിച്ചു"തിൽ എത്ര ഭയംകൊണ്ടെങ്കിലും അവർ ആ അപേക്ഷയെ കൈക്കൊള്ളാതെ ഇരുന്നതു ഒട്ടുംയോഗ്യമായില്ലെന്നാണ ഇനിക്കു തോന്നുന്നതു. അവശ്യപ്പെട്ടതും ഏതു വിധമെന്നു പറയുന്നില്ല. * നിജകൃത്യങ്ങളാൽ ഭാരപ്പെട്ടിരിക്കുന്ന ഒരു യോഗ്യനോടു തന്റെ യോഗ്യതയ്ക്കനുരൂപമായ ഒരു ലേഖനം അഞ്ചു മിനിട്ടു കൊണ്ടു എഴുതണമെന്നും, മാസംതോറും മുടങ്ങാതെ പത്രികയ്ക്കു ലേഖനം എഴുതണമെന്നും ഉള്ള വിധത്തിലെ അവശ്യപ്പെട്ടാൽ കുറെ ഞെരുക്കമാകയാൽ പക്ഷെ അദ്ദേഹം വിസമ്മതിക്കയല്ലാതെ തരമുണ്ടെന്നു തോന്നുന്നില്ല. പ്രധാനപട്ടക്കാരോടും സമുദായംഗങ്ങളിൽ സ്ഥാനപരീക്ഷകരായ ഓരൊ പ്രധാനികളോടും, ലേഖകനെപ്പോലെ "ഒരു വിധം യോഗ്യന്മാരായ ഏതാനും പേരോടും, യോഗ്യമായ ഓരൊ വിഷയങ്ങളെ സംബന്ധിച്ചു യഥാശക്തി ചിന്തിച്ചു മനസ്സിരുത്തി എഴുതിയിട്ടുള്ളതും, പേരു തെളിഞ്ഞാൽ ചെമ്പു തെളിയാത്തതും അയ ഓരൊ മുഖപ്രസംഗം കൊല്ലത്തോറും അയച്ചുതന്നു, സഹായഹീനമായിത്തന്നെ ഇത്രകാലം അക്ഷീണപരാക്രമത്തോടു കൂടി പത്രിക നടത്തിവരുന്ന തന്റെ കൈകളെ ബലപ്പെടുത്തേണമെന്നു അവശ്യപ്പെട്ടാൽ തള്ളിക്കളയുന്ന ജാത്യാഭിമാനികൾ നമ്മിൽ ഉണ്ടെന്നു തോന്നുന്നില്ല.

൫. പ്രിയവായനകാരാ പത്രാധിപർ അവർകളും ഞാനും തമ്മിൽ

* ഇതു തെളിച്ചു പറഞ്ഞാൽ സമുദായത്തിൽ ചില യോഗ്യന്മാർ മുഷിയും— പ-

ഏറെക്കാലമായി ''ഇഷ്ടം''മാണ്. വിവാദ ലേഖനത്തിൽ പ്രകടിപ്പിച്ചിരിക്കുന്ന സൂത്രത്തിലെ എന്റെ അഭിപ്രായങ്ങളെ പലഅവസരങ്ങളിലും പത്രാധിപർ തന്റെ പരിപക്വ ഗുണദോഷങ്ങളാകുന്ന സൂചനകളാൽ ശാന്തരപ്പെടുത്തിയിട്ടും ഉണ്ട്. ഇനിക്ക് അദ്ദേഹത്തിന്റെ അത്രയോ ചനകളിൽ സദാ സഥായിയായ വിശ്വാസവും ആദരവുമുള്ളതാണ്. സമർത്ഥബുദ്ധിയായിരിക്കുന്ന താൻ വിവാദ ലേഖനത്തെ സംബന്ധിച്ചു സൂചന എഴുതിയപ്പോൾ അതിലെ യുക്തികൾ ഇവ്വണ്ണം ഭസ്മപ്രായമാണന്നു അറിഞ്ഞുകൊണ്ടു തന്നെയാണ എഴുതിയിരിക്കുന്നതും. പിന്നെ ഈ സൂചനയുടെ ലാക്കു എന്തെന്നു പറയാം. ലേഖനം എഴുതുന്നതിനു ഇനിക്കു ഒരു കാരണമുണ്ടാകി തീർക്കണമെന്നു മാത്രമെ അദ്ദേഹത്തിനു ആന്തരമുണ്ടായിരുന്നുള്ളു. അതു ഒട്ടു സാദ്ധ്യവുമായെല്ലൊ. ലേഖനങ്ങൾ എഴുതിഅയക്കാതെയിരുന്ന മറ്റുഓരോരുത്തരോടും ഈ വിദ്യ തന്നെ പെരുമാറിയിരുന്നു എങ്കിൽ സൂചനയിൽ അവരെക്കുറിച്ചുപറയുന്ന ആവലാധിക്കുകാരണമെ ഉണ്ടാകയില്ലായിരുന്നു.

ഒരു ഇഷ്ടൻ.

ഈ ലേഖകൻ ഞങ്ങളുടെ ഇഷ്ടൻ എന്നുള്ള, അത്യന്ത ഇഷ്ടന്മാരിൽ ഒരുവനാണ അദ്ദേഹത്തിന്റെ ലേഖനത്തിൽ ഞങ്ങൾക്കു ചില വിപരീത അഭിപ്രായങ്ങളോ അഥവാ ആക്ഷേപങ്ങളോ ഉള്ളതു അപ്പിടിപ്പിടെ മുഖത്തിൽ നോക്കു ചെയ്യിട്ടുണ്ട്. പരിശ്രമത്താൽ സാധിക്കുകാത്തതു ഒന്നുമില്ലന്നുള്ളതു ശരിതന്നെ. എന്നുവച്ചു യൂറോപ്പിലെയൊ അമേരിക്കയിലെയൊ പരിഷ്കാരങ്ങളെ നോക്കികൊണ്ടു അതുപോണം ഇതും വേണമെന്നു വച്ചു തുടങ്ങിയാൽ ക്രമം ഒക്കാതെ പിരികയെ ഉള്ളു. ഇരുന്നിട്ടു പോണം കാലുനീട്ടാൻ. ഇംഗ്ലീഷ അച്ചുകൂടം, ഇംഗ്ലീഷ പത്രിക മുതലായി ലേഖകൻ പറയുന്നതും പറയാത്തതുമായ പരിഷ്കാരങ്ങൾ അനേകമുണ്ടു- നമ്മുടെ സമുദായം മലയാളക്കാരും അവരുടെഭാഷ മലയാളവും ആയിരിക്കുന്ന സഥിതിക്കു മലയാള അച്ചുടി മൂലം വരുത്താവുന്ന പരിശേഷങ്ങൾ കഴിഞ്ഞിട്ടല്ലെ മറുഭാഷയിൽ പ്രവേശിക്കുന്നതു. മലയാളം കഴിഞ്ഞാൽ പിന്നെ അടുത്ത ആവശ്യം സുറിയാനിയാണ. അതും കഴിഞ്ഞിട്ടെ ഇംഗ്ലീഷ അച്ചുടിയും പത്രവും ആവശ്യമുള്ളു. ക്രൻ-ാം നൂറാണ്ടു അപമാനിക്കുന്നതിനു മുമ്പു അത്യന്തം ഒഴിച്ചുകൂടാത്തതു നിവർത്തിച്ചാൽ നന്നായിരുന്നു.

ഇംഗ്ലീഷു സിമ്മനാരിയും, മലയാള അച്ചുകൂടവും, ഇടവകപത്രികയും നടത്തിയതു പരിശ്രമംകൊണ്ടാണന്നും, ലേഖകൻ ആവശ്യപ്പെടുന്നതിനു അത്രയും ശ്രമം ക്രൂടെ വേണ്ടിവരികയില്ലന്നുമാണ അദ്ദേഹത്തിന്റെ യുക്തിയെന്നു കാണുന്നു. നടത്തുന്നതു മുടിപ്പുണിയാക്കി ഇട്ടുംവച്ചു പോരൊന്നു തുടങ്ങുകയൊ നടത്തിയതു ഭംഗിയാക്കുകയൊ ആവശ്യം?. സിമ്മനാരി ഇത്രയും നടത്തിവരുന്നതിനു എന്തുബുദ്ധിമുട്ടുണ്ടെന്നും എന്തു കടമുണ്ടെന്നും അതു നീക്കാനുള്ള മാർഗ്ഗമെന്തെന്നും ഒരു ലേഖകൻ അറിയുകയൊ ആലോചിക്കുകയൊ ചെയ്യിട്ടില്ലായിരിക്കും. അതിനു ശാശ്വതമായ ഒരു ധനം ഉണ്ടാകുന്നതു ആവശ്യമല്ലയൊ? മലയാള അച്ചുകൂടം നടത്തിയതു സഥിരോത്സാഹമെന്ന പറഞ്ഞുകൂടാ. അച്ചുകൂടം പണ്ടെ ഉള്ളതാണ. പത്രികയും വാങ്ങിപ്പാൻ ആൾ ഉള്ളതുകൊണ്ടു ഒരുവിധം നടത്തിപ്പോകാം. അതുപോലെയല്ല ലേഖകൻ ആവശ്യപ്പെടുന്ന സംഗതികൾ. മൻകൂർ പണം രൊക്കം ആയിരമായിരങ്ങളായി വേണം. ഉത്സാഹത്താൽ ഉണ്ടാകുമല്ലൊ എന്നു പറയും. മുടിപ്പുണിയായി കിടക്കുന്ന വേലകൾ മുഴുവനായി കണ്ടിടല്ലെ മറെറാന്നിനു ഉത്സാഹിക്കുന്നതു. ദ്രോസ്നെശെയ്ക്കു കല്ലിട്ടിട്ടു മാസം എത്രയായി. കമ്മട്ടികാർ കഴിയുന്ന ശ്രമങ്ങൾ ചെയ്യിട്ടും കുറെ സാമാനങ്ങൾ ശേഖരപ്പെടാതല്ലാതെ കല്ലിന്മേൽ കല്ലു വയ്ക്കുവാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ആശാരിയുടേയും ക്രലികാരുടേയും മുതുകംകൊണ്ടാണന്നും ധരിക്കുപോകരുത്. ''നീട്ടിപ്പിടിച്ചു എഴുതുന്നതു പോലെയല്ല പ്രവൃത്തി'' എന്നു ഞങ്ങൾ മുൻപ്രാവശ്യം പറഞ്ഞതു പോലെ വരിയും വാറും നീട്ടിപ്പിടിച്ചു എഴുതുന്നതുപോലെയല്ല പിരിവു.

"ശ്രമിക, പിന്നേം ശ്രമിക, മട്ടുത്താൽ പിന്നെയും ശ്രമിക" എന്നുള്ള പ്രമാണം ശരിതന്നെ. എന്നുവച്ചു നൂറു സംഗതിക്കു ഒരേസമയത്തു ശ്രമിച്ചാൽ സാധിക്കുമെന്നു തോന്നുന്നില്ല. സമുദായത്തിൽ ഒരു പ്രത്യേക ചുമതലയുള്ള ലേഖകനെ തിരുമേനി ഒരിക്കൽ അധ്യക്ഷപ്പെടുകയും ഈ അഭിപ്രായത്തെ ഞങ്ങൾ പറകയും ചെയ്തപ്പോൾ മേൽഗതിയെക്കുറിച്ചു "ശ്രമിക്കാനും പിന്നേം ശ്രമിക്കാനും" ധൈര്യമില്ലാഞ്ഞിട്ടു ഒഴിഞ്ഞതു ഓർക്കുമ്പോൾ ഉദ്യോഗത്തിനും കടലാസിൽ കാണിക്കുന്ന ചുണപ്രവൃത്തിയിൽ വരുമ്പോൾ ഉള്ളെന്നു കാണുന്നു.

പത്രാധിപർ.

ദാവീദിന്റെ സിംഹാസനം

പ്രാചീന ഇസ്രായെൽ ജനങ്ങളെ ദാവീദുരാജാവ സിംഹാസനസ്ഥനായിരിക്കുമ്പോൾ എന്നുള്ളതു ക്രിസ്തീയ വേദപുസ്തകത്തെ വിശ്വസിക്കുന്ന എല്ലാവരും ഒരുപോലെ സമ്മതിക്കുന്നതാണല്ലൊ. എന്നാൽ ആ രാജ്യത്തിന്റെ ഏതൽകാലാവസ്ഥയെയും അതിപ്പോൾ ഏവിടെയാകുന്നു എന്നതിനെയും അതിനു ഏവിടെ സ്ഥാപിക്കപ്പെട്ടുമെന്നുള്ളതിനെയും അതിന്റെ രാജാവ ആരായിരിക്കുമെന്നുള്ളതിനെയും സംബന്ധിച്ചു പലർക്കും ഭിന്നാഭിപ്രായങ്ങൾ ഉണ്ടായിക്കാം. വിദ്വാന്മാരുടെ അഭിപ്രായങ്ങളും പല മുഖ്യ സംഗതികളിലും ഭിന്നിച്ചു കാണപ്പെടുന്നതിനാൽ വേദപുസ്തക സാക്ഷികളെകൊണ്ടു മാത്രം മേൽപ്രസ്താവിക്കപ്പെട്ട സംഗതികളുടെ ഒരു വാസ്തവമായ അഭിപ്രായം എഴുതുന്നതിനു ശ്രമിക്കാം.

ദാവീദിന്റെ സിംഹാസനം ദൈവത്തിന്റെ സ്വന്തം സിംഹാസനമായിരുന്നു. എന്തെന്നാൽ ദാവീദ് ഇപ്രകാരം പറഞ്ഞിരിക്കുന്നു. "എന്റെ പുത്രനായ ശലൊമോനെ ഇസ്രായെലിന്മേൽ യഹോവായുടെരാജ്യത്തെ സിംഹാസനത്തിന്മേൽ ഇരിപ്പാൻ അവൻ തെരിഞ്ഞെടുത്തിരിക്കുന്നു." ൧ ദി. നാളാഗമം ൨൮- ൫, ശലൊമൊൻ ദാവീദിന്റെ പ്രഥമപുത്രനായിരുന്നു എന്നു ഇതിനാൽ തെളിയുന്നു. ഈ സ്ഥിതിക്കു ദൈവത്തിൽനിന്നു ശലൊമോനു ചില ഉടമ്പടികൾ ലഭിച്ചു എന്നത താഴെപറയുന്ന വാക്യങ്ങളാൽ സ്പഷ്ടമാകുന്നു. "ഞാൻ നിന്നോടു (ശലൊമെനൊടു) കല്പിച്ചപ്രകാരം ഒക്കയും നിവൃത്തിയുന്നതിനു എന്റെ മുമ്പാകെ പൂർണഹൃദയത്തിലെ പരമാർത്ഥതയോടും നേരോടും നിന്റെ പിതാവായ ദാവീദ നടന്നപ്രകാരം നീനടക്കയും എന്റെ കല്പനചട്ടങ്ങളെയും എന്റെ ന്യായങ്ങളെയും പ്രമാണിക്കയും ചെയ്യാതു.....ഇസ്രായെലിന്മേലുള്ള നിന്റെരാജ്യഭാരത്തിന്റെ ആസനത്തെ ഞാൻ എന്നേക്കും സ്ഥിരപ്പെടുത്തും. നിങ്ങളും നിങ്ങളുടെപുത്രന്മാരും എന്നെ പിന്തുടരുന്നതിൽ നിന്നുമാറി.....ചെന്നു അന്യദൈവങ്ങളെ സേവിച്ചുവന്ദിച്ചാൽ ഞാൻ ഇസ്രായെലിന്നു കൊടുത്തിട്ടുള്ള ദേശത്തുനിന്നു അവരെ നിർമ്മൂലമാക്കും." ൧ രാജാ. ൯- ൬, "ഞാൻ രാജ്യത്തെ നിന്നിൽ നിന്നു അശേഷം ചോദിച്ചു അതിനെ നിന്റെ ഭൃത്യനു കൊടുക്കുന്നുണ്ടു. എങ്കിലും നിന്റെ പിതാവായ ദാവീദിന്റെ നിമിത്തം ഞാൻ അതിനെ നിന്റെ ജീവസമ്പത്തിൽ തന്നെ ചെയ്യുകയില്ല. നിന്റെ പുത്ര

ന്റെ കയ്യിൽനിന്നു അതിനെ ചോദിക്കുംതാനും" ക്രരാജാ-ക്ര-ക്ര-ക്ര-ക്ര-

ശലൊമോൻ ദൈവത്തിന്റെ കല്പനകൾക്കു വിപരീതമായി നടന്നു എന്നും രാജ്യത്തെ നശിപ്പിക്കുമെന്നു ദൈവം പ്രതിജ്ഞചെയ്തു എന്നും ഇതിനാൽ തെളിയുന്നു.

"ഞാൻ നിന്റെ ഉദരത്തിലെ ഫലത്തിൽ നിന്നു നിന്റെ സിംഹാസനത്തിന്മേൽ ഇരുത്തുമെന്നു യഹോവാ ദാവീദിനോടു സത്യമായിട്ടു ആണയിട്ടു. അവൻ അതിൽ നിന്നു വിട്ടുമാറുകയുമില്ല" എന്നു സങ്കീർത്തനം ക്രസ-ക്രക്ര-ൽ കാണുന്നതുകൊണ്ടു "ഈ സത്യമായ ആണ"യിൽ നിന്നു ദൈവം തെറ്റി പ്രവൃത്തിക്കുന്നതല്ലല്ലൊ.

ഇനി നാം ആലോചിപ്പാനുള്ളതു ഈ "ഉദരത്തിലെഫലം" ശലോമോനൊ അതൊ വേറെ വല്ലവരുമൊ ആയിരിക്കുമെന്നുള്ളതിനെപ്പറ്റിയാകുന്നു. അപ്പൊസ്തലന്മാരുടെ നടപ്പുകൾ ക-നാ-ൽ ഇപ്രകാരം കാണുന്നു. "ഏകനാൽ അവൻ (ദാവീദ) പ്രവാചകനാകയാൽ ദൈവം അവന്റെ കടിപ്രദേശത്തിലെ ഫലത്തിൽനിന്നു ജഡപ്രകാരം ക്രിസ്തുവിനെ എഴുനേല്പിപ്പാൻ അവന്റെ സിംഹാസനത്തിൽ ഇരുത്തും എന്നു തന്നോടു ആണയിട്ടു ഉറപ്പിച്ചു" ശുദ്ധ: പത്രൊസിന്റെ ഈ വചനം നമ്മുടെ എല്ലാ സംശങ്ങളെയും ഇല്ലാതാക്കുകയും യെശു ക്രിസ്തു ദാവീദിന്റെ അവകാശിയാണെന്നു തെളിയിക്കയും ചെയ്യുന്നു.

ഹെസക്കേൽ ക-ക്ര-ൽ ഇപ്രകാരം കാണുന്നു. "ഞാൻ അതിനെ മറിച്ചുകളയും, മറിച്ചുകളയും, മറിച്ചുകളയും. അതു ആർക്കു ന്യായമായിരിക്കുന്നുവൊ അവൻ വരുന്നതു വരെയും അതു ഇല്ലാതിരിക്കും. അവനുതന്നെ ഞാൻ അതിനെ കൊടുക്കും" ദൈവം ഇപ്രകാരം അരുളിചെയ്തിരിക്കുന്നതു ക്രിസ്തുവിനെ ഉദ്ദേശിച്ചാണെന്നുള്ളതു നിർവിവാദമാണെല്ലൊ.

ദൈവദൂതൻ കന്യകമറിയത്തൊടു ഇപ്രകാരംപറയുന്നു. "കർത്താവായ ദൈവം അവന്റെ പിതാവായ ദാവീദിന്റെ സിംഹാസനത്തെ അവനു കൊടുക്കും" ലൂകൊ ക്ര-നാ-ൽ ഏശായാ പ്രവാചകൻ യെശുവിനെപ്പറ്റി പറഞ്ഞിരിക്കുന്നതും ഇതും തമ്മിൽ വളരെ യൊജിപ്പുണ്ടു. "ആധിപത്യം അവന്റെ തോളിന്മേൽ ഇരിക്കും.....ദാവീദിന്റെ സിംഹാസനത്തിന്മേലും അവന്റെ രാജ്യത്തിന്മേലും ഏശായാ-ൽ-ന്യ—ൽ

യെശു ഇപ്പൊൾ ദാവീദിന്റെ സിംഹാസനത്തിന്മേൽ ഇരിക്കുന്നില്ല. അവൻ മദ്ധ്യസ്ഥത പറയുന്ന ഒരുത്തന്റെ നിലയിൽ ദൈവത്തിന്റെ വലത്തുഭാഗത്തു ഇരിക്കുന്നു. അവനായി വാശുത്തം ചെയ്യപ്പെട്ടിരിക്കുന്ന സിംഹാസനത്തിന്മേൽ ഇരിക്കുന്നതിനുള്ള സമയം വരുന്നതുവരെ അവൻ ഈ ഉദ്യോഗത്തിൽ തന്നെ ഇരിക്കുന്നതുമാണ.

ദാവീദിനു ഒരു സിംഹാസനം സ്വർഗ്ഗത്തിൽ ഉണ്ടായിരുന്നില്ലെന്നു നടപ്പുകൾ ക-നാ-ൽ "ദാവീദു സ്വർഗ്ഗത്തിലേക്കു കരേറിപ്പോയിട്ടില്ലല്ലൊ" എന്നു ശുദ്ധ: പത്രൊസ പറയുന്നതിനാൽ തെളിയുന്നു. "യ

ഹൊവാ അവരുടെ മേൽ സീയൊൻപവ്തത്തിൽ ഇതുമുതൽ എന്നെക്കും ഭരിക്കയുംചെയ്യും" മീഖാ ൪- ൭- "അനന്തരം രാജ്യവും അധികാരവും എല്ലാം ആകാശത്തിൻകീഴുള്ള രാജ്യത്തിന്റെ മഹത്വവും അത്യുന്നതനായവന്റെ ശുദ്ധിമാന്മാരായ ജനത്തിന്നു കൊടുക്കപ്പെട്ടം. അവന്റെ രാജ്യം എന്നെക്കുമുള്ള രാജ്യം ആകുന്നു". ദാനി ൭- ൨൭

നമ്മുടെ രക്ഷകനായ മിശിഹാ ഇപ്രകാരം കല്പിച്ചിരിക്കുന്നു. "പിന്നെ മനുഷ്യപുത്രൻ തന്റെ മഹത്വത്തോടെ സകല വിശുദ്ധ ദൂതന്മാരായി വരുമ്പോൾ അവൻ തന്റെ മഹത്വത്തിന്റെ സിംഹാസനത്തിൽ ഇരിക്കും" മത്താ- ൨൫- ൩൧. "അപ്പോൾ സൈന്യങ്ങളുടെ യഹൊവാ സീയൊൻ പവ്തത്തിലും യെറുശലെമിലും തന്റെ വൃദ്ധന്മാരുടെ മുമ്പാകെയും മഹത്വത്തോടെ രാജ്യഭാരം ചെയ്യുമ്പോൾ ചന്ദ്രൻ ഭ്രമിക്കും. ഞായിത്യൻ ലജ്ജിക്കയും ചെയ്യും" ഏശാ ൨൪- ൨൩

ആ ഭയങ്കരമായ സമയം ഇതാ സമീപിച്ചു വരുന്നു. ആയതിനാൽ പ്രിയ വായനകാരെ ആ പരിശുദ്ധ നൃപന്റെ സ്വാമിഭക്തിയുള്ള പ്രജകളായി അനന്തസൌഭാഗ്യത്തെ അനുഭവിക്കുന്നതിനു സഹായത്തിപ്പീൻ.

എം. പി. വി.

മറഞ്ഞിരിക്കുന്ന സത്യം.

സത്യനാളകാഹളം ഫ്രഞ്ച്-ാം പുസ്തകം ഫ്രൻ-ാം ലക്കത്തിൽ "പ്രാചീനശരീരശേഷിപ്പുകൾ എന്ന തലക്കെട്ടോടുകൂടെ അത്തുങ്കൽ പള്ളി എടവകയിൽനിന്നും ഒരു സത്യവാർത്തപ്രിയൻ എന്ന നാമവും ധരിച്ചു ഒരു ലേഖകൻ പ്രസ്താവിച്ചിരിക്കുന്ന ആ പത്രത്തെ ഞാനും വായിക്കുന്നതിനു സംഗതി ആയി. അതിനു പറയുന്നതാവിതു, ടി. പള്ളിയെ ഇപ്പോൾ ഭരിച്ചുവരുന്ന ബഃ വിഗാരി പ്രംസിസ്കൂശപിയാർ തെറ്റെറാത്തവർപ്പെടെ പരിശ്രമത്താൽ ടി. പള്ളിയുടെ ഇടയിലെ കുരിശൊടുകൂടി കിഴക്കൊട്ട ദൃശ്യമായിനില്പുള്ള മുകപ്പുഒന്നും നീക്കി തൽസ്ഥാനത്തിൽ വിശേഷ മാതൃകയിൽ ഒരു കെട്ടിടം പണിയിപ്പിക്കുന്നതിനു ആരംഭിക്കുമളവിൽ കുരിശിന്റെ കിഴക്കെ ഭിത്തിക്കും പഴയ മുകപ്പിന്റെ ഉള്ളിലുമായി അക്കവളവിന്റെ ഭാവത്തിൽ പണിതിരിക്കുന്ന കല്ലുകളെ കല്പണിക്കാർ വെട്ടിപൊളിക്കയിൽ ഉള്ളിൽ എന്തൊ ഒരു മുറിയുടെ സാദൃശ്യം ദൃഷ്ടിയിൽ കാണുകയും ഉടൻ ബഃ വിഗാരിയും കൈക്കാരന്മാരും തല്ക്കാലം ഉണ്ടായിരുന്ന ചിലയോഗക്കാരുംകൂടി കല്ലുകൾ മുഴുവനും നീക്കിച്ചുനോക്കിയതിൽ ഉൾഭാഗം ഏറ്റവും വിശേഷമാതൃകയിൽ ഉണ്ടാക്കപ്പെട്ട ഒരു കുഴിമാടവും അതിൽ രണ്ടുപേരുടെ ശരീര ശേഷിപ്പായ അസ്ഥികൾ ഒന്നൊഴിയാതെയും തമ്മിൽ വേർപെടാതെയും ഇതൊടുകൂടി ചില ലഘുവായ പൊൻവെള്ളി കഷണങ്ങളും ഒന്നരരണ്ടു ഇരിമ്പിന്റെ വലിയ ആണികളും കാണപ്പെട്ടു എന്നും ഒരം കാണപ്പെട്ട ശേഷിപ്പുകൾ ആരുടെതെന്നു ആരാഞ്ഞന്വഷിച്ചതിൽ ഇരുനൂറു കൊല്ലങ്ങൾ

ക്കുമുമ്പെ പോർത്തുഗാൽക്കാരായ രണ്ടു വന്ദ്യ ഗുരുഭൂതന്മാർ ടി. പള്ളിയെ ഭരിച്ചിരുന്ന എന്നും അവരുടെ ജീവിതകാലത്തിൽ അവർക്കായി ഉണ്ടാക്കപ്പെട്ട ശ്മശാനസ്ഥലമാണ ഇതെന്നും ഇവർ മുമ്പുചിലായി പരലോകപ്രാപ്തന്മാരായശേഷം ഇതിൽ അടക്കീട്ടുള്ളതാണന്നും അതപ്പാടെ ഒരും കുഴിമാടത്തിൽ ശേഷിച്ച ശേഷിപ്പുകളും അതിന്റെ ഉള്ളിലുള്ള അപൂർവ്വ സാദൃശ്യങ്ങളും ഉറുനോക്കിയതിൽ ആശ്ചര്യപ്പെട്ടവാൻ തക്ക പല പല ലക്ഷണങ്ങൾ കാണുകയും ചെയ്തതിനാൽ ഭദ്രമായി അടപ്പിച്ചും മേലാവിൽ ബോധിപ്പിച്ച ഉണ്ടാകുന്ന തീരുമാനം അനുസരിച്ച എന്തെങ്കിലും പ്രവൃത്തിക്കാമെന്നനിശ്ചയിച്ച പാർത്തിരിക്കുന്ന എന്നും ഇതെസംബന്ധിച്ച മേല്പറഞ്ഞഗുരുഭൂതന്മാരെ പുകഴ്ത്തിയും വാഴ്ത്തിയും പല സംഗതികളും വിവരിച്ചിട്ടുണ്ട. ഇവയെ ഞാൻ വായിച്ചുകണ്ടപ്പോൾ സന്ദർഭസ്ഥിതിമുഴുവനും മനസ്സിലായി ഒരും ലേഖകന്റെ അറിവില്ലായ്കമേലും തിരിവില്ലായ്കമേലും ആശ്ചര്യവും അപൂർവ്വവും തോന്നിപ്പോയി. അത്രയുമല്ല, വെളിപ്പെടാതെ രഹസ്യമായിരിക്കുന്നതു ഒന്നുമില്ല അറിയപ്പെടാതെ മറഞ്ഞിരിക്കുന്നതുമില്ല എന്നുള്ള തിരുവാക്യത്തെ എന്റെഓർമ്മയിൽ വന്ന ഞെട്ടിഭ്രമിച്ച നീതിസ്വരൂപിയായിരിക്കുന്ന ദൈവത്തിന്റെ ന്യായ വിധിയെ ഞാൻ ഓർത്തു വിറച്ചുപോയി.

എന്തുകൊണ്ടന്നാൽ ലേഖകൻ പറയുന്ന വന്ദ്യ ഗുരുഭൂതന്മാർ ജെസുവീത്തർ എന്ന പറയുന്ന ഒരംശൊസഭക്കാർ പാതിരിമാർ ആയിരുന്ന അപ്പോർത്തുഗാൽക്കാർ പുരുഷികളാൽ പണി ചെയ്യിച്ചിരിക്കുന്ന ആശ്രമങ്ങൾ ദേവാലയങ്ങൾ കെട്ടിടങ്ങൾ എവിടെയും അന്വഷിച്ച പരിശൊധനകഴിച്ചാൽ ഇവരു സഞ്ചരിച്ചും പെരുമാറിയും വന്ന എല്ലാ സ്ഥലങ്ങളിലും രാജ്യങ്ങളിലും ഇങ്ങനെയുള്ള രഹസ്യസ്ഥലങ്ങൾ ശ്മശാനസ്ഥലങ്ങളായിട്ടും മറും പലവിധ സൂത്രങ്ങളാൽ പണിചെയ്യപ്പെട്ടതായിട്ടും കാണും എന്നാൽ അവകൾ അവരെ അടക്കും ചെയ്യുന്നതിനല്ല പിന്നയൊ അവരുടെ വിശ്വാസവും ഉപദെശവും അനുസരിക്കാത്ത മേല്പട്ടകാർ സന്ന്യാസികൾ ഗുരുഭൂതന്മാർ ഏവരെയും ഹിംസിക്ക നാട്ടകടത്തുക ഒരംവിധം അവരാൽ പണിചെയ്യിച്ചിട്ടുള്ള ശ്രദ്ധസ്ഥലങ്ങളിൽവച്ച ദഹിപ്പിക്ക സമുദ്രത്തിൽ കെട്ടിതാഴ്ത്തുക മുതലായ അക്രമപാതകങ്ങൾ ചെയ്യുക അവരുടെ സാധാരണ നടപ്പായിരുന്ന എന്ന അറിയാത്ത രാജ്യങ്ങളും ദേശങ്ങളും പരിഷകളും ഇല്ലന്നുള്ളതു ചരിത്രങ്ങളാൽ തെളിവായിരിക്കുന്നില്ലയൊ. ഇങ്ങനെയുള്ള ശ്രദ്ധസ്ഥലങ്ങൾ ദണ്ഡനസ്ഥലങ്ങൾ എന്നതെ പറയുന്നതു. അതുകൊണ്ടു പ്രാചീന ശരീരശേഷിപ്പുകൾ എന്ന ലേഖകൻ തലകെട്ടൊടുകൂടെ രചിച്ചിരിക്കുന്ന സംഗതികളുടെ സത്യാവസ്തുയെ ചരിത്രത്താലും അവിടത്തന്നെ ഇരുപതു സംവത്സരത്തിനു മുമ്പുണ്ടായിരുന്ന പഴമ പരിചയമുള്ള ചില വൃദ്ധന്മാരൊടു ചോദിച്ചറിഞ്ഞിട്ടുള്ള അറിവു പൊലെയും ഒരും സംഭവത്തിന്റെയഥാർത്ഥം ചുരുക്കിപറയുന്ന. എന്നാൽ ഇതെവരെയും വെളിപ്പെടാതെ ഒരും മറയിൽ ഇരുന്നകാര്യം ഇരുപതു കൊല്ല

ത്തിനുമുമ്പ ചോദിച്ചറിവാൻ കാരണമെന്തന്ന ഒരു ചോദ്യത്തിന്നിടയുണ്ടന്ന വിചാരിക്കാം. അതിനാൽ ചോദ്യത്തിനു മുമ്പ അല്പം പറയുന്നു അതായ്. അത്തുങ്കൽ വെളുത്തച്ചൻ എന്നൊരു പാച്ചിലും അവിടെ ചില പ്രത്യക്ഷങ്ങളും നടന്നവരുന്നപ്രകാരം മലയാളം ഒട്ടുക ക്രിസ്ത്യാനികളുടെ ഇടയിൽ മാത്രമല്ല അജ്ഞാനികളുടെ ഇടയിലും പറച്ചിലും വിശ്വാസവും നടപ്പായിരുന്നു. ഇതുതന്നെ പഴമ പരിചയമുള്ളവരൊട്ട ചോദിപ്പാൻകാരണം അത്തുങ്കൽ വെളുത്തച്ചൻ എന്നു പറയുന്നു ഏന്തു, ആരെ- അതിനുള്ള കാരണമെന്ത. പുരാതനമായിട്ട ഇങ്ങനെതന്നെ പറഞ്ഞുവരുന്നൊ- അതൊ എടയിൽ ഉണ്ടായ്യൊ- എത്ര കാലമായി.

ഇനി പറഞ്ഞുവന്നസംശതികളുടെ യഥാർത്ഥം ചുരുക്കിപറയട്ടെ. മിശിഹാകാലം ഏന്നുദിനം- നു കൊല്ലം പൂർവ്വ- ൽ പരദേശത്തുനിന്നും മാർ ഇഗ്നാത്യോസ എന്ന ഒരുമേല്പട്ടകാരനും തന്നൊടുകൂടെ തുണകാരരായി അബ്ദുള്ളാ എന്നൊരു കശീശായും ഏറമ്യാ എന്നൊരു അരുപട്ടകാരൻ സന്ന്യാസിയുംകൂടി മലയാളത്തിലുള്ള സുറിയാനിക്കാരുടെ അടുക്കലെക്ക വരുവാനായിട്ട യാത്ര പുപ്പെട്ട ഉരുവിൽ മദ്രാസു പട്ടണത്തിൽ ഇറങ്ങി മൈലാപ്പുരിൽ വന്ന ചേന്നാറെ അവിടുത്തെ പുങ്കിക്രൂട്ടം അവിടെ തടഞ്ഞു പ്പാപ്പിച്ചിരിക്കയിൽ ആ കാലത്തിലെ നടപ്പുപൊലെ പെങ്ങനൂർ ഇട്ടിശെമ്മാശ്ശും കുറവലങ്ങാട്ട കിഴക്കെടത്തു കുയ്യൻ ശെമ്മാശ്ശും മാർ തൊമ്മാശ്ലീഹായുടെ കബുറുകൽ കുമ്പിടുവാനായിട്ട മൈലാപ്പുരിൽ ചെന്നിട്ടുണ്ടായിരുന്നു. ഇവർ മെല്പട്ടകാരനെ കണ്ടു പുങ്കികളാൽ നടത്തിവരുന്ന അന്യായങ്ങൾ കുഴപ്പുകൾ ഞെരുക്കങ്ങളെയും വിവരംപൊലെ സങ്കടത്തൊടുകൂടെ അറുവിച്ചതിൽ മേല്പട്ടകാരനും വളരെ ഖേദിച്ചു- ഉടൻ വിവരം പുങ്കികൾ അറിഞ്ഞാറെ മേല്പട്ടകാരനെ ഒരുമുറിയിൽ ആക്കി കാവലും വച്ചു- ഇതിനാൽ പുങ്കികൾതന്നെ അപജയപ്പെടുത്തുവാൻ വട്ടം കൂട്ടുകയാണന്ന ബൊധികയാൽ അക്കാലം മലയാളത്തുള്ള സുറിയാനിക്കാക്ക തലവനായിരുന്ന തൊമ്മാ അക്കിയാകൊനെ ഏഴുപിസ്സൊപ്പാ അയിട്ടുവാഴിച്ചുകൊള്ളുതക്കവണ്ണം കല്പനയുംകൊടുത്തു മേല്പറയപ്പെട്ട ശെമ്മാശ്ശന്മാർ ഇരുവരെയും രഹസ്യമായി അയയ്യും ചെയ്യു. ഉടൻതന്നെ പുങ്കികൾ മേല്പട്ടകാരനെ പിടിച്ചു ബന്ധൊവസ്സൊട്ടുകൂടെ കൊച്ചീകോട്ടയിലെക്ക അയക്കയും ചെയ്യു- കോട്ടയിൽ എത്തിയാറെ വയൊധികനായ മേല്പട്ടകാരനെ അധികം ഉരിതപ്പെടുത്താതെ കഴുത്തിൽ ഒരുകല്ലും കെട്ടി പുഴയുടെനടുവിൽ പുങ്കികൾ താഴ്ത്തികൊല്ലുകയും ചെയ്യു. അതിനുകൊച്ചീരാജാവും പുങ്കികൾക്ക സ്വാധീനമായിരുന്നു. ആകയാൽ സ്വാഗ്സ്വതനായ രാജാക്കളുടെ രാജാവ ശക്തിയുള്ളദൈവം ആനാഴികയിൽതന്നെ രാജാവിന്മെലും ശിക്ഷ ഇറക്കാതിരുന്നില്ല. എങ്ങനെ എന്നാൽ മേല്പറയപ്പെട്ട ശുദ്ധ: മേല്പട്ടകാരനെ കെട്ടി താഴ്ത്തുന്നതിനു കോട്ടയിൽ പുങ്കികൾ വട്ടംകൂട്ടിയസമയംതന്നെ രാജാവു കോവിലതകത്തു മാളികയുടെ ഗോവണിയിൽനിന്നു വീണു തലകീറി ഉടനെ തീപ്പെട്ടുപൊകയും ചെയ്യു. ഏ

ന്നാൽ ഒരു ശൂദ്ധ: വയൊധികന്റെ ശരീരം കടലിന്റെ തിരകൾ അടിച്ചു അത്തുകൽ പള്ളിക്ക സമീപിച്ചു കടലവായ്ക്കരെ ഇട്ടപ്പിക്കയും അന്നുണ്ടായിരുന്ന ജനങ്ങൾപലരും കണ്ടു ആശ്ചര്യപ്പെടുകയും ഒരു വന്ദ്യ മേല്പട്ടക്കാരന്റെ തിരുദേഹമെന്ന പല ലക്ഷ്യങ്ങളാൽ അറിഞ്ഞു ലേഖകൻ പ്രസ്താവിച്ചിരിക്കുന്ന മേല്പറയപ്പെട്ട ശ്മശാനസ്ഥലത്തു സംഗ്രഹികയും ചെയ്തു. അന്നുമുതൽ അവിടെ നേർച്ചയില്ലാതെ ചില അതിശയങ്ങൾ നടന്നു വന്നതിനാൽ നേർച്ച കാഴ്ചകൾ മുതലായ ഭക്തികൃത്തു ചില ക്രിയകൾ പലരും കഴിച്ചുവരികയും അവരവരുടെ വിശ്വാസം പൊലെ ആഗ്രഹിക്കുന്ന കായ്യം അതിശയമായി നിറവെറിയും വരിക നിമിത്തം അക്കാലം മുതൽ അത്തുകൽ പെളത്തച്ചൻ എന്നൊരു നാമവും പറഞ്ഞുവന്നു. ഒരു സംഗതി പ്രസിദ്ധമായതിന്റെശേഷം അവണകവും വന്ദനയും വിശ്വാസവും നിൎത്തലാക്കുവാനും ആ നാമം മാറ്റുവാനും വേണ്ടി പുരുകികൾ ഗോവയിൽ നിന്നും ദേവസ്യാനോസിന്റെ ഒരു രൂപം വരുത്തി വച്ചു പെളത്തച്ചൻ എന്ന നാമം ദേവസ്യാനൊസിനെ ധരിപ്പിക്കയും ചെയ്തു എന്നതെ പഴമ പരിചയമുള്ള കപടമില്ലാത്ത വൃദ്ധന്മാരുടെ വർത്തമാനം. അതുമല്ല ആ കുഴിമാടത്തിൽ ചില ലഘുവായ പൊൻ വെള്ളികഷണങ്ങൾ കാണപ്പെട്ടു എന്ന ലേഖകൻ പറയുന്നുണ്ടല്ലൊ. ആ കഷണങ്ങൾ ശ്ര: മേല്പട്ടക്കാരന്റെ കഴുത്തിൽ ധരിച്ചിരുന്ന തന്റെ സ്ഥാന കുരിശുമാലയുടെ കഷണങ്ങൾ എന്നല്ലാതെ പാതിരിമാരുടെ കുഴിമാടത്തിൽ ഈ വക കഷണങ്ങൾ കാണ്മാൻ സംഗതിയില്ലന്നു ഏവക്കും ഗ്രഹിക്കാവുന്നതാണ. അതുമല്ല പിന്നെയും ലേഖകൻ പറയുന്നതു. ആ കുഴിമാടത്തിൽ രണ്ടു പേരുടെ ശരീരശേഷിപ്പായ അസ്ഥികൾ ഒന്നൊഴിയാതെയും തമ്മിൽ വേർപെടാതെയും അതിൽ ഒന്നരണ്ടു ഇരുമ്പിന്റെ വലിയ ആണികളും കാണ്മാനുണ്ടായിരുന്നു എന്നാകുന്നു. ഞാൻ ചോദിക്കുന്നു. പാതിരി അച്ചന്മാരെ ശ്മശാനസ്ഥലത്തു വച്ചു അടക്കുമ്പോൾ ഇരുമ്പാണികൾ കൂടെ വച്ചടക്കുക പതിവുണ്ടൊ? ഇല്ലന്നുള്ളതു നിശ്ചയമാണല്ലൊ. അപ്പൊഴൊ അവയുടെയും സത്യസ്ഥിതി ലേഖകന്നും മറ്റും മനസ്സിലാകുന്നതിനു വേണ്ടി അവയും ചുരുക്കി പറഞ്ഞുകൊള്ളുന്നു. എങ്ങനെ എന്നാൽ മേല്പറയപ്പെട്ട മേല്പട്ടക്കാരനോടു കൂടെ വന്നവരിൽ അബ്രെള്ളാ എന്ന കശീശാ തന്റെ പിതാവിനെ ദുഷ്പുരുകികൾ പിടിച്ചു ബന്ധുവർഗ്ഗത്തോടുകൂടെ കൊച്ചിക്കു കൊണ്ടുപോകുമ്പോൾ താൻ എത്രയുംവ്യാകുലത്തോടും കണ്ണുനീരോടും കൂടെ മറഞ്ഞും വേഷം മാറിയും വ്യസനത്തോടെ വെളിപ്പെടാതെ അടുത്തടുത്തു ചുറിസഞ്ചരിക്ക ആയിരുന്നു. ശെമ്മാശ ഏറമ്യാ മൈലാപ്പൂർ വച്ചുതന്നെ ഒളിച്ചു മണ്ടിക്കളഞ്ഞു. ഈ കശീശായും നിർഭാഗ്യവശാൽ പുരുകികളുടെ അന്വെഷണത്തിൽ പിടിപ്പെട്ടു. ഏറിയ പീഡകൾ സഹിച്ചു ഒടുവിൽ രണ്ടു ഇരുമ്പാണികൾ അയാളുടെ ഹൃദയത്തിൽ കടത്തി അപായപ്പെടുത്തുകയും ചെയ്തു. ലേഖകൻ പറയുന്ന ഈരണ്ടുതന്മാർ വഴിയായി മേല്പട്ടക്കാരന്റെ ശരീരം ടി. ശ്മശാനസ്ഥലത്തുവച്ചു എന്നു പുരുകികൾക്കറിവുകിട്ടിയിട്ടുണ്ടു രാത്രിമ

ദ്ധ്യാഹ്നത്തിങ്കൽ ഒരം ശരീരവും ടി. ഗ്രന്ഥകർത്താക്കൾ ഏല്പിച്ചുകൊടുകയും അവർ ടി. ശുശ്രൂഷസ്ഥലത്തു മേല്പട്ടക്കാരന്റെ ശരീരത്തോടൊന്നിച്ചു വച്ചു മറു യാതൊരുത്തനും അറിയാതിരിപ്പാൻ തക്കവണ്ണം ഭദ്രമായി അടക്കുകയും ചെയ്തു. പിന്നെ കുറഞ്ഞൊരു നാൾ കഴിഞ്ഞപ്പോളാണ മേല്പറഞ്ഞ മുക്കപ്പും കുരിശും കല്പനികളാൽ ഒന്നിപ്പിച്ചു വെടിപ്പു വരുത്തിയതു. അതുകയാൽ ശരീരം അഴിഞ്ഞപ്പോൾ ആ രണ്ടോണികളും വെളിയിലായി എന്ന ലേഖകനും മറുകാഴ്ചക്കാരനും ഗ്രഹിച്ചു ഒരം സത്യചരിതത്തെ പത്രാധിപന്മാർക്കു കൊടുത്തയച്ചു സകല ജനങ്ങളും അറിവാൻ തക്കവണ്ണം പ്രസ്താവികണമെന്നു സവിനയം പ്രാർത്ഥിച്ചു കൊള്ളുന്നു.

മേൽവിവരിച്ച കലപാതകത്തെ മലയാളത്തിലുള്ള സുറിയാനിക്കാർക്കു അറിവുകിട്ടിയ നിമിത്തം സുറിയാനിക്കാർ ഒട്ടുക്കു ഒരു കൂട്ടമായി മട്ടാഞ്ചെരിയിൽക്കൂടി മേലെഴുതിയ ആണ്ടു മകരമാസം ൧൨ാംനു വെള്ളിയാഴ്ച നാൽ ക്രനൻകുരിശേൽ വല്യ ആലാത്തുകെട്ടിപ്പിടിച്ചു എല്ലാവരും ഏകമനസ്സോടെ ഇനി എന്നാളും പറങ്കിമെത്രാന്മാരെ കാണുകയും അവരോടു ചേരുകയും ചെയ്യുന്നതല്ലെന്നും മറും സത്യം ചെയ്തു പിരിഞ്ഞു എന്ന ലേഖകനും കൂട്ടരും കേട്ടിട്ടില്ലയൊ. അത്രയുമല്ല അങ്കമാലിയിൽ സുറിയാനിക്കാർക്കുടി ഒരുപടിയോല എഴുതിയിട്ടും ഈ കലപാതകസംഗതിയും മറും പ്രസ്താവിച്ചുഎഴുതിട്ടുണ്ടെന്നു കാണുന്നു. എന്നാൽ ഈവിധം ജസുവിത്തർ എന്ന പറയുന്ന ഈശൊസഭക്കാരായ സന്ന്യാസികളാൽ ഓരോരൊ നാടുകളിലും വിശേഷിച്ചു ഇത്തല്യ, സ്പാന്യ, ഫ്രന്ത്രീസ, ഹോല്ലന്ത, എന്നീ രാജ്യങ്ങളിലും റോമ്മാ സഭ കഴിയുന്നിടത്തൊളം പട്ടാളങ്ങളെകൊണ്ടും തികിത്തിരക്കികളായ മേല്പറയപ്പെട്ട സന്ന്യാസികളെകൊണ്ടും അതായു. പോപ്പുസ്തകങ്ങളെയും ദൈവവചനങ്ങളേയും മറച്ചു വച്ചു മനുഷ്യരാൽ ഉണ്ടാക്കപ്പെട്ട ദുരുപദേശങ്ങളേയും അനാചാരങ്ങളേയും അനുസരിക്കാതെ മിശിഹായുടെ സുവിശേഷനടപടികളെ മാത്രം അനുസരിച്ചു നടക്കുന്നവരെ തിരഞ്ഞുപിടിച്ചുഹിംസികയും ടി. ജെസുവിത്തരുടെ യുക്തികൌശലങ്ങളാലും മറു തെരുക്കങ്ങളാലും സത്യവിശ്വാസികളെ കഠിനമായി ഞെരിച്ചൊടുക്കികളകയുംചെയ്തു. കായീൻ നീതിയുള്ള അനുജനായ ഹാബേലിന്റെ ചോരയെ ചിന്തിയ പോലെ മുൻകാലങ്ങളിൽ (൧൦൦൨-മാണ്ടുതൊട്ടു ആരംഭിച്ചു) റോമ്മാസഭ ലക്ഷോലക്ഷം മിശിഹായുടെ ഭക്തന്മാരെ കൊന്നൊടുക്കികളഞ്ഞു എന്നുള്ളതു ചരിത്രങ്ങളാൽ തെളിവായിരിക്കുന്നു. ഇതിനുള്ള മുഖാന്തിരം ൧൦൦-മാണ്ടിൽ റോമ്മാപ്പുരി, കുസ്തന്തീനൊപ്പുരി എന്നിവടങ്ങളിലെ രാജധാനികളിലെ മേലദ്ധ്യക്ഷന്മാർതമ്മിൽ ക്രിസ്ത്യാനിസഭയുടെമേലുള്ള സർവ്വാധികാരത്തിന്നായി തമ്മിലുണ്ടായ വാശിയും മത്സരവുമത്രെ എന്നമാത്രം സമർപ്പിച്ചുകൊള്ളുന്നു. ഒരം വന്ദ്യപിതാവു തന്റെ വാർദ്ധക്യവും ക്ഷീണവും വിചാരിക്കാതെയും തന്റെ ജന്മദേശവും സ്വന്തക്കാരെയും നാനാവിധ സൌഭാഗ്യങ്ങളും ത്യജിച്ചു അകാലത്തുണ്ടായിരുന്ന അസാമാന്യ കഷ്ടപ്പാടു ബിംബിഷ്ടങ്ങൾ ൪

ന്നും ഗണ്യമാകാതെ മിശിഹായെപ്രതി കാട്ടുപ്രദേശവും അജ്ഞാനികളെകൊണ്ടു നിറഞ്ഞിരുന്നതുമായ ഈ ദേശത്തിൽ വരുവാനും നിത്യരക്ഷയുടെ മാർഗ്ഗമായ മിശിഹായുടെ വിശ്വാസത്തെ ഉപദേശിപ്പാനും തങ്ങളുടെ ആട്ടും കൂട്ടത്തെ ചേർപ്പാനും രക്ഷയുടെ വഴിയെ നടത്തുവാനും വന്നിട്ടു ഉടൻതന്നെ മേല്പറയപ്പെട്ട ദുഷ്ടരുടെ കൈകളിൽ അകപ്പെട്ടു വേദസാക്ഷികളായി താനും തന്റെ തുണക്കാരനായ ആ വന്ദ്യ ഗുരുവും ഒരേ അന്യദേശത്തുവച്ചുതന്നെ തങ്ങളുടെ വിലയേറിയ പ്രാണനെ നീതിയുള്ള ദൈവത്തിൻപക്കൽ കയ്യാളിപ്പാൻ ഇടയായതിനും ഇന്നും പ്രലാപിക്കാത്തവർ കാണുമോ.

മേല്പറയപ്പെട്ട വയോധികനായ മാർ ഇഗ്നാത്യോസ അന്ത്യോഖ്യാ സിംഹാസനത്തിൽ നിന്നുള്ള ശ്രേഷ്ഠ: പാത്രിയക്കീസായിരുന്ന എന്നും ചരിത്രങ്ങളിൽ കാണുന്നുണ്ടു. എന്നു

പാലാപ്പള്ളി ഇടവകയിൽ കടക്കലിന്റെ തോമ്മാസ് കത്തനാർ.

സൂചനകൾ

തിരഞ്ഞെടുപ്പു—കഴിഞ്ഞ പത്രികയിൽ പ്രസിദ്ധപ്പെടുത്തിയ നോട്ടീസനുസരിച്ചു ചെറിയപള്ളി വ്യവഹാരത്തിനു കൈക്കാരന്മാരായി കണ്ടനാട്ടു രാ. രാ. ഉലഹന്നൻ കയ്യൻ അവർകളെയും കോട്ടയം താലൂക്കു മുൽപിടി നട്ടാശേരി മാണി ചെറിയാൻ അവർകളേയും യോഗം കൂടി തിരഞ്ഞെടുത്തിരിക്കുന്നു.

റോമാ സൂറിയാനിക്കാർ—ഒരു നാട്ടിലെ റോമാ സൂറിയാനിക്കാരുടെ ഭരണത്തെക്കുറിച്ചു ഒരു പുതിയ തീരുമാനം റോമായിൽ ഉണ്ടായിട്ടുണ്ടെന്നു ഇംഗ്ലീഷ പത്രമാനപത്രങ്ങളിലെ ചിലാത്തി കമ്പിയിൽനിന്നറിയുന്നു. തീരുമാനം എന്താണെന്നു വിവരം ഇല്ല. മെത്രാന്മാർ ബഹുമ്പേൽക്കാർ ആയിരിക്കണമെന്നും നാട്ടുകാർ ആയിരിക്കണമെന്നും അപേക്ഷകൾ ഉണ്ടു. ഒരു പ്രാവശ്യത്തെ തീരുമാനത്തിന്റെ ഫലം കണ്ടാൽ അറിയാം.

ഒരു പ്രസംഗം—നവീകരണക്കാർ ആരംഭിച്ചിരിക്കുന്ന സിമ്മനാരിയുടെ അടിസ്ഥാനകല്ലു സ്ഥാപിക്കുന്നതിനു ജൂമാസം ൨൫-൦൦ ഒരു യോഗം കൂടിയിരുന്നു. നവീകരണതലവനും ആ കക്ഷിയിലുള്ള പല കത്തനാരന്മാരും ജനങ്ങളും കൂടാതെ അംഗ്ലിയാക്കാരായ പലരും സംഘത്തിൽ ഹാജരുണ്ടായിരുന്നു. അന്നത്തെ പ്രസംഗികളിൽ ഒരാൾ പൈനാപ്പിൾ ആർച്ഡീകൻ കോശി അവർകൾ ആയിരുന്നു. ഉദ്ദേഹത്തിന്റെ പ്രസംഗം അപ്പോൾകൂടിയ സംഘക്കാരിൽ അധികം ആളുകൾക്കു അത്ഭുതകരമായിരുന്നു എങ്കിലും സംഗതി യഥാർത്ഥവും സമയോചിതവും ആയിരുന്നു. അംഗ്ലിയാക്കാർ, റോമാക്കാർ, യാക്കോബായക്കാർ മുതലായ സഭകൾക്കു ഓരോ അടിസ്ഥാനവും നിലയും ഉണ്ടെന്നും നവീകരണക്കാർ ഒരു ഉറപ്പും സ്ഥിരവും ഇല്ലാതെ അസ്ഥിരന്മാരും വേദപുതുക്കുകളെ ഒന്നിനൊന്നായി വ്യാഖ്യാനിക്കുന്നവരും ആണെന്നും ആയിരുന്നു പ്രസംഗാർത്ഥിന്റെ ചുരുക്കമെന്നു കേട്ടു. ഉപരേക്കുറിച്ചു ഈ പരമാർത്ഥം ഇങ്ങനെ തീർത്തുപറവാൻ ആർച്ഡീകൻ അവർകൾക്കു തോന്നിയകാരണം, ഡേവീഡ്സൊ, പൈഡസ് പെത്തൊ, രക്ഷണീയസംഘക്കാരൊ എന്നു പേരുണ്ടായ അന്യോന്യവിപരീതമതക്കാരും ഭിന്നാഭിപ്രായക്കാരുമായ ആളുതന്നെ വന്നാലും എല്ലാവരേയും സ്വീകരിക്കയും എല്ലാവരുടെയും പ്രസംഗങ്ങളെ കേൾക്കയും എല്ലാവരുടെയും അഭിപ്രായങ്ങൾക്കു ചേരുകയും ചെയ്യുന്നതുകൊണ്ടു നവീകരണ വിശ്വാസത്തിനു ഒരു അടിസ്ഥാനം ഇല്ലാതെ വന്നിരിക്കുന്നതും കൂട്ടത്തിൽ എത്ര ആളുകൾ ഉണ്ടൊ അത്രയും അഭിപ്രായഭേദങ്ങളും വിശ്വാസഭേദങ്ങളും ഉണ്ടായിരിക്കുന്നതും ആകുന്നു. നവീകരണത്തെ കുറിച്ചുകേട്ടു അടുത്തിടെ ഒരു പുസ്തകത്തോട്ടു ഉപമിച്ചാണ ആർച്ഡീകൻ അവർകൾ പ്രസംഗിച്ചതു. ഇതു എത്രയും ശരിയായ അഭിപ്രായമാണെന്നു ഈ പത്രിക

ക പരിഭായി വായിക്കുന്നവർ മുമ്പേതന്നെ ധരിച്ചിരിപ്പാൻ ഇടയുണ്ട് വേദപുസ്തകം തോന്ന്യാസമായി വ്യാഖ്യാനിച്ചുവരുന്ന നവീകരണസമ്പ്രദായത്താൽ ഉള്ള ദോഷം രീക്ഷിക്കുന്നതിനു അപേക്ഷ ആവശ്യപ്പെട്ടതു ഇപ്പോൾ ആരംഭിച്ചിരിക്കുന്ന മാതുകയിൽ ഒരു ഇംഗ്ലീഷ പള്ളിക്കൂടമല്ല, വേദപുസ്തകത്തെ ശരിയായി പഠിക്കുന്ന ഒരു പാഠശാലയാണന്നു മാന്യബ്രസംഗി പറകയുണ്ടായി. കോടയത്തു ഏഴാമതൊ എട്ടാമതൊ ആയി ഒരു ഇംഗ്ലീഷ പള്ളിക്കൂടം കൂടെ ഉണ്ടായിട്ടു ഒരുപ്രയോജനവും ഇല്ലെന്നുള്ളതു പൊതു അഭിപ്രായമാകുന്നു.

നവീകരണം കുത്തഴിഞ്ഞ പുസ്തകംപോലെതന്നെ സംശയമില്ല. പാപമോചനത്തിനു എന്നപറഞ്ഞു കുഞ്ഞാനകൊടുത്താൽ ചിലർ കൈകൊള്ളുകയില്ല- ഓമ്മയായിട്ടു കുഞ്ഞാന കൊടുത്താൽ മാത്രമെ കൈകൊള്ളു- ചില കുത്തങ്ങൾ ഓമ്മകായി കൊടുകയില്ല- ചിലർ പാപമോചനത്തിനായി കൊടുകയില്ല- ചില കുത്തങ്ങൾക്കു ഡേഫീഡാണ ദൈവം- ചിലർ അവനെ വെറുക്കുന്നു- ചിലകുത്തങ്ങൾക്കു പ്രവൃത്തിഎന്നുമാപം വിശ്വാസം മാത്രംമതി- ചിലക്കു പ്രവൃത്തിയും വേണം- ചില കുത്തങ്ങൾക്കു കുഞ്ഞാനമൊന്നുവാൻ കാപ്പു മുതലായ വസ്തുങ്ങൾ ഒന്നും വേണ്ടാ- ചിലർ വേദപുസ്തകത്തെ അക്ഷരപ്രകാരം വ്യാഖ്യാനിക്കുന്നു- ചിലക്കു എല്ലാം ആത്മീയമാണ- ഒരുത്തനു ഉപവാസം വേണം- മറൊരുത്തനു വേണ്ടാ- ഒരുത്തന്റെ വിശ്വാസം പരിശുദ്ധാത്മാവു പിതാവിൽനിന്നു മാത്രം പുറപ്പെടുന്നു എന്നും മറൊരുത്തൻ പുത്രനിൽ നിന്നും കൂടെ പുറപ്പെടുന്നു എന്നും വേറൊരുത്തൻറെ രണ്ടുവിധവും ആവാമെന്നും ആണ- ഇങ്ങിനെ ഇവരുടെ തമ്മിലാലസഥിനി നോക്കിയാൽ ബഹിണ്ഡിഞ്ഞ പുസ്തകമെന്നു അഭിപ്രായം എന്നുതൊ ശരിയാണെന്നു കാണാം- ഈ വടക്കപത്രികയൊ യാക്കോബായക്കാരൊ ഇങ്ങനെ പറഞ്ഞാൽ അതു എന്നു പരമാത്മാവിനു ഇരുന്നാലും വൈരാഗ്യമാണെന്നൊ പുരമാണെന്നൊ പറഞ്ഞു തള്ളികളയും- ഇപ്പോൾ കണ്ടൊ സത്യം വെളിപ്പെട്ടതു. നവീകരണത്തിന്റെ ഒരു ഉറച്ചസ്നേഹിതൻ, ഒരു സഹായി, വളരെ അറിവുള്ള ഒരു അക്കദയാകോൻ, ഗുണദൊഷ വിവേചനം ചെയ്യുവാൻ സമർത്ഥനായ ഒരാൾ തന്നെ ഇപ്രകാരം ധീരതയോടു കൂടെ പള്ളികയും നവീകരണ സംഘത്തിൻ മുമ്പാകെയും പ്രസംഗിച്ചപ്പോൾ അതിൽ എന്നു വിലയുണ്ടന്നു നവീകരണകാർ ആലോചിക്കേണ്ടതാണ. ആത്മധീകൻ അവർകളുടെ ധീരതയെ ഞങ്ങൾ അത്യന്തം ശ്ലാഘിക്കുന്നു.

വിശേഷ വർത്തമാനങ്ങൾ.

ഒരു അതിശയം—മെതിം എന്ന സ്ഥലത്തെ യെഹൂദയമെത്രാപ്പൊലീത്താ വൃദ്ധവയസ്സിൽ രംഭിച്ചു മരിച്ചു. യെഹൂദയ സഭാ ചട്ടപ്രകാരം മരിച്ച മെത്രാപ്പൊലീത്തായെ സിംഹാസനത്തിൽ ഇരുത്തി രണ്ടുദിവസം പള്ളിയിൽ വച്ചിരുന്നു. രണ്ടാംദിവസം മരിച്ച ആൾ പെട്ടന്നു ഉണർന്നു. കാഴ്ചക്കാർ വലിയഭ്രമത്തിലായി. ഇദ്ദേഹം സാക്ഷാൽ മരിക്കാതെ മോഹിച്ചു കിടന്നതായിരിക്കാം.

❖ ❖ ❖

ഒരുന്തനന്തരം വിവാഹം—തിരുവനന്തപുരം സമീപം വലിയ തുറ റോമാ പള്ളിയിൽ ചേർന്ന ഒരു പുരുഷനും സ്ത്രീയും പരസ്പരം ജീവപര്യന്തം ഭർത്തൃത്തുക്കന്മാരായിരുന്നുകൊള്ളാമെന്നു ഉടമ്പടി എഴുതി രജിസ്റ്റർ ചെയ്തിരിക്കുന്നു. ഈ പുരുഷൻ പൊരൊരു സ്ത്രീയെ വിവാഹം ചെയ്യുവാൻ പള്ളിയിൽ വിളിച്ചുചൊല്ലുനടത്തിവരുമ്പൊൾ ആണ ഉടമ്പടി രജിസ്റ്റാക്കിയതു. ഉടമ്പടിപ്രകാരമുള്ള വിവാഹം കോടതി അംഗീകരിക്കുമൊ എന്നു കൂടി പരീക്ഷിച്ചുകഴിഞ്ഞിട്ടിരിക്കുന്നു.

❖ ❖ ❖

ഒരുപുതിയ പ്രസംഗി—മഹമ്മദ മാഗ്ദ്ധപ്രസംഗിയായ സനാമുല്ലാമക്കി കോട്ടയത്തു തിരുനക്കരചന്തയിൽ മഹമ്മദുമാഗ്ദ്ധപ്രസംഗം നടത്തിവരുന്നു. ആ മതക്കാർ വളരെ കൂടുന്നുമുണ്ടു. ഉപദേശിമാരുടെയും പാതിരിമാരുടെയും നടുവിൽ ക്രിസ്ത്യാനിമതത്തെ ആക്ഷേപിക്കുന്ന പ്രസംഗിയൊടു എതുകുവാൻ ആരും പുറപ്പെടുകാണുന്നില്ല. സുറിയാനിക്കാരെ ആക്ഷേപിക്കുവാൻ മാത്രമെ ഇവക്കു ധൈര്യം ഉള്ളു എന്നുതോന്നുന്നു. മക്തി കേവലം വാഗ്പ്രസംഗത്തെ മാത്രം ആശ്രയിക്കാതെ കൂടുതൽ ശമ്പളം കൊടുക്കാമെന്നു വാഗ്ദത്തം ചെയ്യുന്നതായാൽ അദ്ദേഹത്തിന്റെ പ്രസംഗം സ്വീകരിപ്പാൻ ചോറു വിശ്വാസികളിൽ പലരും ഉണ്ടായെക്കാം. കടശി ഒരു യാക്കോബായക്കാരൻ മക്തിയൊടു ഏതുത്തു പ്രസംഗം നടത്തി വരുന്നു.

പഞ്ചാംഗം

ക്രമീകരണം- ഓരംയോർ (ഇടവം)

സുറിയാനി	ഇംഗ്ലീഷ്	മലയാളം	അക്ഷരം	വിശേഷദിവസങ്ങൾ.
ഐ	ഏനു	ഐ	ബ്യ	
ഏ	ഫെർ	ഏ	വ്യ	ഏ-ാം നം- സ്വർഗ്ഗാരോഹണം- വായന- മലാക്കി- ക്നാഅ- ക്ര— ഏ ഠ
ന	മാർ	ന	വെ	
ര	ഏപ്രി	ര	ശ	
ി	മേ	ി	ഞ	ി-ാംനം- ക്വൊംന്തോസ്ത്ത് പിന്വ ന്നാ-ാം ഞായറാഴ്ച- വായന- ദ്യായ്- ന്നഅ- നു— ര ന്ന
ന്ന	ജൂൺ	ന്ന	തി	
ൊ	ജൂല	ൊ	ചൊ	വ്വ-ാംനം- മാർ യോഹന്നാൻ ശ്ലീഹായുടെ ഓർമ്മ
വ	ഓ	വ	ബ്യ	
ൻ	ഓഗ	ൻ	വ്യ	ക്വ-ാംനം- പെന്തിക്കുസ്തി ഞായറാഴ്ച- വായന- ദ്യായ്- ക്നഅ- ഠ- മുതൽ ക്നാ അ- ക്ര വരെ
ഠാ	സെപ്	ഠാ	വെ	
ഠ	ഒക്ടോ	ഠ	ശ	
ഠ	നവം	ഠ	ഞ	ക്ര-ാംനം- കുരിശുകളെക്കുറിച്ച ദൈവമാതാവിന്റെ ഓർമ്മ- (രാജാനായ പോലെ)
ഠന	ഡിസം	ഠന	തി	
ഠര	ജനു	ഠര	ചൊ	ക്ര-ാംനം- സ്വർണ്ണവെള്ളിയാഴ്ച- വായന- ല്യൂക്കോ- ഠ ന്ന- ഉ— നാം
ഠി	ഫെബ്	ഠി	ബ്യ	
ന്ന	മാർ	ന്ന	വ്യ	ക്ന-ാംനം- പെന്തിക്കുസ്തിക്കു പിമ്പു ക്ര-ാം ഞായറാഴ്ച- വായന യോഹ- നുഅ- ഠന്നു— നമ
ഠി	ഏപ്രി	ഠി	വെ	
ഠവ	മേ	ഠവ	ശ	
ഠൻ	ജൂൺ	ഠൻ	ഞ	
ഠാ	ജൂല	ഠാ	തി	ന്യ-ാംനം- പെന്തിക്കുസ്തിക്കു പിമ്പു ഠ-ാം ഞായറാഴ്ച- വായന- മത്ഥാ- ക്നഅ- നു മുതൽ ക്രഅ- ക്ര വരെ
ഠഐ	ഓഗ	ഠഐ	ചൊ	
ഠഏ	സെപ്	ഠഏ	ബ്യ	
ഠന	ഒക്ടോ	ഠന	വ്യ	
ഠര	നവം	ഠര	വെ	
ഠി	ഡിസം	ഠി	ശ	
ഠന്ന	ജനു	ഠന്ന	ഞ	
ഠി	ഫെബ്	ഠി	തി	
ഠവ	മാർ	ഠവ	ചൊ	
ഠൻ	ഏപ്രി	ഠൻ	ബ്യ	
നാ	മേ	നാ	വ്യ	
നഐ	ജൂൺ	നഐ	വെ	

പത്രിക വില വിവരം.

	ബ്രിട്ടീഷ് രൂപാ	ചക്രം
ഒരു കൊല്ലത്തേക്കു	൪	൪൮
ഒറ്റപ്രതിക്കു	൦	൪

പരസ്യ ക്രമം

ഒന്നാം പ്രാവശ്യത്തേക്കു	വരി ഒന്നിനു	൦	൩
പിന്നെ എല്ലാ പ്രാവശ്യങ്ങൾക്കും	ടി	൦	൧൬

NOTICE

പത്രിക സംബന്ധമായ സകല എഴുത്തുകളും ലേഖനങ്ങളും പണം അയക്കുന്നതും കോട്ടയത്തു സുറിയാനി അച്ചടിപ്പുര മാനേജർക്കു മേൽ വിലാസം വച്ചു അയക്കേണ്ടതാകുന്നു.

പത്രിക കൈപ്പറ്റുന്നവർ മുൻ ക്രമായി വരി അടയ്ക്കേണ്ടതാകുന്നു. പത്രവരി അഞ്ചൽ സ്റ്റാമ്പായൊ തപ്പാൽ സ്റ്റാമ്പായൊ അയച്ചാലും മതിയാവും. എന്നാൽ രൂപാ ഒന്നുക്കു ഒരു അണ ഡിസ്കൌന്റു വക വച്ചു തരേണ്ടതാകുന്നു.

വിഷപ്പുട്ടി വിഷത്തിനു ഒരു കൈകണ്ട ഔഷധം.

വിഷപ്പുട്ടി കടിച്ചാൽ ഏഴുദിവസത്തിനകം ഒരു ഗുളിക ഇഞ്ചിനീറിൽ സേവിച്ചു മൂന്നു ദിവസത്തെ പത്ഥ്യം എടുത്താൽ വിഷം നീങ്ങുന്നതാകുന്നു. ഗുളിക സേവികേണ്ടുന്ന ക്രമവും പത്ഥ്യത്തിന്റെ വിവരവും ഗുളികയോടു കൂടി കിട്ടുന്നതാകുന്നു. ഈ ഗുളികകൾ ഇല്ലാതിരുന്നതിനെ ഇപ്പോൾ സിലോനിയിൽ വരുത്തിയിട്ടുണ്ടു. ഗുളിക ഒന്നിനു വില ചക്രം ൭. മാത്രം. ആവശ്യമുള്ളവർ വാങ്ങിച്ചുകൊള്ളുവാൻ ഇതിനാൽ തിയ്യപ്പെടുത്തുന്നു.

നോട്ടീസ

ഇടവക പത്രികയുടെ പുറകടലാസിൽ മാസംതോറും പ്രസിദ്ധപ്പെടുത്തിവരുന്ന പട്ടികയിൽ പണം അടെക്കുന്നവരിൽ ആരുടെ എങ്കിലും പേർ കാണാതെയൊ സംഖ്യ വ്യത്യാസമായൊ പത്രിക ക്രമമായി കിട്ടാതെയൊ ഇരുന്നാൽ ആവിവരങ്ങൾ ഉടനെ അറിവിക്കേണ്ടതാകുന്നു.

എന്നു- മാനേജർ.

MAR THOMAS PRESS,
KOTTAYAM.

പുസ്തകം ൪ ലക്കം ൫

കവുൻസ്-സ് ഫാദ്രെ ഇടവം

മലങ്കര

ഇടവക പത്രിക

മാസം തോറും പ്രസിദ്ധപ്പെടുത്തുന്നു.

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കുരിശിങ്കലല്ലാതെ

പുകഴ്ച ചെല്ലാൻ സംഗതി വരരുതു.

(മാർ പൌലൂസ്.)

സംഗതിവിവരങ്ങൾ.

	പുറം
മാർ ദീവന്നാസ്യോസ് സിമ്മനാരി	൨
ഒരു സമാധാനം	൫
കല്യാണഹിരുന്നു	൭
നിരണം സുക്കിട്ട	൯
പാപ്പായുടെ സർവ്വാധിപത്യം	൧൦
ചില വിദ്യാർത്ഥികളോട് ഒരു അപേക്ഷ	൧൨
കൊച്ചീപള്ളികളുടെ വിലാപവും ദുഃഖസഹായവും (തുടർച്ച)	൧൪
ഒരു സംഭാഷണം	൧൭
സൂചനകൾ	൧൯
ഉപപത്രം	

ഇടവമാസത്തിൽ പത്തുവരി അടച്ചവരുടെ പേരു വിവരം.

	ശ്രീ	ഫ	കാ
ബ്രഹ്മശ്രീ മാരാമണ്ണ പാലക്കുന്നത്തു ഭട്ടത്തിരിപ്പാസ കത്തനാർ	൧൦൦	൦൦	൦൦
ബ്രഹ്മശ്രീ പുതിയകാവു പള്ളിയോഗാദ്ധ്യക്ഷൻ നിന്നും	൧൦൦	൦൦	൦൦
,, ,, പുത്തൻപള്ളിയോഗത്തിൽനിന്നും	൧൦൦	൦൦	൦൦
മാവേലിക്കര നാടാവള്ളിൽ കൊച്ചുകുഞ്ഞു	൧൦൦	൦൦	൦൦
,, കറുത്തേടത്തു ഉമ്മച്ചൻ	൧൦൦	൦൦	൦൦
,, എം. സി. മാത്തു ഭട്ടാരത്തിക്കരി	൧൦൦	൦൦	൦൦
,, പാലമൂട്ടിൽ കുഞ്ഞനാ.	൧൦൦	൦൦	൦൦
ബ്രഹ്മശ്രീ ചെന്നിത്തല പള്ളിയോഗത്തിൽ നിന്നും	൧൦൦	൦൦	൦൦
പുതിയകാവു വേദവായനസംഘത്തിൽനിന്നും	൧൦൦	൦൦	൦൦
നടകാവു വേദവായന സംഘത്തിൽ നിന്നും	൧൦൦	൦൦	൦൦
നടക്കാവിൽ പാലമൂട്ടിൽ പടകേരിൽ കൊച്ചുകുഞ്ഞു	൧൦൦	൫൦	൦൦
ബ്രഹ്മശ്രീ കൈപ്പുഴേൽ പള്ളിയോഗത്തിൽ നിന്നും	൧൦൦	൦൦	൦൦
,, തേരകത്തു കൊച്ചുകുഞ്ഞു	൧൦൦	൦൦	൦൦
പാണ്ടകശാലയിൽ പുത്തൻപീടിൽ പെരുമാൾ കൊച്ചുകോശി	൧൦൦	൦൦	൦൦
കൈപ്പുഴേൽ നെടുന്നു വക്കി ദകാരുള	൧൦൦	൦൦	൦൦
ഓഫീസ്സർ മാത്തരിൽ ചെറിയാൻ	൧൦൦	൦൦	൦൦
,, പടകൈടത്തു മേരുതിയിൽ ഗീവറുഗീസു	൧൦൦	൦൦	൦൦
ബ്രഹ്മശ്രീ കിഴവള്ളിൽ പള്ളിയോഗത്തിൽ നിന്നും	൧൦൦	൦൦	൦൦
കണ്ണൻകോട്ട നെല്ലിമൂട്ടിൽ മുയലാഴി	൧൦൦	൫൦	൦൦
,, പച്ചത്തു കിരിയാൻ	൧൦൦	൦൦	൦൦
മുഖിലുപ്ര കാലായിൽ കൊച്ചുകുഞ്ഞു	൧൦൦	൦൦	൦൦
,, വയലത്തു ഉമ്മൻ	൧൦൦	൦൦	൦൦
പാർക്കോട്ടമന്ത ഉപ്പുപാണ്ടകശാല കണക്കെഴുത്തു ചെറിയാൻ	൧൦൦	൦൦	൦൦
മാവേലിക്കര ഇടിച്ചാണ്ടി പറമ്പിൽ കീഞ്ഞുപോത്ത	൧൦൦	൦൦	൦൦
തഴക്കരെ വിലനിലത്തു പീടികയിൽ ദാനിയേൽ	൧൦൦	൦൦	൦൦
കുട്ടമ്പേരൂർ അയിരാപടകേരിൽ മൂത്തകുഞ്ഞു	൧൦൦	൦൦	൦൦
,, പുള്ളിവൻറുത്തു മാത്തുണ്ണി	൧൦൦	൦൦	൦൦
കൈപ്പുഴേൽ രൊരുവിൽ ഇടിക്കുള	൧൦൦	൦൦	൦൦
ബ്രഹ്മശ്രീ കുമ്പഴ പള്ളിയോഗത്തിൽനിന്നും	൧൦൦	൦൦	൦൦
പുതിയകാവു പടിഞ്ഞാറെതലയ്ക്കൽ കുഞ്ഞു	൦൦	൭൦	൦൦
ബ്രഹ്മശ്രീ മഴിലുപ്ര പള്ളിയോഗത്തിൽ നിന്നും	൧൦൦	൦൦	൦൦
കോന്നി മണ്ണിക്കോയിക്കൽ കൊച്ചുകുഞ്ഞു	൧൦൦	൫൦	൦൦
മാവേലിക്കര തഴക്കര കടവിൽ ഉമ്മൻ	൧൦൦	൫൦	൦൦
കുമരകം നമ്പനികൽ ചെറിയാൻ	൧൦൦	൦൦	൦൦
,, മാളിയേക്കൽ മത്തായിക്കുഞ്ഞു	൦൦	൦൦	൦൦
,, മുറിപ്പുരകലായ പാലകുളത്തിൽ തൊമ്മി	൦൦	൦൦	൦൦
,, പള്ളത്തുശ്ശേരിൽ ഇട്ടി ഉലഹന്നൻ	൦൦	൦൦	൦൦
,, വാകയിൽ കുഞ്ഞാണ്ടി തൊമ്മി	൧൦൦	൦൦	൦൦
,, കരുമത്തൂരിൽ ഇട്ടി	൧൦൦	൦൦	൦൦
,, തുണ്ടത്തിൽ അബ്രാഹം	൧൦൦	൦൦	൦൦
,, പള്ളിയോഗത്തിൽനിന്നും	൧൦൦	൦൦	൦൦
ചെങ്ങളം മങ്ങാട്ട അയിപ്പ	൧൦൦	൦൦	൦൦
തിരുവാപ്പു മേടാങ്കാവിൽ തൊമ്മൻ	൧൦൦	൦൦	൦൦
,, മുണ്ടാകൽ ചാക്കൊ	൧൦൦	൫൦	൦൦
,, പാലപ്പറമ്പിൽ പങ്കി	൧൦൦	൫൦	൦൦
,, കണ്ടമംഗലത്തു ഉപ്പു	൧൦൦	൦൦	൦൦
,, വാഴെത്ര ചാക്കൊ	൧൦൦	൫൦	൦൦
,, നേരിയത്ര മാത്തുണ്ണി	൧൦൦	൫൦	൦൦
,, മാളിയേക്കൽ മാത്തു	൧൦൦	൫൦	൦൦
കിഴിരൂർ കളരിക്കൽ തൊമ്മൻ കോര വക്കീൽ	൧൦൦	൫൦	൦൦
,, മണപ്പുറത്തു ചുമ്മാരു	൧൦൦	൫൦	൦൦
,, മുഴുപ്രത്തു യൌസെപ്പു (ശേഷം അടുത്തതിൽ)	൧൦൦	൫൦	൦൦

മലങ്കര ഇടവക പത്രിക

പുസ്തകം ൫.] ഫവ്വൻന്ന ഈയോർ (ഇടവം) [ലക്കം ൫

മാർ ദീവന്നാസ്യോസ് സിമ്മനാരി.

(അയച്ചുതരപ്പെട്ടതു)

ഒരു സിമ്മനാരിയിൽ ഉണ്ടായ ഒരു ഒഴിവിലേക്കു തന്നെ നിയമിക്കണമെന്നു യോഗ്യനായ ഒരു മാർതോമ്മാക്രിസ്ത്യാനി അപേക്ഷിച്ചതിനെ ടി. സിമ്മനാരിക്കമ്മിറ്റിക്കാർ മതസംബന്ധമായ തടസ്സങ്ങളെ അടിസ്ഥാനമാക്കികൊണ്ടു സ്വീകരിക്കാതെയിരുന്നതിനെപ്പറ്റി ഈ അപേക്ഷകാരന്റെ കൂട്ടരായ "മെത്രാൻകക്ഷി"കളുടെ ഇടയിൽ പരക്കെപറയുന്ന അഭിപ്രായങ്ങളെ കേൾക്കുന്നതിനും ആ അഭിപ്രായങ്ങളെ ഏറെക്കുറെ ശരിയായി പ്രതിബിംബിക്കുന്നതായി "മനോരമ"യിൽ കണ്ട ഒരു ലേഖനത്തെ വായിക്കുന്നതിനും ഇടയായ എനിക്കു ഈ സംഗതിയെപ്പറ്റി ചിലതെല്ലാം പറയാനുണ്ടായിരുന്നതിനെ വെളിയിൽ പുറപ്പെടുവിക്കുന്നതിനു മതസംബന്ധമായി എന്റെ മനസ്സിൽ ഉണ്ടായ ആശ്ചര്യ്യ സംയുക്തങ്ങളായ വികാരങ്ങളുടെ തള്ളലുകൾ ഇതുവരെ എന്നെ സമ്മതിച്ചില്ല. എന്നാൽ അഭീഷ്ടസിദ്ധികായി അനാവശ്യംപറകയും വേണമെന്നിരുന്നാൽ പ്രവൃത്തികയും കൂടി ചെയ്യുന്ന മനുഷ്യർക്കു സഹജമാണെന്നുള്ള സമാധാനം ഇപ്പോൾ എന്റെ മനസ്സിനെ ഒട്ടു ശാന്തതപ്പെടുത്തിയിട്ടുള്ളതു കൊണ്ടു, ഈ വകക്കാരുടെ അഭിമതങ്ങൾ സാധിച്ചു തീർത്തു എന്നില്ലാത്തവർ തങ്ങൾക്കു ന്യായമെന്നു തോന്നിയപോലെ ചെയ്യുന്നിന മറ്റവർപറഞ്ഞ കുയുക്തികളെ നിർമ്മത്സരന്മാരായി ഇരുഭാഗത്തും ഉള്ളവർക്കു യഥാശക്തി കാണിച്ചു കൊടുപ്പാനായിട്ടാണ ഞാനീലേഖനം എഴുതുന്നതു.

മതസംബന്ധമായ ഉദ്ദേശ്യങ്ങളോടു കൂടി നടത്തപ്പെടുന്ന പള്ളിക്കൂടങ്ങളെപ്പറ്റി പറയുന്നതു ഒരു സിമ്മനാരിക്കും ചേരുന്നതായിരിക്കുമെല്ലൊ.

അതിനാൽ ഹിന്തുമാസ്ഥാനസ്വാരികളായ കുട്ടികളെ മാത്രമെ പഠിപ്പിക്കയുള്ളു എന്നു നിബ്ബന്ധമുള്ള മദ്രാസ പച്ചപ്പ മുതലിയാരുടെ കോളേജിനെയൊ, സുറിയാനിക്കാർക്കു വേണ്ടി ഗവർമ്മെണ്ടിൽനിന്നും ഉള്ള

ദ്രവ്യസഹായത്തോടു കൂടി സ്ഥാപിക്കപ്പെട്ടതെന്നിരുന്നാലും സാക്ഷാൽ സൂറിയാനികാരായി മുതലേപ്പാട്ടു മുതലായ സകലത്തിലും റോയൽ കോർട്ടവിധിയാൽ അധികാരപ്പെടുത്തപ്പെട്ടിട്ടുള്ള യാക്കോബായ സൂറിയാനികൾക്കു പഠിക്കുന്നതിനു തക്കാലപയ്യുതം വളരെ ചടങ്ങലോടു കൂടിയിരുന്ന കോട്ടയം സി. എം. എസ് കോളേജിനെയൊ, റോമ്മാകാരാൽ നടത്തപ്പെടുന്ന അനേക കോളജുകളേയൊ, തത്ഥാദ്ധ്യക്ഷന്മാരായി വേറെ സ്ഥലങ്ങളിലുള്ള അനവധി പാഠശാലകളെയൊ സംബന്ധിച്ചു പോലും യാതൊന്നും പറയാതെ നിഷ്പക്ഷപാതത്വത്തിന്റെ അധികത്വം മാത്രം ഒരു കുറവായി പറഞ്ഞു വരുന്ന മദ്രാസ് ക്രിസ്ത്യൻ കോളെജിലെ ചില നടപടികളെ ഇവിടെ വിവരിക്കാം.

ഈ കോളെജിലെ പ്രധാനാദ്ധ്യാപകനായ മില്ലർസായ്പു ഈയ്യിടെ ചെയ്തു വിസ്മയനീയമായ പ്രസംഗത്തിൽ ക്രിസ്ത്യൻകോളജും അതിന്റെ മാതൃകയിൽ ഇൻഡ്യയിലെ നാനാഭാഗങ്ങളിലും ഉള്ള പള്ളിക്കൂടങ്ങളും ക്രിസ്ത്യാനികളല്ലാത്ത കുട്ടികൾക്കായിട്ടാണ മുഖ്യമായി ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതെന്നും ക്രിസ്തുമത തത്വങ്ങളെപ്പറ്റി ശരിയായ അറിവും ഭക്തിയും വരത്തക്കവിധത്തിൽ മറ്റുള്ള വിഷയങ്ങളെ പഠിപ്പിക്കുന്നിടത്തോളം മാത്രമെ അവ ക്രിസ്ത്യീയപാഠശാലകളായിരിക്കുന്നുള്ളു എന്നും പ്രസ്താവിക്കയുണ്ടായി. ഈ ഉദ്ദേശ്യസിദ്ധികായി അദ്ധ്യാപകന്മാരെ നിശ്ചയിക്കുന്നതിലാണ അവരുടെ നിഷ്കർഷയെല്ലാം. ഇവരെ തെരഞ്ഞെടുക്കയയ്ക്കുന്നതിനായി പാതിരിമാരുടെ ഒരു സംഘം സ്കോട്ടലണ്ടിൽ ഉള്ളവർ, മില്ലർസായ്പും മറ്റും ഉൾപ്പെട്ട സ്വാതന്ത്ര്യസഭയിൽ (ഫ്രീ ചർച്ച്) ചേർന്ന പാതിരിമാരേയും അതു സാധിക്കാത്ത പക്ഷം ഫ്രീചർച്ചുകാരും പാതിരിമാരാകുന്നതിനു സമ്മതമുള്ളവരുമായ ആളുകളെയുമാണ പ്രൊഫസ്സരന്മാരായി നിയമിക്കാറു പതിവുള്ളതു. വെസ്ലിയൻ മിസ്യൻകാരു ശമ്പളംകൊടുക്കുന്ന ഒരു വെസ്ലിയൻപാതിരിയും ബയോളജി പ്രൊഫസ്സറും ഒഴിച്ചു ശേഷമുള്ളവരെല്ലാം ഈ കൂട്ടരാണ. എന്നുമാത്രമല്ല പ്രധാനാദ്ധ്യാപകന്റെ ജോലിക്കു ഒഴിവുവരുമ്പോൾ ഏതു തന്നെയോഗ്യനും ഭക്തനും വളരെനാൾ വേലയിൽ ഇരുന്ന മറ്റുള്ള എല്ലാവരെയുംകാൾ സേവീസുള്ളവനുമായ ഒരാൾ ഉണ്ടായിരുന്നാലും അയാൾ പട്ടകാരനല്ലാതിരുന്നാൽ, എല്ലാവിധത്തിലും അയാളെക്കാൾ അവകാശം കുറഞ്ഞ ഒരു പാതിരിക്കെ ആ സ്ഥാനത്തിൽ പ്രവേശിച്ചുകൂടെ എന്ന പ്രത്യേകനിയമവുമുണ്ടു. ഇവയെല്ലാം ക്രിസ്തുസഭാശാഖകളിലേക്കും നവീകരണ ഏർപ്പാടുകൾ ഉള്ള ഒരുസഭയിലെ ഏറ്റവും പരിഷ്കൃതാഭിപ്രായക്കാരായ അംഗങ്ങളാൽ നടത്തപ്പെടുന്ന ഒരു പാഠശാലയിലെ നടപടികളാണ എന്നു പ്രത്യേകം ഓർമ്മയിൽ വയ്ക്കണം. എന്നാൽ മാ. ദീ. സിമ്മനാരി സഭയുടെ അധികാരത്തിനു മേലായി യാതൊന്നും പറവാൻ പാടില്ലാത്ത കിഴക്കുള്ള പൗവ്വീക സഭയുടെ ഒരു മുഖ്യശാഖയാൽ നടത്തപ്പെടുന്നതും അതിനാൽ സഭാനിശ്ചയം ഏതു സംഗതിയും ബലമായ കാരണമായിരിക്കുന്നതും, കമ്മട്ടിപ്രസിദ്ധങ്ങായ മല്പാനച്ചൻ സഭയുടെ അംഗീകരിക്കപ്പെട്ട ഒരു നാവായിരിക്കുന്നവനും,

ക്രിസ്ത്യൻകോളജിലെ പ്രധാനാദ്ധ്യാപകനായി പാതിരിസായ്പിനെ മാത്രമെ നിശ്ചയിക്കയുള്ളൂ എന്ന നിയമം ആലോചിച്ചു നോക്കിയാൽ. സഭയുടെ സർവ്വപ്രധാനമായ മേലധികാരത്തെ പറയാതെ തന്നെ, അദ്ദേഹത്തിന്റെ തീരുമാനം പതിമ്മടങ്ങു ന്യായമായിരിക്കുന്നതും ആണെന്നു പറയാതെ അറിയാവുന്നതാണല്ലൊ.

ഈ സിമ്മനാരിയുടെ മുഖ്യോദ്ദേശ്യവും ക്രിസ്ത്യൻകോളെജിനുള്ളതായി മുമ്പിൽ പ്രസ്താവിച്ചതൊ അല്ലെങ്കിൽ അന്യമതസ്ഥന്മാരെ സ്വാഭിപ്രായങ്ങളിലെക്കു വശീകരിക്കുന്നതിനൊ അല്ല, ചിന്നയൊ യാക്കോബായ യുവാക്കളെ അവർ അന്യമതക്കാരാൽ നടത്തപ്പെടുന്ന സ്കൂളുകളിൽ പഠിക്കുമ്പോൾ ഉണ്ടായിപ്പോകുന്ന ഇടർച്ചകളിൽനിന്നും കാത്തുസൂക്ഷിക്കുന്നതിനായിട്ടാണെന്നുള്ളതു അതിന്റെ ഭാരവാഹികൾ ഒരിക്കലും മറച്ചുവച്ചിട്ടില്ല. സിമ്മനാരിയുടെ പേരുതന്നെ മതവിപരീതികളിൽ നിന്നും വിശുദ്ധ സഭയെ രക്ഷിക്കുന്നതിനു അമാനുഷികമായി പ്രയത്നിച്ചിട്ടുള്ള രണ്ടു പിതാക്കന്മാരിൽ നിന്നും ഉത്ഭവിച്ചിട്ടുള്ളതാണ. അങ്ങനെ ഇരിക്കുമ്പോൾ ഫ്രം വം നം രം വാദ്ധ്യാന്മാർ ഇതര മതസ്ഥന്മാരായിരിക്കുന്നതിനാൽ സിമ്മനാരിയുടെ ഉദ്ദേശ്യനിവൃത്തിക്കു ധാരാളം പ്രതിബന്ധമുണ്ടായിരുന്നിരിക്കണം. അതിനോടുകൂടി ഓ-ാംവാദ്ധ്യാരെ അത്ര ആവശ്യമില്ലാത്തപ്പൊൾ നിയമിക്കുന്നതിൽ വാദ്ധ്യാരുടെവിശ്വാസരീതിയെപ്പറ്റി കമ്മട്ടിക്കാർ ആലോചിച്ചതിൽ പരിഭവിപ്പാൻ വകയുണ്ടൊ. അങ്ങനെ ആലൊചിക്കാതിരുന്നാൽ മാത്രം കമ്മട്ടിക്കാർ തങ്ങളുടെ സാക്ഷാൽ യജമാനന്മാരായ യാക്കോബായക്കാരോടു വലിയ ചതിവു പ്രവൃത്തിക്കുന്നവരും തങ്ങളെ ഭരമേല്പിച്ചിരിക്കുന്നവിശ്വാസത്തിനു അയൊഗ്യന്മാരും ആയി ഗണിക്കപ്പെടുകയുള്ളൂ. ഈ അപെക്ഷകാരനൊ തങ്ങളുടെ ജന്മശത്രുക്കളും തങ്ങളുടെ സിമ്മനാരിക്കു എതിരായി ഒരു പള്ളിക്രൂടം നടത്തുന്നതിനു ശ്രമിച്ചുകൊണ്ടിരുന്നവരുമായ മെത്രാൻകക്ഷിയിൽ ഉൾപ്പെട്ടവനുമാണ.

എന്നാൽ സൂക്ഷ്മം ആലൊചിച്ചാൽ വാദ്ധ്യാരൊ വാദ്ധ്യാരുടെ സംബന്ധിച്ച യാതൊന്നുമൊ അല്ല ഈ ബഹളത്തിനുകാരണം. ഇതു ചില ആളുകളുടെ സ്വാർത്ഥയോടു കൂടിയ മത്സരബുദ്ധിയിൽനിന്നുത്ഭവിച്ചതാണെന്നു സമ്മതിക്കുന്നതിനു പകരം ഇതു തുലൊമായ കാരണങ്ങൾ പറയുന്നതു ഭോഷത്വംകൊണ്ടൊ ശുദ്ധഗതികൊണ്ടൊ ആയിരിക്കണം.

പൌലൂസിനെപ്പോലെ നല്ലപ്രവൃത്തിയിൽ മത്സരിക്കുന്നതിനുപകരം ഈവിധത്തിൽ തങ്ങളുടെവികടസ്വഭാവത്തെ വെളിപ്പെടുത്തുന്നവർ ബാഹ്യമായും ആഭ്യന്തരമായും തങ്ങൾ അനുഭവിക്കുന്നതായി ഭാവിക്കുന്ന ക്രിസ്ത്യാനിത്വത്തെ സാധുക്കളായ അന്യന്മാരുടെ കണ്ണുകളിൽ നിന്ദാപാത്രമാക്കിതീർക്കുന്നതിനെപ്പറ്റി പ്രത്യേകമായി ദുഃഖിക്കേണ്ടതാണ. 'അഹം' എന്ന ബ്രഹ്മനെയല്ലാതെ മറ്റാരെയും പൂജിക്കപ്രാണസങ്കടമായി തോന്നുന്നവർ എത്രതന്നെ സമർത്ഥന്മാരായാലും അസൂയാകക്ഷികളായി തീരാതിരിക്കയില്ല. അങ്ങനെയുള്ളവർക്കു തങ്ങളുടെ സ്വന്തബഹുമാനത്തിനൊ ബഹുമാനത്തിനൊ ആയി പരിണമിക്കാത്ത യാതൊന്നി

നെയും സന്തോഷത്തോടു കൂടി കണ്ടുകൊണ്ടിരിക്കുന്നതിനു ശക്തിയുണ്ടാകയില്ല.

ഭംഗികായൊ അഥവാ ഹൃദയപൂർവ്വമായൊ ചില നല്ലപ്രവൃത്തികൾ, പുസ്തകമായ്ട്ടെണയൊ മറെറാ മനസ്സിലായിട്ടുള്ളവ, 'അഹം' എന്ന കുറിയേൽ ചുററിത്തിരിഞ്ഞുകൊണ്ടിരുന്നാൽ പരിതാപകരമായിട്ടാണ പര്യവസാനിക്ക പതിവു. തങ്ങളുടെ മനൊവ്യാപാരങ്ങളുടെസാക്ഷാൽ ഉത്ഭവങ്ങളെ മറച്ചു മനസാക്ഷിക്കും സത്യത്തിനും അനുസരണമായി നടക്കുന്നവരെന്നുള്ള പേരിനെസമ്പാദിപ്പാനായി ഓരൊരുത്തർ ചെയ്യുന്ന യത്നവും, വിചാരിക്കാത്ത സമയവും മനസ്സറിയാത്തവിധത്തിലും അവയുടെ സാക്ഷാൽ ഉദ്ദെശ്യങ്ങൾ വെളിവാകുന്നതും കണ്ടപ്പൊൾ സേർ എം. ഇ. ഗ്രാൻറ് ഡഫ്, ഒരുമഹാനെക്കുറിച്ചു "അയാൾ ഏല്ലാസംഗതിയിലും തന്റെ മനസ്സാക്ഷിയെ അനുസരിച്ചു നടക്കുന്നവനാണ് എങ്കിലും അയാൾക്കു അവശ്യമുള്ള ദിക്കിലേക്കു മനസാക്ഷിയെ നിഷ്പ്രയാസെന വളയ്ക്കുന്നതിനുകൂടി ശക്തിയുള്ളവനാണു" എന്നു പറഞ്ഞതു എന്റെ ഓർമ്മയിൽ വന്നു.

അതിനാൽ തൻകാര്യവും അസഥിരതയും കാര്യസാദ്ധ്യത്തിനു അനുസരണമായി അഭിപ്രായ മാററവും ഉള്ളവൻ നിർമ്മലമായി സ്നേഹിക്കുന്നതിനു അശക്തനും സർവ്വരാലും അവിശ്വസിക്കപ്പെടുന്നവനും ആയിരിക്കുമെന്നും തന്റെ പൂർണ്ണശക്തിയൊടെ താൻ ഏർപ്പെടുന്ന സംഗതിയിൽ ഉത്സാഹിച്ചു തന്നെതന്നെ വിസ്മരിക്കുകവണ്ണം തന്റെ പ്രവൃത്തിയെയും തന്നെയും ഏകീഭവിപ്പിക്കാത്ത യാതൊരുവനും ശാശ്വതമായി നിലനിന്നതൊ നിലനിൽക്കുന്നതൊ ആയ ഒന്നും നിർവെറുകയില്ലന്നും മാത്രം പറഞ്ഞുകൊണ്ടു തൽക്കാലം വിരമിക്കുന്നു.

ഒരു സമാധാനം.

പ്രിയ പത്രാധിപരവർകളെ, കഴിഞ്ഞ ലക്കം പത്രികയിലെ നിങ്ങളുടെ ഇഷ്ടന്റെ മറുപടിയും ഇടയ്ക്കിടെ അടയാളമിട്ടു നിങ്ങളുടെ ഓരൊ സൂചനകളും ഒട്ടുവിൽ പൊരുവായി നിങ്ങളുടെ സമാധാനവും കണ്ടില്ലാകണ്ടിട്ടു പത്രികയുടെ ആരംഭംമുതലെ അതിന്റെ ലേഖകസ്ഥാനം വഹിച്ചുകൊണ്ടിരുന്നവനും ഇപ്പൊൾ കുറെകാലമായി മൌനവ്രതം അനുഷ്ഠിച്ചും കൊണ്ടിരിക്കുന്നവനുമായ ഇനിക്കു തന്നെതാൻ ലജ്ജതോന്നിയും കൊണ്ടു ഇനിയും മുറയ്ക്കു ലേഖനങ്ങൾ അയക്കണമെന്നു പ്രതിജ്ഞ ചെയ്യുകയും എന്റെ കഴിഞ്ഞുപൊയ അപരാധങ്ങൾക്കു ഞാൻ മാപ്പു ചോദിച്ചുകൊള്ളുകയും ചെയ്യുന്നു.

നിങ്ങളുടെ ഇഷ്ടൻ നല്ല അന്തരമുള്ളവനും വളരെ പരിഷ്കാരങ്ങൾ മനസ്സിൽ സംഗ്രഹിച്ചുവച്ചിരിക്കുന്ന ഒരാളുമാണെന്ന അദ്ദെഹത്തിന്റെ എഴുത്തിൽനിന്നും എല്ലാവർക്കും അറിയാവുന്നതാണ. അദ്ദെഹം

നമ്മുടെ സമുദായത്തിന്റെ അഭ്യുദയത്തെ കാംക്ഷിച്ചു ഇന്നതുകൂടെ ഉണ്ടായിരുന്നാൽ ഇന്ന ഗുണമുണ്ടാകുമെന്നും മറ്റൊരൊ കൃത്യങ്ങൾ അനുമാനിച്ചുവച്ചുംകൊണ്ടു പത്രികയിൽ ചാടിപുറപ്പെട്ടതാണ. ഹെ! ഇക്കൂട്ടാ ഞാനു തന്റെ ഒരു കൃത്യകാരനാണ പത്രാധിപരവർകൾ എന്നെയും കുറെ റിമാക്കു ചെയ്യട്ടെ. താങ്കൾ പറഞ്ഞിട്ടുള്ള പരിഷ്കാരങ്ങൾ എല്ലാം ചെയ്യുണ്ടതു തന്നെ ആണ. നമുക്കു അതിനുത്സാഹിക്കാം. പക്ഷെ ഒന്നു ഓർത്തുകൊള്ളണമെ പയ്യെ തിന്നാൽ പനയും തിന്നാമെന്നൊരു മൊഴി കേട്ടിട്ടില്ലെ. അതുകൊണ്ടു നമുക്കു ഓരോന്നായിപരിഷ്കരിച്ചുതുടങ്ങാം. എന്നാൽ ഇപ്പൊൾ അത്യാവശ്യം പത്രാധിപരവർകൾ പറഞ്ഞതുപൊലെ തുടങ്ങിയിട്ടുള്ളതു ദുഴിവനാകാം. ഒന്നാമതായി നമ്മുടെ മാർ ദീവന്നാസ്യൊസുസ് തിരുമനാരിയെ ഒരു നിർഭയമായസ്ഥിതിയിൽ കൊണ്ടുവരാൻ ഉത്സാഹിക്കാം. കണ്ടില്ലെ നവീകരണകാർ അന്യായയിൽ നിന്നാണെങ്കിലും മാർതൊമ്മാ സ്ക്കൂൾ തുടങ്ങിയതു ചിലർ പഴയ പള്ളിയിൽ പ്രധാനത്വം കിട്ടാഞ്ഞ "നിലയില്ലാത്തപള്ളിയുണ്ടാകിയതു അറിഞ്ഞിട്ടില്ലെ എബ്രായക്കുട്ടിയിൽ പറയുന്നതുപൊലെ "അവന്റെ അനുജനല്ലെ ഇവൻ?" ആവൊ ഇതെവരെ പറഞ്ഞുകൊണ്ടിരുന്ന പടാത്ഥകളൊക്കെ ഇത്രവേഗം മറന്നുകളഞ്ഞതല്ലെ ആശ്ചര്യ്യം കാരണവും നിങ്ങൾ കേട്ടില്ലെ, പച്ചപരമാത്ഥികൾ രക്ഷപെട്ട കൃത്രിമം കളളകൌശലങ്ങൾ ഒന്നും ഇനിയും പഠിച്ചിട്ടില്ലല്ലൊ. അതുതന്നെ വലിയകാര്യ്യം- സ്നേഹിതാ അവരെ എന്തിനാണ കുറ്റം പറയുന്നതു. നമ്മുടെകൃത്തിലെ ഭീശകൊമ്പന്മാരെല്ലാം മടിശ്ശീലയുടെ വായ് നന്നാ മുറുകികെട്ടികൊള്ളട്ടെ. ഇനിയെങ്കിലും ഒന്നു ചൊണകേറട്ടെ. വങ്കിലന്മാരായിട്ടും മറ്റും ചില ചില്ലറഉദ്യൊഗങ്ങളിലായും അങ്ങും ഇങ്ങും ഇരിക്കുന്ന നമ്മുടെ സമുദായത്തിൽപെട്ടവർ ഒരു സിമ്മനാരിക്കു വേണ്ടി ഇതെവരെ ആയിട്ടു ഏന്തു ചെയ്യിട്ടുണ്ട. ഇതാണൊ അവരുടെ ചുമതല, അതുകൂടാതെ മാർ തൊമ്മായിലെ പത്തു കൊച്ചുകൊശിക്കുഞ്ഞിനെ പെല്ലുന്ന ഏതു കുബെരന്മാർ ഒരു കൃത്യത്തിൽ ഉണ്ട. അരകാശു ഇതിനായി അവർ ചിലവഴിച്ചിട്ടുണ്ടൊ. ഇവക്കു ഏല്ലാം തന്നത്താൻ ഇനിയെങ്കിലും കുറെ പുദ്ധി കേറുമെന്നു വിചാരിച്ചു ഇപ്പൊൾ ഞാൻ ഒന്നും പറയുന്നില്ലാ. ഇനിയത്തെ പ്രാവശ്യം ഓരൊരുത്തരുടെയും പേരു വിളിച്ചു വിശേഷങ്ങൾ ഒക്കെ വെളിപ്പെടുത്താം. സിമ്മനാരി രണ്ടു നിലയാക്കുന്നതിനു തീച്ചുപ്പെടുത്തി കഴിഞ്ഞില്ലെ, പ്രിയ പത്രാധിപരവർകളെ നിങ്ങൾ ചിലരെല്ലാംകൂടി ഒന്നിറങ്ങിയാൽ നമ്മുടെ കൃത്രിമടെ മടിശ്ശീലതുമ്പു മുറുക്കുന്നതു ഒന്നു കണ്ടുവെക്കായിരുന്നു. ഞാനും നിങ്ങളുടെ ഇഷ്ടനംകൂടി നിങ്ങൾക്കുവേണ്ട സഹായം ചെയ്യുതരാം. മാർ ഇഗ്നാത്യൊസു ദ്രോസുനേശെ വകയ്ക്കു വലിയതുകയും പതിച്ചുംവച്ചു പോയികിടന്ന സുഖമെടുക്കുന്ന വന്ദ്യന്മാരുടെ മരണവേദനകൾ ഒക്കയും പണത്തിനു ചെല്ലുമ്പൊൾ നമുക്കു കാണാം. ഹെ! സുറിയാനിക്കാരാ, ഉണരുക നീ നല്ല ഉറക്കത്തിലിരിക്കുമ്പൊളിതാ കള്ളൻ വന്നു നിന്നെ കൊള്ളയിടുന്നു. ധനത്തിനു വേലി ധർമ്മമാണെന്നു ഓ

ചാരിച്ചു ഒരം നന്മപ്രവൃത്തികായിട്ട ചിലവു ചെയ്യു. ഏതു നവീകരണക്കാരൊ അവരെ കൂത്തിപൊകി കൊണ്ടവരുന്ന കുബെരന്മാരൊ നാം ഒത്തൊരുമയായി പ്രവൃത്തിച്ചാൽ നമ്മുടെ വെട്ടത്തു വരുമൊ. പക്ഷെ നിനക്കു നല്ല മനസ്സു മാത്രമുണ്ടായാൽ മതി. നമുക്കു പുവരുണ്ടു ചിത്രമെഴുതികൊണ്ടാൽ മതിയല്ലൊ. പത്രാധിപരവർകളെ നിങ്ങൾ ഒരം ഏടുത്തു ചാട്ടം കണ്ടു ഒട്ടും പേടികണ്ടാ (നിങ്ങൾ ഇതിലും അപ്പുറം കണ്ടിട്ടുള്ള അതുകം പേടികാത്ത അതുകമാണ) കേവലം പൈശാചികമായ അസൂയയിൽ നിന്നും അഹംഭാവത്തിൽനിന്നും മാത്രം പുറപ്പെട്ടിരിക്കുന്ന ഒരം ചാട്ടത്തിൽ ഉണ്ടൊ ദൈവാനുകൂലം. നാം നമ്മുടെ ത്രൈവശ്രുത്തിനായി ഞെരുങ്ങിചെയ്യുതാണ. ഇനിയും ഉറയ്ക്കു ഞാൻ ലേഖനങ്ങൾ അയച്ചുകൊള്ളാമെന്നവച്ചു നിറുത്തുന്നു.

ഏന്നു പത്രികയുടെ പഴയ മിത്രം.

കല്യാണവിരുന്നു.

ഇതാ ഒരു കല്യാണമഹോത്സവം. ഇതിൽ സംബന്ധിക്കുവാൻ വിരുന്നുടമസ്ഥൻ അതിഷ്ടം ലേഖനവും അയച്ചു ധനവാൻ, ദരിദ്രൻ, ജ്ഞാനി, അജ്ഞാനി, വൃദ്ധൻ, ബാലൻ, ബലവാൻ, ബലഹീനൻ, രോഗി, അരോഗി എന്നീഭേദംകൂടാതെ എല്ലാവരേയും സസന്തോഷം ക്ഷണിക്കുന്നു. വിരുന്നുടമസ്ഥന്റെ ഭൃത്യന്മാർ വിരുന്നിന്റെ മാഹാത്മ്യങ്ങളേയും ഭോജനപദാർത്ഥങ്ങളുടെ വൈശിഷ്ട്യങ്ങളേയും വർണ്ണിക്കുന്നതുകേൾക്കുമ്പോൾ അവിടെ എത്തുവാൻ അനേകർ തത്രപ്പെടുന്നു. ചിലർ കുട എടുക്കുന്നു. ചിലർ വടി എടുക്കുന്നു. ചിലർ ധൃതികൊണ്ടു ഒന്നും എടുക്കാതെയും വഴി അറിയാതെയും ഓടുവാൻ ബദ്ധപ്പെടുന്നു. ഇതു കണ്ടു ഭൃത്യന്മാർ വിരുന്നു ഭവനത്തിലേക്കു പോകുവാനുള്ള മാർഗ്ഗങ്ങളെ വിസ്തരമായി പറവാൻ തുടങ്ങി. വഴിമദ്ധ്യവച്ചു ഉണ്ടാകാവുന്ന കഷ്ടനഷ്ടങ്ങളേയും അവയെ തടുക്കുവാൻ ചില സൂത്രങ്ങളേയും കൂടെ പറഞ്ഞുകൊടുത്തു-

എല്ലാവരും ഏറക്കുറെ ശ്രദ്ധയോടെ നോക്കികൊണ്ടിരുന്നപ്പോൾ ക്ഷണിപ്പാൻ അയക്കപ്പെട്ട ഒരുഭൃത്യൻ ഉച്ചൈസ്വരം പറഞ്ഞു- "അല്ലയൊ സ്നേഹിതരെ കല്യാണപീഠം അത്ര ദൂരമല്ല- അവിടേക്കുള്ള വഴി അത്യന്തം ദുർഘടവും അത്യപല്ലൂരവും അത്രകുന്നു. വഴിമദ്ധ്യെ ഒരു ഭയങ്കരമായ ശൂന്യസ്ഥലവും അതു കഴിഞ്ഞാൽ ഒഴുക്കുള്ള ഒരു നദിയും കടപ്പാനുണ്ടു- കല്യാണഭവനത്തിലേക്കു വല്ലവരും വല്ലപ്പൊഴും പോയിട്ടുണ്ടെങ്കിൽ അവർ അല്ലാതെ ആരും ഒരിക്കലും ഈ ശൂന്യപ്രദേശത്തുകൂടെ നിർഭയമായി കടന്നുപോയിട്ടില്ല- ഈ നദിയൊ ഏവനും കടക്കുവാനുള്ളതാകുന്നു- നദിതീരത്തു എത്തുന്നതിനു ശൂന്യപ്രദേശം കൂടാതെ പ്രയാണങ്ങിനു സൌകര്യവും അതിവ സുഖവും ഉള്ളതും സൂര്യരശ്മി ലേശം തട്ടാത്തവിധത്തിൽ ഇരുപാർശ്വും വൃക്ഷങ്ങളാൽ നിബിഡമായിട്ടുള്ളതുമായ പേരെ വിസ്താരമുള്ള ഒരുവഴിയും ഉണ്ടു- അതിൽകൂടി കളിച്ചു ചിരിച്ചു മത്തപ്രമത്തന്മാരായി സുബോധരഹിതരായി കാമവികാരികളായി വരുന്നവർ പുഴവിൽ ചാടുമ്പോൾ അതിലെ ഒഴുക്കിലും ചുഴലിയിലും അകപ്പെട്ടു നശിച്ചുപോകയും മത്സ്യങ്ങൾക്കു ഇരയാകയും ചെയ്യുന്നതാണ പതിവു- ശൂന്യസ്ഥലത്തുള്ളവഴിയിൽ കഷ്ടങ്ങളെ സഹിച്ചു വരുന്നവർ നദിയിലെ ഒഴുക്കും ചുഴലിയും സുഖകരമായും നേരായും ഭവിക്കും- ഇവർ നിഷ്പ്രയാസേന അക്കരെ കടക്കുകയും ചെയ്യും-

മനുഷ്യ സഞ്ചാരമില്ലാത്ത ഈ ശൂന്യ പ്രദേശത്തു വിസ്താരമുള്ള പാഥകളുടെ വാസനയുള്ള പൂക്കളുടെ വിശേഷരാഗമുള്ള പക്ഷികളുടെ മധുരമുള്ള കനികളുടെ നയനാനന്ദകരമായ കാഴ്ചകളുടെ അത്യസ്വാദ്യതരങ്ങളായ പദാർത്ഥങ്ങളുടെ നിർമ്മലജലമുകളുടെ ഒന്നുമില്ല. പ്രസ്തുത സിംഹവ്യാഘ്രങ്ങൾ മുതലായ കാട്ടുമൃഗങ്ങ

ളിടെ അലച്ചിൽ കേൾപ്പാനും വിഷമമുള്ള അനേകതരം സപ്പുങ്ങളിടെ ഉഗ്രതയുള്ളതിഴി യൻകണ്ണുകൾ മിന്നന്നതു കാണ്മാനും ഉണ്ടാകും. ഞാൻ പറയുന്നവിധം നിങ്ങൾ പ്രവൃ ത്തിക്കുന്നതായാൽ ഇവയെ നിങ്ങൾക്കു ഭയപ്പെടുവാനില്ല.

ഏതു വിധവും കല്യാണഗൃഹത്തിൽ എത്തിയാൽ അപ്പിടെ നിങ്ങൾ പരമാനന്ദ പരിപൂർണ്ണന്മാരും വിരുന്നടമസ്ഥന്റെ പ്രേമപാത്രങ്ങളുമായി തീരും. ആയജമാന ൻ ഓമനപുഞ്ചിരിയോടെ നിങ്ങളെ നോക്കിക്കൊണ്ടു സുമഹത്തരങ്ങളായ മണപറ യിൽ നിങ്ങൾക്കു മുമ്പെ ചെന്നെത്തിയിട്ടുള്ള പരിശുദ്ധന്മാരോടു കൂടെ യഥായോ ഗ്യം ഇരുത്തി നിങ്ങളെ സകലവിധ പദാർത്ഥങ്ങളാൽ പോഷിപ്പിക്കും. രാജ്യങ്ങളിടെ യും ജാതികളിടെയും മേൽ നിങ്ങൾക്കു അധികാരം നൽകും. നിങ്ങളിടെ ഭക്ഷണപീ ഠത്തിൽ ശുശ്രൂഷിക്കുന്നതിനു അരകെട്ടി തയ്യാറായി നില്ക്കുന്നതു ഈ യജമാനന്റെ ഓമന മകനാകുന്നു. അപ്പിടത്തെ ദൂതഗണങ്ങൾ നിരന്തരമായ കോലാഹല ശബ്ദ ത്തോടുകൂടി ഖാൻറു കൊട്ടിക്കൊണ്ടു നിങ്ങളെ എതിരേല്ക്കും. ശോഭയുള്ള അനേക മുപ്പന്മാർ സന്തോഷചിത്തന്മാരായി മുന്നണിയിൽനിന്നു പനിനീർപീലി നിങ്ങളെ തണുപ്പിക്കും. അപ്പിടെ എത്തുന്നതിനു നിങ്ങൾ ഒട്ടും ഉദാസീനരാകരുതു. അപ്പിടെ ആദിത്യൻ ഒരിക്കലും അസ്തമിക്കയില്ല. അപ്പിടെ നിങ്ങളെ ഉപദ്രവിക്കുന്ന ദുഷ്ടമൃഗ ങ്ങൾ ഇല്ല. അപ്പിടെ ക്ഷാമവും പകരുന്ന വ്യാധികളും ഇല്ല. അപ്പിടെ വഞ്ചനയും ചതി വും ഇല്ല. അസൂയയും നിഗളവും ഇല്ല. കുശുമ്പും ദാഹവുമില്ല. അതിനാൽ നിങ്ങൾ ഈ ശുഭോപസരത്തെ നഷ്ടപ്പെടുത്താതെ ആ ഇമ്പകരമായ ഭവനത്തിന്റെ വാതൽ അ ടയ്ക്കുന്നതിനുമുമ്പു അപ്പിടെ എത്തുവാൻ ബദ്ധപ്പെടുവിൻ"

ഇപ്രകാരം ഭൃത്യന്റെ വചനം കേട്ടപ്പോൾ കല്യാണപിരുന്നുണ്ണുവാൻ ധൃതിവച്ചു പുറപ്പെടുവതിൽ പലരും നിലയായി. ചിലർ സംശയിച്ചു എന്തുവേണ്ടു എന്നാലോച നയായി. ചിലർ പിന്നോക്കം മടങ്ങി, ചിലർ ജയാൽപറഞ്ഞ ഉൾവടവഴിപോകട്ടെ വേറെ വഴിയുണ്ടു അതിലെ പോകാമെന്നുവച്ചു വഴിവളച്ചു നടന്നുതുടങ്ങി, ചിലർ എന്തായാലും വേണ്ടില്ല കല്യാണത്തിൽ എത്തണമെന്നുവച്ചു ഭൃത്യൻ പറഞ്ഞുകൊടുത്ത വഴിയെ പുറപ്പെട്ടു.

വിരുന്നടമസ്ഥന്റെ ദൂതൻ ചൊന്ന വാക്കു അനുസരിച്ചു പുറപ്പെടുവരോടു ദൂ തൻ പിന്നെയും മന്ദസ്മിതത്തോടുകൂടെ ഇപ്രകാരം സംസാരിച്ചു. "നിങ്ങൾ എന്റെ വചനത്തെ കളിയാക്കാതെ എന്നെ പറഞ്ഞയച്ചവന്റെ കല്പനയെ വിശ്വസിച്ചു പുറ പ്പെട്ടതുകൊണ്ടു നിങ്ങൾക്കു എളുപ്പവും സമാധാനവും ഉണ്ടാകേണ്ടതിനു നിങ്ങൾ ക്കുതരുവാൻ ചില ഉപദേശങ്ങളും സാധനങ്ങളും ഇനിയും ഉണ്ടു. അവയിൽഒന്നു ഈ താ ഈ വടിവാൾതന്നെ. ഇതു കേവലം ഒരുവടിയല്ല, ഇരുമുനയുള്ള ഒരു വാൾ ജാതി ലുണ്ടു. വടിയുടെ പേർ "പ്രാർത്ഥന" എന്നും വാളിന്റെ പേർ "ഉപവാസം" എന്നും അതുകൾ. ഈ ആയുധങ്ങൾ കയ്യിലിരുന്നാൽ മേല്പറഞ്ഞ ഭയങ്കര സ്ഥലത്തുള്ള ദുഷ്ട മൃഗങ്ങൾ ഉപദ്രവിക്കയില്ല. ഇവ എപ്പോഴും നിങ്ങൾ വഹിച്ചിരിക്കണം. നടപ്പിനാ ൽ ക്ഷീണം വർദ്ധിക്കുമ്പോൾ ഇതൊരു ഭാരമെന്നുവച്ചു ഇട്ടുകളകയോ അലക്ഷ്യമാക്കു കയോ ചെയ്യാൽ ചെന്നായ്കൾ നിങ്ങളെ ഒടുക്കും" എന്നിപ്രകാരം പറഞ്ഞു ഓരോരു ത്തക്കു ഓരോ വടിവാൾ കൊടുത്തു.

ഭൃത്യൻപിന്നെയും പറഞ്ഞതായിതു. "ഇതുകൊണ്ടും തീരുകയില്ല. നിങ്ങളിടെ വഴി യാത്രയിൽ ഭക്ഷണത്തിനായി തരുവാൻ കഴെ അപ്പംകൂടി വിരുന്നടമസ്ഥൻ തന്നു യച്ചിട്ടുണ്ടു. ഇതു വേണ്ടപോലെ പാകംചെയ്തു വച്ചിട്ടുള്ളതാണു- ഇതിനെക്കുറിച്ചു നന്നായി സൂക്ഷിച്ചിരിപ്പാനുണ്ടു. ഇതിനെവച്ചു സൂക്ഷിക്കുന്ന പാത്രങ്ങൾ ശുദ്ധവും ശു ചിയും ഉള്ളതായിരിക്കണം. അശുദ്ധപാത്രങ്ങളിൽ ഇരുന്നാൽ അതുതൽ പുരണ്ടുകാ ണുന്നു ചാറു ക്ഷണനേന ഉണങ്ങിപ്പോകും. അപ്പോൾ നിങ്ങളിടെ പൈദാഹങ്ങൾക്കു ഇതു ഉപയോഗപ്പെടുകയില്ലന്നു മാത്രമല്ല അതുതന്നെ നിങ്ങൾക്കു സുഖക്കേടിനും മ രണത്തിനും രോഗത്തിനും കാരണമായി തീരും" എന്നു പറഞ്ഞുകൊണ്ടു "ക്രിസ്തുനാ" എന്നു അപ്പത്തെയും അവരിൽ ഓരോരുത്തക്കു കൊടുത്തു.

ഭൃത്യൻ വീണ്ടും ഇപ്രകാരം പറഞ്ഞു. "ഒരു സംഗതിക്കുടെ ഉണ്ടു. നിങ്ങൾ ചെ ന്നെത്തിയാൽ ഭവനപ്രവേശനത്തിനു വിഘ്നം നേരിടാതിരിക്കണമെങ്കിൽ യജമാന ന്റെ മുദ്രയോടുകൂടിയ ഒരു കല്യാണവസ്ത്രം കൂടെ ഉണ്ടായിരിക്കണം. കേവലം വ സ്ത്രം മാത്രം പോരാ. മുദ്രയില്ലാതെ ഉടുത്തുകെട്ടിച്ചെന്നാൽ കാവല്ക്കാക്കു സംശയം ജ നിച്ചു നിങ്ങളെ അറിയുന്നില്ലന്നു പറഞ്ഞു തള്ളികളയും. കള്ളമുദ്ര പതിച്ചു കൊണ്ടു ചെന്നാൽ പിടിച്ചു പുറത്തെ അന്ധകാരത്തിലേക്കു തള്ളികളയും. നിങ്ങൾക്കുതരുവാ

ൻ സാക്ഷാൽ മൃഗപതിച്ച കല്യാണപ്പുവും യജമാനൻ തന്നെയിട്ടിട്ടുണ്ട്. ഇതുധരിച്ചിരുന്നാൽ മാത്രമെ അകത്തേക്കു പ്രവേശിപ്പിക്കുത്തൊള്ളൂ" എന്നു പറഞ്ഞും കൊണ്ടു "മൂരോൻ" എന്നു ദൂരെ പരിചിട്ടുള്ള മാപ്പൂളീസ്യാ എന്ന ഒരു കല്യാണപ്പുവും അവൻ ഓരോരുത്തനെ കൊടുത്തു.

ആ ഭൃത്യൻ പിന്നെയും പറഞ്ഞതു എന്തെന്നാൽ- ഹാ- സ്നേഹിതരെ നിങ്ങൾ പ്രത്യേകം ഓർത്തിരിക്കേണ്ട ഒരു കായ്യം ഉണ്ടു- അതു എന്തെന്നാൽ- നിങ്ങൾ അതിരാവിലെ യാത്രപുറപ്പെടണം. മഞ്ഞുകൊണ്ടാകട്ടെ, മഴകിരുമാറട്ടെ, അസാരം ഇരുട്ടെയിൽകയട്ടെ എന്നുവച്ചാൽ സൂര്യരശ്മിയുടെ ഉഗ്രതയാൽ ചരൽ തീക്കനൽപോലെ പഴുത്തുതുടങ്ങും. മദ്ധ്യോട്ട നടന്നു എത്തുവാൻ പ്രയാസമായ്തീരും. വെയിലാറട്ടെ എന്നുവച്ചാൽ കാട്ടുമൃഗങ്ങളുടെ വാസസ്ഥലത്തു രാത്രി താമസിക്കേണ്ടിവരും. ഇങ്ങനെ നിങ്ങൾ നിർഭാഗ്യന്മാരായി തീരാതിരിപ്പാനും അതെ പേരെയുള്ള നിങ്ങളുടെ അദ്ധ്വാനങ്ങൾ വിഫലങ്ങളായി തീരാതിരിപ്പാനും വേണ്ടി കാലത്തെയുള്ള യാത്രയ്ക്കു മടിയന്മാരാകരുതെന്നു ഒന്നുകൂടെ ഓർപ്പിച്ചു കൊള്ളുന്നു. ഇനി മറുചിലരെ കൂടെ ക്ഷണിപ്പാനുള്ളതുകൊണ്ടു ഞാൻപോകട്ടെ" എന്നുപറഞ്ഞു ആ ഭൃത്യൻ അന്തർദ്ധാനം ചെയ്കയും ചെയ്തു. (തുടരും) കെ.

ഇടവക പത്രികയുടെ നിരണം സങ്കീർത്തനം.

൧- നിരണം സെൻറ് മേരീസ് സ്കൂൾ.

എന്റെ പത്രാധിപരവർകളെ ഇവിടെ നാലഞ്ചു കൊല്ലമായി നടന്നുവരുന്ന ഇംഗ്ലീഷു പള്ളിക്കൂടം ക്രമംകൊണ്ടു അപ്പർഫോർത്ത് ക്ലാസ്സു വരെ ആയി. അതിനെ പേരൊരുത്തരുടെയും സഹായം കൂടാതെ യോഗക്കാർ നടത്തുന്നതിനെപ്പറ്റി വളരെ ശ്ലാഘിക്കേണ്ടിയിരിക്കുന്നു. എന്നു തന്നെയുമല്ല മേടം ൨൫-ാം നു- ഞായറാഴ്ച ഒരുമണിക്കു യോഗം കൂടി ഇ. ജെ. ജോൺ അവർകളെ സിക്രട്ടറിയായിനിശ്ചയിച്ചു. പള്ളിക്കൂടം ക്രമംകൊണ്ടു ഹൈസ്ക്കൂൾ ആക്കണമെന്നും അതിനു സർക്കാരിൽ നിന്നും ഗ്രാൻറു കിട്ടുന്നതുവരെ വേണ്ടപണം പള്ളിയോഗത്തിൽ നിന്നും ചിലവു ചെയ്യാമെന്നും പള്ളിക്കൂടം ഇപ്പോൾ ഉള്ളതിനു സ്ഥലം പോരാഴികയാൽ കിഴക്കും പടിഞ്ഞാറും രണ്ടു പൂമുഖം ഇടണമെന്നും ഹെഡ്മാസ്റ്ററായി ഒരു ബി- എ- കാരനെ ഉടനെ നിയമിക്കണമെന്നും ജയിക്കാത്ത വാദ്ധ്യാന്മാരെ നീക്കി ജയിച്ച ആളുകളെ നിയമിക്കണമെന്നും വാദ്ധ്യാന്മാരെ കിട്ടേണ്ടതിലെക്കു മനോരമ മുതലായ പത്രങ്ങളിൽ പരസ്യം ചെയ്യണമെന്നും ൨൯-ാം നു-ലെ പെരുനാൾ ചില പ്രത്യേക കാരണങ്ങളാൽ ൨൨-ാം നു- ആക്കണമെന്നും വീരവാദം ചെയ്തു നടക്കുന്നവരായ എതിർകക്ഷികളിൽ പ്രധാനികൾക്കു നൊട്ടീസു കൊടുക്കണമെന്നും പൂർവ്വീക വിശ്വാസങ്ങളെ ആചരിച്ചു വരുന്നവരായ യാക്കോബായ സിറിയൻ പട്ടക്കാർക്കു ക്ഷണനകത്തയക്കണമെന്നും മറും നിശ്ചയിച്ചു മൂന്നുമണിയൊടുകൂടി യോഗം പിരികയും ചെയ്തു.

൨- നിരണം സുവിശേഷ പരിശീലന സഭ.

ഈ പേരൊടു കൂടി ൧൧൫ ചിങ്ങത്തിൽ ഒരു സംഘം ഏർപ്പെടുത്തി നിരണം മലയാംപള്ളിക്കൂടം വാദ്ധ്യാർ കെ. എം. പീലിപ്പൊസ അവർകളെ സിക്രട്ടറിയായി നിശ്ചയിച്ചു ഒരുമാനെജിംഗ കമ്മട്ടി ഏർപ്പെ

ടുത്തുകയും ക്രമംകൊണ്ടു നൂതി സാമാജികന്മാർ വരെ ചേന്ന പ്രസംഗ വെല അഭ്യസിക്കുക, സണ്ടെസ്ക്രൂൾ നടത്തുക മുതലായ പ്രവൃത്തിക ൾ ചെയ്യുംകൊണ്ടിരുന്നു. ഈ സണ്ടെസ്ക്രൂളുകൾക്കു ഗ്രാൻറിനും കൂടി കൾക്കു സമ്മാനം കൊടുക്കുന്നതിനും ഇൻസ്പക്ടക്കു ശമ്പളം കൊടുക്കുന്ന തിനും മറുമായി ഇടവകജനങ്ങളിൽനിന്നും നിശ്ചയം മുതലായുപിരി കയും ചെയ്യുവരുന്നു. ഇങ്ങനെ ൫ മാസം കഴിഞ്ഞശേഷം സിക്രട്ടെറി കെ. ഏം. ചീലിപ്പൊസ അവർകൾക്കുണ്ടായ ചില സുഖക്കെടു നിമിത്തം രാജി കൊടുക്കയും പകരം കടമ്പനെരി ചാക്കൊ അവർകളെ (മേ പ്രാൽ ഇംഗ്ലീഷ പള്ളിക്കൂടം വാദ്ധ്യാർ പി. സി. ചാക്കൊ) നിയമിച്ചു സംഘം നടത്തി വരികയും മകരം ൧൫-൹ ഞായറാഴ്ച ടി. സംഘ ത്തിന്റെ ആഭ്യവാഷീകയോഗം കൂടുകയും അതുവരെ ഉണ്ടായിരുന്ന നെല്ലു പണം മുതലായുടെ കണക്കുവായിച്ചു കെൾപ്പിക്കയും അഗ്രാ സനർ (മട്ടയ്ക്കൽ പുതുകരി വീട്ടിൽ വൈദ്യൻ കൊച്ചുപെരുമാൾ) അ വർകളും രണ്ടുഭാരവാഹികളും അടയാളം വൈക്കയും ചെയ്തു. അനന്ത രം സംഘവിപ്പൊട്ട വായിച്ചു. പിൻസംഘങ്ങളുടെ കായ്മനടപ്പിനെക്കു റിച്ചു ആലൊചിച്ചുതെന്നാതു: സണ്ടെസ്ക്രൂൾ ഇല്ലാത്ത സഥലത്തു സണ്ടെ സ്ക്രൂളുകൾ സഥാപിക്കയും അതിന്റെ ഇൻസ്പക്ടരായി വ ല്യത്തു കുയ്മൻ വാദ്ധ്യാർ അവർകളെ നിശ്ചയിക്കയും ‘ജെ. ഏസ്സ് സ ണ്ടെസ്ക്രൂൾ നിയമം’ എന്നു പെരൊടുക്രൂടി ഒരുറ്റൽസ പാസാക്കുകയും ചെയ്തു. പിന്നിടു ഈ മേടം ൨൫-൹ ശനിയാഴ്ച സണ്ടെസ്ക്രൂൾ കു ട്ടികളെ പരീക്ഷിക്കുന്നതിനു നിശ്ചയിച്ചു. പരീക്ഷകായി നിരണം സ ണ്ടെസ്ക്രൂളിൽ നിന്നും ൨ ക്ലാസുകളും മറുള്ള പള്ളിക്രൂടങ്ങളിൽ ,ഓ രൊ ക്ലാസുകളും ഉണ്ടായിരുന്നതുൽപ്പെടെ ൪൭ കുട്ടികൾ ഉണ്ടായിരുന്നു. അതിൽ ഒന്നാം ക്ലാസുകാരായി നിരണം സണ്ടെസ്ക്രൂളിൽ പഠിച്ചുതാ യ ൭ കുട്ടികൾ മാത്രമെ ഉണ്ടായിരുന്നൊള്ളു. പരീക്ഷാസൂപ്രണ്ടന്മാർ ദിവ്യശ്രീ പനയ്യാമറ്റത്തു അബ്രൊഹം കത്തനാർ അവർകളും ദിവ്യശ്രീ മട്ടയ്ക്കൽ ആലക്സന്ത്രയൊസ കത്തനാരവർകളും ആയിരുന്നു. പരീക്ഷാ നാളിൽ സംഘത്തിന്റെ സന്തൊഷത്താൽ ൨൨ മണിയൊടുക്രൂടി കുട്ടി കൾക്കു കാഴ്ച കൊടുക്കയുണ്ടായി. പരീക്ഷയിൽ നിരണം സണ്ടെസ്ക്രൂ ളിൽനിന്നു ൨-ാംക്ലാസിൽ ൭റുക്കു ൯൦ വീതവും ൨-ാം ക്ലാസിൽ ൭൫ വീതവും മോഴച്ചേരിൽ പള്ളിക്രൂടത്തിൽ ൭റുക്കു ൪൦ വീതവും മോ ടിശെരിൽ പള്ളിക്രൂടത്തിൽനിന്നും ൫൪ വീതവും വെണ്ണിഴിയിൽ പ ള്ളിക്രൂടത്തിൽ ൭റുക്കു ൫൪ വീതവും വടക്കും ഭാഗം പള്ളിക്രൂടത്തിൽ നിന്നും ൩൦ വീതവും ജയിച്ചിട്ടുണ്ടു. ഈ വിവരങ്ങളെ കാണിച്ചു പെ രുനാളിൻ ദിവസം ഒരു രസകരമായ റിപ്പൊട്ട സിക്രട്ടെരി വായിക്കയും ചെയ്തു. അനന്തരം സംഘക്കാർ ഒരുകിയിരുന്ന പന്തലിൽവച്ചു കുട്ടി കൾക്കു യഥാക്രമം സമ്മാനം കൊടുത്തു. മെൽ നടത്തിപ്പിനെക്കുറിച്ചു ആലൊചിക്കുന്നതിനായി പതിവുപൊലെ ൧൯-൹ ഞായറാഴ്ചസം ഘം കൂടി ചാക്കൊ അവർകൾക്കു പലപല ജൊലിനിമിത്തം സിക്രട്ടെ രി സഥാനത്തിൽ നിന്നും മാറിയാൽ കൊള്ളാമെന്നു അദ്ദെഹം സംഘ

ത്തിൽ അപേക്ഷിക്കുകയും ആ അപേക്ഷപ്രകാരം നിരണംസണ്ടെസ്ക്രൂൾ വാദ്ധ്യാന്മാരായ പി. കൊച്ചുമ്മൻ അവർകളും കെ. എം. പീലിപ്പോസ അവർകളും ക്രൂടി സ്ക്രൂട്ടെരി സ്ഥാനം വഹിക്കണമെന്നു സംഘം ഐകകണ്ഠ്യേന അഭിപ്രായപ്പെട്ടതിനാൽ അവരെ നിയമിച്ചു സംഘം പിരിഞ്ഞു.

പാപ്പായുടെ സർവ്വാധിപത്യം.

(൭)

൦രം നാട്ടിൽ പാളിന്റെ മൂച്ചുകൊണ്ടും ദ്രവ്യം കൊണ്ടും സുറിയാനിക്കാരുടെ ഇടയിൽ റോമാസഭ സ്ഥാപിച്ചതുമുതൽ അതിൽചേർന്ന ജനങ്ങൾ അന്യമതങ്ങളിൽ ഉൾപ്പെടാതിരിപ്പാനും റോമാവിശ്വാസം ഉറപ്പിക്കുവാനും അതിന്റെ മേലദ്ധ്യക്ഷന്മാർ ചെയ്യുവാനിരുന്ന ഒരു വലിയ കൌശലം സകലവിധ ലൌകീക ആത്മീക അറിവുകളെ സമ്പാദിക്കുന്നതിനുള്ള മാർഗ്ഗങ്ങളെ അടച്ചുകളകയും മറു മതസ്ഥന്മാരൊടുള്ള സഹവാസം വിരൊധിക്കയും ആയിരുന്നു. ദൃഷ്ടാന്തമായിട്ടു പുരാൻ ക്രൂറുകാരൊടുക്രൂടി ബന്ധുത ഏന്നു വേണ്ട അടിയെന്തിരങ്ങളിൽ പോലും സംബന്ധിക്കരുതെന്നു വരാപ്പുഴ മെത്രാന്മാരുടെ അധികാരകാലത്തു സർക്കുലർആയച്ചു ചട്ടംകെട്ടിയിരുന്നു. യോജിച്ചു ഒരുവിദ്യാലയം നടത്തണമെന്നു ആലൊചിച്ചശേഷം സഹവാസം പാടില്ലന്നുള്ള കാരണത്തുമ്മൽ വിരൊധിച്ചുകളഞ്ഞു. വരാപ്പുഴ അനുവദിക്കാത്ത യാതൊരുപുസ്തകങ്ങളും വായിക്കരുതെന്നു നിബ്ബന്ധംവച്ചു. ഇങ്ങനെ അനേകം ദൃഷ്ടാന്തങ്ങൾ പറവാനുണ്ടു. പാപ്പായ്ക്കു കീഴ്പ്പെട്ടുകിൽ മാത്രമെ രക്ഷയുള്ളു എന്നു മൂലപ്പാലിൽ തന്നെ ഉപദേശിച്ചു പഠിപ്പിക്കും. ഇതു എത്രത്തൊളം നീതിയാണെന്നു ആരാഞ്ഞു പരിശൊധിക്കുവാൻ സ്വാതന്ത്ര്യവും ഇല്ല. സഭയുടെ ഉറപ്പിനു ഇതു തക്കൊലാം ഒരു നല്ല കൌശലംതന്നെ തോന്നാം. എന്നാലും ഇരിട്ടുകൊണ്ടേച്ചു ഉന്നത ദീപ്തകാലം മറഞ്ഞിരിക്കയില്ലല്ലൊ. ഇപ്പൊൾ അന്ധകാരം നാടൊടെ നീങ്ങി പ്രകാശം ഉദിച്ചുവരുന്ന സമിതിക്കു അതിന്റെ ചില കതിരുകൾ റോമ്മാസുറിയാനിക്കാരിലും കടന്നുതുടങ്ങിയിരിക്കുന്നു. പട്ടക്കാർ പറയുന്നതു കേട്ടാൽ മതി ഒന്നും വായിക്കരുതെന്നുള്ള ഉപദെശം അത്ര പരമാർത്ഥമല്ലന്നു പലർക്കും അഭിപ്രായമായിരിക്കുന്നു. വെദപുസ്തകങ്ങളും ലൌകീകമായ അറിവിനെ നല്കുന്ന മറു പുസ്തകങ്ങളും വായിക്കുന്നതിനു വിരൊധമില്ലന്ന ഭാവമായിരിക്കുന്നു. റൊമ്മാസഭയിൽ മൂഢന്മാർ ഉണ്ടെന്നു മറുമതക്കാർ പറയുന്നതു ഏതുകാരണത്തുമ്മൽ ആണെന്നു കേട്ടാൽ കൊള്ളാമെന്നു ചിലർക്കു അപേക്ഷയുണ്ടായിട്ടുമുണ്ടു.

ഞങ്ങളുടെ റോമ്മാ സഹൊദരന്മാരിൽ പലരും നേരിട്ടു അഭിമുഖമായി ഞങ്ങളൊടു ൦രം അപെക്ഷ ചെയ്യുന്നുക്രൂടാതെ ൦രംഭ്യുടെ രെഖാമൂലമായ ഒരപെക്ഷയും വന്നിരിക്കുന്നതിനാൽ അല്പംപറഞ്ഞുകൊ

ള്ളുന്നു. കായ്യംക്രടാതെ കയങ്ക്കുവാനും കഥയില്ലാത്ത പുരാണംപറവാനും ഒരുങ്ങിയിരിക്കുന്ന നസ്രാണി ദീപിക ഇതിൽ പിടി ക്രുടുമായിരിക്കും. വെറുവാ ചപ്പുന്നുതലാളി അവൽ കണ്ടാൽ വച്ചേക്കുമൊ. ഏതെങ്കിലും വരട്ടെ. ഞങ്ങളുടെ വിളക്കു തണ്ടിനെന്തുതന്നെ തൂക്കുവാൻ നിശ്ചയിച്ചിരിക്കുന്നു.

ഇനി കായ്യത്തിൽ പ്രവേശിക്കാം. ശുദ്ധ പത്രൊസിനു കത്തൊവു ഒട്ടുവളരെ അധികാരം കൊടുത്തിട്ടുണ്ടെന്നും ആ അധികാരം പാപ്പായ്ക്കു കിട്ടിയതുന്നുമാണ റോമ്മാസഭയുടെ ഉപദെശം. "നീ പാറയാണ ഈ പാറമേൽ എന്റെ പള്ളി പണി ചെയ്യും" എന്ന ഉയപ്പിനു മുമ്പു കത്തൊവു ശുദ്ധ പത്രൊനിനൊട പറഞ്ഞ വാക്കും "കുഞ്ഞാടുകളെയും പൊന്നാടുകളെയും മെയ്ക്ക" എന്ന ഉയപ്പിന്റെശെഷം പറഞ്ഞ വാക്കും ആണ പാപ്പായുടെ സവ്വാധിപത്യത്തിനു അടിസ്ഥാനമായി വമ്പുപറയുന്ന വെദസാക്ഷികൾ. അതെ, ക്രിസ്ത്യാനിസഭ യഹൂദന്മാരിലും പുജാതികളിലും സ്ഥാപിക്കുന്നതിനുള്ള അടിസ്ഥാനം പത്രൊസു തന്നെ ആയിരുന്നു. പെന്തികൊസ്ത ദിവസത്തിൽ അവന്റെ പ്രസംഗം കൊണ്ടു യഹൂദന്മാരും കെസറിയായിൽ അവനാൽ കൊണ്ടെലിയുസും മനസ്സുതിരിയപ്പെട്ടപ്പൊൾ പത്രൊസിന്റെ മെൽ സഭസ്ഥാപിച്ചു ശരിതന്നെ. അതുകൊണ്ടു സവ്സഭകളുടെ തലവനാകണമെന്നൊ പത്രൊസിനു പ്രത്യെകിച്ചു ഒരു പിന്തുടച്ചുകാരൻ വെണമെന്നൊവരുന്നില്ല. പത്രൊസ ശ്ലീഹന്മാരുടെ ക്രുട്ടത്തിനു അഗ്രാസനൻ ആയിരുന്നു എന്നു വച്ചു അദ്ദെഹത്തിനു പ്രത്യെക പിന്തുടച്ചു വെണമെന്നു ശട്ടംകെട്ടിയിരുന്നതായി ലക്ഷ്യം ഇല്ല.

ഈ വാക്യങ്ങളെ പിടിച്ചുംകൊണ്ടു റോമ്മാസഭ പറയുന്നു വമ്പു തന്നെ അപ്പൊസ്തൊലിക കാലത്തു കോറന്ത്യാസഭയിൽ പറകയുണ്ടായി. അവരിൽ ചിലർ പത്രൊസിനെയും ചിലർ പൌലൊസിനെയും ചിലർ അപ്പൊലൊസിനെയും പ്രബലപ്പെടുത്തി.

ഇതിനെ ശാസിച്ചു ശുദ്ധ പൌലൊസു പറയുന്നതു കെൾപ്പിൻ. (൧കൊറന്തി ൧-ം അ-ം അദ്ധ്യായങ്ങൾ) "നിങ്ങളിൽ ഓരൊരുത്തൻ ഞാൻ പൌലൊസിനു ചെന്നവൻ എന്നും മറൊരുത്തൻ ഞാൻ അപ്പൊലൊസിനു ചെന്നവൻ എന്നും വെറൊരുത്തൻ ഞാൻ കീഫായ്ക്കു (കീഫാ പത്രൊസാണല്ലൊ) ചെന്നവൻ എന്നും പറയുന്നു. മിശിഹാ വിഭാഗിക്കപ്പെട്ടുന്നുവൊ. പൌലൊസ നിങ്ങൾക്കുവെണ്ടി കുരിശിൽതൂങ്ങിയൊ.....നിങ്ങൾ ഇപ്പൊഴും ജഡത്തിൽ ഇരിക്കുന്നു. എന്തന്നാൽ ഈവക തക്കവും ഭിന്നിപ്പും നിങ്ങളിൽ ഇരിക്കുമ്പൊൾ നിങ്ങൾ ജഡമയന്മാർ അല്ലയൊ. പൌലൊസാരാകുന്നു, അപ്പൊലൊസാരാകുന്നു. കത്തൊവു ഓരൊരുത്തനു നൽകിയതു പൊലെ നിങ്ങളെ വിശ്വസിപ്പിച്ച ശുശ്രൂഷകാർ മാത്രമാകുന്നു. പൌലൊസ നട്ടു. അപ്പൊലൊസ നനച്ചു. വൎദ്ധിപ്പിച്ചതു ദൈവമാകുന്നു. നടുന്നവനും ഒന്നുമില്ല നനയ്ക്കുന്നവനും ഒന്നുമില്ല വൎദ്ധിപ്പിക്കുന്നതു ദൈവമത്രെ..... അതുകൊണ്ടു ആരും മനുഷ്യരിൽ പ്രശംസിക്കരുതു. എന്തന്നാൽ എല്ലാം നിങ്ങൾക്കുള്ളതു

ത്രാകുന്നു. പൌലൊസായാലും അപ്പൊലൊസായാലും കീഫായാലും.... ....എല്ലാം നിങ്ങൾക്കുള്ളതും നിങ്ങൾ മിശിഹായ്ക്കുള്ളവരും ആകുന്നു''.

അപ്പൊൾ പത്രൊസിനെയൊ പൗലൊസിനെയൊ അല്ല രക്ഷയ്ക്കു ആശ്രയിക്കേണ്ടതു എന്നു തീർച്ചയാണു. മനുഷ്യരിൽ പ്രശംസിക്കുന്നതു ജഡമയമാകുന്നു.

''രക്ഷിക്കപ്പെടുവാൻ ഞാൻ എന്തു ചെയ്യേണ്ടു'' എന്നു ഒരുകാരാഗൃഹപ്രമാണി പൌലൊസിനൊടു ചോദിച്ചപ്പൊൾ, പറഞ്ഞമുപടി പത്രൊസിനെ വണങ്ങുക, അദ്ദേഹത്തിന്റെ പിന്തുടർച്ചക്കാരായ പാപ്പാമാരെയും വണങ്ങുക എന്നല്ലായിരുന്നു. ''കർത്താവായ യേശുവിൽ വിശ്വസിക്ക എന്നാൽ നീയും നിന്റെകുടുംബവും രക്ഷിക്കപ്പെടും'' എന്നത്രെ. (നടപ്പു- ക്നു. ൧൬, ൩൧)

ഇതും പോകട്ടെ- സകല അധികാരങ്ങളുടെയും ഉറവ പാപ്പായാണെന്നല്ലൊ റോമ്മാക്കാർ പറയുന്നതു. പൌലൊസ അപ്പൊസ്തൊലനെ അധികാരപ്പെടുത്തുവാൻ പത്രൊസിന്റെ മദ്ധ്യസ്ഥതയൊ പ്രവേശനമൊ ഉണ്ടായൊ എന്നാലൊചിക്ക. ശ്ര: പൌലൊസിനെ മേല്പട്ടസ്ഥാനത്തിനു തിരഞ്ഞെടുത്തതും സ്ഥാനം കൊടുത്തതും അന്ത്യൊഖ്യായിൽ വച്ചു അവിടെ ഉണ്ടായിരുന്ന മേല്പട്ടക്കാർ ആയിരുന്നു. (നടപ്പു ക്നു- ൧, ൨, ൩) ഇതിനു പത്രൊസ ഉൾപ്പെട്ടിട്ടില്ലന്നു മാത്രമല്ല ഈ വാക്യംതന്നെ കാണിക്കുന്നതു കൂടാതെ പൌലൊസ വേറെസ്ഥലത്തും പറയുന്നുണ്ടു. ഗലാത്തി ക്നു. ക്നു മുതൽ ക്നൻ വരെയും ൨-ാം അദ്ധ്യായവും വായിച്ചാൽ പൌലൊസിനു അധികാരം നല്കപ്പെട്ട പ്രവൃത്തിയിൽ പത്രൊസിനു ഒരു സംബന്ധവും ഉണ്ടായിരുന്നില്ലന്നു കാണാം. ഈ തെളിവുകൾ ശ്ര: പത്രൊസിനു അപ്പൊസ്തൊല സംഘത്തിൽ ഉണ്ടായിരുന്ന പ്രാധാന്യതയും അഗ്രാസനസ്ഥാനവും ഇപ്പൊൾ റൊമ്മാസഭ പ്രശംസിക്കുന്നതുപോലെ സർവ്വസഭകളുടെയും മേൽ വിശെഷമേലധികാരം കൊടുക്കുന്നതൊ രക്ഷയെ ബാധിക്കുന്നതൊ അല്ലന്നു പ്രത്യക്ഷമായി കാണിക്കുന്നു.

ഇനിയും ആടുകളെ മെയ്യുവാൻ പറഞ്ഞ വാക്യം നൊക്കാം— പത്രൊസ മൂന്നു പ്രാവശ്യം തന്റെ ഗുരുവിനെ ഉപെക്ഷിച്ചു. അവൻ കൈക്കൊണ്ടിരുന്ന മേല്പട്ടസ്ഥാനത്തിന്റെ നൽവരത്തെ ഇങ്ങനെ അവൻ ന്യൂനതപ്പെടുത്തി. എങ്കിലും അനുതപിച്ചപ്പൊൾ ആ ന്യൂനതയെ തീർക്കുന്നതിനുവേണ്ടി ഉൻ അപ്പൊസ്തൊലന്മാർക്കു പൊതുവിൽ കൊടുത്തിരുന്ന അധികാരങ്ങളെ നടത്തിക്കൊള്ളുവാനുള്ള ഈ കല്പനയാൽ അനുവദിക്കയായിരുന്നുഎന്നു പല മഹാന്മാരും വ്യാഖ്യാനിച്ചിരിക്കുന്നു. മറ്റുള്ള ശ്ലീഹന്മാർ കർത്താവിനെ ഉപെക്ഷിച്ചു പറയാഞ്ഞതു കൊണ്ടു അവരൊടു ആടുകളെ മെയ്ക്ക എന്നു അരുളിച്ചെയ്തു പറയാഞ്ഞതാകുന്നു. അപ്പൊസ്തൊലന്മാരിൽ പത്രൊസിനെയൊ പൌലൊസിനെയൊ കക്ഷി പിടിക്കുന്നതു ജഡമയമാണന്നു പൌലൊസ ഗലാത്തിയാക്കാർക്കു എഴുതിയിരിക്കുന്ന ഭാഗം ഈ വ്യാഖ്യാനത്തെ സ്ഥിരപ്പെടുത്തുകയും ചെയ്യുന്നു.

ഇതും പോകട്ടെ- സഭയുടെ ആരംഭകാലത്തു യഹൂദന്യായപ്രമാണങ്ങളുടെ ആചാരത്തെക്കുറിച്ചു ഒരു വാദം ഉണ്ടായപ്പോൾ പത്രോസ തന്റെ സ്വാധികാരത്താൽ തീർച്ചകല്പിക്കാതെ അപ്പൊസ്തോലന്മാരുടെ ഒരു സൂനാദോസ യേറുശ്ശമിൽ കൂടുകയാണ ചെയ്തു. സൂനാദോസു കൂടിയിട്ടും തീർച്ചയായ വിധി കല്പിച്ചതു യാക്കോബായിരുന്നു. (നടപ്പു ക്രി- ൨൦) പത്രോസ സഭ സഭകളുടെയും മേലദ്ധ്യക്ഷനും അപ്പൊസ്തോലന്മാരുടെ അധിപനും ആയിരുന്നു എന്നു പറയുന്ന ക്രമത്തിനു അദ്ദേഹം തന്റെ കീഴുള്ളവരെ ശാസികയും അവരുടെ തെറ്റു തിരുത്തുകയും ചെയ്യേണ്ടതാകുന്നുവല്ലൊ. മേലധികാരി വല്ല സംഗതിയിലും തെറ്റിപ്പോയാൽ കീഴുള്ള ആളുകൾ ശാസനയായിട്ടല്ല, രഹസ്യത്തിലും താഴ്മയിലും ആലോചന പറഞ്ഞു കൊടുക്കയാണല്ലൊ വേണ്ടതു. നേരെമറിച്ചു തെറ്റിക്കൂടാത്തവനെന്നും സ്വാധിപതി എന്നും പറയുന്ന പത്രോസിനെ തന്റെ കീഴുള്ള പൌലൊസപരസ്യമായും അധികാരത്തൊടുകൂടിയും ശാസിച്ചിരിക്കുന്നു. (ഗലാത്തി ൨അ- ൧൧. ൧൪) അപ്പോൾ മേലധികാരി പത്രോസൊ പൌലൊസൊ.

ഇതുകൊണ്ടും മതിയായില്ലെങ്കിൽ ഗലാത്തി ൨അ- ൭ കൂടെ വായിക്ക- "ചേലാകർമ്മത്തിന്റെ സുവിശെഷം പത്രോസിനു ഭരമേല്പിക്കപ്പെട്ടതുപൊലെ ചേലയില്ലായ്മയുടെ സുവിശെഷം എനിക്കു ഭരമേല്പിക്കപ്പെട്ടു". അപ്പൊൾ യഹൂദ ക്രിസ്ത്യാനികളുടെ മേലധികാരം പത്രോസിനും പുറജാതിക്രിസ്ത്യാനികളുടേതു പൌലൊസിനും ആയിരുന്നുഎന്നു വരുന്നു. പത്രോസിന്റെ സ്വാധിപത്യം എവിടെ?. പാപ്പാ പത്രൊസിന്റെ പിന്തുടർച്ചക്കാരനാണെങ്കിൽ പുറജാതിക്രിസ്ത്യാനികളുടെ മേലുള്ള അധികാരം എവിടെ നിന്നു?. പത്രോസിനു കിട്ടാത്ത അധികാരം ക്രൂടെ പാപ്പായ്ക്കു കിട്ടിയൊ?. കിട്ടിയെങ്കിൽ കൊടുത്തതു എപ്പൊൾ? ആർ?.

എല്ലാ സഭകളും പത്രോസിനെ കീഴ്പ്പെടുന്നതു രക്ഷയ്ക്കു ആവശ്യപ്പെട്ട ഒരു സംഗതിയായിരുന്നെങ്കിൽ അപ്പൊസ്തലന്മാർ ഈ ഭാഗം പ്രധാനമായി പ്രസംഗിച്ചെനെ. ഇങ്ങനെ നാം വായിക്കുന്നില്ല.

മേൽ വിവരിച്ച തെളിവുകളിൽ നിന്നു വരുന്ന അനുമാനം, ശ്ലൊ: പത്രോസിനു റോമ്മാ സഭ പറയുന്ന വിധത്തിൽ സ്വാധിപത്യം ഉള്ളായിരുന്നു. അദ്ദേഹം ശ്ലീഹന്മാരുടെ കൂട്ടത്തിൽ ഒരു അഗ്രാസനസ്ഥൻ ആയിരുന്നു എന്നെ ഉള്ളു. അതു രക്ഷയെ ബാധിക്കുന്ന ഉപദേശം അല്ല.

(തുടരും.)

ചില വിദ്യാർത്ഥികളൊട ഒരു അപേക്ഷ.

പ്രിയ പത്രാധിപരവർകളെ, ഞാൻ ഒരുമ്മുടെ തെക്കുള്ള സ്ഥലങ്ങളിൽ സഞ്ചരിച്ചുവരികയിൽ ഉയന്നതും സത്യ വിശ്വാസത്തിൽ നിലനിന്നു വന്നവരുമായ ചില കുടുംബങ്ങളിലെ വിദ്യാ

മതഭ്രാന്തിയിൽ ഇളകി ചിലപ്രകൃതവേഷങ്ങളെയും ധരിച്ചു തന്നത്താൻ നീതികരിച്ചു നടക്കുന്ന ഒരു കൂട്ടം പരീശരെ കാണുകയുണ്ടായി. ഇനിക്കു ഇവരിൽ പലരെയും തിരുവനന്തപുരത്തുവച്ചു നല്ല പരിചയമാണ. ഇവർ രക്ഷപെട്ട എന്നും പാപപ്രവൃത്തിയിൽനിന്നും ഒഴിഞ്ഞിരിക്കയാണെന്നുള്ള തൃത്തപ്രശംസയും ചെയ്യുകൊണ്ടു നടകയാണ പതിവു. അന്യരെ പരിഹസിക്കുന്നതിൽ ഒരു പ്രത്യേക വിരുതുമുണ്ടു. ഇവരുടെ ഏതെങ്കിലുംഅബദ്ധത്തെ ആരെങ്കിലും വെളിപ്പെടുത്തിപോയെങ്കിൽ അവരുടെനേരെയുള്ള കോപാഗ്നിക അതിരില്ല, എന്തിനേറെ പറയുന്നു. ഒരം യോഗ്യന്മാരുടെ സ്ഥിരമില്ലായ്മകൊണ്ടു ഇവരുടെ കുടുംബങ്ങളിലും അല്പം ഇളകം തട്ടാതിരിന്നില്ലെന്നില്ല. ഇപ്പോൾ ചിലർ "ഇരു തോണിയിൽ കാലു"മെന്നുള്ള സ്ഥിതിയിൽ നിഷ്കൂന്നവരുണ്ടു. ഹെ! സ്നേഹിതന്മാരെ, ഇനിയുമെങ്കിലും നിങ്ങൾ സത്യത്തെ അന്വേഷിക്കാതെ ഈ സ്ഥിതിയിൽ നിന്നുകളയാമെന്നു വിചാരിക്കുന്നുവൊ? ഈ വിദ്യാർത്ഥികളിൽ ചിലർ ഇപ്പോൾ വടക്കുള്ള ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിൽ പഠിച്ചുവരുന്നതായി അറിയുന്നു.

അല്ലയൊ വിദ്യാർത്ഥികളെ! ഇനിക്കു നിങ്ങളോടു ഇപ്പോൾ പ്രത്യേകം പറയുവാനുള്ളതെന്തെന്നാൽ "നിങ്ങൾ സകലത്തെയും ശോധനചെയ്തു നല്ലതായുള്ളതിനെ മുറുകെ പിടിക്ക"യെന്നെഴുതപ്പെട്ടിരിക്കുന്നപ്രകാരം ചെയ്തിരുന്നുയെങ്കിൽ നിങ്ങളെ ബാല്യത്തിൽ പോഷിപ്പിച്ചുവന്നവളും പാതിവൃത്യനിഷ്ഠയുള്ളവളുമായ ആ സത്യമാതാവാകുന്ന സാക്ഷാൽ സുറിയാനി സഭയെ നിങ്ങൾ ഒരിക്കലും കൈ വിടുകയില്ലായിരുന്നു. ശത്രുക്കളുടെ വിഷമാകുന്ന അന്യോപദേശം തന്നെയാണ നിങ്ങളെ ഈ വിധം മറിച്ചുകളഞ്ഞതു. അതിനാൽ നിങ്ങൾ ആസത്യ മുന്തിരിയെ നല്ലവണ്ണം ഒന്നു ശോധനചെയ്യണം. വിശിഷ്യാ ഈ പത്രികയിൽ പ്രതിവാദിക്കപ്പെടുന്നതും പ്രതിവാദിച്ചിട്ടുള്ളതുമായ പ്രസംഗങ്ങളെ നിങ്ങൾ അപ്പഴപ്പൊൾ വായിക്കണമെന്നു അപേക്ഷിക്കുന്നു. നിങ്ങളിൽ ചിലർ ഇതിനെ വളരെ കൈപ്പായി വിചാരിക്കുന്നു. അഥവാ വായിക്കുന്നതിനു ഇടയായെങ്കിൽ നിങ്ങളുടെ സിദ്ധാന്തത്തെ നിങ്ങൾ മുമ്പെ നടത്തുന്നു. ഇപ്രകാരം നിങ്ങൾ പ്രവൃത്തിക്കാതെ നിഷ്കളങ്ക ഹൃദയത്തോടു ശോധന ചെയ്യുന്നയെങ്കിൽ സത്യം നിങ്ങൾക്കു ഉടൻ പ്രത്യക്ഷപ്പെടും. ഇതിനു ഞാൻ ഒരു അനുഭവ സാക്ഷികാരനാകയാൽ ആണ നിങ്ങളോടു ഇത്രയും പറയുവാൻ ഇടയായ്തു.

എന്നൊരു ഏടനാടൻ.

കൊച്ചി പള്ളികളുടെ വിലാപവും ദ്രവ്യസഹായവും (തുടർച്ച)

പ്രിയ പത്രാധിപരെ, ശമ്മറിയാക്കാരന്റെ ദൃഷ്ടാന്തം പലരും ഓർമ്മ വച്ചു് ഞങ്ങളുടെ മുറിവും വ്രണവും സൌഖ്യപ്പെടുവാൻ കാലം സ

മീപിച്ച എന്നുള്ള സന്തോഷത്തോടെ ഞങ്ങളുടെ ദുഃഖവാർത്ത പറവാൻ ഒരവസരം ഇടവിട്ടുപോയി.

ഞങ്ങളുടെ നിലവിളി കേൾപ്പാൻ ആരും ഉണ്ടായിട്ടില്ലാ. ഇടവക പത്രികയിൽ ഞങ്ങളുടെ വിലാപം അടങ്ങിയഭാഗം എല്ലാവരും മറിച്ചിട്ടുകളഞ്ഞു എന്നും ഞങ്ങളുടെവ്യസനങ്ങളും നഗ്നതയും കണ്ടവർ മറന്നുപോയി എന്നും തോന്നുന്നു. അയ്യോ ഞങ്ങൾ ഇനി ആരെ വിളിച്ചു നിലവിളിക്കേണ്ടു ഞങ്ങളുടെ അവയവങ്ങളായുള്ള സഹോദര സഹോദരിമാരെ ഞങ്ങളുടെ നിത്യ ദുഃഖവും അതിവേദനയുടെ നിലവിളിയും അന്യന്മാർകേൾക്കയും വ്യസനങ്ങളുടെദുർഗ്ഗന്ധം അവരുടെ നാസികത്തിൽ എത്തുകയും ചെയ്യുട്ട് ഞങ്ങളെ അല്പാ നിങ്ങളെത്തന്നെ നിന്ദിയ്ക്കയാണ ചെയ്യുന്നതു. വന്ദ്യപിതാക്കന്മാരെ, പ്രിയമക്കളെ പൊന്നാങ്ങളമ്മാരെ കസവു തുണികളൊ കൊണ്ടു ഞങ്ങളെ അലങ്കരിപ്പാൻ ആഗ്രഹിക്കുന്നില്ലാ. വല്ല കീറുതുണി കൊണ്ടെങ്കിലും ഞങ്ങളുടെ നഗ്നതയെ മറപ്പാനും കല്പ്പുരംകൊണ്ടെങ്കിലും ഞങ്ങളുടെ ദുർഗ്ഗന്ധത്തെ തടുപ്പാനും മാത്രം നിങ്ങളോടു യാചിക്കുന്നതെ ഉള്ളു.

കണ്ടനാട്ടു പള്ളിയിൽനിന്നും കൊടുത്ത ത്രുപാ ഫ൦.

ഒരു സംഭാഷണം.

അച്ചൻ—ഹേ കേട്ടില്ലെ വിശേഷം?

അയ്യേനി—പറഞ്ഞാൽ കേൾക്കാം. ഇനിക്കു കച്ചേരിയിലോളം പോയിട്ടൊരു കാര്യമുണ്ടു.

അച്ചൻ—നിൽക്കു നിൽക്കു, ഇതു കേട്ടിട്ടുതന്നെപോകണം. രസമുണ്ടു. മനസ്സിലായില്ലെ?

അയ്യേനി—പറഞ്ഞടത്തോളം മനസ്സിലായി എന്നാണു തോന്നുന്നതു.

അച്ചൻ—ശരി ശരി, നമ്മുടെ ദ്വിതീയ പുത്രൻ ഉണ്ടല്ലൊ, മനസ്സിലായില്ലെ?

അയ്യേനി—മനസ്സിലായില്ല. ഏതൊരു പുത്രനാണു?

അച്ചൻ—ദ്വിതീയ അതായതു രണ്ടാമത്തെ, മനസ്സിലായില്ലെ?

അയ്യേനി—ഇപ്പോൾ മനസ്സിലായി. രണ്ടാമത്തെ പെമ്പിളയുടെ—അല്ല മക്ക്യാമ്മയുടെ പുത്രൻ അല്ലെ? അങ്ങനെയും ഒന്നുണ്ടൊ? അതിനു പ്രായമെത്തായി?

അച്ചൻ—ഹെയി, അതല്ല പറഞ്ഞതു. ശരിയായി മനസ്സിലാകണം. നമ്മുടെ "കന്നുകഴി"യിൽ വീണ അപായപ്പെട്ടുപോയ ആസ്ത്രീ ഉണ്ടല്ലൊ, ആ സ്ത്രീയിൻ വിത്തിൽ രണ്ടാമത്തെതെന്നാണു പറഞ്ഞതു.

അയ്യേനി—ശരി ശരി ഇപ്പൊൾ മനസ്സിലായി.

അച്ചൻ—നമ്മുടെ കടിപ്രഭുശത്രുനിന്നു ആസ്ത്രീയിൽ ആദ്യജാതൻ യോസഫും രണ്ടാമൻ തോമാസുമാണല്ലൊ.

അയ്യേനി—അതേ അതേ. രണ്ടുപേരും ആകെടിപ്രദേശത്തുനിന്നു തന്നെയാണെന്നു ആക്കുകണ്ടാലുമറിയാം. ഇവരിൽ രണ്ടാമനെക്കുറിച്ചു മാത്രമാണൊ വിശേഷം പറയാനുള്ളതു.

അച്ചൻ—രണ്ടാളെക്കുറിച്ചും വേണ്ടേടത്തോളമുണ്ടു എങ്കിലും മാ തീയനാണു മാറു ക്ലേശതലുള്ളതു. ഈയിട ഒരു കൃതി നടത്തിയതും ഇവൻ തന്നെ. ആരു തന്നെ?

അയ്യേനി—ഇനിക്കു നേരം പോകുന്നു എങ്കിലും അച്ചൻ അവതാരികകൊണ്ടതന്നെ എന്നെ ഇത്രയും താമസിപ്പിച്ചു സഹിതിക്കുകഥ മുഴുവൻ കേട്ടാൽ കൊള്ളാമെന്നു വളരെ ആഗ്രഹമുണ്ടു.

അച്ചൻ—കേൾക്കു കേൾക്കു രസമുണ്ടു. ബഹുരസം. മനസ്സിലായില്ലെ?

അയ്യേനി—മനസ്സിലായാൽ വല്ല രസവും ഉണ്ടായിരിക്കുമെന്നു വെച്ചാണു ഞാൻ താമസിക്കുന്നതു.

അച്ചൻ—എന്നാൽ നമ്മുടെ ഈ പ്രസ്താവ പുത്രൻ ഉണ്ടല്ലൊ. അവൻ കഴിഞ്ഞ ശബസാദിവസത്തിന്റെ തലെ രാത്രി നാം പിറെ ദിവസം കഴിക്കുന്നതിനു തയാറായിരിക്കുമ്പോൾ വൈകുന്നേരത്തെ ഭക്ഷണത്തിനായി നമ്മുടെ ഗൃഹത്തിലുള്ള അടുക്കളയിലേക്കു പ്രവേശിച്ചു. മനസ്സിലായില്ലെ. അടുക്കളയിലിരുന്നെ അവൻ സാധാരണ ഭക്ഷണം ചെയ്യാറുള്ളു. എന്തു ചെയ്യാറുള്ളു?

അയ്യേനി—ഭക്ഷണം ചെയ്യാറുള്ളു.

അച്ചൻ—അങ്ങനെ ഭക്ഷണം ചെയ്യുവരവേ അവന്റെ ഭാര്യയായ ഒരുസ്ത്രീയും നമ്മുടെ സ്ത്രീയും ചില ഭൃത്യകളും അവിടെ ഉണ്ടായിരുന്നു. ഏവിടെ ഉണ്ടായിരുന്നു?

അയ്യേനി—ആ അടുക്കളയിലായിരിക്കും. ഇതെല്ലാം എന്തിനാണെന്നോടു ചോദിക്കുന്നതു? കായ്യം എന്താണെന്നു കേൾക്കട്ടെ.

അച്ചൻ—നിക്കു നിക്കു രസം വരുന്നേയുള്ളു. ഭക്ഷണം ചെയ്യുവരവേ, അരി വൈക്കുന്ന സ്ഥലങ്ങളിൽ ഉറി എന്നിങ്ങനെ പേരായിട്ടു ഒരു വിദ്യ ഉണ്ടല്ലൊ. എന്തു വിദ്യ? താൻ കണ്ടിട്ടില്ലെ?

അയ്യേനി—ഉവ്വെ ഉവ്വ. ഉറി പിന്നെ ആരാ കണ്ടിട്ടില്ലാത്തതു. ഉറി എന്താ അവിടെ പൊട്ടിവീണൊ?

അച്ചൻ—ഹെയി അങ്ങനെയല്ല. ഉറിയിൽ മത്സ്യം പാകം ചെയ്തു സ്വല്പം ഇരിപ്പുണ്ടായിരുന്നു. എന്തുണ്ടായിരുന്നു? അതു സ്ത്രീ ജനങ്ങൾ നമുക്കായി പിറേറദിവസത്തേക്കു സൂക്ഷിച്ചു വെച്ചിരുന്നതാണു. നമ്മുടെ ഈ പ്രസ്താവ പുത്രനുണ്ടല്ലൊ ജാത്യാൽതന്നെ കുറെ ഭക്ഷണപ്രിയനാണ്. ഉറിയിൽ ഇരിക്കുന്ന മത്സ്യം തന്റെ ഭക്ഷണത്തെ അധികം രുചികരമാക്കുന്നതിലേക്കു ഉപയോഗിക്കാനായി എടുത്തുകൊടുക്കണമെന്നിവൻ. കൊടുക്കുന്നതല്ലെന്നു സ്ത്രീജനങ്ങൾ. ഇങ്ങനെ വാദം കലശലായതു നാം ഇങ്ങിരുന്ന കേട്ടു. അവന്റെ ജാത്യഭിമാനം മനസ്സിലായിട്ടുള്ളതാണല്ലൊ. വാക്കിൽ മട്ടുപ്പു വന്നാൽ കൈകൾ എടുത്തു പ്രയോഗിക്കുന്നതിനു മടിയുള്ളവനല്ല. അതു സ്ത്രീജനങ്ങളൊടായാൽ ക

ഷ്ടമല്ലെ എന്നുവെച്ചു നാം തന്നെ നേരിട്ടു ചെന്നു "എന്തെടാ" എന്നു ചോദിച്ചു. ഉടനെ അവൻ എന്തുചെയ്യും? ഇതിന്റെ ഉത്തരമാണു രസം. ഹ ഹ ഹാ.

അയ്യേനി—അവൻ ആ ഉണ്ടിരുന്ന കൈ അച്ചന്റെ ചെള്ളയ്ക്കു പ്രയോഗിച്ചായിരിക്കും. ഇതിലെന്താ രസം. ഇനിക്കിതു കേട്ടിട്ടു വെറുപ്പു വരുന്നു. ഞാൻ പോകയാണു.

അച്ചൻ—ഹെയി താനൊരു ശുദ്ധഗതിക്കാരനാണു. ആ പ്രയോഗം നമുക്കു മീശ ഒരുവിധം ഉള്ളതുകൊണ്ടു അതു ഫലിച്ചില്ലെന്നു കണ്ടു അവൻ നമ്മെപിടിച്ചു മറിച്ചിട്ടുംവെച്ചു രാമാനം ഇറങ്ങി ഓടിക്കളഞ്ഞു. നമ്മുടെ കാലിൽ നീരു കാണുന്നില്ലെ. ഉടൻതന്നെ നാം അയൽക്കാരെയും ഇടവകജനങ്ങളെയും വരുത്തി ഒരു മീറ്റിങ്ങു നടത്തി അപ്പോൾതന്നെ അവനെ പിടിപ്പിക്കണം എന്നു നിശ്ചയിച്ചു ആളുകളെ അയച്ചാറെ പിടിക്കാൻ കഴിഞ്ഞില്ല. നമ്മുടെ ജ്യേഷ്ഠപുത്രൻ ഉണ്ടല്ലൊ. ആ സാത്താന്റെ അവതാരം. അവൻ ഇവനു അഭയം കൊടുത്തു രക്ഷിച്ചു വരുന്നു. നമ്മുടെ അനുജന്മാരുടെയും ആലോചനയുണ്ടെന്നാണു തോന്നുന്നതു. അടുത്തഞായറാഴ്ചതന്നെ അശേഷംപേരെയും പബ്ലിക്കായിട്ടു കൂടുമാനാണു നാം നിശ്ചയിച്ചിരിക്കുന്നതു.

സൂചനകൾ

ഒരുവിധി—ഗി. വ. ദി. ശ്രീ. മാർ അൽവാറീസ് മെത്രാപ്പൊലീത്താ അവർകൾക്കു തിരുനൽവേലിയിൽ പുതിയസഭകൾ ഉണ്ടായവിവരം മുമ്പിൽ പ്രസ്താവിച്ചിട്ടുണ്ടല്ലൊ. ഈ വയലിൽ വേല ചെയ്തുവരുന്ന വികാരി ജെനറാൽ അവർകളെ ഉപദ്രവിക്കുവാൻ റോമാക്കാർ ചെയ്യുന്ന അനേക ശ്രമങ്ങളുടെ ക്രമത്തിൽ ഈ ദേഹം നടത്തിയ ചില വിവാഹങ്ങൾ "നാട്ടുക്രിസ്ത്യാനിവിവാഹനിയമത്തിനു" വിരോധമാണെന്നു ഒരുകേസു ജെസ്സൂറപാദ്രികൾ നടത്തിയതിൽ വികാരി ജെനറാൽ അന്യായപ്രകാരം ജഡ്ജായുടെ കീഴ് ന്യായമായ കൈവെപ്പൊട്ടു കൂടിയുള്ള ഒരു പട്ടക്കാരൻ ആണെന്നും അതിനാൽ വിവാഹനിയമത്തിൽ ആവശ്യപ്പെട്ട ലൈസൻസിനു ആവശ്യമില്ലെന്നും മറും വാദിച്ചതനുസരിച്ചു ഡിസ്ട്രിക്ട മജിസ്ട്രേട്ടിൽ അന്യായം തള്ളിയെങ്കിലും ജെസ്സൂറുകാർ മദ്രാസ് ഹൈക്കോടതിയിൽ അപ്പീൽചെയ്തു. ഇതിടയിൽ മജിസ്ട്രേട്ട വിധിയെ സ്ഥിരപ്പെടുത്തി അപ്പീൽ തള്ളിയിരിക്കുന്നു.

❖ ❖ ❖

പള്ളിക്രുടംപൂട്ടൽ—ഇവിടെ പെനറബ്ൾ ആർച്ഡീക്കൻകോശി അവർകളാൽ നടത്തപ്പെട്ടിന്ന പാസ്റ്റാൻ ഇംഗ്ലീഷുപള്ളിക്രുടം ഈമാസത്തിൽ നിർത്തൽചെയ്യിരിക്കുന്നു- കാരണം നവീകരണപള്ളിക്രുടത്തിലേക്കു കൂട്ടികൾ ആകഷ്ടിക്കപ്പെട്ടതുതന്നെയാണു. സാമാന്യം നന്നായും വ്യുതിയായും ഒരു കെട്ടിടം തീർത്തു ഭാരിൽമേൽഗിയായി നടത്തിവന്ന ഈ പള്ളിക്രുടം പൊട്ടുന്നതുവരെ നിർത്തലായതിൽവച്ചു ഞങ്ങൾവളരെ പരിതപിക്കുന്നു. "ചക്കിനുവച്ചതു കൊക്കിനു" എന്നുപറഞ്ഞതുപോലെ ദീവന്നാസ്യോസ സിമ്മനാരിയെ ഉപദ്രവിക്കാമെന്നുവച്ചാണു നവീകരണപള്ളിക്രുടം ഉണ്ടായിട്ടുള്ളതു. കേട്ടുപറിയതു ചെങ്ങാതികൾക്കുതന്നെയായതിൽ വ്യസനിക്കുന്നു.

❖ ❖ ❖

നവീകരണസ്കൂൾ—ഇവിടെ മറ്റു പള്ളിക്രുടങ്ങളിൽ നിന്നു ചേരുന്ന കുട്ടികളെ സർട്ടിപ്പിക്കേറ്റിൽ പറയുന്ന ക്ലാസിനു മേൽ കയറിയാണു നിന്നിവരുന്നതെന്നു കേൾക്കുന്നു. പലകുട്ടികൾ അങ്ങനെ പറകയും ചെയ്യുന്നു. എന്നാൽ ഈ നടപ്പു വിദ്യാഭ്യാസചട്ടത്തിനു വിപരീതവും ഗ്രാന്റിനും അംഗീകരണത്തിനും തടസ്സവും ആകകൊണ്ടു പീഡിപ്പിക്കുന്ന കാലത്തു ശരിയായ ക്ലാസിൽമാത്രമെ നിർത്തുവാൻ പിഴാരി

ച്ചിട്ടില്ലെന്ന മനോരമ പ്രസ്താവിക്കുന്നു. ഇതുശരിയായിരുന്നാൽ മേൽക്ലാസിൽ നമ്മുടെ മെന്നുള്ള ആശമേൽ ചെല്ലുന്ന കുട്ടികൾ ഒന്നു രണ്ടു മാസം കഴിയുമ്പോൾ പശ്ചാത്താപപ്പെടേണ്ടി വരും.

ഒരുമൊഴി—നവീകരണതലവൻ ആത്മാറ്റു കേസിൽ സത്യത്തുമേൽ ബോധിപ്പിച്ച മൊഴിയുടെ പകർപ്പു ഉപപത്രമായി ഇതോടു കൂടെ ചേർത്തിട്ടുണ്ടു. മലങ്കര സുറിയാനിപ്പള്ളികളിലെ ആചാരമര്യാദകളേയും കുർബാനക്രമങ്ങളേയും അറിഞ്ഞിട്ടുള്ളവർ വായിക്കുമ്പോൾ മൊഴിയിലെ സത്യാസത്യങ്ങൾ തിരിച്ചറിയാവുന്നതാണല്ലൊ. സത്യത്തിന്നെറ്റവിപരീതമായ നവീകരണം തുലോം ദുഷ്കരമായിട്ടെ പിടിച്ചാരിച്ചിട്ടുള്ളു എന്നു ഇതുകൊണ്ടു വരുന്നു.

മാർദീവന്നാസ്യോസ് സിങ്കനാരി—ഇതു രണ്ടു നിലയാക്കുവാൻ ആലോചിച്ചു ഒരുപണപ്പിരിവു ആരംഭിച്ചിരിക്കുന്നു. കോട്ടയത്തുപള്ളി ഇടവകയിൽനിന്നു തന്നിട്ടുള്ളതിനു ശേഷം കൂടുതലായി കൊടുക്കുവാൻ ഒരു പള്ളിക്കാർ ഉറപ്പായി വാഗ്ദത്തം ചെയ്തിരിക്കുന്നു. മറ്റുള്ള പള്ളിക്കാരും ഇതുപോലെ ഉത്സാഹിച്ചാൽ രണ്ടുലക്ഷം രൂപ നിഷ്പ്രയാസമുണ്ടാക്കുവാൻ പ്രയാസമില്ല.

മദ്രാസ സിറിയൻക്രിസ്ത്യൻ അസോസിയേഷ്യൻ—ഈ സമാജത്തിന്റെ ൧൰-ാം വാർഷിക നിർവ്വാഹകസംഘത്തിന്റെ പ്രസിഡണ്ടായിരിക്കുന്നതു- ഇതു ഫവ്ൻഷെ-ലെ നിർവ്വാഹകസംഘത്തിന്റെ പേർ പുതുതായി ചേർത്തുള്ളതിനെ തുടർന്നു സാമാജികന്മാർ ഇതിൽ ഉണ്ടു. ൩൰ പ്രസംഗങ്ങൾ യോഗങ്ങളിൽ വായിക്കപ്പെട്ടു. അതെ ൧൦൦ രൂപാ വരെ സംഘത്തിൽ ഇരിപ്പുമുതൽ ഉണ്ടു. സാമാജികന്മാരിൽ ചിലർ ശരിയായി വരി അടച്ചിട്ടില്ലാത്തതുകാണുന്നതിൽ വ്യസനിക്കുന്നു- സംഘം മേല്ക്കുമേൽ അഭിവൃദ്ധി പ്രാപിക്കയും സുറിയാനിഭാഷയ്ക്കു സഹായീകരിക്കയും ചെയ്യട്ടെ എന്നു ഞങ്ങളും പ്രാർത്ഥിക്കുന്നു.

രക്ഷണീയസംഘക്കാർ—ഈ പെട്ടികളിൽ സുറിയാനിക്കാരുടെ ചില വയലുകളിൽ വീണിരിക്കുന്നു. ചെങ്ങന്നൂർ മുതലായ സ്ഥലങ്ങളിലാണ പ്രധാനമായി വന്നുകൂടിയിരിക്കുന്നതു. ഇതെവരെ വന്നിട്ടുള്ള മതപരിവർത്തികൾ എല്ലാവരും കുബ്ബാനയും മാമ്മോദീസായിക്കും അനുകൂലികൾ ആയിരുന്നു- ഇവരൊ ഇവരണ്ടിനും വിരോധികൾ ആണ. ജ്ഞാനസ്നാനം എല്ലുത്തവരാണ ക്രിസ്തുവിനെ പ്രസംഗിക്കുവാൻ വന്നിരിക്കുന്നതു. ആക്ഷേപീകൻ കോശി അവർകളുടെ പ്രസംഗത്തിൽ പറഞ്ഞതുപോലെ കത്തികൊടുത്തയച്ചതുപോലെ പുസ്തകത്തിലെ കടലാസുകൾക്കു ഏവിടെയും ഇരിക്കാമെല്ലൊ. കാതോലിക്കായുടെതും ശ്ലീഹാന്മാരുടെതുമായ ശുദ്ധസഭയായ പുസ്തകത്തിൽ ബൈബിളു ചെയ്യപ്പെട്ടവർ ഈ കൂടെ നന്നായി സൂക്ഷിച്ചുകൊള്ളേണ്ടതാണ-

ഒരുരാജി—നവീകരണസമുദായ സിക്രട്ടെരി കോട്ടയത്തു യോഗസഭ്യ കത്തനാരവർകൾ തൽസ്ഥാനം രാജിവച്ചു ഴുതിയിട്ടുള്ള ഒരുകത്തിന്റെ പകർപ്പു മനോരമയിൽ പ്രസിദ്ധം ചെയ്തിരിക്കുന്നു. ഈ കത്തു വായിച്ചാൽ നവീകരണത്തിലെ അടിസ്ഥാനശിലയും നടപടി പിശകുകളും ബോധപ്പെടും. കത്തിൽചിലഭാഗങ്ങൾ വാചകത്തിന്റെ മൂലകൊണ്ടൊ പ്രസ്താവയോഗ്യമല്ലന്ന വിചാരിച്ചൊ വിട്ടാണു പ്രസിദ്ധപ്പെടുത്തിയിരിക്കുന്നതു. ഇതു കൂടെ കാണ്മാൻ ഇടവന്നിരുന്നെങ്കിൽ നവീകരണനടത്തയുടെ യോഗ്യതകൾ മുഴുവൻ വെളിപ്പെട്ടേനെ-

ഒരുഅപേക്ഷ—റോമാസുറിയാനിക്കാരനായ ഒരാൾ താഴെ വിവരിക്കുന്ന അപേക്ഷ ഞങ്ങൾക്കയച്ചിരിക്കുന്നു: "പത്രാധിപർ അവർകളേ താങ്കളുടെ പത്രികമൂലം ഇംഗ്ലീഷസഭയിലെയും റോമാസഭയിലേയും അനേക മൂഢതകൾ വെളിപ്പെടുത്തിയല്ലൊ. ഞങ്ങളുടെ റോമാതിരുസഭയുടെ ഉപദേശനടപടികളിൽ പലതെറ്റുകൾ ഉണ്ടെന്നു ഞങ്ങളിൽ തന്നെയും പുറത്തുള്ളവരും പറയാറുണ്ടു. നിങ്ങളുടെ പത്രികമൂലം അവ പ്രസ്താവിച്ചാൽ എതുവാദമുണ്ടാകുമ്പോൾ സത്യം വെളിപ്പെട്ടു കാണാമല്ലൊ എന്നു ഞങ്ങളിൽ പലർക്കും അഗ്രഹമുണ്ടു. ശുദ്ധമാന മാപ്പിളപ്പായുടെ മേലധികാരമാണ പ്രധാനമായ വാദഭാഗം. ഇതിനെക്കുറിച്ചു നിങ്ങളുടെ അഭിപ്രായം കേട്ടാൽ എന്നെപ്പോലെ ചഞ്ചലമനസ്കന്മാരായ അനേകം ആളുകൾക്കു പ്രയോജനപ്പെടും---------,, റോമാപിശാസിയായ ഈ ലേഖകന്റെ അപേക്ഷയെ സാധിച്ചു

കൊടുക്കുവാൻ പുറപ്പെട്ടാൽ ദീപികയിലെ ജെയിൽപക്ഷി മുതൽപേർ വിരുദ്ധപ്പെടും. അവർ കാത്തിരിക്കാതെ ഇപ്പോൾ ഉരയ്ക്കാൻ തുടങ്ങിയിരിക്കയാണല്ലൊ. എങ്കിലും ലേഖകന്റെ അപേക്ഷ പല ലക്കങ്ങളിലായി സാധിച്ചുതരുവാൻ നോക്കാം.

❖ ❖ ❖

മരണം—ജപിടെ പുത്തനങ്ങാടിയിൽ എരുത്തിക്കൽ സ്കറിയാ കത്തനാരവർകൾ ഈമാസം ൨-ാംന— പനിയാൽ മരണം പ്രാപിച്ചിരിക്കുന്ന എന്നുള്ളവാർത്ത ദുസ്സഹമായ ദുഃഖത്തോടുകൂടെ പ്രസ്താവിക്കുവാൻ ഞങ്ങൾ നിർബ്ബന്ധിക്കപ്പെട്ടിരിക്കുന്നു. ഇദ്ദേഹം പുത്തൻപള്ളി മുഴുവനും മാർ ദീവന്നാസ്യോസ സിഹ്മനാദിയുടെ ഏതാണ്ടു ഭാഗവും പണിയിക്കുവാൻ വളരെ പ്രയാസപ്പെട്ടവനും പരമാർത്ഥസഭാഭിമാനിയും ആയിരുന്നു.

❖ ❖ ❖

പ്രസംഗികൾതമ്മിൽതർക്കം—പെർഡ്സ്വത്സ് എന്ന പഴയപ്രസംഗി വീണ്ടും വന്നിരിക്കുന്നു. ഇതിനിടയിൽ രക്ഷാസൈന്യങ്ങളും വന്നു ചേർന്നതിനാൽ രണ്ടു കൂട്ടരും തമ്മിൽ യോജിച്ചു ചൊറികോൽ എന്ന സ്ഥലത്തു നടത്തിയ ഒരു പ്രസംഗത്തിൽ രക്ഷിക്കപ്പെടുവാൻ ശിശ്രൂഷിച്ച ജനാനസ്സാനം എല്ലാവരെന്നും പെർഡ്സ്വത്ത പ്രസംഗിച്ചുപറഞ്ഞതു രക്ഷാസൈന്യങ്ങൾക്കു ഒട്ടും പിടിച്ചില്ല. അവർ ഒച്ചകൂട്ടിയും ബഹളംകൂട്ടിയും പൊയ്കളഞ്ഞത്രെ. തമ്മിൽ ചേർച്ചയില്ലാതെയും ഐക്യം പുലർത്തുവാൻ കഴിയാതെയും നടക്കുന്ന ഈ പ്രസംഗികളെ സൂക്ഷിച്ചുകൊള്ളണമെന്നു സുറിയാനിസമുദായത്തെ ഞങ്ങൾ പിന്നെയും പിന്നെയും ഓർപ്പിക്കുന്നു.

❖ ❖ ❖

മെത്രാപ്പട്ടം—ഈ യോഗ്യതപോലെയല്ല പീഡകാശമായിരിക്കണമെന്നാണു നാം കരുതുന്നതിന്റെ പുറകിലുള്ള നിയമം എന്നുതോന്നുന്നു. വെള്ളിക്കണ്ണു, വെളുത്ത മുഖം മുതലായ അഴകുകൾ നിറഞ്ഞ അപ്പച്ചന്മാരിൽ നിന്നു അപ്പച്ചനെക്കിട്ടിയ മാറ്റം ചരുത്തുവാൻ പരദേശത്തുനിന്നു മകൻ കൈകൂലികൊടുത്തു മേടിച്ചുകൊണ്ടുവന്ന മെത്രാപ്പട്ടം, അപ്പച്ചന്റെ മകനു അവകാശമായി. അനന്തരം മകൾക്കു പ്രായപൂർത്തിയില്ലാഞ്ഞതിനാൽ അനുജനെ തന്നെ അനന്തിരവനാക്കി. നാലാംക്ലാസു വാഴ്ച്ചയ്ക്കു മുമ്പെ തന്നെ മനം തിരിഞ്ഞു മേടിച്ചുകൊടുത്ത മെത്രാപ്പട്ടം വലിച്ചെറിയുവാൻ പാർത്തുവെച്ചും ദുഷ്പ്രാപ്തിയിലുള്ള മകനെ തിരഞ്ഞെടുത്തു കഴിഞ്ഞിരിക്കുന്നു. അഞ്ചാംക്ലാസിനു പിന്നുവഴി ഒഴിച്ചിട്ടില്ലാഞ്ഞിട്ടു മാന്യവഴിയിൽ മഴവെറിഞ്ഞിട്ടുമുണ്ടു. അപ്പൊസ്തോല പിന്തുടർച്ച എന്നുള്ള അപ്പച്ചന്മാരുടെ പിന്തുടർച്ച എന്നാണല്ലൊ ഇതിനു പറയേണ്ടതു.

❖ ❖ ❖

മെത്രാൻ ഭരണി—ഈ തലവാചകത്തിൽ കഴിഞ്ഞ നസ്രാണിദീപികയിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ഒരു ലേഖനത്തിൽ സുറിയാനിമെത്രാന്മാരിൽഒരാൾ ആലുവായിൽ നടത്തിവരുന്ന കരകൌശലവേലയെ ആക്ഷേപിച്ചിരിക്കുന്നു. ഇതിൽ ആക്ഷേപകരമായ സംഗതി എന്താണെന്നു ഞങ്ങൾക്കു മനസ്സിലാകുന്നില്ല. പത്രോസപൌലൊസ ശ്ലീഹന്മാർ തുകൽകൊല്ലന്റെ വേലയും പാപ്പായിക്കു രാജ്യഭരണ വേലയും ജങ്കനമിഷ്യനരിമാർക്കു ഓട്ട വേലയും നെയിത്തു വേലയും ചക്കിശ്ശിനരിമാർക്കു ആശാരിവേലയും നടത്തിക്കാമെങ്കിൽ ഒരു സുറിയാനിമെത്രാൻ ഭരണിവേല നടത്തിച്ചാൽ ഉണ്ടാകുന്ന വിശേഷ അപമാനം എന്താണെന്നു അറിവാൻ പ്രയാസമാണ. വരാപ്പുഴമെത്രാന്റെ ചിലവിന്മേൽ "ഓക്കി" എന്നൊരുസന്യാസി കൊമ്മുകോട്ടയത്തു താമസിച്ചു തടികച്ചവടം നടത്തിയതായി ഞങ്ങൾ കേട്ടിട്ടുണ്ടു. അതുപോലെയായി "പൂളാ" അനുസരിച്ചായിരിക്കാമെന്നു വിചാരിച്ചിട്ടായിരിക്കാം നസ്രാണിദീപികാലേഖകന്റെ ദൃഷ്ടിയിൽ ആക്ഷേപകരമായി തോന്നാഞ്ഞതു.

❖ ❖ ❖

ഒരുകഥ—മെയി മാസത്തെ മലയാളിമിത്രത്തിൽ പണ്ടു സുറിയാനി സിഹ്മനാദിയിൽ സുറിയാനിക്കാരും വെള്ളക്കാരും യോജിച്ചു പരിപ്പിച്ചുവന്നകാലത്തുണ്ടായ ഒരു കഥ പറഞ്ഞിരിക്കുന്നതു വളരെ രസകരമാണ. ജപ്പിൽ നിന്നു പുറപ്പെട്ട ഇസ്രായേല്യന്മാരിൽ ആരെല്ലാം കനാൻദേശത്തു പ്രവേശിച്ചു എന്നു സാമ്പ്രദായികളായ ശെമ്മാശന്മാരോടു ഒരിക്കൽ ചോദിച്ചു എന്നും അവർ ഉത്തരംമുട്ടിയിട്ടു ആദ്യം മല്പാനച്ചന്മാരോടും പിന്നീടു മെത്രാനച്ചനോടും ചോദിച്ചതിൽ ആക്കും അറിഞ്ഞുകൂടാഞ്ഞു എന്നും ആ കാലത്തെ വേദഅറിവു ഉപ്രകാരമായിരുന്നു എന്നുമാണ കഥയുടെ ചുരുക്കം. ഇതു ശരിയായിരുന്നാൽ അന്നത്തെ മല്പാന്മാരിൽ ഒരാൾ പാലക്കുന്നത്തു അബ്രാഹം കത്തനാർ ആയിരുന്നു സഹിതിക്കു അദ്ദേഹത്തിനും വേദഅറിവു ഒട്ടും ഇല്ലായിരുന്നു എന്നു തീർച്ചപ്പെടുന്നു. സുറിയാനി ക്രമങ്ങൾ വേദപുസ്തകത്തിനു വിപ

ശീതമാണന്ന അഭിപ്രായപ്പെട്ടു അരക്കുപ്പൊനെയും നഫീകരണവും ഉദ്ദേഹം ഉണ്ടാക്കിയതു നോക്കുമ്പോൾ നഫീകരണത്തിന്റെ ഉദ്ദവം മൌസ്സ്യത്തിൽനിന്നാണെന്ന പ്രത്യക്ഷമാണല്ലൊ. ഒരു ഉപദേശം സത്യമെന്നും മറൊന്നു അസത്യമെന്നും അഭ്യാഹം കത്തനാർ പറഞ്ഞാൽ യോഹന്നാവും കാലേലും മാത്രമെ കനാനിൽ പ്രവേശിച്ചൊള്ളു എന്നു കുട്ടികൾക്കു പോലും അറിയാവുന്ന സംഗതി അറിഞ്ഞുകൂടാത്ത ആ കത്തനാരുടെ വാക്കിനു ഏതു വിലയുണ്ടെന്നു ഞനിയെങ്കിലും നഫീകരണക്കാർ ആലോചിക്കട്ടെ. ഇവരുടെ ഉദ്ദവം ഈവിധമാണന്ന തിരുവും ഇവരുടെ തല്ലുകൊപയ്ത്താവസ്ഥ കത്തികൊള്ളിഞ്ഞ പുസ്തകംപോലെ എന്നു അറിവുദ്ധികനും പറഞ്ഞിട്ടുള്ള പരമാർത്ഥം ആലോചിച്ചിട്ടെങ്കിലും നഫീകരണ മൂഢതകൾ ഇവർ ഒഴിക്കട്ടെ.

❖ ❖ ❖

നസ്രാണിദീപിക—ഇതിൽ ഒരുലേഖനൻ ഇടവകപത്രികയെ വളരെ ആക്ഷേപിച്ചിരിക്കുന്നു. രണ്ടുകോളം മിനക്കെട്ടിയിട്ടുള്ളതിൽ കാല്ഭാഗം നാലുപരി തികച്ചില്ല. ശേഷമെല്ലാം ശകാരങ്ങളാണ. പത്രികയെ ശകാരപത്രിക എന്ന ആക്ഷേപിച്ചതു ഇവർ ശകാരിക്കാൻ പുറപ്പെട്ടതു ഇരിക്കുന്ന കമ്പു വരയുന്ന മടയനെറ പ്രവൃത്തിയാണല്ലൊ- അതുപോകട്ടെ- ധൃതം ൧- ഇട്ടിതൊമ്മൻ കത്തനാരച്ചൻ മരിച്ചതു യാക്കൊബായ വിശ്വാസത്തിലാണന്ന പത്രിക പറഞ്ഞതു തെറ്റാണന്നും ൨- റോമ്മാക്കാർ ബുധനാഴ്ച മാംസവജ്ജന ആചരിക്കുന്നില്ലന്ന പറഞ്ഞതു തെറ്റാണന്നും ൩- കൂനമ്പുപത്രത്തിൽനിന്ന പത്രികയിൽ പകത്തിയിരുന്ന ഭാഗം തെറ്റാണന്നും ആണ്- ൧- ഇട്ടിതൊമ്മൻകത്തനാരുടെ ചരിത്രം പത്രികയിൽ ഇതിൽ പിശകുണ്ടംപറയുന്നില്ലല്ലൊ- അതിൽ അദ്ദേഹം കടപ്പിൽ ചാണ്ടികത്തനാരു അയച്ച ഒരുകത്തിന്റെ പകർപ്പുചേർത്തിട്ടുള്ളതു ലേഖകൻ വായിച്ചില്ലന്നുതോന്നുന്നു. "അന്ത്യോഖ്യായിലെ ബ. പാത്രിയക്കീസച്ചൻ ഈ മലങ്കരയ്ക്കു അവകാശിയും അപ്പിടെ നിന്നു പോട്ടക്കാരെ അയച്ചു നമുക്കുവേണ്ടുന്ന ക്രമങ്ങൾകശതന്നം പണ്ടെതൊട്ടു നടന്നവരുന്നു,, എന്ന ആ കത്തനാർതന്നെ എഴുതിയിരിക്കുമ്പോൾ അദ്ദേഹത്തിന്റെ വിശ്വാസം യാക്കൊബായയൊ വേറെയൊ നേരെ നോക്കി പഠക- അദ്ദേഹത്തിനു ഒരുപോലെ പഴയ ചരിത്രം തെറ്റിപ്പോയിരിക്കാമെന്നിരിക്കട്ടെ- എന്നാലും അദ്ദേഹത്തിന്റെ വിശ്വാസം അന്ത്യോഖ്യാ പാത്രിയക്കീസിന്റെതാണെന്നുള്ളതിനു സംശയമില്ലല്ലൊ-

൨- ബുധനാഴ്ച ആചാരം—ഇതു റോമ്മാ സഭയിൽ ഉണ്ടെന്നു ലേഖകൻ പറയുന്നതുകൊണ്ടു ഞങ്ങളും വിശ്വസിച്ചുകൊം- കോട്ടയം ഒരു വികാരിയാത്തിന്റെ തലസ്ഥാനമാണല്ലൊ- അവിടെ നടപ്പില്ലാത്തതുകൊണ്ടു നടപ്പില്ലന്നു ഞങ്ങൾ പറഞ്ഞതാണ.

൩- കൂനമ്പുപത്രം പറഞ്ഞതു—ഇതു കളവാണൊ എന്നു ഞങ്ങൾക്കറിഞ്ഞുകൂടാ- അവർ പകത്തിയ റോമ്മാപത്രത്തിന്റെ പേരും കാലവും ഞങ്ങൾ കാണിച്ചിട്ടിട്ടുണ്ട- അതിൽ ഇല്ലന്ന ലേഖകൻ പറയുന്നപക്ഷം ആ കാലത്തെ ആ പത്രം ലേഖകൻതന്നെ ഹാജരാക്കട്ടെ- അദ്ദേഹം ഇങ്ങോട്ടു പറയുന്ന പ്രതിഫലം അങ്ങോട്ടു കൊടുക്കുവാൻ ഞങ്ങളുടെ കൂനമ്പുസഹജീവി തയ്യാറുണ്ടന്ന അറിയിച്ചിരിക്കുന്നു- ആ പത്രം ഹാജരാക്കാമെങ്കിൽ ന്യായമായ പ്രതിഫലം കൊടുക്കാമെന്ന ഒരു വീരവാദം ദീപികാ ലേഖകൻ പറയുന്നുണ്ട. പ്രതിഫലം എന്താണെന്ന സൂക്ഷ്മപ്പെടുത്തി തൂക്കികരമായിരുന്നാൽ മൂന്നാമസ്ഥാനം വഹിച്ചുകൊണ്ടു അറിയിച്ചാൽ പത്രം അയച്ചു കൊടുക്കാമെന്നു കൂടെ കൂനമ്പുസഹജീവി ഞങ്ങളെ അറിയിച്ചിരിക്കുന്നതിനാൽ വിവരം ദീപികാ ലേഖകൻ ഗ്രഹിച്ചുകൊള്ളട്ടെ- രണ്ടു കൈയ്യും കൂടണം കൊടുക്കാമെന്ന വീരവാദം പറഞ്ഞതുൾ വേഗം തീർപ്പാക്കട്ടെ. അന്ത്യോഖ്യാ പാത്രിയക്കീസും നെസ്തോർ പാത്രിയക്കീസും റോമ്മായിൽ ചേർന്നെന്നും മറും വണ്ടു ദീപിക പറഞ്ഞതരംപെടിയാണന്ന ലേഖകൻ ഇതിനെക്കുറിച്ചു വിചാരിക്കേണ്ടാ- ദീപികയുടെ ഈ ആക്ഷേപം സഹജമായ ക്രമാശകളങ്ങളിൽ ഒന്നാണന്ന പത്രിക പ്രസ്താവിച്ചപ്പോൾ അതു അന്യപത്രികയിൽനിന്നു പകത്തിയതാണെന്നും ദീപിക ഉത്തരവാദിയല്ലന്നും മറും അന്നു ദീപികതന്നെ സമാധാനം പറയുകയുണ്ടായി- ദീപിക പകത്തിയാൽ ഉത്തരവാദിയല്ല, പത്രിക അന്യ പത്രത്തിൽനിന്നു പകത്തിയാൽ പത്രികതന്നെ ഉത്തരവാദിക്കണമെന്നാണ ദീപികയുടെ ഇപ്പൊഴത്തെ ന്യായം. നല്ലയോഗ്യൻ! ഈ പകുക്കുതി തിണ്ടാതിരുന്നെങ്കിൽ മിടുക്കനാണെന്നു വല്ലവരും സമ്മതിച്ചേനേ.

❖ ❖ ❖

(സ്ഥലപ്പരിമിതികൊണ്ടു ഈ പ്രാവശ്യം വിശേഷവർത്തമാനങ്ങൾ ചേർപ്പാൻ ഇടയായില്ല)

മലങ്കര ഇടവക പത്രികാ

ഉപപത്രം

തൃശ്ശിവപേരൂർ ജില്ലാക്കോടതിയിലെ സൻ.ൽ അസ്സൽ ഒന്നാം നമ്പ്രലെക്ക തലപ്പള്ളി ജില്ലാക്കോടതിയിൽനിന്നും അയച്ചിട്ടുള്ള കമ്മീഷണർ മുമ്പാകെ ബോധിപ്പിക്കുന്ന മൊഴി.

പ്രവൃത്തി ആറമ്മുള- മുറി മാരാമണ്ണ- വീട്ടപേരു മാരാമണ്ണ പള്ളി- തൊഴിൽ മെത്രാപ്പോലീത്താ- ജാതി നസ്രാണി- വയസ്സു ഒന്നു- പേരു ടൈറസ്സു മാർ തോമ്മാമെത്രാപ്പോലീത്താ- സത്യം ചെയ്യിച്ചു തൽ കമ്മിഷണർ ജി- സുബ്ബയ്യൻ.

൧൮- മീനം ൨൯-ാം ൯൰

൧-ാം വാദിയെ അറിയും. വിവാദപള്ളികൾ അറികയില്ല അവയെ കണ്ടിട്ടുമില്ല. വിവാദപള്ളികൾ മലങ്കരയിൽനിന്നും മെത്രാന്മാർ ഭരിച്ചുവന്ന. ഇപ്പോൾ ഞാൻ ഭരിക്കുന്ന. ഈ പള്ളികൾ പുരാതനമായിട്ടുള്ളതാണ. ഒരു മെത്രാപ്പോലീത്താ കാലം ചെയ്യാറാകുമ്പോൾ മറൊരുമെത്രാപ്പൊലീത്തായെ വാഴിക്കും. ഇതുവരെ മലങ്കരയിൽ മെത്രാപ്പൊലീത്താവെ അങ്ങിനെ ആണ വാഴിച്ചു വന്നതു. മെത്രാന്നും മെത്രാപ്പോലീത്താ യിന്നും സ്ഥാനവ്യത്യാസമില്ല. അധികാരവ്യത്യാസമുണ്ട. ഇതിൽ മെത്രാപ്പോലീത്തായിന്നും താഴെയാണ മെത്രാൻ. മെത്രാന്മാരാണ മെത്രാപ്പോലീത്തായായി തീരുന്നതു. മലങ്കരയുടെ മെത്രാപ്പൊലീത്തായുടെ അനുവാദം സിദ്ധിച്ചിട്ടുള്ള മെത്രാനാണ പിന്നെ മെത്രാപ്പോലീത്തായായി തീരുന്നതു. സമുദായത്തിന്റെ സമ്മതവും അതിലേക്കു ആവശ്യമാണ, മെത്രാപ്പൊലീത്തായെ നിയമിക്കുന്നതിനു മുമ്പു പള്ളികൾക്കു കുഴിതി അയക്കും. ഇടവകക്കാരുടെ പ്രതിനിധികളായി അവരുടെ സമ്മതത്തെ സൂചിപ്പിക്കാനായി ഓരൊ പള്ളികളിൽനിന്നു രണ്ടും മൂന്നും ആളുകളെ അയക്കും. അവർ യോഗക്കുറികൾ ഹാജരാക്കും. വാഴിക്കുന്ന കാലത്തു വൈദീകക്രിയകൾ ഉണ്ട. ആ പുസ്തക

ത്തിൽ സ്ഥാനം കൊടുക്കേണ്ടതായ ക്രമങ്ങളെപ്പറ്റി പറയും. നിയമി
ക്കേണ്ട ആളുകൾക്കു ഇന്നതിന്നു യോഗ്യത വേണമെന്നു വേദവാക്യ
ങ്ങളിൽ ഉണ്ട്. വേദവാക്യങ്ങൾ എന്നു പറഞ്ഞതു ബൈബിൾ ആണ.
ഇതിലേക്കു വേറെ പുസ്തകങ്ങൾ ഒന്നുമില്ല. മെത്രാപ്പൊലീത്തായായി
വാഴിക്കുന്നതിനു ഭരിച്ചു വരുന്ന മെത്രാപ്പൊലീത്താ ഒരു പിടിപാടു
കൊടുക്കും. ഈ പിടിപാടു കൊടുക്കേണ്ടതു മലങ്കരയിൽ ഭരിച്ചുവരുന്നു
മെത്രാപ്പൊലീത്തായാണ. ഒരു സമയത്തിൽ ഒരു മെത്രാപ്പൊലീത്താ
വെ ഭരിക്കയുള്ളു. മലങ്കര എന്നു പറയുന്നതു കൊച്ചി തിരുവിതാംകൂർ
ഈ സംസ്ഥാനങ്ങളാണ. കൊച്ചി തിരുവിതാംകൂറിലെ പള്ളികളാണ.
ഞാൻ തോമസ അത്താനാസ്യോസിന്റെ പിൻവാഴ്ക്കാരനാണ. മ
ലങ്കരയ്ക്കു മെത്രാപ്പൊലീത്താ ഇല്ലാതെയിരുന്നാൽ ബ്രിട്ടിഷസംസ്ഥാന
ത്തിൽ തൊഴിയൂരിലെ മെത്രാപ്പൊലീത്താ വാഴിക്കും. തൊഴിയൂർ മെ
ത്രാപ്പൊലീത്തായിന്നു ഇപ്പോൾ മലങ്കരയിന്മേൽ അധികാരമില്ല. അ
ധികാരം മുമ്പെ ഉണ്ടായിരുന്നതായിട്ടു ലക്ഷ്യം ഉണ്ട്. തോമസഅത്താ
നാസ്യോസിന്റെ പക്കൽനിന്നും എനിക്കു പിടിപാടു കിട്ടിയിട്ടില്ല. മ
ത്തൂസ അത്താനാസ്യോസ പരദേശത്തിൽ പോയി പട്ടം ഏറ്റതായി
കേട്ടിട്ടുണ്ട്. അദ്ദേഹം എന്റെ വല്യപ്പന്റെ മകനാണ. പരദേശം
എന്നുപറഞ്ഞാൽ അൻറിയൊക് എന്നാണ കേട്ടിട്ടുള്ളതു. സ്ഥാനം ഏ
റ്റ സമയത്തു ഞാൻ ജനിച്ചിട്ടില്ല. അദ്ദേഹം പരദേശത്തു പട്ടമേല്ക്കാ
ൻ പോയ കാലത്തു മലയാളത്തു ഒരു മെത്രാപ്പൊലീത്താ ഉണ്ടായിരു
ന്നു. അതു ചേപ്പാട്ടു ദീവന്നാസ്യോസാണ. മെത്രാന്മാർക്കു കൈവെപ്പു
എന്ന സമ്പ്രദായം ഉണ്ട്. പട്ടം കൊടുക്കുന്ന ആൾ പട്ടമേല്ക്കുന്ന ആളു
ടെ തലയിൽ പ്രാർത്ഥനകൾ കഴിച്ചു കൈവെക്കും. പട്ടം കൊടുക്കുന്ന
ആളിന്റെ ഉപദേശത്തിനും വിശ്വാസത്തിനും വിപരീതമായിരിക്കു
ന്ന ആളുകൾക്കും പട്ടം കൊടുക്കും. ഞങ്ങൾക്കു മേല്പട്ടകാരു തനതായി
ട്ടു ഇല്ലാതെ ഇരുന്നാൽ പാപ്പായിൽ നിന്നും ഏല്ക്കാം എവിടെ നിന്നെ
കിലും ഏല്ക്കാം. മത്തൂസ അത്താനാസ്യോസ പട്ടമേറ്റുവന്നതിന്റെശേ
ഷം മെത്രാനായി ഭരിച്ചിട്ടില്ലായിരുന്നു. അതു അന്നിരുന്ന മെത്രാന്മാ
ങ്ങളും സ്വീകരിക്കാഞ്ഞതുകൊണ്ടാണു. ഞങ്ങൾക്കു മൂറോൻഎന്ന ഒരു
വിശുദ്ധതൈലമുണ്ട്. മൂറോൻ ശുദ്ധിചെയ്യാനുള്ള അധികാരം മെത്രാ
പ്പൊലീത്തായ്ക്കാണ. ഞങ്ങൾ ഉപയോഗിച്ചു വരുന്ന മൂറോൻ മുമ്പി
രുന്ന മെത്രാന്മാർ ശുദ്ധീകരിച്ചതാണ. അതു ഞാൻ കണ്ടിട്ടില്ല. ഇതി
നെ ഉണ്ടാക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നതിനെപ്പറ്റി ഒരു പ്രാ
ർത്ഥന പുസ്തകമുണ്ട്. മത്തൂസ അത്താനാസ്യോസ പട്ടമേറ്റകാലത്തു മൂ
റോൻ കൊണ്ടുവന്നതായി എനിക്കറിവില്ല. മാർ തോമസ അത്താനാ
സ്യോസ ഇരിക്കുന്ന കാലത്തു അദ്ദേഹം മൂറോൻ ഉണ്ടാക്കിയതായിട്ടു
എനിക്കറിവില്ല. എന്നെ വാഴിക്കുന്നതിനായിട്ടു പള്ളികാരുടെ സമ്മത
പത്രമുണ്ട്. ഇതു പള്ളികാരുടെ സമ്മതമാണെന്നു പറയുന്നതിനു ലീ
സ്സു നൊക്കിയാലെ പാടുള്ളു. ഞങ്ങളുടെ കുബ്ബാന തക്സാ മാർ തൊമ്മാ
ശ്ലീഹാ ഉണ്ടാക്കിയിട്ടുള്ളതാണ. വേറെ ഒരു യാക്കോബ ശ്ലീഹായുടെയും

ഉണ്ട്. എന്റെ കീഴിലുള്ള പട്ടകാർ എല്ലാവരും ഉപയോഗിക്കുന്ന തക്സാ ഏല്ലാം ഒരുപോലെ ഉള്ളതാണ. മത്തൂസ അത്താനാസ്യോസ, തോമാസ അത്താനാസ്യോസ ഇവരുടെ കാലങ്ങളിൽ ഉള്ള തക്സായാണ ഇപ്പോഴും ഉപയോഗിക്കുന്നതു. (ഒ)അക്കംനൊകി. ഇതും ഞങ്ങളുടെ തക്സായും വളരെ വ്യത്യാസമുണ്ട്. മലങ്കരയിൽ സെൻതോമാസ ക്രിസ്ത്യാനിസമുദായം ഉപയോഗിക്കുന്നില്ല. യാകൊബായ സുറിയാനിക്കാർ ഉപയോഗിക്കുന്നതായി കെൽവിയുണ്ട്. ഞങ്ങളുടെ കാനൻ മുമ്പിനാലെ ഉള്ളതാണ. നശിച്ചതിന്റെ ശെഷം മത്തൂസ അത്താനാസ്യോസ ചമച്ചിട്ടുണ്ട്. അതാണ ഞങ്ങൾ ഉപയോഗിച്ചു വരുന്നതു. അതു അച്ചടിച്ചതാണ. അച്ചടിക്കുന്നകാലത്തു പരിശുദ്ധന്മാരൊട്ടു അപെക്ഷയില്ല. സെൻതൊമാസു ക്രിസ്ത്യൻ സഭയുണ്ടായിട്ടു ഏവ്വാറാം സംവത്സരം ആയിരിക്കുന്നു. ഇതിനിടയ്ക്കു ഞങ്ങളുടെ സമുദായത്തിനു പരിശുദ്ധന്മാരൊട്ടു അപെക്ഷയില്ല. ചരിത്രങ്ങൾ പായിച്ചും കെട്ടുമാണ പരിശുദ്ധന്മാരൊട്ടു അപെക്ഷായില്ലന്നു എനിക്കറിവു. അതു ഇന്ന ചരിത്രമെന്നു ഒന്നും ഇപ്പൊൾ ഓക്കുന്നില്ല. അങ്ങിനെ ചരിത്രങ്ങൾ ഉണ്ട്. എ. സി. നൊകി. കന്യാസ്ത്രീമറിയം ദൈവമാതാവെന്ന ഞങ്ങൾ വിശ്വസിക്കുന്നില്ല. ഇങ്ങിനെയുള്ള വിശ്വാസം ഞങ്ങളുടെ ഇടയിൽ ഉണ്ടായിരുന്നതായിട്ടു എനിക്കു അറിവില്ല. ഏ. സി. ഞങ്ങളുടെ കാനൊനു അണ. കന്യാസ്ത്രീമറിയം ദൈവമാതാവെന്ന വിശ്വസിക്കരുതെന്നു മത്തൂസ മാർ അത്താനാസ്യോസ വിരൊധിച്ചതായി എനിക്കറിവില്ല. കന്യാസ്ത്രീ മറിയത്തൊടു ഞങ്ങൾ പ്രാർത്ഥിക്കുന്നില്ല. ഞങ്ങളുടെ സമുദായത്തിൽ അങ്ങിനെ പ്രാർത്ഥിച്ചതായിട്ടു അറിവില്ല. ഏ. സീയിൽ ഉ-ാം പുറത്തു ഉ-ാം ലയിനിൽ പറയുന്ന തിരുസഭ എന്നതു സെന്തൊമ്മാസ ക്രിസ്ത്യൻ സമുദായം ആകുന്നു. ഏ- സി- പുസ്തകം ഉണ്ടാക്കുന്ന കാലംവരെ പരിശുദ്ധന്മാരൊടും കന്യാസ്ത്രീമറിയത്തൊടും പ്രാർത്ഥനകൾ ഉണ്ടായിരുന്നതായി തൊമ്മാസ അത്താനാസ്യോസ പറഞ്ഞിരുന്നാൽ അദ്ദെഹം അറിവില്ലാതെ പറഞ്ഞു എന്നു പറവാൻ ഞാൻ തയ്യാറാണ. ഇതിനു അടിസ്ഥാനം വെദവാക്യമാണ. ഏ- സി- പുസ്തകത്തിൽ ൩-ാംഅദ്ധ്യായം ൧൦-ാം വകുപ്പുകൊണ്ടു അതുവരെ മെല്ലാറഞ്ഞ പ്രാർത്ഥനകൾ ഉണ്ടായിരുന്നു എന്നു ഞാൻ വിചാരിക്കുന്നില്ല. ഞങ്ങളുടെ പള്ളിവക മുതലുകൾ താറുമാറു ചെയ്യാതെയും നഷ്ടപ്പെടുത്താതെയും ഇരിപ്പാൻവെണ്ടി മെത്രാപ്പോലീത്താ നടത്തികൂണം. ഒരു ഇടവകക്കാരൻ മെത്രാപ്പോലീത്തായ്ക്കു വിരോധമായിട്ടു അന്യ മതത്തിൽ ചെന്നാലും അവന്റെ പൂർവ്വികന്മാർ പള്ളിക്കു മുതൽ കൊടുത്തിരുന്നാൽ അവന്നും പള്ളി മുതലുകളിൽ അവകാശമുണ്ട്. പള്ളി മുതലുകളെ ഇടവകക്കാരു വിക്കുയൊ അന്യാധീനപ്പെടുത്തുകയൊ ചെയ്കൂടാ. ഏതുഉദ്ദേശത്തിലെക്കായിട്ടു പള്ളിയും പള്ളിവക മുതലും ഉണ്ടായൊ അതിനു അനുരൂപമായിട്ടു അതിനെ ഉപയോഗിക്കുണം. അതിനു വിരോധമായിട്ടു ഉപയോഗിച്ചുകൂടാ. മത്തൂസ അത്താനാസ്യോസിന്റെയും എന്റെയും വിശ്വാസം ഒന്നുതന്നെ രണ്ടല്ല. മത്തൂസ അത്താനാസ്യോസ മലയാളത്തി

ത നമസ്കാര പുസ്തകം അച്ചടിച്ചിട്ടുണ്ട്. അതു അച്ചടിച്ചതു കോട്ടയം സിമ്മനാരിയിലാണ്. ഏതാണ്ടു എന്നു ഓർക്കുന്നില്ല. കെ. അക്കം നോക്കി ഇതു ഞാൻ കണ്ടിട്ടില്ല. കോട്ടയം സിമ്മനാരിയിൽ മത്തൂസ അത്താനാസ്യോസ നമസ്കാരപുസ്തകം അച്ചടിച്ചിട്ടുണ്ട്. അതു പുതിയ കൈവശമുണ്ടോ എന്നു എന്റെ ലൈബ്രറി നോക്കിയാലെ അറിയാവൂ. കോട്ടയം സിമ്മനാരിയിൽ മത്തൂസ അത്താനാസ്യോസ അച്ചടിച്ച നമസ്കാരപുസ്തകം ഉപയോഗിച്ചു വരുന്നുണ്ട്. കെ. അക്കപുസ്തകത്തിനും കോട്ടയം സിമ്മനാരിയിൽ മത്തൂസ അത്താനാസ്യോസ അച്ചടിച്ചിട്ടുള്ള ഞാൻ കണ്ടിട്ടുള്ള നമസ്കാര പുസ്തകത്തിനും വ്യത്യാസമുണ്ട്. കോട്ടയം സിമ്മനാരിയിൽ മത്തൂസ അത്താനാസ്യോസ അച്ചടിച്ച നമസ്കാര പുസ്തകം മുമ്പിലും ഒരു മാസത്തിനിടയ്ക്കും ഞാൻ വായിച്ചിട്ടുണ്ട്. ഞങ്ങളുടെ കീഴിലുള്ള അയ്യേനികൾ നമസ്കരിക്കുന്ന മലയാള പുസ്തകം ഒരെക്രമത്തിലുള്ളതാണ്. കോട്ടയം സിമ്മനാരിയിൽ അച്ചടിച്ചതായി ഞാൻ പറഞ്ഞ നമസ്കാരപുസ്തകത്തിൽ ഇഗ്നാത്യോസ പാത്രിയക്കീസിനെ കുറുബാനയിൽ ഞങ്ങൾ ഓർക്കുന്നതായി പറഞ്ഞിട്ടില്ല. മത്തൂസ അത്താനാസ്യോസിനു പട്ടം കൊടുത്ത പാത്രിയക്കീസിന്റെ പേരു ഞാൻ ഓർക്കുന്നില്ല. ഇഗ്നാത്യോസ പാത്രിയക്കീസിനെ ഞങ്ങൾ പ്രാർത്ഥനയിൽ ഓർക്കുന്നു എന്നു തോമ്മാ അത്താനാസ്യോസ പറഞ്ഞിരുന്നാൽ അതു കള്ളമാണെന്നു നിങ്ങൾ വിചാരിക്കുന്നുവൊ എന്നു ചോദ്യം. കള്ളമാണെന്നു ഞാൻ വിചാരിക്കുന്നില്ല പിശകായി പറഞ്ഞുപോയി എന്നു ഞാൻ വിചാരിക്കുന്നു എന്നു ഉത്തരം. വേദവാക്യങ്ങളെ ശരിയായി വ്യാഖ്യാനിക്കയും ജനങ്ങൾക്കു ആത്മീകസംബന്ധമായ ഉപദേശങ്ങളെ ബോധിപ്പിക്കയും ചെയ്യുന്നതിനു കർത്തവ്യം അതാതുകാലത്തു ഭരിച്ചവരുന്ന മെത്രാപ്പോലീത്താവിനാണ. പൈതികവിഷയങ്ങളിൽ മെത്രാപ്പോലീത്താവിനെക്കാൾ ഇടവകയിൽ ആരും ഇല്ല. എനിക്കു മുൻപാണ മെത്രാപ്പോലീത്തന്മാരായ മത്തൂസഅത്താനാസ്യോസ തോമ്മാഅത്താനാസ്യോസ ഇവർ രണ്ടുപേക്കും അവരുടെ സ്ഥാനത്തിനു തക്ക യോഗ്യതയും വിവരവും അവക്കുണ്ടായിരുന്നു എന്നാണ എന്റെ വിശ്വാസം. സഭയുടെ വിശ്വാസത്തെ മാറാൻ മെത്രാപ്പോലീത്താവിനു തനിച്ചു അധികാരമില്ല. സെന്തോമ്മാസു സുറിയൻ ക്രിസ്ത്യാനികൾ മൂന്നനാചുവിധമുണ്ട്. അതു റോമാ സുറിയാനിക്കാർ, കൽദായ സുറിയാനിക്കാർ, സൈറൊപ്രൊട്ടസ്റ്റാണ്ടു, പുത്തൻക്രൂർ സുറിയാനിക്കാർ എന്നുകുന്നു. ഇവക്കു മാപ്പിളമാർ എന്നും നസ്രാണികളെന്നും പേരുണ്ട്. മലയാളത്തിൽ യാക്കോബായ സുറിയാനികൾ എന്നു ഒരു കൂട്ടക്കാരുണ്ടെന്നു കുറച്ചു കാലമായിട്ടു ഞാൻ കേട്ടിട്ടുണ്ട്. പുത്തൻക്രൂർ എന്നു വിളിക്കുന്നതിന്റെ കാരണം ഇന്നതെന്നാണന്നു ഇനിക്കറിവില്ല. ഉതിയംപേരൂരിൽ സുന്നഹദോസു ഉണ്ടായതായിട്ടു ഇനിക്കറിവില്ല. പുത്തൻക്രൂറുകാരെ കുറഞ്ഞൊരുകാലമായിട്ടു യാക്കോബായ സുറിയാനികൾ എന്നു വിളിച്ചുവരുന്നുണ്ട്. ഞങ്ങൾ യാക്കോബായ സുറിയാനിക്കാരല്ല. അങ്ങനെ തോമ്മാസു അത്താനാസ്യോസ പറഞ്ഞിരുന്നാൽ അതുപിശകാണ. പിശ

ക്ക എന്ന പറഞ്ഞതു ചരിത്രവായനകൊണ്ടു അറിഞ്ഞിട്ടുള്ളതാണ. ഇന്നു ചരിത്രമെന്നു ഞാൻ ഇപ്പോൾ ഓർക്കുന്നില്ല. ചരിത്രം ഞാൻ വായിച്ചതു മദ്രാസിൽ പഠിക്കുമ്പോഴാണ. ഞങ്ങളുടെക്രൂട്ടത്തിലും അന്യരും എഴുതീട്ടുള്ള ചരിത്രങ്ങളെ ഞാനും വായിച്ചിട്ടുണ്ടു. ആ ചരിത്രം എഴുതിയതു തോമ്മാശ്ലീഹായുടെ സഭയിൽ ചേർന്നവരാണ. ഞാൻ നന്നായിഓർക്കുന്നുണ്ടു. ആ പുസ്തകങ്ങൾ വായിച്ചതു ഒരു സംവത്സരങ്ങൾക്കു മുമ്പെയാണ. അൻറിയോക്കിൽ പാത്രിക്കീസിനെറ കീഴിലുള്ള ചില യാക്കോബായക്കാർ മലയാളത്തിലും വന്നു സൻതോമ്മാ ക്രിസ്ത്യാനികളിൽ ചിലരും അവരോടു ചേർന്നു. അങ്ങനെ ഒരു ക്രൂട്ടം ഇപ്പോൾ മലയാളത്തിലുണ്ടു. അൻറിയോക്കിൽ പാത്രിയർക്കീസിനെറ കീഴിലുള്ള ക്രിസ്ത്യാനികൾ അധികമൊ ഞങ്ങളുടെ കീഴിലുള്ള ക്രിസ്ത്യാനികൾ അധികമൊ എന്നു ഇനിക്കു നിശ്ചയമില്ല. കൊല്ലം ഫാഫ്-ചാണ യാക്കോബായക്കാർ ഇവിടെ വന്നതു. ഇവരെ ഭരിച്ചുവന്നതു ക്രീലോസഫന്ന ഒരുപരദേശിയാണ. ക്രീലോസ യാക്കോബായക്കാരുടെ മെത്രാപ്പോലീത്താ ഏന്നാണ ഞാൻ കേട്ടിട്ടുള്ളതു. മർത്തൂസ അത്താനേഷ്യസും തോമ്മാ അത്താനേഷ്യസും യാക്കോബായക്കാരെ ഭരിച്ചിട്ടില്ല. ഇപ്പോൾ അവരെ ഭരിക്കുന്നതു ഫ്രാംപാദിയാണ. യാക്കോബായക്കാരും മാർതോമ്മാശ്ലീഹാ ക്രിസ്ത്യാനികളും ഒരെപള്ളിയിൽ നടക്കുന്നതായിട്ടും അറിവുണ്ടു. മലയാളരാജ്യത്തിൽ സുറിയാനികൾക്കായിട്ടു ഒരു മൂവായിരം പൂവരാഹൻ ബ്രിട്ടീഷ് ഗവർമ്മെണ്ടിൽ ട്രസ്റ്റ് ഫണ്ടായി വച്ചിരുന്ന വിവരം എനിക്കറിവുണ്ടു. ൟ ട്രസ്റ്റ് ഫണ്ടു മർത്തൂസ അത്താനാസ്യോസും തോമ്മാ അത്താനാസ്യോസും അവകാശം മുറിച്ചിരുന്ന മെത്രാന്മാരും കൈകാര്യം ചെയ്യുവന്നിട്ടുണ്ടു. ഇവർ ഭരിച്ചുവന്ന സുറിയാനി സമുദായക്കാരുടെ ഗുണത്തിനാണ ഈ ട്രസ്റ്റ് ഫണ്ടു ഏർപ്പെടുത്തപ്പെട്ടതു മലങ്കരയിലുള്ള സുറിയാനി സമുദായത്തിനെറ ഉപയോഗത്തിനായിട്ടാണ കോട്ടയം സിമ്മനാരിയും അതു സംബന്ധിച്ചു വസ്തുക്കളും വാങ്ങി മെത്രാന്മാർ കൈകാര്യം ചെയ്യുവന്നതു. ആ സുറിയാനിസമുദായം എന്നുപറഞ്ഞതു പുത്തൻക്രൂർ സുറിയാനികളാണ. ഇവർക്കു യാക്കോബായസുറിയാനികൾ എന്ന പേരുണ്ടായിരുന്നില്ല. ഇങ്ങനെ അറിഞ്ഞതു ഇനിക്കു മുമ്പുണ്ടായിരുന്ന മെത്രാപ്പോലീത്തന്മാർ പറഞ്ഞിട്ടാണ. കോട്ടയം സിമ്മനാരി ഉണ്ടായി ഉദ്ദേശം ൭൦ സംവത്സരം കാണും. ൭൦-ൽ കൂടുവില്ല ക്രൂടുതലെ ഉള്ളു. അതിനുമുമ്പു മലങ്കരെ മെത്രാന്മാർ സ്ഥിരമായിട്ടു ഒരുസ്ഥലത്തിൽ പാർത്തുവന്നിട്ടില്ല. അവരും അവരുടെ പിൻഗാമികളായി കോട്ടയം സിമ്മനാരിയിൽ താമസിച്ചിരുന്ന മെത്രാപ്പോലീത്തന്മാരുമാണ വിവാദ പള്ളികളെ ഭരിച്ചുവന്നതു. മുൻ വാണിരുന്ന മെത്രാപ്പോലീത്തന്മാരുടെ വിശ്വാസത്തിനു അനുരൂപമായിട്ടു വിവാദ പള്ളികൾ സ്ഥാപിക്കപ്പെട്ടിരിക്കണം കോട്ടയം സിമ്മനാരിയും വസ്തുക്കളും ട്രസ്റ്റ് ഫണ്ടും സംബന്ധിച്ചു ഫ്രാംപാദിക്കു ഇനിക്കുമുമ്പു വാണ തോമ്മാ അത്താനാസ്യസ്സു മുതൽപേക്കു തന്നിൽ തുലച്ചുഴി ചില്ലയിൽ വ്യവഹാരം നടന്നിട്ടുണ്ടു. അതു വാദിക്കു ഉണ്ടാക്കിട്ടു അവസാനിച്ചു. നിങ്ങളും

രി വസ്തുകളും ട്രസ്റ്റ്ഫണ്ടും വാടി ഒഴിപ്പിച്ചെടുത്തു. യോഗകാർ പള്ളികൈകാരന്മാരെ തെരിഞ്ഞെടുത്തു മെത്രാനെ അറിയിക്കും. അതുഞങ്ങളുടെ അനുവാദം വാങ്ങിക്കാനായിട്ടാണു. അതിനുള്ളും അനുവദിച്ചു നിയമിക്കും. ഇതുക്രൂടാതെ മെത്രാപ്പോലീത്തന്മാരു തന്നെ കൈക്കാരെ നിയമിച്ചു സാധനം അയക്കും. യോഗകാരുക്രൂടി കൈക്കാരെ തെരിഞ്ഞെടുക്കുന്നതിൽ പിശകുവരികയില്ല. അതുകൊണ്ടു അതിനെ ഞങ്ങൾ അനുവദിക്കും. കുർബാനയിലെ അപ്പവും വീഞ്ഞും മിശിഹായുടെ സാക്ഷാൽ മാംസരക്തങ്ങളെന്നു ഞങ്ങൾ വിചാരിക്കുന്നില്ല. വിശ്വാസത്താൽ മാംസരക്തമായിട്ടു വിചാരിക്കപ്പെടുന്നു. ഇങ്ങനെ ചെയ്യുന്നതു മിശിഹായുടെ മരണത്തിന്റെ ഓർമ്മയ്ക്കായിട്ടാണു. ആ ഓർമ്മകൊണ്ടു പാപവിമോചനങ്ങൾ ഉണ്ടാകുന്നു. പൊർത്തുഗീസുകാർ വന്ന കാലത്തു മലയാളത്തിലുണ്ടായിരുന്ന സുറിയാനിക്കാർക്കും അവർക്കും തമ്മിൽ വിരുദ്ധമുണ്ടായിരുന്നു. അവരൊടുക്രൂടെ ചില ആളുകൾ ചേർന്നുനടന്നു. അവരെ പഴെക്രുറുകാർ എന്നു വിളിക്കുന്നു എന്നു ഏനിക്കറിഞ്ഞുക്രൂടാ. പഴയക്രുറുകാർ എന്നു പറയുന്ന ആളുകൾ മലയാളത്തിലുണ്ടു. അവരുടെ ഇടയിൽ മാറ്റും ക്രൂടിയവരും സുറിയാനികളും ചേർന്നിട്ടുണ്ടു. കത്തായസുറിയാനിക്കാരെ പഴയക്രുറുകാരായി വിളിക്കുന്നതു ഇനിക്കു നിശ്ചയമില്ല. ഞാൻ വായിച്ച ചരിത്രങ്ങളിൽ പൂത്തൻക്രുറുകാരുടെയും പഴയക്രുറുകാരുടെയും വിവരങ്ങളെപ്പറ്റി കണ്ടതായിട്ടു അറിവില്ല. കൊച്ചിസംസ്ഥാനത്തിൽ ഞങ്ങളുടെ അധീനത്തിൽ ഉ. സു. പള്ളികളുണ്ടു. ഏതെന്നു ഓർക്കുന്നില്ല. അവ വിവാദപള്ളികളും അതുക്രൂടാതെ പഴഞ്ഞി പഴെപള്ളിയും ആകുന്നു. കൊച്ചി സംസ്ഥാനത്തിൽ ഇപ്പോൾ പറഞ്ഞതല്ലാതെ വേറെ ഒന്നും എന്റെ അധീനത്തിൽ ഇല്ല. വിവാദപള്ളികളിൽ ഉദ്ദേശം പത്തായിരം വീട്ടുകാരുണ്ടു, അതിൽ ഏതുവീട്ടുകാർ ഞങ്ങളുടെ കക്ഷികളിൽ ഉണ്ടെന്നു ഇനിക്കറിവില്ല. അധികകക്ഷി ആർക്കെന്നും അറിഞ്ഞുക്രൂടാ. ഞങ്ങളുടെ ഭാഗത്തിൽ അതു പള്ളി ഇടവകകാറരായും കത്തനാരന്മാരുണ്ടു. രണ്ടുപേരാണുള്ളതു. ഇവരെ കത്തനാരന്മാരായിട്ടു ആകിയതു ഞാനാണു. ഇവർക്കുമുമ്പെ പഴഞ്ഞികാർ മൂന്നു കത്തനാരന്മാരും കർമ്മം നടത്തീട്ടുണ്ടു. വിവാദ പള്ളികളിലെ ആത്മീക കാര്യങ്ങൾ ശേഷം മലങ്കരെ പള്ളികളിലുള്ളതുപോലെയാണു. ലൌകീകകാര്യങ്ങളെപ്പറ്റി ഇനിക്കറിവില്ല. ഇനിക്കു താഴെയുള്ള പള്ളികളിൽ നിന്നും ഇനിക്കു തിരട്ടകൾ അയക്കാറുണ്ടു. ഈ പള്ളികളിൽ പട്ടംകൊടുക്കുന്നതു ഞാനാണു. ഇടവകകാറരെകൊണ്ടല്ലാതെ അന്യപള്ളി ഇടവകകാറരായ പട്ടകാറരെകൊണ്ടു നടത്തിക്കുന്നു പതിവുണ്ടു. അതു ചിലസ്ഥലങ്ങളിലെയുള്ളു. അങ്ങനെ ചെയ്യുന്നതു പള്ളിയിലെ പട്ടകാറരില്ലാതെ ഇരുന്നാലാണു. മത്തൂസ അത്താനഷ്യൂസിന്റെ കാലത്തിനുമുമ്പു രണ്ടായിട്ടാണു കുർബാന കൊടുത്തുവന്നതെന്നു എന്റെ അറിവു. ഇപ്പൊഴും രണ്ടായിട്ടാണു കൊടുത്തു വരുന്നതു. വാദിഭാഗകാർ കൊടുക്കുന്നതു ഞാൻ കണ്ടിട്ടില്ല. ഒന്നായിട്ടാണെന്നാണു എന്റെ അറിവു. വിവാദപള്ളികളിൽ തല്ക്കാലം രണ്ടു കക്ഷി

കളുണ്ട്. തൊമ്മോ അത്താനാസ്യോസ കമ്മാദികൾക്ക ഉപയോഗിച്ച വന്ന പുസ്തകങ്ങൾ ചിലതു എന്റെ കൈവശമുണ്ട്. ഞങ്ങളുടെ കീഴിലുള്ളവക്ക നവീകരണസുറിയാനികാർ എന്ന പേരില്ല. "തൊഴിയൂർ ഇടവകയും മലങ്കര ഇടവകയും തമ്മിൽ വല്ല സംബന്ധവും അധികാരവും ഉണ്ടോ" എന്ന ചോദ്യം— "അധികാരം ഒന്നും ഇല്ല" എന്ന ഉത്തരം- ഇനിക്ക സ്ഥാനംതന്നതു തൊഴിയൂർപള്ളിയുടെ മെത്രാപ്പോലീത്തന്മാരാണ. "അധികാരം തന്നതു ആര" എന്നചോദ്യം— "സെൻതോമ്മസ് സമുദായം" എന്ന ഉത്തരം- പള്ളികളിൽ വികാരികളെ നിയമിക്കുന്നതു മെത്രാപ്പോലീത്തായാണ. കൈമുത്തു എന്ന പറയുന്നതു മെത്രാപ്പോലീത്തന്മാർക്കുള്ള ഒരു അവകാശമാണ. സുറിയാനി സഭയെക്കുറിച്ചു ഇട്ടൂപ്പ കൈട്ടർ ഒരുപുസ്തകം എഴുതീട്ടുണ്ട. അതു ഞാൻവായിച്ചിട്ടില്ല. എങ്ങ- അകംനോക്കി- ഇതു ഞാൻ കണ്ടിട്ടില്ല- ഫ്രഞ്ചൻ-ൽ കോട്ടയം സിമ്മനാരിയിൽ ഏതുമെത്രാൻ താമസിച്ചു എന്നൊക്കയില്ല.

ഫ്രഞ്ചിന്യ-ൽ ഏതു മെത്രാൻ കോട്ടയം സിമ്മനാരിയിൽ ഭരിച്ചു എന്ന ഓർക്കുന്നില്ല- ബാല്യത്തിങ്കൽ കോട്ടയം സിമ്മനാരിയിൽ ചെറുഅച്ചുക്കുട്ടം ഉണ്ടായിരുന്നതു കണ്ടിട്ടുണ്ട- അപ്പോഴായി അച്ചടിപ്പാൻതുടങ്ങിയ സമയത്താണ ഞാൻ കണ്ടതു- അന്നു മത്തൂസ അത്തനെഷ്യസ്സാണ സിമ്മനാരിയിൽ ഭരിച്ചതു-

ഫ്രാമത്തെ കടലാസിൽ ര-ാമതു വശത്തിൽ ഒ-ാമതു ലയിനിൽ "പട്ടം കൊടുക്കും" എന്നല്ല ഞാൻ പറഞ്ഞതു, "പട്ടം കൊടുക്കാം" എന്നാണ- ര-ാമതുവശം (ഫ്രാമതു കടലാസിൽ) ഫ്രന്ത-ാമത്തെ വരിയിൽ "അതു ഞാൻ കണ്ടിട്ടില്ല" എന്നു പറഞ്ഞതു "ശുദ്ധീകരിച്ചതിനെ കണ്ടിട്ടില്ല" എന്നാണ.

മൊഴി വായിച്ചു കേട്ടു ശരി-

സാക്ഷികാരൻ (ഒപ്പ)
വാദിവക്കീൽ കെ- എ- കൃഷ്ണയ്യങ്കാർ (ഒപ്പ)
പ്രതിവക്കീൽ എ- അബ്രഹാം (ഒപ്പ)
കമ്മീഷണർ (ഒപ്പ)

൨ മണി വരെ മൊഴി വാങ്ങിച്ചു. സാവകാശം ഇല്ലായ്കയാൽ അടുത്ത ദിവസത്തെക്ക മാററിവച്ചു-

൭ഫ- മീനമാസം ൧൦ം ൟ-

ഫ്രാങ്ക-ാമാണ്ടിടയ്ക്ക അന്തിയോക്കിൽ നിന്നും ഒരു പാത്രിയക്കീസു വന്നതായികേട്ടിട്ടുണ്ട. ആ പാത്രിയക്കീസു ഇവിടെവന്നതിൽ പിന്നെ മുളന്തുരുത്തിയിൽവെച്ചു ഒരുസുന്നഹദോസ നടത്തിയ വിവരം ഇനിക്ക അറിഞ്ഞുകൂടാ- അന്നുവന്നപാത്രിയക്കീസ ഈ വാദികളുടെമേലദ്ധ്യക്ഷനെന്ന എനിക്ക അറിഞ്ഞുകൂടാ. പണ്ട് അന്തിയൊക്കിയായിൽനിന്നും മോസൽനിന്നും ബഗ്ഡാഡിൽ നിന്നും ബാവാന്മാർ മലയാളത്തിൽ വന്നതായി അറിവുണ്ട്. അവർ വന്നതു ഫ്രാ- ൫ം സംവത്സരത്തിനു

മുമ്പു ആയിരിക്കാം. ഇന്നകാലത്തു ഏന്ന തിട്ടമില്ല, എന്റെ അധീനത്തിലിരിക്കുന്ന ചിലപള്ളികൾ ഞാൻ കണ്ടിട്ടുണ്ടു. അവിടെ ചെന്നാൽ വൈദീക കർമ്മങ്ങൾ അനുഷ്ഠിക്കയും അവക്കുതന്നിൽ തർക്കങ്ങൾ ഉണ്ടായിരുന്നാൽ തീർക്കയും കണക്കുകൾ കേട്ടുതീർക്കയും ചെയ്തിട്ടുണ്ടു. കണക്കുകൾ പള്ളിവകകണക്കുകൾതന്നെ. ഞാൻപള്ളിയിൽചെന്ന വിസിറ്റ് ചെയ്യുന്നതിന്നു ഡയറി ഉണ്ടു. ഓരോപള്ളികളിൽ വികാരിമാരെ നിയമിക്കുന്നതും മാറുന്നതും മെത്രാപ്പൊലീത്താ തന്നെ. വിവാദപള്ളികളിൽ കർമ്മങ്ങൾ നടക്കുന്നതിനെപ്പറ്റി എനിക്കു കേട്ടറിവെ ഉള്ളു. വിവാദപള്ളികൾ രണ്ടായ്തു മുതൽ കർമ്മങ്ങൾ നടത്തിവന്നതു ഇന്നവിധമാണന്നു എനിക്കു കേട്ടറിവെ ഉള്ളു. വേറെ ലക്ഷ്യങ്ങൾ ഇല്ല. വിവാദപള്ളികളിൽ രണ്ടുകക്ഷികളായ്തു ഫാഠം-൧മാണ്ടുമുതൽക്കാണ. ഫാഠം-൧മാണ്ടുമുതൽക്കാണ എന്നാണ ഞാൻ കേട്ടിട്ടുള്ളതു. വേറെ ലക്ഷ്യങ്ങൾ ഇല്ലാ. മത്തൂസഅത്താനാസ്യനിനെ വാഴിച്ചുപാത്രിയക്കീസ അദ്ദേഹത്തിനെ മുടക്കിയ്തായി എനിക്കു അറിവില്ല. എന്റെ മുൻ വാഴിയായതോമ്മാ അത്താനെഷ്യസ എന്റെ സഹോദരനാണ. അദ്ദേഹത്തിന്റെ ചില സ്ഥാനചിഹ്നങ്ങളെ ഞാൻഉപയൊഗിക്കുന്നു. അവ വടി മുടി സ്ലീബാ ഇവയാണ. എന്നെ മെത്രാപ്പൊലീത്തയായിവാഴിക്കുന്നതിന തോമ്മാസ അത്താനാസ്യൊസിന്റെ അനുവാദം ഇല്ലാ. കൊച്ചി, സംസ്ഥാനത്തിൽ ഐസ്സസ്സക്കിസ്സ്സ എന്ന ഒരു പള്ളി ഉണ്ടു. അതു ഫാ൧ം പ്രതി സ്വന്തമുതലുകൊണ്ടു പണിയിച്ചതാണ. അതു എന്റെ അധീനത്തിലാണ ഇരിക്കുന്നതു അപള്ളിക്കു കല്പിട്ടതു എന്റെ ജ്യേഷ്ഠൻ തോമ്മാസഅത്താനെഷ്യസ അണ. അപള്ളിയിൽ ഞാൻ ഒരു പ്രാവശ്യം പോയിട്ടുണ്ടു. മരിച്ചവക്കുവേണ്ടി ഞങ്ങളിൽ അപേക്ഷയില്ല. മരിച്ച ആളുകളുടെവീട്ടിൽ ദുഃഖനിവൃത്തികായി ഒരു സ്നേഹവിരുന്നു കഴിക്കുന്നുണ്ടു അപ്പൊൾ പ്രാർത്ഥകൾ ഉണ്ടു. മരിച്ചവരെ കുറിച്ചു ഓർക്കുമ്പൊൾ അങ്ങിനെ ഓർക്കുന്നതു മരിച്ചുപൊയ ശുദ്ധിമാന്മാരെകുറിച്ചാണ. എന്റെ അമ്മ മരിച്ചു അടിയന്തരം നടത്തിയിട്ടുണ്ടു അതു എന്നാണെന്നു ഓർമ്മയില്ല. മരിച്ചതിന്റെ മൂ൧ാം ദിവസത്തിൽ അല്ലായിരുന്നു. ഏതു ദിവസമാണെന്നു ഓർക്കുന്നില്ല കുർബാന നടത്തുന്നതിന്റെ ഉദ്ദെശം എന്തു എന്നു ചോദ്യം. അതിനെ അനുഭവിപ്പാനാണ എന്നുത്തരം ഏതിനെ അനുഭവിപ്പാൻ എന്നു ചോദ്യം ഈശൊമിശിഹായുടെ മരണത്തിന്റെ ഓർമ്മയായിരിക്കുന്ന അപ്പത്തെയും വീഞ്ഞിനെയും അനുഭവിപ്പാനാണ എന്നുത്തരം. മരിച്ചുപൊയ മത്തൂസ അത്താനാസ്യൊസിന്റെ മരിച്ച അടിയന്തരം കഴിച്ചിട്ടുണ്ടു അതു എപ്പൊൾ നടത്തിയെന്നു ഓർമ്മയില്ലാ. മൂ൧ാം ദിവസത്തിൽ അല്ലെന്നു നിങ്ങൾക്കു നിശ്ചയം ഉണ്ടൊ എന്നു ചോദ്യം. ഏതാം ദിവസം എന്നു നിശ്ചയമില്ലാ അടിയന്തരം നടന്നതു കോട്ടയം സിമ്മനാരിയിൽവെച്ചാണ, ആ അടിയന്തരത്തിന്നു ഞാൻ പോയെന്നു എനിക്കുപ്പുവസ്ഥമായി ഓർക്കുന്നില്ല. പള്ളിക്കാർക്കു അടിയന്തിരം സംബന്ധിച്ചു എഴുത്തുകൾ അയച്ചതായിട്ടു ഇനിക്കു വിവരമില്ലാ ഈ അടിയന്തിരത്തിൽ കുർബാന കഴിക്കയില്ല, നിങ്ങൾക്കു

പ്പെ ഈ അടിയന്തിരദിവസങ്ങളിൽ കുറുബാനനടത്തീട്ടുണ്ടോ എന്ന ചോദ്യം- നടത്തിയിരിക്കാം. അങ്ങിനെഅല്ല ചോദ്യംമനസ്സിലാകാതെ കണ്ടോണ ഉത്തരം പറഞ്ഞതു നടത്തിയിട്ടില്ലാ നടത്തിയിരിക്കാം എന്ന പറഞ്ഞത അടിയന്തിരം നടത്തിയിരിക്കാം എന്നാണ ഉത്തരം- കത്തനാരന്മാക് നിങ്ങൾ പട്ടം കൊടുക്കുന്നകാലത്ത മെത്രാപൊലീത്തായെ അനുസരിച്ചു ഇരുന്നുകൊള്ളാമെന്ന അവർ സത്യ വചനം പറയുന്നുണ്ടോ എന്ന ചോദ്യം- [സാക്ഷിക്കാരനു ഉത്തരം പറവാൻ സമയം അവശ്യപ്പെട്ടു.] പറയുന്നില്ലാ ഒന്നും പറയുന്നില്ലാ. ചോദ്യത്തിനു അല്പം ഒരുവിധം സത്യവചനം പറയുന്നുണ്ടെന്ന സാക്ഷിക്കാരൻ ബൊധിപ്പിച്ചൊ ഇല്ലയൊ എന്ന ചോദ്യം- വിചാരിക്കാതെ ഉണ്ട എന്നുപറഞ്ഞതാണ. വിചാരിക്കാതെ പറഞ്ഞത എന്താണെന്ന ചോദ്യം. വേദവാക്യത്തിൻപ്രകാരം നടക്കുന്ന വിശുദ്ധ സഭയുടെ ഉപദെശങ്ങളെ അനുസരിക്കുന്ന എന്ന കത്തനാരന്മാർ ഒരു സാക്ഷി മൊഴി പറയുന്നുണ്ടെന്ന ഉത്തരം. [സാക്ഷിക്കാരൻ രണ്ടാമതു ഉത്തരംപറഞ്ഞശേഷംകുറച്ചു വല്ലാതെ ഇരുന്നു.] ഇതിൽ വിശുദ്ധ സഭ എന്നുപറഞ്ഞതു പട്ടം കൊടുക്കുന്ന മെത്രാപ്പൊലീത്താ ഭരിക്കുന്ന സഭയാണ- എനിക്ക കത്തനാരു പട്ടം കിട്ടിയ കാലത്തു മേല്പറഞ്ഞതുപൊലെ ഒരു സാക്ഷി മൊഴി ഞാൻ കൊടുത്തിട്ടില്ലാ ഞാൻ കത്തനാർ പട്ടം കൊടുത്തിട്ടുണ്ട ഞാൻ ഫാ- ഫാ- പേക്ക് കത്തനാർ പട്ടം കൊടുത്തിട്ടുണ്ട അവർ എന്നൊട ഇതുപൊലെ മൊഴി ഒന്നുംപറഞ്ഞിട്ടില്ലാ ഒരുവിധമായസാക്ഷിമൊഴിയൊ സത്യവചനമൊ പറഞ്ഞിട്ടുംഇല്ലാ പറവാൻഅവശ്യവുംഇല്ലാ. വിവാദുപള്ളികളിൽ നിന്നും ഇനിക്ക തിരട്ടകൾ അയച്ചിട്ടില്ലാ വിവാദുപള്ളികൾ ഒഴികെ എന്റെ അധീനത്തിൽ ഇരിക്കുന്ന പള്ളികളിൽ ഞാൻ ആത്മീക ലൌകീക കാര്യങ്ങൾ അനുഷ്ഠിക്കുന്നുണ്ട. ഒരു പള്ളിയിൽ രു- ൩- പട്ടകാർ ഇരുന്നാൽ തവണവെച്ചു നടത്തും അങ്ങിനെ ഇല്ലാതെയും നടത്തും തിരുവിതാംകൂറിൽ വാദിയുടെയും എന്റെയും കക്ഷികൾ കൂടിനടക്കുന്നപള്ളികൾ ഉണ്ട, അങ്ങിനെ എത്രപള്ളികൾ ഉണ്ടെന്നും അവ ഏതാണെന്നും എനിക്ക അറിഞ്ഞുകൂടാ. ഏ. അകം നോക്കി ഇതയാകൊബുത്രിയാന ഇഗ്നാത്യൊസപാത്രിയക്കീസ ജീവന്നാസ്യൊസ എന്ന ഒരുമെത്രാപൊലീത്തായ്ക്ക കൊടുത്ത സ്ഥാത്തിക്കൊൻ ആണ. അത ഏതാണ്ട എന്ന കണക്കു കൂട്ടിയാലെ പറയാൻ പാടുള്ളു- അങ്ങിനെ കണക്കുകൂട്ടുന്നതിന്ന കാൽ മണിക്കൂർപോരാ. ഇതിൽ അത്ഥാറു കുന്ദംകുളത്തര പള്ളികളുടെപേരുകൾ ഉണ്ട- അതുകൂടാതെ ചെറുതായം പള്ളിയുടെ പേരും ഉണ്ട- ഹിന്ദുവിലുള്ള എല്ലാപള്ളികളുടെയും മെത്രാപ്പൊലീത്തായായി നിയമിച്ചിരിക്കുന്നതായി കാണുന്നുണ്ട- ഹിന്ദു എന്ന പറഞ്ഞിട്ടുള്ളത ഇന്നതിനെ ഉദ്ദെശിച്ചു പറഞ്ഞതാണെന്ന ഇനിക്ക അറിവില്ലാ മത്യൂസ അത്താനെഷ്യസിന്റെ സ്ഥാത്തിക്കൊൻ ഞാൻകണ്ടിട്ടില്ല- മതവിരൊധികൾക്കും പള്ളിക്കുറത്തിൽ നിൽക്കുന്നവക്കും പള്ളിമെലും സ്വത്തുക്കൾമെലും അവകാശം ഇല്ല- മത്യൂസഅത്താനെഷ്യസും തൊമ്മാ അത്താനെഷ്യസും ഞങ്ങളുടെ സഭയിൽ യാതൊരു നവീകര

ണവും ചെയ്യിട്ടില്ല- എന്നെ അച്ചൻ സുറിയാനിസഭയിൽ നവീകരണം ഉണ്ടാക്കിയിട്ടില്ല. ചില ചില്ലറതെറ്റുകളെ മാറ്റിയിട്ടുണ്ട്. അവപുളിങ്കുടി- തിരണ്ടുകുളി- നിറകുടംവെള്ളം തുടങ്ങിയ ക്രൂത്ത ചാട്ടം തുടങ്ങുന്ന പരിശുദ്ധന്മാരുടെ ഓർമ്മ ദിവസങ്ങളിൽ തുലൊഷങ്ങളൊക്കെ നിറുത്തിയിട്ടുണ്ട്. ഇതു നിറുത്തിയിട്ടുണ്ടന്ന പറഞ്ഞതാരാണെന്ന ചോദ്യം- അതു നിറുത്തി എന്ന എനിക്കു തന്നെ അറിവില്ലാ എന്നു ഉത്തരം. ആ ഓർമ്മദിവസങ്ങളിൽ കൈക്കൊള്ളാൻ തുടങ്ങുകൾ ഉണ്ടെങ്കിൽ കുറുബാന കഴിക്കും ഞങ്ങളുടെ സഭയിൽ നു- രു- ദി- നോമുകൾ തുചരിക്കുന്നുണ്ട അത പടി- നോമു ദി൦- നോമു നു- നോമു ഫ്ലാ- നോമു ശ്ലീഹാ നോമു ഇവ തുകുന്നു. ഇതു ക്രൂടാതെ വെള്ളിയാഴ്ചയും ബുധനാഴ്ചയും നോമുകൾ ഉണ്ട- പട്ടകാക്ക് പുനർവിവാഹം ചെയ്യാം.

ൻ-൦ം പ്രതി വകീൽ ക്രാസ്സു.

തുത്താറ്റ മുതലായ പള്ളികളിൽ മെത്രാന്മാർ പ്രവെശികരുതെന്നു സക്കാർ വിരൊധിച്ചതുകൊണ്ടാണു ഞാൻ പോയി കാണ്മാൻ സംഗതി വരാഞ്ഞതു. തുപള്ളികളിൽ കത്തനാരന്മാരെ തുകിയ്യു തുയൊഗകാരുടെ തുപെക്ഷയിന്മെലാണു. നിങ്ങളുടെ അധികാരത്തിൻ കീഴാണു ഈ പള്ളികൾ എന്നു എങ്ങിനെ അറിഞ്ഞു എന്നു ചൊദ്യം- ഞാൻ സ്ഥാനം ഏറ്റസമയത്തു തു പള്ളികളിൽനിന്നും യൊഗകുറി വന്നതു കൊണ്ടും കത്തനാരന്മാരെ തുയക്കുന്നതിനു അവരുടെ യൊഗകുറി വന്നതുകൊണ്ടും മുമ്പിനാലെ ഞാൻ കെട്ടറിഞ്ഞിരിക്കുന്നതുകൊണ്ടും തുണ എന്നുത്തരം. മലങ്കര എന്ന വാകിൽ കൊച്ചി തിരുവിതാംക്രൂർ അല്ലാതെ വെറെ സ്ഥലങ്ങൾ ഉൾപ്പെടുമൊ എന്നു ചോദ്യം. ഉൾപ്പെടും എന്നുത്തരം ബ്രിറ്റീഷു മലബാർ ഉൾപ്പെടും തൊഴിയൂർ മെത്രാന്മാർ എനിക്കു മുമ്പെ മെത്രാന്മാരെ വാഴിച്ചിട്ടുണ്ട മലങ്കരയ്ക്കവാഴിച്ചിട്ടുണ്ട. തൊഴിയൂർപള്ളിയുടെ മാർ ഫീലക്സീനൊസ്സു മെത്രാപ്പൊലീത്താ തുണ വാഴിച്ചതു- മലങ്കരയിൽ ഏതാനും തുകളെവാഴിച്ചിട്ടുണ്ട ചെപ്പാട്ട ദീവന്നാസ്യൊസു പുലികൊട്ട ദീവന്നാസ്യൊസു പുന്നത്തെ ദീവന്നാസ്യൊസു ഇവരെ തുകുന്നു വാഴിച്ചതു ഈ മൂന്നുപേരും മലങ്കര ഭരിച്ചിട്ടുണ്ട ഉപദേശത്തിന്നും വിശ്വാസത്തിന്നും വിപരീതമായിരിക്കുന്നവക്കു പട്ടം കൊടുകാമെന്നു ചരിത്രിൽ ബൊധിപ്പിച്ചതിൽ എതു വിപരീതമെന്ന ഉദ്ദെശിച്ചാണു ബൊധിപ്പിച്ചത എന്നു ചോദ്യം സാരമില്ലാത്തതും ലഘുവായിരിക്കുന്നതും തുയ ചില നടപടിപിശകുകളെ ഉദ്ദെശിച്ചാണു എന്നു ഉത്തരം. തുങ്ങിനെയുള്ള പിശകുകൾ കുറുബാനയ്ക്കു ഉപയൊഗിക്കുന്ന തുപ്പം പുളിച്ചതും പുളികാത്തതുമായ തുപ്പം ഉപയൊഗിക്കുന്ന സഭകൾ ഉണ്ട പട്ടകാർ കെട്ടുന്ന സഭയും ഉണ്ട കെട്ടാത്തസഭയും ഉണ്ട- സൈത്തും മൂറോനും ഉപയൊഗിക്കുന്ന സഭ ഉണ്ട ഉപയൊഗികാത്തസഭകാരും ഉണ്ട. ഇവകളെ ഉദ്ദെശിച്ചാണു മുമ്പെബൊധിപ്പിച്ചതു. സാരമുള്ളവിപരീതങ്ങൾ ത്രീഏകദൈവത്തിലുള്ള വിശ്വാസ ഭിന്നവും മനുഷ്യത്വത്തെയും ദൈവത്വത്തെയും കുറിച്ചു

ള്ള വിശ്വാസഭിന്നങ്ങൾ ഇവ അതുകൊണ്ട ഇങ്ങനെ സാരമുള്ള വിപരീത ങ്ങൾ ഉള്ള സഭക്കാക്കു പട്ടംകൊടുക്കയൊ അവരിൽനിന്ന പട്ടം വാങ്ങി കയൊ ചെയ്യുകൂടാ മത്തൂസ അത്താനാസ്യൊസ സ്ഥാനം ഏറുവന്നതി ന്റെ ശേഷം അദ്ദെഹം പരദേശ നടപടികളെ നടത്തുമെന്നും മാർ തൊമ്മാശ്ലീഹായുടെ പൂവീകനടപടികളെ ലംഘനം ചെയ്യുമെന്നും പ രദേശക്കാക്കു മലങ്കര കീഴ്പ്പെടുത്തികൊടുക്കുമെന്നും ഭയപ്പെട്ടാണ മെ ത്രാനും ജനങ്ങളും സ്വീകരിക്കാഞ്ഞതു. പൂവ്വിക നടപടികളെ ലംഘനം ചെയ്കയില്ലന്നും പരദേശക്കാക്കു ഈ സഭ കീഴ്പ്പെടുത്തി കൊടുക്കയി ല്ലന്നും തകതായ ബൊദ്ധ്യം മെത്രാനും യോഗക്കാക്കും വന്നതിന്റെ ശേ ഷമാണ അദ്ദെഹത്തിനെ സ്വീകരിച്ചതു.

ഒപ്പുകൾ.

൧൨- മണിക നിറുത്തി.

൧൨- മീനം ൩൰ ന- ൩൯ മണിക തുടങ്ങി-

മത്തൂസ അത്താനാസ്യൊസിന്റ മുമ്പു വരെ ഒരുത്തരും പരദേ ശത്തുപൊയി പട്ടം ഏറ്റിട്ടില്ലാ കൊച്ചിസംസ്ഥാനത്തു ൪- പള്ളി കൾ ഉണ്ടന്നു പറഞ്ഞതു ഏതു താല്പൎയ്യകിലാണ,, [രം ചോദ്യം വാദി വക്കീലിനാൽ വിരൊധിക്കപ്പെട്ടു] എന്നു ചോദ്യം. കുന്നംകുളങ്ങരെ ചെ ന്ന താല്പൎയ്യകിലാണ,, എന്ന ഉത്തരം- പഴഞ്ഞിക്കാർ മൂന്നു കത്തനാരന്മാ രൊടുകൂടി വിവാദപള്ളികളിൽ വെറെയും അളുകൾ കൎമ്മം നടത്തിട്ട ണ്ട- വെറെ നടത്തിയ അൾ ൧൰൰ പ്രതിയാണ. അതു വിവാദപള്ളി കളിൽ കത്തനാരന്മാർ തികയാഞ്ഞതു നിമിത്തം യൊഗക്കാർ എഴുതി അയച്ചതിനെലാണ. ൧൰൰പ്രതി അവിടെ കൎമ്മംനടത്തുന്നതിനു അനു വദിച്ചതു. മാരാമണ്ണപള്ളിവകയായി തൊമ്മാസ അത്താനാസ്യൊസ് ഉപയൊഗിച്ചു വന്നിരുന്നതായ പുസ്തകങ്ങളാണ എന്റെ കൈവശ ത്തിൽ ഇരിക്കുന്ന എന്നു പറഞ്ഞതു. തൊഴിയൂർ മെത്രാന്മാർ ഇനിക്കു സ്ഥാനം തന്നതു പൂവീകനടപടി അനുസരിച്ചാണ. പൂവീകനടപടി എന്നതു ,,മലങ്കര മെത്രാന്മാർ ഇല്ലാതെ വന്നാൽ തൊഴിയൂർ മെത്രാ ന്മാർ മലങ്കരെ വന്നു മെത്രാസ്ഥാനം കൊടുക്കും. തൊഴിയൂർ മെത്രാന്മാ ർ ഇല്ലാതെവന്നാൽ മലങ്കരയിൽനിന്നും മെത്രാന്മാർ അവിടെപൊയി മെത്രാസ്ഥാനം കൊടുക്കും,, ഇതാകുന്നു. കോട്ടയത്തു സുറിയാനിസിമ്മ നാരിയിലുള്ള അച്ചുകൂടം ഇപ്പൊൾ ൧൰൰ പാദിയുടെ അധീനത്തിലാ ണ ഇരിക്കുന്നതു. തൊഴിയൂർ മെത്രാന്മാക്കു മലങ്കരയിൽ അധികാരം ഉ ണ്ടായിരുന്ന വകയ്ക്കു ലക്ഷ്യം ഒരുവിളംബരമായിരുന്ന ഈ വിളംബരം മാർ പീലക്സീനൊസിന്റ കിട്ടിയ വിളംബരമായിരുന്നു. തൊമ്മാസ അത്താനാസ്യൊസ എന്നെ വാഴിക്കയുകൊണ്ടാണ അദ്ദെഹത്തിന്റെപ കൽ നിന്നും ഇനിക്കു പിടിപാടു കിട്ടാഞ്ഞതു. തൊമ്മാസ അത്താനാ സ്യൊസ മെത്രാപ്പൊലീത്തായിൽ നിന്നും എന്നെ വാഴിക്കുന്നതിനു അനുവാദം കിട്ടാഞ്ഞതു അദ്ദെഹം മരിച്ചുപൊയ്കൊണ്ടാണ. കന്യാസ്ത്രീ മറിയത്തെ പുറിയുള്ള എന്റെ വിശ്വാസം ,,കന്യാസ്ത്രീ മറിയം ക്രി

സ്ഥാവിന്റെ മാതാവു ഏന്നാണ്" ക്രിസ്തു ദൈവത്തെന്നെ "കന്യാസ്ത്രീമറിയത്തെപ്പറ്റി ദൈവമാതാവെന്ന പറഞ്ഞുകൂടയൊ" എന്ന ചോദ്യം. "രണ്ടുപിശാത്തിൽ പറയാം" എന്നുത്തരം "കന്യാസ്ത്രീമറിയത്തെ ദൈവമാതാവെന്ന ഞങ്ങൾ വിശ്വസിക്കുന്നില്ലെന്ന ക്രീഫിൽ ബോധിപ്പിച്ചതിന്റെ കാരണം ഏന്ത" എന്ന ചോദ്യം. "ത്രിത്വത്തിൽ ഒന്നാമതായ ദൈവത്തിന്റെ മാതാവാണെന്ന ചോദിച്ചുതായി ധരിച്ചിട്ടാണ പറഞ്ഞതു" എന്ന ഉത്തരം ഏ-സി- അക്കത്തിൽ ൪-ാം അദ്ധ്യായം ൧൦-ാം വകുപ്പിൽ "തിരുസഭ വെടിഞ്ഞിരിക്കണം" എന്നതിന്റെ ഉദ്ദേശം "റോമ്മാസഭ മുതലായ ഇതരസഭയുടെ ദുരുപദേശങ്ങൾ തടുക്കാൻവേണ്ടി പ്രത്യേകം പറഞ്ഞിട്ടുള്ളതാണ". ഒരുവൻ മെത്രാപ്പൊലീത്തായിക്കുവിരോധമായിനടന്ന അന്യമതത്തിൽചേർന്നാലും അവന്റെ പൂർവീകന്മാർ പള്ളിക്കു മുതലു കൊടുത്തിരുന്നാൽ അതിന്മേൽ അവന അവകാശം ഉണ്ടെന്ന പറഞ്ഞതു ഏന്തവകാശമാണ്' എന്ന ചോദ്യം. "ഒരുവൻ തന്നച്ഛൊ നാലു പേർക്കുടിയൊ പണം ചിലവിട്ട ഒരു പള്ളി പണികയും ഒരു വിശ്വാസത്തിലും ഒരു അദ്ധ്യക്ഷതയിലും ഇരുന്നതിന്റെശേഷം മുമ്പിലത്തെ വിശ്വാസാരീതിയെയും അദ്ധ്യക്ഷതയെയും വിട്ട അന്യമതത്തിൽ പോയാൽ ആ പള്ളി അവരുടെ കൈവശം ഇരിക്കുന്നതാണ. നാലുപേരിൽ ഒരുവൻ അദ്ധ്യവിശ്വാസത്തിൽ ഇരിക്കയും മൂന്നപേർ തെറ്റിപ്പൊകയും ചെയ്യാൽ തെറ്റിപ്പൊകാത്ത ഒരുവന്റെ കൈവശം പള്ളി ഇരിക്കെണ്ടതാണ" എന്ന ഉത്തരം. മലബാർ സൻ തൊമ്മാസ സിറിയൻ ക്രിസ്തീയസമുദായം എന്നത സാക്ഷാൽ ഞങ്ങളുടെ യോഗമാണ. റോമ്മാ സുറിയാനി, പ്രൊട്ടസ്റ്റാണ്ട സുറിയാനി, കൽദായ സുറിയാനി, യാക്കോബായ സുറിയാനി, ഇവർകൾ സെൻതൊമ്മാസ ക്രിസ്തീയ സമുദായത്തിലുനിന്നും വിട്ടുതിരിഞ്ഞു പൊയിട്ടുള്ളവരാണ. യാക്കൊബായ സുറിയാനിക്കാരും സെൻതൊമ്മാസ സുറിയാനിക്കാരും ഇവരു ഒരു പള്ളിയിൽ കൂടി നടത്തുന്നതു ഭിന്നിച്ചാണ. യോജിച്ചുള്ള- സിമ്മനാരിയെയും ട്രസ്റ്റഫണ്ടിനെയും സംബന്ധിച്ചുള്ള വിധി മുഴുവനും ൧-ാം വാദിക്കു അനുകൂലമല്ലൊ. ട്രസ്റ്റഫണ്ട വാദി ഒഴിപ്പിച്ചു എടുത്തിട്ടില്ല. ബാഗ്ദാദ് മുതലായ ദേശങ്ങളിൽനിന്നും വന്നിട്ടുള്ള മേല്പട്ടക്കാരുടെ പേരറിയാം. അത്താനാസ്യൊസ എന്നും ദീയസ്കൂറൊസ എന്നും രണ്ടുപേർ വന്നതായികേട്ടിട്ടുണ്ട. അവരു മലങ്കര ഭരിച്ചിട്ടില്ലാ അവരു ഭരിക്കാൻ തുടങ്ങിയപ്പൊൾ അന്നിരുന്ന മെത്രാനും യോഗവും വിരൊധപ്പെട്ട സക്കാരിൽ ബോധിപ്പിച്ചു വിസ്താരം നടത്തി വിധിയുണ്ടായി വിധിപ്രകാരം അവരെ കപ്പലിൽകേറി അയച്ചുകളഞ്ഞു. അതുകൊണ്ടാണ ഭരിക്കാഞ്ഞതു. യാതൊരു പാത്രിയക്കീസിനും മലങ്കര മെത്രാനെ മുടക്കുന്നതിന്ന അധികാരമില്ലാ. സ്ഥാനാഭിഷേകം ചെയ്യുന്ന മേല്പട്ടക്കാരനു സ്ഥാനം ഏല്ക്കുന്ന മേല്പട്ടക്കാരനെ മുടക്കുന്നതിന്ന അധികാരം ഉള്ളതും ഉണ്ട അധികാരം ഇല്ലാത്തതും ഉണ്ട. ഒരു സ്വാതന്ത്ര്യമായിരിക്കുന്ന സഭയിലെ മേലദ്ധ്യക്ഷൻ ജീവനൊടിരിക്കുന്ന കാലത്തു തന്റെ പിൻ വാഴ്ചയായി നിയമിച്ച

മെത്രാനെ മുടക്കുന്നതിനു അധികാരമുണ്ടു. സ്വാതന്ത്ര്യമായ സഭയിൽ വല്ലവശാലും മെത്രാൻ ഇല്ലാതെകണ്ടുപോയാൽ ഇതരസഭയിലുള്ള ഒരു മെത്രാൻ വന്നു സ്ഥാനം കൊടുത്താൽ സ്ഥാനം ഏറ്റ ആളിനെ സ്ഥാനം കൊടുത്ത ആളിനു മുടക്കുവാൻ അധികാരമില്ലാ. പട്ടംകൊടുക്രമപുസ്തകം ഉണ്ടു. പട്ടംകൊടുക്രമത്തിൽ പട്ടം ഏല്ക്കുന്നആൾ ഞാൻ സത്യം ചെയ്യുന്ന എന്നൊ ഞാൻ സാക്ഷിമൊഴി പറയുന്ന എന്നൊ ആപുസ്തകത്തിൽ ഏതു ഭാഗത്തിലെങ്കിലും ഉച്ചരിക്കുന്നുണ്ടൊ എന്നു ചോദ്യം. പുസ്തകം ഹാജരാക്കാതെ അതിൽ പറഞ്ഞിട്ടുള്ള സംഗതിയെപ്പറ്റി ചോദിച്ചുകൂടായെന്നു വാദിക്കുകിൽഅതുക്ഷമിക്കുന്നു. [അപ്രകാരം ചോദ്യം അധികരിച്ചു] പട്ടം കൊടുക്കുന്ന മേല്പട്ടക്കാരൻ പട്ടം ഏൽക്കുന്ന ആളിനു പട്ടംകൊടുസമയത്തു ഉപദേശം ചെയ്യുന്ന പതിവുണ്ടു. ത്രിത്വത്തിലുള്ള വിശ്വാസവും മനുഷ്യാവതാരം ഏറ്റ യെശുക്രിസ്തുവിലുള്ള വിശ്വാസവും പരിശുദ്ധ വേദവാക്യത്തിലുള്ള വിശ്വാസവും ശരിയായി വിശ്വസിക്കെണമെന്നു ഉപദേശിക്കും. ഞാൻ വിശ്വസിക്കുന്നു എന്നുപറയും. അവരുകൊണ്ടു കടലാസ്സിൽ ഒരു കുരിശടയാളം വയ്പിക്കും. പട്ടംകൊടുസമയത്തു ചൊല്ലുകൾ ചൊല്ലുന്നതു മെത്രാപ്പൊലീത്തായും കൂടെയുള്ള പട്ടക്കാരുമാണു. പട്ടം ഏൽക്കുന്ന ആൾ ഒന്നും ചൊല്ലുകയില്ലാ. ആ സമയത്തു പട്ടം ഏൽക്കുന്ന ആൾ സ്നാനിച്ചുകൊണ്ടുമാത്രം ഇരിക്കും. പട്ടം ഏൽക്കുന്ന ആളിനെ പട്ടം കൊടുക്കുന്നതിനുമുമ്പു പരിശോധിക്കുന്ന പതിവുണ്ടു. അവരുടെ വിശ്വാസരീതിയെപ്പറ്റിയും വേദാഭ്യാസനത്തെപ്പറ്റിയും ശീലങ്ങളെപ്പറ്റിയും പരിശോധിക്കാറുണ്ടു. "മലങ്കരയിലുള്ള പള്ളികളിലെ നടപ്പുപൊലെ അല്ല വിവാദപള്ളികളിലെ ലൌകീകനടപ്പു. വിവാദപള്ളികളിൽ കൈക്കാരന്മാരുകൂടാതെ മേല്വിചാരകൻ എന്ന ആൾകൂടെയുണ്ടു. മേൽകൈക്കാരൻ ലൌകീകകാര്യങ്ങൾനടത്തിക്കും. ഇതുകൊണ്ടാണ ഞാൻ വിവാദപള്ളികളിലെ ലൌകീകകാര്യങ്ങളിൽപ്രവേശിക്കാത്തതു" "പുത്തൻകാവു, നിരണം ചെങ്ങന്നൂർ, പുതിയകാവു ഓർമപള്ളികൾ അറിയുമൊ" എന്നു ചോദ്യം "അറിയും" എന്ന ഉത്തരം. ഈ പള്ളികളിൽ ഇരുകക്ഷികളും കൂടി നടത്തുന്നുണ്ടു. തിരുവിതാംകൂർ, കൊച്ചി, മലബാർ ഈ സ്ഥലങ്ങളിൽ ഉള്ള പള്ളികളിൽ മുഖ്യമായതും പുരാതനമായും നിരണത്തുപള്ളിയാണു. ഏ- അകാനോകി- അതിൽ പള്ളികളുടെ പേർ പറയുന്ന സ്ഥലത്തു നിരണത്തുപള്ളി കാണുന്നില്ല. അതിൽമാരാമണ്ണുപള്ളിയും ഇല്ലാ. ഏ- അകത്തിൽ കൊച്ചി, തിരുവിതാംകൂർ, മലബാർ, ഈ സ്ഥലങ്ങളിലുള്ള എല്ലാ പള്ളികളുടെ പേരുകൾ കാണുന്നില്ല. "തൊമ്മാസ അന്ത്യോസ്യാസ മെത്രാപ്പൊലീത്തായുടെ സ്ഥാന ചിഹ്നങ്ങൾ നിങ്ങൾ ഉപയൊഗിക്കുന്നു എന്നു പറഞ്ഞിട്ടുള്ളതു എവിടെനിന്നും കിട്ടീട്ടുള്ളതാണു" എന്നു ചോദ്യം- "മലങ്കര യോഗക്കാരിൽനിന്നും കിട്ടീട്ടുള്ളതാണു" എന്നുത്തരം. "മലങ്കര യോഗക്കാർ എല്ലാവരും കൂടി കൊടുത്തൊ അല്ലാ ചില ഇടവകക്കാർ കൂടി കൊടുത്തതാണൊ" ഉത്തരം. യാക്കൊബായ സുറിനിപട്ടക്കാർക്കു പുനർവിവാഹം നടപ്പുണ്ടു. അങ്ങിനെയുള്ള

ചിലരുടെ പേരറിയാം. അതു തേവർവെൽകത്തനാരു കുറിച്ചിയിൽ പുത്തൻപുരയ്ക്കൽ കത്തനാരു ഇവരാകുന്നു പുനർവിവാഹംചെയ്തു ഭാ ര്യയിരു തേവർവെൽകത്തനാക്കു മകൾ ഉണ്ടു. അമ്മകളിൽ ഒരുത്തനു പട്ടം കൊടുത്തിട്ടുണ്ടു. അയാളുടെ പേർ അറിഞ്ഞുകൂടാ. പട്ടം കൊടുത്ത തു ചാത്തുരുത്തിൽ മെത്രാപ്പൊലീത്തായാണു. ഏക്സ്- അകം നോക്കി ഇതു കണ്ണാനത്തുകാരായും മാമോദീസായുടെയും പെൺകെട്ടിന്റെയും ക്രമങ്ങളാണു. ഇതു സെൻതോമാസ ക്രിസ്ത്യീയസഭയിൽ ഉപയോഗിക്കുന്ന ക്രമങ്ങളാണു. ബി അകം നോക്കി. ഇതു ഉപ്രിശ്ശമായുടെയും ശവം അടക്കുന്നതിന്റെയും ക്രമങ്ങളെപ്പറ്റിയാണു. അല്ല ക്രമങ്ങളാണു. ഇതു സെൻതോമസ ക്രിസ്ത്യീയ പള്ളികളിൽ ഉപയോഗിക്കുന്നതാണു. ഡസറ് അകംനോക്കി. ഇതു ഏഴുദിവസത്തെ ശീമാപ്പടി നമസ്കാരക്രമമാണു. ഇതും സെൻതോമസ് ക്രിസ്ത്യീയപള്ളികളിരു ഉപയോഗിക്കുന്നതാണു. ഏ-ഏ- അകംനോക്കി ഇതു അയ്മ്മനികൾ ഉപയോഗിക്കുന്ന നമസ്കാരപുസ്തകമാണു. പട്ടക്കാരരും ഉപയോഗിക്കും. ഇതും സൻതോമസ് സിറിയൻസഭക്കാർ ഉപയോഗിക്കുന്നതാണു. ഏ ബി. അകം നോക്കി. ഇതു നമസ്കാരക്രമമാണു. സൻതോമസ സിറിയൻ സഭക്കാർ ഉപയോഗിക്കുന്നതാണു. മാർ തോമാസ അത്താനാസ്യോസ മെത്രാപ്പൊലീത്തായുടെ സ്ഥാനചിഹ്നങ്ങൾ ഞാൻസ്ഥാനമേറ്റസമയം യോഗക്കാർ തൊഴുർ മെത്രാന്മാരുടെ പക്കരു കൊടുക്കയും അവർ എനിക്കു തരികയും ചെയ്തു.

൫.

ഞങ്ങളുടെ വിശ്വാസപ്രകാരം ത്രിത്വത്തിൽ ഒരാളായ പരിശുദ്ധാത്മാവു പിതാവിൽനിന്നു പുറപ്പെടുന്നു. പാപ്പായുടെ വിശ്വാസത്തിരു പരിശുദ്ധാത്മാവു പിതാവിങ്കരു നിന്നും പുത്രനിൽ നിന്നും പുറപ്പെടുന്നു എന്നു എനിക്കു അറിവില്ല. ഞങ്ങളുടെ വിശ്വാസത്തിൽ യേശുവിന്റെ ദൈവത്വവും മനുഷ്യത്വവും വ്യത്യാസം കൂടാതെ ഒന്നായി ചേർന്നിരിക്കുന്നു എന്നാണു. ഏറ്റോഴെകിലും ദൈവത്വവും മനുഷ്യത്വവും മാറിയിരിക്കുമെന്നു ഞങ്ങൾ വിശ്വസിക്കുന്നില്ല. പാപ്പായുടെ വിശ്വാസത്തിരു ഈ രണ്ടംശങ്ങളും മാറി നിൽക്കുന്നു എന്നു എനിക്കു അറിവില്ല. തോമാസ അത്താനാസ്യോസ ഉപയോഗിച്ചുവന്നതായും എനിക്കു കിട്ടീട്ടുള്ളതുമായ ഞാൻ പറഞ്ഞ സ്ഥാനചിഹ്നങ്ങൾ അദ്ദേഹത്തിനു എങ്ങിനെകിട്ടി എന്നു എനിക്കു അറിഞ്ഞുകൂടാ. (സാക്ഷിക്കാരൻ ആലോചിച്ചു പിന്നീടു പറഞ്ഞു) അദ്ദേഹത്തിന്റെ സ്ഥാനചിഹ്നങ്ങൾ വ്യവഹാരത്തിൽ പെടുത്തീട്ടായി. പിന്നെ യോഗക്കാർ അദ്ദേഹത്തിനുകൊടുത്തു. കൊടുക്കുമ്പോൾ ഞാൻ ഉണ്ടായിരുന്നില്ല. എന്നുകൊടുത്തു എന്നു ഓർക്കുന്നില്ല. യോഗക്കാർ കൊടുത്തു എന്നതു കേട്ടറിവാണു. തൊഴിയൂരു മെത്രാന്മാരു മലങ്കര ഭരിച്ചുകാലത്തു മലങ്കരയിൽ മെത്രാപ്പൊലീത്തന്മാരു ഉണ്ടായിരുന്നിരിക്കും. അങ്ങിനെ ഉണ്ടായിരുന്നു എന്നു നിശ്ചയമായി ബോധിച്ചിക്കാം. ഇന്നസമ്മതം ഉണ്ടായിരുന്നു എന്നു എനിക്കു അറിവില്ല.

എത്രകാലംഭരിച്ചുഎന്നറിവില്ല എന്നാണുഭരിച്ചു എന്നുംഅറിവില്ല ഞാ
ഴിയൂരിൽനിന്നും മലങ്കരയിൽവന്ന ഭരിച്ചുതായി ഞാൻപറഞ്ഞ മെത്രാ
ന ഭ്രഷ്ടാണ സ്ഥാനംകൊടുത്തു എന്ന ഏനിക്കറിവില്ല മത്തൂസ അത്താ
നാസ്യോസ പരദേശത്തുനിന്നും വന്നകാലത്തു അന്നിരുന്ന മെത്രാനും
ജനങ്ങളും സ്വീകരിച്ചില്ലെന്നുള്ള എന്റെ അറിവു കേട്ടറിവാണ. അതു
മത്തൂസ അത്താനാസ്യോസ എന്നോടു പറഞ്ഞതാണ. അതു എന്നോടു
പറവാൻ സന്ദർഭം എന്താണന്നു ഞാൻ ഓർക്കുന്നില്ല ഞാൻ ചോദിച്ചു
റിഞ്ഞോ അദ്ദേഹംതന്നെ എന്നോടു പറഞ്ഞോ എന്നുഞാൻ ഓർക്കുന്നി
ല്ല. പുനർവിവാഹം ചെയ്യുതായി യാക്കോബായ സുറിയാനിക്കാരിൽ
ഒരുവൻ കോഴഞ്ചെരി ഒരുപള്ളിയിൽ കർമ്മംനടത്തുന്നു. ഇങ്ങനെപു
നർവിവാഹം ചെയ്യുവരെ മുടക്കിയതായി എനിക്കറിവില്ല. ഏക്സ്, ഓ
യി, ഇസെറ് എന്ന അക്ഷരപുസ്തകങ്ങൾ കയ്യെഴുത്താണ. ഇതുകൾഅ
രെഴുതിയതാണെന്നു ഏനിക്കുഅറിഞ്ഞുകൂടാ. പുരാതനമെ ഉള്ളതാണ.
ഞാൻപോയിട്ടുള്ള പള്ളികളിലെ പുസ്തകങ്ങളെ പരിശോധിച്ചിട്ടുണ്ടു.
അവയെല്ലാം ഞാൻ ഉപയോഗിക്കുന്ന പുസ്തകം പോലെയാണ. വ്യ
ത്യാസമില്ല. വിവാഹപള്ളികളിലെ പുസ്തകങ്ങളെ ഞാൻ പരിശോധി
ച്ചിട്ടില്ല. അതു ഞാൻ അവിടെ പോകാത്തതുകൊണ്ടിട്ടാണ. മത്തൂസ
അത്തനഷ്യുസിന്നുമുമ്പെ മലങ്കരയിൽ ഭരിച്ചുവന്ന മെത്രാന്മാർ ആരും
പരദേശത്തുനിന്നും പട്ടം ഏറ്റിട്ടില്ലെന്നുള്ള എന്റെ അറിവു ഞാൻ
കേട്ടതുകൊണ്ടും ചരിത്രത്തിൽ അങ്ങിനെ കാണാത്തതും കൊണ്ടാണ.
പരദേശങ്ങളിൽ നിന്നും വന്നവർ മലങ്കരയിലെ മെത്രാന്മാക്കു സ്ഥാ
നം കൊടുത്തതായിട്ടു എനിക്കു അറിവില്ല. വിവാഹ പള്ളികളിൽ ഇ
പ്പോൾ ഒരു മേൽക്കൈക്കാരനെ ജീവനോടെ ഇരിപ്പുള്ള.

മൊഴി വായിച്ചു കേട്ടു ശരിതന്നെ.

സാക്ഷിക്കാരൻ (ഒപ്പ)
വാദിവക്കീൽ കെ- എ- കൃഷ്ണയ്യങ്കാർ (ഒപ്പ)
൯-ാം പ്രതി വക്കീൽ എ- അബ്രഹാം (ഒപ്പ)
കമ്മീഷണർ (ഒപ്പ)

NOTICE

ഈ പുസ്തകത്തിന്റെ പകർപ്പവകാശം ഗ്രന്ഥകർത്താവിനും പ്രസാധകനും നിക്ഷിപ്തമാണ്. ഇതിലെ ഏതെങ്കിലും ഭാഗം ഗ്രന്ഥകർത്താവിന്റെയോ പ്രസാധകന്റെയോ രേഖാമൂലമുള്ള അനുവാദമില്ലാതെ പുനഃപ്രസിദ്ധീകരിക്കുന്നതോ, ഫോട്ടോസ്റ്റാറ്റ് ഉൾപ്പെടെയുള്ള ഏതെങ്കിലും മാർഗ്ഗത്തിലൂടെ പകർത്തുന്നതോ, ഏതെങ്കിലും ഇലക്ട്രോണിക് മാധ്യമത്തിലേക്ക് മാറ്റുന്നതോ, ഏതെങ്കിലും കമ്പ്യൂട്ടർ സംവിധാനത്തിൽ സൂക്ഷിക്കുന്നതോ, ഏതെങ്കിലും രീതിയിൽ പ്രക്ഷേപണം ചെയ്യുന്നതോ നിയമപരമായി കുറ്റകരമാണ്.

പഞ്ചാംഗം

ഫവ്വൻന്യ- ഹ്സീറോൻ (മിഥുനം)

സുറിയാനി	ഇംഗ്ലീഷ്	മലയാളം	അക്ഷരം	വിശേഷ ദിവസങ്ങൾ.
ഫ	ഫനു	ഫ	ശ	
ഫ	ഫരു	ഫ	ഞ	ഫ-ാം നു- പെന്തിക്കുസ്തിയുടെപിമ്പു ന-ാം ഞാ
ന	ഫദ്ധ	ന	തി	യാഴ്ച. വായന യോഹ- ന്റ അ- ന ദ—ാം ന
ര	ഫന്ന	ര	ചൊ	ന-ാം നു- മാർ ഔതക് ബാവായുടെ ഓർമ്മ
ദ	ഫദ്ദ	ദ	ബു	
ന്ന	ഫവ്വ	ന്ന	വ്യാ	ൻ-ാം നു- പെന്തിക്കുസ്തിക്കുപിമ്പു ര-ാംഞാ
ത	ഫൻ	ത	വെ	യാഴ്ച- വായന മത്താ ക്ര അ- ക്ര—ഫ
വ	ഫ-ാ	വ	ശ	ക്ര-ാം നു- അപ്പോസ്തോല തലവൻ അ
ൻ	ഫഫ	ൻ	ഞ	ന്ത്യോഖ്യാസിംഹാസനം സ്ഥാപിച്ച നാൾ-
ഫാ	ഫഫ	ഫാ	തി	
ഫഫ	ഫന	ഫഫ	ചൊ	ഫന്ന-ാം നു- പെന്തിക്കുസ്തിക്കു പിമ്പു ര-ാം
ഫര	ഫര	ഫര	ബു	ഞാ- വായന- ല്യൂക്കോസ- ൻ അ- ഫ—ക്ര
ഫന	ഫദ	ഫന	വ്യാ	ശ്ലീഹാനോമ്പിന്റെ ആരംഭം
ഫര	ഫന്ന	ഫര	വെ	ഫന്ന-ാം നു- പെന്തിക്കുസ്തിക്കു പിമ്പു ന്ന-ാം
ഫദ	ഫത	ഫദ	ശ	ഞാ- വായന മത്താ ക്ര അ- ഫ—ന
ഫന്ന	ഫവ്വ	ഫന്ന	ഞ	
ഫത	ഫൻ	ഫത	തി	ഫര-ാം നു- മാർ യോഹന്നാൻ മാംഞാനാ
ഫവ്വ	ന-ാ	ഫവ്വ	ചൊ	യുടെ ജനനനാൾ
ഫൻ	ഫ	ഫൻ	ബു	ഫൻ-ാം നു- ശ്ലീഹാനോമുപീടൽ. മാർ പ
ഫ-ാ	ഫ	ഫ-ാ	വ്യാ	ത്രൊസ പൌലൊസ ശ്ലീഹന്മാരുടെ ഓർമ്മ-
ഫഫ	ന	ഫഫ	വെ	(മാറോനായെ) വായന- മത്താ- ഫ-ാ അ- ക്ര—
ഫഫ	ര	ഫഫ	ശ	
ഫന	ദ	ഫന	ഞ	ന-ാം നു- പെന്തിക്കുസ്തിക്കു പിമ്പു ര-ാം
ഫര	ന്ന	ഫര	തി	ഞാ- പന്ത്രണ്ടു ശ്ലീഹന്മാരുടെയും ഓർമ്മ വാ
ഫദ	ത	ഫദ	ചൊ	യന- മർക്കൊസ- ന അ- ഫ—ന
ഫന്ന	വ	ഫന്ന	ബു	
ഫത	ൻ	ഫത	വ്യാ	
ഫവ്വ	ഫ	ഫവ്വ	വെ	
ഫൻ	ഫഫ	ഫൻ	ശ	
ന-ാ	ഫന	ന-ാ	ഞ	

ഹ്സീറോൻ

ഫ്രെണ്ട്

ഫ്രീചായ്സി

പത്രിക വില വിവരം,

	ബ്രിട്ടീഷ് രൂപാ	ചക്രം
ഒരു കൊല്ലത്തേക്കു	൧	൧൨
ഒറ്റപ്രതിക്കു	൦	൧

പരസ്യക്രമം

ഒന്നാം പ്രാവശ്യത്തേക്കു	വരി ഒന്നിന	൦	൩
പിന്നെ എല്ലാ പ്രാവശ്യങ്ങൾക്കും	ടി	൦	൨

NOTICE

പത്രിക സംബന്ധമായ സകല എഴുത്തുകളും ലേഖനങ്ങളും പണം അയക്കുന്നതും കോട്ടയത്തു മാത്തൊമ്മസ് അപ്പുക്കുട്ടൻ മാനേജർക്കു മേൽ വിലാസം വച്ചു അയക്കേണ്ടതാകുന്നു.

പത്രിക കൈപ്പറ്റുന്നവർ മുൻ ക്രമായി വരി അടയ്ക്കേണ്ടതാകുന്നു. പത്തുവരി അഞ്ചൽ സ്റ്റാമ്പായൊ തഫാൽ സ്റ്റാമ്പായൊ അയച്ചാലും മതിയാവും. എന്നാറു രൂപാ ഒന്നുക്കു ഒരു അണ ഡിസ്കൌന്റു വക വച്ചു തരേണ്ടതാകുന്നു.

വിഷപ്പുട്ടി വിഷത്തിനു ഒരു കൈകണ്ട ഔഷധം.

വിഷപ്പുട്ടി കടിച്ചാൽ ഏഴുദിവസത്തിനകം ഒരു ഗുളിക ഇഞ്ചിനീറിൽ സേവിച്ചു മൂന്നു ദിവസത്തെ പത്ഥ്യം എടുത്താൽ വിഷം നീങ്ങുന്നതാകുന്നു. ഗുളിക സേവിക്കേണ്ടും ക്രമവും പത്ഥ്യത്തിന്റെ വിവരവും ഗുളികയോടു കൂടി കിട്ടുന്നതാകുന്നു. ഈ ഗുളികകൾ ഇല്ലാതിരുന്നതിനെ ഇപ്പോൾ സിമ്മനാരിയിൽ വരുത്തിയിട്ടുണ്ടു. ഗുളിക ഒന്നിനു വില ചക്രം ൭. മാത്രം. ആവശ്യമുള്ളവർ വാങ്ങിച്ചുകൊള്ളുവാൻ ഇതിനാൽ തിയ്യപ്പെടുത്തുന്നു.

നോട്ടീസ

ഇടവക പത്രികയുടെ പുറകടലാസിൽ മാസംതോറും പ്രസിദ്ധപ്പെടുത്തിവരുന്ന പട്ടികയിൽ പണം അടെക്കുന്നവരിൽ ആരുടെ എങ്കിലും പേർ കാണാതെയൊ സംഖ്യ വ്യത്യാസമായൊ പത്രിക ക്രമമായി കിട്ടാതെയൊ ഇരുന്നാൽ ആവിവരങ്ങൾ ഉടനെ അറിയിക്കേണ്ടതാകുന്നു.

എന്നു- മാനേജർ.

MAR THOMAS PRESS,

KOTTAYAM.

പുസ്തകം ൪ ലക്കം ൧൧

൧൮൯൯-ാം ക്രൈസ്തവ വിളംബരം

മലങ്കര

ഇടവക പത്രിക

മാസം തോറും പ്രസിദ്ധപ്പെടുത്തുന്നതു.

നമ്മുടെ കർത്താവായ യേശുക്രീസ്തുവിന്റെ കുരിശിങ്കലല്ലാതെ പുകഴ്ച ചെയ്യുവാൻ സംഗതി വരരുതു.

— (ഗാൽ പൗലൂസ.)

സംഗതിവിവരങ്ങൾ.

	പുറം
പാപ്പായുടെ സർവ്വാധിപത്യം (തുടർച്ച)	൧൭൭
മരണാനന്തരാവസ്ഥ	൧൭൯
ദീപികാലേഖകന്റെ അസംബന്ധം	൧൮൩
കല്യാണഹിരുന്ന (തുടർച്ച)	൧൮൫
കഴിഞ്ഞുപോയ കർണ്ണാടകിൽ ബഹുമോനപ്പെട്ട സ്കറിയാ കോറെപ്പിസ്കോപ്പാ അവർകൾ	൧൮൭
സൂചനകൾ	൧൮൯
വിശേഷവർത്തമാനങ്ങൾ	൧൯൧
ഒരു പ്രസംഗം	൧൯൨

ഇടവം, മിഥുനം ഒരം മാസങ്ങളിൽ പത്രവരി അടച്ച

മാന്യന്മാരുടെ പേരുവിവരം

	ര	ച	കാ
കല്ലുങ്കര വള്ളപ്പുരച്ചിറേൽ കുഞ്ഞവുസേപ്പ	൧൯	൫	൦
,, ചിറേൽ ചാണ്ടി	൧൯	൫	൦
വാഗത്താനം മുതലകേരിൽ അപിരാ	൧൯	൫	൦
പൊട്ടയ്യാവേലിൽ തോമ്മാ	൧൯	൦	൦
മീനടം പുത്തൻപുരയ്ക്കൽ ഇട്ടി ചാക്കൊ	൧൯	൦	൦
,, ,, ഇട്ടി കയ്യൻ	൧൯	൧൦	൫൧
ചിങ്ങവനം കൊച്ചുപുത്തൻപുരകൽ കുഞ്ഞു	൧൯	൦	൫൧
ബ- നീലംപേരൂർ പള്ളിയോഗത്തിൽനിന്നും	൧൯	൧൦	൫൧
ബ- കുറിച്ചി പള്ളിയോഗത്തിൽനിന്നും	൧൯	൧൦	൫൧
,, പുത്തൻപുരയ്ക്കൽ ഇട്ടീര	൧൯	൧൯	൦
,, തോപ്പിൽ പുന്നൂസ	൧൯	൧൦	൫൧
,, കല്ലുപുരയ്ക്കൽ പോത്തൻ	൧൯	൧൯	൦
,, കോലത്തുകളത്തിൽ കുരുവിള	൧൯	൧൦	൫൧
,, തണ്ടാത്തേരി മാത്തു	൧൯	൧൯	൦
ഏരമല്ലൂർ പാപ്പാലിൽ ഏലിയാസു ആശാൻ	൧൯	൦	൦
ബ- പാമ്പാക്കുടെ ചെറിയപള്ളി യോഗത്തിൽനിന്നും	൧൯	൦	൦
തിരുവല്ലാ കാവിൽവടക്കുംഭാഗം പ്രാർത്ഥനയോഗത്തിൽനിന്നും	൧൯	൧൯	൧൯
ബ- കാഞ്ഞിക്കപ്പള്ളി പള്ളിയോഗത്തിൽനിന്നും	൧൯	൦	൦
,, കോട്ടയ്ക്കകത്തു പനച്ചിക്കൽ പീലിപ്പോസ	൧൯	൧൯	൦
,, തുരുത്തിൽ ഗീവറുഗീസു	൧൯	൦	൦
,, പുത്തൻചിറമേൽ മൂത്തകുഞ്ഞു	൧൯	൧൯	൦
,, ചിറമേൽ ഇടിച്ചുണ്ടി കൊച്ചിടിച്ചുണ്ടി	൧൯	൧൯	൦
തുരുത്തുഴ തെങ്ങുംമൂട്ടിൽ വറുഗീസു യെഴുസെപ്പ	൧൯	൦	൫൧
,, കൻസർവൻസി ക്ലാക്കു ജി. പീലിപ്പോസ	൧൯	൧൯	൫൧
,, കെ. കോശി അബ്രാഹം വക്കീൽ	൧൯	൧൯	൦
,, കെ പി. ഇട്ടിഅയിപ്പു മുതൽപിടി	൧൯	൧൯	൦
കണ്ണങ്കോട്ട കാഞ്ഞിരകോട്ട ബ. ഗീവറുഗീസു കത്തനാരു	൧൯	൧൯	൦
ബ. കടമ്പനാട്ട പള്ളിയോഗത്തിൽനിന്നും	൧൯	൧൯	൦
ബ. കാരിച്ചാൽ പള്ളിയോഗത്തിൽനിന്നും	൧൯	൧൯	൦
ബ. പള്ളിപ്പാട്ട പള്ളിയോഗത്തിൽനിന്നും	൧൯	൧൦	൫൧
ബ- കുമ്പാഠാ പള്ളിയോഗത്തിൽനിന്നും	൧൯	൧൦	൫൧
മേപ്രാ പൂതിയൊട്ട ചാക്കൊ	൧൯	൫൧	൦
,, എലഞ്ഞിമൂട്ടിൽ കുഞ്ഞമ്മൻ	൧൯	൦	൦
,, ചാത്തുരുത്തു കൊച്ചിടിക്കുള	൧൯	൧൯	൦
ബ- മേപ്രാ പള്ളിയോഗത്തിൽനിന്നും	൧൯	൧൯	൦
മേപ്രാ പൂതിയോട്ട മൂന്നാമടത്തു പുത്തൻപുരകൽ കുരുവിള കൊച്ചിട്ടിക്കുരുവിള	൧൯	൧൦	൫൧
ബ- കാളികാവുങ്കൽ ചെറിയപള്ളിയോഗത്തിൽനിന്നും	൧൯	൧൯	൦
നിരണം വെഴലിൽ പൌലൊസ	൧൯	൭	൦
,, കുറിച്ചെത്തു കുഞ്ഞു	൧൯	൦	൦
,, ചക്കാലപ്പറമ്പിൽ കൊച്ചിട്ടി	൧൯	൧൦	൫൧
,, മട്ടയ്ക്കൽ പുതുക്കരിയിൽ കൊച്ചുപെരുമാൾ വൈദ്യൻ	൧൯	൧൯	൦
,, മട്ടയ്ക്കൽ അച്ചൻ	൧൯	൧൯	൦
,, തൈക്കടവിൽ മൂത്തകുഞ്ഞു	൧൯	൧൯	൦
,, പള്ളിയോഗത്തിൽനിന്നും	൧൯	൧൦	൫൧
,, കൊക്കൊടിത്തമ്മൻ	൧൯	൦	൦
,, കടമ്പങ്കേരിൽ പൂവൻവേലിൽ നൈനാ	൧൯	൦	൦
ൾ പുത്തൻപുരയ്ക്കൽ പോത്തൻ	൧൯	൦	൦
ള്ളുകോലിൽ ചാക്കൊ	൧൯	൦	൦
ചെട്ടത്തു പുത്തൻപള്ളിയോഗത്തിൽനിന്നും	൧൯	൦	൦
തേകിൽ തൊമ്മി (ശേഷം താഴത്തരിൽ)	൧൯	൧൦	൫൧

പുസ്തകം ൪.] ൧൮൯൯ ഫ്സീറൊൻ (മിഥുനം) [ലക്കം ൬

പാപ്പായുടെ സ്വാധികാരം.

(൨)

ഇനി പത്രോസിനു റോമാ സഭ പറയുന്ന അധികാരങ്ങൾ എല്ലാം ഉണ്ടായിരുന്നു എന്നു തന്നെ വിചാരിക്കാം. എന്നാൽ പാപ്പായ്ക്കു എന്തു?. പിന്തുടർച്ചാവകാശം പാപ്പായ്ക്കുകൊടുത്തു എന്നു വേദത്തിലുണ്ടോ എവിടെ?. ഒരുവേള പാപ്പായ്ക്കുണ്ടായിരുന്നാൽ അവകാശമാത്രമെ ഉള്ളൂ.

പത്രോസ തന്റെ സിംഹാസനം സ്ഥാപിച്ചതു അന്ത്യോഖ്യായിൽ ആയിരുന്നു. അന്ത്യോഖ്യായുടെ ഈ പ്രാധാന്യത വേദപുസ്തകത്തിൽ നിന്നു എടുക്കാവുന്നതുകൂടാതെ റോമാസഭയും സമ്മതിക്കുന്ന കാര്യമാകുന്നു. പത്രോസ അന്ത്യോഖ്യായിൽ സിംഹാസനം സ്ഥാപിച്ചു നാൾ എന്നുപറഞ്ഞു ആണ്ടുതോറും ഫെബ്രുവരിമാസം (കുംഭം) ൨൨ാം൹ റോമാസഭ ഒരു പെരുനാൾ ആഘോഷിച്ചു വരുന്നു. (മാന്നാനം പഞ്ചാംഗം നോക്കുക) നേരെ മറിച്ചു റോമായിൽ സിംഹാസനം സ്ഥാപിച്ചു നാളും പെരുനാളും റോമാക്കാർക്കു പോലും ഇല്ല. അപ്പോൾ പത്രോസിന്റെ തക്കമറ 'അനന്തിരവൻ അന്ത്യോഖ്യായിലൊ റോമായിലൊ? അന്ത്യോഖ്യായിൽ സിംഹാസനം സ്ഥാപിച്ചു ഏഴുവർഷം അവിടെ ഇരുന്നു ഭരിച്ചു എന്നും പിന്നിട്ടു റോമായിൽ പോയി ൨൫ വർഷം ഭരിക്കയും അന്ത്യോഖ്യായിലെ സിംഹാസനം റോമായിൽ ആക്കുകയും ചെയ്തു എന്നുമാണ റോമാസഭ ഉപദേശിക്കുന്നതു. ഇതു തന്നത്താൻ പറയുന്ന ഒരു പൊണ്ണക്കായ്യും അപഹരിച്ചെടുത്ത അധികാരവും മാത്രമാകുന്നു. പത്രോസ അന്ത്യോഖ്യായിൽ സിംഹാസനം സ്ഥാപിച്ചു പിന്തുടർച്ചക്കാരനേയും നിയമിച്ചു ശേഷം സുവിശേഷവേലയ്ക്കായി പല സ്ഥലങ്ങളിലും സഞ്ചരിച്ചു. ആ കൂട്ടത്തിൽ റോമായിലും പോയിരിക്കാം, അവിടെ വച്ചു ക്രൂരനായ ഒരു രാജാവിനാൽ കൊല്ലപ്പെട്ടിരിക്കാം. ഒരുവേള അദ്ദേഹം റോമായിൽ വച്ചു മരിച്ചിരുന്നാലും അതുകൊണ്ടു റോമാ മേലദ്ധ്യക്ഷനു പ്രാധാന്യതയുണ്ടായിഎങ്കിൽ

ക്രിസ്തു യേറുശ്ലേമിൽ മരിച്ചതു കൊണ്ടു യേറുശ്ലേം മേല്പട്ടകാരനു എത്ര അധികം പ്രാധാന്യം ഉണ്ടാകണം. അന്ത്യോഖ്യാസിംഹാസനം രദ്ദാകി യെങ്കിൽ അതിന്റെ തിരുനാൾ ഘോഷിക്കുന്നതു അസംബന്ധമല്ലയൊ.

അതുകൊണ്ടു ഇനി ആലോചിപ്പാനുള്ളതു റോമ്മാകാർ പറയു ന്നതുപോലെ പത്രോസ ൬൭ വഷ്ം റോമ്മാപ്പട്ടണത്തിൽ താമസിക യും സിംഹാസനം സ്ഥാപിക്കയും പിന്തുടച്ചയെ ഉറപ്പിക്കയും ചെയ്തി ട്ടുണ്ടൊ എന്നാകുന്നു. ശുദ്ധ: പത്രോസ കാലം ചെയ്തു ക്രിസ്താബ്ദം ന്നു-ൽ എന്നാണ റോമ്മാസഭ പറയുന്നതു. ആ സഥിതിക്കു ൨൫ലൊ ൨൬ലൊ അദ്ദേഹം റോമ്മായിൽ സിംഹാസനം സ്ഥാപികയും താമ സിപ്പാൻ തുടങ്ങുകയും ചെയ്തിരികണം. ശുദ്ധ: പൌലൊസ മനസ്സുതി രിഞ്ഞതു റോമ്മാസഭയിലെ പ്രധാന കണകന്മാരുടെ അഭിപ്രായപ്ര കാരം നു൯-ൽ ആയിരുന്നു. മനസ്സുതിരിവിന്റെ ശേഷം മൂന്നവഷ്ം കഴിഞ്ഞപ്പോൾ പൌലൂസു പത്രോസിനെ കാണ്മാൻ യെറുശ്ലേമിലേക്കു പോകയും ൧൫ ദിവസം അവിടെ താമസികയും ചെയ്തു. (ഗലാ. ൧. ൧൮) അപ്പോൾ ൨൬-ാമാണ്ടിൽ പത്രോസ റോമ്മായിക്കു പോയിട്ടില്ല ന്നു കാണുന്നു. പൌലൂസ്ന്റെ യേറുശ്ലേമിലേക്കുള്ള ഇതയാത്രയും അ വിടെവച്ചുണ്ടായ സംഭവവും നടപ്പു- ൯ അ. ൧൫ മുതൽ ൧൮ വരെ വാക്യങ്ങളിൽ പറഞ്ഞിരിക്കുന്നു. ഈ സംഭവങ്ങളുടെ ശേഷം പത്രോ സിന്റെ ചരിത്രം ആ അദ്ധ്യായത്തിലും അടുത്ത അദ്ധ്യായത്തിലും പറ ഞ്ഞിട്ടുള്ളതു വായിച്ചാൽ പത്രോസ ലിഡ്ദായിലും യോപ്പായിലും കേസ റിയായിലും സഞ്ചരിച്ചതായി കാണുന്നു. ഈ സഞ്ചാരത്തിൽ യോപ്പാ യിലും കേസറിയായിലും വളരെ ദിവസങ്ങൾ താമസികയും ചെയ്തു. (നടപ്പു൯ അ. ൯ാം. ൧൦ാം അ.) പത്രോസ കേസറിയായിൽനിന്നു വീ ണ്ടും യേറുശ്ലേമിലേക്കു വന്നു. (൧൫. ൨)

ഇവിടെ ഒന്നാലോചിപ്പാനുണ്ടു. ൧൨-ാമാണ്ടും അടുത്ത വഷ്ത്തി ലുമായി പത്രോസ ലിഡ്ദാ, യോപ്പാ മുതലായ നിസ്സാരപട്ടണങ്ങളിൽ സഞ്ചരിച്ചുവിവരം നടപ്പുപുസ്തക കത്താവു വിവരമായി എഴുതിയിരി ക്കുന്ന സഥിതിക്കു ആ ഇടയ്ക്കു റോമ്മായിൽ പോകയും സിംഹാസനം സ്ഥാപിക്കയും ചെയ്തിരുന്നാൽ മിണ്ടാതിരിക്കുമൊ. എന്നതിൽ പ്രത്യേ കിച്ചു സിംഹാസനസ്ഥാപന തന്നെ അധികാരത്തെ ലോകാവസാന ത്തോളം പാപ്പാമാർ വഴിയായി നിലനിത്തി ആത്മാക്കളുടെ രക്ഷയ്ക്കു ഏകമാർഗ്ഗമായ കീഴ്വഴക്കത്തെ നിത്തുവാനുള്ള രക്ഷാവഴിയെ സ്ഥാ പിച്ച പ്രവൃത്തിയായിരിക്കുന്ന സഥിതിക്കു ഈ സാരമായ കാര്യം വേ ദപുസ്തകത്താവു മറന്നുകളയുന്നതല്ല. അതിനാൽ ൧൨-ലും ൧൩-ലും പത്രോസ പലസ്തീനിൽതന്നെ സഞ്ചരിച്ചതെയുള്ളു. എന്നു പ്രത്യക്ഷമാ ണ.

ഇതിന്റെ ശേഷം ഹേറോദേസു രാജാവിന്റെ മരണത്തിനു അ ല്പംമുമ്പു അവൻ പത്രോസിനെ യെറുശ്ലേമിൽ കാരാഗ്രഹത്തിൽ വച്ച തായി ൧൨-ാം അദ്ധ്യായത്തിൽ വായിക്കുന്നു. ഹേറോദേസിന്റെ മര ണം ൫൪-ൽ ആണെന്നു കാലഗണിതകാർ പറയുന്ന സഥിതിക്കു ൫൩

വരെ പത്രോസ റോമ്മായിക്കു പോയിട്ടില്ല.

അനന്തരം ശലാത്തി ൨-ാംഅദ്ധ്യായം ൧-ാം വാക്യപ്രകാരം ൧൪ വർഷം കഴിഞ്ഞ ശേഷം അതായതു ഒന്നു-ാമാണ്ടിൽ യെറുശ്ശേമിൽ അപ്പൊസ്തോലന്മാരുടെ സൂനാദോസ ഉണ്ടായിരുന്നു. (നട-൧൫അ) ഈ സമയത്തും പത്രോസ യെറുശ്ശേമിൽ സംഘത്തിനു പ്രസംഗിക്കുന്നതായി വായിക്കുന്നു. (൧൫-൭) അപ്പോൾ ഒന്നു-ാമാണ്ടവരെ പത്രോസ റോമ്മാപട്ടണത്തിൽ പ്രവേശിച്ചില്ലന്നു വരുന്നുവല്ലൊ. ഇതിന്റെശേഷം പത്രോസ അന്ത്യോപ്യായിൽ പോയിരുന്നുഎന്നും അവിടെവച്ചുപൌലൂസുമായി കണ്ട എന്നും പൌലൂസു സാക്ഷിക്കുന്നു. (ഗലാ-൨-൧൧)

അപ്പോൾ പ്രിയ വായനകാരാ! പത്രോസ ൨൫ വർഷം റോമ്മായിൽ താമസിച്ചു സഭ്വാധിപത്യം വഹിച്ചു എന്നു പറയുന്ന റോമ്മാസഭയുടെ പ്രസ്താവനയ്ക്കു തെളിവു എവിടെ?. അദ്ദേഹത്തിന്റെ ജഡം പലസ്തീനിൽ ആയിരുന്നു എന്നു മേല്പൊണിച്ച വേദസാക്ഷികൾ മതിയായ തെളിവാകുന്നു. ലോകതലസ്ഥാനമെന്നപോലിരുന്ന ആ മഹാപട്ടണത്തിൽ ഒന്നല്ല, പത്തല്ല, ഇരുപത്തഞ്ചു വർഷം താമസിച്ചെന്നു പറയുന്ന കഥ വേദംകൊണ്ടു തെളിയുന്നില്ലന്നു മാത്രമല്ല, വേദം നിഷേധിക്കുന്നു. റോമ്മാ സഭയുടെ കഥ അവരുടെ അനേക ക്രുദ്രാശകളളങ്ങളിൽ ഒന്നുമാത്രമാണെന്നു പറവാൻ വേറെ തെളിവു വേണമൊ.

ഇനി വേറൊരു വിധത്തിൽ വേദസാക്ഷി പറയാം. പെന്തിക്കുസ്തിനാളിൽ യെറുശ്ശലേം പട്ടണത്തിൽവച്ചു സുവിശേഷപ്രസംഗം കേട്ടു വിശ്വസിച്ച ചില ക്രിസ്ത്യാനികൾ റോമ്മാപ്പട്ടണത്തിൽ ഉണ്ടായിരുന്നതിനാൽ അവർക്കു പൌലൂസു ലേഖനം എഴുതി അയച്ചു. മിക്ക ലേഖനങ്ങളിലും ഇന്നാടത്തെ സഭയ്ക്കു എഴുതുന്നു എന്നു തലവാചകം പറഞ്ഞിരിക്കെ ഈ ലേഖനത്തിൽ "സഭ" എന്ന പദം വിട്ടു "വിളിക്കപ്പെട്ട ശുദ്ധിമാന്മാർക്കു" എന്നു പേർവച്ചു എഴുതിയിരിക്കുന്നു. മേല്പട്ടകാരൊ പട്ടകാരൊ റോമ്മായിൽ ഉണ്ടായിരുന്നില്ലെന്നു ഇതുകൊണ്ടു ഉറപ്പിക്കേണ്ടിയിരിക്കുന്നു. "നിങ്ങൾ സ്ഥിരപ്പെടേണ്ടതിനു ഞാൻ നിങ്ങൾക്കു ആത്മസംബന്ധമായ വരം തരേണ്ടതിനു നിങ്ങളെ കാണ്മാൻ വാഞ്ഛിക്കുന്നു", എന്നു റോമ്മാ ൧- ൧൨-ൽ പറയുന്നതു ആലോചിക്കുമ്പോൾ റോമ്മായിൽ ഉണ്ടായിരുന്ന ക്രിസ്ത്യാനികൾ ആത്മവരമാകുന്ന കഹനുസായും ഭരണവും ക്രുടാതിരുന്നു എന്നുള്ള അഭിപ്രായം പ്രബലീകരിക്കുന്നു. പത്രോസ റോമ്മായിൽ പാപ്പാസ്ഥാനം വഹിച്ചിരുന്ന എങ്കിൽ പൌലൊസിന്റെ ഈ വാഞ്ഛ ഏതുമാത്രം അസംബന്ധമാണന്നു പറയണമൊ. പ്രധാന മേല്പട്ടകാരനും മിശിഹായുടെ വിഗാരിയുമായ പത്രോസ സഭ്വാധികാരം വഹിച്ചുകൊണ്ടു റോമ്മായിൽ വസിച്ചിരുന്നു എന്നു പറയുന്നപക്ഷം അതിനെ നിരാകരിച്ചുംകൊണ്ടു വേറൊരു ആത്മവരം കൊടുക്കുവാൻ പൌലൂസു വിചാരിക്കുമൊ. "ഞാൻമറ്റൊരുത്തന്റെ അടിസ്ഥാനത്തുമേൽ പണിയാതിരിപ്പാൻ വേണ്ടി ക്രിസ്തുവിന്റെ പേർ വിളിക്കപ്പെടാത്ത സ്ഥലത്തു പ്രസംഗിക്കുന്നു". എന്നു റോമ്മാ ൧൫- ൨൦-ൽ ഈ ശ്ലീഹാ തന്നെ കല്പിച്ചിരിക്കുന്ന സ്ഥിതിക്കു

ശ്ലൂഹ: പത്രോസ റോമ്മായിൽ പോകയും സഭ സ്ഥാപിച്ചു ഭരിക്കയും ചെയ്തിരുന്നുഎങ്കിൽ അവിടെക്കു പൌലൂസപോകുന്നതല്ലന്നു തീർച്ചയാകുന്നു. ക്രിസ്ത്യാബ്ദം രൂപ-൧മാണ്ടുമുതൽ സുന്ന-൧മാണ്ടുവരെ പത്രോസ റോമ്മായിൽ മേലദ്ധ്യക്ഷനായി താമസിച്ചു സഭ സ്ഥാപിക്കയും ആത്മവരങ്ങളെ കൊടുക്കയും സിംഹാസനം ഉറപ്പിക്കയും പാപ്പാച്ചന്മാർ വഴിയെ രക്ഷയുള്ളു എന്നു പഠിപ്പിക്കയും ചെയ്തിരുന്നു എങ്കിൽ ക്രിസ്തുവിന്റെ നാമംപോലും വിളിക്കപ്പെടാത്ത സ്ഥലത്തുമാത്രം പ്രസംഗിക്കുന്നവനായ പൌലൊസ റോമ്മായിൽ പോകുവാനും ആത്മവരം കൊടുക്കുവാനും വാഞ്ഛിക്കയൊ ചരിശ്ലൂഹാത്മാവു അവനെ അങ്ങോട്ടയയ്ക്കയൊ ചെയ്യുവാൻ ഇടയില്ല. റോമ്മാലേഖനം എഴുതപ്പെട്ട ൫൮-മാണ്ടുവരെ പത്രോസ ആ പട്ടണത്തിൽ ചെന്നിട്ടില്ലന്നു ഇതുകൊണ്ടു തീർച്ചപ്പെടുന്നു. അല്ലെങ്കിൽ ഏഴു വർഷം പത്രോസ റോമ്മായിൽതാമസിച്ചിട്ടും ക്രിസ്തുവിനെക്കുറിച്ചു ഒരുപ്രസംഗവും നടത്തുതെയും വരങ്ങളെ കൊടുക്കാതെയും ഒളിച്ചിരുന്നു എന്നു പറയേണ്ടിവരുന്നു. ഇതിൽ ആലോചിപ്പാനുള്ളതു വ്യാജം പറയുന്നതു ശ്ലൂഹ: പൌലൂസൊ റോമ്മാസഭക്കാരൊ എന്നാണ. റോമ്മാസഭ ഉപദേശിക്കുന്നപ്രകാരം പത്രോസ ൨൫ വർഷം റോമ്മായിൽ പാപ്പാസ്ഥാനം നടത്തിയെന്നു സുബോധമുള്ളവരും സത്യംതിരക്കുന്നവരും സമ്മതിക്കണമെങ്കിൽ ശ്ലൂഹ: പൌലൂസിനെ വ്യാജകാരനായി എണ്ണണം. ആത്മവെളിപാടിനാൽ ലേഖനം എഴുതിയ പൌലൂസിന്റെമേൽ വ്യാജം ആരോപിക്കുവാൻ ഞങ്ങൾ തുനിയുന്നില്ല. റോമ്മാസഭ വഞ്ചനനാവുള്ളതും വ്യാജനിർമ്മിതാവും കള്ള ഉപദേഷ്ടാവും ആണെന്നു മാത്രമെ ഇതിൽ നിന്നു പറവാൻ പാടൊള്ളു.

പീണ്ടും ശ്ലൂ: പൌലൂസ റോമ്മായ്ക്കു എഴുതിയ ലേഖനത്തിൽ ആ പട്ടണത്തിൽ വസിച്ചിരുന്ന വിശ്വാസികളായ പലരെക്കുറിച്ചും സ്നേഹവാക്കുകൾ പറഞ്ഞിരിക്കുന്നു. അതുപോലെതന്നെ പിന്നീടു ഇദ്ദേഹം റോമ്മായിൽ താമസിക്കുമ്പോൾ എഴുതിയയച്ച പല ലേഖനങ്ങളിൽ അവിടെ ഉണ്ടായിരുന്ന ഓരൊ മഹാന്മാരുടെ പേരും സ്നേഹവും വിവരിച്ചിട്ടുണ്ടു. ഇതിൽഎങ്ങും പത്രോസിന്റെ നാമം വന്നിട്ടില്ല. പത്രോസ റോമ്മാപട്ടണത്തിൽ ഉണ്ടായിരുന്ന എങ്കിലും നിസ്സാരന്മാരായ ആളുകളെയും ആളുകളും സ്നേഹിക്കുന്ന കൂട്ടത്തിൽ പത്രോസിന്റെ പേർ വരാതിരിക്കുമൊ. പൌലൂസ റോമ്മായിൽ താമസിക്കുമ്പോൾ ലൂകോസുമാത്രമെ തന്റെ കൂടെ അവിടെ ഉണ്ടായിരുന്നൊള്ളു എന്നുപറയുന്നു. (൨ തീമൊ. ൪. ൧൧) പത്രോസ ആദ്ദേശത്തുണ്ടെങ്കിൽ ഇങ്ങനെ പറയുമൊ?. പുറജാതികളുടെ സുവിശേഷം പൌലൂസിനും യഹൂദന്മാരുടെ സുവിശേഷം പത്രോസിനും ഭരമേല്പിക്കപ്പെട്ട എന്നുപൌലൂസ എഴുതിയിരിക്കുന്നതിന്റെ വാസ്തവം ആലോചിക്കുമ്പോൾ പുറജാതി പട്ടണമായ റോമ്മായിൽ പത്രോസിനെ കാണാത്തതു ആശ്ചര്യമല്ല. പല ശതാബ്ദങ്ങൾക്കുശേഷം ഇല്ലാത്ത അവകാശം കിട്ടുവാൻവേണ്ടി പാപ്പാമാരും റൊമ്മാ പട്ടകാരും കൂടി പത്രോസിനെ റോമ്മായ്ക്കു

വലിയ്യുവാൻ ചെയ്യുന്ന ശ്രമം ഇരുട്ടുകൊണ്ടടച്ച ഉറുട്ടപോലെ തെളിഞ്ഞുപോകുന്നതാണെന്ന മേൽവിവരിച്ച ലക്ഷ്യങ്ങളാൽ ബോധപ്പെടുന്നതാണ. തുടരും.

മരണാനന്തരാവസ്ഥ.

ഈ വിഷയത്തെ സംബന്ധിച്ച തുടന്ന പ്രസിദ്ധപ്പെടുത്തിയിരുന്ന പ്രസംഗങ്ങൾ കഴിഞ്ഞ മൂന്ന പത്രങ്ങളിൽ ചേർക്കുവാൻ ചിലസംഗതികളാൽ ഇടയായില്ല. എങ്കിലും ഇപ്പോൾ വീണ്ടും ആരംഭിക്കുന്ന. ഈ പ്രാവശ്യം പൂർവ്വപിതാക്കളിൽ ചിലരുടെ രേഖകളാണ് പറയുന്നതു.

൧. പൂർവ്വപശ്ചിമസഭകൾ തമ്മിൽ ഭിന്നിപ്പാൻ ഹേതുവായ കല്ക്കേദോനിയാ സൂനാദോസിനെക്കുറിച്ച എല്ലാവരും കേട്ടിരിക്കുമല്ലൊ. നീതിമാനായ ലീയന്തോറോസു ബാവായുടെ മേൽ ൦൫ം സംഘത്തിൽ ഒരു കുറ്റം ആരോപിച്ചതു മരിച്ചുപോയ ഒരു സ്ത്രീ അവളുടെ മരണശേഷം അവൾക്കുവെണ്ടി കുബ്ബാന ചൊല്ലുവാൻ കുറെപ്പണം ഈ ബാവായെ ഏല്പിച്ചിരുന്നുഎന്നും അദ്ദേഹം അതു ശരിയായി നടത്തിച്ചില്ലന്നും ആകുന്നു. ആ ഭാഗ്യവതിയായ സ്ത്രീയുടെ ഓർമ്മയ്ക്കുവെണ്ടി തൈവത്തിനു പ്രസാദമായ ഒരുധ്യപംപോലും വച്ചില്ലന്നായിരുന്നു കുറ്റം. രൂഫ-ാമാണ്ടു മരിച്ചവർക്കുവെണ്ടി കുബ്ബാന നടപ്പില്ലായിരുന്നു എങ്കിൽ ഇങ്ങനെ കുറ്റാരോപണം സംഘത്തിൽ കൊണ്ടുവരികയില്ലല്ലൊ.

൨ ശ്ലൂഖ അഗസ്തീനോസ പറയുന്നതു: ''ക്രിസ്തുവിന്റെ ശരീരരക്തങ്ങളുടെ സംസർഗ്ഗത്തിനു മരിച്ചവർക്കു വെണ്ടി പ്രാർത്ഥിക്കുന്നതു പിതാക്കന്മാരിൽ നിന്ന കിട്ടിയിട്ടുള്ളതും സഭ പൊതുവിൽ അംഗീകരിച്ചിരിക്കുന്നതും ആകുന്നു''

൩. പിതാക്കന്മാരിൽ നിന്ന ഈ മര്യ്യാദ പാരമ്പര്യമായി കിട്ടിയിരിക്കകൊണ്ടു സഭയ്ക്കു അതിനെ ചെയ്യാതിരിപ്പാൻ പാടില്ലന്ന ശ്ലൂഖ ഏപ്പിപ്പാനിയൂസ പാദിക്കുന്നു.

൪. ശ്ലൂഖ ഇറവാനിയൊസ പറയുന്നതു: ഈ ആചാരത്തിനു അപ്പൊസ്തോലന്മാരുടെ സമ്മതം ഉണ്ടു. ''അപ്പൊസ്തോലർ തന്നെ ഈ ചട്ടം വച്ചിരിക്കുന്ന. അതു വൃഥാവല്ല''.

൫. കുസ്തന്തീനൊസ മഹാരാജാവിന്റെ കബറുകൽ ജനങ്ങളും പട്ടകാരും കൂടി അയാളുടെ ആത്മാവിനുവേണ്ടി പ്രാർത്ഥിച്ചു വന്ന എന്നു ഏവുസെബിയൂസിന്റെ ചരിത്രം സാക്ഷിക്കുന്നു.

൬. തെത്തുല്ല്യാനൊസ സാക്ഷിക്കുന്നതു: ''ഞങ്ങൾ മരിച്ചവർക്കു വെണ്ടി അവരുടെ ജന്മ ദിവസത്തിൽ കുബ്ബാന അണയ്ക്കുന്നു''. പിന്നെയും ഒരു വിധവയെക്കുറിച്ചു അദ്ദേഹം പറയുന്നതാവിതു: ''അവൾ ഭർത്താവു ഉറങ്ങിയ ദിവസത്തിൽ (മരണദിവസത്തിൽ) വർഷം തോറും കുബ്ബാന ചൊല്ലിക്കുന്നു''.

ഈ രേഖകളെ നോക്കിയാൽ ൨-ാം ശതാബ്ദംവരെ തുടരെ തുടരെയുള്ള തെളിവുകൾ നമുക്കു കാണാം.

ഇനി പുരാതന പള്ളിക്രമപുസ്തകങ്ങളെ നോക്കാം—ലൊകത്തിലുള്ള പുരാതനസഭകളിൽ ഉപയൊഗിച്ചു വരുന്ന കുബ്ബാന തക്സാകളെ പിതാന്മാരായ യൂറൊപ്യന്മാർ പരിശൊധിച്ചതിൽ അവ ഏറക്കുറെ നാലുക്രമങ്ങളിൽനിന്നു ഉത്ഭവിച്ചവയാണന്നു തീരുമാനിച്ചിരിക്കുന്നു. അതായതു യാക്കൊബു, മക്കൊസ, യൊഹന്നാൻ, പത്രൊസ ഈ പെരുകളെ സംബന്ധിച്ചുള്ള ക്രമങ്ങളെ അനുസരിച്ചാണ അനെകക്രമങ്ങൾ ഉണ്ടായതെന്നു പറയുന്നു. മൂലമായ ക്രമങ്ങളുടെ കാലം പരിശൊധിച്ചതിൽ ൩-ാം ശതാബ്ദത്തിന്റെ ആരംഭത്തിലും അതിനു മുമ്പും ഇവ നടപ്പുണ്ടായിരുന്നു എന്നു (ഞങ്ങളല്ല) യൂറൊപ്യവിദ്വാന്മാർ തീർച്ചപ്പെടുത്തിയിരിക്കുന്നു. യാക്കൊബിന്റെ ക്രമത്തെക്കുറിച്ചു തന്നെ പറയാം. ഇതു യാക്കൊബായകാർ സദായ്യൊഴം യെന്നായകാർ ആണ്ടിൽ ഒരികൽ യാക്കൊബിന്റെ പെരുനാൾ ദിവസവും പെരുമാറി വരുന്നു. കപ്പ്പ്പൊദൊനിയാ സ്സുനാദൊസിൽ യാക്കൊബായകാരും യെന്നായകാരും തമ്മിൽ ഭിന്നിച്ചുവരാണു. അതുകൊണ്ടു ആ സുനാദൊസിന്റെ കാലത്തിനു മുമ്പുതന്നെ ഈക്രമം നടപ്പില്ലായിരുന്നു എങ്കിൽ രണ്ടുകൂട്ടക്കും ഇതു അംഗീകരിക്കപ്പെട്ടതായിവരികയില്ലായിരുന്നു. ഇതുമുഴുവനാലൊചിക്കുമ്പൊൾ ൨൦൦-ാമാണ്ടിടയ്ക്കു യാക്കൊബിന്റെ ക്രമം ഉണ്ടെന്നു വരുന്നു. പിന്നെ വേറൊരുവിധത്തിൽ പരിശൊധിച്ചുപ്പൊൾ ൧൫൦-ാമാണ്ടിടയ്ക്കു ഇതുണ്ടായിരുന്നുഎന്ന അഭിപ്രായപ്പെട്ടിരിക്കുന്നു. മറ്റുള്ളശാഖകളെക്കുറിച്ചും ഇതുപോലെ പരിക്ഷിച്ചു പ്രാചീനതസ്ഥാപിച്ചിരിക്കുന്നു.

ഈ എല്ലാവക കുബ്ബാനക്രമങ്ങളിലും മരിച്ചുപൊയവക്കുവെണ്ടിയുള്ള അപെക്ഷകൾ ധാരാളമുണ്ടു. സ്ഥലക്കുറവു കൊണ്ടും തക്കമില്ലാത്ത കായ്മകൊണ്ടും അവയിൽ നിന്നു ഇവിടെ പകർത്തുന്നില്ല. അതുകയാൽ കുബ്ബാനതക്സാകളെക്കുറിച്ചു മൊത്തമായി പറഞ്ഞാൽ യൂറൊപ്യന്മാരുടെ അഭിപ്രായപ്രകാരം ചുരുങ്ങിയ പക്ഷം ൧൫൦-ാമാണ്ടിടയ്ക്കു മരിച്ചവക്കുവെണ്ടി കുബ്ബാനചൊല്ലുന്നതു നടപ്പായിരുന്നു.

ഒരുആംഗ്ലിയാപാദ്രി (കാനൊൻലക്കൊക്) ഈ വിഷയംസംബന്ധിച്ചു പറയുന്നതാവിതു: ഒരുമനുഷ്യന്റെ മരണസമയം തന്നെ അവന്റെ പ്രവൃത്തിക്കുതകുവണ്ണം അവനെ വിധിച്ചു എന്നും ആരെല്ലാം പ്രാർത്ഥിച്ചാലും ആ വിധിയെ ഭെദപ്പെടുത്തുവാൻ പാടില്ലന്നും വിചാരിച്ചാലും മരിച്ചവക്കു വെണ്ടി പ്രാർത്ഥിക്കുന്നതു ആവശ്യമാകുന്നു. എന്തന്നാൽ ദരിദ്രനും ധനവാനും യാചിക്കുന്നവനും കള്ളപ്പുരയിൽ സകലപദാർത്ഥങ്ങളും ശെഖരിച്ചിരിക്കുന്നവനും ഞങ്ങളുടെ ദിവസമുള്ള അപ്പം ഇന്നും ഞങ്ങൾക്കു തരണമെ എന്നു പ്രാർത്ഥിക്കുവാൻ കടപ്പെട്ടിരിക്കുന്നുവല്ലൊ. ഇതുപൊലെ ഒരു മനുഷ്യൻ നീതീകരിക്കപ്പെട്ടിരുന്നാലും അവനുവേണ്ടി പ്രാർത്ഥിക്കുന്നതു ആവശ്യവും നീതിയുമാകുന്നു.

തുടരും

ദീപികാ ലേഖകന്റെ അസംബന്ധം.

ഇടവകപത്രികയിൽ ഇട്ടിതൊമ്മൻ കത്തനാരുടെ ജീവചരിത്രം പറഞ്ഞതിൽ സൂതിചൊവ്വാകപ്പെട്ട യാക്കോബായവിശ്വാസത്തിൽ അദ്ദേഹംമരിച്ചു എന്നുപറഞ്ഞ ഒരുപാകിനെ പിടിച്ചുംകൊണ്ടു ദീപികയിൽ ഒരുലേഖകൻ പുറപ്പെടുവിച്ചുതക്കത്തിന കഴിഞ്ഞപത്രികയിൽ സംക്ഷേപിച്ചു ഞങ്ങൾ സമാധാനം പറഞ്ഞിട്ടുണ്ടായിരുന്ന. ഇതുകൊണ്ടു അടങ്ങാതെ ദീപികയിൽ പേറൊരുലേഖകൻ മുമ്പിലത്തെ ചെണ്ടാതിയെ പിൻ താങ്ങുവാൻ വന്നിരിക്കുന്ന. ഇദ്ദേഹം വളയും പീരശ്ശംഖലയും മറ്റും പന്തായം വയ്ക്കുന്നില്ല. പന്തായം വച്ചതിന കിട്ടിയ മറുപടി കണ്ടപ്പോൾ പൊന്നിന്റെ പിലക്കുട്ടൽ ഓത്തു മിണ്ടാതിരിക്കയായിരിക്കാം.

പുതിയ ലേഖകന്റെ യുക്തികളെ ശ്ലാഘിപ്രായമാക്കുവാൻ തക്ക ലക്ഷ്യങ്ങൾ ഇല്ലാതില്ല. എങ്കിലും രക്ഷയ്ക്കു അത്യാവശ്യപ്പെട്ടതായി റോമാ സഭ വിശ്വസിച്ചു വരുന്ന ഒരുവിഷയത്തെക്കുറിച്ചു കഴിഞ്ഞ പത്രികയിൽ ആരംഭിച്ച പ്രസംഗങ്ങൾക്കു എതുപാദങ്ങൾ സഹജീവി പുറപ്പെടുവിക്കാതിരിക്കയില്ലന്ന വിചാരിക്കുന്നതിനാൽ നിസ്സാരമായ ഈ തർക്കത്തിനുവേണ്ടി അധികസമയവും സ്ഥലവും വ്യയംചെയ്വാൻ ഞങ്ങൾക്കു സ്വാതന്ത്ര്യമില്ലാതിരിക്കുന്നസ്ഥിതിക്കു ചുരുക്കത്തിൽ മറുപടിപറവാനെ ഇപ്പോൾ നിവൃത്തിയുള്ളു.

പത്രാധിപ പ്രസംഗമായി സ്വീകരിച്ചു പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ദീപികാ ലേഖനത്തിൽ പ്രതിപാദിച്ചിരിക്കുന്ന പ്രധാന വിഷയങ്ങൾ- ൧- ഇട്ടിതൊമ്മൻ കത്തനാക്കു അടുത്തു മുമ്പുണ്ടായിരുന്ന മെത്രാൻ മാർ അല്ഫ്രാഹം ആയിരുന്നതിനാൽ കത്തനാരുടെ വിശ്വാസം യാക്കോബായ ആയിരിക്കയില്ലന്നും ൨- പണ്ടൊരിക്കൽ മലങ്കരയ്ക്കു അന്ത്യാവ്യാഴിൽനിന്നു മെത്രാന്മാരെ അയച്ചുവന്ന എന്നു കത്തനാർ പറഞ്ഞതായി പകർത്തിയിരുന്ന എഴുത്തു വാസ്തവമല്ലന്നും ൩- മാർ ശ്രീഗോറിയോസിനു മുമ്പു യാക്കോബായവിശ്വാസം മലയാളത്തു ഇല്ലായിരുന്നഎന്നും ൪. യാക്കോബായഉപദേശം ഇവിടെ കൈക്കൊണ്ടതു "സൂതിചൊവ്വാകപ്പെട്ടതു" എന്നുള്ള ബോധ്യത്തുമേൽ അല്ല, നിവൃത്തിയില്ലായ്കയിൽനിന്നായിരുന്ന എന്നും ആകുന്നു.

൧. മാർ അല്ഫ്രാഹാമിന്റെ വിശ്വാസം എന്തായിരുന്നഎന്നു ദീപിക പറയുന്നില്ല. റോമായാണെന്നു വാദിക്കുമെന്നു തോന്നുന്നില്ല. നെസ്റ്റോർ ആണെന്നു പറയുമായിരിക്കും. അതുമൂലം അദ്ദേഹത്തെ കൈക്കൊള്ളുവാൻ തക്കമുണ്ടായി എന്നും ഇവിടത്തെ പുരാതനവിശ്വാസത്തെ ഭേദപ്പെടുത്തുകയില്ലന്നുള്ള കരാറിന്മേൽമാത്രം മാർ അല്ഫ്രാഹം കൈക്കൊള്ളപ്പെട്ടു എന്നുമുള്ള വിവരം ദീപിക അറിഞ്ഞിട്ടില്ലെങ്കിൽ ഇട്ടൂപ്പു ചരിത്രം ൧൦൨-ാം പുറം വായിക്കട്ടെ. അപ്പോൾ മാർ അല്ഫ്രാഹാമിന്റെ വിശ്വാസം എന്തായിരുന്നാലും അതുകൊണ്ടു ഇട്ടിതൊമ്മൻ കത്തനാരുടെ വിശ്വാസം യാക്കോബായ അല്ലന്നു വ്യവസ്ഥപ്പെടുത്തുവാൻ പാടില്ലന്നു വന്നുവല്ലൊ. അതിനുമുമ്പുള്ള മെത്രാന്മാരുടെ സ്ഥിതി ആലോചിച്ചാലും തരക്കേടില്ല. അതിനു മുമ്പുണ്ടായ മെത്രാന്മാരെല്ലാം കൽദായക്കാർ ആണെന്നായിരിക്കും ദീപികയുടെ അഭിപ്രായം. അതുകൊണ്ടു യാക്കോബായവിശ്വാസത്തിനു ഒരു ന്യൂനതയും ഇല്ല. എന്തെന്നാൽ കൽദായക്കാരിൽ യാക്കോബായക്കാരും നെസ്റ്റോറിവിശ്വാസികളും ഉണ്ടായിരുന്ന. ഈഭാഗം ആലോചിക്കുമ്പോൾ മെനെസീസു മെത്രാനെയോ അയാളുടെ വാക്കു കേട്ട ചരിത്രമെഴുതിയപ്രകാരമോ സ്വീകരിപ്പാൻ പാടില്ല. എന്തെന്നാൽ കിഴക്കെ സഭകളെ ആക്രമിക്കുന്നതിനു കാരണമായി നെസ്റ്റോർ ഇടത്തട്ടു എന്നൊരപവാദം ഇവിടത്തെ ക്രിസ്ത്യാനികളെക്കുറിച്ചു പറക ഈ റോമാക്രൂട്ടരുടെ പതിവായിരുന്ന

കൽദായക്കാർ എന്നു വിളിക്കപ്പെടുന്ന ബാബേൽസിംഹാസനം അന്ത്യോക്കിനു കീഴായിരുന്ന എന്നുള്ളതിനു ദീപികയ്ക്കു തർക്കമുണ്ടോ അറിയുന്നില്ല. ഉണ്ടെങ്കിൽ വരാപ്പുഴക "സത്യവേദചരിത്രം" ൯൯ പുറങ്ങൾനോക്കട്ടെ. ബാബേല്ലുർ ഇന്ത്യാ ഭരിച്ചതു അന്ത്യോഖിനു കീഴായിട്ടായിരുന്ന സ്ഥിതിക്കു അന്ത്യോഖ്യാവിശ്വാസം ഇവിടെ നൂതനമല്ലന്ന അറിയാമല്ലൊ. ബാബേലിലെ ഒരു പാത്രിയക്കീസു പിൻകാലത്തു നെസ്റ്റോർവിശ്വാസം കൈക്കൊണ്ടതു ശരിതന്നെ. അതുകൊണ്ടു ബാബേൽ ഇടവകയെല്ലാം നെസ്റ്റോറിൽ അകപ്പെട്ടിട്ടില്ല. ബർഹെബ്രായാ പണ്ഡിതരുടെ പ്രസിദ്ധനാടാഗമം വായിച്ചാൽ ബാബേൽ സിംഹാസനം ഒരു നെസ്റ്റോറ്യാശാഖയും അന്ത്യോഖിനുകീഴ ഒരു യാക്കോബായശാഖയും എന്നിങ്ങനെ രണ്ടായി നിലനിന്നപന്ന എന്നു കാണാം. രണ്ടുക്രൂട്ടരും ഭരിച്ചിരുന്ന ജനങ്ങൾ കൽദായക്കാരുമായിരുന്ന. അപ്പോൾ ഇവിടെക്കു അയക്കപ്പെട്ടതു ഏതുശാഖക്കാർ ആണെന്ന വ്യവസ്ഥയായതെളിവു ദീപി

ക പറഞ്ഞിരുന്നെങ്കിൽ അവരുടെ അഭിപ്രായത്തിനു വല്ല വിലയും ഉണ്ടായിരുന്നേനെ. ഇതുകൊണ്ടു ഈനാട്ടിൽ നെസ്റ്റോർകാർ അധികം വന്നിട്ടില്ലന്നു ഞങ്ങൾ പാഠിക്കുന്നില്ല. രണ്ടുശാഖകാരും ചിലസമയം മേല്പട്ടകാരെ അയച്ചുപന്നു. നെസ്റ്റോർ ശാഖയിൽനിന്നു തന്നെ വന്നാലും അവരെക്കുറിച്ചു ഈനാട്ടുകാരുടെ വിശ്വാസം അവർ അന്ത്യോഖിനു കീഴുള്ള സത്യപഴികാർ എന്നായിരുന്നു. ആകാലത്തിന്റെ സ്ഥിതിക്കു അറിവുകുറവും സഹവാസഭംഗവുംകൊണ്ടു നെസ്റ്റോർ ഉപദേശം പഠിപ്പിച്ചാലും അതു യാകോബായ ഉപദേശമെന്നു ജനങ്ങൾ പരമാർത്ഥമൂലം വിചാരിച്ചുവന്നിരിക്കാം. ഇതിലേക്കു തെളിവുവേണമെങ്കിൽ ബുക്കനാനെറപ്പുസ്തകം ൧൮-ാംപുറം വായിക്കുക. പൊർത്തുഗീസുകാർ ആദ്യമായി ഇവിടെ വന്നപ്പോൾ "തങ്ങൾ ഏകദേശം ൧൦൦ വർഷമായി അന്ത്യോഖിൽനിന്നു ഭരിക്കപ്പെട്ടവന്നു" എന്നനാട്ടുക്രിസ്ത്യാനികൾ അവരോടു പറഞ്ഞതായി ഈ മഹാൻ സാക്ഷിക്കുന്നു. ഈ ഭാഗം ആലോചിച്ചാൽ പറങ്കികൾ മുമ്പുണ്ടായിരുന്ന മെത്രാന്മാർ ഒന്നുകിൽ ബാബേലിലെ യാകോബായ കാസോലിക്കാമാരാൽ അയക്കപ്പെട്ടവരോ, അല്ല, നെസ്റ്റോർകാരാൽ അയക്കപ്പെട്ടവർ ഉണ്ടായിരുന്നാലും നാട്ടുകാർ അവരെക്കുറിച്ചു വിശ്വസിച്ചുവരുന്നതു തങ്ങളുടെ സാക്ഷാൽ മേലദ്ധ്യക്ഷനായ അന്ത്യോഖിനു കീഴുള്ളവർ ആയിരുന്നു എന്നോ തീർച്ചപ്പെടുന്നു.

൨. ഇട്ടിതൊമ്മൻകത്തനാർ ജനിക്കുന്നതിനു മുമ്പുവന്ന പറങ്കികളോടു "തങ്ങൾ ഏകദേശം ൧൦൦ വർഷമായി അന്ത്യോഖിൽ നിന്നു ഭരിക്കപ്പെട്ടവന്നു" എന്ന ആ കത്തനാരുടെയും ശേഷം ക്രിസ്ത്യാനികളുടെയും പൂർവ്വന്മാർ ധൈര്യമായി പറഞ്ഞു എങ്കിൽ, അന്ത്യോഖിലെ ബ. പാത്രിയർക്കീസ പണ്ടൊട്ടു നമുക്കു മേല്പട്ടകാരെ അയച്ചു ഭരിച്ചുവരുന്നു എന്ന അഭിമാനം എഴുതിയെഴുത്തു അസംഭവ്യമൊ കൃത്രിമമൊആണെന്നു ഭീപിക പറയുന്ന ആക്ഷേപം മുടന്തിയതാണെന്നു ഇനി സമ്മതികരുതൊ.

൩. യാകോബായ വിശ്വാസം ഇവിടെ ഉണ്ടായതു ശ്രീഗോറിയോസിന്റെ കാലം മുതലൊ എന്ന ഇനി നോക്കാം. മേല്പറഞ്ഞ ന്യായങ്ങളിൽ ഇതിനു ഉത്തരം ഉൾപ്പെട്ടിട്ടുണ്ടു. പോരെങ്കിൽ ഗെഡ്ഡിസു, ഹവു, ഹൌവാർഡ ഈ ചരിത്രം ക്രൂടെ നോക്കുക. ൭-ം ൧൦-ം നൂറാണ്ടുകളിൽ യാക്കോബായ മെത്രാന്മാർ ഇവിടെ ഉണ്ടായിരുന്നു എന്നു ഇവർ സാക്ഷിക്കുന്നു. ൧൦-ാം ശതാബ്ദത്തിൽ യാകോബായവിശ്വാസം ബാബേൽമുതൽ ചീനംവരെ കിഴക്കൊക്കയും ഇന്ത്യായിലും പ്രബലീകരിച്ചിരുന്നഎന്നു ഇവർ പറയുന്നു. മലയാളം ഈഏലുകൾക്കു പുറത്തു അമ്മെറിക്കായിൽ ഞണ്ണന്നു പറവാൻ ഭീപിക പുറപ്പെട്ടുകയില്ലല്ലൊ. അപ്പൊൾ യാകോബായ വിശ്വാസത്തെ ഞങ്ങളുടെ അപ്പൂപ്പന്മാർ (ഭീപിക പറയുന്നതുപോലെ) ശപിക്കയല്ലായിരുന്നു. അവരും ഭീപികാധിപർ ലേഖകൻ മുതൽ പേർ പിൻകാലത്തു മാറ്റം അനുസരിച്ച കടക്കോടിയുടെയൊ മരയ്ക്കാനെറയൊ അഞ്ഞൂറിക്കാരനെറയൊ ഏഴന്നൂറിക്കാരനെറയൊ സന്തതി അല്ലെങ്കിൽ അവരുടെപിതാക്കന്മാരും യാകോബായ വിശ്വാസത്തെ വാഴ്ത്തി എന്നു പ്രത്യക്ഷപ്പെടുന്നു.

൪. യാകൊബായ ഉപദെശം ഇവിടെ കൈക്കൊണ്ടതു സ്ഥിതിചൊവ്വാക്കപ്പെട്ടതെന്നുള്ള വിശ്വാസത്തുമേലൊ നിവൃത്തിയില്ലാഞ്ഞിട്ടൊ എന്നു ഇനി നോക്കാം. ഈ കാര്യത്തിലും ഭീപികയുടെ യുക്തി ബഹു കേമംതന്നെ. വാളും, തീയും, ദണ്ഡനസഥലവും രാജബലവും കൊണ്ടു ഭേമിച്ചിരുന്ന റോമ്മാവിശ്വാസത്തെ വെടിഞ്ഞേച്ചു ശ്രീഗോറിയോസിന്റെ യാകോബായ വിശ്വാസത്തെ കൈക്കൊള്ളണമെങ്കിൽ അതിന്റെ ഉദ്ദേശം വിശ്വാസം മാത്രമാണെന്നു നിശ്ചയിപ്പാൻ വലിയ ആലോചന വേണമെന്നില്ല. ഉപദ്രവിച്ചും ഭയപ്പെടുത്തിയും കീഴ്പ്പെടുത്തുവാൻ ശബ്ദത്തെക്കാധികാരവും സ്വാധീനവും കൈക്കുലികൊണ്ടു വശീകരിക്കുവാൻ തക്കകാശു വച്ചു കൊഴുകട്ടയുംകൊണ്ടു നിറഞ്ഞിരുന്ന റോമ്മാവൈദികന്മാരുടെ ഉപദേശത്തെ വെടിഞ്ഞു രണ്ടുംകൂടാതെ കേവലം യാചകന്റെ നിലയിൽ ഇരുന്ന അപരിചിതനായ ഒരു ശ്രീഗോറിയോസിനെ കൈക്കൊള്ളണമെങ്കിൽ ആദ്ദേഹത്തെക്കുറിച്ചു ഭക്തിയും സ്ഥിതിചൊവ്വാക്കപ്പെട്ടതു എന്നുള്ള വിശ്വാസവും കൂടാതെ എങ്ങനെ കഴിയും എന്നു ധരിപ്പിക്കുവാൻ ഭീപികയത്നത്തിച്ചാലും സാധിക്കയില്ല എന്നുമാത്രമല്ല, ൧൦൦ വർഷമായി തങ്ങളെ അന്ത്യോഖ്യർ ഭരിച്ചുവരുന്നു എന്നു പറുങ്കിയോടു ശംകുണ്ണി പറഞ്ഞവരുടെ മക്കളാണു ശ്രീഗോറിയോസിനെ കൈക്കൊണ്ടതെന്നുകൂടെ ഓർത്തിരിക്കണം.

പത്രികയുടെ ഒരു കഴിഞ്ഞ ലക്കത്തിൽ അന്ത്യോഖിൽനിന്നു ആദ്യംവന്നതു ശ്രീഗോറിയോസാണെന്നും യാകോബായ വിശ്വാസം സംക്ഷേപിച്ചു പഠിപ്പിച്ചതു ഈവാനിയോസാണെന്നും ഞങ്ങൾ സമ്മതിച്ചിട്ടുണ്ടെന്നു ഒരു തെളിവുകൂടെ ഭീപിക പറയു

ന്നുണ്ട്. ഞങ്ങളുടെ ഈ ലേഖനം ചെറിയ അക്ഷരത്തിൽ ചേർത്തിരുന്നതുകൊണ്ടു സഹജീവികൾ കണ്ണുപറിയിച്ചായിരിക്കും. പടുങ്കിയുടെ ഉപദ്രവശേഷം ആദ്യം വന്നതു ശ്രീഗോറിയോസാണെന്നും രംപാനിയോസു അനേകം റോമാപള്ളികളെ തിരിച്ചെടുത്തു യാക്കോബായ ഉപദേശം സംക്ഷേപിച്ചു പരിപ്പിച്ചു എന്നുമാണു ഞങ്ങൾ പറഞ്ഞതെന്നു കണ്ണാടിവച്ചു ഒരിക്കൽകൂടി പായിക്കുമ്പോൾ കാണാം. ഈ വക കയ്യുക്തികൾകൊണ്ടു പിടിച്ചടം സാധിക്കയില്ലെന്നു അറിഞ്ഞുകൊള്ളണം. യാക്കോബായ വിശ്വാസം ഈവിടെ കൈക്കൊണ്ടതു വിശ്വാസത്താൽ അല്ലെന്നു വരുത്തുവാൻ പുത്തൻക്കുറുകാർ "ഏവരും യോജിച്ചു" പാപ്പായ്ക്കു അയച്ചതെന്നു പറഞ്ഞു ഒരു എഴുത്തു തെളിവായി ദീപിക കൊണ്ടുവന്നിരിക്കുന്നു. തിരുവാങ്കോട്ടു മുതൽ കുമ്പക്കുടം വരെ പടർന്നുകിടക്കുന്ന പുത്തൻക്കുറുകാർ "ഏവരും" ചേർന്നു ഇങ്ങനെ ഒരു എഴുത്തു പാപ്പായ്ക്കു എഴുതുവാൻ യോഗം കൂടിയതു എവിടെയായിരിക്കും- റോമായിൽ തന്നെ ആയിരിക്കും. ചുരുങ്ങിയാൽ ഇരുപേരുടെ അനേകം രേഖകൾ ഇരിപ്പുണ്ടു. അവയെ എല്ലാം വിശ്വസിക്കയെന്നുവച്ചാൽ ചില പുണ്യവാളന്മാർക്കു ഇരട്ട തലകൾ ഉണ്ടായിരുന്നു എന്നും, പത്രോസു ശ്ലീഹാ മഹമ്മദിന്റെ ജനനത്തിനു മുമ്പേ തന്നെ അവന്റെ മാർഗ്ഗത്തിൽ വിശ്വസിച്ചിരുന്നു എന്നുംകൂടെ സമ്മതിക്കേണ്ടി വരും. എന്തെന്നാൽ ഒരു പരിശുദ്ധനേറെന്നു പറഞ്ഞു ഒന്നിലധികം തലയോട്ടികൾ റോമാപള്ളികളിൽ ഉള്ളതിന്റെ കഥകൾ പറവാനുണ്ടല്ലോ. പത്രോസിന്റെ സിംഹാസനമെന്നു പറഞ്ഞു കണ്ടുവരെ ആണ്ടുതോറും ജനുവരിമാസം ക്രമ-മാണം-പ്രദർശിപ്പിച്ചുവന്ന കസേര ഒരിക്കൽ പരിശോധിക്കപ്പെട്ടപ്പോൾ ഹെർക്കുലിസു എന്ന പുരാണ ശ്രീകുടിദ്വാന്റെ കൂടെ പരാക്രമങ്ങൾ കൊത്തപ്പെട്ടിരുന്നതായി കണ്ടു മാറി വയ്ക്കയും അനന്തരം ഫൻ്റെ വരെ പത്രോസിന്റേതായി വച്ചിരുന്ന രണ്ടാമത്തെകസേര നാപ്പോലിയാൻ പരിശോധിച്ചപ്പോൾ "ലായില്ലാഹാ ഇല്ലള്ള മഹമ്മദുർ റസൂലുള്ളാ" എന്ന മഹമ്മദീയ വിശ്വാസപ്രമാണം കൊത്തപ്പെട്ടിരുന്നതായി കണ്ടു ലജ്ജിക്കയും ചെയ്തു. വിപരീതങ്ങൾ ചരിത്രത്താൽ നിഷേധിക്കപ്പെടുവാൻ പാടില്ലാത്ത ലക്ഷ്യങ്ങൾ ആണല്ലോ. ഈ വക രേഖകൾ അനേകം റോമായിൽ ഇരിപ്പുണ്ടെന്നു ഞങ്ങൾ പണ്ടെതന്നെ അറിഞ്ഞിട്ടുണ്ടു. അവയിൽ രണ്ടു മൂന്നു മുമ്പേ ഇങ്ങു വരുത്തിയാൽ ഇടിതൊമ്മൻ കത്തനാരെ അറിയോസാക്കുവാനും യാക്കോബായ വിശ്വാസം ഇല്ലാതാക്കുവാനും മറ്റും ഒരുപ്രയാസവും ഉണ്ടായിരിക്കയില്ല.

വായനകാരുടെ അറിവിനു ഇതിൽ വേണ്ടതധികം ന്യായങ്ങളുണ്ടു. അവരുടെ മുഷിച്ചിൽ വിചാരിച്ചു ഈ പ്രമേയത്തെ ഞങ്ങൾ സമർപ്പിക്കുകൊള്ളുന്നു.

കല്യാണ വിരുന്നു. (തുടർച്ച).

സംഭാഷണം.

വിരുന്നിനു ക്ഷണിക്കപ്പെട്ടവാൻ വന്നിട്ടുള്ളവർ അന്തർദ്ധാനംചെയ്യുതിന്നൊരുശേഷം, ആ യൌവ്വനകാർ തങ്ങൾക്കു ലഭിച്ചിട്ടുള്ള സാമഗ്രികളോടുകൂടെ കല്യാണവീട്ടിലെക്കുള്ള യാത്രകൊരുകമായി. അവരിൽ ഒരുത്തനായ "ഉത്സാഹി" എന്നവൻ ഹെ, കൂട്ടരെ എഴുനെല്ക്കിൻ. നേരം പ്രഭാതമായി ഉറങ്ങിയ്യുമതി നമുക്കു ഇവിടെനിന്നും പുറപ്പെടണ്ടേ വേഗമാട്ടെ എഴുനേല്ക്കിൻ.

ശുദ്ധമതി—ഇപ്പഴിങ്ങൊട്ടൊന്നു കിടന്നതല്ലെയുള്ളു. ഇത്രക്ഷണം നേരം വെളുത്തുപോയൊ. ആട്ടെ. എന്നാൽ ആ "അലസൻ" സാറിനെയും പിണക്കി ചേട്ടനെയും കൂടെ ഒന്നുവിളിച്ചാട്ടെ.

അലസൻ—കൊള്ളാം നിങ്ങൾ എന്താണു പറയുന്നതു. മഴപോലെ പൊഴിയുന്ന ഈ മഞ്ഞത്തു പുറപ്പെടണമെന്നൊ. നല്ലശിക്ഷയായി. ഇപ്പൊഴത്തെ അധിദുസ്സഹമായ ഈ ശൈത്യം ഏറ്റുകൊണ്ടു

നടന്നാൽ ക്ഷണനേരംകൊണ്ടു മരപ്പുപിടിച്ചു വഴിയിൽതന്നെകിടന്നു അകാല മരണം പ്രാപിക്കുന്നതിനു മറെറാന്നാം ക്രൂടിയെകഴിയൂ എന്നില്ല. അതിനാൽ ഏറെ താമസംക്രൂടാതെ നമുക്കെല്ലാവക്കും ഇവിടെ നിന്നു പോകണമെങ്കിലും ശൈത്യം സ്വല്പം നീങ്ങിട്ടാകട്ടെ എന്നാണ എന്റെ ഭാവം.

ശുദ്ധമതി—ഞാനും ഇതു വിചാരിക്കായിക അല്ല. സാർ പറഞ്ഞതുപൊലെ ഇപ്പൊൾ വെളുക്കിറങ്ങി നടക്കുന്നകായ്യം പ്രയാസസാദ്ധ്യമായിട്ടുള്ളതാകുന്നു എങ്കിലും എല്ലാവരുടെയും ഇഷ്ടം പൊലെ ഇനിക്കും സമ്മതം തന്നെ എന്നാ ഉത്സാഹിക്കുഞ്ഞെ! നിന്റെ ഭാവം കേൾക്കട്ടെ.

ഉത്സാഹി—എനിക്കൊന്നും തോന്നുന്നില്ല. അതിരാവിലെ ഇവിടെനിന്നുതിരിച്ചാലെ അപകടമുള്ള സ്ഥലം പകലെ കഴിയൂ എന്ന അദ്ദെഹം വീണ്ടും വീണ്ടും പറഞ്ഞതു നിങ്ങളും കേട്ടിട്ടില്ലെ. അദ്ദെഹത്തിന്റെ അഭിപ്രായത്തിനനുസരണം മറുള്ള എല്ലാകല്പനയെയും വിശ്വസിച്ചു വല്ലപ്പൊഴെങ്കിലും പുറപ്പെടുമെന്ന ഭാവമുണ്ടെങ്കിൽ; രാവിലെ പുറപ്പെടണമെന്നുള്ള പ്രത്യെക കല്പനയെ ധിക്കരിക്കുന്നതു കെവലം അലൊകീകമെന്നു മാത്രമല്ല സ്വയംആരൊപിതമായ ഒരു ആപത്തിനുക്രൂടി ഇതു മാറ്റും ഉണ്ടാകിതീർക്കുന്നതായിവന്നെക്കുമെന്നാണ എന്റെഅഭിപ്രായം.

പിണങ്കി—ഉവ്വ- നീ പറഞ്ഞതു ശരിതന്നെ. ഇവിടെ താമസിക്കണമെന്നല്ലാ ഞങ്ങൾ പറയുന്നതു. ഇതു ധൃതിപിടിച്ചിട്ടാവശ്യമില്ലന്നത്രെ. ഇതാ കിഴക്കുവാട്ടൊന്നു നോക്ക. പ്രകാശിച്ചു തുടങ്ങിയതെയുള്ളു. ഒരു മണിക്കൂർനേരം ക്രൂടി കഴിഞ്ഞാൽ സൂയ്യൻ ഉദിച്ചുപൊങ്ങും. അപ്പൊൾ കുറെ ഇളവെയിലും കാഞ്ഞു തണുപ്പും മാറിയുംവച്ചു തിരിച്ചാലും സമയം അതുപൊയിപ്പൊയെന്നു പറയാനില്ല.

അലസൻ—അതല്ല- നാം ഇപ്പൊൾതന്നെ അങ്ങൊട്ടാണ്ന്നു ചാടിപുറപ്പെട്ടാലും, മഞ്ഞിന്റെ അതികഠിനമായ ഈ ശൈത്യം നമ്മെ മുമ്പൊട്ടു വിടുവാൻ സമ്മതിക്കുകയില്ല- ഒരു വെള്ള നാം വെളുക്കിറങ്ങികുറെ നടക്കുമ്പൊൾ വെച്ചും വിറച്ചും നിരാശ്രയന്മാരായി വഴിയിൽതന്നെ ഇരുന്നുപൊയെക്കാനും മതിയാകും. പ്രത്യുത- രണ്ടൊ നാലൊ നാഴികക്രൂടി കഴിഞ്ഞുപുറപ്പെട്ടാൽ ഈവക ആപത്തുകൾകൊന്നിനും സംഗതിയാകാത്തതും ഇപ്പൊൾ പോകുന്നതിൽ നാലുനാഴിയത്തെ വഴിക്രൂടെ അധികം ദൂരം പോകാവുന്നതുമാകയാൽ നാം ഇപ്പൊൾ വൃഥാ മെനുഷ്യന്മാരെപ്പൊലെ ഇത്ര കഷ്ടപ്പെട്ടിട്ടെന്താണാവശ്യം.

ശുദ്ധമതി—ശരിതന്നെ. അത്ര കഴപ്പീട്ട ആവശ്യമില്ലന്നാണ എന്റെയും ഭാവം.

ഉത്സാഹി—ഇനിക്കിതിനൊന്നിനും മനസ്സില്ല. ഞാൻ ഇതാ ഇപ്പൊൾ തന്നെ പുറപ്പെടുകയായി. നിങ്ങൾ വിചാരിക്കുന്നതുപോലെ ഇവിടെ താമസിക്കുകയാണങ്കിൽ ഈ ഉപകാരപ്രദമായ ദിവ്യസാധനങ്ങളെ സൌജന്യമായിതന്ന ആ ഗുണവാന്റെ കല്പനയെ മനഃപൂവ്വം നിഷേധിക്കുകയും എന്നു മാത്രമല്ല നമ്മുടെ ആശ കെവലം വിഫലീകരിക്കുകയും ചെയ്യും, നാം ഏതുരാവിലെതിരിക്കുന്നുവൊ വഴി അ

ത്തുക്കു എളുപ്പമായിതീരുമെന്നു പറഞ്ഞിട്ടുള്ളതിനെ നിങ്ങൾ ഓർക്കുന്നില്ലെ. ആവിശേഷ വീട്ടിൽ ഒരുനാഴികമുമ്പുകൂട്ടി ചെന്നെത്തിയാൽ എത്രസന്തോഷവും ഭാഗ്യവും എന്നു വിചാരിപ്പീൻ. വഴിയുടെ ദുഷ്കടതയേയും സമയംപോകുന്നതിനെയുംവിചാരിച്ചിട്ടും വിരുന്നുഗൃഹത്തിലെ സൌഭാഗ്യാതിക്കളെ ഓർത്തിട്ടും ഉദിക്കുന്നുവരെ ഇവിടെനിന്നു താമസിപ്പാൻ ഇനിക്കു ഒട്ടും മനസ്സില്ല. അതിനാൽ നിങ്ങളിൽ വല്ലവർക്കും എന്റെ കൂടെ പോരുവാൻ മനസ്സുണ്ടെങ്കിൽ ഇറങ്ങിവാ- നമുക്കു പോകാം.

ശ്രദ്ധമതി—നീ ഈ പറയുന്നതാണ പരമാർത്ഥം. വിലമതിക്കാവതല്ലാത്ത ഈ ഉപകരണങ്ങളെ അപേക്ഷക്കുടാതെ തരുവാൻ മനസ്സായ അദ്ദേഹം വിപത്തുഭവിക്കുന്നതായ ഒരുനിയമത്തെ നമുക്കായി ശേഷിപ്പിക്കുമെന്നു വിശ്വസിപ്പാൻ പാടില്ല- പക്ഷെൽ നമ്മെ ഒന്നുപരീക്ഷിക്കുവാനായിരിക്കുമൊ ഇപ്രകാരമുള്ള ഒരുനിയമത്തെ ഉണ്ടാക്കിയതെന്നും അറിഞ്ഞുകൂടാല്ലൊ. അതിനാൽ നിന്റെകൂടെഞാനുംപോരാമെന്നറിച്ചു

ഉത്സാഹി—കൊള്ളാം. നമുക്കു ഒന്നിച്ചുതന്നെ പോകാം. ഇപ്പോൾ തന്നെ നേരം തുലോം പുലർന്നുപോയി എങ്കിലും ഒരു വിനാഴിക ഇനി ഇവിടെ താമസിക്കെണ്ടാ. ഇങ്ങനെ അവർ രണ്ടു പേരും തങ്ങളുടെ വടിവാളും അപ്പപാത്രവും കുപ്പായവുമെല്ലാം എടുത്തു ശൂന്യസ്ഥലത്തിനുനേരെ നടന്നു. അപ്പൊൾ "പിണകി" അവരെനോക്കി ചിരിച്ചുംകൊണ്ടു, മഞ്ഞിന്റെ ഈ ശൈത്യകാഠിന്യത്തിൽ നല്ലോരുവീടുവിട്ടുവെളികിറങ്ങി നടകാന്ന ഉത്സാഹിക്കുന്ന നിങ്ങൾ എന്തൊരു മൃഗപ്രായന്മാരാണ. മൃഗങ്ങൾക്കുടി ഇപ്പൊഴെറങ്ങുകയില്ലല്ലൊ. വൈദഗ്ദ്ധ്യം നാഗരികത്വം മുതലായ സൽഗുണങ്ങൾ വിളങ്ങിയിരിക്കുന്ന ഈ പരിഷ്കാരകാലത്തു നിങ്ങൾ ഇത്ര വിവേകശൂന്യന്മാരായിപോയതിലാണ ആശ്ചര്യം. എടൊ കുഞ്ഞുങ്ങളെ ഉദിക്കുന്നതിനു മുമ്പു നിങ്ങളെ വല്ലവരും വഴിയിൽവച്ചു കാണാമെങ്കിൽ നിശ്ചയമായി നിങ്ങൾ പേയന്മാരും മറിപ്പന്മാരുമാണന്നു പറയുന്നതിനു ഒട്ടുംസംശയിക്കുകയില്ല നിങ്ങൾ അത്ര പേടിച്ചിട്ടാവശ്യമില്ല. പതിനൊന്നാം മണിനേരത്തു ചെന്നെത്തുന്നവരൊടുക്കുടിപോയാലും മതിയാകുമെന്നുണ്ടല്ലൊ. അതിനാലും ഇത്ര ധൃതിവച്ചിട്ടാവശ്യമില്ല. ഇനിഒക്കെ നിങ്ങളുടെ മനസ്സുപൊലെ. ഞങ്ങൾ പറയാനുള്ളതു പറഞ്ഞുകഴിഞ്ഞു. ഞങ്ങൾ രണ്ടായാലും കുറെ താമസിച്ചെയുള്ളു. പക്ഷെത നിങ്ങൾ അവിടെ എത്തുന്ന നിമിഷത്തിൽ ഞങ്ങളുംക്കുടെ ഉണ്ടായിരിക്കും. അതിനുതക്കമില്ല. ഒരുവേള മുമ്പന്മാർ പിമ്പന്മാരും പിമ്പന്മാർ മുമ്പന്മാരുമായിതീർന്നെക്കുമെന്നുകുടി ഓർമ്മയുണ്ടായിരികണം. "ശ്രദ്ധമതി" ഇതുകേട്ടു പരമാർത്ഥമെന്നു കരുതി നിന്നുകളവാൻതുടങ്ങി. അപ്പൊൾ "ഉത്സാഹി" അവന്റെ കൈയ്യ്പിടിച്ചു വഞ്ചകമായ ഈ ഉപദെശത്തിനു ശ്രദ്ധ കൊടുക്കരുതെന്നു പറഞ്ഞു രണ്ടുപെരും കുടി വേഗം മുമ്പൊട്ടു നടന്നു. അവർ തങ്ങളെ അനുസരിക്കാതെ പൊകയാണന്നു "പിണകി" കണ്ടാറെ ചിരിയും പരിഹാസവും നിർത്തി ശകാരം തുടങ്ങി. അതും അവരെത്ര പ്രമാണിക്കുന്നില്ലന്നുകണ്ടു കല്ലു പെറുകി എറിഞ്ഞു ഉപദ്രവിച്ചു തുടങ്ങി. ഇതുകണ്ടു

"ശുദ്ധമതി" തിരിഞ്ഞുനിന്ന അവരൊട്ട സംസാരിപ്പാൻ ഭാവിച്ചു. എ ന്നാറ "ഉത്സാഹി" അവന്റെ കൈയ്യ വീണ്ടുംപിടിച്ചു മുമ്പൊട്ട ഓ ടി അവർ കുറെ നടന്നപ്പൊൾ തങ്ങളെ അസഹ്യപ്പെടുത്തിയതായ അ വന്റെ ദുർഭാഷിതങ്ങൾ പിന്നെ അവർ കേട്ടതുമില്ല.

ഇങ്ങനെ അവർ രണ്ട പെരും ചെറുപ്പെതങ്ങളുടെ മാതിരി വ ർത്തമാനവും പറഞ്ഞു നടന്നുകൊണ്ടിരിന്നു. ഹാ- എന്റെ ഉത്സാഹിക ഞ്ഞെ, ഈ യാത്ര എത്രനാൾ പിടിക്കും. ഇതിന്റെ അവസാനം കാണ്മാ ൻ ഇനിക്ക വൈകുന്നു.

ഉത്സാഹി—ഇതിന്റെ അറുതിയെകുറിച്ചു വിചാരിപ്പാൻ ഞാൻ ഇതെവരെ തുടങ്ങിയില്ല. ഇപ്പൊൾ തിരിച്ചുതല്ലെയുള്ളു. വഴി വളരെ വഴുവഴുപ്പും ദുഷ്കടവുമുള്ളതാകയാൽ ഇതിന്റെ അവസാനത്തുകൽ എ ത്തേണമെങ്കിൽ കുറെ പരിശ്രമിച്ചെ ഒകത്തൊള്ളു എന്നാണ തോന്ന ന്നതു.

ശുദ്ധമതി—നാം ഇപ്പൊൾ നടന്നുകൊണ്ടിരിക്കുന്ന ഈ വഴിയാ ണെങ്കിൽ അവിടെ എത്തുന്ന കാര്യത്തിനുണ്ടൊ തക്കം. നേരെമറിച്ചു വ ഴി ഇതിലും കുറെ ഉപദ്രവമുള്ളതായിരുന്നാലും ഞാൻഅവിടെ എത്താ മെന്നു തന്നെ ഉറച്ചു.

ഉത്സാഹി—അങ്ങനെതന്നെ ഇനിക്കും വളരെ താല്പര്യമുണ്ടു.

ശുദ്ധമതി—ആഭവനം എത്ര വിശേഷമായിരികണം. അതെ അ വിടെ നാം എത്തിയാൽ ഭാഗ്യമുള്ളവരായി. അല്ലെ- നമ്മുടെ സന്തൊ ഷത്തിനും ഭാഗ്യത്തിനും പിന്നെ ഒരികലും ഒരു ന്യൂനതയും വരുന്നത ല്ലല്ലൊ?. ഇങ്ങനെ അവർസംസാരിച്ചുകൊണ്ട നടന്ന ഇടകൊണ്ട ശ്രേ ന്യസ്ഥലത്തിനുസമീപെവന്നു. "ഇതുകണ്ടാൽ എത്രഭയങ്കരം എന്റെ ഉത്സാഹി"

ഉത്സാഹി—ഈ ആയുധങ്ങൾ നമ്മുടെ കൈവശമുള്ളകാലത്തെ ങ്കും ആരെയും ഒന്നും ഭയപ്പെടുവാനില്ല. ഇതാ നിനക്ക ഭീതിതോന്നിയി രിക്കുന്ന കാട്ടുകളുടെ ഇടയിൽ കൂടി ഞാൻ ഒരു വഴിത്താര കണ്ടിരിക്കു ന്നുവല്ലൊ വേഗം നടന്ന വാ.

ഹാ. എന്റെ പ്രിയ ഉത്സാഹി, അവിടെ ഒന്ന നിൽകണെ! നിൽകണെ! ഏതു വഴി? ഇതു ഞാൻ ഊഹിച്ചിരുന്നതിലും അധികം ഭയമുള്ള ഒരുവഴി തന്നെ. ഇതിലെകൂടി കടന്നുപോകുന്ന കാര്യം വള രെ പ്രയാസമെന്നു തോന്നുന്നു.

ഉത്സാഹി—നേരത്തെയുള്ള നിന്റെ സംസാരം കേട്ടപ്പൊൾ ഇ നിക്ക നിന്നെകുറിച്ചു നല്ല ധൈര്യം ഉണ്ടായി ഇപ്പൊഴതിനു നേരെ പ്ര തികൂലമായി കാണുകയാൽ നീ പറയുന്നതൊന്നും വിശ്വസിപ്പാൻ പാ ടില്ലാതെവരുന്നു.

ശുദ്ധമതി—ഇതു ദുഷ്കടമാണെന്നു ആരറിഞ്ഞു. ഇങ്ങനെ വല്ലതും ഉണ്ടെന്നറിഞ്ഞിരുന്നെങ്കിൽ ഞാൻ ഒരക്ഷരം മിണ്ടുകയില്ലായിരുന്നു.

ഉത്സാഹി—ഇതു സാരമില്ല. ധൈര്യമായിരിക. ഇപ്പൊൾ നാം അനുഭവിക്കുന്ന ദുഃഖങ്ങളെല്ലാം താമസമെന്യെ സംഭവിപ്പാനിരിക്കുന്ന

സന്തോഷത്തോടുപമിച്ചാൽ ഇതെല്ലാം നാസ്തി എന്നുതോന്നും.

ശുദ്ധമതി—ഈ ഗുസ്സഹമായ വ്യസനത്തെ സഹിച്ചിട്ടല്ലെ അതു സിദ്ധമാവു. അങ്ങനെ ഇനിക്ക ക്രൂടിയെകഴിയു എന്നില്ല. അയ്യോ എന്റെ കാലിൽ ഒരു മുള്ളുകൊണ്ടു തറഞ്ഞു. ഉത്സാഹി തിരിഞ്ഞുനോക്കിയപ്പോൾ മിക്കവാറും നടക്കാൻപാടില്ലാത്ത ഒരവസ്ഥയെഅവൻ പ്രാപിച്ചിരിക്കുന്നതായി കണ്ടു. ഉടനെ ഉത്സാഹി തന്റെ വാൾ ഊരി ആ മുള്ളു മെല്ലെചെത്തി പുറത്തെടുത്തുകളഞ്ഞില്ലായിരുന്നെങ്കിൽ അവൻ അവിടെ തന്നെ ഇരുന്നുപോയേനെ.

ശുദ്ധമതി—ഞാൻ ഇനി എന്താചെയ്യേണ്ടതു. എന്റെ ഉത്സാഹി എന്നാൽ പ്രയാസമാണ ഈ വഴിയെക്രൂടി നടന്നു പോരുവാൻ.

ഉത്സാഹി—ഇനികൊരു പ്രയാസവും തോന്നുന്നില്ല. നിന്റെ സംശയം നിമിത്തമാണ നിനക്കീ അബദ്ധങ്ങളെല്ലാം ഉണ്ടാകുന്നതു. അതിനാൽ നല്ല ധൈര്യമായിരിക്ക ഒട്ടും ചഞ്ചലപ്പെടരുതു.

ശുദ്ധമതി—കൊള്ളാം നീ എന്റെ ക്രൂടെയില്ലായിരുന്നു എങ്കിൽ ഞാൻ ഇപ്പോൾ തന്നെ തിരിച്ചുപോയെനെ.

ഉത്സാഹി—തിരിച്ചുപോകുന്ന കാര്യം പറയരുതെ. ഈ സമയം കൊണ്ടു ഇവർ ഇതിലും അപകടകരമായ ഒരു ചെരുവിൽ വന്നിറങ്ങി. പുറകോട്ട നോക്കാതെ പതുക്കെ പതുക്കെ നടന്നു. ഉത്സാഹി ആ ചെരുവു കഴിഞ്ഞു. (പുത്തുവരുത്തം ഓരാൾക്കുമാത്രം നന്നാ പ്രയാസപ്പെട്ടു നടക്കാൻ മാത്രമെ വഴിക്കു വീതിയുണ്ടായിരുന്നുള്ളു. ഇതിന്റെ വടക്കുവശം എല്ലാം തുടൽ മൽപടപ്പു പടിഞ്ഞാറുവശം ഒരു ഭയങ്കരമായ കിഴുക്കാംതൂക്കുമുള്ള കുഴിയുമായിരുന്നു.) ഉത്സാഹി ഈ വഴി കടക്കുന്നതുവരയ്ക്കും പരമാത്മാ ആ ചെരിവിൽ വന്നിട്ടില്ലാഞ്ഞു.

ഉത്സാഹിയെ, അവിടെ നിക്കുണമെ. നമുക്കു കൊണ്ടുപൊകുന്നതിനു ഞാൻ കുറെപഴങ്ങളെ പറിക്കുകയാകുന്നു. മരുഭൂമിയിൽ ഇതൊന്നും കാണുകയില്ലല്ലൊ.

ഉത്സാഹി—ഇല്ലില്ല. പ്രിയ ശുദ്ധമതി പഴം പറിക്കുന്നതിനു താമസിക്കുണ്ടെ. നമുക്കു വഴിക്കുആവശ്യമുള്ള ആഹാരത്തെ തന്നയച്ചിട്ടുള്ളതു നിന്റെ പകൽ ഇല്ലെ. അതു ക്രൂടാതെ മറെറാരാഹാരത്തിനു നമുക്കിപ്പഴ ആവശ്യമില്ല.

ശുദ്ധമതി—എന്നാൽ അവിടെ നിൽക്കു. നിന്റെ നടപ്പു ബഹു ശിഷ്ട്യംതന്നെ ഞാൻ നിന്റെ ഒപ്പം നടന്നെത്തുന്ന കാര്യം സംശയം. ഇതുമായപ്പൊഴെക്കു ഇവനും ആചെരുവിൽവന്നു. അവിടെ നോക്കിയാറെ ഇവനു ബഹു ഭയം തോന്നുകയാൽ അവിടെ സംശയിച്ചു നിന്നുകളഞ്ഞു. ഞാൻ ഈ വഴുവഴുപ്പുള്ള വഴിയെനടന്നാൽ തൊറിതട്ടി വീണു ഈ ഗുഹയിൽ കിടക്കുന്ന ദുഷ്ടമൃഗങ്ങൾക്കു പക്ഷെ ഇരയായിതീർന്നെക്കാവുന്നതിനാൽ പിറകിൽ താമസിച്ചു അലസനെറയും പിണകിയുടെയുംക്രൂടെ വരത്തൊള്ളു എന്നുതോന്നുന്നു. അവർഏളുപ്പവും പ്രയാസക്കുറവുമുള്ളതായ ഒരു വഴിയും കണ്ടിട്ടുണ്ടെന്നു പറഞ്ഞുവല്ലൊ.

ഉത്സാഹി—നീ എന്താ അവിടെവന്നു സംശയിച്ചു നിൽക്കുന്നതു.

ഇതാ ഇവിടെ ഒരുനല്ല പാഥകാണുന്ന ക്ഷണം വാ അല്ലെങ്കിൽ ഞാൻ പോകും.

ശുദ്ധമതി—ഇനിക്കീ വഴിയെ നടന്നുവരുവാൻ നല്ല ധൈര്യം വരുന്നില്ല. അതുകൊണ്ട് നീ പോകുന്നെ പൊകൊ ഞാൻ പുറകെ പിണങ്കിയുടെ കൂടയും മറുമെയുള്ള എന്നു പറഞ്ഞു തിരിച്ചുപോന്നു.

കെ തുടരും.

കഴിഞ്ഞുപോയ കരിങ്ങാട്ടിൽ ബഹുമാനപ്പെട്ട സ്കറിയാ കോറെഹിസ്കോപ്പാ അവർകൾ

പ്രിയപത്രാധിപരവർകളെ. ഈ ഇടവകയ്ക്കു ഒട്ടുക്കു ഏറ്റവും ദുഃഖകരമായിരിക്കുന്നു ഈ മരണത്തെക്കുറിച്ചു ഈ ചെറിയ ലേഖനം പ്രസിദ്ധപ്പെടുത്തി ഞങ്ങളുടെ ഖേദത്തെ പൊതുവിൽ ഭാഗിച്ചു ആശ്വസിപ്പിക്കണമെന്നു അപെക്ഷിക്കുന്നു. ഈ വലിയ ഇടവകപള്ളിയിൽ കഴിഞ്ഞ പത്തുകാലമായി ഏതുയും പ്രാപിച്ചിരുള്ള വികാരിയായിരുന്ന ബഃ കരിങ്ങാട്ടിലച്ചൻ പ്രായാധിക്യം ഭവിക്കാതെ മരണത്തിനു ഒരുമാസം മുമ്പുവരെ പൂർണ്ണ ആരോഗ്യതയിൽ ഇരുന്നിരുന്നു. മരണകാരണമായി പിൻകഴുത്തിൽ ഒരു പരു (രാജപരു എന്നു സാധാരണ പറയുന്ന തരം) ആരംഭം മുതല്ക്കു സാമാന്യം ശക്തിയായി കണ്ടു വരുകയും ക്രമത്തോറും വളരെ ഭയങ്കരമായി തീരുകയും ബോധക്ഷയവും പനിയും മൂർച്ഛാധിക്യവുംകൂടെ ഉണ്ടായി. സ്വസ്ഥതയെക്കുറിച്ചു ഇച്ഛാഭംഗമാകയാൽ മാർ ഗ്രീഗോറിയൊസ മെത്രാപ്പൊലീത്താ തിരുമനസ്സുകൊണ്ടു ഏഴുന്നെള്ളി അന്ത്യത്തൈലാഭിഷെകകർമ്മം നടത്തി. കഴിഞ്ഞമാസം നാലാം മരണം സംഭവിച്ചു. പട്ടക്കാർക്കുള്ള സകല പദവികളോടും കൂടെ മെത്രാപ്പൊലീത്താ തിരുമനസ്സുകൊണ്ടുതന്നെ സംസ്കാരവും നടത്തി. വായനക്കാരുടെ അറിവിനായി ഇദ്ദേഹത്തിന്റെ ചരിത്രച്ചുരുക്കം ഇതൊടു ചെർത്തുകൊള്ളുന്നു.

കഴിഞ്ഞ രണ്ടുതലമുറകളിൽ തുമ്പമൺപള്ളിയുടെ വികാരിമാരായിരുന്ന കരിങ്ങാട്ടിൽ വലിയച്ചനും ഏകപുത്രൻ കൊച്ചച്ചനും നമ്മുടെ സമുദായത്തിൽ സാമാന്യം കീർത്തി സിദ്ധിച്ചിട്ടുള്ളവരാണു. വലിയച്ചൻ കോലഹ് സായ്പിന്റെ ഉറ്റമിത്രവും അക്കാലത്തു പട്ടക്കാരുടെ ഇടയിലും നടപ്പായിരുന്ന തടിക്കച്ചവടവും, പാലക്കുന്നത്തു വല്യമെത്രാച്ചന്റെ ക്ഷണാതി അളിയതവും ജനറൽവികാരിത്വവും ഉണ്ടായിരുന്നു. അദ്ദേഹം കോട്ടയത്തു ചെറിയ പള്ളിയിൽ വികാരിയായിരുന്നു. കൊട്ടാരക്കരയും അതൊടുചേർന്ന പള്ളികൾക്കും ജനറൽവികാരിയുമായിരുന്നു. അവസാനം സ്വന്ത ഇടവകയിൽതന്നെ വികാരിയായിരുന്ന വളരെ സൌഭാഗ്യാനുഭോഗത്തിൽ ഏകദെശം വ്യാവയസ്സുപ്രായംചെന്നു ഫ്രവ്വരി-ൽ ദെഹവിയൊഗം ചെയ്തു.

ഈ ലെഖനവിഷയമായിരിക്കുന്ന കൊച്ചുചുൻ പാലക്കുന്നത്തുവല്യമെത്രാച്ചനിരുന്നിന്ന പട്ടമേറ്റു. യെരുവ്വനത്തിൽ തടികച്ചവട ഏർപ്പാടുനിമിത്തം ഒരികൽ കൊളമ്പുവരെ അകാലത്തുപോകുന്നതിന ധീരനായിരുന്ന. പാത്രിയക്കീസു ബാവാ മലയാളത്തു എഴുന്നെള്ളിയിരുന്നപ്പോൾ പട്ടം മാറി കൈക്കൊണ്ടു. തന്റെ പിതാവിന്റെ കാലശേഷം സ്വന്തഇടവകയ്ക്കു വികാരിയായി നിയമിക്കപ്പെട്ടു. ഭാരമെറിയ മരാമത്തായിരുന്ന പള്ളി പണി അദ്ദേഹം നടത്തിയില്ലായിരുന്നെങ്കിൽ മിക്കവാറും ദുസാദ്ധ്യം തന്നെയായിരുന്ന. കഴിഞ്ഞകൊല്ലം പുണ്യസ്ഥലദർശനത്തിനായി മാർ ഗ്രീഗൊറിയൊസു മെത്രാപ്പൊലീത്താ തിരുമനസ്സിലെ സമേതം യാത്ര ചെയ്തിരുന്ന. യറുശലെമിന്റെ മാർഗ്രീഗൊറിയോസ ബാവായാൽ കോറെഹിസ്കൊപ്പാ ആക്കപ്പെട്ടു. മടങ്ങിവന്നശെഷം കഴിഞ്ഞ തുലാമാസത്തിൽ തന്റെ ഭാര്യയുടെ മരണംസംഭവിച്ചു. തനിക്കു ൫൦ വയസ്സിനുപരം ഇല്ലായിരുന്ന. തന്റെ നാലുപുത്രന്മാരിൽ രണ്ടാമൻ ഒരു ശെമ്മാശനാണ. ആൾ സാമാന്യം ദ്രുഢഗാത്രനായിരുന്ന. ശബ്ദം ഏറ്റു സംഘത്തിലും ഉയർന്നു മണിനാദസമമായി മുഴങ്ങുന്നതും കൽപ്പിക്കുന്നതും നന്നെ വശ്യപ്പിക്കുന്നതുമായിരുന്ന. അദ്ദേഹത്തിന്റെ ചൊല്ലുകൾപ്പാൻ ഇമ്പമില്ലാത്തവർ തുല്യഭമെകാണ. പ്രകൃതമൊ അതിൽ പരമായിരുന്ന. ഹൃദയം മറവില്ലാത്ത പരമാർത്ഥതയൊടു കൂടിയതും തീക്ഷ്ണസ്വഭാവം ഉള്ളതും ആയിരുന്ന. ഇദ്ദേഹത്തിന്റെ മരണം ഈ ഇടവകയ്ക്കു ഒരു വിധത്തിലും തീരാത്ത കൂടാത്ത നഷ്ടമായിരിക്കുന്ന. ഇതിലും പ്രായപ്പുന്മാരായ ഇടയന്മാരെ ദൈവം തന്റെ ഇടവകയിൽ ഉയർത്തുമാറാകട്ടെ എന്നു വിനയമായി പ്രാർത്ഥിച്ചു ആശ്വസിച്ചുകൊള്ളുന്നു.

ഒരു ഇഷ്ടൻ.

സൂചനകൾ

ആർത്താറുപള്ളിക്കേസു—ഈ കേസു പിന്മുറിച്ചു ജഡ്ജി എറണാകുളം ജില്ലയിലേക്കു സ്ഥലം മാറിപ്പോയതുകൊണ്ടു ഇതെവരെ തീർച്ചുകിടന്ന. ഇപ്പോൾ കേസു എറണാകുളത്തെക്കു മാറുവാൻ അപ്പീൽകോർട്ടുകാർ രീച്ചുപ്പെടുത്തിയിരിക്കുന്നതിനാൽ താമസിയാതെ തീയ്യതിയും വിധിയും ഉണ്ടാകുമെന്നു വിശ്വസിക്കുന്നു.

* * *

ചെറിയപള്ളിക്കേസു—കോട്ടയത്തു ചെറിയ പള്ളിയും സ്വത്തുക്കളും ഒഴിപ്പിക്കുന്നതിനുള്ള അന്യായം ജൂമാസാദ്യം അലപ്പുഴയിലെ മുനുസിഫ് കോർട്ടിൽ നമ്പർ നന്ത്രായി ഫയൽ ചെയ്യപ്പെട്ടിരിക്കുന്നു- വാദികൾ- ക- മാർ ദീവന്നാസ്യൊസ് മെത്രാപ്പോലീത്താ അ—ൽ ഉ- മാർ പൌലൊസ അത്താനാസ്യൊസ മെത്രാപ്പോലീത്താ അ—ൽ ന- പിഗാരി കാരയാട്ടു തോമ്മാകത്തനാർ അ—ൽ ഴ- കൈക്കാരന്മാരായ കുന്നപ്പുറത്തു കയ്യൻ അ—ൽ ഒ- നട്ടാശ്ശേരി ചെറിയാൻ. അ—ൽ ഇവരും പ്രതികൾ ക- പുന്നത്ര ചാണ്ടപ്പിള്ളകത്തനാർ അ—ൽ ഉ- ടി- ചാക്കൊ അ—ൽ ന- വളയുചിറയ്ൽ വക്കി അ—ൽ ഴ- പനമ്പുന്നയിൽ ഉണിച്ചെറിയ അ—ൽ ഒ- കൈപ്പള്ളിൽ മാത്തൻ അ—ൽ ഇവരുമാണ. ന്യായചുരുക്കം- വിവാദപള്ളിയും വസ്തുക്കളും യാക്കോബായ വിശ്വാസപ്രകാരമുള്ള ആരാധനയ്ക്കായി അന്ത്യോഖ്യാ പാത്രിയക്കീസിനും ആ ആജ്ഞയിൽ ഉള്ള മെത്രാൻ, കത്തനാർ എന്നിവരുടെ കീഴും ജരിപ്പാൻതക്കവണ്ണം ഒരുപ്രത്യെക ട്രസ്റ്റിന്മേൽ ഉണ്ടായിട്ടുള്ളതും പ്രതികൾ വിശ്വാസവും മേലധികാരവും ഭേദപ്പെടുത്തിയിരിക്കുന്നതിനാൽ ആദ്യ ട്രസ്റ്റിന്റെ ഉദ്ദേശത്തിലേക്കു ഒഴിപ്പിച്ചു കൊടുക്കണമെന്നുമാകുന്നു.

ക്രിസ്ത്യൻപെറ്റീയൊറ്റ് എന്ന മിഷ്യൻ ഇംഗ്ലീഷു പത്രത്തിൽ പുരിയ നവീകരണസ്ത്രീകളുടെ മഹത്വങ്ങളെ ഒരു ലേഖകൻ വർണ്ണിച്ചിരിക്കുന്ന കൂട്ടത്തിൽ മാർ ദീവന്നാസ്യോസ സിമ്മനാരി സുറിയാനി എന്ന നാമംധരിച്ച സമുദായങ്ങൾക്കു പൊതുവായിരിപ്പാൻ ഡാറാസാസ്സിന്റെ വക പതിനയ്യായിരമൊ ഇരുപതിനായിരമൊ രൂപായുടെ ദാനംകൊണ്ടു സ്ഥാപിച്ചതാണെന്നും അതിനു ഇപ്പോഴത്തെ പേർ ഉചിതമല്ലെന്നും ഒരു നവീകരണക്കാരൻ പാദ്ധ്യാരാകുവാൻ ചെയ്ത അപേക്ഷയെ അകാരണമായി നിഷേധിച്ചു എന്നും ബാവാകക്ഷികൾ പള്ളിക്കുടം അപഹരിച്ചിരിക്കുന്നതുപോലെയാണെന്നും മറ്റും അഭിപ്രായപ്പെട്ടിരിക്കുന്നു. ആ ലേഖനം എഴുതിയ വിദ്വാൻ ഈ ഇടയിടെ കപ്പലേൽ വന്നിറങ്ങിയ ഇംഗ്ലീഷുകാരനാണെന്നു തോന്നുന്നു. അല്ലെങ്കിൽ ഇത്ര വിവരമില്ലാതെ എഴുതുവാൻ ഇടയില്ല.

❖ ❖ ❖

ശുദ്ധ പാർത്തിയക്കീസുബാവാ—മൂസൽ പട്ടണത്തിൽനിന്നും ഒരാളിടെ കിട്ടിയിരിക്കുന്ന ചില എഴുത്തുകളിൽ താഴെപ്പറയുന്ന സംഗതി പ്രസ്താവിച്ചിരിക്കുന്നു- എത്രയും പരിശുദ്ധനായ രണ്ടാമത്തെ അബ്ദ്മശീഹാ ഇഗ്നാത്യോസ പാർത്തിയക്കീസുബാവാ തിരുമനസ്സിലെക്കു തൂക്കി ശവപ്പെട്ടിൽ നിന്നും കീഴടപ്പുനസരിച്ചുള്ള വിളംബരം പ്രസിദ്ധപ്പെടുത്തിയതിനു പുറമെ ബഹുമാനചിഹ്നമായ ഒരു സ്ഥാനമുദ്രയും കൊടുക്കപ്പെട്ടിരിക്കുന്നു- തിരുമനസ്സുകൊണ്ടു ഇപ്പോൾ എഴുന്നെള്ളി താമസിക്കുന്ന അമ്മീദ് (ഡയർബെക്കർ) ഇടവകയിലെ ഭദ്രാസനപ്പള്ളി അരമനയിൽ ഇതിനായി ഒരു ഡർബാർ കൂടിയിരുന്നു. സുൽത്താന്റെ പ്രതിനിധിയായ ആ സംസ്ഥാനത്തെ ഗവർണർ അവിടെ സ്ഥിരമായി സ്ഥാപിച്ചിരിക്കുന്ന പട്ടാളവും ലഘു ശമിപ്പിക്കുവാൻ പ്രദേശത്തുള്ള പട്ടാളവും ഉൾപ്പെടെ ൮൦൦ പട്ടാളക്കാരും പുറരാജ്യ കോശ്മകളുടെ പ്രതിനിധികളും ബാന്റു മുതലായ ആഘോഷങ്ങളും സഹിതംകൂടി ശവർണർ വിളംബരം വായിച്ചു പ്രസിദ്ധപ്പെടുത്തുകയും സ്ഥാനചിഹ്നം ഭ്രഷിപ്പിക്കയും ചെയ്തു. ഇതിനാൽ മേലിൽ പാർത്തിയക്കീസുബാവാ എഴുന്നെള്ളുന്ന സ്ഥലങ്ങളിൽ ശവർണ്ണർ ഉദ്യോഗസ്ഥന്മാർ ബഹുമാനം ചെയ്കയും പട്ടാളക്കാർ ആചാരവെടി വയ്ക്കയും ചെയ്വാൻ ആവശ്യപ്പെട്ടിരുന്ന അവസ്ഥയാണ പ്രാപിച്ചിരിക്കുന്നതു. യോഗത്തിൽ കൂടിയിരുന്ന പ്രധാന ഉദ്യോഗസ്ഥന്മാരും പ്രതിനിധികളും പട്ടക്കാർ മേല്പട്ടക്കാർ മുതലായവരും ആഘോഷം വിളിക്കയും ചിലർ യോശ്യന്മാർ പ്രസംഗങ്ങൾ പറകയും ഒടുവിൽ പിതാവു എല്ലാവരെയും ആശീർവ്വദിച്ചു പിരിക്കയും ചെയ്തു. തുർക്കിസർക്കാർവക ഗസെറ്റിൽ ഒരു വിവരം പ്രസിദ്ധപ്പെടുത്തിയിട്ടുമുണ്ടു. ഇപ്പോൾ കിട്ടിയിരിക്കുന്ന വിളംബരത്തിന്റെ താല്പര്യപ്രകാരം ഒരു സുറിയാനിക്രിസ്ത്യാനിയെ സിവിൽകോടതിയിൽ നിന്നു വിധികടത്തിനു പാടുണ്ടാൽ പടിക്കണമെങ്കിൽ പാർത്തിയക്കീസിനെ മുന്നറിയിപ്പു കൊടുത്തു അനുമതി പ്രാപിച്ചതിനുമേൽ മാത്രമെ പാടൊള്ളു.

❖ ❖ ❖

പുലസഭ—മണർകാട്ടുപള്ളി ഇടവകയിൽ ഉൾപ്പെട്ട അമയന്നൂർദേശത്തു മഠത്തിൽ തോമ്മാ എന്ന ആളിന്റെ ഉത്സാഹത്തുമേൽ ഒരു പുലസഭ നടത്തിവരുന്നു പിവരം ഇതിനുമുമ്പിൽ പ്രസ്താവിച്ചിട്ടുണ്ടല്ലൊ- ആസഭ ഇന്നും നന്നായി നടന്നവരുന്നഎന്നറിയുന്നതിൽ സന്തോഷിക്കുന്നു- ഇപ്പോൾ പുതുക്രിസ്ത്യാനികളുടെ ആവശ്യത്തിനായി പരജനസഹായത്തുമേൽ ഒരു പള്ളി പണിയിച്ചു പ്രതിഷ്ഠയുണ്ടു- ആരംഭകാലത്തു സ്ഥലത്തുള്ള സുറിയാനി ക്രിസ്ത്യാനികൾ ഇതിൽ വേണ്ട സഹായം ചെയ്യാമെന്നു വാഗ്ദത്തം ചെയ്തിരുന്നതിനെ വിശ്വസിച്ചാണു ടി- തോമ്മാ വേലതുടങ്ങിച്ചതു- പള്ളി പണിയുമ്പോൾ പുലക്രിസ്ത്യാനികൾകല്ല പഴയ ക്രിസ്ത്യാനികൾക്കായിട്ടു ഉപയോഗപ്പെടുത്തിക്കൊള്ളാമെന്നുള്ള വിചാരത്തുമേൽ ആയിരുന്നു സഭീപസ്ഥന്മാർ ആദ്യം ഉത്സാഹിച്ചതെന്നു തോന്നുന്നു- പുതുക്രിസ്ത്യാനികൾക്കായിട്ടു മാത്രം പള്ളി ഉപയോഗപ്പെടുത്തുവാൻ തീർച്ചപ്പെടുത്തിയപ്പോൾ ആദ്യസഹായികൾ പിന്മാറുകയുണ്ടായതുമൂലം നടത്തക്കാരനായ ടി- തോമ്മാ വളരെ ബുദ്ധിമുട്ടി വരുന്നു- എതുവിധവും ശരിയായി നടത്തണമെന്നുള്ള ഉത്സാഹത്തുമേൽ ആമനുഷ്യൻ സ്വന്തകയ്യിൽനിന്നുതന്നെ ൫൦ രൂപാവരെ ചിലവുചെയ്തിരിക്കുന്നതായി അറിയുന്നു- നി- വ- ദിശ്രീ- മാർ പൌലൊസ അത്താനാസ്യോസ മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടും മാർ ശ്രീ ഗോവിയൊസ മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടും ഈ വേലകണ്ടു ശ്ലാഘിക്കയും പരജനസഹായത്തിനു കല്പനകൾ കൊടുക്കയും ചെയ്തിട്ടുണ്ടു- എല്ലാവരും കഴിയുന്ന സഹായങ്ങൾ ചെയ്തുകൊടുത്താൽ കൊള്ളാം- തോമ്മാ അവർകൾ ധർമ്മശേഖരത്തി

നായി സഞ്ചരിക്കേണ്ടി വന്നിരിക്കുന്നതിനാൽ അയാൾക്കു സഹായിയായി സഭയിൽ വേലചെയ്യാമെന്നു പൈങ്ങോട്ടു പോത്തൻ എന്നൊരാൾക്കൂടി ഒയവായി ഭരമേറ്റിരിക്കുന്നതായി അറിയുന്നതു സന്തോഷം തന്നെ-

മറ്റൊരു പുലസഭ—കോട്ടയത്തു പുത്തൻപള്ളി വകയിൽ നിന്നു കിഴവുചെയ്തു അടുത്ത വേളൂർ ഒരു പുലപ്പള്ളിക്രൂടം ആരംഭിച്ചിരിക്കുന്നു- പള്ളിക്രൂടം തുറന്നു പോയ വ്യാഴാഴ്ചയായിരുന്നു- പട്ടകാരിൽ രണ്ടാളികളും പ്രധാനികളിൽ പലരും ഹാജരുണ്ടായിരുന്നു-

നവീകരണ സ്കൂൾ—ഇതു സ്ഥാപിക്കപ്പെട്ടിരിക്കുന്ന സ്ഥലം ഗവർമ്മെണ്ടിലേക്കു എടുക്കുവാൻ നിശ്ചയിച്ചു പൊന്നും വിലയും നിശ്ചയിച്ചു എഴുതിപ്പോയതായിരുന്നു എന്നു പായനകാർ കേട്ടിരിക്കുമെല്ലൊ. ഈ സ്ഥലം സർക്കാരിലേക്കു എടുക്കുവാൻ നിശ്ചയിച്ചു പൊന്നും വിലയും തിട്ടപ്പെടുത്തിയിരിക്കുമ്പോൾ അതിൽ കെട്ടിടം പണിവാനുള്ള കാരണമെന്തെന്നു സമാധാനം ബൊധിപ്പിക്കണമെന്നും ജനിയരു ഉത്തരവുണ്ടാകുന്നതുവരെ യാതൊരു പണിയും നടത്തരുതെന്നും ഉത്തരവും പ്രകാരം താഴത്തു ചാണ്ടപ്പിള്ള കത്തനാർക്കു താല്ക്കാലികചുമതലയിൽനിന്നു പൊയഴുതുകയിൽ നോട്ടീസു കൊടുത്തിരിക്കുന്നതായി അറിയുന്നു.

വേറൊരു പുലസഭ—ഇടവകപത്രികയിൽ മുമ്പൊരിക്കൽ പറഞ്ഞിരുന്ന അഭിപ്രായം വെളിയനാട്ടുപള്ളിക്കാരെ നന്നായി തട്ടിയിരിക്കുന്നു- അവിടത്തെ പ്രധാനിയായ രാ- രാ- വാഴയിൽ തോമ്മാ അവർകളുടെ ചിലവിന്മേൽ പുലയർക്കായിട്ടല്ലാലം ഒരുപള്ളിക്രൂടം സ്ഥാപിച്ചു നൂറിൽ അധികം പുലയരെ ചേർത്തു അക്ഷരാഭ്യാസവും മതോപദേശവും ചെയ്തു വരുന്നു- പള്ളിക്രൂടം ആരംഭിച്ചതു ഏറ്റഘോഷപൂർവ്വം ആയിരുന്നു- പള്ളിക്രൂടം പള്ളിയാക്കുന്നതിനു സർക്കാരനുവാദത്തിനു വേണ്ടി അപേക്ഷ അയച്ചിട്ടുള്ളതിനാൽ അനുവാദം കിട്ടിയാൽ ഉടൻ പള്ളി സ്ഥാപിക്കുന്നതാണെന്നായറിയുന്നു. തോറും പുലയർ ക്രൂടി പ്രാർത്ഥന, വേദവായന, സണ്ടെസ്കൂൾ, പ്രസംഗം ഇവ നടത്തിയിരുന്നു- വിശ്വാരി ബെ- കത്തനാരുടെ പരിശ്രമവും ഒട്ടും കുറവല്ല. അടുത്ത നീലംപേരൂർ, കുറിച്ചി, പള്ളം ഈ സ്ഥലങ്ങളിൽക്രൂടെ സഭകൾ ഉണ്ടായാൽ കല്ലുങ്കത്രെ നടന്നവരുന്ന പഴയ പുലസഭയ്ക്കു ബന്ധുതയ്ക്കും ചേർച്ചയ്ക്കും സൌകര്യം ഉണ്ടാകുന്നതാണ.

കാത്തിക്കപ്പള്ളി—യാക്കോബായകൊച്ചൻ എഴുതിയിരിക്കുന്നു: "മലങ്കരമെത്രാപ്പോലീത്താ തിരുമനസ്സിലെ കല്പനയൊട്ടും നിരണം ഇടവകയുടെ മാർ ഗ്രീഗോറിയോസു മെത്രാപ്പോലീത്താ തിരുമനസ്സിലെ സാക്ഷിപത്രത്തോട്ടുക്കൂടി പ്രസംഗപേലകയായി പുറപ്പെട്ടിരിക്കുന്ന തറയിൽ ഗീവറ്ഗീസ എന്നയാൾ മാതൃസഭയെ ഉപദേശത്താൽ വിരുപപ്പെടുത്തുന്നതിനു ബദ്ധപ്പെട്ടുകൊണ്ടിരിക്കുന്ന നവീകരണം, യൂയൊമതം, ആംഗ്ലിയാ എന്നീ ക്രൂട്ടരെ പറഞ്ഞു പരമബോധപ്പെടുത്തുന്നതിനു അസാമാന്യ നൈപുണ്യമുള്ളവനും മഹമ്മഭീയമാർത്തിൽ സാമാന്യ നിപുണതയുള്ളവനുമാകുന്നു. തല്ക്കാലം യാതൊരു പ്രതിഫലവുമില്ലെങ്കിലും ഇക്കാലത്തു ഇങ്ങനെ ഒരു നല്ലമനസ്സു തോന്നിയതു ഈ മനുഷ്യനെറ നിഷ്കളങ്ക ഭക്തി വൈരാഗ്യത്തെക്കുറിച്ചു ഇദ്ദേശവാസികൾക്കുള്ള അപരിമിതമായ കൃതജ്ഞതയെ മറ്റൊരുവിധത്തിൽ പ്രദർശിപ്പിക്കുന്നതിനു തല്ക്കാലം മാർഗ്ഗമില്ലാത്തതിനെപ്പറ്റി ഞങ്ങൾക്കുള്ള മനസ്താപം അല്പമല്ലെന്നു അയാളെ അറിയിക്കണമെന്നപേക്ഷ".

വിശേഷ വർത്തമാനങ്ങൾ.

ഉത്തരജാപ്പാനിൽ ഈയ്യിടെ കടലിൽ സംഭവിച്ച ഭൂകമ്പം നിമിത്തം ഉണ്ടായ വെള്ളപ്പൊക്കത്താൽ, കമാഷി എന്ന പട്ടണവും മറ്റു പൂർവ്വോത്തരഭാഗത്തുള്ള പലപട്ടണങ്ങളും നശിച്ചുപോകുകയും പതിനായിരത്തിൽ പരം ജനങ്ങൾ മൃതിപ്പെടുകയും ചെയ്തിരിക്കുന്നപ്രകാരം കേൾക്കുന്നു-

ലോകത്തിലേക്കും വലിയ കലപ്പ ഇപ്പോൾ അമ്മേറിക്കായിൽ ഒരു കൃഷിക്കാരന്റെ കൈവശമുള്ളതാകുന്നു. അതു വലിക്കുന്നതിനു 80 കരിരകളോ ട്രാക്ടറുകളോ വേണ്ടിയിരിക്കുന്നു. കലപ്പയ്ക്കു പിടിച്ചു ഉഴുന്നതിനു നാലാളുകൾ മതിയാകും.

❖ ❖ ❖

കുംഭകോണം കോളെജിലെ പ്രൊഫെസ്സർമ്മാരിൽ ഒരുവനായിരുന്ന ശങ്കരാചാര്യർ ബി. എ. അവർകളെ കൊച്ചിസംസ്ഥാനത്തിലെ കൊച്ചുതമ്പുരാക്കന്മാരുടെ അദ്ധ്യാപകനായി നിയമിച്ചിരിക്കുന്നു.

❖ ❖ ❖

ഫ്രാൻസിലെ ചൈനാപ്രതിനിധിയും ജാപ്പാൻ പ്രതിനിധിയും ഇംഗ്ലാണ്ടിലെ ബോക്കിൽ ചെന്നു ചേരുകയും അ രണ്ടു ശക്തന്മാരും തമ്മിൽ അതുവരെയുള്ള കൊടുക്കൽ വാങ്ങൽ കണക്കു തീർക്കയും ചെയ്തിരിക്കുന്നു. ജാപ്പാൻ ശക്തന്റെ പേരിൽ വരവു പിടിക്കുന്നതിനു മൂന്നു ലക്ഷം പവന്റെ ഒരു ചെക്കു ചൈനാപ്രതിനിധി ഹാജരാക്കിയിരിക്കുന്നു-

❖ ❖ ❖

നാലുറുപ്പിക പിരിയ്ക്കുള്ള ഒരാഭരണം അപഹരിക്കുന്നതിനുവേണ്ടി ഒരു കൂട്ടിയെ കലപ്പെടുത്തിയ കേസ വയസ്സു പ്രായമുള്ള ഒരു ബ്രാഹ്മണക്കുട്ടിയെ ഭ്രാന്തിന്റെ അസുഖത്തിൽ വച്ചു തുക കൊല്ലുന്നതിനു വിധിക്കയും വിധിനടത്തുകയും ചെയ്തിരിക്കുന്നതായി അറിയുന്നു-

❖ ❖ ❖

തൃപ്പൂണിത്തുറെ ഇഴുയിടെ പെയ്ത ഒരു മഴയുടെ വെള്ളം രക്തനിറമായിരുന്നു എന്നും ഭ്രാന്തവെള്ളത്തിനു രുചിഭേദം കണ്ടും ഉണ്ടായിരുന്നില്ലെന്നും ഒരു പാശ്ചാത്തിൽ ഒന്നരണ്ടു ദിവസം വെച്ചു സൂക്ഷിച്ചപ്പോൾ ചുവന്ന മഷിപോലെ ഒരുമാതിരി ഊറൽ ഉണ്ടായിരുന്നു എന്നും കേരളമിത്രത്തിൽ ഒരു ലേഖകൻ എഴുതിയിരിക്കുന്നു.

❖ ❖ ❖

തിരുനൽവേലിയിൽനിന്നു കൊല്ലത്തേക്കുള്ള തിവണ്ടിപ്പാദ പണി ഉപേക്ഷിച്ചു തിനൊട്ടുക്കുടി കൊച്ചിയിലെക്കുള്ള പാദയെ ഇൻഡ്യാ ഗവർമ്മെൻറു അനുവദിച്ചിരിക്കുന്നതായും പണി ഉടനെ തുടങ്ങുമെന്നും കാണുന്നതിൽ സന്തോഷിക്കുന്നു-

❖ ❖ ❖

ഭ്രാന്തിന്റെ കോട്ടയം താലൂക്കു മുൽപിടിയിൽ പെട്ടിയിൽ കുറവുണ്ടെന്നു ഞാറൊ കളക്ടർജി അയച്ചതു പ്രമാണിച്ചു ദിവാൻപേഷ്കാർ അവർകൾ പെട്ടി ശോധന ചെയ്തതിൽ സകലവും ശരിയായി കണ്ടിരിക്കുന്നു- മുൽപിടികാരനെ ഞങ്ങൾ അത്യന്തം ശ്ലാഘിക്കുന്നു-

❖ ❖ ❖

പൂനായിലെ സിവിൽ ഇഞ്ചിനീയറിംഗ കൊളെജിലെ മിസ്റ്റർ നായിഗംപാലാ അവർകൾ വരുന്ന ആഗസ്റ്റുമാസത്തിൽ ദൃശ്യമാകുന്ന പൂർണ്ണസൂര്യഗ്രഹണം ദർശിക്കുന്നതിനു നൊവ്വെയിലെക്കു പോകുന്ന രാജകീയ സംഘത്തിൽ ചെന്നു ഉൾപ്പെടുന്നതിനായി ഇംഗ്ലാണ്ടിലെക്കു പുറപ്പെടുന്നതിനു ഒരുങ്ങിയിരിക്കുന്നുവെന്നു അറിയുന്നു- ഫ്രവ്രൻവ്വ ജനുവരിമാസത്തിൽ ഇന്ത്യായിൽമാത്രം കാണപ്പെടുന്ന ഖഗ്രാസ സൂര്യഗ്രഹണം ദർശിക്കുന്നതിനു വെണ്ട ഉപകരണങ്ങൾ പതിനായിരം ഉറുപ്പികയ്ക്കുള്ളതു തിരിഞ്ഞെടുത്തു വാങ്ങി കൊണ്ടുവരുന്നതിനു അദ്ദേഹത്തെ ഭരമേല്പിച്ചിരിക്കുന്നതായി കേൾക്കുന്നു- കെ- മി.

❖ ❖ ❖

ഫ്രവ്രം-ാമാണ്ടിടയ്ക്കു മൈസൂർ മഹാരാജാവായിരുന്ന കൃഷ്ണരാജാ ഉടയാർ അവർകൾക്കു ശ്രീരംഗപട്ടണംകാരനായിരുന്ന ഒരു ഗുജറാത്തി വ്യാപാരി രത്നങ്ങൾ, സാൽവകൾ മുതലായവ കൊടുത്ത വകയ്ക്കു ഏഴു ലക്ഷംരൂപാ ചെല്ലാനുള്ളതായി വാദിക്കപ്പെട്ടിരുന്നു- മഹാരാജാവിന്റെ കാലശേഷം ഫ്രവ്വെ-ൽ നിയമിക്കപ്പെട്ട ഒരു കമ്മിഷ്യൻ അഞ്ചര ലക്ഷം രൂപാ കൊടുപ്പാനുണ്ടെന്നു തീർപ്പുയാക്കി- ഭ്രാന്തിടയ്ക്കു ഭ്രാന്തം കുടുംബത്തിന്റെ അവകാശിക്കു ഒരു സ്വത്തായി ശേഷിപ്പിച്ചിട്ടു വ്യാപാരിയും മരിച്ചുപോയി. ഭ്രാന്തം അവകാശിയുടെ സന്തതികൾ പലഭാഗക്കാരായി പിരിഞ്ഞു ഇപ്പോഴും പണംകിട്ടുവാനായി വാദിച്ചുവരുന്നു- മൈസൂർ ഗവർമ്മെൻറിൽനിന്നു ജാതിലെക്കു പ്രത്യേകം നിയമിച്ചിട്ടുള്ള ഒരു കോടതി ഇപ്പോൾ ഈ സംഗതി വിചാരണയ്ക്കു തുടങ്ങിയിരിക്കുന്നു- മ- മനോരമ

ഒരു പ്രസംഗം.

താഴത്തു ചാണ്ടപ്പിള്ള കത്തനാർ കഴിഞ്ഞ ഒരു ശാബതദിവസം തന്റെ ഇടവകയിലുള്ള ജനങ്ങളോടു പ്രസംഗിക്കുകയിൽ, ചെറിയ പള്ളിക്കുവേണ്ടി വീണ്ടും വ്യവഹാരം ഏതിർകക്ഷികൾ ആരംഭിച്ചിരിക്കുന്ന ഏന്നും വാഗ്ദ്ധ്യം നിമിത്തം തനിക്കു മുമ്പിലത്തെപ്പോലെ വ്യവഹാരം നടത്തുന്നതിനു ശേഷി ഇല്ലാതായിരിക്കുന്ന ഏന്നും അതിനാൽ തല്സമുദായത്തിലുൾപ്പെട്ടവരെല്ലാവരും കെയിസിന്റെ ജയപ്രാപ്തിക്കായി പ്രതിദിനം ൯൯-൦൩ സങ്കീർത്തനം പ്രത്യേകം വായിക്കണമെന്നും മറും പ്രസ്താവികയുണ്ടായി.

കെയിസിനു ജയം വരുത്തുവാൻ തക്കതായി അത്ര സാരവത്തായ രഹസ്യങ്ങൾ ഇതിൽ എന്താണ അടങ്ങിയിരിക്കുന്നതെന്നറിവാനുള്ള അത്യാശയൊടുകൂടി ഞാനും എന്റെ പഴയനിയമം ഒന്നു തുറന്നുടി-സങ്കീർത്തനം ഒന്നു വായിച്ചുനോക്കി. അതിൽ "ഭക്തിയില്ലാത്ത ജാതിയൊടു എന്റെ വഴക്കിനെ വ്യവഹരിക്കേണമെ, വഞ്ചനയും അന്യായവുമുള്ള മനുഷ്യരിൽ നിന്നു എന്നെ വിടുവിക്കേണമെ" ഇത്യാദിയാണ കണ്ടതു. ജയപ്രാപ്തിക്കായി ഉദ്ദേശിച്ചിരിക്കുന്ന ഭാഗവും അതിൽ ഇതുതന്നെ ആയിരിക്കുമല്ലൊ.

അച്ചൻ കണ്ടുപിടിച്ച അദ്ധ്യായവും വാക്യവും വളരെ ശ്ലാഘനീയവും ഉദ്ദേശസിദ്ധികരമെന്നുതന്നെയാണെന്നു അച്ചന്റെ അസാധാരണയായുള്ള ബുദ്ധിയിൽ നിന്നു ഉത്ഭവിച്ചതിനാൽ എന്നുമാത്രമല്ല വാക്യത്തിന്റെ സ്വഭാവംകൊണ്ടും ബോധികാവുന്നതാണല്ലൊ. പക്ഷെ സിമ്മനാരി വ്യവഹാരത്തിന്റെ ജയത്തിനായിട്ടും ൦രം സങ്കീർത്തനം ജനങ്ങൾക്കു അന്നം വച്ചുകൊടുത്തതായിരിക്കയില്ലല്ലൊ എന്നു സംശയിക്കുന്നു. ശരി- അതു മറിച്ചു വന്നതിന്റെ കാരണം ജനങ്ങൾ അച്ചന്റെ ഉപദേശത്തെ യഥായോഗ്യം അനുവർത്തിക്കായ്കകൊണ്ടൊ അതൊ തനിക്കു അന്നു അത്ര വൃദ്ധത നേരിട്ടിട്ടില്ലാതിരുന്നതിനാൽ ഭക്തിയില്ലാത്ത ൦രം വഴ്ത്തൊടു എങ്ങനെഎങ്കിലും ജയം നേടികൊള്ളാമെന്നുള്ള ഉശകൊടു ദൈവ സഹായത്തെ അപെക്ഷിക്കാതെ ടി, ഉപദേശം വച്ചുകൊടുക്കാൻ വിസ്മരിച്ചുപോയതിനാലൊ അന്നു വേണ്ടുവോളംപണം സഹായിക്കാൻ ആളുണ്ടായിരുന്നതിനാൽ സങ്കീർത്തനവും പ്രാർത്ഥനയും ഒന്നും അത്ര ആവശ്യമില്ലന്നു കരുതീട്ടൊ അല്ലങ്കിൽ ആ കായ്യം ഇത്രയും ചുമലെകൊള്ളത്തക്കതും തനിക്കു മാത്രം കായ്യനഷ്ടവും വട്ടിയും ഒന്നും ഇല്ലാതിരുന്നതിനാലൊ ആയിരിക്കാം.

ഏതായാലും ഇവർ ശരിയായ വിശ്വാസത്തിൽനിന്നു സത്യആന്തരത്തൊടെ; "ദൈവമെ നീ ഞങ്ങളെ തള്ളികളഞ്ഞു ഞങ്ങളെ ഭിന്നിപ്പിച്ചു. കോപിച്ചിരുന്ന ഞങ്ങളുടെ അടുകൽ ഇനിയെങ്കിലും തിരിയെ വരേണമെ" ഇത്യാദി ൯൦-൦൩ സങ്കീർത്തനംകൊണ്ടു ദിവസംപ്രതി മുട്ടിച്ചാൽ ഇപ്പൊഴത്തെ സ്ഥിതിക്കു ഉചിതവും ഇനി ഒരു കാലത്തു വ

ല്ല കായ്യത്തിനെങ്കിലും നിങ്ങളുടെ പ്രാത്ഥനയുടെ ഫലപ്രാപ്തി ഉണ്ടാ
യേക്കാവുന്നതും ആകുന്നു. അല്ലാതെ കത്തോവെ ഞാൻ ഒരും കള്ളനെ
യും പുങ്കകാരനെയും പോലെയല്ല ഞാൻ ആഴ്ചയിൽ രണ്ടു വട്ടം ഉപ
വാസിക്കുന്നു പത്തിലൊന്നു കൊടുക്കുന്നു എന്നു തന്നത്താൻ നിതികരി
ച്ചു പറഞ്ഞ പരീശനെപ്പോലെ "ഭക്തിയില്ലാത്ത ജനത്തോടുഎന്റെ
വഴക്കിനെ വ്യവഹരിക്കണമെ" എന്നു ഹൃദയങ്ങളെ ശോധന ചെ
യ്യുന്നവനും സകല വിചാരങ്ങളെയും അറിയുന്നവനുമായ ദൈവ
ത്തോടു പറഞ്ഞുകൊണ്ടുചെന്നാൽ ഇതിനുപകരം ഉള്ളകഞ്ഞിയിൽ ക്രൂ
ടി പാറാ വീഴിച്ചേക്കാനെളുപ്പമുണ്ടെന്നാണ എന്റെ അഭിപ്രായം.

ഇതുക്രൂടാതെ എല്ലാം ഏസ്സ് എന്നു മൂളികൊണ്ടിരിക്കുന്ന പാവം
സാധുക്കളായ നിങ്ങൾക്കു ഒരും സൂത്രംവച്ചുതന്ന ആദേഹത്തോടു നിങ്ങ
ൾ ക്രൂടി ഒന്നു ഗുണദോഷിച്ചു കൊടുപ്പാനുള്ളതുണ്ടു. മറൊന്നുമല്ല.
രൻാം സങ്കീത്തനം ദിവസംതോറും വായിക്കണമെന്നും അതിൽ ന്നാം
വാക്യം മുതൽ പ്രത്യെകം ഒന്നു ഓൎക്കയും ചെയ്യുകൊണ്ടു മാത്രം പൂറ
പ്പെട്ടാൽ എല്ലാം ശുഭമായി തീൎന്നേക്കുമെന്നതന്നെ. ഒരും കായ്യത്തിൽ
യാക്കോബായ സുറിയാനിക്കാരായ നമ്മിൽ ചിലക്കും ഒരുവാക്യമെങ്കി
ലും വേണമെന്നുണ്ടെങ്കിൽ "അവരുടെ വായിലെ പാപവും അവരു
ടെ അധരങ്ങളിലെ വഞ്ചനയും അവർ പറയുന്ന ശാപവും ഹേതുവാ
യിട്ടു അവരുടെ അഹങ്കാരത്തിൽ അവർ പിടികപ്പെട്ടും. കോപത്തി
ൽ അവരെനശിപ്പിക്കെണമെ അവർ (മതവിരോധികൾ) ഇല്ലാതാക
തക്കവണ്ണം അവരെനശിപ്പിക്കേണമെ ഭൂമിയുടെ അത്തൃത്തികളിൽ വര
യും ദൈവം യാക്കോബിൽ വാഴുന്നു എന്നു മനുഷ്യർ അറിയപ്പെടുമാ
റാകട്ടെ. എന്നുള്ള രൻാം സങ്കീത്തനം ൫൯. ൫൩. വാക്യങ്ങൾ മതി.

ഇരട്ടക്കണ്ണൻ കെ.

പരസ്യം

വരിപ്പണം ഒത്തിച്ചുതരുവാൻ ഞങ്ങളുടെ വായനക്കാരിൽ ചി
ലർചെയ്യുന്ന ഉദാസീനതയെക്കുറിച്ചു പലപ്പൊഴും ഓൎപ്പിച്ചിട്ടുണ്ടല്ലൊ.
ഇതുകൊണ്ടു ഇവരിൽ ചിലക്കു ഒരുഇളകവും തട്ടുന്നതായി കാണുന്നി
ല്ല. ഞങ്ങൾക്കു ഉപേക്ഷിക്കാവുന്നതല്ല. അച്ചടിക്കുക്കു ശമ്പളവും സാ
മാനങ്ങൾക്കു വിലയും ശരിയായികൊടുത്താണ പത്രിക അച്ചടിച്ചു അ
യക്കുന്നതു. വീഴ്ചക്കാരായി കാണപ്പെടുന്നവൎക്കു ഇനിമുറപ്രകാരം നോ
ട്ടീസും പിന്നാലെ അവരുടെമേൽ അന്യായവും ഉണ്ടാകുന്നതാണെന്നു
ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു.

മ. ഇ. പ. മാനെജർ.

പഞ്ചാംഗം

ഫ്രാൻസ്വാ തോമ്മൂസ് (കർക്കടകം)

സൂര്യാനി	ഇംഗ്ലീഷ്	മലയാളം	അക്ഷ	വിശേഷ ദിവസങ്ങൾ.
൧	൧	൧൮	തി	
൨	൨	൧൯	ചൊ	൧൯-ാം ൟ- മാർ തോമ്മാശ്ലീഹായുടെ ഓർമ്മ.
൩	൩	൨	ബു	
൪	൪	൩	വ്യ	൪-ാം ൟ- പെ. പിന്നു ൫-ാം ഞാ- വായന മൽക്കൊ- ൫- അ- ൧—൧൦
൫	൫	൪	വെ	
൬	൬	൫	ശ	൬-ാം ൟ- പെ. പിന്നു ൻ-ാം ഞാ- വായന ല്യൂക്കൊ- ൬൪ അ- ൭—൧൮.
൭	൭	൬	ഞ	
൮	൮	൭	തി	
൯	൯	൮	ചൊ	൮-ാം ൟ- മാർ കുറിയാക്കോസിന്റെ ഓർമ്മ.
൧൦	൧൦	൯	ബു	
൧൧	൧൧	൧൦	വ്യ	൧൧-ാം ൟ- പെ. പിന്നു ൧൦-ാം ഞാ- വായന മത്തായി ൧൭ അ- ൧—
൧൨	൧൨	൧൧	വെ	
൧൩	൧൩	൧൨	ശ	൧൩-ാം ൟ- പെ- പിന്നു ൧൨-ാം ഞാ- വാ- മൽക്കൊസ ന്യ അ- ൭—
൧൪	൧൪	൧൩	ഞ	
൧൫	൧൫	൧൪	തി	
൧൬	൧൬	൧൫	ചൊ	
൧൭	൧൭	൧൬	ബു	
൧൮	൧൮	൧൭	വ്യ	
൧൯	൧൯	൧൮	വെ	
൨൦	൨൦	൧൯	ശ	
൨൧	൨൧	൨൦	ഞ	
൨൨	൨൨	൨൧	തി	
൨൩	൨൩	൨൨	ചൊ	
൨൪	൨൪	൨൩	ബു	
൨൫	൨൫	൨൪	വ്യ	
൨൬	൨൬	൨൫	വെ	
൨൭	൨൭	൨൬	ശ	
൨൮	൨൮	൨൭	ഞ	
൨൯	൨൯	൨൮	തി	
൩൦	൩൦	൨൯	ചൊ	
൩൧	൩൧	൩൦	ബു	

ഓഗസ്റ്റ് — തോമ്മൂസ് — ക്കർക്കടകം — ക്രിസ്തുമാസ്

പത്രികവിലവിവരം.

	ബ്രിട്ടീഷ് രൂപാ	ചക്രം
ഒരു കൊല്ലത്തേക്കു	൬	൬൹
ഒറ്റപ്രതിക്കു	൦	൹

പരസ്യക്രമം

ഒന്നാം പ്രാവശ്യത്തേക്കു	വരി ഒന്നിനു	൦	൯
പിന്നെ എല്ലാ പ്രാവശ്യങ്ങൾക്കും	ടി	൦	൬ൽ

NOTICE

പത്രിക സംബന്ധമായ സകല എഴുത്തുകളും ലേഖനങ്ങളും പണവും കോട്ടയത്തു മാർത്തോമ്മസ് അച്ചുകൂട്ടം മാനേജർക്കു മേൽവിലാസം വച്ചു അയക്കേണ്ടതാകുന്നു.

പത്രിക കൈപ്പറ്റുന്നവർ മുൻ ക്രമായി വരി അടയ്ക്കേണ്ടതാകുന്നു. പത്രവരി അഞ്ചൽ സ്റ്റാമ്പായൊ തഥാൽ സ്റ്റാമ്പായൊ അയച്ചാലും മതിയാവും. എന്നാൽ രൂപാ ഒന്നുക്കു ഒരു അണ ഡിസ്കൌന്റു വക വച്ചു തരേണ്ടതാകുന്നു.

വിഷപ്പുട്ടി വിഷത്തിനു ഒരു കൈകണ്ട ഔഷധം.

വിഷപ്പുട്ടി കടിച്ചാൽ ഏഴുദിവസത്തിനകം ഒരു ഗുളിക ഇഞ്ചിനീറിൽ സേവിച്ചു മൂന്നു ദിവസത്തെ പത്ഥ്യം എടുത്താൽ വിഷം നീങ്ങുന്നതാകുന്നു. ഗുളിക സേവിക്കേണ്ടും ക്രമവും പത്ഥ്യത്തിന്റെ വിവരവും ഗുളികയോടു കൂടി കിട്ടുന്നതാകുന്നു. ഈ ഗുളികകൾ ഇല്ലാതിരുന്നതിനെ ഇപ്പോൾ സിമ്മനാരിയിൽ വരുത്തിയിട്ടുണ്ടു. ഗുളിക ഒന്നിനു വില ചക്രം ൭- മാത്രം. ആവശ്യമുള്ളവർ വാങ്ങിച്ചുകൊള്ളുവാൻ ഇതിനാൽ തിയ്യപ്പെടുത്തുന്നു.

നോട്ടീസ

ഇടവക പത്രികയുടെ പുറകടലാസിൽ മാസംതോറും പ്രസിദ്ധപ്പെടുത്തിവരുന്ന പട്ടികയിൽ പണം അടെക്കുന്നവരിൽ ആരുടെ എങ്കിലും പേർ കാണാതെയൊ സംഖ്യ പ്രത്യാസമായൊ പത്രിക ക്രമമായി കിട്ടാതെയൊ ഇരുന്നാൽ ആവിവരങ്ങൾ ഉടനെ അറിയിക്കേണ്ടതാകുന്നു.

എന്നു- മാനേജർ.

MAR THOMAS PRESS,

KOTTAYAM.

പുസ്തകം ൪ ലക്കം ൭

൧൮൮൯-ാം ആണ്ടു കുംഭമാസം

മലങ്കര

ഇടവക പത്രിക

മാസം തോറും പ്രസിദ്ധപ്പെടുത്തുന്നതു.

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കുരിശികലല്ലാതെ

പുകഴ്ച ചെയ്വാൻ സംഗതി വരരുതു.

(മാർ പൌലൂസ.)

സംഗതിവിവരങ്ങൾ.

	പുറം
പാപ്പായുടെ സർവ്വാധിപത്യം (തുടർച്ച)	൫൫
മാർത്തോദീസാ	൫൬
മാതൃസഭയെനിന്ദിക്കുന്ന വിദ്യാർത്ഥികൾക്കും അദ്ധ്യാപകന്മാർക്കും (മറെറല്ലാപക്കും)	൫൯
മരണാനന്തരാവസ്ഥ (തുടർച്ച)	൬൨
സുറിയാനി ഭാഷാചരിത്രസംക്ഷേപം	൬൪
പെരുമ്പാമ്പിനെ നപീകരണം	൬൭
സൂചനകൾ	൬൮
വിശേഷവർത്തമാനങ്ങൾ	൬൭
ഉത്തരഭാഗത്തിൽ കഴിഞ്ഞുപോയ ബ. തടമ്പാടത്തു അബ്രാഹംകത്തനാർ അവർകൾ	൬൯

തയ്യാർ

പഴമയുടെയും പുതുമയുടെയും വഴയനകളുടെ കുറിപ്പ് എന്ന പുസ്തകം സുറിയാനിയിൽ അച്ചടിച്ചു തയ്യാറായിരിക്കുന്നു.

വില ചക്രം ൭.

മിഥുനം, കർക്കടകം ൦രം മാസങ്ങളിൽ പത്തുവരി അടച്ച മഹാന്മാരുടെ പേരു വിവരം.

	ക്രു	ഫ	കാ
ബ- തലയടി കിഴക്കെകര പള്ളിയോഗത്തിൽ നിന്നും	൧	൧൩	൫
,, കുളത്തിൽ കൊച്ചുകുഞ്ഞു	൧	൦	൦
പടിഞ്ഞാറെക്കാ പള്ളിയോഗത്തിൽ നിന്നും	൧	൧൩	൫
കുറിച്ചി കപ്പാട്ടേരിൽ ഉലഹന്നൻ	൧	൧൩	൫
തലയടി അന്ത്രയിൽ കുരുവിള	൦	൭	൦
കൈനകരി ശ്രാമ്പിക്കൽപ്പള്ളിൽ യൌസെപ്പ	൧	൩	൫
മേച്ചപ്പാട്ട് കിഴക്കുമുറിയിൽ ഞാപ്പള്ളിൽ ശീചുശീസു	൨	൦	൦
കന്നംകേരി കിടങ്ങൽ മേച്ചുണ്ണി ചാക്കുണ്ണി	൩	൦	൭
,, ഫാ- സി ലൂയ്സ്സിരാ അപ്പോസ്തലിക്കരി	൧	൧൯	൯
,, പി- കെ- ചുമ്മാരു	൧	൧൯	൯
തൊട്ടുപുഴ ഫാ. കെ. ലൂയ്സിരാ അപ്പോസ്തലിക്കരി	൪	൦	൦
മാന്നാർ കണ്ണങ്കുഴയത്തു കുഞ്ഞൻ	൧	൧൯	൦
ബ- ഉദയാറുകര പള്ളിയോഗത്തിൽ നിന്നും	൧	൧൩	൫
ബ- ചെങ്ങന്നൂർ പൂവത്തൂർ യാക്കോബു കത്തനാർ	൦	൧൯	൯
കാവുൽ കത്തനെല്ലൂർ കണ്ണു	൧	൧൩	൫
ബ- കാട്ടൂർ പള്ളിയോഗത്തിൽ നിന്നും	൧	൧൩	൫
ബ- മാന്നാർ പള്ളിയോഗത്തിൽ നിന്നും	൧	൧൯	൦
കാട്ടൂർ പുതിയത്തു കൊച്ചു	൩	൦	൦
ബ- ശ്രുതിമല പള്ളിയോഗത്തിൽ നിന്നും	൧	൧൯	൦
കുറിയന്നൂർ തച്ചിലെത്തു മത്തായി	൨	൧൯	൦
തോട്ടപ്പുഴശ്ശേരിൽ ചെമ്പോലിൽ തോമ്മാ വക്കി	൦	൨൮	൦
പാണ്ടനാശ്ശാലയിൽ പീലീപ്പോസു	൧	൭	൦
മാന്നാർ പെരിങ്ങിൽ മാത്തൻ ചെറിയാൻ	൧	൩൭	൫
അയിരൂർ കിഴക്കുംമുറിയിൽ മുഴിക്കുരി പകുതിയിൽ ക്ലാസിഫയർ കോശി	൦	൨൫	൦
അയിരൂർ ചെമ്പാത്രയിൽ ഉമ്മൻ ചെറിയാൻ	൧	൦	൫
,, കുരുടാമണ്ണിൽ ശീമോൻ	൩	൦	൦
പുത്തൻകാവു കൊച്ചമ്പറമ്പിൽ ചാക്കോ	൧	൭	൦
,, തട്ടേൽ കൊച്ചുകോശി	൦	൨൫	൦
റാന്നി കുമ്പമ്പറമ്പിൽ ചാക്കോ	൧	൭	൦
ചെങ്ങന്നൂർ പഴയടത്തു കൊച്ചിക്കാ	൦	൨൧	൦
,, ആനക്കല്ലിൽ വക്കി	൦	൨൧	൦
ചെങ്ങന്നൂർ പുഷ്കുടിയിൽ യൌസെപ്പ	൧	൧൯	൦
,, മുണ്ടപ്ലാവിലാകൽ ചെറിയാൻ	൧	൧൯	൦
,, വേലമ്പറമ്പിൽ ചാക്കോ	൦	൨൧	൦
കുന്നന്താനത്തു കിഴക്കിമലയിൽ മാത്തൻ ചാണ്ടി	൧	൦	൦
വള്ളംകുളം മൊണ്ണൊത്തു ചാക്കോ	൧	൦	൦
കല്ലൂപ്പാറ ബ- കലമണ്ണിൽ അച്ചൻ	൧	൧൯	൦
,, ഈട്ടുകുവേലിൽ വറുഗീസു	൧	൧൯	൦
കല്ലുങ്കത്ര നാഗംകുഴിയിൽ ഇട്ടിയപ്പിരാ കൊച്ചുകുട്ടി	൩	൦	൦
തുമ്പമൺ കരിഞ്ഞോട്ടിൽ മാത്തൻ ഇൻസ്ട്രക്ടർ	൩	൦	൦
തിരുവല്ലാ കാവുംഭാഗം സിറിയൻ നിഷ്യൻ ഗ്രാൻറുപള്ളിക്രൂടാ വാദ്യക്കാർ ജി. ഇടിക്കുള	൦	൨൫	൦

മലങ്കര ഇടവക പത്രിക

[പുസ്തകം ൪] ഫ്രവ്വൻന്ത തോമ്മൂസ് (കക്കടകം) [ലക്കം ൭]

പാപ്പായുടെ

സവ്വ്യാധിപത്രം

(൨)

റോമ്മാസഭ വാഴിക്കുന്ന പാപ്പായുടെ സവ്വ്യാധിപത്രം അടിസ്ഥാനമില്ലാത്തതും പിൻകാലത്തെ നിമ്മിതവും ആണെന്ന എത്രത്തോളം കൂടാത്തവണ്ണം ബലമുള്ള വേദസാക്ഷികളാൽ കാണിച്ചുവല്ലൊ. ഇനി പറവാൻ പോകുന്നതു ചരിത്ര സാക്ഷ്യങ്ങൾ ആകുന്നു. അന്യമതക്കാരായ ചരിത്രകാരെ എടുത്തു പറവാൻ ഞങ്ങൾ വിചാരിച്ചിട്ടില്ല. റൊമ്മാസഭ അംഗീകരിച്ചിരിക്കുന്നതൊ അവക്കു നിഷ്പ്രയാസം പാടില്ലാത്തതൊ ആയ ചരിത്രങ്ങളെ മാത്രമാണു ഞങ്ങൾ ആശ്രയിക്കുന്നതു.

ഇതിനെ സംബന്ധിച്ചു കാണിപ്പാൻ പോകുന്നതു ൧-മതു. ക്രിസ്ത്യാനി സഭയുടെ ആദ്യകാലം മുതൽ റൊമ്മാ മേല്പട്ടക്കാരനു "ആകമാനത്തിനുടയ മേല്പട്ടക്കാരൻ" എന്ന പേരില്ലായിരുന്നു. ൨-മതു. പൂവ്വകാലത്തിൽ സഭാപിതാക്കന്മാർ പാപ്പായ്ക്കു കീഴ്പെട്ടിരുന്നില്ല എന്നാകുന്നു.

൧- "ആകമാനത്തിനുടയ മേല്പട്ടക്കാരൻ" അല്ലെങ്കിൽ അഖിലാണ്ഡതലവൻ എന്നപേർ— ഓരൊ മേല്പട്ടക്കാക്കു എഴുതുകയൊ അവരെക്കുറിച്ചു പറകയൊ ചെയ്യുമ്പൊൾ സഭക്കാർ ബഹുമാന സൂചകമായ പദങ്ങൾ പ്രയൊഗിക്ക പതിവാണല്ലൊ. ക്ലെമെന്തിന്റെ രെഖകളിൽ യാകൊബു ശ്ലീഹായെ "ബിഷൊപ്പന്മാരുടെ ബിഷൊപ്പ" എന്നു വിളിച്ചിരിക്കുന്നു. ൟഫിനസ അലക്സന്ത്ര്യായിലെ അത്താനാസ്യൊസിനെ "രാജപാപ്പാ" (സൊവറൻ പൊന്തിഫ്) എന്നു പറയുന്നു. കുസ്തന്തീനൊ പൂരിയിലെ പാത്രിയക്കീസായിരുന്ന തറസിയൂസിനെ അദ്രിയാൻ പാപ്പാ എഴുതിയ എഴുത്തിൽ "ആകമാനത്തിനുടയ പാത്രിയക്കീസു" എന്നു തറസിയൂസിനെ വിളിച്ചിരിക്കുന്നു. ആസായുടെ ശ്രീ

ഗൊറിയൊസ ശ്ലൈഹ കുപ്രിയാനൊസിനെക്കുറിച്ചു ''അന്തകമാനത്തിന്നടുത്ത മെല്പട്ടകാരൻ'' എന്നു എഴുതിയിരിക്കുന്നു. ക്രിസൊസ്തൊം തീമൊത്തി എന്നൊരാളെ ''ലോകത്തിന്റെ ഉപദേഷ്ടാവു'' എന്നുപറയുന്നു. അംബ്രൊസ ഒരുമെത്രാൻ ''ക്രിസ്തുവിന്റെ വികാരി'' ആണെന്നു എഴുതിയിരിക്കുന്നു. റോമാപട്ടണത്തിലെ വൈലീകന്മാർ കുപ്രിയാനൊസിനു എഴുതിയ എഴുത്തിൽ ''ഏറ്റവും പരിശുദ്ധനും മഹത്വപ്പെട്ടവനുമായ പാപ്പാ'' എന്നു എഴുതിയിരിക്കുന്നു. ശ്ലൈഹ അഗസ്തീനെക്കുറിച്ചു ''ക്രിസ്തുവിന്റെ ഏറ്റവും ഉന്നതപ്പെട്ട പാപ്പായും മഹാ പരിശുദ്ധപിതാവും'' എന്നു പറഞ്ഞിരിക്കുന്നു. ഇവരാരും റൊമ്മയിലെ മേല്പട്ടകാർ അല്ല. സ്ഥലപുരുക്കംകൊണ്ടു ഇതു ഭാഗങ്ങൾ പകത്തിയ പുസ്തകങ്ങളുടെ പേരും പുറവും വിവരിക്കുന്നില്ല. തക്കമുണ്ടെങ്കിൽ അപ്പൊൾ അറിവാം താനും.

ഇതിൽ നിന്നു പ്രത്യക്ഷപ്പെടുന്നതു എന്തെന്നാൽ. ''അന്തകമാനത്തിന്നടുത്ത മേല്പട്ടകാരൻ'' ശ്ലൈഹമാനമാർപാപ്പാ സ്വാധിപതി, ക്രിസ്തുവിന്റെ വികാരി, എന്നിങ്ങനെ റോമ്മാ പാപ്പായുടെ സ്വാധിപത്യത്തെ കാണിക്കുവാൻ പ്രയൊഗിക്കുന്ന സംജ്ഞകൾ ഒന്നും പാപ്പായ്ക്കു മാത്രമായി മുൻകാലത്തു പ്രയൊഗിച്ചിരുന്നില്ല. പാപ്പായെയും ഒരു വിധം വിളിച്ചിട്ടുണ്ടെങ്കിൽ പൂർവിക കാലത്തു എല്ലാവക മേല്പട്ടകാരെയും സംബന്ധിപ്പിച്ചുവന്നിരുന്ന ബഹുമാനസൂചകങ്ങളായപദങ്ങളെ സാമാന്യ മേല്പട്ടകാരിൽ ഒരുവന്റെ നിലയിൽ പാപ്പായെയും വിളിച്ചിരിക്കാമെന്നെ ഒള്ളു.

പിന്നെയും സ്വാധിപത്യത്തിന്റെ ചിഹ്നമായിപ്രയൊഗിക്കുന്ന ഒരു സ്ഥാനപ്പെരു അവകാശമായി പാപ്പാമാക്കു എടുത്തുകൂടാ എന്നും പാപ്പായ്ക്കു വിശെഷ കർത്തവ്യം ഒന്നും ഇല്ലാഞ്ഞു എന്നും റോമ്മായിലെ ഒരു പാപ്പാ തന്നെ സമ്മതിക്കുന്നുണ്ടു. റോമ്മാ സിംഹാസനത്തിന്മെൽ ൫ാം നൂറാണ്ടിൽ ഭരിച്ചിരുന്നവനും പുണ്യവാളനായി റോമ്മാ സഭയാൽ എണ്ണപ്പെട്ടിരിക്കുന്നവനുമായ മഹാനായ ഗ്രെഗൊറി പാപ്പാ അലകസന്ത്ര്യായിലെ ശ്ലൈഹ യൂലൊഗിയൂസ പാത്രിയക്കീസിനു എഴുതിയിരിക്കുന്നതു എന്തെന്നാൽ: ''നിങ്ങൾ ഇനിക്കയച്ച എഴുത്തിന്റെ മുഖവുരയിൽ ''അന്തകമാനത്തിനടുത്ത പാപ്പാ'' എന്നൊരു ഉന്നത പദം നിങ്ങൾ എഴുതിയിരിക്കുന്നു. മേൽ ഇങ്ങനെ ചെയ്യരുതെന്നു ഞാൻ അങ്ങെ പരിശുദ്ധതയൊടു അപെക്ഷിക്കുന്നു. എന്തെന്നാൽ നിങ്ങളിൽ നിന്നു എടുക്കപ്പെടുവാൻ ന്യായത്താൽ പാടില്ലാത്ത അവസ്ഥ മറുള്ളവക്കു നിങ്ങൾ കൊടുക്കുന്നവല്ലൊ. എന്റെ സഹൊദരന്മാരിൽ നിന്നു എടുത്തുകളയപ്പെടുന്ന ബഹുമാനം ഇനിക്കു ബഹുമാനമാണെന്നു ഞാൻ വിചാരിക്കുന്നില്ല. എന്തെന്നാൽ എന്റെ ബഹുമാനം പൊതുസഭയ്ക്കുള്ള ബഹുമാനമാകുന്നു. അങ്ങെപരിശുദ്ധതഅന്തകമാനത്തിന്നടുത്തപാപ്പാ എന്നു എന്നെ വിളിക്കുമ്പൊൾ അന്തകമാനത്തിന്നടുത്ത എന്ന പെരിനാൽ നിങ്ങൾക്കു ഇരിക്കെണ്ടിയ അവസ്ഥ നിങ്ങൾക്കു ഇല്ലാതാക്കുന്നു. ഇതു എന്നിൽ നിന്നു അകന്നിരിക്കട്ടെ. വീഴ്ചിക്കുന്നവയ

യും മുറിപ്പെട്ടസ്നേഹവും അകന്നിരിക്കട്ടെ. യാതൊരു സത്യ പരിശുദ്ധനും തന്നത്താൻ ആകമാനമേല്പട്ടകാരൻ എന്നു വിളിക്കുവാൻ ധൈര്യപ്പെട്ടിട്ടില്ല. റോമ്മായിലെ അപ്പൊസ്തോലസിംഹാസനത്തിലെ ഒരു മേല്പട്ടകാരനും ഈപ്രശംസാനാമം ഏറ്റെത്തിട്ടില്ല. അതു മേല്പട്ടസ്ഥാനത്തിൽ അസാധാരണ വലിമ തന്നത്താൻ ഏറ്റെത്തിട്ട അതിനു മോഹിച്ചു എന്നു സഹോദരന്മാർക്കു തോന്നാതിരിപ്പാൻ ആകുന്നു.....ആകമാനപാത്രിയക്കീസു എന്ന ഞങ്ങളെക്കുറിച്ചു പറഞ്ഞാൽ മറ്റുള്ളവർക്കു ആ പാത്രിയക്കീസ്ഥാനത്തെ ഞങ്ങൾ നിഷേധിക്കുന്നതായി വരുന്നതുകൊണ്ടു എന്റെ മുൻഗാമികളിൽ ആരും ഈ നിഷിദ്ധ നാമം എടുക്കുവാൻ സമ്മതിച്ചിട്ടില്ല".

പിന്നെയും കുസ്തന്തിനൊപ്പൂരിയിലെ പാത്രിയക്കീസായിരുന്നയൊഹന്നാൻ ആകമാനത്തിന്നേറ്റവും മേല്പട്ടകാരൻ എന്ന പെർ എടുത്തു എന്നു കണ്ടപ്പോൾ സെന്റെ ഗ്രെഗൊറിപാപ്പാ അദ്ദേഹത്തെ ഇപ്രകാരം ആക്ഷേപിച്ചു. "പ്രിയ സഹോദരാ. പിതാവു ഏന്നല്ല ലൊകത്തിനു പൊതുപ്പെട്ട പിതാവു എന്നു വിളികപ്പെടുവാൻ ആഗ്രഹിക്കുന്നു നീ വരുവാനിരിക്കുന്ന ന്യായാധിപതിയുടെ ഭയങ്കര വിസ്താരസമയം എന്തു പറയും".

ആകത്തിൽതന്നെ ഒരം പാപ്പാ വീണ്ടും പറയുന്നതു. "ആകമാന സഭയുടെ തലവനായ ക്രിസ്തുവിൻ മുമ്പാകെ അവസാനവിധിനാളിൽ അവന്റെ എല്ലാ അംഗങ്ങളെയും ആകമാനം എന്ന പേരിനാൽ കീഴ്പ്പെടുത്തുവാൻ ശ്രമിക്കുന്ന നീ എന്തു സമാധാനം പറയും? ഒരം നീ ചെയ്കിനാൽ നീ സദൃശപ്പെടുന്നതു ആരെയാണു? തന്നൊടുകൂടെ ഐക്യതപ്പെട്ടിരുന്ന മാലാകാമാരുടെ ലെഗിയൊനകളെ നിന്ദിച്ചുംവച്ചു വലിപ്പത്തിന്റെ ഉച്ചത്തിൽ എത്തി ആകുംകീഴ്പ്പെടാതെ എല്ലാവക്കും മേലായി ഇരിക്കുവാൻ ശ്രമികയും ഞാൻ സ്വർഗ്ഗത്തിലെക്കു കരേറി നക്ഷത്രങ്ങൾക്കുമെൽ എന്റെ സിംഹാസനത്തെ ഉയർത്തുമെന്നു പറകയുംചെയ്യുവനെ അല്ലയൊ നീ സാദൃശപ്പെടുന്നതു? എന്തെന്നാൽ പൊതുസഭയിൽ നിന്റെ സഹൊദരന്മാരായ മേല്പട്ടകാർ ആരാണു. സ്വർഗ്ഗത്തിലെ നക്ഷത്രങ്ങൾ അല്ലയൊ. ഒരം നിഗളവാക്കുമൂലം നിന്നെതന്നെ അവരുടെമേൽ ഉയർത്തി അവരുടെനാമത്തെ ചവട്ടുവാൻ നീ ശ്രമിക്കുമ്പൊൾ ഞാൻ സ്വർഗ്ഗത്തിലെക്കു ഉയരുന്നു എന്നല്ലയൊ നി പറയുന്നതു".

കുസ്തന്തിനൊപൂരിയിലെ ഒരംപാത്രിയക്കീസിനെക്കുറിച്ചു അന്ത്യൊപ്യായിലേയും അലകസന്ത്യായിലെയും പാത്രിയക്കീസന്മാർക്കു ഗ്രെഗൊറിപാപ്പാ അയച്ച എഴുത്തിൽ പറയുന്നതാവിതു.- "ഏക തലവനാകുന്ന മിശിഹായ്ക്കുള്ളവയെ തനിക്കുതന്നെ ചേർക്കുവാൻ ശ്രമികതകവണ്ണം അവൻനിഗളിയായിരിക്കുന്നു. ഒരുപ്രശംസാനാമത്തിന്റെ പുല്ലികൊണ്ടു ക്രിസ്തുവിന്റെഅംഗങ്ങളെഎല്ലാം കീഴ്പ്പെടുത്തുവാൻ അവൻ ശ്രമിക്കുന്നു". പിന്നെയും ഗ്രെഗൊറി പാപ്പാ പറയുന്നതു എന്തെന്നാൽ:— "ആകമാന വൈഭീകൻ എന്നു തന്നെത്തന്നെ വിളികയൊ വിളിക്കു

വാൻ ആഗ്രഹിക്കുകയൊ ചെയ്യുന്നവൻ ആരായാലും അവൻ മറ്റുള്ള വരുടെ മുമ്പാകെ നിഗളത്താൽ ഉയർത്തുന്നതുകൊണ്ടു അന്തിക്രിസ്തുവി ന്റെ മുന്നോടിയാകുന്നു എന്നു ഞാൻ തീർച്ചയായിപറയുന്നു". (ഗ്രെ ഗൊറിയുടെ ലെഖനങ്ങൾ നം. നന്നു. നവ്വ. രന്നു.)

ശുദ്ധ ഗ്രഗൊറി പാപ്പായുടെ ഒരു രേഖകളെകുറിച്ചു ആലൊചി കാം. ഇദ്ദെഹം റൊമ്മാസഭയിലെ ഒരുപുണ്യവാളൻ ആകുന്നു. റൊ മ്മാ സിംഹാസനത്തിലെ ഒരു പാപ്പായാകുന്നു. തെറിക്കുടാത്തവനും മിശിഹായുടെവിശ്വാസിയും പത്രൊസിന്റെ അനന്തിരവനും ആകുന്നു. വേദശാസ്ത്രത്തിൽ വലിയപണ്ഡിതൻ എന്നുസമ്മതികപ്പെട്ടവനും ആ കുന്നു. ഇങ്ങനെയുള്ള ആളിന്റെ അഭിപ്രായം ആകമാന മെല്പെട്ടകാ രൻ എന്നപദം മഹാപാതകവും സാക്ഷാൽ പരിശുദ്ധരായ ആളുകൾ എടുത്തിട്ടില്ലാത്തതും റൊമ്മാസിംഹാസനത്തിലെ തന്റെ മുൻഗാമിക ളിൽ ആരും ധരിച്ചിട്ടില്ലാത്തതും പിശാചിനൊടു സദൃശപ്പെടുന്നതും അന്തിക്രിസ്തുവിന്റെ മുൻഗാമിക്കു മാത്രം ചേരുന്നതും ആണന്നാകുന്നു.

ഹാ! വായനകാരെ, പാപ്പായുടെ സവ്വാധിപത്യം പൊളിയുന്ന തിനു ഇതു എത്രബലമായ തെളിവാകുന്നു അവർ പറയുന്ന പ്രശംസ ൭-ാം നൂറ്റാണ്ടുവരെ കേട്ടുകേൾവി പോലും ഇല്ലാത്ത സംഗതിയാണ ന്നു ഇതു പ്രത്യക്ഷമായി കാണിക്കുന്നില്ലയൊ.

റൊമ്മാ സഭ അംഗീകരിക്കുന്ന കല്ക്കൊനിയാ സൂനാദൊസി ന്റെ ൨-വ-൩ കാനൊനിൽ ഇപ്രകാരം പറയുന്നു. "രാജപട്ടണമാ യിരുന്നതുകൊണ്ടു പഴയ റൊമ്മായ്ക്കു പിതാക്കന്മാർ പ്രാധാന്യം കൊ ടുത്തതുമൂലം ഫ്രിഗ ബാവാന്മാരും (അതായതു കുസ്തന്തീനൊപൂരിയിലെ സൂനാദൊസു) ഒരു കാരണംതന്നെ ആലോചിച്ചിട്ടു പുതിയ റൊമ്മായാ കുന്ന കുസ്തന്തീനൊപൂരിയിലെ പരിശുദ്ധ സിംഹാസനത്തിനും രണ്ടാമ തായ ഇരിപ്പൊട്ടുക്കുടി തുല്യ പ്രാധാന്യത കൊടുത്തു. എന്തെന്നാൽ ഒരു മഹാരാജ്യത്തിന്റെയും ആലോചനസഭയുടെയും മഹത്വംവിളങ്ങുന്ന ഒരുപട്ടണം പഴയറൊമ്മാക്കു തുല്യപദവികൾ അനുഭവിക്കണമെന്നും വേദകാര്യത്തിലും ഉയർത്തപ്പെടുകയും ശ്രെഷ്ഠതപ്പെടുകയും ചെയ്യണ മെന്നും നീതിയായി അവർ വിധിച്ചു".

കർത്തിനാൾ മായി എന്നാളാൽ പ്രസിദ്ധപ്പെടുത്തിയ സൂനാദൊസു കളെകുറിച്ചുള്ള കയ്യെഴുത്തു പുസ്തകത്തിലും ഒരു അഭിപ്രായം തന്നെ കാണുന്നു. അതു എന്തെന്നാൽ "മുമ്പു പഴയ റൊമ്മായിൽ ഏർപ്പാടുകളു ടെയും വേലകളുടെയും ബഹുത്വം ഉണ്ടായിരുന്നു. അതുമൂലം ജനംവ ളരെ കുഴുകയുണ്ടായിരുന്നു.....ഒരു കാരണത്താൽ റൊമ്മാസിംഹാസ നത്തിനു പ്രാധാന്യത ഉണ്ടായി".

ഒരു രേഖകളാൽ ഉണ്ടാകുന്ന അനുമാനം എന്തു? റൊമ്മാസിംഹാ സനത്തിനു കുറ്റത്തിൽ പ്രാധാന്യത ഉണ്ടായി. അതു പത്രൊസിന്റെ പിന്തുടർച്ചകൊണ്ടൊ സവ്സഭകളെയും ഭരിക്കുവാൻ പത്രൊസിനു അ ധികാരം കൊടുത്തിരുന്നതു കൊണ്ടൊ അല്ല. രാജപട്ടണമായിരുന്നതു കൊണ്ടും മഹാരാജ്യത്തിന്റെ തലസ്ഥാനമായിരുന്നതുകൊണ്ടും മാത്ര

മായിരുന്നു. തലസ്ഥാനം കുസ്തന്തിനൊപൂരിയിലെക്കു നീങ്ങിയപ്പോൾ തുല്യശ്രേഷ്ഠത അവിടത്തെ സിംഹാസനത്തിനും പൊതുസുനാദോസിനാൽ തന്നെ കൊടുക്കപ്പെട്ടു. അപ്പോൾ ൦രം പ്രാധാന്യത്തിന്റെ ബലാബലം എത്രത്തോളം ഉണ്ടെന്നുവിചാരിപ്പിൻ. റൊമ്മാപാപ്പായ്ക്ക സഭലൊകസഭകളിന്മെലും പൂർണ്ണഅധികാരവും സർവ്വാധിപത്യവും ഉണ്ടെന്നു പറയുന്നപക്ഷം ആഅധികാരം തന്നെ കുസ്തന്തിനൊപൂരിയിലെ പാത്രിയക്കീസിനും ഉണ്ടു അപ്പോൾ സമാധികാരികളായ രണ്ടു സിംഹാസനങ്ങളും രണ്ടുപുരൊഹിതസ്ഥാനികളും സഭയിൽ സ്ഥാപിച്ചു എന്നുവരുന്നു. അതിനാൽ ൦രം സിംഹാസനങ്ങൾക്ക ഗ്രൊറി പാപ്പാ സമ്മതിക്കുന്ന പ്രകാരം യാതൊരു വിശെഷ അധികാരങ്ങളും ഇല്ലന്നു തീർച്ചയാണ. പിന്നയൊ പാത്രിയക്കീസന്മാരുടെ സംഘത്തിൽ ഒന്നാമതും രണ്ടാമതുമായി ഇരിക്കുവാനുള്ള ഒരു ആസനശ്രേഷ്ഠതയും എല്ലാവരുടെയും പേർ എഴുതുമ്പൊൾ ആദ്യം പേർ വൈക്കുവാനുള്ള ഒരു അവകാശവും നമ്മുടെ പട്ടകാരുടെ ഇടയിൽ മൂപ്പച്ചൻ ശുബഹൊലാബൊഎന്ന സ്ഥതി ചൊല്ലുന്നതുപൊലെ ഒരു മൂപ്പവകാശവും മാത്രമാണന്നു വ്യക്തമാകുന്നു. ൦രം അല്പമായ ശ്രെഷ്ഠത തന്നെയും പത്രൊസിൽ നിന്നല്ല പിതാക്കന്മാരിൽനിന്നു സുനാദൊസിനാൽ നൽകപ്പെട്ടു.

നിപ്പ്യായിലെ ശുദ്ധ സുനാദൊസ ലൊകസഭകളെ നാലുഖണ്ഡങ്ങളായിതിരിച്ചു. റൊമ്മാ, കുസ്തന്തിനൊപ്പൊലീസ, അന്ത്യൊഖ്യാ, ആലക്സന്ത്രാ, ൦രം പ്രധാന പട്ടണങ്ങളിലെ മേല്പട്ടകാരെ പാത്രിയക്കീസന്മാരായി കല്പിച്ചു ഇടവകകളെ തിരിച്ചുകൊടുത്തു. അതാതു ഇടവകകളിൽ ഉള്ള മെത്രാന്മാരെ അതാതു പാത്രിയക്കീസിനു കീഴ്പ്പെടുത്തി. യൂറൊപ്പിന്റെ പടിഞ്ഞാറെഭാഗം റോമ്മായ്ക്കും കിഴക്കും വടക്കും കുസ്തന്തിനൊപൊലിസിനും അസിയാ അന്ത്യൊഖിനും ആഫ്രിക്കാ ആലക്സന്ത്രായിക്കുമായി തിരിച്ചു കൊടുത്തു. ഇവർ സ്വതന്ത്രാധികാരികളുമായ്.രുന്നു.

അതിനാൽ റോമ്മാപാപ്പായ്ക്കു തൻറെസ്വന്ത ഇടവകയായ പടിഞ്ഞാറല്ലാതെ നിപ്പ്യാസുനാദൊസിനാൽ സ്വാതന്ത്ര്യാവകാശത്തൊട്ടുകൂടെ അധികാരപ്പെടുത്തിയശെഷം പാത്രിയക്കീസന്മാരുടെ മെലൊ അവരുടെ ഇടവകകൾമെലൊ യാതൊരു അധികാരവും അവകാശവും പണ്ടെ തന്നെ ഉണ്ടായിരുന്നില്ല. തുടരും

മാമ്മദീസാ

ഇതു എല്ലാ ക്രിസ്ത്യാനി സഭകളിലും പ്രധാന ക്രുദാശകളിൽ ഒന്നാമതായി വിചാരിക്കപ്പെടുന്നു. മലങ്കരെ മാർ തോമ്മാ ശ്ലീഹായാൽ സ്ഥാപിക്കപ്പെട്ട നമ്മുടെസഭ ഓരൊകാലത്തു ഓരൊ ശാഖകൾക്കു അധിനമായി വന്നിട്ടും ൦രം ക്രുദാശയെക്കുറിച്ചു ഇതുവരെ തക്കം ഉണ്ടാ

യിട്ടില്ല. അല്ലാ റോമാ മതകാരും പിന്നെ അംഗ്ലിയാകാരും അനന്തരം നവീകരണവും കടശി ഡേവീഡും ഈ സഭയെ ഏറക്കുറെ ആക്രമിച്ചിട്ടും ശുദ്ധ മാത്തോദീസാ ആവശ്യമില്ലന്നൊ ആകാശ്യത്തിൽ സുറിയാനിസഭ തെറ്റിപ്പോയി എന്നൊ ആക്ഷേപം ഉണ്ടായിട്ടില്ല. എന്നാൽ ഈ വർത്തമാനകാലത്തു രക്ഷണീയസംഘം എന്ന പേരോട്ട ക്രൂടി ഒരു വെട്ടുകിളിക്കൂട്ടം തൈക്കെ ദിക്കിൽ വന്നിറങ്ങിയപ്പോൾ ക്രിസ്ത്യാനികൾക്കു സവ്പ്രധാനമായിരിക്കുന്ന ജ്ഞാനസ്നാനം ഉപയോഗമില്ലാത്ത ഒരു കർമ്മാചാരമാണെന്ന നമ്മുടെ ജനങ്ങളിൽ തന്നെ വിശ്വസിക്കുവാൻ ആളുണ്ടായിരിക്കുന്നതായി കേൾക്കുന്നതിൽ അത്യന്തം വ്യസനിക്കുന്നു.

ക്രൂശ എന്നുവച്ചാൽ മനുഷ്യന്റെ രക്ഷയ്ക്കു ആവശ്യപ്പെട്ടവയായി നമ്മുടെ രക്ഷകൻ സഭയിൽ ഏർപ്പെടുത്തിയിട്ടുള്ള അപ്രത്യക്ഷമായ നന്മകളുടെ പ്രത്യക്ഷമായ വിശുദ്ധ കർമ്മങ്ങൾ ആകുന്നു. മാത്തോദീസാ ക്രൂശകളിൽ വച്ചു ഒന്നാമത്തേതും ആകുന്നു. ഇതിനാൽ നാം പിതാവായ ദൈവത്തിനു പുത്രന്മാരായി തീരുന്നു. പാപമോചനവും പരിശുദ്ധാത്മാവിന്റെ ദാനവും ദൈവപുത്രന്മാരുടെ സംഘത്തിൽ സംബന്ധവും ഇതു കൂടാതെ ഉണ്ടാകയില്ല.

രക്ഷണീയകാരുടെ സംസാരം ജ്ഞാനസ്നാനം സാക്ഷാൽരക്ഷയ്ക്കു ആവശ്യമായ വിശ്വാസത്തിന്റെ ഒരു അടയാളം മാത്രമാണെന്നും ജീവിപ്പിക്കുന്നതു ആത്മാവാകകൊണ്ടു രക്ഷയ്ക്കു ഈ അടയാളം അത്ര ആവശ്യമില്ലന്നും ആണ.

അടയാളമായാലും അല്ലെങ്കിലും ഈ വിശുദ്ധ ക്രൂശ ആവശ്യമില്ലന്നു പറവാൻ ഭൂമിയിൽ ആക്കും അധികാരമില്ല. ഇതു മനുഷ്യരാൽ സ്ഥാപിക്കപ്പെട്ടതല്ല. ഇതു കേവലം ഒരു കർമ്മാചാരവുംഅല്ല. ഇതു കർത്താവിനാൽ തന്നെ സ്ഥാപിക്കപ്പെട്ടതാകുന്നു. നിരുപയോഗമായ ഒരു കർമ്മാചാരം മാത്രമാണെന്ന പറയുന്ന പക്ഷം ഒരം അബദ്ധത്തിൽ ക്രിസ്ത്യാനിസഭയെ കൂടുകിയ കുറ്റം, രക്ഷണീയകാർ ആരെക്കുറിച്ചുപ്രസംഗിക്കുന്നുവൊ ആ കർത്താവായ യേശുവിന്റെ മേൽ തന്നെ ആരോപിക്കേണ്ടി വരും. കർത്താവു തന്റെ ശിഷ്യന്മാരൊട്ട പറഞ്ഞ അന്ത്യ ഗ്രണദോഷം നിങ്ങൾ ലോകമൊകയിലും പോയി സകല ജാതികളോടും പ്രസംഗിച്ചു പിതു പുത്ര പരിശുദ്ധാത്മാവിന്റെ നാമത്തിൽ അവരെ ജ്ഞാനസ്നാനപ്പെടുത്തുവിൻ എന്നായിരുന്നു. ഈ കല്പനയെ ഇന്ന ഭേദപ്പെടുത്താവുന്നവൻ ആര്? ഇതിനെ ഇല്ലാതാക്കുവാൻ ഇന്ന വെളിപാട കിട്ടിയതു ആക്ക്?. രക്ഷണീയകാർ ലോകമൊകയിലും പോയി സുവിശേഷത്തെ പ്രസംഗിക്കുന്നതു ശരിതന്നെ. കർത്താവിന്റെ അരകല്പനയെ അനുചരിച്ചാൽ മതിയൊ?.

ഈ കല്പന ആത്മീകപ്രകാരമാകി വ്യാഖ്യാനിക്കപ്പെടുവാൻ തക്കതല്ല. കല്പനയെ കേട്ട അപ്പൊസ്തൊലന്മാർ അക്ഷര പ്രകാരം അതിനെ ധരികയും അനുചരികയും ചെയ്തിരിക്കുന്നു. പന്തക്കുസ്താനാൾ ഏറ്റവും ജനങ്ങളെ പത്രോസ വെള്ളംകൊണ്ടു ജ്ഞാനസ്നാനപ്പെടുത്തുന്നു. വിശ്വസിച്ചവർ അനുതപിച്ചുകൊണ്ടൊ പാപം ഏറ്റുപറഞ്ഞതുകൊണ്ടൊ

മാവത്തു ഒരു കോർ ധരിച്ചതു കൊണ്ടോ മതിയാകുമെന്നു പറവാൻ അപ്പൊസ്തോലക്കു ധൈര്യമില്ല. ക്രിസ്തുവിന്റെ പടയാളികൾക്കു ഒരു കോറായിട്ടോ ആയുധമായിട്ടോ എന്തെങ്കിലുമാകട്ടെ ജ്ഞാനസ്നാനം കഴിഞ്ഞാവു ഏറ്റെടുത്തിയതു സാരമില്ലെന്നു വയ്ക്കാം. രക്ഷണീയസംഘത്തിന്റെ അടയാളമായി ഒരു കോർ ധരിക്കുന്നതും പാളത്താർ ധരിക്കുന്നതും രക്ഷയ്ക്കു ആവശ്യമാണെന്നാണ ഇവരുടെ വിചാരം.

പുറജാതികളുടെ അപ്പൊസ്തോലനായ പൌലൂസ വെളിപാടിനാൽ മനസ്സുതിരിഞ്ഞിട്ടും ക്രിസ്ത്യാനിസഭാവാതലിൽ പ്രവേശിക്കുവാൻ കുറച്ചു വെള്ളവും അതിനെ ആനയിക്കുവാൻ സാധുവായ അനനിയാസ എന്നൊരു ആചാര്യനും ആവശ്യമായിരുന്നു.

ഇതു എല്ലാം പോകട്ടെ. ക്രിസ്തുതന്നെ തന്റെ പിൻഗാമികളുടെ കണ്ടുപിടിത്തിനായി മാമ്മോദീസാ കൈക്കൊണ്ടുവല്ലൊ. മനുഷ്യരുടെ തലയിൽ ഭാരമുള്ള ചുമടുകളെ ചുമത്തുകയും തങ്ങളുടെ വിരലുകൾകൊണ്ടു പോലും അതിനെ തൊടാതിരിക്കയും ചെയ്യുപറിശന്മാരെയും ഉപാദ്ധ്യായന്മാരെയും പോലെയല്ല, മനുഷ്യർ വഹിക്കുവാൻ ആവശ്യപ്പെടുന്നതും അതിൽ അധികവും ഭാരം താൻതന്നെ എടുക്കുവാൻതയ്യാറാണെന്നു ക്രൂടെ രൂപം പ്രവൃത്തിയാൽ കർത്താവു നമ്മെ പഠിപ്പിച്ചു.

ജ്ഞാനസ്നാനം നിരുപയോഗമായ ഒരു കർമ്മാചാരം മാത്രമൊ, അകമെയുള്ള വല്ല ആത്മീക പ്രവൃത്തിയുടെയും കേവലം അടയാളം മാത്രമൊ ആണെങ്കിൽ കർത്താവു ഇങ്ങനെ ഒരു നകം തന്റെപിൻഗാമികളുടെ മേൽ വയ്ക്കുമൊ?. ഇല്ല. ഇതു കേവലം ഒരു അടയാളം മാത്രമല്ല. നിരുപയോഗമായ ഒരു കർമ്മാചാരവുമല്ല. "നിങ്ങൾ വെള്ളത്തിൽ നിന്നും ആത്മാവിൽ നിന്നും ജനിക്കുന്നില്ലെങ്കിൽ നിങ്ങൾക്കു സ്വർഗ്ഗരാജ്യത്തിലേക്കു പ്രവേശിക്കുവാൻ പാടില്ലെന്നു സത്യമായിട്ടു സത്യമായിട്ടു ഞാൻ പറയുന്നു". (യോഹ- ൩- ൫) അപ്പോൾ മറുജനനത്തിന്റെ പ്രവൃത്തി ആത്മാവിന്മേൽ മാത്രമല്ല വെള്ളത്തിന്മേലും ആശ്രയിച്ചിരിക്കുന്നു എന്നു വരുന്നു. വെറും വെള്ളവും മറുജനനവും തമ്മിൽ എങ്ങനെ സംബന്ധമുണ്ടാകുമെന്നു തോന്നിയേക്കാം. "കാറ്റു അതിനു ഇഷ്ടമുള്ളേടത്തു ഊതുന്നു. നീ അതിന്റെ ശബ്ദത്തെ കേൾക്കയും ചെയ്യുന്നു. എന്നാൽ അതു എവിടെനിന്നു വരുന്നുഎന്നും എവിടെക്കു പോകുന്നുഎന്നും നീ അറിയുന്നില്ല. ആത്മാവിൽനിന്നു ജനിച്ചവൻ ഇപ്രകാരമാകുന്നു". (൩-൮) കാറ്റിന്റെ അനുഭവം നമുക്കു കാണ്മാൻ കഴിയുമെങ്കിലും കാറ്റിനേയൊ അതിന്റെ പ്രവൃത്തിയേയൊ നമുക്കു കാണ്മാൻ പാടില്ലല്ലൊ. ഇതുപോലെ ദൈവം ആത്മാവിലും വെള്ളത്തിലും കൂടി നമ്മെ മറുജനനം ജനിപ്പിക്കുവാൻ ഒരു ശക്തി കൊടുത്തിട്ടുണ്ടു. അതിന്റെ അനുഭവം നമുക്കു അറികയും ചെയ്യാം. എന്നാലും വെള്ളത്തിൽ ആത്മാവിന്റെ പ്രവൃത്തി എന്താണെന്നു നമുക്കു കാണ്മാൻ പാടില്ലെന്നെ ഉള്ളു. അതു ദൈവത്തിന്റെ രഹസ്യമാകുന്നു. പരിശുദ്ധാത്മാവും ജ്ഞാനസ്നാനവെള്ളവും കൂടി മനുഷ്യനിൽചെയ്യുന്ന പ്രവൃത്തിയെ ഒരു പുതിയ ജനനമായി കർത്താവു വ്യാഖ്യാനിച്ചിരിക്കുന്നതിനെ

മാത്രം ആലോചിച്ചാൽ ജ്ഞാനസ്നാനത്തെ പുറമെയുള്ള ഒരു വെറും അടയാളമായി വിചാരിക്കുവാൻ പാടില്ലെന്നു തെളിയും. "വീണ്ടും ജനനമാകുന്ന സ്നാനത്താലും ശുദ്ധാത്മാവായുടെ പുതുക്കത്താലും താൻ നമ്മെ ജനിപ്പിച്ചു" എന്നുമുണ്ടല്ലൊ. (തീത്തൊസ ൩- ൫)

പിന്നെയും ജ്ഞാനസ്നാനത്താൽ പാപമോചനം പ്രാപിക്കുന്നു. "നീ എഴുന്നേറ്റു ജ്ഞാനസ്നാനപ്പെട്ടു നിന്റെ പാപങ്ങളെ കഴുകികളക" എന്നാണല്ലൊ പൌലൂസിനോടു കല്പിച്ചതു. (നടപ്പു- ൨൨- ൧൬) പൌലൂസ കർത്താവിങ്കൽ വിശ്വസിച്ചു അനുതപിച്ചു. എങ്കിലും പാപമോചനം പ്രാപിച്ചതു മാമ്മോദീസാകൈക്കൊണ്ടപ്പോൾ മാത്രമായിരുന്നു.

"ജ്ഞാനസ്നാനം ജഡത്തിന്റെ അഴുക്കിനെകളയുന്നതെന്നല്ല, ദൈവത്തോടുള്ള നല്ല മനസ്സാക്ഷിയുടെ ഉത്തരമായി യേശുക്രിസ്തുവിന്റെ ഉയർപ്പിനാൽ ഇപ്പോൾ നമ്മെയും രക്ഷിക്കുന്നു" (൧പത്രോ ൩. ൨൧) ഇതിൽനിന്നു ജ്ഞാനസ്നാനം കേവലം ഒരുകുളിയൊ ഒരു അടയാളമൊ മാത്രമല്ല, രക്ഷിക്കുന്ന ഒരുപ്രവൃത്തിയാകുന്നു എന്നുപ്രത്യക്ഷപ്പെടുന്നു.

"നിങ്ങൾ വെള്ളത്തിൽ നിന്നും ആത്മാവിൽ നിന്നും ജനിക്കുന്നില്ലെങ്കിൽ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കയില്ല" എന്നു കർത്താവു സത്യമായിട്ടു സത്യമായിട്ടു കല്പിച്ച ഉപദേശത്തിൽനിന്നു ഒരുകാര്യം പ്രത്യക്ഷമാകുന്നു. വീണ്ടുംജനനം കേവലം ആത്മാവിൽനിന്നു മാത്രമൊ വെള്ളത്തിൽ നിന്നു മാത്രമൊ ഉണ്ടാകയില്ല. രണ്ടുംകൂടി വേണം. അകമെയുള്ള ശുദ്ധത കൂടാതെ നാമമാത്രമായി ജ്ഞാനസ്നാനം കൈക്കൊണ്ടതുകൊണ്ടു പ്രയോജനമില്ല. ജലത്തിൽനിന്നുള്ള ജ്ഞാനസ്നാനംകൈക്കൊള്ളാതെ കേവലം വിശ്വാസത്തിൽ മാത്രവും വീണ്ടും ജനിക്കയില്ല. കർത്താവു നമ്മുടെ വീണ്ടും ജനനത്തിനു രണ്ടിനേയും കൂട്ടി ബന്ധിച്ചിരിക്കുന്നു. നമ്മുടെ പുറമെയുള്ള പ്രവൃത്തിയും ആത്മാവിന്റെ അകമെയുള്ള പ്രവൃത്തിയും കൂടെ യോജിച്ചാൽ മാത്രമെ നാം വീണ്ടും ജനിക്കുന്നുള്ളു. പുറമെയുള്ളതു കൂടാതെ അകമെയുള്ളതു തനിച്ചും അകമെയുള്ളതു കൂടാതെ പുറമെയുള്ളതു തനിച്ചും മതിയാകയില്ല. ൟലോകത്തിൽ ജീവിപ്പാൻ ജനനം ആവശ്യമാണല്ലൊ. അതു ഒരിക്കൽ മാത്രം മതിയാകും താനും. അപ്രകാരം തന്നെ ആത്മാവിൽ ജീവിപ്പാനും ഒരു ജനനം വേണം. അതു വെള്ളത്തിൽനിന്നും ആത്മാവിൽനിന്നും കൂടെയാകുന്നു. ഈ ജനനം ഒരിക്കൽമാത്രം മതിയാകും. എന്നാൽ ജനിച്ചവൻ മരിക്കും. ശിശുക്കളും മരിക്കും, ഇപ്രകാരം ആത്മാവിൽ ജനിച്ചവനും ആത്മാവിൽ മരണംവരാം. അവൻ പാപംചെയ്യുപോകാം. ഡേവീഡു പറിപ്പിച്ചതു പോലെ അവൻ ഒരിക്കലും പാപം ചെയ്യാൻ ഇടവരാത്തവനല്ല. പാപം ചെയ്യുമ്പോൾ അവന്റെ സ്ഥിതി വളരെ അരിഷ്ടതയിൽ ആയിരിക്കയും ചെയ്യും. ഒരിക്കൽ ജനിച്ചവനു പിന്നീടു ജനനമില്ലാത്തതു പോലെ വെള്ളത്തിൽ നിന്നും ആത്മാവിൽനിന്നുമുള്ള ജനനം അവനു പിന്നീടു അവശ്യമില്ല. അവൻ പ്രാപിച്ച ആത്മാവിനെ പുതുക്കിയാൽ മാത്രം മതി. ബൈതശെബായോടുകൂടെ വ്യഭിചാരം ചെയ്ത പാപത്തിൽ അകപ്പെട്ടശേഷം ദാവീദു പറയുന്നതു "നി

ന്റെ രൂപമായ എന്റെ ഉള്ളിൽ നീ പുതുതാകണമെ'' എന്നാകുന്നു.

മേല്പറഞ്ഞ സംഗതികളെ കൊണ്ടു തെളിയുന്നതു എന്തെന്നാൽ:— രക്ഷയ്ക്കു വെള്ളത്തിൽനിന്നുള്ള മാമ്മോദീസാ അത്യാവശ്യമാകുന്നു. അതു ഒരു പെറും അടയാളമൊ കർമ്മാചാരമൊ അല്ല, പുത്രസ്വീകാരവും പാപമോചനവും വീണ്ടും ജനനവും പ്രാപിപ്പാനുള്ള ഒരു മാർഗ്ഗമാകുന്നു. ജ്ഞാനസ്നാനപ്പെടാത്തവർ ഏതുനീതിമാൻ ജീവിച്ചാലും ആത്മാവിൽ ജനിച്ചിട്ടില്ല. അവർ ഇപ്പൊഴും ഗർഭപാത്രമാകുന്ന അന്ധകാര മറിയിൽ ഇരിക്കുന്നതെ ഉള്ളു. അ സ്ഥിതിയിൽ തന്നെ അവർ മേലും ഇരിക്കുന്നതായാൽ അവരുടെ അവസാനം ചത്തു പ്രസവിച്ച ഒരു ശിശുവിന്റെ സ്ഥിതിയിലും ആയിരിക്കും.

അതിനാൽ പ്രിയ സുറിയാനിസഹോദരന്മാരെ, ക്രിസ്തുവിന്റെ നാമം പറഞ്ഞു നിങ്ങളെ വഞ്ചിപ്പാൻ വന്നിരിക്കുന്ന ഈ രക്ഷണീയ സംഘത്തെ സൂക്ഷിച്ചുകൊൾവീൻ. അവർ നിങ്ങളെ വഞ്ചിപ്പാൻ നിങ്ങൾ സമ്മതിക്കരുതു. ജ്ഞാനസ്നാനത്തിന്റെ ആവശ്യകതയെ നിരാകരിക്കുന്ന ഇവർ തന്നെ ജ്ഞാനസ്നാനം കൈക്കൊണ്ടിട്ടില്ലന്നു തീച്ചയാണല്ലൊ. അവർ വീണ്ടും ജനിച്ചിട്ടില്ല. വെള്ളത്തിൽനിന്നും ആത്മാവിൽ നിന്നും ജനിക്കാത്തവർ സ്വർഗ്ഗരാജ്യത്തിലെക്കു പ്രവെശിക്കയില്ലന്നു കല്പിച്ച കർത്താവു വെള്ളത്തിൽനിന്നും ആത്മാവിൽനിന്നും കൂടിയുള്ള ജനനത്തെനിഷെധിക്കുന്ന ഇവരെ സ്വർഗ്ഗരാജ്യത്തിലെക്കു കൈക്കൊള്ളുകയില്ല. ഇവരെ ആശ്രയിക്കുന്നതിനാൽ നിങ്ങളും അവരൊടുകൂടി നശിച്ചുപൊകും. ഇവർ ക്രിസ്തുവിനുവെണ്ടി ബുദ്ധിമുട്ടു സഹിക്കുന്നവല്ലൊ കർത്താവിനെ പ്രസംഗിക്കുന്നവല്ലൊ ഇവരുടെ വചനം മധുരമാണല്ലൊ എന്നിങ്ങനെ നിങ്ങൾക്കു തോന്നിയെക്കാം. പ്രിയമുള്ളവരെ, അതുകൊണ്ടു ഒരു പ്രയൊജനവും ഇല്ല. ''കർത്താവെ കർത്താവെ എന്നു പറയുന്നവർ എല്ലാം സ്വർഗ്ഗരാജ്യത്തിലെക്കു കടകയില്ല. സ്വർഗ്ഗത്തിലിരിക്കുന്നവനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവനത്രെ''. (മത്തായി ൭- ൨൧) കർത്താവിന്റെ ഇഷ്ടത്തെ മാറുപാടായി വ്യാഖ്യാനിച്ചുംകൊണ്ടു തന്റെനാമം ഘോഷിക്കുന്നവർക്കുള്ള അനുഭവം ഇപ്രകാരമാകുന്നു. ''അ നാളുകളിൽ പലരും എന്നൊടു കർത്താവെ കർത്താവെ ഞങ്ങൾ നിന്റെ നാമത്തിൽ ദീർഘദർശനം പറകയും നിന്റെ നാമത്തിൽ പിശാചുകളെ പുറത്താക്കുകയും നിന്റെ നാമത്തിൽ വളരെ അത്ഭുതങ്ങളെ ചെയ്കയും ചെയ്തിട്ടില്ലയൊ എന്നു പറയും. അപ്പൊൾ ഞാൻ ഒരു നാളും നിങ്ങളെ അറിഞ്ഞിട്ടില്ല. അക്രമം പ്രവൃത്തിക്കുന്നവരെ എങ്കൽ നിന്നു പോകുവീൻ എന്നു ഞാൻ അവരൊടു തീർത്തു പറയും'' (മത്താ.൭-൨൨,൨൩)

൧൦ംവക പ്രസംഗികൾക്കുണ്ടാകുന്ന അനുഭവം ഇപ്രകാരമായിരിക്കുമെന്നൊർത്തു നിങ്ങളെതന്നെ സൂക്ഷിച്ചുകൊള്ളുവീൻ വെള്ളത്തിൽനിന്നുകൂടിജനിക്കണമെന്ന സത്യസ്വരൂപിയായനമ്മുടെകർത്താവു ''സത്യമായിട്ടസത്യമായിട്ട്'' പറയുന്നു. ഞങ്ങളും ''സത്യമായിട്ടസത്യമായിട്ട്'' വിശ്വസിക്കുന്നു. രക്ഷണീയകാരൊ കർത്താവിനെ അസത്യവാനാക്കുന്നു.

മാതൃസഭയെ നിന്ദിക്കുന്ന വിദ്യാർത്ഥികൾക്കും അദ്ധ്യാപകന്മാർക്കും
(മറെറല്ലാവർക്കും)

കഴിഞ്ഞ ഒരു പത്രികയിൽ ഏടനാടൻ എന്ന ലേഖകൻ ചില വിദ്യാർത്ഥികളോടു ചെയ്യിരുന്ന ഒരു രസകരമായ അപേക്ഷയെ വായിക്കാൻ ഇനിക്കും ഇടയായി. എന്നാൽ പൊതുവെ അദ്ധ്യാപകാദ്ധ്യായികളോടും മറും ഇനിക്കും ചിലത് പറയാൻ ഉള്ളതിനാൽ അതിലേക്കു പത്രസ്ഥലം അനുവദിച്ചുതന്ന പത്രാധിപരവർകൾക്കു എന്റെ വന്ദനം.

കത്തോലീശൊ മിശിഹായിൽ സ്നേഹിക്കപ്പെട്ടിരിക്കുന്ന എന്റെ മാന്യ സഹോദരന്മാരെ. അറിവിലും വയസ്സിലും ഒരുപോലെ ബാലനായിരിക്കുന്ന നിങ്ങളുടെ സഹോദരൻ യാക്കോബായ കൊച്ചുന്റെ അളവാറ അന്ത ഃ സ്നേഹത്തിൽ നിന്നുളവായി ഈ പത്ര മുഖേന കൊണ്ടു വരുന്ന അപേക്ഷകത്തിനെ നിങ്ങൾ ഓരോരുത്തരും മനസ്സിരുത്തി വായിക്കണമെന്നു മുന്നമെ ഞാൻ അപേക്ഷിക്കുന്നു. എന്നാൽ വലിയ പരീക്ഷകൾ ഒന്നും പാസ്സായിട്ടില്ലാത്ത സഥിതിക്കും, പരിഷ്കാര ചിഹ്നമായ അദ്ധ്യക്ഷൻ രവും, ആഫ്കോട്ടും, വട്ടതൊപ്പിയും, പൊടിഡപ്പിയും, ഇനിക്കില്ലാത്തതു കൊണ്ടും ഇനിക്കു മുഖപരിചയമുള്ള സഹോദരങ്ങൾ എന്റെ ഈ അഭിപ്രായത്തെ ഏതുത്തോളം വിലമതിക്കുമെന്ന ഒരുവലിയ ശങ്ക ഇനിക്കുണ്ടെങ്കിലും, ഈ കായ്യത്തിൽ അവർതങ്ങളുടെ മുൻ വിധി നീക്കിവച്ചും വചുതന്നെ വായിക്കുമെന്ന പൂണ്ണമായി വിശ്വസിച്ചും കൊണ്ടിതാ ഞാൻ എന്റെ പേനായെ എടുക്കുന്നു.

പ്രിയരെ! രക്ഷ, മോക്ഷം, സ്വർഗ്ഗം, സായൂജ്യം, എന്നിങ്ങനെ പലതര നാമങ്ങളോടു കൂടിയതെങ്കിലും ഒന്നായിരിക്കുന്ന ഒരു നിത്യജീവപദവിയെ അവകാശപ്പെടുത്തേണ്ടതിനായിട്ടാണെല്ലൊ മാനുഷ്യമക്കളായി ഇന്നു ഈ പ്രപഞ്ചത്തിൽ കാണുന്ന ഏവരും അവരവരുടെ മതാചാരപ്രകാരമുള്ള ഓരോ കർമ്മങ്ങൾ അനുഷ്ഠിക്കുന്നതും അതിനുവേണ്ടി ഓരോ അതിസാഹസങ്ങൾ ചെയ്യുവതികയും ചെയ്യുന്നതു. ഇപ്രകാരംതന്നെ ക്രിസ്തുധർമ്മത്തിലുൾപ്പെട്ട നാം ഓരോരുത്തരും പ്രയാസപ്പെടുന്നതും വരുവാനിരിക്കുന്ന ആ പരമ സ്വസ്ഥതയിൽ തന്റെ പങ്കിനായിരം വിശ്വാസിമാന്മാരോടു കൂടെ ഒലിവുതൈകൾ എന്നപോലെ തന്റെ മേശക്കു ചുറും നിന്നുംകൊണ്ടു നിത്യംഹല്ലേലുയ്യാ പാടി സ്തുതിക്കുവാനാണെന്നുള്ളതും അപ്പീലില്ലാത്ത ഒരു സംഗതിയാണല്ലൊ. വിശ്വാസിമാനായ ദാവീദു പോലും തനിക്കു വല്ല വിധത്തിലും ഒരു വാതിൽ കാവല്ക്കാരന്റെ ഉദ്യോഗത്തിനെങ്കിലും നീട്ടു കിട്ടിയാൽ മതിയായിരുന്നു എന്നു ആഗ്രഹിച്ചു ഈ പരമാനന്ദ സ്ഥലത്തു വല്ല വിധേനയും ചെന്നെത്തുപെടണമെന്നുള്ള ആഭ്യന്തരമായ അതിവാഞ്ഛയിൻ പേരിലത്രെ നമ്മിൽ നിന്നു പലകാലങ്ങളിലായി അതി ദുസ്സഹമായ പലതര മരണങ്ങൾ ഏറ്റു നമ്മുടെ പൂർവ പിതാക്കന്മാർ ഓരോരുത്തരും

അവരവരുടെ കാലങ്ങളെ അവസാനിപ്പിച്ചതു എന്നുള്ളതിനു അവരുടെ ചരിത്രങ്ങൾ ഇന്നും നമുക്കു ഒരു അനുഭവസാക്ഷിയായിരിക്കുന്നു. ഇപ്രകാരം സർവ്വ സൌഭാഗ്യാദികളോടുകൂടിയിരിക്കുന്ന ഈ വിശുദ്ധ സ്ഥലം ഒരുവൻ അവകാശമാക്കണമെങ്കിൽ അവൻ ഒരടിസ്ഥാനത്തിന്മേൽ നിന്നുകൊണ്ടു പണിയെണ്ടിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ അടിസ്ഥാനമില്ലാത്തതൊന്നും ശാശ്വതമായിട്ടുള്ളതല്ലെന്നു വേദോക്തവുമുണ്ടു. എന്നാൽ നമ്മുടെ പൂർവ്വപിതാക്കന്മാർ എല്ലാപേരും ഏതു അടിസ്ഥാനത്തിന്മേൽ നിന്നുകൊണ്ടു പണിതവരാണെന്നും ഏതുവിശ്വാസനിരയിൽ ക്രൂടി ഓടീട്ടുള്ളവരാണെന്നും നമുക്കു ഒന്നു പയ്യാലോചിക്കാം. ഹാ. സൂക്ഷ്മദർശിയായ ഒരുവൻ മുൻവിധി ക്രൂടാതെ നിഷ്പക്ഷമാകുന്ന കഴൽകണ്ണാടിയിൽ ക്രൂടി നൊക്കുന്ന എങ്കിൽ നമ്മിൽ നിന്നു വാങ്ങിപോയവരായ നമ്മുടെ പൂർവ്വപിതാക്കന്മാർ ഓരോരുത്തരും നമ്മുടെ കർത്താവിന്റെ വിശ്വാസിയും ശ്ലീഹന്മാരുടെ തലവനുമായ പത്രോസാകുന്ന പാറയെ അടിസ്ഥാനമാക്കികൊണ്ടു മാതൃസഭയുടെ കാതലായ വിശ്വാസമാകുന്ന യാക്കോബായ വിശ്വാസനിരയിൽ ക്രൂടി ഓടീട്ടുള്ളവരാണെന്നു എത്രയും വ്യക്തമായി കാണാവുന്നതാണു. എന്നാലൊ പ്രിയരെ പിന്തുടർച്ചാവകാശപ്രകാരമെങ്കിലും ആ നിരയിൽ വന്നെത്തുണ്ടെവരായ നാം ഓരോരുത്തരും ഈ പത്തൊൻപതാം നൂറ്റാണ്ടിൽ വന്നപ്പൊൾ അടിസ്ഥാനമാകുന്ന പാറമേൽ നിന്നു തെറിയവരായും കപ്പിത്താനില്ലാത്ത കപ്പലിൽ കയറി ദുരുപദേശങ്ങളാകുന്ന തിരമാലകളിൽ അകപ്പെട്ടിട്ടു തരം നോക്കി ആട്ടിൻകുട്ടികളുടെ വേഷത്തിൽ പുറപ്പെട്ടിരിക്കുന്ന ചൂഷകന്മാരുള്ള ഓനായ്ക്കളിൻപുറകെ, രക്ഷ രക്ഷ എന്നു ആർത്ത അട്ടഹാസിച്ചുംകൊണ്ടു പാഞ്ഞെത്തുന്നതിനെയും സത്യസഭയാകുന്ന സത്യദ്രാക്ഷാലതയിൽ നിന്നുണ്ടായ സത്യദ്രാക്ഷാരസമാകുന്ന സത്യസാരോപദേശങ്ങളെ ഛർദ്ദിച്ചുംവച്ചു് കാട്ടുമന്തിരിരസമാകുന്ന ദുരുപദേശങ്ങളെ അമൃതുപൊലെ പാനംചെയ്യുകൊണ്ടു ആമാതാമഹിമുടെ പേരിൽ വൃഥാ ദോഷാരോപണം ചെയ്യുന്നതിനെയും അവൾ കണ്ടിട്ടു ഏശായദ്ദീക്ഷ്ശി ഇസ്രായെൽ ജനങ്ങളെകുറിച്ചു വിലാപിച്ച ഗീതത്തിനുതന്നെ അവൾ നമ്മെ ഓരോരുത്തരെയുംപറ്റി നെടുവീർപ്പിട്ടു വിലാപിക്കുന്നതു "ഞാൻ പൈതങ്ങളെ രക്ഷിച്ചുവളർത്തി എന്നാൽ അവർ ഇനിക്കുവിരോധമായി മത്സരിച്ചിരിക്കുന്നു. കാള തന്റെ ഉടയവനെയും കഴുത തന്റെ യജമാനന്റെ പുൽക്കൂടിനെയും അറിയുന്നു. എന്നാൽ എന്റെ ജനം അറിയുന്നില്ല". പ്രിയരെ, ഇവളുടെ ഈ വിലാപം സ്വീകാരയോഗ്യമായിട്ടുള്ളതാണെങ്കിൽ നാം അവളെ തിരസ്കരിച്ചുംവച്ചുപോയിരിക്കുന്നതു എത്രമാത്രം പരിതപിക്കപ്പെടത്തക്ക ഒരുസംഗതിയാണെന്നു നമുക്കു പിന്നാലെ ഒന്നു പയ്യാലൊചിക്കാം.

(തുടരും)

എന്ന് സങ്കീട്ടിൽ പ്രൈവറ് സിക്രട്ടേറി
യാകോബായ കൊച്ചൻ.

മരണാനന്തരാവസ്ഥ. (തുടർച്ച)

ഇനി ആലോചിപ്പാനുള്ളതു മരണശേഷം ഏതുതരം പാപങ്ങൾ ക്കാണ ജീവികളുടെ പ്രാർത്ഥനമൂലം മോചനം ഉണ്ടാകുന്നതെന്നാകുന്നു. പുരാണ കൃിസ്ത്യാനതക്സ്യാകൾ (സുറിയാനിക്കാരുടേതു മാത്രമല്ല, കിഴക്കിന്നടുത്ത ഏതു ശാഖക്കാരുടെയും പടിഞ്ഞാറുകാരുടെയുംതന്നെ) പരിശോധിച്ചാൽ ഇവർ അപേക്ഷിക്കുന്നതു വിശ്വാസികളായ മരിച്ചവക്കു വേണ്ടിയാണെന്നു കാണാം. പൂർവ്വസഭാപിതാക്കളുടെ കൃതികളെ വായിച്ചാലും ഇതോടു അനുരൂപമായ അഭിപ്രായങ്ങൾ കാണ്മാനുണ്ടു. അവ ഏറക്കുറെ മുമ്പിൽ പറഞ്ഞുപോയിട്ടുള്ളതുകൊണ്ടു ആവർത്തിക്കുന്നില്ല. ചുരുക്കിപ്പറഞ്ഞാൽ ക്രിസ്തുവിൽ വിശ്വസിച്ചു അനുതാപത്തോടു കൂടെ മരിച്ചുപോയ ക്രിസ്ത്യാനികൾക്കു വേണ്ടി മാത്രമാണ നാം പ്രാർത്ഥിക്കുന്നതു. ദൈവഭയം അശേഷം ഇല്ലാതെ ജീവികയും അനുതാപം കൂടാതെ മരികയും ചെയ്തു ദുഷ്ടന്മാർക്കു പ്രാർത്ഥനകൊണ്ടു ഒരുപ്രയോജനവും വരികയില്ല. അനുതാപത്തോടു കൂടെ മരിച്ചവക്കു ഇതുകൊണ്ടോവശ്രമിക്കുന്നു വിചാരിച്ചുപോകരുതു. മുമ്പിൽ ഇതിനു കാരണങ്ങൾ പറഞ്ഞിട്ടുണ്ടു. മരണം മുതൽ ന്യായവിധിവരെ ആത്മാക്കൾ ശുദ്ധതയിൽ വർദ്ധനവു പ്രാപിക്കുന്നു എന്നും ശുദ്ധീകരണവേല മരണാനന്തരംനടന്നുകൊണ്ടിരിക്കുന്നു എന്നും രേഖാമൂലം മുൻ ലക്കങ്ങളിൽ കാണിച്ചിട്ടുണ്ടല്ലൊ. ഏന്നു മാത്രവുമല്ല, കല്ലറയിൽ ഭക്ഷണ സാധനങ്ങൾ ധാരാളം ശേഖരിച്ചു വച്ചിട്ടുള്ളവനും ദരിദ്രനും ഒന്നുപോലെ "ഞങ്ങളുടെ ദിക്ലുതിയുടെ അപ്പം ഇന്നും ഞങ്ങൾക്കു തരണമെ" ഏന്നു പ്രാർത്ഥിപ്പാൻ കടപ്പെട്ടിരിക്കുന്നുവല്ലൊ. അതു പോലെ അനുതാപത്തിൽ മരിച്ച സഹോദരനും ജീവിച്ചിരിക്കുന്ന സഹോദരനും നമ്മുടെപ്രാർത്ഥന ആവശ്യവും പ്രയോജനകരവും ആണ.

മരണശേഷം ശുദ്ധീകരണം ഉണ്ടെന്നു പറഞ്ഞ അഭിപ്രായത്താൽ റോമ്മാക്കാരുടെ ബൈസ്സുക്കനാ ഉപദേശത്തെ പിൻതാങ്ങുന്നു എന്നുവിചാരികരുത്. രണ്ടുംരണ്ടാണ. ബൈസ്സുക്കനായെക്കുറിച്ചു അവർ പറയുന്നതു അഗ്നിമൂലം ശിക്ഷിച്ചു പാപം ക്ഷമിക്കുന്നു എന്നും ന്യായവിധിക്കു മുമ്പു ശിക്ഷാരക്ഷകൾ പ്രാപിക്കുന്നു എന്നുമാണ. ഇതു അങ്ങനെയല്ല, വിശ്വാസികളായ മരിച്ചവർ മറ്റുള്ളവരുടെ പ്രാർത്ഥനയാൽ ദൈവത്തിന്റെ കൃപമൂലം ശുദ്ധീകരണംപ്രാപിക്കുന്നു എന്നാകുന്നു.

ഇതിനെ സംബന്ധിച്ചു ഒരു പ്രസിദ്ധപ്പെട്ട ലൂതറൻ പ്രൊത്തസ്ഥാനതകാരൻ ഇപ്രകാരം എഴുതിയിരിക്കുന്നു: "ഒരു ആത്മാവിനും പൂർണ്ണതയെ പ്രാപിച്ചുകൊണ്ടു ഈ ലോകത്തിൽനിന്നു പിരിവാൻകഴിയാത്തതിനാൽ മരണാനന്തരാവസ്ഥ ആത്മാക്കളെ ന്യായവിധിയിലേക്കു ഒരുക്കുന്ന ഒരു അഭിവൃദ്ധിയുടെയും ശുദ്ധീകരണത്തിന്റെയും സ്ഥിതിയാണന്നു വിചാരിക്കപ്പെടണം. ബൈസ്സുക്കനാ എന്ന റോമ്മാ ഉപദേശത്തിൽ ന്യായവും അസംബന്ധവുമായ അനേകം കൂട്ടികെട്ടിയിരി

ക്കുന്നതിനാൽ നിഷേധയോഗ്യമാകുന്ന എങ്കിലും മദ്ധ്യാവസഥ (അതായതു മരണശേഷമുള്ള അവസഥ) ആത്മാക്കളെ ശുദ്ധീകരിക്കുവാൻനിശ്ചയിച്ചിരിക്കുന്ന ഒരു ശുദ്ധീകരസഥലമാണന്നുള്ള സത്യം അതിൽ അടങ്ങിയിട്ടുണ്ടു". (ഡാക്ടർ മാർട്ടൻസൻ)

മേല്പറഞ്ഞപ്രകാരം അന്തതാപത്തിൽ മരിച്ചവരുടെ പാപമോചനത്തിനു വേണ്ടിയാണു നാം പ്രാർത്ഥിക്കുന്നതെങ്കിലും, മരിച്ച ആളിന്റെ അന്തതാപത്തെയോ തിന്മയേയോ കുറിച്ചു വിധിപ്പാൻ ജീവികളായ നാം പ്രാപ്തന്മാരല്ല. ദൈവം ഹൃദയത്തെ നോക്കി വിധിക്കുന്നു. നാമൊ പുറമെയുള്ള നടപടി മാത്രം കണ്ടു വിധിക്കുന്നു. ഇസ്രായേൽ മൂഴുവൻ ബാലിന്റെ പിന്നാലെ ചേർന്നു പോയി എന്നു ഏലിയായിക്കു തോന്നിയെങ്കിലും ബാലിനു മുട്ടുകുത്താത്ത ഏഴായിരം പേരെ യഹോവാ കണ്ടുപിടിച്ചില്ലൊ. അതിനാൽ സഭയുടെ ചട്ടമനുസരിച്ചു കുമ്പസാരം ക്രുദ്രാശകൾമൂതലായ വിശുദ്ധകർമ്മങ്ങളെകൈക്കൊണ്ടു പുറമെയുള്ള അന്തതാപത്തൊടെ മരിക്കുന്നവരുടെ ഹൃദയം എങ്ങനെയിരുന്നാലും നമുക്കു അവരെക്കുറിച്ചു വിചാരിക്കാവുന്നതും വിശ്വസിക്കാവുന്നതും വിശ്വാസികളായ മരിച്ചവർ എന്നാണല്ലൊ. അതിനാൽ മരിച്ചവക്കുവേണ്ടി പൊതുവിൽ പ്രാർത്ഥിക്കുന്നതും പ്രാർത്ഥിപ്പിക്കുന്നതും അവശ്യവും മുറയും ആകുന്നു.

൧൬൦൦ ആറാണ്ടിൽ ഈ ഉപദേശത്തെ സെബസ്ത്യോസിന്റെ ഇരുവിയുസ എന്നൊരാൾ ആക്ഷേപിക്കയുണ്ടായി. ശുദ്ധ എഫ്രായീമിനെയും അഗസ്തീനോസും ഇവനെ കഠിനമായി ശാസിക്കുന്നു. ഇരുവിയുസിന്റെ ആക്ഷേപം മാത്രം വായിച്ചാൽ അക്കാലത്തു എല്ലാവക കഠിന പാപങ്ങളിലും മരിച്ചവക്കു വേണ്ടി പ്രാർത്ഥിക്കാമെന്നു വിചാരിച്ചിരുന്നു എന്നു തോന്നും. എന്നാൽ അവനെ ആക്ഷേപിച്ചിരിക്കുന്ന മേല്പറഞ്ഞ സഭാപിതാക്കളുടെ അഭിപ്രായം വിശ്വാസികളായ മരിച്ചവക്കുവേണ്ടി മാത്രം പ്രാർത്ഥിച്ചു വരുന്നു എന്നാണു.

ശുദ്ധ കുപ്രിയാനോസ ഒരു ചരിത്രം എഴുതിയിരിക്കുന്നതും ഇതോടു സംബന്ധിക്കുന്നതാണു. അദ്ദേഹത്തിന്റെ കാലത്തു ബലിപീഠത്തുങ്കൽ നിത്യശുശ്രൂഷക്കായി പ്രതിഷ്ഠിക്കപ്പെട്ട പട്ടകാരിൽ ആരും ലൌകീക ജോലിയിൽ പ്രവേശിക്കരുതെന്നു നിബ്ബന്ധമായ ഒരു ചട്ടം ഉണ്ടായിരുന്നു. ഇതിനെ അറിഞ്ഞിരുന്ന ഒരു ക്രിസ്ത്യാനി മരണസമയം തന്റെ സ്വത്തുകളെ കുട്ടികൾക്കുവേണ്ടി അന്വേഷിക്കുന്നതിനു ഒരുപട്ടകാരനെ നടത്തകാരനായി മരണപത്രത്തിൽ നിയോഗിച്ചിരുന്നു. ഇവൻമരിച്ചു ശേഷം മരണ പത്രം കണ്ടപ്പോൾ സഭാനിയമങ്ങൾക്കു അറിവൊട്ടുക്കുടി ഒരു ഭേദം വരുത്തണമെന്നു നിശ്ചയിച്ചു ഇങ്ങനെ ഉയിൽപത്രം എഴുതിയതുകൊണ്ടു ആ മനുഷ്യന്റെ ആത്മാവിനുവേണ്ടി പള്ളികളിൽ പ്രാർത്ഥനയും കുബ്ബാനയും കഴിച്ചു പോകരുതെന്നു ആജ്ഞാപിച്ചു പോലും. മനപ്പൂർവ്വമായ പാപങ്ങളിൽ മരിക്കുന്നവക്കു പ്രാർത്ഥന നിഷ്പ്രയോജനമാണെന്നു സഭ വിചാരിച്ചിരുന്നു എന്നു ഇതുകൊണ്ടു തെളിയുന്നു.

സുറിയാനി ഭാഷാ ചരിത്ര സംക്ഷേപം.

ഈ പേരിൽ ഒരു പുതിയ പുസ്തകത്തിന്റെ വിവരം ഇടവകപത്രികയിൽനിന്ന വായിച്ചു കാണാവുന്നതാണ. സുറിയാനിഭാഷയെക്കുറിച്ചു പത്രികയുടെ ഒന്നാം പുസ്തകത്തിൽ ഒരു പ്രസംഗത്തിൽ ഈ ഭാഷ സൃഷ്ടിപ്പുമുതൽ ഉള്ള മൂലഭാഷയാണെന്ന ചില മതിയായ ന്യായങ്ങളോടുകൂടെ പ്രതിപാദിച്ചിട്ടുണ്ടായിരുന്ന. അഥവാ അത്രയും പഴക്കം ഇല്ലന്നവച്ചാലും സുറിയാനി ക്രിസ്തുവിന്റെ സംസാരഭാഷയും തന്റെകുനനത്തിന്ന അനേകം മുമ്പു കൽദായ നാട്ടിൽ നടപ്പുണ്ടായിരുന്നതും അതെന്നുള്ളതിന്ന തർക്കമില്ല. ലോകത്തിൽ ഉണ്ടായിട്ടുള്ള പ്രാചീന മഹാരാജ്യങ്ങളിൽ ഒന്നായിരുന്ന ബാബേലിലെ ഭാഷയും കൽദായയായിരുന്നതിനാൽ ഈഭാഷ സംസാരിച്ചവന്നവർ ഒഴികൽ ലോകത്തിലെ നാനാജാതികളെ അടക്കി ഭരിച്ചിരുന്ന എന്നും രാജഭാഷയായിരുന്ന എന്നും കൂടെ ഒരു മഹത്വം ഇതിനുണ്ട.

എന്നാൽ ഇപ്പോഴൊ സുറിയാനിക്കാരും പൂർവ്വസഭകളിൽ ചില അപ്രസിദ്ധ ശാഖകളും കേവലം ദൈവാരാധനയ്ക്കു മാത്രം ഉപയോഗിച്ചു വരുന്നതുകൊണ്ട ഇതിന്ന പ്രചാരം ഇല്ലാതിരിക്കുന്ന. ഇതിനെ ഉപയോഗിക്കുന്നവരും മതസംബന്ധമായ കർമ്മങ്ങളുടെ ആവശ്യത്തിന്ന മാത്രം അഭ്യസിച്ചു വരുന്നതുകൊണ്ട ഭാഷയിൽ വേണ്ടുന്നാനമൊ ഭാഷയ്ക്ക പരിഷ്കാരമൊ ഉണ്ടാകുന്നില്ല. സുറിയാനി ഗ്രന്ഥദാരിദ്ര്യമുള്ള ഒരു ഭാഷയെന്നാണ മിക്ക ആളുകളും ധരിച്ചിരിക്കുന്നത. ഈ പുസ്തകം വായിച്ചാൽ മറിച്ചു കാണാം. ഭാഷയെക്കുറിച്ച മതിയായ വിവരമില്ലാത്തവക്ക വളരെ അറിവു കൊടുക്കുന്ന ഒരു കൃതിയാണ ഇതെന്ന പറവാൻ സംശയമില്ല.

ഈരിൽ ക്രിസ്താബ്ദത്തിന്റെ ആരംഭകാലം മുതൽ ക്രമം ശതാബ്ദംപരെ ജീവിച്ചിരുന്ന സുറിയാനിഭാഷാ ഗ്രന്ഥകർത്താക്കളുടെ ജീവചരിത്രവും അവർ നിർമ്മിച്ചിട്ടുള്ള പ്രധാന ഗ്രന്ഥങ്ങളുടെ വിവരണവും ചുരുക്കത്തിൽ അടക്കിയിരിക്കുന്ന. സുറിയാനി ഭാഷയിൽ ഉണ്ടായിട്ടുള്ള ഗ്രന്ഥകർത്താക്കളിൽ മിക്കവാറും ആളുകൾ സഭാപിതാക്കന്മാർ ആകകൊണ്ട ഒരം പുസ്തകംമൂലം പെരും ഗ്രന്ഥരചനയാൽ മാത്രം കീർത്തി സമ്പാദിച്ച വിദ്വാന്മാരുടെയല്ല, നമ്മെ വിശ്വാസത്തിൽ വളർത്തുകയും മിശിഹായെ പ്രതി കഷ്ടപ്പെടുകയും ചെയ്ത അനേകം പിതാക്കന്മാരുടെ ചരിത്രം തന്നെ നമുക്കു ഗ്രഹിക്കാവുന്നതാണ. സുറിയാനിഭാഷയിൽ ഗ്രന്ഥങ്ങൾ പലതും പല തരത്തിലും ഉണ്ടെങ്കിലും കയ്യെഴുത്താകകൊണ്ടും ഭാഷയിൽ നൈപുണ്യം പ്രാപിച്ചവരുടെ ചുരുക്കം കൊണ്ടും അവ നമുക്കു കാണ്മാൻ ഇല്ല. അതിനാൽ നമ്മുടെ പിതാക്കന്മാരെക്കുറിച്ചു പോലും നമുക്കു മതിയായ അറിവില്ലെന്ന വേണം പറവാൻ. അനേകം സഭാപിതാക്കന്മാരെക്കുറിച്ചു നാം ഏറക്കുറെ കേട്ടറിഞ്ഞിട്ടുണ്ടായിരുന്നാലും അവരുടെ ചരിത്രമൊ കാലമൊ അറിയാവുന്നവർ തീരെ ഇല്ലെന്ന തന്നെ പറയേണ്ടിയിരിക്കുന്ന. പ്രസ്തുവപുസ്തകം ഈ വക ന്യൂനതകളെ അല്പമായിട്ടെങ്കിലും പരിഹരിക്കുന്നതാകുന്ന.

സുറിയാനി ഭാഷ സ്വന്തമെന്ന വിചാരിച്ചു വരുന്ന പൂർവ്വദേശക്കാരെക്കാൾ പശ്ചിമദേശക്കാർ ഇതിനെ പഠിക്കുവാൻ അധികം ശ്രമം ചെയ്യുന്നുണ്ട. ഇതിൽ പേർ പറയുന്ന മിക്കപുസ്തകങ്ങളും യൂറോപ്പിൽ അച്ചടിച്ചിട്ടുള്ളതായി കാണുന്ന. പശ്ചിമദേശക്കാരുടെ ശ്രമം കൊണ്ടല്ലായിരുന്നുവെങ്കിൽ ഈ പുസ്തകം തന്നെ മലയാളത്തിൽ ഉണ്ടാകുവാൻ ഇടയില്ലായിരുന്ന. ഇതിൽ ഉൾപ്പെട്ട വിവരണങ്ങൾ മിക്കവാറും ഇംഗ്ലീഷിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട. ഇതിൽ ചില ഭാഗങ്ങൾ "മലയാളഭിനോദിനി"യുടെ ആദ്യകാലത്തു "സുറിയാനി ഭാഷയും ഗ്രന്ഥകർത്താക്കളും" എന്നതലവാചകത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടായിരുന്ന.

ഈ പുസ്തകം കൂട്ടിച്ചേർത്തതു മൽപ്പാനുരുത്തി മാർതോമ്മാസ്ക്കൂൾ ഹെഡ്മാസ്റ്റർ യാക്കോബ അവർകളാണ. ഇദ്ദേഹം സുറിയാനി സമുദായത്തിന്റെ കൃതജ്ഞതയ്ക്ക പാത്രവാനായിരിക്കുന്ന എന്ന പറവാൻ ഞങ്ങൾ സംശയിക്കുന്നില്ല. ഈ ഉദ്യമത്തിന്റെ പരിശ്രമം സഫലമാകണമെങ്കിൽ സമുദായം ഈ പുസ്തകം വാങ്ങി വായിക്കയും അതിന്റെ ഒടുവിൽ ഭാഷാഭിവൃദ്ധിക്കു ചുണിക്കാണിച്ചിരിക്കുന്ന മാർഗ്ഗങ്ങളെ പ്രവൃത്തിപ്പിപ്പാൻ യത്നിക്കയും ചെയ്യേണ്ടിയിരിക്കുന്ന. അതു എന്തുകൊണ്ടെന്നാൽ—

ഫ- ഇപ്പോൾ എല്ലാ സിറിയാനിക്കാരിലും കൊവേന്തക്കാരിലും സുറിയാനി വേദാഭ്യസനം മാത്രമെയുള്ളു. അതിരിക്തഭേദപ്പെടുത്തി ചരിത്രം, തത്വജ്ഞാനം, തർക്കശാസ്ത്രം, ജ്യോഗ്രഫി, ജ്യോതിശ്ശാസ്ത്രം, കണക്കു, പ്രകൃതിശാസ്ത്രം, ശരീരശാസ്ത്രം മുതലാ

യ സാമാന്യവിദ്യാശാഖകളിൽ എല്ലാം അദ്ധ്യായികളെ അഭ്യസിപ്പിക്കണം.

൨- സ്വകലാശാലയിൽ സുറിയാനിക്കുടെ സ്വഭാഷയായിവെപ്പിക്കയും ആണ്ടു തോറും അതിൽ പരീക്ഷ കഴിപ്പാനായി യുവാക്കളെ അഭ്യസിപ്പിക്കയും ചെയ്യണം-

൩. മലയാളത്തും പരദേശത്തുമുള്ള വിദ്യാസ്നേഹരായ മല്പാന്മാർ സുറിയാനിയിൽ പുസ്തകങ്ങൾ നിർമ്മിക്കുന്നതിനു പരിശ്രമിക്കയും, അങ്ങിനെയുള്ളവരെ പ്രോത്സാഹിപ്പിക്കുന്നതായ ഒരു സംഘം ഏർപ്പെടുത്തി നടത്തുകയും വേണം.

൪- പൂർവ്വികന്മാരെയുള്ള ഗ്രന്ഥങ്ങൾ ഒട്ടു മിക്കവാറും യൂറോപ്പിൽ അച്ചടിപ്പിച്ചിട്ടുണ്ടു. അവയെ വരുത്തി ഒരു പുസ്തകശാല സ്ഥാപിച്ചു അവയുടെ അദ്ധ്യായികളായി ഇംഗ്ലീഷും സുറിയാനിയും പരിജ്ഞാനമുള്ള രണ്ടു യുവാക്കളെ നിയമിക്കണം.

൫- പ്രസിദ്ധപ്പെടുത്താതെയിരിക്കുന്ന ഗ്രന്ഥങ്ങളെ പ്രസിദ്ധപ്പെടുത്തുന്നതിനും മറുമായി സുറിയാനി അച്ചടി നടപ്പാക്കണം.

ഈ പുസ്തകത്തിൽ ചില സുറിയാനി പദങ്ങൾ പ്രയോഗിച്ചിരിക്കുന്നതു ഉച്ചാരണഭേദംകൊണ്ടു മനസ്സിലാകാതെ വരുന്നുകാമെന്നൊരു ദോഷമുണ്ടു. സുറിയാനി പദങ്ങൾ ഇംഗ്ലീഷിൽ എഴുതുമ്പോൾ വരാവുന്ന ഉച്ചാരണഭേദം ഇംഗ്ലീഷിൽ നിന്നു മലയാളത്തിലാക്കുമ്പോൾ അധികരിക്കുന്നതിനാൽ വന്ന ദോഷമാണിതു. പുസ്തകത്തിനു സുറിയാനി ഭാഷയിൽ കുറച്ചു അറിവുണ്ടായിരുന്നു സഹിക്കുമല്ലോ ഭേദം കൂടാതെ ഈ പദങ്ങളെ പ്രയോഗിക്കുവാൻ ശ്രമിക്കാഞ്ഞതു എന്താണെന്നു അറിയുന്നില്ല- ഒരു രണ്ടാംപതിപ്പു ആവശ്യപ്പെടുന്നപക്ഷം അപ്പോൾ ഈ മാറ്റം ചെയ്യുമെന്നു വിശ്വസിക്കുന്നു.

പെരുമ്പാമ്പൂരെ നവീകരണ സഭ.

ഈ സഭ ഇപ്പോൾ ഉണ്ടായിട്ടു ഒരു വർഷം തികയാറായി- ഇതിന്റെ ഉത്ഭവത്തിനു ഹേതുഭൂതനായ കുന്നത്തുനാട്ടു താലൂക്കിൽ ഇപ്പോൾ ജീവിക്കുന്ന ചെറിയാൻ റജിസ്റ്റർ അവർകളാണു. എന്നാൽ ഇദ്ദേഹം ഭാരം ഉദ്യോഗം ഏറ്റു ഈടിക്കിൽ വന്നപ്പോൾ താൻ സുറിയാനിക്കാരനാണെന്നും പറഞ്ഞു ഞങ്ങളുടെ പള്ളിയിൽ വരികയും കണ്ടുന കാണുകയും മറ്റും പതിവായിരുന്നു- കുറെ നാൾ കഴിഞ്ഞതിന്റെ ശേഷം സണ്ടെസ്ക്കൂൾ നടത്തണമെന്നും അതു അല്ലപ്പള്ളി മുറിയിൽ ആയിരിക്കണമെന്നും മറ്റും ഓരോ പുതിയകാര്യങ്ങളെ ജനങ്ങളോടു ഗുണദോഷിക്കയും മിക്കവാറും ജനങ്ങൾ ആയ നല്ലകാര്യമെന്നു സമ്മതിക്കയും ചെയ്തു വരവെ, മിഷ്യൻ ഉപദേശികൾ ഇദ്ദേഹം പാർക്കുന്നസ്ഥലത്തു വന്നുകൂടി പ്രാർത്ഥനകഴിച്ചു എന്നു കേട്ടനാൾമുതൽ ഇദ്ദേഹം സുറിയാനിക്കാരനോ എന്നു സൂക്ഷിച്ചു തുടങ്ങി- അപ്പോൾ പുറമെ സുറിയാനിക്കാരന്റെ വേഷം ധരിച്ചതല്ലാതെ സുറിയാനിക്കാരന്റെ നടപടിയായൊന്നും ഇല്ല സകല നടപടികളും ഇംഗ്ലീഷുമതത്തിലേതു തന്നെ എന്നു ദൃഷ്ടാന്തപ്പെട്ടു. നായറാട്ടു സുറിയാനിപ്പള്ളിയിൽ വരുമെന്നുമാത്രം. വന്നാലും കുർബ്ബാന കഴിഞ്ഞു പരസ്യമായ ഒരു ചോദ്യം കൊണ്ടു വരണം. അപ്രകാരമായതിൽ ഈ മനുഷ്യന്റെ ഉപദേശത്തിൽ ജനങ്ങൾ വഴിപ്പെടാതെയായി. ഇനി ഇതിനു സൂത്രമെന്തെന്നു വിചാരിച്ചു വളരെ പ്രയാസപ്പെട്ടു അല്ലപ്പള്ളിക്കുടന്നരിൽ കൂടി കത്തനാരു എന്നൊരാളെയും അച്ചന്റെ ശേഷക്കാരും മറുമായി പത്തുപന്ത്രണ്ടു ആളുകളേയും എങ്ങിനെയൊ സ്വാധീനപ്പെടുത്തി ടി. റജിസ്റ്ററുടെ ആഗ്രഹം നടത്തിക്കൊണ്ടു വരുന്നു.

ഇനി ഇവർ നടത്തി വരുന്ന സംഗതിയെ വിവരിച്ചതിനു മേൽ പറയാം. എല്ലാഞായറാഴ്ചകളിലും ഇവരുടെ മുൻനിശ്ചയം അനുസരിച്ചു ഓരോവീട്ടുകളിൽ സ്വരൂപിച്ചുകൂടും. വീട്ടുകാരുടെ അവസ്ഥാനുസരണം പങ്കൊ കുറയൊ പായൊ നിരത്തിയിട്ടു എല്ലാവരും വട്ടത്തിൽ ഇരിക്കും. കുറെ തുശ്വസിച്ചശേഷം എല്ലാവരും എഴുന്നേറ്റു നിന്നിട്ടു റജിസ്റ്റർ അവർകൾ ഒരു മലയാള ഏകൻശേലി എടുത്തു ഒരുഭാഗം വായിച്ചു അദ്ദേഹം ഇംഗ്ലീഷു സിമ്മനാരിയിൽ പഠിച്ചപ്പോൾ കിട്ടിയിട്ടുള്ളതായ അറിവുംപ്രകാരം വ്യാഖ്യാനം തുടങ്ങും. ഒടുവിൽ സുറിയാനി സഭയിൽ നടന്നവരുന്നതു മൂഢഭക്തി എന്നും മറ്റും കേൾക്കുന്നവക്കു ശരി എന്നു ഉറപ്പിക്കുവാൻ തക്കവണ്ണം ചില വാക്യവും എടുത്തു പ്രയോഗിക്കും. ഒരു ഭീഷ്മപ്രസംഗം കഴിച്ചതിനുമേൽ ടി. കുറി അച്ചൻ അതിനെ പിൻതാങ്ങി ഉറപ്പിക്കും. ഉടനെ എല്ലാവരും മുട്ടുകുത്തിയും തലനിലത്തു കമ്പിച്ചും ഇടത്തെ കൈകൊണ്ടു മുഖത്തുപിടിച്ചും കമ്പിച്ചു കിടക്കും. റജിസ്റ്ററവ

ർക്കളോ കുറ അച്ചനൊ ഒരു മനുപ്രാർത്ഥന കഴിച്ചു അവസാനത്തിൽ എല്ലാവരും ആ മേൻ പറഞ്ഞും സ്വസ്ഥസ്ഥനായ ഞങ്ങളുടെ പിതാവെ എന്ന ഒരു അപേക്ഷ ചൊല്ലിയും എല്ലാവരും എഴുനേല്ക്കും. പിറെ തൊയറാഴ്ച ജന വീട്ടിൽ എന്ന ഉറപ്പിച്ചു പിരിക്കയുംചെയ്യും. ഇപ്രകാരമാണിവർ നടത്തി വരുന്നതു. ടി- റജിസ്തരും അച്ചടിയും അനേകം ജനങ്ങളെ ഇതിലേക്കു ആകൎഷ്ടിക്കുന്നമുണ്ടു. മിക്ക ആളുകളും ഒരുപ്രാവശ്യം കൂടിയാൽ പിന്നെ കൂടുന്നില്ല. കുറുപ്പംപടിക്കൽനിന്നും എല്ലാ അച്ചന്മാരും ഉരുത്തിപ്പള്ളി പള്ളിയിൽ നിന്നും ചെട്ടാളത്തുംകരെ അച്ചനും തോട്ടപ്പടി പള്ളിയിൽ നിന്നും ഇരുമല കൊച്ചുചൻ നീങ്കി ശേഷം എല്ലാ അച്ചന്മാരും ഇവരുടെ ജാടയിൽ ഒന്നും രണ്ടും പ്രാവശ്യം അകപ്പെട്ടുപോയി. ഇടവകയിൽ യേശുദാസരായ ജനങ്ങളുടെതെസ്സംകൊണ്ടൊ അവക്കു സുബുദ്ധി തോന്നിയിട്ടൊ പിന്നീടു അവർ ഇതിൽ കൂടുവാൻ വരിക ഉണ്ടായില്ല. ഇതിൽ കൂടുവാൻ വിസമ്മതിക്കുന്നവരെ ചില സമയം റജിസ്തർ ശാസിക്കയുമുണ്ടത്രെ- എന്നു ശാസിച്ചാലും അയാൾ ഒരു റജിസ്തരല്ലെ- തിരുവിതാംകൂർ പോലീസ സൂപ്രണ്ടൊ ദിവാനൊ ആയിരുന്നെങ്കിൽ ഈ ആളുടെ ആഗ്രഹം ശാസനയാൽ നടത്താമായിരുന്നു- എങ്കിലും പത്തു പന്ത്രണ്ടാളുകൾ വരെ മേന്നിട്ടുണ്ടു- അതു ഒന്നാണ- ഇടയനില്ലാഞ്ഞാൽ ആടുകൾ തെറ്റുക സഹജമാണല്ലൊ- പ്രിയപത്രാധിപരെ ഞങ്ങളുടെ വാദം മറെറാന്നമല്ല- സുറിയാനിസഭയിൽ രക്ഷയ്ക്കു വേണ്ടുന്ന വഴികൾ ഇല്ലാഞ്ഞിട്ടുവേണ്ടയൊ ഈ പുതിയവഴിയിൽ നടപ്പാൻ- അതിനാൽ പത്രാധിപർ ദയവുചെയ്തു നി- പ- ദി- ശ്രീ- മലങ്കരയുടെ മർദീവന്നാസ്യോസ മെത്രാപ്പോലീത്താ തിരുമേനിയേയും കമ്മട്ടിക്കാരെയും ഈ വിവരം പത്രമുഖേന ബോധിപ്പിച്ചു ഒന്നുകിൽ ഞങ്ങൾ എല്ലാവരും അതിൽ ചേരുന്നതിനൊ അല്ലെങ്കിൽ ഈ നൂതനസഭയുടെ തെറ്റിനെ കാണിച്ചു അതിൽ ആരും പ്രവേശിക്കരുതെന്നൊ എല്ലാപള്ളികൾക്കും കല്പന അയപ്പിക്കുന്നതിനു സവിനയം അപേക്ഷിക്കുന്നു-

(ശേഷം വഴിയെ)

ചെരുമ്പാവൂർ നൂതന സഭയിൽ കൂടാത്തവർ-

സൂചനകൾ

മണർകാട്ടു പള്ളികെസ്— ൦രം പള്ളിവക വസ്തുക്കളെ സംബന്ധിച്ചു നവീകരണകക്ഷിയും മെത്രാനും കൂടി സുറിയാനി കക്ഷികളുടെയും മെത്രാന്മാരുടെയും മെൽ ബോധിപ്പിച്ച അന്യായം തള്ളി ജില്ലയിൽ ഉണ്ടായ വിധിമെൽ അവർ ഹൈക്കൊട്ടിൽ അപ്പീൽ ചെയ്തിരുന്നു. ഹൈക്കൊട്ടുകാർ അപ്പീൽ തള്ളി ചിലവുകൊടുക്കുവാൻ വിധിച്ചിരിക്കുന്നതായിഅറിയുന്നതിൽ സന്തൊഷിക്കുന്നു. ഇനിയും അടങ്ങാതിരിക്കയില്ല.

❖ ❖ ❖

മലങ്കര സഭാതാരക—നവീകരണസമുദായംവകയായി നടത്തിയശേഷം കുറെ നാളായി വീഴ്ചയായിപ്പൊയ ൦രം മാസികാപത്രിക വീണ്ടും ആരംഭിച്ചിരിക്കുന്നതിൽ ഞങ്ങൾ വളരെ സന്തൊഷിക്കുന്നു. ൦രംപ്രാവശ്യം സുവിശേഷസമൂഹം വകയായിട്ടാണ നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നതു. പത്രാധിപരും മാറിയാണ രക്ഷകത്താക്കന്മാരായ സംഘത്തിന്റെ ഉദ്ദെശം മാത്രം അനുസരിച്ചു നടത്തുകയായിരുന്നാൽ വലിയ തരക്കേടു വരികയില്ല. മുൻപ്രാവശ്യത്തെ ശരി അനുസരിച്ചു നടക്കുന്നപക്ഷം ഞങ്ങൾക്കു കുറച്ചു ബുദ്ധിമുട്ടു നേരിട്ടാലും വെറുതെ പോകാമെന്നു് ആലൊചിക്കുന്നതു ആരംഭത്തിൽ തന്നെ ഞങ്ങൾ സ്നേഹപുരസ്സരം ഗുണദൊഷിച്ചുകൊള്ളുന്നു.

❖ ❖ ❖

മാർത്തൊമ്മാസിമ്മനാരി—ഇതിന്റെ സ്ഥാപനയ്ക്കു കൂടിയ സംഘവിവരങ്ങളെയും അന്നത്തെ പ്രസംഗങ്ങളെയും മറും വിവരമായി സഭാതാരക പ്രസ്താവിച്ചിട്ടുണ്ടു. പ്രസംഗികളുടെ കൂട്ടത്തിൽ ബഃ അഡ്വക്കീകൻ കോശി അവർകളെയും അദ്ദെഹത്തിന്റെ പ്രസംഗത്തെയുംകുറിച്ചു മൌനം ദീക്ഷിച്ചിരിക്കുന്നതു എന്താണൊവൊ അറിയുന്നില്ല. നവീകരണത്തിന്റെ യഥാർത്ഥനന്മയ്ക്കും അറിവിനും മനസ്സുതിരിയിനും വേണ്ടി ബൈബ്ലെഴിഞ്ഞ പുസ്തകത്തൊടു അനുരൂപപ്പെട്ടത്തി കാണിച്ചു ആനഗത മറച്ചകളഞ്ഞതു് അത്ര നന്നായി എന്നു അവരെക്കുറിച്ചു സന്യസ്നെഹമുള്ളവർ വിചാരിക്കുമെന്നു തോന്നുന്നില്ല.

രക്ഷിക്കപ്പെടുവാൻ—ഡേവീഡ് പ്രൈഡ്സ് വെള്ളത്തോടുകൂടെ ഉപദേശത്തെപ്പറ്റി ഇക്കഴിഞ്ഞ ലക്കങ്ങൾ പ്രസംഗിച്ചപ്പോൾ നമ്മിൽ കരണകാരിൽ അനേകർക്കും ഞങ്ങളോട് വിരോധമായിരുന്നു. ഇപ്പോൾ ബോധ്യമായിട്ടില്ലെങ്കിലും സഭാതാരകയും ആദരഭക്തിയിൽതന്നെ അവരെ വ്യാജകാരികയിരിക്കുന്നു. എന്തെന്നാൽ അതിൽ ചേർത്തിരിക്കുന്ന ലേഖനങ്ങൾ ഒരു അടുത്തകാലത്തു കത്തനാരിന്റെ പല ഭൃത്യന്മാർമൂലം ഞങ്ങൾക്കു ഉണ്ടായിട്ടുള്ളതുകയും വളരെ സഹോദരങ്ങൾ തങ്ങളെത്തന്നെ കത്തനാരിനു എഴുതിച്ചു ലോകമെയന്മാർക്കു അറിഞ്ഞുകൂടാത്ത ആശ്വാസത്തിൽ ജീവികയും ചെയ്യുന്നു എന്നും ഒരു സന്തോഷജീവിതം കാലക്രമേണ കുറഞ്ഞുവരുന്നതായി അനുഭവത്താൽ അറിയുന്നു എന്നും അവർ സമ്മതിക്കുന്നു. രക്ഷിക്കപ്പെട്ടാൽ പിന്നെ പാപംചെയ്യുവാൻ കഴികയില്ല എന്നുള്ള ഡേവീഡിന്റെ ഉപദേശം പൈശാചികമാണെന്നു ഇപ്പോൾ അനുഭവത്താൽ എങ്കിലും അവർ അറിഞ്ഞതു ഭാഗ്യംതന്നെ. സ്വന്തഅനുഭവത്തെക്കാൾ ഉറപ്പായ വേദസാക്ഷിയുള്ളതുകൊണ്ടു ഞങ്ങൾ പണ്ടെത്തന്നെ ഇതു പറഞ്ഞിരുന്നതാണല്ലൊ.

❖ ❖ ❖

കളമ്പിലെ ഇണ്ടിപ്പെണ്ടൻറ കാതോലിക്കാ എന്ന പത്രാധിപർ ഞങ്ങൾക്കു എഴുതി അയച്ചിരിക്കുന്നതു—ഉറാമ്മാക്കാരുടെ ഒരു കൃതിയിൽനിന്നു അവർ പകർത്തിയിരുന്ന ഒരുഭാഗം ഇടവകപത്രികയിൽ ചേർത്തിരുന്നതു യഥാർത്ഥമല്ലന്നും കാണിച്ചുകൊടുത്താൽ വീരശൃംഖലയൊ മറ്റുകൊ എന്തെങ്കിലും ഞാം കൊടുക്കുമെന്നും നമ്മുടെ നിദീപികയിൽ ഒരുവിദ്വാൻ പ്രസിദ്ധപ്പെടുത്തിയിരുന്നു. പന്തായം മൂന്നാമസ്ഥാനത്തു വയ്പിച്ചുംകൊണ്ടു അപേക്ഷിപ്പാൻ കളമ്പുസഹജീവി ഞങ്ങളോടു ആവശ്യപ്പെട്ട വിവരം ഞങ്ങൾ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. പന്തായം വച്ചിട്ടുണ്ടൊ, എന്താണ്, രേഖ അയക്കണമൊ എന്നിങ്ങനെയാണ സഹജീവി ഞങ്ങളോടു ഇപ്പോൾ ചോദിച്ചിരിക്കുന്നതു. ഞങ്ങൾ എന്തു മറുപടി അയക്കണമെന്നു മുന്നാമൻ സഹോദരിയുടെ ലേഖകൻ അറിയിച്ചാൽ വലിയ ഉപകാരം. മേലെചില തക്കങ്ങൾ ഇടപെട്ടു ഞങ്ങൾക്കും ടി. ലേഖകൻ ഒരു പന്തായം വച്ചിട്ടുണ്ടായിരുന്നു. അതുവല്ലതും ആകട്ടെ. ഞങ്ങൾക്കു അപേക്ഷയില്ല.

❖ ❖ ❖

ഉപകാരം ചെയ്യുവില്ലെങ്കിലും ഉപദ്രവിക്കരുത്—ഇന്നത്തെ പത്രികയിൽ മൂവാറ്റുപുഴ നിന്നുവന്ന ഒരുലേഖനം ചേർത്തിട്ടുള്ളതിൽ സുറിയാനിക്കാരനായ ഒരുദ്യോഗസ്ഥൻ മൂലം പെരുമ്പാവൂർ ചില സുറിയാനിക്കുടുംബങ്ങളെ നവീകരണമാക്കുവാൻ ശ്രമിക്കുന്നതായി പറഞ്ഞിരിക്കുന്നു. ഇതിന്റെ വാസ്തവം ഉറപ്പായിപറവാൻ ഞങ്ങൾക്കു പെറെ അറിവില്ല. സുറിയാനിക്കാരു ഉദ്യോഗം കിട്ടിയാൽ ഉപകാരം ചെയ്യുവില്ലങ്കിലും സഭയെ ഉപദ്രവിക്കരുതെന്നു ഞങ്ങൾ എല്ലാ ഉദ്യോഗസ്ഥന്മാരോടും അപേക്ഷിച്ചുകൊള്ളുന്നതു കൂടാതെ പെരുമ്പാവൂരെ സഹോദരങ്ങളോടും അല്പം പറഞ്ഞുകൊള്ളട്ടെ. നിങ്ങളെ ആരു ഉപദേശിച്ചാലും ഏതല്പംപിശുത്തിൽ തെറിക്കാൻ ശ്രമിച്ചാലും സുറിയാനി മതോപദേശങ്ങൾക്കു എതിരായി വല്ല വാക്കും കേട്ടാൽ അതു വിശ്വസിക്കരുത്. അങ്ങനെ പറയുന്നവൻ ചെന്നാ ഞണന്നു വിശ്വസിച്ചുകൊൾക. ഒരു പരീക്ഷ കൂടെ പറഞ്ഞുതരാം. എവിടെ നിങ്ങൾ സംഘം കൂടുന്നുവൊ അവിടെ വച്ചു ചെയ്യുന്ന പ്രാർത്ഥനകളിൽ ശുദ്ധകന്യകയൊടും പരിശുദ്ധന്മാരൊടും ഉള്ള പ്രാർത്ഥനകൾകൂടെ ചൊല്ലിത്തരുവാൻ നിങ്ങളെ ഉപദേശിക്കുന്നവരൊടു ആവശ്യപ്പെടുക. അവൻ അതിനു വിസമ്മതിക്കുന്ന പക്ഷം എടത്തുട്ടുകാരൻ ഞണന്നു ഉറപ്പായി ധരിച്ചുകൊൾവീൻ. അങ്ങനെയുള്ളവർ നാവാൽ എത്ര പുണ്യം പറഞ്ഞാലും വെവി കൊള്ളരുതു. ഇതു നിങ്ങൾക്കു ഒരു "ശിബ്ബൊലെത്ത്" ആയിരിക്കട്ടെ. ഒരുവേള വഞ്ചിപ്പാൻ വരുന്നവനെങ്കിൽ നിങ്ങൾ "നമ്മനിറങ്ങറിയും" ചൊല്ലികൊള്ളുവാൻ അവൻ സമ്മതിക്കുമായിരിക്കും. അതുപോരാ. അവൻ ചൊല്ലിത്തരുമൊ എന്നു അവനെ പരീക്ഷിച്ചീൻ. അപ്പൊൾ ചെമ്പു തെളിയും.

വിശേഷവർത്തമാനങ്ങൾ.

നി. വ. ദി. ശ്രീ. മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു ഈ മാസം ൨൨-൦൩– തിരുവനന്തപുരത്തു നിന്നു കൊല്ലത്തേക്കു എഴുന്നെള്ളിയിരിക്കുന്നതായി അറിയുന്നു.

ഠസിഡെണ്ടെ—മാറിപ്പോയ ഗ്രീസംസൻ സായ്പു അവർകളുടെ സ്ഥാനത്തേക്കു മുമ്പിൽ ഞ്ഞക്ഷ്ടിങ്ങായി വേല നോക്കിയ ഡീസ സായ്പിനെ നിയമിച്ചിരിക്കുന്നു.

❖ ❖ ❖

വാദ്ദയെച്ചു കോഴികളെ കൊത്തിച്ചു എന്ന സംഗതിക്കു ഫ്രീ പേരെ പൊലീസുകാർ ചാജ്ജു ചെയ്തതിൽ ഫ്രഞ്ചുപേക്കു പതുപ്പത്തും രണ്ടുപേക്കു അയ്യഞ്ചും ഉറുപ്പിക മദിരാശി പ്രസിഡൻസി മജിസ്ട്രേട്ട പിഴ കല്പിച്ചിരിക്കുന്നു. ഒടുവിൽ പറഞ്ഞ രണ്ടുപേർ വാദ്ദയെച്ചുവരുവാൻ കാണ്മാൻ പോയവർ മാത്രമാണു.

❖ ❖ ❖

കുഷ്ഠരോഗികളെ സംബന്ധിച്ചു ജന്ത്യാഗവർമ്മെണ്ടിലെ നിയമനിർമ്മാണ സഭയിൽ കൊണ്ടു ചെന്നിരിക്കുന്നതായ ബീലിൽ കുഷ്ഠരോഗികൾക്കു ആസ്പത്രി നിശ്ചയിക്കണമെന്നും അവരെ അങ്ങാടികളിൽ സാമാനം വില്ക്കുന്നതിനും ക്ഷുരകന്മാരായിരിക്കുന്നതിനും മറ്റും അനുവദികരുതെന്നും പ്രസ്താവിച്ചിരിക്കുന്നു. കുഷ്ഠരോഗികൾ സാധാരണയായി അങ്ങാടികളിലും മറ്റും നടന്നു ഭിക്ഷയെടുക്കുന്നതിനേയും നിർത്തൽ ചെയ്യേണ്ടതാണു-

❖ ❖ ❖

മഹിച്ചഭായ്യുടെ സഹോദരിയെ വിവാഹം ചെയ്യുന്നതിനു അനുവദിക്കുന്നതായ ബിൽ കഴിഞ്ഞ രണ്ടു സംവത്സരകാലം ഒഴിയാതെ സഭയിൽ ഹാജരാക്കപ്പെടുകയും തള്ളപ്പെടുകയും ചെയ്തതിന്റെ ശേഷമാണു ഇപ്പോൾ പാസ്സാക്കപ്പെട്ടതു. ഈ പ്രാവശ്യം മഹാരാജ്ഞി തിരുമനസ്സിലെ പുത്രന്മാരും പൌത്രന്മാരും അനുകൂല കക്ഷികളായിരുന്നു- ഇതു വളരെകാലം വരെ നിഷേധിച്ചു തള്ളപ്പെട്ട ഈ ബില്ലിനു ഈ പ്രാവശ്യം ഭൂരിപക്ഷക്കാർ അനുകൂലികളായി തീർന്നതു മേല്പടിയാന്മാർക്കുടി കക്ഷിചേർന്നു കൊണ്ടായിരിക്കുമെന്നും ഊഹിക്കുകൂടാത്തതല്ല-

❖ ❖ ❖

ഒരു പൈൻഗ്ലാസ്സു പാലിൽ ഒരു സ്പൂൺ വെള്ളമിശ്രി ചേർച്ചു നല്ലവണ്ണം ഒരു സിലിയാൽക്കും അരസ്പൂൺകണ്ടു കൂടികൾക്കും ദിനം മാറുന്നതുവരെ ഈരണ്ടു മണിക്കുറിൽ കൊടുത്താൽ അതിശസ്സു മാറുമെന്നും അധികം കഠിനമായാൽ ഇതിനെ ഒരുസ്പൂൺ കരുവെപ്പയുടെ പൊടിയും അരസ്പൂൺ കരാംപൂ പൊടിയും കാൽസ്പൂൺ ജാതിക്കാ പൊടിയും അല്പം വെണ്ണനെയ്യും കൂടി ചേർത്തു ദിവസം മൂന്നു പ്രാവശ്യം കൊടുത്താൽ മതിയെന്നും ഒരു ഡാക്ടർ പറയുന്നു. ഭക്ഷണം പാൽ പകുന്ന കഞ്ഞിയെ പാടുള്ളു. ഇതു വളരെ ഫലപ്രദമുള്ള മരുന്നാകയാൽ ഇതിനെ വല്ലവരും ശ്രമിച്ചുനോക്കേണ്ടതാണ്.

കെ. പ.

❖ ❖ ❖

ജന്ത്യയിലുള്ള സ്ത്രീകളിൽ ഒന്നാമതായി ബാച്ചിലർ പരീക്ഷ പാസ്സായ മിസ്സ് കൊർണ്ണേലിയാ സൊറാബ്ജി എന്ന പാർസി യുവതി ഇപ്പോൾ വക്കാലത്തു വാങ്ങി കോടതികളിൽ വ്യവഹാരം പറവാൻ ആരംഭിച്ചിരിക്കുന്നു- ഈയിടെ വൂനാസേഷ്യൻ കോടതി മുമ്പാകെ കലക്ടറെത്തിനു കമ്മിറ്റു ചെയ്യപ്പെട്ട ഒരു തടവുകാരന്റെ ഭാഗം വക്കാലത്തു പാർസിയാണ് ആദ്യം തന്നെ വ്യവഹാര സാമർത്ഥ്യത്തെ പ്രദർശിപ്പിച്ചതു. പ്രസംഗസമയത്തു ഈ യുവതിക്കു അല്പമായ തൊന്തപിടയൽ ഉണ്ടായിരുന്നുവെങ്കിലും കാര്യം വിടാതെ വളരെ ചാതുരതയോടും യുക്തിപൂർവ്വമായും പറഞ്ഞവസാനിപ്പിക്കയും പ്രതിയെ നിർദ്ദോഷിയായി വിടുവിച്ചു വിജയം പ്രാപിക്കയും ചെയ്തതു ഏതൊരു സ്ത്രീക്കും ഒരു സംഗതിയാണ്- ഇതുകേൾക്കുമ്പോൾ അടുക്കള വിചാരിപ്പും കാവലും മാത്രം സ്ത്രീകളുടെ ജന്മസാഫല്യം എന്ന പിടിച്ചുകൊണ്ടിരിക്കുന്ന കൂടർ ഏന്തു പറയുമായിരിക്കുമെന്നറിയുന്നില്ല-

ന- ദീ-

❖ ❖ ❖

ഗ്രീറ്റിലെ ലഹള—ഗ്രീസ്സിൽ തുർക്കിയുടെ രാജ്യമായ ക്രീറ്റ് ദ്വീപസമൂഹത്തു ലഹള തുടങ്ങിയിരിക്കുന്നു. ക്രൂലായി മാസം- ഇംഗ്ലീഷ പട്ടാളം ആവിടെ ഏത്തിയിരിക്കുന്നു. മസിഡോണിയായിൽ ഉം൦൦ ഗ്രീക്കുകാർ കടന്നിരിക്കുന്നു. തുർക്കികാർ ഹോറാകുലിൻ പട്ടണത്തെ വളഞ്ഞിരിക്കുന്നു എന്നും പട്ടണത്തിൽ കടപ്പാൻ ശ്രമിക്കുന്നുണ്ടെന്നും പക്ഷെ ഗവർണ്ണർ അനുവദിക്കുന്നില്ലെന്നും ഉദ്ദ-ാനം- ത്തെ കമ്പികൊണ്ടു കാണുന്നു. ഖൈ-ാനം- ത്തെ കമ്പികൊണ്ടു ക്രീറ്റിലെസ്ഥിതി വളരെ മോശമാണെന്നും ലഹളക്കാരുടെ ആവശ്യം ഒരാഴ്ചയിലകത്തു നിവൃത്തിച്ചിട്ടില്ലെങ്കിൽ അവർ യുദ്ധം തുടങ്ങുമെന്നും മസിഡോണിയായുടെ നേരെ ചെന്നിരിക്കുന്ന ഗ്രീക്കുകാർ തുർക്കികളെ തോല്പിച്ചിരിക്കുന്നു എന്നും കാണുന്നു. ഖന്ദ-ാനം- ത്തെ കമ്പികൊണ്ടു മസിഡോണിയായിൽവ

ച്ചു രണ്ടുക്രൂസ്സേഡും യുദ്ധം തുടങ്ങിയിരിക്കുന്നു- ഏതൻസിലുള്ള ജനരാജ്യ പ്രതിനിധികൾ ഗ്രീക്കുകാർ മസിഡോണിയായുടെ നേരെ ചെന്നതിനെ വിരോധിക്കുകയും ഗവർമ്മെണ്ട ജനിതരും അതുത്തികടക്കരുതെന്നു കല്പിക്കുകയും ചെയ്തിരിക്കുന്നു. ൨൭-ാം നു-ത്തെ കമ്പികൊണ്ടു ലഫട്ട കിഴക്കെ ഗ്രീറിലേക്കു കടന്നിരിക്കുന്നു- അവിടെയുള്ള ചിലർ ലഫട്ടകൾക്കു മരുന്നും ആയുധങ്ങളും ശേഖരിച്ചു കൊടുക്കുന്നുണ്ടെന്നും- തുർക്കിയും ഗ്രീസുമായി യുദ്ധമുണ്ടാകുമോ എന്നു വളരെ സംശയമുണ്ടു- ഡൻ-ാം-ത്തെ കമ്പിയിൽ ഗ്രീസ്സുകാർ ഗ്രീറുകാർക്കു മരുന്നും ആയുധങ്ങളും കൊടുത്തതും മസിഡോണിയായിൽ ഗ്രീക്കുകാർ ഒന്നന്നും അന്യായമാണെന്നു സൂൽത്താൻ ഗ്രീസ്സിലേക്കു എഴുതി അയച്ചിരിക്കുന്നു- ഗ്രീക്കുകാർ മുമ്പേത്തെ ഉപദേശപ്രകാരം നടക്കാതെ പക്ഷം സൂൽത്താനോടു പൊരുതെ ഉരിപ്പാൻ പറയുന്നതല്ലാതെ ശേഷം രാജാക്കന്മാർ പറഞ്ഞിരിക്കുന്നു-

"കേരളപത്രിക,,

☞ ലേഖകന്മാർക്കു—അയിത്തർ പള്ളി, കെ, ഈ ലേഖനങ്ങൾ സ്ഥലക്കുറവിനാൽ നിറുത്തിവച്ചു. ആമീൻ—ഈ ചില കാരണങ്ങളാൽ ഈ പ്രാപശ്യം ചേർപ്പാൻ ഇടയായില്ല. അടുത്തതിൽ— ചീനടത്തെ പടിഞ്ഞാറെ ചെറിയപള്ളി—കിടിഞ്ഞിരിക്കുന്നു.

മുളന്തുരുത്തിയിൽ കഴിഞ്ഞുപോയ ബ- ഏബ്രാഹാം കത്തനാർ അവർകൾ.

മാന്യപത്രാധിപരെ,

താങ്കളുടെ പത്രമുഖേന ഇദ്ദേഹത്തിന്റെ സന്താപകരമായ വിയോഗത്തെ വളരെ വ്യസനത്തോടുകൂടി ജനസാമാന്യത്തെ അറിയിച്ചുകൊള്ളുന്നു. ഇദ്ദേഹം കഴിഞ്ഞ ഇടവമാസം ആദിയോടുകൂടി സല്പ സുഖക്കേടുകൊണ്ടു പീഡിതനാകയും ആദിയിൽ നിസ്സാരമായി കാണപ്പെടുകയും വിചാരിക്കപ്പെടുകയും ചെയ്തു സുഖക്കേടു ക്രമാഭിവൃദ്ധത്തിനികം പനിയുടെ സ്വഭാവത്തിൽ വളരെ അസ്വാസന്നപ്പെടുകയും സമീപമുണ്ടായിരുന്ന നാട്ടു വൈദ്യന്മാരുടെ ചികിത്സകൊണ്ടു വിശേഷഗുണമൊന്നും കാണായ്കയും ചെയ്തതിനാൽ കോട്ടയത്തുനിന്നു കൊച്ചുതൊമ്മൻ അപ്പോത്തിക്കിരിയെ വരുത്തുകയും ആദ്ദേഹത്തിന്റെ ചികിത്സയിൽ അല്പം ശാന്തത കാണുകയും ചെയ്തു. പിന്നീടു നാട്ടുചികിത്സ തന്നെ തുടങ്ങുകയും മരണത്തിനു ഒരാഴ്ചമുമ്പുവരെ രോഗം അല്പാല്പഭേദഗതിയോടുകൂടെ മിക്കവാറും ഒരേ സ്ഥിതിയിൽ തന്നെ ഇരിക്കയും ചെയ്തു. എന്നാൽ മിഥുനം ൨൦-ാം നു- മുതൽ രോഗം അപകടസ്ഥിതിയിൽ ശിഖരത്തിൽ കൂടിയതിനാൽ കർക്കടകം ൨-ാം നു- രാത്രി അന്ത്യതൈലാഭിഷേകം കഴിക്കയും നു-ാം നു- രാവിലെ പൂർണ്ണബോധത്തോടെ വിശുദ്ധകുർബ്ബാന അനുഭവിക്കയും ചെയ്തു. ഇതിന്റെശേഷം സകലവും കർത്താവിങ്കൽ ഭരമേല്പിച്ചു കർക്കടകം ൫-ാം നു- വ്യാഴാഴ്ച അസുമിച്ചു ഉദ്ദേശം ൧൨- മണിക്കു ശാന്തതയോടെ കർത്താവിങ്കൽ നിദ്രയെ പ്രാപിക്കയും ചെയ്തു. ബ- യാക്കോബ റമ്പാച്ചൻ ൧൧ ദിവസം മുമ്പു തന്നെ വെട്ടിക്കൽ നിന്നു വന്നെത്തുകയും ബ- പൌലൂസ റമ്പാച്ചൻ വ്യാഴാഴ്ച കോട്ടയത്തുനിന്നു വന്നെത്തുകയും ചെയ്തിരുന്നു. ഇവർ സമീപമുള്ള ഇടവകകളിലെ പട്ടക്കാരുടെ സഹായത്തോടുകൂടി വെള്ളിയാഴ്ച പട്ടക്കാർക്കുള്ള സകല കർമ്മങ്ങളും അനുഷ്ഠിച്ചതിന്റെ ശേഷം ജഡത്തെ സം

സ്കാരം ചെയ്കയും ചെയ്യു. മരിക്കുമ്പോൾ വയസ്സു രണ്ടു മാത്രമെ ഇദ്ദേഹത്തിനുണ്ടായിരുന്നൊള്ളു. ലൌകിക കാര്യങ്ങളിൽ വലിയ കായ്പ്രാപ്തി ഉണ്ടായിരുന്നില്ലെങ്കിലും ആത്മിക കൃത്യങ്ങൾ വളരെ താല്പര്യത്തോടും ഭക്തിയോടും നടത്തി വന്നിരുന്നു. വിവാഹം കഴിച്ചിട്ടില്ലാത്ത പട്ടക്കാരൻ ആയിരുന്നതിനാൽ പള്ളിയിൽ താമസിക്കുകയും തന്റെ ഇടവക ജനങ്ങളുടെ ആത്മീകആവശ്യങ്ങളെ ജാഗ്രതയോടുകൂടെ നിറവെറ്റി വരികയും ചെയ്തിരുന്നു. ഇദ്ദേഹത്തെപോലെ ഭക്തരായിട്ടും യാതൊരു ദൃഷ്ടാന്തവും ഇല്ലാത്തവരായിട്ടും ഉള്ള പട്ടക്കാർ ഏറെ ഉണ്ടെന്നു തോന്നുന്നില്ല. ഇദ്ദേഹത്തിന്റെ മരണം വളരെ വിശേഷമായിരുന്നു എന്നതന്നെ വിചാരിക്കേണ്ടിയിരിക്കുന്നു. രോഗത്തിനു സാധാരണയുണ്ടായിരുന്ന ബുദ്ധിയുടെ മാന്ദ്യവും വികാരവും മരണദിവസിയുടെ തലെനാൾ മുതൽ ഇല്ലാതാകയും അന്ത്യതൈലാഭിഷേകം വിശുദ്ധകുബ്ബാന മുതലായകർമ്മങ്ങൾ ഭക്തിയോടെ കൈക്കൊള്ളുകയും ചെയ്തതിന്റെശേഷം മരണത്തിയ്യതി സന്ധ്യക്കു നമസ്കാരം കഴിച്ചു ചുറ്റും കൂടിയിരുന്ന അസംഖ്യം ആളുകളെ അനുഗ്രഹിക്കയും ചെയ്തതിനുപിന്നെ അവസാനസമയം വരെ യാതൊരു ചേഷ്ടയുമുണ്ടാകട്ടെ യാതൊരു സംസാരമുണ്ടാകട്ടെ ഉണ്ടാകാതെ ശാന്തതയോടും സൌമ്യതയോടും ഇഹലോകം വിട്ടു പിരിയുകയും ചെയ്തു. ഒരു ബഹുമാന്യപ്പെട്ട പട്ടക്കാരന്റെ നഷ്ടം ഒരു ഇടവക ജനങ്ങൾ എല്ലാവരും ഒരുപോലെ അനുഭവിക്കുന്നതും എളുപ്പത്തിൽ നീങ്ങിപോകാത്തതും ആകുന്നു.

തിരുവനന്തപുരത്തു പണിയിക്കുന്ന യാക്കോബായ സുറിയാനി പള്ളിയുടെ പണിക്കുവകയിലെക്കു മലങ്കര ഇടവയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പൊലീത്താ തിരുമനസ്സിലെ കല്പനപ്രകാരം പള്ളികളിൽ നിന്നും പണം അയച്ചിട്ടുള്ളതിനു വിവരം.

൧൦൭൫- കുംഭം മുതൽ കർക്കടകം വരെ.

		രൂപാ
പുതുപ്പള്ളി പള്ളിയിൽ	നിന്നു	൧൦൦
കോട്ടയത്തു പുത്തൻ	,,	൫൧
തുമ്പമൺ	,,	൫൫
കായംകുളം	,,	൫൦
പുത്തൻകാവു	,,	൫൫
കൈപ്പട്ടൂർ	,,	൧൦൦
ഓമല്ലൂർ	,,	൫൦
കല്ലുംകുത്തു	,,	൫൫
കരിമകം	,,	൧൫
മാവേലികര	,,	൧൦
നിരണം	,,	൫൦
കല്ലൂപ്പാറ	,,	൫൦
കോതമംഗലം ചെറിയ	,,	൫൦

		രൂപാ
വടകര പള്ളിയിൽ	നിന്നു	൧൫൨
കാട്ടൂർ	,,	൧൦
തലയടി കിഴക്കേകര	,,	൧൦
തലയടി പടിഞ്ഞാറെകര	,,	൧൦
കണ്ടനാട്ട	,,	൫൦
മല്ലപ്പള്ളി പഴെ	,,	൧൫
പെണ്ണുക്കുടം	,,	൫൫
ചെങ്ങരൂർ	,,	൧൫
മല്ലപ്പള്ളി പുത്തൻ	,,	൨൫
ചെങ്ങന്നൂർ	,,	൫൫
തിരുവല്ലാ കുട്ടമ്പുത്തു	,,	൫൫
കാത്തിക്കപ്പള്ളി	,,	൨൦
തിരുവല്ലാ പുത്തൻ	,,	൨൦

പഞ്ചാംഗം

ക്രിസ്തുവർഷം 1- ഓബ് (ക്രിസ്തു)

സുറിയാനി	ഇംഗ്ലീഷ്	മലയാളം	അക്ഷരം	വിശേഷദിവസങ്ങൾ.
ഓബ്				
ഠ	ഠ	ന	പ	
ഡ	ഡ	ന്ഠ	ഫ	
ന	ഠ	ഠ	ശ	ക-ാംനു- മത്തായിശ്ലീഹായും ഏഴു മക്കളും ഏലിയാസാദും എന്ന മക്കബായ സഹദേന്മാരുടെ ഓർമ്മ- പതിനഞ്ചു നോമ്പു ആരംഭം
ര	ണ	ഡ	ഞ	
ഭ	ഠ	ന	തി	
ന്ന	ഡ	ര	ചോ	ഉ-ാംനു- പെ- പിന്നു ക്ര-ാം ഞാ- വായന-
ഗ	ൽ	ഭ	ബു	
വ	ം	ന്ന	പ്പു	ന്ന-ാം നു- കർത്താവിന്റെ മറുരൂപം (മാറാനായ) വായന- ല്ലൂക്കൊ ൻ൹ാ-ാ ഗ—ന്നു
ൽ	ഡ	ഗ	വെ	
ഠ	ഡ	വ	ശ	
ഠഠ	ന	ൽ	ഞ	ഗ-ാംനു— ദാർ അസ്സൊസ്സൊയെൽ സഹദായുടെ ഓർമ്മ
ഠഡ	ര	ഠ	തി	
ഡന	ഭ	ഠഠ	ചോ	ക്ര-ാം നു— മറുരൂപ- പിന്നു ക്ര-ാംഞാ- വായന മത്താ- ൧൭൹- ൨൨—ന്ന൨
ഠര	ന്ന	ഠഡ	ബു	
ഠഭ	ം	ഠന	പ്പു	
ഠന്ന	ഡ	ഠര	വെ	ക്ഷ-ാംനു— പതിനഞ്ചുനോമ്പു പീടൽ- ൬൫ വമാതാവിന്റെ വാഞ്ഛിപ്പു പെരുനാൾ (മാറാനായ) വായന ല്ലൂക്കൊ- ഠ൦൹- ന്വ—ഴ൨- യോഹ- ൧൯൹- ൨൫—൨൭
ഠഗ	ൽ	ഠഭ	ശ	
ഠവ	ന	ഠന്ന	ഞ	
ഠൽ	ന്ഠ	ഠഗ	തി	
ഡ	ഠ	ഠവ	ചോ	ക്ഷ-ാംനു— വാഞ്ഛിപ്പു പിന്നു ക്ര-ാംഞാ- വായന മക്കൊ- ൧൭ ൹- ന്ന—൨൪
ഡഠ	ഡ	ഠൽ	ബു	
ഡഡ	ന	ഡ	പ്പു	ഡ൪-ാം നു- വാ- പിന്നു ഡ-ാം ഞാ- വായന ല്ലൂക്കൊ- ൧൭ ൹- ൯—ഡ
ഡന	ര	ഡഠ	വെ	
ഡര	ഭ	ഡഡ	ശ	
ഡഭ	ന്ന	ഡന	ഞ	
ഡന്ന	ഗ	ഡര	തി	
ഡഗ	വ	ഡഭ	ചോ	
ഡവ	ൽ	ഡന്ന	ബു	
ഡൽ	ഠ	ഡഗ	പ്പു	
ന	ഠഠ	ഡവ	വെ	
നഠ	ഡഡ	ഡൽ	ശ	

പത്രികവില വിവരം.

	ബ്രിട്ടീഷ് രൂപാ	ചക്രം
ഒരു കൊല്ലത്തേക്കു	൧	൧൨൮
ഒറ്റപ്രതിക്കു	൦	൨

പരസ്യശ്രേലി

ഒന്നാം പ്രാവശ്യത്തേക്കു	വരി ഒന്നിനു	൦	൧൨
പിന്നെ എല്ലാ പ്രാവശ്യങ്ങൾക്കും	ടി	൦	൦൬

NOTICE

പത്രിക സംബന്ധമായ സകല എഴുത്തുകളും ലേഖനങ്ങളും പണവും കോട്ടയത്തു മാത്തോമ്മസ് അച്ചുക്കൂട്ടം മാനേജക്കു മേൽവിലാസം വച്ചു അയക്കേണ്ടതാകുന്നു.

പത്രിക കൈപ്പറ്റുന്നവർ മുൻ ക്രറായി വരി അടയ്ക്കേണ്ടതാകുന്നു. പത്രവരി അഞ്ചൽ സ്റ്റാമ്പായൊ തപ്പാൽ സ്റ്റാമ്പായൊ അയച്ചാലും മതിയാവും. എന്നാൽ രൂപാ ഒന്നുക്കു ഒരു അണ ഡിസ്കൌൻറ വക വച്ചു തരേണ്ടതാകുന്നു.

വിഷപ്പുട്ടി വിഷത്തിനു ഒരു കൈകണ്ട ഔഷധം.

വിഷപ്പുട്ടി കടിച്ചാൽ ഏഴുദിവസത്തിനകം ഒരു ഗ്ലിക ഇഞ്ചിനീറിൽ സേവിച്ചു മൂന്നുദിവസത്തെ പത്ഥ്യം എടുത്താൽ വിഷം നീങ്ങുന്നതാകുന്നു. ഗ്ലിക സേവിക്കേണ്ടും ക്രമവും പത്ഥ്യത്തിൻെറ വിവരവും ഗ്ലികയോടു കൂടി കിട്ടുന്നതാകുന്നു. ഈ ഗ്ലികകൾ ഇല്ലാതിരുന്നതിനെ ഇപ്പോൾ സിമ്മനാരിയിൽ വരുത്തിയിട്ടുണ്ടു. ഗ്ലിക ഒന്നിനു വില ചക്രം ൭. മാത്രം. ആവശ്യമുള്ളവർ വാങ്ങിച്ചുകൊള്ളുവാൻ ഇതിനാൽ തിയ്യപ്പെടുത്തുന്നു.

☞ പരസ്യം

വരിപ്പണം എത്തിച്ചുതരുവാൻ ഞങ്ങളുടെ വായനക്കാരിൽ ചിലർ ചെയ്യുന്ന ഉദാസീനതയെക്കുറിച്ചു പലപ്പൊഴും ഓർപ്പിച്ചിട്ടുണ്ടല്ലൊ. ഇതുകൊണ്ടു ഇവരിൽ ചിലക്കു ഒരു ഇളകുവും തട്ടുന്നതായികാണുന്നില്ല. ഞങ്ങൾക്കു ഉപേക്ഷിക്കാവുന്നതല്ല. അച്ചടിക്കൂലിക്കു ശമ്പളവും സാമാനങ്ങൾക്കു വിലയും ശരിയായികൊടുത്താണു പത്രിക അച്ചടിച്ചു അയക്കുന്നതു. പീഡുക്കാരായി കാണപ്പെടുന്നവക്കു ഇനിമുപ്രകാരം നോട്ടീസും പിന്നാലെ അവരുടെമേൽ അന്യായവും ഉണ്ടാകുന്നതാണെന്നു ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. മ. ഇ. പ. മാനെജർ.

MAR THOMAS PRESS,
KOTTAYAM.

പുസ്തകം ൪ ലക്കം ൫

൧൮൯൯-ാം ആണ്ടിലെ ചിങ്ങം.

മലങ്കര

ഇടവക പത്രിക

മാസം തോറും പ്രസിദ്ധപ്പെടുത്തുന്നതു.

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കുരിശികലല്ലാതെ

പുകഴ്ച ചെയ്വാൻ സംഗതി വരരുതു.

(മാർ പൌലൂസ.)

സംഗതിവിവരങ്ങൾ.

	പുറം
പാപ്പായുടെ സർവ്വാധിപത്യം (തുടർച്ച)	൧൭൭
അയിരൂർ പള്ളി	൧൭൯
ദീപികയ്ക്കു പത്രകർത്തൻറെ അസംബന്ധം	൧൮൧
നേരോ? അതല്ല നേരില്ലായ്കയോ?	൧൮൨
"മാർതോമ്മാ സുറിയാനിസഭ"	൧൮൫
ഒരു അവാസ്തവ ഖണ്ഡനം	൧൮൭
സൂചനകൾ	൧൮൮

ലാഭം

☞ ഞങ്ങളുടെ പത്രസഖികളായി പ്രീത്തു ആളുകളെ ഏർപ്പെടുത്തി ശരിയായി പണം അടപ്പിക്കുന്നവരെ ഞങ്ങൾ വരികാരിത്ത ഒരാളെ മുപ്പാലെ സ്വീകരിച്ചു വിലക്രടാതെ മാസംതോറും പാത്രിക അവക്കും അയച്ചു കൊടുക്കുവുന്നതാണ്. ഏജന്റ മാനേജർ.

തയ്യാർ

[illegible]

പഴമയുടെയും പുതുമയുടെയും വ്യവനകളുടെ കുറിച്ച് ഏജന്റ പുസ്തകം സുറിയാനിയിൽ അച്ചടിച്ചു തയ്യാറായിരിക്കുന്നു.

വില ചക്രം ൭.

നോട്ടീസു

താഴെ ചേർത്തിരിക്കുന്ന പരസ്യം പ്രസിദ്ധപ്പെടുത്തുവാൻ നിരണം സുചിശേ ഷ പരിശീലന സംഘസിക്രട്ടറി ഞങ്ങളോട അവശ്യപ്പെട്ടിരിക്കുന്നു.

൧൯൫൪ൽ നടയിൽനിന്ന താഴെപ്രയുന്ന പരീക്ഷയിൽ ചേർന്ന ജയിക്കുന്നവരിൽ ഏതൽ ൫ പേരെ ആളുകൾക്കു ഠ൦ രൂപാ സമ്മാനം കൊടുക്കുവാൻ നിശ്ചയിച്ചിരിക്കുന്നു.

പരീക്ഷ ജൂലൈമാസം ൨൫-൦൩- ശനിയാഴ്ച രാവിലെ മണിമുതൽ നിരണം ജംഗ്ഷിപള്ളിക്രുടത്തിൽവച്ചു നടത്തപ്പെടും.

നിരണം, തുമ്പമൺ, കൊല്ലം ജൂബിലൈസന ജടവകകളിൽ ഉൾപ്പെട്ട ഠ൦ വയസ്സിൽ കവിയാത്ത ഒരുവനും പരീക്ഷയിൽ ചേരാവുന്നതാണ്.

പരീക്ഷാ വിഷയം

൧. വലദ്ശ്രീൽ ശീഖുഗീസ് മല്പാൻ അവർകളാൽ ഉണ്ടാക്കപ്പെട്ട മതസംശ്രയ പുസ്തകം.

പരീക്ഷയിൽ ചേരുവാൻ ആഗ്രഹിക്കുന്നവർ അപേക്ഷ പത്രം വൃശ്ചികം ൧-൦൩-ക്കു സിക്രട്ടരി പി. കൊച്ചുമാൻഅവർകൾക്കു കിട്ടത്തക്കവണ്ണം അയച്ചുകൊടുക്കണം.

ധനു ൧൦-൦൩- നിരണത്തു പള്ളിയിൽ നടത്തപ്പെടുന്ന പെരുനാൾ ദിവസം സമ്മാനം കൊടുക്കപ്പെടും.

സമ്മാനവിവരം

൧-൦മനു	രൂപാ	൧൫	൪-൦മനു	രൂപാ	൫
൨-൦മനു	,,	൧൦	൫-൦മനു	,,	൪
൩-൦മനു	,,	൫			

സമ്മാനവിവരപ്പട്ടികയിൽ ഒരു രൂപാ കുറവു കാണുന്നു. അതു വിശേഷസിക്രട്ടരി മുമ്പത്തെ പരീക്ഷയിൽ തിരുത്തിക്കുമെന്നു വിശ്വസിക്കുന്നു.

[പുസ്തകം ൪] ൧൯൭൯ ഒക്ടോബർ (ചിങ്ങം) [ലക്കം ൫]

വന്ദനം.

കന്യാഗിനള്ള വയറാരുരുവായ ദേശം
കന്നാലി തൻ തൊഴുത്തരാരു പിറന്ന ഭൂമി
കൂനൊലുയന്ന കരിശേരി മരിച്ചുംരാ
ണിന്നായവൻ കരുണയോടു പരം തരേണം

പി. കെ. കൊച്ചീപ്പൻ തരകൻ.

പാപ്പായുടെ

സ്വയാധിപത്യം

(൨)

ഇനി നോക്കേണ്ടതു പൂർവ്വകാലങ്ങളിൽ അതായ്യ സഭകൾ യോജിച്ചിരുന്ന കാലങ്ങളിൽ സഭാപിതാക്കൾ പാപ്പായുടെ ആജ്ഞയിൽ ഇരിക്കയും പാപ്പായെ മേലദ്ധ്യക്ഷനായി കൈക്കൊള്ളുകയും ചെയ്തിരുന്നുവൊ എന്നാണ. ഞങ്ങൾ തെളിയിക്കാൻ പോകുന്നതു നേരെ വിപരീതമായിട്ടാണ. ദൃഷ്ടാന്തങ്ങൾ—

൧. ആദ്യാതന്നെ പൊലിക്കാർപ്പ് എന്ന പരിശുദ്ധന്റെ ചരിത്രം നോക്കുക. ഇദ്ദേഹം വെളിപാട് പുസ്തകത്തിൽ സ്മർന്നാസഭയുടെ ദൂതൻ എന്ന എഴുതിയിരിക്കുന്ന ആളും രക്തസാക്ഷിയായി മരിച്ചവനും പരിശുദ്ധന്മാരിൽ ഒരുവനായി എല്ലാ സഭകളാലും അംഗീകരിക്കപ്പെട്ടവനും യോഹന്നാൻ ശ്ലീഹായുടെ ശിഷ്യനുമായിരുന്ന. ഉയർപ്പു പെരുനാൾ ഘോഷിക്കേണ്ട തീയതിയെക്കുറിച്ചു പൂർവപശ്ചിമസഭകൾ തമ്മിൽ ഒരിക്കൽ വലിയ തർക്കമുണ്ടായി. കർത്താവിന്റെ കഷ്ടാനുഭവതീയതിയാണ ആഴ്ചയല്ല കണക്കാക്കേണ്ടതെന്ന കിഴക്കരും ആഴ്ച നോക്കി ആചരിക്കണമെന്ന പടിഞ്ഞാറരും വാദിച്ചു. ഈ വാദത്തിൽ പൊലിക്കാർപ്പ് കിഴക്കരുടെ കക്ഷിയിൽ ആയിരുന്ന. റോമാ മേലദ്ധ്യക്ഷനായിരുന്ന അനിസീത്തൂസിന്റെ കാലത്തു ഇദ്ദേഹം റോമായിൽ ചെന്നിരുന്നപ്പോൾ പാപ്പായുമായി വലിയ തർക്കമുണ്ടായി. പാപ്പാ വളരെ സി

ഭ്രാന്തിച്ചിട്ടും പൊലികാർപ്പസു മരണത്തോളം കല്പനയെ അനുസരിച്ചില്ല. (എവുസെബിയൂസിന്റെ സഭാചരിത്രം വായിക്ക) പാപ്പാ പത്രോസിന്റെ പിൻഗാമിയും സർവ്വസഭകളുടെയും സർവ്വാധിപതിയും മതസംബന്ധമായ നടപടികളെ ചട്ടംകെട്ടുവാൻ അധികൃതനും തുണന്നു പൊലികാർപ്പസു വിശ്വസിച്ചിരുന്നെങ്കിൽ അദ്ദേഹത്തിന്റെ ഈ കല്പനയെ നിഷ്പ്രഭിക്കുമൊ. നിഷേധിച്ച സ്ഥിതിക്കു പൊലികാർപ്പസു ഇടത്തുട്ടിലും നാശത്തിലും അകപ്പെട്ട എന്നു വരുന്നില്ലയൊ. പാപ്പാ സർവ്വാധിപതിയായിരുന്നാൽ പൊലികാർപ്പ് ഇടത്തുട്ടുകാരൻ. പൊലികാർപ്പ് ഇടത്തുട്ടുകാരനു അല്ലെങ്കിൽ പാപ്പാ റോമാ ഇടവകയ്ക്കുമാത്രം അധികൃതൻ. ഈ ഭിന്നാഭിപ്രായങ്ങളിൽ ഉണ്ടായ സംഭവമാണെന്നു വായനക്കാർ ഓർത്തിരിക്കണം.

൨. ഉയർപ്പു പെരുനാളിന്റെ ആചാരഭേദം സംബന്ധിച്ചു തന്നെ പാശ്ചിമ നടപടി പൂർവ്വദേശങ്ങളിൽ നടപ്പാക്കുന്നതിനു വിക്തർ എന്ന പാപ്പാ ഒരു വലിയ ശ്രമം വീണ്ടും ചെയ്തു. അസിയായിലുള്ള ഫ്രുന്ന ബിഷോപ്പന്മാരെ ഇതിലെക്കു നേരിടുകയും ഇവർ റോമാനടപടി കൈക്കൊള്ളാത്ത പക്ഷം മഹാരോൻ ഉണ്ടാകുമെന്നു ഒരു വമ്പു കൊട്ടി ഘോഷിക്കയും ചെയ്തു. എന്നിട്ടുണ്ടായ കഥയാണ കേൾക്കേണ്ടതു. എഫെസ്സൂസിലെ മെത്രാനായിരുന്ന പൊലിക്രാത്തിസും ശേഷം ഫ്രുന്ന മെത്രാന്മാരും ഫൻറ-ൽ സംഘാക്കുടി പാപ്പായുടെ കല്പനയെ നിഷേധിച്ചു. ഒരം പേപ്പിടികൊണ്ടു ഇളകുകയില്ലന്നു തീർച്ചയായി അവർ മറുപടി അറിയിച്ചു. (എവുസെബിയൂസ ചരിത്രം)

ഉയർപ്പു പെരുനാളിനെ ഞായറാഴ്ച ആചരിക്കുന്നതിൽ പക്ഷകാരായിരുന്ന യൂറൊപ്പിലെ മെത്രാന്മാരും, പ്രത്യേകിച്ചു ഇറാനിയൂസും ഒരം കായ്ത്തിൽ പാപ്പായെ കഠിനമായി ശാസിക്കയാണചെയ്തതെന്നു എവുസെബിയൂസ എഴുതിയിരിക്കുന്നു. കടശി നിഷ്പ്രാ സൂനാദൊസിനാൽ വ്യവസ്ഥപ്പെടുത്തിയതു വരെ റോമാ പാപ്പാമാരുടെ ഈ നിബ്ബന്ധം കീഴ്കിടന്നിരുന്നതേ ഉള്ളൂ. ഈ മെല്പട്ടകാരിൽ ആരും സമ്മതിച്ചില്ല.

൩. ആഫ്രിക്കായിൽ കാർത്തെജിലെ മേല്പട്ടകാരനായിരുന്ന ശ്രീമാൻ കുപ്രിയാനൊസ ഒരു പരിശുദ്ധനായി എണ്ണപ്പെട്ട ആൾ ആണന്നു റൊമ്മാസഭയും സമ്മതിക്കുന്നുണ്ടല്ലൊ. ഇടത്തുട്ടുകാരെ വീണ്ടും ജ്ഞാനസ്നാനപ്പെടുത്തണമെന്നും വേണ്ടായെന്നും ഉണ്ടായ ഒരു അഭിപ്രായഭേദത്തിൽ സ്തെഫ്പാനൊസ പാപ്പാ ചെയ്ത തീരുമാനത്തെ കുപ്രിയാനോസും ആഫ്രിക്കായിലെ വേറെ മെത്രാന്മാരും കൂടുകിടസമ്മതിച്ചില്ല. ഇവർ പാപ്പായ്ക്കു അയച്ച മറുപടിയിൽ "മെത്രാന്മാരുടെ മെത്രാൻ എന്നു പറയപ്പെടാവുന്നതൊ അല്ലെങ്കിൽ ഭയപ്പെടുത്തിയിട്ടു മറുള്ളവരെ കീഴ്പെടുത്തുവാൻ അധികാരമുള്ളതൊ ആയിട്ടു സഭയിൽ ആരും ഇല്ല" എന്നു എഴുതി അയച്ചു. (കുപ്രിയാനൊസ ലെഖനങ്ങൾ) ഇതുസംഭവിച്ചതു നിബ്ബ്യാനൂസാദൊസിന്റെമുമ്പു ക്രി. വ. ൨൫൬-ൽ ആയിരുന്നു.

റൊമ്മാസഭാ ചരിത്രകാരനായ വാസ്സ്മൂററി ഇതെസംബന്ധിച്ചു പറയുന്നതെന്തെന്നാൽ: "സ്തെഫ്പാനൊസ പാപ്പാ ഈ എഴുത്തു കിട്ടി

യപ്പോൾ ഏറ്റവും ക്ഷുഭിച്ചു മുമ്പിലത്തെക്കാൾ കൾശനമായ മറുപടി അയക്കയും മഹറൊൻ ചൊല്ലുമെന്നു ഭയപ്പെടുത്തുകയും ചെയ്തു. ശുദ്ധ കുപ്രിയാനൊസ അന്ത്രിക്കായിലെയും ആമിദിയായിലെയും മൊറിത്താനിയായിലെയും ബിഷൊപ്പുന്മാരായ വൃദ്ധ പൌരെ കാൎത്തെജിൽ സുനാദൊസു കൂട്ടി അവരുടെ മുമ്പാകെയെ വീണ്ടും സ്ഥിരീകരിച്ചു". (വാസ്സൊറി ചരിത്രം പു- ൧൭൩൨)

൩. കെസറിയാ ബിഷൊപ്പായിരുന്ന ശുദ്ധ ഫെർമില്യാൻ ഈ കാൎയ്യത്തിൽ കുപ്രിയാനൊസിന്റെ അഭിപ്രായത്തിൽ ചെരുകയും സ്നേപ്പാനൊസ പാപ്പായുടെ പ്രവൃത്തിയെ കുറംവിധിക്കയും ചെയ്തു. കെസറിയാ ബിഷൊപ്പു കുപ്രിയാനൊസിനു അയച്ച എഴുത്തിൽ "സ്നേപ്പാനൊസിന്റെ പ്രത്യക്ഷമായ ഭോഷത്വത്തെ ഞാൻ അശെഷാവെറുക്കുന്നു എന്നും അയാൾ എപ്പിസ്കൊപ്പാ സ്ഥാനത്തിന്റെ തനിക്കുള്ള നിലയെ പ്രശംസയായി ഉയൎത്തുന്നു എന്നും" പ്രസ്താവിച്ചു. പാപ്പായെക്കുറിച്ചു ഈ മേലുദ്ധരിച്ചവൻ പിന്നെയും എഴുതിയതു എന്തെന്നാൽ: "നീ സകല വെദവിരൊധികളെയുംകാൾ വഷളനാകുന്നു. ഭൂലൊകത്തിലെ സഭകളിൽ നീ മുഖാന്തിരം എത്രകലഹങ്ങളും വിവാദങ്ങളും ഉണ്ടാകിയിരിക്കുന്നു. നിന്നെത്തന്നെ എന്നാമാത്രം പാപം നീ ശേഖരിച്ചുവച്ചു. ഇത്ര വളരെ അത്യും കൂട്ടത്തെ നീതന്നെ ഛെദിച്ചുപ്പൊൽ നീനിന്നെത്തന്നെ ഛെദിച്ചുകളഞ്ഞിരിക്കുന്നു. നിന്നെത്തന്നെ നീവഞ്ചിക്കരുതു. പൈതൃക ഐക്യതയുടെ സംസൎഗ്ഗത്തിൽനിന്നു തന്നത്താൻ ഭിന്നിച്ചുപൊൻ നാക്ഷാൽ ഛെദത്തുണ്ടാകാരനായ്തീരുകുന്നു. എല്ലാവരെയും മഹറൊൻ ചൊല്ലാമെന്നു നീ ഭാവിക്കുന്നു. എന്നാൽ എല്ലാവരിൽ നിന്നും നീ മഹറൊൻ ചൊല്ലപ്പെട്ടവനായിരിക്കുന്നു". (ഫെർമില്യാന്റെ ലെഖനം ൭൪)

മെൽ പകൎത്തിയ ചരിത്രങ്ങളിൽ നിന്നും എഴുത്തുകളിൽ നിന്നും എന്തെല്ലാം വെളിവാകുന്നു എന്നു നൊക്കിപ്പൊൻ. പാപ്പായുടെ വമ്പു പറച്ചിൽ കിഴക്കിന്നടുത്ത മെത്രാന്മാർ ൨-ാം ശതാബ്ദത്തിലും വകവെച്ചിരുന്നില്ല പാപ്പായ്ക്കു അവരുടെ മെൽ അധികാരമുണ്ടെന്നു അവർ സമ്മതിച്ചുമില്ല. പരിശുദ്ധ കുപ്രിയാനൊസും അന്ത്രിക്കായിലെമെത്രാന്മാരും പാപ്പായെ തങ്ങളെപ്പൊലെയുള്ള ഒരുമെത്രാൻ എന്ന മാത്രമെ വകവച്ചിരുന്നൊള്ളു. ൨-ാം നൂറ്റാണ്ടിൽ മെത്രാന്മാരെല്ലാം സമന്മാരായിരുന്നു. മെത്രാന്മാരെ മഹറൊൻ ചൊല്ലുവാൻ പാപ്പാ ഭാവിച്ചപ്പൊൾ പാപ്പായെ മഹറൊൻ ചൊല്ലുവാൻ മെത്രാന്മാൎക്കു അധികാരമുണ്ടെന്നു അനെക മെത്രാന്മാർ ആ കാലത്തു വിശ്വസിച്ചിരുന്നു. അതെ, ൨൯൭-ൽ നിപ്പ്യാ സുനാദൊസിനാൽ ക്രിസ്ത്യാനിരാജ്യങ്ങളെ നാലായി ഭാഗിച്ചു നാലു പ്രധാന പാത്രിയൎക്കീസന്മാരെയും സിംഹാസനങ്ങളെയും സമാധികാരത്തിൽ സ്ഥാപിച്ചതുവരെ എല്ലാമെത്രാന്മാരും സമന്മാരും തുല്യാധികാരികളും ആയിരുന്നു. പത്രൊസൊരുവെള റോമ്മായിൽ താമസിക്കയും മരിക്കയും ചെയ്തിരുന്നാലും അതുകൊണ്ടു അവിടത്തെ ബിഷൊപ്പിന്നു വിശെഷാധികാരം ഒന്നും ഉണ്ടായിരുന്നതാ

യി ൨-൦൩-൦ ആറാണ്ടുകളിൽ ക്രിസ്ത്യാനിസഭാപിതാക്കന്മാർ വിചാരിച്ചിരുന്നില്ല. പാപ്പാമാരൊട്ടു എതുകയും അവരുടെ ഉപദേശങ്ങളെ നിഷേധിക്കയും അവരുടെ അധികാരത്തെ നിരാകരിക്കയുംചെയ്യുകപ്രിയാനൊസു ഫെർമില്യൻ മുതലായമെല്ലാട്ടുകാരെ പരിശുദ്ധന്മാരുടെ ശ്രേഷ്ഠത്തിൽ റോമ്മാസഭ അംഗീകരിച്ചിരിക്കുന്നു. "തിരുസഭയുടെ തലവനൊ ചൊല്ലുവിളി കേട്ടില്ലെങ്കിൽ രക്ഷയില്ല" എന്നു പറയുന്നതൊമ്മാകാരാ, കുപ്രിയാനൊസു മുതൽ പെരെ നിങ്ങൾ എങ്ങനെ പരിശുദ്ധന്മാരായി കൈകൊള്ളുന്നു. അവർ ഇപ്പൊൾ നരകത്തിലൊ ബൈസുക്കാനായിലൊ മോക്ഷത്തിലൊ ഇരിക്കുന്നതു. അവർ തിരുസഭയുടെ തലവനെ നിഷെധിച്ചിട്ടും പരിശുദ്ധന്മാരായി എങ്കിൽ പാപ്പായുടെ മെല്ലൊയ്മയെക്കാൾ നിങ്ങൾ പറയുന്ന ഉപദേശം പിശാചിന്റെ ഉപദെശം അല്ലയൊ. യാകൊബായകാരിലും മറും ക്രിസ്തുവിനെ സത്യമായി വിശ്വസിച്ചു പ്രിയപ്പെടുന്നവർക്കു കുപ്രിയാനൊസിനൊടു കൂടെ പാപ്പായുടെ സഹായവും താകൊലും ക്രൂടാതെ മോക്ഷത്തിൽ ചെല്ലുവാൻ പാടില്ലന്നു നിനക്കു എങ്ങനെപറയാം.

൫. റൊമ്മാ സഭയാൽ പുണ്യവാളന്മാരായി എണ്ണപ്പെട്ടിരിക്കുന്ന ശുദ്ധ അഗസ്തീനൊസു, ശുദ്ധ ഔഗെലിയാൻ മുതലായി ൨൦൦ മെത്രാന്മാർ ൫൨൭-ൽ കാർത്തേജിൽ സൂനാദൊസു കൂടി ഇവർ മഹറൊൻ ചൊല്ലിയ രണ്ടു എടത്തുട്ടുകാരുടെ മഹറൊൻ സൊസീനൊസു പാപ്പാ മോചിച്ചതിനെക്കാൾ പാപ്പായുടെ പ്രവൃത്തി അധികാരം കവിഞ്ഞതാണന്നു തീർച്ചപ്പെടുത്തി. ൦൧൦ പിതാക്കന്മാർ കാലസ്തീനൊസുപാപ്പായ്ക്കു ഏഴുതിയ ഒരു ഏഴുത്തിൽ ആഫ്രിക്കാസഭയിൽനിന്നു പട്ടക്കാരുടെ ആവലാധി വാങ്ങിച്ചുംകൊണ്ടു സഭാഭരണത്തിൽ പാപ്പാ പ്രവേശിക്കുന്നതു ആഫ്രിക്കാസഭയ്ക്കുള്ളതും നിഖ്യാസൂനാദൊസിനാൽ ആദരിക്കപ്പെട്ടതുമായ അവകാശങ്ങളെ നിരാകരിക്കയാണന്നും ഒരു ഇടവകയുടെ മെത്രാൻ ചെയ്യുന്ന പ്രവൃത്തി മെൽഅപ്പീൽ മെത്രാപ്പൊലിത്തായ്ക്കും അവരുടെ തീർച്ചമേൽ സങ്കടമുള്ളവർ സഥലത്തെ സൂനാദൊസിലൊ ആകമാനത്തിന്നടുത്ത സൂനാദൊസിലൊമാത്രം അപ്പീൽ ചെയ്യെണ്ടതാണന്നും പ്രസ്താവിച്ചിരിക്കുന്നു. (ആഫ്രിക്കാ സൂനാദൊസുകളുടെ ആക്ട.)

൬. റോമ്മാ സഭയുടെ ഒരു വലിയ വേദശാസ്ത്ര പണ്ഡിതനായ സെൻറ ഹിലാരി എന്നാൾ ലേയൊൻ പാപ്പായുടെയും കുസ്തന്തീനൊപുരിയിലെ പാത്രിയക്കീസായിരുന്ന സെൻറ ഇഗ്നാത്യൊസ് എന്ന ദെഹം വ-ാം യൊഹന്നാൻ പാപ്പായുടെയും വിധികളെ എതുത്തുനിന്നു. ഇങ്ങനെ പുണ്യവാളന്മാരും വേദശാസ്ത്രികളും രാജാക്കന്മാരും മെത്രാന്മാരും പാത്രിയക്കീസന്മാരും പാപ്പാമാരുടെ ഉപദെശങ്ങളെയും കല്പനകളെയും മേലധ്യക്ഷതയെയും നിഷേധിച്ചു തെളിവുകൾ പറകയെന്ന വല്ലാൽ ഒരു പുസ്തകം നിറയ്ക്കാം. അവരിൽ പൊലികാറ്റ്, കുപ്രിയാനൊസു, ഫർമില്യാൻ, അഗസ്തിനൊസു, ഹില്ലാരി, ഇഗ്നാത്യൊസു മുതലായവർ കീർത്തിപെട്ട സഭാപിതാക്കളും ബൈസുക്കാനായിൽ വിനാഴിക നേരവും താമസിക്കാതെ മോക്ഷത്തിൽ നേരെ

പ്രവെശിച്ചു പുണ്യവാളന്മാരും ആയിരുന്നു എന്നു റോമ്മാസഭ സമ്മതിക്കുന്നു. പാപ്പാമാർ മോക്ഷം പൂട്ടി താക്കോൽ പോകുറിൽ സൂക്ഷിച്ചുവച്ചിട്ടും ഇവർ മോക്ഷത്തിൽ പ്രവെശിച്ചു എന്നും റോമ്മാസഭ സമ്മതിക്കുന്നു. ഇവർ പാപ്പാമാരെ എതുത്തു നിന്നവരാണെന്നു റോമ്മാസഭസമ്മതിക്കുന്ന ഏവുസെബിയൂസിംന്റെ ചരിത്രവും റോമ്മാപ്പാക ശാലകളിൽ അംഗീകരിക്കപ്പെട്ടിരിക്കുന്ന വാസ്സൂറിയുടെ സഭാ ചരിത്രവും തെളിയിക്കുന്നു. ഇതു പ്രത്യക്ഷമായ തെളിവുകൾ ഇരിക്കെ സവ് സഭകളിന്മേലും മേലദ്ധ്യക്ഷത പത്രൊസിനു നിന്നു പാപ്പായിക്കു കിട്ടിയെന്നും പാപ്പായെ വഴങ്ങാതെ രക്ഷയില്ലെന്നും ഇതു ഒരു ഉപദേശമായി വിശ്വസികണമെന്നും റോമ്മാ സഭ പറയുന്ന വാകിനു എന്തു വിലയുണ്ടെന്നു ഞങ്ങളുടെ റോമ്മാ സഹൊദരന്മാർ ആലൊചികട്ടെ.

തുടരും.

അയിരൂർ പള്ളി

മലയാളത്തു മാർ തൊമ്മാശ്ലീഹായാൽ സ്ഥാപികപ്പെട്ട ഏഴ പള്ളികൾ മുതൽ ഇന്നുവരെ ഉണ്ടായിട്ടുള്ള ഏറിയൊരു ദെവാലയങ്ങളിൽ ഒന്നെകിലും അയിരൂർപള്ളിയൊടു തുല്യമായിപറയാനില്ല. തിരുവിതാംകൊട്ട തിരുവല്ലാ താലൂക്കിന്റെ കിഴക്കെ അതൃത്തിയായ അയിരൂർ പ്രവൃത്തിയിൽ പ്രസിദ്ധമായ പമ്പാനദി തെക്കവടക്കായി പ്രവഹിക്കുന്ന ഒരു ദിക്കിൽ കിഴക്കെതീരത്തു ഏറവും മനൊഹരമായ ഒരു സ്ഥാനത്താണ കൊല്ലം ൧൦൧൯-മാണ്ടെ വൃശ്ചികമാസം ൧൫-൹ മാർ ബഹനാൻ സഹദായുടെ നാമത്തിൽ ഒരു പള്ളി സ്ഥാപികപ്പെട്ടതു. അല്പ കാലത്തിനകം പണിക്കുറവുതിന്നു ഉപയൊഗിച്ചുതുടങ്ങിയ ഒരു ദെവാലയത്തെ ൧൦൩൨-മാണ്ടെ ഉൎശ്ശലെമിന്റെ മാർ ഗ്രീഗൊറിയൊസ് അബ്ദൽന്നൂർബ്ബാവാ തന്റെ സഞ്ചാരത്തിൽകണ്ടിട്ടു ഇതു "ഒരു ചെറിയ ഓർശലെം" ആണെന്നു അരുളിച്ചെയ്തതായി കെട്ടിട്ടുണ്ടു് ഓർശലെം ദെവാലയം കണ്ടുംകൊണ്ടു നമ്മുടെ കൎത്താവു "കല്ലിന്മെൽ കല്ലു ശെഷിപ്പിക്കപ്പെടുകയില്ല" എന്നു കല്പിച്ചിട്ടുള്ള അവസ്ഥ ഇക്കാലത്തു സാക്ഷാൽ ഓർശലെമിലും യഥാൎത്ഥമായി കാണ്മാൻ ഇല്ലായിരിക്കാവുന്നതാണു്. എങ്കിലും അതിൽ അധികമായ അവസ്ഥ ഇന്നു് ഈ പുതിയ ഉൎശ്ശലെമിൽവന്നാൽ ആക്കും കാണാവുന്നതാണു്, അയിരൂർ പള്ളിക്കു ഉപയൊഗിച്ചിട്ടുണ്ടായിരുന്ന അനെകായിരം കല്ലുകളിൽ ഒന്നെകിലും ഇപ്പൊൾ ഇവിടെ കല്ലിന്മെൽ കല്ലെന്നു പൊയിട്ടു മണ്ണിന്മെലും ശെഷിപ്പിക്കപ്പെട്ടിട്ടില്ല. റോമാസെനാപതിക്കു ചട്ടണാ മുഴുവൻ നശിപ്പിച്ചാലും ദെവാലയത്തെ രക്ഷികണം എന്നായിരുന്നുവല്ലൊ ആഗ്രഹം ഉണ്ടായിരുന്നതായി പറയപ്പെട്ടുന്നതു. മനസ്സറിയാതെ ആ മനൊഹര സ്ഥാപനം അഗ്നികാഹാരമായി പൊയതിന്റെ ശെഷം കല്ലിന്റെകീഴിൽ വല്ല വെപ്പുകളും ഉണ്ടായിരിക്കും എന്നു വിചാരിച്ചു് ആലയത്തെക്കുറിച്ചാകട്ടെ അതിൽ വസിക്കുന്ന ദൈവത്തെ

ക്കുറിച്ചുകൊണ്ടു യാതൊരറിവും ഭക്തിയുമില്ലാത്ത റോമാഭടന്മാർ ഉഴുതു നോക്കി എങ്കിലും അതിൽ ഒരു കല്ലുപോലും അവർ കൊണ്ടുപോയില്ല. ഒരു വലിയ ഉത്സവത്തിനു അതിന്റെ സ്ഥാപകന്മാരുടെ സന്തതികൾ തന്നെ തമ്മിൽ പിണങ്ങി മനഃപൂർവ്വമായി ഉപേക്ഷയിൽ ഇട്ടുകയാൽ അഗ്നികല്ല ഫാദിത്യമാണ്ടു ഉണ്ടായ വലിയവെള്ളത്തിനാഹാരമായി വീണു തകർന്നുപോകയും അന്നുമുതൽ ആ സന്തതികൾ തന്നെ തങ്ങളുടെ പിതാക്കന്മാർ ദൈവത്തിന്റെ ആവാസത്തിനായി ശേഖരിച്ചിട്ടുള്ള ശുദ്ധീകരിക്കപ്പെട്ട കല്ലുകളും മരങ്ങളും ഓരോന്നോരോന്നായി തങ്ങളുടെ സ്വന്ത വാസസ്ഥലങ്ങളോടു ചേർന്നുള്ള അടുക്കളപ്പുര മുതലായവയ്ക്കു അപഹരിച്ചു ഉപയോഗപ്പെടുത്തിയും മറ്റും ഇപ്പോൾ ഒരു ശേഷിപ്പുമില്ലാതെ അകന്നിരിക്കുകയാണ്. ലോകത്തിൽ മറ്റൊരു പള്ളിക്കെങ്കിലും ഉണ്ടായിട്ടുണ്ടോ എന്നു ഇനിക്കു വളരെ സംശയമുള്ള ഒരു അവസ്ഥ ഒരു പള്ളിക്കുതന്നെ വന്നുകൂടിയതിനെക്കുറിച്ചു ഇനിക്കും എന്നെപ്പോലെ ഇതിനാലുള്ള ദോഷത്തിനു അംശികളായ അനേകർക്കു കൂടക്കൂടെ ഇതു ദുഃഖിഗോചരമായി തീരുന്നതുകൊണ്ടുതന്നെ ഉണ്ടായിക്കൊണ്ടിരിക്കുന്ന അടക്കിക്കൂടാത്ത അന്തസ്സാപം ഇടവകപ്പത്രികയുടെ വായനക്കാരായ അനേകം മഹാന്മാരെ കൂടി അറിയിച്ചാൽ അത്രയ്ക്കു ആശ്വാസവും ഒരു അവസ്ഥയെ ഒന്നു ഭേദപ്പെടുത്തുവാൻ വല്ലകാലത്തും വല്ലസംഗതിയും ഉണ്ടായെക്കുമെന്നും ആഗ്രഹിക്കുന്നതുകൊണ്ടു കുറെ ദിവസമായതാണു. ഇപ്പോഴത്തെ അവസ്ഥ പറയുമ്പോൾ അതു വന്നുകൂടുവാനുള്ള സംഗതികൾകൂടി അറിയുന്ന വായനക്കാർക്കു സ്വാഭാവികമായി ആഗ്രഹം ജനിക്കാവുന്നതാകയാൽ ചുരുക്കത്തിൽ അതും ഇവിടെ വിവരിച്ചുകൊള്ളുന്നു.

ഇപ്പോൾ പത്തായിരം ക്രിസ്ത്യാനി ഭവനങ്ങൾവരെ ഉള്ള ഒരു അയിരൂർ ഒരുകാലത്തു ഒരു നാമധേയമെ ഇല്ലായിരുന്നു എന്നാണു കേട്ടിട്ടുള്ളതു. ക്രമേണ അങ്ങുമിങ്ങുംനിന്നു വന്നുപാർത്തവരും അവരിൽനിന്നു വർദ്ധിച്ചുവരുമായി പത്തുമുപ്പതു ഭവനങ്ങളൊക്കെ ആയ കാലം മുതൽ അയിരൂരെ ക്രിസ്ത്യാനികൾ മൂന്നു നാലു നാഴികയിൽ അധികം അകലത്തല്ലാത്ത കോഴഞ്ചേരിപ്പള്ളിയിലാണത്രെ തങ്ങളുടെ ആരാധന നടത്തിവന്നതു. ഇങ്ങനെ നടന്നുവന്നകാലത്തു ആപ്പള്ളിയുടെ സമീപവാസികളായ ഒരുതരം ഉന്നതന്മാർക്കു സ്വതസ്സിദ്ധമായ അധികാരം അല്പം ദൂരസ്ഥന്മാരായ അയിരൂർക്കാർക്കു സഹിച്ചുകൂടാതെ തോന്നുകയാൽ ഇപ്പോഴും ഏല്ലാ ദിക്കിലും പതിവുള്ളതുപോലെ തങ്ങൾക്കും സ്വന്തമായി ഒരു പള്ളി വെച്ചാൽ ദൈവത്തിന്റെ സാന്നിദ്ധ്യം അതിലും ഉണ്ടാകാതെയിരിക്കയില്ലെന്നു നിശ്ചയിച്ചു തങ്ങളുടെ സ്വയാധികാരം നടത്തുവാൻ ഇവരും ഒരു പള്ളിവെച്ചു. മേൽ പറഞ്ഞതുപോലെ കൊല്ലം ഫാഫൽ-മാണ്ടു അന്നു മലങ്കര വാണിരുന്ന ചേപ്പാട്ടു മാർ ദീവന്നാസ്യോസു മെത്രാപ്പൊലീത്താ അവർകളുടെ അനുജ്ഞപ്രകാരം വഴക്കൊഴിക്കുന്നായി പ്രതിഷ്ഠിക്കപ്പെട്ട ഒരു പുതിയ പള്ളിയിലും അധിക കാലതാമസംകൂടാതെ ഓരോ അന്തഃഛിദ്രങ്ങൾ ആരംഭിച്ചു, സ്വാ

ത്ഥ ബുദ്ധികളായ ആളുകൾക്കു ഓരോ സ്വകാര്യം പ്രമാണിച്ചുള്ള അന്യോന്യമത്സരത്തെ പരസ്പരം അയ പള്ളിയിൽ പ്രയോഗിക്കുക ഇക്കാലത്തും ഒരു നാട്ടിലെ ക്രസ്ത്യാനികളുടെ ഇടയിൽ നടപ്പാണല്ലൊ. നായ് കടലിൽ ചെന്നാലും നക്കിയല്ലാതെ കുടിക്കുമൊ? എന്നെ കുത്തിയ കാള അച്ഛനെയും കുത്താതിരിക്കുമൊ? പുതിയപള്ളിയിൽ മത്സരത്തിനു പുതിയ കാലമാകയാൽ ആളുകളിൽ പരിഷ്കാരം വർദ്ധിച്ചിരുന്നതുകൊണ്ടു അപ്പാ വിചാരിയാതു ഒരിക്കില്ലെന്നും അരിയല്ലെന്നതു മതിയായില്ലെന്നുമുള്ള അന്തസ്സാരമില്ലാത്ത സംഗതികൾ വിട്ടു കുരിശു വരുക്കുന്നതു ശരിയല്ലെന്നും കുറുബാന ചൊല്ലെണ്ടതു ഇങ്ങനെ അല്ലെന്നും മറ്റുമുള്ള സാരസംഗതികളാണു ഉപയോഗപ്പെടുത്തിത്തുടങ്ങിയതു. അധികകാലതാമസംക്കൂടാതെ അയിരൂർ പള്ളിയിൽ പ്രാചീനം എന്നും നവീനം എന്നും പേരുപറയാവുന്ന രണ്ടു കക്ഷികൾ ഒരുവിധം നല്ല വണ്ണം തിരിഞ്ഞു അവരുടെ നാട്യപ്രകാരം അത്യന്തം ഗൌരവാവഹങ്ങൾ ആയിരുന്ന ഓരോ നിസ്സാര കാര്യങ്ങൾ പിടിച്ചും കൊണ്ടു അന്യോന്യ മത്സരത്തെ അനേക വിധത്തിൽ അരങ്ങേറം കഴിച്ചതെല്ലാം ഇവിടെ വിവരിക്കാൻ പ്രയാസം. വായനക്കാർക്കു ക്ഷമ മതിയാകുമൊ എന്ന സംശയവുമുണ്ടു. അതുകൊണ്ടു ഒട്ടു ഒടുവിലത്തേതും ഓർത്തിരിക്കാത്തവണ്ണമുള്ള പ്രാബല്യത്തിനു വന്നുകൂടിയതുമായ ഒരരങ്ങുമാത്രം അല്പം വിസ്തരിക്കാം.

അയിരൂർ പള്ളിക്കു ഇടവകക്കാരനായി അത്യാം ഉണ്ടായ കത്തനാർ ഇവിടുത്തുകാരുടെ കാലക്കേടിനു മാരാമണ്ണ വലിയ മാർ അത്താനാസ്യോസിന്റെ സഹോദരിയെ ആണ കല്യാണംകഴിച്ചതു. മലങ്കര സുറിയാനി സഭയ്ക്കു അന്ത്യോപ്യാസിംഹാസനവുമായിട്ടുള്ള സംബന്ധം പിരിച്ചു ഈ സഭയെ തന്റെ തോന്നിയവാസത്തിനു സ്വാതന്ത്ര്യംആക്കുക എന്നുള്ളതു തന്റെ ജന്മോദ്ദേശ്യമായിവെച്ചിരുന്ന ഇദ്ദേഹം ചിറപ്പനും ഗുരുവുമായ അബ്രാഹംമല്പാൻ സായ്പന്മാരൊടു കണ്ടുപഠിച്ചു ഉപദേശിച്ചിരുന്ന ഒരു കൃത്യം പുതിയ നടപടികൾ നടത്തുവാൻ മറ്റു പള്ളികളിൽ ചെയ്യു പ്രയാസം ഒന്നും ഇവിടെ വേണ്ടിവന്നില്ല. അയിരൂർപള്ളിയിൽ അത്യാം കമ്മാധികാരി ആയിരുന്ന അളിയനന്റെതെന്നും അനന്തരവനായിവന്ന മകനു അമ്മാച്ചന്റെതെന്നുമുള്ള വാത്സല്യം അതികലശൽ ആയിരുന്നു. ഇങ്ങനെ രക്തംവഴി വന്നതായിരുന്നിട്ടും ഒരു പുതിയ ഉപദേശങ്ങളെ (ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടതായ പഴയതിന്റെ നിലനില്പിനായിത്തന്നെ) വെറുക്കുന്ന ഒരു കക്ഷി ഒരു അഹരോന്റെ വംശത്തിലും തന്നെ ഇവിടെയും ഉണ്ടായി. തങ്കൽക്കു വിടാൻ മനസ്സില്ലാത്ത സത്യവിശ്വാസത്തെ നിലനിറുത്താനായി പട്ടക്കാരെ നിയമിച്ചുകിട്ടുവാൻ അമ്മാച്ചന്റെ അടുക്കൽ നിവൃത്തിയില്ലാതെ വരികയാൽ പ്രാചീന കക്ഷികൾ അന്നു ഇവിടെ ഉണ്ടായിരുന്ന മാർ ക്രിലോസുബാവായെക്കൊണ്ടു രണ്ടുപ്രാവശ്യമായി മൂന്നു കുട്ടികൾക്കു പട്ടംകൊടുപ്പിക്കുകയും ഇവരിൽ ഒന്നാമതു പട്ടമേറ്റ അൽ ഒരു പള്ളിയിലുതന്നെ പുത്തൻകുറുബാനചൊല്ലി നടന്നു

വരികയും ചെയ്തു. ഇത്രയും ഉണ്ടായിട്ടുതന്നെ നവീനകക്ഷിക്കു സഹിച്ചു ക്രൂരാത്തതായിരിക്കെ ഫനുവ്വാമാണ്ടു നവീനകക്ഷിയുടെ പരമശത്രുവായ ടി. മാർ ക്രിസോസുബ്രോവായെ പ്രാചീനകക്ഷികൾ ഒരു പള്ളിയിൽ കൊണ്ടുവരാനിരിക്കുന്നതായി ഒരു കേൾവി പൊങ്ങിയതു പാപികൾക്കു നമ്മുടെ കർത്താവിന്റെ രണ്ടാമത്തെവരവിനെ ഓർമ്മിപ്പിക്കുന്ന കേൾവിപോലെ നവീനകക്ഷിയെ വേദനപ്പെടുത്തി എന്നു മാത്രമല്ല നിവൃത്തി ഉണ്ടെങ്കിൽ ഒരു ആപത്തുവരാതിരിക്കട്ടെ എന്നുകരുതി അവർ പള്ളി പൂട്ടികെട്ടി കാവലാക്കി. അതുകൊണ്ടും പോരെന്നു വിചാരിച്ചു ഒരുകുല്ക്കൊമ്പനാനയെ വരുത്തി പള്ളിനടയിൽ നിറുത്തുകയും മറ്റും ചെയ്തു കുറെദ്ദിവസം ബുദ്ധിമുട്ടിയുംനിടയ്ക്ക് ഇതിലെക്കു ചുമതലപ്പെട്ടിരുന്ന ഉത്സാഹശീലന്മാരായ ചിലർ ക്രൂടി പള്ളിപ്പുരയിടം വെട്ടി നായാടുകയും അതിനെക്കുറിച്ചു പുരയിടത്തിന്റെ ഉടമസ്ഥനായ പ്രാചീന കക്ഷിയിൽപ്പെട്ട ഒരാൾ അന്യായപ്പെടുവാനും കാര്യംചെയ്യുവർ സർക്കാർ ശിക്ഷ ഏൽക്കാനും മറ്റും ഇടയാക്കിത്തീർക്കുകയുംചെയ്തു.

ഇങ്ങനെ നീരോശ കേട്ട ചെറിപ്പഴിച്ചക്രുത്തിൽ ക്രൂടിയ ക്ഷോഭവും ശമിച്ചു എങ്കിലും പള്ളി പൂട്ടിത്തന്നെകിടന്നു. ഒരു സ്ഥിതിയിൽ പള്ളിയിൽപതിവുള്ള പെരുനാളിന്റെ തിയ്യതിയായി. നവീനന്മാർക്കു ഒന്നും കഴിഞ്ഞില്ലെങ്കിലും ഈരുപത്തഞ്ചു നോൻപുകാലത്തുള്ള ഒരു ബഹനാൻസഹദായുടെ പെരുനാളിനു കള്ളു ചെത്തുണ്ടാക്കിയ വെള്ളയപ്പം പള്ളിയിൽക്രൂടുന്നവരെ എല്ലാംതിരിവിടണമെന്നു കുറെ മുൻപുതന്നെ ഒരുനിബ്ബന്ധം ഉണ്ടയിരുന്നതു മറുകക്ഷികൾ സമ്മതിക്കായ്കയാൽ കാലക്രമേണ ഒരു സാക്ഷാൽ പെരുനാളിനോടുതന്നെ ഒരുവിരോധമായി ചമഞ്ഞിരുന്നതിനാൽ കുറെകാലമായി കലാപംക്രൂടാതെ പെരുനാൾ കഴിയുക ഒരു പള്ളിയിൽ പതിവില്ലാതെയാണിരുന്നതു. ഒരു കൊല്ലം വിശേഷിച്ചു പള്ളി പൂട്ടികിടന്നതുകൊണ്ടു പേരിനെങ്കിലും പെരുനാൾ കഴിച്ചുതന്നെകഴിയണമെന്ന നിബ്ബന്ധത്തോടുക്രൂടി പ്രാചീന കക്ഷികളും എങ്ങനെയും അതു കുഴച്ചു പിരികണമെന്ന ശാഠ്യത്തോടുക്രൂടി നവീനന്മാരും ക്രൂടുകയാൽ പതിവുള്ള കലാപം അല്പം ഒന്നു കടന്നുപോയി. എങ്കിലും ഒരു കലാപമാത്രമായിട്ടുതന്നെ അതു ഒരുവിധത്തിൽ കലാശിച്ചു.

ഇങ്ങനെ പെരുനാളിന്റെ ബാഹ്യക്രിയകളായ വാദ്യഘോഷാദികളെങ്കിലും കഴിച്ചുപിരിയാൻ ഭാവിച്ചു ചെന്നതിൽ അതിനും തങ്ങൾക്കു സ്വാതന്ത്ര്യമായിരിക്കണമെന്നു കരുതിവെച്ചു പള്ളിയിൽ സ്വാതന്ത്ര്യമില്ലാതെവന്ന അയിരുരെ സുറിയാനികാക്കു തങ്ങളുടെസഭാനിബന്ധനപ്രകാരം ക്രുടിയെതീരു എന്നുള്ള കുബ്ബാനമൂതലായ നിത്യാനുഷ്ഠാനങ്ങൾക്കായി വീണ്ടും പഴയകോഴഞ്ചേരിപ്പള്ളി അല്ലാതെ ആശ്രയമില്ലെന്നായി. അങ്ങനെ ഇവർ തങ്ങളുടെ മേൽപറഞ്ഞ പട്ടക്കാരനോടുക്രൂടി ടി. ഫനുവ്വ-ാമാണ്ടു മകരമാസം ഫനു-ാം രു- ഞായറാഴ്ച കുറുബാന ചൊല്ലുകയും സംബന്ധിക്കയും ചെയ്വാനായി ആപള്ളിയിലെക്കു പോയി. ഒപ്പം നവീനന്മാരും യോഗം തികഞ്ഞു അവിടെ എത്തി.

ഇങ്ങനെ രണ്ടു പള്ളിയിടവകക്കാരെ ക്രൂടാതെ ആ ഞായറാഴ്ച ആ പള്ളിയിൽ നടത്താനുണ്ടായിരുന്ന പതിമൂന്നു കല്യാണങ്ങൾക്കായി പല സ്ഥലങ്ങളിൽനിന്നു വന്നുകൂടിയവരായിട്ടും അനേകംആളുകൾ ഉണ്ടായിരുന്നു. അതതിടവകയിലുള്ള ജനങ്ങൾക്കു തന്നെ കഷ്ടിച്ചു പൊങ്ങിയും താണും നിന്നുകഴിക്കാനല്ലാതെ സ്ഥലം മതിയാകാത്തവണ്ണമല്ലാതെ പണിയിക്കുക ഇന്നും പതിവില്ലാത്ത സുറിയാനിപ്പള്ളികളിൽ ഒന്നു മാത്രമായ കോഴഞ്ചേരിപ്പള്ളിക്കകത്തു മാമ്മൂൽപ്രകാരം ഉടുത്തുകെട്ടിച്ചമഞ്ഞു വന്നെത്തിയിരുന്ന മണവാളന്മാരും മണവാട്ടികളും അവരുടെ തോഴിക്കാരുംമറ്റും അന്നു എങ്ങനെ കഴിച്ചുകൂട്ടി എന്നു അറിഞ്ഞുകൂടാ. പ്രകൃതി ശാസ്ത്രം മുതലായവ പഠിച്ചിട്ടുള്ള ആളുകൾ ഓക്മാത്രം ചെയ്യാം വീപ്പുമുട്ടി ചത്തുപോകുവാൻ മതിയാകുന്നവിധത്തിൽ വിശേഷിച്ചു പലരും മൂക്കുമുട്ടെ ചെലുത്തിയിരുന്ന മദ്യത്തിന്റെയും വിഷാംനിറഞ്ഞ വായു ബാഹ്യമായി വ്യാപിച്ചിരുന്ന ആദേവാലയത്തിൽ കൂടിയിരുന്ന ആളുകളുടെ മനസ്സുകളിലും ഒട്ടൊഴിയാതെ തിങ്ങിവിങ്ങി ഏതുവഴി പുറത്തേക്കു പായണ്ടേ എന്നു നോക്കിയിരുന്ന അന്യോന്യ മത്സരം എന്ന അതിഘോര വിഷത്തിന്റെ കാര്യവും മറന്നുകൂടാവതല്ലല്ലൊ. ഇങ്ങനെ അസമയം ദേവാലയമൊ അല്ല, മനുഷ്യാലയവും അല്ല, ശത്രുവായ സാത്താന്റെ ആലയം ആയിരിപ്പാൻ കൊള്ളരുതാത്ത അവസ്ഥയിൽ ആയിത്തീർന്ന ആ കെട്ടിടത്തിനകത്തു എന്തുതന്നെയാണ് സംഭവിച്ചുകൂടാത്തത്? എന്തു സംഭവിച്ചാലും സഹികാം, ഇത്രവളരെകാലമായി തന്റെ സ്ഥാനകൃത്യമായ ദിവ്യപൂജ അണയ്ക്കാതെയിരിക്കുകയാണ് സഹിച്ചുകൂടാത്തതെന്നു നിശ്ചയിച്ചു അയിരൂർ സുറിയാനിക്കാരുടെ കത്തനാർ ത്രോണോസിൽ വെച്ചുവിരികാൻ തുടങ്ങി. ഒരു ആരംഭം ഉണ്ടാകുമെന്നു കരുതി എന്തിനും കച്ചകെട്ടി നിന്നിരുന്ന നവീനന്മാരിൽ ഒരുആയ്മനിതാനും മദ്ബഹായിൽ ചാടികേറി ചെന്നു കത്തനാരുടെ കയ്യിലുണ്ടായിരുന്ന പൂജാപാത്രങ്ങൾക്കു പിടികൂടുകയും, കിണ്ടി, കാസാ നടുവെമുറിഞ്ഞു അതിൽ ഉണ്ടായിരുന്ന ദിവ്യദ്രവ്യം താഴെ വീഴുകയും ചെയ്തു.

അനന്തരം ഉണ്ടായ അവസ്ഥയാണ് അവർണ്ണനീയം. അതുകൊണ്ടു അതുഭാഗം വേറൊരു ലേഖനത്തിലേക്കു നീക്കിവെക്കാനെ നിവൃത്തിയുള്ളു എന്നുകാണുകയാൽ തല്ക്കാലം ഇവിടെ സമർപ്പിച്ചുകൊള്ളുന്നു.

കെ. സി. സി.

ദീപികാ ലേഖകന്റെ അസംബന്ധം.

സുറിയാനിക്കാരുടെ യാക്കോബായ സുറിയാനി വിശ്വാസം മലയാളത്തു നടപ്പായിട്ടു കാലമെത്ര ആയിട്ടൊള്ളു എന്നു സാധിക്കുവാൻ ദീപികയിൽ ഒരുലേഖകൻ ചെയ്ത ശ്രമത്തെ ഞങ്ങൾ മുമ്പിൽ വണ്ടിച്ചിരുന്നല്ലൊ വായനക്കാർ ഓർത്തിരിക്കുമെല്ലൊ. അദ്ദേഹം പലനാൾ അടഞ്ഞിയിരുന്ന ശേഷം ഒരു ഉദ്ദ്യമം വലിക്കുവാൻ തുടങ്ങിയിരിക്കുന്നു. ഞങ്ങൾ പ്രയോഗിച്ച ആയുധങ്ങളിന്മേൽ ബലവും വണ്ടു

നാശക്തിയും ശരിയായി ആലോചിക്കുമ്പോൾ ഒരു മറുപടിക്കു അത്ര ആവശ്യപ്പെട്ടിന്നില്ല. എങ്കിലും ചില വായനക്കാരുടെ തൊറായ ധാരണയെ തിരുത്തുന്നതിനു വേണ്ടിയും ഒക്കാരായ ചിലരുടെ അപേക്ഷപ്രകാരവും ദീപികയുടെ ഉപവാദങ്ങളെ ഒരിക്കൽകൂടി ഖണ്ഡിക്കേണ്ടിയിരിക്കുന്നു.

൧. ദീപികയുടെ ൧-ാമത്തെ യുക്തി മാർ അബ്രാഹം മെത്രാനെക്കൊണ്ടു ഇവിടത്തെ വിശ്വാസത്തിൽ ഭേദം വരുത്തുകയിച്ചന്ന ഉടമ്പടി ചെയ്യിച്ചു എന്നാരും ഇല്ലാപ്പൊട്ടർ പറയുന്നതു അസത്യമെന്നും ആ മെത്രാൻ തന്നെ കാരണവനായിരുന്ന യൌസേപ്പു മെത്രാന്റെ ശേഷം നസ്രാണികൾ സ്വന്തം പാത്രിയക്കീസിനു എഴുതി അയച്ചതനുസരിച്ചു അയക്കപ്പെട്ട ആൾ ആയിരുന്നതുകൊണ്ടു സ്വയമേവ സ്വീകരിക്കപ്പെട്ടു എന്നും അതിലേക്കു അസെമ്മാൻ മുതലായ ചരിത്രസാക്ഷികൾ ഉണ്ടെന്നുമാകുന്നു. നൈരുടെ ചരിത്രം ഇവർ വിശ്വസിക്കുന്നില്ല. പക്ഷേ പോകട്ടെ. കുന്നൻപാത്രിയുടെ ചരിത്രം നമ്മെ കാണിക്കായി ഇവർ പ്രയോഗിച്ചിരിക്കുന്നതുകൊണ്ടു അതിനെ സമ്മതമുണ്ടെന്നു നാം തന്നെ. പാത്രി തന്റെ പുസ്തകത്തിൽ പറയുന്നതു- മാർ അബ്രാഹം ശെമവോൻ പാത്രിയക്കീസിനാലും മാർ യൌസേപ്പു ഹെബ്രൈദ്ധ ജീസസ എന്ന പാത്രിയക്കീസിനാലും അയക്കപ്പെട്ടു എന്നും രണ്ടുപേരും ഒരിക്കൽ ഇവിടെ താമസിപ്പാൻ ആവശ്യപ്പെട്ടപ്പോൾ രണ്ടുപക്ഷവും ഭിന്നിപ്പും ഉണ്ടായി എന്നും അതുകൊണ്ടു. ബാബേലിലെ നെസ്തോർ പാത്രിയക്കീസന്മാരുടെ നിരന്തരമായപേർ മാർശെമവോൻ എന്നാണല്ലൊ, ഹെബ്രൈദ്ധജീസസ ആ ശാഖയിൽ പെട്ടതുകൊണ്ടു പരാപ്പു ചരിത്രം വ്യാജം പുറം പറയുന്നു. അപ്പോൾ ബാബേലിൽ ഞങ്ങൾ മുമ്പിൽ പറഞ്ഞിരുന്നതുപോലെ ഒന്നിലധികം ശാഖകൾ ഉണ്ടായിരുന്നു എന്നും മേല്പറഞ്ഞമെത്രാന്മാർ രണ്ടുപേരും രണ്ടു സ്ഥലത്തു നിന്നു അയക്കപ്പെട്ടവരും ഭിന്നവിശ്വാസികളും കക്ഷികളും ആയിരുന്നു എന്നും വരുന്നു. മാർയൌസേപ്പു ഇല്ലാതെയായപ്പോൾ ഇവിടത്തുകാർ "സ്വന്തം പാത്രിയക്കീസിനു" എഴുതി അയച്ചു എന്നു ദീപിക പറയുന്നു. ആ സ്വന്തംപാത്രിയക്കീസു യൌസേപ്പിനെ അയച്ച ഹെബ്രൈദ്ധജീസസ ആയിരിക്കുമെല്ലൊ. പക്ഷേൽ അപേക്ഷയ്ക്കു മറുപടിയായി മാർഅബ്രാഹമിനെ അയച്ചതു പെരുത്തു ശാഖക്കാരനായ മാർ ശെമവോൻ പാത്രിയക്കീസായിരുന്നു. ഇങ്ങനെ ഒരന്യതനക്കാരൻ വന്നുകയറുമ്പോൾ ഉടമ്പടി ചെയ്യിപ്പാൻ ആവശ്യപ്പെട്ടിട്ടുണ്ടായൊ.

ഇതെസംബന്ധിച്ചു ഒന്നാമതു ആലോചിക്കുക:- ഇട്ടിതൊമ്മൻകത്തനാരുടെ വിശ്വാസം അയാൾക്കു മുമ്പുണ്ടായിരുന്ന അബ്രാഹം മുതലായ മെത്രാന്മാരുടെ വിശ്വാസത്തെ അനുസരിച്ചിരിക്കുമെന്നാണ ദീപിക ആദ്യമെ വാദിച്ചതു. ആ യുക്തിപ്രകാരം ആ മെത്രാന്മാരുടെ വിശ്വാസം അവരെ അയച്ച പാത്രിയക്കീസിന്റെ വിശ്വാസത്തെ അനുസരിച്ചിരിക്കുന്നതുമല്ലൊ. ഇവരെ അയച്ച പാത്രിയക്കീസ ഏതു വിശ്വാസം കൈക്കൊണ്ടു പാപ്പായുടെ അധികാരത്തിൻ കീഴിലുള്ള ആളാണെന്നു ദീപികയുടെ അസെമ്മാൻ മുതലായ ചരിത്രങ്ങളുടെ ലക്ഷ്യത്തുമേൽ വരാപ്പുഴ ചരിത്രംപറയുന്നു. (പു- വ്യ- വ്യ) എന്നിട്ടും ഈ മെത്രാന്മാരെ നെസ്തോർക്കാർ എന്നു പറഞ്ഞു ഒണ്ടിപ്പികയാണ ഇവിടത്തെ പറങ്കി പാദ്രിമാർ ചെയ്യുന്നു. ഇതിന്റെ യോജിപ്പു ദീപിക മനസ്സിലാക്കി തരേണ്ടിയിരിക്കുന്നു. അവരുടെ ചരിത്രങ്ങൾക്കു വിശ്വസനീയമാൻപാടില്ല. അവരുടെ യുക്തിയ്ക്കും തൊടുവരുവാൻ പാടില്ലല്ലൊ. ചരിത്രങ്ങളിൽപിശകുവരാമെന്ന ഇതുകൊണ്ടു വരുന്നു. അല്ലെങ്കിൽ ഇവിടെ താമസിച്ചിരുന്ന പൌരസ്ത്യന്മാർക്കു ദുഷ്ടവിചാരം ഉണ്ടായിരുന്നു എന്നും അതിനുവേണ്ടി അവർ കള്ള ചാപ്പുകൾ ആരൊപിച്ചിരുന്നു എന്നും വരണം. അല്ലെങ്കിൽ മേലാവിന്റെയൊ മൻഗാദിയുടെയൊ വിശ്വാസത്തെ ആധാരമാക്കി ഇട്ടിതൊമ്മൻകത്തനാരുടെ വിശ്വാസം ഇന്നതെന്നു സ്ഥിരപ്പെടുത്തിയ ദീപികയുക്തി ഉപേക്ഷിക്കപ്പെടണം. എന്തെന്നാൽ മാർ അബ്രാഹം നെസ്തോർ ആയിരുന്നതുകൊണ്ടു ഇട്ടിതൊമ്മൻകത്തനാരു യാക്കോബായ അകപ്പാൻ പാടില്ലെങ്കിൽ പാത്രിയക്കീസു റോമാ ആയിരുന്നതുകൊണ്ടു മാർ അബ്രാഹത്തിനെ നെസ്തോർ അകുന്ന സൂത്രം പറഞ്ഞുതരട്ടെ.

൨. നെസ്തോർക്കാരെയും യാക്കോബായക്കാരെയും ഒരേക്രമത്തിൽ എടുത്തുകാരായി റോമാസഭ വിചാരിച്ചു വരുമ്പോൾ ഇവിടത്തെ സഭയെക്കുറിച്ചു നെസ്തോർ എന്ന മെനേസീസ അപവാദം പറവാൻ കാരണം പറഞ്ഞുകൊടുക്കണമെന്നാണ ദീപികയുടെ ൨-ാമത്തെ യുക്തി. നമ്മുടെ ദീപികാലേഖകൻ റോമാവേഷം ധരിച്ചിട്ടില്ലാതെ അതിലെ അഗാധേ ഉപദേശങ്ങളെക്കുറിച്ചു അറിവു സ്ഥാപിച്ചിട്ടില്ലന്നതുകൊണ്ടു വെളിപ്പെടുന്നു. എന്തെന്നാൽ റോമാസഭ ഈ രണ്ടുകൂട്ടരെയും "ഒരേക്രമ

മത്തിൽ" വിചാരിക്കുന്നില്ലെന്ന ഇതെവരെ ഈ വിദ്വാൻ അറിഞ്ഞിട്ടില്ലെങ്കിൽ, രണ്ടും കൂടെന്നും വിവക്ഷ ചെയ്യുകൊണ്ടു ടീ വചപ്പുന്നം തടുകുകാരുടെ നിശ്ചയിച്ചിരുന്ന ചില സുറിയാനി പട്ടക്കാരെ കൈവെപ്പിലും പ്രമത്തിലും മാറ്റംകൂടാതെ റൊമ്പപട്ടക്കാരായി അടുത്തകാലത്തു പൂർണ്ണ അനുസരിച്ചു സ്വീകരിച്ചതും, മാർശെമക്കൻഷന്നനെ സ്കോപാർട്ടിയക്കീസിന്റെ കൈവെപ്പിൽ ഉള്ള മാർ അത്തനേഷ്യസെന്നുപ്പോലീത്താ അവർകളാൽ പട്ടം കൊടുക്കപ്പെട്ട ചിലരെ ടി- പൂർണ്ണ അനുസരിച്ചു തന്നെ പുനർ സ്ഥാനം കൊടുത്തു എടുക്കുന്നതും എന്തുകാരണത്തുമേൽ എന്ന തിരുമി അറിയേണ്ട. മെനെസീസ് ഇവിടത്തെ സഭയെ അശേഷം അടക്കുകിക്കുന്നതിനുവേണ്ടി നെസ്തോർ എന്ന അപവാദം പശ്ചാത്തള്ള കാരണം ഒട്ടു മതിൽ നിന്നു മനസ്സിലാകാം. ഫ്രം-ാന്തറാണ്ടിൽ റോമായിലെ പാപ്പാമാരുടെ ഉപദേശം രണ്ടിനേയും "ഒരെരുമത്തിൽ" എടുത്തുകൂടാ എന്നായിരുന്ന എന്നും ഫൻ-ാന്തറാണ്ടിൽ രണ്ടുകൂട്ടത്തിൽ അനെന്നും പറയുമൊ. അങ്ങനെ പറയുമെങ്കിൽ അതു ദീയോദോറുടെയും മാറ്റൊസിയായുടെയും അനേന്തിരവൻ ചേരുന്ന ഉപദേശം എന്നല്ലാതെ പരികയില്ലല്ലൊ.

മലങ്കര സഭമേൽ നെസ്തോർ എന്ന അപവാദം കൊണ്ടുവന്നു മെനെസീസി-ന്റെ കുതന്ത്രമൊ പിശകൊ ആണെന്നതിലധികം ഉദിയക്കുപ്പുർ സ്ഥാനാദൊസിന്റെ ചരിത്രം തന്നെ മതിയാകും. എന്തെന്നാൽ നെസ്തോർകാരുടെ ദിശ്വാസ പ്രകാരം കുമ്പസാരം, അന്ത്യാഭിഷേകം, പരിശുദ്ധന്മാരോടുള്ള അപേക്ഷ ഇവ അധശ്ചുപ്പെട്ടിരിയാകുന്ന. അതുപോലെ തന്നെ അവർ ഏഴു കൂദാശകളും മേല്പട്ടം, കശീശ്ശാ, ഉശ്ശാംശാന്തസാ എന്നീ പട്ടങ്ങളിലും കൈക്കൊണ്ടു വരുന്ന. എന്നാൽ മലങ്കര സഭമേൽ മെനെസീസു അടിച്ചേൽപിച്ച കാര്യങ്ങളിൽ കുമ്പസാരം, അന്ത്യാഭിഷേകം, പരിശുദ്ധന്മാരുടെ മദ്ധ്യസ്ഥത ഇവ നിഷിദ്ധപ്പെട്ടതും എന്നും മൂന്നുകൂദാശകൾമാത്രം കൈക്കൊള്ളപ്പെട്ടതും എന്നും കശീശ്ശാ, ഉശ്ശാംശാന്തസാ ഈ രണ്ടുതരം പട്ടത്തിനെ മാത്രം സ്വീകരിക്കുന്നൊള്ളു എന്നും മാത്രം തുടങ്ങി. അതുകയാൽ നെസ്തോർ വിശ്വാസം ഇവിടെ വേരുന്നിയിരുന്ന എങ്കിൽ ഈ വിശ്വാസപ്രകാരം എന്നിനെ വരാം. രണ്ടാമതു തങ്കം ഇന്നതെന്ന അറിവാൻ കാണുവിപരപ്പുത്രികയായ ഒരു ഏതിഹചരിത്രം ആ കാലത്തെ ഇല്ലാതിരിക്കുന്ന സ്ഥിതിക്കു മെനെസീസിന്റെ എക്സ്പർട്ടി വിധിയെയൊ വാദങ്ങളെയൊ സ്വീകരിക്കുവാൻ പാടില്ലന്ന തെങ്കിൽ മുമ്പേ തന്നെ തിരുമാനം ചെയ്തിരുന്നവല്ലൊ. മൂന്നാമതു പറഞ്ഞാൽ നെസ്തോറിന്റെ നടപടി എന്താണെന്നു തന്നെ മെനെസീസിനു അറിവില്ലാഞ്ഞു. ഇവിടത്തെ സഭയെ അടക്കുവിക്കുവാൻ അവശ്യവുമായിരുന്ന. തല്ക്കാലം കിടെ കണ്ടതു ഒരു നെസ്തോർമെത്രാനെ മാത്രമായിരുന്ന. നെസ്തോർകാരെ അസാമാന്യ എടുത്തുകാരായി റോമാ വിചാരിക്കുന്നുണ്ടു. എല്ലാം കൊണ്ടും നാട്ടുസഭയെ അടക്കുവിക്കുവാൻ ഇതുതന്നെ ഒരു തരമെന്നു നിശ്ചയിച്ചു നെസ്തോർ എന്ന പ്രസ്താവിച്ചു. അങ്ങനെമാൻ മുതൽപേർ അതുകേട്ടു ഏഴുനി.

൨. ബാബേൽ സിംഹാസനം അന്ത്യോഖിനെ കീഴായി മലങ്കരയെ ഭരിച്ചിരുന്നു എന്നു കാണിക്കുവാൻ ഞങ്ങൾ വരാപ്പുഴ ചരിത്രം പുണ്ടിക്കാണിച്ചപ്പോൾ അതുകൊണ്ടും ദീപിക സമ്മതിച്ചുകൊണ്ടു അന്ത്യോഖ്യാ റോമായ്ക്കു കീഴായിരുന്നു എന്നാണെവാദിക്കുന്നതു. വരാപ്പുഴ ചരിത്രത്തിൽ പറയുന്നതുപോലെ ഈ രണ്ടു വലിയ സിംഹാസനങ്ങൾ "ഐക്യതയിൽ" ഇരുന്നു എന്നു ഞങ്ങളും സമ്മതിക്കാം. ഐക്യത, "കീഴ്വഴക്കമാണ്" എന്നു പ്രത്യുനിച്ചു ദീപികാലേഖകൻ മലയാളം തന്നെ പഠിച്ചുവരുന്നിയിരിക്കുന്ന. "പാപ്പായുടെ സർവ്വാധിപത്യ"ത്തെക്കുറിച്ചു പത്രികയിൽ ചേർത്തുവരുന്ന പ്രസംഗങ്ങൾ അവസാനിക്കുമ്പോൾ "കീഴ്വഴക്കം" മുതലെഴുതുന്നതാകകൊണ്ടു അതുഭാഗം ഇപ്പോൾ പറയുന്നില്ല. അങ്കിലും അന്ത്യോഖിനെ മലങ്കരമേൽ മേല്ക്കോയ്മ ഉണ്ടായിരുന്നു എന്നുള്ളതിനെക്കാളും ദീപിക സമ്മതിച്ചതിന്റെ ആനന്ദമായി അന്ത്യോഖ്യാ വിശ്വാസം വല്ലകാലത്തെങ്കിലും മലയാളത്തു നടപ്പായിരുന്നു എന്നതുകൂടെ സമ്മതിക്കാതിരിപ്പാൻ ഞാനി നിവൃത്തിയില്ലല്ലൊ.

൩. ദീപികയുടെ അടുത്തതുകം ബാബേൽ സിംഹാസനത്തിന്റെ അധികാരത്തിൻ കീഴ് ഉൾപ്പെട്ടിരുന്ന ഇടവകകളിലെ കൽദായക്കാരിൽ യാക്കോബായക്കാരും ഉണ്ടെന്നു ഞങ്ങൾ പറഞ്ഞതു തെറ്റാണെന്നാകുന്ന. കൽദായക്കാർ എന്ന വച്ചാൽ എന്താണെന്നതിനെ ഇദ്ദേഹം മനസ്സിലാക്കിയിട്ടില്ല. സുറിയാനിക്കാർ എന്നും കൽദായക്കാർ എന്നും പറഞ്ഞാൽ ഒന്നുതന്നെയാണ്. അതിനു ദൃഷ്ടാന്തം മലയാളത്തെ റോമാക്കാരെ സുറിയാനിക്കാർ എന്നും കൽദായക്കാർ എന്നും പറയുന്നില്ലയൊ. ഇരുപ്പിടെ മലയാള റോമാക്കാരെ "സുറിയാനി ദീത്തു" എന്നും ബാബേല്ക്കാരെ "കൽദായ ദീ

ത്തു" എന്നും പറഞ്ഞു റോമായിൽ ഒരു വൃത്യാസം വരുത്തിയതു തൊറാണെന്ന ദീപിക പേരൊരു പ്രസംഗത്തിൽ സമ്മതിച്ചിട്ടുണ്ടല്ലൊ. ബാബേൽ, സെല്യൂക്യാ, തീഗ്രീസ്. കിഴക്കു എന്നിങ്ങനെ ഓരൊ കാലത്തു ഓരൊ പേരുകളാൽ വിളിക്കപ്പെട്ട കാസോലിക്കാ ഇടവകയുടെ അദ്ധ്യക്ഷന്മാരിൽ പുരാതനമായി ഉണ്ടായിരുന്ന സുറിയാനി ക്രിസ്ത്യാനികൾ എല്ലാം കൽദായക്കാരും, അന്ത്യോഖ്യാ സിംഹാസനത്തിനു കീഴായി ബാബേലിലെ മേലദ്ധ്യക്ഷന്റെ ഭരണത്തിൽ ഇരുന്നവരും ആണെന്നു ദീപികയ്ക്കു സമ്മതിക്കാതിരിപ്പാൻ പാടില്ല. ബാബേലിലെ ഒരു കാസോലിക്കാ ഒരിക്കൽ നെസ്റ്റോറിൽ ചേർന്നു. പിൻകാലത്തു ഒരുത്തൻ റോമായിൽ ചേർന്നു. ഈ കൊണ്ടു ആ ഇടവകകൾ ഭിന്നിച്ചു അന്ത്യോഖിനു നഷ്ടപ്പെട്ടില്ല. മലയാള യാക്കോബായക്കാരായ ഞങ്ങൾ തന്നെ അഞ്ചു നൂറ്റാണ്ടു. ഞങ്ങളും അന്ത്യോഖിനു കീഴുള്ള ബാബേലിന്റെ അധികാരത്തിൽ ഉൾപ്പെട്ടവർ ആയിരുന്നപ്പൊൾ. ബാബേൽ തെറ്റിയപ്പൊൾ ഞങ്ങൾ ആദ്യ അടിസ്ഥാനത്തിന്മേൽ നില്ക്കുന്നു എന്നെ ഉള്ളു. ഈപ്രകാരം തന്നെ മൂസൽ, ബാദ്ദാദ്, നിസീബിൻ മുതലായ ഇടവകകളിൽ ഉള്ള യാക്കോബായക്കാർ തന്നെ ആണ്. ഇവരും ബാബേൽ കാസോലിക്കായുടെ ഇടവകയിൽ ഉൾപ്പെട്ട കൽദായക്കാർ അല്ലെന്നു പറയാമൊ. കൽദായക്കാരിൽ യാക്കോബായക്കാർ ഉണ്ടെന്നുള്ളതിനു ഈ തെളിവു പോരെങ്കിൽ ബർഹെബ്രായതന്നെ തുരാണെന്നു പറയട്ടെ. അദ്ദേഹം കിഴക്കിന്റെ അച്ചുകിത്ത സെല്യൂക്യായുടെ യാക്കോബായ കാസോലിക്കാ തുല്യായിരുന്നപൊ. അദ്ദേഹത്തിനു മുൻഗാമികളും പിൻഗാമികളും ഉണ്ടായിരുന്നില്ലയൊ. ഇവരുടെ ഭരണ ഇടവകകളും നെസ്റ്റോർ പാത്രിയക്കീസിന്റെ ഇടവകകളും സമ്മിശ്രപ്പെട്ടവയല്ലയൊ. ബർഹെബ്രായയുടെ സിംഹാസനത്തുമ്മേൽ മുമ്പും പിമ്പും കാസോലിക്കാമാർ ഉണ്ടായിരുന്ന എന്നു കണ്ടാൽ ബാബേലുകാർ ഒരു യാക്കോബായ ശാഖയിലും ഒരു നെസ്റ്റോർ ശാഖയിലും പിന്നീടു ഒരു റോമാ ശാഖയിലുമായി നില്ക്കുന്ന എന്നു ഞങ്ങൾ പറഞ്ഞതു തൊറാക്കൊ.

(തുടരും)

നേരൊ? അതല്ലാ നേരില്ലായ്കയൊ?

(ഒരു പ്രധാന നഷ്ടീകരണക്കാരൻ അയച്ചതു.)

മാർതോമ്മാ സുറിയാനിസിമ്മനാരി എന്നീ തലവാചകത്തിൽ പുനർജ്ജീവി സഭാതാരക വണ്ണനയെ നോക്കികൊണ്ടിരിക്കുന്ന വായശിയില്ലാത്ത ഉത്തമന്മാർക്കു രണ്ടു വിധം അസത്യം എന്തിനാണ ഇവർ പ്രയൊഗിക്കുന്നത് എന്നു തൊന്നിപ്പൊകും.

ഇംഗ്ലീഷ ഭാഷാ പാണ്ഡിത്യാഭിവൃദ്ധിക് മാർ തോമ്മായകാർ രണ്ടു ഭാഗി പ്രവൃത്തിച്ചുതെന്നു അതിലെ ഒരുവനു കർത്താവിൽ പറയാമൊ?. തവട്ടും പഞ്ഞപ്പുല്ലു കൂടിയും കൊണ്ടു അരിഷ്ടിച്ചു കാലക്ഷെപം ചെയ്യുന്നവസരത്തിലും നേരില്ലായ്ക്ക ഉപയൊഗിച്ചു പാല്പൂഞ്ഞിയും അമ്മതേത്തും തുടങ്ങിയാൽ അതു ദൈവപ്രസാദമൊ?

സി. എൻ. ഐ, സി. എം. എസ് എന്നു പറയുന്ന രണ്ടു പാഠകശാലകളിൽ രണ്ടു മാർതോമ്മായകാക്ക എത്രയൊ ദയവെറിയ സഹായങ്ങൾ ചെയ്യുകൊണ്ടിരുന്നു. അവിടെ ഇംഗ്ലീഷഭാഷയും അന്യസഹായത്തൊടു കൂടെ സുറിയാനി ഭാഷക്കുറവിനെ നന്നാക്കി പൂർത്തീകരിക്കുന്നവിധവും നടക്കാമെന്നും നടത്താമെന്നുമിരിക്കെ ആ അൻപുള്ള പ്രത്യുപകാരത്തെ അലക്ഷ്യമാകിയും ജാത്യാലുള്ള ദുർബുദ്ധിയെ പ്രാബല്യമാകിയും വെറും "കെഷ്ണ്ടി" കുന്നിനു സീയൊൻ മല എന്നു പേരും പറഞ്ഞു ഞങ്ങൾക്കും ഉണ്ടെ സിമ്മനാരി എന്നു കാണിക്കുന്നു. സുറിയാ

നി ചിട്ടാൽ ഏതൊ ജളത്വം വന്നെക്കുമെന്ന ഭയന്ന "മാർ തോമ്മാ സുറിയാനിസിമ്മനാരി" എന്ന മഹാ സ്ഥാനവും നല്കി കരമത്സരസം പ്രഭായത്തിൽ ഇംഗ്ലീഷ ഭാഷ മാത്രം പഠിപ്പിക്കുന്നു.

ഇപ്പൊൾ ഒരം ക്രൂട്ടക്ക നേരു വിചാരിച്ചാൽ സുറിയാനി ഭാഷ പഠിപ്പിന്ന വേണ്ട പണച്ചിലവിനല്ലാതെ കായ്മില്ലാ. അതു നിവൃത്തി പ്പാൻ അത്യാവശ്യവുമാണ. അതിന്ന മാർതോമ്മാ സുറിയാനി സിമ്മനാരി എന്ന സ്ഥാനം കൊടുത്തു ഒരുകെട്ടിടം ഉണ്ടാക്കിയുകൊണ്ട പലക്കും തുകിവന്നു. അങ്ങിനത്തക്രൂട്ടരാണ. സുറിയാനിഭാഷയില്ലെങ്കിലും പേരു മതിയാകും. സുറിയാനി വേണ്ടാ എന്ന വരികിൽ ഒരം പേരു വച്ചു കെട്ടുന്നതിന്ന ആവശ്യാ ഏന്താണ.

ഒരാ കരമത്സരം കാരണം ഡി. ഡി. കോശി ആച്ചുഡീക്കന്റെ സ്ക്രൾ നിത്തലാക്കിയും സ്നേഹപ്രവൃത്തിയല്ലയൊ? നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കുന്നതിനാൽ എന്റെ ശിഷ്യന്മാരെന്ന നിങ്ങളെ എല്ലാവരും അറിയും എന്നുള്ളതും ഒരം വിധമല്ലയൊ?.

ബി. എ. യുവാവ് എന്നും ഡയരൊ എന്നും സെന്തൊമ്മസ് സമുദായത്തിലുൾപ്പെട്ട ഏവരും എന്നും മറും കാണിക്കുന്ന അസൂയ വാചകം സത്യ ക്രിസ്ത്യാനികൾക്ക ചേരുമൊ ചേക്കുമൊ?.

സീയോൻ മല മുമ്പെതന്നെ ഉദ്ദേശിക്കപ്പെട്ടിരുന്നു എന്നുള്ള മുമ്പെതന്നെ എന്ന വച്ചാൽ "മാർതോമ്മാശ്ലീഹാ വന്നപ്പൊൾ" എന്നല്ലയൊ? അതൊ തിരുവല്ലാ തകടിപ്പുറം കരണം വാങ്ങിയിൽ പിന്നീട എന്നൊ? മരിച്ചുപോയ ഉടമസ്ഥൻ നിശ്ചയിച്ചുവില. ഇതിന്റെ വാസ്തവ അർത്ഥം എന്ത്? മരിച്ച നാളിൽ ഒരം ആലൊചന നടത്തിയു അരു? ഒരം "കഷ്ണന്റി" ക്കുന്നിൽ തന്നെയും ഉപരിഭാഗം താഴ്വരകൾ ഉടമസ്ഥക്ക വിട്ട കരണത്തിൽ കാണിച്ചതും മയ്യാദയൊ. മേടം മൂന്നാം തീയ്യി മാങ്ങാനത്തും അഞ്ചാം തീയ്യി കോട്ടയത്തും രണ്ട യോഗം കൂടിയു മാനേജിംഗ് യോഗമൊ. അതൊ സമുദായ യോഗമൊ. അതൊ സ്വയംകൃതി യോഗമൊ. മാനേജിംഗ് കമ്മട്ടിക്കാർ ഒരം കായ്യങ്ങൾക്കുകൂടിയു എവിടെവച്ചു അതിന്റെ അനുമതിയൊ അങ്ങിനെ കൂടിയ സമുദായ റിക്കാട്ടൊ വെളിയിൽ കാണിക്കാമൊ. അഗ്രാസനക്ക സത്യം ചെയ്യാമൊ. ഇനിയും റിക്കാട്ട കാണുമെങ്കിൽ നേരായിരിക്കുമൊ. കാണുകയില്ലെങ്കിൽ ഇതൊകെയുണ്ടെന്ന പറയുന്നതു അസത്യമല്ലയൊ. അസത്യമെന്ന സമ്മതിക്കുന്ന എങ്കിൽ ഇതൊകെയല്ലയൊ ഇരുട്ടിൽ ക്രിയകൾ. ഇതിനെ പിന്തുടരുന്നവർ ആരായിരിക്കണം. ഒരം കാരണത്താലല്ലയൊ മാരാമൺ ഇടവകക്കാർ മുതലായവർ പണം കൊടുക്കാതെ തക്കത്തിൽ പണപ്പിരിവു വീണതു.

ഇഞ്ചിനീയർ....പറഞ്ഞും എന്നും സഹജമായ വാഗ്വൈഭവത്തോട്ടവി. ജെനറാൽ പിന്താങ്ങി എന്നുമല്ലാതെ ഡി. ഡി. കോശി ആച്ചുഡീക്കൻ പറഞ്ഞതു ക്രൂടെ പറവാൻ ഇത്ര നാണം വന്നതു നേരൊ നേരില്ലാഞ്ഞിട്ടയൊ എന്തായിരിക്കും. നേരു പറവാൻ നാണിക്കുന്ന ഒരം ക്രൂട്ടർ എന്തെല്ലാം ദുഷ്ണമായിരിക്കും, ഒരം സമുദായത്തിന്റെ വരുത്തി മേലൊട്ട

കൊണ്ടുപോകുന്നതു. "വ്യാജഅധരം കർത്താവിനു വെറുപ്പാണു. സത്യം നടത്തുന്നവർ തനിക്കു പ്രിയംതന്നെ എന്നു സുഭാഷിതകാരൻ പറയുന്നു. നേരില്ലായ്മ പറയുന്നവക്കും പ്രവൃത്തിക്കുന്നവക്കും ഒരു തിരുവചനം ഉപദേശമായിരിക്കട്ടെ. ഏന്നു് ആമ്മീൻ.

"മാർതോമ്മാ സുറിയാനി സഭ."

സഭാവിശ്വാസങ്ങളും ആചാരങ്ങളും ആവശ്യം പോലെ മാറുന്നതിനു നവീകരണക്കാർക്കുള്ളതായി കണ്ടുവരുന്ന സാമർത്ഥ്യം സഭാനാമം ഭേദപ്പെടുത്തുന്നതിലും വേണ്ടുവോളം പ്രയോഗിച്ചുവരുന്നു. ഒരുത്തിടെ ഇവർ എടുത്തിരിക്കുന്ന പേർ "മാർതോമ്മാ സുറിയാനിസഭ" എന്നാണു. ഈ പേരിനു ഇവർ എന്തുമാത്രം അർഹന്മാരാണെന്നു ഇവസന്ദർഭത്തിൽ ആലോചിക്കുന്നതു വിഹിതമെന്നു തോന്നുന്നു. ഞങ്ങളുടെ അഭിപ്രായം തെറ്റിയതാണെങ്കിലും താരക പുനരുജ്ജീവിച്ചിരിക്കുന്നതിനാൽ ഏളുപ്പത്തിൽ തിരുത്തുന്നതിനു ഏതുമുണ്ടല്ലൊ. എന്നുമാത്രവുമല്ല ഈ പേരിനു തങ്ങൾക്കുള്ള അവകാശത്തെ സ്ഥാപിക്കയും ചെയ്യാമെല്ലൊ. "മാർതോമ്മാ സുറിയാനിസഭ" എന്നുവച്ചാൽ "മാർ തോമ്മാ ശ്ലീഹായാൽ സ്ഥാപിക്കപ്പെട്ട സുറിയാനിസഭ" എന്നാണു അർത്ഥം എന്നു വിചാരിക്കുന്നു. ഇതുതന്നെയാണു നവീകരണക്കാരും ഉദ്ദേശിച്ചിരിക്കുന്ന അർത്ഥമെങ്കിൽ ഈ പേരിനു അവർ യാതൊരു വിധത്തിലും അർഹന്മാരല്ല എന്നാണു ഞങ്ങളുടെ മതം.

മാർതോമ്മാശ്ലീഹാ മലയാളത്തു വന്നതായും സഭസ്ഥാപിച്ചതായും അപരിഷ്കൃതന്മാരും ചരിത്രജ്ഞാനമില്ലാത്തവരുമായ ബ്രാഹ്മണക്ഷികൾ ഉൾപ്പെട്ട ചില മൂഢന്മാർ വിശ്വസിച്ചുവരുന്നുണ്ടെങ്കിലും യോഗ്യന്മാരും കാര്യവിവരമുള്ളവരും തെളിവില്ലാതെ വെറും പാരമ്പര്യമാത്രം അടിസ്ഥാനമാക്കി യാതൊന്നും സ്വീകരിക്കാത്തവരുമായ നവീകരണക്കാർ അതിനെ വിശ്വസിക്കുകയില്ലല്ലൊ. അവരുടെ നില നോക്കിയാൽ കിഴവന്മാരും പഴവന്മാരും പറയുന്നതിനെ അകാരണത്തിന്മേൽമാത്രം വിശ്വസിക്കുവാൻ പാടില്ലല്ലൊ. അതിനാൽ മാർതോമ്മാ ശ്ലീഹായുടെ ആഗമനത്തെപ്പറ്റി ഞങ്ങളുടെവിശ്വാസം എങ്ങിനെയിരുന്നാലും നവീകരണക്കാർ ഒന്നാമതായി ആ ആഗമനത്തെ ചരിത്രങ്ങളാൽ ബോധപ്പെടുത്തുന്നതിനു നിബ്ബന്ധിതന്മാരായി തീർന്നിരിക്കുന്നു. അതിലേക്കു ഇതെവരെയും അവരിതുള്ള യോഗ്യന്മാരാരും ശ്രമിച്ചിട്ടുള്ളതായി അറിയുന്നില്ല. മാർതോമ്മാ ശ്ലീഹായുടെ ആഗമനം വെറും കഥയാണെന്നല്ലാതെ അതിൽ ലേശം പോലും നേരില്ല എന്നാണല്ലൊ നവീകരണക്കാരുടെ ഗുരുക്കന്മാരും വഴികാട്ടികളുമായ നാല്പന്മാരുടെ അഭിപ്രായം സഭാചരിത്രത്തെ സൂക്ഷ്മമായി ആരാഞ്ഞിട്ടുള്ളവരെല്ലാവരുടെയും തീർച്ച ഇങ്ങനെയാണെന്നാണു കാണുന്നതു. ഗിബ്ബൺ ഒരു വലിയ ചരിത്രകർത്താവാണു. ജർമ്മൻകാരനായ മൊസ്സനും അ

ങ്ങിനെതന്നെ. ഇംഗ്ലീഷുചാനിരിമാരിൽ വച്ചു പ്രസിദ്ധനായ ഹൊ
പ്പുസായ്പു ഒട്ടും കുറഞ്ഞതുമല്ല. ഇവരുടെയൊക്കെ അഭിപ്രായം മാർതോ
മ്മാശ്ലീഹാ മലയാളത്തിൽ വന്നതായി വിചാരിപ്പാൻ പാടില്ലെന്നാണ.
റെയിസായ്പിന്റെ കഥയൊ പറയാനില്ലല്ലൊ. ഈ യോഗ്യൻ നവീ
കരണക്കാരൊടു വളരെ താല്പര്യവും സഹതാപവും ഉള്ളവനും മൂഢ
ന്മാരായ ഞങ്ങളെയും ഞങ്ങളുടെ പിതാക്കന്മാരെയും വേണ്ടതിലധികം
അധിക്ഷേപിക്കുന്നതിനു കൂടി മടിയില്ലാത്തവനുമായ ഒരാളാണ്. അ
ദ്ദേഹം മദ്രാസിലെ ഒരു മാസികാപത്രത്തിൽ തുടരെ തുടരെ ഈ വി
ഷയത്തെപ്പറ്റി പ്രസംഗിക്കുകയും അവയിലെല്ലാം ഈ കഥ വെറുംക
ബന്ധമാണെന്നു സ്ഥാപിക്കാൻ ശ്രമിയ്ക്കുകയും ചെയ്തിട്ടുണ്ടെന്നു മാത്രമല്ല
ഏതുവാദത്തിനു വെല്ലുവിളിക്കുടി കഴിച്ചിട്ടുണ്ടെന്നു തോന്നുന്നു. നവീക
രണക്കാരുടെ മെത്രാപ്പോലീത്തന്മാരായ കഴിഞ്ഞു പോയദേഹവും ഇ
പ്പൊഴത്തെ ദേഹവും ആ പത്രം പുറപ്പെടുവിക്കുന്ന കൊളെജുമായിഗാ
ഢസംബന്ധമുള്ളവരെന്നു പ്രശംസിച്ചുകേൾക്കാറുണ്ടെങ്കിലും അവ
രൊ ആ കോളജിൽ നിന്നും പഠിച്ചു ഇറങ്ങിയ നവീകരണ ബീ.എ.
ക്കാരൊ അവരോടു സഹതാപമുള്ള ഇംഗ്ലീഷുകാരൊ ആരും റെയിസാ
യ്പിനോടു ശരിയായ മറുപടി പറഞ്ഞു കണ്ടില്ല. (ഒരു മൂഢൻ വല്ലതു
മെങ്കിലും ഒന്നു പറഞ്ഞുവെച്ചു.) വളരെക്കാലം ഇൻഡ്യായിൽ താമസി
ച്ചിരുന്ന ഡൊക്ടർ സ്മിത്ത് എന്നൊരുവൻ ഈയ്യിടെ പ്രസിദ്ധപ്പെ
ടുത്തിയ ഒരു പുസ്തകത്തിൽ ഈ അഭിപ്രായം തന്നെ പ്രസ്താപിച്ചു ക
ണ്ടു. ഇത്രവളരെ ഇംഗ്ലീഷു പഠിപ്പകാരുള്ള നവീകരണസഭ മേല്പറ
ഞ്ഞവരുടെ ന്യായങ്ങളെ ഖണ്ഡിക്കുന്നതിനു ആരംഭിക്കാതെയിരിക്കുന്ന
തിൽനിന്നും ഉണ്ടാകുന്ന ഉന്മേഷം ഇവക്കു മറുപടിപറയാനില്ല എന്നു ത
ന്നെയാണ. വാസ്തവത്തിൽ ഇവരുടെ കൃത്തത്തിലുള്ള യോഗ്യന്മാർക്കു മാ
ർതോമ്മാ ശ്ലീഹായുടെ ആഗമനത്തിൽ വിശ്വാസം പൂർത്തിയായി ഇ
ല്ല എന്നും വിചാരിക്കാൻ ന്യായമുണ്ട്. ഇനിയത്തെ മെത്രാസ്ഥാനത്തി
നു ഒരുങ്ങി നിൽക്കുന്ന ആ സാധു "മാർതോമ്മാ ശ്ലീഹാ മലയാ
ളത്തുവന്നു സഭ സ്ഥാപിച്ചിട്ടുണ്ടെന്നു ഇനിക്കു പൂർണ്ണവിശ്വാസമാണ്.
ആ വിശ്വാസം വെറും പാരമ്പര്യപറച്ചിലിനെ മാത്രം അടിസ്ഥാനമാ
ക്കിയല്ല. റെയിസായ്പു മുതൽപേരുടെ അഭിപ്രായങ്ങളും ന്യായങ്ങളും
ശരിയല്ലെന്നാണ എന്റെ ബോദ്ധ്യം" എന്നു നെഞ്ചത്തു കൈ വെച്ചു
കൊണ്ടു പറയുമൊ? പറവാൻ ധൈര്യപ്പെടുമെന്നു ഞങ്ങൾക്കു തോ
ന്നുന്നില്ല. ഈ കാരണങ്ങളാൽ മാർതോമ്മാശ്ലീഹാ മലയാളത്തു വന്നു
സഭ സ്ഥാപിച്ചിട്ടുണ്ടെന്നു മതിയായ ചരിത്രസാക്ഷികളാൽ സ്ഥിരപ്പെ
ടുത്താതെയിരിക്കുന്ന കാലത്തോളവും ഈ വകക്കാർക്കു മാർതോമ്മായുടെ
പേരിനെ ഏറ്റുകൂറുന്നതിനു അർഹതയില്ല. അതിൽ പൂർണ്ണമായി വിശ്വ
സിക്കാതെ ആ നാമം ഉപയോഗിക്കുന്നതു ഒരു വക വഞ്ചനയുമാണ.
ഞങ്ങൾ ഇന്നും ഇന്നലയും ഉണ്ടായവരല്ല എന്നു ജനങ്ങളെ ധരിപ്പി
ക്കുന്നതിനു ഉത്തമവിശ്വാസം കൂടാതെ പ്രയോഗിച്ചുവരുന്ന ഒരുപാ
യമെന്നെ വിചാരിപ്പാൻ നിവൃത്തിയുള്ളു.

രണ്ടാമതായി വിചാരിക്കേണ്ടിയ്യു ഇവക്ക് "സുറിയാനിസഭ" എന്ന പേരിനു അവകാശമുണ്ടോ എന്നാണ. 'സുറിയാനിസഭ' എന്നു പറയണമെങ്കിൽ സുറിയാ ദേശത്തുനിന്നു വന്നവരൊ സുറിയാനിഭാഷ ഉപയോഗിക്കുന്നവരൊ സുറിയാനി സഭ എന്നു അന്യ ദേശങ്ങളിൽ പേരുള്ള ഒരു സഭയിനു ചേർന്നവരൊ ആയിരിക്കണം. മാർതോമ്മാ ശ്ലീഹായാൽ സ്ഥാപിക്കപ്പെട്ട സഭ എന്നത്രമാകുന്ന പദം കൂടി ഇപ്പഴത്തെ പേരിൽ ഉള്ളതിനാൽ സുറിയാ ദേശത്തുനിന്നു വന്നവരാണെന്നു പറവാൻ പാടില്ലല്ലൊ. ഞങ്ങൾ പരദേശത്തുനിന്നു വന്നവരുടെ സന്തതികളാണെന്നു ഇവർ പറയുന്നതായും അറിവില്ല. അതിനാൽ ആ കാരണത്തിന്മേൽ 'സുറിയാനി' എന്ന പേർ എടുക്കുന്നതിനു അവകാശം കിട്ടുന്നില്ല. സുറിയാനിഭാഷ ഉപയോഗിക്കുന്നവർ എന്നുള്ളകാരണത്തിന്മേലാണ തങ്ങൾ സുറിയാനിക്കാർ ആയ്യു എന്നും പറയുവാൻ ഇപ്പോൾ ഇവക്കു ധൈര്യമുണ്ടാകുമെന്നു തോന്നുന്നില്ല. സുറിയാനിഭാഷ ഒരുവക നിക്യഷ്ടഭാഷയെന്നാണല്ലൊ ഇപ്പൊഴത്തെഗതി പട്ടക്കാർ സുറിയാനി പഠിക്കണമെന്നു നിബ്ബന്ധമില്ല, ശരിയായി പഠിക്കുന്നുമില്ല. ചില പഴയ അച്ചന്മാർ പ്രസംഗമദ്ധ്യേ ചെവിയും പൊത്തിക്കൊണ്ടു ചില രാഗം ചൊല്ലുന്നതിനല്ലാതെ സുറിയാനി ഉപയോഗിക്കുന്നുമില്ല. അതിനാൽ ഈ കാരണത്തുന്മേലും ഇവക്കു സുറിയാനിക്കാർ എന്നു തന്നത്താൻ വിളിപ്പാൻ അവകാശമുണ്ടാകുന്നില്ല. ഭാഷ ഉപയോഗിക്കുന്നതുകൊണ്ടു മാത്രം പേർ എടുത്തു വന്നതാണെങ്കിൽ ഭാഷയെ ത്യജിക്കുമ്പൊൾ പേരും കളയണമല്ലൊ. സുറിയാനി ഭാഷയോടു പെരുത്തിട്ട ഇംഗ്ലീഷും തമിഴും ആണല്ലൊ ഇപ്പൊൾ സ്വീകരിച്ചിരിക്കുന്നതു. (ഒരുയോഗ്യന്റെ വീട്ടിൽ നിത്യനമസ്കാരങ്ങൾക്കുടി തമിഴിലാണെന്നു കേട്ടിട്ടുണ്ടു) ഇനിയും നോക്കാനുള്ളതു സുറിയാനി സഭ എന്നു പേരുള്ള അന്യദേശ സഭകളോടു ഇവർ യോജിച്ചിരിക്കുന്നതിനാൽ ആ പേരിനു അവകാശമുണ്ടൊ എന്നാണ. സ്വതന്ത്രസഭയാണ ഞങ്ങൾ എന്നാണല്ലൊ ഇവരുടെ വാദം. ആരംഭം മുതലെ അന്യദേശക്കാർക്കും കീഴ്പ്പെടാതെയിരിക്കുന്ന ഒരു സഭയാണന്നു വാദിച്ചു വരുന്നതിനാൽ ഈ കാരണം പറയുന്നതിനു ഇവക്കു അവകാശമില്ല. അതിനാൽ ഏതുവിധം നോക്കിയാലും "മാർ തോമ്മാ സുറിയാനി സഭ എന്നു തന്നത്താൻ വിളിക്കുവാൻ ഇവക്കു യാതൊരവകാശവുമില്ലെന്നു സ്ഥാപിക്കപ്പെടുന്നു.

പിന്നെ എന്തിനാണ ഈ പേർ എടുത്തിരിക്കുന്നതു എന്നു ചോദിക്കാം. എജിപ്തിലെ മാംസഖണ്ഡങ്ങളെ മാത്രം ഉദ്ദേശിച്ചാണ. വട്ടിപ്പണത്തിനൊ പള്ളികൾക്കൊ വല്ല വ്യവഹാരവും ഉണ്ടായാൽ സുറിയാനിക്കാർ എന്ന പേർ കളഞ്ഞാൽ വല്ല ദോഷവും നേരിട്ടേക്കുമല്ലൊ എന്ന ഭയന്നു മാത്രമാണ. അല്ലാതെ മാർതോമ്മാശ്ലീഹായാൽ സ്ഥാപിക്കപ്പെട്ട സഭയാണെന്നു വിശ്വസിച്ചിട്ടൊ സുറിയാനിക്കാർ ആയിട്ടൊ ഒന്നും അല്ല. ഇങ്ങിനെയല്ലെങ്കിൽ ഒരു ശരിയായ സമാധാനം കേൾപ്പാൻ ഞങ്ങൾക്കു വളരെ ആഗ്രഹമുണ്ടു.

യൂദ്

ഒരു അവാസ്തവ ഖണ്ഡനം.

"പെരുമ്പാവൂരെ നവീകരണ സഭ" എന്ന തലവാചകത്തോടു കൂടി പെരുമ്പാവൂർ റജിസ്റ്റർ മെസ്സർ ചെറിയാൻ അവർകളുടെ മേലും അല്പപ്രാ പള്ളിയിൽ ബഃ കൂറുകത്തനാർ അവർകളുടെമേലും വിശ്വാസവിപരീതകാര്യം ആരോപിച്ചിരിക്കുന്നതായ ഒരു ലെഖനം വായിച്ചുകണ്ടു. മെസ്സർ ചെറിയാൻ റജിസ്റ്റർ വെലയിൽ പ്രവേശിക്കുന്നതിനു മുമ്പു മൂന്നു സംവത്സരത്തോളം എന്റെ അധികാരത്തിൻകീഴ ഇരു സ്ഥലത്തുതന്നെ പാർത്തുകൊണ്ടു ഇംഗ്ലീഷു പഠിപ്പിച്ചു. ആകാലത്തു യാതൊരു വിശ്വാസവിപരീതവും അയാളുടെ വാക്കിലാകട്ടെ പ്രവൃത്തിയിലാകട്ടെ ഹൃദയത്തിലാകട്ടെ ഉള്ളതായി അറിയപ്പെട്ടിട്ടില്ലാ. ആകാര്യത്തിൽ ഞാൻ പ്രത്യേകം അയാളെ പരിശോധിച്ചിട്ടുമുണ്ടു. സ്ക്കൂൾ കുട്ടികളുടെ പേക്കായിട്ടു എന്റെ ആജ്ഞാപ്രകാരം ഇവിടെയും അയാൾ മാറാനായസ്ക്കൂൾ(സൻഡെസ്ക്കൂൾ)നടത്തികൊണ്ടിരുന്നപ്പോൾ സുറിയാനി വിശ്വാസത്തെ താങ്ങുന്നതായ അനേക ഉപദേശങ്ങൾ അയാളുടെ സ്വന്തത്തിൽ നിന്നും എന്നോടു ചോദിച്ചറിഞ്ഞും പഠിപ്പിച്ചുകൊണ്ടിരുന്നതു മാത്രമല്ലാ ദിവസേനയുള്ള വേദപാഠത്തിൽ തന്നെ പല സംഗതികളും സുറിയാനി വ്യാഖ്യാനം നൊക്കിച്ചുറിഞ്ഞു പ്രസ്താപിച്ചിരുന്നു. സുറിയാനിക്രമം അനുസരിച്ചുള്ള നമസ്കാരങ്ങൾ പതിവായി ഞങ്ങളൊടുകൂടി പള്ളിയിൽ ഹാജരായി കഴിക്കയും സുറിയാനി വിശ്വാസത്തിലും നടപടികളിലും അയാൾക്കുണ്ടായിരുന്ന സംശയങ്ങൾ എന്നോടു ചോദിച്ചു മനസ്സിലാക്കുകയും അങ്ങിനെയുള്ള പലസംഗതികളും അറിവാൻ മലയാളഭാഷയിൽ പുസ്തകങ്ങൾ നിർമ്മിയ്ക്കാത്തതിനെക്കുറിച്ചു പരിതപിക്കയും എന്നെ താല്പര്യപ്പെടുത്തുകയും ചെയ്യുകയുണ്ടായിരുന്നു. ഇതെല്ലാം ഞാൻ അയാളെക്കുറിച്ചു സംശയിക്കാതിരിപ്പാൻ വേണ്ടിപ്രയോഗിച്ച കപടങ്ങൾ അല്ലായിരുന്നു എന്നു ഇടവിടാതെ മൂന്നു സംവത്സരകാലം ശരിയായി പാലിച്ചുകൊണ്ടുപോന്നിരുന്നതിനാലും അതിനു പിമ്പുള്ള അവസ്ഥകളാലും നിർണ്ണയിക്കാവുന്നതാണല്ലൊ.

അയാളുടെ സ്വന്ത വീട്ടിൽ (കോട്ടയത്തു) മരിച്ചുപോയ അടിയന്തിരം കഴിക്കയും ഞാൻ കൂടി അതിൽ സംബന്ധിപ്പാൻ ഇടവരികയും ചെയ്തിട്ടുണ്ടു. ആ അടിയന്തിരം നടത്തിയ ബാവാ കക്ഷിയിലെ ഒരു അച്ചനും ആണ. ഇവിടെ നിന്നു വാല്യാരു വേല വിട്ടതിന്റെ ശേഷം പറവൂർ അധികനാൾ സക്കാർ ജോലിയിന്മേൽ താമസിച്ചിരുന്നപ്പോഴത്തെ സഭാസംബന്ധമായ വിശ്വാസത്തിലും പെരുമാറ്റത്തിലും മുൻ സ്ഥിതിയിൽ നിന്നു ഭേദഗതിയില്ലായിരുന്നു എന്നുള്ളതിനു അടുത്ത പരിചയത്താൽ ഞാൻ മാത്രമല്ലാ മറ്റു അനേകരും പ്രത്യേകം ആ ദേശവാസികളും സാക്ഷികുന്നതാകുന്നു. പെരുമ്പാവൂർ വന്നതിൽ പിന്നീടും ഇതെവരെ യാതൊരു മാറ്റവും അയാളിൽ കാണപ്പെട്ടുകയൊ പത്രികമൂലമല്ലാതെ കേൾക്കപ്പെടുകയൊ ചെയ്തിട്ടില്ലാ. അയാൾ സക്കാർ ജോലി ന്യായമായും കണിശമായും പ്രവൃത്തിക്കുന്നതുകൊണ്ടു

ചില കൊള്ളാവുന്നവക്കു ന്യായവിരുദ്ധമായ സംഗതികൾക്കു വഴിപ്പെടാതിരിക്കുന്നതിനാൽ സ്വാധീനമുള്ള ചിലരിൽനിന്നുണ്ടായ ലേഖനമല്ലയോ ഇതെന്നു ഞാൻ ഊഹിക്കുന്നു. "ശാബത്താ മാർ സംഘം" എന്നു പേരുള്ള പെരുമ്പാമ്പൂരെ ഒരു സംഘത്തിന്റെ പ്രവൃത്തി സമയങ്ങളിൽതന്നെ ചില ഞായറാഴ്ചകളിൽ യദൃച്ഛയാലും ക്ഷണനത്താലും ഞാൻ അവരുടെ ഇടയിൽ പോകയും പ്രസംഗിക്കയും നമസ്കരിക്കയും അവരെപരിശോധിക്കയും ചെയ്തിട്ടുണ്ടു മെസ്സർ ചെറിയാനിൽ അതുകൊണ്ടു, ബഃ കറുകത്തനാരിൽ അതുകൊണ്ടു അസംഘത്തിൽപെട്ട വേറൊരുവനിൽ അതുകൊണ്ടു ഒരു വിശ്വാസക്കുറവു കണ്ടിട്ടില്ലാ. അവർ സംഘത്തിൽ പതിവായി നടത്തിവരുന്ന നമസ്കാരം നമ്മുടെ പുസ്തകത്തിൽനിന്നു തിരുമനസ്സുകൊണ്ടു സിമ്മനാരിയിൽ അടിപ്പിച്ച പുസ്തകത്തിൽ നിന്നു ഇരുപത്തുരണ്ടരയുടെ ക്രമം അതുതന്നെ. ചിലപ്പോൾ ഒരു കൈമാ മാത്രം കഴിച്ചു പിരിയുകയും ഉണ്ടു. "നമ്മെനിറഞ്ഞമറിയം" ഞാൻ ചൊല്ലിക്കൊടുത്തപ്പോലെ എല്ലാവരും ചൊല്ലി. പ്രത്യേകിച്ചു ബഃ കറുകത്തനാരും മെസ്സർ ചെറിയാനും എന്നോടു ഏറാറം അടുത്തു (കമ്പട്ടകിടക്കുകയല്ല) നിന്നിരുന്നതുകൊണ്ടു അവർ ചൊല്ലുന്നതു ഇനിക്കു തെളിവായി കേൾക്കപ്പെട്ടിരുന്നു. ഞാൻ ഇല്ലാത്ത സമയത്തും ശുഃ കന്യകമറിയത്തോടും പരിശുദ്ധന്മാരോടുമുള്ള പ്രാർത്ഥനയെ അവരിൽ അധികരിക്കുന്നതായി ഇതെവരെ അറിഞ്ഞിട്ടില്ലാ. പത്രിക കണ്ടതിന്റെ ശേഷം ഞാൻ പ്രത്യേകതാല്പര്യത്തോടെ തിരക്കിയതിൽ അവരുടെമേൽ ചുമത്തിയിട്ടുള്ള കുറങ്ങളെ ഒരുവിധത്തിലും വിശ്വസിപ്പാൻ മാർഗ്ഗം കാണുന്നില്ലാ. സുറിയാനിക്രമം അനുസരിച്ചുള്ള അവരുടെ നടപ്പിനു മേല്പറഞ്ഞ വക്രതാതെ രേഖാമൂലമായ സാക്ഷികളും എന്റെ പക്കലുണ്ടു. കുമ്പാനസമയത്തു മണി കിലുക്കുകയോ മെഴുകുതിരി തെളിക്കുകയോ ധൂപക്കുറ്റിയിൽ തീ ഉരുത്തുകയോ മദ്ബഹായിൽ അൽത്താരകയോ അനങ്ങുകയോ ചെയ്യുമ്പോൾ എല്ലാം കുർശ്ശുവരയുന്ന സമ്പ്രദായം മെസ്സർ ചെറിയാൻ അനുവർത്തിക്കുന്നുണ്ടെന്നുതോന്നുന്നില്ലാ. ഇംഗ്ലീഷ് ഉപദേശിമാർ അയാളുടെ വീട്ടിൽ താമസിക്കയോ മറ്റൊ ചെയ്തതുകൊണ്ടു അയാളെ ഇംഗ്ലീഷുകാരനെന്നോ മെത്രാകക്ഷിയെന്നോ വിചാരിക്കുന്നതു അത്ര ശരിയായിരിക്കുമെന്നു തോന്നുന്നില്ലാ. ഇതിനെസംബന്ധിച്ചു ഇനിയും അധികം നീട്ടികെട്ടിപറയാതെ പത്രികയിൽതന്നെ വേറൊരിടത്തു സൂചിപ്പിച്ചിരിക്കുന്നപ്രകാരം "നമ്മെനിറഞ്ഞമറിയം" എന്നതിനെക്കുറിച്ചും മറ്റും ചോദ്യങ്ങളോ പരീക്ഷയോ കഴിക്കുന്നതു ഏറാറം ഉത്തമമായിരിക്കുമെന്നു ഞാനും അഭിപ്രായപ്പെടുന്നു. അപരിക്ഷയിൽ പെരുമ്പാമ്പൂരെ സംഘം തോല്ക്കുമെന്നു തോന്നുന്നില്ലാ. തോല്ക്കുന്നതായിരുന്നാൽ അയവരെ നിരാകരിക്കേണ്ടതുമാകുന്നു. പ്രിയവായനക്കാരെ, ഞായറാഴ്ചകളിൽ വേദവായന നമസ്കാരം ദൈവധ്യാനം മുതലായ കൂട്ടമായി പള്ളിയിലൊ സെമിത്തേരിയിലുള്ള മാറു സ്ഥലത്തൊ ചെയ്യപ്പെടുന്നതു നമ്മുടെ സഭാചട്ടപ്രകാരം ഒരു പുതിയ ഏർപ്പാടല്ലായെന്നുള്ളതു നമ്മുടെ ആത്മീക പിതൃക്കളായ തിരുമേനികൾ ഓരോ

രുത്തരായും സൊരുമിച്ചും പല സ്ഥലങ്ങളിലും ഏർപ്പെടുത്തിയിരിക്കുന്നതുകൊണ്ടു തന്നെ വെളിപ്പെടുന്നുണ്ടല്ലൊ. പെരുമ്പാവൂരെ സംഘത്തിന്നും അവിടുത്തെ അധികാരിയായ തിരുമേനിയിൽനിന്നും അനുഭവം സിദ്ധിച്ചിട്ടുണ്ട്. അതിന്റെ പരിശ്രമകാർ ബഃ കൂറു കുത്തനാരും മെസ്സർ ചെറിയാനും ആയിപ്പോയെന്നുള്ളതിലും ഇതെവരെ വീഴാതിരുന്നതിലും അസൂയപ്പെട്ടിട്ടു "സുറിയൊ ല ഹാസൊരെ ഉസൊനിയൈ ലഹ് ഒരൈ" (സുറിയാനിക്കാർ അസൂയക്കാരും തമ്മിൽ തമ്മിൽ ദ്വേഷിക്കുന്നവരും ആകുന്നു) എന്ന ഒരുമഹാൻ നമ്മെക്കുറിച്ചു പറഞ്ഞിട്ടുള്ള നിർവ്യാജവാക്യം നമ്മിൽ വീണ്ടും വീണ്ടും പുതുക്കി പുത്തീകരിപ്പാനല്ല വിചാരിക്കേണ്ടതു. നിങ്ങൾ പ്രവേശിക്കുന്നില്ലെങ്കിൽ പ്രവേശിക്കുന്നവരെ എന്തിനു തടുക്കുന്നു? ഭയങ്കരമേറിയ നീതിയുടെ ന്യായവിസ്താരത്തെ ഓർത്തുകൊൾവിൻ. എല്ലായ്പോഴും ഇപ്രകാരമുള്ള നന്മകൾ സഭയുടെ ചട്ടംകെട്ടനുസരിച്ചു നടത്തുവാൻ താല്പര്യക്കാരായിരിപ്പിൻ. ഒരുമനുഷ്യൻ നിങ്ങൾക്കു വിരോധിയായിതീർന്നിട്ടു നിങ്ങളെ ഉപദ്രവിക്കയൊ മറ്റൊരു ചെയ്യാൽ നിങ്ങൾക്കു അവനെ തടുക്കുവാനൊ പ്രതിപകരം വീട്ടുവാനൊ കഴിഞ്ഞുകൂടാ. ദൈവം നിങ്ങളുടെ വിരോധിയായിതീർന്നിട്ടു നിങ്ങളെ ശിക്ഷിച്ചാൽ തടുപ്പാനൊ പ്രതിപകരം വീട്ടുവാനൊ നിങ്ങൾക്കു ശക്തിയുണ്ടോ. നല്ലപൊലെ ഓർത്തുനോക്കുവിൻ. ആകയാൽ ദൈവത്തിന്റെ ശത്രുക്കളും തന്റെ ആദ്യ കരുണകൾക്കു അപാത്രുവാന്മാരും ആയ് തീരാതെകരുതികൊൾവിൻ. പ്രവൃത്തികളിലും വചനങ്ങളിലും വിചാരങ്ങളിലും സ്വന്ത ഗതങ്ങൾ സാധിപ്പാനും മഹത്വം പ്രാപിപ്പാനും നോക്കാതെ ദൈവഗതം സാധിപ്പാനും തന്റെ തിരുനാമം മഹത്വപ്പെടുവാനുമായിട്ടു ശ്രമിച്ചുകൊൾവിൻ. മെത്രാപൊലീത്താകാർ മുതലായവരുടെ ദുരുപദേശങ്ങൾ നിങ്ങളിൽ നുഴഞ്ഞുകയറാതെയും നമ്മുടെ സത്യവിശ്വാസത്തിൽനിന്നു തെറ്റാതെയും സൂക്ഷിച്ചുകൊൾവിൻ. പുറമെ കുഞ്ഞാടുകളുടെ വേഷം ധരിച്ചു സൌമ്യതയൊടെ നിങ്ങളുടെ അടുക്കൽ വന്ന ചതിവൊടെ നിങ്ങളെ പിടിച്ചു അതികാംക്ഷയൊടെ ഒന്നായി വിഴുങ്ങികൊള്ളുവാൻ വേണ്ടി ചുറ്റും സഞ്ചരിക്കുന്നു എന്നായ്കയാൽ തിരിച്ചറിഞ്ഞു ആയവരെ വിട്ടകന്നിരിപ്പാൻ ദൈവസഹായത്തെ യാചിപ്പിൻ. കർത്താവു നമ്മോടു ചെയ്തിട്ടുള്ള അളവറ്റ കരുണകളെയും നാംതന്നൊടു ചെയ്യേണ്ടിയ മുറകളെയും അറിഞ്ഞു ആത്മജീവനുള്ളവരായിതീരുവാൻ വേണ്ടി വേദവായനയിൽ താല്പര്യപ്പെടുവീൻ. പ്രാർത്ഥിപ്പാനായിരിപ്പിൻ. വായിച്ചു ധ്യാനിപ്പിൻ. വായിച്ചു പ്രാർത്ഥിപ്പിൻ. വായിച്ചു കൃതിനോക്കുവിൻ. കൃതിനോക്കി പ്രാർത്ഥിപ്പിൻ. "നിങ്ങൾ നന്മകളുടെ വൈരാഗ്യക്കാർ ആയിരിക്കുമെങ്കിൽ നിങ്ങളോടു തിന്മ ചെയ്വാൻ ആരുണ്ടു?. ഫ- പത്രൊസ നാ- ൩൨.

എന്നു കൊണാട്ടു മല്പാൻ.

സൂചനകൾ

നി. വ. ദി. ശ്രീ. മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു തിരുവനന്തപുരത്തുനിന്നു മടങ്ങി എഴുന്നെള്ളി കായംകുളം നിരണം മുതലായ പള്ളികളിൽ സഞ്ചരിച്ചുവരുന്നു.

❖ ❖ ❖

പെരുമ്പാവൂരെ വേദഭവനം—ഈ സംഗതിയെക്കുറിച്ചു കഴിഞ്ഞപത്രികയിൽ ചേർത്തിരുന്ന ഒരു വടക്കൻ വേലകന്റെ എഴുത്തിലെ വിവരണങ്ങൾ യഥാർത്ഥമല്ലെന്നു വിശ്വാസയോഗ്യനായൊരാൾ എഴുതിഅയച്ചിരിക്കുന്നു. ഇതും പേരൊരുഭാഗത്തു ചേർത്തിട്ടുണ്ടു.

❖ ❖ ❖

റോമാസുറിയാനിക്കാർ—ഇപ്പോഴത്തെ ഭരണത്തെക്കുറിച്ചു ഇപ്പോൾ റോമായിൽ ചെയ്യുന്നതിരുമാനം നാട്ടുമെത്രാന്മാരെഅങ്ങനെ നിയമിക്കണമെന്നാണു്- ബാദേബൽ പാത്രിയക്കീസിനു മേൽപ്പറഞ്ഞപ്രകാരമുള്ള പാത്രിയക്കീസിന്റെ കീഴാക്കിക്കിട്ടുവാൻ പലരും പിന്നെയും പിന്നെയും ഹർജികൾ അയച്ചുവരുന്നുണ്ടു-

❖ ❖ ❖

തിരുവനന്തപുരത്തു പല പള്ളിയോഗക്കാരായ ഉദ്ദേശം മുന്നായിരം ജനങ്ങൾ കൊച്ചീമെത്രാൻ അവർകളുടെ അധികാരത്തിൽനിന്നു പേർപെട്ടുനിന്നതിനും മാർപാപ്പായെ അനുസരിക്കാത്തെ ഒരു മെത്രാന്റെകീഴു നില്ക്കുന്നതിനും രീക്ഷയാക്കിയിരിക്കുന്നു എന്നും ജാതിനുള്ള കാരണം കൊച്ചീമെത്രാൻ ജനങ്ങളുടെ ആവലാധികൾ വേണ്ടുംവണ്ണം കേട്ടു രീക്ഷചെയ്യാത്തതാണെന്നും പെറ്റീഷൻ സ്റ്റാർപത്രം പ്രസിദ്ധപ്പെടുത്തുന്നു.

❖ ❖ ❖

മീനടത്തു പടിഞ്ഞാറെ ചെറിയപള്ളി—പുതുപ്പള്ളി പള്ളിയിൽ നിന്നു വേണ്ടപോലെ ചിലവു ചെയ്തു പണിയിക്കുകയും നടത്തിക്കുകയും ചെയ്യാമെന്നുള്ള വാഗ്ദത്തത്തിന്മേൽ ആരംഭിക്കപ്പെട്ട ഈ പള്ളിക്കു തലപ്പള്ളിക്കാർ ഒരുസഹായവും ചെയ്യുന്നില്ലെന്നും ഇപ്പോൾ കുറിഞ്ഞപള്ളിയുടെ മേൽക്കൂരപോലും നശിച്ചു നനഞ്ഞുകിടക്കുന്നു എന്നും ഒരാൾ വളരെ വിലാപത്തോടുകൂടെ എഴുതിയിരിക്കുന്നു. തലപ്പള്ളിക്കാർ ഇതിനെക്കുറിച്ചു ആലോചിക്കാതിരിക്കയില്ലെന്നു വിശ്വസിക്കുന്നു.

❖ ❖ ❖

സുറിയാനി അച്ചുകൂടം—ദിവ്യശ്രീ മലങ്കരമല്പാൻ കോനാട്ടു മാത്തൻകത്തനാർ അവർകൾ തന്റെ സ്വദേശമായ പാമ്പാക്കുടെവച്ചു സുറിയാനി അച്ചുകൂടം നടത്തുവാൻവേണ്ടി അക്ഷരങ്ങൾ മുതലായ സാമാനങ്ങൾ തയാറാക്കി വരുന്നതായും രണ്ടുമൂന്നുമാസത്തിനകം പുസ്തകപടി തുടങ്ങുമെന്നും അറിയുന്നതിൽ ഞങ്ങൾ ഏറ്റവും സന്തോഷിക്കുന്നു. അച്ചുകൂടവേലയിൽ പരിചയവും സുറിയാനിപുസ്തകങ്ങൾ പിഴയറ്റു പ്രസിദ്ധപ്പെടുത്തുവാൻ ഔത്സുക്യമുള്ള മല്പാനച്ചന്റെ അവർകൾ ഈ വേലയിൽ മനസ്സുവച്ചതു വളരെ ശ്ലാഘനീയമായിരിക്കുന്നു. പുസ്തകങ്ങൾക്കു ചിലവില്ലാതെ വന്നാൽ അച്ചുകൂടവേല പിന്നെപോകുമെന്നുള്ളതു നിസ്സംശയമാകകൊണ്ടു സുറിയാനിപുസ്തകപ്രസിദ്ധീകരണത്തെ ഉദ്ദേശിച്ചു എല്ലാപള്ളിക്കാരും അച്ചന്മാരും പുസ്തകങ്ങൾ പാങ്ങി ഉപയോഗിക്കേണ്ടതാകുന്നു.

❖ ❖ ❖

സഭാതാരക—ഈ പുതുക്കിപ്പണിച്ചു ഈ മാസികാപത്രം പഴയസമ്പ്രദായം അനുവർത്തിക്കുന്ന ലക്ഷണം കുറേശ്ശെ കാണുന്നുണ്ടു. പുറം ലക്കത്തിൽ "മലങ്കര മാർത്തോമ്മാ സുറിയാനി സമുദായത്തിൽനിന്നു പിൻമാറുന്നു ഓരോ വക്കുപ്പുകാർ തങ്ങളുടെ വേഷങ്ങളിലും ചില വ്യത്യാസങ്ങൾ ചെയ്യുന്ന പതിവനുസരിച്ചു യാക്കോബായക്കാർ മേൽപ്പടിശയും നിലയക്കിയും ധരിക്കുന്നതുപോലെ,....." എന്നൊരു വാചകം കാണുന്നു. "മാർത്തോമ്മാക്കാർ" എന്നതു നന്നാക്കുവാൻ ഈ പുതുക്കിപ്പണിച്ച നവീകരണക്കാർ പേർ എടുത്തിരിക്കുന്നതുകൊണ്ടു യാക്കോബായ, നവീകരണത്തിൽ നിന്നു പിരിഞ്ഞവർ എന്നാണല്ലൊ ഇതിനാൽ ഭേദിക്കുന്നതു. ഇങ്ങനെ പറവാൻ നാണമില്ലാത്തതു അത്ഭുതം തന്നെ. നവീകരണത്തിന്റെ ഷഷ്ടിപൂർത്തി ഇതുവരെ കഴിഞ്ഞിട്ടില്ല ഇവരുടെ വാദപ്രകാരം റോമാസഭ അംഗ്ലിയാസഭയിൽ നിന്നു പിരിഞ്ഞതാണെന്നു പറയണമല്ലൊ. ഇവക്കു അങ്ങിനെ പറവാൻ ധൈര്യമില്ല, അതെ പോലീസു സൂപ്രണ്ടന്മാരാൽ സ്ഥാനാട്ടിക്കം ചെയ്യപ്പെട്ട "മലങ്കര സിംഹാസനസ്ഥൻ" കൊട്ടാരമൊഴി പത്രികയിൽ ചേർത്തിരുന്നതു വായിച്ചിട്ടുള്ളവർക്കു ഇവരുടെ വ്യാജജല്പിതം അറിയാവുന്നതാണല്ലൊ. പിന്നെ പത്രാധിപർ ഒരു കള്ളം പറഞ്ഞുപോയാൽ അതു അത്ര കാര്യമാക്കിവക്കയുവാനില്ലല്ലൊ എന്നും മറ്റും ഒരു "കേട്ടനാടൻകട്ടി" എഴുതിയിരിക്കുന്നു.

പഞ്ചാംഗം

ക്രമവൽസര- ംരംല്ലൂർ (കന്നി)

തമിഴ്	മലയാളം	ഇംഗ്ലീഷ്	സുറിയാനി	വിശേഷദിവസങ്ങൾ.
ഞ	൧൦	൧൦	൧൦	
തി	൧൧	൧൧	൧൧	
ചൊ	൧൨	൧൨	൧൨	
ബു	൧൩	൧൩	൧൩	
വ്യാ	൧൪	൧൪	൧൪	
വെ	൧൫	൧൫	൧൫	ക്രാംനേ- വാണ്ടിപ്പുപിനു രാംഞാ- വായന- മത്താ ക്രൈ അ- ൨൨—൨൭
ശ	൧൬	൧൬	൧൬	
ഞ	൧൭	൧൭	൧൭	
തി	൧൮	൧൮	൧൮	വ്യാംനേ- വാ- പിനു രാ-ാം ഞാ- ഒരെപമാ താപിനെ൦ ജനനം- വായന- മക്കൊ- ന്യ- അ- ക്ര—ന്യ
വൊ	൧൯	൧൯	൧൯	
ബു	൨൦	൨൦	൨൦	
വ്യാ	൨൧	൨൧	൨൧	ക്രമ-ാംനേ- സ്ത്രീഖാപ്പെരുനാൾ (മാറാനായ) വായന- ലൂക്കൊ ൨൫അ- ൫—൨൨
വെ	൨൨	൨൨	൨൨	
ശ	൨൩	൨൩	൨൩	ക്രമ-ാംനേ- സ്ത്രീ- പിനു- ക്രാം ഞാ- വായ 3 മക്കൊ ക്രമ്മഅ- ൪൦—൫൭
ഞ	൨൪	൨൪	൨൪	
തി	൨൫	൨൫	൨൫	
ചൊ	൨൬	൨൬	൨൬	൨൭-ാംനേ- സ്ത്രീ- പിനു ൨-ാംഞാ- വായന മത്താ ക്രസ്സഅ- ൫—ക്രമ
ബു	൨൭	൨൭	൨൭	
വ്യാ	൨൮	൨൮	൨൮	൨൮-ാംനേ- മാർ ദിമെത്ത്യോസഹദായുടെ ഓർമ്മ
വെ	൨൯	൨൯	൨൯	
ശ	൩൦	൩൦	൩൦	
ഞ	൩൧	൩൧	൩൧	൩൧-ാംനേ- സ്ത്രീ- പിനു രാംഞാ- വായന മക്കൊ ൨൫- ൨൭—൩൨
തി	൧	൧	൧	
ചൊ	൨	൨	൨	
ബു	൩	൩	൩	
വ്യാ	൪	൪	൪	
വെ	൫	൫	൫	
ശ	൬	൬	൬	
ഞ	൭	൭	൭	
തി	൮	൮	൮	

പത്രികവില വിവരം.

	ബ്രിട്ടീഷ് രൂപാ	ചക്രം
ഒരു കൊല്ലത്തേക്കു	൬	൬൹
ഒറ്റപ്രതിക്കു		൹

പരസ്യക്രമം

ഒന്നാം പ്രാവശ്യത്തേക്കു	വരി ഒന്നിനു	൦	൯
പിന്നെ എല്ലാ പ്രാവശ്യങ്ങൾക്കും	ടി	൦	൬

NOTICE

പത്രിക സംബന്ധമായ സകല എഴുത്തുകളും ലേഖനങ്ങളും പണവും കോട്ടയത്തു മാത്തോമ്മസ് അച്ചുക്കൂട്ടം മാനേജർക്കു മേൽ വിലാസം വച്ചു അയക്കേണ്ടതാകുന്നു.

പത്രിക കൈപ്പറ്റുന്നവർ മുൻ ക്രമായി വരി അടയ്ക്കേണ്ടതാകുന്നു. പത്രവരി അഞ്ചൽ സ്റ്റാമ്പായൊ തഥാൽ സ്റ്റാമ്പായൊ അയച്ചാലും മതിയാവും. എന്നാൽ രൂപാ ഒന്നുക്കു ഒരു അണ ഡിസ്കൌന്റു വകവച്ചു തരേണ്ടതാകുന്നു.

വിഷപ്പുട്ടി വിഷത്തിനു ഒരു കൈകണ്ട ഔഷധം.

വിഷപ്പുട്ടി കടിച്ചാൽ ഏഴുദിവസത്തിനകം ഒരു ഗുളിക ഇഞ്ചിനീറിൽ സേവിച്ചു മൂന്നു ദിവസത്തെ പത്ഥ്യം ഏടുത്താൽ വിഷം നീങ്ങുന്നതാകുന്നു. ഗുളിക സേവിക്കേണ്ടും ക്രമവും പത്ഥ്യത്തിന്റെ വിവരവും ഗുളികയോടു കൂടി കിട്ടുന്നതാകുന്നു. ഈ ഗുളികകൾ ഇല്ലാതിരുന്നതിനെ ഇപ്പോൾ സിമ്മനാരിയിൽ വരുത്തിയിട്ടുണ്ടു. ഗുളിക ഒന്നിനു വില ചക്രം ൭- മാത്രം. ആവശ്യമുള്ളവർ വാങ്ങിച്ചുകൊള്ളുവാൻ ഇതിനാൽ തിയ്യപ്പെടുത്തുന്നു.

പരസ്യം

വരിപ്പണം എത്തിച്ചു തരുവാൻ ഞങ്ങളുടെ വായനക്കാരിൽ ചിലർചെയ്യുന്ന ഉദാസീനതയെക്കുറിച്ചു പലപ്പൊഴും ഓർപ്പിച്ചിട്ടുണ്ടല്ലൊ. ഇതുകൊണ്ടു ഇവരിൽ ചിലക്കു ഒരു ഇളകവും തട്ടുന്നതായികാണുന്നില്ല. ഞങ്ങൾക്കു ഉപേക്ഷിക്കാവുന്നതല്ല. അച്ചുടിക്കാക്കു ശമ്പളവും സാമാനങ്ങൾക്കു വിലയും ശരിയായികൊടുത്താണു പത്രിക അച്ചുടിച്ചു അയക്കുന്നതു. വീഴ്ചക്കാരായി കാണപ്പെടുന്നവക്കു ഇനിമുറപ്രകാരം നോട്ടീസും പിന്നാലെ അവരുടെമേൽ അന്യായവും ഉണ്ടാകുന്നതാണെന്നു ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. മ. ഇ. പ. മാനെജർ.

MAR THOMAS PRESS,
KOTTAYAM.

പുസ്തകം ൪ ലക്കം ൪

കവന്നുന്നു കാലം കന്നി



ഇടവക പത്രിക

മാസം തോറും പ്രസിദ്ധപ്പെടുത്തുന്നതു.

നമ്മുടെ കർത്താവായ യേശുക്രീസ്തുവിന്റെ കുരിശികലല്ലാതെ

പുകഴ്ച ചെയ്വാൻ സംഗതി വരരുതു.

(ഗാല പൊ൬സ.)

സംഗതിവിവരങ്ങൾ.

മാർ ഇവന്നാസ്യോസ്സിന്റെ നാഗ്രഹം സുറിയാനിസമുദായവും	൧
പാപ്പായുടെ സർവ്വാധിപത്യം (തുടർച്ച)	൪
ഭീപികലേഖകന്റെ ഭൗരംഭസ്ഥം	൬
ഒരു കല്പന	൭
ഒരു യോഗവും റിപ്പോർട്ടും	൭
മാതൃസഭയെനിന്ദിക്കുന്ന വിദ്യാർത്ഥികൾക്കും അദ്ധ്യാപകന്മാർക്കും	൮
ഉപദേശം (തുടർച്ച)	൯
മനസ്സലിവു	൧൦
സൂചനകൾ	൧൧
വിശേഷവർത്തമാനങ്ങൾ	൧൨

ഫാദർ ഡിങ്കത്തിൽ പത്രവരി അടച്ചവരുടെ പേരുവിവരം

കാരത്തിരപ്പള്ളി കെ- എൻ- ജയിപ്പ മകിപ്പോട്ടി	അവർകൾ	,,	൫	൫൫	൦
കോട്ടയം എം- ഒ- തൊമ്മി		,,	൫	൫൫	൦
,, കാറിച്ചെരിൽ കുഞ്ൻ കുഞ്ൻ		,,	൫	൦	൦
,, പടിഞ്ഞാറെത്തലയ്യൽ കുഞ്ഞു		,,	൫	൫൫	൦
,, പള്ളത്തു ശെരി തൊമ്മൻ		,,	൫	൦	൦
,, ,, കോര		,,	൫	൫൫	൫
,, പടശെരി കോര ഇട്ടുപ്പ		,,	൫	൫൫	൦
,, കണ്ടഞ്ചിറ തുമ്പു പഴുഗീസ ശിപായി		,,	൫	൫൫	൫
,, പുതിക്കുന്ന കുഞ്ഞുകൊ		,,	൫	൫൫	൦
,, പെരുന്തെക്കരി വക്കി മാത്തു		,,	൫	൫൫	൦
,, തെമ്പാലത്തു ചാക്കൊ		,,	൫	൫൫	൫
,, തൈപ്പറമ്പിൽ തൊമ്മി		,,	൫	൫൫	൦
,, കൊച്ചെട്ടു ഉലഹന്നൻ വക്കി		,,	൫	൦	൦
,, ചിറകടവിൽ അബ്രാഹം		,,	൫	൫൫	൫
,, കുരിശുംമൂട്ടിൽ ഉലഹന്നൻ		,,	൫	൫൫	൫
,, ബ- പുന്നൻപള്ളിയോഗത്തിൽനിന്നും		,,	൫	൫൫	൦
,, ഏറികാട്ടു മാത്തു ജയിപ്പു		,,	൫	൫൫	൦
,, തെക്കേതലക്കൽ കുഞ്ൻപക്കീൽ		,,	൫	൫൫	൦
,, ബ- പേങ്കുടത്തു ഗ്രുലക്കൂറ്റുയോസുകുത്തനാർ	അവർകൾ	,,	൫	൫൫	൦
,, മാളേക്കൽ ചാണ്ടി		,,	൫	൫൫	൦
,, കരൊട്ടു കുഞ്ഞൻതൊമ്മി		,,	൫	൫	൫
,, ജി- ഓലക്സ്ണ്ടർ മാസ്റ്റർ ബി- ഏ-		,,	൫	൫൫	൦
,, മണലെപ്പറമ്പിൽ ചാണ്ടി		,,	൫	൫൫	൦
,, കിഴക്കെ അറത്തു ചാക്കൊ		,,	൫	൫൫	൦
,, എരുത്തിക്കൽ കോര		,,	൫	൦	൦
,, ഇല്ലിക്കൽ ചാക്കൊ		,,	൫	൦	൦
,, താഴത്തഞ്ചാടി സ്ക്കൂൾ ഹെഡ്മാസ്റ്റർ		,,	൫	൫൫	൦
,, കരിയാരത്തു മാത്തു		,,	൫	൫൫	൦
,, വരകത്തു കുഞ്ൻ വഴുഗീസു		,,	൫	൫൫	൦
,, പടിഞ്ഞാറെപ്പറമ്പിൽ ഉണ്ണുപ്പു വാദ്ധ്യാർ		,,	൫	൫൫	൦
,, പുളിവെലിപ്പുറമ്പിൽ കുഞ്ഞ മാസ്റ്റർ		,,	൫	൫൫	൦
കുന്നുകം പി- കെ- പോത്തൻ മാസ്റ്റർ		,,	൫	൫൫	൦
ബ- ചെങ്ങളം പള്ളിയോഗത്തിൽനിന്നും			൫	൫൫	൦
ഇയ്യമനം കതളിക്കാട്ടുമാലിൽ ഉലഹന്നൻമാത്തു		,,	൫	൫	൦
ബ- പള്ളത്തു പുന്നൻപള്ളിയോഗത്തിൽ നിന്നും			൫	൫൫	൫
,, ഏടത്തുപടികൽ കൊച്ചിട്ടി		,,	൫	൫൫	൦
ബ- ചെങ്ങരൂർപള്ളിയോഗത്തിൽനിന്നും			൫	൫	൦
വെണ്ണിക്കുളം പുന്നൻപറമ്പിൽ മത്തായി വാദ്ധ്യാർ		,,	൫	൫൫	൦
ഓരുവക്കേരി പടിപ്പുരകൽ ഉമ്മൻ		,,	൫	൫	൫
,, വായനശാല സിക്രട്ടെരി		..	൫	൫൦	൦
പുന്നൻകാവു വായനസംഘം സിക്രട്ടെരി		..	൦	൫൫	൦
പ്രെട്ടിയം കാവൽപിള്ള ഇട്ടിയവിരാ		..	൫	൦	൦
ഉമ്മച്ചൻ പടക്കെതാഴെൽ ഇട്ടിച്ചെറിയ		..	൫	൫൫	൦
ബ- പള്ളിയോഗത്തിൽനിന്നും		..	൫	൫൫	൦
ബ- ഓമല്ലൂർ പള്ളിയോഗത്തിൽനിന്നും			൫	൫൫	൦
ടി വടക്കെടത്തു ഗീവഴുഗീസ		,,	൫	൫൫	൦
ബ- മാകാംകുന്നു പള്ളിയോഗത്തിൽനിന്നും			൫	൦	൦
ബ- പത്തിരത്തുപള്ളിയോഗത്തിൽനിന്നു			൫	൦	൦
പറകൊച്ചന്ത കളീക്കൽ തോമ്മാ	ടി		൫	൫൫	൫
കൈപ്പുട്ടൂർ തുമ്പിൽ ഗീവഴുഗീസ കൊച്ചയിപ്പു	ടി		൫	൫൫	൫
ടി വലിയപ്പിൽ വക്കി	ടി		൫	൫൫	൦
ഓമല്ലൂർ തുറാറിയത്തു തെക്കെക്കര പുന്നക്കാട്ടെ പടക്കെതിൽ ഗീവഴുഗീസ (തുടരും)	ടി		൫	൫൫	൫

[പുസ്തകം ൪] ൧൯൧൯ ൦രംലൂൽ (കന്നി) [ലക്കം ൯]

മാർ ദീവന്നാസ്യോസ് സിമ്മനാരിയും സുറിയാനിസമുദായവും.

വിദ്യാഭ്യാസത്തിന്റെ പരമകാഷ്ഠയെ പ്രാപിക്കുവാൻ ഈ പത്തൊൻപതാം നൂറ്റാണ്ടിൽ പ്രധാന മാർഗ്ഗം ഇംഗ്ലീഷ് ഭാഷാഭ്യാസനം തന്നെയാണെന്നുള്ളതിൽ ആർക്കും രണ്ടു പക്ഷമില്ല. ഇംഗ്ലീഷ് പഠിപ്പു നടപ്പായതു മുതൽ അന്യന്മാരെ ആശ്രയിച്ചിട്ടെങ്കിലും കാലാന്തരേ പം ഇതരജാതികളോടൊപ്പം ഉയർച്ച പ്രാപിക്കുവാൻ സുറിയാനിക്കാർ മൌനമായിരുന്നിട്ടില്ല. പഠിപ്പു സമ്പാദിക്കുന്നവർ തങ്ങളുടെ സഹോദരന്മാരും തങ്ങളെപ്പോലെ ആയിത്തീരണമെന്നു പരമാർത്ഥമായി ആഗ്രഹിക്കാതിരിക്കയും അതിനുവേണ്ടി പ്രസംഗിക്ക, എഴുതുക, പലരെയും ഉത്സാഹിപ്പിക്ക, ശാസിക്ക, ഏന്നീ പ്രവൃത്തികളിൽ മടിയായിരിക്കയും ചെയ്യുന്നില്ല. സമുദായത്തിന്റെ ഉയർച്ചക്കു ഏറ്റവും കാരണഭൂതന്മാരായിരിക്കേണ്ട വൈദീക ഗണങ്ങൾ കാലോചിതം വിദ്യാഭ്യാസം ചെയ്യപ്പെടാതിരിക്കുന്നതിനെക്കുറിച്ചു പഠിപ്പുള്ളവർ വളരെ ക്ലേശിക്കുന്നതായും അറിയുന്നുണ്ട്. ഇത്ര വലിയ ഒരു സമുദായത്തിനു സ്വന്തമായി ഒരു ഉൽകൃഷ്ട പാഠശാലയെങ്കിലും നടത്തുവാൻ പ്രാപ്തിയില്ലാതെയിരുന്നതിനെക്കുറിച്ചു അന്യന്മാരുടെ ഇടയിൽ നമ്മെക്കുറിച്ചുള്ള പുഛവും അല്പമല്ലായിരുന്നു. സ്വന്തപാഠശാലയില്ലാഞ്ഞു അന്യരെ ആശ്രയിക്കേണ്ടി വന്നതിനാൽ മതവിഷയത്തിൽ നേരിട്ട അനർത്ഥങ്ങൾ വിചാരിച്ചാൽ അതിനും കണക്കില്ല. ഇങ്ങനെയിരിക്കുന്ന ഒരു സന്ദർഭത്തിൽ ആയിരുന്ന മാർ ദീവന്നാസ്യോസ സിമ്മനാരിയുടെ ഉത്ഭവം.

ഇതിന്റെ ആരംഭം മിക്കവാറും വായുവിൽ കോട്ടകെട്ടുന്ന സമ്പ്രദായത്തിൽ ആയിരുന്നു. ഈ നടത്തിക്കൊണ്ടു പൊകുവാൻ യാതൊരു മൂതലും അതു ശാശ്വതമായിരിക്കുമെന്നു വിശ്വസിപ്പാൻ യാതൊരു ഉറപ്പും ക്രൂടാതെ മുഴുവനും ദൈവത്തിൽമാത്രം ആശ്രയിച്ചും കൊണ്ടാണു അതിന്റെ ഭാരവാഹികൾ തങ്ങളെ ഏല്പിച്ച ചുമതല ഭരമെറ്റതും പ്രവൃത്തിക്കുന്നതും എന്നു അറിയാത്തവർ ആരും ഉണ്ടെന്നു തോന്നുന്നില്ല.

ടെ പഠിപ്പിച്ചുള്ള സഹോദരന്മാർ മേല്പറഞ്ഞതുപോലെ കല്പനാ പത്രം അപേക്ഷിച്ചിരിക്കുന്ന പരിഷ്കർത്തന്മാരുടെ സമ്പ്രദായത്തിലും വിശ്വാസത്തിലും വിശ്വസിക്കുന്നവനോട് "നീ തീക്കാഞ്ഞു തുപ്പിച്ചുകൊൾക" എന്നു യാക്കോബ ശ്ലീഹാ പറയുന്ന തരത്തിലും ചെന്ന് പരിഷ്കാരപ്രിയന്മാർ തന്നെയോ അതല്ല വിദ്യാഭ്യാസത്താൽ വളർച്ച പ്രാപിച്ചിരിക്കുന്ന ജാത്യാഭിമാനം പ്രവൃത്തിയാൽ പ്രദർശിപ്പിക്കുന്നവരോ എന്നു ഇതു പരീക്ഷകൊണ്ടു തീർച്ചപറവാൻ ഞങ്ങൾ പ്രാപ്തന്മാരായി തീരും. സിമ്മനാരി വീഴ്ചയായി പോയെക്കുമെന്നോ തങ്ങളുടെ ഔദാര്യം നഷ്ടമായിപ്പോയെക്കുമെന്നോ സംശയിക്കുന്നതായി ഇവരെക്കുറിച്ചു ഇനി ഒഴികഴിവു വിചാരിപ്പാൻ കാരണം ഉണ്ടാകയില്ല. ഈ ഗദ്ധവിൽ ഇവർ മൌനമായിരുന്ന കണ്ണുമെങ്കിൽ ഇവർ സമുദായത്തിന്റെ ശോചനീയമായ അവസ്ഥയെക്കുറിച്ചു വെറും പ്രസംഗങ്ങൾ പറയാതിരിക്കുന്നതിനേക്കാൾ നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു. ഉപ്പിനു ഉറയില്ലാതെ വന്നാൽ അതു പുറത്തേക്കു തള്ളപ്പെടുവാൻ അല്ലാതെ ഒന്നിനും കൊള്ളുകയില്ലെന്നുള്ള വേദവാക്യം ഇവരോടു നന്നായി ചേരും.

ഈപ്രകാരംതന്നെ പഠിപ്പിൽ കുറഞ്ഞവരെന്നു വിചാരിക്കപ്പെടുന്ന പൊതുജനത്തോടും അല്പം പറഞ്ഞുകൊള്ളട്ടെ. അന്യന്മാരുടെ ഇടയിൽ നിങ്ങളെക്കുറിച്ചുള്ള നിന്ദയെ നീക്കിക്കളവാനാണ നമ്മുടെസിമ്മനാരിയുടെ പ്രധാന ഉദ്ദേശം. ഈ സന്ദർഭത്തിൽ നിങ്ങൾമൌനമായിരിക്കരുതെന്നു ഞങ്ങൾ അപേക്ഷിക്കുന്നു. സിമ്മനാരി ഭാരവാഹികളെ ഇതുവരെ സഹായിച്ച നിങ്ങളുടെ കയ്യും മടിശ്ശീലയും ഈ അവസാന സന്ദർഭത്തിൽ തുറന്നിരിക്കട്ടെ. നമുക്കു ചുവരുണ്ടു. ചിത്രമെഴുതിയാൽമതി. ചുവരില്ലാതെ ചിത്രമെഴുതുവാൻ തുനിയുന്നവരുടെ വൈരാഗ്യം നിങ്ങൾ കാണുന്നില്ലയൊ. രണ്ടിനും അവർ പ്രാപ്തരാകുമെങ്കിൽ അവരെക്കാൾ ബലവാന്മാരായ നമുക്കു ഒന്നിനു പോലും പ്രാപ്തിയില്ലെന്നു നിങ്ങൾ വരുത്തരുതു്. നിങ്ങളിൽ നിന്നു വളരെ സഹായം സിമ്മനാരിക്കു ഉണ്ടായിട്ടുള്ളതു ശരിതന്നെ. എങ്കിലും നിങ്ങളുടെ എണ്ണത്തിനും പുഷ്ടിക്കും തക്കവണ്ണം ഒന്നും നിങ്ങൾ ചെയ്തിട്ടില്ല.

പാപ്പായുടെ

സർവ്വാധിപത്യം

(൫)

അനന്തരം സർവ്വസഭകളുടെയും മേലദ്ധ്യക്ഷൻ എന്നുള്ള നാട്ടധികാരം പാപ്പായ്ക്കുണ്ടായ ചരിത്രം ക്രമേ പറഞ്ഞു ഇതു അവസാനിപ്പിക്കാം. അകമാനത്തിനടുത്ത ഇടയൻ എന്നുള്ള സ്ഥാനപ്പേർ ഒന്നാൻ റോമാ മെത്രാപ്പോലീത്തായിരുന്ന ൨-ാം ബൊനഫാസി എന്നയാൾക്കു

ഫോകസ ചക്രവത്തിയാൽ ആദ്യമായി നൽകപ്പെട്ടതായിരുന്നു. അതിനുള്ള കാരണം രസം. ചക്രവത്തിയായിരുന്ന മൊറീഷ്യസിനെ കൊലചെയ്യിച്ചാണ ഫോകസ ചക്രവത്തി സ്ഥാനത്തു പ്രവേശിച്ചതു. കുസ്തന്തീനൊപ്പോലിയിലെ പാത്രിയക്കീസായിരുന്ന കറിയാക്കോസ കൊലപാതകനായ ഫോകസിന്റെ പ്രവൃത്തികളെ ശാസിക്കയും അയാളെ ചക്രവത്തിയായി അംഗീകരിക്കുവാൻ തക്കിക്കയും ചെയ്തു. ബൊനപ്പാസി പാപ്പായെ കൊലപാതകനെ നീതീകരിച്ചു. അതിനാൽ കറിയാക്കോസ പാത്രിയക്കീസിനെ കീഴ്പ്പെടുത്തുവാൻ വേണ്ടി റോമ്മാസഭയെ സകല സഭകളുടെയും മാതാവും അവിടത്തെ പാത്രിയക്കീസിനെ ആകമാനത്തിനടുത്ത മേലദ്ധ്യക്ഷനുമായി ചക്രവത്തിയും, ഫോകസിനെ ന്യായമായ ചക്രവത്തിയാക്കി ബൊനപ്പാസി പാപ്പായും പരസ്പരം അംഗീകരിച്ചു പ്രസിദ്ധപ്പെടുത്തി. ആകയാൽ ഈ നാട്ടസ്ഥാനവും അധികാരവും ദൈവ വെളിപാടിനാൽ അല്ല, കൊലപാതകനായ ഒരു രാജാവിങ്കൽനിന്നു ഉരുത്തിരിച്ചതായിരുന്നു. (റോംസ് തീയറി ഓഫ് ടൃഡീഷ്യൻ. ൽ.)

ഇങ്ങനെ അന്യായമായും തിന്മയെ പുലർത്തുന്നതിനു വേണ്ടിയും നൽകപ്പെട്ട ഉന്നതപ്പെരിനും അധികാരത്തിനും പ്രാചീനത്വം കല്പിച്ചു മനുഷ്യരെ തട്ടിക്കുവാനു റോമ്മാ അന്നുമുതൽ വളരെ വഞ്ചനകൾ പ്രവൃത്തിച്ചിട്ടുണ്ടു. അവകളെ ഏല്ലാം പറവാൻ നമുക്കു സ്ഥലപുംസമയവും മതിയാകയില്ലാത്തതിനാൽ ദൃഷ്ടാന്തത്തിനായി ഒന്നു താഴെ പറയുന്നു.

പാപ്പായ്ക്കു പത്രോസിൽനിന്നു സ്ഥാനവും സർവ്വാധിപത്യവും ലഭിച്ചു എന്നു ജനങ്ങളെ ബോധപ്പെടുത്തുവാൻവേണ്ടി ശുദ്ധപത്രോസുതന്നെ സിംഹാസനം സ്ഥാപിച്ചതിനു ഒരു പ്രത്യക്ഷ തെളിവായി പത്രോസിന്റെ സാക്ഷാൽ സിംഹാസനമെന്നു പറഞ്ഞു ഒരു പഴയ കസേര ഒരു ചിരന്തന പടോത്പന്നമായി റോമ്മായിൽ സൂക്ഷിച്ചു വന്നിരുന്നു. ഇതു സാക്ഷാൽ പത്രോസിരുന്ന സിംഹാസനമെന്നുപറഞ്ഞു പ്രതിവർഷം ജനുവരി മാസം ഫ്രഞ്ചുകാരെ പരസ്യമായി പ്രദർശിപ്പിക്കയും ആ ആഘോഷത്തിനു വളരെ ആൾക്കൂട്ടുകയും പതിവുണ്ടായിരുന്നു. എന്നാൽ ഫ്രഞ്ചുകാരാണ്ടിരു ഈ കസേര മിനുസപ്പെടുത്തിയപ്പോൾ കൃസ്തുവിനു മുമ്പു ജീവിച്ചിരുന്ന ഒരു ഗ്രീക്കുകാരനായ ഹെർക്കുലിസിന്റെ പന്ത്രണ്ടു പരാക്രമങ്ങളുടെ സ്മരണയ്ക്കു വേണ്ടി അവകൾ ഈ കസേരമേൽ കൊത്തിയിരുന്നതായി കണ്ടു. അപ്പോൾ ഈ കസേര പത്രോസിന്റേതല്ല, ഒരു പുറജാതിക്കാരന്റേതെന്നു വെളിപ്പെട്ടുപോയി. ഇതു കൊണ്ടു അടങ്ങുമോ. ഇല്ല. പിന്നെ ആണ്ടിലും പത്രോസിന്റെ സിംഹാസനമൊന്നു ചൂണ്ടിക്കാണിക്കണമല്ലൊ. അതിനു വേണ്ടി അന്നുമുതൽ വേറൊരു പഴയ കസേര പത്രോസിന്റെ സാക്ഷാൽ സിംഹാസനമാക്കി വച്ചിരുന്നു. ഫ്രാൻസിൽ നാപ്പോലിയൻ ബോനപ്പാർട്ട് എന്ന ചക്രവത്തി റോമ്മാപട്ടണം പിടിച്ച സമയം അദ്ദേഹത്തിന്റെ പരിശോധനയിൽ ഈ കസേരമേൽ ചില എഴുത്തുകൾ കണ്ടു തിട്ട

പ്പെടുത്തിയപ്പോൾ "ലായില്ലഹാ ഇല്ലള്ളാ മഹമ്മദുള്ളാ റസൂലുള്ളാ" എന്ന മഹമ്മദുമത വിശ്വാസപ്രമാണം കൊത്തിയിരുന്നതായി കാണപ്പെട്ടു. കുരിശുയുദ്ധത്തിൽ പലസ്തീൻ രാജ്യത്തുവച്ചു കിട്ടിയ കവച്ചുപണ്ടങ്ങളിൽ ഒന്നായിരുന്ന ഇതെന്നു അപ്പോൾ വെളിപ്പെട്ടു. ഈ കഥ ഞങ്ങൾ ഉണ്ടാക്കിപ്പറയുന്നതല്ല. ഇവയെ കണ്ടു സാക്ഷിക്കുന്നവർ പൈരാഗ്യരോമ്മാമതക്കാർ തന്നെയാണ്. (ഗയാക്കൊമൊ ബാർട്ടൊലിനി എന്ന റോമ്മാക്കാരന്റെ പുസ്തകം സഭാചരിത്രം പുറം നോക്കുക) സഭ്വാധിപത്യത്തിന്റെ ഉത്ഭവവും അതിനെ സ്ഥിരപ്പെടുത്തുവാൻ റോമ്മാപാപ്പാമാർ ചെയ്യുവന്ന സൂത്രങ്ങളും ഇപ്രകാരമാകുന്നു.

തുകയാൽ റോമ്മാ മതാനുസാരികളായ സഹോദരന്മാരെ! പാപ്പാ അപഹാരിയും നാട്ടുകാരനുമാണെന്ന ഇതുകൊണ്ടു നിങ്ങൾഗ്രഹിപ്പീൻ. നിഷ്ഫ്രാസ്സനാടോസിനാൽ പടിഞ്ഞാറുകാരുടെ മേൽ അധികാരിയാകിയ ഈ ഭൂലോകത്തിൽ കിഴക്കിനുടുത്തവരായ നിങ്ങളുടെ മേൽ യാതൊരധികാരവുമില്ലന്നു ആലോചിപ്പീൻ. നാമെല്ലാവരും സഹോദരന്മാരാണു. നാം കിഴക്കിനുടുത്തവരുമാണ്. നമുക്കു സുവിശേഷം അറിയിച്ചു മാർത്തോമ്മാശ്ലീഹാ ഇവിടെവന്നുപ്രസംഗിച്ചതു പാപ്പായെ വണങ്ങണമെന്നല്ല മിശിഹായെ വിശ്വസിക്കണമെന്നായിരുന്നു. കിഴക്കു ഒക്കയുടെയും മേലദ്ധ്യക്ഷത പരിശുദ്ധാത്മാവു മൂലം ശുദ്ധ നിഷ്ഫ്രാസ്സനാടോസിനാൽകൊടുക്കപ്പെട്ടതു അന്ത്യോഖ്യാ സിംഹാസനത്തിനായിരുന്നു. ഇതിനെ റോമ്മാസഭയ്ക്കും നിഷേധിപ്പാൻപാടില്ല. എന്തുന്നാൽ വരാപ്പുഴ കഴിഞ്ഞുപോയ മർസലീനൊസ മെത്രാനാൽ ഉണ്ടാക്കപ്പെട്ട സത്യവേദചരിത്രം നൂറ്റം പുറങ്ങൾ വായിച്ചാൽ ഈ ഇന്ത്യാരാജ്യം എന്നു മാത്രമല്ല, കിഴക്കു ഒക്കയും അന്ത്യോഖ്യപാത്രിയക്കീസിന്റെ കീഴായിരുന്നു എന്നും പാത്രിയക്കീസു തന്റെ കീഴ ഒരു സഭ്വാധികാര്യക്കാരൻ എന്ന പോലെ നിയമിക്കപ്പെട്ടിരുന്നു ബാബേലിലെ മേല്പട്ടക്കാരൻ മുഖാന്തിരമായി നമ്മെ ഭരിച്ചുവന്നു എന്നും വ്യക്തമായി സമ്മതിച്ചിരിക്കുന്നതു നിങ്ങൾക്കു കാണാം. ക്രി൦൦൦മാണ്ടുവരെ പാപ്പായുടെ നാമമെ ഒരും നാട്ടിൽ കേൾക്കപ്പെട്ടിരുന്നില്ല. അതിനു മുമ്പുണ്ടായ നമ്മുടെ പിതാക്കന്മാർ എല്ലാവരും പാപ്പായെ വഴങ്ങാഞ്ഞതുകൊണ്ടു നശിച്ചു പോയിരിക്കുന്നു എന്നു നിങ്ങൾ വിചാരിക്കുന്നുവൊ?. പരിശുദ്ധ പൊലികാപ്പ്, കുപ്രിയാനോസുമുതൽപേർ പാപ്പായെ വഴങ്ങാഞ്ഞിട്ടും മിനിറ്റു നേരം പോലും ബെസ്സുക്കാനായിൽ ഇരിക്കാതെ മോക്ഷത്തിൽ പ്രവേശിച്ചു എന്നു സമ്മതിക്കുന്നു സഭിതിക്കുന്നു നമ്മുടെ പിതാക്കന്മാരും ഇന്നു യാക്കൊബായക്കാരായഞങ്ങളും അശേഷം നശിച്ചു പോകുമെന്നു പറയാമൊ?. ഒരിക്കലും പാടില്ല. മോക്ഷത്തിന്റെ താക്കോൽ പാപ്പായുടെ കൈവശമാണെന്നു പറയുമായിരിക്കും. അതു പൈപ്പു ഒടിഞ്ഞു താക്കോലാണു. പത്രോസിനെ കർത്താവു താക്കോൽ ഏല്പിക്കയും അതു അദ്ദേഹത്തിന്റെ പിൻഗാമികൾ വശം ഇരിക്കയും ചെയ്യുന്നുഎന്നു നിങ്ങൾ വിശ്വസിക്കുന്നു എങ്കിൽ ഇതാ നേരെ അനന്തിരവൻ, റോമ്മായിക്കു പോലും തക്കിച്ചുകൂടാത്ത പിൻ തുട

ക്കുകാരൻ, പ്രതിവഷ്ം കുംഭം പ-ാം [illegible]- റോമ്മാപ്പള്ളികളിൽ പെ
രുനാൾ ആഘോഷിക്കപ്പെടുന്ന സിംഹാസനത്തിന്മേൽ അധികൃതൻ,
പൈപ്പുള്ള താക്കോൽ പിടിച്ചിരിക്കുന്നവൻ അന്ത്യോഖ്യായിൽ ഇരി
ക്കുന്ന. റോമ്മാ സഭയുടെ അനേക ഇടത്തുകളെയും മൂഢതകളെയും
ഞങ്ങൾ ഇപ്പോൾ പറയുന്നില്ല. പറവാൻ സമയവും ഇല്ല. രക്ഷയ്ക്ക
ഒരു പ്രധാന വിഷയമായി നിങ്ങൾ വിചാരിക്കുന്ന പത്രോസിന്റെ
പിൻതുടർച്ചയെ മാത്രം ആലോചിച്ചാൽ പാപ്പാ വെറും നാട്യക്കാര
നും ഇല്ലാത്ത അവകാശത്തെ അപഹരിച്ചവനും തനിക്കുതന്നെ ഇല്ലാ
ത്തതു മറുള്ളവക്കും കൊടുപ്പാൻ തുണിയില്ലാത്തവനും ആണെന്നും
നേരെയുള്ള അവകാശിയെ ഞങ്ങൾ പിൻതുടർന്നിരിക്കുന്ന എന്നും നി
ങ്ങൾക്കു കാണാം. നേരെമറിച്ചു റോമ്മായിലെ ഒരു പാപ്പായും പരി
ശുദ്ധനെന്ന സമ്മതിക്കപ്പെട്ടവനമായ ശുദ്ധ ഗ്രഗൊറി, ആകമാനത്തി
ന്നടുത്തതെന്നു പറയുന്ന സ്ഥാനവും അധികാരവും തനിക്കൊ തന്റെ
പൂർവ്വന്മാക്കൊ ലോകത്തിൽ ഏതൊരു മേല്പട്ടക്കാരനൊ എടുക്കുവാൻ
പാടില്ലാത്തതും എടുക്കുന്നതായാൽ അതു അന്തിക്രിസ്തുവിന്റെ പിൻ
ഗാമിക്കു മാത്രം ചേരുന്ന ഒരു പ്രവൃത്തിയായി വരുന്നതുമാണെന്നു സ്പ
ഷ്ടമായി പറഞ്ഞിരിക്കുന്നതു നിങ്ങൾ വായിച്ചുള്ളൊ. കുലപാതകനായ
ഒരു രാജാവിനാൽ തന്റെ ദുഷ്ടതയെ നീതീകരിക്കുന്നതിനു പെണ്ടി
കൊടുക്കപ്പെട്ട പേരും അധികാരവും ആധാരമാക്കി നമ്മുടെ ഇന്ദ്യാദേ
ലും ലൊകത്തിന്റെ എല്ലാ ഭാഗങ്ങൾ മേലും മേല്പോയ്മ എടുക്കുന്ന
ഫ്രൻ-ാം ലെയൊനും അദ്ദെഹത്തിനു മുമ്പു നു-ാം ബൊനിപ്പാസി വ
രെയുള്ള എല്ലാ പാപ്പാമാരും ശുദ്ധ ഗ്രഗൊറിപാപ്പായുടെ ദിക്കിയിൽ
അന്തിക്രിസ്തുവിന്റെ പിൻഗാമികൾ അല്ലയൊ? അതെ, ശുദ്ധഗ്രഗൊ
റി പാപ്പായുടെ വചനപ്രകാരം "തന്നൊടുകൂടെ ഐക്യതപ്പെട്ടിരിക്കു
ന്ന മാലാക്കാമാരുടെ ലെഗിയൊനുകളെ നിന്ദിച്ചും വമ്പു വലിപ്പത്തി
ന്റെ ഉച്ചത്തിൽ എത്തി ആകാശം കീഴ്പ്പെടാതെ എല്ലാവക്കും മേലായി
ഇരിക്കുവാൻ ശ്രമിക്കയും, ഞാൻ സ്വർഗ്ഗത്തിലെക്കു കരെറി നക്ഷത്രങ്ങ
ൾക്കു മെൽ എന്റെ സിംഹാസനത്തെ ഉയർത്തുമെന്നു പറകയും ചെ
യ്തു" ആ അകൽക്കുറുസായുടെ പിൻഗാമിയായിരിക്കുന്ന ഫ്രൻ-ാം ലെ
യൊനെ ആശ്രയിക്കുന്നതിനാൽ നിങ്ങളും മിശിഹായിക്കു ശത്രുക്കളാ
യി തീർന്നിരിക്കുന്ന എന്നു അറിഞ്ഞു മനസ്സുതിരിവീൻ. കിഴക്കിന്നടുത്ത
വരുടെ സാക്ഷാൽ ഇടയന്റെ ആജ്ഞയിലെക്കു ഓടി വരുവീൻ.

ദീപികാ ലേഖകന്റെ അസംബന്ധം.

(തുടർച്ച)

ഒ. ദീപികയുടെ പിന്നത്തെ ആക്ഷേപം ജപിടെ നെസ്തൊർക്കാരും ഇടയ്ക്കു
വന്നിരുന്നപ്പോൾ അവരെ കൈക്കൊണ്ടതു സത്യവഴിക്കാർ എന്നുള്ള വിശ്വാസത്തു
മെൽ ആണെന്നു ഞങ്ങൾ പറഞ്ഞതു അബദ്ധമാണെന്നവരർത്തുവാൻ ജപിടത്തുകാർ
അന്ത്യ പിപരമില്ലാത്തവർ അല്ലായിരുന്നു എന്നാണ. ജപിടത്തെ ക്രിസ്ത്യാനികളുടെ
അന്നത്തെ തിരിച്ചറിവിന്റെ സ്ഥിതി അറിവാൻ ഒരുറോമ്മാസാക്ഷിതന്നെ പറയാം.

പ്രിയ ജോർദാനസ് എന്നോ ളിനെ സഹജീവി കേട്ടിരിക്കുമല്ലോ. അയാൾ പാപ്പാമാരുടെ പൂളായൊട്ടുക്കുടെ ക്ഷാം നൂറാണ്ടിൽ വന്ന ഒരു പാത്രിയാണ. ലവിടത്തെ ക്രിസ്ത്യാനികളെ കുറിച്ചു അദ്ദ മനുഷ്യൻ പറയുന്നതു. "ഇവിടെ അങ്ങും ഇങ്ങും ചിതറപ്പെട്ട ഒരു ജനം ഉണ്ട്. അവർ ക്രിസ്ത്യാനികൾ എന്ന പറയുന്നു, സാക്ഷാൽ അല്ലാതാനും.....പിശാസത്തെക്കുറിച്ചു അവർക്കു ഒരറിവും ഇല്ല. മാർതൊമ്മായെക്കുറിച്ചു ക്രിസ്തു എന്ന അവർ വിശ്വസിക്കുന്നു" (വണ്ടെർസ ഓഫ് ദി ഓൾഡ് വേൾഡ്) മാർതൊമ്മായെ ക്രിസ്തു എന്ന വിചാരിക്കയും വിശ്വാസത്തെക്കുറിച്ചു ഒരറിവും ഇല്ലാതിരിക്കയും ചെയ്യുവർ ക്രിസ്തുവിന്റെ സ്വഭാവത്തെക്കുറിച്ചു യാക്കൊബായയും നെസ്റ്റോറ്റും തമ്മിൽ ഉള്ള അഗാധഭേദത്തെ തിരിച്ചറിവാൻ എത്രമാത്രം ശക്തന്മാരുകെന്ന ഭീപിക പറഞ്ഞുകേട്ടാൽ കൊള്ളാം. ഞാനത്തെ സ്ഥിതി പോകട്ടെ. ഇന്നത്തെ കാര്യത്തെ തെളിവു തരാം. ഭീപികാ ആപ്പീസിൽ ഫ്രണ്ട്.മാണ്ടെ ജോനകീർത്തനങ്ങൾ എന്ന പറഞ്ഞു ഒരു പുസ്തകം അച്ചടിച്ചതു ഞങ്ങൾ വായിച്ചുകണ്ടു. ഇതു ഒരു വിശ്വാരിജെനറാൾ പരിശോധിച്ചതു, ഒരു മെത്രാൻ സാക്ഷിച്ചതു, എന്നിപ്പെരി ധരിച്ച സന്യാസപട്ടകാർ അച്ചടിപ്പിച്ചതു. ഇതിന്റെ ൻ്റ-ാംപുറത്തു നു-ം ശ-ം പരികളിൽ പറഞ്ഞിരിക്കുണ വാക്കുകൾ കല്ലൂരാദൊൻ സൂനാദൊസിനും തൊമ്മായുടെ അഗാധമായ ഒരു ഉപദേശത്തിനും തെറ്റാണ. ഒരം പരിഷ്കാരകാലത്തു ഒരം വിദ്വാന്മാർ പരിശോധിച്ചിട്ടു ഒരം അബദ്ധം കണ്ടുപിടിക്കുവാൻ കഴിഞ്ഞില്ലെങ്കിൽ അന്നത്തെ സ്ഥിതി പറയണമൊ.

൩. കൽദായക്കാരിൽ യാക്കൊബായക്കാരും ഉണ്ടായിരുന്ന എന്ന മേൽകാണിച്ചുവല്ലൊ. ഇതിനു എതിരായി അസെമ്മാനൊ റുഫയെലൊ പ്രൊപ്പഗാന്തയൊ ഒന്നുതന്നെ പറഞ്ഞിരുന്നാലും വിവരക്കേടാണെന്ന രീതിയാണ. യാക്കൊബായ കാസൊലിക്കോമാരുടെ ഭീഷ്കാലത്തു ലീസു വേണമെങ്കിൽ ബർഎബ്രായയുടെ നാളാഗമത്തിൽ കാണാം, ഇദ്ദേഹത്തിന്റെ കൃതികൾ അസ്സെമ്മാനെക്കാൾ ഒട്ടും താണതരം അല്ലെന്ന ഭീപികാലേഖകൻ അറിഞ്ഞിട്ടില്ലെങ്കിൽ ചെമ്പിംബെർസ സൈക്ലൊപീഡിയായിൽ സുറിയാനിഭാഷയെക്കുറിച്ചു പറഞ്ഞിട്ടുള്ള ഭാഗം പായിച്ചുനൊക്കട്ടെ. യാക്കൊബിയക്കാർ കൽദായക്കാരിൽ ഉണ്ടായിരുന്നെങ്കിൽ അവർ ഇല്ലാതെയായതു എപ്പോൾ എന്നൊ കാരണം എന്തന്നൊ പറയണമെന്ന ഭീപിക ചോദിക്കുന്ന. ഇല്ലാതായന്ന അറിഞ്ഞുപറഞ്ഞതുപൊലെയാണ ഇയാളിടെ ചോദ്യം. കണ്ണു തുറന്നുനോക്കിയാൽ പരദേശത്തു ബാബെൽ കാസൊലിക്കാ ജടവക അനുത്തിക്കുള്ളിലും മലയാളത്തും കൽദായക്കാരായ യാക്കൊബിയക്കാരെ കാണാം. ഞങ്ങൾ ശങ്കം തുറന്നല്ലെ നില്ക്കുന്നതു കാണരുതെ.

൪. പിന്നത്തെ വാദം ബുക്കാനാൻ കേട്ടെഴുതിയെന്നാണ. ശരിയായിരിക്കും. റോമാ ചരിത്രകാർഎല്ലാം ക്ലൈഴുതിയവർ അനെന്ന പറയാമൊ അവർ ജീവിച്ചകാലവും അവർകഥിക്കുന്ന ചരിത്രങ്ങൾ സംഭവിച്ചകാലവും തമ്മിൽ താരതമ്യപ്പെടുത്തുമ്പൊൾ ഒരം എഴുത്തുകാർ മനുഷ്യജന്മത്തിൽ ഉൾപ്പെട്ടവർ എങ്കിൽ അവരും കേട്ടെഴുതിയവർ ആയിരിപ്പാനെ ഇടയുള്ളു.

൫. ഭീപികയുടെ അടുത്തയക്കു പറുങ്കികൾ ആദ്യം ഇവിടെ വന്നപ്പോൾ അവരൊടു നസ്രാണികൾ പറഞ്ഞപോകിൽ അന്ത്യൊഖ്യയെക്കുറിച്ചു ഒന്നും സൂചിപ്പിച്ചതായി കേരളപഴമയിൽ കാണുന്നില്ലന്നുകേൾ. ഭീപികയ്ക്കു ഇത്ര ലകിയില്ലാതെപോയ്തു ആശ്ചര്യംതന്നെ. "ഞങ്ങൾക്കു മെത്രാന്മാരെ അയക്കുന്ന സൂറിയായിലെ കാസൊലിക്കായാകുന്ന" എന്ന നസ്രാണികൾ പറുങ്കികളൊടു പറഞ്ഞതായി കേരള പഴമയിൽ വായിക്കുന്ന. നെസ്റ്റൊർ പാത്രിയക്കീസിന്റെ ഇരിപ്പു സൂറിയായിലൊ പാർസിയായിലൊ ഇപ്പ രണ്ടും തമ്മിൽ എന്തു അകലം ഉണ്ടു, എന്നീ സംഗതി ഭ്രമിശാസ്ത്രവും ചരിത്രവും വായിച്ചു പഠിക്കുമ്പൊൾ വാദമുഖം തെളിഞ്ഞുവരും. സൂറിയായിലെ സിംഹാസനമാകുന്ന അന്ത്യൊഖ്യിനകീഴുള്ള കാസൊലിക്കാ എന്നല്ലയൊ അർത്ഥമാകുന്നതു. അതൊ പാർസിയായിലെ നെസ്റ്റൊർ കാസൊലിക്കാ എന്ന വരുമൊ. ഞങ്ങളിടെ ഒരം യുക്തിക്കു ഒരുവേള ബലമില്ലെന്ന ഭീപിക വിചാരിക്കുന്ന പക്ഷവും അവരുടെ വാദരതിനു ജാതൽ തെളിവില്ലെന്ന തീർച്ചതന്നെ. നേരെമറിച്ചു ബാബെലിൽ ഒരു യാക്കൊബായ കാസൊലിക്കായും തുടർച്ചയായി ഉണ്ടായിരുന്ന എന്ന കാണിച്ചിരിക്കുന്ന സ്ഥിതിക്കു നസ്രാണികൾ പറഞ്ഞ ഒരം കാസൊലിക്കാ ജതിൽ ഏതാണെന്ന ഭീപികയുടെ തെളിവു എവിടെ. കിഴക്കിന്റെ കാസൊലിക്കാ അന്ത്യൊഖിനകീഴായിരുന്ന എന്ന വരാപ്പുഴ ചരിത്രം പായുന്നസ്ഥിതിക്കു ക്രൂ൦൦ വർഷമായി അന്ത്യൊഖിൽനിന്ന ഭരിക്കപ്പെ

ച്ചിരുന്ന ഏന്ന നസ്രാണികൾ പറഞ്ഞതായി വൈകാനോൻ സാക്ഷിക്കുന്നതുതന്നെയല്ലയൊ കേരളപഴമയും സാക്ഷിക്കുന്നു. അപ്പൊൾ "പെണ്ടതൊട്ടു ഈന്ത്യാഖ്യായിലെ പാത്രിയക്കീസച്ചൻ നമ്മെഭരിക്കുന്ന ഏന്ന ജാതിതൊക്കെൻ കാരണമാർ ഏഴുനിയും അസത്യമായിപരികയില്ല.

൯. അനന്തരം ൭. ൧൦. നൂറാണ്ടുകളിൽ യാക്കൊബായഭരണമായിരുന്ന ഏന്ന ഗൈഡീസ് ഹൊ ഹൊസ്പ്പാർഡ് ഒരം ചരിത്രകാരെ ഞങ്ങൾ ചൂണ്ടികാണിച്ചതിൽ അവരുടെ തെളിവു വെറും ഊഹാപൊഹങ്ങൾ ആണെന്നും അന്നത്തെ യാക്കൊബായ മെത്രാന്മാരുടെ പേർ പറഞ്ഞുകൊടുക്കണമെന്നും ദീപിക പറയുന്നു. നല്ല യുക്തിതന്നെ. അന്നത്തെചരിത്രം അസെമാൻമുതൽപെർ പറയുന്നതു കണ്ടകാര്യമൊ സ്വന്തമായിനിന്നു മാലാക്കാ ഉണ്ടാക്കിപറഞ്ഞതൊ ആയിരിക്കാമെന്നും അന്നത്തെ നെസ്റ്റോർ മെത്രാന്മാരുടെ പേരുകൾ ചരിത്രത്തിൽ ധാരാളം കാണ്മാനുണ്ടെന്നും ദീപിക ഭാവിക്കുന്നുണ്ടെങ്കിൽ തുടർച്ചയായ പേരുകളും കാലങ്ങളും കേട്ടാൽ കൊള്ളാം. യാക്കൊബായമെത്രാന്മാരുടെ പേരുകൾ കാണിച്ചുകൊടുക്കുവാൻ ഞങ്ങളോടു ആവശ്യപ്പെട്ടിന്നതുപൊലെ നെസ്റ്റോർ മേത്രാന്മാരുടെ പേരുകൾ കാണിച്ചുതരുവാൻ ഞങ്ങൾ അങ്ങൊടും ആവശ്യപ്പെടുന്നു. ഇതൊടു അനുബന്ധിച്ചുതന്നെ മാർ ശ്രീഗൊറിയൊസിന്റെകാലത്തു മുമ്പിൽ ഇവിടെ നടപ്പായിരുന്ന കൽദായക്രമം മാറി ഒരു പുതിയാനിക്രമം സ്ഥാപിക്കുവാനുള്ളകാരണം ദീപിക ചോദിച്ചിരിക്കുന്നു. മുമ്പിൽ നടപ്പുണ്ടായിരുന്ന ക്രമം ഏതുണ്ടന്നു തെളിയിച്ചുതരുവാൻ വേണമെല്ലൊ മാറ്റം ചോദിക്കുന്നു. അതു ഒരു കൽദായക്രമം ആണെന്നുമാത്രമെ ദീപിക പറയുന്നുള്ളു. ഇപ്പൊൾ പഴയക്രമപുസ്തകങ്ങളിൽ കാണുന്ന ക്രമമായിരിക്കുമൊ. ഭാഷാരീതിയും കവിതാസമ്പ്രദായവും അറിഞ്ഞുകൂടാത്തവരാൽ ഉണ്ടാക്കപ്പെട്ടതെന്നു പ്രത്യക്ഷമായി കാണാവുന്ന ആക്രമം തന്നെയൊ? അതു പൂർവികമാണെങ്കിൽ അതിന്റെ ഒരുശരിപകർപ്പു വല്ലപരദേശസഭകളിലും കാണണമെല്ലൊ. പരദെശത്തു എവിടെയെല്ലാം ഒരം "കൽദായക്രമം" നടപ്പുണ്ടു? പണ്ടുള്ളതുപൊലെയുള്ള ആരാധനകളും ഗദ്യം പദ്യമായി ഭാഷിച്ചുനീട്ടുന്ന ലയങ്ങളും അതിനു അനുരൂപമായ ഭാഷാരീതിയും പരദെശങ്ങളിൽ ഉണ്ടുവിച്ചുപുരാണ ക്രമങ്ങളാണെന്നു പറയാമൊ.

൧൦. റൊമാ ദണ്ഡനസ്ഥലങ്ങളുടെ മൂല്യവും തങ്കകാശുവച്ചു കൊഴുകട്ടയുടെ അകർഷ്ണവും കൂട്ടാക്കാതെ മാർ ശ്രീഗൊറിയൊസിനെ ഇവിടത്തുകാർക്കൈക്കൊണ്ടതു വിശ്വാസം മൂലമാണന്നു ഞങ്ങൾ പറഞ്ഞതിനു സഹൊദരിയുടെ സമാധാനം "ശീക്കുയെഭയന്നും സമ്മാനത്തെമോഹിച്ചും വിശ്വാസകാര്യങ്ങളിൽ നസ്രാണികൾ ഒന്നും പ്രവൃത്തിച്ചിട്ടില്ലന്നു" വേണമെങ്കിൽ ധാരാളം തെളിയിച്ചുതരാമെന്നാണ. എപ്പൊളാണൊ ദൈവത്തിനറിയാം. ഞങ്ങൾ മിച്ചം ഇപ്പൊൾ തന്നെ തെളിയിച്ചുകൊടുക്കാം. ഉതിയഞ്ചേരുർ സൂനാദൊസിനെ പങ്കിടാരെപിരിച്ചിട്ടു ആരുംകൂടാതിരുന്ന, കടശി സൂനാദൊസിൽ കൂടാത്തവരുടെ കസ്തൂകണ്ടുകെട്ടി പിടിക്കുമെന്നു പെരുംപടപ്പിൽ നിന്നു ഒരു പിടംബരം പറുക്കി മെത്രാൻ പ്രാപിദ്യം ചെയ്തിട്ടതിൽ പിന്നെയാണ നസ്രാണികൾ കൂടിയതെന്നു കേട്ടെഴുതിയ അൽപരുള്ള കൂടെ ഉണ്ടായിരുന്ന മേനാസിപിനൊസിക്കുട്ടെറി ശൊവിയാ എഴുതിയിരിക്കുന്നു. പുസ്തകം പൊർത്തുഗീസാണ. ദീപികയ്ക്കു അറിഞ്ഞുകൂടെങ്കിൽ ബ. നിധിയിരിക്കൽ മാണിയച്ചനൊടു ചോദിച്ചാൽ ആഭാഗം വായിച്ചുകേൾപ്പിച്ചുതരും. ശീക്കുയെഭയന്നു നസ്രാണികൾ വിശ്വാസത്തിൽ വല്ലതും പ്രവൃത്തിച്ചിട്ടുണ്ടന്നു ഇതുകൊണ്ടു കാണുമെങ്കിൽ ശ്രീഗൊറിയൊസിനെ കൈക്കൊണ്ടതു എന്തു ലാഭം മോഹിച്ചിട്ടൊ എന്നു ദീപിക തെളിയിച്ചുതരട്ടെ.

൧൨. കടശി, പുത്തൻകൂറുകാർ ഒക്കെയുംകൂടി പാപ്പായ്ക്കു എഴുതിയതെന്നും പറഞ്ഞു ചില എഴുത്തുകൾ സഹൊദരി സാക്ഷിയാക്കിയതിനു റൊമായിൽ നിരവധി കൃത്രമങ്ങൾ ധാരാളമുണ്ടായിട്ടുണ്ടന്നു തെളിയിപ്പാൻ ഇരുത്തലയുള്ള പുണ്യാളന്മാരുടെയും പത്രൊസിന്റെ മഹമ്മദീയ കസെരയുടെയും ചരിത്രം ഞങ്ങൾ സൂചിപ്പിച്ചുകൊണ്ടിവന്നതിൽ ദീപിക കടിച്ചുതൂങ്ങിക്കാൻ ഭാവിക്കുന്നു. ഹെ, സഹൊദരി അത്ര വൃസനിക്കെണ്ടാ. റൊമായിൽ എല്ലാം പുണ്യമെ ഉള്ളു എന്നു ഞങ്ങൾ സമ്മതിക്കുണമെങ്കിൽ സമ്മതിച്ചുകാം. പക്ഷെൽ ശീക്കുയെയെയവരും ദുരാഗ്രഹികളുമായിരുന്ന വ്യഭിചാരണികളാൽ റൊമാ ഭരിക്കപ്പെട്ടുകയും അവരുടെ ഇഷ്ടപ്രകാരം മെത്രാസനങ്ങൾ മാറപ്പെട്ടുകയും മെത്രാന്മാർ നിയമിക്കപ്പെട്ടുകയും അവരുടെപ്രിയന്മാരും കാലകണക്കിനു വെണ്ടി മാത്രം പാപ്പാമാരുടെ പട്ടികയിൽ ചേർക്കപ്പെടുകിന്നവരുമായ കള്ള പാപ്പാമാർ പത്രൊസിന്റെ സിംഹാസനത്തു ഞെരിഞ്ഞിൽ തള്ളികയറപ്പെട്ടുകയും ചെയ്തപ്പൊൾ

ശ്രേഷ്ഠ തോമ്മാപ്പട്ടക്കാരുടെ മുഖം എത്ര പ്രകാരമായിരുന്നു. എത്ര കഷ്ടം..... ലോക ശക്തിയിൽ ത്രുപ്തിയില്ലാം കൊണ്ടു കാര്യം എന്നെന്നും ഭ്രാന്തു പിടിപ്പിക്കുകയും അധികാര മോഹംകൊണ്ടു സകലത്തെയും കീഴ്പ്പെടുത്തുകയും ചെയ്യുന്നു." എന്നും മറ്റും തോമ്മായിലെ ഒരൊകാലത്തെ പുണ്യത്തെ വണ്ണിച്ചിരിക്കുന്ന ഫോറാനിയൂസ്, ലൈബ്രേറിൻ, ഗിൽനർ മുതലായ കർത്താക്കന്മാരുടെയും ചരിത്രങ്ങൾ സഹജീവികൾക്കു തുപ്തികരമായി മാറിക്കുകയാൻ ഞങ്ങൾക്കു ശക്തിയാകയില്ല. ഇപ്രകാരം പുണ്യപുരുഷന്മാരുടെ രേഖകൊണ്ടുതന്നെ യാക്കോബായപിശാചത്തിന്റെ പഴക്കം തെളിയിക്കുന്നുണ്ടെന്നാണ് ദീപികയുടെ സിദ്ധാന്തം. ഇപ്രകാരം കീഴ്മേൽ സമ്പാദിച്ചിട്ടില്ലാത്ത ചില പാപപ്പെട്ട ഹെരേസ്സി, ഹെരേസ്സിർക്ക, ലത്തീൻ എന്നുവേണ്ട എന്നീ സാധുക്കളെയാണ് ഞങ്ങൾ തുഷ്ടീകരിച്ചിരിക്കുന്നതു എന്നൊരു ദോഷം ഞങ്ങളുടെ സാങ്കികൾക്കുള്ളതു ഒരു ദോഷമാണെങ്കിൽ അതു ഞങ്ങൾ സമ്മതിച്ചുകൊള്ളുന്നു.

മാസത്തിൽ മൂന്നുപ്രാവശ്യം പുറപ്പെടുന്ന ദീപികയിൽ തുടരെ തുടരെ പ്രസിദ്ധപ്പെടുത്തിയ ലേഖനങ്ങൾക്കു മാസത്തിൽ ഒരിക്കൽമാത്രം ഇറങ്ങുന്ന ഞങ്ങൾക്കു ഇതിൽ അധികമായി സമാധാനം പറവാൻ സാധിക്കുവാനുള്ളതുകൊണ്ടു നിർത്തുന്നു.

മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ്

മെത്രാപ്പോലീത്താ എഴുത്തു

നമ്മുടെ അങ്കമാലി നിരണം മുതലായ മലങ്കരഇടവകയിലെ എല്ലാപള്ളികളിലെയും വിശ്വാസികളും ശ്രേഷ്ഠന്മാരായ പട്ടക്കാരും പള്ളികൈക്കാരും ശേഷം ജനങ്ങളും കൂടികണ്ടനാൽ നിങ്ങൾക്കു വാഴ്ച്ച

പ്രിയമുള്ളവരെ നമ്മുടെ സമുദായത്തിനു സ്വന്തമായി ഇംഗ്ലീഷ് പഠിപ്പിനു ഒരു പള്ളിക്കൂടം ഇല്ലാതിരുന്നതിനാൽ അനേകം കുട്ടികൾ അന്യമതക്കാരുടെ പാഠശാലകളിൽ പൊയിപഠിപ്പാനും വിദ്യാഭ്യാസം മൂലം നമ്മുടെ സഭയുടെ തുണകളായിതീരെണ്ട പല ബാലന്മാർ വിശ്വാസത്തിന്റെ വൈരികളായിതീരുവാനും ഇടവരുന്നതായികണ്ടു നാം വളരെ വ്യസനിച്ചിരിക്കുമ്പോൾ കഴിഞ്ഞുപോയ ഡാറാ സായ്പു അവർകൾ തക്കതായ സഹായം ചെയ്യാമെന്നു വാഗ്ദത്തം ചെയ്തതിനാൽ അദ്ദേഹത്തിന്റെ സഹായത്തോടു കൂടി കോട്ടയത്തു ഒരു സ്ഥലംവാങ്ങി പണി ആരംഭിക്കയും നമ്മുടെ സമുദായത്തിന്റെ ഭാഗ്യദോഷത്താൽ അദ്ദേഹം മരിച്ചുപോയതുമൂലം നാം വളരെ ഞെരുങ്ങിയും കഷ്ടപ്പെട്ടും കടംവാങ്ങിച്ചും കെട്ടിടം ഒരു നിലയായിതീർക്കയും ചെയ്തു.

അനന്തരം അതിൽ പഠിപ്പു നടത്തുന്നതിനു ലൌകീക കണ്ണിനാൽ കാണാവുന്ന യാതൊരു സഹായവും കൂടാതെ അത്മകണ്ണിനു മാത്രം ദൃശ്യമായ ദൈവശക്തിയിൽ ആശ്രയിച്ചും കൊണ്ടു നമ്മുടെ പുത്രന്മാരിൽ നാലുപേരെ ചുമതലപ്പെടുത്തുകയും പള്ളിക്കാരുടെയും മറ്റുംസഹായത്തോടു കൂടെ ഇതെവരെ വളരെ ഭംഗിയായി പഠിപ്പു നടത്തുകയും ചെയ്തുവരുന്നവിവരം നിങ്ങൾക്കറിവുണ്ടല്ലൊ. ഇതെവരെ കഴിഞ്ഞ സംഭവങ്ങൾകൊണ്ടു നമ്മുടെ സിമ്മനാരി വളരെ അഭിവൃദ്ധിയായി നടന്നു എന്നും മേലിലും ഇങ്ങനെതന്നെ നടന്നുപൊകുമെന്നും വി

ശ്വസിക്കുന്നു. മദ്രാസ് സർവ്വകലാശാലയും തിരുവിതാംകൂർ ഗവണ്മെന്റും ഒരു സിമ്മനാരിയെ ഒരുമൈസ്ക്രൂളായി സ്വീകരിക്കയും ഗ്രാൻറ് കൊടുക്കയും പരീക്ഷകളിൽ നല്ല ഫലങ്ങൾ കാണുകയും ചെയ്യുവരുന്നതിനാൽ വിചാരിച്ചിരുന്നതിൽ അധികം കുട്ടികൾ ചേർന്നുവരുന്നു.

ഒരു കെട്ടിടം തുടങ്ങിച്ചപ്പോൾ ഇത്രവലിപ്പം ആവശ്യമില്ലന്നു ഏല്ലാവരും വിചാരിച്ചിരുന്നു. എങ്കിലും ആവശ്യത്തിനു അധികമെന്നു വിചാരിച്ചിരുന്ന ഒരുകെട്ടിടം ഇപ്പോൾ പഠിത്വത്തിനു മതിയാകാതെ തീർന്നിരിക്കുന്നു. കുട്ടികളുടെ ബാഹുല്യംകൊണ്ട് ചില ക്ലാസുകളെ വേർതിരിച്ചു ചില തരക്കോലകെട്ടിടങ്ങളിൽ പഠിപ്പിക്കയും അനേകം പുതിയ അപേക്ഷകരെ ഉപേക്ഷിപ്പാൻ ആവശ്യപ്പെടുകയും ചെയ്തിരിക്കുന്നു. നമ്മുടെ സമുദായത്തിൽ ഉള്ളകുട്ടികൾഎല്ലാം അന്യപള്ളിക്കൂടങ്ങളിൽ പോയി പഠിക്കാതിരിപ്പാൻ വേണ്ടി ഉണ്ടാക്കിയിരിക്കുന്ന ഒരു സിമ്മനാരിയിൽ സ്ഥലംപോരാതെ വരുന്നതുകൊണ്ട് മാത്രം നമ്മുടെ കുട്ടികളെ വിട്ടയക്കേണ്ടിവരുന്നതിൽ പരം വ്യസനം മറ്റൊന്നും നമുക്കില്ല.

അതിനാൽ ഇപ്പോൾ ഇരിക്കുന്ന സ്ഥിതിയിൽ ഒരു സിമ്മനാരി കെട്ടിടം ഉയർത്തി രണ്ടു നിലയാക്കുന്നതായാലും വേണ്ടപ്പെട്ടും സ്ഥലം ഉണ്ടാകുന്നതാണു. അങ്ങനെ ചെയ്യുന്നതിനു ഏഴായിരം രൂപാ വരെ ചിലവു വെണമെന്നു കണക്കുകണ്ടിരിക്കുന്നു ഇതിനു മൂന്നിൽ ഒരുഭാഗം ഗ്രാൻറായി ഗവണ്മെന്റിൽ നിന്നു തരുന്നതാകകൊണ്ടു ശിഷ്ടം മാത്രം നാം ഉണ്ടാകിയാൽ എല്ലാപ്രകാരെണ്ണയും നമ്മുടെ സമുദായത്തിനു ഉപയുക്തമുണ്ടാകുന്നതാണു. അതിനാൽ നമ്മുടെ ജനങ്ങളിൽനിന്നും പള്ളികളിൽനിന്നും യഥാശക്തി ഒരു പിരിവുഏർപ്പെടുത്തുവാൻ നിശ്ചയിച്ചു അതിലെക്കു മുതലുകാരായി നമ്മുടെ പൌലോസറമ്പാച്ചനെയും മല്പാൻ വട്ടശ്ശേരിൽ ഗീവറുഗീസകത്തനാരെയും പൂവത്തൂർ യാക്കോബ കത്തനാരെയും ഓമല്ലൂർ ഇലവിനാമണ്ണിൽ സ്ക്കറിയാ കത്തനാരെയും മനോരമപത്രാധിപർ കണ്ടത്തിൽ വറുഗീസുമാപ്പിളയെയും ഇടവകപത്രികപത്രാധിപർ ഇടവഴിക്കൽ പീലിപ്പോസിനെയും കുന്നന്താനത്തു കുഞ്ഞൻ ചെറിയാനെയും കായംകുളത്തു തുരുത്തിൽ ജോൺ ഉപദേശിയെയും നിയമിച്ചിരിക്കുന്നു. ഇവർ ഒരുമിച്ചോ രണ്ടോ മൂന്നോപേർ ഭാഗംതിരിഞ്ഞോ പള്ളികളിൽ സഞ്ചരിപ്പാൻ നിശ്ചയിച്ചിരിക്കുന്നതിനാൽ അവർ ചെല്ലുമ്പോൾ പള്ളികളിൽ നിന്നും ജനങ്ങളിൽനിന്നും യഥാശക്തി പിരിവു ഏർപ്പെടുത്തുകൊടുത്തു നമ്മുടെ സമുദായത്തിനു ഒരുവലിയ പ്രശംസയും എടുത്തുകൂടെ തടുക്കുവാൻ ഒരു വേലിയും ആയിതീർന്നിരിക്കുന്ന നമ്മുടെസിമ്മനാരിയുടെ ഉയർച്ചയ്ക്കു നിങ്ങൾ ഓഹരികാരായി തീരുകയുംവേണം.

ഏതുകക്ഷികൾ നമ്മെക്കാൾ എണ്ണത്തിലും ശക്തിയിലും ചുരുങ്ങിയവരായിരുന്നിട്ടും അവർ പള്ളിക്കൂടം പണിയിക്കയും പഠിത്വം നടത്തുകയുംചെയ്യുന്നതു വിചാരിക്കുമ്പോൾ ഉത്സാഹമുണ്ടെങ്കിൽ ഏതുംസാധിപ്പാൻ പ്രയാസമില്ലന്ന തീർച്ചയായി ബോധപ്പെട്ടും. നമുക്കോ ഒരു കെട്ടിടം തുടങ്ങിനിലയാകിയാൽ മാത്രംമതി. ഉപേക്ഷിക്കുന്നതു വൈരാഗ്യം

നമ്മുടെ കുഞ്ഞുങ്ങളുടെ മേൽ ഉള്ള സ്നേഹവും നിങ്ങൾക്കുണ്ടായിരുന്നാൽ നല്ല കായ്ഫത്തിൽ നിങ്ങൾ താല്പര്യക്കാരായിരുന്നു പിരിവിനു വരുന്ന നമ്മുടെ പുരുഷന്മാരെ താമസിപ്പിക്കാതെ അയക്കയും വേണം.

ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ നിങ്ങളോടു കൂടെ വർദ്ധിച്ചിരിക്കുമാറാകട്ടെ.

൧൮൭൯-ാമാണ്ടു കന്നിമാസം ൨൨ നു-
കോട്ടയത്തു സിമ്മനാരിയിൽ നിന്നു

ഒരു യോഗവും റിപ്പോർട്ടും.

൧൮൭൨ കന്നി ൧൨-ാം൹ ഞായറാഴ്ച മൂന്നരമണിക്കു കോട്ടയത്തു പുത്തനങ്ങാടി പൊൻപള്ളിക്രൂടത്തിൽ ൪൦-ൽ അധികം ആളുകൾ കൂടിയോഗം നടത്തപ്പെടുകയും വന്ദ്യദിവ്യശ്രീ പൌലൂസ റമ്പാൻ അവർകൾ അദ്ധ്യാസനാധിപത്യം വഹിക്കയും ഇരുപത്തുരണ്ടരയുടെ നമസ്കാരം കഴിഞ്ഞശേഷം പൈതങ്ങളെ ചൊല്ലിപ്പഠിപ്പിൽ നല്ലപുരോഗമനത്തിനാൽ ആത്മീകപ്രകാരവും ലൌകീകപ്രകാരവുമുള്ള വിദ്യാഭ്യാസം ചെയ്യിപ്പിക്കണമെന്നും പള്ളിക്രൂടങ്ങളിന്റെ മേലാലുള്ള അഭിവൃദ്ധിയെപ്പറ്റി ഒരു പ്രസംഗപഠനയും ഒടുവിൽ കത്തോപിൽനിന്നു പഠിച്ചിട്ടുള്ള പ്രാർത്ഥനചൊല്ലി അവസാനിപ്പിക്കയും പിന്നീടും ഉദ്ദേശപ്രകാരം സംഘകൃത്യം ആരംഭിക്കയും ഫോർമാസ്റ്റർ ചെല്ലർക്കു കുഞ്ഞൻ അവർകൾ പള്ളിക്രൂടത്തിന്റെ ജനവരയുള്ള നടത്തിപ്പിനെപ്പറ്റി പരിശ്രമിക്കുന്നതായി ഒരു റിപ്പോർട്ടു വായിക്കയും കരിശുംമൂട്ടിൽ ലൂക്കൊസുഅവർകൾ വരവുചിലവുകളുടെ കണക്കു വായിക്കയും ചെയ്തു. എന്നാൽ മിസ്റ്റർ പി-ഐ-കുഞ്ഞൻ അവർകളാൽ എഴുതി വായിക്കപ്പെട്ട റിപ്പോർട്ടിനെ താഴെ ചേർക്കുന്നതായാൽ പള്ളിക്രൂടത്തിന്റെ സ്ഥിതിയെ സംബന്ധിച്ചു വായനക്കാർക്കു മനസ്സിലാകാൻ സൌകര്യമുണ്ടെന്നുകരുതി താഴെ ചേർക്കുന്നു.

"പുത്തനങ്ങാടി പൊൻപള്ളിക്രൂടത്തിന്റെ ൧൮൭൨ കന്നിമാം൹ മുതൽ ൧൮൭൩ മീനം൹ വരെയുള്ള റിപ്പോർട്ടു.

ഈ പള്ളിക്രൂടത്തിൽ പല പല വാദ്ധ്യാന്മാർവന്നു പഠിപ്പിക്കയും കൊണ്ടാൽ കഴിയുമ്പോൾ പഠിത്തം പിന്നാപോകയും ചെയ്തു പതിവായിരുന്നു. അനന്തരം ഒരുസംവത്സരത്തോളംവരെ കന്നുകാലികളുടെക്രൂടായി ഇടിഞ്ഞുപൊളിഞ്ഞു കിടക്കയും ചെയ്തതിനെക്കണ്ട ജീവിടെയുള്ള ആളുകൾക്കു സഹതാപം തോന്നാതിരുന്നില്ല. എന്നാൽ നടത്തുന്നതിനുള്ള സ്ഥിരമാർഗ്ഗം നോക്കാതെ ഒരുവാദ്ധ്യാരെ ആക്കുന്നതിനോ പഠിത്തം ആരംഭിക്കുന്നതിനോ ആർക്കും ധൈര്യമുണ്ടായില്ല. ഈ കഷ്ടാവസ്ഥയെ കണ്ടു ഉ. പത്രാധിപരവർകളും ജ. പ. പത്രാധിപരവർകളും പുത്തൻപള്ളി മഹായോഗത്തിന്റെ സെക്രട്ടരി അവർകളും ക്രൂടി സ്ഥലത്തുവന്ന ദിവ്യശ്രീ സ്കറിയാ കത്തനാരവർകളും കപ്പൊളകാരിൽ ചിലമഹാന്മാരും ക്രൂടി ആലോചിച്ചതിൽ പള്ളിക്രൂടം ഭാഗ്യമാകാം തീർക്കുന്നതിനുള്ള ചിലവു കരിശുപള്ളിയിൽനിന്നു ചെയ്യുന്നതിനും സ്കറിയാകത്തനാരവർകൾ നന്നാകികാമെന്നും അതിന്റെ ശേഷം പഠിത്തം തുടങ്ങേണ്ടതാണെന്നും നിശ്ചയിച്ചു പിരിയുകയും ചെയ്തു.

൹ നിശ്ചയപ്രകാരം പള്ളിക്രൂടം ഭാഗ്യമാകാം തീർക്കുകയും കൂടാം വ-ാം൹ റി. വ ദി. ശ്രീ. മാർദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടും മ. മ. പത്രാധിപരവർകളും സ്ഥലനിവാസികളുംക്രൂടി പരീക്ഷിക്കയുമുണ്ടായി. ഇതിൽ ഒരാൾ വേണമെന്നുള്ള ഉദ്ദേശപ്രകാരം എന്നെ കവ കൃപാ ശമ്പളത്തോടുകൂടി നിയമിക്കയും ഹാജരുണ്ടായിരുന്ന കുട്ടികളോടുകൂടി പഠിത്തം ആരംഭിക്കയും കുട്ടികളുടെ വരവുവ

പോലെ സഹായത്തിനായി പോൾ ബഹ്യാനാരെ നിയമിച്ചതുപോലെയും അതിനെ മ. മ. പത്രാധിപരവർകൾമൂലം നിരോധിക്കണമെന്നും ഗ്രാന്റുകിട്ടുന്നതുവരെ ശമ്പളത്തിനായി അങ്ങോടിക്കാരിൽനിന്ന നൂറു രൂപായും പുതുതനങ്ങാടി കരിശുപള്ളിയിൽനിന്ന ഒരു രൂപായും പിരിച്ചെഴുതുകയും അതിനെ ശരിയായി പിരിച്ചുകൊടുക്കുന്നതിനു മാർത്തോമ്മൻ മണി അവർകളെ ഭരമേല്പിച്ചു തിരുമ്മേനി യോഗം പിരിയുകയും ചെയ്തു.

എന്നാൽ ടി. മണി അവർകൾക്കു നിയമപ്രകാരം ശരിയായി പണം പിരിച്ചു തരുന്നതിനു സൌകര്യമില്ലന്ന പിന്നീട പറഞ്ഞു ഒഴിയണമെന്ന അപേക്ഷിച്ചതിൽ ദിവ്യശ്രീ സ്ഥലാധികാരങ്ങളും അങ്ങോടിക്കാരിൽ ചിലരുംകൂടി തൈക്കതലക്കൽ ഞാമ്മി അവർകളേയും കരിശുപള്ളിൽ ലൂക്കോസു അവർകളേയും പണപ്പിരിവിനായും പോരായ്മയെ നിരോധിക്കുന്നതിനായി മാർത്തോമ്മൻ മണി അവർകളേയും നിശ്ചയിക്കയും അതിൻപ്രകാരം മിക്കവാറും പണംപിരിച്ചു മാനേജരായ മ. മ. പത്രാധിപർ മുഖാന്തിരം ചിലവു ചെയ്കയും ചെയ്തിരിക്കുന്നു. ഈ അവസരത്തിൽ അവർ ചെയ്ത സഹായത്തിനായി കൃതജ്ഞതാപൂർവ്വം അറിയിച്ചുകൊള്ളുന്നു.

അനന്തരം മുമ്പിലത്തെ കരാറനുസരിച്ചു പത്രാധിപരവർകൾ അങ്ങോടിക്കാരുടെ സമ്മതത്തോടുകൂടി പ്രാഥമീകപരീക്ഷ ജയിച്ചതിൽ ഒരാളെ രണ്ടാം വാദ്ധ്യാരായി നിയമിക്കണമെന്നുള്ള ഉദ്ദേശപ്രകാരം കെ. എം. പീലിപ്പോസ് അവർകളേയും തച്ചൽ. പാട്ടു മുതലായ്വ പഠിപ്പിക്കേണ്ടതിനായി തെക്കുംഭാഗം ഡിസ്ട്രിക്ടു പൌൺ പള്ളിക്കൂടത്തിൽ ഉയന്നക്ലാസിൽ പഠിച്ചിട്ടുള്ളതായ ഒരുസ്ത്രീയെ ഉപാദ്ധ്യായനിയായും നിയമിക്കയും മിഥുനം ൧൪-ാംനു-യോടുകൂടി ഈ കുട്ടികൾ തുടങ്ങുകയും ഏറിയഭാഗവും പെൺകുട്ടികൾ ഇതുകൊണ്ടും സുറിയാനിക്കാരു സംബന്ധമുള്ളതുകൊണ്ടും പെൺപള്ളിക്കൂടമായി വരുകയാൽ ഈ രൂപാ ഗ്രാന്റിനെ മ. മ. പത്രാധിപരവർകൾ മുഖാന്തിരം അപേക്ഷിക്കയും ആ അപേക്ഷപ്രകാരം ഉത്തരവായിട്ടുകൂടി കോട്ടയം സെന്റ് ഇൻസ്റ്റുക്ടർ കുഞ്ഞപിള്ള ബി. എ. അവർകൾ മാനേജരായ പത്രാധിപരവർകൾ സമേതം ഫ്രൈകുട്ടികം ൧൪-ാംനു- പള്ളിക്കൂടം പരിശോധിച്ചുമാസം ൧൫ രൂപാ പീതം ഗ്രാന്റു അനുവദിക്കുമെന്നു അഭിപ്രായപ്പെട്ടു ശമ്പളത്തിലേക്കു ഈ പാശി ചെയ്കയും ചെയ്തു. ദൈവകൃപയാൽ ഒന്നാം താരീസിയായതു അപേക്ഷപ്രകാരം ചിങ്ങം ൧-ാംനു- മുതൽ ൧൫ൽ രൂപാപീതം അനുവദിച്ചു ഉത്തരവുമായിരിക്കുന്നു.

ഇപ്പോൾ രജിസ്തറിൻപ്രകാരം വൻ കുട്ടികളിൽ ൧൫ കുട്ടികൾ ക്രമമായി ഹാജരാകാഴിക നിലിഞ്ഞും തള്ളിയുംനീക്കി ൧൫ കുട്ടികൾ ഉള്ളതിൽ നാലു പെൺകുട്ടികളും നാല് ആൺകുട്ടികളും ഉണ്ടു. ശരാശരി നാറു കുട്ടികളും ഹാജരുണ്ടു.

ഈതോടുകൂടി ഹാജരാക്കിയിരിക്കുന്ന കണക്കുപ്രകാരം ഗ്രാന്റും പീസുപിരിവും കൊണ്ടു മനിയാകാതെവരുന്ന ചിലവിലേക്കും മൻപകയായി ഉള്ള കടം വീട്ടിലേക്കും ഒരുനിവൃത്തി ഉണ്ടാകിത്തരുന്നതിനും യോഗത്തോടു അപേക്ഷിച്ചുംകൊണ്ടു ഈ റിപ്പോർട്ട സമർപ്പിച്ചു കൊള്ളുന്നു

ഹെഡ്മാസ്റ്റർ പി. ഐ. കുര്യൻ".

മാതുസഭയെ നിന്ദിക്കുന്ന വിദ്യാർത്ഥികൾക്കും അദ്ധ്യാപകന്മാർക്കും

(മലൈല്ലാവക്കും)

(തുടർച്ച)

പ്രിയരെ! ഒരു ധർമ്മത്തിൽ നിലനിൽക്കുന്ന ഒരുവൻ ആ ധർമ്മസംബന്ധമായ വിശ്വാസാചാരങ്ങളെയോ കർമ്മാചാരങ്ങളെയോ സംബന്ധിച്ചു ഏറക്കുറെ എങ്കിലും അറിഞ്ഞിരിക്കേണ്ടതു അവന്റെ ദൈവീകകർത്തവ്യകർമ്മങ്ങളിൽ പ്രധാനമായിട്ടുള്ള ഒന്നത്രെ. ഒരു ആത്മമനുഷ്യൻ തന്റെ ധർമ്മത്തെയോ കർമ്മത്തെയോ വിശ്വാസത്തെയോ വെടി

ഞ്ഞു മറ്റൊന്നിനെ കൈക്കൊള്ളുണമെങ്കിൽ തന്റെ ആത്മോദ്ദേശ്യമാകുന്ന ആ നിത്യരാജ്യസൗഭാഗ്യത്തെ അനുഭവിക്കുന്നതിനു പ്രതിബന്ധങ്ങളായി ഏതെങ്കിലും താൻ നിന്നുവന്നതായ ധർമ്മത്തിലൊ കൈക്കൊണ്ടുവന്നതായ വിശ്വാസത്തിലൊ അനുഷ്ഠിച്ചുപോന്നതായ കർമ്മത്തിലൊ ഉണ്ടെന്നു തന്റെ മനൊസാക്ഷി തന്നെ ബോദ്ധ്യപ്പെടുത്തണം. എന്നാൽ നേരെ മറിച്ചു ഒരു ആത്മമയൻ തന്റെ ധർമ്മത്തിൽ കല്പിക്കപ്പെട്ടിരിക്കുന്ന വിശ്വാസങ്ങളെയും കർമ്മങ്ങളെയും യഥാപ്രകാരം താൻ ആചരിച്ചു അനുഷ്ഠിക്കുന്നതായാൽ തന്റെ ആത്മോദ്ദേശ്യമാകുന്ന ആ നിത്യരാജ്യത്തെ അനശ്വരമായ സർവ്വസൗഭാഗ്യാദികളും അനുഭവിപ്പാൻ തക്കവണ്ണം ജീവനദിയുടെ ഉറവ അതിൽ നിന്നു ഒഴുകികൊണ്ടിരിക്കുമ്പൊൾ അവയെ നിരാകരിച്ചും വച്ചു മറ്റൊന്നിനാൽ സാദ്ധ്യശക്തി വരുത്തികൊള്ളാമെന്നു കരുതി ഓടുന്ന ഒരുവനെ, തന്റെ ജന്മവിശ്വാസത്തിൽ അറിവില്ലാത്ത ഒരു മൂഢനെന്നൊ ഇഹലോകമോഹാദികളാകുന്ന സ്ത്രീജിത്തിലൊ പരദ്രവ്യകാംക്ഷയിലൊ മുഴുകിയ ഒരു ജഡമയനെന്നൊ വിധിപ്പാനെ നിസ്സക്ഷവാദിയായ ഒരു സൂക്ഷ്മദർശിക്കു നിവൃത്തിയുള്ളു. എന്നാലൊ പ്രിയരെ. നാം നമ്മെത്തന്നെ പരീക്ഷിക്കുന്ന ഏകൻ നാം ക്രിസ്തുധർമ്മത്തിലുൾപ്പെട്ട ഒരു ശാഖയാകുന്ന യാക്കൊബായ വിശ്വാസനിരയിൽ ജനിച്ചവരും മാതൃസഭയാകുന്ന സുറിയാനിസഭയുടെ മുലപ്പാലുകുടിച്ചു വളർന്ന ഒരു വിശ്വാസികളും ആയതൊന്നുള്ളതിനു ഒരുത്തക്കും ഭിന്നാഭിപ്രായം ഉണ്ടായി വരുമെന്നു ഞാൻ വിചാരിക്കുന്നില്ല. ഇങ്ങനെയിരിക്കെ ഈ വിശ്വാസനിരയിൽ ജനിച്ചവരും ആ നിരയിൽ വന്നെത്തേണ്ടവരുമായ ഓരൊ സഹൊദരങ്ങൾ ഈ പത്തൊമ്പതാം നൂറ്റാണ്ടിൽ വന്നപ്പൊൾ ഇകാലത്തും അടുത്ത കാലത്തും ഉണ്ടായിട്ടുള്ള ഒരു വക ഇംഗ്ലീഷായിട്ടും, നവീകരണമായിട്ടു, യൂയൊമയമായിട്ടും, ഡെവീഡായിട്ടും, രക്ഷാസൈന്യമായിട്ടും ജാതമാകുന്നതിനെ കണ്ടിട്ടു, മേൽകാണിച്ച സ്വായങ്ങളാൽ യാക്കൊബായ വിശ്വാസനിരയിൽ നിന്നാൽ മോക്ഷപ്രാപ്തിക്കു തടസ്സമുണ്ടെന്നു സങ്കല്പിച്ചുപൊയ ഒരു കൂട്ടരെന്നൊ, ജന്മവിശ്വാസത്തിലെ ശ്രുതിരാത്ഥങ്ങളെ ഗ്രഹിക്കാതെ പൊയ മൂഢരെന്നൊ ഇഹലൊകാഡംബരാദികളിൽ മൊഹിച്ചു ഗമിച്ചു ജഡമയന്മാരെന്നൊ പറവാൻ മാത്രമെ എന്റെ ശ്രുദ്ധഗതിയിൽ കാണുന്നൊള്ളു. ഹാ പ്രിയ സഹൊദരാ., നിന്റെ മാതാമഹിയായ സുറിയാനിസഭയ്ക്കു കീഴ്പ്പെട്ടിരുന്നാൽ രക്ഷ ശൂന്യമാണെന്നു കണ്ടിട്ടു നീ പൊയതാണെങ്കിൽ ആ വാസ്തവം എന്തുകൊണ്ടു എന്നെയും എന്നെപ്പൊലെ അനേകായിരത്തെയും നീ ധരിപ്പിക്കാത്തതു ഞങ്ങൾ അത്യുന്നതരാജ്യത്തിന്റെ അവകാശികളായി തീരാതെ നിത്യകൂപാഗ്നിയിൽ കണ്ടെത്തപ്പെടണമെന്നാണൊ നീ വിചാരിക്കുന്ന എങ്കിൽ അറിഞ്ഞുംകൊണ്ടു മഹാപാതകം ചെയ്യുന്ന നീ എന്മാത്രം അടിക്കയൊഗ്യനെന്നു നിന്നെത്തന്നെ നീ ഒന്നു ശൊധന ചെയ്യുക. ഇപ്രകാരം അമാന്തിക്കുന്നതു പുരുഷത്വം ലവലെശമെങ്കിലും തീണ്ടീട്ടുള്ള ഒരു ആത്മമയന്റെ നീതി

ക്കു ചേരുന്നതൊ. സഹൊദര സ്നെഹമില്ലാത്ത ഒരു കഠിനകണ്ണനായി നീ എന്തുകൊണ്ടു ചമയുന്നു. കണ്ടാലും സഹൊദരന്മാർ ഐകമത്യത്തൊടു വസിക്കുന്നതു എത്ര സന്തൊഷപ്രദമായ ഒരു സംഗതിയെന്നു എന്തുകൊണ്ടു നീ അറിയുന്നില്ല. എന്നാൽ യാക്കൊബായവിശ്വാസ നിരയിൽ രക്ഷയ്ക്കു പ്രതിബന്ധങ്ങളായും വെദത്തിനു പ്രതിക്രൂലമായും അതു ചരിച്ചും അനുഷ്ഠിച്ചും പൊരുന്ന വിശ്വാസങ്ങളും കർമ്മങ്ങളും ഏതെല്ലാമാണെന്നു ഓരൊരുത്തരുടെയും വാസസ്ഥലത്തു ചെന്നു അവരെ പറഞ്ഞു പരബൊധപ്പെടുത്തുന്നതു നിനക്കു പ്രയാസമാകയാൽ വല്ല പത്രമൂലമെന്നായും അവയെ ഏല്പിച്ചുത്തി വ്യവഹരിക്കാമെന്നു ഒരുസമാധാനം നീ പറഞ്ഞെക്കുമെന്നു ഞാൻ ശങ്കിക്കുന്നു. നിന്റെ സമാധാനം അപ്രകാരമെങ്കിലും അതു വളരെ സ്വീകാരയൊഗ്യമായിട്ടുള്ളതെന്നു നിന്നൊടുക്രൂടി ഞാനും ഏറ്റു സമ്മതിക്കുന്നു. അതിലെക്കു നീ അധാരമാക്കുന്ന പത്രം ഏതാണെന്നു അറിയിച്ചാൽ അതിനായിട്ടു ഞാൻ നൊക്കിപ്പാക്കാം. അപ്രകാരം യാക്കൊബായ വിശ്വാസ നിരയിൽ നിന്നാൽ അശിക്കപ്പെട്ടിരിക്കുന്ന മൊക്ഷ സൗന്ദര്യ്യം ഉണ്ടാകയില്ലന്നു വെദസാക്ഷികളൊടുക്രൂടി എന്നെ ബൊദ്ധ്യപ്പെടുത്തുന്നതിനു സഹൊദരാ ഇതാ നിന്റെ പിന്നാലെ ഗമിച്ചു നിന്നെപ്പൊലെ തന്നെ വെണ്ടിവന്നാൽ സുറിയാനിസഭയ്ക്കു അപരാധം പറകയൊ കയ്യ് പൊക്കുകയൊ പാളത്താടും തലപ്പാവും ധരിക്കുകയൊ എന്നുവേണ്ടാ നീ പറയുന്ന ചെഷ്ടിതങ്ങൾ ഒക്കയും ചെയ്യുന്നതിനു ഞാൻ തയ്യാർ. എന്തുകൊണ്ടെന്നാൽ രക്ഷയില്ലന്നു നീ നിണ്ണയിച്ചിരിക്കുന്ന യാക്കൊബായവിശ്വാസത്തിൽ നിന്നു കാലം കഴിക്കുന്നതിനെക്കാൾ നീ ഉദ്ദെശിച്ചിരിക്കുന്ന സഭയിലെ അനന്തമംഗളകരമായ അസ്വാതന്ത്ര്യാ അനുഭവിക്കുന്നതു എത്രയും നന്നെന്നു ഞാൻ വിചാരിക്കുന്നു. നേരെമറിച്ചു യാക്കൊബായ വിശ്വാസം രക്ഷയ്ക്കു പ്രതിബന്ധമല്ലെങ്കിലും അതിൽ വിശുദ്ധിമാന്മാരൊടു അപെക്ഷിക്കുന്നതും നൊമ്പു നൊക്കണമെന്നു നിർബ്ബന്ധിക്കുന്നതും അതു നന്നല്ലെന്നു ചിലരും, ഡെവീഡും, രക്ഷാ സൈന്യവും വന്നതിൽപിന്നെ മദ്യപിക്കുന്നില്ലാ, വ്യഭിചരിക്കുന്നില്ലാ എന്നു മറുചിലരും പറയുന്നുണ്ടു.

ഹാ സഹൊദരാ! പരിശുദ്ധന്മാരൊടു അപെക്ഷിക്കുന്നതും നൊമ്പു നൊക്കുന്നതും വെദവിരൊധമാണെന്നുകരുതി നീ പൊയതാണെങ്കിൽ അതാണു നീ വെദത്തിന്റെ ആന്തരാർത്ഥങ്ങളെ ഗ്രഹിക്കാതെപൊയ ഒരു മൂഢനെന്നു നിന്നെപ്പറ്റി ഞാൻ പറഞ്ഞതു. ഇതിലെക്കു "മരിച്ചവരും മെനാത്തിലെക്കു ഇറങ്ങുന്ന ഏല്ലാവരും യഹൊവായെ സ്തുതിക്കുന്നില്ലാ" എന്നൊ "വായിക്കകത്തു പൊകുന്നതൊന്നും മനുഷ്യൻപുത്രനെ അശുദ്ധിയാക്കുന്നില്ലെന്നൊ" ചിലവാക്യങ്ങൾ നീകണ്ടിരിക്കാം. സഹൊദരാ മുഷിയരുതെ. ദൈവത്തൊടുതന്നെ അപെക്ഷിക്കുന്നതും മാസാദികൾക്രൂടാതെ ഒരു നെരമെങ്കിലും തീൻ കഴിക്കുന്നതും ധാരമട്ടിനു പൊരെന്നു വിചാരിക്കുന്ന നിന്നൊടു പരിശുദ്ധന്മാരൊടും ക്രൂടെ അപെക്ഷിക്കണമെന്നുപറയുന്നതും നൊമ്പുനൊക്കണമെന്നു നിർബ്ബന്ധി

ക്കുന്നതും കുറച്ചു ഉപദ്രവകരമായിരിക്കാം എന്നു ചെയ്യാം. നിന്റെതാ
ളത്തിനു ഒച്ചിച്ചു സുറിയാനിക്കാരി കൊട്ടുന്നകാലമില്ലല്ലൊ. സ്നേഹിതാ
നിന്റെ തന്നിഷ്ടപ്രാപ്ത്യനേത്തിനു അനുരൂപമായി സുറിയാനിക്കാരി
വ്യാഖ്യാനിക്കുന്നില്ലെന്നുവച്ചു് അവളെ നിനക്കു എന്തുമാത്രം അപരാ
ധം പറയാം. അവളല്ലെ നിന്റെ പൊറുതള്ള. എന്തുകൊണ്ടു നീ കു
ടിച്ചു മുലപ്പാലിന്റെ നന്ദി എങ്കിലും കാണിക്കാത്തതു. ഹാ സ്വയമായി
വ്യാഖ്യാനിക്കാത്തതു അവളുടെ ദോഷമല്ല. പിന്നെയൊ മേലെവാക്യ
ത്തിലുള്ള ഒരു ശീർഷങ്ങൾപോലും സ്വയമായി വ്യാഖ്യാനിക്കുതകുതല്ലെന്നുള്ള
തിനെ പ്രധാനമായി അറിഞ്ഞുകൊള്ളുവീൻ എന്ന അമ്മൂപ്പൻ പത്രൊ
സ് ശ്ലീഹാ പറഞ്ഞതിനെ അവൾ ആധാരമായിസ്വീകരിച്ചിരിക്കുന്നതി
നാലത്രെ. നിന്റെ വളർത്തപ്പനായ ലൂതർ ചില ലേഖനങ്ങൾ തനി
ക്കിഷ്ടമായികാണാഞ്ഞതിനാൽ അവ കൃത്രമമാണെന്നു പറഞ്ഞു തള്ളിയ്യു
പൊലെ തള്ളുന്നതിനു നിനക്കു ഭാവമില്ലെങ്കിലും, നോമ്പു മുതലായവ
യെ സംബന്ധിച്ചു പറഞ്ഞിരിക്കുന്ന വാക്യങ്ങൾ റദ്ദ് ചെയ്യാൽ കൊ
ള്ളാമെന്നു നീ വിചാരിക്കുന്നില്ലയൊ. നിന്റെ പൊറുതള്ളക്കു കുറെ
പറവാൻ നിന്നെ സംശയിപ്പിച്ച വാക്യങ്ങൾ ഏവ. അങ്ങിനെ നിനക്കു
സംശയം തട്ടിയാൽ നിന്റെ ധർമ്മമെന്ത്. നിന്റെ സ്വനീതിയിൽ
എന്തുകൊണ്ടു നീ ആശ്രയിക്കുന്നു. നിന്നെക്കാൾ വേപോണ്ടിത്യമുള്ള
വർ ഇല്ലെന്നൊ നീ വിചാരിക്കുന്നതു. ഹാ ആകാശത്തൊളം ഉയർന്നു
കൂപ്പുന്നഹൊമെ, നീ പാതാളത്തൊളം താഴ്ത്തപ്പെട്ടും. ഇനിയും ഡെ
വീഡു വന്നതിൽപിന്നെ മദ്യപിക്കുന്നില്ലാ വ്യഭിചരിക്കുന്നില്ലാ എന്നു
പറയുന്ന സഹൊദരാ നീ യാകൊബ്യായവിശ്വാസത്തിൽ നിന്നപ്പൊ
ൾ നിന്നൊടു മദ്യപാനം ചെയ്യണമെന്നു പറഞ്ഞ പൈശീകന്മാർ ആ
രെല്ലാം. നീ വ്യഭിചാരം ചെയ്യണമെന്നു നിന്നൊടു ആരു ഗ്രഹണൊ
ഷിച്ചിട്ടുണ്ടു. നീ കള്ളസ്സത്യം ചെയ്കയാധാരം നിർമ്മിക്കണമെന്നു ഏതു പട്ടക്കാർ നി
ന്നൊടുപദെശിച്ചു. നി കള്ളസാക്ഷി പറയണമെന്നു ഏതുപദെശി പ്രസം
ഗിച്ചു. പിന്നെ എന്തുകൊണ്ടു നീ ഓരൊ നാട്യങ്ങൾ പറയുന്നു. ഓ
പുതുമപ്രിയനായ അതെനിയാ സഹൊദരാ ഇതെല്ലാം നിന്റെ പുതു
മപ്രിയത്വംഅല്ലാതെ മറെറന്തെന്നാണു നീ വിചാരിക്കുന്നതു. ഒന്നുവ
ന്നാലും ഒൻപതുവന്നാലും അറിയാത്തനിന്നൊടു എന്തുപറയെണ്ടു.

കടശി ദ്രവ്യകാംക്ഷയിലും സ്ത്രീജിതത്തിലും ഭ്രമിച്ചു യാകൊബ്യായ
വിശ്വാസനിരയിൽനിന്നു ഓടിപ്പോയിരിക്കുന്ന സഹൊദരന്മാരെ, ശ
മ്പളത്തെഓർത്തു പൊറുതള്ളയെ വിറുതിന്നരുതെ. നീ ശർപ്പാത്രത്തി
ൽ ഉരുവായിടംമുതൽ നിന്നെ ചുമന്നവൾ ഇവൾആകുന്നു. നിനക്കു
വേണ്ടി പ്രസവവെദന സഹിച്ചവൾ ഇവളാകുന്നു. നിനക്കു അന്നപാ
നാദികൾ തന്നവൾ ഇവളാകുന്നു. "ലൊകത്തൊടുള്ള സ്നെഹം ദൈവ
ത്തൊടുശത്രുതയാകുന്നു" എന്നു നീഅറിയുന്നില്ലയൊ "ലൊകവും അതി
ന്റെ മൊഹാദികളും ഒഴിഞ്ഞുപൊകുമെന്നു നീഅറിയുന്നില്ലയൊ" "നി
മുക്കുള്ള ബാവാന്മാരാൽ കല്പിക്കപ്പെട്ടിരിക്കുന്ന ക്രമാശകളും കൈക്കൊ
ണ്ടു നല്ലവഴിക്കു ഇടക്രുടുകയും ചെയ്യു" എന്നുള്ള ഒരു അന്ത്യവാചകം

കൊണ്ടു നീ യാക്കോബായക്കാരൻ എന്നൊ അത്രമാക്കുന്നതു. മാണിക്കമെന്ന പെണ്ണിനെ കാല്യാണംചെയ്യുന്നതിനു ഓടിയ മാവേലിക്കരക്കാരൻ സഹൊദരാ! മദ്രാസിലെക്കു അവളെ സ്ഥലം മാറിയപ്പൊൾ നിന്റെരക്ഷ എവിടെ? നാഗൎകൊവിലെക്കു ഓടിയവനെ നിന്റെ കാൎയ്യം സാധിച്ചൊ? ബങ്കളൂർ ആതുരശാലയിൽ പ്രസവത്തിനായിപ്പൊയിരിക്കുന്ന രക്കിക്കപ്പെട്ട വിധവാരത്നമെ നിന്നൊടുക്കുടെ കൈപൊക്കിയ പുണ്യവാളൻ എവിടെ? ഇരവേലിക്കാരാ- സ്ത്രീ സംഘത്തിലെ വിധവ എങ്ങിനെ ഗൎഭിണിയായി കണ്ടെത്തപ്പെട്ടു? നിന്റെ സംഘൊദ്ദെശ്യമെന്ത്"? ഇതൊ നിന്റെ രക്ഷ? ഹാ ചൂളപോലെ എരിയുന്ന ദിവസം വരുന്നു. നിന്റെ പിത്തലാട്ടം ഒന്നും പറ്റുമെന്നു വിചാരിക്കെണ്ടാ. നിന്റെ മാതാവായ സുറിയാനിസഭ, ആ പതിവ്രതയുള്ള കന്യക, ക്രിസ്തുവിൻ പരമ മണവാട്ടി, സ്ത്രീകളിൽ അതിസുന്ദരി, പതിനായിരംപേരിൽ അത്യുത്തമി, ഇതാ നിന്നെകുറിച്ചു "പൈതങ്ങളെ ഞാൻ രക്ഷിച്ചു വളൎത്തി അവർ ഇനിക്കു വിരൊധമായി മത്സരിച്ചിരിക്കുന്നു എന്നു നെടുവീൎപ്പിട്ടു നിലവിളിക്കുന്നു. ഇനിയും നീ അവളെ മുറിപ്പെടുത്തരുതു അതിനാൽ എന്റെ മത്തായിച്ചാ, ചാക്കൊച്ചു, തോമാച്ചാ, ചെറിയാച്ചാ. അന്നാമ്മെ, മറിയാമ്മെ, നീ എവിടെ നിന്നു വീണു എന്നൊൎത്തു അനുതപിച്ചു വേഗംതിരിഞ്ഞു നിന്റെ മാതാവിന്റെ മടിയിലെക്കു പാഞ്ഞെത്തുക. അവൾ ഇതാ കാണാതെ പൊയ ആടിനെ കണ്ടുകിട്ടിയവനെ പൊലെയും, തിരിച്ചുവന്ന മൂടിയനായ പുത്രനെ കൈക്കൊണ്ട പിതാവിനെ പൊലെയും, അനുതപിക്കുന്ന പാപിയെപറ്റി സ്വൎഗ്ഗത്തിലുള്ളമാലാകമാർ സന്തൊഷിക്കുന്നതുപൊലെയും നിന്റെ തിരിച്ചു വരവിനായി അതിവാഞ്ഛയൊടു നൊക്കിപാൎക്കുന്നു. വരിക, വരിക, വെഗം വരിക.

എന്ന് യാക്കൊബായകൊച്ചൻ.

മനസ്സലിവു്.

"ജനിക്കു അപനിൽ മനസ്സലിവുണ്ടു്" മക്കൊസ് വ്യൂ- ൨- വാ-

നമ്മുടെകൎത്താവു കാണിച്ചിരിക്കുന്ന മനസ്സലിവു തന്റെ ജനങ്ങൾക്കു എത്രയൊ വിലയെറിയതായ ഉത്തമ മാതൃകയാകുന്നു. ലൊകം മുഴുവനും നിഭാഗ്യ സ്ഥിതിയിൽ ആയിപ്പൊയതിനെകുണ്ടു മനസ്സലിവുണ്ടായി അതിനെ രക്ഷിക്കുന്നതിനായി വന്നു. താൻ സഞ്ചരിച്ചസ്ഥലങ്ങളിലെല്ലാം കണ്ടമനുഭവിക്കുന്നവരുടെ ദുഃഖശബ്ദങ്ങൾ തന്റെ ചെവികളിൽ പതിഞ്ഞു. അതുകൊണ്ടു എല്ലാടവും സഞ്ചരിച്ചു ഏവൎക്കും സഹായിച്ചു. എല്ലാവരെയും ആശ്വസിപ്പിക്കുന്നതു തനിക്കു സന്തൊഷമായിരുന്നു. വ്യസനത്താൽ ആരെങ്കിലും ശുവലാധിപറയുന്നതുകേട്ടാൽ ഉടനെ നിന്നു അതു എന്തെന്നു അന്വെഷിക്കും. അന്വെഷിക്കുമ്പൊൾ അതിരറ്റ സ്നെഹസാഗരമാകുന്ന തന്റെ മനസ്സു അലിയും. തങ്ങൾക്കുള്ളവരെ കാണ്മാനും അവരുടെ നടുവിൽ വസിപ്പാനും കഴിയാതെ ഏ

ല്ലായ്പോഴും ഗ്രാമത്തിനു വെളിയിൽ കിടക്കുന്ന കുഷ്ഠരോഗിയെ കണ്ടാലും ദയയായി സംസാരിച്ചു അവനും നന്മചെയ്യും. ഒരിക്കൽ താൻ ഒരു കുഷ്ഠരോഗിയെ കണ്ടപ്പോൾ മനസ്സലിഞ്ഞു തന്റെ കൈനീട്ടിഅവനെ തൊട്ടു ശുദ്ധമാക്കി. യെറിഹൊയിൽ വഴിയറിയാതെ തപ്പിത്തടഞ്ഞു സഹായത്തിനായി അപേക്ഷിച്ചു കുരുടന്മാരെ കണ്ടപ്പോൾ യേശു അവരുടെ കണ്ണുകളിൽതൊട്ടു കാഴ്ചകൊടുത്തു. നായിൻപട്ടണത്തിലെ സാധുവായ വിധവ അവൾക്കു ലോകമഹത്വവും വെളിച്ചവുമായിരുന്ന ഏകപുത്രൻ മരിച്ചു അവനെ സംസ്കാരംചെയ്വാൻ കൊണ്ടുപോയവരുടെ പിന്നാലെ മഹാദുഃഖത്തോടെ പൊകുന്നതുകണ്ടു മനസ്സലിവുതോന്നി അവളുടെ കരച്ചിലിനെമാറി. താൻ ഒരിക്കൽ യറുശലെം "പോഴായി വിടപ്പെട്ടന്നു" എന്നുപറഞ്ഞു. അതു പറയുമ്പൊൾ താൻ വലിയ ദുഃഖിതനായി തന്റെ കണ്ണുകളിൽനിന്നു കണ്ണുനീരുധാരയായി ഒഴുകി. ഇപ്രകാരം തന്റെ ശാസനയാകുന്ന മേഘത്തിൽ ക്രൂടിയും മനസ്സലിവാകുന്ന മഴവില്ലിനെ നാം കാണുന്നു.

വായനക്കാരെ. നിങ്ങളുടെ രക്ഷിതാവിനെപ്പൊലെ ഇല്ലെങ്കിലും നിങ്ങൾ അല്പമെങ്കിലും മനസ്സലിവുള്ള വചനങ്ങളും പ്രവൃത്തികളുമുള്ളവരാകുന്നുവൊ?. ലോകത്തിന്റെ അരിഷ്ടാവസ്ഥയെപ്പറ്റി അലൊചിക്കുമ്പൊൾ അയ്യൊപാവം എന്നു പറകമാത്രം ചെയ്യാൽ മതിയൊ. കഷ്ടതയാൽ വലയുന്ന മനുഷ്യരുടെ വേദന ശമിപ്പിക്കുന്നതിനു എന്തെങ്കിലും ചെയ്യണമെന്നുള്ള താല്പര്യം നിങ്ങൾക്കുണ്ടൊ?. എന്നൊട്ടു മനസ്സലിയണമെ മനസ്സലിയണമെ എന്നു എത്രയൊ കായ്യങ്ങൾ നിങ്ങളെനൊകി നിലവിളിക്കുന്നു. അത്മസഹായമറ എണ്ണമില്ലാത്ത അജ്ഞാനികൾ നിങ്ങളുടെ പുറവും ഇല്ലയൊ. ഇവക്കു രക്ഷാമാർഗ്ഗത്തെ അറിയിപ്പാൻ നിങ്ങൾകെല്പാവക്കും കഴികയില്ലായിരികാം. പണം കൊണ്ടൊ ദെഹാദ്ധ്വാനം കൊണ്ടൊ കഴിയുന്നിടത്തൊളം അതിലെകായി സഹായികെണ്ടയൊ?. പകരുന്ന വ്യാധിയാൽ വലയുന്ന ആ ഗ്രാമത്തെ നൊക്കുവിൻ. പട്ടിണിയും വിശപ്പും സഹിച്ചു കണ്ടപ്പെട്ടന്ന ആകുടുംബത്തെ കാണുവിൻ. നിസ്സഹായികളായ നിങ്ങളുടെ അയല്പക്കാരെ നൊക്കുവിൻ. ഈ അനാഥകുട്ടികളെ കാണുവിൻ. ഏകനായി രൊഗം പിടിച്ചു മരണകിടക്കയിൽ കിടക്കുന്ന ആ അഗതിയെ നൊക്കുവിൻ. മക്കളും മരിച്ചു പഴന്തുണിയും ഉടുത്തു യാതൊരു സഹായവുമില്ലാതെ കിടക്കുന്ന ആ സ്ത്രീയെ നൊക്കുവിൻ. ഇപ്രകാരം സമീപത്തും ദൂരത്തും നിങ്ങളിൽ മനസ്സലിവുണ്ടാക്കേണ്ടുന്ന കായ്യങ്ങൾ അനെകമില്ലയൊ?ഒരു ചെമ്പുകാശു മാത്രം കിട്ടിയാൽ അതിനെ പൊൻകട്ടിപൊലെ വിചാരിച്ചു സന്തൊഷത്തൊടെ അംഗീകരിക്കുന്ന ദരിദ്രർ നിങ്ങളുടെസമീപത്തു എത്രയുണ്ടു? നിങ്ങൾക്കുള്ള സർവ്വും ദൈവദാനമെന്നും അതിനെ ശരിയായി വ്യയം ചെയ്യണമെന്നും നിങ്ങൾ നിരൂപിക്കുന്നു എങ്കിൽ എത്രവലിയ നന്മകൾ നിങ്ങൾക്കു ചെയ്വാൻ കഴിയും. താൻ നിങ്ങൾക്കു ലൊകധനം തന്നിരിക്കുന്നതു അത്യാഗ്രഹികളായി സ്വരൂപിക്കുന്നതിനും നാനാവിധമാകി കളയുന്നതിനും അല്ലല്ലൊ. നിങ്ങളുടെസ്വത്തു

ദൈവം നിങ്ങളെ ഏല്പിച്ചിരിക്കുന്ന ഒരു ട്രസ്റ്റ് മുതലാകുന്നു. അതുകയാൽ അതിനെ നിങ്ങളുടെ സ്വാധീനമായി അപഹരിച്ചുകൊള്ളാതെ തന്റെ തിരുവിഷ്ടപ്രകാരം മനസ്സലിവൊടു കൂടി ഉപയോഗിക്കേണ്ടതാകുന്നു.

നമ്മുടെകർത്താവു അഗതികളുടെ കൂടെ തന്റെ കൂടെയായിട്ടും അവർക്കുചെയ്യുന്ന സഹായം തനിക്കു സഹായമായും വിചാരിക്കുന്നു. നിങ്ങൾ നിങ്ങളുടെ പേരിനു യോഗ്യമാംവണ്ണം മറ്റുള്ളവരിൽ മനസ്സലിഞ്ഞു ഏതുതന്നെ ചെയ്യാലും പുതിയനിയമത്തിലും പറഞ്ഞിരിക്കുന്നു അതു വിധവയെപ്പോലെ രണ്ടു കാശുമാത്രം ഇട്ടാലും ഒരു പാനപാത്രം തണുത്തവെള്ളം കൊടുത്താലും അതും ഇല്ലാത്ത പക്ഷം സ്നേഹത്തോടെ സംസാരിച്ചാലും ഇതുകളെല്ലാം ജീവന്റെ പുസ്തകത്തിൽ കർത്താവിനു കടം എന്നെഴുതപ്പെടുന്നു. ആ പുസ്തകം തുറക്കപ്പെടുന്ന നാളിൽ താൻ അതിനെ മുതലുംപലിശയുംകൂട്ടി നിങ്ങൾക്കു തന്നുതീർക്കയുംചെയ്യും.

"നിങ്ങളും കർത്താവിന്റെ ആ മനസ്സിനെത്തന്നെ ആയുധമായി ധരിപ്പിൻ". (തുടരും) പി.

സൂചനകൾ

നി. വ. ദി. ശ്രീ. മാർ ഇവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു ജൂൺമാസം ൧൫-൦൩- സിങ്കനാരിയിൽ എഴുന്നെള്ളി താമസിച്ചുപോരുന്നു.

തിരുനാൾ—മഹാരാജാവു തിരുമനസ്സിലെ തിരുനാൾ പ്രമാണിച്ചു ജൂൺമാസം ൨൫-൦൩- ജൂൺ ൩൦പ്പിനും പൂട്ടപ്പെട്ടു. തിരുമേനി ആയുരാരോഗ്യസമ്പൽ സൌഭാഗ്യാദികളോടുകൂടിയിരിപ്പാൻ ഞങ്ങൾ ജൂൺ സന്ദർഭത്തിൽ ദൈവത്തെപ്രാർത്ഥിക്കുന്നു.

ഒരുകാര്യം—കഴിഞ്ഞുപോയ പരിശുദ്ധ ൧൯-മതെ പത്രോസ ഇഗ്നാത്യോസ് പാത്രിയർക്കീസുബാവാ തിരുമനസ്സിലെ നിഷ്കാരണദിവസമായിരുന്ന ജൂൺമാസം ൨൯-൨൫ാംയുള്ള പതിവുപോലെ കല്പനയും ശുശ്രൂഷകളും സിങ്കനാരിപ്പള്ളിയിൽനടത്തുകയുണ്ടായി.

ഒരുദാനം—മാർഇവന്നാസ്യോസ് സിങ്കനാരിയൊടു ചേർന്ന മനോരമത്തുപ്പീസായി ഉപയോഗിച്ചുവന്ന കെട്ടിടം ക്രിസ്ത്യാനിവിദ്യാർത്ഥികളുടെ സൗകര്യമായി തീർക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നു. ഈ കെട്ടിടത്തിന്റെ കേടു പോക്കുന്നതിനു കരുണാപരിധിയായിരിക്കുന്ന വലിയതമ്പുരാൻ തിരുമനസ്സുകൊണ്ടു ൪൦൦ രൂപാ ദാനംകൊടുത്തിരിക്കുന്നതിൽ ഞങ്ങൾ തിരുമേനിയെ അത്യന്തം അഭിനന്ദിക്കുന്നു.

റോമാമതക്കാർ—റോമാസൂറിയാനിപ്പള്ളികളെ തൃശൂർ, എറണാകുളം, ചങ്ങനാശേരി ഇങ്ങനെ മൂന്നു ഇടവകകളായി തിരിച്ചു മേനാച്ചേരിൽ യോഹന്നാൻ കത്തനാർ അവർകളേയും പഴയപാമ്പിൽ ഫ്രീസ കത്തനാരവർകളേയും മാകിയിൽ മത്തായികത്തനാർ അവർകളേയും മെത്രാൻസ്ഥാനത്തിനു തിരഞ്ഞെടുത്തു ഉറപ്പിച്ചിരിക്കുന്നു. ഒടുവിൽ പറഞ്ഞ ആളിന്റെ അധീനത്തിൽ ചങ്ങനാശേരിയിലെ മെത്രാസനകെട്ടിടവും പലപ്രധാന പള്ളികളും ഉൾപ്പെടുന്നതും ഇദ്ദേഹം തെക്കുംഭാഗത്തിൽ ചേർന്ന ഒരാളായിരിക്കയാലും തക്കമുണ്ടാകുമെന്നാണു കേൾപ്പു.

പിഴതിരുത്തൽ—നിരണം സുപ്രിശേഷപരിശീലന സഭയിൽനിന്നു നിശ്ചയിച്ച പരീക്ഷയുടെയും സമ്മാനത്തിന്റെയും വിവരങ്ങൾ കാണിച്ചു കഴിഞ്ഞ പത്രികയിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന നോട്ടീസിൽ ൨-ാം സമ്മാനം ൫ രൂപാ എന്നെഴുതിയിരിക്കുന്നതു ൯ രൂപാ എന്നു വായിക്കേണ്ടതാണ്. പരീക്ഷകന്മാർ ഖ- വട്ടശ്ശേരിൽ ശീമവുശീസ് മല്പാൻ അവർകളും രാ. രാ. ഇടവഴിക്കൽ പീലിപ്പോസ് അവർകളും ആയിരിക്കുമെന്നുകൂടി പ്രസ്താവിക്കുവാൻ സിക്രട്ടരെഴുതി അയച്ചിരിക്കുന്നു.

ഒരുപട്ടംകോട—സുറിയാനിസഭയിൽ ദയറായക്കാരുടെ ചുരുക്കം വളരെയുണ്ട്. ദയറായക്കാർ വഴിക്കുന്നതായാൽ സഭാസംബന്ധമായ പല ജോലികളും വലിയ പ്രയാസംക്രൂടാതെ നടത്തപ്പെടാം. ഈയിടെ ഖാഗജാനത്തുപള്ളി ഇടവകയിൽ ചേന്ന കാരുചിറ ഗീവറുഗീസു ശെമ്മാച്ചൻ അപേക്ഷകളെ കത്തനാരായും അട്ടത്തുതന്നെ റമ്പാനായും പട്ടംകെട്ടപ്പെട്ടിരിക്കുന്നതിൽ ഞങ്ങൾ വളരെ സന്തോഷിക്കുന്നു. സ്വാർത്ഥം ആശേഷം ഉപേക്ഷിച്ചു ദൈവത്തിനായി ഏല്പിച്ചുകൊടുത്ത ഈ പുരിയ റമ്പാനെ ഞങ്ങൾ അഭിനന്ദിക്കയും ഈ ദേഹത്തെ പിൻതുടരുവാൻ പിന്നാലെ അനേകർ ഉണ്ടാകണമെന്നു ആഗ്രഹിക്കയും ചെയ്യുന്നു.

വിശേഷവർത്തമാനങ്ങൾ

റഷ്യാചക്രവർത്തിയും ചക്രവർത്തിനിയും ഇംഗ്ലണ്ടിൽനിന്നു ഫ്രാൻസിലേക്കു പോയിരിക്കുന്നു. ബ്രിട്ടീഷുകാരുടെയും നൂറു വലിയ പടക്കപ്പലുകളുടെ അകമ്പടിയോടുകൂടിയാണു ഇംഗ്ലണ്ടിൽനിന്നു യാത്ര പുറപ്പെട്ടതു.

അമ്മീന്യരോടു ഇങ്കിശവണ്ടെൻറു ചെയ്തു വരുന്ന അക്രമങ്ങളെക്കുറിച്ചു ആലോചിക്കുന്നതിനായി ഗ്രാഡ്സ്റ്റിനിൽ പലഭാഗങ്ങളിലും കൂടിയ യോഗങ്ങളിൽ നിന്നു കഴിഞ്ഞ സെപ്റ്റംബർമാസം ഇരുപതിനായിരത്തിപ്പരം കമ്പികൾ ലോഡ സാലിസ്ബറി അപേക്ഷിക്കുന്നു അയച്ചിട്ടുള്ളതായി കാണുന്നു.

യൂറോപ്പ്, അമേരിക്കാ മുതലായ സ്ഥലങ്ങളിൽ സഞ്ചാരത്തിനു പോയിരുന്ന ചീനാമന്ത്രി ലിഹംഗചാംഗ് അവർകൾ തിരിച്ചു വരുന്നവഴി ജാപ്പാനിലെ തലസ്ഥാനമായ യൊകൊഹാമായിൽ വന്നെത്തിയതിൽ യാതൊരു സല്ക്കാരവും ഉണ്ടായില്ല. അവിടെനിന്നു ടിയൻറ്സിനിലേക്കു പുറപ്പെട്ടിരിക്കുന്നതായി അറിയുന്നു

അമേരിക്കായിലെ ബ്രുക്ലീൻ പട്ടണത്തിൽ ചാർല്സ്റ്റൺ എന്നപേരുള്ള പത്തുവയസ്സായ ഒരു വിദ്യാർത്ഥി ജനനത്തിൽ വെറും രാത്തൽ ഉള്ളവനും ശരീരപ്രകൃതിയിൽ നന്നാമെലിഞ്ഞവനും ആയിരിക്കുന്നു- എങ്കിലും മലർന്നുകിടന്നുകൊണ്ടു വെറും രാത്തൽ തൂക്കമുള്ള ഒരു മണി കൈകൊണ്ടും നൂറു രാത്തൽ തൂക്കമുള്ള രണ്ടു മുതിർന്ന മനുഷ്യർ നില്ക്കുന്ന ഒരു പലക കാൽകൊണ്ടും പൊക്കുന്നു എന്നു കേൾക്കുന്നു.

ഈമാസം ഫൻറാംസ്- രാത്രി ഏകദേശം നാലുമണിക്കു ഏവിടെ നിന്നോ ഒരു കട്ടുവാ തിരുവനന്തപുരത്തു കോട്ടയ്ക്കു വടക്കു വശമുള്ള ഒരു പീടികയുടെ പടിപ്പുരയിൽക്കൂടി കടന്നു പിൻഭാഗത്തെ കുയ്യാലചാടി മൂന്നാലു പുരയിടങ്ങൾ കടന്നു ഒരുവാഴക്കൂട്ടത്തിൽ കിടപ്പായി, കണ്ടത്തിൽക്കൂടി കടന്നു പോകുമ്പോൾ പശുവാണെന്നു കരുതി കാവല്ക്കാർ പിടിച്ചുകെട്ടാൻ കയറുമായിചെന്നു. ചിറകേട്ടു പേടിച്ചുമടങ്ങിപ്പോന്നു. നേരം വെളുത്തപ്പോൾ കാല്പാടുകണ്ടു കട്ടുവായാണെന്നു മനസ്സിലാക്കി അന്വേഷണം തുടങ്ങി- മനുഷ്യരെകണ്ടു കട്ടുവാ വാഴക്കൂട്ടത്തിൽനിന്നു ചാടി വേറെ ഒരു പുരയിടത്തിൽ ചാടി പീടികയുടെ തിണ്ണയിൽ കിടന്നിരുന്ന ഒരുഅലക്കിന്റെ കൈ കടിച്ചൊടിച്ചു- അനന്തരം കട്ടുവാ ഒരു പണിപ്പുരയുടെ മുകളിൽകയറി കാലും കയ്യും രണ്ടുവശത്തും ഇട്ടുകൊണ്ടു കിടന്നു. പിന്നീടു അവിടെനിന്നു ചാടി വേറെ ഒരു പുരയുടെ മുകളിൽകയറി അങ്ങുമിങ്ങും നടക്കുകയും പെട്ടെന്നു ചാടി വാഴക്കൂട്ടത്തിൽ പറ്റുകയുംചെയ്തു. അപ്പോഴെക്കു പോലീസ സൂപ്രണ്ടു അസിസ്റ്റാണ്ടു റസിഡണ്ടു മുതലായവർ തോക്കുംകൊണ്ടു ഹാജരായി. ഇതിനിടയിൽ കട്ടുവാ ഒരുശത്രുനെ പിടിക്കുടി. ഉടനെ മിസ്റ്റർ ബെൻസലി ഒരു വെടിവച്ചു. ഭാഗ്യദോഷത്താൽ ഈ കട്ടുവായ്ക്കു കൊള്ളാതെ സാധുവായ ശത്രുനാണു കൊണ്ടതു. വെടിവച്ചപ്പോൾ കട്ടുവാ മിസ്റ്റർ ബെൻസലിയുടെ നേർക്കു ചാടി- ഈ ക്ഷണത്തിൽ അസിസ്റ്റാണ്ടു റസിഡണ്ടിന്റെ ക്രൂടെ ഉണ്ടായിരുന്ന ഒരാൾ ഒരുവെടിവച്ചു. അതു ഞെങ്ങിഴഞ്ഞുപോയതുകൊണ്ടു കട്ടുവായുടെ ചങ്കിനുതന്നെകൊണ്ടു ചത്തുവീഴുകയുംചെയ്തു. ശത്രുനും ചത്തുപോയി- നെല്ലാറുങ്കരനിന്നു ഒരു കട്ടുവാ വടക്കോട്ടു പുറപ്പെട്ടു ഒരു മാസമായി വഴിക്കു വളരെ ഉപദ്രവങ്ങൾ ചെയ്യുവരുന്നുണ്ടായിരുന്നു- ഇപ്പോൾ വെടിവെച്ചു കൊന്നതു ഇതിനെ തന്നെയാണത്രെ.

പഞ്ചാംഗം

കവ്വൻന്യ- തെശ്രീൻക്ടീം (തുലാം)

സുറിയാനി	ഇംഗ്ലീഷ്	മലയാളം	അറ്റ്ല	വിശേഷദിവസങ്ങൾ.
ക	കനു	ഡൻ	ചൊ	
ഡ	കരു	നാ	ബു	
ന	കടി	നക	വ്യാ	
ര	കന്നു	ക	വെ	
ടി	കടി	ഡ	ശ	ന്യ-ാംനു- സ്ലീ- പിന്നു- ര-ാം ഞാ- വായന- ല്ലുകൊ- ക്നുഅു- ക്നു—കവ്വ
ന്ന	കവ്വ	ന	ഞ	
ി	കൻ	രു	തി	
വ്വ	ഡാ	ടി	ചൊ	
ൻ	ഡക	ന്ന	ബു	ക്നു-ാംനു- സ്ലീ- പിന്നു ി-ാം ഞാ- വായന മത്താ- ഡന്നുഅു- ക—കഡ
കാ	ഡഡ	ി	വ്യാ	
കക	ഡന	വ്വ	വെ	
കഡ	ക്ടോബർ ഡര	ൻ	ശ	ഡ-ാംനു- സ്ലീ- പന്നു-ാം ഞാ- വായന ല്ലുകൊ- കവ്വഅു- കവ്വ—ഡി
കന	ഡടി	കാ	ഞ	
കര	ഡന്ന	കക	തി	
കടി	ഡി	കഡ	ചൊ	ഡി-ാംനു- സ്ലീ- പിന്നു ി-ാം ഞാ- വായന മത്താ- ടഅു- ഡക—ഡന്ന
കന്ന	ഡവ്വ	കന	ബു	
കി	ഡൻ	കര	വ്യാ	
കവ്വ	നാ	കടി	വെ	
കൻ	നക	കന്ന	ശ	
ഡാ		കി	ഞ	
ഡക	ക	കവ്വ	തി	
ഡഡ	ന	കൻ	ചൊ	
ഡന	ര	ഡാ	ബു	
ഡര	ടി	ഡക	വ്യാ	
ഡടി	ന്ന	ഡഡ	വെ	
ഡന്ന	വ	ഡന	ശ	
ഡി	ൻ	ഡര	ഞ	
ഡവ്വ	കാ	ഡടി	തി	
ഡൻ	കക	ഡന്ന	ചൊ	
നാ	കഡ	ഡവ	ബു	
നക	കന	ഡവ്വ	വ്യാ	

പത്രികവില വിവരം.

	ബ്രിട്ടീഷ് രൂപാ	ചക്രം
ഒരു കൊല്ലത്തേക്കു	൧	൧൨
ഒറ്റപ്രതിക്കു		൧

പരസ്യക്രമം

ഒന്നാം പ്രാവശ്യത്തേക്കു	വരി ഒന്നിനു	൦	൩
പിന്നെ എല്ലാ പ്രാവശ്യങ്ങൾക്കും	ടി	൦	൧൰

NOTICE

പത്രിക സംബന്ധമായ സകല എഴുത്തുകളും ലേഖനങ്ങളും പണവും കോട്ടയത്തു മാത്തോമ്മസ് അച്ചുക്കൂടം മാനേജർക്കു മേൽ വിലാസം വച്ചു അയക്കേണ്ടതാകുന്നു.

പത്രിക കൈപ്പറ്റുന്നവർ മുൻ ക്രമായി വരി അടയ്ക്കേണ്ടതാകുന്നു. പത്രവരി അഞ്ചര സ്റ്റാമ്പായൊ തപാൽ സ്റ്റാമ്പായൊ അയച്ചാലും മതിയാവും. എന്നാറര രൂപാ ഒന്നുക്കു ഒരു അണാ ഡിസ്കൌന്റു വകവച്ചു തരേണ്ടതാകുന്നു.

വിഷപ്പാട്ടി വിഷത്തിനു ഒരു കൈകണ്ട ഔഷധം.

വിഷപ്പാട്ടി കടിച്ചാൽ ഏഴുദിവസത്തിനകം ഒരു ഗുളിക ഇഞ്ചിനീറിൽ സേവിച്ചു മൂന്നുദിവസത്തെ പത്ഥ്യം എടുത്താൽ വിഷം നീങ്ങുന്നതാകുന്നു. ഗുളിക സേവിക്കേണ്ടും ക്രമവും പത്ഥ്യത്തിന്റെ വിവരവും ഗുളികയോടു കൂടി കിട്ടുന്നതാകുന്നു. ഈ ഗുളികകൾ ഇല്ലാതിരുന്നതിനെ ഇപ്പോൾ സിങ്കനാടിയിൽ വരുത്തിയിട്ടുണ്ടു. ഗുളിക ഒന്നിനു വില ചക്രം ൭- മാത്രം. ആവശ്യമുള്ളവർ വാങ്ങിച്ചുകൊള്ളുവാൻ ഇതിനാൽ തിയ്യപ്പെടുത്തുന്നു.

പരസ്യം

വരിപ്പണം എത്തിച്ചുതരുവാൻ ഞങ്ങളുടെ വായനക്കാരിൽ ചിലർ കാണിക്കുന്ന ഉദാസീനതയെക്കുറിച്ചു പലപ്പോഴും ഓർപ്പിച്ചിട്ടുണ്ടല്ലൊ. ഇതുകൊണ്ടു ഇവരിൽ ചിലർക്കു ഒരു ഇളകുവും തട്ടുന്നതായികാണുന്നില്ല. ഞങ്ങൾക്കു ഉപേക്ഷിക്കാവുന്നതല്ല. അച്ചടിക്കാൻ ശമ്പളവും സാമാനങ്ങൾക്കു വിലയും ശരിയായികൊടുത്താണു പത്രിക അച്ചടിച്ചു അയക്കുന്നതു. വീഴ്ചക്കാരായി കാണപ്പെടുന്നവർക്കു ഇനിമുതപ്രകാരം നോട്ടീസും പിന്നാലെ അവരുടെമേൽ അന്യായവും ഉണ്ടാകുന്നതാണെന്നു ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. മ. ഇ. പ. മാനെജർ.

MAR THOMAS PRESS,
KOTTAYAM.

പുസ്തകം ൪ ലക്കം ൧൦

൧൮൯൯-ാം ൹ാമതു തുലാം

മലങ്കര

ഇടവക പത്രിക

മാസം തോറും പ്രസിദ്ധപ്പെടുത്തുന്നതു.

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കുരിശിങ്കലല്ലാതെ പുകഴ്ച ചെയ്വാൻ സംഗതി വരരുതു.

(മാർ പൌലൂസ.)

സംഗതിവിവരങ്ങൾ.

	പുറം
മാർ ദീവന്നാസ്യോസുസിമ്മനാരിയും സഭാതാരകയും	൧
ഒരു പ്രസംഗം	൨
"പുനരൈക്യത"	൩
രക്ഷാ സൈന്യക്കാർ	൪
പത്രികാ വായനക്കാരുടെ അഭിപ്രായമറിവാൻ	൪
ഒരഭിപ്രായം	൫
മലങ്കരയിലെ സകലമാന സുറിയാനിക്കാരും അറിവാൻ	൫
ദുഃഖത്തിൽ ദൈവചിത്തത്തിനു ഭരമേല്പിക്ക	൬
ഒരു വഞ്ചിക്കുന്ന സൂത്രം	൬
ഇടവക പത്രികയുടെ നിരണം സങ്കീർത്തനം	൭
സൂചനകൾ	൭
വിശേഷവർത്തമാനങ്ങൾ	൮

കന്നി മാസത്തിൽ പത്തുവരി അടച്ചുവരുടെ പേരുവിവരം

	അവർകൾ	ര	ച	കാ
ബ- കോട്ടപ്പുടി ജരുമല യൊസെപ്പുകത്തനാർ	,,	൨	൧൫	൦
ബ- ,, മഞ്ഞുമ്മെക്കുടി ശെമ്മാച്ചൻ	,,	൨	൦	൦
കുറിച്ചി പുറിയമഠത്തിൽ ചാണ്ടി ജൻപ്യൂപ്പാറർ	,,	൫	൧൫	൨൫
ബ- മുട്ടക്കുത്തുപള്ളിയിൽനിന്നും		൧	൧൫	൨൫
ബ- ,, മുറഞ്ഞുകിൽ ഈച്ചൻ	,,	൧	൧൫	൨൫
ബ- ,, പുത്തൂർ മക്കൊസു കത്തനാർ	,,	൧	൧൫	൨൫
ബ- വെങ്ങോല പള്ളിയിൽനിന്നും		൧	൧൫	൨൫
ബ- പള്ളിക്കര പള്ളിയിൽനിന്നും		൧	൧൫	൨൫
കാഞ്ഞിരപ്പറത്തു വടക്കെതുരുത്തൽ കുഞ്ഞിപ്പാപ്പു	,,	൧	൧൫	൨൫
,, ബ- പള്ളിയിൽനിന്നും		൧	൧൫	൨൫
,, കാടാപുരത്തു ഏലിയാസു	,,	൧	൧൫	൨൫
,, വന്മെലാൻ കുഞ്ഞയിപ്പു	,,	൧	൦	൦
മുകനൂരുത്തി ചാത്തൂരുരുതിയിൽ കുഞ്ഞുപ്പക്കി	,,	൧	൧൫	൨൫
,, ചാലിൽ കൊച്ചുകോര	,,	൧	൧൫	൦
,, കാട്ടുമങ്ങാട്ട ഉലഹന്നാൻ	,,	൧	൧൫	൦
,, തുകലൻ കാച്ചപ്പള്ളിൽ ഇട്ടൂപ്പു	,,	൧	൦	൦
,, വടക്കെടത്തു വക്കി	,,	൧	൧൫	൦
ബ- കണ്ടനാട്ടുപള്ളിയിൽനിന്നും	,,	൧	൧൫	൦
,, കരൊട്ടുപീടിൽ കൊച്ചയിപ്പുകോര	,,	൧	൧൫	൦
,, തുകലൻ കുഞ്ഞഹിരാ	,,	൧	൦	൦
,, ,, കുഞ്ഞിപൌലൊസു	,,	൧	൧൫	൦
,, തുടിയൻകുഞ്ഞിപൌലൊസു	,,	൧	൧൫	൦
,, മട്ടമ്മെൽ അഹിരാവക്കി	,,	൧	൧൫	൦
,, ബ- കരവട്ടി യുയാക്കീം കത്തനാർ	,,	൦	൨൫	൦
ബ- കണ്ണാട്ടുനിരപ്പെൽ പള്ളിയിൽനിന്നും	,,	൧	൦	൦
എറണാകുളം തൊമ്മൻ വക്കീൽ		൧	൧൫	൨൫
ബ- തുപ്പുണിത്തു പള്ളിയിൽനിന്നും	,,	൧	൧൫	൦
,, പൊയികാട്ടിൽ അയിപ്പു വക്കി		൧	൧൫	൨൫
,, വടയാട്ടിൽ വക്കി ഉലഹന്നൻ	,,	൧	൧൫	൨൫
,, നെടിയാത്തു പത്രൊസു	,,	൧	൧൫	൨൫
,, ബ- കളരിക്കൽ സ്കറിയാകത്തനാർ	,,	൧	൧൫	൦
,, മൂക്കഞ്ചെരിൽ പൂരവത്തു പൈലി	,,	൧	൧൫	൨൫
,, കണ്ടനാട്ടു പൈലൊ വക്കി	,,	൧	൧൫	൨൫
തലയാറ്റുപുറമു മലമേൽപുത്തൻപുരക്കൽമത്തായി	,,	൧	൧൫	൨൫
ബ- ചെമ്പിൽ പള്ളിയിൽ നിന്നും	,,	൧	൧൫	൨൫
,, മംഗലത്തു വക്കി		൧	൦	൦
,, അക്കരപ്പാടത്തു മാത്തൂട	..	൧	൧൫	൦
കാഞ്ഞിരപ്പള്ളി പി- ജോൺ	..	൧	൦	൦
കിടങ്ങന്നൂർ പുത്തൻപീടിൽ ചാക്കൊ മാത്തൻ	,,	൨	൦	൨൫
കല്ലിശ്ശെരി പടിഞ്ഞാറെപ്പുരക്കൽ കൊച്ചുകുരുവിട	,,	൧	൦	൦
കുന്നംകുളം തോലത്തു വറീതു ഉതുപ്പു	,,	൧	൧൫	൦
		൫	൧൫	൦

മലങ്കര ഇടവക പത്രിക

പുസ്തകം ൪] പുവ്വൻന്ന തെശ്രീൻക്കീം (തുലാം) [ലകം ൧൦

മംഗളം.

ദാക്ഷണ്യമൊക്കെ മറയത്തു കളഞ്ഞുകൊണ്ടി-
ട്ടാക്ഷേപമോട്ട പലമട്ടിലിരുട്ടി ദുഷ്ടർ
കാംക്ഷിച്ചതൊക്ക നിധവേറിയ യേശുനാഥൻ
സൂക്ഷിച്ചുകൊണ്ടു കരുണാകണമേകണം മെ

തുപ്പണിത്തുറെ നടയ്ക്കൽ പി. വക്കി

മാർ ദീവന്നാസ്യോസ് സിമ്മനാരിയും സഭാതാരകയും.

താരകയുടെ പുതിയ പുറപ്പാടുകൽ ഞങ്ങൾ സ്നേഹപൂരസ്സരം പ
റഞ്ഞ ആലൊചന ഔനിപ്പാൻ സഹജീവികളുടെ തുപ്തിയില്ലന്നു ഇന
തുലാമാസത്തിലെ താരകയിൽ ഒരു ഗൊമ്മാകാരന്റെ വേഷം കെട്ടി
ച്ചു കൊണ്ടുവന്നിട്ടുള്ള ഒരു ലേഖനത്തിൽ നിന്നു അനുമാനിക്കേണ്ടിയി
രിക്കുന്നു. ലേഖനത്തിന്റെ താല്പര്യം മാർ ദീവന്നാസ്യോസ് സിമ്മനാ
രിക്കു ആക്കാണ്ടെല്ലൊം പങ്കുണ്ടെന്നാണ. പക്ഷെൽ ഏഴുത്തുകാരൻ അ
തിന്റെ വാസ്തവം അറിയാഞ്ഞിട്ടൊ അറിഞ്ഞിട്ടുണ്ടെങ്കിൽ വായനക്കാ
രെ തെറ്റിക്കാനൊ ഇതുവിധം എഴുതിയതാണങ്കിൽ ഒരുസമാധാനം ര
ണ്ടിനും കൊള്ളാമെല്ലൊ.

മാർ ദീവന്നാസ്യോസ് സിമ്മനാരി സുറിയാനിക്കാരുടെതു തന്നെ
ച്ചു തന്നെയാണ ഒട്ടും സംശയമില്ല. "നാലുകെട്ടിൽ മൂന്നു നിലയുള്ള"
പഴയസിമ്മനാരി അന്ന്യാധീനത്തിൽ ഇരുന്നിരുന്നകാലത്തു ഉണ്ടായ
ആലൊചനയുടെ ഫലവും അതണ് ഇതെന്നു താരകാലേഖകൻ അറി
ഞ്ഞിട്ടില്ലായിരിക്കും. ഇങ്ങനെ ആലൊചിച്ചിരിക്കുമ്പൊൾ ബഃ നിധിയി
രികലച്ചനും വന്നുകൂടി പങ്കാകാമെന്നു ആവശ്യപ്പെട്ടപ്പൊൾ അതിനു
സമ്മതിച്ചു സിമ്മനാരിയോടടുത്തുള്ള ബാങ്കാവും സഥലവുംകൂടി പൊ
തുവിനു കടം വാങ്ങിച്ചു പണംകൊടുത്തു എഴുതി വാങ്ങിച്ചു. ഇങ്ങനെ
വാങ്ങിച്ച പൊതുകടം രണ്ടുകാശികളും സമാവകാശത്തിൽ വീട്ടാതെ
ഇവിടത്തെഭാഗം മിക്കവാറും വീട്ടുകയും മറെറ ഭാഗത്തെതു വീട്ടാതി
രിക്കയും ചെയ്തതുമൂലം വ്യവഹാരമുണ്ടായി നഷ്ടപ്പെടത്തക്ക സഥിതി
യിൽ വന്നപ്പൊൾ 'ചേരകുട്ടവൻ തുടുകിട്ടും' എന്നുള്ള സന്പ്രദായത്ത്

ൽ മാർ ദീവന്നാസ്യോസ മെത്രാപ്പൊലീത്താ അവർകൾ തന്നെ മറ്റു ഭാഗത്തെ കടം ക്രടെ വീട്ടി എട്ടത്തു കടം വാങ്ങിച്ചു വീതത്തിനു മുടക്കുകയും ഒരുവന്റെ കടം മറെറ വീതക്കാരൻ വീട്ടുകയും ചെയ്യുശേഷം പിന്നെയും പങ്കു പറവാൻ ബഃ നിധിയിരിക്കൽ കത്തനാർ അവർകൾക്കു ധൈര്യമുണ്ടാകുമെന്നു തോന്നുന്നില്ല. താരകയും ലേഖകനും എന്തും പറയാമെല്ലൊ.

ഇതും പോകട്ടെ. ബംക്കുവിൽ താമസിച്ചു ടി. കത്തനാർ മുതൽ പേർ ഇറങ്ങിപ്പോയതു എന്താണെന്നു അറിഞ്ഞിട്ടുണ്ടോ. ആരും പിടിച്ചിറക്കിയതല്ലല്ലൊ. ഇതിൽ പങ്കു ചേർന്ന വല്ലപ്രവൃത്തിയും നടത്തുന്നതിനെ വിരോധിച്ചു കൊണ്ടാപ്പായും അദ്ദേഹത്തിന്റെ അഭിപ്രായത്തെ അനുസരിച്ചു അന്നത്തെ ബെലഗാമും അതിനു അനുരൂപമായി ലവീഞ്ഞുമെത്രാനും അയച്ച കല്പനകൾ റോമാപ്പട്ടണത്തിൽ വായിച്ചതു കേട്ടിട്ടില്ലായിരിക്കുമൊ അഥവാ ആ ഭാഗത്തേക്കു മുതൽ മുടക്കുണ്ടെന്നൊ അവകാശമുണ്ടെന്നൊ തന്നെ വിചാരിക്കുന്നതായാലും ഒരു ട്രസ്റ്റ് ഏല്പാട്ട ട്രസ്റ്റിന്റെ ഉദ്ദേശത്തിനു അനുരൂപമായി നടത്തുവാൻ വിസമ്മതിക്കുന്ന കക്ഷിക്കു എന്തുമാത്രം അതിന്മേൽ അവകാശമുണ്ടായിരിക്കുമെന്നു താരകാ ലേഖകൻ വല്ല വകീലന്മാരോടും ചോദിച്ചറിഞ്ഞു കൊള്ളട്ടെ.

കക്ഷിഭേദപ്പെട്ട ഒരു ബി. എ. കാരനെ വാദ്ധ്യാർ വേലയ്ക്കു നിയമിക്കാഞ്ഞതുകൊണ്ടു ഈ ലേഖകൻ വീണ്ടും എടുത്തു പറയുന്നുണ്ടു. ഇതിനെപ്പറ്റി വിസ്താരമായി മനോരമയിലും പത്രികയിലും സമാധാനം പറഞ്ഞിട്ടുള്ളതുകൊണ്ടു ഇപ്പോൾ ഒന്നും പറവാൻ ആവശ്യമില്ല.

ഈ ഭാഗം ആലോചിക്കുമ്പോൾ സിമ്മനാരിയുടെ കഴിഞ്ഞ റിപ്പോട്ടിൽ പ്രസ്താവിച്ചിട്ടുള്ള സംഗതികളിൽ കമ്മട്ടിക്കാർ യഥാർത്ഥത്തിനു വിരോധമായ ഒരു വളപ്പും പ്രയോഗിച്ചിട്ടില്ലന്നു സൂക്ഷ്മമായി അറിയാവുന്നതാണന്നു മാത്രം പറഞ്ഞു തല്ക്കാലം വിരമിക്കുന്നു.

ഒരു പ്രസംഗം

വന്ദിപ്പതില്ലൊരുവരും പുനരുത്തയല്ല
നിന്ദിച്ചിടുന്ന ചിലരിപ്പൊഴതിജ്ഞനത്രെ
കുന്നിച്ചൊരീയഴൽ കളഞ്ഞിഹ കാത്തിടാനാ
നന്ദിച്ചു ദൈവമിനിയെന്നു തുണച്ചിടുന്നൊ.

"അപ്പൊൾ കത്താവു അവരോടു പറഞ്ഞു കണ്ടാലും പരിശുദ്ധരായ നിങ്ങൾ പാനപാത്രത്തിന്റെയും ഭക്ഷണപാത്രത്തിന്റെയും പുറം ശുദ്ധംചെയ്യുന്നു. എന്നാൽ നിങ്ങളുടെ അകം പിടിച്ചുപറികൊണ്ടും ദുഷ്ടതകൊണ്ടും നിറഞ്ഞിരിക്കുന്നു"

യഹൂദ മര്യാദ പ്രകാരമുള്ള ഒരു വിരുന്നിലെക്കു ഒരു പരിശൻ നമ്മുടെകത്താവിനെയും ഉപാദ്ധ്യായർ, ന്യായശാസ്ത്രികൾ ഇവരൊടു

ക്രൂടി ക്ഷണിച്ചിട്ടുണ്ടായിരുന്നു. അകാച്ചങ്ങളിൽ കല്യാണപ്പന്തലിലേക്കു കടക്കുന്നവർ വെള്ളം എടുത്തു തങ്ങളെത്തന്നെ ശുദ്ധം ചെയ്യേണ്ടതു ക്രൂടിയെതിർത്തു എന്നുള്ള നിബന്ധനകളിൽ ഒന്നായിരുന്നു. വിരുന്നുടമസ്ഥൻ ക്ഷണിച്ചിട്ടുള്ള വിരുന്നുകാരിൽ ക്രീസ്തുവിനെ ഒഴിച്ചു ശേഷമുള്ളവർ തങ്ങളുടെ ആചാരങ്ങളനുസരിച്ചു ശുദ്ധം ചെയ്യുകത്രേവ് അതുക്രൂടാതെ പന്തലിലേക്കു കടന്നു ഭക്ഷണത്തിനിരിക്കുകയും ചെയ്തു. സ്നാനം ക്രൂടാതെ ഭക്ഷണത്തിനിരുന്ന രക്ഷകനെ കണ്ടു പരിശൻ അത്ഭുതപ്പെട്ടതിനാൽ ലൌകിക സംഗതികളെക്കൊണ്ടു സ്വർഗ്ഗീക സംഗതികളെ ഉപമിച്ചു കാണിക്കുന്നവനായ സർവ്വേശ്വരപുത്രനായ യെശു കല്പിച്ചിട്ടുള്ളതായ വാക്യങ്ങളിൽ ഒന്നാണ് ടി. വാക്യമെന്നു വേദപാരായണശീലന്മാരായ ഏവരും അറിഞ്ഞിരിപ്പാൻ ഇടയുണ്ടല്ലൊ. എന്നാൽ ക്രീസ്തു ഈ സന്ദർഭത്തിൽ ഇപ്രകാരം പറഞ്ഞതിന്റെ ഉദ്ദേശ്യം എന്തായിരിക്കുമെന്നു നമുക്കൊന്നുവിചാരിക്കാം. അവിടെ ക്രൂടപ്പെട്ടിട്ടുണ്ടായിരുന്ന ജനങ്ങൾ ദുഷ്ടന്മാരും പിടിച്ചുപറികാരും ആയിരുന്നിട്ടും അവരുടെ പുറമെയുള്ള ഭക്തിവേഷത്താൽ ഇവയൊന്നുമില്ലെന്നു അവൻ ഭാവിച്ചിരുന്നു. എന്നാൽ മിശിഹാ സകല ഹൃദയങ്ങളുടെയും രോഷാഗ്നങ്ങളെയും അറിഞ്ഞിരുന്നതുകൊണ്ടു ടി. ഉപമയെ അവർക്കായി ഉപദേശിച്ചു. ഇതു ഇന്നും ഇങ്ങനെയുള്ള പാരാരുത്തക്കും പറ്റുന്നു.

കുടുമ്പപ്രസംഗികളുടെ വാചാലതയാൽ തങ്ങളുടെ ഹൃദയങ്ങളെ അംബരത്തിലേക്കു വിതുത്തതിന്റെ ശേഷം രക്ഷ ലഭിച്ചുവരായി എത്രപേർ ഇന്നു ഞെളിയുന്നുണ്ട് ഇവരിൽ എത്രപേർ തമ്മിൽ അസൂയയുള്ളവരായിരിക്കുന്നു. എത്ര ദ്രവ്യാഗ്രഹികൾ, എത്രപേർ ഭർത്താക്കന്മാരെ ഉപേക്ഷിച്ചു് അന്യപുരുഷന്മാരുമായി സ്വൈരസല്ലാപം ചെയ്യുന്നു. എത്രപേർ വാങ്ങിച്ചിട്ടുള്ളതില്ലെന്നുപറയുന്നു. എത്രപേർ മാതൃസഭയെ ഉപേക്ഷിച്ചു് പുറമാതും ശുദ്ധം ചെയ്യുന്നു എന്നു അവർ വിചാരിക്കുന്ന ഓരോ സഭകളിലേക്കു ഓടുന്നു. എത്രപേർ അദ്ധ്യക്ഷന്മാരെ അനുസരിക്കാതിരിക്കുന്നു. ഇങ്ങനെയുള്ളവരെ നമ്മുടെ കർത്താവിനാൽ കല്പിക്കപ്പെട്ടിട്ടുള്ള ഏതു വകയിൽ ചേർക്കണമെന്നു ഏന്റെ വായനക്കാരുതന്നെ തീർച്ചയാക്കിൻ.

ക്രീസ്തുവിൽ വിശ്വസിക്കുന്നവനെല്ലാം അവന്റെ എല്ലാപ്രവൃത്തികളിലും ക്രീസ്തു മുമ്പിലിരിക്കണമെന്നുള്ളതു നിരാക്ഷേപമായകാര്യം തന്നെയാണല്ലൊ. ഈയിടെ പുറപ്പെട്ടിരിക്കുന്ന രക്ഷണീയസേനകൾ ക്രീസ്തുവിന്റെ സ്വന്തം ജനങ്ങൾ എന്നു തങ്ങൾ തന്നെ ഘോഷിക്കാറുള്ള ഈ ക്രൂട്ടർ എന്തുമാത്രം അദ്ദേഹത്തെ കയ്ക്കൊള്ളുന്നു എന്നു നമുക്കു നോക്കാം (ഫ) ആത്മാവിൽനിന്നും വെള്ളത്തിൽ നിന്നും വീണ്ടും ജനിക്കാത്ത ഒരുവനും സ്വർഗ്ഗരാജ്യത്തിലെക്കു കടക്കയില്ലെന്നും (ഫ) സ്ത്രീകൾ സഭയിൽ തല മൂടിയിരിക്കണമെന്നും സ്ത്രീകൾ സഭകളിൽ മിണ്ടാതിരിക്കട്ടെ എന്തെന്നാൽ അനുസരിച്ചിരിപ്പാനല്ലാതെ പറവാനനുവാദമില്ലെന്നും മറ്റുമുള്ള വേദവാക്യങ്ങൾക്കു വിപരീതമല്ലയൊ ഇവരാൽ ചെ

യപ്പെടുന്നു. എന്നെ സ്നേഹിക്കുന്നവനു എന്റെ കല്പനകളെ പ്രമാണിക്കുമെന്നുള്ള വാക്യത്തിനു നിവൃത്തി വരുത്തുന്ന കൂട്ടർ ഇവരൊ? മാമ്മോദീസാ, കുർബാന ഇതൊന്നും രക്ഷയ്ക്കു ബാധകമായി വരുന്നതല്ലെന്നു ഘോഷിക്കുന്ന ഇവർ കഴിഞ്ഞ ഒരുഞായറാഴ്ചയിൽ കോട്ടയം കത്തനാരവർകളിരുന്നിന്നും കുർബാന കൈക്കൊണ്ടതു ഇവടങ്ങളിലെ അവരുടെ കൂട്ടിൽക്കാൻ സഥാനംവഹിക്കുന്ന ടി നവീകരണ പട്ടക്കാരന്റെ പ്രേരണയാലൊ ജനങ്ങളെ വശീകരിക്കേണ്ടതിനൊ എന്തെന്നറിയുന്നില്ല. കത്തനാരവർകൾ നാകുദ്യുബം ഏകദേശം ഒന്നരണ്ടു പ്രാവശ്യം രക്ഷയിൽ ചാടിയ ആളാണ. ഇപ്പൊൾ വീരവാദത്തിനു കുറവില്ലെങ്കിലും മേലുട്ടക്കാരെയും തന്റെസഹപാഠികളായ കത്തനാരന്മാരെയും എന്നു വേണ്ടാ ഏതൊ കാരണവശാലും രസമില്ലാത്ത ഏവരെക്കുറിച്ചും പൊതുജനസഭയിൽവച്ചു നിന്ദിക്കുന്നതു രക്ഷയ്ക്കുടുത്തവരുടെ മുറയൊ? ഇദ്ദെഹത്തെ നവീകരണക്കാർ വെറുക്കുന്നതിനൊടുക്കുടി സത്യവിശ്വാസസഭയിലെ പ്രധാനഅംഗങ്ങളുടെ പിൻവാഴ്ചക്കാരായ ചിലകൊള്ളാവുന്നവർ സാദരം പട്ടക്കാരനെ സൈന്യസമേതം സ്വീകരിച്ചു വരാറുള്ള ഉദ്ദേശത്തിനു വിപരീത ഫലം പുറപ്പെടുവിക്കുന്നതെന്നു ഇനിക്കിപ്പൊൾ പറയാതിരിപ്പാൻ നിവൃത്തിയില്ല. അച്ചന്റെ ഉദ്ദേശ്യം ക്രിസ്തുവിനെ ഉദ്ദേശിച്ചെങ്കിൽ നന്നുതന്നെ എങ്കിലും ഞാൻ മുമ്പെ പ്രസ്ഥാവിച്ചതുപോലെ ക്രിസ്തുവിനു അനുസരണക്കെടു വല്ലതും ഉണ്ടായിട്ടുള്ളതായി വായിച്ചിട്ടില്ലല്ലൊ. പിന്നെ ഒരു ഉദ്ദേശ്യം രക്ഷണീയ സൈന്യ പ്രചാരം വരുത്തുന്നതിനൊ? തനിക്കു ഒരു സൈന്യത്തെ ശേഖരിക്കുന്നതിനൊ ? ഏതായാലും ആത്മലാഭമായാലും മറ്റു ലാഭമായാലും ലാഭം വേണ്ടതു തന്നെ. ഈ അവസരത്തിൽ ഇതിനു ചേരുന്നതായ ഒരു നല്ലകഥയുള്ളതിനെ ഇവിടെ പ്രസ്ഥാവിക്കുന്നതു ഉചിതമെന്നു കരുതുന്നു.

അറെബ്യിയായിൽ നവീനബസ്സാർ എന്നു സ്ഥലത്തിനു സമീപം ഒരറബിപെരുങ്കള്ളൻ ഉണ്ടായിരുന്നു. ഇയാൾ ദേവസദനങ്ങളിൽ നിന്നും ഗൃഹങ്ങളിൽനിന്നും മോഷ്ടിച്ചും വഴിപോകരെ ഉപദ്രവിച്ചും അനെകം മുതൽ സമ്പാദിച്ചതിനെ ഉമ്മാഗ്ലായി ചിലവഴിച്ചു പൊന്നു. ഒരിക്കൽ ഇദ്ദ ചൊരൻ ഒരു പീടികയിൽനിന്നും 8 രൂപായുടെ ഒരു നോട്ടു മൊഷ്ടിച്ചുംകൊണ്ടു ജാരനായി തന്റെ പതിവുകാരിയുടെ വീട്ടിലെക്കു പൊകുമ്പൊൾ പൊലീസുകാർ തൊണ്ടിയൊടുകൂടി പിടിച്ചു മജിസ്ത്രട്ടിൽ ഏൾപ്പിക്കുന്നതിനിടയായി. വിചാരണ ദിവസം തനിക്കു വെണ്ടി വാദിക്കുന്നതിനു ആ കൊടതി കാത്തുനിൽകയല്ലാതെ വെറൊരു തൊഴിലുമില്ലാത്ത ഒരു വക്കീലിനെ ഏർപ്പെടുത്തി. വിചാരണ ദിവസം മജിസ്ത്രട്ടു ഹാജരായി വാദിയെ വിസ്തരിച്ചതിന്റെ ശെഷം വാദി ഭാഗം 4-ം 5-ം സാക്ഷികളെ വിസ്തരിച്ചു. അവരിൽ 4-ാം സാക്ഷി അടുത്തുള്ള കന്തയിലെക്കു ചകരവാങ്ങാൻ പോകുമ്പോൾ പ്രതി നോട്ടുകൊടുക്കുന്നതായി കണ്ടു എന്നും 5-ാമൻ തെങ്ങു വാങ്ങാനായി പൊകുമ്പോൾ പോലീസുകാർ പിടിച്ചു തൊണ്ടി അവനിൽനിന്നും എടുക്കുന്ന

തായി കണ്ടു എന്നും മൊഴികൊടുത്തു. കോട്ടിലെ അന്നവാദപ്രകാരം പ്രതിഭാഗം വകീൽ പ്രതി നോട്ടെടുത്തിട്ടില്ലന്നും ചങ്കരയ്യം തേങ്ങായും തമ്മിൽ നല്ലവണ്ണം ചേരുന്നതുകൊണ്ടു സാക്ഷികൾ പറഞ്ഞതു വന്നതുപൊലെയിരിക്കുന്നതിനാൽ സാക്ഷികളുടെമൊഴി വിശ്വാസയൊഗ്യമല്ലന്നും എടുത്തിട്ടുണ്ടന്നു വാദിപറയുന്ന നോട്ടൊടുക്കുടി എഴുന്നൂററുപതിലധികം രൂപാ ഉണ്ടായിരുന്നെന്നും വാദിതന്നെ സമ്മതിക്കുന്നു. പ്രതിക്കു മൊക്കിക്കണമെന്നു വിചാരമുണ്ടായിരുന്നെങ്കിൽ അതും എടുകാമായിരുന്നു അഥവാ പ്രതി അതു അഞ്ചു രൂപായുടെ നൊട്ടെടുത്തിട്ടുണ്ടെങ്കിൽ അതു മൊഷണം ചെയ്യണമെന്നുള്ള വിചാരത്തൊടല്ലന്നും വയറു പിഴപ്പിനാണന്നും അതുകൊണ്ടു പ്രതിയെ കൊടതി വിട്ടയക്കെണ്ടതാണന്നും വാദിച്ചപ്പൊൾ നമ്മുടെ കള്ളൻ കരയുന്നതിനു കാരണമെന്തന്നു മജിസ്ത്രെട്ടു അവശ്യപ്പെട്ടതിനു പീടികയിൽ ൭൦൦ൽ ചില്വാനം രൂപാ നോട്ടൊടു കൂടി ഉണ്ടായിരുന്നതു എനിക്കു എടുകാനുകഴിഞ്ഞില്ലല്ലൊ എന്നു വിചാരിച്ചു കരകയാണന്നു മറുപടി പറഞ്ഞു. ശ്രവണാനന്ദമായ ഈ വാക്കുകൾ മജിസ്ത്രെട്ടു കേട്ടയുടനെ കട്ടകള്ളനും കോർട്ടു അലക്ഷ്യപ്പെടുത്തിയ ദൊഷം വകീലിനും പിടിപ്പതു സമ്മാനിച്ചയച്ചു.

ഇങ്ങനെ അബദ്ധങ്ങളെ സുബദ്ധങ്ങളാക്കുന്നതിനു വേഷം കെട്ടി പുറപ്പെട്ടിരിക്കുന്നവർക്കു ഇപ്പൊൾ പലവിധത്തിലും മനുഷ്യരെ വഞ്ചികാമെങ്കിലും ഒന്നിൽപിടിപെടുമെന്നുള്ളതു ഓർമ്മയായിരിക്കട്ടെ. അന്നു അച്ചനെന്നൊ കപ്പിയാരെന്നൊ ഇന്നടത്തെല്ലാം വല വെച്ചെന്നൊ ഭാവികാമെങ്കിലും ന്യായസിംഹാസനത്തിന്മെൽ വാഴുന്ന രാജാതിരാജന്റെ ശോഭയുള്ള കടകണ്ണിന്റെ ഒരുകടാക്ഷത്താൽ കള്ളിപുറത്തു ചാടിപ്പൊകുമെന്നുള്ളതു ഒരു പുതിയ അറിവല്ലല്ലൊ. അയതിനാൽ പ്രിയമുള്ളവരെ നിങ്ങൾ വെള്ളതേകപ്പെട്ട ശവകല്ലറപോലെ പുറം ശുദ്ധിചെരുത്തി കപടഭക്തികാരാകാതെ അകത്തിരിക്കുന്ന വെളിച്ചത്താരാ ഗ്ലോബ് എങ്ങനെ പ്രകാശിക്കുന്നുവൊ അതിന്മണ്ണം നല്ലതായ ഫലങ്ങൾകൊണ്ടു അകം ശുദ്ധീകരിക്കുന്നെങ്കിൽ അവരിൽ എവിടെയും അതു ഫലങ്ങൾ ശോഭിക്കും.

എന്നു അ- ലീ- കോ.

"പുനരൈക്യത"

ഈ തലവാചകം റോമ്മായിലെ ശുദ്ധ: പാപ്പാ സകല ക്രിസ്തീയ വകുപ്പുകാക്കും അയച്ച ഒരു സക്കുലർ കത്തിൽ കാണപ്പെട്ടുന്ന ഒരു സംഗതിയാകുന്നു. അതിന്റെ സാരം നോക്കുമ്പൊൾ ക്രിസ്ത്യാനികൾ എല്ലാവരും ഒരികൽ തന്നൊടു ഐക്യതപ്പെട്ടിരുന്നു എന്നും പിന്നീടു വേർപിരിഞ്ഞുപൊയതാണന്നും തൊന്നും. ഇതിന്റെ യഥാർത്ഥം ഏതു പ്രകാരമെന്നു കാണിപ്പാനായിട്ടാകുന്നു താഴെ പറവാൻ പൊകുന്നതു.

ഐക്യത നന്നാ ബലമുള്ളതും തന്നെയല്ലൊ. എന്നാൽ റോമാ യൊടുള്ള ഐക്യത റോമയ്ക്ക ഭാവഭേദം വരുന്നതുവരെക്കും അസാ ദ്ധ്യമാണ. പാപ്പായുടെ മതം എന്തെന്നാൽ: ഒരു കെട്ടിടം അതിന്റെ അ സ്ഥിവാരത്തിന്മേൽ ഉറച്ചിരിക്കുന്നപ്രകാരം സഭ ശുദ്ധ: പത്രോസിന്മേൽ ഉറച്ചിരിക്കുന്ന. ഭൂമിയിൽ മിശിഹായുടെ വികാരിയായിട്ട സഭഅവ നെ നിശ്ചയിച്ചിരിക്കുന്ന. അവനു സർവ്വാധിപത്യവും നല്കിയിരിക്കുന്ന. മശിഹാ ശുദ്ധ പത്രോസിനും മറെറ ശ്ലീഹന്മാക്കും കെട്ടുകയും അഴിക യും ചെയ്യുന്ന അധികാരംകൊടുത്തിട്ടുണ്ട. അതുയ്യ എന്തെന്നുവച്ചാൽ: നീ തിപാലനം. എന്നാൽ സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ ശുദ്ധ പത്രൊ സിനുമാത്രമെ കൊടുത്തിട്ടൊള്ള. തനിക്കുമാത്രമെ സഭയെ മേയ്പ്പാനുള്ള അധികാരം നല്കീട്ടുള്ള. ശുദ്ധ: പത്രൊസിനുള്ള ഈ അധികാരം ത ന്റെ പിൻതുടച്ചുകാരായ റോമാ പൊന്തിപ്പന്മാർ അവകാശപ്പെട്ട ത്തിയിരിക്കുന്ന. റൊമ്മാപൊന്തിപ്പന്മാർ ശുദ്ധ പത്രൊസിന്റെ പിൻ ഗാമികളായിരിക്കകൊണ്ട തന്റെ സർവ്വാദ്ധ്യക്ഷതയ്ക്കും പൂണ്യ ണസ്വാ ധീന അധികാരത്തിനും അവകാശപ്പെടുന്നപ്രകാരം തന്നെ മറു അ ദ്ധ്യക്ഷന്മാർ മറെറ ശ്ലീഹന്മാരുടെ പിൻഗാമികളായികൊണ്ട അവ രും യഥാക്രമമായി അധികാരത്തിനു അവകാശികൾ ആകുന്ന. ജന ങ്ങളുടെ നേറെറിയായ ഇടയന്മാരും ആകുന്ന. മറെറ അദ്ധ്യക്ഷന്മാക്ക റോമാ പൊന്തിപ്പിന്മേൽ യാതൊരധികാരവും ഇല്ലന്ന മാത്രമല്ല ത ന്നൊടു യൊജ്യതയായി ഇരിക്കയും വേണം. മുഴുകെട്ടിടത്തിനു അസ്തി വാരമായ തന്നിൽനിന്നു വേർപെട്ടാൽ അവരുടെ അധികാരം ശൂന്യ മായിപ്പൊകും. മറു അദ്ധ്യക്ഷന്മാർ എല്ലാവരും കൂടി ചെന്നാലും റൊ മ്മാപാപ്പായുടെ അധികാരത്തെ നിരാകരിപ്പാൻ കഴിയുന്നതല്ല. അതു കൊണ്ടാണ എല്ലാവരും തങ്ങളുടെ ശുദ്ധീകരണത്തിനും രക്ഷയ്ക്കും വെ ണ്ടി ആപ്പൊസ്തൊല്യ മഹായിടവകയായ ഈ ഏക സഭയെട്ട പൂർണ്ണ സംസർഗ്ഗവും താഴ്മയുള്ള കീഴ്വഴക്കവും ഉണ്ടാകേണ്ടതു. ഇവകളാകുന്ന പാപ്പായുടെ അവകാശപ്രസ്താവം. ഈ സ്വയൊക്തികൾ ഒക്കയും ശരി യൊ? ഇവ കേട്ടാൽ ഏതു ധികാരവും നാണം കെട്ടവയും വേദോക്തി വിരുദ്ധവുമായ അഹങ്കാരമാണെ എന്നു പ്രഥമ ദൃഷ്ട്യാ ഏവനും തോ ന്നിപ്പൊകുന്നതാണ. ശുദ്ധ പത്രൊസിനു റൊമ്മാ ഇടവകയൊടു യാ തൊരു സംബന്ധം ഉണ്ടെന്നുള്ള സാരമായ സംഗതിക്കു യാതൊരു തെ ളിവും പ്രസ്താവയൊഗ്യമായിട്ടില്ല- മറിച്ചു സംശയത്തിൽ മുന്നി നിക്കു ന്നു. എന്നാൽ ഈ വസ്തുക്കളൊക്കയും വാസ്തവമെന്നിരുന്നാൽ അവ ഒ രുവേള വെദപ്രകാരവും ചരിത്ര പാരമ്പര്യ പ്രകാരവും അന്യൊഹി ന്നം പറയാം- അവിടെ ശുദ്ധ പത്രൊസു പൊയി സിംഹാസനം സ്ഥാ പിച്ചു ഏഴുവഷ്ം ഭരിച്ചുശെഷം ഏവുസ്ത്യൂസിനെ മെത്രാനായി നിയമി ച്ചുപ്രകാരം റൊമാ സഭയും സമ്മതിക്കുന്നുണ്ടല്ലൊ. തല്കാലം ഇവ അ ങ്ങിനെ ഇരിക്കട്ടെ. മെൽവിവരിച്ച വസ്തുകൾ ഒക്കയും കെട്ടിമെടഞ്ഞു ഉ ണ്ടാക്കിയതു എപ്പൊൾ ഏങ്ങിനെയുള്ളതെന്നു നമുക്കു തിരുകാം. ഏതെ ല്ലാം കള്ളകഥിതകൾ വകഞ്ഞുകെട്ടിയുണ്ടാക്കിയാലും ചരിത്രം എന്ന ഒ

രു ദുഷ്ടം പാഷാണ്ഡിയായി തലപൊക്കിപ്പിടിച്ചുകൊണ്ടു നില്ക്കുന്നു. മ
ശിഹാകാലം ഓരായിരം അല്ലും മെൽവിവരിച്ച ധീരത ക്രൂടിയ അ
ഹങ്കാരഭാവങ്ങൾ ഒന്നും പുറപ്പെടുവിച്ചിട്ടില്ലുന്ന സമ്മതമായ പല സാ
ക്ഷികളും പറവാനുണ്ട്. മഹാനെന്നും പുണ്യവാനെന്നും തന്നെറ അറി
വും ഭക്തിയും താഴ്മയുംകൊണ്ടു വിളിക്കപ്പെട്ടിരിക്കുന്ന ഗ്രഗൊറിപാപ്പാ
ഈ വകയ്ക്കു നെരെ വിരൊധി ആയിരുന്നു. അദ്ദെഹം പറയുന്നതാ
വിതു: ''സാധാരണ ആചാര്യൻ എന്നു വല്ലവനും താനെ പറകയൊ
പറയപ്പെടുവാൻ ആഗ്രഹിക്കയൊചെയ്യുന്നവൻ തന്നെറ നിഗളത്താ
ൽ അന്തിക്രിസ്തുവിൻപൻഗാമിയാണെന്നു ഞാൻ ഉറപ്പായി പറയുന്നു.
എന്തെന്നാൽ അവൻ നിഗളം മൂലം ശെഷംപെരെക്കാൾ മുമ്പനാകുവാ
ൻ ആഗ്രഹിക്കുന്നു, ആഗമന സഭയുടെ ഏകതലവൻ മിശിഹായാകു
ന്നു''.. ഗ്രഗൊറി തന്നത്താൻ ''ദൈവദാസന്മാരുടെ ദാസൻ'' എന്നു
പെരെഴുതിയതു ഇന്നും നടന്നു വരുന്നു. ഇതുണ്ടായതു ആറാം ശതാ
ബ്ദാവസാനത്തിൽ എന്നു ഓൎത്തുകൊള്ളണം

എന്നാൽ റൊമ്മാ മെത്രാന്മാരുടെ അപഹരണത്തിൻ അസ്തിവാരം
എങ്ങിനെ ഉത്ഭവിച്ചു എന്നു ക്രൂടെ കൊൾക്കണം. സെവായിൽ മെത്രാ
നായ ഇസിദൊറിന്റെ പേർ വച്ചു പൊകുത്തൊർ എന്നൊ മെക്കാ
ത്തൊർ എന്നൊ ഒരു പിഴയാളി മുൻപാപ്പാമാൎക്കു മേല്ക്കോണിച്ചു പത
വികൾ ഒക്കെയും ഉണ്ടെന്നു കൃത്രമക്രെത്തുകൾ ഒമ്പതാം ശതാബ്ദാവസാ
നത്തിങ്കൽ നിൎമ്മിച്ചുണ്ടാകി. പാവിയ്യാ മെത്രാനായ ഏന്നൊഡിയൂസി
നെപ്പൊലെ ചില ജ്ഞമതികൾ സ്തുതിപാഠനം ചെയ്തിട്ടുണ്ടു. നാം വെ
ദവാക്യങ്ങളെ ആധാരമാക്കുന്നു എങ്കിൽ ശ്ലൂ: പത്രൊസിനു മറൊ ശ്ലീഹ
ന്മാരിൽ മെല്ലൊയ്മ ഉണ്ടായപ്രകാരം കാണുകയില്ല. അവരെക്കുറിച്ചു
പറയുന്നതു, ശിഖരങ്ങൾ, സഹൊദരന്മാർ, പന്ത്രണ്ടുസിംഹാസനങ്ങ
ളിൽ ഇരിക്കുന്നവർ പന്ത്രണ്ടു നക്ഷത്രങ്ങൾ, എന്നുവെണ്ടാ അവരിൽ
വല്ലവനും വല്ലവനാകണമെന്നുള്ള വിചാരംതന്നെ മശിഹാ ധിക്കരി
ക്കയും വിസമ്മതിക്കയും ചെയ്യുന്നു. ''നിങ്ങൾ മനംതിരിഞ്ഞു ശിശുക്ക
ളെപ്പൊലെ ആയ്തീരുന്നില്ല എങ്കിൽ സ്വൎഗ്ഗരാജ്യത്തിൽകടകയില്ല, ആ
കയാൽ ഈ ശിശുവിനെപ്പൊലെ തന്നത്താൻ താഴ്ത്തുന്നവൻ ആരൊ
അവൻ സ്വൎഗ്ഗരാജ്യത്തിൽ ഏറെ വല്ലവനാകുന്നു. (മത്താ. ഫ്രവ്വ- ൪)

എന്നാൽ മത്തായി ഫ്രന്ത്ര- ഫ്രവ്വ-ൽ ശ്ലൂ പത്രൊസിന്റെ മേൽ
വിചാരണയ്ക്കു തെളിവായി എടുത്തു പറയുന്നുണ്ടു. ആ പാറ പത്രൊസ
എന്നാണു. പത്രൊസ ഒരു കല്ലാകുന്നു പാറ ഇളകുമില്ലാത്തതും ഉറപ്പു
ള്ളതും ആകുന്നു. ഈ പാറമേൽ എന്നു പറയാതെ ''നിന്റെ മേൽ''
എന്നുപറഞ്ഞിരിക്കുന്നു. സഭയുടെ അടിസ്ഥാനകല്ലു യുഗങ്ങളുടെ പാറ
യായ മിശിഹാ ആകുന്നു. അങ്ങിനെ ഹിപ്പൊമെത്രാനായ സെന്ത ആ
ഗസ്തീനും സെന്ത ജെറൊമും സാക്ഷിക്കുന്നു. പത്രൊസ കഥയില്ലാ പാറ
യാകുന്നു. അതുകൊണ്ടാണു മേൽഎഴുതിയ വാക്യത്തിനു അഞ്ചുവാക്യം
താഴെ 'ഉതെപ്പുകല്ല' 'സാത്താൻ' എന്നു പത്രൊസിനെ വിളിക്കുന്നതു
പത്രൊസിന്റെ മൂന്നു പ്രാവശ്യത്തെ നിഷെധം ഓൎത്താൽ ഒരു അ

വനെ പാറ എന്നു പറയുക. ശ്ലീ: പൌലൂസ "വെക്കപ്പെട്ട അടിസ്ഥാന മല്ലാതെ വേറെ അടിസ്ഥാനമില്ല" എന്ന പറകയും പത്രോസിനെ ശാസിക യും ചെയ്യുന്ന വിചാരിക്കുമ്പോൾ തനിക്ക മേലദ്ധ്യക്ഷതയുണ്ടെന്നു എങ്ങിനെ പറയാം. താക്കോലുകൾ എന്നു പറഞ്ഞിരിക്കുന്ന വാക്കു ഉപ മാത്രം അത്രെയല്ലൊ. വാതിൽ എന്ന അർത്ഥംകൊള്ളും. ശ്ലീ: പത്രോസ യഹൂദർക്കും പുറജാതികൾക്കും ക്രിസ്ത്യാനിമതത്തിൽ വാതിൽ ആദ്യമായി തുറന്നപ്പോൾ അത്ര നിവൃത്തിച്ചു. അങ്ങിനെ ഇരിക്കുമ്പോൾ രക്ഷ കി ട്ടുന്നതിനുള്ളവഴി റോമാസഭയൊട്ടു യോജിക്കുന്നതല്ല, സഭയുടെ ശിര സ്സും അസ്ഥിവാരവും ആയ മിശിഹായൊട്ടുള്ള യോജ്യതയാണെന്നു എ ല്ലാ ക്രിസ്ത്യാനി ശാഖകാരും ധരിച്ചിരിക്കുന്നതാണെ.

പത്രാധിപരെ, ദീപികാലേഖകനും നിങ്ങളും തമ്മിൽ ഉള്ള വാ ദത്തിൽ നിങ്ങൾ കാതൊലിക്കായുടെ കാര്യം പറയുന്നുണ്ടെങ്കിലും, യ ഥാർത്ഥമായ പേരു മൽപ്രിയാനാ ആണെല്ലൊ അയ്യു തോറാം ശതാ ബ്ദംതൊട്ട ആരംഭിച്ചതാണെല്ലൊ പതിമൂന്നിൽ ഗ്രഗൊറിയൊസ അ ഞ്ചൽ പദവി ഈ സ്ഥാനത്തിനു ആയിരുന്നു. * ദീപികാലേഖകനൊ ചെമ്പു തെളിഞ്ഞ ചില വാക്കുകളും ബീഭത്സമായ ചില ലത്തീൻ ഗ്ര ന്ഥകർത്താക്കന്മാരുടെ പെരുകളും പ്രകടിപ്പിക്കുന്നതു കൊണ്ടു അയാ ളൊളം ചരിത്രപാരായണന്മാർ ഇല്ലെന്നാണല്ലൊ ഭാവം. നിങ്ങൾ ഒ പ്പത്തിനൊപ്പവും മിച്ചവും കൊടുത്തതിൽ വച്ചു സന്തോഷിക്കുന്നു. അ തുകൊണ്ടു നമ്മുടെറൊമ്മാനൊഹരന്മാരും മറു അക്ഷെപകാരും ത ൻപള്ളിൽ കുത്തിനാറാതെ സഹോദര പ്രീതിയൊടെ ഇരിപ്പാൻ പ ഠികട്ടെ. കണ്ണാടിവീട്ടിൽ പാർക്കുന്നവർ മറവരെ കല്ലെറിയരുതല്ലൊ. സഹോദരർ ഐകമത്യമായിരുന്നാൽ അഹറൊന്റെ ആപാദചൂഡം ഒലിച്ച സുഗന്ധതൈലം മൂകിനും മനസ്സിനും ആനന്ദവും ആഹ്ലാദ വും കൊടുക്കയും ചുറുമുള്ളവക്കും അങ്ങിനെതന്നെ ചെയ്യുന്നു. അങ്ങി നെ അയാൽ നമ്മെ ചുറിയിരിക്കുന്ന ജാതികളെ നമ്മുടെ മാധ്യമാധു ര്യവും രുചിപ്പിക്കാം. നായ്ക്കളെപ്പൊലെ കടിച്ചുമുറുമ്മി കീറുന്നതായാൽ അങ്ങും ഇങ്ങും വ്യസനിപ്പാനും സമാധാനം ഇല്ലാതാവാനും ഇടവരുമ ല്ലൊ. നാം ദിനംപ്രതി അപെക്ഷിക്ക. അപ്രകാരം മിശിഹായുടെ രാ ജ്യം ഇന്ത്യായിൽ നിറവെറുവാൻ യത്നിച്ചാൽ തങ്ങൾക്കും മറുള്ളവ ക്കും എത്ര ആനന്ദവും ഭാഗ്യവും വരുത്തുന്നതാകുന്നു. ഇതിനു ആമ്മീൻ ചൊല്ലുമെന്നു വിശ്വസിക്കുന്നെൻ.

ഭായാദി.

---

* കിഴക്കെ പ്രിമാത്ത് അല്ലെങ്കിൽ മൽപ്രിയാനാ അയ്യും ആമ്മീനിയായുടെ അയുത്തിക്കരികെ പതാരീസാ എന്ന പട്ടണത്തിലും പിന്നെ സൈസൊപൊത്തൊമ്യ നഗരമായ മോസലിനു സമീപത്തുള്ള ശൂശ മത്തായിയുടെ ആശ്രമത്തിൽ ഞദിവാസമായി.

രക്ഷാ സൈന്യക്കാർ

പ്രിയപത്രാധിപരുടെകയ്യെ നമ്മുടെ സമുദായത്തിന്റെ പ്രധാനഭാഗവും മുഖ്യശാഖയുമായിരിക്കുന്ന പടക്കൈദേശക്കാരുടെ ഭാഗത്തിലേൽ ഏ. പെ. പൈ. ഒരു ശുദ്ധിമനസ്സുകൊണ്ടു കല്പിച്ചു തുടങ്ങിവച്ചിട്ടുള്ള സമീപം ഞാനും കൃഷിവേലക്കാരനായ യോസെഫ് ഉപദേശിയും കുടി കണ്ടങ്കരങ്ങര മുതലായ സ്ഥലങ്ങളിൽ സഞ്ചരിച്ചുശേഷം ദൈവകൃപയാൽ അധികമുഖക്ലേശകൾ ഒന്നുംകൂടാതെ മടങ്ങി സ്വദേശത്തിൽ എത്തിയശേഷം "പൂമുഖയിച്ചാത്ത സ്ഥലത്തു ഏലി ശബ്ദിച്ചാൽ" എന്നപഴഞ്ചൊഴി കണക്കെ ജീവാ ജടയും മുടിയും വളർത്തി പാടുത്താറു, പട്ടച്ചട, ഷടകെട്ടി മുതലായ്ടം ഷൂട്ടു മുറുകി കാവി പന്ത്രുവും ധരിച്ചു ഒട്ട പുറകിൽ കുട്ടിക്കുയുമായി "ഘോരമണിയ വേഷം" എന്നപറഞ്ഞു ഒരു ചെന്നായ്ക്രൂരം എവിടെ നിന്നൊ വന്നിറങ്ങി ലഘട്ടുടഞ്ഞിയിരിക്കുന്നു. പക്ഷെ ഇവർ ജഗദ്ലോകത്തിൽനിന്നു തള്ളപ്പെട്ടു മറ്റൊരുലോകത്തിലേക്കു യാത്രചെയ്യുവരായാലും വേണ്ടതില്ല, "വരിക ഞാൻ എന്റെതന്നെയും മുറുകൊണ്ടും ചെന്നിനായകം കൊണ്ടും ജലവർദ്ധത്തോലി കൊണ്ടും സുഗന്ധീകരിച്ചിരിക്കുന്നു. നമുക്കു ഉഷ്ണസ്ഥലത്തെയും സ്നേഹങ്ങൾ കൊണ്ടു തൃപ്തിപ്പെടാം. എന്തെന്നാൽ പുരുഷൻ ദേവനത്തിൽ പോയ അവൻ ദൂരയാത്രയായി പോയിരിക്കുന്നു," (സുഭാ-൭-൧൯-൨൦) എന്ന പറയുന്നപ്രകാരമായി മഹാദേശ്യയുടെ പെരുമ്പിയും കയ്യുംപിടിച്ചു പുസ്തകസാമഗ്രികളും ഒരുങ്ങിത്തന്നെ ഇരിക്കുന്നുമുണ്ട്. ഇവരെക്കുറിച്ചു കഴിഞ്ഞ ചില പത്രങ്ങളിൽ സംക്ഷേപമായി പറഞ്ഞിട്ടുണ്ടായിരുന്നു. എങ്കിലും ഇവരുടെനടപടി മുഴുപ്രകാരം നമ്മുടെ വായനക്കാരെ ഗ്രഹിപ്പിക്കുന്നതുകൊണ്ടും കാരണത്തോടുപറഞ്ഞുകൊള്ളുന്നു.

ജ്ഞാനസ്നാനം, ശുദ്ധീകരിപ്പാന മുതലായി നീക്കിവച്ചിരുന്ന ഉടമ്പടിയിന്മേൽ പിൻവരുന്ന സകല സന്തതികളുടെയും രക്ഷാർത്ഥമായി നമ്മുടെ കർത്താവിന്റെ വരവിനോടുവും രണ്ടാമതു ക്ഷണിച്ചു കൊടുത്തിട്ടുള്ളതും തൃഭ്യന്തരമായ ദൈവീക ശക്തിയാൽ വിലമതിച്ചുകൂടാത്ത ജ്ഞാനനിക്ഷേപവുമായ പുരിയനിയമവിശുദ്ധഗ്രന്ഥാരങ്ങൾ ഒന്നുംതന്നെ ഇവക്കു അവശ്യം വേണ്ടാതുപോലും. ജ്ഞാനസ്നാനത്തെ നിഷേധിക്കുന്ന ഇവക്കു പിന്നും ജനനം അവശ്യമാണെന്നു. കൊള്ളാം. ജ്ഞാനസ്നാനത്തെക്കുടാതെ പിന്നും ജനനം വേറെഉണ്ടെങ്കിൽ കാണട്ടെ. നമ്മുടെ കർത്താവിന്റെ കല്പന പ്രകാരം അപ്പൊസ്തോലർ ചെയ്തിട്ടുള്ളതും അവരെ പിൻഗമിച്ചു തിരുസ്സഭയാൽ അംഗീകരിക്കപ്പെട്ട നടത്തിപ്രകാരമായ ജ്ഞാനസ്നാനത്തെക്കാൾനല്ലതും പിന്നും ജനനമുണ്ടാക്കുന്നതും കൊടികീഴിൽ കൂടി കടക്കുന്ന ജ്ഞാനസ്നാനമാണെന്നുള്ളതു ഒരുപ്രമാണമാക്കാം കണ്ടിട്ടാണൊപൊ. ക്രമപ്പിച്ചിൽ ഇവയെപ്പറ്റി പിന്നാലെ തെളിയിക്കാം- ഇനിയും ഇവരുടെ പ്രാർത്ഥന മദ്ധ്യേ ഉണ്ടാക്കുന്നതായ ചേഷ്ടകളെ ബഹുരസം. എല്ലാവരും പട്ടണത്തിൽകൂടി സമയോചിതംപോലെ നിന്നുകൊ ഇരിക്കയൊ മുട്ടുകുത്തി കിടക്കയൊ ചെയ്യും. ഒരാൾ കർത്താവിനോടു പ്രസംഗം തുടങ്ങും. (ഇതിന്റെ ആരംഭം തനതുപ്രാർത്ഥനയെന്നാണ) പ്രാർത്ഥന മദ്ധ്യഭാഗമാകുമ്പോൾ ചിലർ ഉലാത്തിതുടങ്ങും. വേറെചിലർ ഞരമ്പുമായ ശബ്ദങ്ങൾ പുറപ്പെടുവിക്കും. മാറുചിലർ കാറുത്തു ഞാങ്ങണ എന്നപോലെ കണ്ണുംപൊത്തിപ്പിടിച്ചു അട്ടഹാസം തുടങ്ങും. ഈ സന്ദർഭത്തിൽ കേൾവിക്കാരായി വന്നിട്ടുള്ളവർ മുട്ടുകുത്തി ശിരസ്സിനെ അധോഭാഗത്താക്കി കിടക്കയാണ. സൈന്യക്കാരിൽ ഒട്ടുപേർ കേൾവിക്കാരായ ഓരൊരുത്തരുടെയും അടുക്കൽ ചെന്നുനിന്നുകൊണ്ടു "ഉം," എന്ന വലുതായ ഒരുമൂളലോടുകൂടി അട്ടഹാസിച്ചുംകൊണ്ടു വിശ്വാസംമുറുകട്ടെ എന്നും മാറും പറയും. ഇതിനിടയിൽ ചിലപ്പൊഴൊ എന്നും കേൾക്കാം. ഇതൊടുകൂടെ വേറെചിലർ "ഹാ കുത്തുകിരിയെ ഭിന്നിച്ചാർ," മേൽപ്രകാരം ഘോരശബ്ദം മുറുകട്ടെ മുറുകട്ടെ എന്നും ഉണ്ട്. ഈ ഭയപ്രസരത്തിൽ പ്രാർത്ഥനകാരൻ ചാടുംതുടങ്ങും. ഇതോടുകൂടെ കേൾവിക്കാരുടെ കണ്ണുനീരും തോണ്ടത്തുകൂടെ ഒരുതരത്തിൽ കൂവിത പാട്ടും. എല്ലാവരും നിവിന്ന കൈകൊട്ടിത്തുടങ്ങും. ഇതിനിടയിൽ മദ്ധ്യേ കൈമണി തപ്പുകൽ ഹിഡിൽമുതലായ വാദ്യങ്ങളും ഉണ്ട്. ഈവക കാഴ്ചകളെല്ലാം ഒന്നാമതായി കാണുന്നവക്കു ഇതൊരുപുതിയ നാടകം തന്നെയൊ എന്ന സംശയിക്കാത്തവർ ചുരുക്കമാണ്. ഈസമയം ഭിക്ഷുക്കളുടെ യാത്രയും ക്രമേയാണ്. മാന്യവായനക്കാരെ സൂക്ഷിപ്പിൻ. ഈവിധക്കാർ പക്ഷെ സ്വസ്ഥത്തിൽനിന്നു പരുന്ന ദൈവഭൂതന്മാർതന്നെ ആയിരുന്നാലും ഇവരെ കേൾക്കുന്നതിൽനിന്നുമുക്കുപിടിയില്ലുന്ന മാത്രുമല്ല ഇവർ ശപിക്കപ്പെട്ടവരുമാകുന്നു എന്നുള്ളതിനു വചനം വാരാതും നിങ്ങളുടെമുമ്പിൽ വായിക്കപ്പെട്ടുന്നതുകൂടാതെ മാറും അനേകലഘുഭാഗങ്ങൾ

വേദപുസ്തകത്തിൽനിന്ന നിങ്ങൾ ഓർക്കുന്നില്ലയൊ. (ഗലാ-ഫ-വ്യ-ൻ-മത്തായി വ-ഉ- മുതൽ വസ്യ വരെ നോക്കുക) ഇങ്ങനെയുള്ള വിപരീതങ്ങളെ കഴിയുന്നതും കണ്ടെത്തിയിച്ചു സാധുക്കളായ ജനത്തെ ഈ വലുതായ വഞ്ചനയിൽനിന്ന പിൻവലിക്കുകയും ഉണ്ണീശോ താഴെകാണാന്ന നോട്ടീസു ഒന്നാമതായികൊടുത്തു. മറുപടിക്കുതുശ്ശീട്ടപ്പോൾ ശരിയപകപ്പുമ്പോൾ ഓരോ കരിയില ആസ്ഥാനം അപേക്ഷിതമാകും പക്ഷം മൂപ്പരുകുന്നോരെ കാണ്മാൻ പോലും പ്രയാസമായി തീരും. അതിനാൽ രണ്ടാമതായി കൊടുത്തിട്ടുള്ള വേദഭാഗങ്ങളിടയിലും ശരിപകപ്പുകൾ രണ്ടും ഇതോടുകൂടി വേർതിരിച്ചിട്ടുണ്ട്.

നോട്ടീസ് (ശരിപകപ്പ്)

ഇപ്പോൾ മൂന്നനാലു മാസങ്ങളായി നിങ്ങൾക്കുവേണ്ടി സ്ഥിരവാസംചെയ്തു നടത്തിവരുന്ന വിപരീത ഉപദേശങ്ങൾ നിമിത്തം സത്യവിശ്വാസത്തിൽ ഉൾപ്പെട്ടിട്ടുള്ള ചില സഹോദരങ്ങൾ നിരാശ്രയരായി ഒരുസ്ഥാനപ്പെട്ടുവാന്ന തക്കവണ്ണം വാദം തുടങ്ങിയിരിക്കുന്നതിനെക്കണ്ടു ഏറ്റവും പരിതാപ ചിത്തനായി തീർന്നിരിക്കുന്ന അടിയാൻ നിങ്ങൾ നിഷേധിക്കുന്നതായി അന്തൊക്യാ തിരുസ്സഭയുടെ രക്ഷയ്ക്കുത്തരം ഉപദേശാചാരങ്ങളിൽ ഇന്നയിന്നഭാഗങ്ങൾ തെറ്റാണന്ന വേദവാക്യം മൂലം തെളിയിക്കുന്നതായാൽ ഞാനും എന്നോട്ടു ചേർന്നവരും നിങ്ങളുടെ വിശ്വാസത്തെ കൈക്കൊള്ളുന്നതിനു തയാറായിരിക്കുകൊണ്ടു ടി- വിഷയങ്ങളെപ്പറ്റി സംവാദമെങ്കിൽ രേഖാമൂലവും പ്രസംഗമെങ്കിൽ മുഖാമുഖമായും നടത്തുന്നതിലേക്കു സ്ഥലവും സമയവും സ്വീകരിച്ചു വിപരത്തിനു മറുപടിഅയക്കുമെന്നപിശ്വസിക്കുന്നു.

എന്നു കണ്ണിശ്ശേരിൽ കളപ്പുരമേടയിൽ താമസിക്കും
രക്ഷാസൈന്യകാരായ ദേവദാസൻ സാമ്പ്രു അവർകൾ മുതൽപേക്കു

യാക്കോബായ സുറിയൻ ക്രിസ്ത്യാനിസമുദായ ഉപദേശി കെ. സി. ചാണ്ടി
(ഒപ്പു) ഫ- ഫ- ൻ-

ചോദ്യങ്ങൾ (ശരിപകപ്പ്)

ക. ഒരു സഭയെ ക്രിസ്തു രക്ഷിക്കപ്പെടുമൊ?

ഖ. തിരുസഭ എന്നു ഒരുമൊ സഭകൾ എന്നു പലതൊ? ഒരുമെങ്കിൽ ഇപ്പോൾ കാണപ്പെടുന്നതിൽ ഏതു? അല്ലെങ്കിൽ ഏതെല്ലാം?

ഗ. തിരുസഭ ഇപ്പോൾ കാണുന്നതിൽ ഒന്നാണെങ്കിൽ അതിനെ തിരിച്ചറിയേണ്ട ചിഹ്നങ്ങൾ എന്തെല്ലാം? ഉണ്ടൊകുവാനിരിക്കുന്നതെയുള്ളു എങ്കിൽ അതിലെക്കുള്ള (ദീക്ഷദർശനങ്ങൾ) വാശ്രയങ്ങൾ കാണട്ടെ?

ഘ. പുതിയ നിയമ കർത്താക്കന്മാരുടെ നിലപ്പെട്ടു എങ്കിൽ എന്തിനു, എന്തിനാൽ, എപ്പോൾ, ആരാൽ, എവിടെവച്ചു?

ങ. വേദപുസ്തകത്തിൽ അടങ്ങിയിരിക്കുന്ന എല്ലാ വാശ്രയങ്ങളിലും വിശ്വസിക്കുന്ന ഏവർക്കും സമ്മതമുണ്ടൊ?

ച. ഒരുമനുഷ്യനും പിതാവും ക്രിസ്തു ഒരുകുട്ടി ജനിക്കുമൊ കുട്ടിക്കു ജന്മിക്കാമൊ?

ഛ. ഒരു ജീവനത്തിനു ഒന്നിലധികം ജനനം അനുഭവപ്പെടുമൊ?

ജ. മനസ്സുതിരിവെന്നും വീണ്ടും ജനനമെന്നും പറയുന്നതു ഒന്നുതന്നെയൊ?

ഈ ചോദ്യങ്ങൾക്കു ദയവുചെയ്തു വേദവാക്യംമൂലം മറുപടി തരുവാനാകണം.

എന്നു യാക്കോബായ സുറിയൻക്രിസ്ത്യാനി സമുദായ ഉപദേശി
കെ. സി. ചാണ്ടി (ഒപ്പു)

ദേവദാസൻസാമ്പ്രു അവർകൾ മുതൽപേക്കു

ആയതുകൊണ്ടു മാന്യ വായനക്കാരെ ജ്ഞാനസ്നാനം മുതലായതു തെറ്റാണെന്നു വിധിക്കയും വീണ്ടും ജനനമാവശ്യമാണന്ന പഠിപ്പിക്കയും ചെയ്യുന്ന ഈ ക്രുത്തും അപ്രകാരുടെ പിൻഗാമികളും തങ്ങൾ ദൈവത്തെപ്പോലെ ജ്ഞാനികൾ എന്നു നടിച്ചാലും ഹസ്തിയെൽ ദീക്ഷദർശി പറയുംപ്രകാരം സാക്ഷാൽ മനുഷ്യർതന്നെ അതുകൊണ്ടു ഈ ചാരന്മാരായ പിഭാന്മാരുടെ യുക്തിഹീനമായ ഉപദേശങ്ങൾ ലക്ഷ്യമാക്കരുതെന്നുള്ളതു ഒന്നാമതു വേദപുസ്തകം കൊണ്ടും രണ്ടാമതു ഇതരസഭകളുടെ സാക്ഷികൊണ്ടും മൂന്നാമതു ഇവരുടെ സ്വന്തസാക്ഷികൾകൊണ്ടും വ്യക്തമായി തെളിയിച്ചു അവരുടെ സ്വന്തലേ

ക്കുയെ ഉറന്നു കാണിക്കുതക്കവണ്ണം എന്നെ പിതാക്കന്മാരുടെ ഒരുപ്രായേ കരുതാപ്പി ൽ ഏല്പിയിച്ചും കൊണ്ടും ആരംഭിച്ചുകൊള്ളുന്നു. ഇതിനെ മുൻപത്രങ്ങളിലും ഈ സംഗതിയെക്കുറിച്ചു ചില മാന്യസഹോദരങ്ങൾ അല്പമല്പം പ്രതിപാദിച്ചിട്ടുണ്ടായി രുന്നതിനാൽ വൈകാതെ ഈ അപേക്ഷരത്തിൽ അവരെയും വളരെ നാണിച്ചും കൊണ്ടു തുടരുംഭാഗത്തിൽതന്നെ പ്രായക്കുറവോടെ ഉണർത്തിച്ചുകൊള്ളുന്നു എന്നതുകൊണ്ടു മുൻപറഞ്ഞിട്ടുള്ളവരെ പെട്ടിക്കുറുകി യാതൊന്നും പറഞ്ഞു വിടരുതെന്നു മാത്രമെ പറയുവാനുള്ളൂ. മുമ്പുപിന്നായി പല പത്രങ്ങളിൽ കൂടി ലേഖനങ്ങൾ വരുന്നുണ്ടാകയാൽ അപേക്ഷ ഒന്നായി മേത്തു പറയുന്നുവെങ്കിലെ സംഗതി നല്ലവണ്ണം മനസ്സിലാകയുള്ളൂ. ഇതുകൂടാതെ ചെല്ലു, ചെല്ലു എന്നു പറയുമ്പോൾ തല്ലു, തല്ലു എന്നുമനസ്സിലാക്കിയും കൊണ്ടു വല്ലതുമൊക്കെ എഴുതുന്നുള്ളതിലുമുണ്ടാകുമെന്നു വിചാരിച്ചു പൂർത്തിപ്പെടുത്തുന്നു.

യാ. സ. ഉ കെ. സി. സി.

പത്രികാ വായനക്കാരുടെ അഭിപ്രായമറിവാൻ

സുറിയാനിക്കാരായ നമ്മുടെ ഇടയിൽ മുമ്പിനാലെ നടപ്പായിരുന്ന കർത്തോ ൻ എഴുത്തു പ്രത്തമാനകാലത്തെ സുറിയാനിവിദ്യാർത്ഥികൾക്കു പ്രയോപ്രദമല്ലായ്കയാ ൽ നാം പാടിച്ചുവരുമെങ്കിലും മാഞ്ഞുപോയിരിക്കുന്നതിനാൽ പൂർവ്വികന്മാർ എഴുതിയിരിക്കുന്ന പ്രസംഗങ്ങളും ചരിത്രങ്ങളും തജ്മകളും സാരമേറിയ ചില നോട്ടുകളും മറ്റും മനസ്സിലാക്കുവാൻ ഇപ്പോൾ നിവൃത്തിക്കേടായിരിക്കുന്നതു കൊണ്ടു അച്ചടിയാൽ അതിനെ പുനരുജ്ജീവിപ്പിക്കണമെന്നു വിചാരമുണ്ട്. അങ്ങിനെ അച്ചടിപ്പായിവന്നാൽ പൂർവ്വികന്മാരുടെ ഗ്രന്ഥങ്ങൾ ഇപ്പോഴുള്ളവക്കു വായിച്ചുതിയാമെന്നു മാത്രമല്ല, ശീമപുസ്തകങ്ങൾ പോലെ നമ്മുടെ സുറിയാനി പുസ്തകങ്ങളും തജ്മകളുമെഴുത്തു എഴുതുവാനും അച്ചടിപ്പാനും വളരെ സൌകര്യമുണ്ടായിരിക്കയും ചെയ്യും. പല്ലിശ്ശേരിപുസ്തകങ്ങളിലും മറ്റും തജ്മ ചെയ്യേണ്ടിയ ഭാഗങ്ങൾ മലയാളഅക്ഷരങ്ങളിൽ അച്ചടിക്കുന്നതുകൊണ്ടു സുറിയാനിഭാഷാ പഠിതത്തിൽ വിദ്യാർത്ഥികൾക്കു ഉദാരത വരുവാനും എളുപ്പമുള്ളതാകുമെന്നും കാണുന്നു. മലയാളവാചകങ്ങൾ സുറിയാനി അക്ഷരങ്ങളിൽ എഴുതുന്നതിനാകുന്ന ഇവിടെ കർത്തോൻ എന്നു പറഞ്ഞുവരുന്നതു. ശീമയിൽ ഇരിക്കുള്ള പേരു ഗശ്രാനി എന്നാകയാൽ അതു ലോപിച്ചു കർത്തോൻ എന്നു തുയിപ്പോയതായിരിക്കാം. അവിടെ അറബിവാചകം സുറിയാനിയിൽ എഴുതുന്നതിനാണെ ഇതു ധാരാളം ഉപയോഗിക്കുന്നതു. മലയാളശബ്ദങ്ങൾ എപ്പോഴും ശരിയായി സുറിയാനി അക്ഷരങ്ങൾകൊണ്ടു ശബ്ദിപ്പാൻ പാടില്ലാത്തതിനാൽ പൂർവ്വന്മാർ ചില വിശേഷ അക്ഷരങ്ങളെ നിർമ്മിച്ചിട്ടുണ്ടെങ്കിലും ഇനിയും പൂർണ്ണിയായിട്ടില്ല. അതുകയാൽ പൂർവ്വന്മാർശേഷിപ്പിച്ചിരിക്കുന്നതിനെ നാം പൂർത്തിയാക്കി പരിഷ്കരിച്ചു ശബ്ദങ്ങളെ ശരിയാകി അവർ കാണിച്ചുതന്നിട്ടുള്ളപ്രകാരം പകർന്നാൽ ചൊല്ലേണ്ടതായ സുറിയാനിയുടെ തജ്മകൾ ശ്രദ്ധാനിയിൽ അച്ചടിക്കുന്നതും മലയാളഅക്ഷരങ്ങളിൽതന്നെ അച്ചടിക്കുന്നതും ഏതു നല്ലതെന്നുള്ള അഭിപ്രായം വായനക്കാർ പത്രികവഴിയായിതന്നെ അറിയിച്ചുതരണമെന്നു അപേക്ഷിക്കുന്നു.

ഒരു സുറിയാനി കുശനാർ

ഒരഭിപ്രായം

നമ്മുടെ സമുദായത്തിനുപെട്ട പല ഇടവകകളിലും ആത്മീക നന്മകളെ ഉദ്ദേശിച്ചു രംയിടെ പല സംഘങ്ങൾ അവിടവിടെയുള്ള മഹാന്മാരാൽ ആരംഭിച്ചു നടത്തപ്പെട്ടു വരുന്നു എന്നുള്ളതു സമുദായത്തിന്റെ അഭിവൃദ്ധിയിൽ തല്പരന്മാരായ ഏവർക്കും വളരെ സന്തോഷത്തിന്നു കാരണമുള്ള ഒന്നാണെന്ന നിശ്ചയം തന്നെ. എന്നാൽ രംം സംഘങ്ങൾ ഒരു പുതിയ രീതിയിൽ നടത്തുന്നതായിരുന്നാൽ അവ മൂലം വര

ണമെന്നു ഉദ്ദേശിക്കുന്നതിലധികമായ നന്മകൾ ഉണ്ടാകുന്നതാണെന്നു ഇനിക്കു തോന്നുന്നു.

എങ്ങിനെയെന്നാൽ ബ- വട്ടശ്ശേരിൽ മല്പാനച്ചനവർകളുടെ അദ്ധ്യക്ഷതയിൻകീഴ് കോട്ടയത്തും സമീപസ്ഥലങ്ങളിലും താമസിക്കുന്ന നമ്മുടെ സമുദായത്തിൽപ്പെട്ട മഹാന്മാരാദിയായവർ ചേർന്നുള്ള ഒരു സംഘം മദ്ധ്യേ ഏർപ്പെടുത്തുകയും അന്യസ്ഥലങ്ങളിലും ഇപ്പോൾ ഉള്ളവയും പുതുതായി ഉണ്ടാകുന്നവയുമായ സംഘങ്ങളെ മേല്പറഞ്ഞ സംഘത്തിന്റെ ഉപസംഘങ്ങളാക്കി തീർക്കയും ചെയ്യേണ്ടതാണ്.

സംഘങ്ങൾ ഒരു രീതിയിൽ നടത്തുന്നതായിരുന്നാൽ സമുദായത്തിന്റെ ഭാവി ശ്രേയസ്സുകൾക്കു ആസ്പദമായുള്ള അനേക നന്മകൾ വലിയ പ്രയാസം കൂടാതെ സാധിക്കാവുന്നതാണ്. മദ്ധ്യേ പ്രയാസം കൂടാതെ പുതുതായി ധാരാളം സംഘങ്ങൾ ഏർപ്പെടുത്തുന്നതിനും മാർഗ്ഗം ഉണ്ട്.

അതിനാൽ എന്റെ ഒരു താഴ്മയായ അഭിപ്രായത്തെ മുഖ്യമായി കോട്ടയത്തെ സ്വമത സ്നേഹമുള്ള വിലക്കുനങ്ങൾ സ്വീകരിക്കുമെന്നു വിശ്വസിക്കുന്നു. ഒരു സുറിയാനിക്കുട്ടി.

മലങ്കരയിലെ സകലമാന സുറിയാനിക്കാരും അറിവാൻ.

ഫാദിയ-ാം കൊല്ലം മുതൽ ഫാദ്യ-ാം കൊല്ലം വരെ "മലങ്കരെ സെന്തോമ്മസ സമുദായ"ത്തിന്നു സിക്രട്ടെരിയായിരുന്ന ചെങ്ങന്നൂർ സുറിയാനിപ്പള്ളിയുടെ കൊട്ടുരേത്തു മാ- യോസേപ്പു കത്തനാർ ഒരു സമുദായത്തിന്റെ ദൈവഭയമറ്റ നടപടികളെ ചെറിയ ചെറിയ ട്രാക്റ്റുകളായി അച്ചടിച്ചു പ്രസിദ്ധപ്പെടുത്തുവാൻ ഏഴുതി വരുന്നു. അതു അച്ചടിപ്പിക്കുന്നതിനു പണമില്ലായ്കയാൽ ഈ പ്രയത്നം ചെയ്യുന്നില്ലെന്നിരിക്കുന്നു. ദൈവഭയമുള്ളവരും വലങ്കൈ പ്രവൃത്തിക്കുന്നതു ഇടങ്കൈ അറിയാതെ കർത്താവിൽ നന്മചെയ്യുന്നവരും ഈ സംഗതിയിൽ സഹായം ചെയ്യുവാൻ അപേക്ഷിക്കുന്നു. അതു അവർ ഇനിക്കു എഴുതി അയച്ചു തരേണ്ടതാകുന്നു. എം. യോസേപ്പു കത്തനാർ.

ഫാദ്യ തുലാം ൻ-ാംനു- (ഒപ്പു)

ശരിയായ ക്രമലി കിട്ടിയില്ലെങ്കിലും പുസ്തകം പ്രസിദ്ധയോഗ്യമെന്നു കണ്ടാൽ അച്ചടിച്ചു തരുവാൻ ഞങ്ങൾ തയ്യാറുണ്ടു. മ- ൽ- പ- പ-

---

ദുഃഖത്തിൽ ദൈവചിന്തത്തിനു ഭരമേല്പിക.

"ക്രീസ്തയേശുവിലുണ്ടായിരുന്ന ഒരു ചിന്തതന്നെ നിങ്ങളിലും ഉണ്ടായിരിക്കട്ടെ"

"എന്റെ കൃപമതി നിന്റെ കൃപ്പം തന്നെ ആകുന്നു" ലൂക്കോ- ൨൨- ൪൨-

ഇപ്രകാരം ദൈവചിന്തനത്തിനു കീഴടങ്ങിയിരിക്കുന്നതു നാം എവിടെ കാണുന്നു? യേശുരക്ഷിതാവു ഭൂമിയിൽ ഇരുന്ന കാലമെല്ലാം തനിക്കു കഷ്ടകാലമായിരുന്നു. ബെതലഹേമിലെ പുൽക്കൂടു മുതൽ കാൽവറിയിലെ കുരിശുവരെയും താൻ കഷ്ടതയനുഭവിക്കാത്ത ഒരു സമയവും ഉണ്ടായിരുന്നില്ല. "നിവൃത്തിയായി" എന്നു ചൊല്ലി ജീവനെ ഭരമേല്പിക്കുന്ന സമയം വരെയും തന്റെ കഷ്ടതകൾ വർദ്ധിച്ചു വർദ്ധിച്ചുകൊണ്ടു തന്നെ ഇരുന്നു. ഇങ്ങിനെ താൻ സഭാനേരവും കഷ്ടമനുഭവിച്ചുകൊണ്ടിരുന്നിട്ടും ഒരു പിറുപിറുപ്പു വചനമെങ്കിലും തന്റെവായിൽ നിന്നു പുറപ്പെട്ടിട്ടില്ല. ഈ ആത്മത്തനായവനെറ നടപ്പെല്ലാം "എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടം തന്നെ ആകട്ടെ" എന്നായിരുന്നു. താൻ ഇഹലോകത്തിലേക്കു വരുന്ന സമയത്തും "ഇതാ ഞാൻ വരുന്നു-ണ്ടെറ ദൈവമെ നിന്റെ ഇഷ്ടം ചെയ്യാൻ ഞാൻ ആഗ്രഹിക്കുന്നു" എന്നു പറഞ്ഞു കൊണ്ടു വന്നു. ലോകത്തെ വിട്ടു പോകുന്ന സമയത്തും "പിതാവെ ഈ പാനപാത്രം എന്നിൽനിന്നു നീക്കുവാൻ നിനക്കു മനസ്സുണ്ടെങ്കിലും എന്നാലും എന്റെ ഇഷ്ടമല്ലാ നിന്റെ ഇഷ്ടംതന്നെ ആകട്ടെ" എന്നു പറഞ്ഞുകൊണ്ടു പ്രാർത്ഥിച്ചതു.

വായനക്കാരെ, ഒരം ചിന്ത നിങ്ങൾക്കുണ്ടോ നിങ്ങളുടെ ഉപദ്രവങ്ങളെല്ലാം താൻ സഹിച്ച ഉപദ്രവത്തോടു കൂട്ടിനോക്കുമ്പോൾ എത്ര നിസ്സാരം. തിരമാലകളായി തന്റെമേൽ അടിച്ച ദുഃഖങ്ങളോടു, ചെറുതുള്ളിപോലുള്ള നിങ്ങളുടെ ദുഃഖത്തെ ഒത്തുനോക്കുവീൻ. നിമ്മല കുഞ്ഞാടാകുന്ന താൻപിറുപിറുക്കുന്നില്ലെങ്കിൽ നിങ്ങൾക്കു പിറുപിറുക്കുവാൻ എന്തു ന്യായം. കുറ്റം, പാപം ഒന്നും അല്പം പോലും സ്വപ്നേപി അറിയാത്ത ഹൃദയശുദ്ധി തൻ കഷ്ടത അനുഭവിച്ചിരിക്കെ പാപജന്മികളും അയോഗ്യരുമായ നിങ്ങൾക്കു പാടുപെടുവാൻവഹിയായൊ? നിങ്ങളുടെ കഷ്ടതകളെല്ലാം നിങ്ങൾക്കു ന്യായമായി വരെണ്ടുന്നവയല്ലാതെ മറെറാന്നുമല്ലാ. ഹാ! നിങ്ങൾക്കുവന്നവ നിങ്ങൾക്കു ന്യായമായി വരെണ്ടുന്നവയിലും എത്ര അത്യല്പം. നിങ്ങൾക്കു ഇന്നീന്ന കഷ്ടതകൾ നേരിടുന്നതിനാൽ ദൈവം സ്നേഹമില്ലാത്തവൻ എന്നു നിങ്ങൾ വിചാരിക്കുന്നവൊ. യെശു ഇങ്ങിനെ വിചാരിച്ചോ. "പിതാവെ നിനക്കു ഇപ്രകാരമല്ലൊ ഇഷ്ടം തോന്നിയതു" എന്നുപറഞ്ഞു താൻ അശേഷം ശാന്തമായിരിക്കെ, നിങ്ങൾ ദൈവ തിരുവിഷ്ടത്തിനു കീഴ്പെടാതെ പിറുപിറുക്കാമൊ. കഷ്ടതയാൽ വലയുന്നവരെ നിങ്ങളുടെ രക്ഷിതാവാകുന്ന യെശുവിനെപ്പോലെ നിങ്ങളും "പിതാവെ നിന്റെ ഇഷ്ടം" എന്നു പറഞ്ഞു അടങ്ങിയിരിപ്പിൻ.

രോഗി ആയിരിക്കുന്ന കുട്ടിയ്ക്കു സ്നേഹമുള്ള പിതാവു കൊടുക്കുന്ന ഔഷധം എത്രമേൽ കൈപ്പുള്ളതായിരുന്നാലും അതു വാങ്ങിച്ചു സേവിക്കുംപോലെ, നമ്മുടെ രക്ഷിതാവും "പിതാവെ നീ തരുന്ന പാനപാത്രത്തെ ഞാൻ കുടിക്കാതിരിക്കുമൊ" എന്നു പറഞ്ഞു ഏതു ദുഃഖവും മനസ്സന്തോഷത്തോടെ സഹിച്ചു. അപ്രകാരം നിങ്ങളും സഹിപ്പിൻ. ദൈവം സകലവും ഇപ്പോപ്രകാരം ചെയ്യുന്നു എങ്കിലും ഒന്നും താൻ നി

ഷ്ടമായി പ്രവൃത്തിക്കുന്നില്ലാ. തന്റെ സകല പ്രവൃത്തികൾക്കും അന്തരമുണ്ടായിരിക്കും. ഇതിനെ നിങ്ങൾ വിശ്വസിച്ചു താൻ വാത്സല്യത്തോടു ശിക്ഷിക്കുന്ന സമയം "പിതാവെ നിന്റെ ഇഷ്ടം എന്നു പറഞ്ഞു ആശ്വസിപ്പീൻ. താൻ നിങ്ങളുടെ പിതാവു വാശ്രത്തിന്റെ ദൈവം, തന്റെ സ്വന്ത പുത്രനെപ്പോലും ഒന്നുമറിയാതെ നിങ്ങൾക്കായി ഏല്പിച്ചുതന്നവൻ ആകുന്നു. ഇതു നിങ്ങൾ വിചാരിക്കുന്ന പക്ഷം നിങ്ങളുടെ ആത്മപ്രീ എല്ലാം അറിപ്പൊകും. നമ്മുടെ രക്ഷിതാവു സകലത്തെയും ദൈവയിഷ്ടത്തിനെല്പിച്ചു കൊടുത്തതുപൊലെ നിങ്ങളും നിങ്ങൾക്കെന്തെല്ലാം സംഭവിച്ചാലും "ഇതു നിന്റെ ഇഷ്ടമാകയാൽ സകലവും നന്മതന്നെ ഇതാനിന്റെ അടിയാൻ നിന്റെ ഇഷ്ടപ്രകാരം നടത്തിക്കൊൾകാ" എന്നു പറഞ്ഞു ആശ്വാസം പ്രാപിക്കുന്നതു കൂടാതെ, ആപ്രകാരം നിങ്ങൾക്കു സംഭവിച്ചതു നിമിത്തം സന്തോഷിക്കുന്നവരായും ഇരിപ്പീൻ.

ദൈവസ്നേഹിതനു ഉണ്ടാകുന്ന ദുഃഖം ഓരൊന്നും അവനെ മോക്ഷത്തിലെക്കു കൊണ്ടുപൊകുന്ന കോവണിയുടെ ഓരൊപടി ആകുന്നു. ഭൂമിയിൽ കഷ്ടതകൾമൂലം കണ്ണുനീരിൽ നീരാടുന്നവരുടെ വസ്തുമാകുന്നു മോക്ഷവാസികളിൽ എല്ലാവരുടെയും വസ്ത്രങ്ങളെയുംകാൾ ശോഭയേറുന്നതു. ആകയാൽ പാപവും ക്ഷുലവും മരണവും ഇല്ലാത്ത ആ മോക്ഷത്തിലെക്കു യൊഗ്യതയും ഒരുക്കവും ഉണ്ടാകുന്നതിനു ഈ ലൊക കഷ്ടതകൾ അത്യാവശ്യപ്പെട്ടവയാകുന്നു. ഇതിനെഅറിഞ്ഞു ഭയവും വിറയലും ഉണ്ടാകത്തക്ക ഏതുകഷ്ടതകൾ നേരിട്ടാലും ശാന്തമായിരിക്കുന്ന ആത്മാവു ദൈവത്തിനു എത്രമേൽ മഹത്വം കൊടുക്കുന്നതാകുന്നു എന്നു ഓർപ്പീൻ.

"നിങ്ങളും ആ മനസ്സിനെത്തന്നെ ആയുധമായി ധരിപ്പീൻ".

(തുടരും) പി.

ഒരു വഞ്ചിക്കുന്ന സൂത്രം

മലങ്കര

മാന്യപത്രാധിപരവർകൾക്കു.

സാധുത്തിൽനിന്നു തള്ളപ്പെട്ട ദൈവദൂതന്മാർ ഏതുപ്രകാരം തങ്ങൾക്കുലഭ്യമായ ഓഹരിക്കു അത്യുത്സാഹമുള്ളവരാകുന്നുവെന്നു ഉദ്ദേശിച്ചു ഏദൻതോട്ടത്തിലും പ്രവേശിക്കുകയും പിലകളെപ്പറ്റി കനിയെ രീറുന്നതിനു പ്രയത്നിക്കയും ചെയ്തൊ രുപ്രകാരംതന്നെ ഇപ്പോൾ സ്ഥലത്തെ നഫീകരണക്കാരാൽ സ്വീകരിക്കപ്പെട്ടും പട്ടക്കാരനെന്നു ഗണിക്കപ്പെട്ടും വരുന്ന ഒരുവഷ്ത്തിനു മുമ്പുവരെ ഒരു യാക്കൊബായ പട്ടക്കാരനായിരുന്ന ഒരാൾ (ഇദ്ദേഹത്തെക്കുറിച്ചു പായനക്കാർ ഏറക്കുറെ കേട്ടിരിക്കുമെന്നു വിശ്വസിക്കുന്നു) പ്രസംഗത്തിനു കൈവെപ്പുള്ള ചില യാക്കൊബായക്കുഞ്ങളെയും അതിനൊട്ടു ചേർന്നിരിക്കുന്നവരായ ചിലരെയും വഞ്ചിപ്പാൻ വചനശുശ്രൂഷണ പലപ്രകാരത്തിലും പലപ്രാവശ്യവും പ്രയത്നിച്ചിട്ടും സാധിക്കാഞ്ഞതിൽപിന്നെ അധൈര്യപ്പെടാതെ ഇപ്പോൾ മംഗലാക്കുകളിലും മറ്റും അലങ്കരിക്കപ്പെട്ട ഒരു ഏഴുത്തുമുഖത്തിരം പ്രയത്നിച്ചിരിക്കുന്നു. എന്നാൽ ഇങ്ങനെയുള്ളവർ ഏതുപ്രകാരത്തിലുള്ളവരെന്നു ഈ ലഘുപുസ്തകത്തിന്റെ അവസാനത്തിൽ രോമാക്കാരോടു പറഞ്ഞിരിക്കു

ന്ന വേദസത്യത്തെ ടി. കുഞ്ഞുങ്ങൾ അറിഞ്ഞിരുന്നതിനാൽ ആ വഞ്ചനയിൽ അശേഷം അകപ്പെടാതെ ഒരു മറുപടി കൊടുത്തു. ടി- എഴുത്തും മറുപടിയും വായനക്കാരുടെ അറിവിനും ഉപദേശത്തിനുമായി താഴെ ചേർത്തിരിക്കുന്നു- ഇവയെ ദയവായി അംഗീകരിച്ചു പത്രികയിൽ ചേർത്തു അയപ്പാറാകണമെന്നു അപേക്ഷിക്കുന്നു,

യാക്കോബായ കുഞ്ഞുങ്ങൾക്കു വന്നിട്ടുള്ള എഴുത്തു

നമ്പ്രു ൧൨ മാവേലിക്കര ആത്മീകാഭിവൃദ്ധി സംഘത്തിൽനിന്നും.

ടി- സംഘം നിങ്ങളായ കടവിൽമത്തായി കല്ലറയ്ക്കൽ ഈപ്പൻ നാടാപിള്ളിൽകൊച്ചുകുഞ്ഞു ടി-യിൽമത്തായി പുത്തൻപീടിൽ കൊച്ചുകുഞ്ഞു പഴിനംമൂട്ടിൽ പീടികയിൽ ഗീവറുഗീസു വിലനിലത്തു ദാനിയെൽ ടി-യിൽ പീലിപ്പോസു മണപ്പള്ളിൽ യോഹന്നാൻ എന്നവർകൾ ഗ്രഹിപ്പാൻ.

തന്നോടുകൂടെ സ്നേഹിച്ചു വിശേഷാൽ കരുതിസൂക്ഷിക്കുന്ന കർത്താവായയേശുക്രിസ്തു നമ്മുടെമേൽ പകർന്ന തന്റെ ധാരാളമായ കൃപയാൽ ഈ സാലങ്ങളിൽ നല്ല പ്രകാശങ്ങളായി പിടിച്ചുപോരുവാൻ നമ്മെ തിരഞ്ഞെടുത്തു അതുകൊണ്ടുള്ളതിൽ പ്രതിദിനം ശക്തിയും സന്തോഷവും പ്രാപിപ്പാൻ ഈസംഘത്തെ നടത്തിപ്പാനിരിക്കുന്ന എന്നു നാംതന്നെ അനുഭവസാക്ഷികളാണല്ലൊ, ഈസന്തോഷത്തിൽ നാം പങ്കുവരുവെ ദൈവ ഉദ്ദേശത്തിനു ഉപയോഗമല്ലാത്ത ചില നിസ്സാര കാര്യങ്ങളാൽ നിങ്ങൾ ഈ യോഗത്തിൽനിന്നു പിന്മാറി പോകുന്നതുകണ്ടു സാത്താൻ ഉണ്ടാകിയ പിളർപ്പിനെ ദൈവംസ്ഥാപിച്ച ആതിരായിട്ടു എണ്ണി വിശുദ്ധാത്മസന്തോഷങ്ങളിൽനിന്നു പിന്മാറിക്കളയുവാൻ ഇടയായതിൽവച്ചു ഞങ്ങൾക്കുറ്റവും ദുഃഖിക്കുന്നു. നമ്മെഒരുമിച്ചുനടത്തുവാൻ ഈ ചെറിയ തോട്ടത്തെ നനച്ചു വരുന്ന പരിശുദ്ധാത്മാവിന്റെ സന്തോഷപ്രയോഗങ്ങളാൽ കൃപകരപ്പെട്ടുന്ന സമയങ്ങളിൽ ഒക്കയും നിങ്ങളുടെ സ്നേഹമുഖം അന്യമായിരിക്കുന്നതുകൊണ്ടു ബലഹീനനായ ഞാൻ നിങ്ങളെക്കുറിച്ചു അത്യന്തം ദുഃഖിക്കുകയും വ്യസനിക്കുകയും നിങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു എന്നു എന്റെ ദൈവംസാക്ഷി അരുളുന്നു. ഇപ്പോൾ സംഘത്തിന്റെ ഒരുവാഴ്ചീകയോഗം ഈ മാസം ൨൦-ാംനു ഞായാഴ്ചയെകിട്ടു കൃത്യം അഞ്ചുമണിക്കു തഴക്കര പള്ളിക്രൂടത്തിൽവച്ചു നടത്തണമെന്നു നിശ്ചയിച്ചിരിക്കയാൽ ആ അവസരത്തിൽ ഉണ്ടാകുന്ന സന്തോഷങ്ങളിൽഎല്ലാം നിങ്ങൾകൂടി ഇല്ലാതെ ഇരിക്കുന്നിടത്തോളം പൊള്ളവിൽസന്താപം കലർന്നിരിക്കുന്നതാകുന്നു. ആസമയം എന്റെ സ്നേഹകടലിന്മേൽ തുങ്ങപ്പെട്ടവരും സംഘത്തിൽ പ്രകാശിച്ചിരുന്നവരുമായ നിങ്ങൾ എന്റെ ഹൃദയത്തിന്റെ സ്നേഹകുടലിന്മേൽ തുടിക്കയും പിരഹതാപത്തിന്റെ ഓളങ്ങൾ തലകുമീതെ ഉയരുകയും ചെയ്യുന്നതിനെ എങ്ങനെസഹിക്കും. നിങ്ങൾക്കു പകരം നിങ്ങളെ അല്ലാതെ ഞാൻ ആരെ നോക്കേണ്ടു. നിങ്ങളുടെ സ്ഥാനങ്ങളിൽ ആരെ ഇരുത്തേണ്ടു. നിങ്ങളുടെ സന്തോഷദർശനത്തിനു ബലമായി ഏവരെകൊണ്ടു ആശ്വസിക്കേണ്ടു. ഫാപ്രിയസ്നേഹിതരെ എന്റെ ഉള്ളം ഇതിൽ നീറുന്നു. നിങ്ങളുടെ മുഖദർശനത്താലല്ലാതെ ആശ്വാസം ഉണ്ടാകുന്നതല്ല. ആകയാൽ അത്യന്ത നിർബ്ബന്ധതയെ വഷളാക്കുന്ന നിഷ്പ്രയോജന വാശികളും അക്ഷരസംബന്ധമായ ആലോചനകളും വിട്ടു ആത്മാവിൽ ആലോചിച്ചും ക്രീസ്തു യേശുവിനെ ചിന്തിച്ചും. മേലെഴുതിയ സന്ദർഭത്തിൽ നിങ്ങളെല്ലാവരും വന്നുചേരണമെന്നു സവിനയം അപേക്ഷിക്കുന്നു. ഈ എഴുത്തു ആദ്യംവായിക്കുന്നവർ മറ്റുള്ളവർക്കു എല്ലാവരെയും കാണിക്കണമെന്നുകൂടെ അപേക്ഷിക്കുന്നു.

എന്നു സംഘാദ്ധ്യക്ഷൻ പി. സ്കൂപ്പാനോസു കത്തനാർ (ഒപ്പു)

൨൫ കന്നി ൧-ാംനു-

മേലെഴുതിയ എഴുത്തിനു അയച്ചിട്ടുള്ള മറുപടി

൨൫ കന്നി ൧-ാംനു- മാവേലിക്കര

നൂതനമായി ഏർപ്പെട്ടുത്തപ്പെട്ടതെന്നുതോന്നുന്ന മാവേലിക്കരെ ആത്മീകാഭിവൃദ്ധി സംഘാദ്ധ്യക്ഷൻ അവർകൾ ബോധിപ്പാൻ.

ഇന്നെട്ടിനു സം ൧൦-ാംനു നമ്പ്രായി തങ്കളയച്ച ഒരെഴുത്തുകിട്ടി. വായിച്ചുകണ്ടതിൽ വല പ്രാവശ്യവും പറഞ്ഞാലെങ്കിലും കൊള്ളാമെന്നു ഞങ്ങൾ ഓരോരുത്തക്കു പ്രത്യേകിച്ചും പൊതുവായും തോന്നിയതായ അനേകം സംഗതികൾ പ്രസ്താവിച്ചിട്ടുള്ള

തുകൊണ്ട് ഞങ്ങളുടെ ഹൃദയങ്ങളിൽ ആശ്ചര്യപൂർണ്ണമായ സങ്കടം ഉളവാക്കുന്നു എന്നു പറയുന്നതിൽ ഒട്ടും അവാസ്തവമില്ല. ദൈവീക സന്തോഷങ്ങളിലും ആത്മീകജീവനിലും വളർന്നുവരുന്നതും കത്തിശോഭിക്കുന്നതുമായ പ്രകാശങ്ങളായി പിടിപ്പാൻ ദൈവംതന്റെ അളവറ്റകൃപയാൽ ശ്രീ സ്നേഹയേശുമൂലം തന്നെ ആത്മീകനവീനരുടെ നടുവിലേക്ക് ചൊരിഞ്ഞു വളർത്തിക്കൊണ്ടു വരുവാൻ ദൈവ ഉദ്ദേശ്യത്തിനു ഉപയോഗമല്ലാത്ത നിസ്സാര കായ്യങ്ങളാൽ തങ്ങളെ തിരഞ്ഞെടുക്കപ്പെട്ട ആടുകളെക്കുറിച്ചു സ്നേഹംതോന്നാതെ അവരുടെയും ഈ സംഘത്തെയും ഉപേക്ഷിച്ചു പിന്തിരിഞ്ഞുകളവാൻ ഇടയായതു ദൈവസ്നേഹമോ വൈരാഗ്യമുണർത്തുന്നതായോ എന്നു താങ്കളുടെ എഴുത്തിലെ പ്രസ്താവനകൊണ്ടു തന്നെ ഞാൻ ചിന്തിക്കുമ്പോൾ ആത്മകായ്യങ്ങളിൽ പ്രതിഫലനം ശരിയും സന്തോഷവും പ്രാപിപ്പാൻ ഈ സംഘത്തെ നടത്തിച്ചുവന്നതെന്നും വളർത്തിവന്ന എന്നും എഴുതിയിരിക്കുന്നതുകൊണ്ടു ടി- വളർച്ചയിൽനിന്നു പിന്തിരിഞ്ഞാൽ പിന്നത്തെ നില എപ്രകാരമെന്നു പ്രത്യേകം പറയേണ്ടതായല്ലൊ- അതിനെക്കുറിച്ചുള്ള വ്യസനം വചനത്രുപെണ പ്രസ്താവിപ്പാൻ കഴിയാത്തതിൽ അത്യന്തം വ്യസനിക്കുന്നു. പരിശുദ്ധാത്മാവിനാൽ നനയ്യപ്പെട്ടും മശിഹായാൽസ്സൃക്കപ്പെട്ടും വളർത്തപ്പെട്ടും ഒരു ദിവ്യഅവകാശത്തിലേക്കും വിശേഷ്ചുമതലയിലേക്കും ദൈവകൃപ ഞങ്ങളെ ക്ഷണിച്ചപ്പോൾ ഞങ്ങളുടെ ആത്മാവു സ്തുതിക്കുന്നവനായ താങ്കളെ ഞങ്ങൾ അനുവർത്തിച്ചു ആലസ്യപ്പെട്ടു, കണ്ടെത്തിയതുമില്ല. ഞങ്ങളിൽനിന്ന അന്യമായിരിക്കുന്നവല്ലൊ എന്നുവിചാരിച്ചു ഉണ്ടായ സങ്കടത്തിനുസാക്ഷി ഞങ്ങളുടെ കണ്ണുനീരുതന്നെ. അതു ഒരു തുള്ളിപോലും നഷ്ടപ്പെടാതെ എല്ലാം ഒരു കലത്തു ഞങ്ങൾക്കുവേണ്ടി ശബ്ദിക്കാതിരിക്കയില്ലന്ന ഞങ്ങൾ ഉറപ്പായി വിശ്വസിക്കുന്നു. അതെല്ലാം നിങ്ങളെ കൈവിട്ടാലും ഞാൻ നിങ്ങളെ കൈവിടുകയില്ലന്ന കല്പിച്ച ശാലേമിന്റെ അധിപതിയുടെ പച്ചകല്പകൾ പതിക്കപ്പെട്ട പൊൻലോതിരണിഞ്ഞോട്ട കൃടിയ കൈകൾ ഞങ്ങളെ തഴുകി ആശ്വസിപ്പിക്കയും അനുഗ്രഹിക്കയും ചെയ്യുവരുന്നു. എന്നു തന്നെയുമല്ല ദൈവത്താൽ നൽകപ്പെട്ട സത്യമുള്ള കലവറകാരൻറെ പതിഷ്ഠയിൽനിന്നപ്പോൾ ഓരൊസമയങ്ങളിൽ ശാസനകളാലും ഉണർത്തുകളാലും ദൈവീകവാശത്തങ്ങളാലും ഞങ്ങളെ ആകഷിച്ചു താങ്കളുടെ ഉമ്പർമേലിയ സ്വരത്തിന്റെ പ്രതിധ്വനി ഞങ്ങളുടെ ദൈവീകമായ എല്ലാ ഹിതങ്ങളിലും ഞങ്ങളെ ഉണർത്തുകയും ദുഃഖിപ്പിക്കയും ചെയ്യുന്നു- ഞങ്ങളെക്കുറിച്ചുള്ള സ്നേഹം കൊണ്ടു തുടിക്കുന്നതായ കുടലുകളും നീറുന്നതായ ഹൃദയവും ഞങ്ങളിൽനിന്നു തിരിച്ചുകളവാനുണ്ടായ ആത്മനിമ്നലതയെ വഷളാക്കുന്ന നിഷ്പ്രയോജനവാശികളും ആക്ഷരസംബന്ധമായ ആലോചനകളും ഉപേക്ഷിച്ചു സ്നേഹംകൊണ്ടു പരപശയായിരിക്കുന്ന ജനിപ്പിച്ചു വളർത്തിയ മാതാവിന്റെ മടിയിലേക്കും ആടുകളാകുന്ന ഞങ്ങളുടെ യോഗത്തിലേക്കും വന്നുചേരുവാനുള്ള ദിവസം സമീപമാകുന്നുണ്ടെന്നതിനു ഞങ്ങളുടെ നിരന്തരമായപ്രാർത്ഥന ദൈവത്തിന്റെ അനുഗ്രഹമേറിയ ശ്രീഭണ്ഡാരത്തിന്റെ വാതുകൽ മുട്ടികൊണ്ടിരിക്കുന്നു. ആ ദിവസത്തിൽ താങ്കളുടെ വായിൽ നിന്നു പുറപ്പെട്ട് ദൈവ വചനമാകുന്ന മധുരമേറിയ പാലിനെ കുടിച്ചതായ ഞങ്ങളുടെ വാകൾ സന്തോഷംകൊണ്ടു തുള്ളുകയും പാടുകയുംക്രുടെയുള്ളു. ആടുകൾ ഇടയനെ ഉപേക്ഷിച്ചുഎന്നല്ല, ഇടയൻ ആടുകളെ ഉപേക്ഷിച്ചു എന്നുള്ളതുകൊണ്ടു അങ്ങെഴുത്തിൽ പ്രസ്താവിച്ചതുപൊലെയുള്ള പരിതാപങ്ങൾ ഞങ്ങളുടെ വായിൽ മാത്രമല്ല ഹൃദയങ്ങളിലും തിങ്ങിവിങ്ങുന്നു. സ്നേഹമേറിയ ഈ ആടുകളെ ഉപേക്ഷിപ്പാൻ തോന്നിയതായ ഹൃദയം അതെകരുതിയൊ അവരെ താങ്കൾ ഇപ്പോൾ അനുഗ്രഹിക്കുന്ന സ്ഥലത്തു ഇരുത്തുന്നതിനു ധാരാളം നിവൃത്തിയുണ്ടല്ലൊ. അതിനാൽ സത്യത്തെഓർത്തും മലിനതപെടാതവണ്ണം താങ്കളെക്കുറിച്ചു കുടലുകൾ അലിയുന്നവണ്ണമായ മാതാവിന്റെ മടിയിലേക്കും ആടുകളുടെ ഇടയിലേക്കും വന്നുചേരണമെന്ന സവിനയം അപേക്ഷിച്ചുകൊള്ളുന്നു മേല്പറഞ്ഞ കാരണങ്ങളാലും ഞങ്ങളുടെ ആത്മീകപിതാവിന്റെ ആജ്ഞകളെ അനുസരിച്ചുനടക്കേണ്ട പ്രത്യേകമുമതലയാലും താങ്കളുടെ അപേക്ഷയെ സാധിപ്പാൻ സൌകര്യപ്പെടുവാനില്ലാതെ തീന്നിരിക്കുന്ന വിവരവും തെളിപ്പെടുത്തികൊള്ളുന്നു.

എന്നു മേല്പറഞ്ഞ കടവിൽ മത്തായി മുതൽപേരും (ഒമ്പതു ഒപ്പുകൾ)

ഇതിന്റെശേഷം വന്നിട്ടുള്ള എഴുത്തും മറുപടിയും പിന്നാലെ.

എന്നു നിലയുള്ളവൻ.

ഇടവക പത്രികയുടെ നിരണം സക്കിട്ട്

നിരണം സുവിശേഷ പരിശീലന സഭയുടെ ഒന്നാം വാഷിക യോഗത്തിലെ റിപ്പോർട്ടിനെ കുറിച്ചു ഏതൊക്കെ കഴിഞ്ഞ സക്കിട്ടി ൽ പ്രസ്താവിച്ചതിനെ വായനക്കാർ ഓർക്കുമെന്നു വിശ്വസിക്കുന്നു ഏ ന്റെ രണ്ടാമത്തെ സക്കിട്ട് നിരണംവഴി ചെങ്ങന്നൂരെക്ക ആയിരുന്നു ആവഴി കിട്ടിയിട്ടുള്ളതിനെ താഴ പ്രസ്താപിച്ചുകൊള്ളുന്നു പുതുതായി നിയമിച്ച സിക്രട്ടറിമാരിൽ ഒരാൾ കൊട്ടയത്തെക്ക സ്ഥലം മാറിയ തിനാൽ പകരം ശ്രീ- ജി തൊമ്മാ അവർകളെ നിശ്ചയിച്ചു- ഒരം ങ്ങളെ നിശ്ചയിച്ചതുകൊണ്ട സംഘത്തിനു ഏഴു പണം വീതം നഷ്ടമു ള്ളതല്ലാതെ കായ്യങ്ങൾ അയാൾ ശരിയായി ചെയ്യുന്നില്ലന്നാണ് ഫീഫ് സിക്രട്ടറിയുടെ ഇപ്പൊഴത്തെ റിപ്പോർട്ട- പഴയസഥിതിയിൽ നിന്നും ചിലതിനെല്ലാം കുറെ പരിഷ്കാരം പുതിയ സ്ക്രട്ടറിയായ പി.കൊച്ചു മ്മൻ അവർകൾ മുഖാന്തിരം ഉണ്ടായി എന്നുള്ളതിനു സംശയമില്ല. ഏ ന്നാലും അദ്ദേഹം പ്രതിഫലെച്ഛ കൂടാതെ ഒരു ജോലി വളരെ ശരി യായും ന്യായമായും ചെയ്യുവരുന്നതിൽ സവിശേഷം സന്തോഷിക്കു ണ്ടായിരിക്കുന്നു സംഘത്തിന്റെ ഒന്നാമത്തെ വാഷിക യൊഗം കഴി ഞ്ഞതിൽ പിന്നീടും അർദ്ധവാഷികമായ ചിങ്ങം ഫസ്റ്റാം നു-കകം രണ്ട മൂന്നു സണ്ടെസ്ക്കൂളുകൾ പുതുതായി സ്ഥാപികയും അതിനെറ നട ത്തിപ്പുകാക്കു ഉത്സാഹം ജനിക്കുന്നതിനു സംഘത്തിന്റെ ശക്തിക്കനുരൂ പമായ വിധത്തിൽ ഗ്രാന്റു കൊടുക്കയും ഇന്നസ്കൂൾ അദ്ധ്യാപകർക്കു പ്രൊഷ്യൻ കൊടുക്കയുംചെയ്തു നിരണം ഇടവകയുടെ കാനീസ്സുകണ കെട്ടുത്തു യാകൊബായ സുറിയാനിക്കാരുടെ സംഖ്യയും ഭവനത്തി ന്റെ തുകയുംഅറിയുന്നതിനു ടി പള്ളിയൊഗത്തിന്റെ സഹായത്തൊ ടുകൂടി നടത്തുന്നതു കൂടാതെ ടി സംഘത്തിൽനിന്നും ഇരുപത്തു രൂപാ സമ്മാനം നിശ്ചയിച്ച മതസംഗതിയിൽ നിന്നും ഒരു പരീക്ഷ നടത്തു ന്നതിനും നിശ്ചയിച്ചിരിക്കുന്നു.

ഈസംഘകാരുടെ ഉത്സാഹം വർദ്ധിക്കുന്നതിനു ഇവക്കു പലവിധ ത്തിൽ സഹായംചെയ്യും ഇതിന്റെപ്രധാനസഹായകത്താവായും ഇ രിക്കുന്ന തയ്യിൽചെറിയാൻഅവർകളെ അത്യന്താഭിനന്ദിക്കുന്നു. നി ങ്ങൾക്കു വഴിക്കു പൊകുന്നതെങ്കിലും വടിയെങ്കിലും ഉണ്ടായിരികരുതെ ന്നുള്ള വേദവാക്യമനുസരിച്ചായിരുന്നു ഇതിന്റെ ആരംഭമെന്നു കണ ക്കു വായിച്ചപ്പൊൾ മസസ്സിലായി. എന്നാലും ചുരുങ്ങിയപക്ഷം ഒരു പണംവീതമെങ്കിലും ശരിയായി ഗ്രാന്റുകൊടുക്കുന്നതിനുള്ള മാർഗ്ഗമില്ലാ തെ പത്തുപന്ത്രണ്ടു സണ്ടെസ്കൂളുകൾക്കു സാധാരണവിധത്തിൽ ഗ്രാ ന്റു കൊടുക്കുന്നതിനു നിശ്ചയിച്ച ഇവരുടെ ധൈര്യം വളരെ ശ്ലാഘ നീയം തന്നെ- ദൈവസഹായത്താൽ ഇവരുടെ നിശ്ചയാനന്തരം മു തൽപിടിയിൽ സൂക്ഷിക്കുന്നതിനു പണമില്ലെങ്കിലും ആവശ്യങ്ങൾക്കു ധാ രാളം വന്നുകൊണ്ടതന്നെ ഇരിക്കുന്നു. ഇപ്പൊൾ ധർമ്മശെരം, നിര പറ, തെങ്ങുകെട്ടു മുതലായവ പിരിച്ചാണു ഒരുവിധം ശരിയായി നട

ത്തുന്നതു. ഇതു തന്നെ സംഘത്തിൽ വച്ചു സ്വന്തമെന്നു ഏറ്റുകൊണ്ടു പോയ പുള്ളിക്കാരൻ ചുവർ ഏറാതിരിപ്പാൻ പകരം പീതംപൊലും അടച്ചുകൊടുത്തിട്ടില്ലാത്ത കേട്ടതിൽ അത്ഭുതപ്പെടുന്നതു. ഇതുപൊലെ ചില മഹാന്മാരുടെ നാക്കിന്റെ ഏല്പിച്ചുത്തരം അവർ മാർഗ്ഗനാസ്യോസ് ദ്രോസ്നേശെയ്യ പാഠം, നാനാവിധ ഏറെഴുതിച്ചു കൊണ്ടു മൂലയിൽ കണ്ണടച്ചുകൊണ്ടിരിക്കുന്നു. സാധാരണയിൽ താൻ ഏറെറിൽ പകുതിക്കുടി അധികം (അതായ്യു പാപം) കണ്ടില്ല തള്ളിൽ ചൊരിയാൻ അവർക്കളും പിന്നെ പലർക്കുടി പറഞ്ഞതായി സക്രട്ടറിയുടെ പരസ്യം കണ്ടു. തെങ്ങു ടി. ചെറിയാനവർകൾ ക്രടാതെ പലപ്രാവശ്യം സമ്മതിച്ചിരുന്നു എങ്കിലും അനുഭവത്തിൽ കാട്ടിയതു ചൊല്ലിയാൽ അവർക്കു കൊള്ളാത്തതൊരു ഉണ്ടായിരുന്നുള്ളു എന്നാണു കണക്കുകൂട്ടുന്നു. ഇതുവരെ കഷ്ടംതന്നെ.

ടി. സംഘത്തിന്റെ രണ്ടാം വാർഷിക യോഗം നെറ്റിപ്പട്ടം അണിയിച്ചു പ്രസിദ്ധപ്പെടുത്തുന്നതിനായിട്ടുടി അതുവരെ തന്നിട്ടുള്ള മഹാന്മാരുടെ പേരും അവർ ഓരോ ഇനങ്ങളിലായി കൊടുത്തിട്ടുള്ള സംഖ്യയും പ്രസിദ്ധപ്പെടുത്തുന്നതാകുന്നു എന്നു വായിച്ചു റിപ്പോർട്ടിനെ സിക്രട്ടരി അവസാനിപ്പിച്ചു.

സൂചനകൾ

മരണം

നി. വ. ദി. ശ്രീ. ഓർത്തോമിന്റെ മാർ ഗ്രീഗോറിയോസ് ഗീവറുഗീസു മെത്രാപ്പോലീത്താ അവർകൾ പോയ കുംഭമാസത്തിൽ കാലം ചെയ്തുകണ്ട എഴുത്തു കിട്ടിയിരിക്കുന്നു. ജ്ഞാനം ഏഴുപ്രായത്തിൽ തുടങ്ങിയ അഭ്യാസിയായിരുന്നു. നല്ല ദൈവഭക്തനും പ്രാർത്ഥനയിലും ധ്യാനത്തിലും തല്പരനുമായിരുന്നു. ദീനം തുടങ്ങിയിട്ടു അഞ്ചുമാസമായി. ക്രമേണ ചില പ്രധാനമായ കഴിഞ്ഞ ശേഷം നല്ല ബോധത്തോടും ഭക്തിയോടും കൂടി [illegible] കർത്താവിൽ ആത്മാവിനെ ഭരമേല്പിച്ചു. ശവസംസ്കാരത്തിനു സഹായത്തുള്ള സുറിയാനി, യൌനായ, അർമ്മനായ, ജാക്കോബായ, റോമ്മാ, മാറോനായ, ക്രൂശായ, പുനരൈക്യ പല ശാഖകളിൽ ചേർന്ന ജനങ്ങളും പട്ടക്കാരും ചില മേലദ്ധ്യക്ഷന്മാരും കൂടി ഹാജരുണ്ടായിരുന്നു. ഇദ്ദേഹത്തിനുവേണ്ടിയും സത്യക്രിസ്ത്യാനികൾ പ്രാർത്ഥിക്കണമെന്നു അപേക്ഷിക്കുന്നു.

❖ ❖ ❖

പുതിയ റോമാമെത്രാന്മാർ മൂവരും ഒക്ടോബർ മാസം- കാണ്ടിയിൽ വച്ചു സ്ഥാനം സ്വീകരിക്കയും തുടിപേരുർ, ഏറണാകുളം എന്നീ ഡിവിഷ്യനിലെ മെത്രാന്മാർ അതാതു ഇടവകകളിൽ വന്നു ചേരുകയും ചങ്ങനാശ്ശേരി മെത്രാൻ, തനിക്കു

ണ്ടായ സുഖക്കേടിനു ചികിത്സിക്കുവാനാണെന്നു തോന്നുന്നു മദ്രാസിലേക്കു പോകയും ചെയ്തിരിക്കുന്നതായി അറിയുന്നു.

❖ ❖ ❖

കൊച്ചുപള്ളികൾക്കു ദ്രവ്യസഹായം—നടക്കൽ പള്ളിയിൽനിന്നും ക. ഒ. പന യ്ക്കൽ ഈയ്യാക്കു മാത്തു രണ്ടാംപ്രാവശ്യം ക. റൂ. ടി. അയിരൂർപുതുപ്പള്ളിൽ ക. സാ ചെറുവത്തൂരു ഉങ്കു ചേറ്റ ക. ക. കിടങ്ങൽമറ്റത്തു ക. ക. ഔദ്യോഗികങ്ങളായ പല മഹാന്മാരും ഇനിയും സഹായിക്കുമെന്നു വിശ്വസിക്കുന്നു.

❖ ❖ ❖

സമ്മാനദാനം—മാർ ദീവന്നാസ്യോസ് സിമ്മനാരിയിൽ കഴിഞ്ഞ വൎഷത്തെ പരീക്ഷാവിജയികളായ വിദ്യാൎത്ഥികൾക്കു സമ്മാനം കൊടുക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നതു വൃശ്ചികം ൧൦-൹ രിക്കളായ്ചയാണു. അന്നത്തെ യോഗത്തിൽ അദ്ധ്യാ സനാധിപതം വഹിക്കുവാൻ വലിയമെത്രാപ്പോലീത്തായുടെ മഹനസ്സുകൊണ്ടു ദയവാ യി സമ്മതിച്ചിരിക്കുന്നതിൽ ഞങ്ങൾ അത്യന്തം സന്തോഷിക്കുന്നു.

❖ ❖ ❖

ഇപ്പോഴത്തെ ഗ്രന്ഥായത്തിനെ താരതമ്യം ചെയ്തു നോക്കി മാറ്റവും വിശ്വാസമാറ്റവും ചെയ്യുന്നയാളെന്നു പ്രസിദ്ധപ്പെട്ട മാവേലിക്കരെയുള്ള ഒരു പട്ടക്കാരൻ ഈ പ്രാവശ്യത്തെ മിച്ചിലിൽ തന്നോടുകൂടെ അടുക്കുകയും ചുറിക്കാ മെന്നു കരുതിയതു പോലെ സാധിക്കാഞ്ഞതിനാൽ ഇപ്പോൾ നയോപായം പ്രയോ ഗിച്ചു ചില എഴുത്തുകുത്തുകൾ തുടങ്ങിയിരിക്കുന്നതായി അറിയുന്നു. അടിസ്ഥാനത്തു മേൽ പണിയപ്പെട്ട സഭയിൽ ചേൎന്നവരാകകൊണ്ടു ഇത്തവണ കല്ലേൽകടിച്ചു പട്ടുകളകയെ ഉള്ളുഎന്നു മാവേലിക്കര സന്ദൎശനിയാനിക്കുഞ്ഞുങ്ങളെക്കുറിച്ചു ഞങ്ങൾക്കു ഉറപ്പുണ്ടു.

❖ ❖ ❖

സുറിയാനി ഭാഷാചരിത്രം സംക്ഷേപമെന്ന പുസ്തകത്തെക്കുറിച്ചു ഒരു ഉദ്യോഗസ്ഥൻ ഇപ്രകാരം എഴുതിയിരിക്കുന്നു— "ഈ പുസ്തകത്തിന്റെ എഴുപുറങ്ങളേയും ഞാൻ വളരെ താല്പൎയ്യത്തോടെ വായിച്ചു. ഇതു ഭാഷയുടെ ഒരു ചരിത്രം മാത്രമല്ല, ജാതിയുടെ ചരിത്രം കൂടെയാകുന്നു- മലയാളസുറിയാനിക്കാരുടെ ഇടയിൽ ഇതുവരാളം വായിക്കപ്പെട്ടുമെന്നു ഞാൻ വിശ്വസിക്കുന്നു- സുറിയാനിപുസ്തകങ്ങൾ ഇപ്പോഴത്തെക്കാൾ ധാരാളം കിട്ടത്തക്കവണ്ണം അതുകണ്ടുവരെ സ്വകലാശാല പരിശോധകളുടെ ഉപഭാഷകളിൽ ഒന്നായി അവർ ഇതിനെ സ്വീകരിക്കുമെന്നു നമുക്കു വിചാരിപ്പാൻ പാടില്ല."

❖ ❖ ❖

സമസ്ഥാലൊചന—നഹീകരണസംഘത്തിന്റെ സമസ്ഥാലൊചന രംഭിച്ചതേ ഒന്നു കൂടിയതുള്ളു. മെത്രാസനത്തിൽ ഒരു പിന്തുടൎച്ചക്കാരനെക്കൂടെ നിയമിക്കുന്നതിനുള്ള സ്ഥലവും സമയവും നിശ്ചയിക്കയാണു പ്രധാന ജോലിയായി ചെയ്തതു. സഭാനന്മയിനു തക്കതായ അൽ അതുകൊണ്ടുപായണമെന്നില്ല. അതു താഴ്ചയിൽ അടിച്ചേല്പാണെന്നു പ്രസിദ്ധമാണല്ലൊ. സമയം മകരമാസമാണത്രെ. പഴയസിക്രട്ടറിമുമായി ചിലതൎക്കങ്ങൾ നടന്നതാണ ഈ ലൊചനാസംഘത്തിന്റെ വേറൊരു നടപടി എന്നു കേട്ടു. ഇപ്പോഴും മുമ്പുകണ്ട നഹീകരണതലവന്റെ യാത്രൊപായങ്ങളെ അനുകരിച്ചു പണ്ടികാഡി പ്രസംഗങ്ങൾ നടത്തിയതായും അറിയുന്നു. മെത്രാസനാനം സംബന്ധിച്ചു നടന്ന ഈ ലൊചനയിൽ മെല്പട്ടസ്ഥാനത്തിനു തിരഞ്ഞെടുക്കപ്പെട്ട ആളിനെ അഭിമുഖം വിചിക്കുന്നതായി മനോബോധം ഉണ്ടൊ എന്നു ചോദിച്ചുകൊള്ളണമെന്നു കൂട്ടത്തിൽ ഒരാൾ നിൎബ്ബന്ധമായി അനുവശ്യപ്പെടുകയുണ്ടായി. കള്ളം പറയിക്കുണ്ടൊ എന്നുള്ള കരുതലിന്മേൽ ആയിരിക്കാം. സംഘം ഒരു അനുലൊചനയെ അനുവകവച്ചിട്ടുണ്ടെന്നു തോന്നുന്നു.

വിശേഷവൎത്തമാനങ്ങൾ

കാശിയിൽ ചില ദിക്കിൽ ഈയ്യിടയിൽ ചോരമഴ പെയ്തിട്ടുണ്ടെന്നും ചില മാവുകൾ പൂത്തു കായിക്കുവാൻ തുടങ്ങിയിരിക്കുന്നു എന്നും ഇതെല്ലാം കാലത്തിനനുസരിച്ചല്ലായ്കയാൽ ജനങ്ങൾക്കു അത്ഭുതപ്പെട്ടിരിക്കുന്നുഎന്നും ഒരാൾ ഒരുപത്രത്തിൽ എഴുതിയിരിക്കുന്നു.

"കെരള സഞ്ചാരി" പത്രാധിപർ സി. പി. ഗോവിന്ദൻ നായരവർകൾ ഈയ്യിടെ തന്റെ പത്രാധിപത്യം രാജിവച്ചു പിരിഞ്ഞിരിക്കുന്നതായി അറിയുന്നു.

❖ ❖ ❖

റോമാ ചക്രവർത്തിയായിരുന്ന തീയൊഡൊഷ്യസിന്റെ കാലത്തുണ്ടായതെന്നു ലക്ഷ്യമുള്ള ഒരു സ്വർണ്ണനാണയം റാന്നി എന്ന സ്ഥലത്തു ഒരു കൃഷിക്കാരനു ഒരു ശ്മശാനഭൂമിയിൽ കിടന്നു കിട്ടിയിരിക്കുന്നതായി ഒരു ലേഖകൻ മലയാള മനോരമയിലേക്കു എഴുതിയിരിക്കുന്നു.

❖ ❖ ❖

ഭാഷാപോഷിണി—മിക്കവാറും ഇല്ലാതായിട്ടുപോയ ഈ സഭയെ അതിന്റെ പഴയ നിലയിലെത്തിക്കുവാൻ ചില മാന്യന്മാർ മുഖാന്തിരം പുനരുജ്ജീവിപ്പിച്ചു വരുന്നു. ഭാഷാപോഷിണി എന്ന മാസികപത്രം മനോരമയിൽ നിന്നു പിന്നീടും പുറപ്പെടുവിച്ചിരിക്കുന്നതിൽ സന്തോഷിക്കുന്നു.

❖ ❖ ❖

കോഴിക്കോട്ടു തളിയിൽ ഏകദേശം വയസ്സു പ്രായമായ ഒരു ബ്രാഹ്മണസ്ത്രീക്കു ആദ്യഗർഭം ഏഴുമാസകാലം വെന്നിട്ടും പ്രസവിക്കാതെ ഈയ്യിടെ മരിച്ചു പോയിരിക്കുന്നു. അസിസ്റ്റന്റുണ്ടു സഞ്ജനകീർത്തനാകിയതിൽ കൂടി സാമാന്യത്തിൽ അധികം വലിപ്പമുള്ളതായും മരിച്ചതായും അറിഞ്ഞ ഉദരത്തിലെപോലെയുള്ളതായിട്ടാണു കണ്ടതു.

❖ ❖ ❖

കൊച്ചിദിവാനായി സ്വീകരിച്ച പി. രാജഗോപാലാചാരിയാർ അവർകൾ വരുന്ന മാസത്തിൽ ദിവാൻ പണിയിൽ പ്രവേശിക്കുന്നതാകുന്നു. മിസ്റ്റർ കെ. ചാരിയാർ ഗവർമ്മെണ്ടു ഉദ്യോഗത്തിൽ പ്രവേശിച്ചതു ഏകദേശം ഇരുപതു സംവത്സരത്തിനു മുമ്പു ഒന്നരകൊല്ലത്തോളം മദ്രാശിഹൈക്കോടതി വക്കീലായിരുന്നിട്ടുണ്ടു. ഉദ്യോഗത്തിൽ സീവിൽ സർവ്വീസിൽ ചേർന്നതു ലോർഡ് കോണ്മാ ഗവർണരായിരുന്ന കാലത്താണു.

❖ ❖ ❖

ഈ തുലാമാസം ഏകദേശം ചൊവ്വാഴ്ച ഉദയത്തിനു അടുത്തു ആകാശത്തിൽ പടിഞ്ഞാറുനിന്ന കിഴക്കോട്ടു ഒരു പൂർണ്ണചന്ദ്രനോളം വലിപ്പമുള്ള ഒരു ജ്യോതിസ്സു കടന്നുപോയസമയം അസാധാരണമായ ഒരു പ്രകാശം ഉണ്ടായതായും ഭൂമിയും ഒരു കുലുക്കവും ഉണ്ടായിരുന്നതായും തൈക്കെ ജൻഡ്യായിൽ മിക്കസ്ഥലത്തും ഇതു കാണപ്പെട്ടിട്ടുള്ളതായും കാണുന്നു.

❖ ❖ ❖

തുക്കിസുൽത്താന്റെ നല്ല ഭരണത്തിൻകീഴുള്ള ടാർഡസ് എന്ന സ്ഥലത്തുനിന്നു പോന്ന ഒരാൾ അവിടെ താൻ കണ്ട അവസ്ഥയെ താഴെപറയുന്നപ്രകാരം പറഞ്ഞിരിക്കുന്നു- ഒരുസ്ഥലത്തു ഏകദേശം അമ്പതിനിയകാരെ തലയോടു തലയും കാലോടുകാലും ചേർത്തു കെട്ടിയിരിക്കുന്നതു ഞാൻ കണ്ടു. അവരുടെ ചുറ്റും ഒരു പുരോഹിതൻ കൊറാൻ വായിച്ചും കൊണ്ടു നടക്കുന്നതും അപ്പോൾ പേരോരു പുരോഹിതൻ ഒരുകത്തിയുമായി ഓരോരുത്തരുടെ കഴുത്തറുക്കുന്നതും കണ്ടു. ഞാൻ ടാർഡസിൽ താമസിച്ച രണ്ടു കൊല്ലത്തിനകം ഒരു ഡിസ്ട്രിക്ടിൽതന്നെ ഇരുപതിനായിരം ആളുകൾ കൊല്ലപ്പെട്ടിട്ടുണ്ടു- ഞാൻ തന്നെ ബ്രിട്ടീഷ് കോൺസലിന്റെ സഹായം കൊണ്ടാണു അവിടെനിന്നു പോന്നു പിഴച്ചതു. മ- മ-

❖ ❖ ❖

അഞ്ചൽമാസ്റ്റന്മാരും ശിപായികളും ഗ്രേഡിപ്പാൻ—അഞ്ചൽ ഡിപ്പാർട്ടുമെണ്ടു പരിഷ്കരിച്ചതിൽപിന്നെ എഴുത്തുകുത്തുകൾ അയക്കുന്നതിൽ പലരെയും നേരിട്ടിട്ടുണ്ടെന്നു ഞങ്ങളും സമ്മതിക്കുന്നു- എങ്കിലും അഞ്ചൽശിപായിമാർ ഉദ്യോഗകളിൽ ശരിയായി ഞങ്ങളുടെ കൃത്യം ചെയ്യുന്നില്ല- ഉദ്യോഗകളിൽ അയക്കപ്പെടുന്ന ഇടപെകപത്രികകൾ മേൽവിലാസക്കാർക്കു കിട്ടുന്നില്ലെന്നു പരാതി പറഞ്ഞുകൊണ്ടിരിക്കുന്നു- മറ്റുനാരകമുതലായ പദാർത്ഥങ്ങൾ രാജ്യതന്ത്രങ്ങളെക്കുറിച്ചു പ്രതിവാദിക്കുന്നവയാകയാൽ അവയെ ശരിയായി കൊടുക്കാത്തപക്ഷം വല്ലതും പറഞ്ഞുപിടിപ്പിക്കുമെന്നും വിചാരണ ഉണ്ടായെക്കുമെന്നും അണ്ണാന്മാർക്കു സംശയമുള്ളതിനാൽ ആവക പദാർത്ഥങ്ങളെ ഒരു വിധം ശരിയായി കൊടുക്കുന്നതു കാണുന്നുണ്ടു- ഞങ്ങൾ രാജ്യതന്ത്രങ്ങളെ അനുപ്രതിവാദിക്കുന്നില്ലെങ്കിലും തടസ്സമൊന്നുമില്ല- ഗവർമ്മെണ്ടും ഞങ്ങളുടെ പത്രം വാങ്ങിക്കയും വായിക്കയും ചെയ്യുന്നുമുണ്ടു- ഏതൊരു കാര്യത്താൽ ഞങ്ങളും വല്ലതുമൊക്കെ നോക്കാം-

പഞ്ചാംഗം

ശ്രീവല്ലഭൻ്റെ. തെക്കിൻ കീഴ്ത്തായി (വൃശ്ചികം)

അക്ഷ	മലയാ ളം	ഗ്രന്ഥാ ക്ഷ	സുറിയാ നി	വിശേഷദിവസങ്ങൾ.
൧	൧	൧	൧	
൨	൨	൨	൨	
൩	൩	൩	൩	
൪	൪	൪	൪	
൫	൫	൫	൫	
൬	൬	൬	൬	
൭	൭	൭	൭	
൮	൮	൮	൮	
൯	൯	൯	൯	
൧൦	൧൦	൧൦	൧൦	
൧൧	൧൧	൧൧	൧൧	
൧൨	൧൨	൧൨	൧൨	
൧൩	൧൩	൧൩	൧൩	
൧൪	൧൪	൧൪	൧൪	
൧൫	൧൫	൧൫	൧൫	
൧൬	൧൬	൧൬	൧൬	
൧൭	൧൭	൧൭	൧൭	
൧൮	൧൮	൧൮	൧൮	
൧൯	൧൯	൧൯	൧൯	
൨൦	൨൦	൨൦	൨൦	
൨൧	൨൧	൨൧	൨൧	
൨൨	൨൨	൨൨	൨൨	
൨൩	൨൩	൨൩	൨൩	
൨൪	൨൪	൨൪	൨൪	
൨൫	൨൫	൨൫	൨൫	
൨൬	൨൬	൨൬	൨൬	
൨൭	൨൭	൨൭	൨൭	
൨൮	൨൮	൨൮	൨൮	
൨൯	൨൯	൨൯	൨൯	
൩൦	൩൦	൩൦	൩൦	

ക്രിസ്തുശകം

നവംബർ

ഡിസംബർ

ശ്രീവല്ലഭൻ്റെ തെക്കിൻ കീഴ്ത്തായി

൧-ാംനു- ക്രിസ്തുശകം തൊടങ്ങുന്നു. വായന- മക്കൊസ വ്യങ്ങ- ൨൭—൩൧

൧൨-ാംനു- ഫ്രിസ്തുശകം തൊടങ്ങുന്നു. വായന ലൂക്കൊസ പൗലൊസ- ൧൭ മുതൽ ൨൦- വ്യ-വ-

൨൫-ാംനു- സുറിയായുടെ തൊടങ്ങുന്നു. വായന ലൂക്കൊസ പ്രവ്യങ്ങ- ൧൫—൨൬

൨൮-ാംനു- സുബ്ബൊതൊ- വായന- ലൂക്കൊസ പ്രവ്യങ്ങ- ൨൮—൩൧ വ്യ

പത്രികവില വിവരം.

	ബ്രിട്ടീഷ് രൂപാ	ചക്രം
ഒരു കൊല്ലത്തേക്കു	൧	൧൨
ഒറ്റപ്രതിക്കു		൫

പരസ്യ ക്രമം

ഒന്നാം പ്രാവശ്യത്തേക്കു	വരി ഒന്നിനു	൦	൩
പിന്നെ എല്ലാ പ്രാവശ്യങ്ങൾക്കും	ടി	൦	൧൰

NOTICE

പത്രിക സംബന്ധമായ സകല എഴുത്തുകളും ലേഖനങ്ങളും പണവും കോട്ടയത്തു മാത്തോമ്മസ് അച്ചുകൂട്ടം മാനേജർക്കു മേൽ വിലാസം വച്ചു അയക്കേണ്ടതാകുന്നു.

പത്രിക കൈപ്പറ്റുന്നവർ മുൻ ക്രമായി വരി അടയ്ക്കേണ്ടതാകുന്നു. പത്രവരി അഞ്ചൽ സ്റ്റാമ്പായൊ തഥാൽ സ്റ്റാമ്പായൊ അയച്ചാലും മതിയാവും. എന്നാൽ രൂപാ ഒന്നുക്കു ഒരു അണ ഡിസ്കൌന്റു വകവച്ചു തരേണ്ടതാകുന്നു.

വിഷപ്പാട്ടി വിഷത്തിനു ഒരു കൈകണ്ട ഔഷധം.

വിഷപ്പാട്ടി കടിച്ചാൽ ഏഴുദിവസത്തിനകം ഒരു ഗ്രളിക ഇഞ്ചിനീറിൽ സേവിച്ചു മൂന്നുദിവസത്തെ പത്ഥ്യം ഒഴിഞ്ഞാൽ വിഷം നീങ്ങുന്നതാകുന്നു. ഗ്രളിക സേവിക്കേണ്ടുന്ന ക്രമവും പത്ഥ്യത്തിന്റെ വിവരവും ഗ്രളികയോടു കൂടി കിട്ടുന്നതാകുന്നു. ഈ ഗ്രളികകൾ ഇല്ലാതിരുന്നതിനെ ഇപ്പോൾ സിമ്മനാരിയിൽ വരുത്തിയിട്ടുണ്ടു. ഗ്രളിക ഒന്നിനു വില ചക്രം ൭- മാത്രം. ആവശ്യമുള്ളവർ വാങ്ങിച്ചുകൊള്ളുവാൻ ഇതിനാൽ തിയ്യപ്പെടുത്തുന്നു.

വരസ്യം

വരിപ്പണം എത്തിച്ചുതരുവാൻ ഞങ്ങളുടെ വായനക്കാരിൽ ചിലർ ചെയ്യുന്ന ഉദാസീനതയെക്കുറിച്ചു പലപ്പൊഴും ഓർപ്പിച്ചിട്ടുണ്ടല്ലൊ. ഇതുകൊണ്ടു ഇവരിൽ ചിലർക്കു ഒരു ഇളകവും തട്ടുന്നതായികാണുന്നില്ല. ഞങ്ങൾക്കു ഉപേക്ഷിക്കാവുന്നതല്ല. അച്ചടിക്കാർക്കു ശമ്പളവും സാമാനങ്ങൾക്കു വിലയും ശരിയായികൊടുത്താണ പത്രിക അച്ചടിച്ചു അയക്കുന്നതു. വീഴ്ചക്കാരായി കാണപ്പെടുന്നവർക്കു ഇനിമുറപ്രകാരം നോട്ടീസും പിന്നാലെ അവരുടെമേൽ അന്യായവും ഉണ്ടാകുന്നതാണെന്നു ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. മ. ഇ. പ. മാനെജർ.

MAR THOMAS PRESS,
KOTTAYAM.

പുസ്തകം ൪ ലക്കം ൯

ക്രമീകരിച്ചിരിക്കുന്ന വിഷയങ്ങളുടെ സൂചിക

മലയാള

ഭടവക പത്രിക

മാസം തോറും പ്രസിദ്ധപ്പെടുത്തുന്നു.

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൃപയിൽ വളരുകയും

പൂർണ്ണമായി ചെല്ലുവാൻ സംഗതി വരുകയും ചെയ്യുവിൻ.

(മാർ പൌലൂസ്.)

സംഗതിവിവരങ്ങൾ.

	പുറം
മാർ ദീവന്നാസ്യോസു സിങ്കനാഗിലെ സങ്കടനം	൨൦൯
ഒരു കല്പന	൨൦൯
കിഴക്കൻ സഞ്ചാരം	൨൦൫
ചരിത്രം	൨൧൫
ഒരു സങ്കടനവും വാഴ്ചീകയോഗവും	ടി
എന്റെ അഭിപ്രായം	൨൨൦
ക്രിസ്ത്യാനിത സൈഥ്യപ്രബോധിനി	ടി
വീണ്ടും ജനനം	൨൨൫
നസ്രാണി ദീപികാ ലേഖകന്റെ അഭിപ്രായം	൨൨൯
സൂചനകൾ	൨൩൦

വൃശ്ചികമാസത്തിൽ പത്രവരി അടച്ചവരുടെ പേരു വിവരം

	അവർകൾ	ക്ര	ഫ	കാ
തിരുവല്ലാ ജേ- മാത്തൻ അപ്പോത്തിക്കരി	,,	൧൨	൦	൦
,, കുഞ്ഞൻ വക്കീൽ	,,	൧൨	൧൫	൦
,, വക്കി വക്കീൽ	,,	൧൨	൧൫	൦
,, വലിയ പ്രായ ചാത്തമല തോമ്മാസു	,,	൧൨	൧൫൧	൬൫
,, മൗണലിൽ കേശി	,,	൧൨	൧൫൧	൬൫
,, ഭഗവതന്നു പൈനും-മൂട്ടിൽ മാത്തു വക്കി	,,	൧൨	൧൫൧	൬൫
,, താഴ്ചയിൽ വക്കി ഉപാധ്യ	,,	൧൨	൦	൦
,, കൊച്ചുപൈനും-മൂട്ടിൽ വക്കി	,,	൧൨	൦	൦
,, കൊച്ചുപൈന മാത്തു	,,	൧൨	൧൯	൯
൨൨- തൈക്കെ പുതുശൻ പള്ളിയിൽനിന്നു		൦	൧൯	൯
പണ്ടാരക്കുടെ ചെന്നാട്ടു മാത്തു	,,	൧൨	൧൫	൦
൨൨- രാമൻമേലത്തു പള്ളിയിൽനിന്നും		൦	൧൫	൦
൨൨- മാങ്കലശ്ശേരി പള്ളിയിൽനിന്നും		൧൨	൧൫൧	൬൫
കോതമംഗലത്തു ൨൨ തെറിയപള്ളിയിൽ നിന്നും		൧൨	൧൫	൦
,, ൨൨ വലിയപള്ളിയിൽനിന്നും		൧൨	൧൫൨	൬൫
,, ൨൨ തെക്കിലക്കാട്ടു അച്ചൻ	,,	൧൨	൦	൦
,, ൨൨ ചാക്കുടി അച്ചൻ	,,	൧൨	൧൫൧	൬൫
,, ൨൨ പാപ്പൻകാരൻ അച്ചൻ	,,	൧൨	൧൫	൦
,, മാലിയിൽ വക്കി	,,	൧൨	൧൫൨	൬൫
,, മേലേടു കൊച്ചുവേലപ്പു	,,	൧൨	൧൫	൦
പോത്താനിക്കാട്ടു ൨൨- വലിയത്തംകൊടി അച്ചൻ	,,	൦	൦൬	൦
൨൨- മഞ്ഞള്ളൂർ പള്ളിയിൽനിന്നും		൧൨	൧൫൧	൬൫
ചാക്കരകുടെ ൨൨- തെറിയ പള്ളിയിൽ നിന്നും		൧൨	൧൫൧	൬൫
,, ൨൨ വലിയ പള്ളിയിൽനിന്നും		൧൨	൧൫൧	൬൫
പടക്കൻപറമ്പിൽ ജിപ്പുകോർട്ടുവക്കീൽ പൌലൊസു	,,	൦	൧൦	൬൫
,, കുഞ്ഞരേ ഇട്ടിയച്ചൻ മാത്തു	,,	൧൨	൧൫൨	൬൫
കോട്ടപ്പുടി ൨൨- മഞ്ഞുമ്മക്കുടി ശെമ്മാച്ചൻ	,,	൧൨	൧൫൨	൬൫
,, ൨൨- പള്ളിയിൽനിന്നും		൧൨	൧൫൨	൬൫
കുന്നത്തുനാട്ടു ഡി- കെ- തെറിയാൻ റജിസ്റ്റർ	,,	൧൨	൧൫൧	൦
൨൨- കുറ്റിപ്പടിപള്ളിയിൽനിന്നു		൧൨	൧൫൧	൬൫
കുന്നുകരുടെ ൨൨- പുതിയനാട്ടു ഇത്തപ്പിരി കുഞ്ഞനാർ	,,	൧൨	൧൫൧	൬൫
,, ൨൨- പള്ളിയിൽനിന്നും		൧൨	൧൫൨	൬൫
വടക്കും ൨൨- പള്ളിയിൽനിന്നും		൧൨	൧൫൨	൬൫
,, തച്ചമ്പാറൊൽ മത്തായി	,,	൧൨	൧൫൨	൬൫
മുളന്തുരുത്തി തിപ്പാക്കുടത്തിൽ ചാക്കൊ	,,	൦	൦൬	൦
,, പൊടുട്ടിൽ മാത്തു	,,	൦	൦൬	൦
,, ,, ചാക്കൊ	,,	൦	൦൬	൦
,, മലയിൽ ഇട്ടി	,,	൧൨	൧൫൧	൬൫
,, ൨൨. പള്ളിയിൽനിന്നും		൧൨	൧൫	൦
,, പള്ളിപ്രത്തു കുഞ്ഞുവക്കി	,,	൧൨	൧൫൧	൬൫
മുഴവന്നൂർ മാടപ്പാറേൽ കൊച്ചുപാപ്പി	,,	൦	൧൫	൬൫
,, ൨൨- പള്ളിയിൽനിന്നും		൧൨	൦൬	൬൫
൨൨- കോലഞ്ചേരി പള്ളിയിൽനിന്നും		൧൨	൯	൬൫
,, മുടിമറത്തു അയിപ്പു	,,	൧൨	൧൫	൦
൨൨- മണ്ണൂർശ്ശേരിൽ പള്ളിയിൽനിന്നു		൧൨	൦൬	൬൫
അകപ്പറമ്പു സത്യഷ്ടനോപദേശസംഘം സിക്രട്ടറി	,,	൧൨	൧൫൧	൬൫
പീച്ചാനിക്കാട്ടു ൨൨- പൂലനകത്തുട്ടി പൌലൊസു കത്തനാർ	,,	൧൨	൦	൦
൨൨- പുതുമനയ്ക്കൽ പള്ളിയിൽനിന്നും		൧൨	൦	൦
കുറിഞ്ഞി പാലമറ്റകൈപ്പിള്ളിൽ ഇത്തപ്പിരി	,,	൧൨	൦	൦
,, അകമ്പഴിൽ കുത്തിപ്പൈലി	,,	൧൨	൧൫	൦
,, തൈക്കൂടം ഉദൻ	,,	൧൨	൧൫	൦
പോത്താനിക്കാട്ടു മഠത്തിക്കുടി പൈലി (ശേഷം അടുത്തതിൽ)		൧൨	൦	൦

മലയാള ഇടവക പത്രിക

പുസ്തകം 8] ഫ്രഞ്ചുകാരുടെ തെക്കൻഇന്ത്യൻ (വ്യാപാരം) [ലക്കം 6

മംഗളം

ഇഷ്ടാഗ്രേസരനായ ലാസാസഫൊ ഭ്രമിക്കുന്നായ് കേട്ടുടൻ
പുഷ്പശ്രീഭയാട്ട സുന്ദരതപസ്വിഗണങ്ങളൊ ഖാടിയും
കഷ്ടം സച്ചിന്തയാശയങ്കരം തിരുമനസ്സിനെ പൊഴിയാകണ്ണുനീർ
ഇഷ്ടം പെരുതുരുകുന്ന മാമക മനം നന്നാഴ് തണുപ്പിക്കണെ

തുച്ചണിത്തറ കണ്ടനാടൻ വി. മത്തായി.

മാർ ദീവന്നാസ്യോസ് സിമ്മനാരിയിലെ സമ്മാനദാനം

കഴിഞ്ഞ ലക്കത്തിൽ പ്രസ്താവിച്ചിരുന്ന പ്രകാരം ഈ വിശേഷ സംഭവം ഈമാസം 10-ാംനു- തിങ്കളാഴ്ച മൂന്നരമണിമുതൽ അഞ്ചരമണിക്കുള്ളിൽ നടത്തപ്പെട്ടു. അഗ്രാസനാധിപത്യം വഹിപ്പാൻ നിശ്ചയിച്ചിരുന്ന കേരളവർമ്മവലിയകൊയിത്തമ്പുരാൻ സി. ഏസ്. ഐ. തിരുമനസ്സുകൊണ്ടു കോട്ടയത്തു എഴുന്നെള്ളുവാൻ നിശ്ചയിച്ചിരുന്നതു 10-ാംനു- തിങ്കളാഴ്ച കാലത്തു ഏഴര മണിക്കായിരുന്നു. തിരുമനസ്സുകൊണ്ടു പൈകത്തു അങ്കമിനാൽ അല്പതാപൂർവ്വമായി കുളിർവെള്ളത്തിൽ സ്നാനംചെയ്തതിനാൽ നിനച്ചിരിയാതെ വാതപീഡ ആരംഭിക്കയും അവയവങ്ങളിൽ നീർവീഴ്ചകൊണ്ടു അസാമാന്യ വേദനകൾ ഉണ്ടാകയും ചെയ്തു. ഈ അവസ്ഥയിൽ മുൻനിശ്ചയപ്രകാരം കോട്ടയത്തു എത്തുന്നതു അസാദ്ധ്യമെന്നു അവിടെക്കു സംശയംജനിച്ചതിനാൽ നടപടിക്കുറിപ്പനുസരിച്ചു നേരത്തെ എഴുന്നെള്ളുവാൻ ഇടയാകയില്ലെന്നും ഒരു നിവൃത്തിയുണ്ടെങ്കിൽ മൂന്നു മണിയൊടുക്കുടെ എത്താമെന്നും കൊട്ടയം ദിവാൻ പെഷ്കാർ അവർകൾ മുഖാന്തരം സിമ്മനാരി നായകന്മാരെ ഗ്രഹിപ്പിച്ചിരുന്നതിനാൽ എതിരെല്പിനായി ചെയ്തിരുന്ന ഒരുക്കങ്ങൾ എല്ലാം നിർഭാഗ്യവശാൽ നിഷ്ഫലമായി. എതിരെല്പിനു കളിവള്ളങ്ങൾ, ഏഴുപതിനുകുറയാതെ പൊൻവെള്ളി അലുക്കുകൾ ഇട്ട മുത്തുക്കുടകൾ, വാദ്യവൈഭവങ്ങൾ മുതലായവ ഒരുക്കിയിരുന്നു.

തിങ്കളാഴ്ചയും തിരുമനസ്സിലെക്ക ഒട്ടും സുഖം ഉണ്ടാകാഞ്ഞതിനാൽ വരുന്നതു ബുദ്ധിമുട്ടുള്ളതാണെന്നു അറിയിക്കുന്നതും, പെഷ്കാർ അവർകൾ തനിക്കുപകരം പ്രതിപുരുഷനായിരുന്ന സമ്മാനദാനം ചെയ്യുവാൻ അധികാരപ്പെടുത്തുന്നതുമായ ഒരു കമ്പി വന്നതിനാൽ തിരുമനസ്സിലെ കാണ്മാനായി നാനാദിക്കിൽനിന്നും കൂടിയിരുന്ന അനേകായിരം ജനങ്ങൾക്കു വളരെ ഇച്ഛാഭംഗം നേരിട്ടു. എങ്കിലും ഒഴിച്ചുകൂടാത്ത തടസ്സത്തിനു മനുഷ്യന്മാർ നിവൃത്തി ഉണ്ടാക്കുവാൻ പാടില്ലാത്തതു മൂലം സഹികാതെ കഴികയില്ലല്ലൊ.

മൂന്നരമണിക്കു സിമ്മനാരിയിൽ യൊഗക്കൂടി. സിമ്മനാരികെട്ടിടം നാനാവിധ അലങ്കാരങ്ങളാൽ ഭാഗിവരുത്തിയിരുന്നതിനു പുറമെ സിമ്മനാരിയുടെ ദൃശ്യഭാഗം പത്തെഴുപതു മുത്തുക്കുടകളുടെ നിരനിരയായ നിലകൊണ്ടു അത്യന്തം ശൊഭിച്ചിരുന്നു. അതുകൂടാതെ സിമ്മനാരി പുരയിടവും കെട്ടിടവും കാഴ്ചയ്ക്കു വളരെ മനൊഹരമായിരുന്നു.

൦രം വിശെഷ യൊഗത്തിനു സംബന്ധിപ്പാൻ അഗ്രാസനാധിപതിയായ ദിവാൻപെഷ്കാർ അവർകളൊടുകൂടെ മലയാളത്തിന്റെ ന-വ. ദി- ശ്രീ- മാർ ദീവന്നാസ്യൊസ് മെത്രാപ്പൊലീത്താ തിരുമനസ്സുകൊണ്ടും വ- ദി- ശ്രീ- പൌലൊസ റമ്പാച്ചനും, ഫ്രം വ-ം ക്ലാസു മജിസ്ട്രെട്ടന്മാർ, മുൻസിപ്പു, വക്കീലന്മാർ, സ്ഥലത്തെ പള്ളിക്കൂടങ്ങളിലെ വാദ്ധ്യാന്മാർ, റവറണ്ടു അസ്സിത് പാതിരിമാർ ഇന്നസാമ്പ്രന്മാർ, ചില മദാമ്മമാർ, പള്ളിക്കൂടം ഇൻസ്പക്ടറന്മാർ, മിഷ്യൻ അച്ചുകൂട്ടം സൂപ്രണ്ടു, പലസുറിയാനി അംഗ്ലിയാപട്ടക്കാർ, ലത്തീനപള്ളിയിലെ മൂപ്പൻ പാദ്രി, ഓവർസീയർ, അപ്പൊത്തിക്കരിമാർ മുതലായി അനെകം ആളുകൾക്കൂടിയിരുന്നു. വിശാലമായ സിമ്മനാരി ഹാളും പുറമെയുള്ള വരാന്തകളും ജനങ്ങളെകൊണ്ടു നിബിഡമായിരുന്നു.

അത്രമായി വലിയ കൊയിത്തമുറാൻ തിരുമനസ്സിലെക്കു ഈ സംഘത്തിനു അഗ്രാസനാധിപത്യം വഹിപ്പാൻ കഴിയാതെ വന്നതിനെക്കുറിച്ചു തിരുമനസ്സിലെ മനസ്താപം സംഘത്തിൽ പ്രസ്താവിക്കുവാൻ ആവശ്യപ്പെട്ടിരുന്നതനുസരിച്ചു പെഷ്കാർ അവർകൾ പുരുകത്തിൽ സംസാരിച്ചശെഷം സിമ്മനാരിക്കുട്ടികളുടെ മനൊഹരമായ ഒരു അഭിനയം നടന്നു. അനന്തരം സിമ്മനാരി അദ്ധ്യക്ഷൻ ദിവ്യശ്രീ ഫാദർ ഗീവറുഗീസു മല്പാൻ അവർകളാൽ റിപ്പൊർട്ടു വായിക്കപ്പെടുകയും പിന്നാലെ കുട്ടികൾക്കു സമ്മാനങ്ങൾ നൽകപ്പെടുകയുംചെയ്തു. സമ്മാനം വകയായി വലിയ കൊയിത്തമുറാൻ തിരുമനസ്സുകൊണ്ടു ൫൦ രൂപായും കൊല്ലം ദിവാൻപെഷ്കാർ രാജാരാമരായർ അവർകൾ ൨൫ രൂപായും മജിസ്ട്രെട്ട കോപ്പർ അയിപ്പു അവർകൾ തന്റെ പിതാവിന്റെ ഒൎമ്മയ്ക്കായി ൧൦ രൂപായും ഹൈകൊട്ടവക്കീൽ ഇ- ജെ- ജൊൺ അവർകൾ കഴിഞ്ഞുപൊയ കുഞ്ഞൻതൈക്കർ അവർകളുടെ ഓൎമ്മയ്ക്കായി ൫൦ രൂപായും അപ്പൊത്തിക്കരി ഗൊമിസ അവർകളും അലപ്പുഴകച്ചവടം വക സ്റ്റാപ്പ് ഇട്ടിയയ്പ്പു അവർകളും അഞ്ചു രൂപായും കൊച്ചി അഞ്ചൽസൂപ്രണ്ടു അബ്രൊഹം അവർകൾ ൨ രൂപായും കൊട്ടയം താലൂക്കു

മുതൽപിടി ചെറിയാൻ അവർകൾ രണ്ടു രൂപായും ദാനമായി കൊടുത്തയച്ചിട്ടുണ്ടായിരുന്നു. ഇതിനു പെഷ്ശാരവർകളുടെയും മജിസ്ട്രേട്ടവർകളുടെയും വകയിൽ അവർകളുടെയും താലൂക്കു മുതൽപിടികാരന്മാരുടെയും ഓണങ്ങൾ മേലിലും ശാശ്വതമായി ഉണ്ടാകുന്നതാണെന്നു സിമ്മനാർക്കുമറ്റുള്ളവരെ അറിയിച്ചിരിക്കുന്നതിൽ വളരെ സന്തോഷിക്കുന്നു. ഇതു കൂടാതെ മനോരമ പത്രാധിപർ അവർകളുടെ മരിച്ചുപോയ പിതാവിന്റെ ഓർമ്മയ്ക്കായി ഈ സിമ്മനാരിയിലും ഒരു ലൈബ്രെറി സ്ഥാപിക്കുന്നതിനു കണ്ടത്തിൽ കുഡുംബത്തിൽ നിന്നു ൭൫൦ രൂപായുടെ വേറൊരു വലിയ ദാനവും ഉണ്ടായിരുന്നു.

സമ്മാനദാനം കഴിഞ്ഞ ശേഷം ഇൻസ്പെക്ടർ അയ്യപ്പൻ പിള്ള അവർകൾ താഴ്മയായ ഒരു പ്രസംഗം പറഞ്ഞു. പ്രസംഗത്തിനു റിപ്പൊർട്ടിന്റെ ഭാഗങ്ങളെ പ്രശംസികയും സിമ്മനാരിയെ പൊതുവിൽ സ്തുതികയും പുതിയ വിദ്യാഭ്യാസം കൊണ്ടുള്ള വിദ്യാശാഖയുണ്ടായിട്ടുള്ള അഭിവൃദ്ധികളെക്കുറിച്ചു പ്രസ്താവിക്കയും ചെയ്തു. അനന്തരം പെഷ്ശാർ അവർകളുടെ പ്രസംഗമായിരുന്നു. വാചാപ്രസംഗത്തിനു വളരെ പ്രീതിസമ്പാദിച്ചിരിക്കുന്ന തൊഴുകൈയോടുള്ള പ്രസംഗത്തിന്റെ ഗുണദോഷത്തെക്കുറിച്ചു പറയണമെന്നില്ല. നേരമ്പോക്കുകളും ഇടയ്ക്കിടെ ധാരാളമുണ്ടായിരുന്നു. കടശി കുട്ടികൾക്കു ദൈവഭക്തികൊണ്ടുള്ള ആവശ്യത്തെക്കുറിച്ചു നി. വ. ദി. ശ്രീ. മാർത്തീവന്യോസ മെത്രാപ്പൊലീത്ത തിരുമനസ്സുകൊണ്ടു സമയോചിതമായി ഒരു ചുരുങ്ങിയ പ്രസംഗം പറഞ്ഞു. പിന്നാലെ അഗ്രാസനരെയും മെത്രാപ്പൊലീത്തായെയും മഹാരാജാവിനെയും ചക്രവർത്തിനിയെയും പുകഴ്ത്തി ഓരൊശ്ലോകങ്ങളും ഗായകന്മാരുടെ സംഗീതവും കഴിഞ്ഞശേഷം എല്ലാവക്കും പ്രത്യേകംപ്രത്യേകം ചീയർ പറഞ്ഞു അത്താഴ മണിയൊടുക്കുടി യോഗം പിരിഞ്ഞു.

മൊത്തമായി പറഞ്ഞാൽ ഈ യോഗം അതികേമമായിരുന്നു. സമ്മാനദാനത്തിനു ദ്രവ്യസഹായം ചെയ്ത മഹാന്മാരുടെ ലിസ്റ്റിൽ ഹിന്ദുക്കളും സുറിയാനിക്കാരും നവീകരണക്കാരും റൊമ്മാക്കാരും ഉൾപ്പെട്ടുകാണുന്നതിനാൽ സമ്മനാരി നാനാജാതികൾക്കും മതങ്ങൾക്കും പൊതുവിൽ സന്തുഷ്ടിയെ വരുത്തിയിരിക്കുന്നു എന്നു അനുമാനിക്കുന്നതിൽ യാതൊരാക്ഷേപവുമില്ല. ഈ സന്തോഷവും സഹായവും മേല്ക്കുമേൽ വർദ്ധിക്കുമെന്നു ഞങ്ങൾ ഉറപ്പായി വിശ്വസിക്കുന്നു. സുറിയാനിക്കാരിൽ ഒരു ധനികനായ കഴിഞ്ഞുപൊയ കണ്ടത്തിൽ ഈപ്പൻ അവർകളുടെ സ്മാരകമായി ൭൫൦ രൂപായുടെ ഒരു ലൈബ്രെറിസ്ഥാപിക്കുവാൻ അദ്ദേഹത്തിന്റെ പുത്രന്മാക്കുണ്ടായ നല്ല മനസ്സു അത്യന്തം ശ്ലാഘനീയം തന്നെ. സുറിയാനിസമുദായത്തിൽ ധനത്തിനുംമാനമായിരുന്നു കഴിഞ്ഞുപോയ പനയ്ക്കൽ അയിപ്പുരു അവർകളുടെ ഓർമ്മയെ നിലനിറുത്തുന്നതിനു ഇതിൽ ഉറട്ടിയായ ഒരുദാനം അടുത്ത വാഷ്ടിക യൊഗത്തിൽ പ്രസ്താവിക്കുവാൻ ഇടവരുമെന്നു കണ്ടത്തിൽ കുഡുംബത്തിൽ ഇപ്പൊൾ ഉള്ള ആളുകളെക്കാൾ വിദ്യാഭ്യാസത്തിലും ധർമ്മിഷ്ഠത്തിലും ഒട്ടും പിമ്പന്മാരല്ലാത്ത പനയ്ക്കൽ കുഡുംബക്കാരുടെ അവസ്ഥയ്ക്കു പൂർണ്ണ

മായി വിശ്വസിക്കാവുന്നതാകുന്നു. കൊട്ടയത്തു കുന്നംപുറത്തു സി. ജോൺ അവർകളും തന്റെ ഓർമ്മക്കായി ഒരു ശാശ്വതധനം ഒരം സിമ്മനാരിക്കു വെണ്ടി സ്ഥാപിക്കുവാൻ തീർച്ചപ്പെടുത്തിയിരിക്കുന്ന വിവരവും ഇവിടെ പ്രസ്താവിക്കുവാൻ ഇടവന്നതിൽ ഞങ്ങളുടെ വായനക്കാർക്കു മാത്രമല്ല, സന്തോഷം ജനിക്കാതിരിക്കയില്ല. മറ്റുള്ള മഹാന്മാരും ഈ വിധം ഉചിതം പ്രവൃത്തിക്കുന്നതായാൽ സിമ്മനാരിയെ ഒരു രണ്ടാംതരം കൊളെജാക്കുന്നതിനു കമ്മട്ടിക്കാർക്കു ഒട്ടും പ്രയാസമുണ്ടായിരിക്കയില്ലെന്നു ധൈര്യസമേതം പറയാവുന്നതാണ്.

മലങ്കര ഇടവകയുടെ മാർ തീവന്നാസ്യോസു മെത്രാപ്പോലീത്താ എഴുന്നള്ളുന്നു

മലങ്കര ഇടവകയിൽ ഉള്ള എല്ലാപള്ളിക്കൽകളിലെ വികാരിമാരും, ദേശത്തുപട്ടക്കാരും പള്ളിക്കൈക്കാരും ശേഷം ജനങ്ങളും കൂടികണ്ടന്നാൽ നിങ്ങൾക്കു വാഴ്ച.

പ്രിയമുള്ളവരെ, കാലംചെയ്യപ്പെട്ട ബഹുമാനപ്പെട്ട നമ്മുടെ ബാവായോടുകൂടെ വന്നിട്ടുള്ള നമ്മുടെ തൃത്തികപുരുനാകുന്ന സ്ലീബാ ചെമ്മാശ്ശൻ തന്റെ സ്വന്തരാജ്യത്തിലെക്കു പോകുവാൻ ഒരുങ്ങപ്പെട്ടു നിങ്ങളോടു യാത്രപറഞ്ഞുപിരിവാൻ പുറപ്പെട്ടവരുന്നതാകുന്നു. നമ്മുടെ സമുദായത്തിനു നേരിട്ടിരുന്ന വല്ല്യുപദ്രവനാളുകളിൽ ബഹുമാനപ്പെട്ട ഒരം ബാവാ ഇവിടെ വന്നതിൽവച്ചുണ്ടായ ഉപകാരങ്ങൾ എത്രയെന്നു ഇവിടെ വിവരിപ്പാൻ പ്രയാസം നല്ല ഇടയൻ തന്റെ ആടുകൾക്കുവേണ്ടി തന്റെ ജീവനെ ഏൽപ്പിക്കുമെന്നു കല്പിക്കപ്പെട്ടിരിക്കുന്നപ്രകാരം ബഹുമാനപ്പെട്ട ഇദ്ദേഹം തന്റെ രാജ്യത്തെയും സ്വജനങ്ങളെയും തന്റെ വൃദ്ധതയിലും നമ്മളെ പ്രതി ഉപേക്ഷിച്ചു ഇവിടെ കാലംചെയ്യപ്പോയി എന്നല്ലാതെ തനിക്കാകട്ടെ തന്റെ വാത്സല്യശിഷ്യനായ ഒരം സ്ലീബാ ചെമ്മാശ്ശനാകട്ടെ ഒന്നും താൻ കരുതീട്ടുണ്ടായിരുന്നില്ലെന്നു നമുക്കുമാത്രമല്ലാ അദ്ദേഹത്തെ അറിഞ്ഞിട്ടുള്ളവരായ എല്ലാവർക്കും നല്ല നിശ്ചയമാണല്ലൊ.

ഇനി ഒരം സ്ലീബാ ചെമ്മാശ്ശനെക്കുറിച്ചു പറകയെന്നുവച്ചാൽ ഇയ്യാളും തന്റെ ഗുരുവിനെപ്പോലെ എത്രയും നല്ലമനുഷ്യനും ദൈവീകകാര്യങ്ങളിൽ വളരെ ഭക്തിവൈരാഗ്യമുള്ള ആളും നല്ലഒരു പ്രസംഗിയും ആകുന്നു. ബാവായുടെ കാലശേഷം ഉണ്ടായ ഇയ്യാളുടെ താമസത്താലും പ്രസംഗത്താലും നമ്മുടെ സഭയ്ക്കു വളരെ ഗുണങ്ങൾ ഉണ്ടായിട്ടുണ്ടെന്നു കണ്ടറിവാണു. ഇപ്പോൾ പോകണമെന്നുണ്ടായിരിക്കുന്നതും വിചാരം ബാവാകാലം ചെയ്യുമ്പോൾ തന്നെ ഉണ്ടായിരുന്നു എങ്കിലും ഇവരുടെയുള്ള ഇയ്യാളുടെ താമസത്താൽ നമ്മുടെ സമുദായത്തിനുണ്ടായിട്ടു

രുന്ന ഗുണത്തെ ഓർത്തു നാമും ബഹുമാനപ്പെട്ട നമ്മുടെ സഹോദരന്മാരായ മെത്രാപ്പൊലീത്താന്മാരും വിരോധിച്ചതിനാലും കാലം ചെയ്തുപോയ നമ്മുടെ പാത്രിയർക്കീസുബാവായുടെ കല്പനയാലും ഇതെവരെ താമസപ്പെട്ടുപോയതാകുന്നു.

എന്നാൽ ഇപ്പോൾ പൊലെകഴിയ്യ എന്നുണ്ടായിരിക്കുന്ന വ്യസന വിചാരം തുകി ഗമ്മെന്തു അമ്മീന്യകാരൊടു ചെയ്യുവരുന്ന അക്രമമായ ക്രൂരതപ്രവൃത്തികൾ ഒരം ചെമ്മാശ്ശന്റെ രാജ്യത്തുള്ള അമ്മീന്യകാരൊക്കുടെ നമ്മുടെ ജനങ്ങളെയും അകപ്പെട്ടത്തി ക്രൂരതകൾ ചെയ്യുവരുന്ന പ്രകാരം അറിവു കിട്ടിയ മുതൽ വ്യസനാബ്ധിയിൽ മുഴുകുകയും യാത്രയ്ക്കു ഒരുങ്ങുകയും ചെയ്യുതാകുന്നു.

അതിനാൽ വാത്സല്യമുള്ളവരേ, ഏറിയനാൾ നമ്മുടെ രാജ്യത്തു വസിക്കയും ഇപ്പോൾ സ്വന്തത്തിലെക്കു പോകുവാൻ വ്യസനത്തൊടെ യാത്ര ഒരുങ്ങുകയും ചെയ്തിരിക്കുന്ന നമ്മുടെ ആത്മീക പുത്രനാകുന്ന സ്തീബൊ ചെമ്മാച്ചന്റെ യാത്രയിൽ നിങ്ങൾകെല്പാവക്കു സഹതാപമുണ്ടായി കഴിയുന്ന സഹായത്തൊടും സ്നെഹത്തൊടുംകുടി യാത്ര പറഞ്ഞയച്ചു കാണ്മാൻ നാം ആഗ്രഹിക്കുന്നു.

വിശെഷിച്ചും ഒരം നമ്മുടെ ചെമ്മാച്ചന്റെ യാത്ര യെറുശലെം വഴിയും അവിടെ കൊ താമസമുള്ളതുമാകയാൽ നമ്മുടെ രക്ഷിതാവായ മിശിഹാതമ്പുരാന്റെ കബറുങ്കലെക്കു വഴിപാടുകൾ നെന്നിട്ടുള്ളവർ ആരെങ്കിലും ഉണ്ടായാൽ ആവക നെച്ചുകൾ ഇയാളുടെപക്കൽ കൊടുത്തയച്ചാൽ ഭദ്രമായി അവിടെ എത്തിച്ചു വിവരത്തിനു മറുപടികൾ അയക്കുകയും ചെയ്യുന്നതാകുന്നു.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ നിങ്ങളൊടുകുടെ ഉണ്ടാകുമാറാകട്ടെ.

എന്നു ഫ്രവുൻന്യ. തുലാമാസം ൨൫-൦൦-

കോട്ടയത്തു സിമ്മനാരിയിൽ നിന്നും

കിഴക്കൻ സഞ്ചാരം.

പ്രിയപത്രാധിപരവർകളെ ഞാൻ ഇൻഡ്യയിടെ ദേശാടനത്തിനായി പോയി തിരിച്ചുവരുന്നവഴി കഴിഞ്ഞ തുലാ൦ ൨൫-൦൦-ാം൦- ഞായറാഴ്ചകാലത്തു പുത്തൻകുരിശ്ശുപള്ളിയിൽ സമയമായതുകൊണ്ടു കുർബ്ബാന കണ്ടുംവച്ചു തിരിയാം എന്നുള്ള വാഞ്ഛയൊടുകുടി പള്ളിയിൽ ചെന്നപ്പൊൾ അത്ഭുതകരമായ രണ്ടു കോട്ടകാരെയാണു. എന്നാൽ ആ രാജ്യസമ്പ്രദായപ്രകാരം കോട്ടം തൊപ്പിയും വെച്ചിയും ഉറുമാലും

ധരിച്ചുവരുന്നവർ അപൂർവമായതിനാൽ ഇവർ ആരാണെന്നു അവിടെ ഉണ്ടായിരുന്ന ഓരോ സ്നേഹിതന്മാരോടു ചോദിച്ചതിൽ ഇംഗ്ലീഷുകാരാണെന്നും ഇവിടെ മൂന്നുനാലു ഞായറാഴ്ചയായി മുടങ്ങാതെവന്നു പ്രസംഗിക്കുന്നുണ്ടെന്നും പള്ളിയിൽ കഴിഞ്ഞാൽ ജനം പിരിയുന്നസമയം ഒരുത്തരെയും വിടാതെ വാതുക്കൽനിന്നു തടസ്സംചെയ്തു പള്ളിവക സ്കൂളിൽ കയറി പ്രസംഗം കഴിക്കുപതിവാണെന്നും മറ്റും കേട്ടപ്പോൾ, ഇനിക്കുണ്ടായ വ്യസനാധിക്യത്താൽ മിണ്ടാൻവഹിയാതെ അര നിമിഷം നിന്നുപോയിഎങ്കിലും ഇവർ ഇവിടെവന്നു പ്രസംഗിക്കുന്നതിനു അനുവാദം കൊടുത്തതു ആരാണെന്നുംമറ്റും ചോദിച്ചതിന്നു ഇവിടത്തുകാരിലെ ഓരോരോ യൊഗ്യരുടെ അനുവാദത്താലാകുന്നു എന്നു കേട്ടതൊട്ടുക്കുടി വ്യസനത്താൽ ഴുകി മന്ദം മന്ദം നടന്നു ഞാൻ പള്ളിയകത്തേക്കു പോകയുംചെയ്തു. പള്ളിയിൽനിന്നു കഴിഞ്ഞു ഞാൻ പുറത്തേക്കു വന്നപ്പോൾ ഏതാനും യൊഗ്യരായുള്ള ആളുകളും പ്രസംഗകാർ ഇരുവരുംകൂടി സ്കൂളിൽ നിന്നുംതുടങ്ങി എന്തല്ലാമാണ വിശേഷംഎന്നറിവാനായി ഞാനുംചെന്നു. അപ്പോൾ പ്രസംഗകാരിൽ ഒന്നാമൻ ഞങ്ങൾ ഇവിടെ വന്നതു നിങ്ങളെ ഞങ്ങളുടെ മതത്തിലെക്കു ക്ഷണിക്കുന്നതിനാണെന്നോ അഥവാ വെറെവല്ലമതവുമോന നല്ലതെന്നുപറഞ്ഞു ആ മതത്തിലെക്കു ചെർക്കുന്നതിനെന്നോ ഉള്ള ദുർമ്മോഹങ്ങൾ യാതൊന്നും കൂടിയിട്ടല്ലഞങ്ങൾ വന്നതു. തർക്കിതാവായ യെശുവിനെ വിശ്വസിക്കണം, പ്രവൃത്തിയൊടുകൂടിയല്ലാത്ത വിശ്വാസം ചത്തതാകുന്നു എന്നു യാക്കൊബ്ബ് ശ്ലീഹാ പറയുന്നു. ഈ സംഗതികളെക്കുറിച്ചു പ്രസംഗിച്ചു നിങ്ങളെ സ്ഥിരമായി യെശുവിൽ വിശ്വസിപ്പിക്കണം എന്നമാത്രമെയുള്ളു ഞങ്ങളുടെ ഉദ്ദെശവും താല്പൎയ്യവും. എന്നാൽ ഞങ്ങൾ അപ്പൊ: സുറിയാനിക്കാരായിരുന്നു. ഇപ്പൊൾ മെത്രാനകക്ഷിക്കാരാണ. എങ്കിലും നിങ്ങൾ ഈസന്ദർഭത്തിൽ ഞങ്ങളുടെ മതത്തിൽ ചെന്നാൽ മാത്രമെ മൊക്ഷത്തെ പ്രാപിപ്പാൻ നിവൃത്തിയുള്ളു എന്നുള്ള പ്രശംസയൊടുകൂടി പ്രസംഗിച്ചു് അതിലെക്കു മനസ്സു തിരിപ്പിക്കണം എന്നുള്ള ആഗ്രഹം ലവലേശം ഞങ്ങൾക്കില്ല, അപ്പൊ പറഞ്ഞതുപൊലെതന്നെ യെശുവിൽ വിശ്വസിക്കണം എന്ന മാത്രമെയുള്ളു. അതുകൊണ്ടു നമ്മുടെ പ്രസംഗാവസാനത്തിൽ പതിവിന്നപ്രകാരമുള്ള പ്രാർത്ഥനകഴിക്കാം എന്നുംപറഞ്ഞു എല്ലാവരെയും എഴുനീല്പിച്ചു നിൎത്തി പ്രാർത്ഥനയും തുടങ്ങി. പ്രാർത്ഥന അവസാനിച്ച ശേഷം എല്ലാവരും യഥാസ്ഥാനങ്ങളിൽ ഇരുന്നു പ്രസംഗവും തുടങ്ങി. പ്രസംഗം പെന്തിക്കൊസ്തി വസത്തെക്കുറിച്ചായിരുന്നു. പ്രസംഗമദ്ധ്യത്തുകൽ ഞാൻ പിരിഞ്ഞുപോയതുകൊണ്ടു പിന്നീടുള്ള വിശെഷം ഒന്നുംതന്നെ അറിവാൻ കഴിഞ്ഞില്ല. പ്രസംഗാവസാനത്തിൽതന്നെ സ്ത്രീപുരുഷന്മാരായി ഏകദേശം നൂറിലധികം ജനമുണ്ടായിരുന്നു. ജനങ്ങളുടെ വരവുകണ്ടിട്ടു അന്നു ആ പള്ളിയിൽ നേൎച്ചയില്ലായിരുന്നു എങ്കിൽ കുമ്പിനെ അണച്ചു പട്ടക്കാരനും കൂടി വന്നു പ്രസംഗത്തിലും പ്രാർത്ഥനയിലും ചേരുമായിരുന്നു എന്നു നിസ്സംശയം പറയെണ്ടിയിരിക്കുന്നു. പിന്നീടു വന്ന ചേരുന്നോ എന്നു

ഇനിക്കു നിശ്ചയവുമില്ല. അല്ലയൊ മഹാജനങ്ങളെ യേശുവിൽവിശ്വസിക്കണം, പ്രവൃത്തിയാലുള്ളതല്ലാത്ത വിശ്വാസം ചത്തതാകുന്നു എന്നു അവർപറഞ്ഞ ആ വേദസാക്ഷിയെക്കുറിച്ചുതന്നെ ഒന്നു ചിന്തിക്കുവിൻ. ഞാനതുപ്പോ സുറിയാനിക്കാരനായിരുന്ന ഇപ്പൊൾ മെത്രാൻകക്ഷിക്കാരനാണ എന്നുപറഞ്ഞ ആ പ്രസംഗകാരൻതന്നെ പ്രവൃത്തിയാലുള്ള വിശ്വാസിക്കുന്നുണ്ടൊ? ഞാൻ സുറിയാനിക്കാരനായിരുന്ന ഇപ്പൊൾ നവീകരണക്കാരനാണു" എന്നുപറഞ്ഞിരിക്കുന്ന സഭിതിക്കു ഈ പ്രസംഗകാരന്റെ വിശ്വാസംതന്നെ ചത്തിരിക്കുന്നു. അല്ലെങ്കിൽ സുറിയാനിസമുദായത്തിനു വല്ല ന്യൂനതയും ഉണ്ടായിരിക്കണം. ഇപ്പൊൾ ഭൂമിയിൽതന്നെ അനെകം ക്രിസ്തുമതങ്ങൾ ഉള്ളതിലെക്കു ഏറ്റവും പഴക്കവും പൂർവീകവും സുറിയാനി സമുദായത്തിനാണന്നു സർവ്വസമ്മതമാണു. ഇങ്ങിനെയുള്ള സുറിയാനി സമുദായത്തിലുനിന്നു നവീകരിച്ചുപോയതായ ഇവരെ, പണം മോഹിച്ചു പൊറത്തുള്ളയെവിടുത്തിന്നവരാണന്നു നമ്മുടെ സഹൊദരനായ "യാക്കൊബായകൊച്ചൻ" പറഞ്ഞിരിക്കുന്നതിനു വല്ല വിഷ്ണവും നേരിട്ടിട്ടുണ്ടൊ. അഥവാ പൊറത്തുള്ളയെവിടുത്തിന്നവരും അവനവന്റെ കണ്ണിലിരിക്കുന്ന കോലിനെ എടുക്കാതെ അന്യന്റെകണ്ണിലെ കരടിനെ എടുക്കാൻ ശ്രമിക്കുന്നവരുമായ ഈ വഞ്ചന പിശാചുക്കളുടെ വലയിൽ അകപ്പെടുവാൻ കാൽവച്ചിരിക്കുന്നവരുമായ പുത്തൻകുർശ്ശു പട്ടണക്കാരെ! സഭയിൽ നിന്നു ഭിന്നിച്ചുപൊയവരെ സഭയെ കലക്കുന്നവരായി എണ്ണുന്നതിനുപകരം നിങ്ങൾ അവരെ സ്വീകരിച്ചു പള്ളിവക സ്കൂളിൽ കയറി പ്രസംഗിപ്പിക്കുന്നതു വളരെ ശോചനീയം തന്നെ. നവീകരണം, രക്ഷാസൈന്യം എന്നീവ്യാധികൾ നമ്മുടെ ഈ വടക്കൻരാജ്യത്തിലും കയറാതിരിപ്പാൻ പ്രത്യെകം ശ്രദ്ധിക്കുവിൻ. ഇവയുണ്ടെവരല്ലയൊ നാം. എന്നാൽ ആവക വ്യാധികൾ തെക്കെരാജ്യത്തിൽ മുളച്ചു വളർന്നു പെരുകി കയറി മറിഞ്ഞു ചില്ലികളുംക്കുടി ആ വള്ളികളാൽ പൊതിഞ്ഞിരിക്കുന്നു. ഇങ്ങിനെയുള്ള വ്യാധിയൊടും, അഗപ്പി മുതലായ മല്പന്മാരൊടും സഹൊദരന്മാരായവർ ദിവസെന എന്നപൊലെ ഏറ്റപൊരാട്ടമാണ കഴിച്ചുകൂട്ടുന്നതു എന്ന നമ്മുടെ ഇടവകപത്രിക എന്ന മാസികാപത്രത്തെവരുത്തി വായിച്ചുനൊക്കുവീൻ. അവർ പൊരാടി ഈ ദുർമ്മതത്തെഖണ്ഡിക്കയും വടക്കെരാജ്യത്തിൽ ഇല്ലാത്തതായ വ്യാധിയെ നട്ടനനച്ചു പിടിപ്പിക്കയും ചെയ്യുന്നതു വളരെ ശോചനീയം തന്നെ. പ്രിയ പത്രാധിപരവർകളെ ഈവക സംഗതികൾ ഇവിടങ്ങളിലും ആരംഭിച്ചിരിക്കയാൽ ഒട്ടും ഉദാസീനത വിചാരിക്കാതെ നമ്മുടെസമുദായശിരൊമണിയായ മാസികപ്പണിനെ സൂക്ഷ്മറായി അയച്ചു ഈവക ദുഷ്പ്രവൃത്തികളെ നീക്കിതരുവാൻ വിനയപൂർസ്സരം അപെക്ഷിക്കുന്നു. എന്ന

ഒരു സഞ്ചാരി.

പരസ്യം.

മാവേലിക്കരെ യാക്കോബായ സുറിയാനി സുവിശേഷ പ്രസംഗ സംഘത്തിന്റെ നിന്നും.

കഴിഞ്ഞാണ്ടിൽ ടി. സംഘത്തിൽ നിന്നും അഞ്ചു സഹോദരന്മാരെ വടക്കുള്ള പള്ളികളിലെക്കു സഞ്ചാര പ്രസംഗത്തിനായി അയച്ചതുപൊലെ ൦രം വരുന്ന ധനുമാസത്തിന്റെ ആരംഭത്തിൽ മിസ്റ്റർ സി, ഒ. ൦രംപ്പുന്ന, മിസ്റ്റർ ഉമ്മൻ ഐസ്സക്, മിസ്റ്റർ ജി, ഉമ്മൻ, മിസ്റ്റർ സി, പി, ഇടിക്കുള, ഇങ്ങനെ നാലു പേരെ കിഴക്കും തെക്കുമുള്ള പള്ളികളിലെക്കു പ്രസംഗത്തിനായി അയക്കണമെന്നു ടി സംഘത്തിൽനിന്നും നിശ്ചയിച്ചിരിക്കുന്നതിനെപ്പറ്റി അവർ പുറപ്പെടുന്നതും ഏകദെശം ഒരുമാസത്തോളം സഞ്ചാരം ഉണ്ടായിരിക്കുന്നതുമാകയാൽ ൦രം യാത്രയിൽ വെണ്ടതായ സകല ദൈവീക അനുഗ്രഹങ്ങൾക്കും കൃപകൾക്കും എല്ലാവരും ദൈവത്തൊടു അപെക്ഷിക്കുന്നതു കൂടാതെ ൦രം സഹോദരന്മാർ ഏതു പള്ളിയിലൊ ഏടവകയിലൊ ചെന്നാൽ ടി. സമുദായത്തിൽ ഉൾപ്പെട്ട അതാതു സ്ഥലങ്ങളിലെ ബഃ അച്ഛന്മാരും അതെപ്പൊലെ സഹൊദരന്മാരും പ്രസംഗജൊലി വീഴ്ചകൂടാതെ നടത്തുന്നതിനു വെണ്ട സഹായങ്ങൾ ചെയ്യണമെന്നു അവരുടെ സ്നെഹത്തൊടു അപെക്ഷിച്ചുകൊള്ളുന്നു. സഞ്ചാരത്തിനു ഭക്ഷണ ചിലവുകൂടി (മറ്റുള്ളവരെ ബുദ്ധിമുട്ടിക്കാതെയിരിപ്പാനായിട്ടു) ൦രം സഹൊദരന്മാർക്കു സംഘത്തിൽ നിന്നും അനുവദിച്ചിട്ടും ഉണ്ടു. എന്നു

ആജ്ഞാപ്രകാരം സിക്രട്ടെരി സി. ഇടിച്ചാണ്ടി.

൦രം പ്രസംഗികൾ നി. വ. ദി. ശ്രീ. മാർ ഗ്രീഗൊറിയൊസ് മെത്രാപ്പൊലിത്താതിരുമെനിയാൽ പ്രത്യെകം പരീക്ഷിച്ചു കൈവച്ചു നിയമിക്കപ്പെടുവർ ആകുന്നു.

ഇ. പ പ.

ഒരു സമ്മാനദാനവും വാഷീക യൊഗവും.

പ്രിയ പത്രാധിപരവർകളെ താഴെ പ്രസ്താവിക്കുന്ന സംഗതിയെ താങ്കളുടെ പത്രികയിൽ പ്രസിദ്ധപ്പെടുത്തണമെന്നപെക്ഷിക്കുന്നു.

മാവെലിക്കരെ യാക്കൊബായ സുറിയാനി സുവിശെഷപ്രസംഗ സംഘത്തിന്റെ വാഷീകയൊഗം നടത്തുന്നതിനു നി.വ.ദി.ശ്രീ. മാർ ദീവന്നാസ്യൊസു മെത്രാപ്പൊലീത്താ തിരുമനസ്സുകൊണ്ടൊ മാർ ഗ്രീഗൊറിയൊസു മെത്രാപ്പൊലീത്താ തിരുമനസ്സുകൊണ്ടൊ അദ്ധ്യാസനാധിപത്യം വഹിച്ചാൽ കൊള്ളാമെന്നു ഉണ്ടായിരുന്ന ആശയെ സാധിപ്പാൻ സൌകര്യമില്ലാതെ പൊയതിനാൽ ഇതുത്തൊളം താമസിച്ചു പൊയിഎങ്കിലും ദൈവകൃപയാൽ നി.വ.ദി.ശ്രീ. മാർ ഗ്രീഗൊറിയൊസു മെത്രാപ്പൊലീത്താ തിരുമനസ്സുകൊണ്ടു ൦രം പള്ളിയിലെക്കു കഴിഞ്ഞ വ്യാഴം- ശനിയാഴ്ച എഴുന്നെള്ളുകയും വ്യാഴം- ശനിയാഴ്ച വരെ

൨- മണിക്കു യൊഗം നടത്തപ്പെടുവാൻ തക്കവണ്ണം കല്പിച്ചനുസരിച്ചു. മാവേലിക്കരെ പള്ളിയിൽ ടി. സമുദായത്തിൽ ഉൾപ്പെട്ട എല്ലാവായന സമൂഹങ്ങളിലെക്കും നിരണം, പള്ളിപ്പാട്ടു, കാത്തിക്കപ്പള്ളി, ചെപ്പാട്ട, വെണ്മണി മുതലായ ഇടവകകളിലെ ചില മഹന്മാക്കും നോട്ടീസുകൊടുത്തു. പല ഇ: അച്ചന്മാരും അയ്യനികളും കാൎയ്യക്കാരും ഉൾപ്പടെ ൭൦൦-ൽ പരം ആളുകൾ ഹാജർ ഉണ്ടായിരുന്നു. നൊട്ടീസിൽ വ വരാ കാണിച്ചിരുന്നതും സംഘം നടത്തേണമെന്നു നിശ്ചയിച്ചിരുന്നതും വിശെഷമായി വിളംബിച്ചു അലംകരിക്കപ്പെട്ടിരുന്നതും ആയ പുതിയകാവു ഡിസ്ട്രീക്ട പെൺപള്ളിക്കൂടത്തിലെക്കു തിരുമനസ്സുകൊണ്ടു എഴുന്നെള്ളിയപ്പൊൾ പള്ളിക്കൂടക്കുട്ടികളെ ക്രൂടി പരിശൊധിക്കണമെന്നു വാദ്ധ്യാന്മാർ മുൻക്രൂട്ടി അപെക്ഷിച്ചു തയ്യാറായിരുന്നു. അപ്പൊഴെ ഹീയൎയ്യൻ പറഞ്ഞശെഷം പെൺകുട്ടികളെകൊണ്ടു പാടിക്കയും ഫാ൦ വാദ്ധ്യാൻ അവർകൾ പള്ളിക്കൂടത്തിൻറെ തല്കാലസ്ഥിതിയെപ്പറ്റി റിപ്പൊൎട്ടവായിക്കയും തിരുമനസ്സുകൊണ്ടു യഥൊചിതമായി സമ്മാനം കൊടുക്കയും സ്ത്രീവിദ്യാഭ്യാസത്തെപ്പറ്റി ഒരുപ്രാവം ചെയ്കഴിഞ്ഞപ്പൊൾ ഫാ൦ വാദ്ധ്യാൻ അവർകൾ തിരുമനസ്സിലെക്കു മംഗളപ്രകയും ചെയ്തു. കുട്ടികൾ പിരിഞ്ഞതിൻറെശെഷം യൊഗനടപടികൾക്കു തുടക്കം ഭിച്ചു. ക്ഷണിച്ചുവരുത്തപ്പെട്ട പല മഹന്മാരാലും ഒരൊ ഇടവകക്കാരാലും കൎയ്യക്കാരാലും പള്ളിക്രൂടംഅലകരിക്കപ്പെട്ട ഉയൎത്തപ്പെട്ടു. പീഠത്തിൽ എഴുന്നെള്ളിയിരുന്ന തിരുമനസ്സുകൊണ്ടു നമസ്കാരത്തിനാരംഭിച്ചു. അതുകഴിഞ്ഞ ശെഷം പ്രൊഗ്രാം അനുസരിച്ചു സംഘസിക്രട്ടരി അവർകൾ റിപ്പൊൎട്ടു വായിക്കയും അഗ്രാസനാധിപതി അവർകൾ റിപ്പൊൎട്ടിനെ സംബന്ധിച്ചു വളരെശ്ലാഘിച്ചു അഭിപ്രായംപറകയും ചെയ്തു. പിന്നീടു മുൻ നിശ്ചയിച്ചിരുന്നപ്രകാരം ദിവ്യശ്രീ. നിരണത്തു മത്തായിൽ മല്പാനച്ചൻ അവർകൾ സുവിശെഷപ്രചാരത്തെക്കുറിച്ചു ഏറ്റവും ഭീർഘമായും വിശദമായും സമയൊചിതമായും ഒരു പ്രസംഗം നടത്തിയതിനു അഗ്രാസനാധിപതിമായ തിരുമനസ്സുകൊണ്ടു വളരെ അഭിനന്ദിച്ചും ഇതിലെക്കു സഹായം ചെയ്വാൻ എല്ലാവരെയും ഉത്സാഹിപ്പിച്ചും അഭിപ്രായം കല്പിക്കയും വാഴ്ചയും ആശിൎവ്വാദങ്ങളും കൊടുക്കയും ചെയ്തശെഷം നമസ്കരിക്കയും ചെയ്തു. പിന്നീടു സെക്രട്ടരി അവർകൾ ക്ഷണനപ്രകാരം വന്നുകൂടിയ എല്ലാ മഹന്മാക്കും പ്രസംഗകൎത്താവിനും മംഗളം പറഞ്ഞശെഷം അഗ്രാസനാധിപതി അവർകൾക്കും നി. വ. ഭി. ശ്രീ. മാർ ദീവന്നാസ്യൊസു മെത്രാപ്പൊലീത്താ തിരുമനസ്സിലെക്കും പരിശുദ്ധ പിതാവായ നി. വ. ഭി. ശ്രീ. പാത്രിയൎക്കീസു ബാവാ തിരുമനസ്സിലെക്കും ഹീയൎപ്രകയും യൊഗം ൪- മണിക്കു പിരികയും ചെയ്തു.

എന്നു സംഘത്തിൽ നിന്നു ഒരുത്തൻ.

എന്റെ അഭിപ്രായം.

പ്രിയപത്രാധിപർ അവർകളെ, സുറിയാനി പുസ്തകങ്ങൾ അച്ചടിക്കുന്നവയിൽ അവയുടെ തഞ്ജമകൂടെ ചേർക്കുന്നതു ശുദ്ധമലയാളത്തിൽ തുടയിരിക്കണമോ കർസോൻ എന്നു സാധാരണ പറഞ്ഞു വരുന്ന ഭാഷയിലായിരിക്കണമൊ എന്നു അഭിപ്രായമിവന്റെ ഒരു കുത്തനാങ്ങടെ ചേഷ്ടനം കഴിഞ്ഞ പത്രികയിൽ ഉണ്ടായിരുന്നല്ലൊ. ഇതുസംബന്ധിച്ചു പലതും അഭിപ്രായം പറവാൻ പുറപ്പെട്ടതെന്നാണു ഞാൻ വിചാരിക്കുന്നതു. അങ്ങിനെ പറയണമെന്നാണു എന്റെ ആഗ്രഹവും എന്തെന്നാൽ ലോകത്തിൽ എല്ലാ സംഗതികൾക്കും രണ്ടുപക്ഷം ഉണ്ടെല്ലൊ. ഇതിന്റെ മാത്രം അങ്ങിനെ കാണരുതെന്നു തോന്നുന്നില്ല. ഇങ്ങിനെ രണ്ടുപക്ഷം ഇല്ലാത്തതായ ഒരു സംഗതി എങ്കിലും ഉണ്ടാവുന്നതു ചേരെ സന്തോഷിക്കുകതന്നെയല്ലൊ. അഭിപ്രായമിവൻ അഭ്യർത്ഥിച്ചിരിക്കുന്ന സംഗതിയെക്കുറിച്ചു കുറെ വിവിധമെടിപറവാൻ ഉണ്ടു. അതിനു തല്ക്കാലം അവസരമില്ല. അതുകൊണ്ടു ഇതിൽ എന്റെ അഭിപ്രായം മാത്രം പറയാം. കർസ്സോനിയിൽ അച്ച ശുദ്ധ മലയാളത്തിൽ തന്നെ വേണം തഞ്ജമ ചേർക്കുന്നതു എന്നാണു എന്റെ അഭിപ്രായം. കാരണം പറയാം.

൧. സുറിയാനി പട്ടക്കാർ മലയാളത്തു ൫൦൦ പേരിൽ കുറയാതെ കാണുകയില്ല. ഉണ്ടെങ്കിൽ അവർക്കു മാത്രമെ നാം കർസ്സോന വേണ്ടു.

൨. ഇവർക്കും എല്ലാവർക്കും ഇതു വശമുണ്ടെന്നു തോന്നുന്നില്ല. അപ്പോൾ അവരെ ഇനിയും ഇതു പഠിപ്പിച്ചുശേഷമെ അവർ നമ്മുടെ കർസ്സോൻ തഞ്ച നായിക്കയുള്ളു.

൩. പഠിപ്പിക്കാൻ തുടങ്ങുന്നതിനു ഭാഷതന്നെ അപൂർണ്ണമാണ. ഇനിയും അനേകരണ്ടും മറ്റും ഉണ്ടാക്കേണ്ടതായിരിക്കുന്നു. അപ്പോൾ ഏറെ വരുന്നു. ൫൦൦ പേരെ മാത്രം പഠിപ്പിക്കുന്നതിനു ഒരു പഴഞ്ചാണ്ടു പുതുതാക്കിയിട്ടു പഠിപ്പിച്ചു പലിനകങ്ങൾ കഴിക്കാൻ അയക്കണമെന്നു നിനച്ചായിരിക്കുമല്ലൊ.

൪. ശുദ്ധ മലയാളത്തിൽ അടിക്കാതെയിരിക്കുന്നതു അയൽമാർക്കളോടു അസൂയയൊ വൈരാഗ്യമൊ എന്നു വഴെ തോന്നിക്കും.

൫. എപ്പോളായാലും ഇതു മലയാളത്തിൽ വന്നെ നില്ക്കൂ. എന്നാൽ പിന്നെ ഇപ്പോൾ അരുതെ?

൬ാം കാരണങ്ങളാൽ തഞ്ച അച്ചടിക്കുന്നതെങ്കിൽ ശുദ്ധം മലയാളത്തിൽ വേണം. അങ്ങിനെയല്ലെങ്കിൽ അച്ചടിക്കാതെയിരിക്കയാണു ഭേദം. എന്ന

ഒരു അഭ്യർത്ഥനി.

ക്രിസ്തുശ്രുത സൈഥ്യപ്രബോധിനി.

൧൯൦൨ പത്രോസു അവനൊടു ഉത്തരമായിട്ടു, കർത്താവെ നീ തന്നെ ആകുന്ന എങ്കിൽ വെള്ളത്തിന്മേൽകൂടി നിന്റെ അടുക്കൽ വരുവാൻ എന്നോടു കല്പിക്കെണം എന്നു പറഞ്ഞു.

൨൯ എന്നാൽ വരിക എന്നു അവൻ പറഞ്ഞു. അപ്പോൾ പത്രോസ് പടവിനു നിന്നു ഇറങ്ങി യേശുവിന്റെ അടുക്കൽ വരുവാൻ വെള്ളത്തിന്മീതെ നടന്നു.

൩൦ എന്നാറെ കാറ്റു ശക്തിയുള്ളതായി അവൻകണ്ടപ്പോൾ ഭയപ്പെട്ടു. അവൻ മുങ്ങിത്തുടങ്ങുകകൊണ്ടു കർത്താവെ എന്നെ രക്ഷിക്കണമെന്നു നിലവിളിക്കയും ചെയ്തു. (മത്തായി ൧൪. ൨൬—൩൦)

൧. ക്രിസ്തുവിനെ സ്നേഹിക്കുന്നവരുടെ ആഗ്രഹം, ൨. അവരുടെ മേൽ ക്രിസ്തുവിനുള്ള സന്തോഷം, ൩. അവർക്കുണ്ടാകുന്ന ക്ഷീണത, ൪. ക്രിസ്തു അവരെ പിടിച്ചുകൊള്ളുന്നതു, ഇങ്ങനെ നാലു കാര്യങ്ങൾ ഇതിൽ അടങ്ങിയിരിക്കുന്നു.

൫. ക്രിസ്തുവിനെ സ്നേഹിക്കുന്നവരുടെ ആഗ്രഹം

അവനൊടുകൂടി എത്തേണമെന്നാകുന്നു. പടവിലുണ്ടായിരുന്ന മറെറല്ലാവരെക്കാൾ പത്രോസിനു കർത്താവിനൊടു അധികം സ്നേഹമുണ്ടായിരുന്നു. നി എല്ലാവരെക്കാൾ അധികം എന്നെ സ്നേഹിക്കുന്നുവൊ എന്നു കർത്താവു അവനോടു ചോദിച്ചതിനാലും (യോഹ. ൨൧. ൧൫) എല്ലാവരും നിന്നെ ഉപേക്ഷിച്ചാലും ഒരുനാളും ഞാൻ ഉപേക്ഷിക്കയില്ലെന്നു പത്രോസ് പറഞ്ഞതിനാലും പ്രത്യക്ഷമാണ്. ഈ സ്നേഹമാകുന്നു പത്രോസിനെ ക്രിസ്തുവിൻെറ അടുക്കലേക്കു കൊണ്ടുപോയതു. ക്രിസ്തുവിനോടുകൂടി എത്തേണ്ടതിനു ഒരുക്രൂത്തിലൊ കുഴിമ്പത്തിലൊ ഉള്ള പൊതുസ്നേഹം പോരാ, വിശേഷിച്ചു സ്നേഹവും ആഗ്രഹവും ആവശ്യമാകുന്നു. ക്രിസ്തു കടലിന്മീതെ നടക്കുന്നതായി ശിഷ്യന്മാർ എല്ലാവരും കാണുകയും കുലുങ്ങുകയും ചെയ്തു. എങ്കിലും തങ്ങൾക്കു പ്രത്യക്ഷനായ കർത്താവിൻെറ അടുക്കെ എത്തുവാൻ ഒരാൾക്കെ ആഗ്രഹമുണ്ടായിട്ടുള്ളു. ക്രിസ്തുവിനെ അറിയുന്നവരും സമ്മതിക്കുന്നവരും വിശ്വസിക്കുന്നവരും അനുസരിക്കുന്നവരും പലരുണ്ടെങ്കിലും അവനെപ്പോലെ നടക്കണമെന്നും അവൻെറ അടുക്കൽ എത്തണമെന്നും ആശിക്കുന്നവർക്കു വിശേഷാൽ ആഗ്രഹവും നടത്തയും വേണ്ടതാകുന്നു. ക്രിസ്തുനിമിത്തം അനുസരിച്ചുള്ള പുറത്തെ നടപ്പല്ല ക്രിസ്തുവിനൊടുള്ള പ്രത്യാശിക്കുന്ന അകത്തെ നടപ്പുകളത്രെ ആവശ്യമായിരിക്കുന്നതു. ആയതു ആത്മികമായി ക്രിസ്തുവിനൊടു ഒത്തു നടപ്പാനും തിരമാലകളാൽ അലയപ്പെടുന്ന കടലിന്മേൽ സംശയം കൂടാതെ നടക്കുന്ന ക്രിസ്തുവിനു ഹൃദയം ഉഭയസംബന്ധമായ സന്തോഷം, മോഹം, ആവശ്യം തുടിയായുള്ളവകളിലാകട്ടെ അവമാനം മുതൽ മരണം വരെയുള്ള ദുഃഖങ്ങളിലാകട്ടെ സ്വന്തജീവനെക്കുറിച്ചുള്ള കരുതലിലാകട്ടെ ഒരു നെല്ലിട പോലും താഴാതെയും പ്രപഞ്ചശക്തികളാൽ ഉലയാതെയും ലോകത്തെയും പാപത്തെയും പിശാചിനേയും മുറുകെ ജയിച്ചടക്കിയ പോലെ എല്ലാവരെയും കീഴ്പ്പെടുത്തി മേരുഭാഗത്തു സഞ്ചരിക്കുന്ന വിശ്രുതഹൃദയം കിട്ടണമെന്നും ആഗ്രഹിച്ചു വിശ്രമിക്കുന്നതിനാലത്രെ ഒരു ദൈവമകൻെറ ആഗ്രഹം അറിയപ്പെടുന്നതു. അവനിൽ ഈ പ്രത്യാശയുള്ളവനെല്ലാം അവൻ നിർമ്മലനായിരിക്കുന്ന പ്രകാരംതന്നെ തന്നത്താൻ നിർമ്മലീകരിക്കുന്നു. (൧ യോഹ. ൩. ൩) പൌലൂസിനെപ്പോലെ സകലത്തെയും എച്ചിലെന്നു തീരുമാനിച്ചു പിമ്പിലുള്ളവയെ എല്ലാം മാന്നും മുമ്പിൽകാണുന്ന ക്രിസ്തുവിൻകലേക്കു എത്തികൊള്ളുവാൻമാത്രം ബദ്ധപ്പെട്ടും ഓടിക്കൊൾക. അപ്പോൾ ക്രിസ്തുവിൻെറ സമീപത്തിൽ ചേരാം.

൬. അവരുടെമേൽ ക്രിസ്തുവിനുള്ള സന്തോഷം

എന്തുമാത്രമെന്നാൽ— "വെള്ളത്തിന്മേൽകൂടെ നിൻെറ അടുക്കൽ വരുവാൻ കല്പിക്കു" എന്നു പറഞ്ഞ ഉടനെ സസന്തോഷം അരുളിയതു

"നീ വരിക" എന്നാകുന്നു. തന്റെ പാപത്തിന്റെ ആഗ്രഹമെല്ലാം വെടിഞ്ഞും പലരോടുകൂടി ലോക സന്തോഷത്തിലും പാപത്തിലും വസിക്കയെക്കാൾ തന്റെ ദൈവത്തോടുകൂടെ നടക്കുന്നതു നല്ലതു എന്നു തിരഞ്ഞെടുക്കുന്ന എല്ലാവരോടും അവൻ പറയുന്നതു "നിന്നെ ദാഹിക്കുന്ന ഓരോരുത്തരുമെ വരുവിൻ" എന്നല്ലയൊ. (ഏശാ. ൫൫. ൧) പ്രിയവായനക്കാരാ നമ്മുടെ രക്ഷകൻ ഇതിനായിട്ടു വന്നവനല്ലയൊ. "നഷ്ടമായി പോയതിനെ തിരഞ്ഞു രക്ഷിപ്പാൻ മനുഷ്യപുത്രൻ വന്നു" എന്നല്ലയൊ നാം പറയിക്കുന്നതു. (ലൂക്കൊ. ൧൯. ൧൦) പലരും തങ്ങളെ നശിപ്പിക്കുന്ന കാര്യങ്ങളെ അറിയാതെകൊണ്ടത്രെ രക്ഷകനോടു അടുക്കാതിരിക്കുന്നതു. മാറ്റസംബന്ധമായ സകല ആചാരങ്ങളും പാപത്തെ വിട്ടൊഴിഞ്ഞു ദൈവത്തെ സ്നേഹിക്കുന്നവരുടെ നന്മയ്ക്കായിട്ടല്ലാതെ പാപത്തിൽ കളിക്കുന്നവർക്കായിട്ടല്ല. എത്രയും ചെറിയ ഒരുപാപത്തിലും മനസ്സോടിരിക്കുന്ന വല്യവരും ചെറിയവരുമെ നിങ്ങൾക്കു ക്രിസ്തു രക്ഷിതാവല്ല. അതിനാൽ പരസ്യമായ പാപങ്ങളിൽനിന്നു പല കാരണങ്ങളാലും നീ ഒഴിഞ്ഞിരിക്കുമായിരിക്കാം. അജ്ഞാനികളിലും നാസ്തികന്മാരിലും പലർ നല്ല സന്തോഷത്തിലിരിക്കുന്നുണ്ടല്ലൊ. പിന്നെ ക്രിസ്തുവിനുള്ളവനെന്നു പറയുന്നതിൽ എന്തു വൈശിഷ്ട്യമുള്ളു. സ്നേഹിതാ നിന്റെ ഹൃദയത്തിൽ നിന്നു സർവ്വദോഷങ്ങളെയും നീക്കികളക. ദൈവത്തിന്റെ നിർമ്മലമായ കണ്ണുകൾക്കു മുമ്പാകെ നിന്റെ ഉള്ളം മുഴുവൻ ഒരു ചുളുക്കവും ഇല്ലാതിരിക്കട്ടെ. നീ ഇപ്രകാരം ആയിതീരുവാനത്രെ ക്രിസ്തു നിനക്കുവേണ്ടി മരിച്ചതു. (൧തെ. ൫.൨൩) അതിനാൽ തങ്കലേക്കു തിരിയുന്നവരിൽ ക്രിസ്തു സന്തോഷിക്കുന്നു എന്നുള്ളതിനു അവന്റെ വചനം മാത്രമല്ല മരണവും സാക്ഷിപറയുന്നു. പിന്നെയും എന്നെക്കാൾ അധികം യാതൊന്നിനെയും സ്നേഹിക്കുന്നവൻ എനിക്കു യോഗ്യനല്ല എന്നും അവൻ കല്പിക്കുന്നു. ഹിലരിൽ അവനു സന്തോഷക്കുറവുള്ള ഭാവവും കാണിക്കുന്നു. ഇതിലും ഒരു ക്രിസ്ത്യാനി വളരെ സൂക്ഷിക്കണം. എല്ലാറ്റിനെക്കാൾ പ്രധാനമായി ക്രിസ്തുവിനെ സ്നേഹിക്കുന്നവൻ ക്രിസ്തുവിനു യോഗ്യനെന്നു പ്രത്യക്ഷമാകുന്നു. പിതാവിന്റെ യോഗ്യതയും അപേക്ഷയും അവനിൽ യേശുവിനുണ്ടായിരുന്ന സന്തോഷവും ഈ തരമായിരുന്നു. സഹോദരാ ക്രിസ്തുവിൻസന്തോഷം നിന്റെ മേൽ വരേണ്ടതിനു നീ എന്തെല്ലാം ഉപേക്ഷിക്കണമൊ അതുപോലെയെല്ലാം ഉപേക്ഷിക്കണമൊ അവകളെ ഒക്കെയും മനസ്സാൽ ഉപേക്ഷിക്കണം. നീ ഒരുവൻ തനിച്ചും നിന്റെ കുരിശാകുന്ന കഷ്ടതകൾ, അവമാനങ്ങൾ, (വേണ്ടിവന്നാൽ) മരണം ഇവ നിന്റെ അന്വേഷണമാക്കികൊണ്ടും തികഞ്ഞവനെല്ലാം തന്റെ ഗുരുവിനെപ്പോലെ ആകും എന്നു പറയപ്പെട്ടിരിക്കുന്നപ്രകാരം തികഞ്ഞവനാകേണ്ടുന്നതിനു ക്രിസ്തുവിനെനോക്കി ഇറങ്ങികൊൾകയും ചെയ്ക. അപ്പോൾ അവൻ നിന്നോടു വരിക എന്നു പറക മാത്രമല്ല അവന്റെ സൂക്ഷ്മദൃഷ്ടിയും നിന്നെനോക്കി നീ താഴുകയൊ വീഴുകയൊ ചെയ്യുന്ന ഏതുകിൽ താങ്ങുവാനും നിന്റെ മേൽ തന്നെ ഇരിക്കും.

൩- അവക്കു ക്ഷീണത പലപ്രകാരത്തിൽ വരുന്നതാകുന്നു-

ഇതിനു കാരണം വിശ്വാസക്കുറവുകൊണ്ടു ഭയവും നിരാശ്രയവും നേരിടുന്നതിനാലാകുന്നു. പത്രോസ് നടന്നു പോകുമ്പോൾ കാറ്റും ഓളവും കണ്ടിയായതിന്മേൽ നോക്കി ക്രിസ്തുവിൻമുഖത്തുനിന്നു അവന്റെ കണ്ണുമാറി പൊങ്ങിമറിയുന്ന തിരമാലകളെ നോക്കി വരിക എന്നു കല്പിച്ചു അല്പമെങ്കിലും നടത്തിക്കുണ്ടു കർത്താവിൻ വചനത്തെ മറന്നു കേവലമായി കാണുന്ന കാറ്റിനെ ശ്രദ്ധിച്ചു- ക്രിസ്തുവിൻമഹാശക്തി പല വിധത്തിലും അനുഭവിച്ചറിഞ്ഞിരിക്കെ അതിനെ അവിശ്വസിച്ചു കടലിന്റെ ആഴത്തെ ഓർത്തു ഉടനെ താണു തുടങ്ങി- ഒരു ചാണോ ഒരു മുഴമോ താണു എന്നു കണ്ടപ്പോൾ ആരും ഇല്ലാതെയായി ഒന്നും തുണയില്ലാതായി- അപ്പോൾ കർത്താവെ എന്നു വിളിച്ചു കുകി.

സകലത്തെയും തള്ളി ക്രിസ്തുവിനെ മാത്രം നോട്ടവാൻ പുറപ്പെട്ടവക്കു ഒരു വക ഭയങ്ങൾ നേരിടാം. എന്നാൽ രക്ഷിതാവിനെകൊണ്ടു തന്നെ തന്റെ ആപത്തു നീക്കുവാൻ നീട്ടിവിളിച്ചില്ലെങ്കിൽ കടലിനടിയിലെന്ന കണ്ണരുടി ചത്തുപൊകും. അവനെ അപ്പോൾ സത്യാശ്രയത്തോടു ഉറവിളിച്ചാൽ വേഗം കൈ നീട്ടി പിടിച്ചു കൊള്ളും. പൈശാചിക തന്ത്രങ്ങളാലും പാപശക്തിയാലും പൊങ്ങി മനസ്സുകളെ കീഴ് മേൽ മറിക്കുന്ന ഈലൊക ജീവിതത്തിൽ നിന്നു വേർപെട്ടിരിക്കുന്ന ഒരുവൻ ക്രിസ്തുവിനെകൊണ്ടു മതിയാകാതെ ലോകത്തെകൊണ്ടോ തന്നെകൊണ്ടു തന്നെയൊ വല്ലതും കൂടി സാധിക്കെണമെന്നു കരുതിയാൽ വിശ്വാസത്തിൽനിന്നു വീണുപോകും. ക്രിസ്തു നിനക്കു മോക്ഷാനന്ദം തരുവാൻ പ്രാപ്തനെന്നും നീ അതിനായി വേല ചെയ്യുന്നവനെന്നും ഉള്ള ഒരു മഹത്തായ രണ്ടു കാര്യങ്ങളെയും തെളിയിപ്പാൻ നിനക്കു എങ്ങിനെ കഴിയും. ഒരു ചുരുങ്ങിയ ആയുസ്സിൽ ക്രിസ്തു നിനക്കു തരുന്ന ഞെരുക്കമൊ, പീഡയൊ, ദുഃഖമൊ, നഷ്ടമൊ ഇങ്ങനെയുള്ളവ എന്തായിരുന്നാലും സന്തൊഷത്തൊടെ സ്വീകരിച്ചു തൃപ്തനായിരിക്കാതെ സ്വന്തസാമർത്ഥ്യംകൊണ്ടു ഒരുലോകത്തിൽ നിന്നുകൊള്ളണമെന്നും വരുവാനിരിക്കുന്നതിൽ ക്രിസ്തു ഒക്കെ തരുമെന്നും പാടുന്ന ക്രിസ്ത്യാനിത്വം ക്രിസ്തുവിനെ എന്തുമാത്രം വിലമതിക്കും. ഇഹത്തിൽ അനിത്യമായുള്ളവകൊണ്ടു നിന്നെ പോഷിപ്പിച്ചുകൊള്ളുവാൻ ക്രിസ്തു പോരാ എന്നുണ്ടെങ്കിൽ പരത്തിൻ നിത്യഭാഗ്യം തരുവാൻ അവനു പ്രാപ്തനെന്നു നീ പറയുന്നതു ഒത്തതാകുന്നുവൊ? ഒരു മനുഷ്യൻ താണുപൊകുന്ന ആഴം ഇതാകുന്നു. ഹാ പാപീ! ക്രിസ്തു നിന്നെപ്പൊലെ ആകുവാൻ നിന്റെ നിലവിട്ട സർവ്വ മഹിമയും സന്തൊഷവും ദൈവശ്രേഷ്ഠതയാകുന്ന മഹാ കരുത്തും മരണമില്ലായ്മ, പരമഭാഗ്യം ആദിയായുള്ള സകലത്തെയും വിട്ടു ഇറങ്ങി നിന്റെ വാസസ്ഥലമായ പാതാളംവരെ നടന്നാറയും അവൻ പരമകാര്യങ്ങളിൽ ഒന്നിലും താണുകളഞ്ഞില്ലല്ലൊ. നീയൊ അനിത്യവും നാശകരവുമായ ശ്ലേഷ്മതകളെ വിട്ടു ക്രിസ്തുവിൻ പരമാവസ്ഥയുടെ ഒപ്പത്തിൽ എത്തുവാൻ നടക്കുന്നു

ഏകിൽ താഴാതെ സൂക്ഷിപ്പാനെന്ത ആവശ്യം. മോഹാബിലെ രാജാവിന്റെ സമ്മാനത്തിൽ ബെല്ല ധാം മുങ്ങിപ്പോയാതെ തിരികെ കണ്ടിട്ടില്ല. ബെത്ത്ശേബായുടെ സൌന്ദര്യത്തിൽ ദാവീദ് താണുപോയെങ്കിലും ദൈവദർശനത്താൽ വീണ്ടും നികന്നുവന്നു. ബലഹീനന്മാർ താഴുന്നതു ഹൃദയത്തിന്റെ പ്രതിതിരിവിചത്രം. ധനത്തെവെറുത്തു പലരും ഉപജീവനത്തിന്റെ അരിഷ്ടതയിൽ മുങ്ങി വിചാരത്തിന്റെ നിലയില്ലായ്മയിൽ താണുപോകുന്നു. ഇക്കാലത്തെ കഷ്ടതകൾ നമ്മിൽ വെളിപ്പെടുവാനിരിക്കുന്ന മഹത്വത്തോടു ഉപമിപ്പാൻപോലും മതിയാകുന്നില്ല എന്നുള്ള ദൈവവചനത്തിൽ പിടിക്കുടുവാൻ കൈ നീട്ടുന്നില്ല. ക്രിസ്തുവിനെ നോക്കിനടക്കുന്ന അത്രമനില വീണ്ടും കാണപ്പെടാത്തവണ്ണം കീഴ്പ്പെട്ട പൊകയും അത്രമാത്രം ഏതിനെ വഞ്ചിച്ചു പൊന്തിനിന്നതൊ ആമോഹജലം ഹൃദയത്തിൽ ഉയർന്നു കാണപ്പെടുകയും അത്മവിചാരം അശേഷം താണുപൊകയും ചെയ്യുന്നു. ഇങ്ങനെ അവമാനത്തെക്കണ്ടഭയന്ന ബഹുമാനത്തിലും ദാരിദ്ര്യത്തെക്കണ്ടഭയന്ന ദ്രവ്യാഗ്രഹത്തിലും ഇപ്രകാരം പലപ്രതിക്രുലങ്ങൾക്കിടയിൽ മുങ്ങിപ്പൊകുന്നു

൫. ക്രിസ്തു അവരെ താങ്ങുന്നതു

എങ്ങിനെയെന്നു നമുക്കു വിചാരിക്കാം. അനേകർ ദൈവത്തോടു നിലവിട്ടിരിക്കുന്നെങ്കിലും കർത്താവു തനിക്കുള്ളവരെ അറിയുന്നു എന്നു (൨ പത്രൊ. ൨. ൯,) കഴിഞ്ഞപ്പെട്ടിരിക്കുന്നപ്രകാരം പത്രൊസിനെ മുഴുവനും ക്രിസ്തു അറിഞ്ഞിരുന്നതിനാൽ കൈ നീട്ടി പിടിച്ചു. അടുത്തുനിന്നതിനാൽ അവനെപിടിച്ചു എന്നുനിനക്കു തോന്നുമായിരിക്കും. ക്രിസ്തു എന്നെ പിടിച്ചിരിക്കുന്നു എന്നുപൌലൊസു പറയുന്നുവല്ലൊ (ഫീലി. ൩. ൧൨.) അതുകയാൽ ഇതു വിശ്വാസത്തിലെ സംഭവമാകുന്നു. ഇതു അത്മ കാര്യത്തിലെ നടത്തയും അതുകുന്നു. ക്രിസ്തുവിൽ വിശ്രുത ഹൃദയത്തോടു നിന്റെ ഹൃദയത്തെ ഐക്യപ്പെടുത്തുവാനുള്ള നടപ്പിൽ അത്രെ വിശ്വാസവും പ്രാർത്ഥനയും ക്രിസ്തുവിന്റെ പിടുത്തവും ആവശ്യമായിരിക്കുന്നതു. പാപത്തിൽവീഴാതെയും മോഹത്തിൽ മുങ്ങാതെയും നിരാശ്രയത്തിൽ താഴാതെയും ക്രിസ്തു താങ്ങുന്നു. ഏലിയാ അഹാബിനെ ഭയന്നു ഓടിപ്പൊയപ്പൊൾ കെദ്രൊൻതോട്ടിൽ കാക്ക കൊടുത്തുവന്ന ചെറിയ അപ്പകഷ്ണം ദൈവം അവനെ പിടിച്ചിരിക്കുന്ന ഒന്നു എത്രവലിയ നിശ്ചയത്തെവരുത്തികൊടുത്തു. ശരീരത്തിന്റെ ക്ഷീണതയു അതു ലഘുവായിരുന്നെങ്കിലും ഹൃദയത്തിന്റെ ബലത്തിനു അതു ധാരാളമായിരുന്നു. പ്രിയസഹൊദരാ, ക്രിസ്തു ഇരിക്കുന്നിടത്തു ദൈവവലത്തുഭാഗത്തുള്ള കാര്യങ്ങളെ ചിന്തിപ്പിൻ. എന്നു പരിശുദ്ധാത്മാവു നമ്മെ പഠിപ്പിക്കുന്നുണ്ടല്ലൊ. (കൊല. ൩, ൧) ഇതു പരിശുദ്ധത. നീതി, സത്യം, താഴ്മ, സ്നെഹം, പരമാർത്ഥത, ക്ഷമ ഇത്യാദി നിഷ്കളങ്കമായ അത്രമനിർമ്മലതയുടെ പൂർണ്ണതയെ കാണിക്കുന്നു. നീനിന്റെ പൂർണ്ണഹൃദയത്തോടു ഉപവകളിൽ നടക്കുന്നു എങ്കിൽ അവിടെ ക്രിസ്തുവിനെ നിനക്കു കാണാം. ക്രിസ്തു എവിടെ നിൽക്കുന്നു എന്നു കാണാതെ നടന്നാൽ

നശിച്ചുപൊകരുതെ. നിന്നെറ ലോകത്തിനായികൊട്ടെ, സമ്പത്തിനായികൊട്ടെ, ക്രൂ
ട്ടത്തിനായികൊട്ടെ, കഠിനബന്ധത്തിനായികൊട്ടെ, യാതൊന്നിനും പാപിയെ രക്ഷി
പ്പാൻ വശമില്ലെന്നും നശിപ്പിപ്പാനെ കഴികയുള്ളു എന്നും നീ ഉറപ്പായി
അറിഞ്ഞുകൊൾക. ക്രിസ്തുവിൻ ഹസ്തം എത്ര ക്ഷീണന്മാരെയും താ
ങ്ങുന്നു. അശുദ്ധിയെ താങ്ങുന്നവനല്ല. അവൻ പാപത്തിനെറ നില
നില്പിന്ന കൈനീട്ടുന്നവനല്ല. അവൻ പാപത്തെ കണ്ടുകൂടാത്തനെ
ത്ത നയനങ്ങളുള്ളവനാകുന്നു. അതിനാൽ ക്രിസ്തുവിനെറ അരികിൽ
വരുന്നവനെ നിന്നെറ പാപത്തെ ഉപെക്ഷിക്ക. ക്രിസ്തുവിനൊട്ട ഒത്തു
നടപ്പാൻ രത്നമയം ശ്രമിക. ലക്ഷ്യം വരാതെ നോക്കികൊൾക.
ക്രിസ്തു താങ്ങുവാനായി പ്രാർത്ഥിച്ചുകൊൾക. കർത്താവു പത്രൊസിനെറ
കയ്യുപിടിച്ചു തന്നൊടൊരുമിച്ചു പടവിലിരുന്നതുപൊലെ നിന്നെറ കൈ
പിടിച്ചുകൊണ്ട ക്രിസ്തുവും ഒരുമിച്ചു പരമസ്വസ്ഥതയിൽ പ്രവേശി
ച്ചിരിക്കുന്നതു ഏത്ര ആശ്വാസവും സന്തോഷവും ആകുന്നു. നീ അവനെ
നോക്കി ഇറങ്ങിച്ചെല്ലുന്നെങ്കിൽ ഇതാ രക്ഷിപ്പാൻകഴിയാതവണ്ണം അ
വനെറ കൈ കുറഞ്ഞിട്ടില്ല. (ഏശായ ൫൯- ൧) യഹൊവാ സ്തുതിക
പ്പെട്ടവനാകട്ടെ- എന്തൊന്നാൽ അവൻ എനെറ പ്രാർത്ഥനകളുടെ ശ
ബ്ദത്തെ കേട്ടിരിക്കുന്നു. യഹൊവാ എനെറ ബലവും എനെറ പരിച
യും ആകുന്നു- എനെറ ഹൃദയം അവനിൽ ആശ്രയിച്ചു. ഇനിക്കു സ
ഹായം ഉണ്ടാകയും ചെയ്തു- അതുകൊണ്ട എനെറഹൃദയം വളരെ സ
ന്തോഷിക്കുന്നു. എനെറപാട്ടുകൊണ്ടു ഞാൻ അവനെ സ്തുതിക്കും എന്നു
പറയാം. (സങ്കീ. ൨൮- ന്യ, ൭,)

വീണ്ടും ജനനം.

ഇതിനെക്കുറിച്ചു പിന്നാലെ തെളിയിക്കാമെന്നു കഴിഞ്ഞപത്രത്തിൽ പറഞ്ഞിരു
ന്നതിനെ വായനക്കാർ ഓർക്കുമെല്ലൊ. പ്രതിസരണമായി ക്രിസ്ത്യാനികൾ പരമ്പ
രാഗതിശാസിച്ചും ആചരിച്ചും പോരുന്നതായ ഏതെങ്കിലും ഒരു കാര്യത്തെക്കുറിച്ചു വാ
ക്കുമൂലം ആരെങ്കിലും അല്പന്നൊ ജല്പന്നൊ വാദിക്കുന്നതായിരുന്നാൽ തക്കതായരേഖ
കൾ മൂലം തങ്ങളുടെ വാദവിഷയത്തെ ഉറപ്പുകൊണ്ടതാണെന്നുള്ളതു എവരും സമ്മ
തിക്കുന്നതാണല്ലൊ. ഇതുകൂടാതെ വാക്കുമൂലംമാത്രം അല്പന്നും ജല്പിക്കുന്നതാ
യിരുന്നാൽ അതിനെറ മറുപടിയും അങ്ങിനെ തന്നെ. അല്പന്നുള്ളതിനു ആകുന്ന എ
ന്നും ജല്പന്നുള്ളതിനു ഉണ്ടെന്നും വാക്കുമൂലം മാത്രം പറഞ്ഞാൽ മതിയാകും എന്നുള്ളതും
സർവ്വസമ്മതമാണ. അങ്ങിനെ എങ്കിൽ ഈ തർക്കക്കാരെ ജ്ഞാനസ്നാനത്തിൽ വീണ്ടും
ജനനം ജല്പാ എന്നു നിങ്ങൾ പറയുന്നതിനു വേദത്തിൽനിന്നു രേഖകൾ വല്ലതും ഉ
ണ്ടൊ ഉണ്ടെങ്കിൽ കാണട്ടെ. ജല്പകരിൽ നിങ്ങളുടെ വാദത്തിനു എതുത്തൊളം ബലമു
ണ്ടെന്നു നിങ്ങൾ തന്നെ ചിന്തിപ്പിൻ. എന്തുതന്നെയുമല്ല കാര്യം കാരണം കൂടാതെ ഉ
ണ്ടാകാതിരിക്കെ സ്നാനത്തിൽ വീണ്ടുജനനം ജല്പന്നു നിങ്ങൾ പറയുന്നതിനു വല്ലരേ
ഖകളും ഉണ്ടായിരുന്നു എങ്കിൽ നിങ്ങളുടെ വാദത്തിനെറ കാരണം വേദവാക്യമാണ
ന്നു പറയാമായിരുന്നു. അതില്ലാതിരിക്കകൊണ്ടു നിങ്ങളുടെ വാദത്തിനെറ കാരണം
എന്തെന്നും കൂടെ പറവിൻ.

ആയ്കൊണ്ട മാന്യ വായനക്കാരെ, കാരണംകൂടാത്ത വാദമാണ ജഡകൊ
ണ്ടുവരുന്നതെന്നു ഇതിനാൽ തെളിയുന്നതുകൊണ്ടു വേല്പറഞ്ഞതിലധികം സമാധാന
ത്തിനു ഇവർ ബാദ്ധ്യസ്തരല്ല. എങ്കിലും നമ്മുടെ വായനക്കാരുടെ ഗ്രാഹ്യത്തിനായി
ട്ടും കൂടെ കുറഞ്ഞൊന്നു പയ്യാലൊചിക്കാം. അല്ലയൊ ചിന്തശൂന്യരക്ഷകരെ സ്നാന

ത്തിൽ വീണ്ടും ജനനമില്ലാത്തപക്ഷം വേണ്ടാ എന്നപ്രയോഗം പാടില്ലെന്നുമാത്രമല്ല ക്രൂടിയെ കഴിയൂ എന്ന നിങ്ങൾ സമ്മതിക്കുന്നുണ്ടല്ലോ അതുകൊണ്ടു ഒരിക്കലില്ലാത്തതു പിന്നൊരിക്കലായിരിക്കണം അതു ജനനപ്രോഴെന്ന പറവീൻ. ജനനത്തിന്നു ഒരു മാതാവും പിതാവും അപേക്ഷിതമായിരിക്കയാൽ അതാരെന്നും നമ്മുടെ ശരീരത്തിന്നും ആത്മാവിന്നും രക്ഷ ആവശ്യപ്പെട്ടിരിക്കകൊണ്ടു നമ്മുടെ രക്ഷണ്യപ്രവൃത്തികൾ നമ്മിൽ നിവൃത്തിക്കുമ്പോൾ അപ്രത്യക്ഷമായി ആത്മാവിലുംപ്രത്യക്ഷമായി ശരീരത്തിലും നടക്കുന്നതിനെ സഭയൊചിതം രേഖാമൂലം പ്രഖ്യാപിക്കുകുണ്ടു. പത്തൊമ്പതാം നൂറാണ്ടിൽ ക്രിസ്തുസഭയിലുള്ള നിയമവും ധർമ്മവും വീണ്ടുപ്പെട്ടതിന്റെ ശേഷം ഒരു പുതിയസഭ, പ്രീശെന്മാർ ദൈവത്തിന്റെ പരിശുദ്ധൻ എന്ന ഘോഷിച്ചു തങ്ങളുടെ നെറ്റിയിലും വസ്ത്രവിളുമ്പുകളിലും പതിച്ചുകൊണ്ടു നടന്നതുപോലെ പുറപ്പാടു പുസ്തകത്തെ അപ്രമാണരഹസ്യത്തെ അടക്കിവച്ചുംകൊണ്ടു രക്ഷാപ്രമാണം എന്ന ഘോഷിച്ചുകൊണ്ടു നടക്കയും നമ്മുടെ കർത്താവു നിയമിക്കയും താനതന്നെ അരിന്നു കീഴ്പ്പെട്ടുകയും ചെയ്തിട്ടുള്ള ജലസ്നാനം മുതലായ നീക്കി പകരം കൊടിസ്നാനം മുതലായ സ്ഥാപിക്കയും ചെയ്യുമെന്നുള്ളതിന്നു വാശ്രയങ്ങൾ വല്ലതും ഉണ്ടൊ ഉണ്ടെങ്കിൽ കാണട്ടെ. പ്രിയരെ ജനനമെന്നുള്ളതു ഒരു ജീവിതത്തിന്റെ ആരംഭമായിരിക്കുമ്പോൾ ആരംഭത്തിൽ തെറ്റിയാൽ അവസാനത്തിൽ നാം എന്തായിരിക്കുമെന്നു ചിന്തിപ്പീൻ. ജനനത്തിങ്കൽ കുരുടനൊ ചെകിടനൊ ഊമനൊ ആയിരിക്കുന്നവൻ ജീവിതത്തിലും എന്നേക്കുള്ളൊ മരണപര്യന്തം അങ്ങിനെതന്നെ ഭൂമിക്കുമെന്നുള്ളതു നിവിവാദമാണല്ലൊ. ആദ്യാലിനെ ആദ്യം കൊട്ടത്തിരുന്ന നിയമത്തിൽനിന്നു പിശാചുമൂലം അപൻ തെറ്റിയതിന്റെ ശേഷം അവനെ നമ്മെ ജനിപ്പിച്ചതുകൊണ്ടത്രെ അകൃത്യത്തിൽ നാം ആകൃതിപ്പെട്ടതിനെ നമ്മുടെ മാതാപിതാക്കന്മാരിൽ നിന്നുള്ള ഒന്നാമത്തെ ജനനത്തിൽ നാം പാപജന്മികളായിതീർന്നു സങ്കീ. ൫൧, ൫. ഒന്നാമത്തെ മരണത്തിന്നു പാത്രമായു. ആയ്യതുകൊണ്ടു രണ്ടാമത്തെ ആദാമിൽനിന്നും അവന്റെ നിയമത്തിൽനിന്നും നാം രണ്ടാമതു അതായു. പ്രീണ്ടുംജനിക്കെണ്ടിവന്നു രണ്ടാമത്തെ നിയമത്തിനും നാം ലംഘന ജന്മകാരായിൽ മൂന്നാമത നമ്മെ ജനിപ്പിക്കുമെന്നു പാശത്തും ശെഷിച്ചിട്ടില്ലെന്ന മാത്രുമല്ല രണ്ടാമത്തെ മരണത്തിനും നാം പാത്രമാകും എന്നുള്ളതിനു സംശയമില്ല. ആകയാൽ ഇത്രവലിയ ഒരു ജനനത്തെക്കുറിച്ചു നാം എത്രത്തോളം ഗൌനിക്കെണ്ടിയിരിക്കുന്നു എന്നു ചിന്തിപ്പീൻ.

ഒരു കാലത്തിൽ ദൈവത്തിന്റെ സഭയിത്ര വലിയ ഉപദ്രവങ്ങളും തെരുക്കങ്ങളും പല വിധത്തിൽ നേരിട്ടിന്നതും മാതാപിതാക്കന്മാരെ ബഹുമാനിക്കേണ്ടിനുപകരം അപമാനിക്കയും വേദവിപരീതങ്ങൾ ശണ്ഠകൾ അനൈസരണക്കേടുകൾ മുതലായ ദുഷ്പ്രവൃത്തികൾ നാൾക്കുനാൾ വർദ്ധിക്കയുംചെയ്യുന്നതിന്റെകാരണം എന്തായിരിക്കുമെന്നു പരമാർത്ഥികളായ പലരും എന്നോടു ചിലപ്പോൾ ചോദിക്കാറുണ്ടു. ഇതിനു പലകാരണങ്ങൾ ഉണ്ടെങ്കിലും പ്രത്യെകം മൂന്നു കാരണങ്ങൾ ഉണ്ടു. ൧. ജനനദോഷം ൨. വളർത്തുദോഷം ൩. സംസർഗ്ഗദോഷം. ഇവയെ ഓരൊന്നായി വിവരിച്ചു പറയുമ്പൊൾ സംഗതി പിടിപ്പൊക്കുന്നതുകൊണ്ടും പത്രസൂലം അധികപ്പെടുന്നതുകൊണ്ടും മേല്പറഞ്ഞ പരമാർത്ഥികളൊടു ഒരു അവസരത്തിൽ ജനനദൊഷത്തെക്കുറിച്ചു മാത്രം മുങ്കുത്തിൽ പറഞ്ഞുകൊള്ളട്ടെ. പ്രിയരെ ഇതിനെക്കുറിച്ചു പറയുന്ന എങ്കിൽ ശുദ്ധ. പൌലൊസ അപ്പൊസ്തൊലൻ പറയുംപ്രകാരം അവരാൽ രഹസ്യമായി ചെയ്യപ്പെടുന്നവയെ പറവാൻപൊലും ലജ്ജയാകുന്നു. എഫെ. ൫, ൧൨. ഏകിലും നമ്മുടെ കർത്താവു പറയുന്നതിനെ കെൾപ്പീൻ. ദോഷവും വ്യഭിചാരവുമുള്ള ഒരു സന്തതിയിൽ എന്നെയും എന്റെ വചനത്തെയും കുറിച്ചു ലജ്ജപ്പെട്ടാൽ അവനെക്കുറിച്ചും മനുഷ്യന്റെ പുത്രൻ തന്റെ പിതാവിന്റെ മഹത്വത്തിൻ പരിശുദ്ധ ദൈവദൂതന്മാരൊടും കൂടെ വരുമ്പൊൾ ലജ്ജപ്പെടും എന്നു കല്പിച്ചിരിക്കകൊണ്ടു ഞാൻ ലജ്ജിക്കുന്നില്ല. മാന്യവായനക്കാരെ ഉറവകെപ്പായിരിക്കുമ്പൊൾ അതിൽക്കൂടെ ഒഴുകുന്നപൈതലും മധുരമായിരിപ്പാൻ കഴിയുന്നതെങ്ങിനെ. അപ്രകാരം അവിശ്വാസികളും പീപഗീതികളുമായിരിക്കുന്ന മാതാപിതാക്കന്മാരിൽനിന്നു ജനിക്കുന്നമക്കളും അശുദ്ധിയുള്ള പരാക്കുന്ന എന്നു നിങ്ങൾ വായിച്ചിട്ടില്ലയൊ. ൧ കൊറി. ൭, ൧൪. കോട്ടവും വികടവുമുള്ള തലമുറകളുടെ നടുവിൽ വിളിപ്പി. ൨, ൧൭. ഇഹലൊകത്തിൽ നാം വിശുദ്ധജീവിതംചെയ്യേണ്ടുന്നതിനും പിന്നത്തെ തലമുറയായി നമ്മിൽ നിന്നു ജനിപ്പാനിരിക്കുന്നവർ ഇസ്സഹാക്കിനെ പൊലെ വാശ്രയത്തിന്റെ മക്കൾ ആയിരിക്കെണ്ടുന്നതിനും സത്യക്രിസ്ത്യാനികൾക്കു പ്രത്യെകം ആവശ്യമായി കല്പിക്കപ്പെട്ടിരിക്കുന്നതു നോമ്പും നമസ്കാരവുമത്രെ.

യെഹൂദന്മാരോടു കർത്താവു പറയുന്നതിനെ കേൾപ്പിൻ. ശുദ്ധ യോഹ. ൮, ൩൭. വാക്യം നോക്കുവീൻ. അവർ അബ്രഹാമിന്റെ സന്തതികളാകുന്നു എന്നു താൻ തന്നെ സമ്മതിക്കുന്നു ഇനിയും ൩൯-ാം വാക്യം നോക്കുവീൻ. നിങ്ങൾ അബ്രഹാമിന്റെ സന്തതികളായിരുന്നു എങ്കിൽ അബ്രഹാമിന്റെ ക്രിയകളെ ചെയ്യുമായിരുന്നു എന്നു പറയുന്നു. ൪൪-ാം വാക്യം നോക്കുവീൻ. നിങ്ങൾ പിശാചാകുന്ന നിങ്ങളുടെ പിതാവിൽനിന്നാകുന്നു എന്നു പറയുന്നു. ഇപ്രകാരത്തിൽ കർത്താവിന്റെ പക്കൽ വാക്കുവ്യത്യാസം ഉണ്ടെന്നോ അതുപോലെ, അബ്രഹാമിന്റെ പിശാചാസത്തിലുള്ളവരെ അബ്രഹാമിന്റെ മക്കൾ എന്നു ഇവിടെ കർത്താവു പറയുന്നതു ശരിയാണോ. ൫, ൬, ൭. നോക്കുവീൻ. ജഡപ്രകാരം അവർ അബ്രഹാമിന്റെ സന്തതികൾ ആയിരുന്നിട്ടും പിശാചാസത്തിൽ തൊറിയിരുന്നതിനാൽ ശുദ്ധത്തഴമ്പിൽനിന്നു ഭ്രഷ്ടന്മാരായി എന്നു നാം അറിയുന്നു. അങ്ങിനെ എങ്കിൽ ശുദ്ധിമാന്മാക്കു ഒരിക്കൽ ഏല്പിക്കപ്പെട്ട വിശ്വാസത്തിൽനിന്നു നാം ജനിക്കാതിരുന്നാൽ യെഹൂദ. ൫, ൬- അവരെപോലെ ഭ്രഷ്ടന്മാരാകും സംശയമില്ല. മനുഷ്യനെ പിശാചിനും ദ്രവ്യത്തെ ദൈവമാക്കൊണ്ടും പായിലെക്കു പോകുന്നതു മനുഷ്യനെ അശുദ്ധിയാക്കുന്നില്ല. ഭക്ഷിക്കുന്നതു പാപവും മരണവും അതുകയില്ലന്നും പറഞ്ഞു ഭയത്തിനെ തങ്ങളിൽ ദൈവമാക്കിക്കൊണ്ടും പിലി. ൩, ൧൯. ശീമയിലെ കോഴിയും താറാവും മുട്ടയും പാലും എല്ലാം എത്തിയപ്പോൾ ഇങ്ങരെ കേറിയവരുടെ പിൻഗാമികളായി പെരുകിയവരും ബുധനാഴ്ചയും നോമ്പും ഒന്നും വേണ്ടാ എന്നു ഉപേക്ഷിച്ചു പേർതിരിവിൻ ദിവസങ്ങളിൽ അശുദ്ധിയുള്ള മക്കളെ ജനിപ്പിച്ചിട്ടുള്ള പിതാക്കന്മാരെ, ഒന്നാമതു നിങ്ങളെക്കുറിച്ചും രണ്ടാമതു നിങ്ങളുടെ മക്കളെക്കുറിച്ചും കരുവീൻ. ലൂക്കൊ ൨, ൨൨- വിശുദ്ധിയിലും അനുസരണത്തിലും എന്നും ജീവിപ്പാൻതക്കവണ്ണം ആദാമിനു ദൈവം കൊടുത്തിരുന്ന നോമ്പിലും നമസ്കാരത്തിലും (അതായതു പിലാക്കപ്പെട്ട കനിയിൽനിന്നു ഭക്ഷിക്കാതെ ഇടയിടാതെ ഉള്ള സ്തുതികളിൽ ആദാം സ്ഥിരപ്പെടിരുന്നപ്പോൾ) മക്കളെ ജനിപ്പിച്ചിരുന്ന എങ്കിൽ മനുഷ്യർക്കും മരണമുള്ളവരാകാതിരുന്നേനേ. സംശയമില്ല, ഈ തുകൂടാതെ ലംഘനവും അകൃത്യവും തന്റെ മടിയിൽ ഒളിച്ചു വച്ചുംകൊണ്ടു യോബ- ൧൪- സന്തതിയെ ജനിപ്പിച്ചതുകൊണ്ടത്രേ നാമെല്ലാവരും മരണജന്മികളായി തീർന്നതു. അപ്രകാരം പിതാക്കന്മാരെ നെമ്പിനാലും നമസ്കാരത്താലും അല്ലാതെ ഈജാതി പുറപ്പെടുകയില്ലന്നും മക്കൾ- ൯- ൨൯- നമ്മുടെകർത്താവും തന്റെ അപ്പൊസ്തോലന്മാരും അറുഷ്ടിച്ചു നമ്മെ പഠിപ്പിച്ചിരിക്കുമ്പോൾ ഫരിസാർ- ൬- ൪- സത്യവിശ്വാസത്തെയാടെ നിങ്ങൾ അതിൽസ്ഥിരപ്പെട്ടിരുന്ന പേർതിരിവിൻദിവസങ്ങളെ അശുദ്ധിയാകാതിരിക്കുന്നെങ്കിലല്ലാതെ നിങ്ങളിൽനിന്നു ജനിക്കുന്ന മക്കൾ ശുദ്ധിയുള്ളവരായിരിക്കുന്നതു എങ്ങിനെയെന്നു ചിന്തിപ്പിൻ. ഈ തുകൾകൊല്ലാം നിങ്ങൾ ലംഘനകാരായിരുന്നും കൊണ്ടു ജനത്തിൽതന്നെ തന്റെ അവകാശമാക്കുന്ന അനുസരണക്കേടിൻ മക്കളിൽ വ്യാപിക്കുന്ന അശുദ്ധാത്മാവു അവരിൽ വ്യാപിച്ചിരിക്കെ അശുദ്ധിയുള്ള ജന്മവും കോട്ടവും വികടവുമുള്ള തലമുറയും ദോഷവും വ്യഭിചാരവും ഉള്ള സന്തതിയുമായ ഇവർ മാതാവിനെ ദുഷിക്കയും പിതാവിനെ പരിഹസിക്കയും ചെയ്യുന്നതിനായി പരിതപിക്കയൊ ജ്വരിൽനിന്നു വല്ല നന്മയെ ആഗ്രഹിക്കയൊ ചെയ്യുൽ മുള്ളുകളിൽനിന്നു മുന്തിരിങ്ങാ പഴങ്ങളെയും തെരിഞ്ഞിൽ മുള്ളുകളിൽ നിന്നു അത്തിപ്പഴങ്ങളെയും അന്വഷിക്കുന്നതുപൊലെ എന്നല്ലാതെ എന്തുപറയേണ്ടു അതുകൊണ്ടു നിങ്ങളേയും നിങ്ങളുടെ മക്കളെയും കുറിച്ചു കരുവീൻ. (തുടരും)

യാ- സ- ഉ- കെ- സി- സി-

നസ്രാണിദീപികാ ലേഖകന്റെ

അധികപ്രസംഗം

പണ്ടൊരിക്കൽ ഇടവക പത്രികയിൽ ഇട്ടിതൊമ്മൻ കത്തനാരുടെ ജീവചരിത്രം പറഞ്ഞവസാനിപ്പിച്ചപ്പോൾ അദ്ദേഹത്തിന്റെ വിശ്വാസത്തെക്കുറിച്ചു ഒടുവിൽ പറഞ്ഞ വാക്കും അധാരമാക്കിക്കൊണ്ടു മലയാളത്തു യാക്കോബായ സുറിയാനിവി

ശ്വാസം പണ്ടില്ലാഞ്ഞെന്ന വാദിപ്പാൻ ഒരുലേഖകൻ ദീപികയിൽ ചാടി പുറപ്പെട്ടതും ഞങ്ങൾ ഒന്നിനു പത്തുപീതം സമ്മാനിച്ചതും വായനക്കാർ ഓർത്തിരിക്കുമെല്ലോ. ആ വാദവിഷയം ആരുതന്നെ ജയിച്ചാലും തോറാലും കഥയില്ലാത്ത ഒരു പൊല്ലാപ്പായിരുന്നതുകൊണ്ടു നമ്മുടെ സഹജീവി ഉണ്ടാക്കിയ അസിഡിറ്റിമേൽ കടിച്ചു പല്ലുകളയണ്ടാ എന്നകരുതി "പാപ്പായുടെ സർവ്വാധിപത്യം" എന്നൊരു പച്ചമാംസഖണ്ഡം ഞങ്ങൾ ഇട്ടുകൊടുത്തു. അതിന്റെ ദർശനമാകട്ടെ ഗന്ധമാകട്ടെ ദീപികയെ ആകർഷിക്കുന്നില്ല. ഉറുമ്പുപറയുന്നതും ഒട്ടകം പറയുന്നതും ജയചിഹ്നങ്ങൾ ആണെന്ന ഭ്രമിപ്പുംകൊണ്ടു അതു ഉണക്കെല്ലിൽനിന്നു കടിച്ചിടിച്ചുവാൻ ദീപികാലേഖകൻ സമ്മതിക്കുന്നില്ല. ചുമ്മാനമാപ്പാപ്പായുടെ തല ചതഞ്ഞിട്ടും സഹജീവിക്കു അശേഷം കണ്ണിൽ ചോരയില്ല. തുള്ളി പച്ചച്ചെള്ളുകൊണ്ടെങ്കിലും ചതഞ്ഞരക്തം കഴുകികളവാൻ ശ്രമിക്കുന്നില്ല. സാരമായ ഈ വിഷയത്തിൽ നോക്കാതെ ഉണ്ടാക്കിയഎല്ലിൽ കടിച്ചുവലിക്കുന്നതു കാരണം ക്രൂരതയെല്ല. എന്നു ദൈവമുണ്ടെന്നു അതുകൊണ്ടു ചോദിച്ചാൽ പള്ളിയിൽ ചെന്നിട്ടു ബിംബങ്ങളെ എല്ലാം എണ്ണി തിട്ടപ്പെടുത്തിക്കൊണ്ടു "വലിയ ത്രോണോസേൽ തമ്പുരാൻ ന്യ, ചെറിയത്രോണോസുകളിൽ തമ്പുരാൻ ഫ, സിമിറേഞ്ചരിയിൽ തമ്പുരാൻ ന്യ, ആകെ പകന്ന-ൽ തമ്പുരാൻ ക്ഫ- ഉണ്ടെന്നു" പറയുന്ന വിദ്വാന്മാരാണ ദീപികയുടെ വായനക്കാരായ 'തിരുസ്സഭ'കാരിൽ ഏറിയഭാഗവും. ഇടവകപത്രിക തോറ്റുപോയെന്ന ഇവരെ സമ്മതിപ്പിക്കുന്നതിനുള്ള വിദ്യയാണ ഇപ്പോൾ പ്രയോഗിച്ചു വരുന്നതെന്ന രണ്ടു ഭാഗവും ക്രൂദ്ധി നോക്കി താരതമ്യപ്പെടുത്തുവാൻ ശക്തിയുള്ളവർക്കു മനസ്സിലാകും.

ഞങ്ങളുടെ കഴിഞ്ഞ ലക്കങ്ങളിലെ മറുപടിക്കു സമാധാനമായി ദീപികയിൽ മൂന്നുപത്രങ്ങളിലായി കുറെ അധികംസ്ഥലം കളഞ്ഞിട്ടുണ്ട്. ഞങ്ങൾ പറഞ്ഞിട്ടുള്ള ന്യായങ്ങൾക്കു ഒന്നിനും സമാധാനം ഇല്ല. ദാഹീദിനെ ദുഷ്ടനാക്കുക, ലോത്തിനെ പിശാചാക്കുക, നമ്മുടെ കർത്താവിനെ നരനെയനാക്കുക മുതലായി ഞങ്ങൾശങ്കിക്കാത്തതോ സ്വപ്നേപി വിചാരിച്ചിട്ടില്ലാത്തതോ ആയ കാര്യങ്ങൾ ഞങ്ങൾ പറഞ്ഞെക്കുമെന്നു കരുതി പറയാത്ത കാര്യങ്ങൾക്കാണ ദീപിക സമാധാനംപറയുന്നതു. ഇതല്ലയോ യോഗ്യത. ഗ്രഹിതാത്തപുറം വായിക്കുന്നതല്ലയോ സാമർത്ഥ്യം. ഞങ്ങൾക്കു ഇതുവിദ്യയില്ല. ഇടവക യുക്തികൾ ഇങ്ങോട്ടും ധാരാളം പറയുന്നതാണ. വാങ്മനവാക്കായി ഏറ്റുത്തു പകർത്തിയാൽ ദീപികയോടു നന്നായിരിക്കും. പക്ഷെൽ അതിനുമിനക്കെടുവാൻ ഞങ്ങൾക്കു തരമില്ലെന്നെ ഉള്ളു.

ഹേ വായനക്കാരെ, ഞങ്ങൾ ഇങ്ങനെ പറയുന്നതിൽ വച്ചു ദീപിക ഒന്നു രണ്ടു ബലമായ യുക്തികൾ പറയുന്നതിനെ പിടികൂടിയുന്നഎന്നു നിങ്ങൾ വിചാരിക്കേണ്ടാ- അതുതു എന്തെന്നാൽ—

ക- മലയാളത്തു പുതുക്കിക്കു മുമ്പിൽ ഉണ്ടായിരുന്ന വിശ്വാസം നെസ്തോർ അണെന്ന പുതുക്കിക്കു എഴുതിയിരിക്കുന്നതു പിശകാണെന്ന ഞങ്ങൾ യുക്തിയുക്തമായി കാണിച്ചതിനു സഹജീവി പറഞ്ഞ സമാധാനം, റോമാ സഭയാകോബായയെയും നെസ്തോറിനേയും ഒരെ ക്രമത്തിൽ ഇടത്തുകാരായി എണ്ണുന്ന സ്ഥിതിക്കു യാകോബായ ഇന്നു പറയാമായിരുന്നു എന്നായിരുന്നു. റോമാ ഈ രണ്ടിനേയും ഒരെ ക്രമത്തിൽ അല്ല വിചാരിക്കുന്നതെന്നു നെസ്തോർ പാത്രിയക്കീസിന്റെ പ്രതിഷ്ഠയായ അന്ത്യോഖ്യ മെത്രാന്റെ പടക്കാരെ ആവർത്തിച്ചു പട്ടംകൊടുക്കുന്നതുകൊണ്ടു ഞങ്ങൾ ചൂണ്ടുകാണിച്ചപ്പോൾ ഉത്തരം മുട്ടിയിട്ടു അതിനുകാരണം മാർ അത്താനാസ്യോസിന്റെ പടക്കാർക്കു ആവർത്തിച്ചു പട്ടം പാത്രിയക്കീസുബാവാ കൊടുത്തതുഎന്നതുകാരണത്തുമേലോ അതുതന്നെയാണെന്നും പരദേശത്തു സാക്ഷാൽ നെസ്തോറിന്റെ കൈവെപ്പുറോമായും സമ്മതിക്കുന്നു എന്നുമാണ ദീപികയുടെ ഇപ്പോഴത്തെമറുപടി. സുറിയാനിസഭയിൽ മേല്പട്ടസ്ഥാനം ഏല്ക്കുന്ന ആളുകൾ ഒരു പ്രത്യേക കരാർ ചെയ്യുണ്ടാക്കുന്നുണ്ടു. അതായതു പാത്രിയക്കീസിന്റെ കല്പനയ്ക്കും സഭയുടെ ഉപദേശത്തിനും വിപരീതം നിന്നു മഫറോനാ പാത്രമാക്കുമ്പോൾ താൻ കൈക്കൊണ്ടു നൽപരം ഉരിയപ്പെട്ടുപോകുമെന്നു തന്നെ. മാർ അത്താനാസ്യോസ ഈ വിധം മഫറോനാ പാത്രമായപ്പോൾ സ്വന്തസത്പ്രകാരം സ്ഥാനം നഷ്ടപ്പെട്ടുപോയിരിക്കുന്നതിനാൽ പിന്നീടു അദ്ദേഹത്തിൽനിന്നുണ്ടായ കൈവെപ്പു അസാധുവാകകൊണ്ടാണ പാത്രിയക്കീസുബാവാതിരുമനസ്സിലെ പ്രവൃത്തിക്കുകാരണം. ഈ നെസ്തോറിനോടു സംബന്ധിക്കുന്നില്ല- മാർഅത്തനേഷ്യോസ പാപ്പായുടെ മേലധികാരത്തെക്കുറിച്ചു ഈ വിധം സത്യം ചെയ്തിട്ടില്ല- യാകോബായമെത്രാൻ തന്റെപാത്രിയക്കീസിനെ സംബന്ധിച്ചുചെയ്ത സത്യംപോലെ മാർ അത്തനേഷ്യോസും അദ്ദേഹത്തിന്റെ പാത്രിയക്കീസിനെ സംബന്ധി

ച്ചു ചെയ്യിരിക്കും- യാക്കോബായ കൈവെപ്പു റോമാ സാധുവാക്കുന്നക്രമത്തിൽ നെസ്റ്റോറിയനേറ്റും സാധുവാക്കിവരുന്ന സഭിതിക്കു മാർഅപ്രേംശൂഹിനേറ്റു അസാധുവാക്കുവാനുള്ള കാരണം ഇതിത്ര വരുന്നില്ല- അതിനാൽ യാക്കോബായയെ നെസ്റ്റോറി നെപ്പോലെ ഒരെക്രമത്തിൽ ഇടത്തുട്ടുകാരായി റോമാ എണ്ണിയിട്ടില്ലന്നും അതുകൊണ്ടു മലയാളത്തുകാരെ നെസ്റ്റോർഎന്ന പുങ്കികൾ പറഞ്ഞതാണെന്നും വരാം- ഇതിനെ നിഷേധിക്കുന്നപക്ഷം മാർശൈമഒന്നൊ സ്ഥാനം സാധുവാക്കിവരുന്ന എന്ന ഭീഷിക സമ്മതിക്കുന്ന ക്രമത്തിനു മാർ അപ്രേംശൂഹിനേറ്റു അസാധുവാക്കുന്നതിനുള്ള മതിയായ കാരണം പറയട്ടെ- തക്കകാരണംപറവാൻ ഇല്ലന്നു കാണുന്നസഭിതിക്കു തരംപോലെയുള്ള പ്രവൃത്തി എന്ന വേണം ഇതിനെ അർത്ഥം പറവാൻ- ഈ പതൊമ്പതാം നൂറാണ്ടിൽ തരംപോലെ പ്രവൃത്തിക്കുന്ന റോമാ ഇരുപതാം നൂറാണ്ടിൽ പച്ച പരമാർത്ഥം പറഞ്ഞെന്ന വിശ്വസിക്കുമോ. അതെ, മാറോസിയാ എന്നും തീയാദോറാ എന്നും പേരായ വ്യഭിചാരിണികളാലും അവരുടെ വ്യഭിചാരസന്തതികളാലും അഞ്ചാറു കള്ളികളിടെ തന്ത താനാണെന്ന ഏറുപാഞ്ഞ നൂറ്റാം അലക്സന്തർ മുതലായ കന്യാവ്രതക്കാരാലും ഭരിക്കപ്പെട്ട റോമ്മായിലെ ചുത്തമാന സിംഹാസനത്തിൽനിന്നു തരംപോലെ പ്രവൃത്തിക്കുന്നതും പ്രവൃത്തിപ്പിക്കുന്നതും വാസ്തവാറാ, ഒബ്ലാക്കിൻ മുതലായ റോമാ സഭയിലെ കർത്താക്കന്മാരുടെ ഗ്രന്ഥങ്ങൾ വായിക്കുന്നവർക്കു അത്ര ആശ്ചര്യപ്പെടുകയുമില്ല. ഇവരെ നീതികരിക്കുവാൻ വേണ്ട തെളിവു കിട്ടുന്നപക്ഷം ഏഴുന്നൂറാണ്ടുകാരെ സുഖിയാനിക്കാരാക്കുവാനും ഭീഷികയ്ക്കു തെളിവുകൾ ധാരാളം ഉണ്ടാക്കും.

൨- ഭീഷികയുടെ വേറൊരു യുക്തി, നിഖ്യായിലെ കാനോൻ പ്രകാരം കിഴക്കിന്റെ കാസോലിക്കാ അന്ത്യോഖിൽനിന്നു സ്വാതന്ത്ര്യൻ ആയിരുന്നു എന്നും അതുകൊണ്ടു ഇപ്പോൾ അന്ത്യോഖിനു സംബന്ധം ഉണ്ടായിരിപ്പാൻ ഇടയില്ലാഞ്ഞു എന്നും അതുകൊണ്ടു. നിഖ്യായിലെ ൪ാം കാനോൻ ൪൬യുടെ ഉണ്ടായതൊ ലായില്ലാഹാ ഇല്ലഷ്ടാ മഹമ്മദള്ള റസൂലുള്ളാ എന്ന ചുത്തമാന മാർപാപ്പായുടെ പ്രധാനസിംഹാസനത്തിന്മേൽ കൊതിയിരുന്ന ആപിശാസപ്രമാണം നിർമ്മിച്ചു സൂനഹദോസിലെ നിശ്ചയമൊ ആയിരിക്കണം- അല്ലെങ്കിൽ കാസോലിക്കാ കിഴക്കെദേശത്തു അന്ത്യോഖ്യാ പാത്രിയർക്കീസിനു കീഴായി ഒരു സഫ്രാഗിക്കായ്കൂർ എന്നപൊലെ ഭരിച്ചിരുന്ന എന്ന വരാപ്പുഴ സത്യവേദചരിത്രത്തിൽ എഴുതിപിടിപ്പിച്ചു മാർ മക്സലിനൊസു മെത്രാനച്ചനെ കപ്പലിൽനിന്നു കടലിൽ തള്ളിയിടണം. ആരാണ വ്യാജം പറഞ്ഞതു- മെത്രാനൊ ഭീഷികയൊ- മെത്രാൻ കള്ളനെങ്കിൽ ൧൮൦-ലെ പുങ്കിമെത്രാനും ഇരിൽ മൂത്തകള്ളനായിക്കൂടാ എന്നുണ്ടൊ-

ഭീഷിക രണ്ടുമൂന്നു ലക്കങ്ങളിലായി വാരിക്കെട്ടി പറഞ്ഞതിൽ പ്രധാനമായി ഇതുമാത്രമെ ഉള്ളു- പിന്നെ ഒട്ടുവളരെ അഭിപ്രായങ്ങൾ പറയുന്നുണ്ടു- അതായതു ചിലർ അമ്മാമ്മമാർ അങ്ങനെ പറഞ്ഞെക്കും അപ്പൂപ്പന്മാർ ഇങ്ങനെ പറഞ്ഞെക്കുമെന്നും മറ്റുമുള്ള വെറുപ്പാ ഒരുവേള വല്ലമുതുകികളൊ മുതുകന്മാരൊ ചോദിച്ചറിഞ്ഞ ഫലം പറകയായിരിക്കും-

ഇതുകൂടാതെ ഇടവകപത്രിക വണ്ട "തോറ്റു തൊപ്പിയിട്ടു പൊയി" എന്നു അങ്ങും ഇങ്ങും ഭീഷിക ചില പൊങ്ങച്ചം പറയുന്നുണ്ടു- വല്ല നിസ്സാര കാര്യത്തിലും ഞങ്ങൾ വഴക്കുപിടിക്കാതെപിടിരിക്കും- അതു തോൽപിയെന്ന ക്രൂൻധരിച്ചിരിക്കും- ഇരിക്കട്ടെ- കൊടുമുകാരുടെ പത്രത്തിൽ പറഞ്ഞ ഒരു സംഗതിക്കു പുസ്തകം കാണിക്കാമെങ്കിൽ ഹീബ്രുഭാഷ കൊടുക്കാമെന്നു പറഞ്ഞ വിദ്വാൻ എവിടെ- പാപ്പായുടെ സഫ്രാഗിപത്യത്തെക്കുറിച്ചു ഞങ്ങൾ പറഞ്ഞു നിർത്തിയിട്ടു മാസം നാലഞ്ചായല്ലൊ- എന്താണ ഒന്നും മിണ്ടാത്തതു- മിണ്ടാതിരിക്കുന്നതു തോൽപിലക്ഷണമെന്നു വിചാരിക്കുന്ന ഇവരുടെ യുക്തിപ്രകാരം ഈ സംഗതികളിൽ ഭീഷിക ഇപ്പോൾ ജയിച്ചു "തൊലിഞ്ഞു തൊപ്പിയിട്ടു" ഇരിക്കയായിരിക്കുമെന്നാണൊ അർത്ഥപ്പെടുന്നതു- അങ്ങനെയും അർത്ഥമാക്കി വ്യാഖ്യാനിച്ചാൽ എന്താ ദിഷമം- വിധികർത്താക്കൾ പതിനൊന്നു ദൈവമുണ്ടെന്നു പറയുന്ന ക്രൂർ അല്ലെ- ഈ ഉണക്കസഭിതിമേൽ പെറുതെ കടിക്കെണ്ടാ--ഞങ്ങൾ ഇനി അതിനു ഭാവിക്കുന്നില്ല- കടിയ്ക്കാൻ ഭാവമുണ്ടെങ്കിൽ പച്ച മാംസഖണ്ഡം ഒന്നിട്ടിട്ടുണ്ടല്ലൊ- അതിലാകട്ടെ-

സ ച ന കൾ

ചെറിയപള്ളിക്കേസു—ഈതിന്റെ വിചാരണ ജൂൺമാസം ൨൪-൹ അയിരുന്നു. പ്രതികൾ പത്രിക ഹാജരാക്കിയിരിക്കുന്ന ഫായലിന്റെ അവധി വച്ചിരിക്കുന്നു.

പള്ളിക്രൂടം പൂട്ടൽ—മാർ ദീവന്നാസ്യോസ് സിമ്മനാരി വഷ്ട്ന്യൂപരീക്ഷ കഴിഞ്ഞു ജൂൺമാസം ൧൯-൹ മുതൽ അടച്ചു പാരത്തക്കു പൂട്ടിയിരിക്കുന്നു. മടിക്കുലേഷ്യൻ, ഏഡ്- എ- പരീക്ഷകൾ ഇട്ടേത്ത ചൊവ്വാഴ്ച മുതൽ ആരംഭിക്കുന്നതാണു.

ഒരുമനസ്സുതിരിവു—നവീകരണസംഘത്തിൽ ഒരു പ്രധാനഭാഗവും സമുദായസിക്രട്ടരിയും സഭാതാരക പത്രാധിപരുമായിരുന്ന ചെങ്ങന്നൂർ കോട്ടയ്ത്തു ബഹയസെപ്പു കത്തനാർ അവർകൾ ആ കക്ഷിയുടെ ദുരുപദേശങ്ങളെ പെറുത്തു സ്വന്തിചൊവ്വാകപ്പെട്ട സുറിയാനിവിശ്വാസത്തെ പൂൎണ്ണമനസ്സോടെ സമ്മതിച്ചു ചേരുന്നതിനു നി. ബ. ഭി. ശ്രീ. മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു പേക്കു അപെക്ഷ അയച്ചിരിക്കുന്നതായി അറിയുന്നതിൽ സന്തോഷിക്കുന്നു.

മാർത്തൊമ്മാവീസ മെത്രാപ്പോലീത്താ—രോമാസഭയുടെ ദുരുപദേശങ്ങൾക്കു എതിരായി ഇദ്ദേഹം ഒരുപുസ്തകം കുറെ ഈഴുതിടെ ഏഴുതിപരുന്നഎന്നും അതു ഉടനെ പ്രസിദ്ധപ്പെടുത്തുമെന്നും ഒരു ഏഴുത്തിനാൽ അറിയുന്നു. ശ്രോവ ശവമ്പെണ്ടു ഇദ്ദേഹത്തെ പിടിച്ചു നാടുകടത്തുവാൻ നിശ്ചയിച്ചു പട്ടാളത്തിനു ഉത്തരവുകൊടുത്തിരുന്നു. അതു തൽക്കണം അറിവു കിട്ടുകയാൽ രാത്രികാലത്തു ഓടി ശ്രൊവ ഭാഗത്തിക്കു പോയി ബ്രിട്ടീഷ് രാജ്യത്തു പ്രവേശിച്ചു രക്ഷപെട്ടുകയാണു് ചെയ്തതു. നാടുകടത്തുവാൻ തക്കകാറം ശവമ്പെണ്ടിന്റെ മതത്തിനു വിരോധം പ്രസംഗിച്ചു എന്നാണു. നല്ല കാരണം. ഈ തരത്തിൽ ശവമ്പെണ്ടും ക്രിസ്ത്യാനിമതവും ഉള്ളപ്പോൾ തുൎക്കിയെയുള്ളതിനേക്കാലത്തു കുറെ പറയേണ്ടതു. എങ്ങനെയും ഇദ്ദേഹം രക്ഷപെട്ടു ഇപ്പോൾ ബ്രിട്ടീഷ് കൊടിക്കീഴ സിലൊൺ ദ്വീപിൽ ഉള്ള തന്റെ ഇടവകയിൽ സഞ്ചരിച്ചു വരികയാണ്

പള്ളിപ്രതിഷ്ഠ—മാർദീവന്നാസ്യോസ് സിമ്മനാരിയിലെ വിദ്യാൎത്ഥികളുടെയും ശെമ്മാശന്മാരുടെയും ഉത്സാഹനയ്ക്കും മറ്റുമായി ഒരു കുരിശുപള്ളി സ്ഥാപിക്കുന്നതിനു ആലോചിച്ചു ശവമ്പെണ്ടിൽ പൊധിപ്പിച്ചു അനുവാദം വരുത്തികൊണ്ടു ഈ മാസം ൨൨-൹ ഞായറാഴ്ച മാർ ഏലിയാ ദീഘ്ദൎശിയുടെ നാമത്തിൽ പള്ളി പ്രതിഷ്ഠ കഴിച്ചിരിക്കുന്നു. സിമ്മനാരിയോടുചേൎന്ന ബംഗ്ലാവിന്റെ വിശാലമായ മദ്ധ്യഹാൾ പള്ളിയാക്കി ക്രമപ്രകാശ ചെയ്തയാണ ചെയ്തതു നി. ബ. ഭി. ശ്രീ. മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു പ്രതിഷ്ഠകർമ്മം നടത്തുകയും ബ. പെരുമ്പാമ്പാട്ടു കുഞ്ഞുണ്ണി കശ്ശീശാ തൊള്ളുകയും ചെയ്തു. അന്നേദിവസം പലവക ക്രിസ്ത്യാനികൾ ഉൾപ്പെടെ പതിനെഴുന്നൂറു ജനം കൂടിയിരുന്നു. കോട്ടയത്തു പലപള്ളികൾ ഉണ്ടെങ്കിലും ഈ കാലത്തു പരിഷ്കാരത്തിൽ വന്നിരിക്കുന്ന തിരുനാരു ഭാഗത്തു ഒന്നും ഇല്ലാതിരുന്നതു ഒരു വലിയ കുറവായിരുന്നു. അതു ഇതിനാൽ തീൎന്നിരിക്കുന്നു.

ഒരുവ്യവഹാരം—മാർ ഏലിയാ ചാപ്പലിന്റെ പ്രതിഷ്ഠയെ തടുക്കുന്നതിനു വേണ്ടി ഒരു റോമ്മാകാരൻ ടി- സ്ഥലം തങ്ങൾക്കു കുടെ കൈവശമുള്ളതാണെന്നും പള്ളിപ്രതിഷ്ഠയെ വിരോധിക്കണമെന്നും കാണിച്ചു ഒരു ചെറിയ അന്യായം മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ പേരിൽ സ്ഥലം മുൻസിപ്പുകോട്ടിൽ വണം പീസൊടുക്കി ബോധിപ്പിക്കുകയും ഇഞ്ചങ്ക്ഷ്യൻ കല്പനയ്ക്കു അപെക്ഷിക്കയും ചെയ്തുണ്ടായി. ഇഞ്ചങ്ക്ഷ്യൻ ചുങ്ക്ഷ്യനായിട്ടു അവസാനിച്ചു. പള്ളിപ്രതിഷ്ഠയും യാതൊരു തടസ്സവും കൂടാതെ ക്രമമായി കഴിച്ചുകൂട്ടി. റോമ്മാകാരനെക്കൊണ്ടു അന്യായം കൊടുപ്പിക്കുവാൻ ചില നവീകരണക്കാൎക്കു വളരെ ബുദ്ധിമുട്ടും പ്രയാസവും നേരിട്ടു- അതിനെന്തുണ്ട്- യേശുക്രിസ്തുവിന്റെ നാമമഹത്വത്തിനു വേണ്ടിയല്ലയൊ കഷ്ടപ്പെടുന്നതു. ഇതിലെ വാദിവക്കീൽ ഫൊക്കോട്ടവരെ ഒരുകേസു താനായി വിസ്തരിച്ചു കോട്ടയീസു റിഗുലേഷ്യൻ പഠിക്കുന്നതുകൊണ്ടു തോറ്റുപോണിട്ടും ആ പുസ്തകം തുറന്നു നോക്കുകയില്ലാത്ത ശാഠ്യം പിടിച്ചിരിക്കുന്നതു കക്ഷികളെ മുറിക്കാനാണെന്നു തോന്നുന്നു.

പഞ്ചാംഗം

കോന്തൻ ക്ലീം ധാതു

അറബി	മലയാളം	ഇംഗ്ലീഷ്	സുറിയാനി	വിശേഷദിവസങ്ങൾ.
ഞ	൧	ക	൧	
ത	ക	ര	ക	
മാ	ര	ഗ	ര	
ബു	ഗ	ത	ഗ	
വ്യാ	ത	വ	ത	കാനേ- മേസൽത്തൊ- ഞാ- വായന
വൈ	വ	ഹ	വ	ല്ലൂകൊ- ക്ഷ- നൻ മുതൽ ഒന്നു
ശ	ഹ	ന	ഹ	
ഞ	ന	ഡ	ന	വ്യാനേ- മൊലൊദെഹ് യൂഹന്നാൻ
തി	ഡ	ത	ഡ	വായന- ല്ലൂകൊ- ക്ഷ ൫)- വ്യാ
ചൊ	ത	ന	ത	
ബു	ന	ഹ	ന	കനാനേ- ശെലിയൊനൊഹ് യെശൈപ്പ്
വ്യാ	ഹ	ഡ	ഹ	വായന മത്താ- ക്ഷ ക്വ- വ
വൈ	ഡ	വ	ഡ	
ശ	വ	ന	വ	യൽദൊയിയ്ക്കു മുമ്പുള്ള ഞാ- വായന
ഞ	ന	ഹ	ന	മത്താ- ക്ഷ ക- മുതൽ ക്വ
തി	ഹ	ഡ	ഹ	
ചൊ	ഡ	വ	ഡ	വനാനേ- യൽദൊ (കർത്താവിന്റെ ജനനം
ബു	വ	ന	വ	മറിയമായ) വായന മത്താ- വ- ക- ക്ഷ
വ്യാ	ന	ഹ	ന	
വൈ	ഹ	ഡ	ഹ	
ശ	ഡ	വ	ഡ	
ഞ	വ	ന	വ	
തി	ന	ഹ	ന	
ചൊ	ഹ	ഡ	ഹ	
ബു	ഡ	വ	ഡ	
വ്യാ	വ	ന	വ	
വൈ	ന	ഹ	ന	
ശ	ഹ	ഡ	ഹ	
ഞ	ഡ	വ	ഡ	
തി	വ	ന	വ	
ചൊ	ന	ഹ	ന	
ബു	ഹ	ഡ	ഹ	
വ്യാ	ഡ	വ	ഡ	
വൈ	വ	ന	വ	
ശ	ന	ഹ	ന	
ഞ	ഹ	ഡ	ഹ	
തി	ഡ	വ	ഡ	
ചൊ	വ	ന	വ	
ബു	ന	ഹ	ന	
വ്യാ	ഹ	ഡ	ഹ	
വൈ	ഡ	വ	ഡ	
ശ	വ	ന	വ	
ഞ	ന	ഹ	ന	
തി	ഹ	ഡ	ഹ	
ചൊ	ഡ	വ	ഡ	
ബു	വ	ന	വ	
വ്യാ	ന	ഹ	ന	
വൈ	ഹ	ഡ	ഹ	
ശ	ഡ	വ	ഡ	
ഞ	വ	ന	വ	
തി	ന	ഹ	ന	
ചൊ	ഹ	ഡ	ഹ	

കൊന്തൻ ക്ലീം ധാതു

പത്രികവില വിവരം.

	ബ്രിട്ടീഷ് രൂപാ	ചക്രം
ഒരു കൊല്ലത്തേക്കു	൪	൫൨
ഒറ്റപ്രതിക്കു		൨

പരസ്യക്രമം

ഒന്നാം പ്രാവശ്യത്തേക്കു	വരി ഒന്നിനു	൦	൯
പിന്നെ എല്ലാ പ്രാവശ്യങ്ങൾക്കും	ടി	൦	൬൯

NOTICE

പത്രിക സംബന്ധമായ സകല എഴുത്തുകളും ലേഖനങ്ങളും പണവും കോട്ടയത്തു മാത്തോമ്മസ് അച്ചുക്കൂടം മാനേജർക്കു മേൽ വിലാസം വച്ചു അയക്കേണ്ടതാകുന്നു.

പത്രിക കൈപ്പറ്റുന്നവർ മുൻ ക്രമായി വരി അടയ്ക്കേണ്ടതാകുന്നു. പത്രവരി അഞ്ചൽ സ്റ്റാമ്പായോ തപാൽ സ്റ്റാമ്പായോ ഏതുപ്രകാരവും മതിയാവും. എന്നാൽ രൂപാ ഒന്നുക്കു ഒരു അണ ഡിസ്കൌണ്ടു വകവച്ചു തരേണ്ടതാകുന്നു.

വിഷപ്പാട്ടി വിഷത്തിനു ഒരു കൈകണ്ട ഔഷധം.

വിഷപ്പാട്ടി കടിച്ചാൽ ഏഴുദിവസത്തിനകം ഒരു ഗ്ലാസിക ഇഞ്ചിനീരിൽ സേവിച്ചു മൂന്നു ദിവസത്തെ പത്ഥ്യം ഒട്ടുമാത്രം വിഷം നീങ്ങുന്നതാകുന്നു. ഗ്ലാസിക സേവിക്കേണ്ടുന്ന ക്രമവും പത്ഥ്യത്തിന്റെ വിവരവും ഗ്ലാസികയോടു കൂടി കിട്ടുന്നതാകുന്നു. ഈ ഗ്ലാസികകൾ ഇല്ലാതിരുന്നതിനെ ഇപ്പോൾ സിമ്മനാരിയിൽ വരുത്തിയിട്ടുണ്ടു. ഗ്ലാസിക ഒന്നിനു വില ചക്രം ൭- മാത്രം. ആവശ്യമുള്ളവർ വാങ്ങിച്ചുകൊള്ളുവാൻ ഇതിനാൽ തിയ്യപ്പെടുത്തുന്നു.

പരസ്യം

വരിപ്പണം എത്തിച്ചുതരുവാൻ ഞങ്ങളുടെ വായനക്കാരിൽ ചിലർ കൈയ്യുന്ന ഉദാസീനതയെക്കുറിച്ചു പലപ്പോഴും ഓർപ്പിച്ചിട്ടുണ്ടല്ലോ. ഇതുകൊണ്ടു ഇവരിൽ ചിലക്കു ഒരു ഇളകുവും തട്ടുന്നതായികാണുന്നില്ല. തങ്ങൾക്കു ഉപേക്ഷിക്കാവുന്നതല്ല. അച്ചടിക്കൂലി, കടലാസ്, മാനങ്ങൾക്കു വിലയും ശരിയായികൊടുത്താണു പത്രിക അച്ചടിച്ചു അയക്കുന്നതു. വിട്ടുകാരായി കാണപ്പെടുന്നവർക്കു ഇനിമുതൽപ്രകാരം നോട്ടീസും പിന്നാലെ അവരുടെമേൽ അന്യായവും ഉണ്ടാകുന്നതാണെന്നു ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. ഇ. ഇ. പി. മാനെജർ.

MAR THOMAS PRESS,
KOTTAYAM.

പുസ്തകം ൪ ലക്കം ൧൨

എഡിറ്റ്ചെയ്തപ്രകാശിതം

മലയാള

ഇടവക പത്രിക

മാസം തോറും പ്രസിദ്ധപ്പെടുത്തുന്നതു.

നമ്മുടെ കർത്താവായ യേശുക്രിസ്തുവിൻറെ കുരിശികലല്ലാതെ

പുകഴ്ച ഞങ്ങൾക്കു സംഭവിക്കരുതു.

(ഗാൽ പൌലൂസ.)

സംഗതിവിവരങ്ങൾ.

	പുറം
യോർദ്ദൊ (ക്രിസ്തുമസ്)	൧൫൯
ക്ഷാരങ്ങളെ രക്ഷിക്കുക	൧൫൬
ക്രിസ്തുവിനെകുറിച്ചു ശത്രുമഹാനൊസ്സുങ്കി	൧൫൩
ഒഴിഞ്ഞും മടുപ്പടിയും	൧൫൫
സുതിയാനികാരുടെ അപേക്ഷാശ്രുതിയിലെ ഒരു നിയമ	
ത്തിന്നെ ആവശ്യകത	൧൫൦
കല്യാണപിരുന്നു (തുടർച്ച)	൧൬൪
സൂചനകൾ	൧൬൮
വിശേഷവർത്തമാനങ്ങൾ	൧൬൦

നോട്ടീസ്

"സുറിയാനി ഭാഷാചരിത്ര സംക്ഷേപം" എന്ന പുസ്തകത്തിന്റെ കയ്യെഴുത്തുപ്രതി വിലയ്ക്കുവാങ്ങുന്നതിനെ കുറിച്ചു താഴെ ഒപ്പുകൾ ചേർത്തിരിക്കുന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

ഒ. ഇ. ഫ. ഗോൺസാൽവെസ്

ഒരു കൺവെൻഷനിലെ പ്രതിനിധികളുടെ ചിലവുകണക്കു്, "ഞാഴ്ചാഗ്രഹ കാഠകം" എന്നപേരായ പുസ്തകം അച്ചടിച്ചു തയ്യാറായിരിക്കുന്നു.

വില ഉക്രാ രൂ.

വൃശ്ചികമാസത്തിലെ പത്രവരി അടച്ച മാന്യന്മാരുടെ പേരു വിവരം (തുടർച്ച)

ചെ. കാരക്കുന്നത്തു പുങ്കുന്നേൽ അച്ചൻ	,,	൪	൧൨	൫൦
,, ,, അറ്റക്കാടി അച്ചൻ	,,	൪	൧൨	൫൦
കാഞ്ഞിരത്തിങ്കൽ ചെ. തൊമ്മിപ്പുരയ്ക്കൽ അച്ചൻ	,,	൨	൦	൦
കുഴിപ്പലയ്ക്കാട്ടു ചെ. പോങ്കുഴി മാത്തൂസ് കത്തനാർ	,,	൪	൧൨	൫൦
ചെ. തെക്കൻപാട്ടുകര പള്ളിയിൽനിന്നും		൪	൧൨	൫൦
ചെ. വിയ്യത്തുള്ള പള്ളിയിൽനിന്നും		൪	൧൨	൫൦
ചെ. പടവരാട്ടുള്ള പള്ളിയിൽനിന്നും		൪	൦	൦
ചെ. പുത്തൻപള്ളി പള്ളിയിൽനിന്നും		൪	൧൨	൫൦
ചെ. പാലക്കുഴ പള്ളിയിൽനിന്നും		൪	൧൨	൫൦
ഫ്രാൻസിസ്കുഴി കെ. സി. പൗലൂസു ശെൽവിച്ചൻ കോഴഞ്ചീൽ		൦	൧൨	൫൦
,, ടി. കെ. ലൂക്കോസു ശെൽവിച്ചൻ കോഴഞ്ചീൽ		൦	൧൨	൫൦
തിരുവല്ലാ ഏരിയ. കർത്താവിന്റെ	അവർകൾക്കു	൨	൦	൦
,, തൊണ്ടമുറ്റുള്ള പീ. പൗലീസ്	,,	൪	൦	൦
,, തൊണ്ടിക്കാട്ടു ഉലഹന്നാൻ	,,	൪	൧൨	൫൦
,, അമ്പഴത്തിൽ ചാക്കൊ	,,	൪	൦	൦
,, കൊച്ചുപുരയിൽ വൈദ്യൻ	,,	൨	൦	൦
ചെങ്ങന്നൂർ തുരുത്തുള്ള യോഹന്നാൻ	,,	൪	൪൮	൦
,, കുറ്റൻതൊട്ടിൽ മാത്തൻ	,,	൪	൧൨	൫൦
ചെ. ചെറുകുന്നത്തു പള്ളിയിൽനിന്നും		൪	൧൨	൫൦
തിരുവിതാംകൂർ ശ്രീമൂലം അസ്സംബ്ലിയിൽ		൪	൧൨	൫൦
വക്കീലപ്പെ. കണ്ടത്തിൽ ചോതമ	,,	൪	൪൮	൦
കോട്ടയ്ക്കൽ തിരുനിലയിൽ തൊമ്മൻ	,,	൪	൪൮	൦

മലങ്കര ഇടവക പത്രിക

പുസ്തകം 8] ഫെബ്രുവരി കോന്തൻ കൃതി (ധനു) [ലക്കം ഫെ

മംഗളം

നന്ദായെന്നെബ്ഭജിക്കുന്നവരുടെ ദുരിതം നീക്കി നന്മാക്കിയേറ്റം
മിന്നീടും സൽഗുണശ്രീ പരമുതകി ഭരിച്ചീടുമെന്നിപ്രകാരം
സന്ദേഹം വിട്ട കല്പിച്ചൊരു സകലകലാ നാഥനാമേശു മോശം
പന്നീടുക്ത നരന്മേ മഹിമ പരമെഴും നന്മ നന്മൾക്കു മെന്നേൽ

നടയ്ക്കൽ പി. വക്കി

യൊൽദൊ

(ക്രിസ്തുമസ്)

ഇരുപത്തഞ്ചു നോമ്പു എന്ന സാധാരണ പറഞ്ഞുവരുന്ന നമ്മുടെ കർത്താവിന്റെ ജനനനാളിന്റെ ഒരുക്കമായ ഉപവാസംഅവസാനിക്കുന്ന ഒരു മാസം ഇരുപത്തഞ്ചാം തീയതിയാണല്ലൊ 'യൊൽദൊ' അല്ലെങ്കിൽ ഇംഗ്ലീഷിൽ 'ക്രിസ്തുമസ്' എന്ന വിളിക്കപ്പെടുന്ന പ്രധാന പെരുനാൾ. സുറിയാനി സഭയിൽ ഞായറാഴ്ച എന്നപോലെ എല്ലാ വിഷയത്തിലും ശാബ്ദതയായി ആചരിക്കേണ്ട ചില പ്രത്യേക പെരുനാളുകൾ ഉണ്ട്. അവ 'മാറാനായ' (കർത്താവിന്നടുത്ത) പെരുനാൾ എന്ന വിളിക്കപ്പെടുന്നു. ഇവയിൽ ഒന്നാണ യൊൽദൊ പെരുനാൾ.

ഇതു നമ്മാൽ എന്ന മാത്രമല്ല ലോകത്തിലുള്ള എല്ലാവക ക്രിസ്ത്യാനികളാലും പ്രധാനമായി എണ്ണപ്പെട്ടിരിക്കുന്നതും അസാമാന്യ സന്തോഷപൂർവ്വം ആചരിക്കപ്പെടുന്നതുമായ ഒരു ദിവസം ആകുന്നു. മലയാളികൾ മിച്ചധനമെല്ലാം ചിലവുചെയ്തിട്ടും ഓണം ഘോഷിക്കുന്നതുപോലെ യൂറൊപ്യന്മാർ ക്രിസ്തുമസ് ദിവസത്തെ ആഘോഷിക്കുന്നതിനു വളരെ ധനവ്യയം ചെയ്യുവരുന്നുണ്ട്. സുറിയാനികാർ അത്രയൊന്നും ചെയ്യുന്നില്ലെങ്കിലും അവരും ഈ ദിവസം കഴിയുമെട്ട കേമമാക്കുവാൻ ശ്രമിക്കാതിരിക്കുന്നില്ല.

എന്നാൽ ഈ കാലത്തു എല്ലാവക ക്രിസ്ത്യാനികളും പെരുനാളുകളെ സഭയുടെ ആദ്യ നിശ്ചയത്തിന്റെ ഉദ്ദേശ്യങ്ങൾക്കു അനുരൂപമല്ലാതവിധത്തിൽ ആകിയിട്ടുണ്ടന്നു പറവാൻ സംശയമില്ല. സഭയിൽ പെരുനാളുകളെ നിശ്ചയിച്ചതിന്റെ ഉദ്ദേശ്യം ആ ദിവസങ്ങളെ സഭാമക്കൾ ലൌകീകതയിൽനിന്നു ദൈവീകത്തിലേക്കു പകർത്തി നമ്മുടെ രക്ഷയ്ക്കു ഉപയുക്തമായ വിധത്തിൽ നടക്കണമെന്നാകുന്നു. യൂറോപ്യന്മാരായാലും നാട്ടുകാരായാലും സുറിയാനിക്കാരനായാലും ഇംഗ്ലീഷുകാരനായാലും ഏവനും തന്നെത്താനിന്റെ പുതുക്കത്തിനും ഒരുക്കത്തിനും വേണ്ടി വ്യവസ്ഥപ്പെടുത്തിയിരിക്കുന്ന ആചാരങ്ങളെ ജഡങ്ങളുടെ പൂരണത്തിനും മോഹങ്ങളുടെ തൃപ്തിക്കും പ്രവൃത്തിപ്പിക്കുന്നവയാകിയിരിക്കുന്നു എന്നു വ്യസനപൂർവ്വം പറയേണ്ടിയിരിക്കുന്നു. ഇതിലേക്കു ഒന്നാന്തരമായി ഓൾഡോ (ക്രിസ്തുമസ്) തന്നെ പറയാം.

ഇതുനമ്മുടെ രക്ഷകനെ ലോകരക്ഷയ്ക്കുവേണ്ടി പാവപ്പെട്ട ഒരു കന്യകയിൽ നിന്നു തുലോം ഹീനാവസ്ഥയിൽ പുൽക്കൂട്ടിൽ ജനിക്കയും ലൌകീക കണ്ണുകളിൽ ഹീനമായിരുന്നാലും യഥാർത്ഥത്തിൽ അതു മഹത്വമാണന്നു ദൈവോദ്ദേശക്കാരുടെ സംഘത്താൽ വെളിപ്പെടുത്തി കാണിക്കയും ചെയ്തു സംഭവങ്ങളുടെ സ്മാരകമാകുന്നു. അഖിലാണ്ഡ സൃഷ്ടാവായ വചനമാംദൈവം തന്റെ തലയെ ചായിപ്പാൻ ഒരുസുഖകരമായ സ്ഥലം ഇല്ലാത്തതു പോലെ ഒരു പുൽക്കൂട്ടിൽ ഇതാ കിടക്കുന്നു. സർവ്വമനുഷ്യരെയും മൃഗങ്ങളെയും പക്ഷി മത്സ്യാദികളെയും സമയാസമയങ്ങളിൽ ഭക്ഷണം കൊടുത്തു പുലർത്തുന്നമഹാൻ ഇതാ ഒരുയുവതിയുടെ മുലപ്പാലിനാൽ പോറ്റപ്പെടുന്നു. മഹാമേരുവിനെ അമ്മാനമാടുവാൻ തക്ക ശക്തനായമല്ലൻ ഒരു സ്ത്രീയുടെ മാറിൽ അവളുടെ കൈകളാൽ വഹിക്കപ്പെടുന്നു. ആകാശങ്ങളെ തിരശ്ശീല കണക്കെ വിരിക്കുന്നവനായവൻ ഇതാ കീറുശീലയാൽ പൊതിയപ്പെടുന്നു. അനാദ്യനും നിത്യനുമായവൻ അനിത്യനെന്നു തോന്നിക്കുന്നു. ഇതൊക്കെയും എന്തിനായിട്ടാണ്. ജീവന്റെയും രക്ഷയുടെയും വഴി നമുക്കു കാണിച്ചുതരുന്നതിനും ലോകത്തോടു കോപിച്ചിരുന്ന പിതാവായ ദൈവത്തെ പാപം ക്ഷമിയാത്ത ജീവിതത്താൽ തൃപ്തിപ്പെടുത്തി സകല മനുഷ്യരുടെയും പാപങ്ങളെ തന്റെമേൽവഹിച്ചു പരിഹാരം ഉണ്ടാക്കുന്നതിനുംമാത്രം അത്രെകുന്നു. താൻ പാപം ചെയ്തിട്ടില്ലാ പാപത്തിന്റെ നിഴൽപോലും തന്നെ തീണ്ടിയിട്ടില്ല. താൻ പിതാവായ ദൈവത്തിന്റെ ഓമനമകൻ ആയിരുന്നു. സ്വർഗ്ഗത്തിൽ ലക്ഷോലക്ഷം മാലാക്കാമാർ തനിക്കു ശുശ്രൂഷ ചെയ്യുന്നു. എന്നിട്ടും കൃമികളായമനുഷ്യർ തന്റെസാദൃശ്യത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടശേഷം പിശാചിന്റെകണ്ണിയിൽ അകപ്പെട്ടിട്ടു തന്നത്താൻ രക്ഷിപ്പാൻ പാടില്ലാത്തവണ്ണം അകപ്പെട്ടുകിടക്കുന്നതിനെകണ്ടപ്പോൾ തനിക്കു സഹിച്ചുകൂടാത്തവ്യസനമായി. സ്വർഗ്ഗത്തിലെ സുഖങ്ങൾ തനിക്കു നിസ്സാരമെന്നു തോന്നി. ദൈവദൂതന്മാരുടെ ശിശ്രൂഷകൾ തനിക്കു അനിഷ്ടമായിതീർന്നു. തന്റെ സൃഷ്ടികൾ പാപത്തിലും പിശാചിന്റെ അടിമയിലും ഉഴലുന്നതിനെകണ്ടിട്ടു മൌനമായിരിക്കു

ന്നതിനെക്കാൾ തന്റെ പരമഭാഗ്യങ്ങളെ വെടിയുന്നതു മഹാഭാഗ്യമായി താൻവിചാരിച്ചു. മനുഷ്യകണ്ണാൽ കണ്ടിട്ടില്ലാത്തതും ചെവിയാൽ കേട്ടിട്ടില്ലാത്തതും ഹൃദയത്താൽ സങ്കല്പിച്ചിട്ടില്ലാത്തതുമായ ആ പരമാനന്ദ അവസ്ഥയിലെക്കു നമ്മെയുംകൂടെ കൊണ്ടുചെല്ലണമെന്നുള്ള ആ വാഞ്ഛ, ആ മഹാസ്നേഹംതന്നെ തന്നെനിഷ്പ്രഭിച്ചിട്ടു താൻ ദൈവരൂപയെ വെടിഞ്ഞു ഹീനമുള്ള മനുഷ്യരൂപയെ ധരിച്ചു. സ്നേഹം, താഴ്ച്ച എന്നീ രണ്ടുവലിയ പാഠങ്ങൾ നമ്മെ പഠിപ്പിച്ചു.

ഇതുകയാൽ ഇപ്രകാരമുള്ള ഒരു വലിയ സംഭവത്തിന്റെ ഓർമ്മയ്ക്കായി ഓരോ പെരുനാൾ ആചരിക്കുവാൻ ശുദ്ധ സഭ നമ്മോടു കല്പിച്ചിരിക്കുന്നതിന്റെ ഉദ്ദേശങ്ങൾ (൧) നാം നമ്മെ രക്ഷിച്ച കർത്താവിനെ നോക്കി തന്റെ കൃപകൾക്കുവേണ്ടി ഉയരത്തിരുന്ന ദൈവത്തിനു സ്തുതി ഭൂമിയിൽ സമാധാനം മനുഷ്യർക്കു നല്ലശരണം എന്നു ദൂതഗണങ്ങൾ പാടി മഹത്വപ്പെടുത്തിയതുപോലെ തന്നെ മഹത്വപ്പെടുത്തുകയും വന്ദിക്കയും ചെയ്ക. (൨) താൻ ലംഘനകാരും പാപികളും ശത്രുക്കളുമായ നമ്മെ ഏതുപ്രകാരം സ്നേഹിച്ചുവൊ അതുപോലെ നാമും ദൈവത്തോടും പരസ്പരംമനുഷ്യരോടും സ്നേഹമുള്ളവരായിരിക്കണമെന്നു അറിഞ്ഞു പ്രവൃത്തിക (൩) നമ്മുടെ രക്ഷകാരൻ ഏതുപ്രകാരം തന്റെമഹത്വത്തെ വെടിഞ്ഞു തന്നത്താൻ താഴ്ത്തിയൊ അപ്രകാരം നാമും താഴ്ചയായിരിക. (൪) ക്രിസ്തൻ പിശാചിനെയും ലോകത്തെയുംജയിച്ചു പാപത്തിൽനിന്നു സ്വാതന്ത്ര്യനായിജീവിച്ചതുപോലെ നാമും ജഡമോഹങ്ങളെ ഉപെക്ഷിച്ചു നീതിയിൽ ജീവിക ഇത്യാദികൾ അറിയുന്നു. രക്ഷകന്റെ ഓരോ നടപടികളെക്കുറിച്ചു നാം ധ്യാനികയും അവയെ കണ്ടുപഠിച്ചു പ്രവൃത്തികയും ചെയ്യുന്നതാണു നമ്മുടെ ചുമതല. ഇതിനായിട്ടാണു ഓരോ ഉത്സവം ഏർപ്പെടുത്തിയിരിക്കുന്നതും. ഏങ്കിലും ഇപ്പൊൾ ക്രിസ്ത്യാനികളുടെ നടപടി എന്താണെന്നു വിചാരിക്കാം.

മദ്യം സേവിക്കാത്തവനും ഓരോ ദിവസത്തിൽ അല്പമെങ്കിലും സേവിക്കുന്നതു ദൈവെഷ്ടമായിവിചാരിക്കുന്നു. സ്വഭാവത്താൽ ഉള്ള ബോധത്തെ ലഹരികൊണ്ടു മൂടുന്നതിനു തിരുസഭ നിശ്ചയിച്ചിരിക്കുന്ന ഒരു ദിവസമായി ഇതിനെക്കുറിച്ചുവിചാരിക്കുന്നു. ദേവാലയത്തിലും ഭവനത്തും ദിവ്യാരാധനയിലും ദൈവിക ധ്യാനങ്ങളിലും പ്രയാസംചെയ്യേണ്ടിയ സമയങ്ങൾ വിരുന്നു ഒരുകൂത്തിനും അതിഭക്ഷണത്തിനും പ്രത്യേകിച്ചു പെർത്തിരിക്കപ്പെട്ട കാലമായിവിചാരിച്ചു പെരുമാറുന്നു. പരസ്പരസ്നേഹം വർദ്ധിപ്പിക്കുന്നതിനു നിയമിച്ചിരിക്കുന്ന ദിവസത്തെ അടികലശലിനാൽബഹുമാനിക്കുന്നു. ആത്മീകകീർത്തനങ്ങളാലും സ്തുതികളാലും കഴിച്ചുകൂട്ടേണ്ട നാളിനെ പാപംകലർന്ന കളിവിനൊദങ്ങൾകൊയി കഴിക്കുന്നു. ചുരുക്കിപറഞ്ഞാൽ ദൈവത്തിന്റെ പ്രീതിയെ സമ്പാദിക്കുവാൻ വിശേഷമാർഗ്ഗമായി വച്ചിരിക്കുന്ന ഏർപ്പാടു തന്റെ കോപത്തെ വർദ്ധിപ്പിക്കുന്ന പ്രവൃത്തികളാലത്രെ ആഘോഷിക്കപ്പെടുന്നതു. ഇതു സൂചിയാനികാരെക്കുറിച്ചു മാത്രമായി നാം പറകയല്ല. എല്ലാവക ക്രിസ്ത്യാനികളുടെയും നടത്ത ഇപ്രകാരമാകുന്നു. വെള്ളക്കാർ തന്നെ വ

സിക്കുന്നു. ദിക്കുകളിലെ കഥ പാകയെന്ന വച്ചാൽ ഇതിൽ ശതമടങ്ങു പാവാനുണ്ട്.

ഇങ്ങനെ പറയുന്നതുകൊണ്ടു രണ്ടിവസങ്ങളിൽ യാതൊരാഘോഷങ്ങളും പാടില്ലെന്നു ഞങ്ങൾ അഭിപ്രായപ്പെടുന്നതായി ആക്ഷേപം തോന്നരുതെ. പാപപരിഹാരത്തായ സന്തോഷവും ആഘോഷവും ആവശ്യമാകുന്നു. ആത്മാവു മരിച്ചിട്ടു ജഡാസന്തോഷികാതെ ആത്മാവിലും ജഡത്തിലും സന്തോഷിക്കുന്നതു നല്ലതാണെ. പെരുനാളുകൾ ക്രിസ്ത്യാനിസഭയിൽ പുതുതായി ഏർപ്പെടുത്തപ്പെട്ടവയല്ല. യെഹൂദ സഭയിലും മോശയുടെ ന്യായപ്രമാണകാലം മുതൽ ഉത്സവങ്ങളും ആഘോഷങ്ങളും പ്രത്യേകിച്ചു ഏർപ്പെടുത്തിയിട്ടുണ്ടായിരുന്നു. നൂതനങ്ങളും സന്തോഷങ്ങളും സംഗീതങ്ങളും അവക്കു നിയമിച്ചിട്ടുണ്ടായിരുന്നു.

അതിനാൽ പ്രായവായനകാരെ നമ്മുടെക്രിസ്തുമസിനെയും മറ്റുള്ള പെരുനാളുകളെയും ദൈവത്തിന്റെമഹത്വത്തിനായിട്ടും നമ്മുടെ ആത്മാക്കളുടെ രക്ഷയ്ക്കായിട്ടും ആഘോഷിക്കാം. പാപത്തിനു ഇടകൊടുക്കരുതു. ക്രിസ്തു രാത്രിവസം നമ്മെ ഏതുപ്രകാരം സ്നേഹിച്ചുവൊ അപ്രകാരം നാമും ദൈവത്തെയും മനുഷ്യരെയും സ്നേഹികാം. ഏതുപ്രകാരം താഴ്മയെ കാണിച്ചുതന്നുവൊ അപ്രകാരം നാമും താഴ്മയുള്ളവരായിരിക്കാം. അന്നെപ്പോലെ നാമും പാപത്തെ കീഴ്പ്പെടുത്തുവാനശ്രമിക്കാം. താൻ ജീവിച്ചിരുന്നതുപോലെ നാമും ആത്മാവിൽ ജീവികാം. കടശി നമ്മുടെ പാപങ്ങളെക്കുറിച്ചു നുറുങ്ങിയ ഹൃദയത്തോടു കൂടി അനുതപിച്ചു "മെല്പട്ട ഉയരങ്ങളിൽ സ്വർഗ്ഗത്തിലെ മാലാക്കൂമാർ സ്തുതിക്കുന്നതുപോലെ" ബെത്ലഹീമിലെന്നപോലെ പാപികളായ നാമും സ്തുതിച്ചു "ഉയരങ്ങളിൽ ദൈവത്തിനു സ്തുതി, ഭൂമിയിൽ സമാധാനം മനുഷ്യരിൽ സംപ്രീതി" എന്ന ആകാശസൈന്യങ്ങളോടു കൂടി അട്ടഹാസിച്ചു നമുക്കും ദൈവപുത്രനെ മഹത്വപ്പെടുത്താം.

കുറങ്ങളെ ക്ഷമിക്കുക.

"ക്രീസ്തുയേശുവിലുണ്ടായിരുന്ന ഈ ചിന്തതന്നെ നിങ്ങളിലും ഉണ്ടായിരിക്കട്ടെ"

"അപ്പോൾ യേശു പിതാവെ ജവർ ചെയ്യുന്നതു ഇന്നതെന്നു അറിയായ്കകൊണ്ടു ജവരോടു ക്ഷമിച്ചുകൊള്ളണമെ എന്നു പറഞ്ഞു"- ലൂക്കൊ. വന്നു- നുചവാ-

തങ്ങൾക്കു ഇഷ്ടമുള്ളവർക്കു ഉപകാരം ചെയ്യുന്നതിനായി മരണകരമായ കഷ്ടതകൾ മനുഷ്യർ ചിലപ്പോൾ അനുഭവികാറുണ്ടു. നമ്മുടെരക്ഷിതാവൊ തന്റെ മരണകഷ്ടതയിൽ തന്റെ ശത്രുകൾക്കു വേണ്ടി പ്രാർത്ഥിച്ചു. തന്റെഅഷ്ടന്മാരും ചാപ്രകാരമെല്ലാം തന്നെവിട്ടു ഓടിപൊയ്കളഞ്ഞു. പിതാവായ ദൈവവും തന്റെ തിരുമുഖത്തെ തനിൽനിന്നു മറച്ചുകളഞ്ഞു. അനുഭവനീയമായ മനൊവ്യാകുലവും അസഹനീയമായ ശരീരവേദനയും തനിയ്ക്കുണ്ടായി. ഇപ്രകാരം കഠിനവേദനയിൽ ഇരുന്ന അസമയത്തു ക്രൂടെയും തന്നെ ഉപദ്രവിത്തിൽ കഷ്ടപ്പെടുത്തിയ ശത്രുകൾക്കുവേണ്ടി ദൈവത്തൊടു "ജവർ ചെയ്യുന്നതു ഇന്നതെന്നറിയായ്കകൊണ്ടു ജവരോടു ക്ഷമിച്ചുകൊള്ളണമെ" എന്നു അപേക്ഷിക്കുന്നു. ഹാ ഇതെന്തൊരുക്ഷമ. എന്നു അത്ഭുതം. "കേൾക്കുവൊ എന്റെ സഹോദരൻ എന്റെനേരെ എത്രപ്രാവശ്യം ദോഷം ചെയ്യുൽ ഞാൻ അവനോടു ക്ഷമിക്കണം. ഏഴു പ്രാവശ്യത്തോളമോ" എന്നു പേതൃൊ

പ്പോൾ യേശു അവനോട് "കുഴപ്പാവശ്യത്തോളം എന്നല്ല ഏഴുപ്രാവശ്യം തന്നെ ഏഴുപ്രാവശ്യത്തോളം" എന്നുപറഞ്ഞു- ഇതുകേട്ടപ്പോൾ പത്രോസിനു വലിയ ആശ്ചര്യം തോന്നിയിരിക്കണം. ഇപ്പഴത്തെ ഈ ദൈവത്തെ പത്രോസ് കേട്ടിരുന്നെങ്കിൽ താൻപറഞ്ഞുകൊടുത്ത ബുദ്ധിയുപദേശത്തിനും തന്നെ പ്രവൃത്തിക്കുംതമ്മിൽ അല്പംപോലും ഭേദമുണ്ടെന്ന പത്രോസ വിചാരിക്കുമോ-

തങ്ങളുടെ മനസ്സു കഠിനപ്പെട്ടു വെറുപ്പുള്ളതായി മനം പിടിച്ചു മരവിച്ചുപോയിരിക്കുന്നതിനാൽ ചിലർ നന്മയും രുചിയും കണ്ണും ഭയപ്പെടുകയും വെറുക്കയുംചെയ്യുന്നു. യേശു അങ്ങിനെയുള്ളവനല്ല- നന്മിക്കേടു, ന്യായപ്രമാണം മുതലായ സകലവും തന്നെ പരിശുദ്ധമനസ്സിൽ മൂടുപുടമുള്ള പാപകൂടങ്ങുന്ന പ്രകാരമാകുന്നു. പുറമെയുള്ള ശത്രുക്കളുടെ ഹിംസാധ്വവൃത്തികൾ മാത്രമല്ലാ വേഷധാരികളുടെ വഞ്ചനയും തന്നെ മനസ്സിനെ ഏറ്റവും വേദനപ്പെടുത്തുന്നതാകുന്നു. വിശ്വാസ പാതകം ചെയ്യുന്ന വഞ്ചകന്മാരുടെ നടപ്പുകണ്ട മനുഷ്യഹൃദയത്തിനു ഏറ്റവും വ്യസനകരമായ്തീരുന്നു. നേരെ ഘാതിച്ചു പോരാടുന്ന ശത്രുക്കളോട് കൂടിച്ചാലും വിശ്വാസപാതകം നടിക്കുന്ന മുതലായ ദ്രോഹം ചെയ്യുന്നവരോട് മനുഷ്യർ ക്ഷണത്തിൽ കൂടികയും മാകയും ചെയ്യുമല്ലോ- ഈ സംഗതിയിലും അനുഗ്രഹിക്കപ്പെട്ട നമ്മുടെ പ്രിയരക്ഷിതാവിന്റെ നടപ്പിനെ നമുക്കു നോക്കാം. തന്റെ ശിഷ്യർ നടികേടുകാരായി തന്നെയിട്ടു ഓടിക്കളഞ്ഞു. അതും അവരുടെ സഹതാപവും സഹായവും അത്യാവശ്യപ്പെട്ട സമയത്തായിരുന്നു. എങ്കിലും താൻ അവരോട് പ്രവൃത്തിച്ചതു എങ്ങിനെയെന്നു നോക്കാം. താൻ മരിച്ചുപോയിരുന്നു എന്നതിനേക്കാൾ ഉടനെ തന്നെ അവരെ ആശ്വസിപ്പിക്കുന്നതിനും അവരുടെമേൽ തനിയ്ക്കുണ്ടായിരുന്ന സ്നേഹം വിട്ടുപോയില്ലെന്നും അതൊരിക്കലും വിട്ടുപോകുന്നതല്ലെന്നും അവരെ ബോധപ്പെടുത്തുവാനുമായി "എന്റെ സഹോദരന്മാരോട് പോയി അറിയിപ്പിൻ" എന്ന ആദ്യത്തെ അവരുടെ പേരെയെടുത്തു. അവർക്കു ഒന്നാമത്തെ പ്രത്യക്ഷമായപ്പോൾ "നിങ്ങൾക്കു സമാധാനം" എന്ന അവരോടുപറഞ്ഞു അവരെ ആശ്വസിപ്പിച്ചു. പീലാത്തിയോസു കടല്പുറത്തിൽ വച്ചു അവരെ കണ്ടപ്പോൾ "മക്കളെ" എന്ന വിളിച്ചു അവരോടുള്ള തന്റെ അതിവാത്സല്യത്തെ താൻ പ്രദർശിപ്പിച്ചു. അപേക്ഷകരിൽ കൂടിച്ചുപേരിൽ പഴയനിയമത്തിൽ യൊസെഫിനെപ്പോലെ ശീലിപ്പെട്ടവൻ ഇല്ല. എങ്കിലും അവൻക്രൂടെയും തന്റെ സഹോദരന്മാർക്കു തന്നത്താൻ വെളിപ്പെടുത്തിയപ്പോൾ "നിങ്ങൾ എന്നിച്ചിലേക്കു വിറകുകെട്ടുന്നയൊസേപ്പു" എന്നുപറഞ്ഞു അവരുടെ പൂർവ്വപക്ഷയെ എടുത്തുകാണിച്ചു- യേശുതന്റെശിഷ്യന്മാർക്കു തന്നത്താൻ വെളിപ്പെടുത്തുമ്പോൾ അവരുടെ പഴയഅവിശ്വാസത്തെപ്പറ്റി താനായൊന്നുംതന്നെ സൂചിപ്പിക്കുന്നില്ല. അവർക്കു ആദ്യം പ്രത്യക്ഷമായസമയത്തും അവരെ ആശീർവ്വദിച്ചു. അവരെ വിട്ടുപോയ സമയത്തും താൻ സ്നേഹരൂപം തന്നെ ചെയ്തു.

. ഇതിനെ വായിക്കുന്ന സ്നേഹിതാ, നിന്റെ കത്തുവും രക്ഷിതാവുമായവന്റെ രൂപത്തിയെ നീയും പിന്തുടർന്നുകൊൾക തന്റെ ദൃഷ്ടാന്തം കണ്ടുപഠിക്കേണ്ടുന്നു നിന്നിൽ പകയെന്ന നാമം പൊലും കണ്ടുകൂടാത്തതാകുന്നു. നിശ്ചയം ഒഴിക്കുക, ക്രോധം മാറ്റുക. കോപത്തിനു ഇടകൊടുക്കാതെയും ജീവിക്ക. സ്നേഹരൂപമാണു നിന്റെമനസ്സിനെ ഭരിക്കട്ടെ. ദൈവത്തിന്റെ കാരുണ്യത്തിനുവേണ്ടി ദേഹ്യപ്രകൃതത്തെ ചെയ്യുന്നതുപോലെ അതിനെ ഒരിക്കലും പൊലിപ്പിച്ചുപറയരുതെ. നീയും പരീക്ഷയിൽ അകപ്പെടാതെ സൂക്ഷിച്ചുകൊൾക. നിന്റെ സഹോദരന്റെ നേരെ ക്ഷമയില്ലാത്ത സ്വഭാവം എപ്പോഴെങ്കിലും നിന്നിൽ ജനിക്കുമ്പോൾ കർത്താവു നിന്റെ പേരിൽ എപ്പഴും കോപം പറ്റിയിരുക്കുന്നെങ്കിൽ നിന്റെ അവസ്ഥ എന്തായിരിക്കും എന്ന നല്ലപോലെ ആലോചിക്ക. പൂർണ്ണപരിശുദ്ധനായ ദൈവം നിന്റെ കാരങ്ങൾക്കു നിന്നോട് പ്രതികരം ചെയ്യുന്നു എങ്കിൽ നിത്യകാലവും നിന്നെ തന്റെ തിരുസന്നിധിയിൽ നിന്നു തള്ളിക്കളയുകയില്ലയൊ. താനോ തന്റെ മേൽ ദീർഘക്ഷമയോടെ നിന്റെ മഹാപാതകങ്ങളെ ക്ഷമിച്ചിരിക്കെ നിന്റെ സഹോദരനെറ്റ കാരുണ്യനിമിത്തം നീ ക്ഷമയാചനയായിരിക്കാമൊ. നീ അവനോട് സ്നേഹത്തോടെ സംസാരിക്കുന്നതിനും ഐക്യപ്പെടാതെയും ഇരിക്കുമൊ. നിന്റെസഹോദരൻ നിന്നോട് ചെയ്തകാര്യം എത്ര ലഘുവായിട്ടുള്ളതെന്നു ശാന്തമായി വിചാരിച്ചുനോക്കുക. ഒരുപക്ഷേ മറ്റൊരുവനോട് വഴക്കുണ്ടായിരുന്നാൽ ക്രിസ്തു നിങ്ങളോട് ക്ഷമിക്കുന്നതുപോലെ നിങ്ങൾ തമ്മിൽ തമ്മിൽ ക്ഷമിപ്പിൻ. "നിങ്ങളും അമനസ്സിനോടുകൂടെ ആയുധമായി ധരിപ്പിൻ,,

ക്രിസ്തുവിനെക്കുറിച്ചു ഒരു മഹാന്റെ സാക്ഷി.

തുലൊം താണ പദവിൽ നിന്നു പ്രാൻസിലെ ചക്രവർത്തിയായി തീരുകയും യൂറോപ്പിലെ മിക്കരാജാക്കന്മാരെയും കീഴ്പ്പെടുത്തുകയും ചെയ്ത വിശ്വവിശ്രുതനായിരുന്ന നാപ്പൊലിയൻ ബോനപ്പാട്ടിനെക്കുറിച്ചു എല്ലാവരും കേട്ടിരിക്കുമെല്ലൊ. ഇദ്ദേഹം പുറമെ ഒരു ക്രിസ്ത്യാനിയായിരുന്നു എങ്കിലും തന്റെ ഉയർച്ചകാലത്തു ഹൃദയത്തിൽ ഒരു അവിശ്വാസിക ആയിരുന്നു. കടശി ഇദ്ദേഹം സെന്റ് ഹെലനാ എന്നദ്വീപിൽ തടവുകാരനായിട്ടാണ ജീവാവസാനം കഴിച്ചുകൂട്ടിയതു. ഈ മഹാൻ കടശികാലത്തു മതത്തിൽ കുറെ തീക്ഷ്ണൻ ആയിരുന്നു. ആസന്ദർഭത്തിൽ ക്രിസ്തുവിനെക്കുറിച്ചു പറഞ്ഞ അഭിപ്രായം എന്തെന്നാൽ:—

"ഞാൻ മനുഷ്യരെ അറിയുന്നു. എന്നാൽ യേശുക്രിസ്തു ഒരു മനുഷ്യനല്ലന്നു വേണം പറവാൻ. ക്രിസ്തുവിനെയും മഹാരാജ്യ സ്ഥാപകന്മാരെയും യോദ്ധാക്കളെയും മറുമതങ്ങളിലെ ദേവന്മാരെയും തമ്മിൽ താരതമ്യപ്പെടുത്തിയാൽ തമ്മിൽ ചില സാമ്യങ്ങൾ ഉണ്ടെന്നു ചിലർക്കു തോന്നിയേക്കാം. എന്നാൽ സാമ്യം ഇല്ല. കാണുകാണുവിവേചനവും മനുഷ്യസമ്പ്രദായങ്ങളിൽ പരിജ്ഞാനവും ഉള്ളവർ എന്റെ അഭിപ്രായത്തിൽ ചേരും. ഭൂമിയിലെ മറ്റു ഓരൊ മതങ്ങളെക്കുറിച്ചു കുത്തിക്കുന്ന ഏവനും അവയുടെ സ്ഥാപകന്മാരെനോക്കി "നീ ദൈവമല്ല ദൈവത്തിന്റെ കായ്സ്ഥനുമല്ല, നിനക്കു സ്വർഗ്ഗത്തിൽ നിന്നു നിയോഗമില്ല, നീ കുരുടയുടെ ശിഷ്യനരിയാണു" എന്നു തീർത്തു പറയാം. ബുദ്ധൻ, കൊൻഫ്യൂഷ്യസ, മഹമ്മദു, മുതലായവരിൽ നിയമനിർമ്മാണകർത്താക്കളെ മാത്രമല്ലാതെ ദൈവത്വത്തെ പ്രത്യക്ഷപ്പെടുത്തുന്ന ഒന്നും കാണ്മാനില്ല. നേരെമറിച്ചു അവരെ ഏതൊന്നാലും എന്റെ പരാക്രമങ്ങളോടും താരതമ്യപ്പെടുത്തിയാൽ അനേകസാമ്യങ്ങൾകാണാം. ഇനിക്കും മനുഷ്യജാതിയ്ക്കും സഹജമായ വീഴ്ചകളും താഴ്ചകളും ഉയർച്ചകളും അവരിലും കാണാം. എന്നാൽ ക്രിസ്തുവിനേറ്റു അങ്ങനെ ഉള്ള. തന്നെ സംബന്ധിച്ചു സകലവും അത്ഭുതങ്ങൾ ആണ. തന്റെ അത്മാവു എന്നെ അത്ഭുതപ്പെടുത്തുന്നു. തന്റെ ഇഷ്ടം എന്നെ ഇളക്കുന്നു. തനിക്കും ലോകത്തിലും ഏതിനും തമ്മിൽ സാമ്യപ്പെടുത്താവുന്നവനുമില്ല. തന്റെ വിചാരങ്ങളും താൻ പറയുന്ന സത്യങ്ങളും താൻ ബോധ്യപ്പെടുത്തുന്ന സമ്പ്രദായങ്ങളും മനുഷ്യസ്വഭാവത്താലൊ കായ്സ്വഭാവത്താലൊവ്യാഖ്യാനിക്കപ്പെടുവാൻ തക്കവയല്ല.

തന്റെ ജനനം, തന്റെ ജീവചരിത്രം, തന്റെ ഉപദേശത്തിന്റെ പൂർണ്ണത, തന്റെ സുവിശേഷം, തന്റെ സ്വഭാവം, ദർശനം, രാജ്യം എല്ലാം ഇനിക്കു അത്ഭുതവും അഴം കണ്ടുപിടിപ്പാൻ പാടില്ലാത്ത രഹസ്യവുമാകുന്നു. നിഷേധിക്കപ്പെട്ടുകൂടാത്തതെങ്കിലും വർണ്ണിക്കപ്പെടുവാൻ പാടില്ലാത്ത ഒരു രഹസ്യം തന്നെ ഉണ്ട്. ഇതിലെങ്ങും മനുഷ്യന്റെതൊന്നും ഞാൻ കാണുന്നില്ല. എത്രത്തോളം ഞാൻ അവനോടു അടുക്കുകയും എത്രത്തോളം ഞാൻ അവനെ പരിശോധിക്കുകയും ചെയ്യുന്നു

പൊ അതുത്തോളം സകലവും എന്റെ ബോധത്തിനു അപ്പുറമായും അളവിൽ വലിപ്പമായും കാണുന്നു.

തന്റെ മതം തനിക്കുമാത്രം രചിക്കുന്ന ഒരു രഹസ്യവും മനുഷ്യബുദ്ധിയല്ലാതെ ബുദ്ധിയിൽനിന്നു മാത്രം പുറപ്പെടുന്നുമാകുന്നു. തന്റെ ഉപദേശങ്ങൾ എല്ലാം ദൈവീകവും തന്റെ സ്വന്തവുമാകുന്നു. മറെറാരു ശാസ്ത്രത്തിൽ നിന്നു താൻ ഒന്നും കടം വാങ്ങിക്കുന്നില്ല. സുകൃത ജീവന്റെ നല്ലുള്ളാന്തം തന്നിൽമാത്രമെ കാംക്ഷതെറുള്ളു. താൻതന്നെ ഒരു തത്വജ്ഞാനിയായിട്ടല്ല അതിശയങ്ങളെ പ്രവൃത്തിക്കുന്നവനായിട്ടു വെളിപ്പെടുത്തുന്നു. ശാസ്ത്രവിദ്യാലല്ല ആത്മാവിന്റെ പ്രവൃത്തിയാൽതന്നെ അറിയിക്കുന്നു. തന്റെ പ്രവൃത്തി ആത്മാവുമായിട്ടാകുന്നു. ശാസ്ത്രം നിസ്സാരമാക്കി. ആത്മാപുരുജത്വം പ്രാപിച്ചു. വിശ്വാസം എന്ന ഏകപദത്തിൻമുമ്പാകെ വിദ്യകൾ എല്ലാം സാഷ്ടാംഗപ്രണമചെയ്യുന്നു. ഈ ഏകപദം വലിയ ഇളകങ്ങളെയും മാറങ്ങളെയും വരുത്തിയിരിക്കുന്നു.

ക്രിസ്തുസകലവും തന്റെ മരണത്തിൽനിന്നു സംഭവിക്കുവാൻ കാത്തിരിക്കുന്നു. മരിച്ചിട്ടു ഫലംചെയ്യുമെന്നുള്ളതുതന്നെ മനുഷ്യവിദ്യയല്ലല്ലൊ- അതു മനുഷ്യസ്വഭാവത്തിനു മേലുള്ളതാണു. ക്രിസ്തു ഒഴികെയുള്ള എല്ലാം അപൂർണ്ണങ്ങളും മായയുമാകുന്നു. കാലാവസ്ഥകളാലും ദേശഭേദങ്ങളാലും ഓരൊ സംഭവങ്ങളാലും വളകയും പൂളകയും ചെയ്യാത്തതായി ആരുണ്ടു?. ക്രിസ്തുമാത്രം ഉണ്ടു. അവ്വാവസാനം താൻഒരെനിലയിൽ നിൽക്കുന്നു. തന്റെ ജീവിതത്തിൽ നിസ്സാരമായ വീഴ്ചയുപോലും താൻ പാതീഭവിച്ചിട്ടില്ല. തന്റെ പ്രവൃത്തിയിലും സംസാരത്തിലുംക്രിസ്തു മാറമില്ലാത്തവനും ഇതര സംഭവങ്ങളാൽ ഇളകമില്ലാത്തവനും ആകുന്നു.

ക്രിസ്തു സമയത്തെ നിസ്സാര വാക്കിനാൽ നിത്യനാണെന്നു തെളിയിക്കുന്നു. തന്റെ ഉപദേശങ്ങളെല്ലാം നിത്യങ്ങൾ തന്നെ. തന്റെ മഹാരാജ്യത്തിന്റെ ചക്രവാളം നിത്യത്തിലേക്കു എത്തുന്നു. താൻ ജീവനും മരണത്തിനും മേലായും അപ്പുറമായും ഭരിക്കുന്നു. ഭൂതവും ഭാവിയും തനിക്കു ഒരുപോലെയാണ്. ക്രിസ്തുനമ്മോടു കല്പിക്കുകയാണ്. അപേക്ഷിക്കുകയല്ല ഞാൻ ദൈവമാകുന്നു എന്നുള്ള ആ ഭയങ്കര വചനത്തിന്റെ ശക്തിയാൽ താൻ ശാസനാകർത്താവായി നമ്മോടുആജ്ഞാപിക്കുന്നു. മറുള്ള മതസ്ഥാപകന്മാരെയും ക്രിസ്തുവിനെയും തമ്മിൽ താരതമ്യപ്പെടുത്തിയാൽ എത്രമാത്രം ഭേദമുണ്ടെന്നു ഇതുകൊണ്ടറിയാം. ക്രിസ്തു വഞ്ചകനെന്നൊ അല്ലെങ്കിൽ ദൈവമെന്നൊ സമ്മതിക്കണം. തന്നെ വഞ്ചകനാക്കുവാൻ തന്റെ പ്രവൃത്തിയിൽ ഒരുകുറവുംകണ്ടുപിടിപ്പാനില്ല. അപ്പോൾ തന്നെ ദൈവമെന്നു സമ്മതിച്ചാൽ തന്റെഉപദേശമാകുന്ന ക്രിസ്തീയമതവിശ്വാസം കണക്കുശാസ്ത്രംപോലെ വ്യക്തമായും നിരാക്ഷേപമായും സമ്മതിക്കണം. അതിനെ നിഷെധിച്ചാൽ ഭൂമിയിൽ സ്വീകാരയോഗ്യമായി പിന്നെ ഒന്നുമില്ല. അതിനെ സ്വീകരിച്ചാൽ മനുഷ്യചരിത്രത്തിന്റെ വ്യാഖ്യാനിക്കപ്പെടുവാൻ പാടില്ലാത്ത സംശ

യങ്ങൾ എല്ലാം തീരുകയും ചെയ്യും.

സ്വാർത്ഥസ്നേഹത്തെ നശിപ്പിക്കുന്ന ഒരു മഹാസ്നേഹം ക്രിസ്തുവിൽ പ്രത്യക്ഷമാക്കിയിരിക്കുന്നു. സ്നേഹജ്വാലയെ താൻജ്വലിപ്പിച്ചിരിക്കുന്നു. ക്രിസ്തുവിന്റെ മഹാ ആശ്ചര്യം സ്നേഹഭരണമാകുന്നു. തന്നെ പരമാർത്ഥമായി വിശ്വസിക്കുന്നവർ അമാനുഷ്യവും അതിശയകരവുമായ ഈ സ്നേഹത്തെ കാണുന്നു. ഒരുവനാലും കെടുത്തുവാൻ പാടില്ലാത്ത ഒരു ശുദ്ധജ്വാലയാണ ഇതു. ക്രിസ്തുവിന്റെ ക്രൈസ്തവത്തെ ഇതു എത്ര ശക്തിയോടുകൂടെ തെളിയിക്കുന്നു.

ഹാ നമ്മുടെ കഷ്ടവും ക്രിസ്തുവിന്റെ നിത്യഭരണവും തമ്മിൽ എത്രമാത്രം ഭേദം. അവന്റെ മരണം മനുഷ്യനെ ജീവിപ്പിക്കുന്നതു എത്ര യൊ ആശ്ചര്യം. ഹാ, നീ ഇത്രം ആശ്ചര്യകരമായ വീണ്ടെടുപ്പിനെ വിശ്വസിക്കുന്നില്ലയൊ. അതൊ നഷ്ടപ്പെടുത്തുന്നുവൊ?".

ഭാ-ാ പുസ്തകം ഥാ-ാം ലക്കം ഫൽഗു-ാ പുറത്തു
ആവസാനിച്ചതിന്റെ ശേഷമുള്ള ഏഴുത്തും മുപടിയും.

നമ്പ്ര ക്ഷ. മാതേലിക്കരെ ആത്മീകാഭിവൃദ്ധി സംഘത്തിൽനിന്നും

കടപ്പിൽമത്തായി, വിലനിലത്തു ദാനയെൽ, കല്ലറക്കൽ ജൂപ്പൻ, പൈനുംമൂട്ടിൽ ശീചുശീസു, നാടാവള്ളിൽ കൊച്ചുകുഞ്ഞു, ടി-ിൽ മത്തായി, മണപ്പള്ളിൽ ദേജാൺ, പുത്തൻപീട്ടിൽ കൊച്ചുകുഞ്ഞു, വിലനിലത്തു പീലിപ്പോസു ഏന്നവർകൾ ഗ്രഹിപ്പാൻ-

ഈ കന്നിമാസം ന്യ-ംനേ— നടത്തിയ ടി-.സംഘത്തിന്റെ വാർഷിക യോഗത്തിലേക്കു നിങ്ങളെക്കുറിച്ചു എഴുതിയ എഴുത്തിൻപ്രകാരം വരുവാൻനിങ്ങൾക്കു സൗകര്യമില്ലാത്തവിവരത്തിനു നിങ്ങൾഅയച്ച മുപടി എഴുത്തുകിട്ടി. വിവരംസംഘത്തിൽപ്രസ്താവിച്ചു. അതിൽ ഞാൻ മാതാവിന്റെ മടിയിലേക്കു വന്നു ചേരുവാൻ നിങ്ങൾ ആഗ്രഹിക്കയും പ്രാർത്ഥിക്കയും ചെയ്യുവരുന്നതായി കാണിച്ചിരിക്കുന്ന ഭാവങ്ങളെപ്പറ്റി ചിന്തിച്ചതിൽ അല്പം നിങ്ങളോടു പറവാൻ ആഗ്രഹിക്കുന്നു.

യാക്കോബായസഭയെ നിങ്ങൾ മാതാവായി ധരിച്ചു ജനിപ്പിച്ചു വളർത്തിയവൾ എന്നുപേർകൊടുത്തിരിക്കുന്നു. അതുശരിതന്നെ. ദൈവത്തിന്റെമക്കളെ പ്രസവിക്കുന്നതുള്ള സ്വാതന്ത്ര്യമുള്ള മേലിന്നടുത്ത യേശുവിനെ ആക്കുന്നു. അപ്രകാരമുള്ള ദൈവക്കുഞ്ഞുങ്ങളുടെ മാതാവാകുന്നവൾ ഏന്നു പൌലൊസുപറയുന്നു. (ഗലാ- ൪- വസ) ഇവളുടെ സ്വാതന്ത്ര്യത്തെ കുറപ്പാൻ അന്ത്യന്വേഷിക്കുകയൊ നഷീകരണക്കാക്കുകയൊ അല്ലെങ്കിൽ ലോകത്തിൽ കാണപ്പെടുന്ന മറ്റൊരു സഭയ്ക്കും ആകുകയൊ കഴിയുന്നതല്ല- അതുകൊണ്ടത്രെ ഇവൾ സ്വാതന്ത്ര്യകാരി ആയിരിക്കുന്നതു. പ്രസവിക്കുന്നവൾ ഒരുത്തിയും വളർത്തുന്നവൾ മറൊരുത്തിയും ആകുന്നഎന്നത്രെ സുറിയാനി പള്ളിക്രമവും പറയുന്നതു. നിങ്ങളുടെ പക്കൽനിന്നും ഓടിപ്പോരുവാൻ ചോദിച്ചാൽ പറഞ്ഞുതരുന്നതാകുന്നു. എന്നാൽവളർത്തുന്നവളെയൊ മുലകൊടുക്കുന്ന ഒരുത്തിയെന്നു അപ്പൊസ്തോലൻതന്നെ പറയുന്നു. (ഫെസ്സ- ൨- ൬) അതുതന്നെക്കുറിച്ചതന്നെയുംആകുന്നു. ഭരം ന്യായങ്ങൾനോക്കിയാൽ സകല ദൈവമക്കൾക്കും എന്നപോലെ ജനിക്കും മേലിന്നടുത്ത യേശുവിനും മാതാവായും ദൈവീകസ്വഭാവങ്ങളുടെ മൂലതലപ്രകാരം ഞാനും ദൈവവകയെ ഭക്ഷിച്ചുകൊണ്ടു താൻജനിപ്പിക്കുന്ന കുഞ്ഞുങ്ങൾക്കു പാൽകൊടുക്കുന്ന വേലക്കാരനായും ഭരിക്കെ ഇവകളെവിട്ടു നിങ്ങളുടെ ജഡസംബന്ധമായ (കൊലൊ- ൨- ൧൮) ആശ്രയത്തിൽ വരണമെന്നു ആഗ്രഹിക്കുന്നതു അംഗീകാരയോഗ്യമൊ നിങ്ങൾ തന്നെ വിധിപ്പിൻ- ഭരിനെനിങ്ങൾവിട്ടു മേല്പറഞ്ഞ വേദസത്യങ്ങൾ പിന്തുടർന്നു നിങ്ങൾവരുമ്പോൾ ആസ്ഥലത്തു എന്റെദൈവം എന്നെനിങ്ങൾക്കു കാണിക്കും. അപ്പോൾനിങ്ങൾ ദൈവത്തിന്റെ ശബ്ദത്തെ കേൾക്കുന്ന ആടുകളാകും ഞാനുംനിങ്ങളുടെഇടയനായിരിക്കും.

നിങ്ങളിടെ എഴുത്തിൽ സ്നേഹവിശ്വാസങ്ങളായി കാണിച്ചിട്ടുള്ള എല്ലാ ഭാഗങ്ങളേയും ഈ ശുദ്ധസേനഭരണത്തിൽ ഏതെന്നു ധരിപ്പിച്ചിരിക്കുന്നു നിങ്ങൾ നൽകിയ സങ്കടമാകി വിരസിരയായി പതിക്കപ്പെട്ട ഒമ്പതു പേരുകളും ഒപ്പുകളും കൊണ്ടു ഉറപ്പിച്ചിരിക്കുന്നതിനെ നവരത്നമാലയായി ഞാൻ സന്തോഷപൂർവ്വം അണിഞ്ഞു നിങ്ങൾക്കു വേണ്ടിയും പ്രാർത്ഥിച്ചിരിക്കുന്നു.

ഏറ്റവും സംസ്നേഹത്തോടെ (ഒപ്പു)
വടവ കനി ക്രാം നമ്പർ

മറുപടി

മാന്യരായ കുറിപ്പുകാരിൽ നിന്നുള്ള സംഘാധ്യക്ഷനു അനുകൂലമായ
കന്നി മാസം ക്രാം നമ്പർ ചൊവ്വാം നമ്പരായി തങ്ങൾക്കയച്ച എഴുത്തു കിട്ടി. ക്രാം നമ്പർ
അയച്ച എഴുത്തിനു മറുപടിയായി ഞങ്ങൾ അയച്ച എഴുത്തിലെ സംഗതികൾ മിക്കപോലും തങ്ങൾ സമ്മതിച്ചിരിക്കുന്ന സ്ഥിതിയിലെങ്കിലും യാക്കോബായസുറിയാനിസഭയെ മാതാവായും വളർത്തുന്നവളായും പറഞ്ഞുകൂടായെന്നും അതിലെ അംഗങ്ങൾക്കു ഭേദപരിഹാരങ്ങളിടെ സംസ്കാരത്തിൽ ഉൾപ്പെട്ടിരുന്നതിനാൽ എന്നതോന്നുമാറു അതു സ്വാതന്ത്ര്യമുള്ളതല്ലെന്നും മേലിനിന്നുള്ള ഉദ്ദേശ്യം സ്വാതന്ത്ര്യകാരിയാണെന്നും അവിടുന്നു സ്വാതന്ത്ര്യത്തെ കവർപ്പാൻ ശ്രമിക്കിലുള്ള യാതൊരു നടപ്പും കഴിയുന്നതല്ലെന്നു ജ്ഞാനസ്നാനമായ ശുശ്രൂഷയിൽ ചേരുവാൻ തങ്ങളെ വിളിക്കുന്നതു യോഗ്യമുള്ളതെന്നും തങ്ങളിടെ ആഗ്രഹസൂചകത്തെ നവരത്നമാലയായി അണിഞ്ഞുകൊള്ളുന്നുവെന്നും മറും കാണിച്ചിരിക്കുന്നു

സുറിയാനിസഭയിലുള്ള ദൈവകൽപ്പനകളിലും ആ സഭ മാതാവും വളർത്തുന്ന തള്ളയും ആയിരിക്കുമില്ലെന്നുണ്ടോ. സുറിയാനി സഭയിൽ ഉൾപ്പെട്ടവനായിരുന്നവല്ലൊ എന്ന വിചാരിച്ചുതന്നെ അതിനെ തങ്ങൾക്കും ഞങ്ങൾക്കും മാതാവായി ഞങ്ങൾ പറഞ്ഞതു- തങ്ങൾക്കു ആ തള്ളയുടെ മുല കൊടുപ്പാൻ മനസ്സില്ലെന്നുണ്ടെങ്കിലും ഞങ്ങൾക്കു ആ കരുണയുള്ള മാതാവിനെമന്നു അന്യമുലകൊടുപ്പാൻ മനസ്സില്ല- അവളിടെ മണവാളനായ മശിഹായുടെ ആജ്ഞകീഴിൽ അവൾനിയമിച്ചിട്ടുള്ള കല്പനകൾക്കു ഞങ്ങൾ അടിമപ്പെട്ടിരിക്കുന്നതു പ്രാർത്ഥിയുള്ള മകളിടെ മായായിട്ടുള്ളതു അതിനെ ഒരു അടിമയായിട്ടു ഞങ്ങൾ കരുതുന്നതുമില്ല- മേലിനിന്നുള്ള ഉദ്ദേശ്യത്തിന്റെ സ്വാതന്ത്ര്യം എന്നു ശ്ലീഹാപറഞ്ഞിരിക്കുന്നതു തള്ളയുടെ കീഴ്വരുതിയിൽ ജനിച്ചാൽ തങ്ങളിടെ ജഡദോഷങ്ങളെ പൂരിപ്പാൻ ഏതുമില്ലെന്നു കരുതി വിശ്വാസഭയിൽനിന്നു തെറ്റിത്തെറ്റിച്ചു നടക്കുന്നവരുടെ തന്നിഷ്ടഉപദേശമാണെന്നു സ്വർഗ്ഗത്തിൽനിന്നു ഒരുദൈവദൂതന്റെ വേഷത്തിൽ വന്നുപറഞ്ഞാലും ഞങ്ങൾ വിശ്വസിപ്പാൻ ഞങ്ങൾക്കു രൂപമാണ്- ശുപകാരമുള്ളവരുടെ സ്വാതന്ത്ര്യം (കപട്രീ്വാ- ഉദ- ക്നു-ാം വാക്യത്തിൽ) "തങ്ങളിടെ സ്വാതന്ത്ര്യം തങ്ങളിടെ തിന്മയ്ക്കു മറയായി തീർന്നിരിക്കുന്ന ദുരുഷ്യർ" എന്നുപറഞ്ഞിരിക്കുന്നപ്രകാരമുള്ളവരുടേതാകുന്നു- സ്വാതന്ത്ര്യം സ്വാതന്ത്ര്യം എന്നു വിളിച്ചുപായുമ്പോൾതന്നെ അവർ അടിമക്കാരാകുന്നു- അതിനു സാക്ഷി തങ്ങളിടെ തള്ളാലുണ്ടായതുതന്നെ- യാക്കോബായക്കാർ അടിമക്കാരാണെന്നു വിചാരിച്ചു അടിമയിൽനിന്നു സ്വാതന്ത്ര്യപ്പെട്ടുന്നതിനു നിശ്ചയിച്ചതെന്നാൽ അപ്രകാരം ശവത്തിന്റെ മൂലം ഉടമ്പടിയിന്മേൽ അടിമക്കാരനായി തീരുന്നതിനാലായൊ തങ്ങൾക്കു സംശയമായതു- ദൈവീകമായ ഒരുടമ്പടിയെ നിഷേധിച്ചു മനുഷീകമായ ഒന്നിനെ കൈക്കൊള്ളുവാൻ ദൈവത്തിന്റെ മക്കളെ പ്രസവിക്കുന്ന സ്വാതന്ത്ര്യമുള്ള മേലിനുള്ള ഉദ്ദേശ്യം എന്നതള്ള തങ്ങളെ പ്രസവിച്ചിരിക്കുന്ന എന്നു പറയുന്നതു കേവലം യുക്തിപിരുദ്ധവും ദുർവ്വാദിയും അല്ലയൊഎന്നു നിഷ്പക്ഷപാതമായിനു ആലോചിച്ചാൽ തങ്ങൾക്കുതന്നെ അറിയാമല്ലൊ- ഒരുത്തിപ്രസവിക്കുന്ന മറൊരുത്തി വളർത്തുന്ന എന്ന പള്ളിക്രമത്തിൽ പറഞ്ഞിരിക്കുന്നതു മാമ്മോദീസായാകുന്നമാതാവിൽനിന്നു ജനിച്ചിട്ടുള്ള ദൈവമക്കളെ വളർത്തുന്ന വിശുദ്ധസഭ (അതിലെ നിയമങ്ങളും അതിലെ ശുശ്രൂഷക്കാരും) അതുകൊണ്ടെന്നല്ലാതെ സഭയിൽനിന്നു തെറിത്തെറിച്ചു നടക്കുന്ന തന്നിഷ്ടക്കാർ, വളർത്തുമെന്നുള്ള ഞങ്ങളിടെ പട്ടക്കാർ മൂലം ഞങ്ങൾ അറിയുന്നു- വളർത്തുന്നതു വിശുദ്ധസഭയാണെന്നു പള്ളിക്രമത്തിൽ വ്യാഖ്യാനിച്ചു പറഞ്ഞിട്ടുണ്ടെന്നും ക്രമത്തെയത്രെ പട്ടക്കാർ മൂലം അറിയുന്നതു- അഹറോൻ ധൂപത്തെപോലെ ദൈവത്താൽ വിളിക്കപ്പെട്ടവരല്ലാതെ ഈ ബഹുമാനത്തെ (പട്ടത്വം) ഒരുത്തനും പ്രാപിക്കുന്നില്ലെന്നു വിശുദ്ധശ്ലീഹാ പറഞ്ഞിരിക്കുമ്പോൾ തങ്ങളെ മുലകൊടുക്കുന്നവരായി ഞങ്ങൾ വകവയ്ക്കുന്നതെന്നും വിളിക്കപ്പെട്ടവരുടേതായ അടിമയായി വിചാരിക്ക

ണമെന്നും പറഞ്ഞാൽ ഏതു ചായ്വുള്ളതൊട്ടു കൂടിയ മംഗളപ്രകാരം ആയിരുന്നാലും ഭരതിനെ ഭരിപ്പാൻ തരിക്കുന്നതു ഞങ്ങൾക്കു വിഹിതമോ എന്നു തങ്ങൾ തന്നെ വിചിപ്പിൻ- ഈ സന്ദർഭത്തെ പ്രയോജനപ്പെടുത്തുവാൻ തക്കവണ്ണം ഞങ്ങളുടെ ഹൃദയത്തിൽ തങ്ങൾ പറഞ്ഞിട്ടുള്ള വല്ല വ്യവഹാരത്തെയും വിചാരിച്ചു ആയതു തന്നെ ആക്ഷേപിക്കയെന്നു എന്നു പറയുന്നതിൽ ഞങ്ങൾക്കു യാതൊരു വിധത്തിലും പശ്ചാത്താപത്തിനു വഴി കാണുന്നില്ല- തങ്ങളുടെ മനസ്സിന്നു വിരോധമില്ലെങ്കിൽ ഞങ്ങൾ അപേക്ഷിക്കുന്നതു തങ്ങളുടെ ജഡസംബന്ധമായ ആശ്രയം പിടിക്കയെന്നു എന്നു പറയുന്നതിൽ ഞങ്ങളുടെ വ്യസനത്തോടു പ്രസന്നത്തെ കൂട്ടുകയെന്നു ചെയ്യുന്നതു- നാം ഭൂമിപാട്ടുകാരും ക്രൂടെ ആത്മസന്തോഷത്തിൽ വസിക്കുമ്പോൾ നിന്നതായ ആ കാലത്തുണ്ടായിരുന്ന സ്ഥിതിയിൽ നിന്നു ജഡസംബന്ധമായ ആശ്രയത്തിലേക്കു തിരിഞ്ഞുപോയതു ആരെന്നു വേവക്കും പരസമ്മതമായ കാര്യമാകയാൽ അതിനെ മറുപടിപറയുവാൻ ഞങ്ങൾക്കുന്നിയുന്നില്ല- ആശ്രയിച്ചു ഈടവക തിരുമനസ്സിലും സ്ഥിതിമാറിയാൽ വേറൊന്നിൻ്റെ തലപനാകുമെന്നു ഊഹിപ്പാൻ പോലും വഴിയില്ലാത്തവരാണല്ലോ ഞങ്ങൾ- ഏതു ജഡാശ്രയത്തിലേക്കാണു ഞങ്ങൾ തങ്ങളെ ക്ഷണിച്ചതെന്നു ഒന്നുവെളിപ്പെടുത്തിയതാൽ കൊള്ളാം- അതിനെയുള്ള ആശ്രയത്തിന്മേൽ വരണമെന്നു മനസ്സുണ്ടായിരുന്നാലും ഞങ്ങൾക്കു അവശ്യമില്ലെന്നു പറഞ്ഞു കൊള്ളുന്നു- കോലൊ- ടു- ടുവ്വിൽ പറയുന്ന ജഡാശ്രയത്തിലേക്കു ഞങ്ങൾ തന്നെ ക്ഷണിച്ചിട്ടില്ല- ക്ഷണിക്കുന്നുമില്ല- ഭൂമിയിലുള്ള ദുർമ്മനുഷ്യരെയും ദുഷ്ടമനുഷ്യരെയും എന്നു മാത്രമല്ല, സൽസ്വഭാവന്മാരെയും വിശുദ്ധ മനുഷ്യരെയുംക്രൂടെ സേവിക്കരുതെന്നും ദൈവത്തെമാത്രമെ സേവിക്കാവുള്ളുന്നതാണു ഇപ്പൊഴും ഞങ്ങളുടെ വിശ്വാസം- നാട്ടിലുണ്ടായ ഉടയ്ക്കുന്നതുപോലെ ഞങ്ങൾ വിശ്വസിക്കാത്തതും പറയാത്തതും പ്രവൃത്തിക്കാത്തതുമായ സംഗതികളെ ഞങ്ങളുടെമേൽ കാരകരമായി ചുമത്തുന്നതെന്തിനു?- അതിനു പാസൊക്കാ പറഞ്ഞതുകൊണ്ടു മതിയാകുമൊ- അതിനാൽ ജഡസംബന്ധമായ ആലോചനകളേയും തന്നിഷ്ടകാരുടെയും അന്യദോഷ സംസർഗ്ഗങ്ങളെയും ഉപേക്ഷിച്ചു മാതാപിതാക്കന്മാരുടെ അടിയിലേക്കു തിരിച്ചു വരണമെന്നു ഞങ്ങളുടെ മുമ്പിലുണ്ടായ മറുപടിയിൽ പ്രസ്താവിച്ചിട്ടുള്ളതിനെ ഒന്നുകൂടി ഓർപ്പിക്കുന്നതു കൂടാതെ അതിനെപ്പറ്റി സത്യമായി ആലോചികയും ചെയ്യുമെന്നു വിശ്വസിക്കുന്നു.

എന്നു കടപ്പിൽ മത്തായി മുതലായവർ

സുറിയാനിക്കാരുടെ അവകാശക്രമത്തിനു ഒരു നിയമത്തിനെ ആവശ്യകത.

യാക്കോബായക്കാരും, റൊമ്മാക്കാരും, അംഗ്ലിയക്കാരും, നവീകരണക്കാരും ഉൾപ്പെട്ട സുറിയാനിജാതിക്കു അവകാശക്രമം മിക്കവാറും ഒരുപൊലെയാണെ ആചരിക്കപ്പെടുന്നതെന്നു തൊന്നുന്നു. അപൂർവ്വം ചിലസ്ഥലങ്ങളിൽ ചിലഭേദങ്ങൾ ഉണ്ടായിരിക്കാമെന്നെ ഉള്ളു. ദൃഷ്ടാന്തമായിട്ടു കുന്ദംകുളങ്ങരെ അങ്ങാടിയിൽ ഒരു ആൾക്കു പുരുഷസന്താനം ഇല്ലാതിരുന്നാൽ പുത്രിമാരെ മുതൽ അവകാശപ്പെടുത്താതെ സഹോദരപുത്രന്മാരെ അവകാശപ്പെടുത്തുകയും പുത്രിമാരെ കല്യാണം ചെയ്തുകയുമാണ പതിവുഎന്നറിയുന്നുണ്ടു. ഇപ്പൊൾ അവിടെയും ഓരൊ നടപ്പു മാറിവരുന്നതായി കാണുന്നു. ഇങ്ങനെഅപൂർവ്വം ചില ഭേദങ്ങളെ ഒഴിച്ചാൽ അവകാശക്രമം ഏല്ലായിടത്തും ഒന്നുപൊലെയാണ. ഇന്ത്യായിൽ ഉള്ള ഇതരക്രിസ്ത്യാനികളോടു താരതമ്യപ്പെടുത്തിയാൽ സുറിയാനിക്കാരും അവരുംതമ്മിൽ അവകാശക്രമത്തിൽ പലപല ഭേദങ്ങൾകാണാം. ബ്രിട്ടീഷിൽഉള്ള ക്രിസ്ത്യാനികൾക്കു ഇങ്ങ്ലീഷ് പി

നടപ്പിൽ വരുത്തുകയും ചെയ്തു. ഈ നിയമങ്ങൾ നടപ്പാക്കിയിട്ടുള്ളതും അവയുടെ അടിസ്ഥാനങ്ങളിലെ ക്രിസ്ത്യാനികളുടെ ആചാരമര്യാദകൾക്ക് അനുരൂപമായിരിക്കുന്നതും ആകുന്നു. സുറിയാനിക്രിസ്ത്യാനികളുടെ പ്രധാന വാസസ്ഥലങ്ങളായ തിരുവിതാംകൂർ കൊച്ചി സംസ്ഥാനങ്ങളിലെ നമ്മുടെ സമുദായത്തിന്റെ അവകാശക്രമത്തെ നടത്തിക്കുന്നതായൊരു ചട്ടവും ഇല്ലാത്തതു വലിയ കുഴപ്പങ്ങൾക്ക് ഹേതുഭൂതമായിതീർന്നിരിക്കുന്നു. ബ്രിട്ടീഷ് ഇന്ത്യയിലെ നിയമം ഇവിടെ പ്രയോഗിക്കുന്നതുകൊണ്ടു നമ്മുടെ നടപ്പിൽ അനേകം മാറ്റങ്ങൾ അനുവർത്തിപ്പെടുന്നതു നമുക്കു ഹാനികരവും നമ്മുടെ സ്ഥിതിയെ ഭേദപ്പെടുത്തുന്നതുമായി വരും.

സുറിയാനിക്കാരുടെ അവകാശക്രമം എന്നുപറഞ്ഞുകൊട്ടയം തഹശീൽദാർ അയയ്ക്കുന്ന കുഴിഞ്ഞുപോയ മുത്തച്ചൻനായർക്കു അവർക്കൾ ഒരു ചെറിയപുസ്തകം ഉണ്ടാക്കിയിട്ടുണ്ടായിരുന്നു. അതു ഗവർമ്മെണ്ടിനാൽ അംഗീകരിക്കപ്പെട്ടിട്ടില്ലാത്തതു മൂലം തർക്കവിഷയങ്ങളിൽ ഒരാധാരമായി നീതിന്യായകൊടതികൾ അംഗീകരിക്കാറില്ല. എന്നു മാത്രമല്ല ഇരു കാലത്തു നേരിടുന്ന കുഴപ്പങ്ങളായ സംഗതികൾക്കു ആവശ്യപ്പെട്ട സമാധാനം ഇരു പുസ്തകംകൊണ്ടു തീർപ്പുപ്പെടുത്തുവാൻ പാടില്ലാത്തവണ്ണം അതു അത്രഅപൂർണ്ണമായും ഉരിക്കുന്നു.

അവകാശക്രമം സംബന്ധിച്ചു തിരുവിതാംകൂർ ഹൈകൊടതിയിൽനിന്നു ഒരംയ്യിടെ നിശ്ചയിച്ചിട്ടുള്ള ചില വിധികൾ വായിക്കുമ്പോൾ നമ്മുടെ അവകാശക്രമങ്ങൾ കോടതി ശരിയായി ഗ്രഹിച്ചിട്ടില്ലെന്നും ഒരു വിധം അനാസ്ഥമായി മേലും ഇരുന്നാൽ വളരെ കുഴപ്പങ്ങൾക്കും അജഗജാന്തര മാറ്റങ്ങൾക്കും ഇടകൊടുക്കുമെന്നും ബോധപ്പെടും. ദൃഷ്ടാന്തമായി ഒരംയ്യിടെ ഉണ്ടായ രണ്ടുരണ്ടു വിധികളുടെ താല്പര്യം പറയട്ടെ.

ഒരു അടുത്തകാലത്തു ഉണ്ടായഒരുകേസിൽ ഭർത്താവിന്റെമുതലിന്റെ ഭർത്താവിന്റെയും കൂട്ടികളുടെയും മരണശേഷം അന്യഭവനത്തു പുനർവിവാഹം ചെയ്യപ്പെട്ടായ ഭാര്യയെ അവകാശിയാക്കി കല്പിച്ചു. മുതൽ ഉടമസ്ഥന്റെ സഹോദരന്മാരും അവരുടെ സന്താനങ്ങളുമാണെങ്കിലും അവസ്ഥയിലും അവകാശികളായി തീരുക പതിവു. ഒരു വാദപ്പെട്ട കെസിൽ കീഴമ്യാദയും നടത്തുവാനും പ്രകാരമുള്ള അവകാശികൾ തള്ളപ്പെട്ടുപോകയും ഒരു ഭവനംവിട്ടു അന്യഭവനത്തു അവകാശപ്പെട്ടുപോയ ഭാര്യ അവകാശിയാകയും ചെയ്തിരിക്കുന്നു. ഒരു വിധി ഉണ്ടാക്കപ്പെടുന്നതായാൽ എത്രകുടുംബം അവകാശമില്ലാതെപോകുന്ന അന്യസ്ത്രീകൾക്കു വശംവദരായി വരുമെന്നും എത്രമാത്രം കുഴപ്പങ്ങൾ ഉണ്ടാകുമെന്നും പറവാനുണ്ടോ. ഒരിക്കലും ഭേദപ്പെടുത്തുവാൻ പാടില്ലാത്ത ഒരു അവസാനവിധി ഹൈകൊടതിയിലും നിന്നു കല്പിച്ചിരിക്കുന്നതു ഇപ്രകാരമാണു.

ഇതുക്രമത്തെ പറയുവാൻ ഇല്ല അതുത്തിയിൽ ഉൾപ്പെട്ടതും പറയുവാൻ കൊട്ടയിൽ ഒരു സുറിയാനിക്കാരനായ ന്യായാധിപതിയുടെ മുമ്പാകെ

വിസ്തരിക്കപ്പെട്ടതുമായ ഒരു വ്യവഹാരത്തിൽ ഉത്തരപ്രമാണത്തിൽ ക്ക തന്നെ അതിനുശേഷം മുതൽ അവകാശമില്ലന്നു വിധിച്ചിരിക്കുന്നു. സുറിയാനിക്കാരുടെ ഒരു ഹിന്ദുക്കളുടെ ഒരുപോലെയാണന്നു വരുത്തിയിരിക്കുന്നു. സുറിയാനി കുഡുംബങ്ങൾ ഒരിന്നു പ്രവെശിക്കുന്നതു സ്വന്ത മുതലൊടുക്കുടി കുറെക്കുടെ അവകാശം കിട്ടുവാൻവെണ്ടിയാണ മുമ്പിനാലെയുള്ള അവകാശത്തെ നശിപ്പിച്ചുചുല്ലല്ലൊ. ഒരുകാൽ അവകാശമുണ്ടെന്നിരിക്കുന്ന അവകാശം ഒരുമുലം ഉപെക്ഷിക്കുന്നുമെന്നുവന്നാൽ ഏതു കുഡുംബങ്ങളിലെ അന്തഃരിദ്രം നേരിടുമെന്നു പറവാനുണ്ടൊ. ഇതിനു പ്രത്യെകം വിചാരിപ്പാനുള്ളതു വിധിച്ചശ്ശി ഒരു സുറിയാനിക്കാരനതെന്നുയാണന്നുള്ളതാണ. ഇദ്ദെഹം മൊസ്യാഉതര മറുനാടുകളിൽ താമസിച്ചിരുന്നതിനാൽ സുറിയാനിക്കാരുടെ നടപടിമനസ്സിലാകാഞ്ഞിട്ടൊ അവരുടെ അവകാശക്രമങ്ങളിൽ ഒരുമറിച്ചിൽ വരുത്താമെന്നു കരുതിയിട്ടൊ ഇങ്ങനെ ചെയ്തതെന്നു അറിഞ്ഞുകൂടാ. ഹൈകൊടതിവരം കെസിൽ അവസാനവിധി കല്പിച്ചിട്ടില്ല. ക്രൂതലായ ചിലതെളിവുകൾ വാങ്ങിക്കുന്നതിനു വിമാണ്ടു ചെയ്യിരികയാകുന്നു. ഇതിലും കുഴപ്പുനേരിട്ടതു അവകാശക്രമത്തെ വ്യക്തപ്പെടുത്തുന്ന നിയമം ഇല്ലായ്മതാണല്ലൊ.

മേൽപറഞ്ഞമാറങ്ങൾ എല്ലാറിനെക്കാളും ഗൌരവമായ വെറൊന്നു ഹൈകൊടതിയുടെ ബെഞ്ചിൽ വിധിയായിട്ടുണ്ടു. അതിൽ സഹൊദരസഹൊദരിമാർ ഉള്ളൊരു ക്രിസ്ത്യാനികുഡുംബത്തിന്റെ മുതലിന്മെൽ സഹൊദരനും സഹൊദരിക്കും സമാവകാശമുണ്ടെന്നു അലപ്പുഴ ജില്ലാകൊടതി നിശ്ചയിച്ചിട്ടുള്ള ഒരു വിധിമെൽ അപ്പീൽ അതുതന്നെ. ഒരാൾക്കു പുത്രന്മാരും പുത്രിമാരും ഉണ്ടായിരുന്നാൽ പുത്രിമാരെ സ്ത്രീധനം കൊടുത്തു കെട്ടിച്ചയക്കയും പുത്രന്മാർ അവകാശപ്പെടുകയുമാണു പണ്ടുപണ്ടെയുള്ളനാടുപ്പ. മെല്പറഞ്ഞ കെസിൽ പെൺമക്കളെയും തുല്യ അവകാശികളാക്കിയിരിക്കയാകുന്നു. എന്നാൽ ഇതിനു അവകാശപ്പെടുന്ന കക്ഷികൾ ലത്തീൻകാരാണന്നും സുറിയാന സമുദായത്തിൽപെട്ടവർ അല്ലന്നും ഒരു ആശ്വാസം ഉണ്ടു. എങ്കിലും അവരിലും നടപ്പുള്ള ആചാരം നമ്മുടെതുപൊലെയിരിക്കെ അതിനെ ഒരു വിധിയായി മാറ്റംവരുത്തുന്ന സ്ഥിതിക്കു നാട്ടുക്രിസ്ത്യാനികൾ എന്നുള്ള അവസ്ഥയിൽ സുറിയാനിക്കാരിലും ഒരു തുല്യതക്കും ഉണ്ടായാൽ ഒരു വിധി ഉപയൊഗപ്പെടുത്തുവാൻ ഇടവന്നെക്കാം. ഒരു കെസു ഹൈകൊടതിയിൽനിന്നു തീരുമാനിച്ചിട്ടില്ല.

മെൽപ്പറഞ്ഞ ദിക്ഷാന്തങ്ങളാൽ സുറിയാനി ക്രിസ്ത്യാനികളുടെ അവകാശക്രമങ്ങൾ അല്പകാലത്തിനിടയിൽ കീഴ്മെൽ മറിച്ചുകളയുമെന്നു ഭയപ്പെടെണ്ടിയിരിക്കുന്ന അങ്ങനെ വരുന്നപക്ഷം അതിനെതുടർന്നു ഏതുവ്യവഹാരങ്ങൾ ഉണ്ടാകുമെന്നും ഏതുഭവനങ്ങൾ നശിക്കുമെന്നും ഏതു അവകാശികൾ നിർധനന്മാരായും ഏതു ധനവാന്മാർ അവകാശികളായും തീരുമെന്നും പറയണമെന്നില്ല ഒരു വിധം സംഭവിക്കുന്നതിൽ നാം കൊടതികളൊടു വക്കാണിച്ചുകൊണ്ടു പ്രയൊജനമില്ല

ന്തു പലജാതിക്കാരായ ജഡ്ജിമാരാൽ ആധിപത്യം വഹിക്കപ്പെടുന്ന കൊടതികൾ നമ്മുടെ ക്രമം ശരിയായി അറിഞ്ഞിരിക്കണമെന്നു നിർബ്ബന്ധിക്കുമോ. വ്യവസ്ഥയായ നിയമം ഉണ്ടായിരുന്നാൽ അവക്ക് തെറ്റിക്കൂടാത്തതാണ്. അതില്ലാതിരിക്കുന്ന കാലത്തു ഇന്ത്യൻ പിന്തുടർച്ചാ അതുക്കും മേലെ വല്ലജാതികളുടെയും നടപടിയെ ക്ലൂപ്പപ്പെടുത്തുന്ന ചട്ടങ്ങളെ തന്നെപോലെ സൃഷ്ടിക്കുന്ന സാക്ഷികളുടെമൊഴികളെ അല്ലാതെ അവക്ക് ആശ്രയമില്ലായിരിക്കുന്നസ്ഥിതിക്കു കോട്ടുകാരെ കുറ്റം പറയുകയുമായിരിക്കും. കാനോൻ അപ്രാപ്തമായിത്തീരുകയുമാണ്. കാനോൻ ഒരുവേള ഭാഷാന്തരപ്പെടുത്തിയാലും ഒരുകാലത്തുണ്ടാകുന്ന തർക്കങ്ങൾക്കു ഒക്കയും പരിഹാരം അതിൽകാണുകയില്ല. കാനോനതന്നെയും എല്ലാ സുറിയാനിക്കാരും സമ്മതിക്കയില്ല.

ഇതുകയാൽ നമ്മുടെ അവകാശക്രമം സ്ഥിരപ്പെടുത്തുന്ന ഒരുനിയമം ഉണ്ടാക്കേണ്ട ആവശ്യകത മുമ്പെതന്നെ ഉണ്ടെങ്കിലും ഇപ്പോൾ അത്യന്തം വർദ്ധിച്ചിരിക്കുന്നു. ഗ്രന്ഥസിദ്ധചെറിയാൻ മെ. എ. ബി. ഏൽ പേപ്പർകൾ ഒന്നു എഴുതിയുണ്ടാക്കിയിട്ടുണ്ടെന്നു കേൾവിയുണ്ട്. വേണ്ടിയിരുന്നാൽ വല്ലഭേദഗതിമൊട്ടുകൂടി അതിനെ നിയമനിർമ്മാണസഭയിൽ നിന്നു പാസ്സാക്കപ്പെടുവാൻ ശ്രമിക്കേണ്ടതു അത്യന്താപേക്ഷിതമാണ്. എല്ലാവക സുറിയാനിക്രിസ്ത്യാനികളുടെയും പ്രതിപുരുഷന്മാരായ ചെന്നു ഒരു സംഘം ഒരുമിച്ചവിടെ കൂടി ഒരു നിയമത്തെ കഴിയുംവേഗം നന്നാക്കിയശേഷം സുറിയാനിക്കാരുടെ പ്രതിപുരുഷനായി നിയമനിർമ്മാണസഭയിൽ ഇപ്പോൾ ഇരിക്കുന്ന മ. രാ. രാ. കുരുവിള ഉപ്പുണ്ണീർ അവർകൾ മുഖാന്തരം സഭയിൽ ഹാജരാക്കിച്ചു പാസാക്കിക്കേണ്ടതാണ്. ഒരുവേള പൊതുസംഘംകൂടുവാൻ തരമില്ലാത്തപക്ഷം ഇപ്പോൾ എഴുതിയുണ്ടാക്കിയിരിക്കുന്ന നിയമം സഭയിൽ ഹാജരാക്കികട്ടെ. അവിടെനിന്ന ഗസറ്റിൽ നകരു പ്രസിദ്ധം ചെയ്യുമ്പോൾ എങ്കിലും പ്രധാനന്മാരുടെ കണ്ണു തുറക്കും. അവർ ആവശ്യമെന്നു തോന്നുന്ന അഭിപ്രായങ്ങൾ സഭയിലേക്കു എഴുതി അയക്കും. അപ്പോൾ ആവശ്യപ്പെട്ട ഭേദഗതികളൊടുക്കുടി നിയമം നടപ്പാക്കപ്പെടുന്നതിനു എളുപ്പമുണ്ട്. അപൂർണ്ണമായിരുന്നാലും ഒരുനിയമം നടപ്പാക്കികഴിഞ്ഞാൽ അനുഭവംകൊണ്ടു ഭേദപ്പെടുത്തുകയോ തിരുത്തുകയോ ചെയ്യുന്നതിനു പ്രാരംഭത്തിലെപ്പോലെ പ്രയാസം ഉണ്ടാകയില്ല. മെസ്സർ കുരുവിള അവർകൾ നിയമനിർമ്മാണസഭയിൽ ഇരിക്കുന്നകാലത്തു ഇതുസാധിക്കാത്തപക്ഷം ഒരു സമുദായത്തിന്റെ ഒരു പ്രതിപുരുഷനു സഭയിൽ ഇല്ലാതെ വരുന്നകാലത്തു അശേഷം സാധിക്കുന്നതല്ല. അതിനാൽ ഒരു കായ്യത്തിൽ സമുദായനായകന്മാരും അതിലെ പ്രധാനികളും ഉദ്യോഗസ്ഥന്മാരും വിശേഷാൽ മെസ്സർ കുരുവിള അവർകളും ഉറ്റുശ്രമിക്കേണ്ടതു ആവശ്യമാണെന്നു ഞങ്ങൾ പ്രത്യേകം ഓർപ്പിക്കുന്നു.

കല്യാണ വിരുന്ന (തുടർച്ച)

വഴിയുടെ ദുഷ്ടംനിമിത്തം 'ശുദ്ധമതി' 'ഉത്സാഹിയെ' പിരിഞ്ഞു തിരിച്ചുപൊന്നതിന്റെശേഷം 'അലസന്റെയും 'പിണക്കി'യുടെയും കൂട്ടത്തിൽതന്നെ ചിന്നയും വന്നുചേർന്നു. അവരപ്പഴും മുമ്പിലത്തെസ്ഥലത്തുതന്നെ ഇരുന്ന തീകായുകയും പഴമ പറഞ്ഞുരസിക്കയും ആയിരുന്നു. എങ്കിലും അവരുടെ സംസാരത്തിലും മുഖഭാവത്തിലും അശേഷം സന്തോഷമുണ്ടാകുന്നില്ലായെന്നും ആദിത്യൻ ഉദിച്ചുയരുംതോറും അവർ ക്രമേണ ക്ഷീണപരിശ്രാന്തന്മാരായ്തീരുന്നു എന്നും അവർ അവിടെനിന്നും ഏഴുന്നേറ്റു തങ്ങളുടെയാത്രയ്ക്കു ഒരിക്കലും പുറപ്പെടാൻ ഭാവമുള്ളവരല്ലന്നും ശുദ്ധമതി കണ്ടപ്പോൾ മുന്നമെ ദൂതൻ തന്നോടു കല്പിച്ചിട്ടുള്ളതിനെ ഓർത്തുറ ഉത്സാഹിയെ പിരിഞ്ഞുപൊന്നതു വലിയ ബുദ്ധിമോശം തനിക്കു തന്നെയായിപ്പോയി എന്നും ദൂതന്റെവാക്കിനെ പ്രമാണിച്ചു പ്രവൃത്തിക്കാഞ്ഞതു പരമാബദ്ധമായിപ്പോയെന്നും വിചാരിച്ചു നിഷ്ഫലമായ ദുഃഖഭാരവശ്യത്താൽ ഒരുനിമിഷം അവിടെ തന്നെ വിചാരബുദ്ധിയായി നിന്നുപോയി എന്നാൽ ഇങ്ങനെ വ്യസനിച്ചുനിന്നതുകൊണ്ടു ഇനി ഫലമില്ലന്നും ഒരും നാസ്തികന്മാരുടെ കൂട്ടത്തിൽ നിന്നു വേഗം പിരിഞ്ഞില്ലെങ്കിൽ ആശ എല്ലാം തീരെ പാഴായിപ്പോകുമെന്നും വിചാരിച്ചു ഉത്സാഹിയെ അന്വേഷിച്ചു ശൂന്യസ്ഥലത്തിലേക്കു തന്നെ ഏറ്റവും ധൈര്യത്തോടെ ചാടി വീണ്ടും യാത്രയാരംഭിച്ചു. എന്നാൽ ആവഴികൾഎല്ലാം അവനുമുമ്പിലത്തെതിലും വിഷമങ്ങളായിതോന്നി എന്തെന്നാൽ വഴികൾ ഏറ്റവും ഇടുങ്ങിയവയും മൾപടർപ്പുകളാൽ നിബിഡങ്ങളും ആയിരുന്നു എന്നമാത്രമല്ലാ സൂര്യരശ്മി നിരന്തരമായി പ്രകാശിച്ചുകൊണ്ടിരിക്കയും വായുവിന്റെ സ്പർശംപോലും ഇല്ലാത്തവയും ആയിരുന്നു. അവിടെയെങ്ങും യാതൊരുവൃക്ഷങ്ങളുടെ ഛായയോ കട്ടെ കുടിപാർപ്പുള്ള വീടുകളുകട്ടെ ഉണ്ടായിരുന്നില്ലാ. ആകയാൽ അതിലെക്കുടി കടന്നുപോവാൻ പ്രയാസമെന്നു കണ്ടപ്പോൾ അതു സാധു അവിടെനിന്നു ഉച്ചത്തിൽ കരഞ്ഞുപൊയി. ഇതു ഇവിടെ നിൽക്കട്ടെ.

അത്യന്തം ചൊടിപ്പൊടുക്കുടി ചാടിപുറപ്പെട്ട 'ഉത്സാഹി' കുഞ്ഞിന്റെ കഥ എന്തായി എന്നറിവാൻ വായനക്കാർക്കു അത്യുത്സാഹം കാണുമല്ലൊ. എന്നാൽ ഒരും സമയംകൊണ്ടു അവൻ എവിടെയായി എന്നു നിങ്ങൾക്കുതോന്നുന്നു. ഹാ ശുദ്ധമതി അവന്റെ കൂട്ടുപിരിഞ്ഞതിന്റെശേഷം താൻ ഏകാകിയായി സഞ്ചരിക്കുന്നു എന്നുള്ള വിചാരത്താലും അവൻ ദുർബ്ബലനായ ഒരു യുവാവമാത്രം ആയിരുന്നതുകൊണ്ടും തനിക്കു പോകേണ്ടവഴികൾ അപരിചിതങ്ങളാകയാലും ഉത്സാഹികുഞ്ഞിന്റെ ഹൃദയത്തിൽ അനല്പമായ ഒരു ചാഞ്ചല്യം ഉണ്ടായി. എങ്കിലും അതെല്ലാം അഗണ്യമായിവിചാരിച്ചു ദൂതന്റെ വാക്കിനെ മാത്രം വിശ്വസിച്ചുകൊണ്ടുനടന്നുതുടങ്ങി. എന്നാൽ ആദിത്യൻ ഉദിച്ചു നന്നാകിളന്നിരുന്നുവെയിലിനും ചൂടായിതുടങ്ങിയതിനാൽ അവനു ക്ഷീണവും അലസ്യവും വരികയാൽ സമീപെകണ്ട ഒരു പുൽത്തകടിയിൽ ഒന്നുരണ്ടു

ചെറിയ കാട്ടുകൾ ഉണ്ടായിരുന്നതിന്റെ തണലിൽ കിടന്നൊന്നുറങ്ങി അസാരം ഒന്നു വിശ്രമിച്ചാൽ കൊള്ളാമെന്നു അവനു ഒരു മോഹം തോന്നി. അങ്ങോട്ടടുത്തു ചെന്നപ്പോൾ ആ തകടിയിൽ ഒരു സഞ്ചി കിടന്നു കണ്ണുരുട്ടുന്നതു കണ്ടു അവൻ നന്നായി ഭയന്നു. ഇനിയും താൻ നിശ്ചയിച്ചിരുന്ന സ്ഥലത്തു എത്തുന്നതുവരെ എങ്ങും ഇരിക്കയില്ലെന്നു സങ്കല്പിച്ചുകൊണ്ടു അവിടെനിന്നും നടക്കയായി എന്നാൽ ചൂടുബഹുകഠിനമായിരുന്നതിനാൽ വിശപ്പും അതിലധികം ദാഹവും തനിക്കുണ്ടായി. അപ്പോൾ തന്റെ ഭാണ്ഡമഴിച്ചു "കബ്ബാനു" എന്ന അപ്പത്തിൽ ഒരു കഷണംഎടുത്തു ഭക്ഷിച്ചു. ഭക്ഷിച്ചുകഴിഞ്ഞപ്പോൾ പകൽ ആദിത്യനെ എങ്കിലും രാത്രിയിൽ ചന്ദ്രനെങ്കിലും നിന്നെ ഉപദ്രവിക്കുകയില്ലാ എന്ന ഒരു അശരീരവാക്കു അവന്റെ കണ്ണാടിയാരത്തിൽ തിങ്കിയറി അനന്തരം ആശ്വാസത്തോടെ അവൻ മുമ്പോട്ടു ശീഘ്രം നടന്നു. നടന്നുപോകുമ്പോൾ വഴിയുടെ ഇരുഭാഗങ്ങളിലും അഗാധമായ കുഴികളും നിരത്തി കണികളും കുരുകളും വച്ചിരിക്കുന്നതുകണ്ടു. ചില കുഴിയുടെ വക്കത്തു മണ്ണടിഞ്ഞു ഇളകി കിടക്കുന്നതുകണ്ടാൽ ആരൊ അതിൽ വീണതിന്റെ ശേഷം കരകേറുവാൻ എത്രമാത്രം പ്രയത്നിച്ചു എന്നുള്ളതിനു നല്ലസാക്ഷിയായിരുന്നു. അതല്ലാതെ അസ്ഥികൾ പൊലെയുള്ളതു ഏതാണ്ടു ആ കുഴിയിൽ അങ്ങുമിങ്ങും കിടന്നതു ഒന്നോരണ്ടോ തവണ കണ്ടുഎന്നും അവനുതോന്നി. നേരംപുലരുന്നതിനുമുമ്പെ ഈ ദുഷ്ടവഴികടപ്പാൻ സംഗതിയായതിനെക്കുറിച്ചു അപ്പോൾ ആയിരുന്ന അവനു മനസ്സിനു അധികം നന്ദിതോന്നിയതു. ഇവിടെനിന്നും കുറെ ദൂരം നടന്നുചെന്നപ്പോൾ വഴിയുടെഇടത്തു ഭാഗത്തുള്ളപള്ളകാട്ടിൽ ഏതാണ്ടൊ അനങ്ങുന്നുണ്ടെന്നു അവനു തോന്നി. അവൻനല്ല സൂക്ഷ്മബുദ്ധിയായ ഒരുയുവാവായിരുന്നതിനാൽ വല്ല ആപത്തുകളും വന്നേക്കുമെന്നു കരുതി തലപൊന്തിച്ചുനൊക്കിയപ്പോൾ അതൊരു ഷൊരജന്തുവാണെന്നു അവനുമനസ്സിലായി ഒരാശ്രയം ഇല്ലാത്ത അവൻകാട്ടിൽ വച്ചു ഏകാകിയായ ഇവന്റെ സ്ഥിതി അപ്പോൾ എന്തായിരിക്കണം. അതുക്രമേണ അടുത്തുവരികയും നിർഭയമായി ഇവന്റെ നേരെ കണ്ണുരുട്ടുകയും പല്ലുഞറുമ്മുകയും ചെയ്യുന്നതുകണ്ടപ്പോൾ അവശ്യം താനിതിനു ഇവിടെവച്ചു ഇരയായി തീരുമെന്നു അന്ധാളിച്ചു വിഷണ്ണനായി അല്പനേരത്തേക്കു അവിടെ സ്തംഭിച്ചു നിന്നുപോയി. തൽക്ഷണം അവൻ വടിവാളിന്റെ ശക്തിഓർത്തു. "തിന്മപെട്ടവനിൽനിന്നു എന്നെരക്ഷിക്കെണമെ" എന്നു പ്രാർത്ഥിച്ചുകൊണ്ടു അതു വടിയിൽനിന്നു വലിച്ചുരിയപ്പോൾ അതിന്റെ മിന്നൽ കണ്ടിട്ടൊഎന്തൊ എനിക്കറിഞ്ഞുകൂടാ അതു ദുഷ്ടമൃഗം ഒരുവലിയ അലർച്ചയോടുകൂടി തിരികെ കാട്ടിലെക്കു തന്നെ എടുത്തു ചാടി. ഉടനെ ഉപവാസംകൊണ്ടും പ്രാർത്ഥനകൊണ്ടുമല്ലാതെ ഒരു ജന്തു നീങ്ങിപ്പൊകയില്ല" "പിശാചിനൊടു ഏറ്റുത്തു നിൽക്കു എന്നാൽ അവൻ നിന്നിൽനിന്നു ഓടിപ്പൊകും" എന്ന കണ്ണാനന്ദകരമായ സ്വരത്തിൽ ഒരുശബ്ദംകേട്ടഏന്നു അവനു തോന്നി. അവിടെനിന്നും അവൻ ഹൃദയാഹ്ലാദത്തോടെ മുമ്പോട്ടു കുതിച്ചു നടന്നാറെ പി

ന്നെ ഒരു നദിത്തീരത്തുവന്നാണ വശായത്- ഇതിലെങ്ങും നിലവണ്ണ
മുള്ളതും ഒഴുക്കും മലരിയും അത്യന്തം കഠിനമായിട്ടുള്ളതുമാകുന്നു- ഇതു ന
ദിയുടെ കിടപ്പും ഭാവവും കണ്ടാൽ ഏതു ഗംഭീരാശയന്മാക്കും സംഭ്രമം
തോന്നാതിരിക്കയില്ല- ഇതിലിറങ്ങി ക്ഷേമത്തോടു കരകയറിയിട്ടുള്ള
യാത്രകാർ വളരെ ദുർല്ലഭമാണെന്നാണ ഒരു കേൾവിയുള്ളതു- ഈ വ
ഴിയെ നടന്നും ഈ കടവുകടന്നും ചെല്ലുന്നവക്കല്ലാതെ യാതൊരുത്ത
ക്കും മറുതായ കല്യാണ ഗൃഹത്തിലെത്തുവാൻ കഴിവുണ്ടാകുന്നതല്ല
തു- ഈ നദിക്കൊരു പേരുമുണ്ട- അതു 'മരണം' എന്നാകുന്നു- കല്യാ
ണക്ഷണനത്തിനു വന്നിരുന്നതുകൊണ്ടു ഈ ആറിനെപ്പറ്റിയുള്ള വിവര
ങ്ങൾ വിസ്തരിച്ചിട്ടുണ്ടായിരുന്നതു ഉത്സാഹിക്കുന്നതിനു നല്ലൊരുത്തേജ
കമായിരുന്നതിനാൽ ഇതിലെ ഭയപ്പാടൊന്നും അവനത്രക്കുണ്ടാകുന്നില്ല- സാ
രമായ കായ്യങ്ങൾ ഒരാൾ പ്രവൃത്തിക്കാൻ ഭാവിക്കുമ്പോഴത്തെപ്പോല
യുള്ള കരുതലായ ഒരുക്കങ്ങളോടുകൂടി ദീർഘശ്വാസമിട്ടു അവനുംതലയും
മുറുകി തനിക്കുസ്നേഹിതന്മാരായി ഉപയോഗിച്ചുപോന്ന വാളും ഭാണ്ഡ
വുമെല്ലാം വച്ചുകെട്ടി നമ്മുടെ ഉത്സാഹിക്കുന്ന ഈ നദിതരണത്തിനാ
യി അരംഭിച്ചു- എന്റെ അഭ്യർത്ഥനയോടുത്തിരുന്ന ഇവൻ അത്ര പ്രയാസവും
ബിംബിപ്പുവും കൂടാതെതന്നെ കരയ്ക്കു കയറുമെന്നു ഞാൻ വിചാരിച്ചു-
എന്തെന്നാൽ അമ്മാതിരി നീന്തിനു അത്രതാമസം വേണ്ടിവരികയില്ലെന്നു
ഞാൻകണ്ടു- എന്നാൽ കലാശം അങ്ങിനെയല്ലാ അവസാനിച്ചതു- പി
ന്നെ ഒട്ടുവളരെ നീന്തിമിക്കവാറും കരയോടടുക്കാറായപ്പോൾ എങ്ങനെ
യോ ഒരു മലരിയിലകപ്പെട്ടു വീണ്ടും താണുപോകാൻ സംഗതിയായി. ഒന്നു രണ്ടു
വിനാഴികയായിട്ടും പൊങ്ങികാണായ്കയാൽ ഇവനെന്റെകയ്യും പോ
കുവിട്ടായി എന്നുഞാൻഉറച്ചു. ഒടുവിൽ അവൻ ഇക്കാണുന്ന ഴത്തെ ഒ
രുവളവിൽ കിടന്നു ഇങ്ങനെ നിലവിളിക്കുന്നതു കേട്ടു- "വെള്ളം വീ
ഞ്ഞാകികൊടുപ്പാൻ തന്റെഓമനമകനെ കാണായിരുന്നുവച്ചുസമ്മതപ്പെ
ടുത്തിയ തമ്പുരാന്റെ അമ്മെ പാപിയായ എന്നെ ഈ ചുഴലിയിൽനി
ന്നും കുഴഞ്ഞ ചേറിൽനിന്നും പിടിച്ചുകേറ്റുവാൻ നിന്റെ പുത്രനെ
ഇനിക്കു പറഞ്ഞയക്കേണമെ" എന്നായിരുന്നു- ഉടനെ ഇതിനുത്തരം
എന്നപോലെ "നീ പ്രാണഭയത്തിനുകൂടി പോരാലും അതു നിന്നെ ക
വികയില്ല" എന്ന കാഹളത്തിൽ എന്നപോലെ ഒരുശബ്ദംകേട്ടു- അ
രാണ തന്നെ ഇപ്രകാരം സാന്ത്വനവചസ്സുകളെകൊണ്ടു സമാശ്വസി
പ്പിക്കുന്നതെന്നറിവാനായി മേല്പോട്ടു ദൃഷ്ടി ഉയർത്തിയപ്പോൾ സ്വർണ്ണ
മയമായ ഒരുപൂരദ്വാരം തന്റെനേരെ തുറന്നിരിക്കുന്നതു അവൻ കാ
ണുന്നുംകുന്നുതോന്നി- അതിൽ അസംഖ്യം സ്വർഗ്ഗീയസൈനികളെയും അ
വരുടെ നടുവിൽ "സൂര്യനെധരിച്ചും ചന്ദ്രനെ മെതിച്ചും പന്ത്രണ്ടു ന
ക്ഷത്രങ്ങൾകൊണ്ടുണ്ടാകിയ ഒരുകിരീടം ചൂടിയ" ഒരു സ്ത്രീയെയും കാ
ണുന്നു- താൻ ക്ഷീണിച്ചുവരുന്ന വർവുനോക്കികൊണ്ടു തന്നെ താങ്ങാ
നുള്ളഭാവത്തിൽ അവൾ നിൽക്കുയാകുന്നുഎന്നും അവൻ ഊഹിച്ചു- ഇ
വരിൽ ചിലർ എരിയുന്ന അഗ്നിപോലെയുള്ള കിരീടങ്ങളെ ധരിച്ചു
സഞ്ചരിക്കുന്നുണ്ടെന്നും അവനു തോന്നി- അപ്പോൾ ഏതയും സന്തോഷ

പരിപൂർണ്ണമായി തീരുന്നു. അവരുടെ മദ്ധ്യത്തിനു എളുപ്പം എത്തണമെന്നുള്ള വാഞ്ഛയാൽ അവൻ ഇതാ നീന്തിത്തുടിക്കുന്നു. എന്നാൽ കാലിന്റെ കുഴപ്പംകൊണ്ടു നീന്തിനു അത്ര വേഗതയുണ്ടാകാതെ അവൻ കിടന്നു കാഞ്ഞൊന്നു പരുങ്ങുന്നു. ഒടുവിൽ ഇതാ അവൻ സന്തോഷചിത്തനായി കരകയറിവരുന്നു. അപ്പോൾ അവന്റെമുമ്പാകെ ഇതാ നിമ്നമായ ഒരുവഴി കാണപ്പെടുന്നു. അവൻ അതിലൂക്കുടി ഓടുന്നു. അനന്തരം ഇതാ വിശാലമായ ഒരുപന്തലിൽ വന്നുചേരുന്നു. അതെ ഈ പന്തലിനു ഒരുപേരുള്ളതും 'പറുദീസാ' എന്നാകുന്നു. അവിടെ അവൻ എത്തിയ ഉടനെ വിരുന്നുപ്രമാണി ഒരുമുടിവരുത്തി അവന്റെ തലയിൽവച്ചു. അതു പൈരവും പുഷ്പരാഗവുംപോലെ ശോഭയുള്ളതായിരുന്നു. "നിമരണംവരെ വിശ്വസ്തനായിരിക്ക, ഞാൻ നിനക്കു ജീവന്റെ കിരീടംതരും"- എന്നു തങ്കലക്ഷരത്തിൽ അതിന്റെ വക്കിൽ കൊത്തിയിരുന്നു. അനന്തരം അവിടെയുണ്ടായിരുന്ന ഭാഗ്യക്കുട്ടങ്ങൾ എല്ലാം അവനു ചുറ്റുംവന്നുനിന്നു ആനന്ദസൂചകം ചെയ്യുവാൻ തുടങ്ങി. അപ്പോൾ അവന്റെമുഖം ശാണഘൃഷ്ടം ചെയ്യപ്പെട്ടതായ യസ്തികല്ലുപോലെ ശോഭിച്ചു. അവന്റെ ഹൃദയവും ആശാശോഭകളെ കൊണ്ടുവിങ്ങി. അപ്പോൾ അവൻ വഴിയുടെദുർഘടവും വെയിലിന്റെ ചൂടും കാട്ടുമൃഗങ്ങളുടെ കണ്ണും നദിയിലെ ചുഴലിയും ഒന്നും സാരമുള്ളതല്ലെന്നു വിചാരിച്ചു.

ഇങ്ങനെയിരിക്കുമ്പോൾ ഒരുദിവസം വിലസുന്ന മുഖകമനങ്ങളോടുകൂടിയ ഒരാൾ വന്നു നമ്മുടെ ഉത്സാഹിക്കുഞ്ഞിനെ ഈ മഹാത്മമേലിപ്പ സംഘത്തിൽനിന്നും ഇതിലും മഹത്തായ അകത്തെ മണവറയിലേക്കു ക്ഷണിക്കൊണ്ടുപോയി. അതിലെ വിശേഷങ്ങൾ എന്തല്ലാമാണന്നു വെളിക്കുനിന്നു അറിഞ്ഞുകൂടാത്തതിനാൽ അവനു അവിടെ എന്തെല്ലാം സംഭവിച്ചു എന്നു പറവാനുള്ള പ്രാപ്തി ഇനിക്കില്ല

എന്നാൽ ആ ഭാഗ്യക്കൂട്ടത്തിൽനിന്നു ഇവനൊരുത്തൻ വിളിച്ചു അകത്തുകടത്തിയതിന്റെ ഉദ്ദേശ്യം എന്താണെന്നറിവാൻ ഇനിക്കൊരു മോഹം തോന്നി. ഒട്ടുംതാമസിയാതെ അതിനുകാരണം ഞാൻഅറിഞ്ഞു. നമ്മുടെ ഉത്സാഹിക്കുഞ്ഞിനു വേണ്ടി തന്റെ കൊച്ചുപെങ്കൊച്ചു കുഞ്ഞന്നാമ്മ വിശ്വാസത്തോടു കൂടിച്ചേർന്ന അണപ്പിക്കുകയും ജാഗ്രതയായിപ്രാർത്ഥന, ധർമ്മങ്ങൾ മുതലായവ ചെയ്കയും ചെയ്തതിന്റെ ഫലമായിട്ടാണ തന്റെ സഹോദരനു ഈ ഉയർച്ച പ്രാപിപ്പാൻ സംഗതിയായതെന്നു ഇനിക്കു മനസ്സിലായി. ഇങ്ങിനെയാണു ഉത്സാഹിക്കുഞ്ഞിന്റെ കഥ. ഇനി പറവാനുള്ളതു ശുദ്ധമതിയെക്കുറിച്ചാണല്ലൊ. അതും ഇതുപോലെ മറെറാരവസരത്തിലാകാം. കെ.

ലേഖനദൈർഘ്യം കുഴിയുംമട്ടും കുറയ്ക്കുവാൻ ശ്രമിക്കണം.—പ.

സൂചനകൾ

കസ്സോൻ—സുറിയാനി കത്തീഡ്രൽ പുസ്തകങ്ങൾ അച്ചടിക്കുന്നതിൽ തങ്ങൾ കക്ഷി ചേരുന്നതിൽ തങ്ങൾക്കൊള്ളാമെന്നും എന്നു അഭിപ്രായം അറിയാൻ ഒരുപട്ടക്കാരൻ കഴിഞ്ഞ ഒരു പത്രികയിൽ എഴുതിയിരുന്നു. ലേഖനത്തിനു കിടിയിൽ ഒരു മറുപടി കഴിഞ്ഞപത്രത്തിൽ ചേർത്തിരുന്നുവല്ലോ. പോരെങ്കിൽ കൂടെ വന്നിട്ടുണ്ട്. താല്പര്യം ഒന്നുതന്നെയാണ്- ഞങ്ങളും ഈ ലേഖകന്മാരുടെ അഭിപ്രായത്തിലാണ് ചേർന്നിരിക്കുന്നു. കത്തീഡ്രൽ അക്ഷരത്തിൽ തങ്ങൾ ചേർന്നാൽ ഈ പുസ്തകം ഉപയോഗപ്പെടുത്തുവാൻ തക്കം ഉണ്ടാകുന്നതു പ്രയാസമാണ്- അച്ചടിപ്പിക്കുന്ന ഒരു പുസ്തകം പിന്നീടു മുതലെടുക്കാൻ കഴിയുന്നതുപോലെ സഹായിക്ക

ക്രിസ്തുമസ്—ഈയ്യാണ്ടത്തെ ക്രിസ്തുമസ് ഇംഗ്ലീഷുകാർ വിശേഷ വിധത്തിൽ സന്തോഷിക്കയുണ്ടായി- തിരുനക്കരയും ചാലിയക്കുന്നിലും ഉള്ളവർ രണ്ടു ഭാഗമായി ഒരുപക്ഷ മത്സരത്തിൽ ദീവെട്ടി, പെടി, പടക്കം, കൊടി, കൊട മുതലായ ആഘോഷങ്ങളോടുകൂടി പ്രദക്ഷിണങ്ങളും പാട്ടുകളും നടത്തി- ഒന്നു രണ്ടു ദിവസം മാത്രം കാവുണ്ടായിരുന്നു. അവ "അച്ഛന്റെ മുമ്പിലിട്ടു തല്ലുന്ന എന്തോന്നും മുണ്ടിൽപിടിക്കുന്ന വിലങ്ങുതടിയും" തന്നെ- ഈ ആഘോഷങ്ങളിലും അതിലെക്കുണ്ടായ പണപ്പിരിവിലും സ്ഥലത്തെ നവീകരണക്കാരും ചെന്നുകൊണ്ടു സുറിയാനിക്കാരുടെ ക്രിസ്തുമസിനും ഒരു തുല്യ ഘോഷം ഉണ്ടായിരുന്നു. സുറിയാനിക്കാരുടെ പെരുന്നാളുകളെയും ആഘോഷങ്ങളെയും മൂഢതകളായി വിചാരിച്ചു അവഹേളിക്കുന്ന ഇവർ ഇതിനെ കൊണ്ടോടിയാൻ തുടങ്ങിയിരിക്കുന്നതു ആശ്ചര്യം. "വൃഭിചാരം ചെയ്യരുതെന്നു പറയുന്ന നീ തന്നെ വ്യഭിചാരം ചെയ്യുന്നുവൊ" എന്നർത്ഥപ്രകാരം ഇവരോടു ചോദിക്കയില്ലയൊ എന്നു സംശയിക്കുന്നു.

❖ ❖ ❖

ഒരുമാപകീർത്തിക്കേസു—കഴിഞ്ഞപത്രികയിൽ "ഒരു വ്യവഹാരം" എന്ന തലവാചകത്തിൽ ചേർത്തിരുന്ന പ്രസ്താവന അപകീർത്തിയാണെന്നുപറഞ്ഞു സ്ഥലം മുൻസിഫ്കോടിലെ ഒരു വക്കീൽ ഞങ്ങൾക്കു ഇയ്യിടെ ഒരു നോട്ടീസയക്കയുണ്ടായി. അപകീർത്തിയുടെ സ്വഭാവം വിചാരപ്പെട്ടതിനിടയിൽ ഞങ്ങൾ മറുപടി അയച്ചു. വിഷമം ഒന്നും ഴുണ്ടായില്ല. അപവാദിയുടെ സ്വഭാവം ഒന്നു വ്യക്തപ്പെടുത്തി പറഞ്ഞാൽ കൊള്ളാമെന്നു ഞങ്ങൾക്കു അഭിപ്രായമുണ്ടായിരുന്നു- അദ്ദേഹം പ്രത്യക്ഷപ്പെടുന്നപക്ഷം അതിനും ഞങ്ങൾ തയ്യാറായിരിക്കുന്നു.

❖ ❖ ❖

പുതിയപ്രസംഗി—റസ്സൽ എന്നൊരു പാതിസാഹു ഇയ്യിടെ സ്ഥലത്തെ ഇംഗ്ലീഷുപള്ളിയിൽ പ്രസംഗങ്ങൾ നടത്തിയിരിക്കുന്നു. ദേശീയിനെപ്പോലെയുള്ള ലഹളകളിൽ പിശകുകളിൽ ഒന്നുമില്ലായിരുന്നു. (ഇതിലപ്പുഴ അംഗീയാ പള്ളിയിൽവച്ചു ഇദ്ദേഹം പറഞ്ഞ പ്രസംഗത്തിൽ ജ്വായൊകയും ഉണ്ടായിരുന്നു എന്നു സോക്രട്ടിസും പറയുന്നു) ഒരു ദിവസം പ്രസംഗത്തിൽ ഒരുചതിരും പറഞ്ഞതു അംഗീയാകാരായ കേൾവിക്കാർ ശ്രദ്ധവച്ചു കേട്ടിട്ടുണ്ടെങ്കിൽ വഴക്കെന്നാണ്ടായി. ആ കഥ എന്നാണാൽ- "ഒരു സ്ഥലത്തു കുറെ കുട്ടികൾ ക്രിക്കറ്റ് (പന്തു) കളിച്ചു- ജയശാലിയായി പോയ കുട്ടിയെ ശേഷം കുട്ടികൾ തോളിൽ എടുത്തു ആഘോഷമായി പ്രദക്ഷിണം ചെയ്തു അവരുടെ പ്രധാനന്മാരുടെ കൂടിയെ അഭിനന്ദിച്ചുപോയ്ക്കൊള്ളുമ്പോൾ കൂട്ടി പറഞ്ഞ മറുപടി എന്നൊരുപ്രധാന കുരുടനായിരുന്ന മതിപ്പോയി- ഇപ്പോൾ കണ്ണുതുറന്നവനായിരിക്കുന്നു. എന്നെ ജയത്തെക്കുറിച്ചു സന്തോഷിക്കും" ഈ കഥ ഉദാഹരണമാക്കി ദൈവത്തിന്റെ ദൃഷ്ടിയെക്കുറിച്ചു പറകയുണ്ടായി. ആ കഥ അംഗീകരിച്ചുമായി വിചാരിക്കുന്നപക്ഷം മറിച്ചുവർ ജീവികളിടെ സ്ഥിതിയെ അറിഞ്ഞുകൊണ്ടിരിക്കുന്നുണ്ടെന്നുണ്ടെല്ലൊ വിചാരിക്കേണ്ടതു. പിന്നെ അവരോടു പ്രാർത്ഥിച്ചാലുള്ള ദോഷം എന്തായിരിക്കുമൊ.

❖ ❖ ❖

ഇടവകപത്രിക—ഈമാസത്തോടുകൂടെ പത്രികയുടെ ൩-ാം വയസ്സു തികയുന്നു. ഇതുവരെത്ത പത്രികയുടെ ഒരുപരിഷ്കാരം ആലോചിച്ചിട്ടുണ്ടു- സുറിയാനിപ്പള്ളിക്കാർ അവരുടെ കുർബാനയായി സുറിയാനി പുസ്തകത്തിൽ ഉപയോഗിച്ചു വരുന്ന എങ്കിലും പൂർണ്ണ അറിവുള്ളവർ തുലോം അപൂർവ്വമാണ. അറിവുള്ളവരും പ്രയോഗമില്ലാത്തതുകൊണ്ടു അതിനെ വർദ്ധിപ്പിക്കുന്നില്ല. അതിനാൽ പള്ളക്കാരുടെ ഉപയോഗത്തിനും ഭാഷയുടെ അഭിവൃദ്ധിക്കും വേണ്ടി രണ്ടുപെയിജിൽ അധികപ്പെടാതെ വർത്തമാനസ്ഥലം സുറിയാനിഭാഷയിൽ പ്രസംഗങ്ങളൊ വർത്തമാനങ്ങളൊ കവിതകളൊക്കൊണ്ടു പൂരിപ്പിക്കപ്പെടണമെന്ന ആലോചിച്ചുവരുന്നു. സുറിയാനിയിൽ ഗദ്യങ്ങളായും പദ്യങ്ങളായും എഴുതാവുന്നവർ എഴുതിയയച്ചാൽ തങ്ങൾക്കും വായനക്കാരായ പള്ളക്കാർക്കും ഉപകാരികളായിരിക്കും. കൊച്ചുകുന്നാരും വിദ്യാർത്ഥികളായ ശെമ്മാശന്മാരും ക്രോശ്ശ് എഴുത്തുവാൻ ശ്രമിച്ചാൽ നന്നു.

❖ ❖ ❖

ലേഖകന്മാർ ശ്രദ്ധിപ്പാൻ—വ്യക്തമായകയ്യക്ഷരത്തിൽ അനക്ഷരങ്ങൾക്കുടാതെ കടലാസിന്റെ ഓരോ വശത്തുമാത്രം എഴുതിയും ക്ഷ-ന്ന—ക്കകം ജ്ഞ തുടങ്ങിയ കൂട്ടക്ഷരങ്ങൾ വിധവും ലേഖനങ്ങൾ അയയ്ക്കുന്നതു നന്നായിരിക്കുന്നു— ൽ- പ-

വിശേഷവർത്തമാനങ്ങൾ

ഇൻഡ്യാ ഇംഗ്ലീഷു ഭരണത്താൽ ക്രമേണ നശിക്കുകയാണന്നു അനേകം സംഗതികളും സൂചിപ്പിക്കുന്നു. ഇപ്പോൾ കാണുന്നു ഒരു ഇംഗ്ലീഷുകാരൻതന്നെ ഒരു ഇംഗ്ലീഷുപത്രത്തിൽ എഴുതിയിരിക്കുന്നതായി കാണുന്നു

കൊച്ചി വലിയതമ്പുരാൻ തിരുമനസ്സുകൊണ്ടും തിരുവിതാംകൂർ ഇളയതമ്പുരാൻ തിരുമനസ്സുകൊണ്ടും ഡിസംബർ ൨൨-൦ നു- അപരാഹ്നത്തിൽ പരിവാരങ്ങളോടുകൂടി മദ്രാസിൽ ചെന്നെത്തിയിരിക്കുന്നു.

ഇപ്പോൾ ഏതതിയ നവവത്സര സ്ഥാനമാനപ്പട്ടിക പ്രകാരം ദിവാൻ ശങ്കരസുബ്ബയ്യർ ഇൻഡ്യാ എമ്പയറിന്റെ ഒരു കമ്പാനിയൻ (ഇൻഡ്യാ മഹാരാജ്യ സംഘാതി) ആക്കപ്പെട്ടിരിക്കുന്നു,,.

കൊച്ചി സർക്കാർ വക മലയാം ഗാട്ട പട്ടാളത്തിലെ ഒരു ശിപായി ഈ മാസം ൨൦നു- പീരുക്കിവെടി പൊങ്ങുന്നതിനുള്ള ശ്രമങ്ങൾ ചെയ്യുമ്പോൾ യാദൃശ്ചയാ എങ്ങിനെയൊ പെട്ടിമരുന്നിനു തീപിടിക്കുകയും ആ അപകടത്തിൽ അകപ്പെട്ടു ടിയാൻ മരിച്ചുപോകയും ചെയ്തിരിക്കുന്നു.

കൊറായിൽനിന്നു ൩൦ മയിൽ ഉത്തരഭാഗത്തായിട്ടു വാങ്കാരംകാൻ എന്നപർവ്വതത്തിൽ കീർത്തിപ്പെട്ട ഖാജാ ദുർഗ്ഗ് ഉണ്ടാക്കപ്പെട്ടിരിക്കുന്ന സ്ഥലത്തു പർവ്വതത്തിനു നൂറ്റാണ്ടിന്റെ ഉയരമുണ്ട്. ആ തുരുത്തിനു ൧൫൦൦ വീതം നീളവും രണ്ടുമൈൽ വണ്ണിപ്പാടം ഉൾവാൻതക്ക വിസ്താരവും ഉള്ളതായി കേൾക്കുന്നു.

കഴിഞ്ഞ കൊല്ലം ഈ ദിക്കുകളിൽ സഞ്ചരിച്ച ഡോക്ടർ എന്ന ക്രിസ്തുമത പ്രാസംഗികന്റെ ഉപദേശംകേട്ടു "മനസ്സുതിരിഞ്ഞിരിക്കുന്നു" എന്നംപറഞ്ഞു അന്നുമുതൽ പ്രസംഗിച്ചു തന്നെ കാലക്ഷേപം ചെയ്യുന്നവരും ഇപ്പോൾ സമീപസ്ഥനുമായ വാലേൽ ചാണ്ടി എന്ന പേരായ ഒരു മാപ്പിള കഴിഞ്ഞ വൃശ്ചികം ൨൨നു- മുതൽ "ക്രിസ്തുവിനാൽ തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള എല്ലാവരും,, അയാളുടെ ഭവനത്തിൽചെന്നു മേൽപ്പറഞ്ഞ ഏകയോഗക്ഷേമമായി ആനന്ദിച്ചിരിക്കേണ്ടതാണന്നു ഒരു ദർശനം കണ്ടിരിക്കുന്നുഎന്നും ഇതിൻവണ്ണം ഇതുവരെ ആശ്രമം വന്ന മേന്നിട്ടില്ല എങ്കിലും വിവരം മനോരമയിൽ പ്രസാധികണമെന്നും നിഷ്കർഷമായി അപേക്ഷിച്ചിരിക്കുന്നു. മ. മ.

നായ്ക്കളെക്കുറിച്ചു പല കഥകളും കേൾക്കാറുള്ളതിൽ ഒക്കയും ആശ്ചര്യകരമായിട്ടുള്ള ഒരു പ്രാസുവകഥ ഒരുപത്രത്തിൽ കാണുന്നു. ഒരാൾ എഴുത്തുകൾ തപാലിൽഇടാൻ പോകുന്ന സമയം പതിവായി തന്റെ നായെ കൂടെ കൊണ്ടുപോകയും തപാൽ പെട്ടിയുടെ മൂടിക മുകളിൽ എഴുത്തുകൾ അതിലേക്കു ഇടാൻ അതിനെ ക്രമേണ ശീലിപ്പിക്കുകയും ചെയ്തതിന്റെ ശേഷം പതിവായി എഴുത്തുകൾ ഏല്പിച്ചു നായെതന്നെ അയച്ചു തുടങ്ങി. ഈ ക്രമത്തിൽ ഒരിക്കൽ ഒരു എഴുത്തുകൾ ഒരുമിച്ചു ഏല്പിച്ചയച്ചതിന്റെ അല്പ സമയം കഴിഞ്ഞപ്പോൾ പട്ടി ഒരെഴുത്തുംകൊണ്ടു തിരിച്ചു വരികയും നോക്കിയപ്പോൾ അതിനു തപാൽമുദ്ര ഒട്ടിച്ചിട്ടില്ലന്നു കാണപ്പെടുകയും ചെയ്തുവത്രേ. മ. മ.

പല ദിക്കുകളിലും ക്ഷാമം വർദ്ധിച്ചിരിക്കുന്ന ഈ കാലത്തു ബൊമ്പായിയിലുള്ള പല ധനികന്മാർ ധാന്യങ്ങൾ വാങ്ങിയ വിലയ്ക്കുതന്നെ വിൽപ്പാൻ തക്ക ഏർപ്പാടുകൾ ചെയ്തിരിക്കുന്നതു ശ്രുതമായിരിക്കുന്നു. ഒരുധനികൻ വില കുറവായിരുന്നകാലത്തു താൻ വാങ്ങിച്ചു ശേഖരിച്ചിരുന്ന ൧൫൦൦൦ ഉറുപ്പികയുടെ ധാന്യങ്ങൾ പൂന്നാ പട്ടണത്തിൽ കൊണ്ടുചെന്നു വാങ്ങിയ വിലയ്ക്കു തന്നെ പിന്നെ വരുന്നു- തങ്ങളുടെ ആശ്രമത്തെക്കുടി പണയപ്പെടുത്തിയാലും വിരോധമില്ല, ലാഭംമാത്രം കിട്ടണമെന്നുള്ള വ്രതത്തെ ഗാഢമായി അനുസരിച്ചുവരുന്നവരായ നമ്മുടെ ചില ക്രൂഷകന്മാരും കച്ചവടക്കാരും ഈ കേൾക്കുമ്പോൾ എന്തു വിചാരിക്കുമെന്നറിയുന്നില്ല.

പഞ്ചാംഗം

[illegible] [illegible] [illegible] (1 [illegible])

[illegible]	[illegible]	[illegible]	[illegible]	[illegible]
[illegible]	[illegible]	[illegible]	[illegible]	[illegible]

പത്രികയുടെ വിലാസം

ബ്ലെസ്സിങ് സ്റ്റോർ പ്രസ്

ഒരു കൊല്ലത്തേക്ക്
ഒരു പ്രതിക്ക്

പരസ്യ നിരക്ക്

ഒന്നാം പ്രാവശ്യത്തേക്ക് വരി ഒന്നിന്
പിന്നെ ഓരോ പ്രാവശ്യങ്ങൾക്കും ടി

NOTICE

പത്രിക സംബന്ധമായ സകല എഴുത്തുകളും മേലധികാരിയുടെ പേരും കോട്ടയത്തെ മാർത്തോമ്മൻ പ്രസ്സിന്റെ പേരുമാണ് അയയ്ക്കേണ്ടത്.

പത്രിക കൈപ്പറ്റുന്നവർ ഉടൻ ക്രമപ്രകാരം വരി ഒടുക്കുകയും പത്രാധിപർ ആവശ്യപ്പെടുമ്പോൾ അവരുടെ സ്ഥാനപ്പേരും മേൽവിലാസവും അറിയിക്കുകയും വേണ്ടതാകുന്നു.

വിജ്ഞാപനം

വിജ്ഞാപനം കൊടുപ്പാൻ ഉദ്ദേശിക്കുന്നവർ ഓരോ പ്രാവശ്യത്തേക്കുള്ള വിജ്ഞാപനം പത്രാധിപരുടെ പേരിൽ അയച്ചുകൊടുക്കുന്നു. ക്രമപ്രകാരം വിജ്ഞാപനം കൊടുക്കുന്നവർക്ക് ഓരോ പ്രാവശ്യത്തേക്കും ഓരോ ക്രൗൺ പേജിന് ഒരു രൂപാ വീതം കൊടുക്കുന്നതാകുന്നു. ഈ നിരക്കിൽ കുറച്ചു കൊടുപ്പാൻ ഞങ്ങൾക്ക് അധികാരമില്ല. വിജ്ഞാപനം കൊടുപ്പാൻ ഉദ്ദേശിക്കുന്നവർ അതിന്റെ കോപ്പി അയച്ചുതരുമ്പോൾ അതിന്റെ വിലയും കൂടി അയച്ചുതരുന്നതാകുന്നു.

പരസ്യം

പരസ്യപ്പലകയിൽ എഴുതിച്ചേർക്കുന്നതിനുള്ള നിരക്ക് ഒന്നാം പ്രാവശ്യത്തേക്ക് വരി ഒന്നിന് ഒരു രൂപാ വീതവും പിന്നെ ഓരോ പ്രാവശ്യത്തേക്കും ടി ഒന്നു വീതവുമാകുന്നു. ഈ നിരക്കിൽ കുറച്ചു കൊടുപ്പാൻ ഞങ്ങൾക്ക് അധികാരമില്ല. പരസ്യം കൊടുപ്പാൻ ഉദ്ദേശിക്കുന്നവർ അതിന്റെ കോപ്പി അയച്ചുതരുമ്പോൾ അതിന്റെ വിലയും കൂടി അയച്ചുതരുന്നതാകുന്നു.

ഉ. ഇ. പ. മാത്തൻ.

MAR THOMAS PRESS,
KOTTAYAM.